# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

### 2018 ജൂൺ 19, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 9

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 19, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...1

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ ..30

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..30

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ..96

**II അടിയന്തരപ്രമേയം**

പോലീസ് സേനാംഗങ്ങളെ ദാസ്യവൃത്തിക്ക് നിയോഗിക്കൽ ..460
(അവതരണാനുമതി നിഷേധിച്ചു)

**III ശ്രദ്ധക്ഷണിക്കൽ**

(1) ഔഷധങ്ങളുടെ ഗുണനിലവാരവും വിലനിയന്ത്രണവും

— ശ്രീ. ജി. എസ്. ജയലാൽ ..478

(2) വയോജന നയ പരിഷ്കരണവും വയോജനക്ഷേമവകുപ്പ് രൂപീകരണവും

— ശ്രീ. റോഷി അഗസ്റ്റിൻ ..487

**IV. സബ്മിഷൻ**

1. ഷഹീറിനെ വെട്ടിപ്പരിക്കേൽപ്പിച്ചത് സംബന്ധിച്ച്

— ശ്രീ. രമേശ് ചെന്നിത്തല ..493

2. ട്രെയിനുകൾക്ക് നേരെയുള്ള കല്ലേറ്

— ശ്രീ. എം. ഉമ്മർ ..495

3. യുവാവിന് മർദ്ദനം

— ശ്രീ. അനിൽ അക്കര ..496

പേജ്

4. അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം

– ശ്രീ. എ. പി. അനിൽ കുമാർ ..499

5. റീ-സർവ്വേ

– ശ്രീമതി വീണാ ജോർജ് ..501

6. കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടം

– ശ്രീ. പി. കെ. ബഷീർ ..502

7. ചുഴലിക്കാറ്റുമൂലമുള്ള നാശനഷ്ടം

– ശ്രീ. പി. സി. ജോർജ് ..505

8. വിവാഹിതരായ സ്കൂൾ വിദ്യാർത്ഥികൾ

– ശ്രീമതി പി. അയിഷാ പോറ്റി ..507

9. ട്രോമാകെയർ യൂണിറ്റ്

– ശ്രീ. ബി. ഡി. ദേവസ്സി ..511

10. ആർ.സി.സി.യിൽ വേദന സംഹാരികൾ ലഭ്യമാക്കൽ

– ശ്രീ. മുഹമ്മദ് മുഹസിൻ. പി ..513

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ്-1, ലിസ്റ്റ്-2 (ചട്ടം 236(5) അനുസരിച്ചുള്ളത്) പ്രകാരമുള്ള കടലാസ്സുകൾ ..517

**VI. റിപ്പോർട്ട് സമർപ്പണം**

1. സബ്ജക്ട് കമ്മിറ്റി VI-ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ..520

*പേജ്*

2. 2018-ലെ അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി-VIII- ന്റെ റിപ്പോർട്ട് ..520

3. സബ്ജക്ട് കമ്മിറ്റി-XI- ന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും ..520

4. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ച് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ ..521

**VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

കാലവർഷക്കെടുതി ..521

**VIII നിയമനിർമ്മാണകാര്യം**

<u>സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും</u>

(i) 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ ..525

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ ..526

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ ..526

**IX അറിയിപ്പ്**

സിനിമ പ്രദർശനം ..652

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

*2018 ജൂൺ 19, ചൊവ്വ*


വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9


നിയമസഭ 2018 ജൂൺ മാസം 19-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ.................ഓർഡർ............ചോദ്യം നമ്പർ *241

### നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതി

1 (*241) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. ബി. സത്യൻ:
ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേരത്തിന്റെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് പദ്ധതികളുണ്ടോ; കേര വർഷാചരണത്തിന്റെ ഭാഗമായി നടപ്പാക്കിയ പദ്ധതികൾ ഏതെല്ലാമാണ്; അവയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ;

(ബി) നടീൽ വസ്തുക്കൾ മുതൽ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ വിപണനം വരെയുള്ള പ്രവർത്തനങ്ങളിൽ നാളികേര മിഷന്റെ ഇടപെടലുകൾ അറിയിക്കാമോ; നാളികേര പാർക്കുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ടോ; അവയുടെ ലക്ഷ്യം വിശദമാക്കാമോ;

(സി) വെളിച്ചെണ്ണയുടെ വിപണനത്തിൽ ഉത്പാദകരെയും ഉപഭോക്താക്കളെയും വഞ്ചിച്ചുകൊണ്ട് വ്യാപകമായി മായം കലർത്തി വിൽക്കുന്ന സ്ഥിതി അവസാനിപ്പിക്കാനായി കേരഫെഡിന്റെ പ്രവർത്തനം ശാക്തീകരിക്കാൻ നടപടിയെടുക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ,

(എ) ഉണ്ട്. നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കാനായി സംയോജിത വിള പരിപാലനമുറകൾ അവലംബിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. 250 ഹെക്ടർ വീതം കേരകൃഷി വിസ്തൃതിയുള്ള 44 കേര ഗ്രാമങ്ങൾ, സംസ്ഥാനത്തെ തെരഞ്ഞെടുത്ത 59 ഗ്രാമപഞ്ചായത്ത് പ്രദേശങ്ങളിൽ 2017-18 വർഷം നടപ്പിലാക്കി.

കേര വർഷാചരണം പ്രമാണിച്ച് കേരഗ്രാമം പദ്ധതി കൂടുതൽ പ്രദേശങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി 2018-19 സാമ്പത്തികവർഷം 3980 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. 2018-19 വർഷം 79 കേരഗ്രാമങ്ങൾ പുതുതായി നടപ്പിലാക്കുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശാസ്ത്രീയമായി കൃഷിച്ചെലവുകൾ ക്രമീകരിച്ചുകൊണ്ട് ഉല്പാദനക്ഷമത വർദ്ധിപ്പിക്കാനുതകുന്ന ഘടകങ്ങളെല്ലാംതന്നെ സമഗ്ര നാളികേര വികസനത്തിനായുള്ള ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

കേര വർഷാചരണം പ്രമാണിച്ച് 2017 ചിങ്ങം 1 മുതൽ 2018 ചിങ്ങം 1 വരെയുള്ള ഒരു വർഷക്കാലയളവിൽ ശാസ്ത്രീയ സംയോജിത തെങ്ങ് കൃഷി പരിപാലന മുറകൾ സ്വീകരിച്ചുകൊണ്ട് ഉൽപ്പാദനം വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2017-18-ൽ 10040.87 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം 19750 ഹെക്ടറിൽകൂടി ഇത് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു.

കഴിഞ്ഞ സാമ്പത്തികവർഷം 2,000 രൂപ സബ്സിഡിയോടുകൂടി 4695 തെങ്ങുകയറ്റ യന്ത്രങ്ങൾ വിതരണം ചെയ്യുകയുണ്ടായി. വർദ്ധിച്ച ആവശ്യകത പരിഗണിച്ച് നടപ്പ് സാമ്പത്തിക വർഷം 4819 എണ്ണം തെങ്ങു കയറ്റയന്ത്രങ്ങൾ കൂടി വിതരണം നടത്താൻ ഉദ്ദേശിക്കുന്നുണ്ട്.

കഴിഞ്ഞ സാമ്പത്തിക വർഷം കേരഗ്രാമം പദ്ധതി പ്രകാരം 302 കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുകയും നടപ്പ് സാമ്പത്തികവർഷം 632 എണ്ണംകൂടി സ്ഥാപിക്കാനും ലക്ഷ്യമിടുന്നുണ്ട്.

കൃഷി വകുപ്പിന്റെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങൾക്ക് പുറമെ പ്രാദേശികമായി മേൽത്തരം തെങ്ങിൻതൈകളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി 10 പ്രാദേശികതല തെങ്ങിൻതൈ നഴ്സറികൾ 2017-18-ൽ കർഷകരുടെ പങ്കാളിത്തത്തോടെ കേരഗ്രാമങ്ങളിൽ ആരംഭിച്ചു.

അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (semitall) തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി 2017-18 വർഷം നടപ്പിലാക്കുകയുണ്ടായി. ഈ സാമ്പത്തിക വർഷവും പദ്ധതി തുടരുന്നതാണ്. തെങ്ങിന്റെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുക, കേര കൃഷിയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുക, വിളവെടുപ്പിന് നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുക, കണിക ജലസേചനം വഴി ജല വിനിയോഗത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്നിവയാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. 520 ലക്ഷം രൂപയാണ് ടി പദ്ധതിക്കായി നടപ്പു സാമ്പത്തിക വർഷം നീക്കിവച്ചിട്ടുള്ളത്.

കേരള വർഷാചരണം പ്രമാണിച്ച് അത്യുൽപ്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും 50 സെന്റ് വീതമുള്ള 983 മാതൃകാ പ്രദർശന തോട്ടങ്ങൾ കർഷകരുടെ പുരയിടങ്ങളിലും 88 എണ്ണം കൃഷി വകുപ്പ് ഫാമുകളിലും ഇതിനോടകം സ്ഥാപിച്ചിട്ടുണ്ട്. 2018-19-ൽ ഇത്തരം പ്രദർശന തോട്ടങ്ങൾ 1025 എണ്ണം കർഷകരുടെ പുരയിടങ്ങളിലും 46 എണ്ണം കൃഷി വകുപ്പ് ഫാമുകളിലും സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു.

തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാമ്പയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായി 2017-18 വർഷം 275.42 ലക്ഷം രൂപ ചെലവഴിക്കുകയുണ്ടായി. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 250 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

ഗുണമേന്മയേറിയ കുറിയ ഇനം/സങ്കരയിനം/ഇടത്തരം പൊക്കമുള്ള (semitall) തെങ്ങിൻ തൈകളുടെ ഉല്പാദനം കർഷക പങ്കാളിത്തത്തോടെ ത്വരിതപ്പെടുത്താനുള്ള പ്രോജക്ടുകൾ, കീടരോഗ നിയന്ത്രണം ഫലപ്രദമാക്കുവാനുള്ള പ്രോജക്ട്, ജില്ലകൾ തമ്മിലുള്ള ഉൽപ്പാദനക്ഷമത വ്യത്യാസത്തെ സംബന്ധിച്ച ശാസ്ത്രീയ പഠനം തുടങ്ങിയ മേഖലകളിൽ ഇന്ത്യൻ കാർഷിക ഗവേഷണ കൗൺസിലിന്റെ കീഴിലുള്ള കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള ത്രിവർഷ പ്രോജക്ടുകൾക്ക് 2017-18-ൽ കൃഷി വകുപ്പ് തുടക്കം കുറിച്ചിട്ടുണ്ട്.

കൂടാതെ പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും കീടരോഗ ബാധയും കാരണം ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടിയുള്ള 1315.65 ലക്ഷം രൂപയുടെ നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. ബ്ലോക്ക്, ജില്ല, സംസ്ഥാനതല അവലോകന യോഗങ്ങളിൽ പദ്ധതികളുടെ പുരോഗതി സ്ഥിരമായി വിലയിരുത്തുന്നുണ്ട്.

കോക്കനട്ട് മിഷന്റെ ഭാഗമായി ഈ ഘടകങ്ങളെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് 10 വർഷക്കാലമുള്ള ഒരു സമഗ്ര പദ്ധതിയാണ് ഇപ്പോൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പുമന്ത്രി ചെയർമാനായി ഒരു കോക്കനട്ട് മിഷൻ രൂപീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്. 2018 മുതൽ 2028 വരെയുള്ള 10 വർഷക്കാലംകൊണ്ട് കേരളത്തിന്റെ നാളികേര ഉല്പാദനക്ഷമതയും ഉല്പാദനവും വർദ്ധിപ്പിക്കാനും നാളികേര അധിഷ്ഠിതമായിട്ടുള്ള മൂല്യവർദ്ധിത ഉല്പാദന മേഖല ത്വരിതപ്പെടുത്താനുംവേണ്ടി ഉദ്ദേശിക്കുന്ന സമഗ്രമായ പദ്ധതിയാണ് നാളികേര മിഷന്റെ നേതൃത്വത്തിൽ നടപ്പാക്കുന്നത്. കേന്ദ്ര-സംസ്ഥാന ഗവേഷണ സ്ഥാപനങ്ങളും ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ മേധാവികളും അടങ്ങുന്നതാണ് നാളികേര മിഷൻ എന്ന പേരിൽ ഇവിടെ ആരംഭിക്കാനുദ്ദേശിക്കുന്ന പരിപാടി.

(ബി) സംസ്ഥാനത്തെ നാളികേര മേഖല അഭിവൃദ്ധിപ്പെടുത്തുന്നതിനായി നടീൽ വസ്തുക്കൾ മുതൽ മൂല്യവർദ്ധിത കേരോല്പന്നങ്ങളുടെ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ ക്രിയാത്മകമായി ഇടപെടുക എന്ന ലക്ഷ്യത്തോടുകൂടി വിള വികസനം, ഗവേഷണം, വിജ്ഞാന വ്യാപനം, അടിസ്ഥാന സൗകര്യ വികസനം, സംസ്കരണം, മൂല്യവർദ്ധനവിനുള്ള മൂലധന നിക്ഷേപം, വിപണനം, കയറ്റുമതി, നൂതന സംരംഭങ്ങൾ തുടങ്ങിയ ഘടകങ്ങൾ ഉൾപ്പെടുത്തി 10 വർഷം കാലയളവുള്ള ഒരു സമഗ്രമായ പദ്ധതി ആസൂത്രണം ചെയ്ത് ഒരു മിഷൻ മോഡൽ നടപ്പിലാക്കുക എന്നതാണ് "കേരള കോക്കനട്ട് മിഷന്റെ" രൂപീകരണംകൊണ്ട് ഉദ്ദേശിക്കുന്നത്. കൃഷി വകുപ്പുമന്ത്രി ചെയർമാനായി 'നാളികേരള മിഷൻ' രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. തെങ്ങിൻതൈകളുടെ ഉൽപ്പാദനത്തിനായി കൃഷി വകുപ്പിന്റെയും കാർഷിക സർവ്വകലാശാലയുടെയും ഉല്പാദന കേന്ദ്രങ്ങൾക്ക് പുറമെ കുറിയ/ഇടത്തരം തെങ്ങിൻതൈകളുടെ ഉൽപ്പാദനത്തിനും മറ്റ് സാങ്കേതിക ഗവേഷണ പ്രവർത്തനങ്ങൾക്കുമായി കഴിഞ്ഞ സാമ്പത്തിക വർഷം 302.2426 ലക്ഷം രൂപ നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് നാളികേര പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. നാളികേര കർഷകർക്കും കർഷക കൂട്ടായ്മകൾക്കും നാളികേര മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും വിപണനം നടത്തുന്നതിനും സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള എല്ലാ പശ്ചാത്തല സൗകര്യങ്ങളും ലഭ്യമാക്കുകയാണ് ഈ പദ്ധതികൊണ്ടുദ്ദേശിക്കുന്നത്. നാളികേരാധിഷ്ഠിതമായ മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഉല്പാദനം, വിതരണം, വിപണനം തുടങ്ങിയവയുടെ സാധ്യതകൾ വർദ്ധിപ്പിക്കുക എന്നതാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതുകൊണ്ട് ലക്ഷ്യമിടുന്നത്. KIIFB-യുടെ സാമ്പത്തിക

സഹായത്തോടെ കോഴിക്കോട് ജില്ലയിലാണ് നാളികേര പാർക്കുകൾ സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നത്. നീരയെ അന്താരാഷ്ട്ര വിപണിയിൽ എത്തിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി അതിന്റെ സാധ്യതകളെ ക്കുറിച്ച് ചർച്ച ചെയ്യുന്നതിന് നീര ഉല്പാദന കമ്പനി പ്രതിനിധികളുടെയും കാർഷിക സർവ്വകലാശാല, നാളികേര വികസന ബോർഡ്, കേരള സ്റ്റേറ്റ് നാളികേര വികസന കോർപ്പറേഷൻ, സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് (CPCRI), സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം (SFAC), KERAFED, കൃഷി വകുപ്പ് എന്നിവരുടെ പ്രതിനിധികളുമായി 15-5-2018-ന് യോഗം കൂടുകയും സംസ്ഥാനത്ത് നീര ഉല്പാദിപ്പിക്കുന്നതിനുള്ള പൊതുവായ ഗുണനിലവാര മാനദണ്ഡം നിശ്ചയിക്കുന്നതിനും പൊതുവായ ബ്രാന്റ് ചെയ്യുന്നതിനുമായി 2 കമ്മിറ്റികൾ രൂപീകരിക്കുന്നതിനും തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നീരയുടെ ഏകീകൃത ഗുണനിലവാരം നിശ്ചയിക്കുന്നതിനായി ചുമതലപ്പെടുത്തിയ വിദഗ്ദ്ധ സമിതി സമർപ്പിച്ച Standardisation Report കൃഷി വകുപ്പുമന്ത്രി ചെയർമാനായ സമിതി അംഗീകരിച്ചിട്ടുണ്ട്. ഈ റിപ്പോർട്ട് സെൻട്രൽ പ്ലാന്റേഷൻ ക്രോപ്പ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന്റെ അംഗീകാരംകൂടി ലഭിച്ചാൽ വിജ്ഞാപനമായി പുറത്തിറക്കുന്നതാണ്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്. വെളിച്ചെണ്ണയുടെ വിപണനത്തിൽ ഉല്പാദകരെയും ഉപഭോക്താക്കളെയും വഞ്ചിച്ചുകൊണ്ട് വ്യാപകമായി മായം കലർത്തി ഗുണനിലവാരം കുറഞ്ഞ വെളിച്ചെണ്ണ വിൽക്കുന്ന സ്ഥിതി അവസാനിപ്പിക്കുന്നതിനായി ഇത്തരം ബ്രാന്റ് വെളിച്ചെണ്ണകളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിനായി നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് മായം കലർന്ന വെളിച്ചെണ്ണയുടെ വിൽപ്പന ഗണ്യമായി കുറഞ്ഞിട്ടുണ്ട്. ശുദ്ധമായ വെളിച്ചെണ്ണ പൊതുജനങ്ങൾക്ക് വിതരണം നടത്താൻ കേരഫെഡിന്റെ കരുനാഗപ്പള്ളി ഫാക്ടറിയുടെ സംസ്കരണ ശേഷി വർദ്ധിപ്പിക്കുവാനായി RKVY പദ്ധതി പ്രകാരം നടപടികൾ പുരോഗമിച്ചുവരുന്നു.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വളരെ വർഷങ്ങളായി നാളികേര കർഷകർ അനുഭവിക്കുന്ന പീഡനങ്ങൾക്ക് അവസാനം കാണുമെന്ന പ്രതീക്ഷയോടുകൂടി നിരവധി പദ്ധതികളിലൂടെ അവരെ മുന്നോട്ടുകൊണ്ടുവരാൻ ധാരാളം ശ്രമങ്ങൾ നടത്തുന്നതായി അങ്ങയുടെ ഉത്തരത്തിൽനിന്ന് മനസ്സിലായി. വ്യാജ വെളിച്ചെണ്ണ തടയുന്നതിനുവേണ്ടി 45-ഓളം കമ്പനികൾ പൂട്ടിയതായി മുമ്പ് പത്രങ്ങളിലെല്ലാം വാർത്തയുണ്ടായിരുന്നു. വർഷങ്ങൾക്കുശേഷം നാളികേരത്തിന്റെ വില വർദ്ധിച്ചിട്ടുണ്ടെങ്കിലും ഉല്പാദനക്ഷമത കുറഞ്ഞതിനാൽ കർഷകർക്ക് അതിനുള്ള

ആനുകൂല്യങ്ങൾ ലഭിക്കുന്നില്ല. അതോടൊപ്പംതന്നെ തമിഴ്നാട്, മഹാരാഷ്ട്ര എന്നിവിടങ്ങളിൽ നിന്നുള്ള വ്യാജ വെളിച്ചെണ്ണയുടെ ഒഴുക്ക് വർദ്ധിച്ചിരിക്കുകയാണ്. ഇത്തരം വ്യാജന്മാരെ തിരിച്ചറിയാൻ ചെക്ക്പോസ്റ്റുകളടക്കമുള്ള സ്ഥലങ്ങളിൽ എന്തെല്ലാം ക്രമീകരണങ്ങൾ നടത്താനാണ് സർക്കാർ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വ്യാജ വെളിച്ചെണ്ണയുടെ വ്യാപനം വലിയ ഭീഷണിയായി മാറിയിരിക്കുകയാണ്. വെളിച്ചെണ്ണയുടെ വില വർദ്ധിച്ച സാഹചര്യത്തിൽ തമിഴ്നാട്ടിൽനിന്നും വ്യാപകമായ തോതിൽ മായം കലർത്തിയ വെളിച്ചെണ്ണ ഇവിടേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. അത് തടയാൻ വേണ്ടിയുള്ള കർശന നടപടികളാണ് (സി) - ഉത്തരത്തിൽ പറഞ്ഞിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ നടന്നിട്ടുള്ള റെയ്ഡുകളുടെയും പരിശോധനയുടെയും അടിസ്ഥാനത്തിൽ 45-ഓളം കമ്പനികൾ ഇപ്പോൾത്തന്നെ അടച്ചുപൂട്ടാനുള്ള ഉത്തരവ് കൊടുത്തുകഴിഞ്ഞു. ഗുണനിലവാരമുള്ള വെളിച്ചെണ്ണയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി കേരഫെഡിന്റെയും നാളികേര വികസന ബോർഡിന്റെയും നേതൃത്വത്തിൽ ആരംഭിച്ചിരിക്കുന്ന ഉല്പാദക കമ്പനികളെ പരമാവധി സഹായിച്ചുകൊണ്ട് ശുദ്ധമായ വെളിച്ചെണ്ണയുടെ വ്യാപനം വർദ്ധിപ്പിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എന്നാൽ മായം കലർത്തിയ വെളിച്ചെണ്ണ ശുദ്ധമായ വെളിച്ചെണ്ണയെക്കാൾ വിലകുറച്ച് കൊടുക്കുകയാണ്. വ്യാപാരികൾക്ക് വൻതോതിൽ കമ്മീഷൻ കൊടുത്തുകൊണ്ടാണ് വെളിച്ചെണ്ണയുടെ ബ്രാൻഡുകൾ കച്ചവട സ്ഥാപനങ്ങൾ വിറ്റഴിക്കുന്നത്. അതിന് കർശനമായ പരിശോധന വ്യാപിപ്പിക്കുകയെന്നുള്ളത് മാത്രമാണ് കരണീയം. അത് സർക്കാർ അനുവർത്തിച്ച് വരികയാണ്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിരവധി പദ്ധതികൾ സർക്കാർ ആവിഷ്കരിച്ചെങ്കിലും നാളികേരത്തിന്റെ ഇറക്കുമതി ആരംഭിക്കാനുള്ള ഒരു തീരുമാനം വരാൻ പോകുകയാണ്. ഇത്രയും വലിയ പാക്കേജുകൾ നടപ്പിലാക്കുമ്പോൾ കേരളത്തിലെ കേരകർഷകരുടെ സ്ഥിതി എന്താകും, അത് പരിഹരിക്കാനുതകുന്ന രീതിയിൽ എന്തെങ്കിലും പദ്ധതികൾ അങ്ങ് കാണുന്നുണ്ടോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഇപ്പോൾ കൊപ്ര ഇറക്കുമതി വലിയ പ്രശ്നമാണ്. മറ്റു പല രാജ്യങ്ങളിൽനിന്നും കൊപ്ര ഇവിടേയ്ക്ക് ഇറക്കുമതി ചെയ്യുന്നതിന് വ്യാപകമായി അനുമതി കൊടുത്തുകൊണ്ട് കൊച്ചി പോർട്ട് വഴി തന്നെ ധാരാളം കൊപ്ര ഇറക്കുമതി ചെയ്യുകയാണ്. ഇവിടെ കിലോയ്ക്ക് ഏകദേശം 120 രൂപയാകുമ്പോൾ വിദേശരാജ്യങ്ങളിൽ നിന്ന് 85 രൂപയ്ക്ക് കൊപ്ര ഇറക്കുമതി ചെയ്യുന്ന സാഹചര്യമുണ്ടായിട്ടുണ്ട്. ഇറക്കുമതി ചെയ്യുന്ന കൊപ്രയുടെ ഇത്ര

ശതമാനം വെളിച്ചെണ്ണയായി കയറ്റുമതി ചെയ്യണമെന്ന നിബന്ധന ഉണ്ടെങ്കിൽ പ്പോലും ആ നിബന്ധനയെ മറികടക്കാൻ വേണ്ടി പല സൂത്രവിദ്യകളും ഉപയോഗപ്പെടുത്തിക്കൊണ്ട് പ്രധാന കമ്പനികൾ കൊപ്ര ഇറക്കുമതി ചെയ്യുകയാണ്. ഇക്കാര്യം കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും അതിന് നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സർക്കാർ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. ഇപ്പോൾ നാളികേരത്തിന് വിലയുള്ളതുകൊണ്ട് അതിന്റെ പ്രത്യാഘാതം കൂടുതലായി മനസ്സിലാകുന്നില്ല. എന്നാൽ ഏത് സമയത്ത് വേണമെങ്കിലും നാളികേരത്തിന്റെ വിലയിടിയാനുള്ള സാഹചര്യമുണ്ടെന്ന് നമുക്കറിയാം. കേന്ദ്ര ഗവൺമെന്റ് വ്യാപകമായി മലേഷ്യ, ശ്രീലങ്ക പോലുള്ള സ്ഥലങ്ങളിൽനിന്നും ധാരാളം കൊപ്ര ഇറക്കുമതി ചെയ്യുന്നതുകൊണ്ട് ഭാവിയിൽ നമ്മുടെ നാളികേരത്തിന്റെ വിലയിൽ വലിയ പ്രശ്നമുണ്ടാകുമെന്നാണ് ഗവൺമെന്റ് പ്രതീക്ഷിക്കുന്നത്. ഇക്കാര്യം കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അതിൽ നിയന്ത്രണം ഏർപ്പെടുത്തണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിട്ടുണ്ട്.

ശ്രീ. ജെയിംസ് മാത്യു: സർ, നാളികേര കൃഷിയുടെ ഉല്പാദന വർദ്ധനവിനും കൃഷി ലാഭകരമാക്കുന്നതിനുമുള്ള നിരവധി പദ്ധതികളാണ് ഈ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. 'കേരഗ്രാമം' പോലെയുള്ള പദ്ധതികൾ നടപ്പിലാക്കുമ്പോൾ ഒരുതവണ തെരഞ്ഞെടുക്കുന്ന വില്ലേജിനെയോ അല്ലെങ്കിൽ ആ ഗ്രാമത്തിനെയോ അല്ല അടുത്തവർഷം തെരഞ്ഞെടുക്കുന്നത്. ആ പഞ്ചായത്ത് ഒഴിച്ച് മറ്റേതെങ്കിലും ഒരു പഞ്ചായത്തിലോ ആ ജില്ലയൊഴിച്ച് മറ്റൊരു ജില്ലയിലോ ആണ് തെരഞ്ഞെടുക്കുക. നമുക്ക് അറിയാവുന്നതുപോലെ നാളികേര കൃഷി ലാഭകരമാകണമെങ്കിൽ ഒരു വർഷത്തെ പരിചരണംകൊണ്ടും ശ്രദ്ധകൊണ്ടും സാധ്യമാകുന്നതല്ല. തുടർച്ചയായി 5 വർഷമെങ്കിലും തെങ്ങുകൾക്ക് പരിചരണം ലഭിച്ചാൽ മാത്രമെ അതിൽ നിന്ന് ഫലമുണ്ടാവുകയുള്ളൂ. വ്യത്യസ്തമായ വില്ലേജുകളിലും പഞ്ചായത്തുകളിലും കേരഗ്രാമം പദ്ധതി നടപ്പാക്കുമ്പോൾ യഥാർത്ഥത്തിൽ കൃഷി വകുപ്പും സർക്കാരും ഉദ്ദേശിക്കുന്ന റിസൾട്ട് കിട്ടാതെ പോകുകയാണ്. അതൊരു നിർദ്ദേശമെന്ന നിലയിൽ ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. കൃഷി വകുപ്പ് കേര ഗംഗ, ലക്ഷ ഗംഗ പോലുള്ള ഡ്വാർഫ് ഇനത്തിൽപ്പെട്ട നിരവധി ആധുനിക തൈകൾ ഉല്പാദിപ്പിക്കുന്നുണ്ട്. ഇത്തരത്തിലുള്ള തെങ്ങുകൾ റീപ്ലാന്റ് ചെയ്യാൻ അവയെ കേരഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഒരു പ്രൊവിഷനുണ്ടാക്കുകയും 5 വർഷക്കാലമെങ്കിലും തുടർച്ചയായി കേരഗ്രാമം പദ്ധതി സർക്കാർ പിന്തുണയോടുകൂടി നടപ്പാക്കുകയും ചെയ്യാൻ ശ്രമിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. 'കേരഗ്രാമം' പദ്ധതി നടപ്പാക്കപ്പെട്ടത് ഒരു വർഷത്തേയ്ക്കാണ്. ഒരു വർഷത്തേയ്ക്ക് തെങ്ങിൻ കൃഷിക്ക് വേണ്ട പരിചരണം കൊടുത്താൽ റിസൾട്ടുണ്ടാക്കാൻ കഴിയില്ല. ഈ വർഷം 'കേരഗ്രാമം' പദ്ധതി മൂന്ന് വർഷത്തേയ്ക്കാണ് നൽകാൻ പോകുന്നത്. തുടർച്ചായി മൂന്ന് വർഷത്തേയ്ക്കാവശ്യമായ ഫണ്ടും കൊടുക്കും. ശാസ്ത്രീയ രീതിയിലുള്ള കുറിയ ഇനം തെങ്ങുകൾ, ഇടത്തരം പൊക്കമുള്ള തെങ്ങുകൾ, സങ്കരയിനം തെങ്ങുകൾ എന്നിവയുടെ തൈകൾ വച്ചുപിടിപ്പിക്കുന്ന റേഷ്യോ സംബന്ധിച്ച് പഠിക്കാൻ ഒരു വിദഗ്ദ്ധ കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ എല്ലായിടത്തും കുറിയ ഇനം തെങ്ങുകൾ വച്ചുപിടിപ്പിക്കാൻ കഴിയില്ല. ആ കമ്മിറ്റിയുടെ നിർദ്ദേശ പ്രകാരം കുറിയ ഇനങ്ങൾ, സങ്കരയിനങ്ങൾ, high yield variety-കൾ എന്നിവ എത്ര ശതമാനം വീതം വേണമെന്നതനുസരിച്ച് നമ്മുടെ വൈവിദ്ധ്യങ്ങൾ സംരക്ഷിക്കുന്ന രീതിയിലുള്ള, പഴയ ഉല്പാദനക്ഷമതയില്ലാത്ത തെങ്ങുകൾ വെട്ടിമാറ്റി പുതിയ തെങ്ങിൻ തൈകൾ വയ്ക്കുന്നതിനുള്ള സമഗ്രമായ പരിപാടി ഇതിന്റെ ഭാഗമായി വരുന്നുണ്ട്. ഇതൊരു ദീർഘകാല വിളയായതുകൊണ്ട് 10 വർഷക്കാലം നീണ്ടുനിൽക്കുന്ന, 2018 മുതൽ 2028 വരെ, കോക്കനട്ട് മിഷൻ എന്നൊരു പദ്ധതി നടപ്പിലാക്കാൻ ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്.

ശ്രീ. ബി. സത്യൻ ചുമതലപ്പെടുത്തിയതു പ്രകാരം ശ്രീ. കെ. ഡി. പ്രസേനൻ: സർ, കൃഷി വകുപ്പുകൾ മുഖാന്തരം നടത്തിയിരുന്ന പച്ചത്തേങ്ങാ സംഭരണം ഇപ്പോൾ നിർത്തലാക്കിയിരിക്കുകയാണ്. അത് പുനരാരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ? കയർ ബോർഡിനെയും സഹകരണ സംഘങ്ങളെയും ഉപയോഗപ്പെടുത്തി ചകിരി സംഭരിച്ച് കർഷകരെ സഹായിക്കുന്നതിന് നേതൃത്വം നൽകാൻ കൃഷി വകുപ്പ് സന്നദ്ധമാണോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നാളികേര സംഭരണം ഗവൺമെന്റ് നിർത്തിവച്ചതല്ല. 25 രൂപയേക്കാൾ വില കുറയുമ്പോഴാണ് നാളികേര സംഭരണം നടത്താൻ ഉദ്ദേശിക്കുന്നത്. പച്ചത്തേങ്ങയ്ക്ക് 40 രൂപയോളം വിലകിട്ടുന്ന സാഹചര്യത്തിൽ, പച്ചത്തേങ്ങ സംഭരണം നിർത്തിവച്ചതല്ല. കഴിഞ്ഞ തവണത്തേതിൽനിന്നും വ്യത്യസ്തമായി കൃഷിഭവനുകളിൽ നിന്ന് കേരഫെഡിന്റെ കീഴിൽ വരുന്ന 900-ത്തോളം പ്രാഥമിക സഹകരണ സംഘങ്ങൾ വഴിയാണ് നാളികേര സംഭരണം നടത്താൻ നിർദ്ദേശം കൊടുത്തിരിക്കുന്നത്. വിലയിടിവുണ്ടാകുന്ന ഏത് ഘട്ടത്തിലും നാളികേരം സംഭരിക്കാനാവശ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ട്. ആവശ്യമുള്ള ഘട്ടത്തിൽ ഗവൺമെന്റ് നാളികേര സംഭരണം പുനരാരംഭിക്കുന്നതാണ്.

ശ്രീ. പി. ടി. എ. റഹീം: സർ, നാളികേര മേഖലയിൽ നീര വലിയൊരു പ്രതീക്ഷയായിരുന്നു. ആ പ്രതീക്ഷ അസ്ഥാനത്തായ ഒരു സാഹചര്യമാണ് ഇപ്പോഴുള്ളത്. മാർക്കറ്റിൽ വലിയ വില കൊടുക്കേണ്ടി വരുന്നതുകൊണ്ടാണ് പ്രതീക്ഷിച്ച നേട്ടമുണ്ടാക്കാൻ സാധിക്കാതെ പോയത്. ഒരു കുപ്പി വെള്ളത്തിന്റെ വില 12 രൂപയായി കുറയ്ക്കാൻ സർക്കാർ മുൻകയ്യെടുത്ത് നടപടി സ്വീകരിച്ച് വരികയാണ്. മദ്യനിരോധനം നിലവിലുണ്ടായിരുന്ന തമിഴ്നാട്ടിൽ നീരയുടെ ഉല്പാദനം അനുവദിക്കാൻ തീരുമാനിച്ചതായിട്ടാണറിയുന്നത്. ഇത് നമ്മെ വീണ്ടും ഗുരുതരമായ പ്രതിസന്ധിയിലെത്തിക്കും. നീരയുടെ മാർക്കറ്റ് വില കുറയ്ക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ സാധിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, നീരയുടെ മാർക്കറ്റ് വില നിയന്ത്രിക്കുന്നത് സംബന്ധിച്ച് ഇപ്പോൾ സർക്കാർ ആലോചിച്ചിട്ടില്ല. കേരളത്തിലെ ഏഴ് ഉല്പാദക കമ്പനികളാണ് പ്രധാനമായും നീര ഉല്പാദിപ്പിക്കുന്നത്. അതിനുപുറമെ അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയും മറ്റ് പല സ്ഥാപനങ്ങളുമടക്കം പ്രതിദിനം ഏകദേശം 5000 ലിറ്റർ നീര കേരളത്തിൽ ഉല്പാദിപ്പിക്കുന്നുണ്ട്. മൊത്തത്തിൽ ഏകദേശം ഒന്നര ലക്ഷം ലിറ്റർ നീര മാത്രമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്നത്. നീരയുടെ വിപണനവും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിന് വേണ്ടിയുള്ള സമഗ്രമായ പരിപാടിക്ക് രണ്ടുതവണ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ യോഗം ചേർന്നു. കേരളത്തിൽ ഉല്പാദിപ്പിക്കുന്ന നീര 'കേരള നീര' എന്ന നിലയിൽ പൊതുവായൊരു ബ്രാന്റിംഗ് നടത്തുന്നതിന് വേണ്ടി എല്ലാ ഉല്പാദക കമ്പനികളുംകൂടി ചേർന്ന് തീരുമാനിക്കുകയുണ്ടായി. അതിനുപുറമെ നീരയുടെ ഗുണനിലവാരം സംബന്ധിച്ചുള്ള സ്റ്റാൻഡേർഡൈസേഷൻ തയ്യാറാക്കുന്നതിന് തീരുമാനിക്കുകയും അതിനായി ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയും അവർ നീരയുടെ ക്വാളിറ്റി, സ്റ്റാൻഡർഡൈസേഷൻ ഇവ എന്തായിരിക്കണമെന്നത് സംബന്ധിച്ച് തീരുമാനമെടുക്കുകയും അതിപ്പോൾ സി.പി.സി.ആർ.ഐ.-യുടെ അംഗീകാരത്തിന് വിട്ടിരിക്കുകയുമാണ്. അംഗീകാരം കിട്ടിയശേഷം നീരയുടെ സ്റ്റാൻഡേർഡൈസേഷൻ നോട്ടിഫൈ ചെയ്യും. അതിന്റെ നടപടികളിലേയ്ക്ക് ഗവൺമെന്റിപ്പോൾ പൊയ്ക്കൊണ്ടിരിക്കുകയാണ്.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കേര കൃഷിയെ സംബന്ധിച്ചാണ് ചോദ്യമെങ്കിലും, കൃഷിയെ സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു ചോദ്യം ചോദിക്കാൻ ഞാനാഗ്രഹിക്കുകയാണ്. നമ്മുടെ സംസ്ഥാനത്ത് വ്യാപകമായി പ്രകൃതിക്ഷോഭമുണ്ടാവുകയും വലിയ കൃഷി നാശമുണ്ടാവുകയും ചെയ്തു. എറണാകുളം ജില്ലയിലാണ് ഏറ്റവും കൂടുതൽ ഏത്തവാഴ കൃഷി നശിച്ചിട്ടുള്ളത്. അതിനുമുമ്പ് ഒരു രോഗം ബാധിച്ചിരുന്നു. ഇതുസംബന്ധിച്ച് കൃഷി വകുപ്പിന്റെ റിപ്പോർട്ട് കിട്ടിയിട്ടുണ്ട്. വ്യാപകമായി കൃഷിനാശം സംഭവിച്ച ഈ സാഹചര്യത്തിൽ സർക്കാർ എന്ത് ആശ്വാസ നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, വ്യാപകമായ കാലവർഷക്കെടുതിയുടെയും കൃഷിനാശത്തിന്റെയും അടിസ്ഥാനത്തിൽ ഇന്നലെ ചേർന്ന പ്രത്യേക ക്യാബിനറ്റ്, പൂർണ്ണമായി കൃഷിനാശം സംഭവിച്ചിരിക്കുന്നത് കണക്കിലെടുത്ത് സംസ്ഥാന വിഹിതമായി കൊടുക്കേണ്ട 103 കോടി രൂപയടക്കം വിതരണം ചെയ്യാനാവശ്യമായ തീരുമാനമെടുക്കുകയുണ്ടായി. പ്രകൃതി ദുരന്തവുമായി ബന്ധപ്പെട്ട് 2012 മുതലുള്ള കുടിശ്ശികയുണ്ടായിരുന്നു. അത് കൊടുത്തുതീർത്തു. ഇനി കഴിഞ്ഞ വർഷത്തെ കുടിശ്ശിക മാത്രമാണ് നിലനില്ക്കുന്നത്. ആ കുടിശ്ശിക അടക്കമുള്ളത് കൊടുത്തു തീർക്കാനും ഇപ്പോൾ പ്രകൃതിക്ഷോഭംമൂലമുണ്ടായിരിക്കുന്ന നഷ്ടപരിഹാരം കൊടുക്കാനുമുള്ള തീരുമാനം ഇന്നലത്തെ ക്യാബിനറ്റ് എടുത്തിട്ടുണ്ടെന്ന കാര്യം ഞാൻ സഭയെ അറിയിക്കുകയാണ്. അതോടൊപ്പം തന്നെ അങ്ങ് സൂചിപ്പിച്ചതുപോലെ വാഴയുമായി ബന്ധപ്പെട്ടുണ്ടായ നഷ്ടം, വാഴയിൽ ഇൻഷ്വറൻസിൽപ്പെടാത്ത രീതിയിലുള്ള ഒരു രോഗകീടബാധ ഉണ്ടായിരിക്കുകയാണ്. അക്കാര്യം പ്രത്യേകം പരിശോധിക്കാനും അതിന് പ്രത്യേക ഫണ്ട് അനുവദിക്കാനുമുള്ള ഒരു നിർദ്ദേശം ഗവൺമെന്റ് കൊടുത്തിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്നമുറയ്ക്ക് നടപടി സ്വീകരിക്കും.

ശ്രീ. കെ. രാജൻ: സർ, കേരളത്തിലെ കൃഷിയുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ വാല്യൂ ആഡഡ് പ്രോഡക്ടുകളിലൂടെ പുതിയ സംവിധാനമുണ്ടാക്കാമെന്ന് അങ്ങ് തീരുമാനിച്ചത് വളരെ ഗുണകരമായിട്ടുണ്ട്. നീരയുമായി ബന്ധപ്പെട്ട പ്രശ്നം നേരത്തെ സൂചിപ്പിച്ചു. ഇത് ഇപ്പോൾ ധാരാളം കമ്പനികൾ വിതരണം ചെയ്തുകൊണ്ടിരിക്കുകയാണ്. ഇതിന് ഒരു പൊതു ബ്രാന്റ് ഉണ്ടാക്കുന്നതിനെക്കുറിച്ച് ആലോചിക്കാമോ; അതോടൊപ്പം ആദ്യത്തെ അഗ്രോപാർക്ക് കണ്ണാറയിൽ ആരംഭിക്കാനാണ് തീരുമാനിച്ചിരുന്നത്. അതിന്റെ പ്രവർത്തനം ഏതുവരെയായി എന്നുകൂടി സൂചിപ്പിച്ചാൽ വളരെ സഹായകരമായിരുന്നു;

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, അഗ്രോപാർക്കുകൾക്കുവേണ്ടി കിഫ്ബിയിലൂടെ 100 കോടി രൂപയുടെ ഭരണാനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കണ്ണാറയിൽ ആരംഭിക്കാൻ പോകുന്ന അഗ്രോപാർക്ക് വാഴപ്പഴം, തേൻ തുടങ്ങിയ ഉല്പന്നങ്ങളുമായി ബന്ധപ്പെട്ടതാണ്. വേങ്ങേരിയിലും കുത്താളിയിലും കോക്കനട്ട് പാർക്കുകൾ ആരംഭിക്കാനുള്ള തീരുമാനമെടുത്ത് നടപടികൾ പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കോഴിക്കോട് വേങ്ങേരി, കേരളത്തിന്റെ നാളികേരവും അതിൽ അധിഷ്ഠിതമായിട്ടുള്ള എല്ലാ ഉല്പന്നങ്ങളുടെയും ഒരു ട്രേഡിംഗ് ഹബ്ബായി മാറ്റുന്നതിനുവേണ്ടിയുള്ള നിർദ്ദേശമാണ് സർക്കാർ കൊടുത്തിരിക്കുന്നത്. അതിനനുസൃതമായിട്ടുള്ള കാര്യങ്ങളാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വാല്യൂ അഡിഷനുമായി ബന്ധപ്പെട്ട് സംസ്ഥാന

ഗവൺമെന്റ് തന്നെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച പ്രകാരം, വ്യവസായ വകുപ്പും കൃഷി വകുപ്പും ചേർന്ന് നാളികേര ഉല്പന്നത്തിന്റെയും നാളികേരാധിഷ്ഠിത വ്യവസായത്തിന്റെയും സാധ്യതകളെപ്പറ്റി ചർച്ച ചെയ്യുന്നതിനുവേണ്ടി സെപ്റ്റംബർ മാസത്തിൽ കോഴിക്കോട് വച്ച് അന്താരാഷ്ട്ര വർക്ക്ഷോപ്പ് നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. അതിനുള്ള നടപടികൾ കെ.എസ്.ഐ.ഡി.സി.-യുടെ ചുമതലയിൽ നടന്നു കൊണ്ടിരിക്കുന്നു.

<u>ശ്രീ. കെ. സി. ജോസഫ്</u>: സർ, ബഹുമാനപ്പെട്ട മന്ത്രി ചൂണ്ടിക്കാണിച്ചതു പോലെ നീരയുടെ പ്രശ്നം, കോമൺ ബ്രാന്റിന്റെ പ്രശ്നമല്ല. നീര ആരംഭിച്ചത് വളരെ പ്രതീക്ഷയോടുകൂടിയാണ്. ഏഴ് പ്രൊമോട്ടിംഗ് കമ്പനികൾ ആരംഭിച്ചു. ഒന്ന് പയ്യന്നൂരിലെ പെരുവത്തായിരുന്നു. ഈ കമ്പനികളെല്ലാം ഇപ്പോൾ സാമ്പത്തിക പ്രതിസന്ധിയിലാണ്. പലപ്പോഴും നീരയുടെ ടേസ്റ്റ്, അതിന് shelf life ഇല്ലാത്തത്, തുടങ്ങിയ കാര്യങ്ങളിലെ അടിസ്ഥാന പ്രശ്നങ്ങൾ പഠിച്ച് നടപടി സ്വീകരിച്ചില്ലെങ്കിൽ ആ രംഗത്തെ സാധ്യത ഇല്ലാതാകുകയും ആരംഭിച്ച കമ്പനികളെല്ലാം സാമ്പത്തിക പ്രതിസന്ധിയിലാകുകയും ചെയ്യും. അതുകൊണ്ട് ഇക്കാര്യത്തിൽ കാർഷിക യൂണിവേഴ്സിറ്റിയും കൃഷി വകുപ്പും ചേർന്ന് നടപടി സ്വീകരിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, അങ്ങ് പറഞ്ഞ പ്രശ്നങ്ങളെല്ലാം പരിഹരിക്കുന്നതിനുവേണ്ടി നീര പ്രൊഡക്ഷൻ കമ്പനികളുടെ മീറ്റിംഗ് വിളിച്ചുകൂട്ടി അവരുടെ നിർദ്ദേശവും അഭിപ്രായവും മാനിച്ചുകൊണ്ട് കേരള അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി, സി.പി.സി.ആർ.ഐ. തുടങ്ങിയ ഗവേഷണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലുള്ള 3 കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഒരു കമ്മിറ്റി അങ്ങ് സൂചിപ്പിച്ചതുപോലെ നീരയുടെ shelf life, taste, പ്രൊഡക്ഷൻ സംബന്ധിച്ച കാര്യങ്ങൾക്കുവേണ്ടിയുള്ളതാണ്. ഓരോ പ്രദേശത്തും നീരയുടെ ടേസ്റ്റ് വ്യത്യസ്തമായിരിക്കും. ഇത് ജീവനുള്ള ഒരു പാനീയമാണ്. അതുകൊണ്ട് ടേസ്റ്റിനെ സംബന്ധിച്ചും ഗുണനിലവാരത്തിന്റെ പാരാമീറ്റേഴ്സ് എന്തൊക്കെയാണെന്നത് സംബന്ധിച്ചും പരിശോധിക്കുന്നുണ്ട്. കൃത്യമായ നിലയിൽ അതിലുണ്ടായിരിക്കേണ്ട പൊട്ടാസ്യം, സോഡിയം, അയൺ, സിങ്ക്, കാത്സ്യം, ഫോസ്ഫറസ് തുടങ്ങിയുള്ളവയുടെ പാരാമീറ്റേഴ്സ് അതിന്റെ പ്രോസ്സസിംഗ് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് പരിശോധിക്കുന്നുണ്ട്. രണ്ടുമൂന്ന് ടെക്നോളജി ഉപയോഗിക്കുന്നുണ്ട്. ആ ടെക്നോളജിയിൽ ഏറ്റവും മികച്ച ടെക്നോളജി ഏതാണെന്ന് പരിശോധിക്കുന്നതിനു വേണ്ടി ഒരു കമ്മിറ്റി പ്രത്യേകമായി രൂപീകരിച്ചിട്ടുണ്ട്. മൂന്ന് മാസത്തിനുള്ളിൽ കമ്മിറ്റികളെല്ലാം റിവ്യൂ നടത്തി അതിന്റെ റിപ്പോർട്ട് സമർപ്പിക്കാൻ തീരുമാനിച്ചു. രണ്ട് റിപ്പോർട്ടുകൾ ഗവൺമെന്റിന് കിട്ടിക്കഴിഞ്ഞു. ആ പാരാമീറ്റർ സംബന്ധിച്ച് ആധികാരികമായ ഉറപ്പുവരുത്തി

സി.പി.സി.ആർ.ഐ.-യുടെകൂടി അംഗീകാരം കിട്ടേണ്ടതുണ്ട്. സി.പി.സി.ആർ.ഐ.-യുടെ ശാസ്ത്രജ്ഞൻ കൂടി ഉൾപ്പെട്ട ഒരു സമിതിയാണ് പരിശോധിച്ചതെങ്കിൽപ്പോലും സി.പി.സി.ആർ.ഐ.-യുടെ കൂടി അംഗീകാരം കിട്ടിക്കഴിഞ്ഞാൽ പാരമീറ്റേഴ്സിന്റെ വിജ്ഞാപനം വരും. അതിനകത്ത് കോമൺ ബ്രാന്റിംഗ് വരും. ഇതിനകത്ത് മറ്റ് രാസപദാർത്ഥങ്ങൾ ചേർക്കാതെ തന്നെ shelf life വർദ്ധിപ്പിക്കാൻ ആവശ്യമായ ടെക്നോളജി ലഭ്യമാണ്. ടെട്രാപാക്കിൽ ഉല്പാദിപ്പിക്കാൻ വേണ്ടി പാലക്കാട് ജില്ലയിൽ ഒരു ടെട്രാപാക്ക് യൂണിറ്റിന് അനുമതി കൊടുത്തുകഴിഞ്ഞു. ആ ടെട്രാപാക്ക് യൂണിറ്റ് ഉപയോഗപ്പെടുത്തികൊണ്ട് എല്ലാ കമ്പനികളുടെയും ഉല്പന്നങ്ങൾ അവിടെവച്ച് പാക്ക് ചെയ്യുന്നതിനുള്ള ഒരു എഗ്രിമെന്റും ഉണ്ടാക്കിക്കഴിഞ്ഞു.

ശ്രീ. മുരളി പെരുനെല്ലി: സർ, കൃഷി വകുപ്പിന്റെ കീഴിലുള്ള ഏതെല്ലാം ഉൽപ്പന്നങ്ങളാണ് ബ്രാന്റഡ് ഉൽപ്പന്നങ്ങളായി വിപണിയിലെത്തിക്കുന്നത്; ഈ ഉൽപ്പന്നങ്ങൾക്കെല്ലാം ഏകീകൃത ബ്രാന്റ് നൽകി വിപണിയിലെത്തിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ജി.എ.പി. സർട്ടിഫിക്കേഷനോടും പാർട്ടിസിപ്പേറ്ററി ഗ്യാരന്റി സിസ്റ്റം അനുസരിച്ചുള്ള സർട്ടിഫിക്കേഷനോടുംകൂടി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾക്ക് 'കേരള ഓർഗാനിക് ' എന്നൊരു ബ്രാന്റ് രജിസ്റ്റർ ചെയ്യുകയും 'കേരള ഓർഗാനിക്' എന്ന പേരിൽ പച്ചക്കറികൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയുമാണ്. വി.എഫ്.പി.സി.കെ.-യുടെ 'തളിർ' എന്ന ബ്രാന്റിൽ പച്ചക്കറികളും കട്ട് വെജിറ്റബിൾസും ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകൊണ്ട് രണ്ട് സ്ഥലത്ത് ഔട്ട്ലെറ്റുകൾ ആരംഭിച്ചിട്ടുണ്ട്. അതിനുപുറമേ കേരളത്തിൽ ജാക് ഫ്രൂട്ടിന്റെ ബ്രാന്റ് ഉണ്ടാക്കാൻ, 'കേരള ജാക് ഫ്രൂട്ട് ' എന്നപേരിൽ, നാച്വറൽ പ്രോഡക്ട് എന്ന നിലയിൽ പ്രൊഡക്ഷൻ നടത്താനുള്ള നടപടികൾ പൂർത്തീകരിച്ചുവരികയാണ്. നീരയുടെ പൊതുവായ ബ്രാന്റിംഗിനുവേണ്ടി കമ്മിറ്റി രൂപീകരിച്ച് ആ കമ്മിറ്റി അതിനൊരു പേരും ലോഗോയും അംഗീകരിച്ചു കഴിഞ്ഞാൽ നീരയ്ക്കും പൊതുവായിട്ടൊരു ബ്രാന്റ് ഉണ്ടാക്കിയെടുക്കാൻ സാധിക്കും.

ശ്രീ. റോജി എം. ജോൺ: സർ, നമ്മുടെ രാജ്യത്ത് ഉൽപ്പാദിപ്പിക്കുന്ന നാളികേരത്തിന്റെ 90 ശതമാനവും തെക്കൻ സംസ്ഥാനങ്ങളിലാണ്. പക്ഷെ കേരളത്തിൽ ഉൾപ്പെടെ നാളികേരത്തിന്റെ ഉൽപ്പാദനത്തിൽ കുറവുണ്ടാകുന്നുണ്ടെന്നാണ് കോക്കനട്ട് ഡെവലപ്മെന്റ് ബോർഡിന്റെ സർവ്വേ സൂചിപ്പിക്കുന്നത്. ഇവിടെ തെങ്ങുകയറ്റക്കാരെ കിട്ടാനില്ലെന്നതാണ് നാളികേര കർഷകർ അനുഭവിക്കുന്ന ഏറ്റവും പ്രധാന പ്രശ്നം. ഇനി കിട്ടാനുണ്ടെങ്കിൽത്തന്നെ ഭീമമായ കൂലിയാണ് ഓരോ

തെങ്ങ് കയറുന്നതിനും ഇവർ ഈടാക്കുന്നത്. കൂലി കൊടുത്ത് തെങ്ങിൽ കയറ്റുന്നതിനേക്കാൾ തേങ്ങ താഴെ വീഴുമ്പോൾ പെറുക്കി എടുക്കുന്നതാണ് ലാഭമെന്നാണ് പല കർഷകരും കരുതുന്നത്. തെങ്ങ് കയറ്റക്കാരെ കൂടുതലായി പരിശീലിപ്പിക്കുന്ന പദ്ധതികളൊക്കെയുണ്ടായിരുന്നു. തെങ്ങ് കയറ്റക്കാർക്ക് കൂടുതൽ പരിശീലനം നൽകുന്നതിനും ഈ മേഖലയിൽ കൂടുതലാളുകളെ കർഷകർക്ക് ലഭ്യമാക്കുന്നതിനുമുള്ള നടപടി സ്വീകരിക്കുമോ?

<u>ശ്രീ. വി. എസ്. സുനിൽ കുമാർ</u>: സർ, നീര ടെക്നീഷ്യൻസിന്റെ അഭാവമാണ് നീര ഉൽപ്പാദനത്തിലെ പ്രധാന പ്രശ്നം. നാളികേരത്തിന്റെ വിളവെടുക്കുന്നതിന് തെങ്ങ് കയറ്റക്കാരെ കിട്ടാത്ത സാഹചര്യമുണ്ട്. ഇത് രണ്ടും പരിഗണിച്ചുകൊണ്ട് അവർക്ക് പരിശീലനം നൽകാനും കൂടുതൽ ആളുകളെ ഈ മേഖലയിലേയ്ക്ക് കൊണ്ടുവരുന്നതിനും നാളികേര വികസന കോർപ്പറേഷൻ 75 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നാളികേരത്തിന്റെ ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ കേരളം ഇപ്പോൾ നാലാം സ്ഥാനത്താണ്. ഒന്നാം സ്ഥാനം ഛത്തീസ്ഗഢിനാണ്. വിസ്തൃതിയുടെയും മൊത്തം ഉൽപ്പാദനത്തിന്റെയും കാര്യത്തിൽ കേരളമാണ് ഒന്നാം സ്ഥാനത്തെങ്കിലും ഉൽപ്പാദനക്ഷമതയുടെ കാര്യത്തിൽ നാലാം സ്ഥാനത്താണ്. ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സിന്റെ കണക്കുകൾ പ്രകാരം നമ്മുടെ നാളികേരത്തിന്റെ ഉൽപ്പാദനക്ഷമത 6859 ആണ്. പക്ഷെ കോക്കനട്ട് ഡെലവപ്മെന്റ് ബോർഡ് പറയുന്ന ഉൽപ്പാദനക്ഷമത 9663 ആണ്. ഈ രണ്ട് കണക്കുകളും ഗവൺമെന്റിന്റെ കയ്യിലുണ്ട്. ഏതായാലും ഒരു ഹെക്ടറിൽനിന്ന് എണ്ണായിരത്തോളം നാളികേരം ഉണ്ടാകുന്നുവെന്നാണ് കണക്കാക്കുന്നത്. അത് പതിനായിരം വരെ എത്തിക്കുകയെന്നതാണ് നാളികേര മിഷന്റെ ലക്ഷ്യം. ഉൽപ്പാദനക്ഷമത പതിനായിരത്തിൽ എത്തിക്കഴിഞ്ഞാൽ കേരളത്തിൽ നാളികേരത്തിന്റെ ഉൽപ്പാദനം വലിയ തോതിൽ വർദ്ധിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u> സർ, കേരളത്തിൽ ശാസ്ത്രീയമായും ഉൽപ്പാദന ക്ഷമതയോടുകൂടിയും നാളികേരം ഉൽപ്പാദിപ്പിക്കുന്നത് ചിറ്റൂർ താലൂക്കിലാണ്. പക്ഷെ അവിടെ നാളികേര പാർക്കില്ല. ഡീഹൈഡ്രേറ്റ് ഡ്രയർ ഉണ്ടാക്കിയാൽ കരിക്ക് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് കയറ്റി അയയ്ക്കാൻ സാധിക്കും. അതുപോലെതന്നെ ധാരാളം ഉൽപ്പന്നങ്ങൾ അതിന്റെ തനിമ നിലനിർത്തിക്കൊണ്ട് കയറ്റി അയയ്ക്കാൻ കഴിയും. അങ്ങനെയുള്ള ഡ്രയർ ഉണ്ടാക്കുന്നതിന് സഹകരണ സംഘങ്ങൾക്കോ അഗ്രോ സർവ്വീസ് സെന്ററുകൾക്കോ സാമ്പത്തിക സഹായം നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ; ഒരു ഡ്രയറിന് 44 ലക്ഷം രൂപ വേണ്ടിവരും. അത്രയും രൂപ ഒരു വ്യക്തിക്ക് എടുക്കാൻ ബുദ്ധിമുട്ടായി വരും. അതുകൊണ്ട് ഡ്രയർ ഉണ്ടാക്കുന്നതിനായി സൊസൈറ്റികൾക്ക് സാമ്പത്തിക സഹായം നൽകാനുള്ള നടപടി ഉണ്ടാകുമോ?

ശ്രീ. വി. എസ്. സുനിൽ കുമാർ: സർ, ഉൽപ്പാദനത്തിനുശേഷമുള്ള പ്രോസസിംഗുമായി ബന്ധപ്പെട്ട യന്ത്രങ്ങൾ വാങ്ങുന്നതിനുവേണ്ടി SMAM (Sub-Mission on Agricultural Mechanisation) എന്ന സ്കീം അനുസരിച്ച് 8 പേരടങ്ങുന്ന കർഷക ഗ്രൂപ്പുകൾക്ക് 12 ലക്ഷം രൂപവരെ നൽകുന്ന സ്കീം നിലവിലുണ്ട്. അതിനുപുറമേ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിന്റെ ഭാഗമായി നാളികേര വികസന പ്രൊഡക്ഷൻ കമ്പനികൾക്കും സ്ഥാപനങ്ങൾക്കുംവേണ്ടി ഇത്തവണ 17 കോടി രൂപയാണ് അനുവദിച്ചിരിക്കുന്നത്. അങ്ങ് ഇവിടെ സൂചിപ്പിച്ചതുപോലെ ചിറ്റൂരാണ് നന്നായി കൃഷി ചെയ്യുന്ന സ്ഥലമെങ്കിലും കേന്ദ്ര ഗവൺമെന്റിന്റെ 185 കോടി രൂപയുടെ നാളികേരാധിഷ്ഠിത അഗ്രോ പാർക്കിന്റെ പ്രവർത്തനം അവിടെ നടന്നു കൊണ്ടിരിക്കുകയാണ്. കോഴിക്കോട്, കണ്ണൂർ, മലപ്പുറം എന്നീ ജില്ലകളിൽ പ്രധാനമായും നാളികേരം ഉൽപ്പാദിപ്പിക്കുന്നതുകൊണ്ടാണ് വേങ്ങേരി കേന്ദ്രീകരിച്ച് പാർക്ക് ആരംഭിക്കുന്നതിന് തീരുമാനമെടുത്തത്. അങ്ങ് പറയുന്നതുപോലുള്ള ടെക്നോളജി അടക്കമുള്ള കാര്യങ്ങളാണ് ഈ പാർക്കിൽ വരാൻ പോകുന്നത്. കേന്ദ്ര ഗവൺമെന്റ് കൊണ്ടുവരാൻ പോകുന്ന പാർക്കിലും ഇത്തരത്തിലുള്ള കാര്യങ്ങൾ വരുന്നുണ്ട്. വ്യവസായ വകുപ്പിന്റെ നേതൃത്വത്തിൽ സെപ്റ്റംബറിൽ നടക്കാൻ പോകുന്ന കൺവെൻഷനിൽ കേരളത്തിനുതകുന്ന രീതിയിൽ ഏത് മൂല്യവർദ്ധിത ഉൽപ്പന്നത്തിലാണ് ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത് എന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ ചർച്ച നടത്തി തീരുമാനമെടുത്തശേഷം നടപടികളുമായി മുന്നോട്ടുപോകും.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക പൊതുശ്മശാനം

2 (*242) ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മുഴുവൻ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും മലിനീകരണ തോത് കുറഞ്ഞതരം ആധുനിക പൊതുശ്മശാനം പ്രവർത്തിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ഇത്തരം പൊതുശ്മശാനം എല്ലാ തദ്ദേശ ഭരണ സ്ഥാപനങ്ങളിലും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ സർക്കാർ വന്നതിനുശേഷം ഈയിനത്തിൽ സാമ്പത്തിക സഹായത്തിനായി തുക വകയിരുത്തിയിട്ടുണ്ടോ; എങ്കിൽ തുക ചെലവഴിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ഡി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് ആധുനിക ശ്മശാനം സ്ഥാപിക്കുവാൻ സഹായം ലഭിക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് നിലവിലുള്ളത്; ഇതിന് ആവശ്യമായ സ്ഥലം എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളിലും ആധുനിക രീതിയിലുള്ള പൊതുശ്മശാനങ്ങൾ നിലവിലില്ല. 57 ഗ്രാമപഞ്ചായത്തുകളിൽ വാതക ശ്മശാനങ്ങളും 7 ഗ്രാമപഞ്ചായത്തുകളിൽ വൈദ്യുത ശ്മശാനങ്ങളും പ്രവർത്തിക്കുന്നു. 34 നഗരസഭകളിൽ ഗ്യാസധിഷ്ഠിത ശ്മശാനങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. മൂന്ന് നഗരസഭകളിൽ വൈദ്യുത ശ്മശാനങ്ങളും നിലവിലുണ്ട്. ഒരു സൗകര്യവുമില്ലാത്ത 22 നഗരസഭകളും 475 ഗ്രാമപഞ്ചായത്തുകളുമാണുള്ളത്.

(ബി) കിഫ്ബി ധനസഹായത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഈ സർക്കാർ വന്നതിനുശേഷം ഗ്രാമപഞ്ചായത്തുകളിൽ പൊതുശ്മശാനം നിർമ്മിക്കുന്നതിനും നവീകരിക്കുന്നതിനും പഞ്ചായത്ത് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്ന പദ്ധതിക്കായി 500 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ 12 ഗ്രാമപഞ്ചായത്തുകൾക്കായി 180.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. നഗരസഭകളിൽ ശ്മശാന നിർമ്മാണം നടത്തുന്നതിന് കിഫ്ബി ധനസഹായത്തോടെ 100 കോടി രൂപയുടെ പ്രോജക്റ്റിന് തുടക്കമായിട്ടുണ്ട്.

(ഡി) പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവയ്ക്ക് ആധുനിക ഗ്യാസധിഷ്ഠിത ശ്മശാനം സ്ഥാപിക്കുന്നതിന് കിഫ്ബി ധനസഹായം ഉപയുക്തമാക്കുന്നതിന്റെ ഭാഗമായി നഗരകാര്യ വകുപ്പിനുകീഴിൽ ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ട്. കുറഞ്ഞത് 25 സെന്റ് സ്ഥലമെങ്കിലും ഇതിന് ആവശ്യമാണ്. പൊതുശ്മശാനം നിർമ്മിക്കുന്നതിന് സ്ഥലം ലഭ്യമായതും സംസ്ഥാന വിഹിതം ഉൾപ്പെടുത്തി പദ്ധതി തയ്യാറാക്കിയതുമായ ഗ്രാമപഞ്ചായത്തുകൾക്കാണ് വിശദമായ പ്രൊപ്പോസൽ സമർപ്പിക്കുന്നമുറയ്ക്ക് അതതു വർഷത്തെ സംസ്ഥാന പദ്ധതി വിഹിതത്തിൽനിന്നും പഞ്ചായത്ത് വകുപ്പ് മുഖേന ധനസഹായം അനുവദിക്കുന്നത്. 2011-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ - ചട്ടം 61 (15) പ്രകാരം ശവദാഹശാലകളുടെ ചുറ്റിലും ചുരുങ്ങിയത് 7.5 മീറ്റർ തുറന്ന സ്ഥലം ഉണ്ടായിരിക്കേണ്ടതാണ്.

കൂടാതെ 1998-ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവുചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടങ്ങൾ 5 പ്രകാരം ജനവാസ ഗൃഹങ്ങളുടെ 50 മീറ്റർ പരിധിക്കുള്ളിൽ ശവം മറവു ചെയ്യാനോ ദഹിപ്പിക്കുവാനോ ഉള്ള സ്ഥലങ്ങൾ പുതിയതായി ഏർപ്പെടുത്താൻ പാടില്ല. എന്നാൽ കോൺക്രീറ്റ് കല്ലറകളുടെയും വൈദ്യുത ശ്മശാനങ്ങളുടെയും സംഗതിയിൽ ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകും.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പൊതുശ്മശാനം നിർമ്മിക്കുന്നതിന് ആരംഭിച്ച പുതിയ പദ്ധതികൾ ഏറെ സ്വാഗതാർഹമാണ്. ബഹുമാന്യനായ മന്ത്രിയുടെ മറുപടിയിൽ കാണുന്ന സുപ്രധാനമായ വിഷയം, കേരളത്തിലെ 22 നഗരസഭകളിലും 475 പഞ്ചായത്തുകളിലും ഒരു സൗകര്യവുമില്ലെന്ന് നമ്മൾ തന്നെ സമ്മതിക്കുന്നു. ഇതുകൊണ്ടുണ്ടാകാവുന്ന സാമൂഹ്യപ്രശ്നത്തെ അതിജീവിക്കേണ്ടതുണ്ട്. ഇതൊക്കെ നിർമ്മിക്കാൻ ശ്രമിക്കുമ്പോൾ പൊതുജനങ്ങളിൽനിന്നും വലിയ എതിർപ്പുകൾ ഉണ്ടാകുകയാണ്. ഗ്യാസ് അധിഷ്ഠിത ശ്മശാനങ്ങൾ നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ജനങ്ങൾക്കുള്ള കൺസെപ്റ്റ് മാറ്റിയെടുക്കാൻ പഞ്ചായത്ത് തലത്തിൽ ബോധവൽക്കരണം ആവശ്യമാണ്. ഇതിനായി കിഫ്ബിയിൽ തുക വകയിരുത്തിയിട്ടുണ്ട്. 500 ലക്ഷം രൂപ വകയിരുത്തിയതിൽ 180 ലക്ഷം രൂപ മാത്രമാണ് കഴിഞ്ഞ സാമ്പത്തിക വർഷം ചെലവഴിക്കാൻ കഴിഞ്ഞത്. അതിനു കാരണം ആ പഞ്ചായത്തുകളിൽ ഇത്തരം കാര്യങ്ങൾ നടത്തുന്നതിലുണ്ടായ തടസ്സങ്ങളാണ്. ഫലപ്രദമായി ഇടപെട്ടാൽ ഇതിന് മാറ്റം വരുത്താൻ കഴിയും, അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, നമ്മുടെ സംസ്ഥാനത്ത് ഏറ്റവും ചുരുങ്ങിയത് 152 ബ്ലോക്കുകളിലും 93 നഗരസഭകളിലുമെങ്കിലും ആധുനിക ശ്മശാനങ്ങൾ അനിവാര്യമാണ്. എല്ലാ പഞ്ചായത്തുകളിലും ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുക പ്രായോഗികമല്ല. 101 ഇടങ്ങളിലാണ് ആധുനിക ശ്മശാനങ്ങൾ നിലവിലുള്ളത്. ഏറ്റവും ചുരുങ്ങിയത് 245 സ്ഥലത്തെങ്കിലും ആധുനിക ശ്മശാനങ്ങൾ അനിവാര്യമാണ്. പല സ്ഥലങ്ങളിലും ജനങ്ങളുടെ എതിർപ്പ് ഇത് സ്ഥാപിക്കുന്നതിന് തടസ്സമാകുന്നുണ്ടെന്നുള്ളത് ശരിയാണ്. മുമ്പൊക്കെ ഓരോ വീടുകളിലും മൃതശരീരങ്ങൾ സംസ്കരിച്ചിരുന്നു. ഇന്ന് അതിന് സാധ്യമല്ല. മൂന്നും നാലും സെന്റ് സ്ഥലത്ത് വീടുനിർമ്മിക്കാൻപോലും സാധിക്കാത്ത സ്ഥിതി സംജാതമായിരിക്കെ ആധുനിക രീതിയിലുള്ള പൊതുശ്മശാനങ്ങൾ അനിവാര്യമായിരിക്കുന്നു. തദ്ദേശസ്ഥാപനങ്ങളിൽ ഇത് സ്ഥാപിക്കുന്നതിനുണ്ടാകുന്ന തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് ജനപ്രതിനിധികളുടെയും സാമൂഹിക-രാഷ്ട്രീയ സംഘടനകളുടെയും ഫലവത്തായ ഇടപെടൽ അനിവാര്യമാണ്. അതിന് ഗവൺമെന്റ് എല്ലാ ഇനിഷ്യേറ്റീവും എടുക്കുന്നതാണ്.

ശ്രീ. റോഷി അഗസ്റ്റിൻ : സർ, വളരെ നല്ല കാര്യം. ഇന്ന് ലൈഫ് മിഷൻ പോലുള്ള ഭവനനിർമ്മാണ പദ്ധതികളും മൂന്നും നാലും സെന്റിൽ വരുന്ന കോളനികളുമൊക്കെ കേരളത്തിൽ സുലഭമാണ്. അവിടെയൊക്കെയാണ് ഈ വിഷയം വളരെ ഗൗരവമായി രൂപപ്പെട്ടുവരുന്നത്. പറഞ്ഞ കൺസെപ്റ്റ് അനുസരിച്ച് ഒരു ബ്ലോക്കിലെങ്കിലും ഒരു ശ്മശാനം രൂപപ്പെടുത്താൻ കഴിയത്തക്ക വിധത്തിൽ ക്രമപ്പെടുത്തുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് ടീമിനെ നിയോഗിച്ച് കാര്യക്ഷമമായി പ്രവർത്തനസജ്ജമാക്കാൻ കഴിഞ്ഞാൽ അനുവദിക്കപ്പെടുന്നതുക കൊണ്ട് വരുന്ന വർഷംതന്നെ കേരളത്തിൽ ഇത് പൂർത്തിയാക്കാൻ സാധിക്കും. ബ്ലോക്ക് തലത്തിൽ അത്തരം സാഹചര്യമൊരുക്കാൻ ഒരു മോണിറ്ററിംഗ് ടീമിനെ സംസ്ഥാന ഗവൺമെന്റ് തന്നെ നിയോഗിച്ച് ഇത് നടപ്പിലാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, 101 ഇടങ്ങളിലാണ് ഇപ്പോൾ ആധുനിക ശ്മശാനങ്ങളുള്ളത്. ഏറ്റവും ചുരുങ്ങിയത് ഒരു ബ്ലോക്കിൽ ഒന്ന്, ഒരു നഗരസഭയിൽ ഒന്ന് എന്നുള്ളത് ഉറപ്പുവരുത്തി 245 ആധുനിക ശ്മശാനങ്ങൾ സമയബന്ധിതമായി, ഒന്നോ രണ്ടോ വർഷത്തിനുള്ളിൽ പൂർത്തിയാക്കുന്നതിന് എല്ലാ നടപടികളും സർക്കാർ സ്വീകരിക്കും. ഇതിനാവശ്യമായ ഫണ്ട് കിഫ്ബിയിൽനിന്നും അനുവദിക്കും. ഇതിലേയ്ക്ക് എസ്.പി.വി. ആയി 'ഇംപാക്ട് കേരള' എന്ന സ്ഥാപനത്തെ തദ്ദേശസ്വയംഭരണ വകുപ്പുതന്നെ ഉണ്ടാക്കിയിട്ടുണ്ട്. ഈ എസ്.പി.വി. മുഖേനയാകും ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ ഇംപ്ലിമെന്റ് ചെയ്യുന്നത്.

ഡോ. എൻ. ജയരാജ്: സർ, ശ്മശാനം എന്ന വാക്ക് കേൾക്കുമ്പോൾതന്നെ ഒരുതരം ഭീതിയാണ്. ശ്മശാനത്തിൽ വിടരുന്ന പൂക്കളെ ശവംനാറി പൂക്കൾ എന്നാണ് മലയാളത്തിൽ വിളിക്കുന്നത്. എന്നാൽ നിത്യകല്യാണിയെന്നാണ് മറ്റ് ഭാഷകളിൽ അറിയുന്നത്. തമിഴിൽ അതിനെ ഉഷമലരി എന്നാണ് വിളിക്കുന്നത്. മലയാളി ശ്മശാനത്തോടുകാണിക്കുന്ന സമീപനത്തിന്റെ ഭാഗമായി മനോഹരമായ പൂവിനെ ശവംനാറി എന്ന് വിളിക്കുന്ന മനോഭാവമാണുള്ളത്. നമ്മളൊക്കെ കണ്ട അടുത്തകാലത്തിറങ്ങിയ ഒരു ചിത്രം ഈ.മ.ഔ ഒരു ശവസംസ്കാരവുമായി ബന്ധപ്പെട്ടതാണ്. പി. ഭാസ്കരൻ 1972-ൽ ആറടി മണ്ണിന്റെ ജന്മി എന്ന് എഴുതി. എന്നാൽ ഇന്ന് ആറടി മണ്ണിന്റെ ജന്മിയെന്ന് അവകാശപ്പെടാൻ നമുക്ക് കഴിയില്ല. അത്രമാത്രം രൂക്ഷമായ ഒരു സാമൂഹ്യപ്രശ്നമാണ് ഇന്ന് കേരളം അഭിമുഖീകരിക്കുന്നത്. ശ്മശാനങ്ങളുമായി ബന്ധപ്പെട്ട് ഒരു ഗൈഡ്ലൈൻ നേരത്തെ ഇറക്കിയിരുന്നു. അതിൽ പറഞ്ഞിരിക്കുന്നത്, 50 സെന്റ് സ്ഥലം വേണമെന്നുള്ളതാണ്.

മി. സ്പീക്കർ: 25 സെന്റെന്ന് അദ്ദേഹം നേരത്തെ പറഞ്ഞു.

ഡോ. എൻ. ജയരാജ്: അത് നല്ലൊരു കാര്യമാണ്. അതോടൊപ്പം ശ്മശാനത്തിനുവേണ്ടി ആരോഗ്യവകുപ്പ്, ജില്ലാ കളക്ടർ, മലിനീകരണ നിയന്ത്രണ ബോർഡ് എന്നിവിടങ്ങളിൽ നിന്നെല്ലാം അനുമതി ലഭ്യമാക്കണം. ഓരോന്നിനും വ്യത്യസ്തമായ അനുമതി ലഭ്യമാക്കാതെ, സർക്കാർ തലത്തിൽതന്നെ അതിനുള്ള പ്ലാൻ തയ്യാറാക്കി, ഇവയ്ക്കെല്ലാം ഒരുമിച്ച് അനുമതി ലഭ്യമാക്കുന്നതിന് ശ്രമിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ നടപ്പിലാക്കുന്നതിന് നിലവിലുള്ള നടപടിക്രമങ്ങളിൽ എന്തൊക്കെ ലഘൂകരണം വരുത്തണമോ അതൊക്കെ വരുത്താനാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. അതിനുവേണ്ടിയാണ് കിഫ്ബി മുഖേന ഇത്തരത്തിലുള്ള സംവിധാനം ഒരുക്കുന്നതിനുവേണ്ടി ആവശ്യമായ പണം നീക്കിവച്ചിട്ടുള്ളത്. അങ്ങ് പറഞ്ഞ നിർദ്ദേശം തീർച്ചയായും ഗവൺമെന്റ് പരിഗണിക്കും.

ശ്രീ. മോൻസ് ജോസഫ് : സർ, ശ്മശാനം സ്ഥാപിക്കുന്നതിന് 25 സെന്റ് സ്ഥലമെങ്കിലും വേണമെന്ന് മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇക്കാര്യത്തിൽ സ്ഥലം ലഭിക്കുന്നതിന് ആളുകളിൽ വലിയ എതിർപ്പും പഞ്ചായത്തുകൾക്ക് അവരുടെ ഫണ്ട് ഉപയോഗിച്ചുമാത്രം സ്ഥലം വാങ്ങുന്നതിന് പ്രായോഗികമായി സാധിക്കാത്ത സാഹചര്യവും നിലനിൽക്കുന്നു. ശ്മശാനം നിർമ്മിക്കുന്നതിനുള്ള ഫണ്ട് കിഫ്ബി വഴി കൊടുക്കുന്നുവെന്ന് പറഞ്ഞത് വളരെ സ്വാഗതാർഹമാണ്. സ്ഥലം വാങ്ങുന്നതിനുകൂടിയുള്ള സഹായം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും വേണ്ടിവരികയാണ്. ഒരു ശ്മശാനം രണ്ടോമൂന്നോ പഞ്ചായത്തുകൾക്കുവേണ്ടിയാണ് നിർമ്മിക്കുന്നതെങ്കിൽ അതിലൊരു ധാരണയുണ്ടാകേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തുകൾക്ക് വിനിയോഗിക്കാൻ സാധിക്കുന്ന ഫണ്ട് കൂടാതെ സ്ഥലം വാങ്ങുന്നതിന് അധികമായി വേണ്ടിവരുന്ന തുക ഗവൺമെന്റുകൂടി സഹായിച്ചാലേ യാഥാർത്ഥ്യമാക്കാൻ കഴിയൂ. അതോടൊപ്പം സ്ഥലം വാങ്ങുന്ന കാര്യത്തിൽ മാർക്കറ്റ് വില പഞ്ചായത്തുകൾ നിശ്ചയിക്കുന്നു, വാല്യുവേഷൻ റവന്യൂ വകുപ്പ് നിശ്ചയിക്കുന്നു. ഇവ തമ്മിൽ യാതൊരു പൊരുത്തവുമില്ല. അതുകൊണ്ടുതന്നെ ഇവയൊന്നും പ്രാവർത്തികമാകാതെ പോകുകയാണ്. ഇക്കാര്യങ്ങൾ ക്രോഡീകരിച്ച് പരിഹരിക്കുന്നതിന് സ്ഥലം വാങ്ങുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളിൽ പ്രത്യേകമായ ഒരു സിസ്റ്റം ഏർപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഇത്തരം ആവശ്യത്തിലേയ്ക്ക് സ്ഥലം വാങ്ങുന്നതിനുള്ള പണം അനുവദിക്കുന്നതിന് ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം ബുദ്ധിമുട്ടുണ്ട്. വികസന പ്രവർത്തനങ്ങൾക്ക്, പ്രത്യേകിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾക്ക് സ്ഥലം വാങ്ങാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുതന്നെ ഫണ്ടുണ്ട്. അവരുടെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് അത് വാങ്ങാവുന്നതാണ്. അത് വാങ്ങാൻ ശ്രമിക്കുമ്പോഴുണ്ടാകുന്ന പ്രായോഗിക ബുദ്ധിമുട്ടിനെക്കുറിച്ച് അങ്ങിവിടെ സൂചിപ്പിച്ചു. പഞ്ചായത്ത് നിശ്ചയിക്കുന്ന വിലയാകില്ല റവന്യൂ വകുപ്പ് നൽകുന്നത്. ഇക്കാര്യത്തിലുണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുന്നതിന് കളക്ടർമാർക്ക് പ്രത്യേക നിർദ്ദേശം നൽകുന്നതാണ്.

ശ്രീ. സി. എഫ്. തോമസ്: സർ, നഗരപ്രദേശങ്ങളിൽ ആധുനിക രീതിയിലുള്ള ശ്മശാനങ്ങൾ നിർമ്മിക്കുന്നതിന് കിഫ്ബിയിൽനിന്നും 100 കോടി രൂപ കിട്ടുന്നുണ്ടെന്ന് പറഞ്ഞു. ഗ്രാമപ്രദേശങ്ങൾക്കുവേണ്ട ധനസഹായം കിഫ്ബിയിൽനിന്നും കിട്ടുകയില്ലേ; അങ്ങനെയാണെങ്കിൽ അതിനുകൂടി വിശദമായ പ്രോജക്ട് തയ്യാറാക്കാൻ സാധിക്കുമോ? സമയബന്ധിതമായി ഇത് തീർക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതാണ് ഏറ്റവും പ്രധാനം. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിൽ ഇടയ്ക്കിടെ പരിശോധനയ്ക്ക് വിധേയമാക്കി സമയബന്ധിതമായി തീർക്കാൻ നടപടി സ്വീകരിക്കുമോ; ഗ്രാമപ്രദേശങ്ങളിൽക്കൂടി കിഫ്ബിയുടെ സഹായം ലഭ്യമാക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ഗ്രാമപ്രദേശങ്ങളിൽ മറ്റ് പല ഫണ്ടുകളും നിലവിൽ ഈ ആവശ്യത്തിലേയ്ക്ക് വിനിയോഗിക്കാൻ കഴിയുന്നുണ്ട്. പ്രത്യേകിച്ച് കഴിഞ്ഞ തവണ ലോകബാങ്കിന്റെ സഹായം ഭൂരിഭാഗവും കിട്ടിയത് തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. 150 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആധുനിക ശ്മശാനങ്ങൾ സ്ഥാപിക്കുന്നതിന് 123 കോടി രൂപയുടെ പദ്ധതിക്ക് എൽ.എസ്.ജി.ഡി. അനുവാദം നൽകിയിട്ടുണ്ട്. എന്നാൽ നഗരസഭകളിൽ ഇത് വളരെ അനിവാര്യമാണ്. അങ്ങ് സൂചിപ്പിച്ചതുപോലെ സ്ഥലസൗകര്യം തീരെയില്ലാത്ത, ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലാണ് ആധുനിക ശ്മശാനങ്ങൾ ഏറ്റവും അനിവാര്യം. അതിന് മുൻഗണന നൽകുന്നതുകൊണ്ടാണ് കിഫ്ബിയിൽ നഗരസഭകൾക്ക് പ്രാമുഖ്യം നൽകുന്നത്. അതുകൊണ്ട് ഗ്രാമീണ മേഖലയിൽ കിഫ്ബി മുഖേന സഹായം ലഭിക്കില്ലെന്ന് പറയുന്നില്ല, ഏതെങ്കിലും പഞ്ചായത്തുകൾ അവരുടെ മേഖലകളിൽ സ്ഥലമുണ്ടെങ്കിൽ പ്രോജക്ട് സമർപ്പിക്കുന്ന മുറയ്ക്ക് അക്കാര്യം പരിഗണിക്കും.

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, അങ്ങ് നേരത്തെ ഇവിടെ സൂചിപ്പിച്ചതു പോലെ, കേരളത്തിൽ എല്ലായിടത്തും ആളുകൾ തിങ്ങിപ്പാർക്കുകയാണ്. ഒരിടത്തും ശ്മശാനത്തിന് സ്ഥലമെടുക്കാൻ സാധിക്കില്ല എന്നതാണ് സ്ഥിതി. ആ പ്രദേശത്തെ ജനങ്ങളുടെ പ്രതിഷേധം അതിന് കാരണമാകുന്നു. അർപ്പൂക്കര പഞ്ചായത്തിലാണ് കോട്ടയം മെഡിക്കൽ കോളേജ് സ്ഥിതിചെയ്യുന്നത്. അവിടെ ഒരു പൊതുശ്മശാനം വരണമെന്നുള്ളത് ദീർഘകാലമായി അർപ്പൂക്കര പഞ്ചായത്ത് നിവാസികളുടെ ആവശ്യമാണ്. അതിനുവേണ്ടി വലിയ ജനകീയ പ്രക്ഷോഭങ്ങൾ അവിടെ നടന്നു. അവർക്ക് സ്ഥലം ലഭിക്കണമെങ്കിൽ കോട്ടയം മെഡിക്കൽ കോളേജിന്റെ വക ഉപയോഗിക്കപ്പെടാതെ കിടക്കുന്ന ഭൂമിയുടെ ഒരു ഭാഗത്ത് 25 സെന്റ് സ്ഥലം കിട്ടുക എന്നുള്ളത് മാത്രമേ പോംവഴിയുള്ളൂ. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിക്ക് പഞ്ചായത്ത് പ്രസിഡന്റും ഞാനും അടക്കം നിവേദനം കൊടുത്തിരുന്നു. ഇത് കോ-ഓർഡിനേറ്റ് ചെയ്ത് അർപ്പൂക്കര പഞ്ചായത്തിൽ ഒരു പൊതുശ്മശാനം വന്നാൽ ബാക്കി പഞ്ചായത്തുകൾക്കെല്ലാം ഉപകാരപ്രദമാകും. അതിന് നടപടി സ്വീകരിക്കുന്നതിന് മന്ത്രി മുൻകയ്യെടുക്കുമോ?

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഈ ശ്മശാനത്തിന്റെ പ്രശ്നം എന്റടുത്ത് വന്നിരുന്നു. ആ ഭാഗത്ത് ശ്മശാനത്തിന് സ്ഥലം വിട്ടുകൊടുക്കാമെന്ന് ധാരണയായിട്ടുണ്ട്.

ശ്രീ. അടൂർ പ്രകാശ്: സർ, ആധുനിക പൊതുശ്മശാനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ മറുപടി പറഞ്ഞു. ഇന്ന് ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ച് പട്ടികജാതി കോളനികളിൽ ഇത് വലിയ പ്രശ്നമായി മാറിയിരിക്കുകയാണ്. മൃതശരീരം മറവ് ചെയ്യുന്നതിന് യാതൊരു സൗകര്യവുമില്ല. പലയിടങ്ങളിലും വീടുകളുടെ അടുക്കള ഭാഗം പൊളിച്ചുമാറ്റി മറവ് ചെയ്യുന്ന രീതിയാണ് ഇപ്പോൾ കണ്ടുവരുന്നത്. അവർക്ക് വേറെ മാർഗ്ഗമില്ല. പട്ടികജാതി കോളനി, പത്തോ അമ്പതോ വീട്ടുകാർ ഒന്നിച്ച് താമസിക്കുന്ന ഒരു പ്രദേശമെന്ന നിലയിൽ, പ്രത്യേകിച്ച് അതിനുള്ള സൗകര്യമില്ല എന്നുള്ളതുകൊണ്ട് ഇത് നടക്കാതെ പോകുകയാണ്. ഇത്തരം പഞ്ചായത്തുകളിൽ ഗവൺമെന്റ് നേരിട്ട് എന്തെങ്കിലും നടപടി സ്വീകരിക്കുമോ? പഞ്ചായത്തിന് ലോക ബാങ്കിന്റെ സഹായം ലഭ്യമാകുമെന്ന് പറഞ്ഞു. പക്ഷേ ലോക ബാങ്കിന്റെ സഹായം ലഭിക്കുന്നുവെന്ന് പറയുമ്പോൾ, സ്ഥലം എവിടെയാണ് കിട്ടുന്നത്? ആ സ്ഥലം ലഭ്യമാക്കുന്നതിനു വേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, പണ്ടത്തെപ്പോലെ പരമ്പരാഗതമായ രീതിയിൽ മൃതശരീരങ്ങൾ സംസ്കരിക്കുന്ന രീതിയല്ല ഇപ്പോൾ അവലംബിക്കുന്നത്. ഒരു ഗ്യാസ് ക്രിമറ്റോറിയം ഉണ്ടാക്കുന്നതിന് അല്ലെങ്കിൽ ഒരു ഇലക്ട്രിക് ശ്മശാനം നിർമ്മിക്കുന്നതിന് വളരെ കുറച്ച് സ്ഥലം മതി. ആ സ്ഥലം കണ്ടെത്താൻ തദ്ദേശസ്ഥാപനങ്ങൾ തന്നെ മുന്നോട്ടുവരണം. ജനകീയമായ എതിർപ്പിനെ തുടർന്നാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ ഇതിന് മുൻകയ്യെടുക്കാത്തത്. ജനനം ഉണ്ടെങ്കിൽ മരണം ഉറപ്പാണ്. മാന്യമായി തങ്ങളുടെ ബന്ധുമിത്രാദികളെ അന്ത്യയാത്രയാക്കാനുള്ള സൗകര്യം ഒരുക്കിക്കൊടുക്കുക എന്നത് ഭരണകൂടത്തിന്റെ, പ്രത്യേകിച്ച് പ്രാദേശിക ഭരണകൂടങ്ങളുടെ ചുമതലയാണ്. പലർക്കും ഇതുമായി ബന്ധപ്പെട്ട് തെറ്റിദ്ധാരണയാണ്. ഇപ്പോൾ എത്രയോ പള്ളി ശ്മശാനങ്ങളുണ്ട്. മുസ്ലീം പള്ളികളോടനുബന്ധിച്ച് ഖബർസ്ഥാനുകളുണ്ട്, സെമിത്തേരികളുണ്ട്. ഇതൊക്കെത്തന്നെ ജനങ്ങൾ തിങ്ങിത്താമസിക്കുന്ന ടൗണുകളിലാണ് നില കൊള്ളുന്നത്. ഇതുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള ബുദ്ധിമുട്ടും ആർക്കുമില്ലെന്നുള്ളത് അനുഭവത്തിന്റെ വെളിച്ചത്തിൽ നമുക്ക് ബോധ്യമായിട്ടുള്ളതാണ്. ഏതെങ്കിലുമൊരു പ്രദേശത്ത് പരമ്പരാഗത രീതിയിൽ മൃതശരീരം സംസ്കരിക്കുന്ന പറമ്പിൽ നിന്ന് എന്തെങ്കിലും മാലിന്യങ്ങൾ തൊട്ടടുത്തുള്ള കിണറുകളിലേക്കോ മറ്റു സ്ഥലങ്ങളിലേക്കോ പോകുന്നതായി ഇന്നോളം ചൂണ്ടിക്കാണിക്കപ്പെട്ടിട്ടില്ല. ഇതാണ് യാഥാർത്ഥ്യമെന്നിരിക്കെ, ജനങ്ങളുടെ എതിർപ്പ് തെറ്റിദ്ധാരണയുടെ അടിസ്ഥാനത്തിലാണ്. നാം ഒരുമിച്ച് നിന്നുകൊണ്ട് ഇത്തരത്തിലുള്ള എതിർപ്പുകളെ ഇല്ലാതാക്കുന്നതിന് ശ്രമിച്ചാൽ മാത്രമേ ആധുനിക ശ്മശാനങ്ങൾ നമ്മുടെ സംസ്ഥാനത്ത് പ്രയോഗവൽക്കരിക്കാൻ സാധിക്കുകയുള്ളൂ. അങ്ങ് സൂചിപ്പിച്ച പ്രകാരം പാവപ്പെട്ട ആളുകൾ, പ്രത്യേകിച്ച് എസ്.സി., എസ്.ടി. വിഭാഗങ്ങൾ താമസിക്കുന്ന കോളനികളിൽ അവരുടെ വീട്ടിൽപ്പോലും മൃതശരീരം സംസ്കരിക്കുന്ന വാർത്തകൾ നമ്മൾ വായിച്ചുകൊണ്ടിരിക്കുകയാണ്. ഇത്തരം സാഹചര്യത്തിൽ ആ പ്രശ്നം അഡ്രസ് ചെയ്യേണ്ടത് നമ്മുടെ ഓരോരുത്തരുടെയും ചുമതലയാണ്. ആ ബോധ്യത്തോടുകൂടി ഇക്കാര്യത്തെ നമ്മൾ സമീപിക്കണം.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഒരു കുന്നിന്റെ മുകളിൽ രണ്ട് ഏക്കർ ആറ് സെന്റ് സ്ഥലം. പ്രശസ്തനായ ആർക്കിടെക്റ്റ് വിനോദ് സിറിയക് രൂപകല്പന ചെയ്ത ഒരു ഭൂഗർഭ ശ്മശാനം, രണ്ടരക്കൊല്ലമായി ഞാൻ അതിന്റെ പിന്നാലെ നടക്കുന്നു. ഇപ്പോൾ മന്ത്രിയുടെ സാന്നിദ്ധ്യത്തിൽ അതിന്റെ യോഗവും നടത്തി. ഒരു ലോകബാങ്കും കാശ് തരാൻ തയ്യാറായില്ല. അവസാനം ആസ്തി വികസന ഫണ്ടിൽ നിന്ന് അതിന് ഫണ്ട് കണ്ടെത്തി. 9 പഞ്ചായത്തുകൾക്ക് വേണ്ടിയാണ് ആ ശ്മശാനം. ഫയൽ ഇപ്പോൾ ധനകാര്യ വകുപ്പിലാണ്. ഇക്കാര്യം ഞാൻ മന്ത്രിയോട് പലതവണ സംസാരിച്ചതാണ്. എന്ത് ചെയ്യാൻ സാധിക്കുമെന്ന് മന്ത്രി പറയണം.

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാന്യനായ അംഗം ശ്രീ. പുരുഷൻ കടലുണ്ടി പറഞ്ഞത് വളരെ ശരിയാണ്. അദ്ദേഹത്തിന്റെ നിയോജകമണ്ഡലത്തിൽ ഒരു ആധുനിക ഭൂഗർഭ ശ്മശാനം ഒരുക്കുന്നതിനുവേണ്ടിയുള്ള ഭൂമി കണ്ടെത്തി പ്ലാൻ സബ്മിറ്റ് ചെയ്തു. അത് യാഥാർത്ഥ്യമാക്കുന്നതിനുള്ള തീവ്ര പരിശ്രമത്തിലാണ്. കഴിഞ്ഞ സർക്കാരിന്റെ സമയത്താണ് അത് ആരംഭിക്കുന്നത്. അതിനാവശ്യമായ പണം അന്ന് അനുവദിക്കാത്തതുകൊണ്ടാണ് അദ്ദേഹത്തിന്റെ ആസ്തി വികസന ഫണ്ടിൽ നിന്നുതന്നെ പണം കണ്ടെത്തേണ്ടി വന്നത്. ഏതായാലും അനുമതി ലഭിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ പ്രത്യേക സാംഗ്ഷൻ ആവശ്യമാണ്. ഫയൽ ധനകാര്യ വകുപ്പിലേയ്ക്ക് പോയിട്ടുണ്ട്. തദ്ദേശസ്വയംഭരണ വകുപ്പും അക്കാര്യത്തിൽ ഇടപെട്ട് ഇതൊരു മോഡൽ ശ്മശാനം എന്ന നിലയിൽ സ്ഥാപിക്കുന്നതിനും തെറ്റിദ്ധാരണകൾ നീക്കുന്നതിനും ജനങ്ങൾക്ക് വളരെ ഫ്രണ്ട്ലിയായി ശ്മശാനങ്ങൾ അനുഭവപ്പെടുന്നതിനും ഉതകുംവിധമുള്ള ഒരു സംവിധാനമാക്കി, മോഡൽ പ്രോജക്ടാക്കി മാറ്റുന്നതിന് എല്ലാ സഹായങ്ങളും ചെയ്യും. ധനകാര്യ വകുപ്പിൽ നിന്നും എത്രയുംവേഗം അനുമതി വാങ്ങിയെടുക്കുന്നതിന് ശ്രമിക്കും.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, പൊതുശ്മശാനങ്ങൾ സ്ഥാപിക്കുന്നതിനു വേണ്ടി സാമൂഹിക ബാധ്യതകൾ ഏറ്റെടുക്കുന്നതിൽനിന്നും പഞ്ചായത്തുകളെയും തദ്ദേശ സ്ഥാപനങ്ങളെയും പിന്നോട്ട് വലിക്കുന്നത് അനുയോജ്യമായ സ്ഥലം കിട്ടാത്തതും സ്ഥലം കിട്ടിയാൽത്തന്നെ അത് ഉചിതമായ വിലയ്ക്ക് വാങ്ങാൻ കഴിയാത്തതുമാണ്. ഭൂമി അക്വയർ ചെയ്യാമെന്ന് വിചാരിച്ചാൽ അവിടെയുള്ള മാർക്കറ്റ് വില കൊടുക്കാൻ കഴിയാത്ത ഒരു സാഹചര്യമുണ്ട്. ഏറിവന്നാൽ അവിടെ ലാന്റ് ഡിപ്പാർട്ട്മെന്റ് തയ്യാറാക്കുന്ന വിലയിൽനിന്നും 30 ശതമാനം അധികം കൊടുക്കാനേ കഴിയുകയുള്ളൂ. അത് മാക്സിമം 100 ശതമാനമാക്കി പൊതു ശ്മശാനങ്ങൾക്ക് അവിടെയുള്ള മാർക്കറ്റ് വില നൽകുന്നതിന് ലോക്കൽ ബോഡീസിന് സർക്കാർ പ്രത്യേക പെർമിഷൻ നൽകുമോ?

ഡോ. കെ. ടി. ജലീൽ: സർ, ശ്മശാനത്തിന് അനുയോജ്യമായ സ്ഥലം എന്നൊരു പ്രത്യേക സ്ഥലമില്ല. എല്ലാ സ്ഥലത്തും ശ്മശാനങ്ങളാകാം. അങ്ങാടിയിലും ടൗണിലും ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലത്തും ഇത് ആകാം. ഒരു തരത്തിലുള്ള പ്രശ്നവും അതുകൊണ്ടുണ്ടാകുന്നില്ല. എന്നാൽ സ്ഥലം ഏറ്റെടുക്കുന്നതിന്, വില നിർണ്ണയിക്കുന്നതിന് നിലവിൽ ചില ബുദ്ധിമുട്ടുകളുണ്ട്. നേരത്തെ ഇവിടെ ബഹുമാനപ്പെട്ട റോഷി അഗസ്റ്റിൻ പറഞ്ഞതുപോലെ പഞ്ചായത്ത് നിശ്ചയിക്കുന്ന വില ഒരിക്കലും റവന്യൂ ഡിപ്പാർട്ട്മെന്റ് കാണാത്ത ഒരു സ്ഥിതിയുണ്ട്. ഇക്കാര്യത്തിൽ ഒരു കൺസെൻസസ് ഉണ്ടാക്കാൻ കളക്ടർമാരെ ചുമതലപ്പെടുത്തിയാൽ നടക്കുമെന്നാണ് തോന്നുന്നത്. സർക്കാർ അക്കാര്യം തീർച്ചയായും പരിഗണിക്കും.

ശ്രീ. എ. പ്രദീപ്കുമാർ: സർ, നമ്മുടെ സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ശ്മശാനം നിർമ്മിക്കുന്നതിനുവേണ്ടി ഒരു പ്രത്യേക എസ്.പി.വി. രൂപീകരിച്ച് ഇത്രയധികം പണം സംസ്ഥാന സർക്കാർ നേരിട്ട് നീക്കിവയ്ക്കുന്ന ഒരു സാഹചര്യം വന്നത്. ആധുനിക ശ്മശാനമെന്നാണ് ആവർത്തിച്ച് പറഞ്ഞു കൊണ്ടിരിക്കുന്നത്. ആധുനിക ശ്മശാനമെന്നുള്ളത് പ്രധാനമായും സാങ്കേതിക വിദ്യയെ ആസ്പദമാക്കിയിട്ടാണ്. ഞാൻ കൊറിയയിലോ ജപ്പാനിലോ മറ്റോ ഉള്ള ശ്മശാനം മുമ്പ് ടി.വി.-യിൽ കണ്ടിരുന്നു. വളരെ മനോഹരമായി രൂപകല്പന ചെയ്ത ഒരു ശ്മശാനമാണത്. നമ്മളെയൊക്കെ അവിടെ അടക്കണമെങ്കിൽ 25 വർഷം മുമ്പ് ബുക്ക് ചെയ്യണം. അക്കണക്കിന് നമ്മുക്കൊക്കെ ബുക്കിംഗിന് സമയമായി. ഇവിടെ സാങ്കേതികവിദ്യയോടൊപ്പം നമ്മുടെ ശ്മശാനങ്ങളുടെ സൗകര്യവും അതിന്റെ സൗന്ദര്യവും എല്ലാം നല്ല നിലയിൽ രൂപപ്പെടുത്തുന്നതിന്, ഇതിന്റെ രൂപകല്പനയിൽ മികച്ച വാസ്തുശില്പികളെ, ഇപ്പോൾ ശ്രീ. പുരുഷൻ കടലുണ്ടി അവിടത്തെ ശ്മശാന രൂപീകരണത്തെക്കുറിച്ച് പറഞ്ഞതുപോലെ അതിനെ മോഡലാക്കിയെടുക്കാൻ പറ്റില്ല. കാരണമെന്തെന്നുവച്ചാൽ അത് കുന്നിൻപുറമാണ്. മികച്ച വാസ്തുശില്പികളെ ഇതിന്റെ നിർമ്മാണത്തിൽ എൻഗേജ് ചെയ്ത് എസ്.പി.വി-യുമായി ബന്ധപ്പെടുത്താനുള്ള നടപടി സ്വീകരിക്കുമോ? നമുക്ക് കണ്ടാൽ മരിക്കാൻ തോന്നണം അങ്ങനെയായിരിക്കണം ശ്മശാനം. അതിനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ശ്മശാനം കണ്ടാൽ മരിക്കാൻ തോന്നുന്ന രൂപത്തിലേയ്ക്ക് ശ്മശാനത്തെ രൂപകല്പന ചെയ്യുന്ന ആർക്കിടെക്റ്റുകൾ ലോകത്തുണ്ടോയെന്ന് എനിക്കറിയില്ല. അങ്ങനെ ഉണ്ടെങ്കിൽ അവരുടെ സഹായം തീർച്ചയായും ഇതിനുവേണ്ടി ഉപയോഗപ്പെടുത്താൻ ശ്രമിക്കും. ശ്രീ. പുരുഷൻ കടലുണ്ടിയുടെ നിയോജകമണ്ഡലത്തിൽ നന്നായിട്ടാണ് ശ്മശാനം രൂപകല്പന ചെയ്തിരിക്കുന്നത്. സമാനമായ രീതിയിൽ ആ സംവിധാനം അതേരീതിയിൽ ഉപയോഗിച്ചുകൊണ്ട് എസ്.പി.വി.-യുമായി അവരെ ബന്ധപ്പെടുത്തി ആധുനിക ശ്മശാനങ്ങളുണ്ടാക്കുമ്പോൾ ആ സമീപനം അവലംബിക്കുമെന്ന് ഞാൻ ഈ സഭയ്ക്ക് ഉറപ്പ് നൽകുകയാണ്.

മി. സ്പീക്കർ: ഒരു ശ്മശാനവുമായി ബന്ധപ്പെട്ട് അതിന്റെ അങ്ങേയറ്റത്തെ സങ്കൽപ്പം ഇവിടെ വന്നുകഴിഞ്ഞു. അതുകൊണ്ട് ഇനിയൊരു ഉപചോദ്യം വേണ്ട.

പ്രൊഫ. കെ. യു. അരുണൻ: സർ, തൊട്ടടുത്തു കിടക്കുന്ന തമിഴ്നാട്ടിൽ അന്ത്യകായസ്ഥാനം എന്നാണ് പറയുന്നത്. എത്ര സയന്റിഫിക്കായാണ് അവർ പേര് കൊടുത്തിരിക്കുന്നതെന്ന് നോക്കണം. കായത്തിന് അതായത്, ശരീരത്തിന് അന്ത്യമായ സ്ഥാനം. മലയാളത്തിൽ എഴുതിവച്ചിരിക്കുകയാണ്. ആത്മാവ് പൊയ്ക്കോട്ടെ. അന്ത്യകായസ്ഥാനം എന്നുപറയുന്ന സ്ഥലമുണ്ട്. ആധുനിക മോർച്ചറി പോലെ നല്ല വിസ്താരത്തിലുള്ള ഒരു കണ്ണാടിക്കൂട്. അതിനുചുറ്റും കസേരയിട്ട് ചാരികിടക്കുക, ആൾക്കാർ വരുമ്പോൾ നമുക്കൊരു ഡേറ്റ് ഫിക്സ് ചെയ്യാം. ഒരു മാസത്തിനുശേഷം മൃതശരീരം സംസ്കരിച്ചാൽ മതി. അടിയന്തരമായി ഓടിവരുമ്പോൾ 'നീ പൊയ്ക്കോ, പൊയ്ക്കോടാ, ബാക്കിയുള്ള കാര്യങ്ങളൊക്കെ ഞാൻ അന്വേഷിക്കാം' എന്നുപറയുമ്പോഴാണ് അയാൾ മനം പൊട്ടി ഒന്ന് കരയുന്നത്. വെള്ളം കെട്ടി നിൽക്കുന്ന ഇടങ്ങളിൽ എവിടെയാണ് കുഴിച്ചിടുന്നത്? 'ദ ഡെത്ത് സർട്ടിഫിക്കറ്റ്' വലിയ പുസ്തകമാണ്. 'ആൾക്കൂട്ടം' എഴുതിയിട്ടുള്ള ആനന്ദിന്റെ അതിമനോഹരമായ ഒരു പുസ്തകമാണ് 'ദ ഡെത്ത് സർട്ടിഫിക്കറ്റ്' (മരണ സർട്ടിഫിക്കറ്റ്). ഇത്രയും കാര്യങ്ങൾ ഒന്ന് സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ. പി. ആർ. ചന്ദ്രന്റെ ഒരു പ്രസിദ്ധമായ നാടകത്തിൽ പറയുന്നുണ്ട്, 'എനിക്ക് അക്കൽദാമയിൽ വിരിഞ്ഞ ഒരുപിടി ശോശന്ന പൂക്കൾ അല്ലെങ്കിൽ ഗാഗുൽത്തയിലെ പരിശുദ്ധമായ ഒരു പിടിമണ്ണ്'. ഇതുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ വെറുതെ സൂചിപ്പിച്ചുവെന്ന് മാത്രമേയുള്ളൂ.

മി. സ്പീക്കർ: ഇനി ഉപചോദ്യം ഇല്ല.

## ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ്

3(*243) ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ;

(എ) ജനകീയാസൂത്രണത്തിന്റെ വിജയത്തിന് അനിവാര്യ ഘടകങ്ങളായ ആസൂത്രണത്തിലും കർമ്മശേഷി വികസനത്തിലും കിലയുടെ ഇടപെടൽ എത്രമാത്രം പ്രയോജനപ്രദമാകുന്നുണ്ടെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ നയരൂപീകരണത്തിലും പദ്ധതി നിർവ്വഹണത്തിലും ലിംഗനീതി ഉറപ്പാക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണ്; ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് രൂപീകൃതമായിട്ടുണ്ടോ; എങ്കിൽ ഇതിന്റെ പ്രവർത്തനം വിശദമാക്കാമോ;

(സി) ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ ഹബ് ഫോർ ലോക്കൽ ഗവൺമെന്റ്സ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ;

(ഡി) ദേശീയ, അന്തർദ്ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ചുകൊണ്ട് നോളജ് ഹബ്ബുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) ജനകീയാസൂത്രണത്തിന്റെ അനിവാര്യ ഘടകങ്ങളായ ആസൂത്രണം, നിർവ്വഹണം, മോണിറ്ററിംഗ് എന്നീ പ്രവർത്തനങ്ങൾക്കായി ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ, വർക്കിംഗ് ഗ്രൂപ്പ് അംഗങ്ങൾ, സാമൂഹ്യ പ്രവർത്തകർ എന്നിവരുടെ കർമ്മശേഷി വികസനത്തിനുള്ള വിവിധ പരിശീലന പരിപാടികൾ കില ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. പ്ലാനിംഗ് ബോർഡിന്റെ നേതൃത്വത്തിൽ സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പിന്റെ മീറ്റിംഗുകളിൽ ഓരോ ഘട്ടത്തിലും പരിശീലനങ്ങളുടെ അവലോകനം നടത്തി വരുന്നുണ്ട്.

(ബി) പതിമൂന്നാം പഞ്ചവൽസര പദ്ധതിയുടെ മാർഗ്ഗരേഖ പ്രകാരം ലിംഗനീതി ഉറപ്പാക്കുന്നതിനുവേണ്ടി എല്ലാ ജില്ലാ ആസൂത്രണ സമിതികളുടെയും നേതൃത്വത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ ജെൻഡർ റിസോഴ്സ് സെന്റർ, ജാഗ്രതാ സമിതി, ജെൻഡർ ഡസ്ക് എന്നിവ രൂപീകരിച്ച് പ്രവർത്തിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. 'കില'യുടെ ആഭിമുഖ്യത്തിൽ 'ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് രൂപീകരിക്കുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. മോഡ്യൂളുകൾ തയ്യാറാക്കി പൈലറ്റ് പരിശീലനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

(സി) 'കില'യുടെ നേതൃത്വത്തിൽ ഇന്നവേഷൻ ആൻഡ് ഇൻകുബേഷൻ ഹബ്ബ് ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടി തുടങ്ങിയിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട കൺസെപ്റ്റ് നോട്ട് തയ്യാറാക്കി ദേശീയ തലത്തിലുള്ള സെന്റർ ഫോർ ഇന്നവേഷൻ ആൻഡ് പബ്ലിക് പോളിസിയുമായി M.O.U ഒപ്പിട്ടുണ്ട്. ഔപചാരികമായ ഉദ്ഘാടനം ഉടൻ ഉണ്ടാകുന്നതാണ്.

(ഡി) അധികാര വികേന്ദ്രീകരണത്തിന്റെയും തദ്ദേശഭരണത്തിന്റെയും വിജ്ഞാന കേന്ദ്രമായി (knowledge hub) കിലയെ മാറ്റാനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ദേശീയ അന്തർദ്ദേശീയ തലത്തിൽ ശില്പശാലകൾ, പരിശീലനങ്ങൾ, വിജയപ്രദമായ ഇടപെടലുകളുടെ അനുഭവങ്ങൾ (മാതൃകാ പരിപാടികൾ) പഠിച്ച് മറ്റുള്ളവർക്ക് പകർന്നു നൽകുക തുടങ്ങിയവ ഇത്തരം പ്രവർത്തനങ്ങളുടെ ഭാഗമായി ആരംഭിച്ചിട്ടുണ്ട്. ഇതിനായി കില ഫാക്കൽറ്റി അംഗങ്ങൾക്ക് പ്രത്യേക പരിശീലനം നൽകിക്കഴിഞ്ഞു. ഹൊറിസോണ്ടൽ ലേണിംഗ് പ്രോഗ്രാം എന്ന നിലയിലുള്ള പരിശീലനവും ഇതിലുൾപ്പെടുന്നു. തുടർ പ്രവർത്തനങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന സേവനങ്ങളുടെ ഗുണമേന്മ വർദ്ധിപ്പിക്കാനും അഴിമതി തടയുന്നതിനും സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനും ഗ്രാമ പഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഗ്രാമ പഞ്ചായത്തുകൾക്കും ISO സർട്ടിഫിക്കേഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ കിലയുടെ ആഭിമുഖ്യത്തിൽ നടന്നുവരുന്നു.

ശ്രീ. ജോർജ് എം. തോമസ്: സർ, ജെൻഡർ സ്കൂൾ ഫോർ ലോക്കൽ ഗവേണൻസ് പദ്ധതി ഇവിടെ പറഞ്ഞ എല്ലാ കാര്യങ്ങളും വിഭാവനം ചെയ്തിട്ടുള്ള ഒന്നാണ്. യഥാർത്ഥത്തിൽ അത് 2017 ഡിസംബറിൽ ആരംഭിക്കുമെന്ന് പറഞ്ഞിട്ട് അതിന്റെ പൂർണ്ണതയിലെത്താൻ ഇതുവരെ കഴിഞ്ഞിട്ടില്ല. നിലവിൽ എത്ര സ്ഥലങ്ങളിൽ ഇതാരംഭിച്ചു; അവശേഷിക്കുന്ന സ്ഥലത്ത് എത്ര കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാൻ കഴിയും; എല്ലാ പഞ്ചായത്തുകളിലും ഇത് സ്ഥാപിക്കേണ്ടതുണ്ടോ; സ്ഥാപിച്ച സ്ഥലത്തെ പ്രവർത്തനത്തിന്റെ അനുഭവം എന്താണ് തുടങ്ങിയവ വിശദീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, കുടുംബശ്രീയുടെ ആഭിമുഖ്യത്തിൽ 146 ജെൻഡർ റിസോഴ്സസ് സെന്ററുകൾ ആരംഭിച്ചുകഴിഞ്ഞു. ഈ വർഷം 200 എണ്ണം

ആരംഭിക്കുന്നതിനാണ് ലക്ഷ്യമിടുന്നത്. വികസന കാര്യത്തിൽ ലിംഗനീതി ഉറപ്പാക്കുക എന്നുള്ളതാണ് ഇതുകൊണ്ട് പ്രധാനമായും ഉദ്ദേശിക്കുന്നത്. ഇപ്പോൾത്തന്നെ പദ്ധതി വിഹിതത്തിന്റെ 10 ശതമാനം സ്ത്രീകളുടെ വികസന പ്രവർത്തനങ്ങൾക്കായും അവരുടെ പുരോഗതിക്കായും വിനിയോഗിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഈ ഫണ്ടിന്റെ വിനിയോഗം വ്യവസ്ഥാപിതവും ശാസ്ത്രീയവുമാക്കുന്നതിന് തീർച്ചയായും ഇത്തരത്തിലുള്ള സെന്ററുകളുടെ പ്രവർത്തനം പ്രയോജനപ്പെടും.

ശ്രീ. ജോർജ് എം. തോമസ്: സർ, കിലയാണ് പ്രധാനമായും ഇതിന്റെ ഫാക്കൽറ്റി. എന്നാൽ കുറേക്കൂടി അഡ്വാൻസ്ഡായ ട്രെയിനിംഗ് കൊടുക്കാൻ കഴിയുന്ന ഏജൻസികൾ നമ്മുടെ നാട്ടിൽത്തന്നെയുണ്ട്. ഉദാഹരണത്തിന്, നമ്മുടെ രാജ്യത്തെ ഏറ്റവും മികച്ച മാനേജ്മെന്റ് സ്ഥാപനങ്ങളിൽ രണ്ടാം സ്ഥാനത്തുള്ളതാണ് കോഴിക്കോടുള്ള IIMK. ജലസംരക്ഷണത്തെയും അതിന്റെ കാര്യക്ഷമമായ വിനിയോഗത്തെയും കുറിച്ച് പഠിക്കുന്ന CWRDM, ബിസിനസ് ഇൻകുബേഷൻ സെന്ററായ NIT തുടങ്ങിയ സ്ഥാപനങ്ങളെല്ലാം കോഴിക്കോടിന്റെയും ചാത്തമംഗലത്തിന്റെയും പരിസര പ്രദേശത്തുണ്ട്. അത്തരം സ്ഥാപനങ്ങൾകൂടി വനിതാ പ്രവർത്തകരെ പരിശീലിപ്പിക്കാൻ ഉപയോഗപ്പെടുത്തുന്നതിനുള്ള പദ്ധതി ആലോചിക്കുമോ; അതുപോലെതന്നെ വനിതകളായ പഞ്ചായത്ത് പ്രസിഡന്റുമാർ, വൈസ് പ്രസിഡന്റുമാർ എന്നിവർക്ക് മികച്ച പ്രവർത്തനം നടക്കുന്ന സംസ്ഥാനങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾ വിസിറ്റ് ചെയ്ത് അനുഭവം മനസ്സിലാക്കാനും നേരിട്ടുള്ള കാര്യങ്ങൾ പഠിക്കാനും അത് നാട്ടിൽ നടപ്പിലാക്കാനും ആവശ്യമായ ഒരു പദ്ധതി, എം.എൽ.എ.-മാരുടെ അഖിലേന്ത്യാ ടൂർ പോലെ ഇവർക്ക് ടൂർ സംഘടിപ്പിക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് ചോദ്യം.

ഡോ. കെ. ടി. ജലീൽ: സർ, കിലയാണ് ഇപ്പോൾ ഇതിനുള്ള പരിശീലനം നൽകുന്നത്. തദ്ദേശ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളെയും സാമൂഹ്യ പ്രവർത്തകരെയും ഉദ്യോഗസ്ഥന്മാരെയും പുതിയ ആശയങ്ങൾ നടപ്പിലാക്കുന്നതിന് ബൗദ്ധികമായി സജ്ജമാക്കുന്ന ജോലിയാണ് കില നിർവ്വഹിച്ചുകൊണ്ടിരിക്കുന്നത്. കിലയിൽ നല്ല ഫാക്കൽറ്റികളുണ്ട്. പക്ഷെ അങ്ങ് സൂചിപ്പിച്ചതുപോലെ അന്താരാഷ്ട്ര തലത്തിൽ പ്രശസ്തമായ നല്ല അക്കാഡമിഷ്യൻസിനെയും നല്ല സ്ഥാപനങ്ങളെയും ഈ മേഖലയിൽ മികച്ച സംഭാവനകൾ അർപ്പിച്ചിട്ടുള്ള വ്യക്തികളെയും സ്ഥാപനങ്ങളെയും കിലയുടെ ഫാക്കൽറ്റികളാക്കി കൊണ്ടുവരുന്നതിന് അനുയോജ്യമായ എന്തൊക്കെ നടപടികളാണോ വേണ്ടത് അതൊക്കെ സർക്കാർ കൈക്കൊള്ളും.

ശ്രീ. എസ്. രാജേന്ദ്രനുവേണ്ടി ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, ജനകീയാസൂത്രണത്തിൽ അധികാര വികേന്ദ്രീകരണം വന്നപ്പോൾ അതിന്റെ വളരെ പ്രധാനപ്പെട്ട ഭാഗമാണ് ഗ്രാമസഭ. ഗ്രാമസഭകൾ തുടങ്ങിയ കാലത്ത് സർക്കാർ വളരെ നന്നായി ശ്രദ്ധിച്ചിരുന്നു. ഗ്രാമസഭകൾ യോഗം ചേരുന്ന കാര്യത്തിലൊക്കെ സർക്കാരിന്റെ ഭാഗത്തുനിന്നും മറ്റും നല്ല ഇടപെടലുണ്ടായിരുന്നു. നല്ല നിലയിൽ അവിടെ ചർച്ചകൾ നടക്കാറുണ്ട്. ആളുകൾ കാര്യമായി പങ്കെടുക്കാറുമുണ്ട്. ഇപ്പോൾ അത് വളരെ ശോഷിച്ച് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് അപേക്ഷ കൊടുക്കുന്ന ഒരു കേന്ദ്രമായി മാറിയിട്ടുണ്ട്. പഴയതുപോലെ ഗ്രാമത്തിലെ മുഴുവൻ ആളുകൾക്കും പങ്കെടുക്കാനും ശരിയായ നിലയിൽ അധികാരം വിനിയോഗിക്കാനും പറ്റുന്ന തരത്തിൽ അതിനെ മാറ്റിയെടുക്കാനുള്ള നടപടി സ്വീകരിക്കുമോ?

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ച കാര്യം വളരെ ശരിയാണ്. ജനകീയാസൂത്രണം ആരംഭിച്ച കാലത്ത് ഗ്രാമസഭകൾ വളരെ ആവേശത്തോടുകൂടിയായിരുന്നു പ്രവർത്തിച്ചിരുന്നത്. ജനകീയാസൂത്രണത്തിന്റെ ആരംഭകാലത്ത് നിരവധി വ്യക്തിഗത ആനുകൂല്യങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ മുഖേന നൽകിയിരുന്നു. അത് ലഭിക്കുന്നതിനുവേണ്ടി ഗ്രാമസഭകളിൽ പോകണം എന്നുള്ളതും ഒരു പ്രചോദനമായിരുന്നു. ഇടക്കാലത്തുവച്ച് വ്യക്തിഗത ആനുകൂല്യങ്ങൾക്ക് പ്രാമുഖ്യം കുറഞ്ഞു. ലൈഫ് മിഷൻ പദ്ധതികൾക്കുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഗ്രാമസഭകൾ അംഗീകരിച്ചാണ് ഫൈനലാക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ചേർന്ന ഗ്രാമസഭകൾ നല്ല ജനകീയ പങ്കാളിത്തമുള്ള വയാണെന്ന് മനസ്സിലാക്കാൻ സാധിക്കുന്നു. ഏതായാലും ഗ്രാമസഭകളെ കുറ്റമറ്റതാക്കുകയും വികസന പ്രവർത്തനങ്ങളിൽ കാര്യക്ഷമമായി ഇടപെടുന്നതിന് പര്യാപ്തമായ ഒരു സംവിധാനമാക്കി വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്. അതിനനുസൃതമായ ചില പുതിയ ആശയങ്ങൾ സർക്കാരിന്റെ മുന്നിലുണ്ട്. ഓരോ ഗ്രാമസഭകളും ചേരുമ്പോൾ ആ ഗ്രാമസഭയിൽ പങ്കെടുക്കാനാകാത്ത ആളുകൾക്ക് സ്കൈപ്പ് വഴി അവരുടെ അഭിപ്രായം പറയാനുള്ള സോഫ്റ്റ്‌വെയർ സംവിധാനം രൂപപ്പെടുത്തുന്നുണ്ട്. അതുപോലെ ഹാജരായ അംഗങ്ങൾക്ക് പഞ്ചിംഗ് സിസ്റ്റംപോലെ അവരുടെ വിരലടയാളം രേഖപ്പെടുത്തുന്ന ഒരു സംവിധാന ത്തെക്കുറിച്ച് സർക്കാർ ആലോചിക്കുന്നുണ്ട്. ഇങ്ങനെ പുതിയ ആശയങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി നമ്മുടെ ഗ്രാമസഭകളെ കാര്യക്ഷമമാക്കുന്നതിനാണ് ശ്രമിക്കുന്നത്.

ശ്രീമതി യു. പ്രതിഭ ഹരിക്കുവേണ്ടി ശ്രീ. കെ. ബാബു: സർ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ പ്രത്യക്ഷ ഉദാഹരണമാണ് ഫണ്ട് ചെലവഴിക്കുന്നതിലും ടാക്സ് പിരിക്കുന്നതിലും 100 ശതമാനത്തിലെത്തുന്ന പഞ്ചായത്തുകളുടെ എണ്ണം വർഷം കഴിയുന്തോറും വർദ്ധിക്കുന്നത്. ഗുണമേന്മ

വർദ്ധിപ്പിക്കുന്നതിനായി നിരവധി പരിശീലനങ്ങളാണ് തദ്ദേശ സ്വയംഭരണ വകുപ്പിനും വിവിധ ഏജൻസികൾ മുഖാന്തരവും ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്. സർക്കാരിന്റെ ജനക്ഷേമ/വികസന പ്രവർത്തനങ്ങളുടെ ഭൂരിപക്ഷം നടപ്പിലാക്കുന്നതും ത്രിതല പഞ്ചായത്തുകൾ അല്ലെങ്കിൽ ഏറ്റവും പ്രധാനപ്പെട്ട ഗ്രാമപഞ്ചായത്തുകൾ മുഖാന്തരമാണ്. ഈ സാഹചര്യത്തിൽ ജോലിഭാരം വർദ്ധിച്ചുവരുന്നത് ലഘൂകരിക്കാൻ ടെക്നിക്കൽ വിഭാഗത്തിലും ഭരണ വിഭാഗത്തിലും നിലവിലുള്ള ഒഴിവുകൾ നികത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; കൂടുതൽ തസ്തികകൾ ഈ മേഖലയിൽ സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഡോ. കെ. ടി. ജലീൽ: സർ, പി.എസ്.സി. മുഖേന നിരവധി നിയമനങ്ങൾ തദ്ദേശ സ്ഥാപനങ്ങളിൽ നടന്നുകഴിഞ്ഞു. ഇപ്പോൾ തദ്ദേശ സ്ഥാപനങ്ങളിൽ സെക്രട്ടറിമാർ വ്യാപകമായി ഇല്ലാത്ത ഒരു സ്ഥിതി ഇല്ല. മറ്റ് ഉദ്യോഗസ്ഥരും ഇല്ലാത്ത സാഹചര്യം നിലനിൽക്കുന്നില്ല. എന്നാൽ ഇപ്പോഴും തദ്ദേശ സ്ഥാപനങ്ങൾക്ക് സാങ്കേതികമായ കുറവുണ്ട്. 180-ഓളം തദ്ദേശ സ്ഥാപനങ്ങളിൽ എ.ഇ.-മാരുടെ പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യപ്പെട്ടിട്ടില്ല. 2 പഞ്ചായത്തുകൾ ഒരു ക്ലസ്റ്റർ എന്ന രൂപത്തിലാണ് ഇപ്പോൾ പ്രവർത്തിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് അക്കാര്യം സംസാരിച്ചിട്ടുണ്ട്. അടുത്ത ബഡ്ജറ്റിലെങ്കിലും അദ്ദേഹം 180 എ.ഇ.-മാരുടെ തസ്തികകൾ, മറ്റ് തസ്തികകൾ ഒന്നും ക്രിയേറ്റ് ചെയ്യേണ്ട കാര്യമില്ല. സാങ്കേതികമായി തദ്ദേശ സ്ഥാപനങ്ങളെ മികവുറ്റതാക്കുക എന്നതിന് ഉപോത്ബലകമായ നടപടികൾ സ്വീകരിക്കുക എന്നുള്ളതാണ് ഇനി കരണീയം. രണ്ട് ഓവർസിയർമാരും ഒരു എ.ഇ.-യും ഓരോ തദ്ദേശ സ്ഥാപനത്തിലും അത്യാവശ്യമാണ്. അതിന് 180-ഓളം എ.ഇ.-മാരുടെ പോസ്റ്റുകളും 190-ഓളം ഓവർസിയർമാരുടെ പോസ്റ്റുകളും പുതിയതായി ക്രിയേറ്റ് ചെയ്യേണ്ടതുണ്ട്. അതുണ്ടാകുന്നതോടെ തദ്ദേശ സ്ഥാപനങ്ങൾ കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുന്ന ഒരു സംവിധാനമായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനുവേണ്ടി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയോട് ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. അദ്ദേഹം വളരെ അനുകൂലമായ നിലപാട് തന്നെയാണ് സ്വീകരിച്ചിട്ടുള്ളത്.

മി. സ്പീക്കർ: ശ്രീ. വി. ജോയി...ക്ഷമിക്കണം. ചോദ്യോത്തരവേള അവസാനിച്ചിരിക്കുകയാണ്.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### പ്രത്യേക കാർഷിക മേഖലകൾ

4 (*244) ശ്രീ. സി. ദിവാകരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രത്യേക കാർഷിക മേഖലകൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രത്യേക കാർഷിക മേഖലകൾ എന്നതുകൊണ്ട് ഉദ്ദേശിക്കുന്നതെന്തെന്ന് വിശദമാക്കുമോ;

(സി) നെല്ലിന്റെ പ്രത്യേക കാർഷിക മേഖലകളായി ഏതൊക്കെ മേഖലകളെയാണ് പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ചെറുധാന്യങ്ങൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി അട്ടപ്പാടിയെ പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) ശീതകാല പച്ചക്കറികൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി കാന്തല്ലൂർ, വട്ടവട മേഖലകളെ പ്രഖ്യാപിച്ചിട്ടുണ്ടോ; അവിടെ നടത്തിയിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. കൂടാതെ അട്ടപ്പാടിയിൽ ആദിവാസി കൃഷിക്കായി പ്രത്യേക കാർഷിക മേഖലയും ആരംഭിച്ചിട്ടുണ്ട്. അഞ്ച് വിളകളെ കേന്ദ്രീകരിച്ച് പതിനാല് പ്രത്യേക കാർഷിക മേഖലകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ താഴെപ്പറയുംപ്രകാരമാണ്.

| | |
|---|---|
| നെല്ല് (7) | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് |
| പച്ചക്കറി (4) | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ |

| | |
|---|---|
| വാഴ (1) | തൃശ്ശൂർ |
| പൂക്കൾ (1) | വയനാട് |
| തെങ്ങ് (1) | കോഴിക്കോട് |

കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനും ഭക്ഷ്യപോഷക സുരക്ഷിതത്വത്തിനുമായി ട്രൈബൽ അഗ്രികൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പാക്കിവരുന്നു. ആദിവാസികൾ പരമ്പരാഗതമായി ഉപയോഗിച്ച് വന്നിരുന്ന തിന, റാഗി, ചോളം മുതലായ ചെറുധാന്യങ്ങളുടെ കൃഷി മടക്കിക്കൊണ്ടുവന്നിട്ടുണ്ട്. ഇത് വഴി പോഷക സമ്പുഷ്ടമായ ഭക്ഷണത്തിന്റെ ലഭ്യത ഉറപ്പാക്കുവാൻ കഴിയുന്നുണ്ട്.

(ബി) കേരളത്തിലെ അഞ്ച് പ്രധാന വിളകളെ കേന്ദ്രീകരിച്ചാണ് പ്രത്യേക കാർഷിക മേഖലകൾ വിഭാവനം ചെയ്തിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലയിൽ അതത് വിളയുടെ സമഗ്ര വികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉൽപ്പാദനം കൈവരിക്കുവാനും വിളവെടുപ്പിനുശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്.

(സി) നെൽക്കൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് എന്നിവയാണ്.

(ഡി) ഉണ്ട്. പട്ടികവർഗ്ഗ വികസന വകുപ്പും കൃഷി വകുപ്പും സംയുക്തമായി ചെറുധാന്യങ്ങൾക്ക് പ്രാധാന്യം നൽകിക്കൊണ്ട് മില്ലറ്റ് വില്ലേജ് എന്ന പദ്ധതി നടപ്പാക്കിവരുന്നു. 2017-2019-ൽ അട്ടപ്പാടി മില്ലറ്റ് വില്ലേജ് പദ്ധതി വഴി ചെറുധാന്യ കൃഷി നടത്തിയത് ആദിവാസി മേഖലയിൽ പുതിയ ഉണർവ് ഉണ്ടാക്കുവാൻ സാധിച്ചിട്ടുണ്ട്. ഒന്നാം വർഷത്തിൽ 45 ഊരുകളിലായി 300 ഹെക്ടറിൽ ചെറു ധാന്യവും 200 ഹെക്ടറിൽ പയർ വർഗ്ഗങ്ങളും 15 ഹെക്ടറിൽ പച്ചക്കറിയും കൃഷി ചെയ്തു. ഇതിൽനിന്നും 74.96 ടൺ ചെറുധാന്യങ്ങൾ ഉൾപ്പെടെ വിളവെടുക്കാൻ സാധിച്ചു. ഈ പദ്ധതി 2018-19, 2019-20 എന്നീ വർഷങ്ങളിൽ നടപ്പാക്കുന്ന ഒരു തുടർപദ്ധതിയാണ്.

(ഇ) കാന്തല്ലൂർ, വട്ടവട മേഖല ഉൾപ്പെടുന്ന ദേവികുളം പച്ചക്കറികൾക്കുള്ള പ്രത്യേക കാർഷിക മേഖലയായി വികസിപ്പിക്കുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. ഈ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിനും

ക്രിട്ടിക്കൽ ഗ്യാപ്പ് ഫില്ലിംഗിനുമായി 2018-19-ൽ 76.45 ലക്ഷം രൂപ പ്രത്യേക കാർഷിക മേഖല എന്ന പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ ചെക്ക് ഡാമുകളുടെ നിർമ്മാണത്തിനും ജലസേചനത്തിനുള്ള മറ്റ് അടിസ്ഥാന സൗകര്യ വികസനത്തിനുമായി ആനമുടി ഫോറസ്റ്റ് ഡെവലപ്മെന്റ് ഏജൻസി, മണ്ണ് സംരക്ഷണ വകുപ്പ് എന്നിവ മുഖേന 5.13 കോടി രൂപയുടെ പദ്ധതിക്ക് തുടക്കം കുറിച്ചു. ശീതകാല പച്ചക്കറികളുടെ വിപണനത്തിനായി വട്ടവടയിൽ ഹോർട്ടികോർപ്പ് സംഭരണകേന്ദ്രം ആരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബസ് ബോഡി നിർമ്മാണം

5(*245) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ :
ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. വർക്ക്ഷോപ്പുകളിൽ ബസ് ബോഡി നിർമ്മാണത്തിന് കേന്ദ്രാനുമതി ലഭിച്ചിട്ടുണ്ടോ;

(ബി) അനുമതി ലഭിക്കുന്നപക്ഷം കോർപ്പറേഷന്റെ ബസുകൾക്കുപുറമെ സ്വകാര്യ ബസുകളുടെ ബോഡി നിർമ്മിക്കുന്നതിനും ഉദ്ദേശ്യമുണ്ടോ;

(സി) ഇതിലൂടെ പ്രതീക്ഷിക്കുന്ന വരുമാനം എത്രയാണെന്ന് വെളിപ്പെടുത്തുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ) ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ AISO52 പ്രകാരമുള്ള ബസ് ബോഡി കോഡ് രണ്ടുഘട്ടങ്ങളിലാണ് നടപ്പാക്കിയത്. ഒന്നാംഘട്ടം 1-1-2017-ലും രണ്ടാം ഘട്ടം 1-1-2018-ലുമാണ് നടപ്പിൽവന്നത്. ഇതുപ്രകാരം കെ.എസ്.ആർ.ടി.സി.-ക്ക് ഒന്നാം ഘട്ട അംഗീകാരം 31-1-2017-ലും രണ്ടാംഘട്ട അംഗീകാരം 17-5-2018-ലും ലഭ്യമായിട്ടുണ്ട്.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) ബാധകമല്ല.

## കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ

6(*246) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. വി. അൻവർ :
ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് 200 കോടി രൂപ വകയിരുത്തിയ ഇരുപത് ഇന പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കാർഷിക മൃഗസംരക്ഷണ മേഖലകളിൽ കുടുംബശ്രീ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) പി.എം.എ.വൈ. പദ്ധതി പ്രകാരമുള്ള ഭവന നിർമ്മാണത്തിൽ കുടുംബശ്രീയുടെ പങ്കാളിത്തം എത്രയുണ്ടെന്ന് അറിയിക്കാമോ;

(ഡി) അയൽക്കൂട്ട വാരാചരണത്തിന്റെ ഭാഗമായി പ്രസ്ഥാനത്തെ ശാക്തീകരിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തിർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീയുടെ ഇരുപതാം വാർഷികത്തോടനുബന്ധിച്ച് സർക്കാർ പ്രഖ്യാപിച്ച 20 ഇന പരിപാടിയുടെ പുരോഗതി വിലയിരുത്തിയിട്ടുണ്ട്. ഇവയുടെ പ്രവർത്തന പുരോഗതി ചുവടെ ചേർക്കുന്നു:

1. 2018-2019 അയൽക്കൂട്ട വർഷം -മൈക്രോ ഫിനാൻസ് സമ്മിറ്റ്

മുഴുവൻ ദരിദ്ര കുടുംബങ്ങളെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2. ആയിരം ഇറച്ചിക്കോഴി യൂണിറ്റുകൾ

മൃഗസംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കുടുംബശ്രീ നടപ്പാക്കുന്ന പദ്ധതിപ്രകാരം 541 യൂണിറ്റുകളുടെ തെരഞ്ഞെടുപ്പ് ഇതിനകം പൂർത്തീകരിച്ചു.

3. അഞ്ചൂറ് ചകിരി മില്ലുകൾ

സംസ്ഥാനത്ത് 23 യൂണിറ്റുകൾ ഉടൻ ആരംഭിക്കത്തക്കവിധം സ്ഥലങ്ങൾ കണ്ടെത്തി ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിക്കുകയും ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. സൂക്ഷ്മ സംരംഭ പാർക്കുകൾ

പ്രാരംഭപ്രവർത്തനങ്ങൾ നടന്നുവരുന്ന തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

5. സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി

കഴിഞ്ഞ സാമ്പത്തികവർഷം 14 ബ്ലോക്കുകളിൽ പ്രവർത്തനമാരംഭിച്ച എസ്.വി.ഇ.പി. പദ്ധതി ഈ സാമ്പത്തികവർഷം അടുത്ത 14 ബ്ലോക്കുകളിലേയ്ക്ക് കൂടി വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

6. നാനോ മാർക്കറ്റുകൾ

കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുറഞ്ഞ മൂലധന മുടക്കിൽ ആരംഭിക്കുന്ന നാനോ മാർക്കറ്റുകൾ 99 എണ്ണം നാളിതുവരെ പ്രവർത്തനം ആരംഭിച്ചു. 504 നാനോ മാർക്കറ്റുകൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം.

7. വിപണനത്തിന് ഓൺലൈൻ പോർട്ടൽ

കുടുംബശ്രീ ബസാർ.കോം എന്ന പേരിൽ ഓൺലൈൻ പോർട്ടൽ പ്രവർത്തനം ആരംഭിച്ചു. 114 സംരംഭകരുടെ 486 ഉല്പന്നങ്ങൾ ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

8. സൂക്ഷ്മ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്

പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

9. കെ.എസ്.എഫ്.ഇ.യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി

കെ.എസ്.എഫ്.ഇ. അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തി. പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

10. ജില്ലാ വനിതാ ലീഗൽ ക്ലിനിക്ക്

വിഷയം സംബന്ധിച്ച് വിവിധ വകുപ്പുകളുമായി കൂടിയാലോചിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

11. ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ

കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. മറ്റ് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

12. അഗ്രോ സർവ്വീസ് ടീമുകൾ

624 അഗ്രോ സർവ്വീസ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

13. കിണർ റീചാർജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേക്കും

പാലക്കാട് ജില്ലയിൽ 22 പേരും കണ്ണൂർ ജില്ലയിൽ 12 പേരും നിലവിൽ പ്രവർത്തന രംഗത്തുണ്ട്. മറ്റ് ജില്ലകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹരിത കർമ്മ സേനാംഗങ്ങളെ കിണർ റീ ചാർജിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

14. ആലപ്പുഴ മാതൃകയിൽ പട്ടികവർഗ്ഗ സൂക്ഷ്മപദ്ധതി മറ്റു ജില്ലകളിലേയ്ക്ക്

- ആലപ്പുഴ മാതൃകയിൽ പട്ടികവർഗ്ഗ സൂക്ഷ്മപദ്ധതി മറ്റ് ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി പട്ടികവർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ പി.കെ. കാളൻ പദ്ധതി നടപ്പാക്കുമെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കുടുംബശ്രീയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. പദ്ധതി നിർവ്വഹണത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു.

15. പുതിയ 200 ബഡ്സ് സ്കൂൾ

25 കോടി രൂപ ഇതിനായി സർക്കാർ വകയിരുത്തിയിട്ടുണ്ട്. 200 സ്കൂളുകളും ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി. ഈ സാമ്പത്തികവർഷം തന്നെ ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

16. ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ

ട്രെയിനിംഗ് ഏജൻസികളുടെ എംപാനൽമെന്റ് പൂർത്തീകരിക്കുകയും ആദ്യ ബാച്ചിൽ 52 ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ വിജയകരമായി പരിശീലനം പൂർത്തീകരിക്കുകയും ചെയ്തു. 2018 ഡിസംബർ മാസത്തോടുകൂടി പ്രഖ്യാപിത ലക്ഷ്യം കൈവരിക്കും.

17. അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി -പ്രത്യാശ

ഈ പദ്ധതിപ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത സംരംഭകർക്ക് 50,000 രൂപയും ഗ്രൂപ്പ് സംരംഭകർക്ക് ഒരാൾക്ക് 50,000 രൂപ നിരക്കിൽ പരമാവധി 2,50,000 രൂപയും ധനസഹായം ലഭ്യമാക്കും.

18. റിക്കവറി നേരിടുന്ന സംരംഭങ്ങൾക്കുള്ള കടാശ്വാസം

റിക്കവറിയോ മറ്റ് പ്രതിസന്ധികളോ നേരിടുന്ന സംരംഭങ്ങൾക്കായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യൂണിറ്റുകളെ സഹായിക്കുന്നതിനായി 84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

19. കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മപുസ്തകങ്ങൾ

കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ കുടുംബശ്രീ അനുഭവങ്ങളുടെ 20 ഓർമ്മ പുസ്തകങ്ങൾ തയ്യാറാക്കി അച്ചടിക്കുള്ള നടപടികൾ പുരോഗമിക്കുന്നു.

20. 14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ

പതിനാല് ജില്ലകളിലും ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി. തദ്ദേശഭരണ സ്ഥാപന അധികാരികളുമായി ചർച്ചകൾ നടന്നുവരുന്നു.

(ബി) കുടുംബശ്രീ എം.കെ.എസ്.പി പദ്ധതിയുടെ ഭാഗമായി 65601 സംഘകൃഷി ഗ്രൂപ്പുകളിലായി 288005 അംഗങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കാർഷിക മേഖലയിലെ പ്രവർത്തനങ്ങൾ വ്യാപിപ്പിക്കുന്നതിനായി 600 മാസ്റ്റർ ഫാർമർ അഥവാ ജീവ ഏജന്റുമാരെ പരിശീലിപ്പിക്കുകയും അവർ ഫീൽഡിൽ റിസോഴ്സ് പേഴ്സൺമാരായി പ്രവർത്തിക്കുകയും ചെയ്യുന്നു. ഓർഗാനിക് ഫാമിംഗ്, നഴ്സറികൾ, പാഷൻഫ്രൂട്ട് കൃഷി, പ്രൊഡ്യൂസർ കമ്പനികൾ, മൂല്യ വർദ്ധിത യൂണിറ്റുകൾ, നാട്ടുചന്ത എന്നിവയാണ് കാർഷിക മേഖലയിൽ കുടുംബശ്രീ നടപ്പിലാക്കിവരുന്ന പദ്ധതികൾ. മൃഗസംരക്ഷണ മേഖലയിൽ കേരള ചിക്കൻ പദ്ധതി, ക്ഷീരസാഗരം, ആട്ടുഗ്രാമം, എബിസി (അനിമൽ ബർത്ത് കൺട്രോൾ) പദ്ധതി, അടുക്കളത്തോട്ട-മുട്ടക്കോഴി പദ്ധതി, ബ്രോയിലർ ചിക്കൻ മേഖലയിൽ ഇൻഷ്വറൻസ് എന്നിവ നടപ്പാക്കിവരുന്നു.

(സി) പ്രധാനമന്ത്രി ആവാസ് യോജന (അർബൻ) പദ്ധതിയുടെ സംസ്ഥാനതല നോഡൽ ഏജൻസിയായ കുടുംബശ്രീ വഴിയാണ് നഗരസഭകളിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് സർവ്വേ നടത്തുന്നതും സർവ്വേ വിവരങ്ങൾ എം.ഐ.എസ്.-ൽ എൻട്രി ചെയ്യുന്നതും നിർവ്വഹണഘട്ടത്തിൽ ഗുണഭോക്താക്കളുടെ സാമൂഹ്യ സംഘാടനത്തിനും ആവശ്യമായ പിന്തുണ സംവിധാനം ഉറപ്പാക്കുന്നതിനും കുടുംബശ്രീ സംവിധാനം ഉപയോഗിക്കുന്നുണ്ട്. നിലവിൽ ഏറ്റുമാനൂരിൽ കുടുംബശ്രീ കെട്ടിടനിർമ്മാണ യൂണിറ്റുകളുടെ മേൽനോട്ടത്തിൽ ഭവന നിർമ്മാണം പുരോഗമിക്കുന്നുണ്ട്.

(ഡി) അയൽക്കൂട്ട വർഷാചരണത്തിന്റെ ഭാഗമായി താഴെപ്പറയുന്ന പ്രവർത്തനങ്ങളാണ് പ്രധാനമായും ഏറ്റെടുക്കുന്നത്.

- മുഴുവൻ ദരിദ്ര കുടുംബങ്ങളെയും അയൽക്കൂട്ടത്തിൽ ഉൾപ്പെടുത്തുന്നതിനായുള്ള പ്രവർത്തനങ്ങൾ
- നിർജ്ജീവമായ അയൽക്കൂട്ടങ്ങളെ പുനരുജ്ജീവിപ്പിക്കുക
- ത്രിതല സംഘടനാ ഭാരവാഹികൾക്ക് പരിശീലനം നൽകുക
- അയൽക്കൂട്ടതല സൂക്ഷ്മ വികസന പ്ലാൻ തയ്യാറാക്കുക
- അതിദരിദ്ര പ്രദേശങ്ങൾ കണ്ടെത്തി കുടുംബശ്രീ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക
- മുഴുവൻ കുടുംബശ്രീ അംഗങ്ങൾക്കുമായി കുടുംബശ്രീ സ്കൂൾ രണ്ടാം ഘട്ടം നടപ്പിലാക്കുക
- കുടുംബശ്രീയുടെ എം.ഐ.എസ്. ശക്തിപ്പെടുത്തി ഡാറ്റയുടെ കൃത്യത ഉറപ്പുവരുത്തുക
- അയൽക്കൂട്ടം, എ.ഡി.എസ്., സി.ഡി.എസ്.-കളുടെ ഗ്രേഡേഷൻ
- മെന്റർ അയൽക്കൂട്ടങ്ങൾ എ.ഡി.എസ്.-കൾ, സി.ഡി.എസ്സുകൾ എന്നിവയുടെ തെരഞ്ഞെടുപ്പ്.

**നഗരസഭകൾക്ക് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം**

7(*247) ശ്രീ. മുഹമ്മദ് മുഹസിൻ പി. :
ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി ഗീതാ ഗോപി :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരസഭകളുടെ പ്രധാന വരുമാന മാർഗ്ഗങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ ;

(ബി) നഗരസഭകളിൽ അനുമതിയില്ലാതെയും പരസ്യനികുതി അടയ്ക്കാതെയും പരസ്യബോർഡുകൾ വയ്ക്കുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) നഗരസഭകൾ മുമ്പ് ഈടാക്കിയിരുന്ന പരസ്യനികുതി ഇപ്പോൾ ഈടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ഡി) മുൻപ് നഗരസഭകൾ പരസ്യനികുതി ഈടാക്കിയിരുന്ന വ്യവസ്ഥ കേരള ജി.എസ്.ടി. ആക്ട് 2017 പ്രകാരം ഒഴിവാക്കിയിട്ടുണ്ടോ; അറിയിക്കുമോ ;

(ഇ) ഭൂരിഭാഗം നഗരസഭകളുടെയും സാമ്പത്തിക പരാധീനതകൾ കണക്കിലെടുത്ത് പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം നഗരസഭകൾക്ക് തിരികെ ലഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷ ക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) നഗരസഭകളുടെ പ്രധാന വരുമാനമാർഗ്ഗങ്ങൾ നികുതി വരുമാനങ്ങളായ വസ്തു നികുതി, തൊഴിൽ നികുതി എന്നിവയും നികുതിയേതര വരുമാനങ്ങളായ ലൈസൻസ് ഫീസ്, പെർമിറ്റ് ഫീസ്, കെട്ടിടങ്ങളുടെയും സ്ഥലത്തിന്റെയും വാടക എന്നിവയുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നഗരസഭയുടെ അനുമതിയില്ലാതെ സ്ഥാപിച്ചിട്ടുള്ള പരസ്യബോർഡുകൾ/ബാനറുകൾ, ഹോർഡിംഗുകൾ തുടങ്ങിയവ കേരള മുനിസിപ്പാലിറ്റി നിയമം 275-ാം വകുപ്പുപ്രകാരം നഗരസഭാ സെക്രട്ടറിക്ക് നീക്കം ചെയ്യാവുന്നതാണ്. കൂടാതെ വ്യക്തികൾ/സ്ഥാപനങ്ങൾ/സംഘടനകൾ ചട്ടവിരുദ്ധമായി പരസ്യ ബോർഡുകൾ, ബാനറുകൾ തുടങ്ങിയവ സ്ഥാപിച്ചിട്ടുണ്ടെങ്കിൽ ആയത് പരിശോധിച്ച് നീക്കം ചെയ്യാൻ ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് തദ്ദേശഭരണ സ്ഥാപന സെക്രട്ടറിമാർക്ക് 7-3-2018-ലെ 41/ആർ.സി.2/2018/തസ്വഭവ. നമ്പർ സർക്കുലർ പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ജി.എസ്.ടി. നിയമം 2017 നിലവിൽവന്നതിനെത്തുടർന്ന് നഗരസഭകൾക്ക് പരസ്യനികുതി ഈടാക്കുവാൻ സാധിക്കുന്നില്ല.

(ഡി) കേരള ചരക്കുസേവന നികുതി നിയമം (Kerala Goods and Services Tax Act) 2017, 173-ാം വകുപ്പിലെ (VII) വ്യവസ്ഥപ്രകാരം കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 271-ാം വകുപ്പ് ഒഴിവാക്കിയിട്ടുള്ളതാണ്. കേരള മുനിസിപ്പാലിറ്റി നിയമത്തിലെ 271-ാം വകുപ്പ് പരസ്യനികുതി ഈടാക്കുന്നതുമായി ബന്ധപ്പെട്ടുള്ളതാണ്. എന്നാൽ നിലവിൽവന്നിട്ടുള്ള ടി ഭേദഗതി കേരള മുനിസിപ്പാലിറ്റി നിയമത്തിൽ ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടില്ല.

(ഇ) പരസ്യനികുതി പിരിക്കുന്നതിനുള്ള അവകാശം നഗരസഭകൾക്ക് തിരികെ നൽകുന്നത് സംബന്ധിച്ച വിഷയം പരിശോധിക്കുന്നതാണ്.

## പഞ്ചായത്തുകളുടെ അധ്യാനീനപ്പെട്ട ഭൂമി

8(*248) ശ്രീ. അൻവർ സാദത്ത് :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്തുകളുടെ കീഴിൽ കൈമാറ്റം വഴിയോ അല്ലാതെയോ അന്യാധീനപ്പെട്ടുകിടക്കുന്ന പുറമ്പോക്ക് ഭൂമി തിരിച്ചുപിടിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) പഞ്ചായത്തിന് കീഴിലുള്ള ആസ്തികൾ സംരക്ഷിക്കാത്ത ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്;

(സി) പഞ്ചായത്തിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ഭൂമി പഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ ആരെങ്കിലും കൈവശം വയ്ക്കുന്നത് കയ്യേറ്റമായി കണക്കാക്കി പിഴ ഈടാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) വകുപ്പിന് കീഴിലുള്ള വസ്തു, ആസ്തി ഇവ സംബന്ധിച്ച രജിസ്റ്ററുകൾ പൂർണ്ണമായും കാലികമായും സൂക്ഷിക്കുന്നതിന് എന്തെങ്കിലും സംവിധാനം നിലവിലുണ്ടോ; ഇതാരുടെ ഉത്തരവാദിത്തമാണ്; ഇതിൽ വീഴ്ചവരുത്തുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

തദ്ദേശ സ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തിർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ഉണ്ട്.

(ബി) പഞ്ചായത്തിന് കീഴിലുള്ള ആസ്തികൾ സംരക്ഷിക്കാത്ത ഗ്രാമപഞ്ചായത്ത് ഉദ്യോഗസ്ഥർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുന്നതാണ്.

(സി) പഞ്ചായത്തിന്റെ വകയായോ നിക്ഷിപ്തമായതോ അതിന്റെ നിയന്ത്രണത്തിലുള്ളതോ ആയ ഏതെങ്കിലും ഭൂമി ഗ്രാമപഞ്ചായത്തിന്റെ മുൻകൂട്ടിയുള്ള അനുമതി കൂടാതെ കൈവശം വയ്ക്കുകയാണെങ്കിൽ ആയത് കയ്യേറ്റമായി കണക്കാക്കേണ്ടതാണ്. 1996-ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം

നീക്കം ചെയ്യലും അനധികൃതമായി കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങളിലെ 3(3) പ്രകാരം അനധികൃത കയ്യേറ്റംമൂലം പഞ്ചായത്തുകൾക്കുണ്ടായ നഷ്ടം ബന്ധപ്പെട്ടവരിൽനിന്നും ഈടാക്കുവാൻ വേണ്ട നടപടി സ്വീകരിക്കുന്നതിന് സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ അതത് കാലങ്ങളിൽ പിഴ കൊടുക്കുവാൻ കയ്യേറ്റക്കാരൻ ബാദ്ധ്യസ്ഥനാണ്.

(ഡി) ഓരോ ഗ്രാമപഞ്ചായത്തിന്റെയും കീഴിലുള്ള വസ്തു, ആസ്തി ഇവ സംബന്ധിച്ച ആസ്തി രജിസ്റ്ററുകൾ സൂക്ഷിക്കേണ്ടത് ഗ്രാമപഞ്ചായത്തുകളുടെ ഉത്തരവാദിത്തമാണ്. ആയത് പൂർണ്ണമാക്കിയും കാലികമാക്കിയും സൂക്ഷിച്ച് വരുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതാണ്. അപ്രകാരം ആസ്തി സംരക്ഷിക്കാത്ത ഉദ്യോഗസ്ഥർക്കും ഗ്രാമപഞ്ചായത്തുകൾക്കുമെതിരെ കർശന നടപടി സ്വീകരിക്കുന്നതാണെന്ന് നിർദ്ദേശിച്ച് സർക്കുലർ പുറപ്പെടുവിച്ചിട്ടുള്ളതുമാണ്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

9(*249) ശ്രീ. പി. ഉണ്ണി :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത എന്ന ലക്ഷ്യത്തോടെ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(ബി) ഈ മേഖലയിൽ സൃഷ്ടിക്കാൻ കഴിഞ്ഞ പുരോഗതി സുസ്ഥിരമാക്കുന്നതിനായി കർഷകർക്ക് ന്യായവില ലഭ്യമാക്കാൻ ശീതീകരണ സൗകര്യമുള്ള സംഭരണ കേന്ദ്രങ്ങളും വിപുലമായ വിപണന സൗകര്യങ്ങളും ഏർപ്പെടുത്താൻ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(സി) കൃഷിക്കുള്ള ചെലവ് കണക്കിലെടുത്ത് പച്ചക്കറികൾക്ക് താങ്ങുവില നിശ്ചയിക്കാൻ നടപടിയെടുത്തിട്ടുണ്ടോ;

(ഡി) കർഷകർക്ക് സാങ്കേതിക പിന്തുണ നൽകുന്നതിനും ഗുണനിലവാരമുള്ള തൈകളും വിത്തുകളും വളവും ലഭ്യമാക്കുക, കീട നിയന്ത്രണം, ചെറുയന്ത്രങ്ങളുടെ വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി കൃഷി വകുപ്പ് നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽകുമാർ):

(എ) പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൃഷി വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷത്തിൽ 46578 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുകയും ചെയ്തിട്ടുണ്ട്. 2016-17-ൽ സംസ്ഥാനത്ത് 52830 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 7.25 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. 2017-18 -ൽ സംസ്ഥാനത്ത് 67858 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുകയും ഇതിൽനിന്നും 10.12 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും സാധിച്ചു. കഴിഞ്ഞ രണ്ടുവർഷങ്ങളിലായി 21280 ഹെക്ടറിൽ കൃഷി വർദ്ധിപ്പിക്കുകയും 3.82 ലക്ഷം ടൺ പച്ചക്കറി അധികമായി ഉല്പാദിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്.

കഴിഞ്ഞ വർഷം ആരംഭിച്ച 'ഓണത്തിന് ഒരുമുറം പച്ചക്കറി' ഈ വർഷവും വിജയകരമായി നടപ്പിലാക്കിവരുന്നുണ്ട്. ഈ വർഷം ഇതിനകം ഒരു കോടി പച്ചക്കറി വിത്ത് പാക്കറ്റുകളും രണ്ട് കോടി തൈകളും വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഹരിത കേരള മിഷന്റെ ഭാഗമായി 42 ലക്ഷം വിത്ത് പാക്കറ്റുകൾ പരിസ്ഥിതിദിനത്തിൽ വിതരണം ചെയ്തിട്ടുണ്ട്. ഇതോടൊപ്പം പത്രമാധ്യമങ്ങൾ വഴിയും പച്ചക്കറി വിത്തുകൾ വിതരണം ചെയ്യുന്നുണ്ട്.

2018-19 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവൽക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്ക്തല നഴ്സറികളുടെ വികസനം, മഴമറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും തരിശുനില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ.-കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സമഗ്ര പച്ചക്കറി വികസന പദ്ധതിപ്രകാരം നടപ്പാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

- വീട്ടുവളപ്പിലെ കൃഷി - 2016-17-ൽ 20 ലക്ഷവും 2017-18-ൽ 40 ലക്ഷവും പച്ചക്കറി വിത്തുകൾ വിതരണം ചെയ്തു.
- മട്ടുപ്പാവ് കൃഷി - 2016-17-ൽ 40000-വും 2017-18-ൽ 37000-വും ഗ്രോബാഗ് യൂണിറ്റുകൾ വിതരണം ചെയ്തു.
- ക്ലസ്റ്ററുകൾ - 2016-17-ൽ 800-ഉം 2017-18-ൽ 998-ഉം ക്ലസ്റ്ററുകൾ രൂപീകരിച്ചു.
- നഴ്സറികൾ - 2016-17-ൽ 11 നഴ്സറികളും 2017-18-ൽ 10 നഴ്സറികളും സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകി.
- ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റ് സ്ഥാപനം - 2017-18-ൽ 44 യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള ആനുകൂല്യം നൽകി.
- സൂക്ഷ്മ ജലസേചനം - 2016-17-ൽ 921-ഉം 2017-18-ൽ 1215-ഉം യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ആനുകൂല്യം നൽകി.
- വൈദ്യുതി ആവശ്യമില്ലാത്ത ശീതീകരണ അറകൾ - 2017-18-ൽ ആരംഭിച്ച ഈ ഘടകത്തിൽ 1303 യൂണിറ്റുകൾക്ക് ആനുകൂല്യം നൽകി
- സേഫ് ടു ഈറ്റ് ബ്രാന്റിംഗ് - ഈ പദ്ധതിപ്രകാരം 2016-17 വർഷത്തിൽ 1424-ഉം 2017-18-ൽ 1308-ഉം പഴം-പച്ചക്കറി സാമ്പിളുകൾ അവശിഷ്ട വിഷവീര്യ പരിശോധയ്ക്ക് വിധേയമാക്കി.
- ഓണത്തിന് ഒരു മുറം പച്ചക്കറി - ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നും തന്നെ ലഭ്യമാക്കാൻ ഉദ്ദേശിച്ചാണ് ഈ പദ്ധതി നടപ്പാക്കുന്നത്. പദ്ധതിപ്രകാരം വിത്തുകൾ, പച്ചക്കറി തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ ലഭ്യമാക്കി. വിവിധ ഇനം പച്ചക്കറി വിത്തുകളടങ്ങിയ 99 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കുമായി വിതരണം ചെയ്യും. കൂടാതെ 90.9 ലക്ഷം പച്ചക്കറി തൈകൾ കർഷകർക്ക് സൗജന്യമായി നൽകുന്നതാണ്. 2017-18 ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി വിജയകരമായി നടപ്പാക്കിയതിലൂടെ 18639.672 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യാനായി സാധിച്ചു. ഇതിലൂടെ 96899.52 ടൺ പച്ചക്കറി ഉത്പാദിപ്പിക്കുവാൻ കഴിഞ്ഞു.
- പച്ചക്കറികളിലെ പരമ്പരാഗത ഇനങ്ങളായ നിത്യവഴുതന, അടപതിയൻ, ആനക്കൊമ്പൻ വെണ്ട, പൊട്ടുവെള്ളരി എന്നിവയുടെ ഉല്പാദനവും വിത്തുകളുടെ പ്രചരണവും നടപ്പിലാക്കി.

- പ്രാദേശിക വിളകൾക്ക് ഭൗമസൂചിക പദ്ധതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.
- കുറഞ്ഞ സ്ഥലത്ത് പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 85 മിനി പോളിഹൗസുകൾ സ്ഥാപിച്ചു.
- പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുന്നതിനായി 1303 ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ സ്ഥാപിച്ചു.
- ബയോ കൺട്രോൾ ഏജന്റുകളുടെ നിർമ്മാണത്തിനായി 110 യൂണിറ്റുകൾ സ്ഥാപിച്ചു.
- 44 ചെറുകിട മൂല്യ വർദ്ധിത ഉല്പാദന യൂണിറ്റുകൾ സ്ഥാപിച്ചു.
- കുറഞ്ഞ ചെലവിൽ കണിക ജലസേചനം നടത്തുന്നതിനായി 333 ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിച്ചു.
- ബഹുവർഷ പച്ചക്കറി (മുരിങ്ങ, അഗത്തി, പപ്പായ) ഇനങ്ങളുടെ 40000 തൈകൾ വിതരണം ചെയ്തു. 24 ഹെക്ടർ സ്ഥലത്ത് ബഹുവർഷ പച്ചക്കറികൾ കൃഷി ചെയ്തു.

(ബി) പച്ചക്കറി മേഖലയിൽ കൈവരിക്കാൻ സാധിച്ച പുരോഗതി സുസ്ഥിരമാക്കുന്നതിനും കർഷകർക്ക് ന്യായവില ഉറപ്പുവരുത്തുന്നതിനുമായി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യ ഘടകമായി ഉൾപ്പെടുത്തി സംഭരിച്ച പച്ചക്കറികൾ കേടുകൂടാതെ സൂക്ഷിക്കുവാനായി 2017-18-ൽ ആരംഭിച്ച ഒരു ചെലവുകുറഞ്ഞ മാർഗ്ഗമാണ് ഊർജ്ജരഹിത ശീതീകരണ യൂണിറ്റുകൾ, ഊർജ്ജരഹിത ശീതീകരണ യൂണിറ്റ് നിർമ്മിക്കുന്നതിനായി 15,000 രൂപ (ഒരു യൂണിറ്റ്) ധനസഹായം നൽകിവരുന്നു. കർഷകർ തങ്ങളുടെ പച്ചക്കറികൾ വിളവെടുത്തശേഷം യഥാസമയം വിപണിയിൽ എത്തിക്കുവാനുള്ള സാഹചര്യം ഇല്ലാതെ ന്യായവില ലഭിക്കാതെ വരുമ്പോൾ പച്ചക്കറി സംഭരിക്കുന്നതിനുവേണ്ടിയുള്ള നൂതന സംരംഭമാണ് ഊർജ്ജരഹിത ശീതീകരണ യൂണിറ്റ്. വളരെ ചെലവ് കുറഞ്ഞ രീതിയിലാണ് ഊർജ്ജ രഹിത ശീതീകരണ യൂണിറ്റിന്റെ നിർമ്മാണരീതി. 2017-18-ൽ 1303 ശീതീകരണ യൂണിറ്റുകൾ സ്ഥാപിച്ചിരുന്നു. 1300 ഊർജ്ജ രഹിത ശീതീകരണ യൂണിറ്റുകൾ ഈ സാമ്പത്തിക വർഷത്തിൽ സ്ഥാപിക്കും. പുറത്തെ താപനിലയേക്കാൾ 10 മുതൽ 15 ഡിഗ്രി സെൽഷ്യസ് വരെ കുറവ് താപനില നിലനിർത്തുന്ന രീതിയിൽ നിർമ്മിച്ച ശീതീകരണ യൂണിറ്റിൽ ഒരാഴ്ച വരെ പച്ചക്കറികൾ കേടുകൂടാതെ സംരക്ഷിക്കാവുന്നതാണ്.

സമഗ്ര പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ പ്രവർത്തിക്കുന്ന ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ മാർക്കറ്റുകളിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നു. ഇതുകൂടാതെ ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകൾ സ്ഥാപിക്കുന്നതുവഴി കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില നൽകുന്നതോടൊപ്പം യുവതലമുറയെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നതിനും അധികമുള്ള ഉല്പാദനംമൂലമുള്ള വിലത്തകർച്ച പിടിച്ചുനിർത്താനും പച്ചക്കറി വിപണനത്തിൽ ഇടനിലക്കാരെ ഒഴിവാക്കുന്നതിനും കർഷകരുടെ വരുമാനം ഉയർത്തുന്നതിനും ടി പദ്ധതി മുഖാന്തരം സാധിച്ചു.

പച്ചക്കറി വികസന പദ്ധതി അനുസരിച്ച് പച്ചക്കറിയുടെ സംഭരണം, വിപണനം എന്നിവ മെച്ചപ്പെടുത്തുന്നതിന് 31 ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് മാർക്കറ്റുൾപ്പെടെ 208 ക്ലസ്റ്റർ മാർക്കറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഈ മാർക്കറ്റുകൾ വഴി കർഷകരുടെ പച്ചക്കറികൾ വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഓണം, വിഷു എന്നീ ഉത്സവ സീസണുകളിൽ പൊതുവിപണിയിലെ വിലയേക്കാൾ 10 ശതമാനം കൂട്ടി ഓണ സമൃദ്ധി, വിഷുക്കണി മാർക്കറ്റുകളിലേയ്ക്ക് കർഷകരിൽനിന്നും നേരിട്ടും ഹോർട്ടികോർപ്പ് മുഖേനയും സംഭരിക്കുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ ഇടനിലക്കാരെ ഒഴിവാക്കി ന്യായവില ലഭിക്കുന്നവിധം വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, 6 കാർഷിക മൊത്തവ്യാപാര വിപണികൾ, തെരഞ്ഞെടുത്ത ഗ്രാമപഞ്ചായത്ത് ആഴ്ച ചന്തകൾ എന്നിവ മുഖേന ഏറ്റെടുക്കുന്നതിനുള്ള സംവിധാനം ഉണ്ട്.

കൃഷി വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ് എന്നിവ മുഖേനയുള്ള സംഭരണ വിവരങ്ങൾ താഴെ നൽകുന്നു.

വി.എഫ്.പി.സി.കെ.

സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറി വിറ്റഴിക്കുന്നതിന് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ 7 മുതൽ 15 വരെയുള്ള സ്വാശ്രയ സംഘങ്ങൾ ചേർന്ന് സ്വാശ്രയ കർഷക സമിതി രൂപീകരിക്കുന്നു. കർഷകരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനായി സംസ്ഥാനത്തുടനീളം ഇത്തരത്തിലുള്ള 283 സ്വാശ്രയ കർഷക സമിതികൾ വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രമോഷൻ കൗൺസിലിന് കീഴിൽ പ്രവർത്തിച്ചു വരുന്നു. ഇടനിലക്കാരുടെ ചൂഷണത്തിൽനിന്നും കർഷകരെ രക്ഷപ്പെടുത്തുന്നതിനും ഉല്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില ലഭ്യമാക്കുന്നതിനും ഇവ സഹായിക്കുന്നു. കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ സമിതികളിലെത്തിച്ച് കച്ചവടക്കാരുടെ

സാന്നിധ്യത്തിൽ ലേലം വഴി വിപണനം ചെയ്യുന്നു. ഇതുവഴി ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും വിപണന ചെലവുകൾ കുറയ്ക്കുവാനും കർഷകർക്ക് സുസ്ഥിര വരുമാനവും മെച്ചപ്പെട്ട ജീവിതനിലവാരവും ഉറപ്പാക്കുവാനും കഴിയുന്നു. 2017-18 വർഷത്തിൽ സ്വാശ്രയ കർഷകസമിതികൾ വഴി ജനുവരി വരെ 268.3 കോടി രൂപ മൂല്യമുള്ള 104607 മെട്രിക് ടൺ പഴം, പച്ചക്കറികളുടെ വിപണനം നടത്തി.

<u>ഹോർട്ടികോർപ്പ്</u>

സംസ്ഥാനത്തെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന പച്ചക്കറികൾ കർഷകർ, കർഷക ഗ്രൂപ്പുകൾ വി.എഫ്.പി.സി.കെ. കാർഷിക മൊത്ത വ്യാപാര വിപണികൾ എന്നിവിടങ്ങളിൽ നിന്ന് കർഷകർക്ക് ന്യായമായ വില നൽകി ഹോർട്ടികോർപ്പ് സംഭരിച്ച് വിപണനം നടത്തി വരുന്നു. ഹോർട്ടികോർപ്പിന് സംസ്ഥാനത്ത് കാസർഗോഡ് ഒഴികെയുള്ള എല്ലാ ജില്ലകളിലും ജില്ലാ സംഭരണ കേന്ദ്രങ്ങളും ആലപ്പുഴ, കൊല്ലം എന്നീ ജില്ലകളിൽ ഇതിന് പുറമെ ഓരോ സംഭരണ ഉപകേന്ദ്രവും പ്രവർത്തിക്കുന്നു. 2016-17 സാമ്പത്തിക വർഷം 7003.92 ടൺ പച്ചക്കറിയും 2017-18 സാമ്പത്തിക വർഷം മാർച്ച് മാസത്തെ പ്രൊവിഷണൽ കണക്ക് ഉൾപ്പെടെ 7093 ടൺ പച്ചക്കറികളും ഹോർട്ടികോർപ്പ് കർഷകരിൽനിന്നും സംഭരിച്ച് വിപണനം നടത്തിയിട്ടുണ്ട്.

(സി) പച്ചക്കറി കൃഷിക്കുള്ള ചെലവിന്റെ അടിസ്ഥാനത്തിൽ താങ്ങുവില നിശ്ചയിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. എന്നാൽ ഉത്സവകാലങ്ങളിൽ പച്ചക്കറികൾക്ക് ക്രമാതീതമായി വില വർദ്ധിക്കുമ്പോൾ അതിനെ പിടിച്ചുനിർത്തുന്നതിന് വിപണിയിടപെടൽ പദ്ധതി നടപ്പാക്കുന്നുണ്ട്. ഓണം, ബക്രീദ്, വിഷു, ക്രിസ്തുമസ് മുതലായ ഉത്സവകാലങ്ങളിൽ കർഷകർക്ക് വിപണിയിലെ സംഭരണ വിലയെക്കാളും കൂടുതൽ വില നൽകി സംഭരിക്കുകയും ഉപഭോക്താക്കൾക്ക് വിപണി വിലയെക്കാളും കുറഞ്ഞ വിലയ്ക്ക് പച്ചക്കറി ലഭ്യമാക്കുകയും ചെയ്യുന്നു.

(ഡി) കാർഷിക രംഗത്തെ അത്യന്താപേക്ഷിതവും അടിസ്ഥാനപരവുമായ ആവശ്യകതയാണ് ഗുണമേന്മയുള്ള നടീൽവസ്തുക്കൾ, വിത്തുകൾ തുടങ്ങിയവയുടെ ലഭ്യത, ഇതിനായി സംസ്ഥാനത്ത് 33 വിത്തുൽപ്പാദന കേന്ദ്രങ്ങളും, 10 ജില്ലാ ഫാമുകളും, 13 സ്പെഷ്യൽ ഫാമുകളും 8 തെങ്ങിൻതൈ ഉൽപ്പാദന കേന്ദ്രങ്ങളും ഉൾപ്പെടെ ആകെ 64 കൃഷിഫാമുകൾ പ്രവർത്തിക്കുന്നു. കൃഷി ഫാമുകളിൽ ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉല്പാദിപ്പിച്ച് കർഷകർക്ക് വിതരണം നടത്തുകയാണ് പ്രധാന ലക്ഷ്യം. അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്ത്,

പച്ചക്കറിവിത്ത് എന്നിവയ്ക്ക് പുറമെ പഴവർഗ്ഗങ്ങൾ, സുഗന്ധവിളകൾ, അലങ്കാര ചെടികൾ, ഔഷധ സസ്യങ്ങൾ തുടങ്ങിയവയുടെ ഗുണമേന്മയുള്ള നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് വിതരണം നടത്തി. കൂടാതെ തിരുവനന്തപുരത്ത് ഒരു ബയോടെക്നോളജി ലാബും (BMFC) പ്രവർത്തിക്കുന്നു. ഈ ലാബ് മുഖാന്തരം വാഴ, അലങ്കാര സസ്യതൈകൾ എന്നിവയുടെ ടിഷ്യൂക്കൾച്ചർ തൈകളും ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. ഗുണമേന്മയുള്ള വിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി, വി.എഫ്.പി.സി.കെ.-യുടെ ആലത്തൂരുള്ള വിത്ത് സംസ്കരണ പ്ലാന്റ് എന്നീ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിച്ച് വിതരണം നടത്തുന്നുണ്ട്. പ്രതിവർഷം രണ്ടുകോടി പച്ചക്കറി തൈകൾ ഉല്പാദിപ്പിക്കാൻ കഴിയുന്ന വി.എഫ്.പി.സി.കെ.-യുടെ നടുക്കരയിലുള്ള ഹൈടെക് പ്ലഗ് നഴ്സറിയിൽ പച്ചക്കറി വിളകളുടെ തൈ ഉല്പാദിപ്പിച്ച് ആവശ്യാനുസരണം വിതരണം ചെയ്യുന്നുണ്ട്. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികളിലായി കമ്പോസ്റ്റ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ആനുകൂല്യം നൽകുന്നു. കൂടാതെ സംസ്ഥാനത്ത് ലഭ്യമാകുന്ന രാസവളങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ആവശ്യമായ പരിശോധനകൾ നടത്തുന്നുണ്ട്.

സംയോജിത കീടരോഗ പരിപാലനത്തിലൂടെ വിള ആരോഗ്യം പരിപാലിക്കുക, കീടനിരീക്ഷണത്തെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രകൃതി സൗഹൃദമായ സസ്യ സംരക്ഷണ പ്രവർത്തനങ്ങളിൽക്കൂടി സുസ്ഥിര ജൈവ വ്യവസ്ഥയും ജനങ്ങളുടെ ആരോഗ്യവും സംരക്ഷിക്കുന്നതിനുമായി വിള ആരോഗ്യ പരിപാലന പദ്ധതികൾ നടപ്പാക്കുന്നു. വിളകളെ ബാധിക്കുന്ന കീടരോഗബാധ ചിട്ടയായ നിരീക്ഷണത്തിലൂടെ കണ്ടെത്തി അവയെ പ്രതിരോധിച്ച് വിളകൾ സംരക്ഷിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങളും സഹായവും കർഷകർക്ക് യഥാസമയം ലഭ്യമാക്കുന്നു. ഇതിനായി കേരളത്തിൽ വിവിധ കൃഷിഭവനുകളിലായി 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു. കൂടാതെ രാസകീട/കുമിൾനാശിനികളുടെ അശാസ്ത്രീയവും അനിയന്ത്രിതവുമായ ഉപയോഗം കുറച്ച് ജൈവ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും ഈ പദ്ധതി ലക്ഷമിടുന്നു. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക് എന്നീ വിളകളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. മങ്കൊമ്പ് കീട നിരീക്ഷണ കേന്ദ്രത്തോടനുബന്ധിച്ച് ഒരു ഫിറമോൺ ല്യൂർ ഉൽപ്പാദന കേന്ദ്രം ആരംഭിക്കുകയും ഫിറമോൺ ല്യൂർ ഉൽപ്പാദനം പരീക്ഷണാടിസ്ഥാനത്തിൽ തുടങ്ങുകയും ചെയ്തു. പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തി ജൈവീക കീടരോഗ നിയന്ത്രണോപാധികൾ, ഫിറമോൺ കെണികൾ എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകരിലെത്തിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

പി.ജി.ഡി.പി.എച്ച്.എം. പാസ്സായ കൃഷി ഓഫീസർമാർ മുഖേന പ്രകൃതി സൗഹൃദ വിള ആരോഗ്യ പരിപാലന മുറകൾ കർഷകരുടെ കൃഷിയിടങ്ങളിൽ നടപ്പിലാക്കുന്നു. എലി നശീകരണ ക്യാമ്പയിനുകൾ, പരിശീലന പരിപാടികൾ എന്നിവയും പദ്ധതിയുടെ ഭാഗമായി നടപ്പാക്കിവരുന്നു. ഈ പദ്ധതിയിലൂടെ മാരകമായ കീടനാശിനികളുടെ ഉപയോഗം കഴിയുന്നത്ര കുറച്ച് സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങളും ജൈവ/ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളും പ്രോത്സാഹിപ്പിക്കുന്നു.

കേന്ദ്രാവിഷ്കൃത കാർഷിക യന്ത്രവൽക്കരണ (SMAM) പദ്ധതിയിലൂടെ നൂതന കാർഷിക യന്ത്രങ്ങളുടെയും ഉപകരണങ്ങളുടെയും പ്രവർത്തനം കർഷകരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുക, കാർഷിക ഉപകരണങ്ങൾ/ യന്ത്രങ്ങൾ തെരഞ്ഞെടുക്കുന്നതിനും വിനിയോഗിക്കുന്നതിനും സാങ്കേതിക പരിശീലനം നൽകുക, കസ്റ്റം ഹയറിംഗ് സെന്ററുകൾ സ്ഥാപിക്കുക തുടങ്ങിയ വിവിധ ഘടകങ്ങൾ ഈ പദ്ധതിയിലൂടെ നടപ്പാക്കുവാൻ ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ മുഖേന ചെറുകിട യന്ത്രങ്ങൾക്ക് ആനുകൂല്യം നൽകുന്നു.

ഇവയെല്ലാമാണ് കർഷകർക്ക് സാങ്കേതിക പിന്തുണ നൽകുന്നതിനും ഗുണനിലവാരമുള്ള തൈകളും വിത്തുകളും വളവും ലഭ്യമാക്കുന്നതിനും കീടനിയന്ത്രണം, ചെറുയന്ത്രങ്ങളുടെ വ്യാപനം തുടങ്ങിയ പ്രവർത്തനങ്ങൾക്കുമായി കൃഷി വകുപ്പ് നടത്തിവരുന്ന ഇടപെടലുകൾ.

### കേരള മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ

10(*250) <u>ശ്രീ. കെ. ജെ. മാക്സി</u> :
<u>ശ്രീ. എ. എൻ. ഷംസീർ</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീ. എം. മുകേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള മാരിടൈം ബോർഡ് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ; തുറമുഖ വികസനത്തിനും ചരക്കു കപ്പലുകളെ ആകർഷിക്കാനും നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) റോഡിൽ ചരക്കു വാഹനങ്ങളുടെ ആധിക്യത്തിന്റെ ഫലമായുണ്ടാകുന്ന അപകടങ്ങൾ കുറയ്ക്കുന്നതിനും അപായകരമായ ചരക്കുകൾ സുരക്ഷിതമായി കടത്തുന്നതിനും കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

(സി) കേരളത്തിലെ തുറമുഖങ്ങളെ തമ്മിൽ ബന്ധിപ്പിച്ചുകൊണ്ട് യാത്രാകപ്പലുകളും അതിവേഗ യാത്രാബോട്ടുകളും സർവ്വീസ് ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമാക്കാനായി കൈക്കൊണ്ട നടപടികൾ അറിയിക്കാമോ?

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി):

(എ) 16-9-2017-ൽ നിലവിൽ വന്ന കേരള മാരിടൈം ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 2-2-2018-ൽ കേരളാ മാരിടൈം ബോർഡിൽ ചെയർമാനെയും മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും മാരിടൈം ബോർഡുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചട്ടങ്ങൾ നിലവിൽ വരുന്നതോടെ തുറമുഖ ഡയറക്ടറേറ്റ്, കേരളാ സ്റ്റേറ്റ് മാരിടൈം ഡെവലപ്മെന്റ് കോർപ്പറേഷൻ, കേരള മാരിടൈം സൊസൈറ്റി എന്നിവ ബോർഡിന്റെ ഭാഗമാകുന്നതാണ്.

സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതിപ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ടവികസനത്തിന്റെ ഭാഗമായി 20 കോടി രൂപ മുതൽമുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണപ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി.യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക/ സാങ്കേതിക സാധ്യതാപഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കുള്ള ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ബി) ദേശീയ ജലപാതയും അനുബന്ധ സംസ്ഥാന ജലപാതകളും വിപുലീകരിച്ച് തീരദേശ കപ്പൽ ഗതാഗത പദ്ധതി വഴി റോഡ്/റെയിൽ മാർഗ്ഗം നീങ്ങുന്ന ചരക്കുകളെയും യാത്രക്കാരെയും താരതമ്യേന ചെലവ് കുറഞ്ഞതും

പാരിസ്ഥിതിക സൗഹാർദ്ദവുമായ ജലഗതാഗത മേഖലയിലേയ്ക്ക് ആകർഷിക്കുകയാണ് സർക്കാരിന്റെ ലക്ഷ്യം. നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കം ചെയ്യുന്ന ചരക്കിന്റെ 40 ശതമാനം 2020-ഓടെയും 50 ശതമാനം 2030-ഓടെയും തീരദേശ കപ്പൽ ഗതാഗതം വഴിയാക്കുക എന്നതാണ് പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യലക്ഷ്യം. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ഈ സാമ്പത്തിക വർഷം മുതൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കുള്ള ഇൻസെന്റീവ് മെട്രിക് ടണ്ണിന് മൂന്ന് രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിലെ ചാനലിന്റെയും ബേസിന്റെയും ആഴം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പൊന്നാനി തുറമുഖം 13.7 മീറ്റർ വരെ ആഴമുള്ള കപ്പലുകൾ അടുക്കുന്ന തരത്തിലാണ് നിർമ്മാണം നടത്തുന്നത്. കോട്ടയം ജില്ലയിലെ നാട്ടകം തുറമുഖം സ്വകാര്യ പങ്കാളിത്തത്തോടെയാണ് വികസിപ്പിക്കുന്നത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി Special Purpose Vehicle രൂപീകരിച്ച് 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുകയും വിശദ പഠനത്തിനായി ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിനായി ചെറുകിട തുറമുഖങ്ങളിലേയ്ക്ക് റെയിൽ/റോഡ് കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് രൂപരേഖ തയ്യാറാക്കാൻ Indian Port Rail Corporation-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയപാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വികസനം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടിയുള്ള പ്രൊപ്പോസൽ കേന്ദ്രസർക്കാരിന് സമർപ്പിച്ചിട്ടുണ്ട്.

(സി) കൊച്ചി-കോഴിക്കോട്, കൊച്ചി-തിരുവനന്തപുരം യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനായി മെസേഴ്സ്. സേഫ് ബോട്ട് ട്രിപ്പ് പ്രൈവറ്റ് ലിമിറ്റഡുമായി എഗ്രിമെന്റിൽ ഏർപ്പെടുകയും അവർ കൊച്ചിയിൽ കൊണ്ടുവന്ന രണ്ട് കപ്പലുകൾക്ക് മർക്കന്റൈൻ മറൈൻ വകുപ്പിന്റെ അനുമതികൾ നേടുന്നതിന് സർവ്വേയും അനുബന്ധ ജോലികളും നടത്തിവരികയാണ്. എം.എം.ഡി.-യുടെ അപ്രൂവൽ കിട്ടുന്ന മുറയ്ക്ക് കപ്പലുകൾ ഓപ്പറേറ്റ് ചെയ്യാൻ സാധിക്കുന്നതാണ്.

## ജൈവ കാർഷിക നയം

11(*251) പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവകൃഷി പ്രോത്സാഹനത്തിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവകാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഉല്പാദന മേഖലയിലും വിപണനമേഖലയിലും നടത്തി വരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) ജൈവ കാർഷികോത്പന്നങ്ങളുടെ വിപണനത്തിനായി ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ; ഇവയുടെ പ്രവർത്തന രീതി അറിയിക്കാമോ; ഇവ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) ചെറുകിട കർഷകരുടെ ഉല്പന്നങ്ങൾ ന്യായവിലയ്ക്ക് വിൽക്കുന്നതിനും ഉപഭോക്താക്കൾക്ക് പുതുമയുള്ള ഉല്പന്നങ്ങൾ വിശ്വസിച്ച് വാങ്ങാനും കഴിയുന്ന തരത്തിൽ ഗ്രാമചന്തകൾ ആരംഭിക്കാനുള്ള പദ്ധതി പ്രാവർത്തികമായിട്ടുണ്ടോ;

(ഡി) വിപണിയിലെ മാറ്റങ്ങൾ കർഷകരെ അറിയിച്ച് ഉചിതമായ വിപണന തന്ത്രങ്ങൾ സ്വീകരിക്കാൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഇ-വിപണി ആരംഭിച്ചിട്ടുണ്ടോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രഖ്യാപിച്ചിട്ടുള്ള ജൈവ കാർഷിക നയത്തിന്റെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി ജൈവ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. മണ്ണ്, ജലസംരക്ഷണ ഉപാധികൾ ഉറപ്പുവരുത്തുക വഴി പാരിസ്ഥിക സംരക്ഷണത്തിനും സുസ്ഥിര കൃഷിക്കുമായി മിശ്രിത കൃഷിരീതി പ്രോത്സാഹിപ്പിക്കുകയുണ്ടായി. അങ്ങനെ കാർഷിക മേഖലയിലെ ജൈവ വൈവിധ്യം സംരക്ഷിക്കുകയും മെച്ചപ്പെടുത്തുകയും ചെയ്യുന്നതിന് പരിപാടികൾ നടപ്പാക്കിവരുന്നു.

നിലവിൽ ഉത്തമ കൃഷിമുറകൾ പാലിച്ചുകൊണ്ട് 25195 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പാക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഹെക്ടറിന് 3,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നതാണ്. ഈ വർഷം 6575 ഹെക്ടർ സ്ഥലത്ത് പദ്ധതി നടപ്പാക്കുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY-ലും 2400-ഓളം ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പാക്കി വരുന്നു.

കൃഷിക്കാർക്ക് ഗുണനിലവാരമുള്ള ജൈവവളത്തിന്റെ ലഭ്യത ഉറപ്പാക്കുകയും ജൈവകൃഷിക്കാവശ്യമായ സാഹചര്യങ്ങളും സാമഗ്രികളും ലഭ്യമാക്കാനും കഴിഞ്ഞിട്ടുണ്ട്.

കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 1622 റൂറൽ കമ്പോസ്റ്റ് യൂണിറ്റുകളും 1352 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും PKVY പദ്ധതിയിൽ 1903 മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകളും സ്ഥാപിച്ചു. കൂടാതെ ജൈവവളത്തിന്റെ ലഭ്യത ഉറപ്പു വരുത്തുന്നതിനായി VFPCK മുഖാന്തരം 72 ലക്ഷം രൂപ ചെലവഴിച്ച് ജൈവവള നിർമ്മാണ യൂണിറ്റ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. PKVY പദ്ധതിയിൽ പഞ്ചഗവ്യം, ജീവാമൃതം, മറ്റ് ജൈവ കീടനാശിനികൾ, ജൈവവളങ്ങൾ എന്നിവ കൃഷിയിടത്തിൽ തന്നെ ഉല്പാദിപ്പിക്കുന്നതിനുള്ള ധനസഹായവും സാമഗ്രികളും കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്.

ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനായി വ്യത്യസ്തമായ മാർഗ്ഗങ്ങൾ വികസിപ്പിച്ചെടുക്കുകയും ജൈവ കർഷകർക്ക് സഹായകമായ രീതിയിൽ ലളിതമായ ജൈവ സർട്ടിഫിക്കേഷന് രൂപം നൽകുക എന്നിവ വഴിയും ജൈവ കൃഷിക്ക് പ്രോത്സാഹനം നൽകാൻ കഴിഞ്ഞിട്ടുണ്ട്.

നിലവിൽ ജൈവ ഉല്പന്നങ്ങളുടെ വിപണനത്തിനും കർഷകർക്ക് ജൈവ ഉല്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനുമായി 214 ഇക്കോഷോപ്പുകൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു. ക്ലസ്റ്ററുകളുടെ ഉല്പന്നങ്ങൾ നഗര പ്രദേശങ്ങളിൽ വിപണനം നടത്തുന്നതിന് ഡയറക്ട് മാർക്കറ്റിംഗ് സംവിധാനത്തിനായി 50 ലക്ഷം രൂപയുടെ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നുണ്ട്. ലളിതമായ രീതിയിലുള്ള GAP സർട്ടിഫിക്കേഷൻ രീതിയിലൂടെ 7500-ഓളം സർട്ടിഫിക്കറ്റുകൾ കഴിഞ്ഞ വർഷങ്ങളിൽ കർഷകർക്ക് നൽകുകയുണ്ടായി. GAP മാനദണ്ഡങ്ങൾ പിന്തുടരുന്ന GAP സെന്ററുകളിൽനിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു. ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വിൽപ്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക്" ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

## വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള നടത്തുന്ന പ്രവർത്തനങ്ങൾ

സംസ്ഥാനത്ത് ജൈവകൃഷിക്ക് പ്രാധാന്യം നൽകുന്നതിനും പ്രാവർത്തിമാക്കുന്നതിനുമായി ജില്ലാതലത്തിൽ പ്രദേശിക ഗ്രൂപ്പുകൾ രൂപീകരിച്ച് കൃഷി ചെയ്യുകയും ഈ കൃഷിയിടങ്ങളെ ജൈവകൃഷിയിടങ്ങളായി സാക്ഷ്യപ്പെടുത്തുകയും ചെയ്യുന്ന PGS (Participatory Guarantee System) പദ്ധതി കൗൺസിലിന് കീഴിൽ നടപ്പിലാക്കിവരുന്നു. ബാംഗ്ലൂർ ആസ്ഥാനമായുള്ള RCOF (Regional Centre for Organic Farming) കേരളത്തിലെ പഴം-പച്ചക്കറി മേഖലയിലെ ജൈവ കൃഷിയുടെ സർട്ടിഫിക്കേഷൻ നൽകുന്നതിനുള്ള റീജണൽ കൗൺസിലായി VFPCK-യെ അംഗീകരിച്ചിട്ടുണ്ട്. ഇതുപ്രകാരം കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ ജില്ലകളിലായി ജൈവ കൃഷിയിൽ തല്പരരായ കർഷകരുടെ 224 പ്രാദേശിക ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഏകദേശം 1544 കർഷകർ ഉൾപ്പെടുന്ന ഈ സംഘങ്ങൾ വഴി എല്ലാ ജില്ലകളിലുമായി 751 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കിവരുന്നു. ഇതിനകം 19 കർഷകർക്ക് PGS സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്.

ഇതിനുപുറമെ കാസർഗോഡ് ജില്ലയിൽ കർഷകർക്ക് ജൈവ സർട്ടിഫിക്കേഷൻ നൽകുന്നതിനും ജൈവ പച്ചക്കറി ഉല്പന്നങ്ങൾ വിപണനം ചെയ്യുന്ന കർഷകർക്ക് പ്രൊഡക്ഷൻ സബ്സിഡി നൽകുന്നതിനുമായി ഒരു പ്രത്യേക പദ്ധതി നടപ്പാക്കിവരുന്നു. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി കൗൺസിൽ ആസ്ഥാനത്ത് ഒരു ജൈവവള ഉല്പാദന യൂണിറ്റ് ആരംഭിച്ചിട്ടുണ്ട്. ജൈവവളം, ജീവാണുവളം, വളർച്ചത്വരകങ്ങൾ, ജൈവകീടനാശിനികൾ എന്നിവ ഈ യൂണിറ്റിൽ ലഭ്യമാണ്.

ഹരിതനഗരി പദ്ധതി വഴി പോർട്ടിംഗ് മിശ്രിതം നിറച്ച ഗ്രോബാഗുകളും തൈകളും ലഭ്യമാക്കുകയും കർഷകർക്ക് ആവശ്യമായ സാങ്കേതിക ഉപദേശങ്ങൾ നൽകി വരികയും ചെയ്യുന്നു.

കർഷകർക്ക് ജൈവ കൃഷിയിൽ പരിശീലനം, ഉൽപ്പാദന ഉപാധികൾ ലഭ്യമാക്കുന്നതിനുള്ള ധനസഹായം, കൃഷിയിടത്തിൽനിന്നും വിപണിയിലേയ്ക്ക് ഉല്പന്നങ്ങൾ എത്തിക്കുന്നതിനുള്ള ട്രാൻസ്പോർട്ടേഷൻ സബ്സിഡി തുടങ്ങിയവ കൂടാതെ കൗൺസിലിന്റെ കൃഷി ബിസിനസ് കേന്ദ്രങ്ങൾ, KAICO അഗ്രി സൂപ്പർ ബസാറുകൾ, കൃഷി വകുപ്പിന്റെ വിവിധ സർക്കാർ പദ്ധതികൾ എന്നിവ വഴിയും ജൈവവളങ്ങൾ ലഭ്യമാക്കി വരുന്നു.

ജനകീയ ജൈവ പച്ചക്കറി കൃഷി സംരംഭമായ "ഓണത്തിന് ഒരു മുറം പച്ചക്കറി" പദ്ധതിക്ക് ആവശ്യമായ മുഴുവൻ വിത്തുകളും ലഭ്യമാക്കുന്നത് VFPCK ആണ്. ഒരു കോടിയിൽപ്പരം പച്ചക്കറി വിത്തുകിറ്റുകളാണ് ഈ സീസണിൽ VFPCK വിതരണം ചെയ്യുന്നത്. ഇത് കൂടാതെ നാടൻ വിത്തുകളുടെ ഉല്പാദനവും കൗൺസിൽ ലക്ഷ്യമിടുന്നു.

(ബി) ജൈവ കർഷകരുടെ ഉന്നതിക്കായി സർക്കാർ തലത്തിൽ ഇക്കോഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ട്. നിലവിൽ 214 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. കൂടാതെ മാർക്കറ്റിംഗ് പദ്ധതിയിൽ 213 ഇക്കോഷോപ്പുകൾ ആരംഭിച്ചിട്ടുണ്ട്. ഈ വർഷം ഇക്കോഷോപ്പുകൾക്കായി 215 ലക്ഷം രൂപ ചെലവഴിക്കുന്നുണ്ട്. പുതിയ ഇക്കോഷോപ്പുകൾക്കായി 2 ലക്ഷം രൂപയും കഴിഞ്ഞ സാമ്പത്തിക വർഷം സ്ഥാപിച്ച 149 ഇക്കോഷോപ്പുകൾക്ക് 1 ലക്ഷം രൂപ നിരക്കിൽ ധനസഹായവും നൽകുന്നുണ്ട്. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾകൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ അധിക വില നൽകി ഇക്കോഷോപ്പുകളിൽ സംഭരിച്ച് ഉപഭോക്താക്കൾക്കായി വിപണനം നടത്തുന്നു. കർഷകർക്കാവശ്യമായ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, മറ്റ് ഉല്പാദന ഉപാധികൾ എന്നിവയുടെ വിപണനവും നടത്തുന്നു. കൂടാതെ ജൈവ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾക്ക് 20 ശതമാനം അധിക വില നൽകി കർഷകരിൽനിന്ന് സംഭരിക്കുകയും ഉപഭോക്താക്കളിലെത്തിക്കുകയും ചെയ്യുന്ന സംവിധാനവും നിലവിലുണ്ട്. കൂടാതെ GAP മാനദണ്ഡങ്ങൾ പിന്തുടരുന്ന GAP സെന്ററുകളിൽ നിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി വിൽക്കുന്നു. ഉത്പാദകർക്കും ഉപഭോക്താക്കൾക്കും ന്യായവില ഉറപ്പാക്കി വില്പന നടത്തുന്നു. വിൽപ്പനയ്ക്ക് മുമ്പായി ഉൽപ്പന്നങ്ങൾ ക്ലീനിംഗ്, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി "കേരള ഓർഗാനിക് "ബ്രാന്റിൽ ലേബൽ ചെയ്ത് വിപണനം നടത്തുന്നു.

(സി) ഉണ്ട്. കാർഷിക വിപണി വികസനം ശക്തിപ്പെടുത്തൽ 2017-18 പദ്ധതി പ്രകാരം സംസ്ഥാനത്ത് തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 400 എണ്ണം ഗ്രാമപഞ്ചായത്തുതല ആഴ്ച ചന്തകൾ ആരംഭിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്. എസ്.എഫ്.എ.സി. നടപ്പിലാക്കുന്ന കാർഷിക വിവരസങ്കേതം പ്രോജക്ടിന്റെ ഭാഗമായി ആരംഭിച്ച www.krishi.info എന്ന വെബ്പോർട്ടലിൽ ഇ-വിപണി എന്ന പേജ് പ്രവർത്തിച്ചുവരുന്നു. ഇത് കൂടാതെ ഇ-വിപണി എന്ന മൊബൈൽ ആപ്ലിക്കേഷനും വികസിപ്പിച്ചിട്ടുണ്ട്.

## പുനരാവിഷ്കൃത ജനകീയാസൂത്രണം

12(*252) ശ്രീമതി വീണാ ജോർജ്ജ് :
ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. എം. നൗഷാദ് :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താഴെത്തട്ടിലുള്ള വികസനപ്രക്രിയയെ കാര്യക്ഷമമാക്കാൻ പുനരാവിഷ്കൃത ജനകീയാസൂത്രണം എത്രമാത്രം ഫലപ്രദമായിട്ടുണ്ട്;പദ്ധതി നിർവ്വഹണത്തിന് ഒരു വർഷം ലഭിക്കത്തക്ക വിധം ആസൂത്രണ പ്രക്രിയ കാര്യക്ഷമമാക്കാൻ സാധ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) എല്ലാവർക്കും വീടും ശുദ്ധമായ കുടിവെള്ളവും ശുചിത്വമുള്ള നാടും ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനതയും എന്ന ലക്ഷ്യപ്രാപ്തിക്കായി പ്രാദേശിക സർക്കാരുകൾ നടത്തിവരുന്ന ഇടപെടലുകൾ വിശദമാക്കാമോ;

(സി) പച്ചക്കറി, പാൽ എന്നിവയുടെ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും തരിശുഭൂമി കൃഷിയോഗ്യമാക്കി ഭക്ഷ്യവിളകളിൽ ഇതര സംസ്ഥാനങ്ങളുടെ മേലുള്ള ആശ്രിതത്വം കുറയ്ക്കുകയെന്ന ലക്ഷ്യത്തോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ ഫലപ്രാപ്തി വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) തദ്ദേശഭരണ സ്ഥാപന ശാക്തീകരണത്തിനായുള്ള ഏകീകൃത വകുപ്പ് എന്ന ലക്ഷ്യത്തോടെ നടത്തുന്ന പ്രവർത്തനത്തിന്റെ പുരോഗതി അറിയിക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) പുനരാവിഷ്കൃത ജനകീയാസൂത്രണം താഴെത്തട്ടിലുള്ള വികസന പ്രക്രിയയെ കാര്യക്ഷമമാക്കാൻ സഹായിച്ചിട്ടുണ്ട്. ആദ്യ വർഷമായ 2017-18-ലെ വാർഷിക പദ്ധതി സംസ്ഥാനത്തെ മുഴുവൻ തദ്ദേശഭരണ സ്ഥാപനങ്ങളും 2017 ജൂൺ 15-ാം തീയതിക്കുമുമ്പ് ആസൂത്രണ സമിതിക്ക് സമർപ്പിക്കുകയും അംഗീകാരം വാങ്ങുകയും ചെയ്തതിനാൽ പദ്ധതി നിർവ്വഹണത്തിന് 10 മാസം സമയം ലഭ്യമാകുകയും ചെയ്തു. ഇതിന്റെ ഫലമായി പദ്ധതി ചെലവിൽ റെക്കോർഡ് നേട്ടത്തോടെ വൻ മുന്നേറ്റമുണ്ടാക്കാൻ സാധിച്ചു. 85.44 ശതമാനമാണ് പദ്ധതി ചെലവിന്റെ സംസ്ഥാന ശരാശരി. 220 തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 100 ശതമാനം പദ്ധതി ചെലവ് എന്ന നേട്ടം കൈവരിക്കാനും സാധിച്ചു.

2018-19 വാർഷിക പദ്ധതിക്ക് 2018 മാർച്ച് മാസത്തിൽ അംഗീകാരം നേടി ഏപ്രിൽ മാസത്തിൽ തന്നെ നിർവ്വഹണം ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സാധിച്ചിട്ടുണ്ട്. ഇതിലൂടെ പദ്ധതി നിർവ്വഹണത്തിന് പൂർണ്ണമായും ഒരു വർഷം ലഭ്യമാകും.

(ബി) സംസ്ഥാനത്തിന്റെ സമഗ്ര വികസനത്തിനായി പ്രാവർത്തികമാക്കി വരുന്ന ചതുർ മിഷനുകളിലൂടെ എല്ലാവർക്കും വീടും ശുദ്ധമായ കുടിവെള്ളവും ശുചിത്വമുള്ള നാടും ആരോഗ്യവും വിദ്യാഭ്യാസവുമുള്ള ജനതയും എന്ന ലക്ഷ്യപ്രാപ്തിക്കായി സംസ്ഥാന സർക്കാരിനോടൊപ്പം പ്രാദേശിക സർക്കാരുകൾ ഫലപ്രദമായ ഇടപെടലുകൾ നടത്തിവരുന്നു. എല്ലാവർക്കും വീട് എന്ന ലക്ഷ്യപ്രാപ്തിക്കായി ലൈഫ് (സമ്പൂർണ്ണ ഭവന പദ്ധതി) പ്രാദേശിക സർക്കാരുകൾ വഴി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി വിവിധ പദ്ധതികളിൽപ്പെട്ടതും നാളിതുവരെ പൂർത്തീകരിക്കാത്തതുമായ 39616 വീടുകൾ 31-5-2018-നകം തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. രണ്ടാം ഘട്ടമായി 2018-19 സാമ്പത്തിക വർഷത്തിൽ ഭൂമിയുള്ള മുഴുവൻ ഭവനരഹിതർക്കും വീടുകൾ നൽകുന്നതിനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. അതുപോലെ ഐ.എ.വൈ., ഇ.എം.എസ്., ഭവന പദ്ധതി ഇതിലൂടെയും എസ്.സി./എസ്.ടി വകുപ്പ് മുഖേനയുള്ള ഫണ്ട് ഉപയോഗിച്ചും എല്ലാവർക്കും വീട് എന്ന പദ്ധതി നടപ്പിലാക്കിവരുന്നു.

ശുദ്ധമായ കുടിവെള്ളവും ശുചിത്വമുള്ള നാടും ലക്ഷ്യമിട്ട് തദ്ദേശ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയുടെ ഭാഗമായി ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. ഹരിത കേരളം മിഷനിൽ കൃഷി വികസനം, ശുചിത്വ-മാലിന്യ സംസ്കരണം, ജല സംരക്ഷണം എന്നിങ്ങനെ മൂന്ന് ഉപദൗത്യങ്ങളാണുള്ളത്. ഗ്രാമപഞ്ചായത്തുകളിൽ ഹരിതകർമ്മസേന രൂപീകരിച്ച് ഉറവിട മാലിന്യസംസ്കരണ സംവിധാനങ്ങൾ സ്ഥാപിക്കുകയും മേൽനോട്ട പ്രവർത്തനങ്ങൾ നടത്തുകയും ചെയ്തുവരുന്നു. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റേഷൻ (MRF) സെന്ററുകളും റിസോഴ്സ് റിക്കവറി ഫെസിലിറ്റേഷൻ (RRF) സെന്ററുകളും സ്വാപ്പ് ഷോപ്പുകളും സ്ഥാപിച്ച് അജൈവ മാലിന്യ സംസ്കരണത്തിനും പുനരുപയോഗത്തിനും ഫലപ്രദമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ ജനകീയ പിന്തുണയോടുകൂടി ശുദ്ധജല തടാകങ്ങൾ, കിണർ, ഡാമുകളുടെ ക്യാച്ച്മെന്റ് ഏരിയ എന്നിവ Plastic Septage, Sewage എന്നിവ വിമുക്തമാക്കുന്നതിന് 'Clean Kerala Mission', 'ഹരിത കേരളം', 'സ്വച്ഛ് ഭാരത്', 'അമൃത് മുതലായവ വഴി പ്രവർത്തനം നടത്തിവരുന്നു.

വിദ്യാഭ്യാസ വികസന പ്രോജക്ടുകൾ പൊതു വിദ്യാഭ്യാസ സംരക്ഷണയജ്ഞം മാർഗ്ഗരേഖകളിൽ നിർദ്ദേശിക്കുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവർത്തനങ്ങളുമായി ബന്ധപ്പെടുത്തി നടപ്പാക്കിവരുന്നു.

ആരോഗ്യ പ്രോജക്ടുകൾ ആർദ്രം മിഷനുമായി സമന്വയിപ്പിച്ച് നടപ്പാക്കുന്ന രീതിയിൽ തയ്യാറാക്കി വരുന്നു. കൈമാറിക്കിട്ടിയ ആരോഗ്യ സ്ഥാപനങ്ങളുടെ ഭൗതിക അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് ഉയർന്ന പരിഗണന നൽകിവരുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയ സ്ഥാപനങ്ങളിൽ മുഴുവൻ സമയ ഒ.പി. വിഭാഗവും പ്രവർത്തിക്കുന്നുണ്ട്.

(സി) ഹരിത കേരളം മിഷൻ പ്രവർത്തനങ്ങളിലൂടെ പച്ചക്കറി, പാൽ ഉല്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിനും തരിശുഭൂമി കൃഷിയോഗ്യമാക്കി ത്തീർക്കുന്നതിനുമുള്ള പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിക്കുന്ന പ്രോജക്ടുകൾ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുക്കാവുന്നതാണെന്നും പഴം, പച്ചക്കറി എന്നിവയുടെ വിപണനത്തിന് പരമ്പരാഗത ചന്തകൾ, നാടൻ ചന്തകൾ, മറ്റ് വിപണന സംവിധാനങ്ങൾ എന്നിവയുടെ പ്രവർത്തനം ഊർജ്ജിതമാക്കണമെന്നും തരിശുഭൂമിയിൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി ചെയ്യാതെ ഒഴിഞ്ഞുകിടക്കുന്ന ഭൂമിയിൽ കൃഷിയിറക്കുന്നതിനും പരമാവധി ശ്രദ്ധ നൽകേണ്ടതാണെന്നും നിലവിലെ മാർഗ്ഗരേഖപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളതാണ്. ആയതിന്റെ അടിസ്ഥാനത്തിൽ നഗരസഭയിലെ 716.71 ഹെക്ടർ തരിശുഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്.

(ഡി) പൊതുസർവ്വീസ് രൂപീകരണവുമായി ബന്ധപ്പെട്ട് ലോക്കൽ ഗവൺമെന്റ് കമ്മീഷൻ സ്റ്റേറ്റ് സർവ്വീസിന്റെ കരട് വിശേഷാൽ ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ട്. സബോർഡിനേറ്റ് സർവ്വീസിന്റെ ചട്ടങ്ങൾ തയ്യാറാക്കിവരുന്നു.

ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരടുചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുന്നതിനും നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ അപാകതകളുണ്ടെങ്കിൽ അവ പരിഹരിക്കുന്നതിനും ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുന്നതിനും തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുന്നതിന്റെ ഭാഗമായി തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതു സർവ്വീസ് രൂപീകരിച്ച് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചിട്ടുള്ളതുമാണ്.

പൊതു സർവ്വീസ് രൂപീകരിക്കുന്നതിലേയ്ക്കായി തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ പ്രവർത്തനങ്ങളെ സഹായിക്കുന്നതിന് പഞ്ചായത്ത്, ഗ്രാമവികസനം, നഗരകാര്യം, നഗര ഗ്രാമാസൂത്രണം, എഞ്ചിനീയറിംഗ് വിഭാഗം എന്നീ വകുപ്പുകളിൽ നിന്നായി വിവിധ തസ്തികകളിലായി സേവനമനുഷ്ഠിക്കുന്ന ജീവനക്കാരെ (ആകെ 14 ജീവനക്കാരെ) ആറ് മാസത്തേയ്ക്ക് വർക്കിംഗ് അറേഞ്ച്മെന്റ് വ്യവസ്ഥയിൽ സ്വരാജ് ഭവനിലെ തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ നിയമിച്ച് ഉത്തരവായിട്ടുള്ളതാണ്.

## കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റിലെ പെൻഷൻ സെസ്സ്

13 (*253) ശ്രീ. സി. മമ്മൂട്ടി :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റിൽ ഏർപ്പെടുത്തിയ പെൻഷൻ സെസ്സ് ഒഴിവാക്കണമെന്ന നിർദ്ദേശം മാനേജ്മെന്റ് സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ;

(ബി) ഈ നിർദ്ദേശത്തിന്മേൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) യാത്രാ നിരക്ക് കുറയുന്നതിലൂടെ കൂടുതൽ യാത്രക്കാരെ ആകർഷിച്ച് വരുമാന വർദ്ധനവ് ഉണ്ടാക്കുവാൻ സാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ അടിയന്തരമായ നടപടി സ്വീകരിക്കുമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ):

(എ&ബി) കെ.എസ്.ആർ.ടി.സി. ബസ് ടിക്കറ്റിൽ ഏർപ്പെടുത്തിയിരിക്കുന്ന പെൻഷൻ സെസ്സ് ഒഴിവാക്കണമെന്നാവശ്യപ്പെട്ട് മാനേജ്മെന്റ് സർക്കാരിന്റെ പരിഗണനയ്ക്കായി നിർദ്ദേശങ്ങളൊന്നും സമർപ്പിച്ചിട്ടില്ല.

(സി) 12-10-2015-ലെ സ.ഉ.(അച്ചടി) നമ്പർ 63/15/ഗതാഗതം നമ്പരായുള്ള വിജ്ഞാപന പ്രകാരമാണ് യാത്രക്കാർക്കുള്ള സെസ്സ് കെ.എസ്.ആർ.ടി.സി. ഈടാക്കി വരുന്നത്. ടി സെസ്സ് ഈടാക്കുന്നത് വഴി ടിക്കറ്റ് റിസർവ് ചെയ്യുന്ന യാത്രക്കാർ അപകടത്തിൽപ്പെടുകയോ മരിക്കുകയോ സ്ഥിര അംഗവൈകല്യം സംഭവിക്കുകയോ ചെയ്താൽ 5 ലക്ഷം രൂപ വരെ ഇൻഷ്വറൻസ് തുക ലഭ്യമാകുന്നതാണ്. റിസർവ്വേഷൻ ഇല്ലാതെ യാത്ര ചെയ്യുന്നവർക്ക് ഒരു ലക്ഷം രൂപയാണ് നൽകുന്നത്. ഇതിനായി ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനിയുമായി ധാരണ ഉണ്ടാക്കിയിരിക്കുന്നതിനാൽ ബസ്സുകൾ അപകടത്തിൽപ്പെടുമ്പോൾ ഉണ്ടാകുന്ന അധിക ബാധ്യതയിൽനിന്ന് കെ.എസ്.ആർ.ടി.സി.-ക്ക് സംരക്ഷണം ലഭിക്കുന്നു.

## കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി നേടിയെടുക്കുന്നതിന് നടപടി

14 (*254) ശ്രീ. കാരാട്ട് റസാഖ് :
ശ്രീ. ബി. ഡി. ദേവസ്സി :
ശ്രീ. വി. അബ്ദുറഹിമാൻ :
ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കൂടുതൽ തനത് കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി നേടിയെടുക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എങ്കിൽ ഏതെല്ലാം ഇനങ്ങളെയാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ സംസ്ഥാനത്തെ ഏതെല്ലാം കാർഷിക ഇനങ്ങൾക്കാണ് ഭൗമ സൂചികാ പദവി ലഭിച്ചിട്ടുള്ളത്;

(ഡി) കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി ലഭിക്കുന്നത് മൂലമുള്ള പ്രയോജനങ്ങൾ എന്തൊക്കെയാണെന്നും ഇവയ്ക്ക് അന്താരാഷ്ട്ര വിപണിയിൽ വിൽപ്പന സാദ്ധ്യത വർദ്ധിപ്പിക്കുന്നതിന് ഇത് എപ്രകാരം സഹായകരമാകുമെന്നും വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. കാർഷിക ഉല്പന്നങ്ങൾക്ക് ഭൗമ സൂചികാ രജിസ്ട്രേഷൻ എടുക്കാനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാലയിലെ ബൗദ്ധിക സ്വത്തവകാശ സെൽ നടത്തിവരുന്നു.

(ബി) മറയൂർ ശർക്കര, കുറ്റിയാട്ടൂർ മാങ്ങ, ഓണാട്ടുകര എള്ള്, അട്ടപ്പാടി തുവര, ആട്ടുകൊമ്പ് അവര, കൊടുങ്ങല്ലൂർ പൊട്ടുവെള്ളരി, വട്ടവട കാന്തല്ലൂർ വെളുത്തുള്ളി, തിരൂർ വെറ്റില, എടയൂർ മുളക് എന്നീ ഉൽപ്പന്നങ്ങൾക്ക് ഭൗമസൂചികാ പദവി നേടിയെടുക്കുന്നതിനുള്ള ശ്രമങ്ങൾ പുരോഗമിക്കുന്നു. കൂടുതൽ കാർഷിക ഉൽപ്പന്നങ്ങളെ ഈ പട്ടികയിലേയ്ക്ക് ചേർക്കുവാൻ കൃഷി വകുപ്പും കാർഷിക സർവ്വകലാശാലയും ശ്രമിച്ചുവരുന്നു.

(സി)

1. നവര അരി
2. പാലക്കാടൻ മട്ട അരി
3. മലബാർ കുരുമുളക്
4. ആലപ്പുഴ പച്ച ഏലക്കായ
5. പൊക്കാളി അരി
6. ആലപ്പുഴ കയർ
7. തഴപ്പായ ഉൽപ്പന്നങ്ങൾ
8. വാഴക്കുളം കൈതച്ചക്ക
9. മദ്ധ്യതിരുവിതാംകൂർ ശർക്കര
10. വനയാട് ജീരകശാല അരി
11. വയനാട് ഗന്ധകശാല അരി
12. കൈപ്പാട് അരി
13. ചെങ്ങാലിക്കോടൻ നേന്ത്രൻ
14. നിലമ്പൂർ തേക്ക്.

(ഡി) കാർഷിക ഇനങ്ങൾക്ക് ഭൗമ സൂചികാ പദവി ലഭിക്കുന്നതുമൂലമുള്ള പ്രയോജനങ്ങൾ താഴെപ്പറയുന്നവയാണ്.

- പ്രാദേശിക കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങളുടെ മേലുള്ള അവകാശങ്ങൾ സംരക്ഷിക്കുക.
- ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണി കണ്ടെത്തുക
- ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിലയും വിപണി മൂല്യവും നേടിയെടുക്കുക.

ആഭ്യന്തര, വിദേശ വിപണികളിൽ ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും തന്മൂലം കൂടുതൽ വരുമാനം കണ്ടെത്തുന്നതിന് ബൗദ്ധിക സ്വത്തവകാശത്തിലെ സാദ്ധ്യത ഉപയോഗിക്കാം. ബൗദ്ധിക സ്വത്തവകാശ നിയമപ്രകാരം ഭൗമ സൂചികയായി രജിസ്റ്റർ ചെയ്യപ്പെട്ടാൽ അവയ്ക്ക് വാണിജ്യപരമായി ദുരുപയോഗം ചെയ്യുന്നതിൽനിന്നും നിയമപരമായി പരിരക്ഷ കിട്ടും.

## കൃഷി വകുപ്പിനെ കർഷകമിത്രമാക്കാൻ നടപടി

15 (*255) ശ്രീ. ജി. എസ്. ജയലാൽ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. രാജൻ :
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് അഴിമതിരഹിതവും സുതാര്യവുമാക്കുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ ജനങ്ങളിലേക്കെത്തിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(സി) കൃഷിയുടെ വിവിധ ഘട്ടങ്ങളിൽ കർഷകനുവേണ്ട സാങ്കേതികവും മറ്റുമായ സഹായങ്ങൾ നൽകുകയും പ്രകൃതി ക്ഷോഭമുണ്ടാകുമ്പോൾ സത്വരമായ വിലയിരുത്തൽ നടത്തുകയും ചെയ്യുന്ന ഒരു കർഷക മിത്രമായി കൃഷി വകുപ്പിനെ പരിവർത്തനം ചെയ്യുന്നതിന് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കൃഷിയെ സാമ്പത്തികലാഭം ഉറപ്പുള്ളതും സ്ഥിരതയും അന്തസ്സും അഭിമാനവുമുള്ള ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കൃഷി വകുപ്പ് അഴിമതിരഹിതവും സുതാര്യവുമാക്കാൻ കർശന നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി അഴിമതിക്കാരായ ഉദ്യോഗസ്ഥർക്കെതിരെ കർശന അച്ചടക്ക നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ മുഴുവൻ കൃഷിഭവനുകളിലും സോഷ്യൽ ഓഡിറ്റ് നടപ്പിലാക്കിയിട്ടുണ്ട്.

സംസ്ഥാനത്തെ എല്ലാ കർഷരുടെയും അവരുടെ കൃഷിയെക്കുറിച്ചുള്ള സമഗ്രമായ ഒരു ഓൺലൈൻ ഡേറ്റാബേസ് ഉണ്ടാക്കുകയും ഇതുപയോഗിച്ച് വിവിധ പദ്ധതികളുടെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുകയും പദ്ധതി ആനുകൂല്യങ്ങൾ കർഷകരുടെ അക്കൗണ്ടുകളിൽ നേരിട്ട് നൽകുകയും ചെയ്യുന്നു. കർഷകർക്ക് ആനുകൂല്യങ്ങൾ ലഭിക്കുന്നതിന് ഒട്ടും കാലതാമസം വരാതിരിക്കാനും കൃഷി ഉദ്യോഗസ്ഥർക്ക് കൂടുതൽ സമയം കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങളിൽ ഏർപ്പെടാനും സാധിക്കുന്നു. മൊബൈൽ ഫോണുള്ള

കർഷകർക്ക് സബ്സിഡി തുക അക്കൗണ്ടിലേയ്ക്ക് കൈമാറിയ അല്ലെങ്കിൽ തിരസ്കരിക്കപ്പെട്ട വിവരം എസ്.എം.എസ്. ആയി അറിയിക്കുവാനുള്ള സംവിധാനവും നിലവിലുണ്ട്. ഇപ്രകാരം തുക ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുവാൻ സാധിക്കുന്നതാണ്.

മുഴുവൻ സബ്സിഡി തുകയും കോർബാങ്കിംഗ് അക്കൗണ്ടിലേയ്ക്ക് നൽകിയതിന്റെ വിവരങ്ങൾ www.ebt.kerala.gov.in എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചുകൊണ്ട് സബ്സിഡി നൽകിയതിന്റെ മുഴുവൻ വിവരങ്ങളും പൊതുജനങ്ങൾക്കായി പരസ്യപ്പെടുത്തുന്നു.

(ബി)കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിനും ജനസൗഹൃദമാക്കുന്നതിനും കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആത്മയും' സംസ്ഥാന പദ്ധതിയായ 'ആത്മ പ്ലസ്' പദ്ധതിയും സഹായകമായിട്ടുണ്ട്. കൃഷിയിൽ നിന്നുള്ള ഉയർന്ന ഉത്പാദനം, ഉയർന്ന ഗുണമേന്മ, വരുമാന സ്ഥിരത എന്നിവ ഉറപ്പുവരുത്തുന്നതിന് കർഷകരുടെ നേതൃത്വത്തിൽ നടപ്പാക്കിവരുന്ന വിജ്ഞാന വ്യാപന പരിപാടിയാണ് 'ആത്മ'/'ആത്മ പ്ലസ് ' കർഷകരും ശാസ്ത്രജ്ഞരും തമ്മിലുള്ള സംവാദം, പ്രദർശന തോട്ടങ്ങൾ, കൃഷി അനുബന്ധ മേഖലകളിൽ നൽകുന്ന പരിശീലനം, സംസ്ഥാനത്തിനകത്തും പുറത്തുമായി സംഘടിപ്പിക്കുന്ന സൗജന്യ പഠന യാത്രകൾ എന്നീ ഘടകങ്ങൾ വഴി കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങൾ കർഷകരിൽ എത്തുന്നതിന് സാധിക്കുന്നു. കൂടാതെ കർഷക നൈപുണ്യ അവാർഡ് പദ്ധതി, കൃഷി അനുബന്ധ മേഖലയിൽ മികച്ച അവാർഡ് ലഭിച്ച കർഷകർ, കൃഷി ഉദ്യോഗസ്ഥർ എന്നിവർ ഒരുമിച്ച് സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഗവേഷണ സ്ഥാപനങ്ങൾ, ഫാമുകൾ എന്നിവ സന്ദർശിക്കുന്നതിന് അവസരവും ഒരുക്കുന്നുണ്ട്.

കൃഷിഭവന്റെ പ്രവർത്തനങ്ങൾ താഴെത്തട്ടിൽ എത്തിക്കുന്നതിനായി ഈ വർഷം മുതൽ വാർഡുതലത്തിൽ കർഷകസഭകളും ഞാറ്റുവേല ചന്തകളും സംഘടിപ്പിച്ചുവരുന്നു. കാർഷിക വികസനത്തിലും ആസൂത്രണത്തിലും കർഷകരെ പങ്കാളികളാക്കുക, ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ/ഉത്പാദനോപാധികൾ എന്നിവയുടെ ലഭ്യത ഉറപ്പാക്കുക, പ്രാദേശിക പ്രശ്നങ്ങൾ മനസ്സിലാക്കി അവയ്ക്ക് പ്രായോഗിക പരിഹാരം നിർദ്ദേശിക്കുക തുടങ്ങിയവയാണ് കർഷകസഭയുടെ ലക്ഷ്യങ്ങൾ.

(സി) കൃഷിക്ക് ആവശ്യമായ പ്രധാനഘടകങ്ങളായ വിത്ത്, വളം, ഉൽപ്പാദനോപാധികളുടെ ലഭ്യത, കീടരോഗ നിയന്ത്രണം, വിപണനം എന്നീ മേഖലകളിൽ കർഷകർക്ക് ആവശ്യമായ എല്ലാ സഹായവും കൃഷി വകുപ്പ് നൽകുന്നു.

കർഷകരുടെ പ്രധാന പ്രശ്നമായ കർഷകത്തൊഴിലാളിക്ഷാമം, വർദ്ധിച്ച കൂലിച്ചെലവ് എന്നിവ പരിഹരിക്കുന്നതിനായി കൃഷിഭവൻ തലത്തിൽ കാർഷിക കർമ്മസേനയും ബ്ലോക്ക്തലത്തിൽ അഗ്രോ സർവ്വീസ് സെന്ററും രൂപീകരിച്ച് പ്രവർത്തിക്കുന്നു.

വിളകൾക്കുണ്ടാകുന്ന രോഗ കീടബാധയ്ക്ക് പരിഹാരം നൽകുന്നതിന് കൃഷിഭവൻ തലത്തിൽ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിക്കുന്നു.

കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് വിപണി ഉറപ്പാക്കുന്നതിന് കാർഷിക വിപണികൾ, പച്ചക്കറി ക്ലസ്റ്റർ വിപണികൾ, ഇക്കോഷോപ്പുകൾ, ഗ്രാമീണ ആഴ്ച ചന്തകൾ തുടങ്ങിയവയും ഉത്സവ സീസണുകളിലും വിപണിയിൽ ഇടിവുണ്ടാകുന്ന സമയങ്ങളിലും കർഷകർക്ക് പരമാവധി വില നൽകുന്നതിനായി വിപണി വിലസ്ഥിരതാ പദ്ധതിയും നടപ്പിലാക്കുന്നു.

പ്രകൃതിക്ഷോഭമുണ്ടാകുന്ന സമയത്ത് കൃഷിയിടങ്ങളിൽ നേരിട്ടെത്തി സത്വരമായ വിലയിരുത്തലുകൾ നടത്തുകയും അർഹമായ നഷ്ടപരിഹാരം ലഭ്യമാക്കുന്നതിനുള്ള സത്വരനടപടികൾ സ്വീകരിക്കുകയും ചെയ്യുന്നു.

കൃഷി ഉദ്യോഗസ്ഥർ കർഷകർക്കാവശ്യമായ എല്ലാ സമയത്തും കൃഷിയിടങ്ങളിൽ നേരിട്ടെത്തി ആവശ്യമായ എല്ലാ സഹായവും ലഭ്യമാക്കുന്നു.

ഇത്തരത്തിൽ കൃഷി സംബന്ധമായ എല്ലാ ആവശ്യങ്ങൾക്കും കർഷകർക്ക് സഹായങ്ങൾ ലഭ്യമാക്കി കർഷകമിത്രമായി പ്രവർത്തിക്കാൻ കഴിയുന്നുണ്ട്.

(ഡി) കാർഷിക ഉൽപ്പാദനത്തിനുള്ള അസ്ഥിരതയ്ക്ക് പ്രധാന കാരണങ്ങൾ നൂതന സാങ്കേതികവിദ്യകളുടെ പ്രയോഗത്തിലുള്ള അപര്യാപ്തത, ഉന്നത നിലവാരമുള്ള മേൽത്തരം നടീൽവസ്തുക്കളുടെ ദൗർലഭ്യം, അശാസ്ത്രീയ വളപ്രയോഗം വിളകളെ ആക്രമിക്കുന്ന രോഗകീടബാധ, കർഷകത്തൊഴിലാളികളുടെ ദൗർലഭ്യംമൂലം കൃത്യസമയത്ത് വിവിധ കാർഷിക പ്രവർത്തനങ്ങൾ നടപ്പാക്കാൻ സാധിക്കാത്ത അവസ്ഥ, പ്രകൃതിക്ഷോഭംമൂലമുണ്ടാകുന്ന കൃഷി നാശം എന്നിവയാണ്. ഇവ പരിഹരിക്കുന്നതിനായി ഹൈടെക് അഗ്രികൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, കൃത്യതാ കൃഷി, ജൈവ കൃഷി രീതികളുടെ വ്യാപനം, വിള ആരോഗ്യ പരിപാലനം, മണ്ണ് പരിശോധനയും സോയിൽ ഹെൽത്ത് കാർഡ് വിതരണവും സംയോജിത വളപ്രയോഗം, സംയോജിത കീടരോഗ പരിപാലനം, അഗ്രോ സർവ്വീസ് സെന്ററുകൾ, കാർഷിക കർമ്മസേനകൾ മുതലായവ നടപ്പിലാക്കിവരുന്നു.

കാർഷികോൽപ്പന്നങ്ങളുടെ വിലസ്ഥിരതയ്ക്ക് വിപണനം ശക്തമാക്കുന്നതിനുള്ള സംവിധാനങ്ങൾ, വിലസ്ഥിരതയ്ക്ക് വിപണി ഇടപെടൽ പദ്ധതി, കാർഷികോൽപ്പന്നങ്ങളുടെ സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികൾ എന്നിവ നടപ്പിലാക്കുന്നു. കൂടാതെ പഞ്ചായത്തുതല കാർഷികവിപണികൾ, ഇക്കോഷോപ്പുകൾ എന്നിവ പ്രോത്സാഹിപ്പിച്ച് പ്രാദേശിക കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം ഒരുക്കുന്നു. ഇതുവഴി കർഷകർക്ക് സാമ്പത്തികലാഭം ഉറപ്പുവരുത്തുന്നതിനും കൃഷിയെ സ്ഥിരതയും അന്തസ്സും അഭിമാനവുമുള്ള ഒരു ഉപജീവനമാർഗ്ഗമാക്കി മാറ്റുന്നതിനും സാധിക്കുന്നു.

## കുടുംബശ്രീ മൈക്രോ യൂണിറ്റുകൾ

16 (*256) ശ്രീ. കെ. മുരളീധരൻ :
ശ്രീ. അനൂപ് ജേക്കബ് :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ മൈക്രോ യൂണിറ്റുകൾ വിപുലീകരിക്കുവാൻ സർക്കാർ നൽകുന്ന സഹായങ്ങൾ എന്തൊക്കെയാണ്; ഈ സാമ്പത്തിക വർഷം ഇതിനായി എന്ത് തുകയാണ് വകയിരുത്തിയിട്ടുള്ളത് ;

(ബി) സമാന സ്വഭാവമുള്ള മൈക്രോ യൂണിറ്റ് സംരംഭങ്ങളെ ക്ലസ്റ്റർ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും ഉല്പാദക കമ്പനികൾ ആരംഭിക്കുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(സി) ജീവനം എന്ന പേരിലുള്ള ക്യാമ്പയിൻ വിജയപ്രദമാണോ;

(ഡി) വരുമാനദായകങ്ങളായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകൾക്ക് എത്രമാത്രം സാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ഇ) സംരംഭങ്ങൾ സ്ഥിരമായി സന്ദർശിച്ച് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും മാർഗ്ഗനിർദ്ദേശം നൽകുന്നതിനും നിലവിലുള്ള സംവിധാനമെന്താണ്; പ്രസ്തുത സംവിധാനം കൂടുതൽ മെച്ചപ്പെടുത്തി കുടുംബശ്രീ മൈക്രോ യൂണിറ്റുകളെ വിപുലീകരിക്കുന്നതിന് തുടർനടപടി സ്വീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കുടുംബശ്രീ മൈക്രോ എന്റർപ്രൈസസ് യൂണിറ്റുകൾ വിപുലീകരിക്കുവാനും പുതിയവ തുടങ്ങുവാനും കുടുംബശ്രീ വഴി സ്റ്റാർട്ട് അപ് ഫണ്ട്, പലിശ സബ്സിഡി, ടെക്നോളജി ഫണ്ട്, ടെക്നോളജി അപ്ഗ്രഡേഷൻ ഫണ്ട്,

രണ്ടാംഘട്ട ധനസഹായം, റിവോൾവിംഗ് ഫണ്ട്, ക്രൈസിസ് മാനേജ്മെന്റ് ഫണ്ട്, ഇന്നവേഷൻ ഫണ്ട്, മൂലധന സബ്സിഡി എന്നീ ഫണ്ടുകൾ ജില്ലാ-സംസ്ഥാനമിഷനുകൾവഴി നൽകി വരുന്നു. ഇതിലേയ്ക്കായി ഈ സാമ്പത്തിക വർഷം 9.50 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്.

(ബി) സമാന സ്വഭാവമുള്ള മൈക്രോ യൂണിറ്റ് സംരംഭങ്ങളെ ക്ലസ്റ്റർ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിന്റെ ഭാഗമായി 19 കോമൺ ഫെസിലിറ്റി സെന്ററുകൾ (സി.എഫ്.സി.) വിവിധ ജില്ലകളിൽ ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിലേയ്ക്കായി 6.98 കോടി രൂപ നീക്കിവെച്ചിട്ടുണ്ട്. സി.എഫ്.സി.കൾ ആരംഭിക്കുന്നതിനുള്ള കെട്ടിടങ്ങൾ കണ്ടെത്തുകയും പ്രൊപ്പോസലുകൾക്ക് ടെക്നിക്കൽ കമ്മിറ്റിയുടെ അംഗീകാരം ലഭിക്കുകയും ചെയ്തിട്ടുണ്ട്. മെഷീനറികളും മറ്റും വാങ്ങുന്നതിനുള്ള ഇ-ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. ഗുണഭോക്താക്കൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(സി) അതെ.

(ഡി) ഉണ്ട്. വരുമാനദായകങ്ങളായ പുതിയ പ്രവർത്തനങ്ങൾ ഏറ്റെടുക്കാനും വിജയിപ്പിക്കാനും കുടുംബശ്രീ യൂണിറ്റുകൾക്ക് സാധിച്ചിട്ടുണ്ട്. കുടുംബശ്രീയുടെ നേതൃത്വത്തിൽ ആരംഭിച്ച 90 ശതമാനം സംരംഭങ്ങളും വരുമാനദായകങ്ങളാണ്.

(ഇ) ഓരോ ജില്ലയിലും സി.ഡി.എസ്.-കൾക്ക് കീഴിലുള്ള മൈക്രോ എന്റർപ്രൈസസ് കൺസൾട്ടന്റുമാർ യൂണിറ്റുകളിൽ നേരിട്ടുപോയി പ്രവർത്തനങ്ങൾ വിലയിരുത്തുകയും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തുവരുന്നു. പ്രസ്തുത സംവിധാനം കൂടുതൽ മെച്ചപ്പെടുത്തുന്നതിനായി മൊബൈൽ ആപ്ലിക്കേഷനും വെബ്സൈറ്റും ജൂലൈ ആദ്യവാരത്തോടുകൂടി ആരംഭിക്കുന്നതാണ്.

**തെരുവോര കച്ചവടക്കാരെ പുനരധിവസിപ്പിക്കാൻ പദ്ധതി**

17 (*257) ശ്രീ. പി. കെ. ശശി :

ശ്രീ. ജോൺ ഫെർണാണ്ടസ് :

ശ്രീ. സി. കൃഷ്ണൻ :

ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ വഴിയോര കച്ചവട (ഉപജീവന)സംരക്ഷണ നിയന്ത്രണ നിയമം സംസ്ഥാനത്ത് തെരുവോരക്കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന കാൽ ലക്ഷത്തോളം ആളുകളുടെ ഉപജീവനോപാധിക്ക് ഭീഷണിയാകാ

നിടയുണ്ടെന്ന ആശങ്ക ദൂരീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഈ നിയമത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ചട്ടം തയ്യാറായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കച്ചവടക്കാരെ പുനരധിവസിപ്പിക്കാനും പുനർവിന്യ സിപ്പിക്കാനും പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) തെരുവോരകച്ചവടക്കാർക്ക് നൈപുണ്യ വികസനത്തിനും ബ്രാൻഡിംഗിനും കുടുംബശ്രീ വഴി നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ദേശീയ തെരുവ് കച്ചവട നിയമം 2014 (തെരുവ് കച്ചവട സംരക്ഷണവും നിയന്ത്രണവും) നടപ്പാക്കുന്നതുവഴി നിലവിൽ കച്ചവടത്തിൽ ഏർപ്പെട്ടിരിക്കുന്ന യഥാർത്ഥ തെരുവ് കച്ചവടക്കാരുടെ ജീവനോപാധിക്ക് ഭീഷണിയുണ്ടാകുന്നില്ല. സംസ്ഥാനത്തെ നഗരസഭകൾ സർവ്വേ നടത്തി കണ്ടെത്തിയിരുന്ന 22280 തെരുവ് കച്ചവടക്കാരിൽ അർഹരായ 10123 പേർക്ക് തിരിച്ചറിയൽ കാർഡ് നൽകിക്കഴിഞ്ഞു. ദേശീയ തെരുവ് കച്ചവട നിയമത്തെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിലേയ്ക്കായി തെരുവ് കച്ചവടക്കാർക്കായി ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നു. അസംഘടിത തൊഴിൽ മേഖലയിൽ പ്രവർത്തിക്കുന്ന തെരുവോര കച്ചവടക്കാരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുക എന്ന ലക്ഷ്യത്തോടെ തെരുവോര കച്ചവടക്കാരുടെ പുനരധിവാസം സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച നിയമത്തിന് അനുസൃതമായി 12-3-2018-ലെ ഉത്തരവ് നമ്പർ (പി)15/2018 തസ്വഭവ പ്രകാരം The Kerala Street Vendors (Protection of livelihod ആൻഡ് Regulation of Street Vending) Rules, 2018 എന്ന പേരിൽ സംസ്ഥാനതല ചട്ടം പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) തെരുവോര കച്ചവടക്കാരെ പുനരധിവസിപ്പിക്കാനും പുനർവിന്യസിപ്പിക്കാനുമായി അതത് നഗരസഭകളാണ് പദ്ധതി തയ്യാറാക്കേണ്ടത്. നിലവിൽ കാസർഗോഡ്, കോഴിക്കോട് എന്നീ നഗരസഭകൾ ടി ആവശ്യത്തിലേയ്ക്ക് നഗര തെരുവ് കച്ചവട വികസന പദ്ധതി നിർദ്ദേശം തയ്യാറാക്കിയിട്ടുണ്ട്.

(സി) തെരുവോര കച്ചവടക്കാർക്കാവശ്യമായ നൈപുണ്യ വികസനത്തിനുള്ള ആർ.പി.എൽ. (Recognition and Prior Learning) പരിശീലനം (മുൻ പരിചയം സാക്ഷ്യപ്പെടുത്തൽ) ബന്ധപ്പെട്ട നഗരസഭകളിൽത്തന്നെ സംഘടിപ്പിക്കുന്നതിന് ഈ മേഖലയിൽ പ്രാവീണ്യം നേടിയിട്ടുള്ള കേരള ഗവൺമെന്റ് സ്ഥാപനമായ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (KITTS)മായി കുടുംബശ്രീ കരാറിലേർപ്പെട്ടിട്ടുണ്ട്. ടി കരാർ പ്രകാരം നാല് ദിവസം നീണ്ടുനിൽക്കുന്ന നൈപുണ്യ വികസന പരിശീലനം ടി സ്ഥാപനം തെരുവോര കച്ചവടക്കാർക്ക് നൽകുന്നതാണ്. തെരുവോര കച്ചവടം ചെയ്യുന്നവരിൽ ആഹാര സാധനങ്ങൾ വിൽക്കുന്നവരെ (തട്ട് കട) ബ്രാന്റ് ചെയ്യുന്നതിനും ഉദ്ദേശിക്കുന്നുണ്ട്.

**അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി**

18 (*258) ശ്രീ. ബി.സത്യൻ :
ശ്രീ. കെ. ജെ. മാക്സി :
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏതെല്ലാം പ്രവൃത്തികളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പ്രസ്തുത പദ്ധതിയിലെ തൊഴിലാളികൾക്കുള്ള വേതനം വർദ്ധിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) കൂടുതൽ പ്രവൃത്തികൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാർ പ്രസ്തുത പദ്ധതി മുഖേന കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ എന്നും നടപ്പുസാമ്പത്തിക വർഷം ഇതിനായി എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്തെ നഗരപ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി നടത്തിപ്പിലേക്കായി പുറപ്പെടുവിച്ചിട്ടുള്ള നിലവിലുള്ള മാർഗ്ഗരേഖപ്രകാരം ചുവടെ

പറയുന്ന പ്രവൃത്തികൾ പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്:

1. അടിയണകൾ, മൺതടയണകൾ, സ്റ്റോപ്പ്ഡാം (അണകൾ), ചെക്ക് ഡാമുകൾ, കിണർ റീചാർജ്ജിംഗ്, ഗള്ളിപ്ലഗ്ഗിംഗ്, ബ്രഷ് വുഡ് തടയണ, ഗാബിയോൺ തടയണ, കല്ലെടുക്ക് തടയണ, മഴക്കുഴി, ജലാഗിരണ ട്രഞ്ച്, കോണ്ടൂർ ട്രഞ്ച്, കോണ്ടൂർ മൺബണ്ട്, കല്ല് കയ്യാല, സ്റ്റാഗേർഡ്, കൊണ്ടൂർ ബണ്ട്, കുളങ്ങളുടെ പുനരുദ്ധാരണം, റീചാർജ്ജ് കുഴികൾ, കിണർ നിർമ്മാണം തുടങ്ങിയ കുടിവെള്ള സ്രോതസ്സുകൾ ഉൾപ്പെടെയുള്ള ഭൂഗർഭ ജലവിതാനം ഉയർത്തുന്നതിന് ആവശ്യമായ പ്രവൃത്തികൾ.

2. സൂക്ഷ്മ ചെറുകിട ജലസേചന പ്രവൃത്തികളുടെ ഭാഗമായി തോടുകൾ, കനാൽ എന്നിവയുടെ നിർമ്മാണം, പുനരുദ്ധാരണം, ലിഫ്റ്റ് ഇറിഗേഷൻ, കനാൽവശ ഭിത്തികൾ ലീക്ക് തടയുന്നതിനായി ലൈൻ ചെയ്യൽ തുടങ്ങിയ പ്രവൃത്തികൾ.

3. വരൾച്ച പ്രതിരോധിക്കുന്നതിന്റെ ഭാഗമായി കടലോരങ്ങളിലും കുളങ്ങളുടെ അരികിലും കനാൽ ബണ്ടുകളിലും റോഡുകളുടെ ഓരത്തിലും വനഭൂമിയിലും മറ്റ് പൊതുഭൂമിയിലും ഫലവൃക്ഷങ്ങൾ അടക്കമുള്ള മരം വച്ച് പിടിപ്പിക്കലും വനവൽക്കരണ പ്രവൃത്തികളും.

4. പഴകൃഷി, പട്ടുനൂൽകൃഷി, തോട്ടവിള കൃഷി, പുഷ്പകൃഷി, ഔഷധകൃഷി, ഫാം ഫോറസ്ട്രി എന്നിവയിലൂടെ അജീവനം മെച്ചപ്പെടുത്തൽ. പൊതു-സ്വകാര്യ ഭൂമിയിലെ ഭൂവികസന പ്രവൃത്തികളുടെ ഭാഗമായി തരിശുഭൂമി കൃഷിയോഗ്യമാക്കൽ, കമ്പോസ്റ്റ് കുഴികൾ, സ്റ്റോപ്പ് കമ്പോസ്റ്റ്, വെർമി കമ്പോസ്റ്റ്, മണ്ണിര കമ്പോസ്റ്റിംഗ്, അസോള കൃഷി എന്നിവ നടപ്പാക്കൽ

5. കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ആവിഷ്കരിക്കുന്ന ഭവന നിർമ്മാണ പദ്ധതികൾ (PMAY, LIFE) പ്രകാരം ഏറ്റെടുക്കാവുന്ന ഭവന നിർമ്മാണത്തിലെ അവിദഗ്ധ കായിക തൊഴിൽ ഘടകവും നിർമ്മാണ സാമഗ്രികളുടെ ഉത്പ്പാദനവും

6. മൃഗപരിപാലനം പ്രോത്സാഹിപ്പിക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ കോഴിക്കൂട്, ആട്ടിൽകൂട്, പന്നിക്കൂട്, തൊഴുത്ത്, പുൽത്തൊട്ടി എന്നിവയുടെ നിർമ്മാണം.

7. മത്സ്യബന്ധന പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന അടിസ്ഥാന സൗകര്യങ്ങളായ മത്സ്യം ഉണക്കുന്ന കേന്ദ്രങ്ങൾ, മത്സ്യം സൂക്ഷിക്കുന്ന കേന്ദ്രങ്ങൾ എന്നിവ നിർമ്മിക്കലും വർഷകാലത്ത് മാത്രം വെള്ളം ഉണ്ടാകുന്ന പൊതുകുളങ്ങളിൽ മത്സ്യം വളർത്തൽ.

8. സർക്കാർ നിർദ്ദേശിക്കപ്പെട്ട മാനദണ്ഡങ്ങൾക്ക് അനുസൃതമായി ഖര-ദ്രവ മാലിന്യ ശേഖരണവും സംസ്കരണവും.

9. തുറസ്സായ സ്ഥലങ്ങളിൽ മലമൂത്ര വിസർജ്ജനം ഇല്ലാതാക്കുന്നതിനുവേണ്ടി സ്വതന്ത്രമായോ സർക്കാർ വകുപ്പുകളുടെ ഇതര പദ്ധതികളുമായി സംയോജിപ്പിച്ചുകൊണ്ടോ വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലറ്റുകൾ, അങ്കണവാടി ടോയ്‌ലറ്റുകൾ എന്നിവയുടെ നിർമ്മാണം.

10. വെള്ളപ്പൊക്ക നിയന്ത്രണ സംരക്ഷണ പ്രവൃത്തികളായ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനുവേണ്ടിയുള്ള ജലനിർഗ്ഗമന പ്രവൃത്തികൾ, മഴവെള്ളം കെട്ടിനിൽക്കുന്ന താഴ്ന്ന പൊതുസ്ഥലങ്ങളുടെ മെച്ചപ്പെടുത്തൽ, തീരപ്രദേശങ്ങളുടെ സംരക്ഷണത്തിനുള്ള സ്റ്റോംവാട്ടർ ഡ്രെയിനേജുകൾ റോഡുകളുടെ പുനരുദ്ധാരണം, ദുരന്ത പ്രതിരോധ തയ്യാറെടുപ്പുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പ്രവൃത്തികൾ

11. വനിത സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷനുകൾ, കൊടുങ്കാറ്റ് ബാധിതർക്കുള്ള അഭയകേന്ദ്രങ്ങൾ, അങ്കണവാടി കേന്ദ്രങ്ങൾ, പൊതുചന്തകൾ, എ.ഡി.എസ്/സി.ഡി.എസ് എന്നിവയ്ക്കുള്ള കെട്ടിടം, കാർഷികോത്പ്പാദന സംഭരണ കേന്ദ്രം, സ്കൂളുകൾ ഉച്ചഭക്ഷണം പാചകം ചെയ്യുന്നതിനുള്ള കെട്ടിടം, ശ്മശാന നിർമ്മാണം, നിലവിലെ നഗരസഭാ കെട്ടിടങ്ങളുടെ എക്സ്റ്റൻഷൻ എന്നിവ ഉൾപ്പെടെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണം, സർക്കാർ സ്കൂളുകൾക്ക് ചുറ്റുമതിൽ നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ

12. അയ്യങ്കാളി നഗര തൊഴിലുറപ്പുനിയമപ്രകാരം സൃഷ്ടിക്കപ്പെട്ട പൊതു ആസ്തികളുടെ അറ്റകുറ്റപ്പണികൾ

13. സംസ്ഥാന സർക്കാരുമായി കൂടിയാലോചന നടത്തി വിജ്ഞാപനം ചെയ്യുന്ന ഏതൊരു പ്രവൃത്തിയും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ ഏറ്റെടുത്ത് നടത്താവുന്നതാണ്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ പണിയെടുക്കുന്ന തൊഴിലാളികൾക്ക് രണ്ട് പ്രാവശ്യം വേതനം വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്. 23-8-2016-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ 10-ാമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗം 1-8-2016 മുതൽ തൊഴിലാളികളുടെ വേതനം 229 രൂപയിൽനിന്നും

240 രൂപയാക്കി വർദ്ധിപ്പിക്കുന്നതിന് ശിപാർശ ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഡയറക്ടർ പുറപ്പെടുവിച്ച ഉത്തരവിന് 8-12-2016-ലെ സ.ഉ. (സാധാ) നമ്പർ 3357/2016/തസ്വഭവ പ്രകാരം സർക്കാർ സാധൂകരണം നൽകുകയുണ്ടായി.

30-5-2017-ലെ അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതിയുടെ 13-ാമത് സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗ തീരുമാനപ്രകാരം പദ്ധതിയിൻകീഴിലെ തൊഴിലാളികളുടെ വേതനം 240 രൂപയിൽനിന്നും 258 രൂപയായി വർദ്ധിപ്പിക്കുന്നതിന് തീരുമാനിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടറുടെ 9-6-2017-ലെ ഡിസി3-13667/2017 നമ്പർ ഉത്തരവുപ്രകാരം 1-4-2017 മുതൽ വേതനം 258 രൂപയായി വർദ്ധിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിൽ ഏറ്റെടുത്ത് നടത്താവുന്ന പ്രവൃത്തികൾ പുതുക്കി നിശ്ചയിച്ചുകൊണ്ട് 3-11-2017-ലെ സ.ഉ.(കൈ) നമ്പർ 216/2017/തസ്വഭവ നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ ശിപാർശ ചെയ്യുന്നതനുസരിച്ച് കൂടുതൽ പ്രവൃത്തികൾ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(ഡി) എല്ലാ മാസവും നഗരകാര്യ വകുപ്പ് മുഖേന നടത്തിവരുന്ന പദ്ധതി അവലോകന യോഗത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയുടെ പ്രവർത്തനങ്ങൾ പ്രത്യേക അജണ്ടയിൽ ഉൾപ്പെടുത്തി പുരോഗതി അവലോകനം നടത്തിവരുന്നു. കൂടാതെ അയ്യങ്കാളി സംസ്ഥാന തൊഴിലുറപ്പ് കൗൺസിൽ യോഗത്തിലും പുരോഗതി അവലോകനം നടത്തിവരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. കഴിഞ്ഞ മൂന്ന് വർഷത്തിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻ കീഴിൽ സൃഷ്ടിച്ച തൊഴിൽ ദിനങ്ങൾ ചുവടെ ചേർക്കുന്നു:

| വർഷം | സൃഷ്ടിച്ച തൊഴിൽദിനങ്ങൾ |
|---|---|
| 2015-16 | 3,05,206 |
| 2016-17 | 3,65,451 |
| 2017-18 | 8,46,432 |

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി നടത്തിപ്പിനായി 2018-19 സാമ്പത്തിക വർഷം 50 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

## കാർഷികമേഖലയിലെ പദ്ധതികളുടെ നടത്തിപ്പ്

19(*259) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷമുള്ള ബഡ്ജറ്റുകളിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) പ്രഖ്യാപിക്കപ്പെട്ട പദ്ധതികളിൽ നടപ്പിലാക്കുവാൻ സാധിക്കാത്തവ ഏതെല്ലാമാണെന്നും നടപ്പിലാക്കുവാൻ സാധിക്കാത്തതിന്റെ കാരണം എന്താണെന്നും പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷമുള്ള ബഡ്ജറ്റുകളിൽ കാർഷിക മേഖലയുമായി ബന്ധപ്പെട്ട് പ്രഖ്യാപിക്കപ്പെട്ട പദ്ധതികളുടെ നടത്തിപ്പ് സംബന്ധിച്ച് സമയാസമയങ്ങളിൽ വിലയിരുത്തൽ നടത്തുന്നുണ്ട്. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾക്ക് കൃഷി വകുപ്പ് നൽകുന്ന പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് ഭരണാനുമതി ലഭ്യമാക്കുമ്പോൾ കൃഷി വകുപ്പിന്റെ വിവിധതലങ്ങളിലൂടെ പദ്ധതി നടപ്പിലാക്കുന്നു. ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ പൂർത്തീകരണം ബ്ലോക്ക് തലത്തിൽ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരും ജില്ലാതലത്തിൽ ബന്ധപ്പെട്ട നോഡൽ കൃഷി ഡെപ്യൂട്ടി ഡയറക്ടർമാരും പ്രിൻസിപ്പൽ കൃഷി ഓഫീസർമാരും സംസ്ഥാനതലത്തിൽ ബന്ധപ്പെട്ട നോഡൽ കൃഷി അഡീഷണൽ ഡയറക്ടർമാരും മോണിറ്റർ ചെയ്ത് ഉറപ്പുവരുത്തുന്നു. സർക്കാർ തലത്തിലും ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികളുടെ നടത്തിപ്പിനെ സംബന്ധിച്ച് സമയാസമയങ്ങളിൽ വിലയിരുത്തൽ നടത്തുന്നുണ്ട്. ഇതിനുപുറമെ മന്ത്രിതലത്തിൽ തന്നെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ വിലയിരുത്തൽ നടത്തിവരുന്നുണ്ട്.

(ബി) 2016-17 ലെ സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റ് പ്രസംഗത്തിലെ നടപ്പിലാക്കാൻ സാധിക്കാതിരുന്ന നിർദ്ദേശങ്ങൾ

- നാളികേര പ്രൊഡ്യൂസർ കമ്പനികളുമായി ബന്ധപ്പെടുത്തിക്കൊണ്ട് നാളികേര പാർക്കുകൾ ആരംഭിക്കുന്നതാണ്.

  നാളികേരത്തിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് കോക്കനട്ട് അഗ്രോപാർക്ക് കുത്താളി ഫാമിലും വേങ്ങേരി കാർഷിക മൊത്തവ്യാപാര വിപണന കേന്ദ്രത്തിലും ആരംഭിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- <u>വെളിച്ചെണ്ണയുടെ നികുതിയിൽനിന്നും കിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകും</u>

  വെളിച്ചെണ്ണയുടെ നികുതിയിൽനിന്നും കിട്ടുന്ന വരുമാനം നാളികേര കർഷകർക്ക് സബ്സിഡിയായി നൽകുന്നത്. ജി.എസ്.ടി.-യുടെ വരവോടെ നികുതി ഘടനയിൽ മാറ്റം ഉണ്ടായതിനാൽ തൽക്കാലം പരിഗണിക്കുവാൻ നിർവ്വാഹമില്ല.

- <u>കാർഷികോൽപ്പന്നങ്ങളുടെ വിപണനത്തിനുള്ള സമഗ്ര ഇടപെടലിനായി കേരള അഗ്രികൾച്ചർ മാർക്കറ്റ് പ്രൊജക്ട് പുതുതായി ആരംഭിക്കും.</u>

  2017-18 സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ അഗ്രോ സൂപ്പർ ബസ്സാർ ആരംഭിച്ചു. കൂടാതെ കേരളത്തിലെ കാർഷിക വിപണന മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കുന്ന ഒരു പദ്ധതി രൂപീകരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- <u>ഇടുക്കിയിലും വയനാട്ടിലും ഓരോ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതാണ്.</u>

  നാബ്കോൺ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഇടുക്കി ജില്ലയിൽ സ്പൈസസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

- <u>പച്ചക്കറി പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം</u>

  പച്ചക്കറി പ്രൊഡ്യൂസർ കമ്പനികൾ രൂപീകരിക്കുന്നതിനുള്ള ഡിപി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

  <u>2017-18 സാമ്പത്തിക വർഷത്തെ പുതിയ ബഡ്ജറ്റ് പ്രസംഗത്തിലെ നടപ്പാക്കാൻ സാധിക്കാതിരുന്ന നിർദ്ദേശങ്ങൾ</u>

- <u>മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്കായി 14 അഗ്രോപാർക്കുകൾ KIIFB-യിൽ നിന്നുള്ള ഫണ്ട് ഉപയോഗിച്ച് സ്ഥാപിക്കുന്നതിന്റെ ഭാഗമായി നാളികേരത്തിന്റെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ലക്ഷ്യമിട്ട് കൂടുതൽ പ്രൊഡ്യൂസർ കമ്പനികൾക്ക് രൂപം നൽകൽ</u>

  അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് ഡെവലപ്മെന്റ് കോർപ്പറേഷൻ മുഖാന്തരം കിഫ്ബിയിൽനിന്നും ഫണ്ട് ലഭിക്കുന്നതിനുള്ള പദ്ധതി സമർപ്പിക്കുകയും 100 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ചെയ്തു. നടപടികൾ പുരോഗമിച്ചുവരുന്നു. കൂടുതൽ പ്രൊഡ്യൂസർ കമ്പനികളുടെ രൂപീകരണം സർക്കാർ സജീവമായി പരിഗണിക്കുന്നുണ്ട്.

## മാലിന്യ സംസ്കരണത്തിന് ഹരിത കർമ്മസേന

20(*260) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുമ്പൊരിക്കലും കാണാത്ത വിധത്തിൽ പുതിയ രോഗങ്ങൾ പ്രത്യക്ഷപ്പെടുന്നതിനും വ്യാപിക്കുന്നതിനും കാരണം മാലിന്യ സംസ്കരണത്തിൽ നമുക്കുണ്ടായ വീഴ്ചയും അശ്രദ്ധയുമാണെന്നത് പരിഗണിച്ച് അതിന് ഒരു ശാശ്വതപരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയപ്രദമാണോ എന്ന് വ്യക്തമാക്കാമോ;

(സി) തദ്ദേശതലത്തിൽ ഹരിത കർമ്മസേന രൂപീകരിക്കുന്നതിനുള്ള നടപടികൾ പ്രാവർത്തികമാക്കിയിട്ടുണ്ടോ;എങ്കിൽ അവർ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ഡി) നിലവിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ ഫണ്ടിൽ എത്ര ശതമാനം തുക മാലിന്യ സംസ്കരണ പ്രോജക്ടുകൾക്കായി വകയിരുത്തിയിട്ടുണ്ട്; ആയത് വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;വിശദാംശം ലഭ്യമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) സംസ്ഥാനത്ത് പ്രത്യക്ഷപ്പെട്ട ചില പുതിയ വൈറൽരോഗങ്ങൾ മാലിന്യത്തിൽ നിന്നുമാത്രം ഉത്ഭവിക്കുന്നതാണെന്ന് അനുമാനിക്കാൻ കഴിയില്ല. എന്നാൽ മാലിന്യം കുന്നുകൂടുന്നത് പകർച്ചവ്യാധികൾ പെട്ടന്ന് പടരുന്നതിന് ഒരു കാരണമാണെന്നതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്. ഹരിത കേരളം മിഷന്റെ ശുചിത്വ-മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽ വിവിധ മാലിന്യസംസ്കരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി പ്രവർത്തിക്കുന്ന ഏഴ് കേന്ദ്രീകൃത ഖരമാലിന്യ സംസ്കരണ പ്ലാന്റുകൾ (waste to Energy Plants) സ്ഥാപിക്കുന്നതിനും നടപടികളാരംഭിച്ചിട്ടുണ്ട്.

(ബി) ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റി തലങ്ങളിൽ ഉറവിട മാലിന്യ സംസ്കരണത്തിനായുള്ള വിവിധ പദ്ധതികൾ വിജയപ്രദമായി നടപ്പിലാക്കി വരുന്നുണ്ട്. ഇതിന്റെ ഫലമായി ജൈവമാലിന്യങ്ങൾ പൊതു ഇടങ്ങളിൽ വലിച്ചെറിയുന്നതിന്റെയും അതുവഴി മാലിന്യം കുന്നുകൂടുന്നതിന്റെയും അളവിൽ കുറവ് വന്നിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനതലത്തിൽ വിവിധശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകൾ ഇതിനകം ആവശ്യാനുസരണം സ്ഥാപിച്ചുവരുന്നുണ്ട്. കമ്മ്യൂണിറ്റി തലത്തിൽ കമ്പോസ്റ്റിംഗ് ചെയ്യുന്നതിന് തുമ്പൂർമൂഴി മാതൃകയിലെ എയ്റോബിക് ബിന്നുകളും വലിയ ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചുവരുന്നുണ്ട്. ആലപ്പുഴ നഗരസഭയിലെ ഉറവിട മാലിന്യ സംസ്കരണ പദ്ധതി വിജയകരവും ഫലപ്രദവുമായി നടപ്പിലാക്കുകയും നിരവധി അവാർഡുകൾ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ഇതേ മാതൃകയിലാണ് ഇതര തദ്ദേശഭരണ സ്ഥാപനങ്ങളും പദ്ധതി നടപ്പിലാക്കി വരുന്നത്.

(സി) ഉണ്ട്. തദ്ദേശഭരണ സ്ഥാപന പ്രദേശത്തെ മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഫീൽഡുതല പ്രവർത്തനങ്ങൾ നടത്തുന്നതിനായി സജ്ജമാക്കിയ സംഘടനാ സംവിധാനമാണ് ഹരിത കർമ്മസേന. സംസ്ഥാനത്ത് ആകെ 929 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഹരിതകർമ്മ സേന രൂപീകരിക്കുകയും 20494 സേനാംഗങ്ങൾക്ക് പരിശീലനം നൽകുകയും ചെയ്തിട്ടുണ്ട്. മറ്റിടങ്ങളിലും ഹരിത കർമ്മസേന രൂപീകരിച്ചു വരുന്നുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ രൂപീകരിക്കപ്പെടുന്ന ഹരിത കർമ്മസേന എല്ലാ വീടുകളും സ്ഥാപനങ്ങളും സന്ദർശിച്ച് ഉറവിട ജൈവമാലിന്യ പരിപാലത്തിന് വേണ്ട സഹായം നൽകുകയും നിശ്ചിത ഇടവേളകളിൽ അജൈവമാലിന്യം ശേഖരിച്ച് പുനഃചംക്രമണത്തിനായി കൈമാറുകയും ചെയ്യുന്നു.

(ഡി) നഗരസഭകൾ പൊതു വിഭാഗം വികസന ഫണ്ടിലെ സാധാരണ വിഹിതത്തിൽ നിന്ന് ഏറ്റവും കുറഞ്ഞത് 15 ശതമാനമെങ്കിലും മാലിന്യ സംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരളം പ്രോജക്ടുകൾക്ക് വകയിരുത്തേണ്ടതാണ്. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്തുകൾ, പൊതുവിഭാഗം ഫണ്ടിലെ സാധാരണ വിഹിതത്തിൽനിന്നും ഏറ്റവും കുറഞ്ഞത് പത്ത് ശതമാനമെങ്കിലും മാലിന്യസംസ്കരണത്തിനും ജലസംരക്ഷണത്തിനും പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിത കേരള മിഷൻ പ്രോജക്ടുകൾക്ക് വകയിരുത്തണം. ഇതുപ്രകാരം നഗരസഭകൾ 15 ശതമാനവും ഗ്രാമ, ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ പത്ത് ശതമാനവും തുക വകയിരുത്തിവരുന്നു. പ്രസ്തുത തുക വർദ്ധിപ്പിക്കുന്ന കാര്യം നിലവിൽ പരിഗണനയിൽ ഇല്ല.

## തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കുന്ന വിനോദനികുതി

21(*261) ശ്രീ. എൽദോ എബ്രഹാം :
ശ്രീ. സി. ദിവാകരൻ :
ശ്രീ. ജി. എസ്. ജയലാൽ :
ശ്രീമതി ഗീതാ ഗോപി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കിയിരുന്ന വിനോദനികുതി ജി. എസ്. ടി. നിലവിൽ വന്നതിന് ശേഷം ഈടാക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) ജി. എസ്. ടി. നിയമത്തിൽ വിനോദനികുതി ഈടാക്കുന്നത് സംബന്ധിച്ച വ്യവസ്ഥകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക പരാധീനതകൾ കണക്കിലെടുത്ത് വിനോദനികുതി പിരിക്കുന്നതിനുള്ള അവകാശം തിരികെ നല്കുന്നതിന് നടപടി സ്വീകരിക്കുമോ ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ജി.എസ്.ടി. നിലവിൽ വന്നതോടെ തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിച്ചിരുന്ന വിനോദനികുതി കേരളത്തിൽ പിരിക്കേണ്ടതില്ലെന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്. 24-6-2017-ലെ സ.ഉ.(കൈ)123/2017/ത.സ്വ.ഭ.വ നമ്പർ പ്രകാരം 2017 ജൂലൈ 1 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കി വന്നിരുന്ന വിനോദ നികുതി ഒഴിവാക്കിയിട്ടുള്ളതാണ്.

(ബി) ജി.എസ്.ടി. നടപ്പാക്കുന്നതുമായി ബന്ധപ്പെട്ട 101-ാം ഭരണഘടനാ ഭേദഗതി പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കുന്നതല്ലാത്ത വിനോദനികുതികൾ ജി.എസ്.ടി.-യിൽ ലയിപ്പിച്ചിട്ടുണ്ട്. ആയതിനാൽ ജി.എസ്.ടി.-ക്കുപുറമെ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിനോദനികുതി ഈടാക്കാൻ നിലവിൽ നിയമ തടസ്സമില്ല. എന്നാൽ കേരളത്തിൽ വിനോദനികുതി തദ്ദേശഭരണ സ്ഥാപനങ്ങൾ പിരിക്കേണ്ടതില്ല എന്ന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങൾ അഴിമതിരഹിതവും ജനസൗഹൃദവുമാക്കാൻ നടപടി

22(*262) ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. ആർ. രാമചന്ദ്രൻ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗ്രാമപഞ്ചായത്ത് ഓഫീസുകളും നഗരകാര്യ ഓഫീസുകളും അഴിമതിരഹിതവും ജനസൗഹൃദവുമാക്കാൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ബി) കെട്ടിട നിർമ്മാണത്തിന് അനുമതി നല്കുന്നതിൽ അനാവശ്യമായ കാലതാമസം വരുത്തി ജനങ്ങളെ ബുദ്ധിമുട്ടിക്കുന്നുവെന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ സേവനാവകാശ നിയമം, പൗരാവകാശങ്ങൾ, വിവരാവകാശ നിയമം എന്നിവ ഫലപ്രദമായും കാര്യക്ഷമമായും നടപ്പാക്കുന്നു എന്നുറപ്പുവരുത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ;

(ഡി) ഉദ്യോഗസ്ഥരുടെ പെരുമാറ്റം സഭ്യവും മാന്യവും ആണോയെന്ന് പരിശോധിക്കുന്നതിന് സംവിധാനമുണ്ടോ;

(ഇ) പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും ജീവനക്കാർ യഥാസമയം നല്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജനപക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനമെന്ന നിലയിൽ "ഫോർ ദ പീപ്പിൾ" പദ്ധതി നിലവിലുണ്ട്. എല്ലാ

ഗ്രാമപഞ്ചായത്ത് ഓഫീസുകളിലും ഗ്രാമപഞ്ചായത്തുകളിൽ നടക്കുന്ന അഴിമതിയും കാലതാമസവും അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ പൊതുജനങ്ങൾക്കായി പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. ആയത് പെർഫോർമൻസ് യൂണിറ്റുതലത്തിൽ പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ ഗ്രാമപഞ്ചായത്ത് ഓഫീസുകൾ അഴിമതിരഹിതവും ജനസൗഹൃദവുമാക്കുന്നതിന് ശക്തമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തി വകുപ്പുതലത്തിൽ സർക്കുലറുകൾ നൽകിയിട്ടുണ്ട്.

നഗരകാര്യ വകുപ്പിലും വകുപ്പിന്റെ കീഴിലുള്ള നഗരസഭകളിലും പൊതുജനങ്ങൾക്ക് കാണത്തക്കരീതിയിൽ വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയിൽ പരാതി നൽകുവാൻ ബോർഡുകൾ പ്രദർശിപ്പിച്ചിട്ടുണ്ട്. പ്രസ്തുത പരാതികളിൽമേൽ മേഖലാ ജോയിന്റ് ഡയറക്ടർ മുഖേന അന്വേഷണ റിപ്പോർട്ട് ലഭ്യമാക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. കൂടാതെ നഗരസഭകളിൽ പൊതുജനങ്ങളിൽനിന്നും നിർദ്ദേശങ്ങളും അഭിപ്രായങ്ങളും പരാതികളും സ്വീകരിക്കുന്നതിനായി പരാതിപ്പെട്ടികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ ഓൺലൈൻ വഴി സേവനം ലഭ്യമാക്കുന്നതിനായി IKM വികസിപ്പിച്ചിട്ടുള്ള സങ്കേതം സോഫ്റ്റ്‌വെയർ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അപേക്ഷകളിലുണ്ടാകുന്ന അനാവശ്യ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.

നഗരസഭകളിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ സമയബന്ധിതമായി കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് നഗരസഭയിൽ 'സുവേഗ' സോഫ്റ്റ്‌വെയർ സ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ ഓൺലൈൻ മുഖേന കൈകാര്യം ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി ഒരു intelligent Building Plan Management System (IBPMS) സോഫ്റ്റ്‌വെയർ KSIDC മുഖേന വികസിപ്പിച്ചിട്ടുണ്ട്.

(സി) തദ്ദേശഭരണ സ്ഥാപന ഓഫീസുകളിൽ സേവനാവകാശ നിയമപ്രകാരം ലഭിക്കുന്ന സേവനങ്ങൾ, പൗരാവകാശ രേഖ, വിവരാവകാശ നിയമം എന്നിവ സംബന്ധിച്ച് ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് മാർഗ്ഗനിർദ്ദേശം നൽകാറുണ്ട്. ഓഡിറ്റ് നടത്തുന്ന അവസരത്തിൽ വിവരാവകാശ നിയമം, സേവനാവകാശ നിയമം, പൗരാവകാശ രേഖ എന്നിവയിലെ വ്യവസ്ഥകൾ പാലിക്കുന്നത് സംബന്ധിച്ച് പരിശോധന ഉൾപ്പെടുത്താറുണ്ട്.

(ഡി) ഉണ്ട്.

(ഇ) പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും യഥാസമയം നൽകുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് പഞ്ചായത്ത് കാര്യാലയത്തിൽനിന്നും ജില്ലാ ഓഫീസുകളിൽനിന്നും ആകസ്മിക പരിശോധനകൾ നടത്താറുണ്ട്.

എല്ലാ നഗരസഭകളിലും പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നതിനായി ഫ്രണ്ട് ഓഫീസ് സംവിധാനം നിലവിലുണ്ട്. അവലോകന യോഗങ്ങൾ കൂടുമ്പോൾ നഗരസഭാ സെക്രട്ടറിമാരോട് പൊതുജനങ്ങൾക്ക് ആവശ്യമായ വിവരങ്ങളും സഹായങ്ങളും യഥാസമയം നൽകുന്നുവെന്ന് ഉറപ്പുവരുത്തണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ നഗരസഭകളിൽനിന്നും പൊതുജനങ്ങൾക്ക് യഥാസമയം സേവനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി സർപ്രൈസ് ഇൻസ്പെക്ഷൻ നടത്താറുണ്ട്. ചീഫ് ടൗൺ പ്ലാനറുടെ ഓഫീസിൽ ഹെൽപ്പ് ഡെസ്കും ഗ്രാമവികസന കമ്മീഷണറുടെ ഓഫീസിൽ ഇ-ഫയൽ സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ചീഫ് എഞ്ചിനീയറുടെ ഓഫീസിൽ സേവനാവകാശ നിയമപ്രകാരമുള്ള സമയക്ലിപ്തത പാലിക്കുന്നുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ

23 (*263) <u>ശ്രീ. ഡി. കെ. മുരളി</u> :
<u>ശ്രീ. എ. പ്രദീപ്കുമാർ</u> :
<u>ശ്രീമതി വീണാ ജോർജ്ജ്</u> :
<u>ശ്രീ. കെ. ബാബു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന നടപ്പാക്കി വരുന്ന ജലസംരക്ഷണ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(ബി) ജലസംരക്ഷണത്തിനായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയും കുടുംബശ്രീ മുഖേനയും നടത്തിവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(സി) വലിയ കെട്ടിടങ്ങളും ഫ്ലാറ്റുകളും നിർമ്മിക്കുമ്പോൾ അതോടൊപ്പം മഴവെള്ള സംഭരണികളും നിർബന്ധമായി നിർമ്മിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ടോ;

(ഡി) എങ്കിൽ സംസ്ഥാനത്ത് തുടർച്ചയായി വേനൽക്കാലങ്ങളിൽ ഉണ്ടാകുന്ന ജലക്ഷാമം പരിഗണിച്ച് പ്രസ്തുത നിയമം കൃത്യമായി പാലിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ നിർദ്ദേശം നൽകുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ&ബി) ജലസംരക്ഷണ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഗ്രാമപഞ്ചായത്തുകൾ മഴക്കുഴികളും കുളങ്ങളും കിണറുകളും നിർമ്മിക്കുകയും നവീകരിക്കുകയും ചെയ്തിട്ടുണ്ട്. ഹരിത കേരള മിഷന്റെ ഭാഗമായി തോടുകൾ വൃത്തിയാക്കുകയും പുതിയ കുളങ്ങളും കിണറുകളും നിർമ്മിക്കുകയും നവീകരിക്കുകയും കിണർ റീചാർജിംഗ് സംവിധാനമൊരുക്കുകയും ചെയ്തിട്ടുണ്ട്. നഗരപ്രദേശങ്ങളിൽ അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ ജലസംരക്ഷണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

കുടിവെള്ള സംരക്ഷണം ഉറപ്പുവരുത്തുന്നതിനായി ഭൂഗർഭ ജലം സംരക്ഷിച്ചു നിർത്തുന്ന കുന്നുകൾ, നീർത്തടങ്ങൾ എന്നിവ നശിപ്പിക്കുന്നവർക്കെതിരെ പഞ്ചായത്ത് രാജ് ചട്ടങ്ങൾ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു. കുടിവെള്ള സ്രോതസ്സുകൾ ഹരിത കേരളം മിഷൻ പദ്ധതിയുടെ ഭാഗമായി ശുചീകരിക്കുകയും മാലിന്യം നിക്ഷേപിക്കുന്നതിനെതിരെ മുന്നറിയിപ്പ് ബോർഡുകൾ സ്ഥാപിക്കുകയും വാർഡുതല ശുചിത്വ കമ്മിറ്റികൾ, ഗ്രാമസഭകൾ, കുടുംബശ്രീ സംവിധാനം എന്നിവകളിൽക്കൂടി ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനോടൊപ്പം കർശനമായ പരിശോധനകൾ ആരോഗ്യ വകുപ്പിന്റെ സഹായത്തോടെയും നടത്തിവരുന്നു. തൊഴിലുറപ്പ് പദ്ധതി, കുടുംബശ്രീ എന്നിവയിലൂടെ പ്രചരണ പ്രവർത്തനങ്ങൾ നടത്തി മികച്ച ജനപങ്കാളിത്തത്തോടെ നദികളുടെയും തോടുകളുടെയും ജലാശയങ്ങളുടെയും പുനരുജ്ജീവനത്തിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. ഗ്രാമവികസന വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയുടെ നീർത്തട ഘടകം പദ്ധതി പ്രകാരവും ജലസംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നുണ്ട്. പ്രധാനമായും ജലസംരക്ഷണ പദ്ധതിക്ക് കീഴിൽ നടപ്പിലാക്കുന്നത്.

1. കുളങ്ങൾ, ചെക്ക് ഡാം, മഴവെള്ള സംഭരണികൾ മുതലായവയുടെ നിർമ്മാണവും പുനരുദ്ധാരണവും
2. കിണർ റീചാർജ്ജിംഗ്
3. മേൽക്കൂര മഴവെള്ള സംഭരണം
4. തെങ്ങിൻതടം തുറക്കൽ, കൊണ്ടൂർ ബണ്ടിംഗ് മുതലായവ മുഖേന ഭൂഗർഭ ജലത്തിന്റെ റീചാർജ്ജിംഗ്.

ജലസംരക്ഷണത്തിനായി മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പിലാക്കിവരുന്നു:

- പൊതു കുളങ്ങൾ അടക്കമുള്ള പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം
- ഫാം പോണ്ടുകളുടെ നിർമ്മാണം
- മഴക്കുഴികളുടെ നിർമ്മാണം
- ഗള്ളിപ്ലഗിംഗ്, ഗാബിയോൺ, ബ്രഷ് വുഡ്, ചെക്ക് ഡാം തുടങ്ങി വിവിധയിനം തടയണങ്ങളുടെ നിർമ്മാണം
- നീർത്തടാധിഷ്ഠിത പ്രവൃത്തികളായ കോണ്ടൂർ ബണ്ടിംഗ്, ട്രഞ്ചിംഗ്, കല്ല് കയ്യാല, മൺകയ്യാല തുടങ്ങിയവയുടെ നിർമ്മാണം.
- കിണർ റീചാർജ്ജിംഗ്
- കയർ ഭൂവസ്ത്രം ഉപയോഗിച്ച് ജലസ്രോതസ്സുകളുടെ പാർശ്വഭിത്തി സംരക്ഷണം
- വൃക്ഷവത്കരണ പ്രവർത്തനങ്ങൾ.

തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കിണർ റീ-ചാർജ്ജിംഗ്, പുതിയതായി കിണറുകൾ നിർമ്മിക്കുക, കുളം സംരക്ഷണം, കനാൽ, തോട് എന്നിവയുടെ സംരക്ഷണം, ചെക്ക് ഡാം നിർമ്മാണം, കയർ ഭൂവസ്ത്രം ഉപയോഗിച്ച് തോടുകളുടെ സംരക്ഷണം എന്നിവ നടപ്പിലാക്കിയിട്ടുണ്ട്.

ജലസംരക്ഷണത്തിനായി കുടുംബശ്രീയുടെ നേതൃത്വത്തിൽ 'റെയിൻ ആർമി' എന്ന പേരിൽ കണ്ണൂർ ജില്ലയിൽ 15 അംഗങ്ങളും, പാലക്കാട് ജില്ലയിൽ 'സുജലം' എന്ന പേരിൽ 26 അംഗങ്ങളും അടങ്ങിയ കൂട്ടായ്മ രൂപീകരിച്ചിട്ടുണ്ട്. ഇവർക്ക് മഴവെള്ളം ശാസ്ത്രീയമായി സംഭരിക്കുന്നതിന് പരിശീലനം നൽകിയിട്ടുണ്ട്. ഗുണഭോക്താക്കൾ ആവശ്യപ്പെടുന്നമുറയ്ക്കും കൂടാതെ പഞ്ചായത്തുകളുടെ ആവശ്യാനുസരണവും മഴവെള്ള സംഭരണ പ്രവർത്തനങ്ങൾ ഈ കൂട്ടായ്മകളിലൂടെ ഏറ്റെടുത്ത് നടപ്പാക്കിവരുന്നു.

(സി) ഉണ്ട്.

(ഡി) പഞ്ചായത്തുകളിൽ കെട്ടിടങ്ങൾ നിർമ്മിക്കുമ്പോൾ കേരള പഞ്ചായത്ത് രാജ് കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 101, 102 എന്നിവ പാലിക്കുന്നുണ്ടെന്ന് ഗ്രാമപഞ്ചായത്തുകളും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങൾ, അദ്ധ്യായം 16 A, ചട്ടം 109 B പ്രകാരമുള്ള ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിക്കുന്നുണ്ടെന്ന് മുനിസിപ്പാലിറ്റികളും ഉറപ്പാക്കുന്നുണ്ട്.

## കാർഷിക രംഗത്തെ പ്രവർത്തനങ്ങൾ

24 (*264) ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. സി. കെ. ശശീന്ദ്രൻ :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വ്യാപനത്തിലൂടെ മാന്യമായ വരുമാനം ഉറപ്പാക്കി പുതുതലമുറയെ കാർഷികവൃത്തിയിലേയ്ക്ക് ആകർഷിക്കാനായി വിവിധ വിളകളെ അടിസ്ഥാനമാക്കി അഗ്രോപാർക്കുകൾ രൂപീകരിക്കാനുള്ള പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(ബി) കൃഷി സംബന്ധമായ നൂതന ആശയങ്ങളും സാങ്കേതികവിദ്യകളും ചെലവു കുറഞ്ഞ കൃഷിരീതികളും കർഷകരിലെത്തിക്കാനായി വിജ്ഞാന വ്യാപന പരിപാടി ഉണ്ടോ; വിശദാംശം നൽകുമോ;

(സി) കാർഷിക ഉന്നതിക്കായുള്ള ഗവേഷണ രംഗത്ത് കേരള കാർഷിക സർവ്വകലാശാലയും അതിന്റെയടിസ്ഥാനത്തിലുള്ള കൃഷി വിജ്ഞാനം ജനങ്ങളിലെത്തിക്കുന്നതിന് കൃഷി ഭവനുകളും നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ; കൃഷി ഭവനുകളുടെ പ്രവർത്തനങ്ങളെക്കുറിച്ച് സോഷ്യൽ ഓഡിറ്റ് നടത്താൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേരളത്തിലെ വിവിധ ജില്ലകളിലായി അഗ്രോ പാർക്കുകൾ രൂപീകരിക്കുന്നതിന് 22-6-2017-ലെ GO(Rt)No. 625/2017/AD പ്രകാരം KAICO-യെ Special Purpose Vehicle (SPV) ആയി അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉണ്ടാക്കാനുള്ള അഗ്രോപാർക്കുകൾ സ്ഥാപിക്കാൻ KIIFB-യിൽ പ്രോജക്ടുകൾ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അനുമതി ലഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ആദ്യഘട്ടമെന്ന നിലയിൽ 5 അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്. തൃശ്ശൂർ ജില്ലയിൽ ബനാന ആൻഡ് ഹണി അഗ്രോപാർക്കുകൾ, കോഴിക്കോട് ജില്ലയിൽ കോക്കനട്ട് പാർക്ക്, ഇടുക്കി ജില്ലയിൽ വെജിറ്റബിൾ പാർക്ക് എന്നിവ സ്ഥാപിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിലൂടെ കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് മാന്യമായ വരുമാനം ഉറപ്പാക്കുകയാണ് ലക്ഷ്യം.

(ബി &സി) കാർഷിക വിജ്ഞാന വ്യാപനത്തിന് ഊന്നൽനൽകുന്ന പദ്ധതിയായ സീഡ്സ് കൊല്ലം, പാലക്കാട്, കണ്ണൂർ, വയനാട് ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്. കൃഷിയിടത്തിൽനിന്നും ലഭിക്കുന്ന വിവരങ്ങൾ കേരള കാർഷിക സർവ്വകലാശാല കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നിവയിലെ ശാസ്ത്രജ്ഞരുമായി ചർച്ച ചെയ്ത് പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്നുണ്ട്. ഓരോ മാസവും അനുവർത്തിക്കേണ്ട കൃഷിരീതികൾ, സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ എന്നിവ ഉൾപ്പെടുത്തി Monthly Technology Advisories ഉണ്ടാക്കുകയും അവ കർഷകരിൽ എത്തിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, കേരളത്തിലെ അഞ്ച് പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ പന്തളം, വേങ്ങേരി എന്നിവിടങ്ങളിലെ Farmer Training Center-കൾ എന്നിവ വഴി കർഷകർക്ക് കൃഷി അനുബന്ധ മേഖലകളിൽ കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞർ നൂതന അറിവുകൾ സംബന്ധിച്ച് പരിശീലനം നൽകുന്നുണ്ട്. ഒരു വർഷം ശരാശരി 8000 കർഷകർക്ക് ഈ പരിശീലന കേന്ദ്രങ്ങൾവഴി പരിശീലനം നൽകുന്നുണ്ട്. കൃഷി സംബന്ധമായ നൂതന ആശയങ്ങളും സാങ്കേതികവിദ്യകളും ചെലവുകുറഞ്ഞ കൃഷി രീതികളും കർഷകരിലെത്തിക്കാനായി കേരള കാർഷിക സർവ്വകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റ് നടത്തുന്ന പ്രവർത്തനങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ 'ആത്മ' വഴി കർഷകരും ഗവേഷകരും കൃഷി അനുബന്ധ മേഖലയിലെ പ്രശ്നങ്ങൾ പരസ്പരം ചർച്ച ചെയ്യുന്നതിനും നൂതന ആശയങ്ങൾ കർഷകരിലെത്തിക്കുന്നതിനും സാധ്യമാകുന്നു. കർഷകർക്കുള്ള പരിശീലത്തിന് 'ആത്മ' പദ്ധതിയിൽ പ്രാധാന്യം നൽകിവരുന്നുണ്ട്. പഞ്ചായത്ത് തലത്തിലും ബ്ലോക്ക് തലത്തിലും കൃഷി അനുബന്ധ മേഖലകളിൽ പരിശീലനം സംഘടിപ്പിക്കുന്നുണ്ട്. ഉത്പാദന വർദ്ധനവിനുതകുന്ന നൂതന സാങ്കേതികവിദ്യകൾ കർഷകരിലെത്തിക്കുന്നതിനായി ആത്മ, ആത്മ പ്ലസ് എന്നീ പദ്ധതികൾ വഴി കൃഷി ഭവൻ തലത്തിൽ പ്രദർശന തോട്ടങ്ങൾ, ഫാം സ്കൂളുകൾ, ഫാർമർ ഫീൽഡ് സ്കൂളുകൾ എന്നിവ സഹായമാകുന്നു. സംസ്ഥാനത്തിനുപുറത്തും അകത്തും ഉൾപ്പെടെയുള്ള ഗവേഷണ കേന്ദ്രങ്ങളും കൃഷി അനുബന്ധ സ്ഥാപനങ്ങളും സന്ദർശിക്കുന്നതിനും പഠനയാത്രകളിൽ സൗജന്യമായി പങ്കെടുക്കുന്നതിനുമുള്ള അവസരം ആത്മ കർഷക നൈപുണ്യാ അവാർഡ് പദ്ധതികൾ പ്രകാരം കൃഷി ഭവൻതലത്തിൽ സാധ്യമാകുന്നു.

2018-19 വർഷത്തിൽ 14 ജില്ലകളിലും ജില്ലയിൽ നിന്ന് ഓരോ കൃഷി ഭവൻ തെരഞ്ഞെടുത്ത് സോഷ്യൽ ഓഡിറ്റ് നടത്താനാണ് ഉദ്ദേശിക്കുന്നത്. ഇതിനായി കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ എന്ന സ്കീമിൽ 75.00 ലക്ഷം രൂപ മാറ്റിവച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് നിരോധനം

25 (*265) ശ്രീ. അനിൽ അക്കര :
ശ്രീ. വി. ഡി. സതീശൻ :
ശ്രീ. ഹൈബി ഈഡൻ :
ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാസ്റ്റിക് നിരോധിക്കുന്നതിനെക്കുറിച്ച് കേരള ഹൈക്കോടതി സംസ്ഥാന സർക്കാരിൽനിന്നും അഭിപ്രായം ആരാഞ്ഞിരുന്നോ;

(ബി) കേരളത്തിൽ പ്ലാസ്റ്റിക് പൂർണ്ണമായും നിരോധിക്കാൻ സാധിക്കില്ല എന്ന നിലപാടാണോ സർക്കാർ ഹൈക്കോടതിയിൽ സ്വീകരിച്ചിരുന്നത്; എങ്കിൽ ഇതിനുള്ള കാരണം വിശദീകരിക്കാമോ; ഈ വിഷയത്തിലുള്ള തദ്ദേശസ്വയംഭരണ വകുപ്പിന്റെ അഭിപ്രായം വിശദമാക്കാമോ;

(സി) ഇന്ത്യയിൽ പതിനെട്ടോളം സംസ്ഥാനങ്ങൾ പ്ലാസ്റ്റിക് നിരോധിച്ചിട്ടും രാജ്യത്ത് വിദ്യാഭ്യാസ നിലവാരത്തിൽ ഒന്നാമതായ കേരളം എന്തുകൊണ്ടാണ് പ്ലാസ്റ്റിക് നിരോധിക്കാൻ തയ്യാറാകാത്തതെന്ന് വിശദമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) ആൾ കേരള റിവർ പ്രൊട്ടക്ഷൻ കൗൺസിൽ ഫയൽ ചെയ്ത WP(C)No.5636/2016-ൽ സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉൽപ്പാദനം (manufacture), വിപണനം (Sale), ഉപയോഗം എന്നിവ Environment Act 1986-ലെ വ്യവസ്ഥകൾ പ്രകാരം പൂർണ്ണമായും നിരോധിക്കുന്നതിനുള്ള സാധ്യത (Possibility) സംബന്ധിച്ച് ഹൈക്കോടതി സംസ്ഥാന സർക്കാരിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു.

(ബി&സി) കേരളത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകൾ പൂർണ്ണമായും നിരോധിക്കുന്നത് പ്രായോഗികമല്ല എന്ന നിലപാടാണ് പ്രസ്തുത കേസിൽ സർക്കാർ (Environment Department) സ്വീകരിച്ചിട്ടുള്ളത്. പ്രകൃതിക്ക് ദോഷം വരാത്തരീതിയിൽ പ്ലാസ്റ്റിക്കിന് ബദലായി വ്യാപകമായി ഉപയോഗിക്കാവുന്ന വസ്തുക്കളുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കാതെ സംസ്ഥാനത്ത് പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് സമ്പൂർണ്ണ നിരോധനം ഏർപ്പെടുത്തുന്നത് നിലവിലെ സാഹചര്യത്തിൽ പ്രായോഗികമല്ല എന്നതാണ്, ടി കേസിൽ സർക്കാർ ഫയൽ ചെയ്ത എതിർ സത്യവാങ്മൂലത്തിൽ പ്രസ്തുത നിലപാട് സ്വീകരിക്കുവാനുണ്ടായ കാരണം.

പകരം ഉപയോഗിക്കാവുന്ന വസ്തുക്കളുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കാതെ എല്ലാതരം പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്കും സമ്പൂർണ്ണമായ നിരോധനം ഉടനടി ഏർപ്പെടുത്തുന്നത് സംസ്ഥാനത്ത് പ്രായോഗികമല്ല എന്ന നിലപാടാണ് ഈ വിഷയത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിനുമുള്ളത്.

Environment Protection Act 1986-ലെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ കേന്ദ്രസർക്കാർ പുറപ്പെടുവിച്ച Plastic Waste Management Rules, 2016 പ്രകാരം 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് മാത്രമാണ് നിരോധനം ബാധകമാക്കിയിട്ടുള്ളത്. ഇതനുസരിച്ച് 50 മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉൽപ്പാദനത്തിനും ഉപയോഗത്തിനുമുള്ള നിരോധനം സംസ്ഥാനത്തും ബാധകമാണ്.

Plastic Waste Management Rules 2016-ന്റെ അടിസ്ഥാനത്തിൽ പ്ലാസ്റ്റിക് ക്യാരിബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന് തദ്ദേശഭരണ സ്ഥാപന തലത്തിൽ സ്വീകരിക്കേണ്ട നടപടികൾ സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ സർക്കുലറായി പുറപ്പെടുവിച്ചിട്ടുണ്ട്.

പ്ലാസ്റ്റിക് ക്യാരിബാഗുകൾക്ക് പകരം ഉപയോഗിക്കുവാൻ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചുള്ള ഉൽപ്പന്നങ്ങൾ പൊതുജനങ്ങൾക്ക് പരിചയപ്പെടുത്തി അവയുടെ യഥേഷ്ട ലഭ്യത ഉറപ്പാക്കിക്കൊണ്ട് ഘട്ടംഘട്ടമായി പ്ലാസ്റ്റിക്കിന്റെ ഉപയോഗം ഗണ്യമായി കുറച്ചുകൊണ്ടുവരുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതോടൊപ്പം സ്ഥാപന-ഗാർഹിക തലത്തിൽനിന്നും പ്ലാസ്റ്റിക് വസ്തുക്കൾ ശേഖരിച്ച് പുനഃചംക്രമണ സാധ്യമായവയെ റീസൈക്കിൾ ചെയ്തും അല്ലാത്തവയെ ഷ്രെഡ് ചെയ്ത് റോഡ് ടാറിംഗിന് ലഭ്യമാക്കിയും പ്ലാസ്റ്റിക് മാലിന്യത്തിന്റെ അളവ് കുറയ്ക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ഷെഡ്യൂളുകളുടെ ശാസ്ത്രീയമായ പരിഷ്കരണം

26(*266) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :

ശ്രീ. ഷാഫി പറമ്പിൽ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച്

ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും ആവിഷ്കരിച്ച പദ്ധതി വിജയപ്രദമാണെന്ന് കണ്ടെത്തിയിട്ടുണ്ടോ;

(ബി) പതിനായിരം രൂപയിൽ താഴെ വരുമാനമുള്ള സർവ്വീസുകൾ പുനഃക്രമീകരിക്കുന്ന പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; അതിലൂടെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിൽ ഉണ്ടായ വർദ്ധനവ് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;വ്യക്തമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലെത്രയാണ്; അത് ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി. നടപ്പിലാക്കിയ പരിഷ്കരണംമൂലം സാധിച്ചിട്ടുണ്ടോ;

(ഡി) പഴക്കം ചെന്ന സൂപ്പർ ക്ലാസ്സ് ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി 900 ബസ്സുകൾ വാങ്ങുന്നതിന് പദ്ധതിയുണ്ടോ; ഇതിന് കിഫ്ബിയിൽനിന്നും എന്തെങ്കിലും ധനസഹായം ലഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ.കെ. ശശീന്ദ്രൻ):

(എ) കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനുമായി എല്ലാ ഡ്യൂട്ടികളും സ്റ്റിയറിംഗ് ഡ്യൂട്ടിക്കനുസരിച്ച് ക്രമീകരിക്കുന്നതിനായി തീരുമാനിച്ചിരുന്നെങ്കിലും കേരള ഹൈക്കോടതിയുടെ ഉത്തരവുപ്രകാരം 1961-ലെ മോട്ടോർ ഗതാഗത തൊഴിലാളി നിയമത്തിലെ വ്യവസ്ഥകൾക്കനുസരിച്ച് ഡ്യൂട്ടിക്രമം തീരുമാനിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ഡ്യൂട്ടിക്രമം/ഷെഡ്യൂൾ പരിഷ്കരണം പൂർണ്ണമായ തോതിൽ നടപ്പിലാക്കാത്തതിനാൽ വിജയപ്രദമാണോയെന്ന കാര്യം ഇപ്പോൾ വ്യക്തമാക്കുക പ്രായോഗികമല്ല.

(ബി) വരുമാനക്കുറവുള്ള സർവ്വീസുകളുടെ പുനഃക്രമീകരണം നടന്നു വരുന്നുവെങ്കിലും ഒറ്റപ്പെട്ട മേഖലകളിലേയ്ക്കും മലയോര മേഖലകളിലേയ്ക്കും വിദ്യാർത്ഥികളുടെ യാത്രാസൗകര്യം ഒരുക്കുന്നതിനായി സാമൂഹ്യ പ്രതിബദ്ധത കണക്കിലെടുത്ത് ധാരാളം സർവ്വീസുകൾ നടത്തിവരുന്നതിനാലും ടി പദ്ധതി പൂർണ്ണമായും നടപ്പിലാക്കിയിട്ടില്ലാത്തതിനാലും വരുമാന വർദ്ധനവ് കണക്കാക്കുവാൻ കഴിഞ്ഞിട്ടില്ല.

(സി) 2018 മേയ് മാസത്തെ കണക്കനുസരിച്ച് 12.5 ശതമാനം സ്പെയർ ഉൾപ്പെടുത്തി 94.44 ശതമാനമാണ് ഫ്ലീറ്റ് യൂട്ടിലൈസേഷൻ. ഡ്യൂട്ടി പാറ്റേൺ സംബന്ധിച്ച ക്രമീകരണത്തിലൂടെ ലഭ്യമായ ജീവനക്കാരെ കൂടുതൽ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും അതുവഴി ഫ്ലീറ്റ് യൂട്ടിലൈസേഷൻ ദേശീയ ശരാശരിയിലേയ്ക്ക് എത്തിക്കുന്നതിനുമാണ് ഉദ്ദേശിച്ചിരിക്കുന്നത്. എന്നാൽ ടി ക്രമീകരണം പൂർണ്ണമായ തോതിൽ നടപ്പിൽ വരുത്തുവാൻ സാധിച്ചിട്ടില്ല.

(ഡി) ഉണ്ട്. പഴക്കം ചെന്ന സൂപ്പർ ക്ലാസ് ബസ്സുകൾ മാറ്റുന്നതിനും പുതിയ സർവ്വീസുകൾ ആരംഭിക്കുന്നതിനുമായി 900 ബസ്സുകൾ വാങ്ങുന്നതിന് കിഫ്ബിയിൽനിന്നും 324 കോടി രൂപ വായ്പ അനുവദിച്ചുകൊണ്ടുള്ള ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

## പ്രത്യേക കാർഷിക മേഖലകൾ

27(*267) ശ്രീ. എ. എം. ആരിഫ് :
ശ്രീ. ഒ. ആർ. കേളു :
ശ്രീ. കെ. ആൻസലൻ :
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓരോ കാർഷിക ഇനത്തിനും ഏറ്റവും അനുയോജ്യമായ പ്രദേശങ്ങൾ തെരഞ്ഞെടുത്ത് അപ്രകാരമുള്ള വിളകളുടെ ഉല്പാദനം ഏറ്റവും ഫലപ്രദമായി നടത്തുന്നതിന് പ്രത്യേക കാർഷികമേഖല ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇപ്രകാരമുള്ള പ്രത്യേക കാർഷികമേഖല തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിക്കുന്നത് എങ്ങനെയെന്ന് വ്യക്തമാക്കാമോ;

(സി) നിലവിൽ ഏതെല്ലാം പ്രദേശങ്ങളെയാണ് പ്രത്യേക കാർഷികമേഖലയായി പ്രഖ്യാപിച്ചിട്ടുള്ളത്;

(ഡി) ഓരോ മേഖലയിലും ഉല്പാദനം, വിപണനം, സംസ്കരണം, മൂല്യവർദ്ധനവ്, സംഭരണം, ജലസേചനം എന്നിവയ്ക്കായി എന്തെല്ലാം സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) ഉണ്ട്. നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനും ഭക്ഷ്യ-പോഷക സുരക്ഷിതത്വത്തിനുമായി ട്രൈബൽ അഗ്രികൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പിലാക്കിവരുന്നു. അതോടൊപ്പം കാന്തല്ലൂർ, വട്ടവട മേഖല ഉൾപ്പെടുന്ന ദേവികുളം കേന്ദ്രീകരിച്ച് ശീതകാല പച്ചക്കറികൾക്കുള്ള ഒരു കാർഷിക മേഖലയും ആരംഭിച്ചിട്ടുണ്ട്.

(ബി) അടുത്തടുത്ത പ്രദേശങ്ങളിലായുള്ള 1-5 ബ്ലോക്കുകളിലായി തെരഞ്ഞെടുത്ത വിളകളുടെ നിലവിലെ വിസ്തൃതി, ഉല്പാദനക്ഷമത, മണ്ണിന്റെയും കാലാവസ്ഥയുടെയും അനുയോജ്യത മുതലായവ അടിസ്ഥാനമാക്കിയാണ് പ്രത്യേക കാർഷിക മേഖലകൾ തെരഞ്ഞെടുക്കുന്നത്. ഓരോ വിളയുടെയും കൃഷിക്ക് അനുയോജ്യവും പരമാവധി ഉൽപ്പാദനത്തിന് സാധിക്കുന്നതുമായ കാർഷിക കാലാവസ്ഥയുള്ള മേഖലകളാണ് പ്രത്യേക കാർഷിക മേഖലയായി തെരഞ്ഞെടുത്തിട്ടുള്ളത്. പ്രത്യേക കാർഷിക മേഖലകളിൽ അതത് വിളയുടെ സമഗ്രവികസനം സാധ്യമാക്കി പരമാവധി ആഭ്യന്തര ഉൽപ്പാദനം കൈവരിക്കുവാനും വിളവെടുപ്പിനുശേഷമുള്ള പരിചരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം എന്നിവ ചിട്ടപ്പെടുത്തി കർഷകർക്ക് പരമാവധി വരുമാനം ഉറപ്പുവരുത്തുവാനുമാണ് ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിനായി കൃഷി വകുപ്പ് ഇപ്പോൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന വിവിധ പദ്ധതികൾ ഈ മേഖലകൾ കേന്ദ്രീകരിച്ച് നടപ്പിലാക്കുന്നതാണ്. ഇവയ്ക്കുപുറമെ ഈ പ്രദേശങ്ങൾക്ക് വേണ്ട അടിസ്ഥാനസൗകര്യ വികസനത്തിനും അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് വിനിയോഗിക്കുന്നതാണ്. അതുവഴി വിത്തുമുതൽ വിളവെടുപ്പ് വരെയും വിളവെടുപ്പിനുശേഷമുള്ള പരിചരണം, സംസ്കരണം, വിപണനം എന്നീ പ്രവർത്തനങ്ങൾക്കുമുള്ള എല്ലാ സജ്ജീകരണങ്ങളും ഇവിടെ ഏർപ്പെടുത്തുവാനാണ് ലക്ഷ്യമിടുന്നത്.

(സി) നെല്ല്, പച്ചക്കറി, വാഴ, തെങ്ങ്, പൂക്കൾ എന്നീ വിളകൾക്കായാണ് പ്രത്യേക കാർഷിക മേഖല ആരംഭിച്ചിട്ടുള്ളത്. അഞ്ച് വിളകളെ കേന്ദ്രീകരിച്ച് 14 പ്രത്യേക കാർഷിക മേഖലകളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇവ താഴെപ്പറയുംപ്രകാരമാണ്.

| | |
|---|---|
| നെല്ല് (7) | കുട്ടനാട്, കോൾ, ഓണാട്ടുകര, പൊക്കാളി, പാലക്കാട്, കൈപ്പാട്, വയനാട് |
| പച്ചക്കറി (4) | ദേവികുളം, കഞ്ഞിക്കുഴി, പഴയന്നൂർ, ചിറ്റൂർ-നെന്മാറ |
| വാഴ (1) | തൃശ്ശൂർ |
| പൂക്കൾ (1) | വയനാട് |
| തെങ്ങ് (1) | കോഴിക്കോട് |

കൂടാതെ ആദിവാസി മേഖലയിലെ സമഗ്ര വികസനത്തിനായി ട്രൈബൽ അഗ്രികൾച്ചർ എന്ന പേരിൽ അട്ടപ്പാടി പ്രദേശത്ത് മില്ലറ്റ് വില്ലേജ് പദ്ധതിയും നടപ്പാക്കി വരുന്നു.

(ഡി) ഉൽപ്പാദന വർദ്ധനവിനായി ഏറ്റവും മികച്ച ഉൽപ്പാദനോപാധികൾ ഉപയോഗിക്കുന്നതിനുള്ള സംവിധാനം ഒരുക്കുന്നു. ഗുണമേന്മയുള്ള വിത്ത്/നടീൽ വസ്തുക്കൾ, മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിലുള്ള ശാസ്ത്രീയ വളപ്രയോഗം, ജൈവ/ജീവാണു വളങ്ങളുടെയും ജൈവിക നിയന്ത്രണോപാധികളുടെയും പ്രയോഗം ഉറപ്പുവരുത്തിയുള്ള മികച്ച കാർഷിക മുറകൾ, പരിസ്ഥിതി സൗഹൃദമായ സംയോജിത കീടരോഗ നിയന്ത്രണ മാർഗ്ഗങ്ങൾ, കാർഷിക യന്ത്രവൽക്കരണം എന്നിവ നടപ്പിലാക്കുന്നു. ഇതുവഴി ഉൽപ്പാദന ചെലവ് കുറച്ച് പരമാവധി ഉൽപ്പാദനം ഉറപ്പുവരുത്തുന്നു.

കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭിക്കുന്നതിനായി സംസ്കരണം, മൂല്യവർദ്ധനവ് എന്നീ മേഖലകളെ പരമാവധി പ്രയോജനപ്പെടുത്തുന്നു. ഇതിനായി നിലവിലുള്ള പദ്ധതികളൊടൊപ്പം പ്രത്യേക കാർഷിക മേഖല ഫണ്ടും ഉപയോഗിക്കുന്നു.

കാർഷിക ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വിപണന സംവിധാനം കർഷകരുടെ പങ്കാളിത്തത്തോടെ സജ്ജമാക്കുവാൻ ഉദ്ദേശിക്കുന്നു. ഇടത്തട്ടുകാരുടെ ചൂഷണത്തിൽനിന്നും കർഷകരെ സംരക്ഷിക്കുന്നതിനായി കർഷകർ നേരിട്ട് നടത്തുന്ന വിപണികളും സർക്കാരിന്റെ മേൽനോട്ടത്തിലുള്ള വിപണന സംവിധാനങ്ങളും മുഖേന പരമാവധി വില കർഷകർക്ക് ലഭിക്കുന്നതിനുള്ള സംവിധാനം ഒരുക്കുവാൻ ഉദ്ദേശിക്കുന്നു. സ്വാശ്രയ കർഷക വിപണികൾ, കർഷക മിത്രങ്ങളുടെ സേവനം, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., ഫാർമർ പ്രൊഡ്യൂസർ കമ്പനികൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെയുള്ള കർഷക വിപണികൾ എന്നിവയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുന്നു.

ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി സംസ്ഥാന പദ്ധതികൾ (പച്ചക്കറി വികസന പദ്ധതി, നാളികേര വികസന പദ്ധതി, നെൽകൃഷി വികസന പദ്ധതി), കേന്ദ്രാവിഷ്കൃത പദ്ധതികളായ RKVY, RIDF, PMKSY തുടങ്ങിയവയും ജനകീയാസൂത്രണ പദ്ധതികളും പ്രയോജനപ്പെടുത്തുന്നു. ഇവയ്ക്ക് പുറമെയുള്ള അടിസ്ഥാന സൗകര്യ വികസനത്തിനും അവശ്യ ഇടപെടലുകൾക്കുമായി പ്രത്യേക കാർഷിക മേഖല പദ്ധതി ഫണ്ട് ഉപയോഗിക്കുന്നു.

**കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരം**

28 (*268) ശ്രീ. സജി ചെറിയാൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. കെ. ബാബു:
ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരത്തിന്റെ വിശ്വാസ്യതയും അതുവഴി ന്യായവില ലഭ്യമാക്കുന്നതിനുമായി ഉത്പന്നങ്ങൾക്ക് ബ്രാൻഡിംഗ് നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ;

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവേതര കൃഷിയിലൂടെ ഉത്പാദിപ്പിച്ച് വിൽക്കുന്ന ഉത്പന്നങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ അംശമില്ലാത്തവയാണെന്ന് ഉറപ്പുവരുത്തുന്നതിനും കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(സി) മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കാനുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(ഡി) ഭക്ഷ്യസംസ്കരണത്തിന് കൃഷി വകുപ്പിന് കീഴിൽ സ്ഥാപനങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ):

(എ) കേരളത്തിലെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന ജൈവ കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരവും വിശ്വാസ്യതയും അതുവഴി ന്യായവില ലഭ്യമാക്കുന്നതിനുമായി ഉത്പന്നങ്ങൾക്ക് "കേരള ഓർഗാനിക്" എന്ന ബ്രാൻഡിംഗ് നൽകിയിട്ടുണ്ട്. ഉത്തമ കൃഷിമുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്റർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും കൂടാതെ ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണി മുഖേനയും ഉയർന്ന വില കർഷകർക്ക് നൽകി

സംഭരണവും വില്പനയും നടത്തിവരുന്നു. കൂടാതെ കാർഷികോത്പന്നങ്ങളുടെ ഗുണനിലവാരത്തിൽ ജനങ്ങൾക്ക് വിശ്വാസ്യത ഉറപ്പുവരുത്തുന്നതിനായി സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ടവിഷാംശ പരിശോധന നടത്തി, പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

(ബി) ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും ജൈവേതര കൃഷിയിലൂടെ ഉത്പാദിപ്പിച്ച് വിൽക്കുന്ന ഉത്പന്നങ്ങളിൽ ആരോഗ്യത്തിന് ഹാനികരമായ രാസവസ്തുക്കളുടെ അംശമില്ലാത്തവയാണെന്ന് ഉറപ്പുവരുത്തുന്നതിനും സംസ്ഥാന കൃഷി വകുപ്പ് സേഫ് റ്റു ഈറ്റ് എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ) പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(സി) കാർഷിക ഉല്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റുന്നതിനും കർഷകരെ സഹായിക്കുന്നതിനുമായി വിവിധ കാർഷിക വിളകളായ തെങ്ങ്, നെല്ല്, വാഴ, തേൻ, പച്ചക്കറി, സുഗന്ധവ്യഞ്ജനങ്ങൾ, റബ്ബർ മുതലായവയ്ക്ക് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആദ്യഘട്ടം എന്ന നിലയിൽ കോക്കനട്ട് അഗ്രോപാർക്ക് കോഴിക്കോട് ജില്ലയിൽ കുത്താളി ഫാമിലും, വേങ്ങേരി കാർഷിക മൊത്ത വ്യാപാര വിപണന കേന്ദ്രത്തിലും ബനാന ആൻഡ് ഹണി അഗ്രോ പാർക്ക് തൃശ്ശൂർ ജില്ലയിൽ കണ്ണാറ ഫാമിലും വെജിറ്റബിൾ അഗ്രോ പാർക്ക് ഇടുക്കി ജില്ലയിലെ പഴത്തോട്ടത്തുമാണ് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നത്.

കൂടാതെ എസ്.എഫ്.എ.സി. (Small Farmers Agriculture Business Consoritum) മുഖാന്തരം കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവ് എന്ന ലക്ഷ്യം നേടുന്നതിന് സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോൽപ്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50 %) കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും വേണ്ടി ചെലവാക്കുന്ന തുക യൂണിറ്റുകൾക്ക് ധനസഹായമായി നൽകുന്നു.

(ഡി) പരിശോധിച്ചുവരുന്നു.

**നഗരങ്ങളുടെ സമഗ്ര വികസനത്തിനായുള്ള പദ്ധതികൾ**

29(*269) ശ്രീ. എസ്. ശർമ്മ :
ശ്രീ. സി. കൃഷ്ണൻ :
ശ്രീ. വി. കെ. സി. മമ്മത് കോയ :
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരങ്ങളുടെ സമഗ്ര വികസനത്തിനായുള്ള അമൃത് പദ്ധതിയുടെ സംസ്ഥാനത്തെ പുരോഗതി അറിയിക്കാമോ;

(ബി) കൊച്ചി സ്മാർട്ട്സിറ്റി പദ്ധതിക്ക് എത്ര കേന്ദ്ര സഹായം ലഭിച്ചു; പദ്ധതിയുടെ പുരോഗതി അറിയിക്കാമോ;

(സി) തലസ്ഥാനം വികസിത നഗരമാക്കാൻ ആസൂത്രണം ചെയ്തിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;പദ്ധതി രണ്ട് വർഷത്തിനുള്ളിൽ പൂർത്തിയാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തെല്ലാമാണ്; പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോ; കേന്ദ്ര സർക്കാരിൽ നിന്നുള്ള വിഹിതമെത്രയാണ്;ഇത് ലഭിച്ചിട്ടുണ്ടോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) കേന്ദ്ര മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് ആദ്യഘട്ടമായി 18 മാസങ്ങൾക്കുള്ളിൽ സംസ്ഥാനത്തിനായി മൂന്ന് വാർഷിക പദ്ധതികൾ (2015-16, 2016-17, 2017-18) തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം നേടിയെടുത്തു. 2356 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന 389 പദ്ധതികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. അതിൽ 96 കുടിവെള്ള പദ്ധതികളും (മൊത്തം പദ്ധതി

തുകയുടെ 46 ശതമാനം വരുന്ന 1081 കോടി രൂപ) 630 കോടി രൂപയുടെ 49 സ്വിവറേജ്/സെപ്റ്റേജ് സെക്ടറിലെ പദ്ധതികളിൽ 26 പദ്ധതികളും (204 കോടി രൂപ) കേരള വാട്ടർ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. കൂടാതെ 382 കോടി രൂപയുടെ 113 സ്റ്റോം വാട്ടർ ഡ്രെയിനേജ് സെക്ടറിലെ പദ്ധതികളും 215 കോടി രൂപയുടെ 60 അർബൻ ട്രാൻസ്പോർട്ട് സെക്ടറിലെ പദ്ധതികളും 49 കോടി രൂപയുടെ 71 പാർക്ക് സെക്ടറിലെ പദ്ധതികളുമാണ് നടപ്പിലാക്കുന്നത്. പദ്ധതികൾ അതത് നഗരസഭയുടെ നേതൃത്വത്തിലാണ് നടപ്പിലാക്കുന്നത്.

ഡി.പി.ആർ. തയ്യാറാക്കി 384 (2239 കോടി രൂപ) പദ്ധതികളിൽ 383 (2232 കോടി രൂപ) എണ്ണത്തിന് ഭരണാനുമതിയും 332 (1527 കോടി) എണ്ണത്തിന് സാങ്കേതികാനുമതിയും ലഭ്യമായിട്ടുണ്ട്. ഇതിൽ 313 പദ്ധതികളുടെ ടെണ്ടർ നടപടികൾ സ്വീകരിച്ച് 592 കോടി രൂപയുടെ 164 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്.

(ബി) കൊച്ചി സ്മാർട്ട്സിറ്റി പദ്ധതിക്കായി ഇതിനോടകം കേന്ദ്രവിഹിതമായി 196 കോടി രൂപയാണ് അനുവദിച്ചിട്ടുള്ളത്. പദ്ധതിയുടെ പുരോഗതി ചുവടെ ചേർക്കുന്നു:

1. നഗരാസൂത്രണ വകുപ്പിന്റെ കീഴിൽ സ്മാർട്ട്സിറ്റി ഏര്യയുടെ ടൗൺ പ്ലാനിംഗ് സ്കീം തയ്യാറാക്കി കൊച്ചി കോർപ്പറേഷന് സമർപ്പിച്ചു.
2. കൊച്ചിൻ സ്മാർട്ട് മിഷൻ ലിമിറ്റഡിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും പ്രോജക്ടുകൾ നടപ്പിലാക്കുന്നതിൽ പങ്കാളിയുമായി കെ.എം.ആർ.എൽ.-നെയാണ് നിയോഗിച്ചിട്ടുള്ളത്. ആയതിന്റെ ഭാഗമായി കെ.എം.ആർ.എൽ. താഴെ വിവരിക്കുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു:

1. കൊച്ചി വൺ സ്മാർട്ട് കാർഡ് മൊബൈൽ ആപ്-കൊച്ചി മെട്രോയുടെ ഉദ്ഘാടനത്തോടനുബന്ധിച്ച് കൊച്ചി വൺ സ്മാർട്ട് കാർഡ് ആൻഡ് മൊബൈൽ ആപ് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സ്മാർട്ട് കാർഡിനെയും മൊബൈൽ ആപ്പിനെയും യാത്ര ഇതര പൊതുജന സേവനങ്ങളുമായി സംയോജിപ്പിക്കുന്നതിനായുള്ള നടപടികൾ പുരോഗമിക്കുന്നു.
2. കൊച്ചി മെട്രോ ജലഗതാഗത പദ്ധതിയായ വാട്ടർ മെട്രോ പ്രോജക്ടിന്റെ ഭാഗമായി സ്മാർട്ട് സിറ്റിയിൽ ഉൾപ്പെടുന്ന ഫോർട്ട് കൊച്ചി, മട്ടാഞ്ചേരി, സിറ്റി സെൻട്രൽ തുടങ്ങിയ പ്രദേശങ്ങളെ ബന്ധിപ്പിക്കുന്ന ജലഗതാഗത പദ്ധതി പ്രവർത്തനങ്ങളും നടന്നുകൊണ്ടിരിക്കുന്നു.

3. യന്ത്രേതര ട്രാൻസ്പോർട്ട് (Non Motorised Transport) പദ്ധതികളുടെ ഭാഗമായി മഹാരാജാസ് മെട്രോ സ്റ്റേഷൻ മുതൽ എറണാകുളം ബോട്ടുജെട്ടിവരെയുള്ള ഹോസ്പിറ്റൽ റോഡിൽ വിവിധ നിർമ്മാണ പ്രവർത്തനങ്ങൾ ധ്യതഗതിയിൽ പുരോഗമിക്കുന്നു.

3. പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടന്റുമായുള്ള കോൺട്രാക്ട് 2017 സെപ്റ്റംബർ 7-ാം തീയതി ഒപ്പിട്ടു. പദ്ധതിയുടെ വിവിധ പ്രോജക്ടുകളുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാനും ടെണ്ടർ ചെയ്യുവാനുമുള്ള നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുന്നു. ഇതിൽ ഏകദേശം 461 കോടി രൂപയുടെ പ്രോജക്ടുകളുടെ ടെണ്ടർ നടപടികൾ ധ്യതഗതിയിൽ നടക്കുന്നു. ചുവടെ കൊടുത്തിരിക്കുന്ന മേഖലകളിലെ പ്രോജക്ടുകളാണ് ടെൻഡർ ചെയ്തുകൊണ്ടിരിക്കുന്നത്.

- സ്മാർട്ട് ക്ലാസുകൾ
- നഗരത്തിൽ സ്മാർട്ട് വൈഫൈ
- റോഡുകൾ നടപ്പാതകൾ
- പബ്ലിക് ബൈസൈക്കിൾ ഷെയറിംഗ്
- സോളാർ റൂഫ് ടോപ് പ്രോജക്ടുകൾ
- എൽ.ഇ.ഡി. ലൈറ്റുകൾ
- ഇന്റഗ്രേറ്റഡ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം
- സോളിഡ് വേസ്റ്റ് മാനേജ്മെന്റ് പ്രോജക്ടുകൾ
- കമാൻഡ് കൺട്രോൾ സെന്റർ
- സ്മാർട്ട് സിറ്റി പദ്ധതി പ്രദേശത്തെ സ്കൂളുകൾ, ഹോസ്പിറ്റലുകൾ എന്നിവയുടെ വികസനം.

(സി) തലസ്ഥാനം വികസിത നഗരമാക്കാൻ തിരുവനന്തപുരം സ്മാർട്ട് സിറ്റി പദ്ധതിയുടെ കീഴിൽ ആകെ 43 പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു:

1 ഏര്യാവികസന പദ്ധതികൾ

| ക്രമ നമ്പർ | പദ്ധതികൾ |
|---|---|
| എ | അടിസ്ഥാന സൗകര്യവികസനം |
| 1 | തുടർച്ചയായ പൈപ്പ് വെള്ളം ലഭ്യമാക്കൽ |
| 2 | പൂർണ്ണമായ ഡ്രെയിനേജ് നെറ്റ് വർക്ക് |
| 3 | മഴവെള്ളം ഒഴുക്കിവിടുന്നതിനുള്ള ഡ്രെയിനേജ് സംവിധാനം |
| 4 | വികേന്ദ്രീകൃത മാലിന്യ സംസ്കരണം |
| 5 | പൊതു ശുചിമുറികളുടെ മെച്ചപ്പെടുത്തൽ |
| 6 | ഭൂഗർഭ കേബിൾ ഡക്റ്റ് |
| 7 | കുടിവെള്ള ഫൗണ്ടൻ |
| 8 | മർട്ടിലെവൽ പാർക്കിംഗ് ആൻഡ് കൊമേഴ്സ്യൽ കോംപ്ലക്സുകൾ (4 എണ്ണം) |
| 9 | തെരുവിലെ പാർക്കിംഗ് സ്ഥലം |
| 10 | റോഡുകളുടെയും ജംഗ്ഷനുകളുടെയും മെച്ചപ്പെടുത്തൽ |
| 11 | സ്ഥലം സൂചിപ്പിക്കുന്ന സൈൻ ബോർഡുകൾ |
| 12 | വൈഫൈ ഹോട്ട് സ്പോട്ട് സൗകര്യത്തോടെയുള്ള ബസ് സ്റ്റോപ്പുകൾ |
| 13 | ഇ-ഓട്ടോ, ടാക്സി, ബൈസൈക്കിൾ ഷെയറിംഗ് |
| 14 | സൈക്കിൾ ട്രാക്ക്, ഫുട്ട് പാത്ത്, റെയിലിംഗ് തുടങ്ങിയവ |
| 15 | വാഹനങ്ങൾ സഞ്ചാരം ഇല്ലാത്ത സോണുകൾ |
| ബി | ഭൂവിനിയോഗം മെച്ചപ്പെടുത്തൽ |
| 1 | തമ്പാനൂർ റെയിൽവേ കമേഴ്സ്യൽ കോംപ്ലക്സ് |
| 2 | പാളയം മാർക്കറ്റിന്റെ നവീകരണം |
| 3 | സംയോജിതയാത്രാ നോഡ് (ഈസ്റ്റ് ഫോർട്ട് ബസ് സ്റ്റാന്റ്) |
| 4 | ചാലയിൽ വെയർഹൗസിംഗ് സൗകര്യവും കൊമേഴ്സ്യൽ കോംപ്ലക്സും |
| 5 | പുത്തരിക്കണ്ടം ഓപ്പൺ എയർ ഓഡിറ്റോറിയം |
| സി | സംസ്കാരം, പൈതൃകം, ഐഡന്റിറ്റി |
| 1 | പൈതൃകവീഥി, നഗരസൗന്ദര്യവൽക്കരണം, ചുമർചിത്രം തുടങ്ങിയവ |
| 2 | ഇൻഫർമേഷൻ കിയോസ്ക്ക്, ഡിസ്പ്ലേ ബോർഡ് |

| | |
|---|---|
| 3 | പൈതൃകസംരക്ഷണം (സ്മാരക സംരക്ഷണം, പ്രതിമകൾ, ക്ലോക്ക് ടവർ ഗേറ്റ് വേ തുടങ്ങിയവ) |
| 4 | ചാല മാർക്കറ്റ് നവീകരണം |
| 5 | ശ്രീ പത്മനാഭസ്വാമി ക്ഷേത്ര പുനരുദ്ധാരണം |
| 6 | വൈഫൈ ലോഞ്ചുകൾ |
| 7 | ചരിത്ര വീഥി |
| 8 | സാംസ്കാരിക വീഥി (മാനവീയം വീഥി) |
| 9 | പൈതൃകം - അഗ്രഹാരങ്ങളുടെ സംരക്ഷണം |
| ഡി | പരിസ്ഥിതി സംരക്ഷണം |
| 1 | അനന്തഫേയ്സ് 2 |
| 2 | ഹരിത പാർക്കുകളും നടപ്പാതകളും (ശാന്തിനഗർ പാർക്ക്, ചിൽഡ്രൻസ് പാർക്ക്, ഇ.കെ. നായനാർ പാർക്ക്, പൊന്നറ ശ്രീധർ പാർക്ക്, ഗാന്ധി പാർക്ക്, ശ്രീകണ്ഠേശ്വരം പാർക്ക്) |
| 3 | സുസ്ഥിര കാമ്പസുകൾ (സോളാർ, മഴവെള്ള സംഭരണി, പബ്ലിക് ബൈക്ക് ഷെയറിംഗ് ) |
| ഇ | സാമൂഹ്യ സാമ്പത്തിക ഉൾക്കൊള്ളിക്കൽ (inclusiveness) |
| 1 | സംയോജിത സോഷ്യൽ ഹൗസിംഗ് കോംപ്ലക്സ് |
| 2 | അങ്കനവാടികളുടെയും പി.എച്ച്.സി.-കളുടെയും നിലവാരം ഉയർത്തൽ |
| 3 | തെരുവ് കച്ചവട സോൺ |
| II പാൻസിറ്റി വികസന പദ്ധതികൾ | |
| 1 | സെൻട്രലൈസ്ഡ് കമാന്റ് കൺട്രോൾ സെന്റർ |
| 2 | സ്മാർട്ട് വാട്ടർ നെറ്റ് വർക്ക് |
| 3 | ട്രാഫിക്, ഗതാഗതം (സ്മാർട്ട് പാർക്കിംഗ്, സൈൻ ബോർഡ്) |
| 4 | സ്മാർട്ട് കൊതുക് സാന്ദ്രത സംവിധാനം |
| 5 | മാലിന്യ സംസ്കരണ വിവര പരിപാലന കേന്ദ്രം |
| 6 | നഗര സുരക്ഷിതത്വവും സംരക്ഷണവും (സി.സി.ടി.വി സ്ട്രീറ്റ് ലൈറ്റ്) |
| 7 | ഇ-ഗവേണൻസ് പോർട്ടൽ |
| 8 | ദുരന്ത നിവാരണം (പ്രാദേശിക മുന്നറിയിപ്പ്, പ്രതികരണ സംവിധാനം) |

ആർ.എഫ്.പി. (Request for Proposal) പ്രകാരം പദ്ധതിയുടെ നിർവ്വഹണ കാലാവധി മൂന്ന് വർഷമാണ്. സ്മാർട്ട് സിറ്റി പദ്ധതിയുടെ നിർവ്വഹണത്തിനുവേണ്ടി സ്മാർട്ട് സിറ്റി തിരുവനന്തപുരം ലിമിറ്റഡ് എന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുകയും പദ്ധതികളുടെ നിർവ്വഹണത്തിനുവേണ്ടിയുള്ള കൺസൾട്ടന്റായി ഐ.പി.ഇ. ഗ്ലോബൽ ജെ.എൽ.എൽ. കൺസോർഷ്യത്തെ തെരഞ്ഞെടുത്തിട്ടുമുണ്ട്. പ്രാരംഭ പ്രവർത്തനങ്ങളുടെ ഭാഗമായി ടെക്നിക്കൽ കമ്മിറ്റി കൂടി ഫാസ്റ്റ് ട്രാക്ക് പ്രോജക്ടുകളുടെ വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്ന പ്രക്രിയകൾ നടന്നുവരുന്നു. കേന്ദ്ര സർക്കാരിന്റെ വിഹിതമായ 500 കോടി രൂപയാണ് പദ്ധതിക്കുവേണ്ടി മാറ്റിവച്ചിട്ടുള്ളത്. അതിൽ കേന്ദ്ര അർബൻ വികസന ഭവന നിർമ്മാണ മന്ത്രാലയത്തിൽനിന്ന് പ്രോജക്ട് ഷെയറായി 16 കോടി രൂപയും A ആൻഡ് OE (Administrative and Office expense) ആയി രണ്ട് കോടി രൂപയും അനുവദിച്ചിട്ടുണ്ട്.

അമൃത് പദ്ധതിയിലുൾപ്പെടുത്തി 357.5 കോടി രൂപയുടെ 51 പദ്ധതികളാണ് തിരുവനന്തപുരം കോർപ്പറേഷനായി നടപ്പിലാക്കുന്നത്. ഇതിൽ 41 പദ്ധതികൾക്ക് (262.74 കോടി). ഈ പദ്ധതികളിൽ 39 സാങ്കേതികാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതികളുടെ (243.93 കോടി) ടെണ്ടർ നടപടി പൂർത്തീകരിച്ച് 22 പദ്ധതികളുടെ (146.10 കോടി) വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. 50 ശതമാനം കേന്ദ്രവിഹിതം 30 ശതമാനം സംസ്ഥാന വിഹിതം 20 ശതമാനം തദ്ദേശ സ്ഥാപനങ്ങൾ എന്ന ക്രമത്തിലാണ് അമൃത് പദ്ധതിയുടെ ഫണ്ടിംഗ്, സംസ്ഥാനത്തെ 9 അമൃത് നഗരങ്ങൾക്കായി കേന്ദ്ര വിഹിതത്തിലെ ആദ്യ ഗഡുവായ 20 ശതമാനം (232 കോടി) ലഭ്യമായിട്ടുണ്ട്.

## ന്യൂനപക്ഷ മന്ത്രാലയത്തിന്റെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാം

30 (*270) ശ്രീ. എൻ. എ. നെല്ലിക്കുന്ന് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രന്യൂനപക്ഷ മന്ത്രാലയത്തിന്റെ മൾട്ടി സെക്ടറൽ ഡെവലപ്മെന്റ് പ്രോഗ്രാമിൽ കേരളത്തിൽനിന്ന് തെരഞ്ഞെടുക്കപ്പെട്ട പ്രദേശങ്ങൾ ഏതെല്ലാമാണ്;

(ബി) എന്തെല്ലാം വികസന പദ്ധതികളാണ് ഇതിലൂടെ നടപ്പിലാക്കുന്നതെന്ന് വിശദീകരിക്കുമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ):

(എ) വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന കേന്ദ്രാവിഷ്കൃ പദ്ധതിയായ എം.എസ്.ഡി.പി. പദ്ധതി വയനാട് ജില്ലയിലെ നാല് ബ്ലോക്കുകളും മലപ്പുറം ജില്ലയിലെ പൊന്നാനി ടൗണിലുമാണ് നിലവിൽ നടപ്പിലാക്കിവരുന്നത്. ഇപ്പോൾ ഈ പദ്ധതിയെ പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രം (PMJVK) എന്ന് പുനർനാമകരണം ചെയ്യുകയും കേരളത്തിലെ 12 ജില്ലകളെ ടി പദ്ധതിയിൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ജില്ലകളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം -I ആയി* ചേർത്തിട്ടുണ്ട്.

(ബി) വിദ്യാഭ്യാസ ആരോഗ്യ കുടിവെള്ള മേഖലകളിലാണ് നിലവിൽ പദ്ധതികൾ നടപ്പിലാക്കിവരുന്നത്. പ്രധാൻ മന്ത്രി ജൻ വികാസ് കാര്യക്രമിലൂടെ ഇപ്പോൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികളുടെ വിശദാംശങ്ങൾ സംബന്ധിച്ച് കേന്ദ്ര സർക്കാർ പ്രസിദ്ധീകരിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശത്തിന്റെ പ്രസക്തഭാഗം അനുബന്ധം -II ആയി* ചേർത്തിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കർഷക പെൻഷൻ, കാരാപ്പുഴ ഇറിഗേഷൻ പദ്ധതി, കാർഷിക മേഖലയിൽ വന്യമൃഗശല്യം

1(3020) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 ജൂലൈ 16-ന് ശേഷം രജിസ്റ്റർ ചെയ്ത കർഷകരുടെ പെൻഷൻ എന്ന് കൊടുക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ;

(ബി) കാരാപ്പുഴ ഇറിഗേഷൻ പദ്ധതിയിലെ വെള്ളം സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ കർഷകരുടെ കൃഷിയിടത്തിന് അനുയോജ്യമായ രീതിയിൽ എത്തിക്കാൻ കൃഷി വകുപ്പ് നടപടികൾ സ്വീകരിക്കുമോ;

(സി) കാർഷിക മേഖലയിൽ വന്യമൃഗ ശല്യംമൂലമുണ്ടാകുന്ന കാർഷിക വിളകളുടെ നഷ്ടം നികത്താൻ എന്തൊക്കെ നടപടികളാണ് കൃഷി വകുപ്പ് സ്വീകരിച്ചിട്ടുള്ളത്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) 2017 ജൂലൈ 16-നുശേഷം രജിസ്റ്റർ ചെയ്ത കർഷകർക്ക് പെൻഷൻ അനുവദിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) കാരാപ്പുഴ ഇറിഗേഷൻ പദ്ധതിയിലെ വെള്ളം സുൽത്താൻ ബത്തേരി നിയോജകമണ്ഡലത്തിലെ കർഷകരുടെ കൃഷിയിടങ്ങളിൽ നിലവിൽ എത്തിക്കുന്നില്ല. വിശദമായ പഠനങ്ങൾ നടത്തിയതിനുശേഷം മാത്രമെ ഇക്കാര്യത്തിൽ ഒരു തീരുമാനം കൈക്കൊള്ളുവാൻ കഴിയുകയുള്ളൂ.

(സി) കാർഷിക മേഖലയിൽ വന്യമൃഗശല്യംമൂലമുണ്ടാകുന്ന കാർഷിക വിളകളുടെ നഷ്ടം സംഭവിച്ചവർക്ക് വിളനാശം തിട്ടപ്പെടുത്തി ധനസഹായം നൽകുന്നത് വനം വന്യജീവി വകുപ്പാണ്. എന്നാൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കാർഷിക വിളകൾ വന്യമൃഗങ്ങളുടെ ആക്രമണംമൂലം നശിച്ചാൽ കൃഷി വകുപ്പ് മുഖേന ഇൻഷ്വറൻസ് ആനുകൂല്യം നൽകുന്നതാണ്. പ്രസ്തുത പദ്ധതി പ്രകാരം സംസ്ഥാനത്തെ 27 കാർഷിക വിളകൾക്ക് നാശം സംഭവിച്ചാൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരംഭിച്ച നെൽകൃഷി**

2(3021) ശ്രീ. വി. ടി.ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അധികമായി നെൽകൃഷി ആരംഭിച്ച കൃഷിയിടങ്ങളിൽ നാളിതുവരെ എത്രപ്രാവശ്യം വിളവെടുപ്പ് നടത്തിയിട്ടുണ്ടെന്നും എത്ര ക്വിന്റൽ നെല്ല് ഓരോ പ്രാവശ്യവും ഈ സ്ഥലങ്ങളിൽനിന്നും ലഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതി 196870 ഹെക്ടർ ആയിരുന്നത് സർക്കാരിന്റെ ശക്തമായ ഇടപെടലിനെത്തുടർന്ന് രണ്ട് വർഷംകൊണ്ട് 220449 ഹെക്ടറായി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 549275 ടൺ അരി ഉൽപ്പാദിപ്പിച്ചപ്പോൾ 2017-18 സാമ്പത്തിക വർഷം ഉൽപ്പാദനം 617260 ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. അഞ്ച് വർഷംകൊണ്ട് നെൽകൃഷിയുടെ വിസ്തൃതി 3 ലക്ഷം ഹെക്ടറായി വർദ്ധിപ്പിക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്.

## വൈഗ അന്താരാഷ്ട്ര ശില്പശാല

3(3022) ശ്രീ. കെ. വി. വിജയദാസ് :
ശ്രീ. കെ. ദാസൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക രംഗത്ത് ഉല്പാദനം, മൂല്യവർദ്ധനവ്, സംസ്കരണം, വിപണനം തുടങ്ങിയ എല്ലാ മേഖലകൾക്കും പ്രാധാന്യം നൽകിക്കൊണ്ട് വൈഗ എന്ന പേരിൽ അന്താരാഷ്ട്ര ശില്പശാലയും പ്രദർശനവും സംഘടിപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിനകം ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പരിപാടി സംഘടിപ്പിച്ചത്;

(സി) ശില്പശാലയിൽ ചർച്ച ചെയ്യപ്പെട്ട പ്രധാന വിഷയങ്ങൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) ശില്പശാലയുടെ ഭാഗമായി പ്രധാന വിഷയങ്ങളെ ആസ്പദമാക്കി മിഷനുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

### ഉത്തരം

(എ) ഉണ്ട്.

(ബി) 2016 ഡിസംബറിൽ തിരുവനന്തപുരം ജില്ലയിലും 2017 ഡിസംബറിൽ തൃശ്ശൂർ ജില്ലയിലുമാണ് 'വൈഗ' സംഘടിപ്പിച്ചിട്ടുള്ളത്.

(സി) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക, ഗവേഷണ സ്ഥാപനങ്ങളിൽ ഇൻകുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ അന്തർദ്ദേശീയ ഗവേഷണ കേന്ദ്രങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതികവിദ്യ ശാക്തീകരിക്കുക, മൂല്യവർദ്ധനവിന് ഊന്നൽ നൽകി കർഷകരെ ഗ്രൂപ്പുകൾ ആയും ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷനുകളായും രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, SFAC, SAMETI, കൃഷി വകുപ്പിലെ

മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക, നാളീകേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ അന്തർദ്ദേശീയ ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന ആശയങ്ങൾ.

(ഡി) ഉണ്ട്. കൃഷി മന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുകയെന്ന ആശയം 2017-ലെ വൈഗ ശിൽപ്പശാലയിൽ ഉരുത്തിരിഞ്ഞ് വന്നതാണ്. കോക്കനട്ട് മിഷൻ രൂപീകരണം അന്തിമഘട്ടത്തിലാണ്.

## കൃഷി ഉത്പന്നങ്ങൾക്ക് ഏകീകൃത ബ്രാൻഡ്

4(3023) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പ് മുഖേന ഏതെല്ലാം ഉത്പന്നങ്ങൾ ബ്രാൻഡുകളാക്കി വിപണിയിൽ എത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ;

(ബി) ഈ ഉത്പന്നങ്ങൾ ഒരു ഏകീകൃത ബ്രാൻഡിലേയ്ക്ക് മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത ഉത്പന്നങ്ങൾ കൂടുതൽ വിപണിയിലെത്തിക്കുന്നതിന് സിവിൽ സപ്ലൈസ്, സഹകരണ വകുപ്പുകളുമായി സഹകരിച്ച് മാവേലി സ്റ്റോറുകൾ, ത്രിവേണി സ്റ്റോറുകൾ എന്നിവ മുഖേന വിറ്റഴിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉത്തമ കൃഷി മുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്റർ ഉത്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ 'കേരള ഓർഗാനിക്' ലേബലിൽ ഇക്കോ ഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾവഴിയും ജൈവ ഉൽപ്പന്നങ്ങളുടെ നേരിട്ടുള്ള വിപണി മുഖേനയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരിച്ച് വിൽപ്പന നടത്തിവരുന്നു.

(ബി) ഉത്തമ കൃഷിമുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്റർ ഉൽപ്പാദിപ്പിക്കുന്ന ജൈവ ഉൽപ്പന്നങ്ങൾ കേരള ഓർഗാനിക് എന്ന ഒരു ഏകീകൃത ലേബലിലാണ് വിറ്റഴിക്കുന്നത്.

(സി) പരിഗണിക്കാവുന്നതാണ്.

## സുജലം സുഫലം പദ്ധതി

5(3024) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. അടൂർ പ്രകാശ് :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുജലം സുഫലം പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ തരിശായി കിടക്കുന്ന സ്ഥലം കൃഷിക്കുവേണ്ടി ഉപയോഗിക്കുന്നതിനും പൊതുസ്ഥലങ്ങളിൽ പച്ചക്കറി കൃഷി നടത്തുന്നതിനും സാധിച്ചിട്ടുണ്ടോ; എത്ര ഹെക്ടർ സ്ഥലം ഇപ്രകാരം ഉപയുക്തമാക്കി;

(സി) ഒരു ഭാഗത്ത് തരിശ് നിലങ്ങളിൽ കൃഷി ചെയ്യുന്നത് പ്രോത്സാഹിപ്പിക്കുമ്പോൾ, മറുഭാഗത്ത് കർഷകർ നെൽകൃഷി ഉപേക്ഷിച്ച് നിലങ്ങൾ തരിശായിടുന്ന പ്രവണത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രത്യേക ആനുകൂല്യങ്ങൾ നൽകി കർഷകരെ നെൽകൃഷിയിൽ ഉറപ്പിച്ച് നിർത്തുന്നതിന് തീരുമാനമെടുക്കുമോ; വിശദമാക്കുമോ?

### ഉത്തരം

(എ) ഹരിത കേരളം മിഷനിൽ മൂന്ന് ഉപദൗത്യങ്ങളാണ് ഉൾപ്പെടുന്നത്. ഇവയിൽ മൂന്നാമത്തെ ഉപദൗത്യമായ ജൈവകൃഷിക്ക് പ്രാമുഖ്യം കൊടുത്തുകൊണ്ടുള്ള കൃഷി വികസനം 'സുജലം സുഫലം' എന്ന പേരിലാണ് നടപ്പിലാക്കുന്നത്. കാർഷിക വികസന കർഷകക്ഷേമ വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങളും നെൽകൃഷി, പച്ചക്കറികൃഷി, ജൈവകൃഷി, സംയോജിത കൃഷി വികസനം എന്നീ മേഖലകളിൽ നടപ്പിലാക്കുന്ന തെരഞ്ഞെടുത്ത പദ്ധതി ഘടകങ്ങളാണ് ഇതിലുൾപ്പെടുന്നത്.

'സുജലം സുഫലം' ഉപദൗത്യത്തിന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- പച്ചക്കറിയിലും മറ്റ് അടിസ്ഥാന കൃഷി ഉൽപ്പന്നങ്ങളിലും (പ്രത്യേകിച്ച് നെല്ല്, പഴവർഗ്ഗങ്ങൾ) സ്വയംപര്യാപ്തത നേടാനുതകുന്ന വിധത്തിൽ ശക്തമായ ഇടപെടലുകൾ നടത്തുക.

- ഗാർഹിക സ്ഥാപനതലങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന കമ്പോസ്റ്റ് ഉപയോഗിച്ച് രാസവളങ്ങളുടെയും കീടനാശിനികളുടെയും ഉപയോഗം പരമാവധി കുറച്ച് പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുകയും സുരക്ഷിത ഭക്ഷ്യ വസ്തുക്കളുടെ (safe to eat) ഉത്പാദനം വർദ്ധിപ്പിക്കുകയും ചെയ്യുക.

- വീടുകളിൽ കൃഷി വ്യാപിപ്പിക്കുകയും തരിശ് കിടക്കുന്ന സ്ഥലങ്ങൾ കൃഷിക്കുവേണ്ടി ഉപയോഗപ്പെടുത്തുകയും പ്രാദേശികമായി ലഭ്യമാകുന്ന പൊതുസ്ഥലങ്ങളിൽ വ്യാപകമായി പച്ചക്കറി, ഇതര കൃഷികൾ നടപ്പിലാക്കുകയും ചെയ്ത് ഉത്പാദനം പരമാവധി വർദ്ധിപ്പിക്കുക.

- ഉൽപ്പന്നങ്ങൾക്ക് മെച്ചപ്പെട്ട വില കർഷകർക്ക് ലഭിക്കത്തക്ക രീതിയിൽ വിപണി സംവിധാനം പരിഷ്കരിക്കുക.

- ലാഭകരമായ കൃഷിയിലൂടെയും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉത്പാദിപ്പിക്കുന്ന സംരംഭങ്ങളിലൂടെയും കാർഷിക മേഖലയിൽ പരമാവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കുക.

- സമ്പദ് വ്യവസ്ഥയിൽ കാർഷിക മേഖലയുടെ സംഭാവന ത്വരിതപ്പെടുത്തുക.

- ജലസ്രോതസ്സുകൾക്കുചുറ്റും മരം വളർത്തുന്നതുൾപ്പെടെ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക.

(ബി) തരിശായിക്കിടക്കുന്ന എല്ലാ സ്ഥലവും കണ്ടെത്തുന്നതിനും പരമാവധി സ്ഥലം നെൽകൃഷി ചെയ്യിപ്പിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷം 2782.3857 ഹെക്ടർ തരിശുനിലവും 2017-18 സാമ്പത്തിക വർഷം 5485.7 ഹെക്ടർ സ്ഥലവും നെൽകൃഷി ചെയ്യിപ്പിക്കാൻ സാധിച്ചു.

പച്ചക്കറി കൃഷി സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഒരു മുഖ്യഘടകമായി ഉൾപ്പെടുത്തി തരിശ്ശായി കിടക്കുന്ന സ്ഥലങ്ങളിൽ നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2017-18 വർഷത്തിൽ 998 ഹെക്ടർ തരിശുനിലത്തിൽ പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. 2018-19 വർഷത്തിൽ ടി പദ്ധതി പ്രകാരം തരിശ്ശായിക്കിടക്കുന്ന 1000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷിയിറക്കുവാൻ വിഭാവന ചെയ്തിരിക്കുന്നു. തരിശുസ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപയാണ് ധനസഹായം നൽകുന്നത്. (ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 5,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് കൃഷി ചെലവുകൾക്കായി 25,000 രൂപയുമാണ് നൽകുന്നത്.)

(സി) ഭൂവുടമകൾ തൊഴിലാവശ്യങ്ങൾക്കായി പട്ടണങ്ങളിലേയ്ക്ക് താമസംമാറുന്നത്, വർദ്ധിച്ച കൂലിച്ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഗുണമേന്മയുള്ള ഉല്പാദനോപാധികൾ, യന്ത്രോപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കൽ, ജലാഗമന നിർഗ്ഗമനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, നെല്പാടം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തൽ, വിപണനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം എന്നിങ്ങനെ നിരവധി സാങ്കേതിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണമാണ് കർഷകർ നെൽകൃഷി ഉപേക്ഷിക്കുന്നത്. ഈ മേഖലകളിലെല്ലാം കൃത്യമായും ഫലപ്രദമായും ഇടപെടാൻ സാധിക്കുകയും കാലാവസ്ഥ അനുകൂലമാകുകയും ചെയ്താൽ കർഷകരെ നെൽകൃഷിയിൽ നിലനിറുത്താൻ സാധിക്കുന്നതാണ്.

തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ്. നടപ്പ് സാമ്പത്തിക വർഷം നാളുകളായി തരിശ് കിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ/സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി നടത്തുന്നതിന് ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പുവരെയും സംസ്കരണം, യന്ത്രവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്ട് അധിഷ്ഠിത സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽവർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്കുപുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുത്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും, നെൽകൃഷിയും തൊഴിൽ ലഭ്യതയും, നെൽകൃഷിയും യുവാക്കളും, നെൽകൃഷിയിലെ നൂതന

സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയൂർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക, നെൽകൃഷിയെ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യങ്ങൾ. നെൽവർഷവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രോജക്ടധിഷ്ഠിത ധനസഹായം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**മോഡൽ കോൺട്രാക്ട് ഫാമിംഗ് ആക്ട്**

6(3025) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറത്തിറിക്കിയിട്ടുള്ള മോഡൽ അഗ്രികൾച്ചർ പ്രൊഡ്യൂസ് ആൻഡ് ലൈവ്സ്റ്റോക്ക് കോൺട്രാക്ട് ഫാമിംഗ് ആൻഡ് സർവ്വീസസ് (പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ) ആക്ട്, 2018 -ലെ വ്യവസ്ഥകൾ കൃഷി വകുപ്പ് വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) ഈ നിയമത്തിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും പദ്ധതികൾ സംസ്ഥാനത്ത് നടത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. സർക്കാർ ഈ വിഷയം പരിശോധിച്ചുവരികയാണ്.

**കാർഷിക മേഖലയുടെ തകർച്ച**

7(3026) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖല തകർച്ച നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കാർഷിക മേഖലയുടെ തകർച്ച സംസ്ഥാനത്തിന്റെ സമ്പദ്ഘടനയുടെ അടിത്തറ തകരുന്നതിന് കാരണമായിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) എങ്കിൽ ആയത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) കാർഷിക മേഖലയിൽ തകർച്ച നേരിടുന്നില്ല എങ്കിലും ചില പ്രതിസന്ധികൾ നേരിടുന്നുണ്ട്. സംസ്ഥാന കാർഷിക മേഖല നേരിട്ടുകൊണ്ടിരിക്കുന്ന പ്രതിസന്ധിയിൽനിന്നും മുന്നോട്ട് നയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി സംസ്ഥാനത്തിന്റെ സമ്പദ്ഘടനയെ ബാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ നടപ്പാക്കിയ ആസിയാൻ കരാർ, മറ്റ് ആഗോള വ്യാപാര കരാറുകൾ എന്നിവ സംസ്ഥാനത്തെ വിളകളുടെ വിലയിടിവിന് കാരണമായിട്ടുണ്ട്. കേരളത്തിലെ പ്രധാന നാണ്യവിളകളായ റബ്ബർ, ഏലം, കുരുമുളക്, നാളികേരം (കൊപ്ര) മുതലായവയുടെ വിലയിടിവിന് ഇത്തരം സ്വതന്ത്ര വ്യാപാര കരാറുകൾ കാരണമായി. കൃഷിയുടെ മൊത്ത ആഭ്യന്തര ഉല്പാദനത്തിന്റെ 5 ശതമാനത്തോളം സംഭാവന ചെയ്യുന്നത് സുഗന്ധവ്യഞ്ജന വിളകളാണ്. ആകെ കയറ്റുമതി ചെയ്യുന്ന ഹോർട്ടികൾച്ചർ വിളകളിൽ 40 ശതമാനത്തിൽ കൂടുതൽ വരുമാനം സുഗന്ധവ്യഞ്ജന വിളകളിൽ നിന്നാണ്. ഇവയുടെ വിലയിടിവ് ആഭ്യന്തര ഉല്പാദനത്തേയും തദ്വാര കാർഷിക മേഖലയുടെ വളർച്ചയേയും ബാധിച്ചിട്ടുണ്ട്.

(സി) നാണ്യവിളകളുടെ ഇറക്കുമതി നയങ്ങൾ പുനഃപരിശോധിക്കണമെന്നും സംസ്ഥാനത്തെ വിളകളെ സംരക്ഷണ പട്ടികയിൽ ഉൾപ്പെടുത്തണമെന്നും സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കുരുമുളക് കർഷകരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇതുപ്രകാരം കുരുമുളകിന്റെ കുറഞ്ഞ ഇറക്കുമതി വില കിലോഗ്രാമിന് 500 രൂപയാക്കി കേന്ദ്ര സർക്കാർ ഉറപ്പിച്ചിട്ടുണ്ട്. കൂടാതെ കുരുമുളക് കൃഷി വികസനത്തിനായി സംസ്ഥാന സർക്കാർ സുഗന്ധവ്യഞ്ജന കൃഷി വികസന പദ്ധതി പ്രകാരം വിവിധ ഘടകങ്ങൾക്ക് ധനസഹായം നൽകുന്നു.

ഏലത്തിനും മറ്റ് സുഗന്ധവ്യഞ്ജന വിളകൾക്കുമുണ്ടായ വിലയിടിവ് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

കേരളത്തിലെ റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് സംസ്ഥാന സർക്കാർ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് നൽകിവരുന്നു. ഉല്പാദന

ചെലവിന് ആനുപാതികമായി സ്വാഭാവിക റബ്ബറിന്റെ വില നിശ്ചയിക്കുന്ന കാര്യവും റബ്ബറിന് സംസ്ഥാന സർക്കാർ നൽകിവരുന്ന ഉല്പാദന ബോണസ് 150 രൂപയിൽനിന്നും 200 രൂപയായി വർദ്ധിപ്പിക്കുന്നതിനാവശ്യമായ അധിക തുക ലഭ്യമാക്കണമെന്നും കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കേന്ദ്ര സർക്കാർ ദേശീയ റബ്ബർ നയം പരിഷ്കരിക്കുമ്പോൾ ചെറുകിട നാമമാത്ര കർഷകരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടണമെന്നും കേന്ദ്ര സർക്കാരിന്റെ ലൈവ്‌ലിഹുഡ് സെക്യൂരിറ്റി ബോക്സിലും രാജ്യാന്തര വാണിജ്യ വ്യവസായ കരാറുകളിലും സ്വാഭാവിക റബ്ബറിനെ ഉൾപ്പെടുത്തണമെന്നും ആസിയാൻ രാജ്യങ്ങളിൽനിന്നുള്ള റബ്ബർ ഇറക്കുമതിയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് ശാശ്വത പരിഹാരം കാണണമെന്നും കേന്ദ്ര വാണിജ്യ വ്യവസായ വകുപ്പുമന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. അതിന്റെ ഫലമായി കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ പ്രതിനിധികളെ ഉൾപ്പെടുത്തി ജോയിന്റ് ടാസ്ക് ഫോഴ്സ് രൂപീകരിച്ച് ഫലപ്രദമായ ചർച്ചകൾ നടന്നുവരുന്നു.

സംസ്ഥാനത്തെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനായി സംസ്ഥാന സർക്കാർ വിവിധ വിളകളുടെ സംഭരണ പദ്ധതികൾ നടപ്പിലാക്കുന്നു. സിവിൽ സപ്ലൈസ് മുഖേന സംസ്ഥാന സർക്കാർ നെല്ല് സംഭരണം നടത്തിവരുന്നു. കൃഷി ഭവനുകൾ മുഖേന പച്ചത്തേങ്ങാ സംഭരണ പദ്ധതിയും നടപ്പിലാക്കുന്നു. കൂടാതെ പഴം-പച്ചക്കറി കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ഉറപ്പാക്കുന്നതിന് വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ കൃഷി വകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവരുടെ സഹകരണത്തോടെ ഉത്സവ സീസണുകളിൽ കർഷകരിൽനിന്നും കൂടിയ വിലയ്ക്ക് പച്ചക്കറികൾ സംഭരിക്കുന്നു. പൊതുവിപണിയിൽ വിലയിടിവ് അനുഭവപ്പെടുന്ന മറ്റ് സന്ദർഭങ്ങളിൽ ഇത്തരത്തിൽ സർക്കാർ സംവിധാനങ്ങളിലൂടെ കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിന് സംഭരണം നടത്തുന്നു.

കാർഷിക ഉൽപ്പന്നങ്ങൾക്ക് കൂടുതൽ വില ലഭ്യമാക്കുന്നതിനായി ഉൽപ്പന്ന സംസ്കരണത്തിനും മൂല്യവർദ്ധനവിനുമുള്ള പദ്ധതികളും വിപണി ഉറപ്പാക്കുന്ന പദ്ധതികളും നടപ്പിലാക്കിവരുന്നു. കൂടാതെ വിവിധ വിളകളുടെ ഉൽപ്പാദന വർദ്ധനവിനും കൃഷി വ്യാപനത്തിനുമുള്ള പദ്ധതികളും നൂതന സാങ്കേതികവിദ്യകളുടെ പ്രചരണത്തിനുള്ള പദ്ധതികളും വിവിധ ഉല്പാദനോപാധികളുടെ വിതരണത്തിനുള്ള പദ്ധതികളും സംസ്ഥാന സർക്കാർ നടപ്പിലാക്കിവരുന്നു. നൂതന സാങ്കേതികവിദ്യകൾ കർഷകരിലേയ്ക്ക് പകരുന്നതിനായി കമ്പ്യൂട്ടർ അധിഷ്ഠിത വിജ്ഞാന വ്യാപന പ്രവർത്തനങ്ങളും കൃഷി വകുപ്പ് നടപ്പിലാക്കുന്നു.

## കൈപ്പാട് പ്രദേശത്തെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്ന നടപടി

8(3027) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കൈപ്പാട് പ്രദേശത്തെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; കൈപ്പാട് മേഖലയിലെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നേരിടുന്ന പ്രതിസന്ധികൾ എന്തൊക്കെയാണ്; ഇത് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) കൈപ്പാട് പ്രദേശത്തിന്റെ പ്രത്യേകത പരിഗണിച്ച് കണ്ണൂർ ജില്ലയിൽ കൈപ്പാട് സ്പെഷ്യൽ സോൺ ആയി പ്രഖ്യാപിച്ചതിനാൽ പ്രസ്തുത പ്രദേശത്ത് കൃഷിക്ക് കൂടുതൽ സഹായം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 153 ഹെക്ടർ സ്ഥലത്താണ് കൃഷി ചെയ്യുന്നത്. തരിശ്ശായി കിടക്കുന്ന 120 ഹെക്ടർ സ്ഥൽത്ത് ഈ വിരിപ്പ സീസണിൽ കൃഷി ആരംഭിക്കുന്നുണ്ട്.

തൊഴിലാളികളുടെ ക്ഷാമം, വർദ്ധിച്ച ഉല്പാദനച്ചെലവ്, കൈപ്പാട് കൃഷിക്ക് യോജിച്ച യന്ത്രങ്ങളുടെ അഭാവം, ജലനിർഗ്ഗമനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത എന്നിവയാണ് വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് നേരിടുന്ന പ്രതിസന്ധികൾ. ഇവ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട് :

ഏഴോം കൃഷിഭവൻ പരിധിയിലെ അഗ്രോ-സർവ്വീസ് സെന്ററും പട്ടുവം കൃഷിഭവൻ പരിധിയിലെ കാർഷിക സർവ്വകലാശാലയുടെ തൊഴിൽസേനയും ശക്തിപ്പെടുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനും ഉല്പാദനച്ചെലവ് കുറയ്ക്കുന്നതിനുമായി മയ്യിൽ കൃഷിഭവൻ, ഇരിട്ടി ബ്ലോക്ക് എന്നിവിടങ്ങളിൽ പുതിയ അഗ്രോ-സർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രത്യേക കാർഷിക മേഖല പദ്ധതിയിൽപ്പെടുത്തി കൈപ്പാട് പ്രദേശത്തെ പ്രശ്നങ്ങൾ പരിഹരിക്കുന്ന തിനാവശ്യമായ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കുള്ള നടപടികളും ആരംഭിച്ചിട്ടുണ്ട്. ഈ പദ്ധതിക്കായി 32.9 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പ്രത്യേക കാർഷിക മേഖല പദ്ധതിയിൽ കൈപ്പാട് സ്പെഷ്യൽ സോണിന് മൂന്നവർഷത്തേയ്ക്കായി 1303 ലക്ഷം രൂപയുടെ പദ്ധതികൾ വിഭാവന ചെയ്യുന്നു. ആയതിൽ 32.9 ലക്ഷം രൂപ ഒന്നാം വർഷത്തേയ്ക്കായി അനുവദിക്കുകയും ചെയ്തു. അത് പ്രകാരം ചെറുകുന്ന്, ഏഴോം, പട്ടുവം, കണ്ണപുരം കൃഷിഭവൻ പരിധിയിലെ ബണ്ട് നിർമ്മാണത്തിനായി 11.9 ലക്ഷം രൂപയും ചെറുകുന്ന് ഏഴോം പട്ടുവം കൃഷിഭവൻ പ്രദേശത്ത് ഏലാത്തോടുകളുടെ നിർമ്മാണത്തിന് 15 ലക്ഷം രൂപയും പട്ടുവത്ത് റ്റില്ലർ പാർക്കിന് 3 ലക്ഷം രൂപയും പുഴാതിയിൽ ജലനിർഗ്ഗമന ചാലുകളുടെ നിർമ്മാണത്തിനായി 3 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കാലാവസ്ഥാ വ്യതിയാനം

9(3028) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുമായി ബന്ധപ്പെട്ട് കാലാവസ്ഥാ വ്യതിയാനത്തിന്റെ ഫലങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) കാലാവസ്ഥാ വ്യതിയാനത്തിന് അനുസൃതമായി കാർഷിക പ്രവൃത്തികളുടെ ആസൂത്രണത്തിൽ മാറ്റം വരുത്തേണ്ടതുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ ഏതെല്ലാം സ്ഥാപന സംവിധാനങ്ങളിലൂടെയാണ് ഇടപെടൽ നടത്താനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) കാലാവസ്ഥാ വ്യതിയാനം കാരണമുണ്ടായ കടുത്ത വരൾച്ചയും ജലദൗർലഭ്യവുംമൂലം സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് സാമ്പത്തിക വർഷത്തിൽ 1256 കോടി രൂപയുടെ കൃഷിനാശം ഉണ്ടായതായിട്ടാണ് പ്രഥമവിവര റിപ്പോർട്ട് പ്രകാരം കണക്കാക്കിയിട്ടുള്ളത്. ഏകദേശം 74,420 ഹെക്ടർ കൃഷിയാണ് നശിച്ചത്. പച്ചക്കറി, നെല്ല്, വാഴ, തെങ്ങ്, കുരുമുളക് തുടങ്ങിയ വിളകൾക്കാണ് വ്യാപകനാശം സംഭവിച്ചിട്ടുള്ളത്.

(ബി) കാലാവസ്ഥാ വ്യതിയാനം സംഭവിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ പ്രസ്തുത വ്യതിയാനം കാരണം കാർഷിക വിളകൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസർമാരോട് നിർദ്ദേശിച്ചിട്ടുണ്ട്.

I. കർഷകർ സ്വീകരിക്കേണ്ട ഹ്രസ്വകാല നടപടികൾ

1. കൃഷി നശിച്ചാൽ അവ പുനരുദ്ധരിക്കാൻ വീണ്ടും വിതയ്ക്കുന്നതിന് വിത്ത് സംഭരിച്ച് വയ്ക്കേണ്ടതാണ്.

2. വിളയുടെ വളർച്ചയുടെ നിർണ്ണായക ഘട്ടങ്ങളിൽമാത്രം (ജലം ഏറ്റവും കൂടുതൽ ആവശ്യമുള്ള സമയത്ത്) ജലസേചനം നടത്തണം.

3. കുട്ടനാട് പോലുള്ള മേഖലകളിൽ മണ്ണിന്റെ അമ്ലത്വം കുറയുന്നതിന് കുമ്മായം ചേർത്ത് കൊടുക്കേണ്ടതാണ്.

4. മൂപ്പുകുറഞ്ഞ നെൽ വിത്തിനങ്ങൾ ഉപയോഗിക്കേണ്ടതാണ്.

5. തെങ്ങിൻ തോട്ടങ്ങളിലും കവുങ്ങിൻ തോട്ടങ്ങളിലും ഈർപ്പ സംരക്ഷണത്തിന് പുതയിടൽ, തൊണ്ട് മണ്ണിനടിയിലാക്കൽ എന്നിവ നടത്താവുന്നതാണ്.

II. ദീർഘകാല നടപടികൾ

1. വരൾച്ചയെ ചെറുത്തുനിൽക്കാൻ ശേഷിയുള്ള വിത്തിനങ്ങൾ വികസിപ്പിച്ചെടുക്കുകയും ഓരോ പ്രദേശത്തും അനുയോജ്യമായ ഇനങ്ങളെ കണ്ടെത്തുകയും ചെയ്യുന്നതിനുള്ള നടപടികൾ കേരള കാർഷിക സർവ്വകലാശാല മുഖേന നടപ്പിലാക്കിവരുന്നു.

2. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സംഭരിക്കുന്നതിനുള്ള ജലസംഭരണികൾ നിർമ്മിക്കുക, മഴക്കുഴികൾ നിർമ്മിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കായി മണ്ണ് സംരക്ഷണ വകുപ്പ് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

3. മൈക്രോ ഇറിഗേഷൻ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്.

4. തണ്ണീർത്തടങ്ങളെ നാശോന്മുഖമാക്കാതെ നിലനിർത്തുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

5. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി, കേരവൃക്ഷ ഇൻഷ്വറൻസ് പദ്ധതി എന്നിവയിൽ കർഷകരെ അംഗങ്ങളാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

6. നെൽകൃഷിയിൽ എസ്.ആർ.ഐ. ടെക്നിക് (ഒറ്റ ഞാർ നെൽകൃഷി) പ്രോത്സാഹിപ്പിക്കുക.

7. കേരളത്തിൽ ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള നടപടികൾ കൃഷി വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നുണ്ട്.

(സി) കാലാവസ്ഥാ വ്യതിയാനം നിരീക്ഷിക്കുവാൻ ഇൻഡ്യൻ മീറ്റീരിയോളജിക്കൽ ഡിപ്പാർട്ട്മെന്റ്, വി.എഫ്.പി.സി.കെ., കെ.എസ്.ഡി.എം.എ. എന്നീ സ്ഥാപനങ്ങളുടെ കാലാവസ്ഥാ നിരീക്ഷണ കേന്ദ്രങ്ങൾ വഴിയുള്ള റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് സെന്റർ വഴിയുള്ള നിരീക്ഷണ ഉപഗ്രഹത്തിന്റെയും സേവനം പ്രയോജനപ്പെടുത്തിയും അതിൽനിന്ന് ലഭ്യമാകുന്ന വിവരങ്ങൾ കാലാവസ്ഥാവ്യതിയാനംമൂലം ദുരിതമനുഭവിക്കുന്ന കർഷകർക്ക് നൽകുവാനുള്ള സംവിധാനങ്ങൾ ആസൂത്രണം ചെയ്തുവരുന്നു.

## നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന കാർഷിക പദ്ധതികൾക്കുള്ള അനുമതി

10(3029) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) RIDF - XXIII -ൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ കാർഷിക പദ്ധതികൾക്ക് അനുമതി ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ?

(ബി) നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്ന ചാലക്കുടി മണ്ഡലത്തിൽപ്പെട്ട കപ്പത്തോട് നവീകരണം, ചാത്തൻചാൽ സംരക്ഷണം എന്നീ പദ്ധതികൾക്ക് അനുമതി ലഭ്യമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) RIDF-XXIII സ്കീമിൽ ഉൾപ്പെടുത്തി നബാർഡിന്റെ സഹായത്തോടെ നടപ്പാക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള വിവിധ കാർഷിക പദ്ധതികൾക്ക് ഇതുവരെയും നബാർഡിന്റെ അനുമതി ലഭ്യമായിട്ടില്ല. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) ചാലക്കുടി മണ്ഡലത്തിൽ ഉൾപ്പെട്ട കപ്പത്തോട് നവീകരണ പദ്ധതിക്കായി ആർ.ഐ.ഡി.എഫ്. XXII സ്കീമിൽ ഉൾപ്പെടുത്തി 1000 ലക്ഷം രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി.-ക്ക് നൽകിയിരുന്നുവെങ്കിലും ടി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പ്രൈസ് സോഫ്റ്റ്‌വെയർ പ്രകാരം റിവൈസ് ചെയ്ത് നൽകിയതിന്മേൽ ചീഫ് ടെക്നിക്കൽ എക്സാമിനറുടെ പരിശോധനയിൽ കണ്ടെത്തിയ മാറ്റങ്ങൾ വരുത്തി പുതുക്കിയ എസ്റ്റിമേറ്റ് പ്രകാരം പുതുക്കിയ ഭരണാനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ചാലക്കുടി നിയോജകമണ്ഡലത്തിൽപ്പെട്ട ചാത്തൻചാൽ സംരക്ഷണ ത്തിനായുള്ള പദ്ധതി റിപ്പോർട്ട് തയ്യാറാക്കി ആർ.ഐ.ഡി.എഫ്. XXIV സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി നബാർഡിൽ സമർപ്പിച്ചിട്ടുണ്ട്.

ചാലക്കുടി മണ്ഡലത്തിലെ കപ്പത്തോട്ടിലേയ്ക്ക് ജലം ഒഴുകിയെത്തുന്ന ചെറുതോടുകൾ ഉൾപ്പെട്ട കോടശ്ശേരി, പരിയാരം, അതിരപ്പിള്ളി എന്നീ പഞ്ചായത്തുകളുടെ ഭാഗങ്ങളും ചാലക്കുടി മുനിസിപ്പാലിറ്റിയുടെ അഞ്ചാം വാർഡിന്റെ ഭാഗങ്ങളും ഉൾപ്പെടുന്ന "കപ്പത്തോട് നീർത്തട പദ്ധതി" ആർ.ഐ.ഡി.എഫ്-ന്റെ 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 2014-17 കാലഘട്ടത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളായ ജൈവവേലി, മഴക്കുഴികൾ, കാർഷിക വനവത്കരണം, ചെറുകുളങ്ങൾ, കല്ലുകയ്യാലകൾ, പുല്ല് വെച്ച് പിടിപ്പിക്കൽ, പാർശ്വഭിത്തി സംരക്ഷണം, ചെക്ക്ഡാമുകൾ, സൈസ് പിച്ചിങ്ങ് വാൾ, ക്രോസ് ചെക്കുകൾ, ഫീൽഡ് ചാനൽ, വാട്ടർ ഹാർവെസ്റ്റിംഗ് സ്ട്രക്ചറുകൾ, കിണർ റീചാർജ് യൂണിറ്റുകൾ, നടപ്പാതകൾ, സ്ലൂയിസ്സ്, കുളം പുനരുദ്ധാരണം എന്നീ പ്രവർത്തനങ്ങൾ 274.92 ലക്ഷം രൂപ ചെലവഴിച്ച് 1255 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി 100% പദ്ധതി പുരോഗതി കൈവരിച്ചിട്ടുണ്ട്.

## പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം ബയോപ്ലാസ്റ്റിക്കുകൾ

11(3030) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്യാൻസർ അടക്കമുള്ള രോഗങ്ങൾക്ക് കാരണമായ പ്ലാസ്റ്റിക് ബാഗുകൾക്ക് പകരം കാർഷിക ഉത്പന്നങ്ങൾ ഉപയോഗിച്ച് നിർമ്മിക്കുന്ന ബയോപ്ലാസ്റ്റിക് ഉല്പാദിപ്പിക്കാൻ കൃഷി വകുപ്പ് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) രാജ്യത്ത് പ്ലാസ്റ്റിക് ബാഗുകൾക്ക് പകരമായി ബയോ ഡീഗ്രേഡബിൾ പ്ലാസ്റ്റിക് ഉപയോഗിക്കാനായുള്ള കേന്ദ്ര സർക്കാർ നിർദ്ദേശം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഇല്ല. ആലോചിക്കാവുന്നതാണ്.

(ബി) ഉണ്ട്.

## വിള ഇൻഷ്വറൻസ് പദ്ധതി

12(3031) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പിലാക്കുന്ന വിള ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെട്ട കർഷകരുടെ ജില്ല തിരിച്ചുള്ള എണ്ണം നല്കുമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം ഇൻഷ്വറൻസ് തുക വർദ്ധിപ്പിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെക്കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

വരൾച്ച, വെള്ളപ്പൊക്കം, ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, ഭൂകമ്പം, ചുഴലിക്കാറ്റ്, കൊടുങ്കാറ്റ്, ഇടിമിന്നൽ, കാട്ടുതീ, വന്യജീവി ആക്രമണം എന്നീ തരത്തിലുള്ള കൃഷി നാശത്തിനാണ് പദ്ധതി സംരക്ഷണം നൽകുന്നത്. കോൾ നിലങ്ങൾ, കുട്ടനാട്, പാലക്കാട് എന്നീ പ്രദേശങ്ങൾ കൂടാതെ നെൽകൃഷിക്ക് സംസ്ഥാനത്ത് എവിടെയും കീട രോഗബാധമൂലം ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയിട്ടുണ്ട്. വനഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വനപ്രദേശങ്ങളിൽ വനം വകുപ്പിന്റെ അനുമതിയോടുകൂടി കർഷകർ ചെയ്യുന്ന ഹ്രസ്വ/വാർഷിക വിളകളുടെ കൃഷികൂടി ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന പ്രീമിയംതുക അടച്ച് കർഷകർക്ക് പദ്ധതിയിൽ ചേരാവുന്നതാണ്. സ്വന്തമായോ പാട്ടത്തിനോ കൃഷി ഇറക്കുന്ന കർഷകർക്ക് ഈ പദ്ധതിയിൽ അംഗമാകാം. നെൽകൃഷിയിൽ ഗ്രൂപ്പ് ഫാമിംഗ് നിലവിലുള്ള പാടശേഖരങ്ങളിൽ ഗ്രൂപ്പ് അടിസ്ഥാനത്തിലോ വ്യക്തിഗത അടിസ്ഥാനത്തിലോ ചേരാവുന്നതാണ്. ഈ പദ്ധതി പഞ്ചായത്ത് തലത്തിൽ കൃഷിഭവൻ വഴി നടപ്പിലാക്കിവരുന്നു. പ്രീമിയംതുക അടച്ച ദിവസംമുതൽ 7 ദിവസങ്ങൾക്കുശേഷം ഉണ്ടാകുന്ന കൃഷി നാശത്തിന് നഷ്ടപരിഹാരത്തിന് അർഹതയുണ്ട്.

പ്രകൃതിക്ഷോഭം ഉണ്ടായി 15 ദിവസത്തിനുള്ളിൽ അപേക്ഷ കൃഷി ഭവനിൽ നൽകേണ്ടതും 5 ദിവസത്തിനുള്ളിൽ കൃഷി ഉദ്യോഗസ്ഥർ കൃഷിനാശം തിട്ടപ്പെടുത്തേണ്ടതുമാണ്. നെൽകൃഷിക്ക് 3 ലക്ഷം രൂപ വരെയുള്ള കൃഷിനാശത്തിനും മറ്റ് വിളകൾക്ക് 2 ലക്ഷം രൂപവരെയുള്ള കൃഷിനാശത്തിനും നഷ്ടപരിഹാരം നൽകുന്നതിനുള്ള അധികരം ജില്ലാ തലത്തിലുള്ള പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നൽകിയിട്ടുണ്ട്. ആയതിനുമുകളിലുള്ള നഷ്ടപരിഹാരം കൃഷി ഡയറക്ടർ തലത്തിലും കാർഷികോൽപ്പാദന കമ്മീഷണർ ചെയർമാനായുള്ള അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റിയിലും നിക്ഷിപ്തമാണ്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(സി) ഉണ്ട്.

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ചിരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| വിള | മുമ്പ് ഉണ്ടായിരുന്നത് | വർദ്ധിപ്പിച്ചത് |
|---|---|---|
| നെല്ല് | 45 ദിവസത്തിനുള്ളിൽ രൂപ 3000/ha<br>45 ദിവസത്തിനുശേഷം രൂപ 5000/ ha | 45 ദിവസത്തിനുള്ളിൽ രൂപ 15000/ha<br>45 ദിവസത്തിനുശേഷം രൂപ 35000/ha |
| പച്ചക്കറികൾ | പന്തലില്ലാത്തതിന് രൂപ 15000/ha<br>പന്തലുള്ളതിന് രൂപ 25000/ha | പന്തലില്ലാത്തതിന് രൂപ 25000/ha<br>പന്തലുള്ളതിന് രൂപ 40000/ha |
| കുരുമുളക് | ഓരോ താങ്ങുമരത്തിനും രൂപ 40 വീതം | ഓരോ താങ്ങുമരത്തിനും രൂപ 200 വീതം |
| ഏലം | രൂപ 30000/ha | രൂപ 60000/ha |
| ഇഞ്ചി | രൂപ 40000/ha | രൂപ 80000/ha |
| മഞ്ഞൾ | രൂപ 40000/ha | രൂപ 60000/ha |
| ജാതി | രൂപ 200/മരം | രൂപ 3000/മരം |
| ഗ്രാമ്പൂ | രൂപ 150/മരം | രൂപ 1000/മരം |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതി

13(3032) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു ലക്ഷം യുവജനങ്ങൾക്ക് പ്രത്യേക തൊഴിൽദാന പദ്ധതിയിൽ ഉൾപ്പെട്ട കർഷകർക്ക് നിലവിൽ എന്തൊക്കെ ആനുകൂല്യങ്ങളാണ് നൽകുന്നത്;

(ബി) അവരുടെ സേവനം നിലവിൽ ഉപയോഗപ്രദമാക്കാറുണ്ടോ;

(സി) ഈ പദ്ധതിയുടെ ഭാഗമായി രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) ധനസഹായത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) പ്രസ്തുത തൊഴിൽദാന പദ്ധതി പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

### ഉത്തരം

(എ)

(1) ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിലെ അംഗങ്ങൾക്ക് 60 വയസ്സിനുമുമ്പ് മരണം സംഭവിച്ചാൽ ഗുണഭോക്താവിന്റെ നോമിനിക്ക് 25,000 രൂപ മരണാനന്തര ആനുകൂല്യമായി നൽകിവരുന്നു.

(2) പദ്ധതിയിലെ അംഗങ്ങൾക്ക് ശാരീരികമോ മാനസികമോ പൂർണ്ണ അവശതമൂലമോ കാർഷിക വൃത്തി തുടരാൻ സാധിക്കാതെ വന്നാൽ ഒറ്റത്തവണ ആനുകൂല്യമായി 25,000 രൂപ നൽകിവരുന്നു.

(3) പദ്ധതിയിൽ തുടരുന്ന അംഗങ്ങൾക്ക് 60 വയസ്സ് തികയുമ്പോൾ 30,000 രൂപ ഗ്രാറ്റുവിറ്റിയും പ്രതിമാസം 1,000 രൂപ പെൻഷനും നൽകിവരുന്നു.

(4) പദ്ധതിയിലെ അംഗങ്ങൾ കൃഷി മേഖലയിൽനിന്നും വിട്ട് മറ്റ് തൊഴിൽ കിട്ടി പോവുകയോ സ്വമേധയാ എന്നെങ്കിലും പിരിഞ്ഞുപോകുകയാണെങ്കിൽ 7500 രൂപയും നൽകുന്നുണ്ട്.

(ബി) പദ്ധതി അംഗങ്ങളിൽനിന്നും പ്രത്യേക സേവനങ്ങളൊന്നുംതന്നെ പദ്ധതിയിൽ പ്രതിപാദിച്ചിട്ടില്ല. കാർഷിക മേഖലയിൽ തൊഴിലെടുത്ത് ജീവിക്കുന്നതിനുള്ള താൽപ്പര്യമാണ് മാനദണ്ഡമായി സ്വീകരിച്ചിരിക്കുന്നത്.

(സി) പ്രത്യേക തൊഴിൽദാന പദ്ധതി അംഗങ്ങൾക്കായി 2014-15 വർഷത്തിൽ 3 പദ്ധതികൾ (വാഴകൃഷി, കോക്കനട്ട് നഴ്സറി, ഡയറി ഫാം) ആർ.കെ.വി.വൈ. ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ഇപ്പോൾ ആർ.കെ.വി.വൈ.-യിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല.

(ഡി) ഇല്ല. കർഷകരുടെ ക്ഷേമത്തിനും ഉന്നമനത്തിനുമായി 'കർഷക ക്ഷേമനിധി ബോർഡ്' രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

**കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ**

14(3033) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിൽ 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നടപ്പാക്കാൻ കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇവയ്ക്കുള്ള ഫണ്ടിന്റെ ലഭ്യത സംബന്ധിച്ച് വ്യക്തമായ വിവരം ലഭ്യമാക്കുമോ; എത്ര തുക ലഭിച്ചു; എത്ര തുക ചെലവഴിച്ചു?

ഉത്തരം

(എ) 2016-17, 2017-18, 2018-19 എന്നീ വർഷങ്ങളിൽ നടപ്പാക്കാൻ കൃഷി വകുപ്പ് തയ്യാറാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സുസ്ഥിര നെൽകൃഷി വികസനം
2. അഗ്രികൾച്ചറൽ എക്സ്റ്റൻഷൻ
3. പച്ചക്കറി വികസന പദ്ധതി
4. കേരസമൃദ്ധി
5. ക്വാളിറ്റി കൺട്രോൾ
6. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ്
7. സ്മാം
8. സോയിൽ ഹെൽത്ത് മാനേജ്മെന്റ്
9. സുഗന്ധവിള വികസന പദ്ധതി

10. ഓർഗാനിക് ഫാമിംഗ്

11. സൗജന്യ വൈദ്യുതി

12. കിഴങ്ങുവിള വികസനം

13. അഗ്രോ സർവ്വീസ് സെന്റർ സപ്പോർട്ട്

14. ബയോഗ്യാസ്

15. പരമ്പരാഗത കൃഷി വികാസ് യോജന

16. കർഷക പെൻഷൻ

മേൽപ്പറഞ്ഞ എല്ലാ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയും ചെലവും സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി പദ്ധതികൾ

15(3034) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി എന്തെല്ലാം പദ്ധതികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദവിവരം നൽകുമോ;

(ബി) നടീൽ വസ്തുക്കളുടെയും വിത്തിന്റെയും ഗുണമേന്മ നിലനിർത്തി അവ വർദ്ധിപ്പിച്ച് ജനോപകാരപ്രദമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കൃഷി ഫാമുകളുടെ നവീകരണത്തിനും വിപുലീകരണത്തിനുമായി സ്വീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) നടീൽ വസ്തുക്കളുടെയും വിത്തിന്റെയും ഗുണമേന്മ നിലനിർത്തി അവ വർദ്ധിപ്പിച്ച് ജനോപകാരപ്രദമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒരു വർഷം രണ്ടുകോടി ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ ഉൽപ്പാദിപ്പിക്കുന്നതിന് കഴിയുന്ന ഒരു യൂണിറ്റ് VFPCK-യുടെ മേൽനോട്ടത്തിൽ എറണാകുളം ജില്ലയിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കൃഷി പ്രോത്സാഹന പദ്ധതികൾ

16(3035) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിയുടെ പ്രോത്സാഹനത്തിനായുള്ള സാമ്പത്തിക സഹായ പദ്ധതികൾ തികച്ചും അനാകർഷകവും തുച്ഛവുമാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇത്തരം സമീപനം പുതിയ തലമുറയ്ക്ക് കൃഷിയോട് അവമതിപ്പുണ്ടാക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) കാർഷികവൃത്തിയെ ഗുണമേന്മ കുറഞ്ഞ തൊഴിലായി കാണുന്ന പൊതുബോധം ഇല്ലായ്മ ചെയ്യുന്നതിന് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന ക്രിയാത്മക നടപടികൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ&ബി) വിവിധ കാർഷിക പദ്ധതികൾക്ക് ആകർഷകമായ സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്.

(സി) കാർഷികവൃത്തിയെ ഗുണമേന്മ കുറഞ്ഞ തൊഴിലായി കണക്കാക്കുന്നില്ല. സുരക്ഷിത ഭക്ഷണം ആരോഗ്യത്തിന് ആവശ്യമാണെന്ന ബോധം ജനങ്ങളെ കൃഷിയിലേയ്ക്കും പ്രത്യേകിച്ച് പച്ചക്കറികൃഷി, ജൈവകൃഷി മേഖലകളിലേയ്ക്ക് ആകർഷിച്ചിട്ടുണ്ട്. കൂടാതെ മട്ടുപ്പാവ് കൃഷിരീതികളും ഹൈടെക് കൃഷിരീതികളും ഉപയോഗിച്ച് കൃഷി ആദായകരമായി ചെയ്യാമെന്നത് യുവജനങ്ങളെ കൃഷിയിലേയ്ക്ക് ആകർഷിക്കുന്നു. കാർഷികോത്പന്നങ്ങളുടെ വിപണനത്തിലും സംസ്കരണ മൂല്യവർദ്ധന മേഖലകളിലും കൃഷി വകുപ്പിന്റെ ഇടപെടൽമൂലം കൂടുതൽ വില ലഭിക്കുന്നതിന് സഹായിക്കുന്നതോടൊപ്പം കർഷകരെ സംരംഭകരാക്കി മാറ്റുന്നതിനും സാധിക്കുന്നു. ഇത്തരത്തിൽ സമൂഹത്തിൽ കർഷകർക്ക് സാമ്പത്തികവും സാമൂഹികവുമായ മാന്യത ലഭ്യമാകുന്നുണ്ട്.

## പിറവം നിയോജകമണ്ഡലത്തിലുൾപ്പെട്ട ആർ.ഐ.ഡി.എഫ്. പദ്ധതികൾ

17(3036) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിലുൾപ്പെട്ട പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി 2015 മുതൽ ആർ.ഐ.ഡി.എഫ്. സ്കീമിലുൾപ്പെടുത്തിയ പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിയും ഏത് ഘട്ടത്തിലാണെന്നും അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതികളിൽ അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(സി) ഈ പദ്ധതികളിൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ&ബി) പിറവം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 2015 മുതൽ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ് സ്കീമിൽ ഉൾപ്പെടുത്തി നടപ്പിലാക്കുവാൻ തയ്യാറാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-I ആയി ചേർക്കുന്നു*.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ നടപ്പിലാക്കുന്നതിന് അനുമതി ലഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം-II ആയി ചേർക്കുന്നു*.

പിറവം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ സംരക്ഷണത്തിനായി 2015 മുതൽ ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി കെ.എൽ.ഡി.സി. മുഖേന നടപ്പിലാക്കുന്നതിന് സമർപ്പിച്ചിട്ടുള്ളതും അനുമതി ലഭിച്ച പദ്ധതിയുടെ വിശദാംശങ്ങൾ അനുബന്ധം-III ആയി ചേർക്കുന്നു*.

(സി) പിറവം നിയോജകമണ്ഡലത്തിലെ മറ്റ് പദ്ധതികൾ ഒന്നുംതന്നെ ഇപ്പോൾ ധനകാര്യ വകുപ്പിന്റെ പരിഗണനയിലില്ല.

**ഹൈടെക് കൃഷി രീതി**

18(3037) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്</u> :
<u>ശ്രീ. പി. ടി. എ. റഹീം</u> :
<u>ശ്രീ. യു. ആർ. പ്രദീപ്</u> :
<u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈടെക് കൃഷി രീതി നടപ്പാക്കി വരുന്നുണ്ടോ;

(ബി) എങ്കിൽ ഇത്തരം കൃഷിക്കായി എന്തെല്ലാം സാങ്കേതികവിദ്യകളാണ് ഉപയോഗിക്കുന്നതെന്ന് വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നടീൽ വസ്തുക്കളുടെ അഭാവം പരിഹരിക്കുന്നതിനായി ഹൈടെക് പച്ചക്കറി തൈ ഉല്പാദന കേന്ദ്രം ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ഹൈടെക് പച്ചക്കറി തൈ ഉല്പാദന കേന്ദ്രം ആരംഭിച്ചിട്ടുണ്ടെങ്കിൽ ഇതിന് രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ എന്തെല്ലാം ധനസഹായമാണ് ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഇ) ഹൈടെക് കൃഷി രീതിയുടെ സാദ്ധ്യതകൾ കണ്ടെത്തി അത് വ്യാപിപ്പിക്കുന്നതിനും പരിമിതികൾ മറികടക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) മൂല്യംകൂടിയ പച്ചക്കറികളും പുഷ്പങ്ങളും ഉത്പാദിപ്പിക്കുന്നതിനായി സൂക്ഷ്മ ജലസേചന സംവിധാനങ്ങളിലൂടെ കൃത്യമായ അളവിൽ വെള്ളവും വളവും നൽകിക്കൊണ്ടുള്ള പ്രിസിഷൻ ഫാമിംഗ് കൃഷി രീതിയാണ് നിലവിൽ ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നത്.

(സി ആൻഡ് ഡി) സംസ്ഥാനത്ത് നടീൽ വസ്തുക്കളുടെ അഭാവം പരിഹരിക്കുന്നതിനുള്ള പദ്ധതികളുടെ ഭാഗമായി ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദന കേന്ദ്രം വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിലിനുകീഴിൽ പ്രവർത്തനക്ഷമമായിട്ടുണ്ട്. എറണാകുളം ജില്ലയിൽ മൂവാറ്റുപുഴ നടുക്കരയിലാണ് 4.09 ഏക്കറിൽ ഒരു ഹൈടെക് പച്ചക്കറി തൈ ഉൽപ്പാദന കേന്ദ്രം നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. പ്രതിവർഷം രണ്ട് കോടി ഹൈബ്രിഡ് പച്ചക്കറി തൈകൾ ഉൽപ്പാദിപ്പിക്കാൻ ശേഷിയുള്ള ഈ യൂണിറ്റിൽ 1536 സ്ക്വയർമീറ്റർ വീതം വലിപ്പമുള്ള 4 പോളീ ഹൗസുകൾ, ഫെർട്ടിഗേഷൻ യൂണിറ്റ്, വിത്ത് നടിൽ യൂണിറ്റ്, ഓഫീസ് കോംപ്ലക്സ് എന്നിവ ഉൾപ്പെടുന്നു. മേൽപ്പറഞ്ഞ അടിസ്ഥാന സൗകര്യ വികസനത്തിനുള്ളതും പ്ലഗ് നഴ്സറിയിൽനിന്ന് തൈകൾ വിതരണം ചെയ്യുന്നതിനുള്ള വാഹനങ്ങൾ വാങ്ങുന്നതിനുമാണ് RKVY പദ്ധതിയുടെ ഭാഗമായി 11.35 കോടി രൂപയുടെ ധനസഹായം ലഭ്യമായിട്ടുള്ളത്.

(ഇ) പുതിയ സംരംഭകർക്ക് ഹൈടെക് കൃഷിയോട് ആഭിമുഖ്യം വരുത്തുന്നതിനായി കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്റർ, തവനൂർ കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി എന്നിവിടങ്ങളിൽ വിദഗ്ദ്ധ പരിശീലനം

നൽകുകയും എല്ലാ ജില്ലകളിലും ഹൈടെക് കൃഷി ചെയ്യുവാൻ താൽപ്പര്യമുള്ളവർക്ക് പരിശീലന പരിപാടികളും ലഭ്യമാക്കുന്നതാണ്. ഇതിനുപുറമെ ഹൈടെക് കൃഷിയിൽ സാങ്കേതിക വിദഗ്ദ്ധരുടെ സേവനം കൃഷി വകുപ്പിലൂടെയും കേരള കാർഷിക സർവ്വകലാശാലയിലൂടെയും ലഭ്യമാക്കുന്നുണ്ട്. പ്രത്യേക കാർഷിക മേഖലയായി പ്രഖ്യാപിച്ച ജില്ലകളിൽ പോളീഹൗസുകൾ സ്ഥാപിക്കുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

## കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി

19(3038) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റബ്ബറിന്റെ കനത്ത വിലയിടിവിൽ നട്ടം തിരിയുന്ന കർഷകർക്ക് അല്പമെങ്കിലും ആശ്വാസമായിരുന്ന ജാതി കൃഷിയും പ്രതിസന്ധിയിലായതോടെ കർഷകരെ സഹായിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ ;

(ബി) റബ്ബർ കർഷകർക്ക് സബ്സിഡി നൽകുന്നതുപോലെ, ജാതി കർഷകർക്കും സബ്സിഡി അനുവദിക്കുമോ;

(സി) കാർഷിക മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുവാൻ ഫലപ്രദമായ പാക്കേജ് നടപ്പിലാക്കുമോ;

(ഡി) കേന്ദ്ര ഗവൺമെന്റിന്റെ കർഷകവിരുദ്ധ നയംമൂലം പൊറുതി മുട്ടി, കർഷകർ കൃഷി ഉപേക്ഷിക്കുന്ന സ്ഥിതി ഒഴിവാക്കുവാൻ പുതിയ ആനുകൂല്യങ്ങൾ പാക്കേജിലൂടെ നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ജാതി കൃഷി ചെയ്യുന്ന കർഷകരെ സഹായിക്കുന്നതിനായി കൃഷി വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. ജാതിയുടെ വിള വിസ്തൃതി വ്യാപനത്തിന് സംസ്ഥാന സർക്കാരിന്റെ സുഗന്ധവിള വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒരു ഹെക്ടർ കൃഷി ചെയ്യുന്നതിന് 20,000 രൂപ വീതം സഹായം നൽകുന്നുണ്ട്. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ നടപ്പാക്കുന്ന കേന്ദ്ര ഗവൺമെന്റിന്റെ MIDH പദ്ധതി (മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ) പ്രകാരം ഹെക്ടറിന് 2,000 രൂപ ധനസഹായം നൽകുന്നു. ഈ പദ്ധതി പ്രകാരം ജാതി കൃഷിയിലെ സംയോജിത കീടനിയന്ത്രണത്തിന് 1,200 രൂപയും ധനസഹായം നൽകുന്നുണ്ട്.

പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചാൽ കായ്ഫലമുള്ള മരമൊന്നിന് 400 രൂപയും കായ്ഫലമില്ലാത്ത മരമൊന്നിന് 150 രൂപയും നഷ്ടപരിഹാരമായി ലഭിക്കും. കൂടാതെ സംസ്ഥാന കാർഷിക വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം വിള ഇൻഷ്വർ ചെയ്ത ജാതി കർഷകർക്ക് പ്രകൃതി ക്ഷോഭംമൂലമോ വന്യമൃഗങ്ങളുടെ ആക്രമണംമൂലമോ കൃഷി നാശം സംഭവിച്ചാൽ കായ്ഫലം ഉള്ള മരങ്ങൾക്ക് 3,000 രൂപ വീതം ആനുകൂല്യം ലഭിക്കുന്നതാണ്. കൂടാതെ സംസ്ഥാന - കേന്ദ്ര സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം തൃശ്ശൂർ, എറണാകുളം ജില്ലകളിലെ ജാതി കർഷകർക്ക് കാലാവസ്ഥാ വ്യതിയാനംമൂലമുള്ള അധിവൃഷ്ടി, ശക്തമായ കാറ്റ്, വരൾച്ച, കീടരോഗാക്രമണം എന്നിവയ്ക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നുണ്ട്. ഓട്ടോമാറ്റിക് വെതർ സ്റ്റേഷനുകളിൽ രേഖപ്പെടുത്തുന്ന നിർദ്ദിഷ്ട കാലാവസ്ഥാ ഘടകങ്ങളുടെ തോതിനെ അടിസ്ഥാനമാക്കി നഷ്ടപരിഹാരം നൽകുന്നു. കൂടാതെ കൃഷി ഭവനുകളിൽ ജാതി കർഷകരുടെ ആവശ്യങ്ങൾക്ക് അനുസൃതമായി പ്രോജക്ടുകൾ തയ്യാറാക്കി തദ്ദേശഭരണ സ്ഥാപനങ്ങളുടെയോ സംസ്ഥാന സുഗന്ധവിള ബോർഡിന്റെയോ സഹായത്തോടെ കർഷകർക്ക് സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കാൻ എല്ലാ കൃഷിഭവൻ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

ജാതിക്ക് മൂല്യവർദ്ധിത/സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ പദ്ധതി അനുസരിച്ച് 25 ലക്ഷം രൂപ മൂലധനം ആവശ്യമായി വരുന്ന യൂണിറ്റുകൾക്ക് 10 ലക്ഷം രൂപ സഹായധനമായി നൽകുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

(സി) കൃഷി ലാഭകരമാക്കുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഡി) കർഷക താൽപ്പര്യത്തിന് വിരുദ്ധമായ കേന്ദ്ര നയങ്ങൾ തിരുത്തണമെന്നാവശ്യപ്പെട്ട് കേന്ദ്ര സർക്കാരിന് യഥാസമയം നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

**കാർഷിക മേഖലയ്ക്കുള്ള വായ്പാ സൗകര്യങ്ങൾ**

20(3039) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയ്ക്കുള്ള വായ്പാ സൗകര്യങ്ങൾ ലഭ്യമാക്കുന്നതിൽ കൃഷി വകുപ്പ് എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് വേണ്ടി പലിശരഹിത വായ്പ നൽകുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ അത് സംബന്ധിച്ച മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ചെറുകിട നാമമാത്ര കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് കൃഷി വകുപ്പ് എല്ലാ സഹായങ്ങളും ചെയ്തുവരുന്നു. അർഹരായ കർഷകർക്ക് കാർഷിക വായ്പ ലഭ്യമാക്കുന്നതിന് പ്രത്യേകിച്ച് കിസാൻ ക്രെഡിറ്റ് കാർഡ് ലഭിക്കുന്നതിന് കൃഷിഭവനിലെ കൃഷി ഓഫീസർ കർഷകരുടെ അപേക്ഷ ശിപാർശയോടുകൂടി ബാങ്കുകളിൽ നൽകിവരുന്നു. ബ്ലോക്കുതല ബാങ്കേഴ്സ് കമ്മിറ്റി (BLBC), ജില്ലാതല റിവ്യൂ കമ്മിറ്റി (DLRC), സംസ്ഥാനതല ബാങ്കേഴ്സ് കമ്മിറ്റി (SLBC) എന്നിവയിൽ കൃഷി വകുപ്പിന്റെ പ്രതിനിധികൾ അംഗങ്ങളാണ്. പ്രസ്തുത കമ്മിറ്റി യോഗങ്ങളിൽ കൃഷി വകുപ്പ് ഉദ്യോഗസ്ഥർ സജീവമായി പങ്കെടുക്കുകയും വിവിധ കാർഷിക പദ്ധതികൾ നടപ്പിലാക്കുന്നതിന് കർഷകർക്ക് വായ്പ ലഭ്യമാക്കുന്നതിനെക്കുറിച്ച് ചർച്ച ചെയ്യാറുമുണ്ട്. ഇതോടൊപ്പം വായ്പ ലഭ്യമാക്കുന്നതിനെ സംബന്ധിച്ച് കർഷകർ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾ കൃഷി ഉദ്യോഗസ്ഥർ ഈ വേദികളിൽ ഉന്നയിച്ച് പരിഹാരം കണ്ടെത്തുന്നതിനുള്ള ശ്രമങ്ങൾ നടത്താറുണ്ട്. ഇവിടെനിന്നും ലഭിക്കുന്ന കാർഷിക വായ്പ സംബന്ധിച്ച വിവരങ്ങൾ കർഷകരിലെത്തിക്കുന്നതിനും കൃഷി വകുപ്പ് ഉദ്യോഗസ്ഥർ നടപടിയെടുത്തുവരുന്നു.

സംസ്ഥാനത്ത് ശീതകാല പച്ചക്കറി കൃഷിയുടെ മേഖലയായ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിൽ കേരള ഗ്രാമീൺ ബാങ്കിന്റെ സഹായത്തോടുകൂടി 'ഹരിത കാർഡുകൾ' കർഷകർക്ക് നൽകിവരുന്നു. 'ഹരിത കാർഡുകൾ' കർഷകർക്ക് ഒരേസമയം ഡെബിറ്റ് കാർഡായും ഐഡന്റിറ്റി കാർഡായും ഉപയോഗിക്കാവുന്നതാണ്. കാർഷിക വായ്പ ലഭ്യമാക്കുന്നതിന് ഇവ കർഷകരെ വളരെയധികം സഹായിക്കുന്നു.

വർഷാവർഷമുള്ള ബാങ്ക് വായ്പാ സ്ഥിതിവിവരകണക്കുകളും ടാർജറ്റുകളും എസ്.എൽ.ബി.സി. അവലോകനം ചെയ്യുകയും പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. കൃഷി വകുപ്പും അതിന്റെ അനുബന്ധ സ്ഥാപനങ്ങളും പലതരം വായ്പാബന്ധിത (credit linked) പദ്ധതികൾ ബാങ്കുകളുമായി സഹകരിച്ച് നടത്തുന്നുണ്ട്. പ്രധാനമന്ത്രി ഫസൽ ബീമ യോജനയിലുള്ള ക്രോപ് ഇൻഷ്വറൻസ് സ്കീം കൃഷി വകുപ്പും ബാങ്കുകളും സഹകരിച്ചാണ് നടത്തുന്നത്.

(ബി) 2011-12 വർഷം മുതൽ കൃത്യമായി കാർഷിക വായ്പ തിരിച്ചടയ്ക്കുന്ന ചെറുകിട കർഷകർക്ക് ടി വായ്പകൾ പൂർണ്ണമായും പലിശരഹിതമാക്കുന്നതിന് പലിശ സബ്സിഡി നൽകുന്ന "ഉത്തേജന പലിശ ഇളവ്" പദ്ധതി സഹകരണ വകുപ്പ് മുഖേന നടപ്പാക്കിവരുന്നു. നബാർഡിന്റെ ഫണ്ട് ഉപയോഗിച്ച് സംസ്ഥാനത്തെ സഹകരണ ബാങ്കുകൾ/സംഘങ്ങൾവഴി കാർഷിക

ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്ന ഹ്രസ്വകാല വായ്പകൾ കുടിശ്ശിക വരുത്താതെ യഥാസമയം തിരിച്ചടയ്ക്കുന്നവർക്ക് നബാർഡിന്റെ പലിശ സബ് വെൻഷൻ കഴിച്ച് ബാക്കിയുള്ള പലിശ സബ്സിഡിയായി സംസ്ഥാന സർക്കാർ നൽകുന്നതാണ് ഈ പദ്ധതി. ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കുന്നതിലേക്കായി സംസ്ഥാന സർക്കാർ പദ്ധതിയേതര വിഹിതത്തിൽ 32 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

നിലവിൽ കേന്ദ്ര സർക്കാർ ഹ്രസ്വകാല കാർഷിക വിള വായ്പകൾക്ക് പലിശ സബ്സിഡി നൽകുന്നുണ്ട്. ഇതുപ്രകാരം കൃത്യമായി അടയ്ക്കുന്ന കർഷകൻ 4% പലിശ നൽകിയാൽ മതിയാകും.

## വർക്കല നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ

21(3040) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വർക്കല നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളെക്കുറിച്ചും അവയ്ക്ക് അനുവദിച്ച തുകയും വെളിപ്പെടുത്തുമോ?

### ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വർക്കല നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| (1) | (2) | (3) | |
| | | 2016-17 | 2017-18 |
| 1 | നെൽകൃഷി | 12.81000 | 19.52430 |
| 2 | കേരസമൃദ്ധി | 0.58635 | 0.03105 |
| 3 | ഗുണനിലവാര നിയന്ത്രണം | 0.07000 | 0.33000 |
| 4 | കൃഷി വ്യാപനം ശക്തിപ്പെടുത്തൽ | 4.86541 | 16.28402 |
| 5 | പച്ചക്കറി വികസന പദ്ധതി | 21.40667 | 25.55930 |

| (1) | (2) | (3) | |
|---|---|---|---|
| 6 | വിള ആരോഗ്യ പദ്ധതി | 4.79900 | 3.34717 |
| 7 | കാർഷിക സേവന കേന്ദ്രങ്ങളും സേവനങ്ങളും | 1.14071 | 13.30201 |
| 8 | മണ്ണ് സംരക്ഷണവും വിള ആരോഗ്യ സംരക്ഷണവും | 1.94000 | 7.03375 |
| 9 | കേരഗ്രാമം | 7.05800 | - |
| 10 | ജൈവകൃഷി | 3.64343 | 3.07907 |
| 11 | വിപണന കേന്ദ്രം | 3.60000 | 6.00000 |
| 12 | ബയോഗ്യാസ് | 0.72000 | - |
| 13 | സൗജന്യ വൈദ്യുതി | 2.93267 | 2.50000 |
| 14 | കർഷക പെൻഷൻ | 54.13400 | 452.55 |
| 15 | പ്രകൃതി ക്ഷോഭം, ദുരിതാശ്വാസം (വരൾച്ച) | 0.13994 | - |
| 16 | പ്രകൃതി ക്ഷോഭം, ദുരിതാശ്വാസം (വെള്ളപ്പൊക്കം) | 0.86150 | 0.27545 |

**രാഷ്ട്രീയ കൃഷി വികാസ് യോജന**

22(3041) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം രാഷ്ട്രീയ കൃഷി വികാസ് യോജന(ആർ.കെ.വി.വൈ.) പദ്ധതിയിൽനിന്ന് എത്ര കോടി രൂപ ലഭിച്ചിട്ടുണ്ട്; വിശദവിവരം നൽകുമോ;

(ബി) പാലക്കാട് ജില്ലയിൽ എത്ര കോടി രൂപയുടെ ആർ.കെ.വി.വൈ. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ എത്ര രൂപയുടെ ആർ.കെ.വി.വൈ. പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രാഷ്ട്രീയ കൃഷി വികാസ് യോജന (ആർ.കെ.വി.വൈ.) പദ്ധതിയിൽ 28363.70 ലക്ഷം രൂപ കേരളത്തിന് ലഭിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽ 2292 ലക്ഷം രൂപയുടെ ആർ.കെ.വി.വൈ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. വിശദവിവരം അനുബന്ധം 2* ആയി ചേർത്തിരിക്കുന്നു.

(സി) 2016-17-ൽ നെൽകൃഷി വികസനത്തിനായി കോങ്ങാട് മണ്ഡലത്തിൽ 126 ലക്ഷം രൂപയുടെ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

## ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാനസൗകര്യം

23(3042) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഓരോ പാടശേഖരത്തിന്റെയും വികസനത്തിനായുള്ള എസ്റ്റിമേറ്റ് തുകയുടേയും ഇതിനകം ചെലവഴിച്ച തുകയുടേയും വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേനയും കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് വഴിയും ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി പദ്ധതികളൊന്നുംതന്നെ നടപ്പിലാക്കിയിട്ടില്ല.

ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ ആറാട്ടുകുളത്തിന്റെ പുനരുദ്ധാരണത്തിനായി 74,65,000 രൂപയുടെ അടങ്കൽ തുക വരുന്ന ഡി.പി.ആർ. തയ്യാറാക്കി RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി. സമർപ്പിച്ചിരുന്നു.

(ബി) RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി. എം.ഡി. ലഭ്യമാക്കിയ അപേക്ഷകൾ എല്ലാം ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. നബാർഡ്, RIDF XXIV-ൽ കെ.എൽ.ഡി.സി.-ക്ക് 35 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ച് നൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് ഒറ്റപ്പാലം നിയോജകമണ്ഡലത്തിലെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികൾ ഇപ്പോൾ പരിഗണിക്കാൻ കഴിയാത്തത്. കൂടുതൽ അലോക്കേഷൻ ലഭ്യമാകുന്നമുറയ്ക്ക് ടി പദ്ധതിയും പരിഗണിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് പദ്ധതികൾ

24(3043) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് ഈ സർക്കാർ നടപ്പാക്കുന്ന പദ്ധതികൾ വിശദമാക്കാമോ;

(ബി) വൈഗ മൂല്യവർദ്ധന ശില്പശാലയിൽ ഉരുത്തിരിഞ്ഞുവന്ന പ്രധാന നിർദ്ദേശങ്ങൾ വിശദമാക്കുമോ;

(സി) പ്രസ്തുത നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ഡി) കാർഷിക സംരംഭകരാകാൻ കടന്നുവരുന്ന വ്യക്തികൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായങ്ങളാണ് സർക്കാർ നല്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുന്നതിന് സംസ്ഥാനത്തെ പ്രധാന കാർഷിക വിളകളുടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും സുഗന്ധവ്യഞ്ജനങ്ങൾ ഒഴികെയുള്ള എല്ലാ കാർഷികോല്പന്നങ്ങളുടെയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്ന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 5 ലക്ഷം മുതൽ 50 ലക്ഷം വരെ (പരമാവധി 50% നിരക്കിൽ) കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കുംവേണ്ടി ചെലവാകുന്ന തുക ധനസഹായമായി SFAC മുഖാന്തരം നൽകുന്നു.

(ബി) വിവിധ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരിച്ച് സംരംഭകർക്കായി പരിശീലന പരിപാടികൾ സംഘടിപ്പിക്കുക, ബാങ്കുകളുടെയും വിദഗ്ദ്ധരുടെയും സഹായത്തോടെ പദ്ധതികൾ ഫൈനലൈസ് ചെയ്യുന്നതിന് പ്രോജക്ട് ക്ലിനിക്കുകൾ സംഘടിപ്പിക്കുക, ഗവേഷണ സ്ഥാപനങ്ങളിൽ ഇൻക്യുബേഷൻ സെന്ററുകൾ സ്ഥാപിക്കുക, ദേശീയ അന്തർദ്ദേശീയ ഗവേഷണ സ്ഥാപനങ്ങളുമായി സഹകരണം ശക്തിപ്പെടുത്തി സാങ്കേതികവിദ്യ ശാക്തീകരിക്കുക, മൂല്യവർദ്ധനവിന് ഊന്നൽനൽകി കർഷകരെ ഗ്രൂപ്പുകളായും ഫാർമർ പ്രൊഡ്യൂസർ

ഓർഗനൈസേഷനുകളായും രൂപീകരിക്കുക, വൈദ്യുതി സബ്സിഡി, ടാക്സ് ഇളവ്, കോമൺ ബ്രാന്റിംഗ് ലൈസൻസ് എന്നിവയ്ക്കായി ഏകജാലക ക്ലിയറൻസ് സർക്കാർ തലത്തിൽ നയം രൂപീകരിക്കുക, SFAC, SAMETI കൃഷി വകുപ്പിലെ മാർക്കറ്റിംഗ് വിംഗ് എന്നിവ ശാക്തീകരിക്കുക, നാളീകേരത്തിന്റെ സമഗ്ര വികസനത്തിനായി കൃഷി വകുപ്പുമന്ത്രി ചെയർമാനായി കോക്കനട്ട് മിഷൻ രൂപീകരിക്കുക, തേൻ, വാഴപ്പഴം, ചെറുധാന്യങ്ങൾ എന്നിവയെ അടിസ്ഥാനമാക്കി കാർഷികോല്പാദന കമ്മീഷണർ ചെയർമാനായി കോ-ഓർഡിനേഷൻ കമ്മിറ്റികൾ രൂപീകരിക്കുക എന്നിവയാണ് വൈഗ അന്തർദ്ദേശീയ ശില്പശാലയിൽ ഉരുത്തിരുഞ്ഞു വന്ന ആശയങ്ങൾ.

(സി) തൃശ്ശൂർ ജില്ലയിൽവച്ച് നടത്തിയ വൈഗ ഡിസംബർ 2017-ൽ ഉയർന്നുവന്ന ആശയങ്ങളിൽ മേൽനടപടികൾ സർക്കാർ തലത്തിൽ സ്വീകരിച്ചു വരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്സ് കൺസോർഷ്യം മുഖേന സർക്കാരിൽ സമർപ്പിച്ച 1575 ലക്ഷം രൂപയുടെ പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ പദ്ധതികളിലൂടെ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭകരെ കൂടുതലായി കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉല്പന്ന നിർമ്മാണ രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനും ഇതിനായി പദ്ധതി ചെലവിന്റെ 50% പരമാവധി 50 ലക്ഷം രൂപ വരെ ഒരു സംരംഭത്തിന് വായ്പ ബന്ധിത ധനസഹായമായി നൽകിവരുന്നു.

(ഡി) കാർഷിക സംരംഭകരാകാൻ കടന്നുവരുന്ന വ്യക്തികൾക്ക് കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനും സംസ്കരിക്കുന്നതിനും വിപണനം നടത്തുന്നതിനുമുള്ള സ്ഥലസൗകര്യങ്ങൾ അഗ്രോ പാർക്കുകളെന്ന സംവിധാനത്തിലൂടെ നടപ്പാക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ SFAC മുഖേന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുന്നതിനായി കേരളത്തിൽ ആരംഭിക്കാനുദ്ദേശിക്കുന്ന ചെറുകിട-ഇടത്തരം സംരംഭങ്ങൾക്ക് 25 ലക്ഷം മുതൽ 10 കോടി രൂപ വരെ ചെലവ് വരുന്ന സംരംഭങ്ങൾക്ക് കെട്ടിടത്തിനും യന്ത്രസാമഗ്രികൾക്കും ചെലവാകുന്ന തുകയുടെ 50% പരമാവധി 50 ലക്ഷം രൂപ രണ്ട് ഗഡുക്കളായി വിതരണം ചെയ്യുന്നു. അതുപോലെതന്നെ സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾക്ക് (25 ലക്ഷം രൂപയ്ക്ക് താഴെ ചെലവ് വരുന്നവ) 50% പരമാവധി 10 ലക്ഷം രൂപയും സബ്സിഡിയായി നൽകുന്നു. കുടുംബശ്രീ മുഖേന കാർഷികോല്പന്ന അധിഷ്ഠിത സൂക്ഷ്മതല മൂല്യവർദ്ധന സംരംഭങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്.

മേൽ പ്രോജക്ടുകൾ തയ്യാറാക്കുന്നതിനായി ആകെ പദ്ധതി ചെലവിന്റെ 1% പരമാവധി 50,000 രൂപ ധനസഹായം നൽകുന്നു.

## പൊതുകുളങ്ങളുടെ നവീകരണ പദ്ധതി

25(3044) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുകുളങ്ങളുടെ നവീകരണ പദ്ധതിയിലേയ്ക്ക് കൊല്ലം ജില്ലയിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ വിശദാംശങ്ങൾ തദ്ദേശ സ്ഥാപനങ്ങൾ തിരിച്ച് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി വകയിരുത്തിയ തുക എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കുളങ്ങളുടെ വിവരവും നവീകരണത്തിന്റെ നിലവിലെ സ്ഥിതിയും വിശദമാക്കുമോ?

ഉത്തരം

(എ&ബി) കൊല്ലം ജില്ലാ പഞ്ചായത്തിന്റെ ധനസഹായത്തോടുകൂടി മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി 50 ലക്ഷം രൂപയുടെ 'സുജലം - കുളങ്ങൾ, ചിറകൾ എന്നിവയുടെ സംരക്ഷണം' എന്ന പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ പൊതുകുളങ്ങളുടെ നവീകരണവും ഉൾപ്പെട്ടിട്ടുണ്ട്.

പൊതുകുളങ്ങളുടെ നവീകരണ പദ്ധതിയിലേയ്ക്ക് കൊല്ലം ജില്ലയിൽനിന്നും ആർ.ഐ.ഡി.എഫ്., ആർ.കെ.വി.വൈ സ്കീമുകളിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുക്കപ്പെട്ട കുളങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) തെരഞ്ഞെടുക്കപ്പെട്ട പദ്ധതിയിൽ കൊട്ടാരക്കര നിയോജക മണ്ഡലത്തിലെ പ്രവൃത്തികളൊന്നും ഉൾപ്പെട്ടിട്ടില്ല. എന്നാൽ കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ കരീപ്ര പഞ്ചായത്തിലെ തലവൂർക്കോണം പാട്ടുപുരയ്ക്കൽ ഏലാകുളത്തിന്റെയും ഉമ്മന്നൂർ പഞ്ചായത്തിലെ പുലിക്കോട്ടു ചിറയുടെയും പദ്ധതി റിപ്പോർട്ട് തയ്യാറാക്കി നബാർഡിന്റെ RIDF XXIV സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി കെ.എൽ.ഡി.സി. എം.ഡി. ലഭ്യമാക്കിയിരുന്നു. ലഭ്യമായ അപേക്ഷകളെല്ലാം ധനകാര്യ വകുപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിരുന്നു. RIDF XXIV-ൽ നബാർഡ് കെ.എൽ.ഡി.സി.-ക്ക് 35 കോടി രൂപയുടെ സെക്ടറൽ അലോക്കേഷൻ മാത്രമാണ് അനുവദിച്ച് നൽകിയത്. ഫണ്ടിന്റെ അപര്യാപ്തതമൂലമാണ് കൊട്ടാരക്കര നിയോജകമണ്ഡലത്തിലെ പ്രവൃത്തികൾ ഇപ്പോൾ പരിഗണിക്കാൻ കഴിയാത്തത്. കൂടുതൽ അലോക്കേഷൻ ലഭ്യമാകുന്ന മുറയ്ക്ക് ടി പദ്ധതികൾ പരിഗണിക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വിത്തുൽപ്പാദന കേന്ദ്രങ്ങൾ

26(3045) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിത്തുൽപ്പാദന കേന്ദ്രങ്ങൾ ഏതെല്ലാമാണ്; പ്രസ്തുത കേന്ദ്രങ്ങളിൽനിന്നും കർഷകർക്ക് ആവശ്യാനുസരണം വിത്ത് വിതരണം നടത്തുന്നതിന് കഴിയുന്നുണ്ടോ; പുതിയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ; വിശദമാക്കുമോ;

(ബി) കൃഷി വകുപ്പിന് കീഴിലുള്ള ഓരോ കൃഷി ഭവനിലും വിത്തുൽപ്പാദനത്തിനായി മഴമറകൾ ഉൾപ്പെടെ ഏർപ്പെടുത്താൻ തീരുമാനിച്ചിട്ടുണ്ടോ; പുരോഗതി വിശദമാക്കുമോ?

ഉത്തരം

(എ) കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ 33 വിത്തുൽപ്പാദന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. വിശദവിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഈ വിത്തുൽപ്പാദന കേന്ദ്രങ്ങളിൽനിന്നും ഉല്പാദിപ്പിക്കുന്ന വിത്ത്, സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ച് കൃഷിക്കാർക്ക് വിതരണം ചെയ്യുന്നുണ്ട്. പുതിയ വിത്തുൽപ്പാദന കേന്ദ്രങ്ങൾ ആരംഭിക്കുവാൻ പദ്ധതിയില്ല.

(ബി) കൃഷി ഭവനുകളിൽ വിത്തുൽപ്പാദനം നടത്താത്തതിനാൽ മഴമറയുടെ ആവശ്യം ഉള്ളതായി കാണുന്നില്ല.

## കാർഷിക മേഖലയുടെ അഭിവൃദ്ധി

27(3046) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് സാമ്പത്തിക വർഷം കാർഷിക മേഖലയുടെ അഭിവൃദ്ധിക്കായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ മറുനാടൻ മലയാളികൾക്ക് ലഭ്യമാക്കുന്നതിന് വിപണനകേന്ദ്രങ്ങൾ ആരംഭിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; എങ്കിൽ എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ;

(സി) ഹൈടെക് അഗ്രികൾച്ചർ സംവിധാനം സംസ്ഥാനത്ത് വിജയകരമായി നടപ്പിലാക്കുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും, അതിലൂടെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2018-19-ൽ വിവിധ വിള പരിപാലനം, മണ്ണിന്റെയും ചെടിയുടെയും ആരോഗ്യ പരിപാലനം, ഉത്പാദനോപാധികളും സേവന സംവിധാനവും, കാർഷിക വിജ്ഞാന വ്യാപനം, റിസ്ക് മാനേജ്മെന്റ്, ജൈവ വൈവിധ്യ സംരക്ഷണം, കാർഷിക വിപണനവും വിളവെടുപ്പിനുശേഷമുള്ള പരിപാലനവും കാർഷികോല്പന്നങ്ങളുടെ സംസ്കരണവും മൂല്യവർദ്ധനവും, നൂതന പദ്ധതികൾക്കുള്ള സഹായം തുടങ്ങിയ ഘടകങ്ങളിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നു.

2018-19-ൽ നടപ്പിലാക്കുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നെൽകൃഷി വികസനം
2. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം
3. പച്ചക്കറി വികസനം
4. കിഴങ്ങ്/പയർ വർഗ്ഗങ്ങളുടെ വികസനം
5. നാളികേര വികസനം
6. സുഗന്ധവ്യഞ്ജന വിള വികസനം
7. ഹൈടെക് അഗ്രികൾച്ചർ
8. പഴവർഗ്ഗങ്ങൾ, പൂക്കൾ, ഔഷധ സസ്യങ്ങൾ എന്നിവയുടെ വികസനം
9. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലനവും ഉത്പാദനക്ഷമത ഉയർത്തലും
10. വിള ആരോഗ്യ പരിപാലനം
11. ജൈവ കൃഷിയും ഉത്തമ കൃഷിമുറകളും
12. ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉത്പാദനവും വിതരണവും
13. കൃഷി വകുപ്പിന്റെ കീഴിലുള്ള ലബോറട്ടറികളുടെ ആധുനീകരണം
14. കാർഷിക വിജ്ഞാന വ്യാപനം ശക്തിപ്പെടുത്തൽ

15. കാർഷിക വിവരവും വിനിമയവും
16. മാനവശേഷി വികസനം
17. കാർഷിക സേവന കേന്ദ്രങ്ങളും സേവന സംവിധാനവും
18. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി
19. പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തര നടപടി
20. നാടൻ വിത്തിനങ്ങളുടെ ജൈവവൈവിദ്ധ്യ സംരക്ഷണവും പ്രോത്സാഹനവും
21. കാർഷിക വിപണി ശക്തിപ്പെടുത്തൽ
22. മൂല്യവർദ്ധനവും വിളവെടുപ്പിനുശേഷമുള്ള പരിപാലന പദ്ധതികൾ
23. കർഷക ഗ്രൂപ്പുകൾക്ക്/കർഷക ഉല്പാദക സംഘങ്ങൾക്ക് നൂതന പദ്ധതികൾക്കുള്ള സഹായം
24. ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള സഹായം
25. വയനാട് പാക്കേജ്
26. പ്രത്യേക കാർഷിക മേഖല പദ്ധതി

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളും കർഷക പെൻഷൻ, സൗജന്യ വൈദ്യുതി പദ്ധതി, നെൽകൃഷിക്കുള്ള ഉത്പാദന ബോണസ്, റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് വിതരണം തുടങ്ങിയവയും നടപ്പിലാക്കുന്നു.

(ബി) കേരളത്തിന്റെ തനതായ ഉല്പന്നങ്ങൾ മറുനാടൻ മലയാളികൾക്ക് ലഭ്യമാക്കുന്നതിന് കൃഷി വകുപ്പിന്റെ കീഴിൽ വിപണന കേന്ദ്രം ആരംഭിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

(സി) ഉണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ - കേരള മുഖാന്തരം ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി മൂല്യംകൂടിയ പച്ചക്കറികളും പുഷ്പങ്ങളും കൃഷി ചെയ്യുന്നതിന് സംസ്ഥാനമൊട്ടാകെ നാളിതുവരെ 567 പോളീഹൗസുകൾ (132370.5 ച.മീറ്റർ) സ്ഥാപിച്ചിട്ടുണ്ട്.

മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയിലെ സംരക്ഷിത കൃഷി എന്ന പദ്ധതി ഘടകത്തിൽ

ഉൾപ്പെടുത്തി 4000 ച.മീറ്റർ വരെയുള്ള പോളീഹൗസുകൾ നിർമ്മിക്കുന്നതിന് 50% ധനസഹായം നൽകിവരുന്നു.

ഇതിനുപരിയായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ വാർഷിക കർമ്മ പദ്ധതികളിൽ ഉൾപ്പെടുത്തി പോളീഹൗസിലെ വിളകളുടെ കൃഷി നടത്തിപ്പിനായുള്ള ധനസഹായവും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്.

കൂടാതെ, ഹൈടെക് ഫാമിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന ഘടകങ്ങൾക്കും ധനസഹായം നൽകിവരുന്നു.

1. നിലവിലുള്ള പോളീഹൗസുകളുടെ കാലപ്പഴക്കം ചെന്നു/കേടുപാട് സംഭവിച്ച പോളിത്തീൻ ഷീറ്റ് മാറ്റുന്നതിന് ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച.മീറ്ററിന് 82 രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

2. പോളീഹൗസുകളുടെ അറ്റകുറ്റപ്പണികൾ നടത്തി അവയെ പ്രവർത്തനക്ഷമമാക്കുന്നതിന് ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച.മീറ്ററിന് 50 രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

3. സർക്കുലേഷൻ ഫാൻ/എക്സ്ഹോസ്റ്റ് ഫാൻ/ഓട്ടോമേഷൻ യൂണിറ്റ് എന്നിവ സ്ഥാപിച്ച് നിലവിലുള്ള പോളീഹൗസുകളുടെ സൗകര്യം മെച്ചപ്പെടുത്തി അതിലൂടെ പരമാവധി ഉൽപ്പാദനം കൈവരിക്കുന്നതിന് ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച.മീറ്ററിന് 50 രൂപ എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്.

4. കൃത്രിമ മാധ്യമം ഉപയോഗിച്ചുകൊണ്ടുള്ള കൃഷി ഉൽപ്പാദന വർദ്ധനവിന് മെച്ചപ്പെട്ട സാങ്കേതികവിദ്യ എന്ന നിലയിൽ മണ്ണിനുപകരം കൃത്രിമ മാധ്യമം ഉപയോഗിച്ചുകൊണ്ടുള്ള ഹൈടെക് കൃഷിരീതി പ്രോത്സാഹിപ്പിക്കുന്നതിനായി മണ്ണിതര മാധ്യമങ്ങളിൽ കൃഷി അനുവർത്തിക്കുന്നതിന് കൃഷി ചെലവിന്റെ 50% എന്ന പരിധിക്ക് വിധേയമായി ച.മീറ്ററിന് 65 രൂപ എന്ന നിരക്കിലും ധനസഹായം നൽകുന്നു.

(ഡി) കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവിനും അതിലൂടെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും പ്രധാന വിളകൾക്ക് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഒന്നാംഘട്ടമായി ഈ സാമ്പത്തിക വർഷം കോക്കനട്ട് അഗ്രോപാർക്ക്, ബനാനാ അഗ്രോപാർക്ക്, ഹണി അഗ്രോപാർക്ക്, മാംഗോ അഗ്രോപാർക്ക്, വെജിറ്റബിൾ അഗ്രോപാർക്ക് എന്നിവ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

## കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ

28(3047) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിൽ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ; അതിൽ കേന്ദ്ര വിഹിതം എത്ര; സംസ്ഥാന വിഹിതം എത്ര; വ്യക്തമാക്കാമോ;

(ബി) ഇങ്ങനെ ലഭിക്കുന്ന ഫണ്ട് ജീവനക്കാർക്ക് ശമ്പളം നൽകാൻ ഉപയോഗിക്കുന്നുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ്; ഏതെല്ലാം ജീവനക്കാരുടെ ശമ്പളമാണ് ഈ ഫണ്ട് ഉപയോഗിച്ച് നൽകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇത്തരം ഫണ്ടുപയോഗിച്ച് ശമ്പളം നൽകുന്നതിനായി കൃഷി വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) കൃഷി വകുപ്പിൽ കേന്ദ്ര ഗവൺമെന്റിന്റെ ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പദ്ധതികളും പദ്ധതി പ്രകാരം 2017-18-ൽ അനുവദിച്ച കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും അനുബന്ധം-1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഉണ്ട്. വിശദാംശം അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

(സി) ഉണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആത്മയുടെ ഫണ്ട് ഉപയോഗിച്ച് കൃഷി വകുപ്പിൽ സ്ഥിര നിയമനത്തിലും കരാർ അടിസ്ഥാനത്തിലും സൃഷ്ടിച്ച തസ്തികകൾ താഴെപ്പറയും പ്രകാരമാണ്:

| | |
|---|---|
| I.സ്ഥിര നിയമനം | |
| (a) സംസ്ഥാന തലത്തിൽ | |
| തസ്തിക | എണ്ണം |
| സമേതി ഡയറക്ടർ | 1 |
| ഫാക്കൽട്ടി | 8 |
| അക്കൗണ്ടന്റ് കം ക്ലർക്ക് | 1 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| | |
|---|---|
| (b) ജില്ലാതലത്തിൽ | |
| പ്രോജക്ട് ഡയറക്ടർ | 14 |
| ഡെപ്യൂട്ടി പ്രോജക്ട് ഡയറക്ടർ | 28 |
| അക്കൗണ്ടന്റ് -കം- ക്ലർക്ക് | 14 |
| II. കരാർ അടിസ്ഥാനത്തിലെ നിയമനം | |
| (a) സംസ്ഥാന തലത്തിൽ | |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 1 |
| (b) ജില്ലാതലത്തിൽ | |
| കമ്പ്യൂട്ടർ പ്രോഗ്രാമർ | 14 |
| (c) ബ്ലോക്ക് തലത്തിൽ | |
| ബ്ലോക്ക് ടെക്നോളജി മാനേജർ | 152 |
| ഫീൽഡ് അസിസ്റ്റന്റ് | 304 |

നാഷണൽ ഇ-ഗവേണൻസ് പ്ലാൻ അഗ്രികൾച്ചർ പദ്ധതി പ്രകാരം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. എന്നാൽ കോൺട്രാക്ട് അടിസ്ഥാനത്തിൽ കേന്ദ്ര സംസ്ഥാന വിഹിതം ഉപയോഗിച്ചുകൊണ്ട് ഡാറ്റാ എൻട്രി ഓപ്പറേറ്റർമാരെ നിയമിക്കുകയുണ്ടായി.

## ദേശമംഗലം കൃഷിഭവന് കീഴിൽ നടപ്പിലാക്കിയ പദ്ധതികൾ

29(3048) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ദേശമംഗലം കൃഷിഭവന് കീഴിൽ 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്കനുവദിച്ച തുകയും എത്രയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പദ്ധതിയിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം വ്യക്തമാക്കാമോ?

### ഉത്തരം

(എ) വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽവരുന്ന ദേശമംഗലം കൃഷിഭവനുകീഴിൽ 2016-17, 2017-18 വർഷങ്ങളിൽ നടപ്പിലാക്കിയ പദ്ധതികളും അവയ്ക്ക് അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | അനുവദിച്ച തുക (രൂപയിൽ) | |
|---|---|---|---|
| | | 2016-17 | 2017-18 |
| 1 | സുസ്ഥിര നെൽകൃഷി വികസന പദ്ധതി | 582360 | 915760 |
| 2 | സമഗ്ര പച്ചക്കറി വികസന പദ്ധതി | 148456 | 275900 |
| 3 | ബയോഗ്യാസ് വികസന പദ്ധതി | 18000 | - |
| 4 | സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ പദ്ധതി (എസ്.എച്ച്.എം.) | 248250 | - |
| 5 | കൃഷി ഫാം - ഗുണമേന്മയുള്ള നടീൽ വസ്തുക്കളുടെ ഉൽപ്പാദനവും വിതരണവും | 3960 | - |
| 6 | കാർഷിക വിജ്ഞാനവ്യാപനം ശക്തിപ്പെടുത്തൽ | 29414 | - |
| 7 | ഉൽപ്പാദന ബോണസ് | - | 544000 |
| 8 | വിപണി വികസനം ശക്തിപ്പെടുത്തൽ | - | 238000 |
| 9 | നാളികേര വികസന ബോർഡ് പദ്ധതി | - | 7600 |
| 10 | സബ് മിഷൻ ഓൺ അഗ്രിക്കൾച്ചറൽ മെക്കനൈസേഷൻ (SMAM) | - | 125000 |

(ബി) ഓരോ പദ്ധതിയിലും ഉൾപ്പെട്ട ഗുണഭോക്താക്കളുടെ പേരുവിവരം അനുബന്ധം 1-ഉം അനുബന്ധം 2-ഉം ആയി പ്രത്യേകം ചേർത്തിരിക്കുന്നു*.

**കർഷകർക്ക് ലഭിക്കേണ്ട വിവിധ സബ്സിഡികളുടെ വിതരണം**

30(3049) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ കർഷകർക്ക് കൃഷി വകുപ്പിൽനിന്നും ലഭിക്കേണ്ട വിവിധ സബ്സിഡികളുടെ വിതരണം അനന്തമായി വൈകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;വിശദമാക്കുമോ;

(ബി) കർഷകർക്ക് ലഭിക്കേണ്ട അർഹമായ ആനുകൂല്യം അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല. മലപ്പുറം ജില്ലയിലെ കർഷകർക്ക് കൃഷി വകുപ്പിൽനിന്നും നൽകുന്ന സബ്സിഡികൾ എല്ലാം സമയബന്ധിതമായി നൽകുന്നുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്.

**ജൈവ അടുക്കള തോട്ടം**

31(3050) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിന്റെ ജൈവ അടുക്കള തോട്ടം പ്രോത്സാഹിപ്പിക്കാൻ എന്തൊക്കെ പദ്ധതികളാണ് നിലവിലുള്ളതെന്ന വിശദമാക്കാമോ ?

ഉത്തരം

ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും പദ്ധതിയിലൂടെ ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രോത്സാഹനമാണ് ചെയ്തുവരുന്നത്. ഹെക്ടറിന് 3,000 രൂപ ജൈവ കൃഷിക്ക് ധനസഹായമായി നൽകുന്നു. "ഓണത്തിന് ഒരു മുറം പച്ചക്കറി" എന്ന പദ്ധതിയിൽ വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്ക് ആവശ്യമായ വിത്തിനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്.

**ജൈവ കീടനാശിനികളുടെ വ്യാവസായിക അടിസ്ഥാനത്തിലുള്ള ഉല്പാദനം**

32(3051) ശ്രീ. രാജു എബ്രഹാം :
ശ്രീ. സജി ചെറിയാൻ :
ശ്രീ. എം. സ്വരാജ് :
ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വിളകളുടെ ആരോഗ്യ പരിപാലനത്തിനായി എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) മെച്ചപ്പെട്ട കീടനിയന്ത്രണത്തിനായി ജൈവ കീടനാശിനികൾ വ്യാവസായിക അടിസ്ഥാനത്തിൽ ഉല്പാദിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കീട നിയന്ത്രണത്തിനായി കീടനിരീക്ഷണ യൂണിറ്റുകൾ, കീടരോഗ നിയന്ത്രണത്തിനുള്ള പരിഹാര മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനായി സസ്യ ആരോഗ്യ ക്ലിനിക്കുകൾ എന്നിവ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) ഗുണമേന്മയുള്ള വിത്തിനങ്ങളുടെ ഉല്പാദനത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിളകളുടെ ആരോഗ്യപരിപാലനം മണ്ണുപരിപോഷണത്തിലൂടെയും കീടരോഗ നിയന്ത്രണം മുൻകൂട്ടി കണ്ടെത്തി സാദ്ധ്യമാക്കുന്നതിലൂടെയും ഉറപ്പുവരുത്തുന്നതിനായി വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കിവരുന്നു. കീടരോഗ നിയന്ത്രണത്തിന് ഇന്റർനെറ്റ് അടിസ്ഥാനമായുള്ള CPSS (Crop Pest Surveillence System) എന്ന സേവനം കർഷകർക്ക് നൽകുന്നു. കൃത്യമായ ഇടവേളകളിൽ കൃഷിയിടം സന്ദർശിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ ശേഖരിക്കുന്ന വിവരങ്ങളുടെ അടിസ്ഥാനത്തിൽ കീടരോഗബാധ മുൻകൂട്ടി അറിയുന്നതിനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് നിർദ്ദേശങ്ങൾ നൽകാനും പഞ്ചായത്ത് തലത്തിൽ പ്രവർത്തിക്കുന്ന പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കഴിയുന്നു.

(ബി) കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന വിവിധ സ്ഥാപനങ്ങൾ മുഖേന ജൈവകീടനാശിനികൾ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകുന്നുണ്ട്. കൃഷി വകുപ്പിന്റെ കീഴിൽ മണ്ണുത്തിയിൽ പ്രവർത്തിക്കുന്ന സ്റ്റേറ്റ് ബയോ കൺട്രോൾ ലാബ് മുഖേന കീടരോഗ നിയന്ത്രണത്തിനാവശ്യമായ ജൈവ ഉപാധികളായ ട്രൈക്കോഡെർമ, സ്യൂഡോമോണസ്, വെർട്ടിസിലിയം, ബ്യൂവേറിയ, EPN, പോച്ചോണിയ, ബാസിലസ് തുറിൻജിയെൻസിസ് തുടങ്ങിയവയും പരാദ പ്രാണികളായ ട്രൈക്കോകാർഡുകളും ഉൽപ്പാദിപ്പിച്ച് നൽകുന്നുണ്ട്.

CTCRI വികസിപ്പിച്ചെടുത്ത ജൈവ കീടനാശിനികളായ നന്മ, മേന്മ എന്നിവ സംസ്ഥാനത്തെ കൃഷി വിജ്ഞാൻ കേന്ദ്രങ്ങളുടെ സഹകരണത്തോടെ വ്യാപകമായ രീതിയിൽ ഉൽപ്പാദിപ്പിച്ച് നൽകാനുള്ള ഒരു പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ ആയിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാനത്ത് ആകെ 202 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. ഈ 202 പഞ്ചായത്തുകളിൽ ഓരോ പഞ്ചായത്തിലും 10 എണ്ണം വീതം ആകെ 2020 കീടനിരീക്ഷണ യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്.

ഈ വർഷം പുതിയതായി 50 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളും അതുവഴി 500 കീടനിരീക്ഷണ യൂണിറ്റുകളും തുടങ്ങാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) നെൽകൃഷി ഉൾപ്പെടെ വിവിധ വിളകളുടെ കൃഷിക്കാവശ്യമായ ആരോഗ്യമുള്ളതും ഗുണമേന്മയുള്ളതുമായ വിത്തും നടീൽ വസ്തുക്കളും കർഷകർക്ക്

നൽകുന്നതിന് കൃഷി വകുപ്പ് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൃഷി വകുപ്പിനു കീഴിലുള്ള വിവിധ ഫാമുകൾ മുഖേനയും കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും രജിസ്റ്റേർഡ് വിത്തുൽപ്പാദനപദ്ധതി മുഖേനയും ഗുണമേന്മയുള്ള വിത്തുകളും നടീൽ വസ്തുക്കളും ഉൽപ്പാദിപ്പിച്ച് നൽകുന്നുണ്ട്. കൂടാതെ കാർഷിക സർവ്വകലാശാല, നാഷണൽ സീഡ്സ് കോർപ്പറേഷൻ, VFPCK, KSSDA എന്നിവ മുഖേനയും കർഷകർക്ക് വിത്ത് ലഭ്യമാക്കി നൽകുന്നുണ്ട്.

### ജൈവ പച്ചക്കറികളുടെ സർട്ടിഫിക്കേഷൻ

33(3052) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജൈവ പച്ചക്കറികൾ വില്പന ചെയ്യുന്ന സ്ഥാപനങ്ങളിൽ ഇവ സർട്ടിഫൈ ചെയ്ത് നൽകാൻ വ്യവസ്ഥയുണ്ടോ;

(ബി) ജൈവ പച്ചക്കറികൾ എന്ന പേരിൽ നിർബാധം തമിഴ്നാട്ടിൽനിന്നും മറ്റ് കേന്ദ്രങ്ങളിൽനിന്നും വന്നെത്തുന്നവ വിതരണം ചെയ്യുന്നത് തടയാനും ഉപഭോക്താവിന് ജൈവസാധനങ്ങളാണ് ലഭിക്കുന്നതെന്ന് ഉറപ്പുവരുത്താനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തമിഴ്നാട്ടിൽനിന്നും മറ്റ് കേന്ദ്രങ്ങളിൽനിന്നും എത്തുന്ന പച്ചക്കറികളെക്കുറിച്ച് ജനങ്ങളെ അറിയിക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് 'സേഫ് റ്റു ഈറ്റ്' എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് പരിശോധിക്കുന്നു. പരിശോധനാ ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ്പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇത് കൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാനിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധനാ ലാബുകൾ പ്രവർത്തിക്കുന്നു.

കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ജൈവ കാർഷികോല്പന്നങ്ങളുടെ ഗുണനിലവാരവും വിശ്വാസ്യതയും അതുവഴി ന്യായവില ലഭ്യമാക്കുന്നതിനുമായി ഉല്പന്നങ്ങൾക്ക് "കേരള ഓർഗാനിക്" എന്ന ബ്രാന്റിംഗ് നൽകിയിട്ടുണ്ട്. ഉത്തമ കൃഷി മുറകൾ (GAP) പാലിച്ച് GAP ക്ലസ്റ്റർ ഉല്പാദിപ്പിക്കുന്ന ജൈവ ഉല്പന്നങ്ങൾ "കേരള ഓർഗാനിക്" ലേബലിൽ ഇക്കോഷോപ്പുകൾ, മറ്റ് സ്ഥാപനങ്ങൾ വഴിയും കൂടാതെ ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണി മുഖേനയും ഉയർന്ന വില കർഷകർക്ക് നൽകി സംഭരണവും വിൽപ്പനയും നടത്തിവരുന്നു.

**നാടൻ പച്ചക്കറികൾക്ക് വിപണി**

34(3053) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പച്ചക്കറി കൃഷിയിൽ സ്വയംപര്യാപ്തത നേടാൻ കൃഷി വകുപ്പ് സ്വീകരിച്ചു വരുന്ന നടപടികൾ അറിയിക്കാമോ;

(ബി) കഴിഞ്ഞ വർഷം നടപ്പിലാക്കിയ ഓണത്തിന് ഒരു മുറം പച്ചക്കറി പോലെയുള്ള പദ്ധതികൾ കൂടുതൽ വിപുലമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) നാടൻ പച്ചക്കറികൾ ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്നവർക്ക് വില്പന നടത്താൻ വേണ്ട വിപണി കൃഷി വകുപ്പ് ഇടപെട്ട് ഒരുക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനം പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തതയുടെ പാതയിലാണ്. പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയായ സമഗ്ര പച്ചക്കറി വികസന പദ്ധതി വിജയകരമായി നടപ്പിലാക്കുന്നതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. കർഷകർക്ക് കൃഷിക്കാവശ്യമായ എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങൾ വിജയകരമായി നടപ്പാക്കുക വഴി ഓരോ വർഷത്തിലും പച്ചക്കറി കൃഷിയുടെ വിസ്തീർണ്ണം കൂട്ടുന്നതിനും അതുവഴി പച്ചക്കറിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കഴിഞ്ഞ രണ്ടുവർഷം കൊണ്ട് പച്ചക്കറിയുടെ ഉൽപ്പാദനം 6.28 ലക്ഷം മെട്രിക് ടണ്ണിൽനനിന്നും 10.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിച്ചിട്ടുണ്ട്. സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം നടപ്പിലാക്കുന്ന പദ്ധതി ഘടകങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. ഓണത്തിന് ഒരു മുറം പച്ചക്കറി
2. അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും മാലിന്യ സംസ്കരണവും
3. ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം
4. മഴമറ
5. സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി
6. സൂക്ഷ്മ ജലസേചനം
7. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം
8. പരമ്പരാഗത വിത്തിനങ്ങളുടെ ഉത്പാദനവും പ്രചരണവും
9. പോഷകത്തോട്ടങ്ങളുടെ പ്രോത്സാഹനം
10. അഗ്രോ സർവ്വീസ് സെന്ററുകൾവഴി പരമ്പരാഗത പച്ചക്കറി ഇനങ്ങൾ, മറ്റ് തൈകൾ എന്നിവ ഉത്പാദിപ്പിക്കുന്ന പദ്ധതി
11. മിനി പോളീഹൗസ്
12. ഊർജ്ജ രഹിത ശീതീകരണ യൂണിറ്റുകൾ (സീറോ എനർജി കൂൾ ചേമ്പർ)
13. ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം
14. കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം
15. നഴ്സറി
16. സൂപ്പർ ക്ലസ്റ്റർ
17. ബ്ലോക്ക്തല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം.

(ബി) ഉണ്ട്. ഈ വർഷവും പ്രസ്തുത പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്. ഒരു കോടി പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ വിദ്യാർത്ഥികൾക്കും കർഷകർക്കും വിതരണം ചെയ്യുന്നതിന് തയ്യാറാക്കിയിട്ടുണ്ട്. ഇതിനകം 90 ലക്ഷം പായ്ക്കറ്റുകൾ വിതരണം ചെയ്തിട്ടുണ്ട്.

(സി) ആവശ്യത്തിലധികം ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ., കൃഷി ഭവനുകൾ മുഖേന നടത്തുന്ന ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ എന്നിവ മുഖാന്തരം വിപണനം നടത്തുന്നതിനുള്ള സംവിധാനം ഒരുക്കിയിട്ടുണ്ട്.

## ജൈവകൃഷി നയം

35(3054) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുക്കിയ ജൈവകൃഷി നയം പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) കർഷകനെ കടക്കെണിയിൽനിന്ന് രക്ഷിക്കുന്നതിനും കാർഷിക മേഖലയുടെ വികസനവും അഭിവൃദ്ധിയും ഉറപ്പുവരുത്തുന്നതിനും സഹായകമായ എന്തൊക്കെ കാര്യങ്ങളാണ് ഈ നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക വിളകളിൽ നിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ വിൽപ്പന സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിന് ഈ നയത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ?

ഉത്തരം

(എ&ബി) 10-2-2010-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 39/2010/കൃഷി പ്രകാരം പുറപ്പെടുവിച്ച ജൈവ കാർഷിക നയമാണ് നിലവിലുള്ളത്. ആയതിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) ജൈവ കാർഷിക വിളകളിൽനിന്നുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പഴം, പച്ചക്കറി ഉല്പന്നങ്ങൾ, ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി ഇക്കോഷോപ്പുകൾ വഴിയും നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ ഉൾപ്പെടുന്ന പ്രദേശങ്ങളിലും വിപണനം ചെയ്യുന്നതിനുള്ള നടപടികൾ എടുത്തിട്ടുണ്ട്. 50 ലക്ഷം രൂപ ഇതിനായി ചെലവഴിക്കുന്നുണ്ട്.

## ജൈവകൃഷി പ്രോത്സാഹിപ്പിക്കാൻ നടപടി

36(3055) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാർഷിക നയം എന്താണെന്ന് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിനായി 2016-17, 2017-18 വർഷങ്ങളിൽ എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്; വിശദമാക്കുമോ;

(ഡി) സംസ്ഥാനത്ത് എവിടെയെല്ലാമാണ് കൃഷി വകുപ്പിന്റെ ജൈവ കൃഷിത്തോട്ടങ്ങൾ സ്ഥിതിചെയ്യുന്നത്;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ജൈവകൃഷിയിൽ ഉണ്ടായിട്ടുള്ള വർദ്ധനവ് എത്രയാണെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ടുള്ള ഒരു ജൈവ കാർഷിക നയമാണ് ഈ സർക്കാരിന്റെ കാർഷിക നയം.

(ബി) ജൈവകൃഷി നടത്തുന്ന കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 1011 ലക്ഷം രൂപയുടെ വിവിധ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പദ്ധതിയിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു:

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ
2. ഇക്കോഷോപ്പുകൾ
3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം
4. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ
5. സമ്പൂർണ്ണ ജൈവ കാർഷിക മണ്ഡലം അവാർഡ്
6. കുട്ടനാട് ജി.എ.പി. പദ്ധതി.

(സി) 1. <u>ജൈവ കൃഷിയും ഉത്തമകൃഷി മുറകളും 2016-17</u>

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ - ഓരോ ക്ലസ്റ്ററിനും ഹെക്ടറിന് 3,000 രൂപ നിരക്കിൽ ധനസഹായം ലഭ്യമാക്കുന്നു.
2. ജൈവവള നിർമ്മാണ യൂണിറ്റ് - ഈ പദ്ധതി പ്രകാരം കർഷകരുടെ കൃഷിയിടങ്ങളിൽതന്നെ ജൈവവളം ഉല്പാദിപ്പിക്കുന്നതിന് ധനസഹായം നൽകുന്നു.
3. ഇക്കോഷോപ്പുകൾ - ജി.എ.പി. ക്ലസ്റ്ററുകളിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ജൈവ പഴം-പച്ചക്കറി ഉല്പന്നങ്ങൾ വിപണനം നടത്തുന്നതിന് 15 ഇക്കോഷോപ്പുകൾ സ്ഥാപിച്ചു.

4. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം - ഉത്തമ പരിചരണ മുറ ക്ലസ്റ്ററുകളിൽനിന്നും സംഭരിച്ച പഴം-പച്ചക്കറി ഉല്പന്നങ്ങൾ ഗ്രേഡിംഗ്, പായ്ക്കിംഗ് എന്നിവ നടത്തി നഗരസഭകൾ, മുനിസിപ്പാലിറ്റികൾ, റസിഡന്റ്സ് അസോസിയേഷനുകൾ എന്നിവ കേന്ദ്രീകരിച്ച് വിപണനം നടത്തുന്നതിന് തെരഞ്ഞെടുക്കപ്പെട്ട 18 ക്ലസ്റ്ററുകൾക്കായി ധനസഹായം അനുവദിച്ചു.

5. ജൈവ കാർഷിക മണ്ഡലം അവാർഡ് - ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വ്യാപിപ്പിക്കുന്നതിനുമായി നിയോജക മണ്ഡലം, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് എന്നീ തലങ്ങളിൽ മികവിന്റെ അടിസ്ഥാനത്തിൽ അവാർഡുകൾ ഏർപ്പെടുത്തി.

II. ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും 2017-18

1. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള ജൈവകൃഷി പ്രവർത്തനങ്ങൾ

2. ഇക്കോഷോപ്പുകൾ

3. ജൈവ ഉല്പന്നങ്ങളുടെ നേരിട്ടുള്ള വിപണനം

4. ജൈവ കാർഷിക മണ്ഡലം അവാർഡ്

5. കാസർഗോഡ് ജില്ലയിൽ പി.ജി.എസ്. സർട്ടിഫിക്കേഷൻ - കാസർഗോഡ് ജില്ലയെ സമ്പൂർണ്ണ ജൈവകൃഷി ജില്ലയാക്കുന്നതിന്റെ ഭാഗമായി പി.ജി.എസ്. സർട്ടിഫിക്കേഷൻ പ്രോഗ്രാം നടപ്പാക്കുന്നു.

6. കുട്ടനാട് ജി.എ.പി. പദ്ധതി - കുട്ടനാട്ടിൽ സുസ്ഥിര ജൈവ നെൽകൃഷി നടപ്പിലാക്കുന്നതിനും കുട്ടനാടിനെ പ്രത്യേക കാർഷിക മേഖലയാക്കുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതിയാണിത്.

7. പരമ്പരാഗത് കൃഷി വികാസ് യോജന – ജൈവ കൃഷി പ്രോത്സാഹിപ്പിക്കുവാനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന 2407 ഹെക്ടറിൽ നടപ്പാക്കിവരുന്നു.

(ഡി) പൂർണ്ണമായും ജൈവകൃഷി നടപ്പിലാക്കിയ തോട്ടങ്ങൾ കൃഷി വകുപ്പിന്റെ കീഴിലില്ല. എന്നാൽ തോട്ടങ്ങളിൽ ജൈവകൃഷിയും നല്ല കാർഷിക മുറകളും പാലിക്കുന്ന കൃഷി നിലവിലുണ്ട്.

(ഇ)

| ക്രമ നമ്പർ | ജില്ല | ഏരിയ (ഹെക്ടർ) |
|---|---|---|
| 1 | തിരുവനന്തപുരം | 1075 |
| 2 | കൊല്ലം | 1025 |
| 3 | പത്തനംതിട്ട | 775 |
| 4 | ആലപ്പുഴ | 975 |
| 5 | കോട്ടയം | 775 |
| 6 | ഇടുക്കി | 1700 |
| 7 | എറണാകുളം | 1275 |
| 8 | തൃശ്ശൂർ | 1500 |
| 9 | പാലക്കാട് | 1125 |
| 10 | മലപ്പുറം | 1275 |
| 11 | കോഴിക്കോട് | 850 |
| 12 | വയനാട് | 475 |
| 13 | കണ്ണൂർ | 975 |
| 14 | കാസർഗോഡ് | 250 |

## പരിസ്ഥിതി സൗഹൃദ കൃഷി

37(3056) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരിസ്ഥിതി സൗഹൃദ കൃഷിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ് ;

(ബി) കഴിഞ്ഞ വർഷം എത്ര ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞു; വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിളയിക്കുന്ന പച്ചക്കറി കീടനാശിനി മുക്തമെന്ന് ഉറപ്പാക്കുന്നതിനുള്ള സംവിധാനം എന്താണ് ; വെളിപ്പെടുത്തുമോ;

(ഡി) ഭക്ഷ്യസുരക്ഷയും, സുരക്ഷിത ഭക്ഷണവും സമന്വയിപ്പിക്കുന്ന കൃഷിരീതികൾ പ്രാവർത്തികമാക്കുവാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജൈവ കൃഷിയിലേയ്ക്ക് മാറ്റുന്നതിന്റെ ഭാഗമായി സംസ്ഥാന സർക്കാർ 2010 വർഷത്തിൽ ജൈവ കാർഷിക നയം പ്രഖ്യാപിക്കുകയുണ്ടായി. ഇതിന്റെ ഭാഗമായി ഘട്ടംഘട്ടമായി ജൈവ കൃഷി വ്യാപിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ജൈവകൃഷിയും ഉത്തമ കൃഷി മുറകളും എന്ന പദ്ധതി വഴിയും കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിലൂടെയും ജൈവ കാർഷിക പ്രവർത്തനങ്ങൾ നടത്തിവരുന്നു.

ഇതിനൊടൊപ്പം നിലവിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ട് 25195 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കുകയുണ്ടായി. ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള കാർഷിക പ്രവർത്തനങ്ങളാണ് നടത്തിവരുന്നത്. ഹെക്ടറിന് 3,000 രൂപ ധനസഹായം കർഷകർക്ക് നൽകുന്നതാണ്. കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതിയായ PKVY-ലും 2400-ഓളം ഹെക്ടർ സ്ഥലത്ത് ജൈവകൃഷി നടപ്പിലാക്കിവരുന്നു. 2018-19 വർഷങ്ങളിൽ ആയത് 15000 ഹെക്ടർ സ്ഥലത്ത് PKVY പദ്ധതി നടപ്പിലാക്കുന്നതാണ്. കൃഷി വകുപ്പ് മുഖേന 119 ക്ലസ്റ്ററുകളും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന 300 ക്ലസ്റ്ററുകളും വി.എഫ്.പി.സി.കെ. മുഖേന 200 ക്ലസ്റ്ററുകളും PKVY പദ്ധതി നടപ്പിലാക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് കഴിഞ്ഞ വർഷം സംസ്ഥാന പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും അടിസ്ഥാനമാക്കി 4000 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. കൂടാതെ കുട്ടനാട്ടിലെ 27750 ഹെക്ടർ സ്ഥലത്ത് നെൽ കൃഷിയിൽ ഉത്തമ കൃഷി മുറകൾ പാലിച്ചുകൊണ്ടുള്ള ജൈവകൃഷി സമ്പ്രദായം അനുവർത്തിക്കുന്നു.

(സി) സംസ്ഥാനത്ത് വിളയിക്കുന്ന പച്ചക്കറി കീടനാശിനി മുക്തമെന്ന് ഉറപ്പാക്കുന്നതിന് സംസ്ഥാന കൃഷി വകുപ്പ് "സേഫ് റ്റു ഈറ്റ്" എന്ന പദ്ധതി ഘടകം പ്രകാരം വെള്ളായണി കാർഷിക കോളേജിലെ "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബിൽ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന ടി ലാബിൽ പരിശോധിക്കുകയും പരിശോധനാ ഫലം കേരള സർക്കാരിന്റെ

ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ് സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. ഇതുകൂടാതെ കുമരകം നെല്ല് ഗവേഷണ കേന്ദ്രം, വെള്ളാണിക്കര കാർഷിക കോളേജ് (തൃശ്ശൂർ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ സ്ഥാപനങ്ങളിലും കീടനാശിനി അവശിഷ്ട പരിശോധന ലാബ് പ്രവർത്തിക്കുന്നുണ്ട്.

(ഡി) ഭക്ഷ്യസുരക്ഷയും സുരക്ഷിത ഭക്ഷണവും സമന്വയിപ്പിക്കുന്ന കൃഷി രീതികൾ പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് സംസ്ഥാനാവിഷ്കൃത പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും നടപ്പിലാക്കിവരുന്നു. കൂടാതെ കാസർഗോഡ് ജില്ലയിൽ PGS സർട്ടിഫിക്കേഷൻ മുൻതൂക്കം നൽകി പദ്ധതി നടപ്പിലാക്കുന്നു. കേന്ദ്രാവിഷ്കൃത പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന (PKVY) വയനാട്, കാസർഗോഡ് ഒഴികെയുള്ള ജില്ലകളിൽ നടപ്പിലാക്കിവരുന്നു.

## നിപ വൈറസ് ബാധയെത്തുടർന്നുള്ള പച്ചക്കറിക്കയറ്റുമതി

38(3057) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിപ വൈറസ് ബാധ ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള പച്ചക്കറി കയറ്റുമതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടോ;

(ബി) ഇതുമൂലമുണ്ടായിട്ടുള്ള നഷ്ടം എത്രയാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) സംസ്ഥാനത്തെ മൂന്ന് എയർ കാർഗോ ടെർമിനൽവഴി ദിവസവും ഏകദേശം 150 മുതൽ 200 മെട്രിക് ടൺ പഴം-പച്ചക്കറികളാണ് ഗൾഫ് രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യപ്പെടുന്നത്. 2018 മേയ് 24-ാം തീയതി മുതൽ പഴം-പച്ചക്കറികളുടെ ഗൾഫ് രാജ്യങ്ങളിലേയ്ക്കുള്ള കയറ്റുമതിയിൽ നിരോധനം തുടങ്ങുകയും പ്രസ്തുത നിരോധനം നാളിതുവരെ നീക്കംചെയ്യപ്പെടാതിരിക്കുകയും ചെയ്യുന്നതിനാൽ പഴം-പച്ചക്കറി കയറ്റുമതി മേഖലയിൽ നഷ്ടം സംഭവിച്ചിട്ടുണ്ട്. നഷ്ടത്തിന്റെ തോത് വിലയിരുത്തിവരുന്നു.

## ജൈവ പച്ചക്കറി ഉത്പാദനം

39(3058) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതര സംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ വിഷമുക്തമാണെന്ന് ചെക്ക്പോസ്റ്റുകളിലെ പരിശോധനയിലൂടെ ഉറപ്പു വരുത്തിയിട്ടാണോ സംസ്ഥാനത്ത് വിൽക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിനകത്ത് ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് വിപണിയിൽ ലഭിക്കുന്ന പച്ചക്കറികൾ, പഴങ്ങൾ തുടങ്ങിയവ രാസവസ്തുക്കൾ ചേർത്തവയല്ലെന്ന് ഉറപ്പുവരുത്തുവാൻ വിപണന കേന്ദ്രങ്ങൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ പരിശോധന നടത്താറുണ്ട്. പ്രസ്തുത സാമ്പിളുകൾ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ. (നാഷണൽ അക്രഡിറ്റേഷൻ ബോർഡ് ഫോർ ടെസ്റ്റിംഗ് ആൻഡ് കാലിബ്രേഷൻ ലബോറട്ടറീസ്) അംഗീകാരമുള്ള ലബോറട്ടറികളിലും വെള്ളായണി കാർഷിക കോളേജിലും അടിയന്തര സാഹചര്യങ്ങളിൽ എൻ.എ.ബി.എൽ. അംഗീകാരമുള്ള സ്വകാര്യ ലബോറട്ടറികളിലും പരിശോധനയ്ക്ക് വിധേയമാക്കി നിയമാനുസൃത നടപടികൾ സ്വീകരിക്കാറുണ്ട്. അടിയന്തര സാഹചര്യങ്ങളിൽ ചെക്ക് പോസ്റ്റുകളിൽ മൊബൈൽ ഫുഡ് ടെസ്റ്റിംഗ് ലബോറട്ടറികളുടെ സഹായത്തോടെ സാമ്പിളുകൾ ശേഖരിച്ച് ഭക്ഷ്യസുരക്ഷാ ഉദ്യോഗസ്ഥർ ഭക്ഷ്യ സുരക്ഷാ വകുപ്പിന്റെ എൻ.എ.ബി.എൽ. അംഗീകാരം ലഭിച്ച ലബോറട്ടറികളിൽ തുടർ പരിശോധന നടത്തി നിയമ നടപടികൾ സ്വീകരിക്കാറുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സംസ്ഥാനത്തിനകത്ത് ജൈവ പച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷങ്ങളിലായി 14050 ഹെക്ടർ സ്ഥലത്ത് സംസ്ഥാന പദ്ധതിയായ ജൈവ കൃഷിയും ഉത്തമ കൃഷി മുറകളും അടിസ്ഥാനമാക്കിയും 2407 ഹെക്ടർ സ്ഥലത്ത് കേന്ദ്ര സർക്കാർ പദ്ധതിയായ പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി നടപ്പിലാക്കുകയും വഴി ജൈവപച്ചക്കറി ഉത്പാദനം വർദ്ധിച്ചിട്ടുണ്ട്.

## സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി

40(3059) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം നൽകുന്ന വിത്തുകളിൽനിന്നും ലഭിക്കുന്ന വിളവുകളുടെ ഗുണനിലവാരവും വിളവിന്റെ അളവും പരിശോധിക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് മികച്ചതാണോ എന്ന് വിശദമാക്കാമോ;

(ബി) സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ നൽകുന്ന വിത്തുകൾ ഏത് സ്ഥാപനത്തിലാണ് ഉല്പാദിപ്പിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(സി) കേരള കാർഷിക സർവ്വകലാശാലയിൽ ഉല്പാദിപ്പിക്കുന്ന വിത്തുകൾ ഈ പദ്ധതിയിലൂടെ കർഷകർക്ക് നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം കർഷകർ, സ്കൂൾ വിദ്യാർത്ഥികൾ, എൻ.ജി.ഒ. എന്നിവർക്കുള്ള വിത്തുകൾ ലഭ്യമാക്കുന്നതിന് വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-ത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതി പ്രകാരം വിതരണം ചെയ്യപ്പെടുന്ന വിത്തുകളുടെ ഗുണമേന്മ, വിത്തുകൾ ലഭിക്കുന്ന മുറയ്ക്ക് കൃഷി ഭവനുകളിൽ പരിശോധിക്കുകയും പരിശോധനയിൽ മികച്ചതല്ല എന്ന് കാണുന്നപക്ഷം ആയത് ഉടനെതന്നെ വിത്തുകൾ നൽകുന്ന സ്ഥാപനത്തെ അറിയിക്കുന്നതുമാണ്. വിത്തുകളിൽനിന്ന് ലഭിക്കുന്ന വിളകളുടെ അളവ് കൃഷി ഭവനുകളിൽ ശേഖരിക്കുന്നുണ്ട്. പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് 'Safe-to-Eat' എന്ന പദ്ധതിയിൽ പച്ചക്കറികളിലെ അവശിഷ്ട കീടനാശിനിയുടെ അളവ് കേരള കാർഷിക സർവ്വകലാശാല പരിശോധിക്കുന്നുണ്ട്. അവരുടെ റിപ്പോർട്ട് പ്രകാരം കേരളത്തിൽ ഉല്പാദിപ്പിക്കുന്ന 94% പച്ചക്കറിയും സുരക്ഷിതമാണ്. മുൻ വർഷങ്ങളിൽ പദ്ധതിയിൽ നൽകിയ വിത്തുകളുടെ ഗുണനിലവാരം തൃപ്തികരമാണെന്ന് കണ്ടിട്ടുണ്ട്.

(ബി) നിലവില വി.എഫ്.പി.സി.കെ. ആണ് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിയിലൂടെ ആവശ്യമായ വിത്തുകൾ ഉല്പാദിപ്പിച്ച് നൽകുന്നത്.

(സി) വെജിറ്റബിൾ ആൻഡ് ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം (VFPCK)-ത്തെയാണ് സമഗ്ര പച്ചക്കറി കൃഷി വികസന പദ്ധതിവഴി വിത്തുകൾ വിതരണം ചെയ്യുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. കേരള കാർഷിക സർവ്വകലാശാലയിൽ ഉല്പാദിപ്പിക്കുന്ന വിത്തുകൾകൂടി VFPCK സംഭരിക്കണമെന്ന നിർദ്ദേശം നൽകുന്നതാണ്.

**ഓണക്കാലത്തെ പച്ചക്കറികളുടെ ആവശ്യം**

41(3060) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓണക്കാലത്ത് ശരാശരി എത്ര ടൺ പച്ചക്കറിയുടെ ആവശ്യം ഉണ്ടാകുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) ഓണക്കാലത്ത് പച്ചക്കറിയുടെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കാൻ കൃഷി വകുപ്പ് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് ; വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓണക്കാലത്ത് 34,400.6 മെട്രിക് ടൺ പച്ചക്കറി ആവശ്യമായി വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) ഓണക്കാലത്ത് പച്ചക്കറിയുടെ വർദ്ധിച്ച ആവശ്യം കണക്കിലെടുത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുവാൻ കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി', ഇതിനായി കൃഷി വകുപ്പിന്റെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിലെ പച്ചക്കറി കൃഷിക്കായി വിത്തുകൾ, തൈകൾ, തൈകൾ നട്ടുപിടിപ്പിച്ച ഗ്രോബാഗുകൾ എന്നിവ നൽകിവരുന്നു.

വീട്ടുവളപ്പിൽ കൃഷി ചെയ്യാനായി കർഷകർക്ക് 10 രൂപ വില വരുന്ന വിവിധ ഇനങ്ങൾ അടങ്ങിയ 40 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകൾ നൽകുന്നതാണ്. കൂടാതെ സന്നദ്ധ സംഘടനകൾ മുഖേന 10 രൂപ വിലവരുന്ന 5 ലക്ഷം പച്ചക്കറി വിത്തുപായ്ക്കറ്റുകളും കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ഇതിനുപുറമെ 90.9 ലക്ഷം പച്ചക്കറി തൈകളും കർഷകർക്ക് വിതരണം ചെയ്യുന്നതാണ്. മീഡിയ വഴിയും 12 ലക്ഷം വിത്തുപായ്ക്കറ്റുകൾ വിതരണം ചെയ്യുന്നുണ്ട്. കൂടാതെ പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി സമഗ്ര പച്ചക്കറി വികസന പദ്ധതി പ്രകാരം 1000 ക്ലസ്റ്ററുകൾക്ക് ക്ലസ്റ്റർ ഒന്നിന് 75,000 രൂപ വീതം ധനസഹായം നൽകുന്നു. 2000 പമ്പ് സെറ്റ്, 2000 സസ്യ സംരക്ഷണ ഉപാധികൾ എന്നിവ വാങ്ങുന്നതിന് ധനസഹായം നൽകുന്നു. തരിശുനില കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 30,000 രൂപ നിരക്കിൽ 1000 ഹെക്ടറിന് ധനസഹായം നൽകുന്നു. സ്റ്റാഗേർഡ് ക്ലസ്റ്ററുകൾക്ക് ഹെക്ടറൊന്നിന് 15,000 രൂപ നിരക്കിൽ 2176 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുവാൻ ധനസഹായം നൽകുന്നു. ഇതുകൂടാതെ നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നതിനും ഹരിതഫണ്ട്, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം, വിതരണം, പ്രചരണം എന്നിവയ്ക്കും ഭൗമ സൂചിക ഇനങ്ങളുടെ

പ്രചരണത്തിലേയ്ക്കുമായി പ്രത്യേക ധനസഹായം ഈ പദ്ധതി ഘടകത്തിൻ കീഴിൽ നൽകുന്നു. കൂടാതെ ശീമച്ചക്ക, മുരിങ്ങ, അഗത്തി, കറിവേപ്പില തുടങ്ങിയവയുടെ വാണിജ്യാടിസ്ഥാനത്തിലുള്ള ഉല്പാദനത്തിനും അഗ്രോ സർവ്വീസ് സെന്ററുകൾ മുഖാന്തരം നഴ്സറികൾ സ്ഥാപിക്കുന്നതിനും ധനസഹായം നൽകുന്നു. ടി പദ്ധതി ഘടകങ്ങൾ നടപ്പിലാകുന്നതിലൂടെ ഓണക്കാലത്ത് പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും വിഷാംശമില്ലാത്ത പച്ചക്കറി ലഭ്യമാക്കുന്നതിനും സാധിക്കും. 2017-18 സാമ്പത്തിക വർഷത്തിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ 18639 ഹെക്ടറിൽ പച്ചക്കറി കൃഷി ചെയ്യുകയും അതിൽനിന്നും 96899 ടൺ പച്ചക്കറി ഉല്പാദിപ്പിക്കാനും കഴിഞ്ഞിട്ടുണ്ട്. സർക്കാരിന്റെ ശക്തമായ ഇടപെടലിനെ തുടർന്ന് 6.28 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിച്ചിരിക്കുന്നത് രണ്ട് വർഷം കൊണ്ട് 10.12 ലക്ഷം മെട്രിക് ടൺ ആയി വർദ്ധിപ്പിക്കുവാൻ കഴിഞ്ഞിട്ടുണ്ട്.

## മങ്കട മണ്ഡലത്തിലെ ഹോർട്ടികോർപ്പ് സ്റ്റാളുകൾ

42(3061) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിൽ നിലവിൽ പ്രവർത്തിക്കുന്ന ഹോർട്ടികോർപ്പിന്റെ സ്റ്റാളുകൾ സംബന്ധിച്ച വിവരം ലഭ്യമാക്കാമോ; പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ സ്റ്റാൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് കുറുവ ഗ്രാമപഞ്ചായത്ത് നൽകിയ നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) അങ്ങാടിപ്പുറം ഗ്രാമപഞ്ചായത്തിൽ കേരഗ്രാമം പദ്ധതി ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലത്തിൽ അനുയോജ്യമായ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് സ്റ്റാൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുന്നതാണ്. പടപ്പറമ്പ് ആസ്ഥാനമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രം ആരംഭിക്കുന്നതിനായി കുറുവ ഗ്രാമപഞ്ചായത്തിന്റെ നിവേദനം ലഭിച്ചിട്ടുണ്ട്. എന്നാൽ വണ്ടൂർ കേന്ദ്രമാക്കി ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണകേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടികൾ അതിനുമുൻപുതന്നെ ആരംഭിച്ചിരുന്നു. ആയതിനാൽ ഈ നിവേദനത്തിന്മേൽ മറ്റ് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

(ബി) 2018-19 വർഷം പുതുതായി 79 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. പുതിയ കേരഗ്രാമങ്ങളുടെ പട്ടിക തയ്യാറാക്കൽ അന്തിമമായിട്ടില്ല.

## ഹോർട്ടികോർപ്പ്

43(3062) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഹോർട്ടികോർപ്പിന്റെ എത്ര പച്ചക്കറി വില്പനശാലകളാണ് അടച്ചുപൂട്ടിയത്; ഇതിനുള്ള കാരണം വ്യക്തമാക്കുമോ;

(ബി) ഹോർട്ടികോർപ്പിന് എത്ര കോടിരൂപയാണ് 2017-18 ബഡ്ജറ്റിൽ വകയിരുത്തിയതെന്നും ഇതിൽ എത്ര രൂപ ഹോർട്ടികോർപ്പിന് നൽകിയിട്ടുണ്ടെന്നും എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്നും വിശദമാക്കുമോ;

(സി) ഹോർട്ടി കോർപ്പിന് എത്രകോടി രൂപയാണ് 2018-19 ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച ഹോർട്ടികോർപ്പിന്റെ 8 സ്റ്റാളുകളാണ് അടച്ചുപൂട്ടിയത്. സ്റ്റാൾ ആരംഭിച്ച സ്ഥലം വിട്ടുനൽകേണ്ടി വന്നതിനാലും കച്ചവടം കുറവായതിനാലുമാണ് പ്രസ്തുത സ്റ്റാളുകൾ അടച്ചുപൂട്ടിയത്. എന്നാൽ ഈ സർക്കാർ വന്നശേഷം പുതിയതായി 17 സ്വന്തം സ്റ്റാളുകളും 11 ലൈസൻസി സ്റ്റാളുകളും ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 30 കോടി രൂപ ഹോർട്ടികോർപ്പിന് റിവൈവൽ പാക്കേജായി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ആ വർഷം തുകയൊന്നുംതന്നെ ബഡ്ജറ്റിൽ വകകൊള്ളിച്ചിരുന്നില്ല. ഹോർട്ടികോർപ്പിന്റെ പ്രവർത്തനങ്ങൾക്കായി പ്രത്യേകിച്ച് ബഡ്ജറ്റിൽ കാലങ്ങളായി തുകയൊന്നും വകകൊള്ളിച്ചുവന്നിരുന്നില്ല. സംസ്ഥാന കൃഷി വകുപ്പിന്റെ വിപണി ഇടപെടൽ വിഹിതത്തിൽനിന്നും ഒരു വിഹിതം ഹോർട്ടികോർപ്പിന് ലഭിക്കാറുണ്ട്. 2017-18 സാമ്പത്തിക വർഷം ഓണം വിപണി ഇടപെടലിനായി 8.496 കോടി രൂപ കൃഷി വകുപ്പിൽനിന്നും ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസത്തിൽ ഫണ്ട് പുനർവിന്യാസത്തിലൂടെ 5.959 കോടി രൂപയും ഹോർട്ടികോർപ്പിന് ലഭിച്ചിട്ടുണ്ട്. ഇപ്രകാരം ലഭിച്ച മുഴുവൻ തുകയും ഹോർട്ടികോർപ്പ് ചെലവഴിച്ചിട്ടുണ്ട്.

(സി) 2018-19 ബഡ്ജറ്റിൽ ഹോർട്ടികോർപ്പിന് 4401-100-190-97 ഹെഡ് ഓഫ് അക്കൗണ്ടിൽ ഷെയർ ക്യാപിറ്റൽ ഇനത്തിൽ 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ഹോർട്ടികോർപ്പ് മുഖേന പഴം, പച്ചക്കറി ശേഖരണം

44(3063) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഹോർട്ടികോർപ്പ് മുഖേന എത്ര രൂപയുള്ള പഴം, പച്ചക്കറി എന്നിവ ശേഖരിച്ചിട്ടുണ്ട്; ഇതിൻ പ്രകാരം എന്തെല്ലാം നേട്ടങ്ങളാണ് കർഷകർക്ക് നേരിട്ട് ലഭിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത കാലയളവിൽ ഹോർട്ടികോർപ്പ് നേരിട്ട് പഴം, പച്ചക്കറി എന്നിവ കൃഷി ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽവന്നശേഷം ഹോർട്ടികോർപ്പ് മുഖേന 2016-17 സാമ്പത്തിക വർഷത്തിൽ 59.24 കോടി രൂപയുടെ പഴവും പച്ചക്കറിയും 2017-18 സാമ്പത്തിക വർഷം 67.95 കോടി രൂപയുടെ പഴവും പച്ചക്കറിയും ശേഖരിച്ചിട്ടുണ്ട്. പൊതുവിപണി വിലയെക്കാൾ 10% അധികവില നൽകിയാണ് കർഷകരിൽനിന്നും ഹോർട്ടികോർപ്പ് പച്ചക്കറികൾ സംഭരിച്ചുവരുന്നത്. സംസ്ഥാനത്തെ കർഷകർ, കർഷക കൂട്ടായ്മകൾ, വി.എഫ്.പി.സി.കെ., കാർഷിക മൊത്തവ്യാപാര വിപണികൾ, ക്ലസ്റ്ററുകൾ എന്നിവിടങ്ങളിൽ നിന്നുമാണ് കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നത്. കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മൊത്ത വ്യാപാര വിപണികളായ ആനയറ, കോഴിക്കോട്, വെങ്ങേരി, മൂവാറ്റുപുഴ, മരട്, സുൽത്താൻ ബത്തേരി എന്നിവിടങ്ങളിൽ വരുന്ന പച്ചക്കറികളിൽ ലേലത്തിൽ പോകാത്ത മുഴുവൻ പച്ചക്കറികളും വിപണിവില നൽകി ഹോർട്ടികോർപ്പ് സംഭരിച്ചുവരുന്നുണ്ട്. കൂടാതെ അധികവിളവ് ഉണ്ടാകുന്ന സന്ദർഭങ്ങളിൽ വില ഇടിവ് പിടിച്ചുനിർത്തുന്നതിനായി ഹോർട്ടികോർപ്പ് വിപണി ഇടപെടൽ നടത്തുകയും ചെയ്യുന്നു. പാലക്കാട് ജില്ലയിലെ തക്കാളി സംഭരണം, വട്ടവടയിലെ ശീതകാല പച്ചക്കറി സംഭരണം, ഏത്തക്കായയുടെ അധിക ഉല്പാദന സമയത്തെ സംഭരണം, വാഴക്കുളത്തെ പൈനാപ്പിൾ സംഭരണം തുടങ്ങിയ വിപണി ഇടപെടൽ ഹോർട്ടികോർപ്പ് നടത്തുകയുണ്ടായി. കൂടാതെ ഓണം, വിഷു തുടങ്ങിയ ഉത്സവ സീസണുകളിൽ വിപണി വിലയെക്കാൾ 30% വരെ വിലകുറച്ച് ഹോർട്ടികോർപ്പ് പച്ചക്കറികൾ വിതരണം ചെയ്യുന്നുണ്ട്.

(ബി) ഹോർട്ടികോർപ്പ് പഴം, പച്ചക്കറികൾ കൃഷി ചെയ്യുന്നില്ല. പഴം, പച്ചക്കറികളുടെ സംഭരണവും വിതരണവും മാത്രമാണ് ചെയ്തുവരുന്നത്.

## നെൽകൃഷി

45(3064) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-ൽ സംസ്ഥാനത്ത് എത്ര ഹെക്ടർ സ്ഥലത്താണ് നെൽകൃഷി ഉണ്ടായിരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

2015-16 സാമ്പത്തിക വർഷം ഇക്കണോമിക്സ് ആൻഡ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ കണക്കുകൾ പ്രകാരം സംസ്ഥാനത്ത് 196870 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ഉണ്ടായിരുന്നു.

## നെൽകൃഷി വികസനം

46(3065) ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി. ടി. ബൽറാം :
ശ്രീ. പി. ടി. തോമസ് :
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി വികസനത്തിനായി സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിക്കുമ്പോഴും വർഷംതോറും നെൽവയലുകൾ അപ്രത്യക്ഷമാകുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) നെൽകൃഷിക്ക് അനുകൂല സാഹചര്യമുള്ളതും ഉല്പാദന വർദ്ധനയ്ക്ക് സാഹചര്യമുള്ളതുമായ കുട്ടനാട്, ഓണാട്ടുകര തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) പ്രത്യേക കാർഷിക മേഖലയിലെ കർഷകർക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ നൽകുന്നുണ്ടോ; ഇല്ലെങ്കിൽ അക്കാര്യം പരിഗണിക്കുമോ;

(ഡി) പ്രസ്തുത കാർഷിക മേഖലയിലെ കർഷകരെ നിരന്തരം നിരീക്ഷിക്കുന്നതിനും, അവർ നെൽകൃഷി ഉപേക്ഷിക്കുന്നില്ലായെന്ന് ഉറപ്പുവരുത്തുന്നതിനും പ്രത്യേകം സംവിധാനം ഒരുക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 കാലയളവിൽ നെൽകൃഷിയുടെ വിസ്തൃതി മുൻവർഷത്തെക്കാൾ വർദ്ധിക്കുകയാണുണ്ടായത്. ഫലപ്രദമായ പദ്ധതികളും കൃത്യമായ മോണിറ്ററിംഗും ജനകീയ ഇടപെടലുകളും അനുകൂല കാലാവസ്ഥയുംകൊണ്ട് വലിയ ഒരു മാറ്റം ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഭൂവുടമകൾ തൊഴിലാവശ്യങ്ങൾക്കായി പട്ടണങ്ങളിലേയ്ക്ക് താമസം മാറുന്നത്, വർദ്ധിച്ച കൂലിച്ചെലവ്, വിദഗ്ദ്ധ തൊഴിലാളികളുടെ ദൗർലഭ്യം, ഗുണമേന്മയുള്ള ഉല്പാദനോപാധികൾ, യന്ത്രോപകരണങ്ങൾ എന്നിവ യഥാസമയം ലഭിക്കാതിരിക്കൽ, ജലാഗമന നിർഗ്ഗമനത്തിനുള്ള പശ്ചാത്തല സൗകര്യങ്ങളുടെ കുറവ്, നെല്പാടം മറ്റാവശ്യങ്ങൾക്കായി പരിവർത്തനപ്പെടുത്തൽ, വിപണനത്തിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ, മൂല്യവർദ്ധനവിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ കുറവ്, പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടം എന്നിങ്ങനെ നിരവധി സാങ്കേതിക, സാമൂഹിക, പാരിസ്ഥിതിക പ്രശ്നങ്ങൾ കാരണമാണ് നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത്. ഈ മേഖലകളിലെല്ലാം കൃത്യമായും ഫലപ്രദമായും ഇടപെടലും അനുകൂലമായ കാലാവസ്ഥയും ഉണ്ടായാൽ നെൽകൃഷിയുടെ വിസ്തൃതി കുറയാതെ നിലനിർത്താനും വർദ്ധിപ്പിക്കാനും സാധിക്കുന്നതാണ്.

(ബി) കുട്ടനാട്, ഓണാട്ടുകര തുടങ്ങിയ പ്രദേശങ്ങൾ കേന്ദ്രീകരിച്ച് പ്രത്യേക കാർഷിക മേഖല പദ്ധതി നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് നെൽകൃഷിക്ക് അനുയോജ്യ കാർഷിക കാലാവസ്ഥയുള്ള പ്രദേശങ്ങളെ നെൽകൃഷിയുടെ പ്രത്യേക കാർഷിക മേഖലകളായി കണക്കാക്കി അവിടെയുള്ള സ്രോതസ്സുകളും സാധ്യതകളും പരിമിതികളും പരിഗണിച്ച് വിത്ത് മുതൽ വിപണിവരെയുള്ള എല്ലാ ഭൗതിക സാമ്പത്തിക സാഹചര്യങ്ങളും സജ്ജമാക്കി പരമാവധി ഉല്പാദനം കൈവരിക്കുവാനും ഉല്പന്നത്തിന്റെ മെച്ചപ്പെട്ട കൈകാര്യത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും മെച്ചപ്പെട്ട വിപണന സംവിധാനത്തിലൂടെയും കർഷകർക്ക് പരമാവധി വരുമാനം നേടിക്കൊടുക്കുവാനുമാണ് ഈ പദ്ധതി പ്രകാരം ലക്ഷ്യമിട്ടിട്ടുള്ളത്.

നെൽകൃഷിക്കായി ഏഴ് പ്രത്യേക കാർഷിക മേഖലകളാണ് പ്രഖ്യാപിച്ചിട്ടുള്ളത്. ഇവ കുട്ടനാട്, കോൾ, പൊക്കാളി, ഓണാട്ടുകര, പാലക്കാട്, വയനാട്, കായ്പ്പാട് എന്നിവയാണ്.

(സി) നെൽകൃഷിക്കായി പ്രഖ്യാപിച്ച പ്രത്യേക ഏഴ് കാർഷിക മേഖലകളിൽ ഓണാട്ടുകര ഒഴിച്ചുള്ള ആറ് മേഖലകൾക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിന് നടപ്പ് സാമ്പത്തിക വർഷം ഭരണാനുമതി നൽകിയിട്ടുണ്ട്. ഓരോ മേഖലയിലും വിഭാവന ചെയ്യുന്ന പ്രവർത്തനങ്ങളും അവയ്ക്കായി വകയിരുത്തിയ തുക സംബന്ധിച്ച വിവരങ്ങളും ചുവടെ ചേർക്കുന്നു:

1. കുട്ടനാട് മേഖലയിൽ വെർട്ടിക്കൽ അക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിന് 101 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2. കോൾ മേഖലയ്ക്ക് പെട്ടിയും പറയും മാറ്റി വെർട്ടിക്കൽ അക്സിയൽ ഫ്ലോ പമ്പുസെറ്റുകൾ സ്ഥാപിക്കുന്നതിനും സൗരോർജ്ജ പാനലുകൾ സ്ഥാപിക്കുന്നതിനും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുന്നതിനും ബണ്ടുകളിൽ ഭൂവസ്ത്രം പ്രയോഗിക്കുന്നതിനും പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുമായി 299.5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

3. പൊക്കാളി മേഖലയ്ക്ക് പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 44.31 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

4. പാലക്കാട് മേഖലയ്ക്ക് ജൈവകൃഷി, ജൈവ ബിരിയാണി അരിയുടെ ബ്രാന്റിംഗ്, കാർഷിക കർമ്മസേന ശക്തിപ്പെടുത്തൽ, അഗ്രോ സർവ്വീസ് സെന്ററിന് യന്ത്രോപകരണങ്ങൾ വാങ്ങൽ, അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ എന്നിവയ്ക്കായി 60.82 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

5. വയനാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, പരമ്പരാഗതമായി കൃഷി ചെയ്യുന്ന തനത് വിത്തിനങ്ങളുടെ സംരക്ഷണവും വർദ്ധനവും എന്നിവയ്ക്കായി 115 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

6. കായ്പ്പാട് മേഖലയ്ക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി 32.9 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

ഓണാട്ടുകര പ്രത്യേക കാർഷിക മേഖലയ്ക്ക് പദ്ധതിയുടെ രണ്ടാം ഘട്ടത്തിൽ തുക അനുവദിക്കുന്നതാണ്.

(ഡി) പ്രത്യേക കാർഷിക മേഖലകളിലെല്ലാം നെൽകൃഷി വികസന ഏജൻസികൾ നിലവിലുണ്ട്. കർഷകരെ സഹായിക്കുന്നതിനും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും ആ സംവിധാനം സഹായിക്കും. പ്രിൻസിപ്പൽ കൃഷി ഓഫീസിലെ ഒരു കൃഷി ഡെപ്യൂട്ടി ഡയറക്ടർക്ക് പ്രത്യേക കാർഷിക മേഖല പദ്ധതിയുടെ അതത് ജില്ലയിലെ പ്രവർത്തനങ്ങളുടെ ചുമതല ഏല്പിച്ചു കൊടുത്തിട്ടുണ്ട്. ഇതിനുപുറമെ ബന്ധപ്പെട്ട ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർക്കും കൃഷി ഓഫീസർമാർക്കും പ്രത്യേക കാർഷിക മേഖലാ പദ്ധതി വിജയകരമായി നടപ്പാക്കുന്നതിനും കർഷകരുടെ പങ്കാളിത്തത്തോടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിക്കുന്നത് നിരീക്ഷിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## തരിശ്ശായി കിടന്ന പാടശേഖരങ്ങളിൽ നെൽകൃഷി

47(3066) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തരിശ്ശായി കിടന്ന എത്ര പാടശേഖരങ്ങളിലാണ് നെൽകൃഷി ആരംഭിച്ചത്; ഇതിന്റെ വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതിനായി എത്ര തുകയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) പുതുതായി കൃഷിയിറക്കിയ പാടശേഖരങ്ങളിൽനിന്നും എത്ര ടൺ നെല്ലാണ് സംഭരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) 2015-16, 2016-17,2017-18 എന്നീ കാലയളവുകളിൽ ഉൽപ്പാദിപ്പിച്ച നെല്ലിന്റെ അളവ് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്താകെ 747 പാടശേഖരങ്ങളിലാണ് തരിശുകൃഷി നടപ്പിലാക്കിയത്. പാടശേഖരങ്ങളുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| ജില്ല | പാടശേഖരങ്ങളുടെ എണ്ണം |
|---|---|
| തിരുവനന്തപുരം | 5 |
| കൊല്ലം | 5 |
| പത്തനംതിട്ട | 5 |
| ഇടുക്കി | 27 |
| കോട്ടയം | 32 |
| ആലപ്പുഴ | 88 |
| എറണാകുളം | 62 |
| തൃശ്ശൂർ | 170 |
| പാലക്കാട് | 10 |
| മലപ്പുറം | 95 |
| കോഴിക്കോട് | 11 |
| വയനാട് | 3 |
| കണ്ണൂർ | 219 |
| കാസർഗോഡ് | 15 |
| ആകെ | 747 |

(ബി) ഈ തരിശ് പാടശേഖരങ്ങളിൽ കൃഷി നടപ്പാക്കുന്നതിന് വേണ്ടിവന്ന ആകെ ചെലവ് സംബന്ധിച്ച കണക്കുകൾ ശേഖരിച്ചിട്ടില്ല. എന്നാൽ, സബ്സിഡി ഇനത്തിൽ കൃഷി വകുപ്പ് 2480.421 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) പുതുതായി കൃഷിയിറക്കിയ പാടശേഖരങ്ങളിൽനിന്നും 24915.37 ടൺ നെല്ല് സംഭരിച്ചിട്ടുണ്ട്.

(ഡി) 2015-16 സാമ്പത്തിക വർഷം 1292.01 ഹെക്ടർ സ്ഥലത്ത് ചെയ്ത തരിശുനില കൃഷിയിൽനിന്നും 3604.68 ടൺ അരിയും 2016-17 സാമ്പത്തിക വർഷത്തിൽ 2782.3857 ഹെക്ടർ സ്ഥലത്തെ തരിശുകൃഷിയിൽനിന്നും 7086.736 ടൺ അരിയും 2017-18 സാമ്പത്തിക വർഷം പുതുതായി കൃഷി ആരംഭിച്ച 5485.686 ഹെക്ടറിൽനിന്നും 15359.92 ടൺ അരിയും ലഭിച്ചു. 2017-18-ൽ രണ്ടാം വർഷ തരിശു കൃഷി ചെയ്ത 1288.69 ഹെക്ടർ സ്ഥലത്തുനിന്നും 3608.332 ടൺ അരിയും അധികമായി ലഭിച്ചിട്ടുണ്ട്. ഇപ്രകാരം 2017-18-ൽ തരിശുനില കൃഷിയിൽനിന്നും ആകെ 18968.252 ടൺ അരി ലഭിച്ചു.

## വെള്ളായണി പാടശേഖരം

48(3067) <u>ശ്രീ. ഒ. രാജഗോപാൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർഷങ്ങളായി വെള്ളായണി പാടശേഖരത്ത് തരിശായി കിടന്നിരുന്ന ഭൂമിയിൽ കൃഷി തുടങ്ങിയ വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കൃഷി തുടർന്നും നടത്തുന്നതിന് കർഷകർക്ക് സാമ്പത്തിക സഹായം നല്കുവാൻ സാധിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മാങ്കിളിക്കരി പാടശേഖരത്തിൽ അഞ്ച് ഹെക്ടർ സ്ഥലത്ത് നെൽകൃഷി ആരംഭിച്ചു.

(ബി) നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശുനിലം കൃഷിയോഗ്യമാക്കുന്നതിന് ചുവടെപറയും പ്രകാരം ആനുകൂല്യങ്ങൾ നൽകുന്നുണ്ട്.

തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാംവർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ്. നെൽകൃഷി വികസന പദ്ധതി, ജനകീയാസൂത്രണ പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി തുടർന്നും സാമ്പത്തിക സഹായം നൽകുന്നതാണ്.

## നെല്ലിന്റെ സംഭരണ വില

49(3068) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ലിന്റെ നിലവിലെ സംഭരണവില എത്രയാണെന്ന് വ്യക്തമാക്കുമോ;

(ബി) താങ്ങുവില, സംഭരണത്തിലെ അപാകം, വില കിട്ടുന്നതിലെ കാലതാമസം എന്നിവമൂലം നെൽകർഷകർ നേരിടുന്ന പ്രതിസന്ധികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഒന്നാംവിളയ്ക്കും, രണ്ടാംവിളയ്ക്കും മെച്ചപ്പെട്ട ധനസഹായം നെൽകർഷകർക്ക് മുൻകൂട്ടി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നെല്ലിന്റെ നിലവിലെ സംഭരണവില 23.30 രൂപയാണ്.

(ബി) താങ്ങുവില, സംഭരണത്തിലെ അപാകത, വില കിട്ടുന്നതിലെ കാലതാമസം എന്നിവമൂലം പറയത്തക്ക പ്രതിസന്ധികൾ നിലവിലില്ല. മില്ലുടമകളുടെ ചില നടപടികൾ കർഷകർക്ക് ബുദ്ധിമുട്ടുണ്ടാക്കിയിട്ടുണ്ട്. സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുന്ന കേസ്സുകളിൽ അപ്പപ്പോൾ ഇടപെട്ട് പ്രശ്നപരിഹാരം ഉണ്ടാക്കുന്നുണ്ട്.

(സി) നെൽകൃഷി വികസനമെന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം വിവിധ പദ്ധതി ഘടകങ്ങൾക്കായി ചുവടെ പറയുന്ന നിരക്കുകളിൽ ആനുകൂല്യം നൽകിവരുന്നു:

| പദ്ധതി | രൂപ (ഹെക്ടറിന്) |
|---|---|
| സുസ്ഥിര നെൽകൃഷി വികസനം | 5500 |
| കരനെൽകൃഷി | 13,600 |
| തരിശുനില കൃഷി (ഒന്നാം വർഷം) | 30,000 |
| തരിശുനില കൃഷി (രണ്ടാം വർഷം) | 7000 |
| തരിശുനില കൃഷി (മൂന്നാം വർഷം) | 4500 |
| ഒരുപ്പൂ കൃഷി ഇരുപ്പൂവാക്കുന്നതിനുള്ള ധനസഹായം | 10000 |
| സവിശേഷ നെല്ലിനങ്ങളുടെ കൃഷി | 10000 |
| ഗ്രൂപ്പ് ഫാമിംഗ് നടപ്പാക്കുന്നതിന് പാടശേഖരങ്ങൾക്കുള്ള പ്രവർത്തന സഹായം | 360 (ഒരു പാടശേഖരത്തിന് പരമാവധി 50,000 രൂപ) |

നെൽകൃഷിക്കുള്ള ആനുകൂല്യങ്ങൾ നെൽകൃഷി വികസന പദ്ധതിയുടെ വിവിധ പദ്ധതി ഘടകങ്ങൾ പ്രകാരമാണ് നൽകിവരുന്നത്. സുസ്ഥിര നെൽകൃഷി വികസനമെന്ന പദ്ധതി ഘടകം ഉല്പാദനോപാധികൾക്കുള്ള സബ്സിഡിയാണ് നൽകുന്നത്. ആയത് പാടശേഖര സമിതി തലത്തിൽ ഇൻവോയ്സ് പ്രകാരം മുൻകൂറായി നൽകാൻ സാധിക്കും. തരിശുനിലത്തിൽ നെൽകൃഷി ചെയ്യുന്നതിനുള്ള സബ്സിഡി കൂലിച്ചെലവിനും ഉല്പാദനോപാധികൾക്കുമാണ്. നിലമൊരുക്കൽ കാർഷിക കർമ്മസേനയുടെയോ അഗ്രോ സർവ്വീസ് സെന്ററിന്റെയോ സഹായത്തോടെ ചെയ്യുന്നപക്ഷം പ്രസ്തുത ആനുകൂല്യം സ്ഥാപനത്തിന് നൽകിക്കൊണ്ട് കർഷകന് കാർഷിക പ്രവർത്തനം സൗജന്യമായി ചെയ്തുകൊടുത്തുകൊണ്ട് പ്രസ്തുത ആനുകൂല്യത്തിന്റെ ഗുണം മുൻകൂട്ടി നൽകാൻ കഴിയും. മറ്റെല്ലാ സാഹചര്യത്തിലും ധനസഹായം പ്രവർത്തനത്തിനുശേഷം കർഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് ഡി.ബി.റ്റി. (Direct Beneficiary Transfer) മുഖേനയാണ് നൽകിവരുന്നത്.

## നെല്ലിന്റെ ഉല്പാദനത്തിലുള്ള വർദ്ധനവ്

50(3069) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ സംസ്ഥാനത്ത് നെൽകൃഷിയുടെ ആകെ വിസ്തീർണ്ണം എത്ര ഹെക്ടറായിരുന്നു; ആയത് നിലവിൽ എത്ര;

(ബി) ഈ സർക്കാർ അധികാരമേൽക്കുമ്പോൾ നെല്ലിന്റെ ഉല്പാദനം എത്ര ടൺ ആയിരുന്നു; ആയത് നിലവിൽ എത്ര;

(സി) മുൻസർക്കാരിന്റെ കാലത്ത് നികത്തിയ നെൽവയലുകൾ തിരിച്ച് പിടിച്ച് അവിടങ്ങളിൽ നെൽകൃഷി പുനരാരംഭിക്കുവാൻ ഈ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്നും ആയത് വഴി, നികത്തിയ എത്ര ഹെക്ടർ നെൽവയലുകളിൽ നെൽകൃഷി നടത്തുവാൻ കഴിഞ്ഞുവെന്നും വ്യക്തമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരമേറ്റശേഷം നാളിതുവരെ എത്ര ഹെക്ടർ തരിശുനിലം, കരനിലം, ഒരുപ്പൂനിലം, ഇരുനിലം എന്നിവകളിൽ അധിക നെൽകൃഷി നടന്നു; ഇതുവഴി എത്ര അളവ് ഉല്പാദനം അധികമായി ഉണ്ടാക്കുവാൻ കഴിഞ്ഞു; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 220449 ഹെക്ടർ ആയി വർദ്ധിച്ചു.

(ബി) 2015-16 സാമ്പത്തിക വർഷം സംസ്ഥാനത്ത് 549275 ടൺ അരി ഉല്പാദിപ്പിച്ചിരുന്നു. കൃഷി വകുപ്പിന്റെ കണക്കുകൾ പ്രകാരം 2017-18 വർഷാന്ത്യത്തോടെ അത് 617260 ടൺ അരി ആയി വർദ്ധിച്ചു.

(സി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമത്തിൽ വരുത്തിയ പുതിയ ഭേദഗതി പ്രകാരം നെൽവയലുകൾ പരിവർത്തനപ്പെടുത്തുന്നത് ജാമ്യമില്ലാത്ത കുറ്റമായി പരിഗണിക്കുകയും തരിശിടുന്ന നെൽവയലുകൾ കൃഷി ചെയ്യുന്നതിനോ കൃഷി ചെയ്യാൻ അനുവദിക്കുന്നതിനോ ഉടമസ്ഥരെ നിർബന്ധിതരാക്കുന്നതിനും അല്ലാത്തപക്ഷം കൃഷി ചെയ്യുന്നതിനുള്ള അവകാശം അനുവദിച്ച് നൽകുന്നതിന് റവന്യൂ അധികാരികൾക്ക് അനുവാദം നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ഈ നിയമഭേദഗതിയുടെ ഫലമായി തരിശുനിലം കൃഷി യോഗ്യമാക്കുന്നതിനുള്ള പ്രധാന തടസ്സങ്ങൾ മാറി കൂടുതൽ മേഖലയിലേക്ക് തരിശുനില കൃഷി വ്യാപിപ്പിക്കാനാവുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നാൽ ഇതിനകംതന്നെ സർക്കാരിന്റെ ഇടപെടൽമൂലം തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുന്നതിനും നെൽകൃഷി വ്യാപിപ്പിക്കുന്നതിനും ത്രിതല പഞ്ചായത്തുകൾ വിവിധ കർഷക സംഘങ്ങൾ, പാടശേഖര സമിതികൾ, കുടുംബശ്രീകൾ, യുവാക്കളുടെ കൂട്ടായ്മകൾ എന്നിവയുടെ മുൻകയ്യാൽ കാർഷിക പ്രവർത്തനങ്ങൾ ശക്തിപ്പെടുത്താനും ഈ മേഖലയിൽ പൊതുവായ ഉണർവ് ഉണ്ടാക്കാനും സാധിച്ചിട്ടുണ്ട്. ലക്ഷ്യമിട്ടതിലും അധികം തരിശുനില കൃഷിയും കരനെൽകൃഷിയും ചെയ്യാൻ സാധിച്ചതും മറ്റും ഈ ഉണർവിന്റെയും കൂട്ടായ്മയുടെയും തെളിവാണ്.

(ഡി) കൃഷി വകുപ്പിന്റെ വിവിധ പദ്ധതികളിലൂടെ 2016-17, 2017-18 വർഷങ്ങളിലായി 23629 ഹെക്ടർ കൃഷി പുനരാരംഭിച്ചു.

ഈ അധിക വിസ്തൃതിയിലൂടെ രണ്ട് വർഷങ്ങളിലായി 66,000 ടൺ അരി അധികമായി ഉല്പാദിപ്പിക്കാൻ സാധിച്ചു.

## വെളിയണ്ണൂർ ചല്ലി പാടശേഖരത്തിൽ നിലമൊരുക്കിയതിന് സബ്സിഡി

51(3070) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വെളിയണ്ണൂർ ചല്ലി പാടശേഖരത്തിലെ ഒറ്റക്കണ്ടം ഭാഗത്ത് കൃഷിക്ക് നിലമൊരുക്കിയതിന് പമ്പിംഗ് നടത്തിയ വകയിൽ സബ്സിഡി തുക അനുവദിച്ചു കൊടുക്കുവാൻ നിവേദനം ലഭിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത നിവേദനത്തിൻമേൽ എന്ത് തീരുമാനമാണ് എടുത്തിട്ടുള്ളത് ;

(സി) വരും കാലങ്ങളിൽ ചല്ലി പാടശേഖരത്തിൽ കൃഷി ഇറക്കാൻ വകുപ്പ് കൂടുതൽ സാമ്പത്തിക സഹായങ്ങൾ നൽകുമോ ;

(ഡി) ഈ പാടശേഖരത്തിൽ കൃഷിയിറക്കുന്നത് ഒരു പ്രത്യേക പദ്ധതിയായി കണ്ട് കൂടുതൽ സഹായം അടുത്ത വർഷം ലഭ്യമാക്കുവാനുള്ള നടപടികൾ ഉണ്ടാകുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഈ പാടശേഖരത്തിൽ ആദ്യമായി തരിശുനില കൃഷിക്കുള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കൃഷി ചെയ്തിട്ടുള്ളത്.

പമ്പിംഗ് സബ്സിഡി അനുവദിക്കുന്നത് പുഞ്ച സ്പെഷ്യൽ ഓഫീസ് വഴി ആയതിനാലും രണ്ടാം വർഷം മുതൽ മാത്രമെ സബ്സിഡി അനുവദിക്കുകയുള്ളൂ എന്നതിനാലും കൃഷി വകുപ്പ് മുഖാന്തരം പമ്പിംഗ് സബ്സിഡി അനുവദിക്കാൻ നിർവ്വാഹമില്ലാത്തതിനാലും ഈ നിവേദനത്തിലെ ആവശ്യം പ്രത്യേക പ്രൊപ്പോസലായി വിശദമായ റിപ്പോർട്ട് സഹിതം സർക്കാരിന്റെ പ്രത്യേക അനുമതിക്കായി സമർപ്പിക്കുകയാണ്. ആയത് പരിശോധിച്ചുവരികയാണ്.

(സി) നെൽകൃഷി വികസന പദ്ധതിപ്രകാരവും ആത്മ പദ്ധതി പ്രകാരവും തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ പ്രകാരവും ലഭിക്കാവുന്ന പരമാവധി ആനുകൂല്യങ്ങൾ ഈ പ്രദേശത്ത് നൽകുന്നതിന് കോഴിക്കോട് പ്രിൻസിപ്പൽ കൃഷി ഓഫീസർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ പാടശേഖരത്തിൽ കൃഷിയിറക്കുന്നത് ഒരു പ്രത്യേക പദ്ധതിയായി ഏറ്റെടുത്ത് പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് കൊയിലാണ്ടി കൃഷി അസിസ്റ്റന്റ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## നെൽകർഷകർക്ക് അർഹതപ്പെട്ട ആനുകൂല്യങ്ങൾ

52(3071) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ ജില്ലയിൽ കഴിഞ്ഞ വർഷം നെൽകർഷകർക്ക് നിയമാനുസൃതം നൽകേണ്ട നെല്ല് സംഭരണത്തിനുള്ള ചെലവ് നൽകിയിട്ടില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ പരിഹാരം കാണുന്നതിനായി തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘത്തിന്റെ ആഭിമുഖ്യത്തിൽ ഈ വർഷം കൃഷിഭൂമി തരിശിടുന്നതിന് തീരുമാനിച്ച വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) തരിശുരഹിത കേരളം എന്ന സംസ്ഥാന സർക്കാരിന്റെ ലക്ഷ്യത്തെ തകർക്കുന്ന ഈ തീരുമാനത്തിൽനിന്ന് കർഷകരെ പിന്തിരിപ്പിക്കുന്നതിന്, അർഹതപ്പെട്ട ആനുകൂല്യങ്ങൾ യഥാസമയം കർഷകർക്ക് ലഭ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

(എ&ബി) സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സ്വകാര്യ മില്ലുകളാണ് കോൾ മേഖലയിലെ നെല്ല് സംഭരിക്കുന്നത്. കൊയ്ത്ത് കഴിഞ്ഞ് പാടങ്ങളിൽനിന്നും സംഭരണ പോയിന്റിലേയ്ക്ക് നെല്ല് കൊണ്ടുവരുന്നതിന് ചെലവുകളിലേയ്ക്ക് ഒരു ക്വിന്റൽ നെല്ലിന് 37 രൂപ സ്വകാര്യ മില്ലുകൾക്ക് സർക്കാർ നൽകുന്നുണ്ട്. പക്ഷേ ഈ പ്രവൃത്തി സ്വകാര്യ മില്ലുകൾ കോൾപ്പടവ് സമിതികളിലെ കർഷകരെ കൊണ്ടാണ് ചെയ്യിക്കുന്നതെന്നും സ്വകാര്യ മില്ലുകൾക്ക് ഈയിനത്തിൽ ലഭിക്കുന്ന തുക കർഷകർക്ക് നൽകുന്നില്ല എന്നും കാലങ്ങളായി തൃശ്ശൂർ ജില്ലാ കോൾ കർഷക സംഘം ഈ ആവശ്യവുമായി ബന്ധപ്പെട്ട് പരാതി ഉന്നയിക്കുന്നു എന്നും തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു. ഈ ആവശ്യം ജില്ലാകോൾ കർഷക സംഘം കളക്ടറുടെ ശ്രദ്ധയിൽ ഉന്നയിക്കുകയും സ്വകാര്യ മില്ലുടമകളുമായി ചർച്ച നടക്കുകയും ചെയ്തുവെങ്കിലും സ്വകാര്യ മില്ലുടമകൾ കർഷകർക്ക് ചെലവിനത്തിൽ വരുന്ന തുക നൽകുന്നതിന് തയ്യാറായിട്ടില്ലാത്ത സാഹചര്യത്തിൽ നെൽവയൽ തരിശ്ശിടുന്ന സമര മാർഗ്ഗത്തിലേയ്ക്ക് നീങ്ങുമെന്ന് തൃശ്ശൂർ കോൾ കർഷക സംഘം അറിയിച്ചിട്ടുള്ളതായി തൃശ്ശൂർ പ്രിൻസിപ്പൽ കൃഷി ഓഫീസർ അറിയിച്ചിരിക്കുന്നു.

(സി) നെൽവയൽ തരിശ്ശിടുന്ന സമര മാർഗ്ഗത്തിലേയ്ക്ക് നീങ്ങുമെന്ന് തൃശ്ശൂർ കോൾ കർഷക സംഘം തീരുമാനമെടുത്ത കാര്യം കൃഷി ഡയറക്ടറെ സംഘം മുൻകൂട്ടി അറിയിച്ചിരുന്നില്ല. ഇക്കാര്യം കൃഷി ഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുള്ളത് ഇപ്പോൾ മാത്രമാണെന്നും സിവിൽ സപ്ലൈസ് കോർപ്പറേഷനുമായി അടിയന്തരമായി ഇക്കാര്യത്തിൽ ഇടപെട്ട് പ്രശ്നം പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതിനും തൃശ്ശൂർ കോൾ കർഷക സംഘത്തെ ഈ സമരത്തിൽനിന്നും പിന്തിരിപ്പിക്കുന്നതിനും നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## കരഭൂമിയാക്കി മാറ്റുന്നതിനായി ലഭിച്ച അപേക്ഷകൾ

53(3072) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻകാലങ്ങളിൽ നികത്തിയ നിലം രേഖകളിൽ കരഭൂമിയാക്കി മാറ്റുന്നതിനായി ലഭിച്ച അപേക്ഷകളുടെ എണ്ണം എത്രയാണ് ;

(ബി) ഇതിനായി സർവ്വേ നടത്തുന്നത് ഏത് ഏജൻസിയാണ്?

ഉത്തരം

(എ) 221999.

(ബി) ഡേറ്റാബാങ്ക് തയ്യാറാക്കലുമായി ബന്ധപ്പെട്ട 2008-ലെ ഭൂമിയുടെ അവസ്ഥ ഉപഗ്രഹ ചിത്രവുമായി ഒത്തുനോക്കി ശാസ്ത്രീയ പഠനം നടത്തി നിർണ്ണയിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ കൃഷി വകുപ്പ് KSREC (കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്റർ) എന്ന സ്ഥാപനത്തിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഡേറ്റാബാങ്കിൽനിന്നും ഒഴിവാക്കുന്നതിനുള്ള അപേക്ഷകൾ സംബന്ധിച്ച് നേരിട്ടുള്ള സ്ഥലപരിശോധന നടത്തുന്നത് സ്ഥലത്തെ കൃഷി ഓഫീസറും വില്ലേജ് ഓഫീസറും സംയുക്തമായാണ്.

## കേരഗ്രാമം പദ്ധതി

54(3073) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര കർഷകരെ സംരക്ഷിക്കുന്നതിനും ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ ഏതൊക്കെയാണെന്നറിയിക്കാമോ;

(ബി) കേരഗ്രാമം പദ്ധതി കോഴിക്കോട് ജില്ലയിൽ ഏതൊക്കെ പ്രദേശത്താണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ;

(സി) ബാലുശ്ശേരി മണ്ഡലത്തിൽ കേരഗ്രാമം പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷം നാളികേര കൃഷി വികസനത്തിനായി 5000 ലക്ഷം രൂപ വകയിരുത്തിക്കൊണ്ട് ചുവടെ ചേർത്തിരിക്കുന്ന സംസ്ഥാനാവിഷ്കൃത പദ്ധതികൾ നടപ്പിലാക്കുവാനാണ് നടപടികൾ സ്വീകരിച്ചിരിക്കുന്നത്.

1. നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു. 2018-19 വർഷം പുതുതായി 79 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നു.

2. അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള പദ്ധതി 2017-18 വർഷം നടപ്പിലാക്കുകയുണ്ടായി. 2018-19 വർഷവും ടി പദ്ധതി തുടരുന്നതാണ്.

3. ഗുണമേന്മയേറിയ കുറിയും ഇനം/സങ്കരയിനം/ഇടത്തരം പൊക്കമുള്ള (semitall) തെങ്ങിൻ തൈകളുടെ ഉല്പാദനം, ഹൈബ്രിഡൈസേഷൻ, കീടരോഗ നിയന്ത്രണം തുടങ്ങിയ മേഖലകളിൽ കേന്ദ്ര ഗവേഷണ സ്ഥാപനമായ കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രവുമായി സഹകരിച്ചുള്ള മൂന്നുവർഷ പ്രോജക്ടുകൾക്ക് കൃഷി വകുപ്പ് 2017-18-ൽ തുടക്കം കുറിച്ചിട്ടുണ്ട്.

4. തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാംപെയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാനായി 2017-18 വർഷം ആരംഭിച്ച പദ്ധതി 2018-19 വർഷവും തുടരുന്നതാണ്.

5. നാളികേര മേഖലയുടെ സർവ്വോന്മുഖമായ ഉന്നമനത്തിനായി 10 വർഷത്തെ ഒരു വികസന കാഴ്ചപ്പാടോടുകൂടി "കേരള കോക്കനട്ട് മിഷൻ" രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കൂടാതെ SCPSC/TSP മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ 175 ലക്ഷം രൂപയുടെ പദ്ധതിയും പ്രായാധിക്യവും കീടരോഗ ബാധമൂലവും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി പുതിയവ നടുന്നതിനും ബാക്കി നിലനിൽക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടിയുള്ള നാളികേര വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു.

(ബി &സി) 2018-19 വർഷം പുതുതായി 79 കേരഗ്രാമം തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുന്നതാണ്. കേരഗ്രാമങ്ങളുടെ പട്ടിക തയ്യാറാക്കൽ അന്തിമമായിട്ടില്ല.

## പരമ്പരാഗത തെങ്ങിനങ്ങൾക്ക് സംരക്ഷണം

55(3074) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട ആദിനാട് പ്രദേശത്ത് ഗുണമേന്മയും പ്രതിരോധശേഷിയും കൂടിയ പരമ്പരാഗത തെങ്ങിനങ്ങൾക്ക് പേറ്റൻസി ലഭിക്കുന്നത് സംബന്ധിച്ച് കേന്ദ്ര നാളികേര ഗവേഷണ കേന്ദ്രം പത്രമാധ്യമങ്ങളിലൂടെ അറിയിക്കുകയുണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) ഗുണമേന്മയുള്ള തെങ്ങിനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ ;

(സി) ആദിനാട് പ്രദേശത്ത് പ്രത്യേക പഠനവും തെങ്ങുകളെ സംരക്ഷിക്കുന്നതിന് പ്രത്യേക പദ്ധതിയും നടപ്പിലാക്കുമോ; വിശദീകരിക്കുമോ;

(ഡി) ഈ പ്രദേശത്തുള്ള തെങ്ങിനങ്ങളുടെ തൈകൾ സംസ്ഥാനത്താകെ പ്രചരിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) കരുനാഗപ്പള്ളി താലൂക്കിലെ കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലുൾപ്പെട്ട ആദിനാട് പ്രദേശത്ത് കാണപ്പെടുന്ന നെടിയ ഇനം തെങ്ങുകൾക്ക് രോഗപ്രതിരോധശേഷിയും ഉല്പാദനക്ഷമതയും നാളികേരത്തിന്റെ വലിപ്പവും എണ്ണയുടെ അളവും മറ്റിനങ്ങളെ അപേക്ഷിച്ച് കൂടുതൽ ഉള്ളതായി അവകാശപ്പെടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതുസംബന്ധിച്ച് ഏതെങ്കിലും ഗവേഷണ സ്ഥാപനങ്ങൾ പഠനം നടത്തിയതിന്റെ റിപ്പോർട്ടുകൾ ലഭ്യമല്ല. കേന്ദ്ര സ്ഥാപനമായ കാസർഗോഡ് തോട്ടവിള ഗവേഷണ കേന്ദ്രത്തിലെ ശാസ്ത്രജ്ഞർ ഫീൽഡ് സന്ദർശനം നടത്തി പേറ്റന്റ് ലഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടത്താമെന്നുള്ള സന്നദ്ധത അറിയിച്ചിട്ടില്ല.

(ബി) സമഗ്ര നാളികേര കൃഷി വികസനത്തിനായി കേരഗ്രാമം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി തെരഞ്ഞെടുത്ത പഞ്ചായത്തുകളിൽ നടപ്പാക്കുന്നുണ്ട്. അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും മാതൃകാപ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുന്ന പദ്ധതിയും നിലവിലുണ്ട്. കൂടാതെ പ്രായാധിക്യവും രോഗകീടബാധമൂലവും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനായുള്ള നാളികേര

വികസന ബോർഡിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയും നിലവിൽ നടപ്പിലാക്കുന്നുണ്ട്. ഇതിനുപുറമെ ജനകീയാസൂത്രണ പദ്ധതിയിലെ പ്ലാൻ ഫണ്ട് ഉപയോഗിച്ച് പദ്ധതികൾ പ്രാദേശികമായി ആസൂത്രണം ചെയ്തും നടപ്പിലാക്കാവുന്നതാണ്.

(സി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

(ഡി) ഈ പ്രദേശത്തുള്ള തെങ്ങിനങ്ങളുടെ പ്രത്യേകതകൾ ഗവേഷണ സ്ഥാപനങ്ങൾ പഠനവിധേയമാക്കിയശേഷം അവ നൽകുന്ന റിപ്പോർട്ടുകളുടെയും ശിപാർശകളുടെയും അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## കേരളത്തിലെ നാളികേര ഉല്പാദനം

56(3075) <u>ശ്രീ. കെ. എൻ. എ. ഖാദർ:</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ നാളികേര ഉത്പാദനം കുറഞ്ഞതു വഴി നാളികേര വിലയിൽ വൻ വർദ്ധനവ് ഉണ്ടായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇപ്രകാരം നാളികേര ഉത്പാദനം കുറയാനുണ്ടായ സാഹചര്യം എന്താണ്; ഇന്ത്യൻ സംസ്ഥാനങ്ങളിൽ ഇപ്പോൾ നാളികേര ഉത്പാദനത്തിൽ കേരളത്തിന്റെ സ്ഥാനമെത്രയാണ്;

(സി) കേരളത്തിൽ ഇപ്രകാരം നാളികേര കൃഷിയിൽ തളർച്ച വന്നപ്പോൾ നാളികേര വികസന ബോർഡിന്റെ ആഭിമുഖ്യത്തിൽ നടത്തിയ പ്രവർത്തനങ്ങൾ ഫലപ്രദമാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻവർഷങ്ങളെ അപേക്ഷിച്ച് ഉൽപ്പാദനത്തിൽ കാര്യമായ കുറവുണ്ടായിട്ടില്ലെങ്കിലും വിലയിൽ വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) നിലവിലെ തെങ്ങിൻതോപ്പുകൾ കെട്ടിട നിർമ്മാണത്തിനായി ഉപയോഗിച്ചപ്പോൾ തെങ്ങ് കൃഷിയുടെ വിസ്തൃതി കുറയുവാൻ ഇടയാക്കി. കൂടാതെ രോഗം കീടബാധ എന്നിവ ഉല്പാദനക്ഷമത കുറയുവാൻ കാരണമായിട്ടുണ്ട്. തൊഴിലാളികളുടെ ദൗർലഭ്യവും ഉയർന്ന കൂലിച്ചെലവും കാരണം ശാസ്ത്രീയ കൃഷി രീതികൾ അവലംബിക്കുന്നതിൽ കർഷകർ വേണ്ടത്ര ശ്രദ്ധ പുലർത്തുന്നില്ല എന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

ഭാരത സർക്കാരിന്റെ കൃഷി മന്ത്രാലയത്തിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ പ്രസിദ്ധീകരിച്ച 2015-16-ലെയും 2016-17-ലെയും കണക്കുകൾ പ്രകാരം നാളികേര ഉത്പാദനത്തിൽ ഇന്ത്യൻ സംസ്ഥാനങ്ങളിൽ കേരളം ഒന്നാം സ്ഥാനത്താണ് നിൽക്കുന്നത്.

(സി) പരിശോധിക്കുന്നതാണ്.

## കേര കർഷകർക്ക് വില വർദ്ധനവിന്റെ പ്രയോജനം ലഭിക്കുന്നില്ലെന്ന ആക്ഷേപം

57(3076) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ കേരകർഷകർക്ക് നിലവിൽ എന്തൊക്കെ സഹായങ്ങളാണ് കൃഷി വകുപ്പ് മുഖേന നൽകിവരുന്നത് ;

(ബി) കേരളത്തിൽ തേങ്ങ ഉത്പാദനം സ്വയംപര്യാപ്തതയിൽ എത്തിക്കാനായി എന്തെങ്കിലും പ്രത്യേക പദ്ധതി കൃഷി വകുപ്പ് നടപ്പാക്കി വരുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) കേരളത്തിൽ തേങ്ങയ്ക്കും എണ്ണ തുടങ്ങിയ കേരോത്പന്നങ്ങൾക്കും വലിയ തോതിൽ വില വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്നതിന്റെ പ്രയോജനം കേരകർഷകർക്ക് ലഭിക്കുന്നില്ലെന്ന ആവലാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇടത്തട്ടുകാരെ ഒഴിവാക്കി വില വർദ്ധനവിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് ലഭിക്കാൻ സർക്കാർ ഇടപെടൽ നടത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി)

1. കേരളത്തിലെ കേരകർഷകർക്കായി നാളികേരത്തിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനായി സംയോജിത വിള പരിപാലന മുറകൾ സ്വീകരിച്ച് നാളികേര കൃഷി സംരക്ഷണവും അഭിവൃദ്ധിപ്പെടുത്തലും ലക്ഷ്യമിട്ടുകൊണ്ട് സമഗ്ര നാളികേര കൃഷി വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ 'കേരഗ്രാമം' എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി നടപ്പിലാക്കിവരുന്നു.

2. അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (semitall) തെങ്ങുകളുടെയും കുറിയഇനം തെങ്ങുകളുടെയും ശാസ്ത്രീയ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായുള്ള 0.2 ഹെക്ടർ വിസ്തീർണ്ണമുള്ള മാതൃകാ പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുവാൻ ലക്ഷ്യംവച്ചുകൊണ്ടുള്ള 520 ലക്ഷം രൂപയുടെ പദ്ധതിയുടെ നിർവ്വഹണം ആരംഭിച്ചിട്ടുണ്ട്.

3. തെങ്ങുകളെ ബാധിക്കുന്ന കീടരോഗങ്ങൾക്കെതിരെ പ്രതിരോധ മാർഗ്ഗങ്ങൾ ക്യാംപെയിൻ അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനായുള്ള പദ്ധതിയും ഈ വർഷം നടപ്പിലാക്കുന്നുണ്ട്.

4. പട്ടികജാതി/പട്ടികവർഗ്ഗ മേഖലകളിൽ തെങ്ങ് പ്രദർശന തോട്ടങ്ങൾ സ്ഥാപിക്കുക, പ്രായാധിക്യവും രോഗകീടബാധമൂലവും ഉല്പാദനക്ഷമത നശിച്ച തെങ്ങുകൾ വെട്ടിമാറ്റി ഗുണമേന്മയുള്ള തൈകൾ നടുന്നതിനും ശേഷിക്കുന്ന തെങ്ങുകളെ ശാസ്ത്രീയമായി പരിപാലിക്കുന്നതിനും വേണ്ടിയുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയും 2018-19 വർഷം തുടരുന്നുണ്ട്.

5. നാളികേര മേഖല അഭിവൃദ്ധിപ്പെടുത്താനായി 10 വർഷത്തെ ഒരു വികസന കാഴ്ചപ്പാടോടുകൂടി സമഗ്രമായ പദ്ധതികൾ നടപ്പിലാക്കുക എന്ന ലക്ഷ്യത്തോടുകൂടി "കേരള കോക്കനട്ട് മിഷൻ" രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരളത്തിൽ തേങ്ങ, എണ്ണ തുടങ്ങിയ കേര ഉല്പന്നങ്ങൾക്കുണ്ടായ വില വർദ്ധനവിന്റെ പ്രയോജനം കേര കർഷകർക്ക് ലഭിക്കുന്നുണ്ട്. ഇടത്തട്ടുകാരെ ഒഴിവാക്കി വിലവർദ്ധനവിന്റെ പ്രയോജനം യഥാർത്ഥ കർഷകർക്ക് ലഭ്യമാക്കാനുള്ള നടപടികളുടെ ഭാഗമായി പച്ചത്തേങ്ങാ സംഭരണം പുനരാരംഭിക്കുവാൻ തീരുമാനമായിട്ടുണ്ട്.

### കാർഷിക മേഖലയിൽ യുവജനങ്ങളുടെ തൊഴിൽദാന പദ്ധതി

58(3077) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ ക്ഷേമ പെൻഷനുകളുടെ കാലോചിതമായ വർദ്ധനവിന് ആനുപാതികമായി കാർഷിക മേഖലയിലെ യുവജനങ്ങളുടെ തൊഴിൽദാന പദ്ധതിയിൽ അംഗങ്ങളായവർക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും വർദ്ധിപ്പിക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) ഈ പദ്ധതിയിൽ അംഗങ്ങളായിരിക്കെ അറുപത് വയസ്സിനുശേഷം മരണപ്പെട്ടവരുടെ ഗ്രാറ്റുവിറ്റി, പെൻഷൻ, മരണാനന്തര ആനുകൂല്യം എന്നിവ അടിയന്തരമായി അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) ഈ പദ്ധതിയിലെ അംഗങ്ങൾക്കായി പുതിയ തൊഴിൽ പദ്ധതികൾ ആവിഷ്കരിക്കുമോ;

(ഡി) കൃഷി വകുപ്പിന്റെ കാർഷിക വികസന സമിതികളിലും പദ്ധതിയുടെ ഇംപ്ലിമെന്റേഷൻ കമ്മിറ്റികളിലും ഒരു ലക്ഷം യുവ കർഷക സമിതി പ്രതിനിധികളെ ഉൾപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ഈ പദ്ധതി പ്രകാരം അറുപത് വയസ്സിനുശേഷം മരണപ്പെട്ടവർക്ക് മരണാനന്തര ആനുകൂല്യമായി ഒരു ലക്ഷം രൂപ ധനസഹായം നൽകണമെന്നാണ് വിഭാവന ചെയ്തിട്ടുള്ളത്. ആയതനുസരിച്ച് അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് ആനുകൂല്യം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) ഇല്ല. ഇപ്പോൾ പരിഗണനയിലില്ല.

**അടയ്ക്കാ കർഷകർക്കുള്ള ധനസഹായം**

59(3078) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ അടയ്ക്കാ കർഷകർക്ക് 2016-17 സാമ്പത്തിക വർഷം മുതൽ നാളിതുവരെ എത്ര തുക ധനസഹായമായി അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം അടയ്ക്കാ കർഷകർ നേരിടുന്ന പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) 2016-17 സാമ്പത്തിക വർഷം അടയ്ക്കാ കൃഷിക്കായി സംസ്ഥാന സർക്കാർ പ്രത്യേകം പദ്ധതികളൊന്നുംതന്നെ നടപ്പാക്കിയിട്ടില്ല. കേന്ദ്ര സർക്കാർ ഡയറക്ടറേറ്റ് ഓഫ് അരക്കനട്ട് ആൻഡ് സ്പൈസസ് ഡെവലപ്മെന്റ് (DSAD) മുഖാന്തരം അടിയന്തര ഘട്ടങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതിന് ഇടപെടലുകൾ നടത്തിവരുന്നുണ്ട്.

**കർഷകർക്ക് നഷ്ടപരിഹാരം**

60(3079) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തികവർഷങ്ങളിൽ പ്രകൃതിക്ഷോഭംമൂലം കൃഷിനാശം സംഭവിച്ചതിന് തിരുവനന്തപുരം ജില്ലയിലെ എത്ര കർഷകർക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടെന്നും എത്ര രൂപ നഷ്ടപരിഹാരമായി വിതരണം ചെയ്തിട്ടുണ്ടെന്നും താലൂക്ക് അടിസ്ഥാനത്തിൽ അറിയിക്കാമോ;

(ബി) ജില്ലയിൽ പ്രസ്തുത കാലയളവിൽ എത്ര അപേക്ഷകൾ ലഭിച്ചു ; എത്ര അപേക്ഷകൾ അംഗീകരിച്ചു; താലൂക്ക് അടിസ്ഥാനമാക്കിയുള്ള കണക്ക് ലഭ്യമാക്കാമോ;

(സി) അംഗീകരിച്ച അപേക്ഷകളിൽ ഇനിയും എത്ര പേർക്ക് തുക വിതരണം ചെയ്യാനുണ്ട്; എത്ര തുക; പ്രസ്തുത കുടിശ്ശിക എന്നത്തേയ്ക്ക് വിതരണം ചെയ്യാൻ കഴിയുമെന്നുള്ള വിവരം താലൂക്ക് തിരിച്ച് അറിയിക്കാമോ?

<u>ഉത്തരം</u>

(എ)

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | വർഷം | കർഷകരുടെ എണ്ണം | അനുവദിച്ച തുക |
|---|---|---|---|---|
| 1 | വർക്കല | 2016-17 | 775 | 8,65,467 |
| 2 | തിരുവനന്തപുരം | 2016-17 | 333 | 17,73,923 |
| 3 | നെയ്യാറ്റിൻകര | 2016-17 | 1608 | 52,11,071 |
| 4 | നെടുമങ്ങാട് | 2016-17 | 461 | 12,56,465 |
| 5 | ചിറയിൻകീഴ് | 2016-17 | 596 | 15,78,645 |
| 6 | വർക്കല | 2017-18 | 37 | - |
| 7 | തിരുവനന്തപുരം | 2017-18 | 404 | 16,05,869 |
| 8 | നെയ്യാറ്റിൻകര | 2017-18 | 4119 | 39,48,105 |
| 9 | നെടുമങ്ങാട് | 2017-18 | 138 | 40,870 |
| 10 | ചിറയിൻകീഴ് | 2017-18 | 100 | 23,212 |

(ബി)

| ക്രമ നമ്പർ | താലൂക്കിന്റെ പേര് | വർഷം | അപേക്ഷകൾ ലഭിച്ചത് | അപേക്ഷകൾ അംഗീകരിച്ചത് |
|---|---|---|---|---|
| 1 | വർക്കല | 2016-17 | 475 | 475 |
| 2 | തിരുവനന്തപുരം | 2016-17 | 428 | 428 |
| 3 | നെയ്യാറ്റിൻകര | 2016-17 | 2112 | 2112 |
| 4 | നെടുമങ്ങാട് | 2016-17 | 296 | 296 |
| 5 | ചിറയിൻകീഴ് | 2016-17 | 690 | 690 |
| 6 | വർക്കല | 2017-18 | 648 | 648 |
| 7 | തിരുവനന്തപുരം | 2017-18 | 1030 | 1030 |
| 8 | നെയ്യാറ്റിൻകര | 2017-18 | 1633 | 1633 |
| 9 | നെടുമങ്ങാട് | 2017-18 | 6 | 6 |
| 10 | ചിറയിൻകീഴ് | 2017-18 | 690 | 690 |

(സി)

| താലൂക്ക് | 2016-17 (കുടിശ്ശിക) | 2017-18 (കുടിശ്ശിക) |
|---|---|---|
| വർക്കല | 1,44,607 | 5,33,191 |
| തിരുവനന്തപുരം | 66,998 | 38,72,504 |
| നെടുമങ്ങാട് | 2,65,783 | 6,23,713 |
| ചിറയിൻകീഴ് | 2,41,141 | 25,90,258 |
| നെയ്യാറ്റിൻകര | - | 1,66,03,472 |

കുടിശ്ശിക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## അതിവർഷ ആനുകൂല്യം ലഭിക്കുന്നതിനുള്ള കാലതാമസം

61(3080) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ താമസിക്കുന്ന വള്ളി, പുളിക്കപ്പറമ്പിൽ കൊട്ടുമുണ്ട എന്ന എൺപത് വയസ്സ് കഴിഞ്ഞ കർഷകത്തൊഴിലാളിക്ക് അപേക്ഷ സമർപ്പിച്ച് 10 വർഷം കഴിഞ്ഞിട്ടും കർഷകത്തൊഴിലാളി അതിവർഷ ആനുകൂല്യം ലഭിച്ചില്ല എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) അപേക്ഷിച്ച് 10 വർഷം കഴിഞ്ഞിട്ടും കർഷകത്തൊഴിലാളി അതിവർഷ ആനുകൂല്യം ലഭിക്കാത്ത എത്ര അപേക്ഷകർ പട്ടാമ്പി മണ്ഡലത്തിലുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് എത്രയും വേഗം ഈ ആനുകൂല്യം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗമായ വള്ളിക്ക് 31-12-2000-ൽ 60 വയസ് പൂർത്തിയായി. എങ്കിലും 19-5-2012-ന് മാത്രമാണ് അതിവർഷ ആനുകൂല്യത്തിന് അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. 60 വയസ് പൂർത്തിയായി ആനുകൂല്യത്തിന് അപേക്ഷിക്കുന്നതിന്റെ മുൻഗണനാ ക്രമത്തിനനുസരിച്ചാണ് ആനുകൂല്യം വിതരണം ചെയ്യുന്നത്. ഫണ്ടിന്റെ അപര്യാപ്തതമൂലം 31-3-2011 വരെ ലഭിച്ച അപേക്ഷകളിലാണ് ആനുകൂല്യം വിതരണം ചെയ്തിട്ടുള്ളത്. ഫണ്ട് ലഭ്യമാക്കി അടിയന്തരമായി ആനുകൂല്യം അനുവദിച്ച് നൽകുന്നതാണ്.

(ബി) 31-3-2011 വരെ പട്ടാമ്പി മണ്ഡലത്തിൽനിന്നും ലഭിച്ച അപേക്ഷകളിൽ അർഹതയുള്ള എല്ലാ അപേക്ഷകളിലും ആനുകൂല്യം അനുവദിച്ചിട്ടുണ്ട്.

(സി) ഫണ്ടിന്റെ ലഭ്യതയ്ക്ക് അനുസൃതമായി ശേഷിക്കുന്ന എല്ലാ അപേക്ഷകളിലും ആനുകൂല്യം വിതരണം ചെയ്യുന്നതാണ്.

## വാഴകൃഷിക്കാർക്ക് നഷ്ടപരിഹാരം

62(3081) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 30-11-2017-ൽ ഉണ്ടായ ഓഖി ചുഴലിക്കാറ്റിൽ വാഴ ഒടിഞ്ഞ് നഷ്ടം സംഭവിച്ച കൃഷിക്കാർക്ക് നഷ്ടപരിഹാരം നൽകിയോ;ഇല്ലെങ്കിൽ എപ്പോൾ നഷ്ടപരിഹാരം നൽകാനാകുമെന്ന് വ്യക്തമാക്കുമോ;

(ബി) വാഴകൃഷി ചെയ്ത കർഷകർക്ക് കൃഷി നാശം കാരണം ബാങ്ക് വായ്പ എടുത്തത് തിരിച്ചടയ്ക്കുവാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ; പ്രസ്തുത കർഷകരെ സഹായിക്കുവാൻ പലിശ ഇളവ് പോലുള്ള സഹായമെങ്കിലും നൽകുവാൻ തയ്യാറാകുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഓഖി ദുരിതബാധിതരായ കർഷകർക്ക് എസ്.ഡി.ആർ.എഫ്. ഫണ്ടിൽനിന്നും 58,86,126 രൂപ നൽകിയിട്ടുണ്ട്. ബാക്കിയുള്ള തുകയായ 4,33,474 രൂപ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ 356 കർഷകർക്ക് ഓഖി ദുരന്തത്തിൽ 90.8 ഹെക്ടർ കൃഷി നശിച്ച വകയിൽ 90.11 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) മൂന്നുലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ പലിശയിളവ് പദ്ധതിയാണ് നിലവിലുള്ളത്. ഇതിൻപ്രകാരം ബാങ്കുകൾ 9% പലിശയ്ക്ക് വായ്പ നൽകുന്നു. കേന്ദ്ര സർക്കാർ 2% പലിശ സബ്‌വെൻഷൻ നൽകി ഇത് 7%-ന് കർഷകർക്ക് ലഭ്യമാക്കുന്നു. ഇതിനുപുറമെ വായ്പ കൃത്യമായി അടയ്ക്കുന്ന കർഷകന് 3% അഡീഷണൽ സബ്സിഡി കൊടുക്കുന്നതുകൊണ്ട് കൃത്യമായി അടയ്ക്കുന്ന 3 ലക്ഷം രൂപ വരെയുള്ള ഹ്രസ്വകാല കാർഷിക വായ്പകൾക്ക് 4% പലിശ ഈടാക്കുന്നു. കേരള കർഷക കടാശ്വാസ കമ്മീഷൻ വയനാട് ജില്ലയിൽ 31-3-2014 വരെയുള്ള കുടിശ്ശിക ആയ കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിലെ 31-10-2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുവാൻ അനുമതി നൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## കാർഷിക വിളകൾ നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം

63(3082) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രകൃതിക്ഷോഭം, വന്യമൃഗശല്യം എന്നിവമൂലം കാർഷിക വിളകൾ നശിക്കുന്നവർക്കുള്ള നഷ്ടപരിഹാരം പുതുപ്പാടി കൃഷിഭവനിൽ കുടിശ്ശികയായ കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 178 കർഷകർക്കായി 23,42,263 രൂപ നൽകാനുണ്ടെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) ഫണ്ട് ലഭ്യമാക്കി തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കൃഷിനാശം സംഭവിച്ച കർഷകർക്ക് സഹായം

64(3083) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ വരൾച്ചയും ജലദൗർലഭ്യവുംമൂലം എത്ര ഹെക്ടർ ഭൂമിയിൽ കൃഷി നശിച്ചു; എത്ര തുകയുടെ നഷ്ടം ഇതുമൂലമുണ്ടായി; ഏതെല്ലാം മേഖലയിൽ കർഷകരെ ഇത് ബാധിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൃഷിനാശം സംഭവിച്ച കർഷകർക്ക് ഈ സർക്കാർ നാളിതുവരെ എന്തൊക്കെ സഹായ നടപടികൾ നല്കുകയുണ്ടായി; ഇതിനായി നാളിതുവരെ എത്ര തുക ചെലവഴിച്ചു; എത്ര കർഷകർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചു; വിശദമാക്കുമോ;

(സി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ കൃഷിനാശം സംഭവിച്ച് ജപ്തി നടപടികൾ നേരിട്ട എത്ര കർഷകർ ആത്മഹത്യ ചെയ്തുവെന്ന് അറിയിക്കാമോ ;

(ഡി) ഇവരുടെ കുടുംബങ്ങൾക്ക് എന്തൊക്കെ സഹായങ്ങൾ നൽകിയെന്നും ഇതുവഴി എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ ?

### ഉത്തരം

(എ) 2016-17, 2017-18-ലെ തെക്ക് പടിഞ്ഞാറൻ, വടക്ക് കിഴക്കൻ മൺസൂൺ കാലയളവിലും പ്രീമൺസൂൺ കാലയളവിലുമായി 74420 ഹെക്ടർ കൃഷിഭൂമിയിലായി 1256 കോടി രൂപയുടെ കൃഷിനാശം സംഭവിച്ചതായി കണക്കാക്കുന്നു. എല്ലാ ജില്ലകളിലും പ്രധാനപ്പെട്ട എല്ലാ കാർഷിക വിളകൾക്കും കൃഷിനാശം സംഭവിച്ചതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) പ്രകൃതിക്ഷോഭത്താൽ കൃഷിനാശം സംഭവിച്ച വിളകൾക്ക് നഷ്ടപരിഹാരമേകുന്നതിനായി സംസ്ഥാന സർക്കാർ കാലോചിതമായി പരിഷ്കരിച്ച സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ ഭാഗമായി 2016-17-ൽ 2478 കർഷകർക്ക് 159.87 ലക്ഷം രൂപയും 2017-18-ൽ 11202 കർഷകർക്കായി 876.1798 ലക്ഷം രൂപയും വിളനാശത്തിനുള്ള നഷ്ടപരിഹാരമായി കർഷകർക്ക് നൽകിയിട്ടുണ്ട്.

ഇൻഷ്വർ ചെയ്യാത്ത വിളകൾക്ക് സംസ്ഥാന ദുരിതാശ്വാസ ഫണ്ടിൽനിന്നും 2016-18 കാലയളവിൽ 39.54 കോടി രൂപ വിവിധ ജില്ലകൾക്ക് നൽകിയിട്ടുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ വിഹിതമായി 52 കോടി രൂപയും കർഷകർക്ക് നൽകിയിരുന്നു.

പ്രധാനമന്ത്രി ഫസൽ ഭീമ യോജന പദ്ധതി, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേനയും കാർഷികവിളകൾക്ക് ഇൻഷ്വറൻസ് സംരക്ഷണം നടപ്പാക്കിവരുന്നുണ്ട്.

(സി ആൻഡ് ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നാളിതുവരെ കൃഷിനാശം സംഭവിച്ച് ജപ്തി നടപടികൾ നേരിട്ട് കർഷക ആത്മഹത്യ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

**കോതമംഗലം മണ്ഡലത്തിലെ കൃഷി നാശം**

65(3084) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ കഴിഞ്ഞ മാസങ്ങളിലുണ്ടായ വേനൽമഴയിലും കാറ്റിലുംപെട്ട് കൃഷി നശിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) കോതമംഗലം താലൂക്കിൽ നഷ്ടപരിഹാരത്തിനുവേണ്ടി ലഭിച്ച അപേക്ഷകളുടെ എണ്ണവും കൃഷി നാശത്തിന്റെ വിവരവും വ്യക്തമാക്കാമോ;

(സി) ഇതിനകം നഷ്ടപരിഹാര തുക അനുവദിച്ചിട്ടുള്ളവരുടെ എണ്ണവും തുകയും അറിയിക്കാമോ;

(ഡി) കാട്ടുമൃഗങ്ങളുടെയും പ്രത്യേകിച്ച് കാട്ടാനകളുടെ ശല്യംമൂലം, കുട്ടമ്പുഴ, പിണ്ടിമന, കോട്ടപ്പാടി ഗ്രാമ പഞ്ചായത്ത് മേഖലകളിൽ കൃഷിനാശത്തിന് ഇതുവരെ എത്ര പേർക്ക്, എന്തു തുക ധനസഹായമായി അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ഇ) കൃഷിനാശത്തിനുള്ള നഷ്ടപരിഹാര തുക അടിയന്തരമായി കർഷകർക്ക് ലഭ്യമാക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 374 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. കനത്ത മഴയും കൊടുങ്കാറ്റുംമൂലം കർഷകരുടെ വാഴ, തെങ്ങ്, റബ്ബർ മുതലായ വിളകൾ നശിച്ചുപോയിട്ടുണ്ട്. 36,33,975 രൂപയുടെ നഷ്ടം കണക്കാക്കുന്നു.

(സി) നഷ്ടപരിഹാരത്തുക നൽകിയിട്ടില്ല.

(ഡി) കാട്ടുമൃഗങ്ങളുടെ ശല്യംമൂലം ഈ മേഖലയിൽ കൃഷി നശിച്ചതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

(ഇ) കൃഷിനാശം റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ പ്രാഥമിക വിവരറിപ്പോർട്ടുകൾ ലഭിച്ചിട്ടുണ്ട്. ആയതിനാൽ ഇൻഷ്വർ ചെയ്ത വിളകളുടെ കൃഷിനാശത്തിനുള്ള നഷ്ടപരിഹാരം ഉടനടി നൽകുന്നതാണ്. എന്നാൽ ഇൻഷ്വർ ചെയ്യാത്ത വിളകളുടെ നാശത്തിനുള്ള നഷ്ടപരിഹാരത്തിനായി എറണാകുളം ജില്ലയ്ക്ക് സംസ്ഥാന ദുരിതാശ്വാസ ഫണ്ടിൽനിന്നും 550 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഇനത്തിൽ കൃഷി വകുപ്പിന്റെ വിഹിതം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം**

66(3085) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷിനാശം സംഭവിച്ച് വായ്പ തിരികെ അടയ്ക്കുവാൻ കഴിയാതെ ആയിരക്കണക്കിന് കർഷകർ ജപ്തി ഭീഷണി നേരിടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാർഷിക കടങ്ങൾക്ക് മൊറട്ടോറിയം പ്രഖ്യാപിച്ച് കർഷകരെ രക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക വികസന കർഷക ക്ഷേമ വകുപ്പും മറ്റ് കാർഷിക വികസന ഏജൻസികളും നടപ്പിലാക്കുന്ന വികസന പദ്ധതികൾ കർഷകർക്ക് വളരെ സഹായകരമാണ്. വിപണി സാഹചര്യവും കർഷകർക്ക് അനുകൂലമാണ്. കൃഷിനാശം സംഭവിക്കുന്ന കർഷകർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ ഫണ്ടിൽനിന്നും ലഭിക്കുന്ന ധനസഹായത്തിന് പുറമെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിപ്രകാരം വിള ഇൻഷ്വർ ചെയ്ത കർഷകർക്ക് വലിയ തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. നെൽകൃഷിക്ക് കീടരോഗ ബാധമൂലമുള്ള നാശനഷ്ടത്തിനും നഷ്ടപരിഹാരം ലഭിക്കുന്നു. ഇതോടൊപ്പം 31-10-2011 വരെയുള്ള കാർഷിക വായ്പകളും വയനാട് ജില്ലയിൽമാത്രം 31-3-2014 വരെയുള്ള കാർഷിക വായ്പകളും കാർഷിക കടാശ്വാസ കമ്മീഷന്റെ പരിധിയിൽ ഉൾപ്പെടുത്തിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ആയതിനാൽ കർഷകർക്ക് അനുകൂലമായ ഒരു സ്ഥിതിയാണ് ഇന്ന് നിലവിലുള്ളത്.

(ബി) കേരള സംസ്ഥാന കാർഷിക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസത്തിനുള്ള വായ്പകളുടെ കാലയളവ് വയനാട് ജില്ലയിൽ 31-3-2014 വരെയും മറ്റ് 13 ജില്ലകളിൽ 31-10-2011 വരെയും ദീർഘിപ്പിച്ചുനൽകി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാൽ സഹകരണ ബാങ്കുകൾ വഴിയുള്ള കടങ്ങൾക്ക് കടാശ്വാസ കമ്മീഷനെ സമീപിച്ച് പരിഹാരമുണ്ടാക്കുവാൻ കർഷകർക്ക് അവസരം ലഭിക്കുന്നതാണ്. ആയതിനാൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്ന കാര്യം ഇപ്പോൾ സർക്കാർ ആലോചിച്ചിട്ടില്ല.

### പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി

67(3086) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൈനാപ്പിൾ കർഷകർ നേരിടുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇടതടവില്ലാതെയുള്ള മഴയും പൈനാപ്പിളിന്റെ വിലയിടിവും കർഷകരെ ദുരിതത്തിലാക്കിയിട്ടുണ്ടോ ;

(സി) സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥാപനം വഴി പൈനാപ്പിൾ സംഭരിച്ച് കർഷകരെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മഴയും പൈനാപ്പിളിന്റെ വിലയിടിവും വിപണനം നടത്തുവാൻ സാധിക്കാതെ വരുന്നതും കാരണം കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പൈനാപ്പിളിന് വിലയിടിവുണ്ടായി പ്രതിസന്ധിയിലായ സാഹചര്യം വന്നയുടനെ കൃഷിമന്ത്രിയും കർഷക പ്രതിനിധികളും മൂവാറ്റുപുഴ എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ നടത്തിയ ചർച്ചയെത്തുടർന്ന് കൃഷി വകുപ്പിനുകീഴിലെ പൊതുമേഖലാ സ്ഥാപനമായ ഹോർട്ടികോർപ്പും വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡും സംയുക്തമായി പൈനാപ്പിൾ സംഭരിച്ചിട്ടുണ്ട്. നിലവിൽ തുടർന്നും ഹോർട്ടികോർപ്പ് വാഴക്കുളത്തുനിന്നും പൈനാപ്പിൾ സംഭരിച്ചുവരുന്നുണ്ട്.

### ജൈവ പച്ചക്കറി ഉത്പാദനം

68(3087) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കർഷകരുടെ ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭിക്കുന്നതിനും, ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് അറിയിക്കുമോ;

(ബി) ഈ പ്രവർത്തനങ്ങൾ കൂടുതൽ വിപുലമാക്കുന്നതിന് സർക്കാർ ആലോചിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം അറിയിക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്തെ കർഷകരുടെ ഉൽപ്പന്നങ്ങൾക്ക് ന്യായവില ലഭിക്കുന്നതിനും ഇടനിലക്കാരുടെ ചൂഷണം അവസാനിപ്പിക്കുന്നതിനും വിവിധ പരിപാടികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കാർഷി കോൽപ്പന്നങ്ങൾക്ക് ഉയർന്ന വിപണി വില ലഭിക്കുന്നതിനായി കാർഷിക സംസ്കരണ സംരംഭങ്ങൾ സ്ഥാപിക്കുന്നതിനായി വൈഗ എന്ന പേരിൽ ശിൽപ്പശാലയും പ്രദർശനവും സംഘടിപ്പിക്കുകവഴി യുവാക്കളെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കാൻ സാധിച്ചു. അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു. തൃശ്ശൂർ അഗ്രോ പാർക്ക് നിർമ്മാണ ഘട്ടത്തിലാണ്.

പൊതുമേഖലാ സ്ഥാപനങ്ങളുടെയും കർഷകരുടെയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിനും കർഷകർക്ക് ആവശ്യമായ ഉൽപ്പാദനോപാദികൾ ലഭ്യമാക്കുന്നതിനും തൃശ്ശൂരും എറണാകുളത്തും അഗ്രോ ബസാറുകൾ സ്ഥാപിച്ചു. മറ്റ് പ്രധാന കേന്ദ്രങ്ങളിലും അഗ്രോ ബസാറുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

റബ്ബർ കർഷകർക്ക് വിലയിടിവിൽനിന്നും സംരക്ഷണം നൽകുന്നതിനായി റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് പദ്ധതി പ്രകാരം നിശ്ചിത വില ഉറപ്പാക്കിവരുന്നു. റബ്ബറിന്റെ മൂല്യവർദ്ധനവ് ലക്ഷ്യമാക്കി സർക്കാരിന്റെ നേതൃത്വത്തിൽ CIAL മാതൃകയിൽ ഒരു കമ്പനി രൂപീകരിച്ച് പ്രവർത്തിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

നാളികേര കർഷകർക്ക് ആശ്വാസമായി പച്ചത്തേങ്ങാ സംഭരണം പുനഃക്രമീകരിച്ച് സഹകരണ സംഘങ്ങൾ, നാളികേര ഉൽപ്പാദന കമ്പനികൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ, കുടുംബശ്രീ, അയൽക്കൂട്ടങ്ങൾ എന്നിവവഴി സംഭരിച്ച് കൊപ്രയാക്കി കേരഫെഡിന് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

സപ്ലൈകോ മുഖേന നെല്ല് സംഭരണം നടത്തുന്നതിനാൽ കർഷകർക്ക് യഥാസമയം നെല്ല് വിറ്റഴിക്കുന്നതിനും വിപണി വിലയേക്കാൾ ഉയർന്ന വില ലഭിക്കുന്നതിനും സാധിക്കുന്നു. ഇതിനുപുറമെ ഓയിൽപാം ഇന്ത്യാ ലിമിറ്റഡിന്റെ കീഴിലുള്ള വെച്ചൂർ മോഡേൺ റൈസ് മില്ലും ഉയർന്ന വിലയിൽ നെല്ല് സംഭരിക്കുന്നു. യഥാസമയം കർഷകർക്ക് നെൽവില ലഭ്യമാക്കുന്നതിനായി PRS ലോൺ പദ്ധതി നടപ്പിലാക്കി. ചെറുകിട കർഷകർക്കും പാടശേഖര സമിതികൾക്കും തങ്ങൾ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംസ്കരിച്ച് വിപണനം നടത്തുന്നതിനായി ചെറുകിട റൈസ് മില്ലുകൾ സ്ഥാപിച്ചു.

പച്ചക്കറി കർഷകർക്ക് ന്യായവില ഉറപ്പാക്കുന്നതിനും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള പച്ചക്കറി ലഭ്യമാക്കുന്നതിനുമായി ഓണസമൃദ്ധി, വിഷുക്കണി എന്നീ ഉത്സവകാല വിപണന പദ്ധതികൾ ആരംഭിച്ചു. കൃഷി വകുപ്പിന്റെയും ഹോർട്ടികോർപ്പിന്റെയും വി.എഫ്.പി.സി.കെ.-യുടെയും വിപണന സംവിധാനം വഴി കർഷകരുടെ ഉൽപ്പന്നം മാർക്കറ്റ് വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിതരണം ചെയ്തു. ഹോർട്ടികോർപ്പ് ശീതകാല പച്ചക്കറി മേഖലയായ വട്ടവടയിൽ പ്രത്യേക സംഭരണ സംവിധാനം ആരംഭിച്ചു. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനായി കർഷകർക്ക് മിതമായ നിരക്കിൽ വായ്പ ലഭ്യമാക്കുന്നതിനായി വട്ടവടയിൽ ഗ്രാമീൺ ബാങ്കിന്റെ ശാഖ ആരംഭിച്ചു.

## കൃഷി വകുപ്പിന് കീഴിലുള്ള ഫാമുകൾ

69(3088) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന് കീഴിൽ നിലവിൽ എത്ര ഫാമുകളുണ്ടെന്നും അവ ഏതെല്ലാമെന്നും അറിയിക്കാമോ ;

(ബി) ഈ ഫാമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(സി) ഇവിടെ ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങൾ സംസ്കരിക്കുന്നതിനും വിപണിയിലെത്തിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

### ഉത്തരം

(എ) കൃഷി വകുപ്പിനുകീഴിൽ നിലവിൽ 64 ഫാമുകളുണ്ട്. പേരുവിവരം അനുബന്ധം -1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഫാമുകളുടെ പ്രവർത്തനം വിപുലീകരിക്കുന്നതിന് വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. സർക്കാർ സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങൾ അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു*.

(സി ആൻഡ് ഡി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതത് ഫാമുകളിൽ ഉല്പാദിപ്പിക്കുന്ന അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് സ്ക്വാഷുകൾ, ജാമുകൾ, ജല്ലി, കാൻഡി, മഞ്ഞൾപ്പൊടി, ഏത്തക്കാപ്പൊടി, കൂവപ്പൊടി, വിവിധയിനം അച്ചാറുകൾ, ചക്ക ചിപ്സ്, കരിക്ക് ഷേക്ക്, ശർക്കര എന്നീ മൂല്യവർദ്ധിത വസ്തുക്കൾ വിപണയിൽ എത്തിച്ച് വിൽപ്പന നടത്തിവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി

70(3089) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ഉപദേശക സമിതിയുടെ, 28-4-2018 ന് കരമന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ കൂടിയ യോഗത്തിന്റെ തീരുമാന പ്രകാരം അവിടെ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ കാർഷിക സർവ്വകലാശാല എന്ത് നടപടി സ്വീകരിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത ഫാമിൽ കാഷ്വൽ തൊഴിലാളികളായി 2014-ൽ ജോലിയിൽ പ്രവേശിച്ച എത്ര പേർക്ക് സ്ഥിരനിയമനം നൽകുകയുണ്ടായി എന്നും ഇനി എത്ര പേർക്ക് സ്ഥിരനിയമനം നൽകാനുണ്ടെന്നും ബാക്കിയുള്ളവർക്ക് സ്ഥിരനിയമനം നൽകുവാൻ നടപടി സ്വീകരിക്കുമോയെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത ഫാമിൽ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 28-4-2018-ന് കരമന ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ കൂടിയ ഫാം ഉപദേശക സമിതി യോഗത്തിന്റെ തീരുമാനപ്രകാരം പ്രസ്തുത സ്റ്റേഷനിൽ പുരുഷ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കണമെന്നുള്ള നിർദ്ദേശം കാർഷിക സർവ്വകലാശാലയുടെ പരിഗണനയിലാണ്.

(ബി) 2014 കലണ്ടർ വർഷത്തിൽ കരമന, ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം റിസർച്ച് സ്റ്റേഷനിൽ കാഷ്വൽ തൊഴിലാളികളായി നിയമനം ലഭിച്ച 10 പുരുഷന്മാരിൽ രണ്ട് പേർക്കും ആറ് സ്ത്രീകളിൽ അഞ്ച് പേർക്കും സ്ഥിരം തൊഴിലാളികളായി നിയമനം നൽകിയിട്ടുണ്ട്. 2014-ൽ ജോലിയിൽ പ്രവേശിച്ച 8 പുരുഷ കാഷ്വൽ തൊഴിലാളികൾക്കും ഒരു സ്ത്രീ കാഷ്വൽ തൊഴിലാളിക്കും ഇനിയും സ്ഥിരം തൊഴിലാളികളായി നിയമനം നൽകേണ്ടതുണ്ട്. നിലവിൽ ഒരു സ്ത്രീ സ്ഥിരം തൊഴിലാളിയുടെ ഒഴിവിലേയ്ക്ക് അർഹതപ്പെട്ട ഒരു സ്ത്രീ കാഷ്വൽ തൊഴിലാളിയെ സ്ഥിരപ്പെടുത്തുന്നതിനുവേണ്ട നടപടികൾ പുരോഗമിച്ചുവരുന്നു. ഒഴിവുകൾ വരുന്ന മുറയ്ക്ക് കാഷ്വൽ തൊഴിലാളികളുടെ സീനിയോറിറ്റി പ്രകാരം അർഹതപ്പെട്ടവരെ സ്ഥിരം തൊഴിലാളി തസ്തികയിൽ സ്ഥിരപ്പെടുത്താൻ സർവ്വകലാശാലാ തലത്തിൽ നടപടി സ്വീകരിക്കുന്നുണ്ട്.

(സി) പ്രസ്തുത വിഷയം കാർഷിക സർവ്വകലാശാലയുടെ പരിഗണനയിലാണ്.

## തരിശുരഹിത ചേലക്കര നിയോജകമണ്ഡലം പദ്ധതി

71(3090) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന ദേശമംഗലം, പരവൂർ, മുള്ളൂർക്കര എന്നീ കൃഷിഭവനുകളുടെ പരിധിയിലും പഴയന്നൂർ കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ പരിധിയിൽ വരുന്ന തിരുവില്വാമല, പഴയന്നൂർ, കൊണ്ടാഴി, ചേലക്കര, പാഞ്ഞാൾ, വള്ളത്തോൾ നഗർ എന്നീ കൃഷിഭവനുകളുടെ പരിധിയിലും തരിശുരഹിത ചേലക്കര നിയോജകമണ്ഡലം എന്ന പദ്ധതി പ്രകാരം തരിശുകിടക്കുന്ന സ്ഥലങ്ങളിൽ കൃഷി ഇറക്കുന്നതിന് എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്;

(ബി) ചേലക്കര മണ്ഡലത്തിലെ മേൽപ്പറഞ്ഞ കൃഷിഭവനുകളുടെ പരിധിയിൽ എത്ര തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കി കൃഷി ഇറക്കിയിട്ടുണ്ട്; ഓരോ കൃഷിഭവന്റേയും പരിധിയിലെ വിവരങ്ങൾ പ്രത്യേകം വ്യക്തമാക്കുമോ?

### ഉത്തരം

(എ) 2018-19 സാമ്പത്തിക വർഷത്തിൽ വടക്കാഞ്ചേരി കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ കീഴിൽ തരിശ് കിടക്കുന്ന 70 ഹെക്ടറിലും ചേലക്കര നിയോജകമണ്ഡലത്തിൽ തരിശ് കിടന്ന 65 ഹെക്ടറിലും സമഗ്ര നെൽകൃഷി പദ്ധതി പ്രകാരം തരിശ് കൃഷിക്ക് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ ചേലക്കര മണ്ഡലത്തിൽ തരിശുഭൂമി കൃഷിക്ക് അനുയോജ്യമാക്കി കൃഷി ഇറക്കിയതിന്റെ കൃഷിഭവൻ തിരിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| ചേലക്കര | : | 14.3134 ഹെക്ടർ |
| തിരുവില്വാമല | : | 1.16 ഹെക്ടർ |
| പഴയന്നൂർ | : | 1.4 ഹെക്ടർ |
| പാഞ്ഞാൾ | : | 7.2 ഹെക്ടർ |
| കൊണ്ടാഴി | : | 6.62 ഹെക്ടർ |

## തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്ന നടപടി

72(3091) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽവന്നതിനുശേഷം തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന് വേണ്ടി നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) ഇതിനായി സംസ്ഥാന/ജില്ലാ/മണ്ഡലം/പഞ്ചായത്ത് തലങ്ങളിൽ പ്രത്യേക കമ്മിറ്റികളോ, സംവിധാനങ്ങളോ രൂപീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി ഓരോ ജില്ലയിലും എത്ര ഏക്കർ തരിശുനിലങ്ങൾ വീതം കൃഷിക്ക് അനുയോജ്യമാക്കി എന്ന കണക്ക് തയ്യാറാക്കിയിട്ടുണ്ടോ;എങ്കിൽ ജില്ല തിരിച്ച് വിശദമാക്കാമോ;

(ഡി) നടപ്പുവർഷം ഇതുമായി ബന്ധപ്പെട്ട് പുതിയ പദ്ധതികൾ/പരിപാടികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിന് തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകും. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4500 രൂപയും ധനസഹായമായി നൽകുന്നതാണ്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ചുനൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5800 രൂപയും 1200 രൂപയും മൂന്നാം വർഷം 3750 രൂപയും 750 രൂപയും ആണ്. നടപ്പ് സാമ്പത്തിക വർഷം നാളുകളായി തരിശുകിടക്കുന്ന 2878 ഹെക്ടർ സ്ഥലത്ത് നെൽകൃഷിയിറക്കുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത പദ്ധതി പ്രകാരം 2016-17-ൽ 2782.3857 ഹെക്ടറിലും 2017-18-ൽ 5485.686 ഹെക്ടറിലും തരിശുനിലം കൃഷി ചെയ്തു.

യുവജനപങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും നഗര പ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ/സർക്കാരിതര/സ്വകാര്യ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി നടത്തുന്നതിന് ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പുവരെയും കൂടാതെ സംസ്കരണം, യന്ത്രവൽക്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്ട് അധിഷ്ഠിത സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

2016 ആഗസ്റ്റ് 17 (ചിങ്ങം 1) മുതൽ 2017 ആഗസ്റ്റ് 17 (ചിങ്ങം 1) വരെ നെൽവർഷമായി ആചരിച്ചിരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി പദ്ധതിയുടെ മറ്റ് ഘടകങ്ങൾക്കുപുറമെ ബ്ലോക്ക് തലത്തിലുള്ള സംയോജനം, പരിസ്ഥിതി സൗഹൃദ സുസ്ഥിര ആശയങ്ങൾ നെൽകൃഷി മേഖലയിൽ നടപ്പാക്കൽ എന്നിവയ്ക്ക് ഊന്നൽ നൽകിയിരുന്നു. നെല്ലുല്പാദനം, നെൽകൃഷിയും വിദ്യാഭ്യാസവും നെൽകൃഷിയും തൊഴിൽ ലഭ്യതയും നെൽകൃഷിയും യുവാക്കളും നെൽകൃഷിയിലെ നൂതന സങ്കേതങ്ങൾ, നെൽകൃഷിയും പരിസ്ഥിതിയും, സംസ്കരണവും വിപണനവും, നെൽകൃഷിയും ടൂറിസവും, നെൽകൃഷിയും കായികവിനോദങ്ങളും, നെൽകൃഷിയും ആയുർവേദവും, നെൽകൃഷി മേഖലയുമായി ബന്ധപ്പെട്ട കലയും സംസ്കാരവും എന്നീ മേഖലകൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ട് പദ്ധതികൾ തയ്യാറാക്കി നടപ്പാക്കുക, നെൽകൃഷിയെ പുനരുജ്ജീവിപ്പിക്കുക എന്നിവയാണ് പ്രധാന ലക്ഷ്യം. നെൽവർഷവുമായി ബന്ധപ്പെട്ട് വിഭാവന ചെയ്ത പദ്ധതികൾ നടപ്പാക്കുന്നതിനായി പ്രോജക്ടധിഷ്ഠിത ധനസഹായം നൽകുന്നതിനായി നടപ്പ് സാമ്പത്തിക വർഷം 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) പൊതുവിൽ തരിശുനില കൃഷി നിരീക്ഷിക്കുന്നതിനായി പ്രത്യേക സമിതികൾ രൂപീകരിച്ചിട്ടില്ല. പഞ്ചായത്ത് തലത്തിലും ജില്ലാ തലത്തിലും കാർഷിക വികസന സമിതികൾ പദ്ധതി അവലോകനം ചെയ്യുന്നുണ്ട്.

എല്ലാ അസംബ്ലി നിയോജകമണ്ഡലങ്ങളിലും മണ്ഡലാടിസ്ഥാനത്തിൽ തരിശുരഹിത മണ്ഡലമാക്കുന്നതുൾപ്പെടെയുള്ള സമഗ്ര കാർഷിക വികസന പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. ഇതിനകംതന്നെ ഒട്ടേറെ എം.എൽ.എ.-മാർ മുൻകയ്യെടുത്ത് കൃഷി വകുപ്പിന്റെയും തദ്ദേശ സ്വയംഭരണ-ഇറിഗേഷൻ വകുപ്പുകളുടെയും മണ്ണ് സംരക്ഷണ വകുപ്പുകളുടെ പദ്ധതികളും എം.എൽ.എ., എം.പി. ഫണ്ടുകളും ഏകോപിപ്പിച്ചുകൊണ്ട് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. എം.എൽ.എ.-മാർ ആവശ്യപ്പെടുന്ന പക്ഷം ഇത്തരം പദ്ധതികൾ ഏകോപിപ്പിക്കുന്നതിനായി കൃഷി വകുപ്പിലെ ഉദ്യോഗസ്ഥരെ പ്രത്യേകമായി അധിക ചുമതല നൽകി നിയോഗിക്കാവുന്നതാണ്.

(സി) കൃഷി വകുപ്പ് പദ്ധതികൾ മുഖാന്തരം ഓരോ ജില്ലയിലും കൃഷിക്ക് അനുയോജ്യമാക്കിയ തരിശുനിലങ്ങൾ സംബന്ധിച്ച കണക്ക് തയ്യാറാക്കിയിട്ടുണ്ട്. ആയത് ചുവടെ ചേർക്കുന്നു:

| ജില്ല | വിസ്തീർണ്ണം ഏക്കറിൽ | |
|---|---|---|
| | 2016-17 | 2017-18 |
| തിരുവനന്തപുരം | 66.3 | 166.2 |
| കൊല്ലം | 420.283 | 785.27 |
| പത്തനംതിട്ട | 581.6 | 1100 |
| ആലപ്പുഴ | 628.88 | 1694 |
| കോട്ടയം | 467.797 | 1990 |
| ഇടുക്കി | 56.3 | 100 |
| എറണാകുളം | 507.5 | 1180.68 |
| തൃശ്ശൂർ | 1203.94 | 2168.25 |
| പാലക്കാട് | 0 | 417.863 |
| മലപ്പുറം | 773.325 | 1306.65 |
| കോഴിക്കോട് | 945.61 | 1075 |
| വയനാട് | 238.875 | 446.25 |
| കണ്ണൂർ | 962.805 | 842.383 |
| കാസർഗോഡ് | 102.75 | 441.675 |

(ഡി) നിലവിലെ പദ്ധതികൾ തുടർന്നുവരികയാണ്.

**കുട്ടനാട് പാക്കേജ്**

73(3092) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട് പാക്കേജിന്റെ ഭാഗമായി ഓണാട്ടുകരയ്ക്ക് ഏതെല്ലാം പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിരുന്നതെന്നും എത്ര കോടി രൂപയാണ് ഓരോ പദ്ധതിക്കും അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഇവയിൽ ഓരോ പ്രവൃത്തിയുടെയും നിലവിലെ അവസ്ഥ വിശദമാക്കാമോ?

ഉത്തരം

(എ&ബി)) കുട്ടനാട് പാക്കേജിൽ ഉൾപ്പെടുത്തി ഓണാട്ടുകര പ്രദേശത്ത് നെൽകൃഷി, എള്ള് കൃഷി എന്നിവയ്ക്കായി രണ്ട് പദ്ധതികൾക്കാണ് കേന്ദ്രാനുമതി ലഭിച്ചിട്ടുള്ളത്.

തരിശുനിലകൃഷി, ഉത്പാദനോപാധികൾക്കുള്ള സഹായം, ചെറുകിട ജലസേചനം, എള്ള് കൃഷി എന്നിവയ്ക്കായി 6.2049 കോടി രൂപ ചെലവഴിച്ചു.

പ്രസ്തുത പദ്ധതികൾ എല്ലാംതന്നെ പൂർത്തീകരിച്ചു.

**വിള ഇൻഷ്വറൻസ് പദ്ധതി**

74(3093) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ കൃഷികൾക്കാണ് സർക്കാർ വിള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതെന്ന് വെളിപ്പെടുത്തുമോ;

(ബി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാര തുക തീരെ അപര്യാപ്തമാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;എങ്കിൽ പ്രസ്തുത തുക വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിനുണ്ടാകുന്ന കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കാലതാമസം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം നഷ്ടപരിഹാരം ലഭിക്കുന്നതിനുള്ള വ്യവസ്ഥകൾ കുറെക്കൂടി ലഘൂകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) നിലവിൽ 25 കാർഷിക വിളകൾക്ക് (തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, വാഴ, മരിച്ചീനി, കൈതച്ചക്ക, കുരുമുളക്, ഏലം, ഇഞ്ചി, മഞ്ഞൾ, കാപ്പി, തേയില, കൊക്കോ, നിലക്കടല, എള്ള്, പച്ചക്കറി, ജാതി, ഗ്രാമ്പൂ, വെറ്റില, പയറുവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, കരിമ്പ്, പുകയില, നെല്ല്) സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരമുള്ള പരിരക്ഷ നൽകുന്നുണ്ട്. കൂവരക്, ചാമ, തിന, വരക്, പനിവരക്, കുതിരവാലി തുടങ്ങിയ ചെറുധാന്യങ്ങൾ കൂടാതെ മാവ് എന്നീ വിളകളെക്കൂടി കർഷകരുടെ ആവശ്യപ്രകാരം ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 22 വർഷങ്ങൾക്കുശേഷം സംസ്ഥാന സർക്കാർ 2017-ൽ പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കിയതുമൂലം കർഷകർക്ക് വർദ്ധിപ്പിച്ച നിരക്കിൽ നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

തെങ്ങ്, കമുക്, റബ്ബർ, കശുമാവ്, മരച്ചീനി, കൈതച്ചക്ക, ഏലം, ഇഞ്ചി, മഞ്ഞൾ, പച്ചക്കറി, പയർ എന്നീ വിളകൾക്ക് ഇരട്ടിയായും വാഴ, കുരുമുളക്, കാപ്പി, ജാതി, ഗ്രാമ്പൂ, വെറ്റില, നെല്ല് എന്നിവയ്ക്ക് ഏകദേശം അഞ്ചിരട്ടിയായും നഷ്ടപരിഹാരം വർദ്ധിപ്പിച്ചുനൽകിയിട്ടുണ്ട്.

| വിള | മുമ്പ് ഉണ്ടായിരുന്നത് | വർദ്ധപ്പിച്ചത് |
|---|---|---|
| നെല്ല് | 45 ദിവസത്തിനുള്ളിൽ രൂപ 3000/ha<br>45 ദിവസത്തിനുശേഷം രൂപ 5000/ha | 45 ദിവസത്തിനുള്ളിൽ രൂപ 15000/ha<br>45 ദിവസത്തിനുശേഷം രൂപ 35000/ha |
| പച്ചക്കറികൾ | പന്തലില്ലാത്തതിന് രൂപ 15000/ha<br>പന്തലുള്ളതിന് രൂപ 25000/ha | പന്തലില്ലാത്തതിന് രൂപ 25000/ha<br>പന്തലുള്ളതിന് രൂപ 40000/ha |
| കുരുമുളക് | ഓരോ താങ്ങുമരത്തിനും രൂപ 40 വീതം | ഓരോ താങ്ങുമരത്തിനും രൂപ 200 വീതം |
| ഏലം | രൂപ 30000/ha | രൂപ 60000/ha |
| ഇഞ്ചി | രൂപ 40000/ha | രൂപ 80000/ha |
| മഞ്ഞൾ | രൂപ 40000/ha | രൂപ 60000/ha |
| ജാതി | രൂപ 200/മരം | രൂപ 3000/മരം |
| ഗ്രാമ്പൂ | രൂപ 150/മരം | രൂപ 1000/മരം |

(സി) ഉണ്ട്. വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ആനുകൂല്യം ലഭിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ഉണ്ടായിട്ടുള്ള ബാഹുല്യവും സമർപ്പിച്ച അപേക്ഷയിൽ കാണപ്പെടുന്ന അപാകതകൾ പരിഹരിച്ച് പുനർസമർപ്പിക്കുന്നതിനുള്ള കാലതാമസവും കാരണമാണ് നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതിന് കാലതാമസം ഉണ്ടായിട്ടുള്ളത്. പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിനായി നടപടി സ്വീകരിക്കുന്നതാണ്.

(ഡി) നിലവിൽ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി കർഷകരുടെ യഥാർത്ഥത്തിലുള്ള നഷ്ടത്തിന് ആനുപാതികമായി നഷ്ടപരിഹാര തുക വർദ്ധിപ്പിച്ചാണ് പുനരാവിഷ്കരിച്ചത്. പ്രസ്തുത പദ്ധതിയിലെ വ്യവസ്ഥകൾ കൂടുതൽ ലഘൂകരിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിലില്ല.

## എഴുതിത്തള്ളുന്ന കാർഷിക കടങ്ങൾ

75(3094) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പി. കെ. അബ്ദു റബ്ബ്:
ഡോ. എം. കെ. മുനീർ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക കടങ്ങൾ എഴുതിത്തള്ളുവാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര കോടി രൂപയുടെ കടങ്ങളാണ് എഴുതിത്തള്ളുന്നതെന്നും എന്നുമുതലാണ് പ്രാബല്യം നൽകിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(സി) എല്ലാ വിഭാഗം കർഷകർക്കും പ്രസ്തുത ആനുകൂല്യം ലഭിക്കുമോ; ഓരോ ജില്ലയിലും എത്ര കോടി രൂപയുടെ കടങ്ങൾ എഴുതിത്തള്ളുമെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ&ബി) കേരള കർഷക കടാശ്വാസ കമ്മീഷൻ കർഷകർക്ക് നൽകുന്ന അവാർഡുകളുടെ അടിസ്ഥാനത്തിൽ സഹകരണ സംഘങ്ങൾ ബാങ്കുകളിൽനിന്നും എടുത്ത ലോണുകൾക്ക് കടാശ്വാസം നൽകിവരുന്നു. വർഷം 20 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്താറുള്ളത്. വയനാട് ജില്ലയിൽ 31-3-2014 വരെയുള്ള കുടിശ്ശിക ആയ കാർഷിക വായ്പകളും മറ്റ് 13 ജില്ലകളിലെ 31-10-2011 വരെയുള്ള വായ്പകളും കാർഷിക കടാശ്വാസത്തിന് പരിഗണിക്കുന്നതിന് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നാല് ഹെക്ടറിൽ കവിയാത്ത വിസ്തീർണ്ണമുള്ള ഭൂമി കൈവശം വച്ചിരിക്കുകയും വാർഷിക വരുമാനം 2 ലക്ഷം രൂപയിൽ കവിയാത്തതും കൃഷി ഉപജീവന മാർഗ്ഗമാക്കുകയും ചെയ്യുന്നവരാണ് കടാശ്വാസത്തിന്റെ പരിധിയിൽപ്പെടുന്നത്.

സംസ്ഥാനത്തെ സഹകരണ സ്ഥാപനങ്ങളിൽനിന്നും വായ്പ എടുത്തിട്ടുള്ള കർഷകർക്കാണ് കടാശ്വാസം നൽകിവരുന്നത്. ജില്ല തിരിച്ച് പ്രത്യേകം തുക വകയിരുത്തിയിട്ടില്ല.

## കാർഷിക വായ്പകൾ

76(3095) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ കൃഷിയാവശ്യത്തിനായി എടുത്തിട്ടുള്ള വായ്പകളുടെ തിരിച്ചടവ്, കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും, പ്രകൃതിക്ഷോഭം പോലുള്ള നാശനഷ്ടങ്ങളും കാരണം മുടങ്ങുന്ന സാഹചര്യങ്ങളിൽ പ്രസ്തുത വായ്പകൾ തിരിച്ചടയ്ക്കുന്നതിന് മൊറട്ടോറിയം പ്രഖ്യാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച പ്രഖ്യാപനം ഉടൻ നടത്തുമോ;

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവും, പ്രകൃതിക്ഷോഭം മൂലമുള്ള നാശനഷ്ടങ്ങളും നേരിടുന്നതിന് കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) പ്രകൃതിക്ഷോഭങ്ങൾ (കൊടിയ വരൾച്ച, വെള്ളപ്പൊക്കം തുടങ്ങിയവ) മൂലമുണ്ടാകുന്ന വ്യാപകമായ കൃഷിനാശവും അതിനെ തുടർന്നുണ്ടാകുന്ന കർഷകരുടെ സാമ്പത്തിക പ്രതിസന്ധികളും തിരിച്ചടയ്ക്കുവാൻ കഴിയാത്ത വായ്പാ ബാധ്യതകളും ഉണ്ടാകുന്ന സമയത്താണ് കാർഷിക വായ്പകളിന്മേൽ മൊറട്ടോറിയം പ്രഖ്യാപിക്കുന്നത്. കൃഷി വകുപ്പ്, വിവിധ കാർഷിക വികസന ഏജൻസികൾ എന്നിവ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ എല്ലാ വിഭാഗം കർഷകർക്കും വളരെ സഹായകരമാണ്. വിപണി സാഹചര്യവും ഇന്ന് കർഷകർക്ക് അനുകൂലമാണ്. വിവിധ ധനകാര്യ സ്ഥാപനങ്ങളും കർഷകർക്ക് കാർഷിക വായ്പ നൽകുന്നതിന് അനുഭാവപൂർണ്ണമായ പരിഗണന നൽകുന്നു.

കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ അനുവദിക്കുന്ന കടാശ്വാസത്തിനുള്ള വായ്പകളുടെ കാലയളവ് വയനാട് ജില്ലയിൽ 31-3-2014 വരെയും മറ്റ് 13 ജില്ലകളിൽ 31-10-2011 വരെയും ദീർഘിപ്പിച്ചുനൽകി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) കാർഷിക ഉൽപ്പന്നങ്ങളുടെ വിലയിടിവ് നേരിടുന്നതിന് വിപണി ഇടപെടൽ എന്ന പദ്ധതിയിലൂടെ ഉത്സവകാലങ്ങളിൽ ഓണസമൃദ്ധി, വിഷുക്കണി എന്നീ പേരുകളിൽ വിപണികൾ സംഘടിപ്പിക്കുകയും പഴം, പച്ചക്കറികൾക്ക് മെച്ചപ്പെട്ട സംഭരണ വില നൽകി കർഷകരിൽനിന്നും സംഭരിക്കുകയും ഉപഭോക്താക്കൾക്ക് കുറഞ്ഞവിലയ്ക്ക് പഴം, പച്ചക്കറികൾ ലഭ്യമാക്കുകയും ചെയ്യുന്നു. കൃഷി വകുപ്പും ഹോർട്ടികോർപ്പും വി.എഫ്.പി.സി.കെ., കുടുംബശ്രീ മുതലായവയും സംയുക്തമായിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

പ്രകൃതിക്ഷോഭംമൂലമുള്ള നാശനഷ്ടങ്ങൾ നേരിടുന്നതിന് എല്ലാ കർഷകരും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമാകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സംസ്ഥാനത്തെ എല്ലാ പ്രധാനപ്പെട്ട കാർഷിക വിളകൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പുവരുത്തിയും നഷ്ടപരിഹാരത്തുക വർദ്ധിപ്പിച്ചും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പുനരാവിഷ്കരിച്ച് നടപ്പാക്കിവരികയാണ്. 2017-18 സാമ്പത്തിക വർഷം 176644 കർഷകർക്കായി 876.179 ലക്ഷം രൂപയുടെ ആനുകൂല്യം വിള ഇൻഷ്വറൻസ് പദ്ധതി മുഖേന നൽകിയിട്ടുണ്ട്. അതിരൂക്ഷമായ പ്രകൃതിക്ഷോഭംമൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി കൃഷിനാശം സംഭവിച്ച കർഷകരിൽനിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള അപേക്ഷകൾ കൃഷിഭവൻ മുഖേന സ്വീകരിച്ചുവരുന്നുണ്ട്. എന്നാൽ ഇൻഷ്വറൻസ് സംരക്ഷണമില്ലാത്ത വിളകൾക്ക് സംസ്ഥാന ദുരന്തനിവാരണ നിധിയിൽനിന്നും കേന്ദ്ര മാനദണ്ഡങ്ങൾക്ക് അനുസൃതമായി ദുരിതാശ്വാസ സഹായം കർഷകർക്ക് റവന്യൂ വകുപ്പ് മുഖേന ലഭ്യമാക്കിവരുന്നു. അധികമായി വേണ്ടിവരുന്ന തുക കൃഷി വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും നൽകുന്നുണ്ട്. 2016-17-ൽ ഈയിനത്തിൽ 52 കോടി രൂപ കർഷകർക്ക് നൽകിയിട്ടുണ്ട്.

## കൃഷി ഉന്നതി യോജന

77(3096) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേന്ദ്രാവിഷ്കൃത സംയോജിത പദ്ധതിയായ കൃഷി ഉന്നതി യോജനയിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

(സി) പ്രസ്തുത പദ്ധതിയുടെ കേന്ദ്ര-സംസ്ഥാന വിഹിതം എത്ര ശതമാനം വീതമാണ്;

(ഡി) പദ്ധതിയുടെ കാര്യക്ഷമമായ നടത്തിപ്പിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് കാർഷിക മേഖലയിൽ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നാളികേര വികസന ബോർഡ് പദ്ധതികൾ
2. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ പദ്ധതി
3. ദേശീയ ബയോഗ്യാസ് പദ്ധതി
4. നാഷണൽ മിഷൻ ഓൺ ഓയിൽ സീഡ്സ് ആൻഡ് ഓയിൽ പാം
5. രാഷ്ട്രീയ കൃഷി വികാസ് യോജന
6. നാഷണൽ ഹോർട്ടികൾച്ചർ മിഷൻ പദ്ധതി
7. ആത്മ പദ്ധതി
8. സബ്മിഷൻ ഓൺ സീഡ്സ് ആൻഡ് പ്ലാന്റിംഗ് മെറ്റീരിയൽസ്
9. സോയിൽ ഹെൽത്ത് കാർഡ്
10. സോയിൽ ഹെൽത്ത് മാനേജ്മെന്റ്
11. വൃഷ്ടിപ്രദേശ വികസന പദ്ധതി
12. സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ (SMAM)
13. സബ്മിഷൻ ഓൺ അഗ്രോ-ഫോറസ്ട്രി (SMAF)
14. പരമ്പരാഗത കൃഷി വികാസ് യോജന
15. പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന
16. പ്രധാനമന്ത്രി ഫസൽ ബീമാ യോജന.

(ബി) കേന്ദ്രാവഷ്കൃത സംയോജിത പദ്ധതിയായ കൃഷി ഉന്നതി യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. ദേശീയ ഭക്ഷ്യസുരക്ഷാ മിഷൻ (NFSM)
2. ഹോർട്ടികൾച്ചർ വികസനത്തിനായുള്ള മിഷൻ (MIDH)
3. ദേശീയ കാർഷിക സുസ്ഥിര പദ്ധതി (NMSA)
4. എണ്ണപ്പന, എണ്ണക്കുരു എന്നിവയ്ക്കുള്ള ദേശീയ മിഷൻ (NMOOP)

5. കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതികവിദ്യയ്ക്കും ദേശീയ പദ്ധതി (NMAET)
6. രാഷ്ട്രീയ കൃഷി വികാസ് യോജന (RKVY)
7. പരമ്പരാഗത കൃഷി വികാസ് യോജന (PKVY)
8. പ്രധാനമന്ത്രി കൃഷി സിഞ്ചയി യോജന (PMKSY)
9. അഗ്രോ-ഫോറസ്ട്രിക്കായുള്ള ദേശീയ പദ്ധതി (SMAF)
10. സസ്യരോഗ കീട കള വ്യാപന നിയന്ത്രണ പരിശോധന
11. വിവരസാങ്കേതികവിദ്യ
12. കാർഷിക വിപണനത്തിനായുള്ള സംയോജിത പദ്ധതി
13. കേന്ദ്ര സഹായത്തോടെയുള്ള വിള ഇൻഷ്വറൻസ് പദ്ധതി.

(സി) പ്രസ്തുത പദ്ധതിയുടെ 60% തുക കേന്ദ്ര വിഹിതവും 40% തുക സംസ്ഥാന വിഹിതവുമാണ്.

(ഡി) 2018-19 വർഷം ഈ പദ്ധതിയുടെ പ്രതീക്ഷിത വിഹിതമായി 28249 ലക്ഷം രൂപയാണ് വകയിരുത്തിയിരിക്കുന്നത്. ഇതിൽ 3000 ലക്ഷം രൂപ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതികവിദ്യക്കുമുള്ള ഉപ പദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി (എസ്.എം.എ.ഇ.) നീക്കിവച്ചിരിക്കുന്നു. ഇതിനുപുറമെ 2018-19-ൽ പുതിയ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെങ്കിലും അനുവദിക്കുകയാണെങ്കിൽ അവയ്ക്കുള്ള വിഹിതവും ഇതിൽനിന്നും വഹിക്കാവുന്നതാണ്. ഈ പദ്ധതിയുടെ ആനുപാതികമായ സംസ്ഥാന വിഹിതം 16833 ലക്ഷം രൂപയാണ്. കൂടാതെ കാർഷിക വിജ്ഞാന വ്യാപനത്തിനും സാങ്കേതികവിദ്യയ്ക്കുമുള്ള പദ്ധതിയുടെ ഉപപദ്ധതിയായ കാർഷിക വിജ്ഞാന വ്യാപനത്തിനായി സംസ്ഥാന വിഹിതമായി 2000 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

### കാർഷിക ഇൻഷ്വറൻസ് പദ്ധതി ക്ലെയിം തുക ലഭ്യമാക്കാൻ നടപടി

78(3097) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ കാർഷിക ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2016-17 കാലയളവിൽ പാലക്കാട്-തൃശ്ശൂർ ജില്ലകളിലെ നെൽ കർഷകർ അടച്ച ഇൻഷ്വറൻസ് പ്രീമിയം തുക എത്രയാണ്;

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ ഈ പദ്ധതിയിൽ പ്രീമിയം സബ്സിഡി ഇനത്തിൽ പാലക്കാട്-തൃശ്ശൂർ ജില്ലകളിലെ കർഷകരുടെ വിഹിതമായി അടക്കേണ്ട തുക എത്രയാണ്;

(സി) കേരള സർക്കാർ വിഹിതം അടയ്ക്കാത്തതിനാൽ പാലക്കാട്-തൃശ്ശൂർ ജില്ലകളിലെ നെൽ കർഷകർക്ക് ക്ലെയിം ഇനത്തിൽ ലഭിക്കേണ്ട ഏകദേശം 21 കോടി രൂപ മുടങ്ങിക്കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) 2016-17 വർഷക്കാലയളവിൽ കേരള സർക്കാർ അടക്കേണ്ട പ്രീമിയം അടച്ച് കർഷകർക്ക് ലഭിക്കേണ്ട ക്ലെയിം തുക ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 കാലയളവിൽ അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനി മുഖേന 156.41133 ലക്ഷം രൂപയും യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനി മുഖേന 139.11668 ലക്ഷം രൂപയും പ്രീമിയമായി പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ നെൽകർഷകർ അടച്ചിട്ടുണ്ട്.

(ബി) പാലക്കാട്, തൃശ്ശൂർ ജില്ലകളിലെ കർഷകരുടെ വിഹിതമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ 883.33805 ലക്ഷം രൂപ വീതം നൽകുവാനുണ്ട്.

(സി) ഉണ്ട്.

(ഡി) 2016-17 റാബി കാലയളവിൽ പ്രധാനമന്ത്രി ഫസൽ ബീമാ യോജന പദ്ധതി പ്രകാരം അഗ്രികൾച്ചറൽ ഇൻഷ്വറൻസ് കമ്പനിക്ക് നൽകാനുണ്ടായിരുന്ന 111.74108 ലക്ഷം രൂപയും കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിക്ക് നൽകാനുണ്ടായിരുന്ന 912 ലക്ഷം രൂപയും ചേർത്ത് ആകെ 1023.74108 ലക്ഷം രൂപ 5-6-2018-ലെ സ.ഉ. (സാധാ) നം. 520/2018/കൃഷി നമ്പർ സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന വിഹിതമായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത തുക അതത് നിർവ്വഹണ ഏജൻസികൾക്ക് നൽകുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ പുരോഗമിച്ചു വരുന്നു.

## കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായുള്ള കേന്ദ്ര വിഹിതം

79(3098) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കൃഷി വകുപ്പിന് കഴിഞ്ഞ മൂന്ന് വർഷം ലഭിച്ച കേന്ദ്ര വിഹിതത്തേയും സംസ്ഥാന വിഹിതത്തേയും കുറിച്ചുള്ള വിവരങ്ങൾ വാർഷികാടിസ്ഥാനത്തിൽ പദ്ധതി തിരിച്ച് നൽകുമോ; ഓരോ പദ്ധതിക്കും എത്ര ഗഡു വീതം ലഭിച്ചിട്ടുണ്ട്;

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതികൾക്ക് ഓരോ വർഷം എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കൃഷി വകുപ്പിന് 2015-16, 2016-17, 2017-18 വർഷത്തിൽ ലഭിച്ച കേന്ദ്ര വിഹിതത്തേയും സംസ്ഥാന വിഹിതത്തേയും കുറിച്ചുള്ള വിവരങ്ങളും ഓരോ പദ്ധതിക്കും എത്ര ഗഡു വീതം ലഭിച്ചിട്ടുണ്ട് എന്നുള്ള വിവരങ്ങളും അനുബന്ധം-1* ആയി ചേർത്തിരിക്കുന്നു.

(ബി) ഈ കാലയളവിൽ പ്രസ്തുത പദ്ധതികൾക്ക് ഓരോ വർഷവും എത്ര തുക വീതം ചെലവഴിച്ചിട്ടുണ്ട് എന്നുള്ള വിവരം അനുബന്ധം-2* ആയി ചേർത്തിരിക്കുന്നു.

## കാർഷികോല്പന്നങ്ങളുടെ കയറ്റുമതി

80(3099) ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :
ശ്രീ. പി. കെ. ബഷീർ:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികോല്പന്നങ്ങളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് കേന്ദ്ര സർക്കാർ തയ്യാറാക്കിയ കരട് നയത്തിൽ കേരളത്തിലെ ഏതെല്ലാം വിളകളെ ഉൾപ്പെടുത്തണമെന്നാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെട്ടിരിക്കുന്നത്;

(ബി) ഇക്കാര്യത്തിൽ കേന്ദ്ര നിലപാട് അറിയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) കേന്ദ്ര സർക്കാർ പുറത്തിറക്കിയ കരട് കാർഷിക കയറ്റുമതി നയത്തിൽ റബ്ബർ ക്ലസ്റ്ററിൽ കോട്ടയം, പത്തനംതിട്ട, എറണാകുളം, കണ്ണൂർ ജില്ലകളെയും വാഴപ്പഴം ക്ലസ്റ്ററിൽ തൃശ്ശൂർ, വയനാട്, തിരുവനന്തപുരം ജില്ലകളെയും മാങ്ങയുടെ ക്ലസ്റ്ററിൽ വയനാടിനെയും മഞ്ഞളിന്റെ ക്ലസ്റ്ററിൽ വയനാട്, ആലപ്പുഴ ജില്ലകളെയും കശുവണ്ടി ക്ലസ്റ്ററിൽ കാസർഗോഡും കണ്ണൂരും കുരുമുളക് ക്ലസ്റ്ററിൽ വയനാട് ജില്ലയും നാളികേരം ക്ലസ്റ്ററിൽ കോഴിക്കോട് ജില്ലയും തേയില, ഏലം എന്നിവയുടെ ക്ലസ്റ്ററിൽ ഇടുക്കി ജില്ലയേയും ഉൾപ്പെടുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ തൃശ്ശൂർ, എറണാകുളം ജില്ല കേന്ദ്രീകരിച്ച് ജാതിക്കായ്ക്കായി ഒരു ക്ലസ്റ്ററും മാങ്ങയുടെ പ്രധാന ഉൽപ്പാദന മേഖലയായ പാലക്കാട് കേന്ദ്രീകരിച്ച് മാങ്ങയ്ക്കായി ഒരു ക്ലസ്റ്ററുംകൂടി രൂപീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) ഇല്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പഴം/പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ നടപടി

81 (3100) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഴം/പച്ചക്കറി/കിഴങ്ങുവർഗ്ഗങ്ങൾ തുടങ്ങിയ ഉല്പന്നങ്ങൾക്ക് ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സംസ്ഥാനത്തുതന്നെ സ്വയംപര്യാപ്തത കൈവരിക്കാൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വികരിച്ചുവരുന്നുവെന്നും ഇനി എന്തൊക്കെ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തിനാവശ്യമായ പച്ചക്കറി/പഴവർഗ്ഗങ്ങളിൽ കൃഷി വകുപ്പിന്റെ അധീനതയിൽ ലഭ്യമാക്കുന്നവയുടെയും ഇതര സംസ്ഥാനങ്ങളിൽനിന്നും ലഭിക്കുന്നവയുടെയും വിലകൾ തമ്മിലുള്ള വ്യത്യാസം എത്ര; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) ഇതര സംസ്ഥാനങ്ങളെ ആശ്രയിക്കാതെ സംസ്ഥാനത്തെ പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ ലക്ഷ്യമിട്ട് സർക്കാരിന്റെ മേൽനോട്ടത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. 2018-19 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശുനില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ -കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതി മൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണ നിവാസികൾക്കായി അതിനുള്ള എല്ലാ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി പ്രകാരം നൽകി വരുന്നു. ഇതിനായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി എന്ന ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് ഒരു മുറം പച്ചക്കറി, സീറോ എനർജി കൂൾ ചേമ്പർ, പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷ പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനി പോളീഹൗസ് നിർമ്മാണം, അർബൻ ക്ലസ്റ്റർ പ്രോത്സാനവും മാലിന്യ സംസ്കരണവും, ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം, മഴമറ നിർമ്മാണം, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, സൂക്ഷ്മ ജലസേചനം, ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം, ഭൗമസൂചിക രജിസ്ട്രേഷൻ, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം, കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം എന്നീ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

അന്യ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന പച്ചക്കറികൾ കേരളത്തിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളുടെ പകുതി വിലയ്ക്കാണ് ലഭ്യമാകുന്നത്. സംസ്ഥാനത്ത് നല്ല കൃഷി മുറകൾ പാലിച്ച് ഉല്പാദിപ്പിക്കുന്ന സേഫ് റ്റു ഈറ്റ് പച്ചക്കറികളാണ് ലഭ്യമാകുന്നത്. അയൽ സംസ്ഥാനങ്ങളിൽ അമിത രാസവള പ്രയോഗത്തിലൂടെയും കീടനാശിനി പ്രയോഗത്തിലൂടെയുമാണ് പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നത്. അതുകാരണം അവിടെ അമിത ഉല്പാദനം ഉണ്ടാകുകയും അങ്ങനെ പച്ചക്കറികൾ വില കുറച്ച് നൽകാൻ സാധിക്കുകയും ചെയ്യുന്നു.

**കൃഷി വകുപ്പിന്റെ മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം**

82 (3101) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. റോജി എം. ജോൺ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർക്ക് തങ്ങളുടെ കാർഷിക ഉല്പന്നങ്ങൾ നേരിട്ട് കൊണ്ടുവന്ന് ലേലത്തിൽ പങ്കെടുത്ത് വിപണനം ചെയ്യുന്നതിന് കൃഷി വകുപ്പ് ആരംഭിച്ച മൊത്തവിപണന കേന്ദ്രങ്ങളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; അവ കർഷകർക്ക് എത്രമാത്രം പ്രയോജനപ്രദമായതായി കണ്ടെത്തിയിട്ടുണ്ട്;

(ബി) പ്രസ്തുത മാർക്കറ്റുകളെ നാഷണൽ അഗ്രിക്കൾച്ചറൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തണമെന്ന ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പ്രസ്തുത വിപണന കേന്ദ്രങ്ങളിൽ വിഭവങ്ങൾ കേടാകാതെ സൂക്ഷിക്കുന്നതിനുള്ള സംവിധാനങ്ങൾ പര്യാപ്തമാണോ; ഇതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയോ; എങ്കിൽ പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കൃഷി വകുപ്പ് ആരംഭിച്ച ആറ് മൊത്ത വിപണന കേന്ദ്രങ്ങളിൽ കർഷകർക്ക് നിശ്ചിത ദിവസങ്ങളിൽ നടക്കുന്ന ലേലത്തിൽ പങ്കെടുക്കുന്നതിനും കർഷകർ ഉൽപ്പാദിപ്പിക്കുന്ന ഉൽപ്പന്നങ്ങൾ ഇടത്തരക്കാരെ ഒഴിവാക്കി പൊതു വിപണിയേക്കാൾ ഉയർന്ന നിരക്കിൽ വിപണനം നടത്തുന്നതിനും സാധിക്കുന്നു. ഇതുമൂലം കർഷകർക്ക് ന്യായവില ഉറപ്പാക്കാൻ സാധിക്കുന്നു.

(ബി) കൃഷി വകുപ്പ് ആരംഭിച്ച ആറ് മൊത്ത വിപണന കേന്ദ്രങ്ങളെയും നാഷണൽ അഗ്രികൾച്ചറൽ മാർക്കറ്റ് ശൃംഖലയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പര്യാപ്തമാണ്. എന്നാൽ സംസ്ഥാനത്ത് കോൾഡ് ചെയിൻ നടപ്പാക്കുന്നത് സംബന്ധിച്ച് ഒരു പഠനം നടത്തുന്നതിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ-ന്റെ നിർദ്ദേശ പ്രകാരം NABCONS (നബാർഡ് കൺസൾട്ടൻസി സർവീസസ് പ്രൈവറ്റ് ലിമിറ്റഡ്)- നെ ഏൽപ്പിക്കുകയും സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ കേരള-യുടെ ഗവേണിംഗ് ബോഡി മുമ്പാകെ 25 ലക്ഷം രൂപയുടെ ഒരു പ്രൊപ്പോസൽ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത തുക അനുവദിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെ ഹോർട്ടികൾച്ചർ ഡിവിഷൻ ജോയിന്റ് സെക്രട്ടറിക്ക് സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ ഡയറക്ടർ കത്തയച്ചിട്ടുണ്ട്.

**ഇക്കോ ഷോപ്പുകൾ**

83(3102) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജൈവകൃഷിയും ഉത്തമ കൃഷിമുറകളും നടപ്പാക്കുന്നതിനായി ഇതുവരെ എത്ര ഇക്കോ ഷോപ്പുകൾ സ്ഥാപിച്ചിട്ടുണ്ടെന്നും എത്ര ഇക്കോ ഷോപ്പുകൾ സ്ഥാപിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ജൈവകൃഷിയും ഉത്തമ കൃഷിമുറകളും നടപ്പാക്കുന്നതിനായി ഇതുവരെ 214 ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്നു. ഈ വർഷം പുതുതായി 33 ഇക്കോഷോപ്പുകൾ കൂടി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നു.

## കാർഷിക കർമ്മസേനയ്ക്ക് പിക്കപ്പ് വാൻ

84(3103) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷിയുടെ വിപണനത്തിനായി കാർഷിക കർമ്മസേനയ്ക്ക് ഒരു പിക്കപ്പ് വാൻ അനുവദിക്കുന്നതിന് ഓണാട്ടുകര വികസന ഏജൻസി തീരുമാനം എടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത തീരുമാനം നടപ്പിലാക്കുന്നതിനുവേണ്ട അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ ചെറുതന പഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷിയുടെ വിപണനത്തിനായി കാർഷിക കർമ്മസേനയ്ക്ക് ഒരു പിക്കപ്പ് വാൻ അനുവദിക്കുന്നതിന് ഓണാട്ടുകര വികസന ഏജൻസിയുടെ 13-12-2017-ൽ ചേർന്ന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗത്തിൽ തീരുമാനമെടുത്തിട്ടുണ്ട്.

(ബി) ചെറുതന പഞ്ചായത്തിലെ ജൈവ പച്ചക്കറി കൃഷിയുടെ വിപണനത്തിനായി കാർഷിക കർമ്മസേനയ്ക്ക് പിക്കപ്പ് വാൻ അനുവദിക്കുന്നതിനായുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ, 'ആത്മ' പ്രോജക്ട് ഡയറക്ടറെ ഓണാട്ടുകര വികസന ഏജൻസി ചുമതലപ്പെടുത്തിയിരുന്നു. വാഹനങ്ങൾ വാങ്ങുന്നതിനായി പദ്ധതി തുക ചെലവഴിക്കുവാൻ പാടില്ലെന്ന് അഗ്രോ സർവ്വീസ് സെന്റേഴ്സ് ആൻഡ് സർവ്വീസ് ഡെലിവറി പദ്ധതിയുടെ ഭരണാനുമതിയിൽ വ്യവസ്ഥയുള്ളതിനാൽ, പിക്കപ്പ് വാൻ അനുവദിക്കണമെന്ന ഓണാട്ടുകര വികസന ഏജൻസിയുടെ ആവശ്യം അനുവദിക്കാൻ കഴിഞ്ഞിട്ടില്ല.

## കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ

85(3104) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെല്ലാം ലാഭത്തിലാണോ; കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലാഭത്തിലാണോ; കോർപ്പറേഷന്റെ സാമ്പത്തികസ്ഥിതി വിശദീകരിക്കാമോ;

(ബി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 4 കോടി രൂപ സാമ്പത്തിക സഹായം നൽകാൻ നേരത്തേ സർക്കാർ തത്വത്തിൽ തീരുമാനിച്ചിരുന്നതിന്റെയടിസ്ഥാനത്തിൽ അനുവദിച്ച 1 കോടി രൂപ കിഴിച്ച് ബാക്കി തുക നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ മാനേജ്മെന്റ് തലത്തിലുള്ള ജീവനക്കാരുടെ നിയമനരീതി, യോഗ്യതാ മാനദണ്ഡങ്ങൾ എന്നിവ വിശദീകരിക്കാമോ; മാനേജർ (പി. ആൻഡ് എ.) തസ്തികയിലേയ്ക്ക് വേണ്ട യോഗ്യതകൾ എന്തെല്ലാമാണെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓയിൽ പാം ഇന്ത്യ ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ് എന്നിവ നിലവിൽ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഹോർട്ടികോർപ്പ്, കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നിവയുടെ പ്രവർത്തനം ലാഭത്തിലല്ല. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന്റെ കണക്കെടുപ്പ് പൂർത്തീകരിച്ചിട്ടില്ല.

കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ 2006-2007 സാമ്പത്തിക വർഷം മുതൽ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

2017-18-ലെ സാമ്പത്തികസ്ഥിതി താഴെ കൊടുക്കുന്നു:

വിറ്റുവരവ് - 7191.92 ലക്ഷം

ലാഭം - 30.85 ലക്ഷം

സഞ്ചിതനഷ്ടം - 1130.95 ലക്ഷം

(ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന് 10-8-2017-ലെ G.O.(Ms)No.101/2017/AD പ്രകാരം ഒരു കോടി രൂപ അനുവദിച്ച് നൽകിയിരുന്നു. നിലവിൽ ഇത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലില്ല.

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ മാനേജ്മെന്റ് തലത്തിലുള്ള തസ്തികകളിലെ നിയമന രീതിയും യോഗ്യതാ മാനദണ്ഡങ്ങളും ചുവടെ

ചേർക്കുന്നു:

| | | | |
|---|---|---|---|
| (1) | എൻഫോഴ്സ്മെന്റ് ഓഫീസർ<br><br>യോഗ്യത | 1 | സ്പെഷ്യൽ റിക്രൂട്ട്മെന്റ് ഷെഡ്യൂൾഡ് കാസ്റ്റ്/ ഷെഡ്യൂൾഡ് ട്രൈബ്.<br>1. ആർട്സ്/സയൻസ്/കൊമേഴ്സ് വിഷയങ്ങളിൽ ബിരുദം.<br>2. നിയമ ബിരുദം. |
| (2) | ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർ<br><br>യോഗ്യത | 1 | 50% ഡയറക്ട് ആൻഡ് 50% ബൈപ്രൊമോഷൻ.<br>മെക്കാനിക്കൽ/അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ബിരുദം.<br>ബിരുദാനന്തര ബിരുദം/ബിസിനസ് അഡ്മിനിസ്ട്രേഷനിൽ ഡിപ്ലോമ (മുൻഗണന). |
| (3) | ഡിവിഷൻ എഞ്ചിനീയർ<br><br>യോഗ്യത | 4 | 50% ഡയറക്ട് ആൻഡ് 50% ബൈപ്രൊമോഷൻ.<br>മെക്കാനിക്കൽ/അഗ്രികൾച്ചറൽ എഞ്ചിനീയറിംഗ് ബിരുദവും, അഗ്രികൾച്ചറൽ ഓപ്പറേഷൻ/ പ്രോഡക്ട് മാർക്കറ്റിംഗ് മുതലായ മേഖലകളിൽ അസിസ്റ്റന്റ് എഞ്ചിനീയർ അല്ലെങ്കിൽ സമാന തസ്തികകളിൽ കുറഞ്ഞത് 7 വർഷത്തെ പ്രവൃത്തിപരിചയവും. |
| (4) | അസിസ്റ്റന്റ് എഞ്ചിനീയർ<br>യോഗ്യത | 9 | പബ്ലിക് സർവ്വീസ് കമ്മീഷൻ വഴി.<br>അംഗീകൃത സർവ്വകലാശാലയിൽനിന്നുംമെക്കാനിക്കൽ/ അഗ്രികൾച്ചറൽ ബിരുദം. |

മാനേജർ (പി ആൻഡ് എ) എന്നുള്ള തസ്തികയ്ക്ക് കോർപ്പറേഷന്റെ സർവ്വീസ് റൂൾ പ്രകാരം സീനിയർ അസിസ്റ്റന്റ് തസ്തികയിൽ കുറഞ്ഞത് 2 വർഷം സർവ്വീസ് എന്നുള്ളതാണ് യോഗ്യതാ മാനദണ്ഡം.

## കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

86(3105) ശ്രീ. ജെയിംസ് മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ മുടങ്ങി കിടക്കുന്ന ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ശമ്പള പരിഷ്കരണം സമയബന്ധിതമായി നടപ്പിലാക്കാൻ കമ്മീഷനെ നിയമിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് പെൻഷൻ നൽകുന്ന പദ്ധതി നടപ്പിലാക്കാനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ;

(ഡി) സമാന പ്രവർത്തന രീതിയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ സംയോജിപ്പിച്ച് പ്രവർത്തനം വിപുലീകരിക്കുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ;

(ഇ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരള ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ വിവിധ വിഷയങ്ങൾ ചർച്ച ചെയ്യുന്നതിന് മാനേജ്മെന്റ് തൊഴിലാളി യൂണിയനുകളുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ&ബി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനിലെ ജീവനക്കാർക്ക് പെൻഷൻ ഇ.പി.എഫ്. പദ്ധതി വഴി നിലവിൽ നൽകിവരുന്നു.

(ഡി) ഇല്ല.

(ഇ) കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ തൊഴിലാളികളുമായി ബന്ധപ്പെട്ട വിവിധ വിഷയങ്ങളിൽ ട്രേഡ് യൂണിയനുകളുമായി മാനേജ്മെന്റ് ചർച്ച നടത്തിയിട്ടുണ്ട്.

### അഗ്രോ പാർക്കുകൾ

87(3106) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതുകൊണ്ട് എന്താണ് ലക്ഷ്യമിടുന്നതെന്ന് വിശദമാക്കുമോ;

(ബി) അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല ഏത് സ്ഥാപനത്തിനാണ് നല്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധവിനായുള്ള സംരംഭങ്ങൾക്ക് ഏതൊക്കെ തരത്തിലുള്ള സഹായമാണ് അഗ്രോപാർക്കുകൾ മുഖേന നല്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) അഗ്രോ പാർക്ക് കേരളത്തിൽ പ്രവർത്തനമാരംഭിച്ചിട്ടുണ്ടോ; ഏതൊക്കെ കാർഷിക വിഭവങ്ങളുടെ സംസ്കരണത്തിനാണ് പ്രസ്തുത അഗ്രോപാർക്ക് സ്ഥാപിച്ചതെന്ന് വ്യക്തമാക്കുമോ;

(ഇ) അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിഫ്ബി ധനസഹായം ലഭ്യമാകുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കാർഷിക വിളകളിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിനും അവ വിപണനം ചെയ്യുന്നതിനും ആവശ്യമായ സൗകര്യങ്ങൾ നൽകുന്നതിലൂടെ കർഷകർക്ക് മെച്ചപ്പെട്ട വരുമാനം ലഭ്യമാക്കുകയാണ് അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിലൂടെ ലക്ഷ്യമിടുന്നത്.

(ബി) അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനായുള്ള സംരംഭങ്ങൾക്ക് നിർമ്മാണത്തിനും വിപണനത്തിനുമുള്ള സ്ഥലസൗകര്യങ്ങൾ, നൂതന സാങ്കേതികവിദ്യകൾ ലഭ്യമാക്കുക മുതലായ സഹായങ്ങളാണ് അഗ്രോ പാർക്ക് മുഖേന ലഭ്യമാക്കുന്നത്.

(ഡി) ഈ സാമ്പത്തിക വർഷത്തിൽ ആദ്യപടിയായി കോക്കനട്ട്, ബനാന, ഹണി, മാംഗോ, വെജിറ്റബിൾ എന്നിവയുടെ അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു.

(ഇ) അഗ്രോ പാർക്കുകൾ സ്ഥാപിക്കുന്നതിന് കിഫ്ബിയിൽനിന്നും ധനസഹായമായി 100 കോടി രൂപ അനുവദിച്ചു കിട്ടിയിട്ടുണ്ട്.

## മാമം നാളികേര കോംപ്ലക്സ്

88(3107) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള മാമം നാളികേര കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമാണോ;

(ബി) പ്രസ്തുത കോംപ്ലക്സ് പുനരുദ്ധാരണത്തിന് എന്തെങ്കിലും പദ്ധതിയുണ്ടോ; പ്രസ്തുത സ്ഥാപനത്തിൽ വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മാണം നിലവിൽ നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ &ബി) നാളികേര വികസന കോർപ്പറേഷന്റെ കീഴിലുള്ള മാമം നാളികേര കോംപ്ലക്സ് പൂർണ്ണതോതിൽ പ്രവർത്തനക്ഷമമായിട്ടില്ല.

വെർജിൻ കോക്കനട്ട് ഓയിൽ പ്ലാന്റിന്റെ ട്രയൽ റൺ കഴിഞ്ഞുവെങ്കിലും മുനിസിപ്പാലിറ്റിയുടെ ലൈസൻസ് ലഭിക്കാത്തതുകാരണം നിലവിൽ പ്രവർത്തനം നടക്കുന്നില്ല. ലൈസൻസ് ലഭിക്കുന്നതിന് തടസ്സമായിരുന്ന ഫയർ ആൻഡ് സേഫ്റ്റി ലൈസൻസ് ലഭിക്കുന്നതിനുള്ള നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് വർക്ക് ഓർഡർ നൽകിയിട്ടുണ്ട്. മാമം നാളികേര കോംപ്ലക്സ് പ്രവർത്തന ക്ഷമമാകുന്ന മുറയ്ക്ക് വെർജിൻ കോക്കനട്ട് ഓയിൽ നിർമ്മാണം ആരംഭിക്കാവുന്നതാണ്.

## കൃഷി വകുപ്പിനുകീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങൾ

89(3108) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന്റെ കീഴിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ട്; വിശദമാക്കാമോ; പ്രസ്തുത സ്ഥാപനങ്ങളിൽ ഏത് തരം പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെല്ലാംതന്നെ സ്പെഷ്യൽ റൂൾസ് ബാധകമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത പൊതുമേഖലാ സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയ സ്ഥാപനങ്ങൾ ഏതൊക്കെയാണ് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള അഗ്രോ മെഷീനറി കോർപ്പറേഷൻ ലിമിറ്റഡ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, ഓയിൽ പാം ഇൻഡ്യ ലിമിറ്റഡ്, ഹോർട്ടികോർപ്പ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ, പ്ളാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, വാഴക്കുളം അഗ്രോ ആൻഡ് ഫ്രൂട്ട് പ്രോസസിംഗ് കമ്പനി ലിമിറ്റഡ്, കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷൻ എന്നിവ കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളാണ്.

മേൽ സ്ഥാപനങ്ങളിൽ എംപ്ലോയീസ് പ്രോവിഡന്റ് ഫണ്ടുമായി ബന്ധിപ്പിച്ച പെൻഷൻ പദ്ധതിയാണ് നടപ്പിലാക്കിയിരിക്കുന്നത്. കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷനിൽ പെൻഷൻ പദ്ധതി ഒന്നും തന്നെ നടപ്പിലാക്കിയിട്ടില്ല.

(ബി) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ്, കേരള ലാൻഡ് ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ ലിമിറ്റഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ ലിമിറ്റഡ്, പ്ലാന്റേഷൻ കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) കൃഷി വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ദേശീയ പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടില്ല.

## കൃഷി വകുപ്പിന്റെ പരിശീലന കേന്ദ്രങ്ങൾ

90(3109) <u>ശ്രീ. എം. ഉമ്മർ</u>:
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവാക്കളെ കാർഷിക രംഗത്തേക്ക് ആകർഷിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) നിലവിലുള്ള ഒൻപത് പരിശീലന കേന്ദ്രങ്ങളിലായി എത്ര യുവാക്കൾക്ക് പരിശീലനം നൽകിക്കഴിഞ്ഞു; വിശദമാക്കാമോ;പ്രസ്തുത സംവിധാനം സംസ്ഥാന വ്യാപകമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) യുവാക്കൾ ഉൾപ്പെടെയുള്ള കർഷകർക്ക് സംസ്ഥാനത്തെ 5 പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ, പന്തളം, വേങ്ങേരി എന്നിവിടങ്ങളിലെ ഫാർമർ ട്രെയിനിംഗ് സെന്ററുകൾ, ആർ.റ്റി.റ്റി.സി വെള്ളായണി എന്നിവ വഴി പരിശീലനം നൽകി വരുന്നുണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ സാമ്പത്തികവും ഭൗതികവുമായ പ്രവർത്തന പുരോഗതി ജില്ലാതലത്തിലും സംസ്ഥാന തലത്തിലും എല്ലാ മാസവും കൂടുന്ന യോഗങ്ങളിൽ വിലയിരുത്താറുണ്ട്.

(സി) നിലവിലുള്ള പരിശീലന കേന്ദ്രങ്ങളിലായി 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 7125 കർഷകർക്ക് പരിശീലനം നൽകിയിട്ടുണ്ട്. നിലവിൽ സംസ്ഥാന വ്യാപകമായി പ്രധാനമായും 5 പ്രാദേശിക പരിശീലന കേന്ദ്രങ്ങൾ, 2 ഫാർമർ ട്രെയിനിംഗ് സെന്ററുകൾ, ആർ.റ്റി.റ്റി.സി വെള്ളായണി എന്നിവ വഴിയാണ് കർഷക പരിശീലനം സംഘടിപ്പിക്കുന്നത്.

## പാലക്കാട് ജില്ലയിലെ അഗ്രോ സർവ്വീസ് സെന്ററുകൾ

91 (3110) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പുതുതായി എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ ആരംഭിച്ചിട്ടുണ്ടെന്നും അവ ഏതൊക്കെ നിയോജകമണ്ഡലങ്ങളിലാണെന്നും അറിയിക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ അഗ്രോ സർവ്വീസ് സെന്റർ അനുവദിക്കാനുള്ള നിവേദനം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ &ബി) പാലക്കാട് ജില്ലയിൽ 2017-18 വർഷത്തിൽ രണ്ട് അഗ്രോ സർവ്വീസ് സെന്ററുകൾ കുഴൽമന്ദം, ആലത്തൂർ എന്നിവിടങ്ങളിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. എം.എൽ.എ -മാരുടെ ആവശ്യപ്രകാരമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടുള്ളത്.

## പ്ലാന്റേഷൻ കോർപ്പറേഷൻ മലബാർ മേഖല ഓഫീസ്

92 (3111) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്ലാന്റേഷൻ കോർപ്പറേഷന്റെ മലബാർ മേഖല ഓഫീസ് ഇപ്പോൾ എവിടെയാണ് പ്രവർത്തിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം എസ്റ്റേറ്റുകളുൾപ്പെടുന്നതാണ് മലബാർ മേഖലയെന്ന് വ്യക്തമാക്കാമോ;

(സി) ഈ എസ്റ്റേറ്റുകൾക്ക് സൗകര്യപ്രദമാണോ ഇപ്പോൾ പ്രവർത്തിക്കുന്ന മലബാർ മേഖല ഓഫീസ് എന്ന് വ്യക്തമാക്കാമോ;

(ഡി) കോട്ടയം ഹെഡ് ഓഫീസിലേയ്ക്ക് പോകാനുള്ള ദൂരവും സമയ നഷ്ടവും ഒഴിവാക്കാൻ മലബാർ മേഖലയിലെ ഓഫീസ് ഗുണകരമാണെന്ന് അഭിപ്രായമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ഇ) പ്ലാന്റേഷൻ കോർപ്പറേഷൻ മലബാർ മേഖല ഓഫീസ് ജില്ലയിൽ നിന്ന് മാറ്റി കോട്ടയം ഹെഡ് ഓഫീസിൽ ലയിപ്പിക്കാനുള്ള നീക്കമുണ്ടോ എന്നും എങ്കിൽ അതിനുള്ള കാരണമെന്താണെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന എസ്റ്റേറ്റ് ഓഫീസിൽ നിന്ന് ഫയലുകളും മേഖല ഓഫീസിലെ ജീവനക്കാരെയും കോട്ടയത്തേയ്ക്ക് മാറ്റി എന്നത് ശരിയാണോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മലബാർ മേഖലയിലുള്ള കാഷ്യൂ പ്ലാന്റേഷനുകളെ ഏകോപിപ്പിച്ചു കൊണ്ടുള്ള പ്രവർത്തനങ്ങൾ നടത്തിയിരുന്നത് കാസർഗോഡ് ജില്ലയിലെ ചീമേനി എസ്റ്റേറ്റിലാണ്. ജനറൽ മാനേജർ (കാഷ്യൂ പ്ലാന്റേഷൻ) സസ്പെൻഷനിലായതിനെ തുടർന്ന് എല്ലാ കാഷ്യൂ എസ്റ്റേറ്റ് മാനേജർമാരും മാനേജിംഗ് ഡയറക്ടർക്ക് നേരിട്ടാണ് ഇപ്പോൾ റിപ്പോർട്ട് ചെയ്യുന്നത്.

(ബി) കാസർഗോഡ്, രാജപുരം, ചീമേനി, മണ്ണാർക്കാട് എന്നീ എസ്റ്റേറ്റുകളാണ് നിലവിൽ മലബാർ മേഖലയിലുള്ളത്.

(സി) കൂടുതൽ കാഷ്യൂ എസ്റ്റേറ്റുകളും കാസർഗോഡ് ജില്ലയിൽ ആകയാൽ ചീമേനി എസ്റ്റേറ്റിൽ പ്രവർത്തിക്കുന്നതാണ് സൗകര്യം.

(ഡി) ഇ-മെയിൽ, ടെലിഫോൺ എന്നീ സൗകര്യങ്ങളുള്ളതിനാൽ മലബാറിലുള്ള പ്ലാന്റേഷനുകളുടെ കാര്യങ്ങൾക്കായി കൂടെക്കൂടെ ഹെഡ് ഓഫീസിൽ വരേണ്ടുന്ന ആവശ്യം കാണുന്നില്ല. വളരെ പ്രധാനമായി മീറ്റിംഗുകൾക്കു മാത്രമെ മലബാർമേഖലാ ഓഫീസിൽനിന്നും ഉദ്യോഗസ്ഥർ ഹെഡ് ഓഫീസിൽ വരേണ്ടതുള്ളൂ.

(ഇ) നിലവിൽ അങ്ങനെയൊരു തീരുമാനം കൈക്കൊണ്ടിട്ടില്ല.

(എഫ്) കാഷ്യൂ ഡിവിഷൻ ഓഫീസിന്റെ കീഴിൽ കാസർഗോഡ് ജില്ലയിൽ പ്രവർത്തിക്കുന്ന ഒരു എസ്റ്റേറ്റിൽനിന്നും ഫയലുകളോ ജീവനക്കാരെയോ കോട്ടയത്തേയ്ക്ക് മാറ്റിയിട്ടില്ല.

### കൃഷി വകുപ്പിലെ ഡ്രൈവർ നിയമനം

93(3112) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പിന് സ്വന്തമായി എത്ര ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഉണ്ടെന്നും വകുപ്പിന്റെ കീഴിൽ എത്ര ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർ തസ്തിക ഉണ്ടെന്നും വെളിപ്പെടുത്തുമോ;

(ബി) വകുപ്പിൽ എത്ര സ്ഥിരം എൽ.ഡി.വി. ഡ്രൈവർമാരും എത്ര താൽക്കാലിക എൽ.ഡി.വി. ഡ്രൈവർമാരും ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഒരു വാഹനം അനുവദിക്കുമ്പോൾ ഒരു ഡ്രൈവർ തസ്തികകൂടി അനുവദിക്കണമെന്ന് ഗവൺമെന്റ് ഓർഡർ നിലവിലിരിക്കുകയും (G.O. (Ms) No/42/88/P ആൻഡ് ARD) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ ദിവസവേതന അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെ ഒഴിവാക്കി പ്രസ്തുത ലിസ്റ്റിൽ ഉൾപ്പെട്ടവർക്ക് ജോലി നൽകാൻ ഗവൺമെന്റ് തയ്യാറാകുമോ; വിശദമാക്കുമോ;

(ഡി) ഒരു വാഹനം അനുവദിക്കുമ്പോൾ ഡ്രൈവർ തസ്തിക അനുവദിക്കാത്തത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക വികസന കർഷകക്ഷേമ വകുപ്പിന് സ്വന്തമായി 235 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങളും 155 ലൈറ്റ് ഡ്യൂട്ടി വാഹന ഡ്രൈവർ തസ്തികയും നിലവിലുണ്ട്.

(ബി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ 142 സ്ഥിരം എൽ.ഡി.വി. ഡ്രൈവർമാരും 5 താൽക്കാലിക ഡ്രൈവർമാരും ജോലി ചെയ്യുന്നുണ്ട്. ഡ്രൈവർ തസ്തിക നിലവിലില്ലാത്തിടത്ത് കരാർ അടിസ്ഥാനത്തിൽ 75 ഡ്രൈവർമാർ ജോലി നോക്കി വരുന്നുണ്ട്.

(സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ 235 ലൈറ്റ് ഡ്യൂട്ടി വാഹനങ്ങൾ ഉണ്ടെങ്കിലും ഇതിൽ 75 വാഹനങ്ങൾ മൊബൈൽ അഗ്രോ ക്ലിനിക്കിന്റെ ആവശ്യത്തിലേക്കാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത 75 വാഹനങ്ങൾക്കാവശ്യമായ ഡ്രൈവർ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ആയതിനാൽ പ്രസതുത തസ്തികകൾ കോൺട്രാക്ട് അടിസ്ഥാനത്തിൽ നികത്തണമെന്നാണ് 3-10-2013-ലെ സ.ഉ.(സാധാ) നമ്പർ 1728/13/എഡി നമ്പർ ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള ഒഴിവിൽ പി.എസ്.സി. വഴി നിയമനം നടത്തുന്ന കാര്യം പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) സർക്കാരിന്റെ വ്യയ നിയന്ത്രണ നടപടികളുടെ ഭാഗമായാണ് തസ്തികകൾ സൃഷ്ടിക്കുന്നതിന് കാലതാമസം നേരിടുന്നത്.

**വിള പരിപാലന പദ്ധതി**

94(3113) <u>ശ്രീ. വി. ജോയി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിള പരിപാലന പദ്ധതി പ്രകാരം വാങ്ങിയ ഉപകരണങ്ങൾ കൊണ്ട് കർഷകർക്ക് എത്രത്തോളം പ്രയോജനമുണ്ടായി എന്ന് പരിശോധിച്ചിട്ടുണ്ടോ ;

(ബി) ഈ പദ്ധതി പ്രകാരം തിരുവനന്തപുരം ജില്ലയിലെ വിളവെടുപ്പിൽ എത്രത്തോളം വർദ്ധനവ് രേഖപ്പെടുത്തിയെന്ന് വിശദമാക്കാമോ ;

(സി) തിരുവനന്തപുരം ജില്ലയിൽ എത്ര കർഷകർ ഈ സംവിധാനം ഉപയോഗപ്പെടുത്തിയെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) വിളകളെ ബാധിക്കുന്ന കീടരോഗബാധ, സസ്യപോഷക മൂലകങ്ങളിലെ ഏറ്റക്കുറച്ചിലുകൾ എന്നിവ യഥാസമയം ഫീൽഡുതല നിരീക്ഷണങ്ങളിലൂടെ കണ്ടെത്തി വിളകളുടെ സംരക്ഷണത്തിന് ആവശ്യമായ ശാസ്ത്രീയ നിർദ്ദേശങ്ങൾ കർഷകർക്ക് നൽകുക എന്നതാണ് വിള ആരോഗ്യപരിപാലന പദ്ധതി മുഖേന ചെയ്യുന്നത്. കീടരോഗ നിരീക്ഷണത്തിന് ഇന്റർനെറ്റ് ആസ്പദമാക്കിയുള്ള Crop Pest Surveillance System എന്ന സേവനമാണ് ഉപയോഗിക്കുന്നത്.

ഈ സേവനം സുഗമമായി നിർവ്വഹിക്കുന്നതിന് തെരഞ്ഞെടുക്കപ്പെട്ട കീടരോഗ നിരീക്ഷണ യൂണിറ്റിലെ കർഷകർക്ക് കീടരോഗ നിരീക്ഷണത്തിനുള്ള ഉപകരണങ്ങൾ അടങ്ങിയ കിറ്റുകൾ നൽകുന്നുണ്ട്. പ്രാണികളെ പിടിക്കാനുള്ള വീശുവല, വിവിധയിനം കെണികൾ, ലെൻസ്, ഗ്ലാസ് ഉപകരണങ്ങൾ എന്നിവയടങ്ങിയ കിറ്റുകളാണ് നൽകുന്നത്. ഈ കിറ്റുകൾ ഉപയോഗിച്ച് കീട രോഗ ബാധയുടെ അളവും തോതും രേഖപ്പെടുത്തുകയും പെസ്റ്റ് സ്കൗട്ടുകൾക്ക് നൽകിയിരിക്കുന്ന റ്റാബ് ഉപയോഗിച്ച് CPSS എന്ന വെബ്സൈറ്റിലേയ്ക്ക് വിവരങ്ങൾ രേഖപ്പെടുത്തുകയും ചെയ്യുന്നു. ഇതുവഴി കർഷകർക്ക് കീടരോഗബാധയെപ്പറ്റിയുള്ള മുന്നറിയിപ്പ് ലഭിക്കാനും ആവശ്യമായ നിയന്ത്രണ മാർഗ്ഗങ്ങൾ യഥാസമയം സ്വീകരിക്കാനും കഴിയുന്നു. നിയന്ത്രണ മാർഗ്ഗങ്ങൾ സംബന്ധിച്ച വിവരങ്ങളും ഇതുവഴി നൽകുന്നുണ്ട്. യഥാസമയം നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതുവഴി വിളകളുടെ ആരോഗ്യം നിലനിർത്തുന്നതിനും അതുവഴി കൂടുതൽ വിളവ് ലഭിക്കാനും കഴിയുന്നു.

(ബി) വിള ആരോഗ്യപരിപാലന പദ്ധതി നടപ്പാക്കിയതിലൂടെ വിളകളുടെ (നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, കുരുമുളക്) ഉല്പാദനം 5 ശതമാനത്തോളം വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്.

(സി) തിരുവനന്തപുരം ജില്ലയിൽ 3545 കർഷകർ ഈ സംവിധാനം ഉപയോഗപ്പെടുത്തിവരുന്നു.

## നെല്ല് സംഭരണ തുക ലഭിക്കാനുള്ള കാലതാമസം

95 (3114) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരിച്ച വകയിൽ പട്ടാമ്പി മണ്ഡലത്തിലെ കർഷകർക്ക് കിട്ടേണ്ട തുക ലഭിക്കാൻ ഏറെ കാലതാമസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) നെല്ല് സംഭരണം കഴിഞ്ഞ് എട്ട് മാസങ്ങൾക്കു ശേഷവും അതിനുള്ള തുക ലഭിക്കാത്ത എത്ര കർഷകർ ഈ മണ്ഡലത്തിൽ ഉണ്ടെന്നും അവർക്ക് എത്ര തുക ലഭിക്കാനുണ്ടെന്നും വ്യക്തമാക്കാമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നെല്ല് സംഭരണം കഴിഞ്ഞ് എട്ട് മാസങ്ങൾക്കുശേഷവും അതിനുള്ള തുക ലഭിക്കാത്ത കർഷകർ ആരുംതന്നെ പട്ടാമ്പി മണ്ഡലത്തിൽ ഇല്ല.

## അരൂർ മണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ

96 (3115) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കൃഷി വകുപ്പ് (സോയിൽ കൺസർവേഷൻ ഉൾപ്പെടെ) വഴി അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കാമോ; ഈ പ്രവൃത്തികളുടെ പുരോഗതി വിവരിക്കാമോ?

ഉത്തരം

അരൂർ മണ്ഡലത്തിൽ നടപ്പാക്കിയ വികസന പ്രവർത്തനങ്ങൾ താഴെ പറയുന്നു:

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ചെലവാക്കിയ തുക | |
|---|---|---|---|
| | | 2016-17 | 2017-18 |
| (1) | (2) | (3) | (4) |
| 1 | സമഗ്ര നെൽകൃഷി വികസനം | 10,05,350 | 38,25,673 |
| 2 | കേര സമൃദ്ധി | - | 3,16,016 |
| 3 | പച്ചക്കറി വികസനം | 31,05,107 | 32,88,528 |
| 4 | വിള ആരോഗ്യ പരിപാലനം | 7,97,330 | 19,56,521 |
| 5 | വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ | 5,27,068 | 14,04,111 |
| 6 | അഗ്രോസർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി | 7,66,335 | 2,50,682 |
| 7 | മണ്ണ് ആരോഗ്യ പരിപാലനം | 12,000 | 86,500 |
| 8 | ഫാമുകളുടെ വികസനം | 1,08,005 | - |
| 9 | കൃഷി വകുപ്പ് ലാബുകളുടെ നവീകരണം | 2,000 | 24,500 |
| 10 | പ്രകൃതി ക്ഷോഭ ദുരിതാശ്വാസം | 1,52,655 | - |

| (1) | (2) | (3) | (4) |
|---|---|---|---|
| 11 | അഗ്രോസർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി | - | 8,40,000 |
| 12 | മാർക്കറ്റുകളുടെ നവീകരണം | 40,000 | 5,47,000 |
| 13 | ഓണസമൃദ്ധി | 4,20,000 | 4,20,000 |
| 14 | വൈദ്യുതി സൗജന്യം | 9,14,985 | 3,99,458 |
| 15 | കർഷക പെൻഷൻ | 68,63,200 | 2,66,50,400 |
| 16 | ബയോഗ്യാസ് വികസനം | 18,000 | - |
| | ആകെ | 1,47,32,035 | 4,00,09,389 |

അരൂർ നിയോജകമണ്ഡലത്തിലെ എഴുപുന്ന ഗ്രാമപഞ്ചായത്തിൽ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫിൽ ഉൾപ്പെടുത്തി പാണ്ടോത്തുകരി വെള്ളക്കെട്ട് നിവാരണ പദ്ധതിയ്ക്ക് 123 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും നാളിതുവരെ 47.08 ലക്ഷം രൂപ ചെലവഴിച്ച് നീർച്ചാലുകളുടെ സംരക്ഷണാർത്ഥം 725.75 മീറ്റർ പാർശ്വഭിത്തി നിർമ്മിക്കുകയും ചെയ്തിട്ടുണ്ട്.

ടി പദ്ധതികൾ എല്ലാം തന്നെ ഈ വർഷവും നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**മണലൂർ മണ്ഡലത്തിലെ ഇരുപ്പൂ കൃഷി**

97(3116) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരുപ്പൂ നിലങ്ങൾ ഇരുപ്പൂ നിലങ്ങളാക്കി മാറ്റി കൃഷി നടത്തുമ്പോൾ കൃഷി വകുപ്പ് കർഷകർക്ക് നൽകുന്ന ധനസഹായങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) മണലൂർ മണ്ഡലത്തിൽ 2017-18 വർഷം എത്ര ഹെക്ടറിൽ ഇരുപ്പൂ കൃഷി ഇറക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) രണ്ടാം വിള കൃഷിയിൽ ഒന്നാം വിളയെക്കാൾ ഉത്പാദനം കുറവായതിനാൽ കർഷകർക്കുണ്ടാകുന്ന വരുമാനനഷ്ടം പരിഹരിക്കുന്നതിന് എന്തെങ്കിലും ധനസഹായം നൽകുന്നുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതി പ്രകാരം ഒരുപ്പൂ കൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനുള്ള ധനസഹായം എന്ന പദ്ധതിഘടകം പ്രകാരം ഹെക്ടറൊന്നിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. ഇതിനായി നടപ്പ് സാമ്പത്തിക വർഷം 1,600 ഹെക്ടറിലെ ഒരുപ്പൂകൃഷി ഇരുപ്പൂ കൃഷി ആക്കുന്നതിനായി 160 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) മണലൂർ മണ്ഡലത്തിൽ 2017-18 വർഷം 153 ഹെക്ടറിൽ ഇരുപ്പൂ കൃഷി ചെയ്തിട്ടുണ്ട്.

(സി) രണ്ടാം വിളയുടെ ഉല്പാദനക്ഷമത കുറവാകുന്നതാണ് ഉല്പാദനം കുറയുന്നതിന്റെ കാരണം. കാലാവസ്ഥയുമായി ബന്ധപ്പെട്ടും പകലിന്റെയും രാത്രിയുടെയും ദൈർഘ്യവുമായി ബന്ധപ്പെട്ടും ഉണ്ടാകുന്ന പ്രസ്തുത പ്രതിഭാസം നെല്ലിന്റെ ജനിതക സ്വഭാവമാണ്. ആയതിന് പ്രത്യേക ആനുകൂല്യം നൽകാൻ വ്യവസ്ഥയില്ല. അത്യുല്പാദനശേഷിയുള്ള നെല്ലിനങ്ങൾ കൃഷി ചെയ്ത് ഒരു പരിധി വരെ ഉല്പാദനക്കുറവ് പരിഹരിക്കുവാൻ കഴിയുന്നതാണ്.

**കേരഗ്രാമം പദ്ധതി**

98(3117) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന കേരഗ്രാമം പദ്ധതിയിൽ ഏതൊക്കെ പ്രദേശങ്ങളെ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ പിറവം നിയോജകമണ്ഡലത്തിലെ പ്രദേശങ്ങൾ ഉൾപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണമെന്താണെന്ന് അറിയിക്കുമോ; ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിലുൾപ്പെടുത്താൻ സ്വീകരിച്ചിരിക്കുന്ന മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) 2018-19 വർഷത്തെ കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രദേശങ്ങളുടെ പട്ടിക തയ്യാറാക്കുന്ന നടപടികൾ സ്വീകരിച്ചു വരികയാണ്.

(സി) സമഗ്ര നാളികേര വികസനത്തിനായി ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ ആവിഷ്കരിച്ച കേരഗ്രാമം പദ്ധതി 250 ഹെക്ടർ നാളികേര കൃഷി വിസ്തൃതിയുള്ള പ്രദേശം ഒരു പഞ്ചായത്തിൽ മാത്രമായോ, അല്ലെങ്കിൽ സമീപ പഞ്ചായത്തുകൾ ചേർത്ത് രൂപീകരിക്കുവാൻ സാധിക്കുന്നതോ ആയിരിക്കണം എന്നതാണ് പ്രധാന മാനദണ്ഡം. കൂടാതെ മുൻ കാലങ്ങളിൽ പദ്ധതി നടപ്പിലാക്കിയവയെ ഒഴിവാക്കി പുതിയ പ്രദേശങ്ങളിലേയ്ക്ക് പദ്ധതി വ്യാപിപ്പിക്കുക എന്നുള്ളതും പദ്ധതി പ്രദേശം തെരഞ്ഞെടുക്കുന്നതിൽ മാനദണ്ഡമായി സ്വീകരിക്കുന്നു.

## പാലക്കാട് ജില്ലയിൽ കൃഷിയോഗ്യമാക്കിയ ഭൂമി

99(3118) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം പാലക്കാട് ജില്ലയിൽ എത്ര ഹെക്ടർ കൃഷി ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ആലത്തൂർ മണ്ഡലത്തിൽ ഇത്തരത്തിൽ എത്ര ഹെക്ടർ ഭൂമി കൃഷിയോഗ്യമാക്കിയിട്ടുണ്ട്; വിശദാംശം നൽകുമോ;

(സി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

### ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം പാലക്കാട് ജില്ലയിൽ 167.145 ഹെക്ടർ തരിശുനിലം നെൽകൃഷി ചെയ്തിട്ടുണ്ട്. നടപ്പുവർഷം 25 ഹെക്ടർ തരിശുനിലത്തുകൂടി നെൽകൃഷി ചെയ്യാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

ഈ സർക്കാർ അധികാരമേറ്റ ശേഷം പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ തരിശു കിടന്ന 125.3 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. നടപ്പു വർഷവും 75 ഹെക്ടർ തരിശു കിടന്ന സ്ഥലത്തുകൂടി പച്ചക്കറി കൃഷി ചെയ്യുവാനുള്ള നടപടികൾ സ്വീകരിച്ചു കഴിഞ്ഞു.

(ബി) 2017-18 സാമ്പത്തിക വർഷം തരിശു കിടന്നിരുന്ന 2.8 ഹെക്ടർ സ്ഥലത്ത് നെൽകൃഷി പ്രാവർത്തികമാക്കി.

(സി) 2017-18 സാമ്പത്തിക വർഷം കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി ബഹു: ആലത്തൂർ എം.എൽ.എ-യുടെ നിറവ് പദ്ധതിയിൽ ആലത്തൂർ, എരിമയൂർ, കിഴക്കഞ്ചേരി പഞ്ചായത്തുകളിൽ 60 ഹെക്ടർ സ്ഥലത്ത് ഇക്കോളജിക്കൽ എഞ്ചിനീയറിംഗ് നടപ്പിലാക്കി. നടപ്പ് സാമ്പത്തിക വർഷത്തിൽ ആലത്തൂർ മണ്ഡലത്തിൽ തരിശു കിടന്നിരുന്ന 10 ഹെക്ടർ സ്ഥലത്ത് നെൽ കൃഷി നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ 50 ഹെക്ടർ സ്ഥലം കൂടെ തരിശു കൃഷി ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ചെങ്ങന്നൂർ കാർഷിക മേഖല

100(3119) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ മണ്ഡലത്തെ തരിശ് രഹിത മണ്ഡലമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്മേൽ സ്വീകരിച്ചിട്ടുള്ള തുടർ നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ചെങ്ങന്നൂർ കാർഷിക മേഖലയിൽ കൃഷി-മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് അനുവദിച്ചിട്ടുള്ളതും നടന്നുകൊണ്ടിരിക്കുന്നതുമായ പ്രവൃത്തികൾ ഏതെല്ലാമാണ്; അവയുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ മണ്ഡലത്തെ തരിശുരഹിത മണ്ഡലമായി പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ ചെങ്ങന്നൂർ മണ്ഡലത്തെ തരിശു രഹിതമായി മാറ്റുന്നതിന് വേണ്ടിയുള്ള നടപടികളെക്കുറിച്ച് ആലോചിക്കുന്നതിന് ബഹു: എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ഈ മാസം 25-ാം തീയതി യോഗം വിളിച്ചിട്ടുണ്ട്.

(ബി) ചെങ്ങന്നൂർ കാർഷിക മേഖലയിൽ കൃഷി-മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട് 4 കൃഷിഭവൻ പരിധിയിൽപ്പെട്ട 7 പാടശേഖരങ്ങളിലായി അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾക്ക് അനുമതി ലഭിച്ച് നടപ്പിലാക്കിവരുന്നു. അവയുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. ചെന്നിത്തല കൃഷിഭവൻ പരിധിയിൽ തുപ്പെരുന്തറ പാടം അഞ്ചാം ബ്ലോക്കിൽ 95 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ 90% പ്രവൃത്തി പൂർത്തീകരിച്ചു.
2. പള്ളിപ്പാട് കൃഷിഭവൻ പരിധിയിലെ വിവിധ പാടശേഖരങ്ങളിലായി 125.53 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളുടെ 95% പ്രവൃത്തി പൂർത്തീകരിച്ചു.
3. ചെന്നിത്തല കൃഷി ഭവൻ പരിധിയിലെ തുപ്പെരുന്തറ പാടം 1-15 ബ്ലോക്കിൽ 499 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ട് ടെണ്ടർ ചെയ്തിരിക്കുന്നു.
4. ചെന്നിത്തല കൃഷി ഭവൻ പരിധിയിലെ 7 ബ്ലോക്കിലെ 107 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ട് ടെണ്ടർ ചെയ്തിരിക്കുന്നു.

5. പുലിയൂർ കൃഷി ഭവൻ പരിധിയിലെ കരിപ്പുറം പാടത്തിൽ 110 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടിന് സാങ്കേതികാനുമതി ലഭിച്ചു. ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

6. ചെറിയനാട് കൃഷി ഭവൻ പരിധിയിലെ തെരഞ്ഞെടുത്ത പാടശേഖരങ്ങളിലെ 264 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ടുകൾക്ക് ടെണ്ടർ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

7. പുലിയൂർ കൃഷിഭവൻ പരിധിയിലെ ചിറ്റാട്ടുവയൽ പാടശേഖരത്തിൽ 97.38 ലക്ഷം രൂപയുടെ അടിസ്ഥാന സൗകര്യ വികസന പ്രോജക്ട് സാങ്കേതികാനുമതിക്കായി സമർപ്പിച്ചിട്ടുണ്ട്.

തിരുവണ്ടാർ കൃഷിഭവൻ പരിധിയിലെ ഉമയാറ്റുകര പാടശേഖരത്തിൽ 60.40 ലക്ഷം രൂപയുടെ ലിഫ്റ്റ് ഇറിഗേഷൻ യൂണിറ്റ് വികസനം പദ്ധതിയുടെ പ്രവൃത്തി ആരംഭിച്ചു.

മണ്ണ് പര്യവേഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ഉൾപ്പെടുത്തി 2 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

31-10-2013-ലെ ജി.ഒ (ആർ.റ്റി) നം. 1895/13/എ.ഡി ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെന്നിത്തല, തൃപ്പെരുന്തുറ പഞ്ചായത്തിൽ ഉൾപ്പെട്ട ബ്ലോക്ക് 10 പാടശേഖര വെള്ളക്കെട്ട് നിവാരണ പദ്ധതിക്ക് 57.02 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ 4 സ്ലൂയിസുകൾ, 4 റാമ്പുകൾ, 236.68 ച.മീ പാർശ്വഭിത്തി എന്നീ പ്രവർത്തനങ്ങൾ 46.70 ലക്ഷം രൂപ ചെലവഴിച്ച് നാളിതുവരെ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

26-4-2014-ലെ ജി.ഒ. (ആർ.റ്റി) നം. 795/14/എ.ഡി ഉത്തരവ് പ്രകാരം ആർ.ഐ.ഡി.എഫ് 19-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെന്നിത്തല തൃപ്പെരുന്തുറ പഞ്ചായത്തിൽ ഉൾപ്പെട്ട വെട്ടത്തേരി, ചെണ്ടക്കേരി വെള്ളക്കെട്ട് നിവാരണ പദ്ധതിക്ക് 95.54 ലക്ഷം രൂപയുടെ അംഗീകാരം ലഭ്യമായിട്ടുണ്ട്. ഈ പദ്ധതിയിൽ നാളിതുവരെ 32.16 ലക്ഷം രൂപ ചെലവഴിച്ച് 653.05 ച.മീ. പാർശ്വഭിത്തി നിർമ്മാണം പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

**കൃഷിയോഗ്യമായതും തരിശിട്ടിരിക്കുന്നതുമായ കൃഷിഭൂമി**

101 (3120) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ, നിലവിൽ കൃഷിയോഗ്യമായതും എന്നാൽ തരിശിട്ടിരിക്കുന്നതുമായ കൃഷിഭൂമിയുടെ വിവരങ്ങൾ ശേഖരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത തരിശുഭൂമിയിൽ കൃഷി ആരംഭിക്കുന്നതിന് കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. അമ്പലപ്പാറ പഞ്ചായത്തിൽ 32 ഹെക്ടറും ലക്കിടിപേരൂർ പഞ്ചായത്തിൽ 17 ഹെക്ടറും, ഒറ്റപ്പാലം കൃഷി ഭവൻ പരിധിയിൽ 60 ഹെക്ടറും ചേർന്ന് 109 ഹെക്ടർ കൃഷിയോഗ്യമായതും എന്നാൽ തരിശിട്ടിരിക്കുന്നതുമായ കൃഷിഭൂമി നിലവിലുണ്ട്.

(ബി) തരിശുഭൂമിയിൽ നെൽകൃഷി ചെയ്യുന്നതിനും തുടർച്ചയായി മൂന്നുവർഷം ആനുകൂല്യം നൽകുന്നു. ഒന്നാം വർഷം ഹെക്ടറിന് 30,000 രൂപയും, രണ്ടാം വർഷം 7,000 രൂപയും മൂന്നാം വർഷം 4,500 രൂപയും എന്ന ക്രമത്തിലാണ് ധനസഹായം നൽകുന്നത്. ഈ പദ്ധതിയിൽ കർഷകനും ഭൂവുടമയ്ക്കും ധനസഹായം വീതിച്ച് നൽകാൻ വ്യവസ്ഥയുണ്ട്. ഒന്നാം വർഷം കർഷകന് 25,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും നൽകും. രണ്ടാം വർഷം ഇത് യഥാക്രമം 5,800 രൂപയും 1,200 രൂപയും മൂന്നാം വർഷം 3,750 രൂപയും 750 രൂപയുമാണ്.

യുവജന പങ്കാളിത്തത്തോടെ ഉത്സവാന്തരീക്ഷത്തിൽ കൃഷി നടത്തുന്നതിനും, നഗരപ്രദേശങ്ങളിൽ കർഷക ഗ്രൂപ്പുകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, സർക്കാർ/ സർക്കാരിതര/ സ്വകാര്യ സ്ഥാപനങ്ങൾ/ വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയ്ക്ക് സ്വന്തമായോ പാട്ടത്തിനോ കൃഷി നടത്തുന്നതിന് ഭൂമി തയ്യാറാക്കൽ മുതൽ വിളവെടുപ്പ് വരെയും സംസ്കരണം, യന്ത്രവത്കരണം എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കും പ്രോജക്ടധിഷ്ഠിത സാമ്പത്തിക സഹായം നൽകിവരുന്നു. ഇതിനായി 100 ലക്ഷം രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

നെൽകൃഷി വികസനം എന്ന സംസ്ഥാനാവിഷ്കൃത പദ്ധതിയുടെ എല്ലാ പദ്ധതി ഘടകങ്ങളും ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിന്റെ പരിധിയിലുള്ള ഗ്രാമ പഞ്ചായത്തുകളിലും ബന്ധപ്പെട്ട കൃഷിഭവനുകൾ മുഖാന്തരം നടപ്പിലാക്കുന്നുണ്ട്.

ഇതിനു പുറമേ ഒറ്റപ്പാലം മുനിസിപ്പാലിറ്റി പരിധിയിൽ തരിശ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ജനകീയസൂത്രണ പദ്ധതിയിലുൾപ്പെടുത്തി 45 ഹെക്ടർ തരിശുനിലം കൃഷിയോഗ്യമാക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഒറ്റപ്പാലം മണ്ഡലത്തെ തരിശുരഹിത മണ്ഡലമാക്കി മാറ്റുന്നതിനായി എം.എൽ.എ-യുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട എല്ലാ ഉദ്യോഗസ്ഥരുടെയും യോഗം വിളിച്ചുചേർക്കുന്നതിനും പദ്ധതികൾ ഏകോപിപ്പിച്ച് പൂർണ്ണമായും തരിശ് രഹിതമാക്കുന്നതിനും നടപടി സ്വീകരിക്കാവുന്നതാണ്.

## കാർഷിക കയറ്റുമതി മന്ത്രാലയം ഓഫീസ് രൂപീകരണം

102(3121) ശ്രീ. മോൻസ് ജോസഫ് :
ശ്രീ. പി. ജെ. ജോസഫ് :
ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ പ്രത്യേക കാർഷിക വിളകൾ കയറ്റുമതി ചെയ്യുവാൻ കയറ്റുമതി മന്ത്രാലയം ഓഫീസ് കൊച്ചിയിൽ തുടങ്ങുന്നത് സംബന്ധിച്ച നയം വ്യക്തമാക്കാമോ;

(ബി) കയറ്റുമതി മന്ത്രാലയം ഓഫീസ് വഴി കേരളത്തിലെ കാർഷിക വ്യവസായ ഉൽപ്പന്നങ്ങളുടെ വിദേശ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാനും വിദേശനാണ്യം നേടുവാനും നടപടി സ്വീകരിക്കുമോ;

(സി) കേരളത്തിലെ തനത് കാർഷിക ഉൽപ്പന്നങ്ങളായ റബ്ബർ, കുരുമുളക്, ഏലം, നാളികേരം എന്നിവയുടെ കയറ്റുമതി സാദ്ധ്യതയ്ക്ക് സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഡി) കേരളത്തിലെ പഴം, പച്ചക്കറി കയറ്റുമതിക്കും കൂടാതെ കേരളത്തിൽ ഇപ്പോൾ കൃഷി ചെയ്തുവരുന്ന റംബൂട്ടാൻ, വാനില പോലുള്ള ഉൽപ്പന്നങ്ങളുടെ കയറ്റുമതിക്കും പ്രോത്സാഹനം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ&ബി) കേന്ദ്ര സർക്കാർ കയറ്റുമതി മന്ത്രാലയം ഓഫീസ് കൊച്ചിയിൽ തുടങ്ങുന്നത് സ്വാഗതാർഹമാണ്.

(സി) നാണ്യവിളകളുടെ കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നത് പ്രസ്തുത വിളകൾക്കായി കേന്ദ്രസർക്കാർ രൂപീകരിച്ചിട്ടുള്ള കമ്മോഡിറ്റി ബോർഡുകളാണ്. ജൈവ സാങ്കേതികവിദ്യയിൽ ആവശ്യമുള്ള പരിശീലനവും കർഷകർക്ക് അർഹമായ ആനുകൂല്യങ്ങളും നൽകി ഗുണമേന്മയുള്ള ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിക്കുവാൻ സംസ്ഥാന കൃഷി വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഇന്ത്യയിൽനിന്നും കയറ്റി അയയ്ക്കുന്ന പഴം പച്ചക്കറികൾ കീടരഹിതമാണെന്ന് ഉറപ്പുവരുത്തുക എന്ന നടപടിയാണ് ഇപ്പോൾ ഭാരത സർക്കാർ സ്വീകരിച്ചിരിക്കുന്നത്. അതിൻപ്രകാരം APEDA അംഗീകരിച്ച പാക്ക് ഹൗസുകൾ വഴിയാണ് കയറ്റുമതി അനുവദിക്കുന്നത്. ഈ പാക്ക് ഹൗസുകളിൽവച്ച് നാഷണൽ പ്ലാന്റ് പ്രൊട്ടക്ഷൻ ഓർഗനൈസേഷൻ ഉദ്യോഗസ്ഥർ കയറ്റുമതി സാമ്പിൾ ശേഖരിച്ച് പരിശോധിക്കുകയും ഗുണനിലവാരമുണ്ടെന്ന് ഉറപ്പായാൽ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യും. ഈ സർട്ടിഫിക്കറ്റ് പ്രകാരം മാത്രമാണ് കയറ്റുമതി ചെയ്യുന്നത്. സംസ്ഥാന കൃഷി വകുപ്പിന് കീഴിലുള്ള മൂവാറ്റുപുഴയിലെ വാഴക്കുളം അഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനിയുടെ ഫാക്ടറിക്ക് ഇപ്രകാരം അംഗീകാരം ഉണ്ട്. APEDA-യുടെ സഹായത്തോടെ VFPCK വയനാട്ടിൽ പാക്ക് ഹൗസ് പ്രവർത്തന സജ്ജമാക്കി 2016 ഡിസംബർ മാസം ഉത്ഘാടനം നിർവഹിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ നിർമ്മാണം അന്തിമ ഘട്ടത്തിലാണ്. പാലക്കാട് ജില്ലയിൽ നിർമ്മാണം ഉടനെ ആരംഭിക്കുന്നതാണ്.

## കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

103(3122) <u>ശ്രീ. സി. കൃഷ്ണൻ</u> : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ ; ഇല്ലെങ്കിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

<u>ഉത്തരം</u>

(എ) ഇല്ല. നടപടി സ്വീകരിച്ചുവരുന്നു.

## ഇക്കോ ഷോപ്പുകൾ

104 (3123) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ഇക്കോ ഷോപ്പുകൾ ആരംഭിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിവരം ജില്ല തിരിച്ച് വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവൃത്തികളാണ് ഈ സംരംഭം വഴി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി)

| ക്രമ നമ്പർ | ജില്ല | എണ്ണം |
|---|---|---|
| 1 | തിരുവനന്തപുരം | 35 |
| 2 | കൊല്ലം | 32 |
| 3 | പത്തനംതിട്ട | 22 |
| 4 | ആലപ്പുഴ | 32 |
| 5 | കോട്ടയം | 32 |
| 6 | ഇടുക്കി | 34 |
| 7 | എറണാകുളം | 31 |
| 8 | തൃശ്ശൂർ | 38 |
| 9 | പാലക്കാട് | 39 |
| 10 | മലപ്പുറം | 43 |
| 11 | കോഴിക്കോട് | 20 |
| 12 | വയനാട് | 11 |
| 13 | കണ്ണൂർ | 36 |
| 14 | കാസർഗോഡ് | 22 |
| | ആകെ | 427 |

(സി) ജൈവ ക്ലസ്റ്ററുകളിൽ ഉല്പാദിപ്പിക്കുന്ന കാർഷിക ഉല്പന്നങ്ങൾ കർഷകർക്ക് അധിക വില നൽകി സംഭരിച്ച് ഇക്കോഷോപ്പുകൾ വഴി വിപണനം നടത്തുന്നു. കർഷകർക്കാവശ്യമായ ജൈവ വളങ്ങൾ, ജൈവ കീടനാശിനികൾ, മറ്റ് ഉല്പാദക ഉപാധികൾ എന്നിവയുടെ വിപണനവും നടത്തുന്നു. കൂടാതെ GAP മാനദണ്ഡങ്ങൾ പിൻതുടരുന്ന GAP സെന്ററുകളിൽനിന്നുള്ള സുരക്ഷിതമായ ഉൽപ്പന്നങ്ങൾ ഇക്കോഷോപ്പുകളിലൂടെ ശരിയായ പായ്ക്കിംഗ്, ലേബലിംഗ് എന്നിവ നടത്തി 'കേരള ഓർഗാനിക്' എന്ന ബ്രാന്റിൽ വിൽക്കുന്നു.

## കാർഷിക യന്ത്രവത്കരണത്തിന് കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ

105(3124) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക യന്ത്രവത്കരണത്തിന് കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ ;

(ബി) കാർഷിക യന്ത്രവത്കരണത്തിന് കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങളിൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ എത്രത്തോളം കുറവ് വന്നുവെന്ന് പരിശോധിച്ചിട്ടുണ്ടോ ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കാർഷിക യന്ത്രവത്കരണത്തിന് കർഷകർക്ക് നൽകുന്ന ആനുകൂല്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. നിർദ്ദേശം കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) കാർഷിക യന്ത്രവത്കരണത്തിന് കർഷകർക്ക് നല്കുന്ന ആനുകൂല്യങ്ങളിൽ ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ കുറവുകളൊന്നും വന്നിട്ടില്ല.

## പച്ചക്കറി ഉൽപ്പാദനം

106(3125) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. കെ. എം. ഷാജി:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നമുക്ക് ആവശ്യമായ പച്ചക്കറിയിൽ എത്ര ശതമാനമാണ് സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) പച്ചക്കറി ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത നേടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് വിവിധ കേന്ദ്രങ്ങളിൽ വിവിധ കാലയളവിലായി കൃഷി ചെയ്യുന്ന പച്ചക്കറികളുടെ രൂപരേഖ അടങ്ങിയ കലണ്ടർ പുറത്തിറക്കാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 32 ശതമാനം പച്ചക്കറിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിച്ചിരുന്നതെങ്കിൽ ഇപ്പോൾ 51.07% പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതായി കണക്കാക്കപ്പെടുന്നു.

(ബി) 2018-19 വർഷം 80 കോടി രൂപയാണ് പച്ചക്കറി കൃഷിക്ക് ബഡ്ജറ്റ് വിഹിതമായി അനുവദിച്ചത്. സ്കൂൾ വിദ്യാർത്ഥികൾ, വീട്ടമ്മമാർ, സന്നദ്ധ സംഘടനകളുടെയും റസിഡന്റ്സ് അസോസിയേഷനുകളുടെയും അംഗങ്ങൾ, കർഷകർ എന്നിവർ ഈ പദ്ധതിയുടെ വിജയത്തിൽ പങ്കാളികളാകും. വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, മട്ടുപ്പാവ് കൃഷി പ്രോത്സാഹനം, വിദ്യാഭ്യാസ സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി, പച്ചക്കറി കൃഷിക്കായി പരിശീലനം, ബോധവല്ക്കരണം, പ്രചരണം, ക്ലസ്റ്ററുകൾക്ക് പച്ചക്കറി കൃഷി ചെയ്യുന്നതിന് സഹായം, അവാർഡ് നൽകി മികച്ച കർഷകരെ പ്രോത്സാഹിപ്പിക്കൽ, സൂക്ഷ്മ മൂലകങ്ങളുടെ ഉപയോഗം, എ ഗ്രേഡ് ക്ലസ്റ്റർ പ്രോത്സാഹനം, ബ്ലോക്കുതല ഫെഡറേറ്റഡ് സമിതികളുടെ രൂപീകരണം, ബ്ലോക്കുതല നഴ്സറികളുടെ വികസനം, മഴ മറകൾ സ്ഥാപിക്കൽ, സൂക്ഷ്മ ജലസേചനവും - ജലസേചനം വഴിയുള്ള വളപ്രയോഗവും, തരിശ്ശ് നില കൃഷിക്ക് ധനസഹായം, മാധ്യമങ്ങൾ വഴിയുള്ള വിത്തുവിതരണം, എൻ.ജി.ഒ -കൾ മുഖേന പച്ചക്കറി വിത്ത് നൽകൽ, എന്നീ ഘടകങ്ങളാണ് ഈ പദ്ധതി മുഖേന നടപ്പിലാക്കുന്നത്.

സ്ഥലപരിമിതിമൂലം കൃഷി ചെയ്യാൻ സാധിക്കാത്ത പട്ടണ നിവാസികൾക്കായി അതിനുള്ള എല്ലാ സഹായങ്ങളും പച്ചക്കറി വികസന പദ്ധതി പ്രകാരം നൽകിവരുന്നു. ഇതിനായി ടി പദ്ധതിയിൽ മട്ടുപ്പാവ് കൃഷി ഒരു ഘടകമായി ഉൾപ്പെടുത്തി വിവിധ പച്ചക്കറി വിത്തുകൾ മുളപ്പിച്ച ഗ്രോബാഗ് യൂണിറ്റുകൾ നൽകുന്നുണ്ട്. കൂടാതെ ഓണത്തിന് 'ഒരു മുറം പച്ചക്കറി', 'സീറോ എനർജി കൂൾ ചേമ്പർ', പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്തുല്പാദനം പ്രോത്സാഹിപ്പിക്കൽ, ബഹുവർഷി പച്ചക്കറി കൃഷി പ്രോത്സാഹനം, മണ്ണിര കമ്പോസ്റ്റ് യൂണിറ്റുകൾ വഴി മാലിന്യ നിർമ്മാർജ്ജനം, മിനി പോളീഹൗസ് നിർമ്മാണം, അർബൻ ക്ലസ്റ്റർ പ്രോത്സാഹനവും മാലിന്യ സംസ്കരണവും, ജില്ലാതല ക്ലസ്റ്റർ പ്രോത്സാഹനം, മഴമറ നിർമ്മാണം, സ്ഥാപനങ്ങളിലെ പച്ചക്കറി കൃഷി, സൂക്ഷ്മ ജലസേചനം, ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം, ഭൗമസൂചിക രജിസ്ട്രേഷൻ, ക്ലസ്റ്ററുകൾ മുഖേന ചെറുകിട മൂല്യവർദ്ധിത യൂണിറ്റുകളുടെ പ്രോത്സാഹനം, കൃഷിയിടങ്ങളിൽ ബയോകൺട്രോൾ ഏജന്റ് നിർമ്മാണം എന്നീ പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

(സി) ഓരോ പഞ്ചായത്തിലും പച്ചക്കറി കൃഷിയുടെ വിവരങ്ങൾ ശേഖരിച്ച് ക്രോഡീകരിച്ച് ഓരോ സീസണിലും ഏതെല്ലാം സ്ഥലത്ത് ഏതെല്ലാം വിളകൾ എത്ര സ്ഥലത്ത് കൃഷിചെയ്യുന്നു എന്ന വിവരങ്ങളും സംസ്ഥാനത്തെ പ്രധാനപ്പെട്ട ഉല്പാദന കേന്ദ്രങ്ങൾ സംബന്ധിച്ച വിവരശേഖരണവും നടത്തിയിട്ടുണ്ട്. ഇതിൻപ്രകാരം 2017-18-ൽ പച്ചക്കറികളുടെ മാർക്കറ്റ് ഡിമാന്റ് അനുസരിച്ച് ഉല്പാദനം ക്രമീകരിക്കുന്നതിനായി 52 ആഴ്ചയുടെ ക്രോപ്പ് കലണ്ടർ തയ്യാറാക്കുകയും അധികം വരുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പ് വഴി വിപണനം ചെയ്യുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിരുന്നു. 2018-19-ലും പ്രസ്തുത കലണ്ടർ തയ്യാറാക്കി മാർക്കറ്റ് ഡിമാന്റനുസരിച്ച് പച്ചക്കറിയുടെ ഉല്പാദനവും വിപണനവും ക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## യുവജനങ്ങളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള പദ്ധതികൾ

107 (3126) ശ്രീ. ആർ. രാജേഷ് :
ശ്രീ. ആന്റണി ജോൺ :
പ്രൊഫ. കെ. യു. അരുണൻ :
ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് യുവജനങ്ങളെ കാർഷിക രംഗത്തേയ്ക്ക് ആകർഷിക്കുന്നതിനുള്ള എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിന്റെ ഭാഗമായി യുവജനങ്ങൾക്ക് താല്പര്യമുള്ള കാർഷിക വൃത്തിയിൽ പ്രാവീണ്യം നേടുന്നതിനായി കൃഷി വകുപ്പ് പരിശീലനം നൽകി വരുന്നുണ്ടോ;വിശദാംശം നൽകുമോ;

(സി) വിദ്യാർത്ഥികളിൽ കൃഷിയോടുള്ള താല്പര്യം വർദ്ധിപ്പിക്കുന്നതിനായി കൃഷി, സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി എല്ലാ വിദ്യാലയങ്ങളിലും ജൈവ വൈവിദ്ധ്യ പാർക്കുകൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

## ഉത്തരം

(എ) കാർഷിക മേഖലയിലേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിനുവേണ്ടി നൂതന കൃഷിരീതികളുടെ പ്രയോഗം, യന്ത്രവത്കരണം, കൂടുതൽ വരുമാനം എന്നിവ ഉറപ്പാക്കുന്നതിനായി വിവിധ പദ്ധതികൾ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവയിൽ ഹൈടെക് അഗ്രികൾച്ചർ, പച്ചക്കറി കൃഷി വികസന പദ്ധതി, അഗ്രോ സർവ്വീസ് സെന്ററും കാർഷിക കർമ്മസേനയും മൂല്യവർദ്ധന യൂണിറ്റുകളുടെ പ്രോത്സാഹനം എന്നിവയാണ് പ്രധാന പദ്ധതികൾ.

1. ഹൈടെക് അഗ്രികൾച്ചർ

പോളിഹൗസ് കൃഷി നടപ്പാക്കൽ. കൃത്യതാ കൃഷി സൂക്ഷ്മ ജലസേചനം എന്നിവയാണ് ഈ പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്നത്. വിളയുടെ വളർച്ചയ്ക്കാവശ്യമായ എല്ലാ കാലാവസ്ഥാ ഘടകങ്ങളും കൃത്രിമമായി സജ്ജമാക്കിയും ഉല്പാദനോപാധികളുടെ കൃത്യമായ ഉപയോഗത്തിലൂടെയും കുറച്ച് സ്ഥലത്തുനിന്നും പരമാവധി ഉല്പാദനവും തദ്വാര കൂടുതൽ വരുമാനവും ലഭ്യമാക്കുന്ന ഈ പദ്ധതി യുവതലമുറയ്ക്ക് ഏറെ ആകർഷകമാണ്.

2. പച്ചക്കറി കൃഷി വികസന പദ്ധതി

ഇതിന്റെ ഭാഗമായി മഴമറകൾ, ഫെർട്ടിഗേഷൻ സൂക്ഷ്മ ജലസേചനവും തുടങ്ങിയ ആധുനിക കൃഷിരീതികൾ അനുവർത്തിക്കുന്നതിന് ധനസഹായം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം വിദ്യാർത്ഥികളുടെ ശ്രമഫലമായി സ്ഥാപിക്കുന്നതിലൂടെ പുതുതലമുറയെ ഈ മേഖല പരിചയപ്പെടുത്തുന്നതിനും ഇതിലേയ്ക്ക് ആകർഷിക്കുന്നതിനും കഴിയുന്നു. കൂടാതെ എല്ലാ വിദ്യാർത്ഥികൾക്കും വീടുകളിൽ കൃഷി ചെയ്യുന്നതിന് സൗജന്യമായി പച്ചക്കറി വിത്ത് വിതരണം നടത്തുന്നതും ഈ ലക്ഷ്യത്തിലേയ്ക്കുള്ള ചുവടുവയ്പാണ്. സ്ഥലപരിമിതിയുള്ള വീട്ടുവളപ്പുകളിലും ഫ്ലാറ്റുകളിലും സുരക്ഷിതമായ പച്ചക്കറി ഉല്പാദനത്തിനായി മിനി പോളീഹൗസുകൾ കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ സ്ഥാപിക്കുന്നതിന് ധനസഹായം നൽകുന്നതാണ്.

3. അഗ്രോ സർവീസ് സെന്ററും കാർഷിക കർമ്മസേനയും

കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ രൂപീകരിച്ച് പ്രവർത്തിക്കുന്ന 79 അഗ്രോസെന്ററുകളിലും 200 കാർഷിക കർമ്മസേനകളിലും വിദഗ്ദ്ധ പരിശീലനം ലഭിച്ച യുവ കർഷക തൊഴിലാളികൾ യന്ത്രസാമഗ്രികളുടെ സഹായത്തോടെ ന്യായമായ നിരക്കിൽ കാർഷികവൃത്തികൾ കർഷകർക്ക് സമയബന്ധിതമായി ചെയ്തുകൊടുക്കുന്നു. ഇത്തരം സംഘങ്ങളിൽ അംഗമാകാനും യന്ത്രവൽക്കരണത്തിലൂടെ കാർഷികവൃത്തി പരിപോഷിപ്പിക്കുന്നതിനും യുവതലമുറ താല്പര്യം പ്രകടിപ്പിക്കുന്നുണ്ട്.

4. <u>ജൈവ നിയന്ത്രണോപാധികളുടെ ഉല്പാദനം</u>

സുരക്ഷിത കൃഷിയും നല്ല കാർഷികമുറകളും അവലംബിക്കുന്നതിന്റെ ഭാഗമായി ജൈവ നിയന്ത്രണോപാധികളായ ട്രൈക്കോഡെർമ, മൈക്കോറൈസ എന്നിവയുടെ പ്രാദേശിക ലഭ്യത ഉറപ്പാക്കുന്നതിന് കർഷകരുടെ പുരയിടങ്ങളിൽ തന്നെ വിദഗ്ദ്ധരുടെ മേൽനോട്ടത്തിൽ ഇവയുടെ ഉല്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് യൂണിറ്റ് ഒന്നിന് 20,000 രൂപ ക്രമത്തിൽ ധനസഹായം നൽകിവരുന്നു. ഇത്തരം യൂണിറ്റുകൾ താല്പര്യമുള്ള യുവജനങ്ങൾക്ക് ഏറ്റെടുത്ത് ലാഭകരമായി നടത്താവുന്നതാണ്. ഇതിനാവശ്യമായ പരിശീലനം കൃഷി വകുപ്പ് മുഖാന്തരം നൽകിവരുന്നു.

5. <u>കാർഷികോൽപ്പന്നങ്ങളുടെ മൂല്യവർദ്ധന യൂണിറ്റുകൾ</u>

കാർഷിക ഉല്പന്നങ്ങളുടെ ചെറുകിട മൂല്യവർദ്ധന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് കർഷക കൂട്ടായ്മകൾക്കും സംരംഭകർക്കും എസ്.എഫ്.എ.സി മുഖേന ധനസഹായം നൽകുന്നു.

6. <u>അഗ്രോ പാർക്കുകൾ</u>

കേരളത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷിക ഉൽപ്പന്നങ്ങളുടെ മൂല്യവർദ്ധനവും വിപണനവും ശക്തമാക്കുന്നതിനും കർഷകർക്ക് പരമാവധി വില നേടിക്കൊടുക്കുന്നതിനുമായി അഗ്രോപാർക്കുകളുടെ ഒരു ശൃംഖല സ്ഥാപിക്കുന്നതാണ്. സംരംഭകത്വമുള്ള യുവജനങ്ങൾക്ക് അഗ്രോ പാർക്കുകളിൽ മൂലധനനിക്ഷേപം നടത്തി മൂല്യവർദ്ധന യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഒരുക്കിക്കൊടുക്കുന്നു.

7. <u>വിളവെടുപ്പിന് ശേഷമുള്ള സംസ്കരണവും മൂല്യവർദ്ധനവും</u>

സംസ്കരണത്തിലൂടെയും മൂല്യവർദ്ധനവിലൂടെയും കാർഷിക ഉൽപ്പന്നങ്ങൾക്ക് വിപണിയിൽ അധികവില നേടിയെടുക്കുവാൻ സാധിക്കും. ഇതിനായി കർഷക സമൂഹത്തിൽ സംരംഭകത്വം വളർത്തിയെടുക്കുന്നതിന് ഇൻക്യുബേഷൻ സെന്ററുകൾ മുഖാന്തരം പരിശീലനം നൽകിവരുന്നു. കേന്ദ്ര കിഴങ്ങുവിള ഗവേഷണ കേന്ദ്രം ശ്രീകാര്യം, കേരള കാർഷിക സർവ്വകലാശാല, ഇന്ത്യൻ സുഗന്ധവിള ഗവേഷണ കേന്ദ്രം കോഴിക്കോട്, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്റർ ഡിസിപ്ലിനറി സയൻസ് ആൻഡ് ടെക്നോളജി തിരുവനന്തപുരം, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ എന്നീ സ്ഥാപനങ്ങളിൽ ഇതിനുള്ള സജ്ജീകരണങ്ങൾ ലഭ്യമാണ്.

(ബി) കൃഷി വകുപ്പിന്റെ കീഴിലുള്ള RATTC-കൾ, സമേതി എന്നീ ട്രയിനിംഗ് സെന്ററുകളിലൂടെ കർഷകർക്ക് താല്പര്യമുള്ള വിഷയങ്ങളിൽ പരിശീലനം നൽകുന്നു. പച്ചക്കറി വികസനം, ഹൈടെക് അഗ്രികൾച്ചർ, വിള ആരോഗ്യപരിപാലനം, മൂല്യവർദ്ധനവിനുള്ള പദ്ധതികൾ, തുടങ്ങിയ വിവിധ പദ്ധതികളിൽ നൂതന സാങ്കേതികവിദ്യകളിൽ പരിശീലനം നൽകുന്നു. ഇതിലൂടെ യുവജനങ്ങൾക്ക് താല്പര്യമുള്ള കാർഷിക വൃത്തിയിൽ പ്രാവീണ്യം നേടുന്നതിന് സാധിക്കുന്നു.

(സി) കൃഷി പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

(ഡി) കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ സ്കൂളുകളിൽ പച്ചക്കറിത്തോട്ടം ഉണ്ടാക്കുന്നതിന് ധനസഹായം നൽകുന്നുണ്ട്. എന്നാൽ കൃഷി വകുപ്പിലൂടെ ജൈവവൈവിധ്യ പാർക്കുകൾക്ക് ധനസഹായം നൽകുന്നില്ല.

**കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കേരഗ്രാമം പദ്ധതി**

108(3127) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരഗ്രാമം പദ്ധതി നടപ്പിലാക്കിയ പ്രദേശങ്ങളിൽ തുടർപ്രവർത്തനങ്ങളുടെ ഭാഗമായി എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് വിശദീകരിക്കുമോ;

(സി) 2018-19-ൽ കേരഗ്രാമം പദ്ധതിയ്ക്കുവേണ്ടി തെരഞ്ഞെടുത്തിട്ടുള്ളത് ഏത് ഗ്രാമപഞ്ചായത്തിനെയാണെന്നും എന്തെല്ലാം ആനുകൂല്യങ്ങൾ ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടെന്നും വിശദീകരിക്കുമോ?

ഉത്തരം

(എ) കാർഷിക മേഖലയുടെ സുസ്ഥിര വികസനവും കർഷക ക്ഷേമവും മുൻനിർത്തി കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിൽ 2018-19 സാമ്പത്തിക വർഷം നടപ്പിലാക്കിക്കൊണ്ടിരുന്ന വികസന പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

1. നാളികേര വികസന പദ്ധതി 2018-2019

(a) റീപ്ലാന്റിംഗ് ആൻഡ് റിജുവനേഷൻ ഓഫ് കോക്കനട്ട് ഗാർഡൻസ്- CDB പദ്ധതി.

(b) അത്യുല്പാദനശേഷിയുള്ള ഇടത്തരം പൊക്കമുള്ള (Semitall) തെങ്ങുകളുടെയും കുറിയ ഇനം തെങ്ങുകളുടെയും പ്രദർശന തോട്ടം.

2. സമഗ്ര നെൽകൃഷി വികസന പദ്ധതി

സമഗ്ര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഒന്നാം വിളയിൽത്തന്നെ 259 ഹെക്ടർ വിസ്തൃതിയിൽ സുസ്ഥിര നെൽകൃഷി വികസനം നടപ്പിലാക്കിവരുന്നു. രണ്ടാം വിളയായി 132 ഹെക്ടർ വിസ്തൃതിയും മൂന്നാം വിളയായി (പുഞ്ച കൃഷി) 130 ഹെക്ടർ വിസ്തൃതിയിലും പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ 219 ഹെക്ടർ സ്ഥലത്ത് കരനെൽകൃഷിയും 30 ഹെക്ടറിൽ തരിശുനില കൃഷിയും പ്രാവർത്തികമാക്കാനുള്ള പ്രവർത്തനങ്ങളും ചെയ്തുവരുന്നു. ഇതിനുപുറമെ തൊടിയൂർ ആര്യൻപാടം, മാലുമേൽ, പുഞ്ച എന്നീ പ്രദേശങ്ങളിൽ നെൽകൃഷി വികസനത്തിനായി ഓണാട്ടുകര വികസന ഏജൻസിയുടെ സഹകരണത്തോടെ തഴവ, വട്ടക്കായൽ, നെൽകൃഷി മാതൃകയിൽ പദ്ധതികൾ ആവിഷ്കരിച്ച് വരുന്നു.

3. പച്ചക്കറി വികസന പദ്ധതി

പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ സാമ്പത്തിക വർഷം ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിപ്രകാരം 35,000 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ സ്കൂൾ വിദ്യാർത്ഥികൾ മുഖേനയും 41800 പച്ചക്കറി വിത്ത് പായ്ക്കറ്റുകൾ കൃഷിഭവൻ മുഖേനയും വിതരണം ചെയ്യുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

കൂടാതെ പച്ചക്കറി വികസന പദ്ധതിപ്രകാരം കുലശേഖരപുരം പഞ്ചായത്തിൽ പ്രവർത്തിച്ചുവരുന്ന ബ്ലോക്കുതല നഴ്സറി മുഖേന 50,000 പച്ചക്കറിതൈകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ ദ്രുതഗതിയിൽ നടന്നുവരുന്നു. അതോടൊപ്പം 3750 ഗ്രോബാഗുകളിൽ മിശ്രിതം നിറച്ച് പച്ചക്കറിതൈ ഉൾപ്പെടെ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

4. എള്ള് കൃഷി വ്യാപനം

പ്രസ്തുത പദ്ധതിപ്രകാരം 160 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷി വ്യാപിപ്പിക്കുന്നതിനായി ഹെക്ടർ ഒന്നിന് 5,000 രൂപ നിരക്കിൽ ആകെ 8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

5. വിള പരിപാലന പദ്ധതി

ടി പദ്ധതി പ്രകാരം കുലശേഖരപുരം, തൊടിയൂർ കൃഷിഭവനുകളിൽ ഓരോ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ പ്രവർത്തിച്ചുവരുന്നു. കൂടാതെ പ്രസ്തുത കൃഷിഭവനുകളിൽ 10 കർഷകരെ വീതം ഉൾപ്പെടുത്തി ഓരോ പെസ്റ്റ് സർവയലൻസ് ഗ്രൂപ്പുകളും പ്രവർത്തിച്ചുവരുന്നു.

6. <u>സോയിൽ ആൻഡ് റൂട്ട് ഹെൽത്ത് മാനേജ്മെന്റ്</u>

പദ്ധതിപ്രകാരം നാളിതുവരെ 5,49,750 രൂപ ഓച്ചിറ എ.ഡി.എ. ഓഫീസിന് വിവിധ ഘടകങ്ങളായി അനുവദിച്ചു.

7. <u>കാർഷിക വിജ്ഞാന വ്യാപനം</u>

വിവിധ പദ്ധതികളിലായി ആത്മ, കർഷക സഭ, ഞാറ്റുവേല ചന്ത, സമ്മിശ്രിതകൃഷി മാതൃകകൾ തുടങ്ങിയവ നടപ്പിലാക്കിവരുന്നു.

8. <u>ജൈവകൃഷി വികസനം</u>

25 ഹെക്ടർ സ്ഥലത്ത് സമ്പൂർണ്ണ ജൈവകൃഷി നടപ്പിലാക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. <u>കർഷകർക്കുള്ള സൗജന്യ വൈദ്യുതി</u>

പദ്ധതിപ്രകാരം നാളിതുവരെ 3,78,000 രൂപ അനുവദിച്ചു.

10. <u>കർഷക പെൻഷൻ</u>

1,86,66,600 രൂപ മെയ് മാസം വരെ 2253 കർഷകർക്ക് വിതരണം ചെയ്തു.

(ബി) കരുനാഗപ്പള്ളി നിയോജകമണ്ഡലത്തിന്റെ പരിധിയിൽ ആലപ്പാട്ട് പഞ്ചായത്തിലാണ് കേരഗ്രാമം പദ്ധതി 2017-18 വർഷം നടപ്പിലാക്കിയിട്ടുള്ളത്. പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച വാർഡ്തല ക്ലസ്റ്ററുകളും പഞ്ചായത്തുതല കേര സൊസൈറ്റിയും നിലവിലും സജീവമായി പ്രവർത്തിച്ചുവരുന്നു. കേരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിയ ഇടവിളകൃഷി, തെങ്ങുകയറ്റ യന്ത്രങ്ങളുടെ ഉപയോഗം എന്നിവയിൽ പ്രസ്തുത സമിതികളും കൃഷിഭവനും സജീവമായി ഇടപെട്ടുവരുന്നു.

(1) കേരഗ്രാമം പദ്ധതിയിൽ നടപ്പിലാക്കിയ കിഴങ്ങുവർഗ്ഗ വിളകളുടെ കൃഷി പുരോഗമിച്ചുവരുന്നു.

(2) കേരഗ്രാമം പദ്ധതിപ്രകാരം നടപ്പിലാക്കിയ മണ്ണിര കമ്പോസ്റ്റ് യൂണിറ്റ് മുഖാന്തരം മണ്ണിര കമ്പോസ്റ്റ് ഉല്പാദനം നടന്നുവരുന്നു.

(3) കേരഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി അനുവദിച്ച തെങ്ങിൻതൈ നഴ്സറിയിലൂടെ നല്ലയിനം തെങ്ങിൻതൈ കർഷകർക്ക് വിതരണം ചെയ്യുന്നതിനുള്ള നടപടി ക്രമങ്ങൾ നടന്നുവരുന്നു.

(4) 2017-18 വർഷം അനുവർത്തിച്ച സംയോജിത വിള പരിപാലന മുറകൾ തുടരുവാനുള്ള പ്രേരണയും കർഷകർക്ക് നൽകുന്നുണ്ട്.

(സി) 2018-19 വർഷം പുതുതായി 79 കേരഗ്രാമങ്ങൾ തെരഞ്ഞെടുത്ത് പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. കേരഗ്രാമങ്ങളുടെ പട്ടിക തയ്യാറാക്കൽ അന്തിമമായിട്ടില്ല.

ഒരു കേരഗ്രാമത്തിന് പദ്ധതി വിഹിതമായി 50.17 ലക്ഷം രൂപയോടൊപ്പം ജനകീയാസൂത്രണ വികസന പ്ലാൻ ഫണ്ടിൽനിന്നും 22.50 ലക്ഷം രൂപയും, നാളികേരാധിഷ്ഠിത മൂല്യവർദ്ധന സംരംഭങ്ങൾക്ക് 25 ലക്ഷം രൂപ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യത്തിൽനിന്നും പ്രയോജനപ്പെടുത്തി നാളികേര കൃഷിയുടെ ഉന്നമനത്തിനായി ആകെ 97.67 ലക്ഷം രൂപ ഒരു കേരഗ്രാമത്തിന് ലക്ഷ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി പദ്ധതി ഘടന പുതുക്കിയാണ് 2018-19 വർഷം പദ്ധതി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്.

## കൃഷി വകുപ്പിലെ കേന്ദ്രാവിഷ്കൃത പദ്ധതികൾ

109(3128) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ലഭിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമയബന്ധിതമായി സമർപ്പിക്കാത്തത് കാരണം ഏതെല്ലാം പദ്ധതികളാണ് കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ കൃഷി വകുപ്പിന് നഷ്ടപ്പെട്ടതെന്നും ഏതെല്ലാം പദ്ധതികളാണ് അനുമതി ലഭിക്കുവാൻ വൈകുന്നതെന്നും വ്യക്തമാക്കുമോ; ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൃഷി വകുപ്പ് ഈ വർഷം എന്തൊക്കെ പദ്ധതികളാണ് തയ്യാറാക്കി കേന്ദ്രത്തിലേയ്ക്ക് സമർപ്പിച്ചിട്ടുള്ളത്; വരും വർഷത്തേക്ക് മുൻകൂറായി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ, ലോക ബാങ്ക് പദ്ധതികൾ എന്നിവ സംബന്ധിച്ച ആശയങ്ങൾ സ്വീകരിച്ച് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന പ്രോജക്ട് പ്ലാനിംഗ് ആൻറ് മോണിറ്ററിംഗ് സെല്ലിനെ കൂടുതൽ കാര്യക്ഷമമാക്കാനും പ്രൊഫഷണലാക്കാനും എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) കഴിഞ്ഞ രണ്ട് വർഷം പ്രസ്തുത സെൽ തയ്യാറാക്കി സമർപ്പിച്ച സംസ്ഥാനത്തെ കൃഷി, മൃഗസംരക്ഷണ,മണ്ണ് സംരക്ഷണ പദ്ധതികളുടെ ലിസ്റ്റും ഓരോ പദ്ധതിയിലും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും ലഭ്യമാക്കാമോ?

ഉത്തരം

(എ) കേന്ദ്രാവിഷ്കൃത പദ്ധതികൾ ലഭിക്കുന്നതിനായി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ സമയബന്ധിതമായി കേന്ദ്രഗവൺമെന്റിന് സമർപ്പിക്കാത്തത് കാരണം പദ്ധതികൾ ഒന്നും തന്നെ നഷ്ടപ്പെട്ടിട്ടില്ല.

(ബി) 2018-19 വർഷത്തേക്ക് താഴെ പറയുന്ന പദ്ധതികളാണ് വാർഷിക ആക്ഷൻ പ്ലാൻ (എ.എ.പി.) തയ്യാറാക്കി സമർപ്പിച്ചിട്ടുള്ളത്.

(1) ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി

(2) സബ്മിഷൻ ഓൺ അഗ്രികൾച്ചറൽ മെക്കനൈസേഷൻ

(3) രാഷ്ട്രീയ കൃഷി വികാസ് യോജന

(4) സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രി

(5) മിഷൻ ഓൺ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ

(6) ആത്മ പദ്ധതി

(7) സോയിൽ ഹെൽത്ത് കാർഡ്

(8) സോയിൽ ഹെൽത്ത് മാനേജ്മെന്റ്

വരുംവർഷങ്ങളിൽ ഈ പദ്ധതികൾ തുടരുന്നതിന് കേന്ദ്രസർക്കാർ അനുവദിക്കുന്ന പക്ഷം യഥാസമയം തന്നെ വാർഷിക പദ്ധതി സമർപ്പിച്ച് അനുമതി തേടുന്നതാണ്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതികൾ, ലോകബാങ്ക് പദ്ധതികൾ എന്നിവ സംബന്ധിച്ച ആശയങ്ങൾ സ്വീകരിച്ച് പദ്ധതികൾ തയ്യാറാക്കി സമർപ്പിക്കുന്നതിനായി സെക്രട്ടറിയേറ്റിന്റെ ഭാഗമായി പ്രവർത്തിക്കുന്ന പ്രോജക്ട് പ്ലാനിംഗ് ആൻഡ് മോണിറ്ററിംഗ് സെല്ലിനെ (പി.പി.എം. സെൽ) ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി ഫെബ്രുവരി 2018 മുതൽ ഒരു ഫുൾ ടൈം ഡയറക്ടർ ആൻഡ് എക്സ് ഒഫിഷ്യോ അഡീഷണൽ സെക്രട്ടറിയെ നിയമിച്ചിട്ടുണ്ട്. പി.പി.എം. സെല്ലിന്റെ പ്രവർത്തനം കൂടുതൽ പ്രൊഫഷണൽ ആക്കുന്നതിന്റെ ഭാഗമായി ടി സെൽ കൈകാര്യം ചെയ്യുന്ന പ്രധാന പദ്ധതികളുമായി ബന്ധപ്പെട്ട് നൂതന സാങ്കേതികവിദ്യകളായ Geo tagging/RDMIS, ഡാറ്റാ എൻട്രി എന്നിവയിൽ കേന്ദ്ര സർക്കാരിന്റെ പ്രതിനിധികൾ മുഖേന പരിശീലനം സംഘടിപ്പിച്ചുവരുന്നു. ഉദ്യോഗസ്ഥരെ ഗ്രൂപ്പുകളായി തിരിച്ച്, ചുരുങ്ങിയ സമയം കൊണ്ട് ഫീൽഡ് സന്ദർശനങ്ങൾ നടത്തി അപാകതകൾ ബന്ധപ്പെട്ടവരുടെ ശ്രദ്ധയിൽപ്പെടുത്തുകയും പരിഹാര നടപടികൾ കൈക്കൊള്ളുകയും ചെയ്യുന്നു. വിവിധ വകുപ്പുകളുടെയും അനുബന്ധ സർക്കാർ ഏജൻസികളുടെയും അവലോകന യോഗം സമയബന്ധിതമായി വിളിച്ചുചേർക്കുകയും ആവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു.

(ഡി) 2016-17, 2017-18 വർഷങ്ങളിൽ കൃഷി (പി.പി.എം. സെൽ) വകുപ്പ് മുഖേന സമർപ്പിച്ച സംസ്ഥാനത്തെ കൃഷി, മൃഗ സംരക്ഷണ, മണ്ണ് സംരക്ഷണ പദ്ധതികളുടെ ലിസ്റ്റും ഓരോ പദ്ധതിയിലും വകയിരുത്തിയിട്ടുള്ള തുകയുടെ വിശദാംശങ്ങളും അനുബന്ധമായി* ചേർക്കുന്നു.

## പച്ചക്കറികളുടെ ഗുണനിലവാരം

110 (3129) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാൻ എന്തെല്ലാം സംവിധാനങ്ങളാണുള്ളതെന്നും,സംവിധാനങ്ങൾ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

സംസ്ഥാനത്ത് പച്ചക്കറികളുടെ ഗുണനിലവാരം പരിശോധിക്കാൻ "സേഫ് റ്റു ഈററ്" പദ്ധതി പ്രകാരം മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറി സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് അവയിലെ അവശിഷ്ട കീടനാശിനികളുടെ അളവ് പരിശോധിച്ച് വരുന്നുണ്ട്.

വിവിധ മാർക്കറ്റുകളിൽനിന്നും കർഷകരുടെ കൃഷിയിടങ്ങളിൽനിന്നും സാമ്പിളുകൾ കേരള കാർഷിക സർവ്വകലാശാല ശേഖരിച്ച് പച്ചക്കറികളിൽ അടങ്ങിയിട്ടുള്ള കീടനാശിനികളുടെ അളവ് പരിശോധിക്കുകയും പൊതു ജനങ്ങളുടെ അറിവിലേയ്ക്കായി പ്രസിദ്ധീകരിക്കുകയും ചെയ്യുന്നുണ്ട്. ഇതര സംസ്ഥാനങ്ങളിൽ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളിലെ കീടനാശിനികളുടെ സാന്നിദ്ധ്യം നിയന്ത്രിക്കുന്നതിനും കീടനാശിനികളുടെ ഉപയോഗം കുറയ്ക്കുന്നതിനും കൃഷി വകുപ്പും, ഫുഡ് സേഫ്റ്റി കമ്മീഷണറും, കാർഷിക സർവ്വകലാശാലയും ചേർന്ന് തമിഴ്നാട് സംസ്ഥാനത്തെ കൃഷി സ്ഥലങ്ങൾ സന്ദർശിക്കുകയും തമിഴ്നാട് കാർഷിക സർവ്വകലാശാല, കൃഷി വകുപ്പ് എന്നിവരുടെ യോഗം ചേർന്ന് അമിതമായ കീടനാശിനി പ്രയോഗം ഒഴിവാക്കാനുള്ള നടപടി സ്വീകരിക്കുവാനും അഭ്യർത്ഥിച്ചിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽനിന്നും പഴം, പച്ചക്കറി സാമ്പിൾ എടുത്ത് കാർഷിക സർവ്വകലാശാലയുടെ വെള്ളായണി ലാബിൽ പരിശോധിക്കുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## മണ്ണ് സംരക്ഷണ പ്രവൃത്തികൾ

111(3130) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. അനിൽ അക്കര:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവമൂലം ഉണ്ടാകുന്ന കെടുതികൾ പരിമിതപ്പെടുത്തുന്നതിനും കാർഷികോല്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ട് മണ്ണ്, ജല സംരക്ഷണത്തിനായി കൃഷി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്ക് ആരുടെയെങ്കിലും സാമ്പത്തിക സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) നീർച്ചാലുകളുടെ സംരക്ഷണം, തടയണ നിർമ്മാണം, ജലസംഭരണികളുടെ നിർമ്മാണം എന്നീ പ്രവൃത്തികൾ മണ്ണ് സംരക്ഷണ വകുപ്പിന് വിജയകരമായി ആവിഷ്കരിച്ച് നടപ്പിലാക്കുവാൻ കഴിയുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) മണ്ണ് സംരക്ഷണവുമായി ബന്ധപ്പെട്ട കാര്യങ്ങളിൽ കർഷകർക്ക് അവബോധം നൽകുന്നതിന് ഉതകുന്ന വിധത്തിലാണോ സോയിൽ മ്യൂസിയത്തിന്റെ പ്രവർത്തനം ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കൃഷി വകുപ്പുമുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ താഴെപ്പറയുന്നു.

1. വെള്ളപ്പൊക്കം തടയാനായി ബണ്ട് ശക്തിപ്പെടുത്തുന്നതിനും മാലിന്യങ്ങൾ നീക്കംചെയ്യുന്നതിനും ആവശ്യാധിഷ്ഠിത സഹായം നൽകുന്നതിനും പ്രകൃതി ക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുമുള്ള നടപടികൾ സംസ്ഥാനാവിഷ്കൃത പദ്ധതി മുഖേന നടപ്പിലാക്കിവരുന്നു.

2. തെങ്ങിൻ തോട്ടങ്ങളിലും, കമുകിൻ തോട്ടങ്ങളിലും ദീർഘ സംരക്ഷണത്തിനും, പുതയിടൽ, തൊണ്ട് മണ്ണിനടിയിലാക്കൽ എന്നിവ കേരഗ്രാമം പദ്ധതി (സംസ്ഥാനാവിഷ്കൃത പദ്ധതി) മുഖേന നടപ്പിലാക്കിവരുന്നു.

3. കുട്ടനാട് പോലുള്ള മേഖലകളിൽ മണ്ണിന്റെ അമ്ലത്വം കുറയ്ക്കുന്നതിന് സംസ്ഥാനാവിഷ്കൃത പദ്ധതിയായ "നെൽകൃഷി വികസനം" മുഖേന കുമ്മായം നൽകിവരുന്നു.

4. മഴക്കാലത്ത് ലഭ്യമാകുന്ന ജലം സമാഹരിക്കുന്നതിനുള്ള ജല സംഭരണികൾ, മഴക്കുഴികൾ എന്നിവ PMKSY എന്ന കേന്ദ്രാവിഷ്കൃത പദ്ധതി മുഖേന നടപ്പിലാക്കിവരുന്നു.

മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

വെള്ളപ്പൊക്കം, വരൾച്ച തുടങ്ങിയവമൂലം ഉണ്ടാകുന്ന കെടുതികൾ പരിമിതപ്പെടുത്തുന്നതിനും കാർഷിക മേഖലയുടെ സുസ്ഥിരവും സമഗ്രവുമായ വികസനത്തിനും കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുവാനും ഉതകുന്ന പദ്ധതികളായ നബാർഡ് ധനസഹായത്തോടുകൂടിയുള്ള ആർ.ഐ.ഡി.എഫ് പദ്ധതി, ശുദ്ധജല സംഭരണികളുടെ വൃഷ്ടി പ്രദേശത്തെ മണ്ണ് ജല സംരക്ഷണം, മണ്ണിടിച്ചിലുള്ള പ്രദേശങ്ങളുടെ ബലപ്പെടുത്തൽ, കർഷകർക്കുള്ള സോയിൽ ഹെൽത്ത് കാർഡ് വിതരണം, പഞ്ചായത്തുതല ശാസ്ത്രീയ മണ്ണ് ഭൂവിഭവ വിവര ശേഖരണം എന്നീ പദ്ധതികളും നീർത്തടാടിസ്ഥാനത്തിലുള്ള മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങളും വെള്ളപ്പൊക്കവും കാർഷിക വരൾച്ചയും ശമിപ്പിക്കുവാനുമുള്ള പദ്ധതികളാണ് നബാർഡ് ധനസഹായ ആർ.ഐ.ഡി.എഫ് പദ്ധതിയിലൂടെ മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കിവരുന്നത്. ആർ.ഐ.ഡി.എഫിന്റെ 19 മുതൽ 22 വരെ ഘട്ടങ്ങളിലായി അനുമതി ലഭിച്ച 115 പദ്ധതികൾ സംസ്ഥാനത്ത് ഇപ്പോൾ നടപ്പിലാക്കിവരുന്നു.

വിവിധ ആസൂത്രണ വികസന പ്രവർത്തനങ്ങൾക്ക് മാർഗ്ഗ രേഖയായി പഞ്ചായത്ത് തല വിശദ മണ്ണ് പര്യവേക്ഷണം നടത്തി ഭൂവിഭവ റിപ്പോർട്ടുകളും ഭൂപടങ്ങളും മണ്ണ് പര്യവേഷണ-മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കി നൽകി വരുന്നു. മണ്ണിന്റെ ആരോഗ്യം സംരക്ഷിക്കുവാനും, മണ്ണറിഞ്ഞ് വളം ചെയ്യുവാൻ കർഷകരെ സഹായിക്കുവാനും, മണ്ണിന്റെ രാസ ഭൗതിക സ്വഭാവങ്ങളുടെയും ശാസ്ത്രീയ വളപ്രയോഗ ശിപാർശകളുടെയും ആധികാരിക രേഖയായ സോയിൽ ഹെൽത്ത് കാർഡ് സംസ്ഥാനത്തെ എല്ലാ കർഷകർക്കും വിതരണം ചെയ്യുവാൻ ലക്ഷ്യമിട്ടിരിക്കുന്ന പദ്ധതി കൃഷി വകുപ്പും മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായി നടപ്പിലാക്കിവരുന്നു.

സോയിൽ ഹെൽത്ത് കാർഡിന്റെ ഉപയോഗം വഴി കർഷകർക്കുണ്ടാകുന്ന ഗുണങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി കേരളത്തിലെ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പ്രദർശന കൃഷിയിടങ്ങൾ സജ്ജമാക്കിയിട്ടുണ്ട്. കർഷകർ പിൻതുടർന്നുവരുന്ന പരമ്പരാഗത വളപ്രയോഗ മുറകളും ശാസ്ത്രീയ പരിശോധനയിൽ അധിഷ്ഠിതമായ സോയിൽ ഹെൽത്ത് കാർഡിലെ വളപ്രയോഗ ശിപാർശകളും തമ്മിലുള്ള താരതമ്യ പഠനം ഇതിനു കീഴിൽ നടത്തിവരുന്നു. പ്രകൃതി വിഭവ പരിപാലനം, മണ്ണ് ജല സംരക്ഷണം, നീർത്തട വികസനം എന്നീ വിഷയങ്ങളിൽ പൊതുജനങ്ങളെ ബോധവൽക്കരിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ വകുപ്പിന്റെ ചടയമംഗലത്തുള്ള സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം വഴി നൽകിവരുന്നു. കേരളത്തിലെ വൈവിധ്യമാർന്ന മണ്ണിനങ്ങളെയും അനുബന്ധ വിഷയങ്ങളെയും കുറിച്ചുള്ള സമഗ്രമായ വിവരങ്ങൾ എല്ലാവരിലേയ്ക്കും എത്തിക്കുന്നതിനായി മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പിന്റെ കീഴിൽ ഒരു സോയിൽ മ്യൂസിയം തിരുവനന്തപുരത്ത് പാറോട്ടുകോണത്ത് പ്രവർത്തിച്ചു വരുന്നു.

വയനാട് ജില്ലയിലെ വരൾച്ചാ ബാധിത മേഖലയായ മുള്ളൻകൊല്ലി, പുൽപ്പള്ളി, പൂതാടി ഗ്രാമപഞ്ചായത്തുകളിലെ വരൾച്ച ലഘൂകരണത്തിനായി 80.20 കോടി രൂപ അടങ്കൽ വരുന്ന ഒരു സമഗ്ര നീർത്തടാധിഷ്ഠിത പദ്ധതി മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

ഇടുക്കി ജില്ലയിലെ കാന്തല്ലൂർ, വട്ടവട പഞ്ചായത്തുകളിൽ ശീതകാല പഴം/പച്ചക്കറികൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള ജലസേചന സൗകര്യ വികസനത്തിനായി സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷന്റെ ധനസഹായത്തോടെ 5.12 കോടി രൂപയുടെ പദ്ധതിയും വകുപ്പ് നടപ്പിലാക്കിവരുന്നു.

കൂടാതെ കേന്ദ്രാവിഷ്കൃത പദ്ധതികളായ രാഷ്ട്രീയ കൃഷിവികാസ് യോജന, പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജന എന്നിവയിലുൾപ്പെടുത്തി പദ്ധതി പ്രവർത്തനങ്ങളും മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നു.

(ബി) കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ കേന്ദ്ര/സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പിലാക്കുന്നത്.

മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന നടപ്പിലാക്കുന്ന വിവിധ പദ്ധതികൾക്കുള്ള തുക ലഭ്യമാകുന്നത് സംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി *ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) നീർച്ചാലുകളുടെ സംരക്ഷണം, തടയണ നിർമ്മാണം, ജലസംഭരണികളുടെ നിർമ്മാണം മുതലായ പ്രവൃത്തികൾ മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് വിജയകരമായി ആവിഷ്കരിച്ച് ജനപങ്കാളിത്തത്തോടെ സുതാര്യമായി നടപ്പിലാക്കിവരുന്നു.

(ഡി) കേന്ദ്ര സർക്കാരിന്റെ കേന്ദ്രാവിഷ്കൃത പദ്ധതിയായ നാഷണൽ മിഷൻ ഫോർ സസ്റ്റെയിനബിൾ അഗ്രികൾച്ചർ എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുന്നതിനുള്ള നടപടി 2015-16 മുതൽ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. കൃഷി വകുപ്പും മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പും സംയുക്തമായാണ് സംസ്ഥാനത്ത് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. ഈ പദ്ധതിപ്രകാരം ഒന്നാം ഘട്ടത്തിൽ (2015-16, 2016-17) 7,05,420 സോയിൽ ഹെൽത്ത് കാർഡുകളും, രണ്ടാം ഘട്ടത്തിൽ (2017-18, 2018-19) ഇതുവരെ 4,27,250 സോയിൽ ഹെൽത്ത് കാർഡുകളും കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. ഈ പദ്ധതിപ്രകാരം ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റത്തിന്റെ (GPS) സഹായത്തോടെ ഗ്രിഡ് അടിസ്ഥാനത്തിൽ മണ്ണ് സാമ്പിളുകൾ ശേഖരിച്ച്, സൂക്ഷ്മ മൂലകങ്ങളടക്കം 13 ഘടകങ്ങളുടെ അളവ് പരിശോധിച്ച്, വളപ്രയോഗത്തിനുള്ള ശിപാർശ അടങ്ങിയ കാർഡുകൾ ഈ ഗ്രിഡിൽ വരുന്ന എല്ലാ കർഷകർക്കും നൽകുന്നു.

കേന്ദ്ര സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡ് വിതരണം ചെയ്യുവാൻ ഉദ്ദേശിക്കുന്നു. 2018-19 പൂർത്തീകരിക്കുന്നതോടെ സംസ്ഥാനത്തെ എല്ലാ കർഷകർക്കും സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്യുവാനുള്ള പ്രവർത്തനങ്ങൾ തുടരുന്നു.

(ഇ) ഭൂമിയുടേയും മനുഷ്യരാശിയുടേയും നിലനിൽപ്പിന് മണ്ണിനുള്ള പ്രാധാന്യത്തെക്കുറിച്ചും പ്രകൃതിവിഭവങ്ങളായ മണ്ണ്, ജലം എന്നിവയുടെ സംരക്ഷണത്തെക്കുറിച്ചും പൊതുജനങ്ങൾക്കും വിദ്യാർത്ഥികൾക്കും അവബോധം സൃഷ്ടിക്കുക എന്ന ലക്ഷ്യത്തോടെയാണ് 2014 ജനുവരി ഒന്നിന് തിരുവനന്തപുരം ജില്ലയിൽ പാറോട്ടുകോണത്ത് പ്രവർത്തനമാരംഭിച്ച സംസ്ഥാന സോയിൽ മ്യൂസിയം പ്രവർത്തിച്ച് വരുന്നത്. കേരളത്തിലെ വിവിധ പ്രദേശങ്ങളിൽ നിന്നുള്ള മണ്ണ് പരിഛേദികൾ, മണ്ണ് ജല സംരക്ഷണ മാതൃകകൾ, വിവിധയിനം കയ്യാലകൾ വിവിധയിനം വേദികകൾ, നീർച്ചാൽ സംരക്ഷണ മാതൃകകൾ, വിവിധയിനം ചെക്ക് ഡാമുകൾ, മണ്ണൊലിപ്പിന്റെ വിവിധ ഘട്ടങ്ങൾ പ്രതിപാദിക്കുന്ന പ്രവർത്തന മാതൃക, നീർത്തട പ്രവർത്തന മാതൃക, സോയിൽ പൈപ്പിംഗ് മാതൃക, വിവിധതരം

മണ്ണ് സംരക്ഷണ പ്രവൃത്തികളുടെയും നീർച്ചാൽ സംരക്ഷണത്തിന്റെയും മഴവെള്ളക്കൊയ്ത്ത്, ജലസ്രോതസുകളുടെ പുനരുജ്ജീവനം തുടങ്ങിയവയുടെ ഫോട്ടോപ്രദർശനം എന്നിവ ഇവിടെ സജ്ജമാക്കിയിട്ടുണ്ട്. കേരളത്തിലെ വിവിധ പ്രദേശങ്ങളിലെ വിള സമ്പ്രദായങ്ങൾ, മണ്ണ് മലിനീകരണം, മണ്ണിലെ പോഷക മൂലകങ്ങളുടെ അപര്യാപ്തത, ലക്ഷണങ്ങൾ, നെൽവയൽ നികത്തൽ, അതിന്റെ അനന്തര ഫലങ്ങൾ തുടങ്ങി കർഷകർക്ക് പ്രയോജനകരമായ അനേകം വിഷയങ്ങൾ സോയിൽ മ്യൂസിയത്തിൽ പ്രദർശന സജ്ജമാക്കിയിട്ടുണ്ട്.

സോയിൽ മ്യൂസിയത്തിൽ സജ്ജീകരിച്ചിരിക്കുന്ന മിനി തീയേറ്ററിൽ വിവിധ മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങളെക്കുറിച്ചുള്ള ലഘുചിത്രങ്ങൾ പ്രദർശിപ്പിക്കുന്നു. മണ്ണിന്റെ ആരോഗ്യ സംരക്ഷണം, മണ്ണ് ജല സംരക്ഷണ മാർഗ്ഗങ്ങൾ എന്നിവയെക്കുറിച്ച് പൊതുജനങ്ങൾക്ക് അറിവ് നൽകുന്ന രീതിയിലാണ് സോയിൽ മ്യൂസിയം പ്രവർത്തന സജ്ജമാക്കിയിരിക്കുന്നത്. കൂടാതെ വകുപ്പിന്റെ സംസ്ഥാനതല പരിശീലന കേന്ദ്രമായ ചടയമംഗലത്ത് സ്ഥിതി ചെയ്യുന്ന സംസ്ഥാന നീർത്തട വികസന പരിപാലന പരിശീലന കേന്ദ്രം വഴി മണ്ണ് ജല സംരക്ഷണം, പ്രകൃതി വിഭവ പരിപാലനം, പരിസ്ഥിതി പുനരുജ്ജീവനം, നീർത്തട വികസനം എന്നീ വിഷയങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിനായുള്ള പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു.

## സോയിൽ കൺസർവേഷൻ വകുപ്പ് പട്ടാമ്പിയിൽ നടപ്പിലാക്കിയ പദ്ധതികൾ

112(3131) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സോയിൽ കൺസർവേഷൻ വകുപ്പ് പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഈ വർഷം പട്ടാമ്പി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന പട്ടാമ്പി നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 10 വർഷത്തിനുള്ളിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ നീർത്തട വികസന പദ്ധതിയിൽ (11-ാം പദ്ധതി) ഉൾപ്പെടുത്തി വല്ലപ്പുഴ നീർത്തട പദ്ധതിയും നബാർഡ് സാമ്പത്തിക

സഹായത്തോടെയുള്ള ആർ.ഐ.ഡി.എഫ്. പദ്ധതിയിൽ ചെമ്പ്രത്തോട് നീർത്തട പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. കാർഷിക മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് നടപ്പിലാക്കിയ പ്രസ്തുത പദ്ധതിയിൻ കീഴിൽ വിവിധ മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി * ചേർത്തിരിക്കുന്നു.

കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ മുതുതല, ഓങ്ങല്ലൂർ, തിരുവേഗപ്പുറ, കുലുക്കല്ലൂർ, കൊപ്പം, വിളയൂർ, വല്ലപ്പുഴ, എന്നീ ഗ്രാമപഞ്ചായത്തുകളിലും പട്ടാമ്പി മുനിസിപ്പാലിറ്റിയിലുമായി 17581 ഹെക്ടർ പ്രദേശത്ത് വിശദമായ മണ്ണ് പര്യവേക്ഷണം നടത്തുകയും ഓങ്ങല്ലൂർ, തിരുവേഗപ്പുറ, കുലുക്കല്ലൂർ, കൊപ്പം, വിളയൂർ എന്നീ ഗ്രാമപഞ്ചായത്തുകളുടെ മണ്ണ് ഭൂവിനിയോഗ റിപ്പോർട്ട് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്.

കേന്ദ്രാവിഷ്കൃത സോയിൽ ഹെൽത്ത് കാർഡ് പദ്ധതിയിൽ 2015-2017 കാലയളവിൽ ഓങ്ങല്ലൂർ, കുലുക്കല്ലൂർ, വല്ലപ്പുഴ എന്നീ പഞ്ചായത്തുകളിലെ 5390 കർഷകർക്ക് മണ്ണ് പരിശോധനയുടെ അടിസ്ഥാനത്തിൽ സോയിൽ ഹെൽത്ത് കാർഡുകൾ വിതരണം ചെയ്തിട്ടുണ്ട്.

(ബി) മണ്ണ് പര്യവേക്ഷണ-മണ്ണ് സംരക്ഷണ വകുപ്പ് മുഖേന ആർ.ഐ.ഡി.എഫ് പദ്ധതിയുടെ 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തുന്നതിലേയ്ക്കായി 5.89 കോടി രൂപ അടങ്കലുള്ള "കുളങ്ങളുടെ പുനരുദ്ധാരണ പദ്ധതി" നബാർഡിൽ അംഗീകാരത്തിനായി സമർപ്പിട്ടുണ്ട്. ആയതിൽ പട്ടാമ്പി നിയോജകമണ്ഡലത്തിലെ 2 കുളങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കുളത്തിന്റെ പേര് | പഞ്ചായത്ത് | തുക (ലക്ഷം) |
|---|---|---|---|
| 1 | പുതുകുളം | ഓങ്ങല്ലൂർ | 43.80 |
| 2 | നീലികുളം | കുലുക്കല്ലൂർ | 60.50 |

മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പ് മുഖേന 2018-19 സാമ്പത്തിക വർഷത്തിൽ മുതുതല, വല്ലപ്പുഴ ഗ്രാമപഞ്ചായത്തുകളുടെയും പട്ടാമ്പി മുനിസിപ്പാലിറ്റിയുടെയും മണ്ണ് ഭൂവിനിയോഗ റിപ്പോർട്ട് തയ്യാറാക്കുന്നതാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി

113(3132) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വനവും മൃഗസംരക്ഷണവും മൃഗശാലയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റിയുടെ ഉദ്ദേശലക്ഷ്യങ്ങളുടെ കാര്യക്ഷമമായ സഫലീകരണം സാദ്ധ്യമാക്കുന്നതിന് എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്; വിശദമാക്കുമോ;

(ബി) ഗുണനിലവാരമുള്ള കന്നുകുട്ടികളെ ഉല്പാദിപ്പിക്കുന്നതിലും, തീറ്റപ്പുൽ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും യൂണിവേഴ്സിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) സർവ്വകലാശാലയുടെ തുമ്പൂർമുഴി, കോലാഹലമേട്, പൂക്കോട് ക്യാമ്പസ്സുകളിൽ ഫാം ടൂറിസം പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ഡി) അദ്ധ്യയന-ഗവേഷണ മേഖലകളിൽ ഏതെങ്കിലും അന്താരാഷ്ട്ര സർവ്വകലാശാലകളുമായി പ്രസ്തുത യൂണിവേഴ്സിറ്റിക്ക് സഹകരണമുണ്ടോ; എങ്കിൽ ഏതൊക്കെ സർവ്വകലാശാലകളുമായിട്ടാണെന്ന് വ്യക്തമാക്കുമോ ?

### ഉത്തരം

(എ) കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി വിദ്യാഭ്യാസ മേഖലയിൽ വെറ്ററിനറി, ഡയറി, പൗൾട്രി എന്നീ 3 ഫാക്കൽറ്റികളിലായി 9 കോളേജുകൾ, 5 മൾട്ടി ഡിസിപ്ലിനറി സ്കൂളുകൾ, 7 പഠന കേന്ദ്രങ്ങൾ, ഒരു അഫിലിയേറ്റഡ് കോളേജ്, 15 ഫാമുകളും ഗവേഷണ സ്ഥാപനങ്ങളും അടങ്ങുന്ന വിദ്യാഭ്യാസ - ഗവേഷണ - വിജ്ഞാന വ്യാപന - സംരഭകത്വ വികസന ശൃംഖയിലൂടെ 4 ബിരുദ കോഴ്സുകൾ, 23-ഓളം വകുപ്പുകളിലായി വൈവിധ്യമാർന്ന 9 മാസ്റ്റേഴ്സ് പ്രോഗ്രാമുകൾ, 30 വകുപ്പുകളിലായി 3 വ്യത്യസ്ത ഡോക്ടറേറ്റ് പ്രോഗ്രാമുകൾ, 4 വീതം പി. ജി. ഡിപ്ലോമ പ്രോഗ്രാമുകൾ, 16 സാങ്കേതികവിദ്യയിലധിഷ്ഠിതമായ വിദൂര പഠന പരിപാടികൾ എന്നിവ നടത്തി വരുന്നു. ഗവേഷണ മേഖലയിൽ ഇപ്പോൾ 26-ഓളം ബാഹ്യസഹായ പദ്ധതികളും പി.ജി. ഡോക്ടറൽ ഗവേഷണ പദ്ധതികളും നടത്തിവരുന്നു.

വിവിധ ഫണ്ടിംഗ് ഏജൻസികളുടെ സഹായത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി* നൽകുന്നു.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിജ്ഞാന വ്യാപന-സംരഭകത്വ മേഖലയിൽ 5-ഓളം സാങ്കേതികവിദ്യകൾ സർവ്വകലാശാല ഉരുത്തിരിച്ചെടുത്തിട്ടുണ്ട്. കൂടാതെ എക്സിബിഷനുകൾ, സ്റ്റാളുകൾ, മൃഗാരോഗ്യ ക്യാമ്പുകൾ, ആദിവാസി വികസന പദ്ധതികൾ, ആദിവാസി കോളനി ഏറ്റെടുക്കൽ, കാർഷിക-സംരഭകത്വ യോഗങ്ങൾ, നിയമാവബോധ പരിപാടികൾ, സഞ്ചരിക്കുന്ന മൃഗപരിപാലന സേവനങ്ങൾ, മൃഗ സംരക്ഷണ മേഖലയിലെ ഗ്രാമീണ സ്റ്റാർട്ട്-അപ്പ് പദ്ധതികൾ, സാങ്കേതിക ബിസിനസ് ഇൻകുബേഷൻ പദ്ധതികൾ, പത്രമാധ്യമങ്ങളിലൂടെയുള്ള ലേഖനങ്ങൾ, സർവ്വകലാശാല വെബ്സൈറ്റിലൂടെയുള്ള കമ്മ്യൂണിക്കേഷനുകൾ, കൃത്യത കൃഷി സംരക്ഷണങ്ങൾ എന്നിവ നടത്തിവരുന്നു.

(ബി) മെച്ചപ്പെട്ട ഉൽപ്പാദനത്തിനും മികച്ച രോഗപ്രതിരോധത്തിനുമായി 305 ദിവസത്തെ കറവ ദൈർഘ്യത്തിൽ 3500 ലിറ്റർ പാലുൽപ്പാദിപ്പിക്കുന്ന ഉരുക്കളെ വിഭാവനം ചെയ്ത് 50% നാടൻ വർഗ്ഗ ഗുണം ഉറപ്പാക്കി ജേഴ്സി, ഹോൾസ്റ്റിൻ ഇനങ്ങളുമായി ക്രമമായി ഇണചേർത്ത് കന്നുകുട്ടികളെ ഉൽപ്പാദിപ്പിക്കുന്നു. സമീപ ഭാവിയിൽ കർഷകർക്ക് മേൽത്തരം കന്നുകുട്ടികളെ നൽകുന്നതിന് യൂണിവേഴ്സിറ്റിയുടെ വിവിധ ഫാമുകളിൽ കാഫ് നഴ്സറികൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

പൂക്കോട് ഫാമിൽ കെ.എൽ.ഡി.ബി.-യിലെ ഉയർന്ന ഗുണനിലവാരമുള്ള ബീജം ഉപയോഗിച്ച് കന്നുകുട്ടികളെ ഉൽപ്പാദിപ്പിച്ചുവരുന്നു.

ഗുണനിലവാരമുള്ള തീറ്റപ്പുൽ കേരളത്തിലെ ഓരോ ക്ഷീര കർഷകരിലേക്കും എത്തിക്കുക എന്ന ലക്ഷ്യത്തോടെ യൂണിവേഴ്സിറ്റിയുടെ വിവിധ ഫാമുകളിൽനിന്നും സി.ഒ-3, സി.ഒ-4, സി.ഒ-5, ഗിനി, പാര എന്നീ ഇനം പുല്ലുകൾ അവയുടെ വിത്ത്, ചെടികൾ എന്നിവയും നൽകിവരുന്നുണ്ട്.

ശരിയായ മണ്ണ് പരിപാലനത്തിലൂടെ തീറ്റപ്പുല്ലിന്റെ ഉൽപ്പാദനവും, ഗുണനിലവാരവും കൂട്ടുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്.

(സി) പഠനാധിഷ്ഠിത ഫാം ടൂറിസവുമായി ബന്ധപ്പെട്ട് കോലാഹലമേട്, തുമ്പൂർമുഴി, മണ്ണുത്തി ക്യാമ്പസ്സുകളിൽ നടപ്പിലാക്കാനായി പദ്ധതി റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്. അതിനുവേണ്ട ധനസഹായം ഉചിതമായ ഏജൻസിയിൽ നിന്ന് ലഭിക്കുന്നതിനുള്ള ശ്രമം നടത്തിവരുന്നു.

(ഡി) യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ആസ്ട്രേലിയ, യൂണിവേഴ്സിറ്റി ഓഫ് എഡിൻബർഗ്, യൂണിവേഴ്സിറ്റി ഓഫ് ഗൾഫ്, യൂണിവേഴ്സിറ്റി ഓഫ് കണക്ടികട്ട്, വേൾഡ് യൂണിവേഴ്സിറ്റി നെറ്റ്‌വർക്ക് എന്നിവയുമായി അദ്ധ്യയന മേഖലയിൽ സഹകരണമുണ്ട്.

## കൊയിലാണ്ടിയിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം

114(3133) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ വെറ്ററിനറി സർവ്വകലാശാലയുടെ പ്രാദേശിക കേന്ദ്രം സ്ഥാപിക്കുന്നത് സംബന്ധിച്ച് കേരള വെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ഇതുവരെ നടത്തിയ കത്തിടപാടുകളും പ്രവർത്തനങ്ങളും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയുടെ തുടർപ്രവർത്തനങ്ങൾ മുന്നോട്ട് പോകാത്തതിന് തടസ്സകാരണങ്ങൾ ഉണ്ടെങ്കിൽ ആയത് വ്യക്തമാക്കാമോ;

(സി) ഈ വിഷയവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പ് ഏതെങ്കിലും തരത്തിലുള്ള തീരുമാനങ്ങൾ എടുത്തിട്ടുണ്ടോ; പദ്ധതി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുന്നുണ്ടെങ്കിൽ ആയതിന്റെ നിലവിലെ അവസ്ഥ വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) വെറ്ററിനറി സർവ്വകലാശാലയുടെ ഒരു മേഖലാ കേന്ദ്രം കൊയിലാണ്ടിയിൽ സ്ഥാപിക്കുന്നതിന് സർവ്വകലാശാല ഭരണ സമിതി അംഗീകാരം നൽകുകയും അതുമായി ബന്ധപ്പെട്ട് സർവ്വകലാശാല അധികൃതർ സ്ഥലം പരിശോധിക്കുകയും പ്രസ്തുത സ്ഥലം ഉചിതമായ രീതിയിൽ സർവ്വകലാശാലയ്ക്ക് കൈമാറുന്നമുറയ്ക്ക് കേന്ദ്രം സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ബന്ധപ്പെട്ട അധികാരികളെ അറിയിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് കൊയിലാണ്ടി മുനിസിപ്പാലിറ്റി സെക്രട്ടറിക്ക് വെറ്ററിനറി സർവ്വകലാശാല 7-8-2017 -ൽ കത്തയച്ചിട്ടുണ്ട്. എന്നാൽ നാളിതുവരെ സ്ഥലം സർവ്വകലാശാലയ്ക്ക് ലഭ്യമാകാത്തതിനാൽ പദ്ധതി ആരംഭിക്കാൻ വേണ്ട നടപടികൾ സ്വീകരിക്കുവാൻ സാധിച്ചിട്ടില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങൾ അഴിമതി മുക്തമാക്കുന്നതിന് നടപടി

115 (3134) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും പൊതുജനങ്ങൾക്ക് ലഭ്യമാകേണ്ട സേവനങ്ങൾ സുതാര്യവും അഴിമതി മുക്തവുമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത സേവനങ്ങൾ പൂർണ്ണമായും ഓൺലൈൻ ആക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) നിലവിലെ ഓൺലൈൻ സേവനങ്ങൾ കൂടുതൽ കാര്യക്ഷമ മാക്കുന്നതിനായി നടപടി സ്വീകരിക്കുമോ;

(ഡി) ഓൺലൈൻ സേവനങ്ങൾ നിർബന്ധമാക്കിക്കൊണ്ടുള്ള നിയമ നിർമ്മാണം പരിഗണനയിലുണ്ടോ;എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ വകുപ്പുകളിലെ സ്വജന പക്ഷപാതം, അഴിമതി, സേവനങ്ങൾ നൽകുന്നതിലെ കാലതാമസം, കെടുകാര്യസ്ഥത എന്നിവ സംബന്ധിച്ച് പൊതുജനങ്ങൾക്ക് പരാതികളും നിർദ്ദേശങ്ങളും നൽകുന്നതിന് ഓൺലൈനായി ഒരു പരാതി പരിഹാര സംവിധാനം എന്ന നിലയിൽ 'ഫോർ ദ പീപ്പിൾ' പദ്ധതി നിലവിലുണ്ട്. https://pglsgd.kerala.gov.in എന്നതാണ് വെബ് പോർട്ടലിന്റെ വിലാസം.

തദ്ദേശഭരണ സ്ഥാപനങ്ങളിലെ അഴിമതി തടയുന്നതിന് സമയബന്ധിതമായി സേവനം ലഭ്യമാക്കുന്നതിനായി ഗ്രാമപഞ്ചായത്തുകളിൽ ഇ-ഗവേണൻസ് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

കെട്ടിട നിർമ്മാണ പെർമിറ്റ് അപേക്ഷയിൽ ഓൺലൈൻ വഴി സേവനം ലഭ്യമാക്കുന്നതിനായി IKM വികസിപ്പിച്ചിട്ടുള്ള സങ്കേതം സോഫ്റ്റ് വെയർ ഗ്രാമപഞ്ചായത്തുകളിൽ പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ട്. ആയതിനാൽ നിലവിൽ ഗ്രാമപഞ്ചായത്തുകളിൽ കെട്ടിട നിർമ്മാണ അപേക്ഷകളിലുണ്ടാകുന്ന അനാവശ്യ കാലതാമസം ഒഴിവാക്കാൻ കഴിയുന്നുണ്ട്.

നഗരസഭകളിൽ സുതാര്യമായ നടപടിക്രമങ്ങളിലൂടെ സമയബന്ധിതമായി കെട്ടിട നിർമ്മാണ അപേക്ഷകൾ തീർപ്പാക്കുന്നതിന് ഓൺലൈൻ സംവിധാനം ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി കോഴിക്കോട് നഗരസഭയിൽ 'സുവേഗ' സോഫ്റ്റ് വെയർ സ്ഥാപിച്ചിട്ടുണ്ട്. മറ്റുള്ള നഗരസഭകളിൽ കെട്ടിട നിർമ്മാണാനുമതി അപേക്ഷകൾ ഓൺലൈൻ മുഖേന കൈകാര്യം ചെയ്യുന്നതിനും തീർപ്പാക്കുന്നതിനുമായി ഒരു Intelligent Building Plan Management System (IBPMS) സോഫ്റ്റ് വെയർ KSIDC മുഖേന വികസിപ്പിച്ചിട്ടുണ്ട്.

ബ്ലോക്ക് പഞ്ചായത്തുകളുടെ പ്രവർത്തനം കാര്യക്ഷമവും, അഴിമതി രഹിതവുമാക്കുന്നതിനായി ഓൺലൈൻ സംവിധാനങ്ങളായ സാംഖ്യ, സുലേഖ, സകർമ്മ, സചിത്ര എന്നീ സോഫ്റ്റ് വെയറുകളും ഇ-ടെണ്ടർ, ഇ-ഫയൽ തുടങ്ങിയ കംപ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളും നിലവിലുണ്ട്.

(ബി &സി) നടപടി സ്വീകരിക്കുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

## ഏകീകൃത തദ്ദേശഭരണ വകുപ്പ്

116(3135) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഗ്രാമവികസനം, നഗരവികസനം, പഞ്ചായത്ത് തുടങ്ങിയ വകുപ്പുകൾ സംയോജിപ്പിച്ച് ഏകീകൃത തദ്ദേശഭരണ സർവ്വീസ് രൂപീകരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

ഇല്ല. ഏകീകൃത സർവ്വീസ് രൂപീകരണത്തിന്റെ മുന്നൊരുക്കങ്ങൾ നടത്തുന്നതിനും കരട് ചട്ടങ്ങൾ അന്തിമ നടപടികൾക്കായി സമർപ്പിക്കുന്നതിനും കരട് വിശേഷാൽ ചട്ടത്തിൽ ഉൾപ്പെടുത്തേണ്ട സീനിയോറിറ്റി ലിസ്റ്റ് കുറ്റമറ്റതാക്കുക, നിലവിലുള്ള ജീവനക്കാരുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ റേഷ്യോ നിശ്ചയിക്കുക, കരട് വിശേഷാൽ ചട്ടത്തിൽ അപാകതകൾ ഉണ്ടെങ്കിൽ അത് പരിഹരിക്കുക, ജീവനക്കാരുടെ സംശയങ്ങൾ ദൂരീകരിക്കുക തുടങ്ങി പുതിയ സർവ്വീസ് നിലവിൽ വരുത്തുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം നിറവേറ്റുന്നതിന് തദ്ദേശ സ്വയംഭരണ വകുപ്പ് എന്ന പേരിൽ ഒരു പൊതുസർവ്വീസ് രൂപീകരിച്ചു കൊണ്ടും മേൽപ്പറഞ്ഞ ചുമതലകൾ നിർവ്വഹിക്കുന്നതിന് പ്രസ്തുത വകുപ്പിന്റെ മേധാവിയായി പ്രിൻസിപ്പൽ ഡയറക്ടറെ നിയമിച്ചുകൊണ്ടും 21-1-2018-ലെ സ.ഉ.(കൈ)നമ്പർ 10/2018/ത.സ്വ.ഭ.വ. പ്രകാരം ഉത്തരവായിട്ടുണ്ട്.

ഏകീകൃത സർവ്വീസ് രൂപീകരിക്കുന്നതിനുള്ള കരട് വിശേഷാൽ ചട്ടം തയ്യാറാക്കി ലോക്കൽ ഗവണ്മെന്റ് കമ്മീഷൻ സർക്കാരിന് നൽകിയിട്ടുണ്ട്. അതിന്റെ തുടർ നടപടികൾ സർക്കാർ തലത്തിൽ നടന്നുവരികയാണ്. ഏകീകരണവുമായി ബന്ധപ്പെട്ട മറ്റു ജോലികൾ തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറേറ്റിൽ ചെയ്തുവരുന്നു.

## ലേബർ ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി

117 (3136) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രാവിഷ്കൃത പദ്ധതിയായ എം.കെ.എസ്.പി.-യുടെ ഭാഗമായി, ലേബർ ബാങ്കിന്റെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായുള്ള യന്ത്രങ്ങൾ യഥാവിധി സൂക്ഷിക്കുന്നതിനും അറ്റകുറ്റപ്പണികൾ യഥാസമയം നടത്തി ഉപയോഗക്ഷമമാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ലേബർ ബാങ്കിലെ അംഗങ്ങളായ തൊഴിലാളികൾക്ക് കൂലി കാലാനുസൃതമായി വർദ്ധിപ്പിച്ച് നൽകുന്നതിനും ഇവർക്കായി ഇൻഷ്വറൻസ് അടക്കമുള്ള പദ്ധതികൾ അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ&ബി)) നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) അംഗങ്ങൾക്ക് ഇൻഷ്വറൻസ് പരിരക്ഷ, പെൻഷൻ തുടങ്ങിയവയടക്കമുള്ള ആനുകൂല്യങ്ങൾ നൽകി സാമൂഹ്യസുരക്ഷ ഉറപ്പാക്കിയിട്ടുണ്ട്.

## ഭക്ഷ്യ വസ്തുക്കളിൽ മായം/വിഷാംശം കലർന്നതുമായി ബന്ധപ്പെട്ട കേസ്സുകൾ

118 (3137) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷണങ്ങളിലും ഭക്ഷ്യവസ്തുക്കളിലും മായം കലർന്നതും വിഷാംശം കലർന്നതുമായി ബന്ധപ്പെട്ട് എത്ര കേസ്സുകൾ 2016 ജനുവരി മുതൽ തദ്ദേശ സ്വയം ഭരണ വകുപ്പിലെ (പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷനുകൾ)ഹെൽത്ത് വിഭാഗം റിപ്പോർട്ട് ചെയ്തിട്ടുണ്ട്;

(ബി) ഓരോ സ്ഥാപനത്തിന്റെയും പേരുവിവരം ലഭ്യമാക്കുമോ; ഇതിൽ എത്ര കേസ്സുകളിൽ നടപടി സ്വീകരിച്ചിട്ടുണ്ട്;

(സി) ഹോട്ടലുകൾ, റസ്റ്റോറന്റുകൾ, ബേക്കറികൾ, സ്നാക്സ് പാർലറുകൾ എന്നിവയിൽ മായം കലർന്ന ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുവാൻ തദ്ദേശ സ്വയംഭരണ വകുപ്പിലെ ഹെൽത്ത് വിഭാഗത്തിന് എന്തൊക്കെ സംവിധാനം നിലവിലുണ്ട്; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഭക്ഷ്യസുരക്ഷാ നിയമം 2011-ൽ നിലവിൽ വന്നതോടുകൂടി ഭക്ഷ്യ വസ്തുക്കളിൽ മായം കലർന്നതുമായി ബന്ധപ്പെട്ടുള്ള കേസുകൾ കൈകാര്യം ചെയ്യുന്നതിനുള്ള അധികാരം ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. നഗരസഭകളിലെ ഹെൽത്ത് വിഭാഗം ഇത്തരം കേസുകൾ കൈകാര്യം ചെയ്യുന്നില്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

(സി) 2011-ൽ ഭക്ഷ്യസുരക്ഷാ നിയമം പ്രാബല്യത്തിൽ വന്നതോടുകൂടി ഭക്ഷ്യ വസ്തുക്കൾ വിൽക്കുന്ന സ്ഥാപനങ്ങളിലെ ശുചിത്വ നിലവാരം, പഴകിയ ഭക്ഷണ സാധനങ്ങളുടെ വില്പന എന്നിവ പരിശോധിക്കാൻ മാത്രമാണ് നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന് അധികാരമുള്ളത്. മായം കലർന്ന ഭക്ഷ്യവസ്തുക്കൾ കണ്ടെത്തുന്നതിനുമുള്ള ചുമതല ഭക്ഷ്യസുരക്ഷാ വകുപ്പിനാണ്. നഗരസഭാ ഹെൽത്ത് വിഭാഗത്തിൽ മായം കലർന്ന ഭക്ഷണ പദാർത്ഥങ്ങൾ കണ്ടെത്തുന്നതിനുള്ള സംവിധാനങ്ങൾ ഒന്നും നിലവിലില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ട്രേഡ് ലൈസൻസ്**

119 (3138) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വീടുകളിലിരുന്ന് കരകൗശല വസ്തുക്കളും പലഹാരങ്ങളും ഉണ്ടാക്കി വിറ്റ് ഉപജീവനം നടത്തുന്ന സ്ത്രീകൾ ഉൾപ്പെടെയുള്ള പാവങ്ങൾക്ക് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളിൽനിന്നും ട്രേഡ് ലൈസൻസ് ലഭിക്കാത്തത് ഇത്തരക്കാരുടെ ഉപജീവനത്തെ ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിക്കുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ &ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വീടുകളിലിരുന്ന് കരകൗശല വസ്തുക്കളും പലഹാരങ്ങളും ഉണ്ടാക്കി വിറ്റ് ഉപജീവനം നടത്തുന്നവർക്ക് ഗ്രാമ പഞ്ചായത്തുകളിൽനിന്നും നിബന്ധനകൾക്ക് വിധേയമായി ലൈസൻസ് അനുവദിച്ചുവരുന്നുണ്ട്.

## കേന്ദ്ര റിയൽ എസ്റ്റേറ്റ് റെഗുലേറ്ററി നിയമത്തിന്റെ ചട്ടങ്ങൾ

120(3139) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കേന്ദ്ര റിയൽ എസ്റ്റേറ്റ് റഗുലേറ്ററി നിയന്ത്രണവും വികസനവും നിയമം, 2016 അനുസരിച്ച് ചട്ടങ്ങൾ നിർമ്മിയ്ക്കുന്നതിന് കേന്ദ്രസർക്കാർ നിഷ്കർഷിച്ചിട്ടുള്ള അന്തിമ സമയപരിധി ഏത് തീയതിവരെയാണ്;

(ബി) ചട്ടങ്ങൾ നിർമ്മിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ സമയപരിധിയ്ക്കകം ഇതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ &ബി) 2016-ലെ കേന്ദ്ര റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും ആക്ട്) 2016 മാർച്ച് 26-ാം തീയതി നിലവിൽ വന്നു. പ്രസ്തുത ആക്ടിന്റെ വകുപ്പ് 84 പ്രകാരം ആക്ട് പ്രാബല്യത്തിൽ വന്ന് 6 മാസത്തിനുള്ളിൽ ചട്ടങ്ങൾ പുറപ്പെടുവിക്കണമെന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ഇതോടെ അപ്രസക്തമായ കേരള റിയൽ എസ്റ്റേറ്റ് നിയമം റദ്ദാക്കുകയും ടി നിയമത്തിൻ കീഴിൽ രൂപീകരിച്ച റെഗുലേറ്ററി അതോറിറ്റിയുടെ പ്രവർത്തനം അവസാനിപ്പിക്കുകയും ചെയ്യേണ്ടി വന്നതിനാൽ കേന്ദ്ര നിയമത്തിനനുസരിച്ചുള്ള ചട്ടങ്ങൾ നിർമ്മിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നതിന് കാലതാമസമുണ്ടായിട്ടുണ്ട്. ഇപ്പോൾ കേരള റിയൽ എസ്റ്റേറ്റ് (നിയന്ത്രണവും വികസനവും) ചട്ടങ്ങൾ, 2018 സർക്കാർ അംഗീകരിച്ച് പ്രസിദ്ധീകരണത്തിന് നൽകാൻ തയ്യാറായിട്ടുണ്ട്.

## സ്കൂൾ ബസ്സുകളുടെ സംരക്ഷണം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകാൻ നടപടി

121(3140) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികളുടെ യാത്രാസൗകര്യത്തിന് സ്കൂൾ ബസ്സുകൾ അനിവാര്യമായ സാഹചര്യത്തിൽ എം.എൽ.എ. ഫണ്ട്/നിയോജകമണ്ഡലം ആസ്തിവികസന ഫണ്ട് എന്നിവ വിനിയോഗിച്ച് സ്കൂളുകൾക്ക് ബസ്സുകൾ വാങ്ങിനൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ്സുകൾ സംരക്ഷിച്ച് പരിപാലിക്കുന്നതിന് പി.റ്റി.എ.- കൾ ബുദ്ധിമുട്ടുന്നതിനാൽ അവയുടെ സംരക്ഷണ ചെലവുകൾ ബന്ധപ്പെട്ട തദ്ദേശ ഭരണസ്ഥാപനങ്ങൾ മുഖേന വഹിക്കുന്നതിന് യഥേഷ്ടാനുമതി നൽകുന്നതിന് തീരുമാനം എടുക്കണമെന്നുള്ള ആവശ്യം പരിഗണിക്കാമോ;

(സി) പൊതുവിദ്യാഭ്യാസ മേഖലയെ പരമാവധി ശ്രദ്ധീകരിക്കുവാൻ ശ്രദ്ധിക്കുന്ന ഈ സർക്കാരിന്റെ ഭാഗത്ത്നിന്നും ഇക്കാര്യത്തിൽ സമയബന്ധിത നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി &സി) ബസ്സുകളുടെ സംരക്ഷണ ചെലവുകൾ ഏറ്റെടുത്താൽ അത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ സാമ്പത്തിക ബാദ്ധ്യത വർദ്ധിപ്പിക്കുകയും തനത് വരുമാനം കുറഞ്ഞ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ടി ചെലവ് വഹിക്കുവാൻ കഴിയാതെ വരികയും ചെയ്യും. ആയതിനാൽ ഈ വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

## എടച്ചേരി ഗ്രാമപഞ്ചായത്ത് കോംപ്ലക്സ്

122(3141) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിലെ കാലപ്പഴക്കം ചെന്ന പഞ്ചായത്ത് കോംപ്ലക്സ് പൊളിച്ചുമാറ്റുന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലെ അവസ്ഥ വിശദമാക്കാമോ?

<u>ഉത്തരം</u>

നാദാപുരം മണ്ഡലത്തിലെ എടച്ചേരി ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് ലേലം ചെയ്ത് പൊളിച്ച് മാറ്റുന്നതിനുള്ള അനുമതിക്കായുള്ള ഗ്രാമ പഞ്ചായത്തിന്റെ പ്രൊപ്പോസൽ പഞ്ചായത്ത് ഡയറക്ടർ മുഖേന സർക്കാരിൽ ലഭിക്കുകയും ആയതിന്മേൽ പൊതുമരാമത്ത് വകുപ്പിൽ നിന്നുള്ള സർവ്വേ റിപ്പോർട്ട് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നല്കിയിരിക്കുകയുമാണ്.

## പുതുതായി നിലവിൽവന്ന തദ്ദേശ ഭരണ സ്ഥാപനങ്ങൾ

123 (3142) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പുതുതായി നിലവിൽ വന്ന പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ സ്ഥാപനങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വിഭജനത്തിനും പുതിയവയുടെ രൂപീകരണത്തിനും അടിസ്ഥാനമാക്കിയത് എന്തൊക്കെ ഘടകങ്ങളാണെന്ന് വിശദമാക്കാമോ;

(സി) പുതുതായി രൂപീകരിക്കപ്പെട്ട പ്രസ്തുത സ്ഥാപനങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ പൂർത്തിയാക്കിയിട്ടുണ്ടോ; ഇതിനായി സംസ്ഥാന സർക്കാർ എത്ര രൂപയാണ് ചെലവഴിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) കേരളത്തിലെ ഏതെങ്കിലും നഗരസഭയ്ക്ക് മെട്രോപോളിറ്റൻ സിറ്റി പദവിക്ക് അർഹതയുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ഇ) പുതിയ തദ്ദേശഭരണ സ്ഥാപനങ്ങളുടെ രൂപീകരണം സർക്കാരിന്റെ ഭാവി കർമ്മപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് പുതുതായി പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ സ്ഥാപനങ്ങൾ നിലവിൽ വന്നിട്ടില്ല.

(ബി&സി) (എ) പിരിവിലെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

(ഡി) 28-3-2018-ന് സ.ഉ.(സാധാ) നമ്പർ 877/2018/ തസ്വഭവ. നമ്പർ ഉത്തരവ് പ്രകാരം രൂപീകരിച്ച കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഈ വിഷയത്തിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

(ഇ) പുതിയ ഗ്രാമപഞ്ചായത്തുകളും നഗരസഭകളും രൂപീകരിക്കേണ്ടതിന്റെയും ബ്ലോക്ക് പഞ്ചായത്തുകളുടെയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ടതിന്റെയും നഗരസഭകളുടെ പദവി ഉയർത്തേണ്ടതിന്റെയും ആവശ്യകത പരിശോധിച്ച് ശിപാർശകൾ സമർപ്പിക്കുന്നതിനായി സർക്കാർ 28-3-2018-ന് സ.ഉ.(സാധാ) നമ്പർ 877/2018/തസ്വഭവ. നമ്പർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പാലക്കാട് ജില്ലയിലെ പൊതുകുളങ്ങളുടെ പുനരുദ്ധാരണം

124(3143) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിൽ പൊതുകുളങ്ങളുടെ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്ത കുളങ്ങളുടെ എണ്ണം ഗ്രാമപഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ എന്നിങ്ങനെ വേർതിരിച്ച് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി മൊത്തം എത്ര തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പൊതു കുളങ്ങളാണ് ഈ പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഓരോ കുളങ്ങൾക്കും വകയിരുത്തിയിട്ടുള്ള തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ) പാലക്കാട് ജില്ലയിലെ 88 ഗ്രാമപഞ്ചായത്തുകളിൽ നിന്നായി 537 കുളങ്ങൾ തെരഞ്ഞെടുത്തു.

പാലക്കാട്, ഒറ്റപ്പാലം, ചിറ്റൂർ-തത്തമംഗലം, പട്ടാമ്പി എന്നീ നഗരസഭകളിലെ 28 കുളങ്ങൾ പുനരുദ്ധാരണ പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി ഗ്രാമപഞ്ചായത്തുകൾ 15,69,12,000 രൂപ വകയിരുത്തുകയും നഗരസഭകളിൽ 1,13,00,000 രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്.

(സി) ആലത്തൂർ നിയോജകമണ്ഡലത്തിലെ കിഴക്കഞ്ചേരി ഗ്രാമ പഞ്ചായത്തിലെ കോഴിക്കുളം, കരുമനശ്ശേരിക്കുളം, തിരുവറക്കുളം, ചിറക്കുളം, ഓണക്കുളം എന്നീ കുളങ്ങൾക്കായി 11,00,000 രൂപ വകയിരുത്തിയിട്ടുണ്ട്. മേലാർകോട് ഗ്രാമപഞ്ചായത്തിലെ തെക്കേത്തറ ചെറുകുളം, അറ്റാലവേട്ട കുരമൻകുളം, കടവിൽപറമ്പ് കൊക്കർണ്ണി, കല്ലൻപാട് തെക്കേത്തറകുളം എന്നീ കുളങ്ങൾക്കായി 9,91,430 രൂപ വകയിരുത്തിയിട്ടുണ്ട്. തേങ്കുറിശ്ശി ഗ്രാമ പഞ്ചായത്തിലെ ഓറോട്ടുകുളം, ഐലാകുളം, മാങ്ങോട്ടുകുളം, മാങ്ങോട്ടുകുഴി, പൊട്ടക്കുളം, വാലിക്കുളം, മീനക്കോട്ടകുളം എന്നീ കുളങ്ങൾക്കായി 18,50,000 രൂപ വകയിരുത്തിയിട്ടുണ്ട്.

## സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കാൻ നടപടി

125(3144) ഡോ. എം. കെ. മുനീർ:
ശ്രീ.പി.കെ.അബ്ദു റബ്ബ്:
ശ്രീ. പി.ഉബൈദുള്ള:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിക്ഷാടന മാഫിയ വ്യാപകമാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കാൻ ആലോചിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. സംസ്ഥാനത്ത് നിയമപരമായി സമ്പൂർണ്ണമായി ഭിക്ഷാടനം നിരോധിക്കുന്നതിന് ലക്ഷ്യമിടുന്ന "The Kerala Prevention of Begging and Protection of Destitute Beggars Bill" എന്ന ബില്ലിന്റെ കരട് തയ്യാറാക്കി വരികയാണ്. ടി ബിൽ നിയമമാകുന്ന മുറയ്ക്ക്, സംസ്ഥാനത്തെ സമ്പൂർണ്ണ ഭിക്ഷാടന വിമുക്ത സംസ്ഥാനമാക്കി മാറ്റാവുന്നതാണ്.

(സി) സംസ്ഥാനത്ത് ഭിക്ഷാടനം നിരോധിക്കുന്നതിന്റെ ഭാഗമായി ഭിക്ഷാടകരെ പുനരധിവസിപ്പിക്കുന്നതിനായി ഓർഫനേജ് കൺട്രോൾ ബോർഡ് മുഖാന്തരം സർക്കാർ ധനസഹായത്തോടുകൂടി വിവിധ ജില്ലകളിലെ പതിനഞ്ച് സ്ഥാപനങ്ങളിലായി (NGO മുഖേന) 1,384 പേരെ സംരക്ഷിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ നിലവിൽ 1,092 യാചകർ താമസിച്ച് വരുന്നു. നിരാലംബരായ സ്ത്രീകളുടേയും കുട്ടികളുടേയും രാത്രികാല താമസത്തിനായി 'എന്റെ കൂട്' പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട് ആരംഭിച്ചിട്ടുണ്ട്.

## തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണം

126(3145) ശ്രീ. വി. പി. സജീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ പോത്തൻകോട് ഗ്രാമപഞ്ചായത്തിലെ

തച്ചപ്പള്ളി ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ കെട്ടിടനിർമ്മാണത്തിന് ശ്രീ. എ. കെ. ആന്റണി എം.പി.-യുടെ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(ബി) എന്നാണ് ഇതിന് തുക അനുവദിച്ചതെന്നും ഇതിന്റെ നിർമ്മാണത്തിന് വന്ന കാലതാമസം എന്തെന്നും വ്യക്തമാക്കുമോ;

(സി) പ്രസ്തുത കെട്ടിടത്തിന്റെ നിർമ്മാണച്ചുമതലയുള്ള കരാറുകാരന്റെ വിശദവിവരം വെളിപ്പെടുത്തുമോ;

(ഡി) ഇതിന്റെ നിർമ്മാണം എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) ബഹു. എം.പി. 6-5-2017- ൽ തുക അനുവദിക്കുകയും 29-7-2017-ന് ഭരണാനുമതി നല്കുകയും ചെയ്തിട്ടുണ്ട്. സ്കൂളിൽ നിലവിലുണ്ടായിരുന്ന പഴയകെട്ടിടം പൊളിച്ച് മാറ്റിയിട്ടാണ് പുതിയ കെട്ടിടത്തിന്റെ പണി ആരംഭിച്ചത്. ആയതിനാലാണ് നിർമ്മാണത്തിന് കാലതാമസം വന്നത്.

(സി) ശ്രീ. മോഹനൻ നായർ, കൃഷ്ണ വിലാസം, പോത്തൻകോട് എന്ന ഗവൺമെന്റ് കോൺട്രാക്ടർക്കാണ് കെട്ടിടത്തിന്റെ നിർമ്മാണ ചുമതല നല്കിയിട്ടുള്ളത്.

(ഡി) 2018 ഡിസംബർ മാസത്തോടുകൂടി പണി പൂർത്തീകരിക്കാൻ കഴിയുന്നതാണ്.

## മൂർക്കനാട് പഞ്ചായത്തിൽ മിൽമയുടെ പാൽ സംസ്കരണശാല

127(3146) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ പാൽ സംസ്കരണ ശാല സ്ഥാപിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(ബി) ഇതിനായി കുന്തിപ്പുഴയുടെ തീരത്തുള്ള സർവ്വേ നമ്പർ 123/2 ൽ ഉൾപ്പെട്ട 5.6 സെന്റ് പുറമ്പോക്ക് ഭൂമി മിൽമയുടെ പാൽ സംസ്കരണ ശാലയ്ക്ക് വിട്ട് നൽകുവാൻ അനുമതി നൽകിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ പ്രസ്തുത ഫയലിന്റെ നിലവിലെ അവസ്ഥ എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മങ്കട നിയോജകമണ്ഡലത്തിലെ മൂർക്കനാട് ഗ്രാമപഞ്ചായത്തിൽ മിൽമയുടെ പാൽ സംസ്കരണ ശാല സ്ഥാപിക്കുന്നതിന് കെട്ടിട നിർമ്മാണ അനുമതിക്കായി മൂർക്കനാട് ഗ്രാമ പഞ്ചായത്തിൽ ലഭിച്ച അപേക്ഷ ടൗൺ പ്ലാനിംഗ് വകുപ്പിന്റെ പരിഗണനയിലാണ്.

(ബി) ഇല്ല.

(സി) കുന്തിപ്പുഴയുടെ ഭരണം ഗസറ്റ് വിജ്ഞാപനത്തിലൂടെ സർക്കാർ മുൻപ് ഏറ്റെടുത്തിട്ടുള്ളതാണോ എന്നും, മിൽമയ്ക്ക് വിട്ടുനൽകാൻ ആവശ്യപ്പെട്ടിരിക്കുന്ന ഭൂമിയുടെ ഉടമസ്ഥാവകാശം സംബന്ധിച്ചും വ്യക്തമായ റിപ്പോർട്ട് നൽകാൻ മലപ്പുറം ജില്ലാ കളക്ടറോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## തദ്ദേശ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ്

128(3147) <u>ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി ചെലവ് കഴിഞ്ഞ വർഷം വരെ കണക്കാക്കിയിരുന്നത് നടപ്പുവർഷത്തെ ബഡ്ജറ്റ് വിഹിതത്തോടൊപ്പം സ്പിൽ ഓവർ തുക ഉൾപ്പെടെയുള്ളവയിൽനിന്നുള്ള ചെലവും ലോക ബാങ്ക് വിഹിതവും ഉൾപ്പെടെയായിരുന്നോ എന്ന് വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ വർഷം വരെ കണക്കാക്കിയ രീതിയിൽ കണക്കാക്കിയാൽ, 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തെ തദ്ദേശഭരണ സ്ഥാപനങ്ങൾ ചെലവഴിച്ച തുക എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(സി)ഈ രീതിയിൽ കണക്കാക്കിയാൽ ത്രിതല പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശ ഭരണസ്ഥാപനങ്ങൾ 2017-18 ൽ ചെലവഴിച്ചത് എത്ര ശതമാനമാണെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ; ഈ രീതിയിൽ കണക്കാക്കിയാൽ, 2017-18 ൽ എത്ര തദ്ദേശ ഭരണസ്ഥാപനങ്ങൾ 100 ശതമാനം തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അതെ

(ബി) 85.44%

(സി) അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ഉദ്ഘാടന പരിപാടികൾ നിയമസഭാംഗങ്ങളെ അറിയിക്കാൻ നിർദ്ദേശം

129 (3148) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഉദ്ഘാടന പരിപാടികൾ നിയമസഭാംഗങ്ങളെ അറിയിക്കണമെന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് എന്തെങ്കിലും സർക്കുലർ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കോപ്പി ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കുന്ന പദ്ധതികളുടെ ഉദ്ഘാടന പരിപാടികൾ നിയമസഭാംഗങ്ങളെ അറിയിക്കണമെന്ന തരത്തിൽ നിർദ്ദേശം നൽകിയിട്ടില്ല. എന്നാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ സംസ്ഥാനത്തിന്റെയോ കേന്ദ്രത്തിന്റെയോ ഫണ്ട് ഉപയോഗപ്പെടുത്തി സംഘടിപ്പിക്കുന്ന എല്ലാ ചടങ്ങുകൾക്കും സ്ഥലം എം.എൽ.എ-യെ ക്ഷണിക്കണമെന്ന് 11-6-2012-ലെ സ.ഉ.(കൈ) 141/2012/ജി.എ.ഡി. നമ്പർ പ്രകാരം ഉത്തരവായിട്ടുണ്ട്. (പകർപ്പ് ഉള്ളടക്കം ചെയ്യുന്നു.)*

## പ്രാദേശിക വികസനത്തിന് തൊഴിലുറപ്പ് പദ്ധതി വഹിക്കുന്ന പങ്ക്

130(3149) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിലുറപ്പുപദ്ധതികൾ തൊഴിൽ ദാനമെന്നതിനുപരി പ്രാദേശിക വികസനത്തിന് വഹിക്കുന്ന പങ്കിനെ കുറിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഈ വർഷം ജല സ്വയംപര്യാപ്തത നേടുക എന്നത് ലക്ഷ്യമായി പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനായി തൊഴിലുറപ്പു പദ്ധതി വഴി നടത്തുന്ന പ്രവർത്തനങ്ങളും അവയുടെ പുരോഗതിയും അറിയിക്കാമോ;

(സി) അയ്യങ്കാളി നഗര തൊഴിലുറപ്പുപദ്ധതി, നഗരങ്ങളിലെ തൊഴിൽ രഹിതർക്ക് തൊഴിൽ നൽകുന്നതിനും നഗര അടിസ്ഥാന സൗകര്യ വികസനത്തിനും ഏതു രീതിയിൽ പ്രയോജനപ്രദമാകുന്നുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) തൊഴിലുറപ്പ് നിയമപ്രകാരം അവിദഗ്ദ്ധ കായിക തൊഴിൽ ചെയ്യാൻ സന്നദ്ധതയുള്ള ഓരോ ഗ്രാമീണ കുടുംബത്തിനും 100 ദിവസം തൊഴിൽ നൽകുന്നതിനോടൊപ്പം നിശ്ചിത ഗുണമേന്മയുള്ളതും ഈടുറ്റതും ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക വികസനവും അഭിവൃദ്ധിയും ലക്ഷ്യമിടുന്നുണ്ട്. വ്യക്തിഗത കക്കൂസുകൾ, സ്കൂൾ ടോയ്‌ലെറ്റുകൾ, അങ്കണവാടികൾ, ഗ്രാമീണ റോഡുകൾ, കളിസ്ഥലങ്ങൾ, ഗ്രാമീണ ചന്തകൾ എന്നിവയുടെ നിർമ്മാണം, റോഡുകളുടെ പുനരുദ്ധാരണം എന്നിവയാണ് തൊഴിലുറപ്പ് പദ്ധതിയിൽ പ്രാദേശിക വികസനത്തിനുതകുന്ന തരത്തിൽ മുൻഗണന നൽകി ഏറ്റെടുത്ത് നടപ്പാക്കി വരുന്നത്. ദീർഘകാലമായി തരിശായി കിടക്കുന്ന ഭൂമി കൃഷിക്ക് യോഗ്യമാക്കുന്നതിന് ഒറ്റത്തവണ ഇടപെടൽ നടത്തുന്നതിനും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം അനുവദിക്കുന്നുണ്ട്. ഇത് കാർഷികമേഖലയുടെ അഭിവൃദ്ധിക്ക് സഹായകകരമാണ്.

സാമൂഹികവും സാമ്പത്തികവുമായ പ്രാദേശിക വികസനം നടപ്പിലാക്കുന്നതിന്റെ ഭാഗമായി മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് നിയമം പട്ടിക 1 ഖണ്ഡിക (4) ഉപഖണ്ഡിക (2) അനുസരിച്ച്, ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ 60 ശതമാനവും മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവയുടെ വികസനത്തിനുതകുന്നതും കാർഷിക അനുബന്ധ മേഖലയുടെ ഉല്പാദന വർദ്ധനവിന് സഹായകകരമാകുന്നവയുമായ പ്രവൃത്തികളായിരിക്കണം. ആകെ ചെലവഴിക്കുന്ന തുകയുടെ 60% -ൽ കുറയാത്ത തുക അവിദഗ്ദ്ധ തൊഴിലിനുള്ള കൂലിയായും 40%-ൽ അധികരിക്കാത്ത തുക വിദഗ്ദ്ധ തൊഴിലിനും സാധന സാമഗ്രികൾക്കുള്ള ചെലവിനത്തിലും വിനിയോഗിക്കാവുന്നതാണ്. ഇത്തരത്തിൽ പ്രകൃതി വിഭവ പരിപാലനത്തിനും ആസ്തികൾ സൃഷ്ടിക്കുന്നതിനും അർഹമായ പ്രാതിനിധ്യം തൊഴിലുറപ്പ് പദ്ധതിയിൽ ഉറപ്പുവരുത്തുന്നതുമൂലം പ്രാദേശിക വികസനം സാധ്യമാകുന്നു. ഇപ്രകാരം തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി സൃഷ്ടിച്ച ആസ്തികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | വർഷം | | | |
|---|---|---|---|---|
| | 2016-17 | 2017-18 | 2018-19 (31-5-2018 വരെ) | ആകെ |
| അങ്കണവാടി കെട്ടിടങ്ങളുടെ നിർമ്മാണം | 7 | 22 | 8 | 37 |
| വ്യക്തിഗത കക്കൂസുകളുടെ നിർമ്മാണം | 8225 | 10400 | 1178 | 19803 |
| റോഡുകളുടെ നിർമ്മാണം | 5888 | 3339 | 324 | 9551 |
| കളിസ്ഥലങ്ങളുടെ നിർമ്മാണം | 121 | 53 | 3 | 177 |

നഗരപ്രദേശങ്ങളിൽ നടപ്പാക്കുന്ന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയും ഈടുറ്റതും, ഉല്പാദനപരവുമായ ആസ്തികൾ സൃഷ്ടിക്കുന്നതിലൂടെ പ്രാദേശിക വികസനവും അഭിവൃദ്ധിയും സാധ്യമാക്കുന്നുണ്ട്. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം എന്നിവയ്ക്ക് മുന്തിയ പരിഗണന അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ നൽകിവരുന്നു.

(ബി) പ്രഖ്യാപിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ജലസ്രോതസ്സുകൾ ജല സമൃദ്ധമാക്കി സംരക്ഷിച്ച് ജലസുരക്ഷ ഉറപ്പാക്കുന്നതിന് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൻകീഴിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിലും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൻകീഴിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ ആവിഷ്കരിച്ചിരിക്കുന്ന സമ്പൂർണ്ണ കിണർ റീചാർജ്ജ്, ജലസുഭിക്ഷ പദ്ധതികളിലൂടെ സംസ്ഥാനത്തെ എല്ലാ കിണറുകളും വിവിധ ഘട്ടങ്ങളിലായി സുസ്ഥിര ജലസമൃദ്ധ ജലശുചിത്വ കിണറുകളാക്കി മാറ്റുക, സംസ്ഥാനത്തെ ഭൂജലസമ്പത്ത് വർദ്ധിപ്പിക്കുക തുടങ്ങിയവ ലക്ഷ്യമിടുന്നു. സംസ്ഥാനത്ത് ജലസുഭിക്ഷ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ഗ്രാമ/ബ്ലോക്ക് തലത്തിൽ നടത്തിയ സർവ്വേയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട കിണറുകൾ റീചാർജ്ജ് ചെയ്തിട്ടുണ്ട്. കൂടാതെ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലും ജലസ്രോതസ്സുകളായ നദികൾ, പുഴകൾ, തോടുകൾ മുതലായവ നവീകരിച്ച് ശുദ്ധജലം ലഭ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ ഏറ്റെടുത്ത്

നടപ്പിലാക്കിവരുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ ഫോക്കൽ പ്രവൃത്തികളായ കുളങ്ങളുടെ നിർമ്മാണം, ഫാം പോണ്ടുകളുടെ നിർമ്മാണം, കിണറുകളുടെ നിർമ്മാണം, മഴവെള്ള സംഭരണികളുടെ നിർമ്മാണം എന്നീ പ്രവൃത്തികളും മുൻഗുക്കം നൽകി നടപ്പിലാക്കിവരുന്നുണ്ട്. കഴിഞ്ഞ രണ്ട് വർഷങ്ങളിലായി ജലസംരക്ഷണ പ്രവർത്തനങ്ങൾക്കായി സംസ്ഥാനത്ത് ഏറ്റെടുത്ത് നടപ്പാക്കിയ പ്രവർത്തനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| ഇനം | നേട്ടം |
|---|---|
| ഫാം പോണ്ട് നിർമ്മാണം | 6182 |
| പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം | 35230 |
| പുരപ്പുറത്ത് വീഴുന്ന മഴവെള്ളം ഉപയോഗിച്ച് കിണർ റീചാർജിംഗ് | 35696 |
| പുതിയ കിണറുകളുടെ നിർമ്മാണം | 19450 |
| ചെക്ക് ഡാമുകളുടെ നിർമ്മാണം | 3022 |

(സി) അവിദഗ്ദ്ധ കായിക തൊഴിലിൽ ഏർപ്പെടാൻ സന്നദ്ധതയുള്ള നഗരപ്രദേശങ്ങളിൽ അധിവസിക്കുന്ന ഏതൊരു കുടുംബത്തിനും ഒരു വർഷം 100 ദിവസത്തിൽ കുറയാത്ത തൊഴിൽ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന നൽകുന്നു. അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതി മുഖേന തൊഴിലാളികൾക്ക് തൊഴിൽ നൽകുന്നതിനോടൊപ്പം ആസ്തികളും സൃഷ്ടിക്കപ്പെടുന്നു. മണ്ണ്, ജലസംരക്ഷണം, പരിസ്ഥിതി സംരക്ഷണം, കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മാലിന്യ സംസ്കരണം എന്നിവയ്ക്ക് അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ മുൻഗണന നൽകിവരുന്നു. നഗരസഭകളുടെ പ്രാദേശിക വികസന പദ്ധതികൾ അയ്യങ്കാളി നഗരതൊഴിലുറപ്പ് പദ്ധതിയിൽ ഇന്റഗ്രേറ്റ് ചെയ്ത് നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നഗരസഭയുടെ ചുമതലകളിൽ പ്രധാനമായ ഖര-ദ്രവ്യ-മാലിന്യ ശേഖരണവും സംസ്കരണവും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി മുഖേന നടപ്പിലാക്കാവുന്നതാണ്

**ലൈഫ് ഭവന പദ്ധതി ഗുണഭോക്താക്കൾക്ക് വീട്ട് നമ്പർ**

131 (3150) ശ്രീ. എൻ. വിജയൻ പിള്ള : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെട്ട സ്പിൽഓവർ ഗുണഭോക്താക്കൾക്ക് സി. ആർ. ഇസ്സഡ്. പരിധി, ഡാറ്റാ ബാങ്കിൽ ഉൾപ്പെട്ടു എന്നീ കാരണങ്ങളാൽ വീട്ട് നമ്പർ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

പൂർത്തീകരിക്കാത്ത ഭവനങ്ങൾ പൂർത്തീകരിക്കുക എന്ന ഘടകത്തിൽ വരുന്ന ഭവനങ്ങളെല്ലാംതന്നെ നിയമപ്രകാരം നിർമ്മാണ അനുമതി ലഭിച്ച കെട്ടിടങ്ങളാണ്. എന്നാൽ സി.ആർ.ഇസഡ്/ഡാറ്റാബാങ്കിൽ ഉൾപ്പെട്ടിട്ടുള്ളത് കാരണം അനുമതി ലഭിക്കാത്ത ചില ഭവനങ്ങൾ ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്. ഇത്തരത്തിൽ നിർമ്മാണ അനുമതി ലഭിക്കാത്ത ഭവനങ്ങൾക്ക്, പൂർത്തീകരിക്കുന്നതിന് തടസ്സം നേരിടുന്നതായോ വീട്ടുനമ്പർ ലഭിക്കാത്ത സാഹചര്യം ഉള്ളതായോ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## പി.എം.എ.വൈ.പദ്ധതിയുടെ യൂണിറ്റ് കോസ്റ്റും ലൈഫ് മിഷൻ പദ്ധതിയും

132(3151) <u>ശ്രീ. എൻ. വിജയൻ പിള്ള</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം കരാർവച്ച് ഭവനനിർമ്മാണം പുരോഗമിച്ച് കൊണ്ടിരിക്കുന്ന ഗുണഭോക്താക്കളെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ആനുപാതിക വർദ്ധനവ് നൽകുമ്പോൾ അടിസ്ഥാനമാക്കേണ്ട തീയതി ഏതാണ് എന്നറിയിക്കുമോ;

(ബി) പി.എം.എ.വൈ. പദ്ധതിയുടെ യൂണിറ്റ് കോസ്റ്റ് ലൈഫ് മിഷൻ പദ്ധതിയുടേതിന് തുല്യമാക്കിയ ഉത്തരവിന്റെ തീയതി മുതൽ ആണോ അതോ 2016-17 സാമ്പത്തിക വർഷത്തിന്റെ അവസാന തീയതി ആണോ ആനുപാതിക വർദ്ധനവ് കണക്കാക്കുന്നതിന് അടിസ്ഥാനമാക്കേണ്ടതെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 2016 മാർച്ച് 31-ന് മുൻപ് കരാറിൽ ഏർപ്പെടുകയും ആദ്യ ഗഡു തുക കൈപ്പറ്റുകയും എന്നാൽ ഭവന നിർമ്മാണം 1-11-2017-ന് പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ഗുണഭോക്താക്കളെയാണ് പൂർത്തീകരിക്കാത്ത ഭവനങ്ങളുടെ പൂർത്തീകരണമായ ലൈഫ് മിഷന്റെ ഒന്നാം ഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(ബി) 2017 ഏപ്രിൽ 1-നുശേഷം കരാറിൽ ഏർപ്പെട്ട PMAY(G) ആൻഡ് PMAY(U)-ലെ ഗുണഭോക്താക്കൾക്കാണ് ലൈഫ് മിഷന്റെ തുക ലഭ്യമാക്കുന്നത്.

## ഭവനനിർമ്മാണ പദ്ധതികൾ വഴി ധനസഹായം ലഭിച്ചിട്ടുള്ളവർ

133(3152) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് ഭവന പദ്ധതിയിലേയ്ക്ക് സംസ്ഥാനത്ത് അപേക്ഷ സമർപ്പിച്ച ഭൂരഹിത ഭവനരഹിതർ എത്രയെന്നും ഭൂമിയുള്ള ഭവനരഹിതർ എത്രയെന്നും വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതിയിൽ മാനദണ്ഡപ്രകാരം തെരഞ്ഞെടുത്തവരുടെ എണ്ണം എത്ര; എഗ്രിമെന്റ് ചെയ്തവരുടെ എണ്ണം, പണി പൂർത്തിയാക്കിയവരുടെ എണ്ണം എന്നിവ എത്രയെന്ന് വ്യക്തമാക്കാമോ;

(സി) 2011 മുതൽ 2016 വരെ കാലയളവിൽ സംസ്ഥാനത്ത് തദ്ദേശ സ്ഥാപനങ്ങളിൽ നടപ്പിലാക്കിയ വിവിധ പദ്ധതികൾ പ്രകാരം സംസ്ഥാനത്ത് വീട് നിർമ്മാണത്തിനായി ധനസഹായം ലഭിച്ചവരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത കാലയളവിൽ ഐ.എ.വൈ. പദ്ധതി പ്രകാരം ഭവന നിർമ്മാണത്തിന് എത്ര പേർക്ക് ധനസഹായം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) ലൈഫ് പദ്ധതിയിലേയ്ക്ക് അപേക്ഷ ക്ഷണിച്ചിട്ടില്ല. നേരിട്ട് വിവരശേഖരണം നടത്തിയാണ് ഗുണഭോക്താക്കളെ കണ്ടെത്തിയത്. ഇതിൽ 260557 പേർ ഭൂമിയുള്ള ഭവന രഹിതരാണ് സ്വന്തമായി ഭൂമിയില്ലാത്തവർ 334250 പേരാണ്.

(ബി) ഈ പദ്ധതിയിൽ, 5,94,807 ഗുണഭോക്താക്കളെയാണ് സർവ്വെ പ്രകാരം കണ്ടെത്തിയത്. ഇവരിൽ നാളിതുവരെ (എം.ഐ.എസ്.പ്രകാരം) നഗരപ്രദേശങ്ങളിൽ 31484 പേരും ഗ്രാമപ്രദേശങ്ങളിൽ 7181 പേരുമാണ് കരാറിൽ ഏർപ്പെട്ടിട്ടുള്ളത്. ഇതിൽ വീടുപണി പൂർത്തിയാക്കിയവർ യഥാക്രമം 3434 പേരും 8 പേരുമാണ്.

(സി) വിവരം ശേഖരിച്ച് നൽകുന്നതാണ്.

(ഡി) 2011-12 മുതൽ 2015-16 വരെ കാലയളവിൽ ഐ.എ.വൈ പദ്ധതി പ്രകാരം വീട് നിർമ്മാണത്തിന് ധനസഹായം ലഭിച്ചവരുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | അനുവദിച്ച വീടുകളുടെ എണ്ണം |
|---|---|---|
| 1 | 2011-12 | 67130 |
| 2 | 2012-13 | 55401 |
| 3 | 2013-14 | 44031 |
| 4 | 2014-15 | 51261 |
| 5 | 2015-16 | 56057 |
| | | ആകെ 2,73,880 |

**ലൈഫ് മിഷൻ**

134 (*T 3153) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷന്റെ ഭാഗമായി നടപ്പിലാക്കുന്ന ഭവനനിർമ്മാണ പദ്ധതിയ്ക്ക് വായ്പയെടുക്കുന്ന തുകയ്ക്ക് പുറമെ സർക്കാരിന്റെ വിവിധ ഭവനനിർമ്മാണ പദ്ധതികളിൽ ഉൾക്കൊള്ളിച്ചിട്ടുള്ള തുകയും നീക്കിവയ്ക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ടോ;

(ബി) വായ്പയെടുക്കുന്ന തുകയുടെ തിരിച്ചടവ് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി വിഹിതത്തിന്റെ ഇരുപത് ശതമാനം ലൈഫ് പദ്ധതിക്ക് വേണ്ടി നീക്കിവെയ്ക്കുവാൻ നിർദ്ദേശിച്ചിട്ടുണ്ടോ;

(ഡി) ലൈഫ് പദ്ധതിയുടെ കീഴിൽ ഭൂരഹിതർക്കായുള്ള ഫ്ളാറ്റ് നിർമ്മാണ കരാർ നൽകുന്നതിനെ സംബന്ധിച്ച് ഉന്നത ഉദ്യോഗസ്ഥർക്കിടയിൽ അഭിപ്രായ ഭിന്നത ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ലൈഫ് മിഷൻ പദ്ധതിയുടെ പ്രവർത്തനത്തെ ഇത് എപ്രകാരമാണ് ബാധിച്ചതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ടിന്റെ 20% തുക നീക്കിവയ്ക്കാൻ നിർദേശിച്ചിട്ടുണ്ട്. കൂടാതെ വിവിധ വകുപ്പുകളിൽ ഭവന നിർമ്മാണത്തിനായി നീക്കി വച്ച തുക മുഴുവൻ ലൈഫ് മിഷൻ പദ്ധതിയിലെ ഗുണഭോക്താക്കൾക്ക് നൽകുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

* T മാറ്റി വച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) തദ്ദേശഭരണ സ്ഥാപനത്തിന്റെ വികസന ഫണ്ടിന്റെ 20% തുക നീക്കിവയ്ക്കാൻ നിർദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ മാറ്റിവയ്ക്കുന്ന തുക പിന്നീടുള്ള 15 വർഷം വായ്പ തുക തിരിച്ചടയ്ക്കാൻ ഉപയോഗിക്കും. പലിശ സർക്കാർ കൊടുക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) ഇല്ല.

**ലൈഫ് മിഷൻ പദ്ധതി പ്രകാരം നിർമ്മാണം പൂർത്തിയാക്കിയ വീടുകൾ**

135(3154) <u>ശ്രീ. കെ. സി. ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം പൂർത്തിയാക്കാൻ അവശേഷിച്ചിട്ടുള്ളത് എത്ര വീടുകളാണെന്നും ഇതിനോടകം എത്ര വീടിന്റെ നിർമ്മാണം പൂർത്തിയാക്കിയെന്നും വെളിപ്പെടുത്തുമോ;

(ബി) പുതിയതായി വീടുകൾ നിർമ്മിക്കാൻ എത്ര വീടുകൾക്ക് ഒന്നാം ഗഡു അനുവദിച്ചുവെന്നും പുതിയ വീടിന്റെ പട്ടിക ഏതെല്ലാം ജില്ലകളിൽ അംഗീകരിച്ചുവെന്നും വെളിപ്പെടുത്തുമോ;

(സി) പി.എം.എ.വൈ. പദ്ധതിയിൽ അനുവദിച്ച വീടുകളും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ചുമതലയിലുള്ള വീടുകളും ലൈഫ് മിഷന്റെ ഭാഗമായി മാറ്റിയിട്ടുണ്ടോയെന്നും 2017-18 സാമ്പത്തിക വർഷം ഈ വിഭാഗത്തിൽ എത്ര വീടുകൾ നിർമ്മിച്ചുവെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം വിവിധ ഭവന പദ്ധതികളിൽ ഉൾപ്പെട്ട് പണി പൂർത്തീകരിക്കാനുണ്ടായിരുന്ന 56041 വീടുകളിൽ 40549 വീടുകൾ പൂർത്തീകരിച്ചു. 15492 വീടുകളാണ് ഇനി പൂർത്തീകരിക്കാനുള്ളത്.

(ബി) നഗര പ്രദേശങ്ങളിൽ ഭൂമിയുള്ള ഭവന രഹിതരുടെ 28063 വീടുകൾക്കും ഗ്രാമപ്രദേശങ്ങളിൽ 3191 വീടുകൾക്കുമാണ് ആദ്യ ഗഡു തുക നല്കിയിട്ടുള്ളത്. എല്ലാ ജില്ലകളിലും പുതിയ വീടുകളുടെ പട്ടിക അന്തിമമാക്കിയിട്ടുണ്ട്.

(സി) PMAY(R), SC/ST വകുപ്പിന്റെ ചുമതലയിലുള്ള വീടുകൾ 2017-18 വർഷം ലൈഫ് മിഷന്റെ ഭാഗമാക്കിയിരുന്നില്ല. എന്നാൽ 2018 ഏപ്രിൽ 1 മുതൽ എല്ലാ വകുപ്പുകളുടെ ചുമതലയിലുള്ള വീടുകളും ലൈഫ് മിഷന്റെ ഭാഗമാക്കിയിട്ടുണ്ട്.

## ലൈഫ് മിഷൻ പദ്ധതി ഭവനരഹിതരുടെ കണക്ക്

136 (3155) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ഗവൺമെന്റിന്റെ ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി ഭവനരഹിതർക്ക് വീട് നൽകുവാനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള ഭവനരഹിതരുടെ പട്ടിക എല്ലാ ഗ്രാമപഞ്ചായത്തുകളും തയ്യാറാക്കുകയും അംഗീകാരം നൽകുകയും ചെയ്തുകഴിഞ്ഞോയെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുപ്രകാരം ഓരോ ജില്ലയിലും എത്ര വീതം ഭവനരഹിതർ, ഭൂരഹിതരായ ഭവനരഹിതർ ഉണ്ടെന്നുള്ളതിന്റെ കണക്കുകൾ ലഭ്യമാക്കുമോ;

(സി) ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന പട്ടിക പ്രകാരം ഓരോജില്ലയിലും എത്ര വീടുകളുടെ നിർമ്മാണം നടപ്പുസാമ്പത്തിക വർഷം ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ലൈഫ് മിഷൻ ഗുണഭോക്തൃ പട്ടിക എല്ലാ ഗ്രാമ പഞ്ചായത്തുകളും അംഗീകരിച്ചിട്ടുണ്ട്.

(ബി) ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ഭവന രഹിതർ, ഭൂരഹിത ഭവന രഹിതർ എന്നിവരുടെ ജില്ലാടിസ്ഥാനത്തിലുള്ള കണക്കുകൾ അനുബന്ധം 1*ആയി ചേർക്കുന്നു.

(സി) 2018-19-ൽ നഗര പ്രദേശങ്ങളിൽ ഭൂമിയുള്ള ഭവനരഹിതരായ 82487 വീടുകളും ഗ്രാമപ്രദേശങ്ങളിൽ 178070 വീടുകളുടെയും നിർമ്മാണം ആരംഭിക്കാൻ സാധിക്കുമെന്നാണ് കരുതുന്നത്. ജില്ലാടിസ്ഥാനത്തിലുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*

## ലൈഫ് മിഷൻ പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ

137(3156) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; എങ്കിൽ എവിടെയെല്ലാമാണ് അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളത്;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) പദ്ധതിയുടെ ഭാഗമായുള്ള ടെണ്ടർ നടപടികൾ കേന്ദ്ര വിജിലൻസ് കമ്മീഷന്റെ മാനദണ്ഡങ്ങളും ധനകാര്യ വകുപ്പിന്റെ മാനദണ്ഡങ്ങളും പൂർണ്ണമായും പാലിച്ചുകൊണ്ടാണോ ആരംഭിച്ചിട്ടുള്ളത്; നടപടിക്രമങ്ങൾ ലംഘിച്ച് ടെൻഡർ നടപടികൾ ആരംഭിച്ചിട്ടുള്ളതായി ഏതെങ്കിലും തരത്തിലുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) നടപടിക്രമങ്ങൾ പാലിച്ചുകൊണ്ട് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ എന്ന സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതിയുടെ ഭാഗമായി അപ്പാർട്ട്മെന്റുകൾ നിർമ്മിച്ച് നൽകുന്ന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ട്. ടെൻഡർ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ജില്ലയിലും ഓരോ അപ്പാർട്ട്മെന്റ് കോംപ്ലക്സുകൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിശദാംശം അനുബന്ധമായി* ചേർക്കുന്നു.

(ബി) ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) നടപടിക്രമങ്ങൾ പാലിച്ചുകൊണ്ടാണ് പദ്ധതി അടിയന്തരമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്.

## ലൈഫ് ഭവനപദ്ധതി മാർഗ്ഗനിർദ്ദേശത്തിലെ അനീതി

138 (3157) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷീറ്റിനാൽ മറച്ച ഷെഡ്ഡുകളിൽ താമസിക്കുന്നവരെ വീടില്ലാത്തവരെന്നും വീട് പൂർണ്ണമായും നിർമ്മിക്കാൻ യഥാർത്ഥത്തിൽ സാമ്പത്തികശേഷി ഇല്ലാതെ ഒറ്റമുറിയിൽ കിടപ്പും പാചകവും ചെയ്ത് കഴിയുന്നവരെ മേൽപ്പുര ഓട്/വാർപ്പ് ആയതിനാൽ വീട്ടുള്ളവരായും പരിഗണിക്കുന്ന ലൈഫ് പദ്ധതി മാർഗ്ഗ നിർദ്ദേശത്തിലെ അനീതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കാൻ ആലോചിക്കുമോ;

(ബി) കാലപ്പഴക്കത്താൽ ജീർണ്ണിച്ച് നിലംപൊത്താറായ ഓടിട്ട വീട്ടിൽ താമസിക്കുന്ന പാവപ്പെട്ടവരെ ലൈഫ് ഭവന പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നവീകരിക്കാൻ ഉള്ള സഹായം നൽകുന്ന കാര്യം ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിലുള്ള മാനദണ്ഡങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ ആലോചിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഉത്തരം

(എ) നിലവിൽ ഭൂമി ഉണ്ടായിരിക്കുകയും എന്നാൽ വീടില്ലാത്തവരെയുമാണ് ഭൂമിയുള്ള ഭവനരഹിതരുടെ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. വാസയോഗ്യമല്ലാത്തതും സുരക്ഷിതത്വമില്ലാത്തതുമായ ഭവനങ്ങളിൽ താമസിക്കുന്നവർക്ക് ലൈഫ് മിഷന്റെ വീട് അനുവദിക്കുന്നത് സംബന്ധിച്ച് പരിഗണിക്കുന്നതാണ്.

(ബി) വീട് നവീകരിക്കുന്ന ഘടകം ലൈഫ് പദ്ധതിയിൽ നിലവിൽ ഉൾപ്പെടുത്തിയിട്ടില്ല. പുതിയ ഭവനങ്ങളുടെ നിർമ്മാണമാണ് 2018-19-ൽ പൂർത്തീകരിക്കാൻ ഉദ്ദേശിക്കുന്നത്. വാസയോഗ്യമല്ലാത്ത ഭവനങ്ങളെ വാസയോഗ്യമാക്കുന്നതിനുള്ള ഘടകം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയത് തുടർന്ന് നടപ്പിലാക്കുന്നതാണ്.

(സി) ലൈഫ് ഭവന പദ്ധതിയിലെ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിനുള്ള മാനദണ്ഡങ്ങൾ സമഗ്രമായി പരിഷ്കരിക്കാൻ നിലവിൽ ആലോചനയില്ല.

**ലൈഫ് പദ്ധതിയിലെ ഗുണഭോക്താക്കൾ**

139 (3158) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തം പേരിൽ റേഷൻ കാർഡ് ഇല്ലാത്തതിനാൽ അർഹരായ ഗുണഭോക്താക്കൾക്ക് ലൈഫ് പദ്ധതിയിൽ വീട് ലഭ്യമാക്കാൻ തടസ്സമുണ്ടാകുന്ന വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്ത് പുതിയ റേഷൻ കാർഡുകൾ നൽകാത്ത സാഹചര്യത്തിൽ ഇത്തരം നിബന്ധനകൾ കാരണം അർഹരായ ഗുണഭോക്താക്കൾ ഒഴിവാക്കപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് ബന്ധപ്പെട്ടവർക്ക് അടിയന്തര നിർദ്ദേശം നൽകുന്ന കാര്യം പരിഗണിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ-ബി) ഉണ്ട്.

(സി) റേഷൻകാർഡില്ലാത്ത ഭവനരഹിതരായ അഗതികളെയും പട്ടിക ജാതി ഊരിൽ താമസിക്കുന്നവരേയും ഉൾക്കൊള്ളിക്കാൻ നിർദ്ദേശം നല്കിയിട്ടുണ്ട്.

## പിറവം മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി

140(3159) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം നിയോജകമണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം എത്ര വീടുകൾക്ക് അപേക്ഷ ലഭിച്ചു എന്നറിയിക്കാമോ;

(ബി) ലഭിച്ച അപേക്ഷകളിൽ പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലങ്ങളിൽ നിർമ്മാണം പൂർത്തിയാക്കിയ വീടുകളുടെ എണ്ണം വേർതിരിച്ച് ലഭ്യമാക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതി പ്രകാരം ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി അപേക്ഷ ക്ഷണിച്ചിരുന്നില്ല. സർവ്വേ പ്രകാരം 1390 ഭൂരഹിത ഭവനരഹിതരും 1214 ഭൂമിയുള്ള ഭവനരഹിതരും പിറവം മണ്ഡലത്തിൽ ഉള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ബി) സർവ്വേ പ്രകാരം കണ്ടെത്തിയ ഗുണഭോക്താക്കളിൽ പഞ്ചായത്ത്/ മുനിസിപ്പാലിറ്റി തലങ്ങളിൽ ആകെ 62 വീടുകളാണ് നിർമ്മാണം പൂർത്തിയാക്കിയിട്ടുള്ളത്. വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | മുനിസിപ്പാലിറ്റിയുടെ പേര് | പഞ്ചായത്തിന്റെ പേര് | പൂർത്തിയാക്കിയ വീടുകളുടെ എണ്ണം |
|---|---|---|---|
| 1 | | ആമ്പല്ലൂർ | 1 |
| 2 | കൂത്താട്ടുകുളം | | 25 |
| 3 | പിറവം | | 4 |
| 4 | മൂവാറ്റുപുഴ | | 32 |
| | | ആകെ | 62 |

## വികലാംഗ കോളനി നിവാസികളുടെ പുനരധിവാസം

141(3160) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിലെ മുട്ടത്തറയിൽ വികലാംഗ കോളനി നിവാസികളുടെ

പുനരധിവാസത്തിനായി നഗരകാര്യ വകുപ്പിന് കൈമാറിയ രണ്ടേക്കർ ഭൂമിയിൽ വീടുകൾ നിർമ്മിച്ച നൽകുന്നതിനുള്ള നടപടികളുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി ഭവനരഹിതരായ വികലാംഗ കോളനി നിവാസികൾക്ക് വീടുകൾ നിർമ്മിച്ച് നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം നഗരത്തിൽ ഭവനരഹിതരായ വികലാംഗ കോളനി നിവാസികളുടെ പുനരധിവാസം സാധ്യമാക്കുന്നതിന് അടിയന്തര പ്രാധാന്യം നൽകി നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 18-2-2016 -ലെ സ. ഉ.(എം. എസ്) നമ്പർ 138/2016/റവന്യൂ ഉത്തരവ് പ്രകാരം തിരുവനന്തപുരം താലൂക്കിൽ മുട്ടത്തറ വില്ലേജിൽ സർവ്വേ നമ്പർ 2610-ൽപ്പെട്ട സ്ഥലത്ത്നിന്നും 81 ആർസ് (2 ഏക്കർ) ഭൂമി വികലാംഗ കോളനിയിൽ താമസിക്കുന്ന കുടുംബാംഗങ്ങളെ പുനരധിവസിപ്പിക്കുന്നതിന് ഭവനം നിർമ്മിച്ച് നൽകുന്നതിനായി നഗരകാര്യ വകുപ്പിന് കൈമാറിയിട്ടുള്ളതാണ്.

നഗരകാര്യ വകുപ്പിൽനിന്നും പ്രസ്തുത സ്ഥലം തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷന് കൈമാറിയാൽ മാത്രമേ ടി പദ്ധതി നടപ്പിലാക്കുവാൻ സാധിക്കുകയുള്ളൂ. സ്ഥലം കൈമാറിക്കിട്ടുന്നതിനുള്ള നടപടികൾ തിരുവനന്തപുരം കോർപ്പറേഷൻ സ്വീകരിച്ചുവരുന്നു.

(ബി) ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വികലാംഗ കോളനി നിവാസികൾക്ക് വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പ്രത്യേക പദ്ധതി ഇപ്പോൾ പരിഗണനയിില്ല.

(സി) നഗരകാര്യ വകുപ്പിൽനിന്ന് കോർപ്പറേഷന് സ്ഥലം വിട്ടുകിട്ടുന്നമുറയ്ക്ക് വികലാംഗ കോളനി നിവാസികളുടെ പുനരധിവാസം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിൽ ലൈഫ് മിഷൻ പദ്ധതി**

142(3161) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിൽ എത്ര ഭൂരഹിത-ഭവനരഹിതരായ വ്യക്തികളുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവരിൽ എത്ര പേർക്കാണ് ലൈഫ് പദ്ധതിയിലൂടെ ഭവന നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്;

(സി) ഇതിൽ എത്ര വീടുകൾക്കാണ് 2017 - 18 ൽ നിർമ്മാണത്തിന് അനുമതി നൽകിയിട്ടുള്ളത്;

(ഡി) ഈ പദ്ധതിയിൽ ഇതിനകം ഉൾപ്പെടാത്ത എത്ര ഭൂരഹിത - ഭവനരഹിതരുണ്ടെന്ന് വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് എത്ര പരാതികളാണ് ലഭിച്ചിട്ടുള്ളത്?

<u>ഉത്തരം</u>

(എ) 5799 വ്യക്തികളാണ് തിരുവനന്തപുരം നിയമസഭാ മണ്ഡലത്തിൽനിന്നും ലൈഫ് മിഷൻ പദ്ധതിയിൽ ഭൂരഹിത ഭവനരഹിതരായി ഉൾപ്പെട്ടിട്ടുള്ളത്.

(ബി &സി) ഭൂരഹിത ഭവനരഹിതർക്ക് ഭവന സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്ന പദ്ധതി തുടങ്ങിയിട്ടില്ല.

(ഡി) അർഹരായ എല്ലാവരെയും ഉൾക്കൊള്ളിച്ചിട്ടുണ്ട്. വ്യക്തമായ പരാതികൾ ഉള്ളപക്ഷം ആയത് പരിഗണിക്കുന്നതാണ്. കൂടാതെ തിരുവനന്തപുരം നിയമസഭാ പ്രദേശത്ത് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ അർഹത പരിശോധിക്കുന്നതിലേയ്ക്കും പരാതികൾ സ്വീകരിക്കുന്നതിലേയ്ക്കുമുള്ള അദാലത്ത് 4-6-2018 മുതൽ 22-6-2018 വരെ തിരുവനന്തപുരം നഗരസഭയുടെ വിവിധ മേഖലകളിൽ നടന്നുവരികയാണ്. അദാലത്ത് പൂർത്തിയായ ശേഷം ടി പദ്ധതിയിൽ ഉൾപ്പെടാത്ത ഭൂരഹിത ഭവനരഹിതരുടെ കൃത്യമായ വിവരം വ്യക്തമാകുന്നതാണ്.

(ഇ) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് നാളിതുവരെ ഗുണഭോക്താക്കൾ നേരിട്ടും ജനപ്രതിനിധികൾ വഴിയും 200 ഓളം പരാതികൾ തിരുവനന്തപുരം നഗരസഭയിൽ ലഭിച്ചിട്ടുണ്ട്. കൂടാതെ ഓഖി ദുരന്തത്തിൽ ഇരയായിട്ടുള്ള 1562 ആളുകളുടെ പരാതികളും നഗരസഭയ്ക്ക് ലഭ്യമായിട്ടുണ്ട്.

## കൊക്കറപ്പറമ്പിൽ ലീലയുടെ വീട് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്താൻ നടപടി

143(3162) <u>ശ്രീ. മോൻസ് ജോസഫ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭയുടെ 2017-18 കാലഘട്ടത്തിലെ ലൈഫ് മിഷൻ പദ്ധതിയുടെ പുരോഗതി വ്യക്തമാക്കാമോ;

(ബി) നഗരസഭയുടെ ബി.എസ്.യു.പി. പദ്ധതി പ്രകാരം വീടുപണി നടത്തിക്കൊണ്ടിരിക്കുന്ന ഗുണഭോക്താക്കൾക്ക് ലൈഫ് മിഷൻ പദ്ധതി പ്രകാരമുള്ള തുക നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ബി.എസ്.യു.പി പദ്ധതിയിൽ പണി പകുതി പൂർത്തീകരിച്ച, താമസയോഗ്യമല്ലാത്ത വീടുകൾക്ക്, ലൈഫ് മിഷൻ പദ്ധതിയിലൂടെ അധിക തുക നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) നഗരസഭയുടെ കാട്ടായിക്കോണം വാർഡിൽ ലീല, കൊക്കറപ്പറമ്പിൽ വീട്, തുണ്ടത്തിൽ, കാര്യവട്ടം എന്ന വ്യക്തിക്ക് ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീടുപണിക്ക് സഹായം നൽകണമെന്ന കാണിച്ച് നൽകിയിരുന്ന അപ്പീൽ പെറ്റീഷനിൽ നഗരസഭ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ഇ) ലീലയുടെ വീടിന് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി അധിക തുക നൽകുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ) ലൈഫ് മിഷൻ പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ (2017-18 കാലഘട്ടം) വിവിധ പദ്ധതികളിൽ ആനുകൂല്യം ലഭിക്കുകയും എന്നാൽ പൂർത്തീകരിക്കാൻ കഴിയാത്ത ഭവനങ്ങളുടെ പൂർത്തീകരണമാണ് ലക്ഷ്യമിട്ടിരുന്നത്. ഇത് പ്രകാരം തിരുവനന്തപുരം കോർപ്പറേഷനിൽ പൂർത്തീകരിക്കാനുള്ള 3644 ഭവനങ്ങളിൽ 2770 എണ്ണം പൂർത്തികരിച്ചിട്ടുണ്ട്.

(ബി) 2016 മാർച്ച് 31-ന് മുമ്പ് കരാറിലേർപ്പെടുകയോ ആദ്യഗഡു കൈപ്പറ്റുകയോ ചെയ്യുകയും 1-11-2017-ന് മുമ്പ് പൂർത്തീകരിക്കാത്തതുമായ ബി.എസ്.യു.പി. ഗുണഭോക്താക്കൾക്ക് ആനുപാതിക വർദ്ധനവ് തുക ലഭിക്കുന്നതിന് അർഹതയുണ്ട്. എന്നാൽ മുഴുവൻ തുകയും കൈപ്പറ്റി വീടുപണി പൂർത്തീകരിച്ചിട്ടില്ലാത്തവർക്ക് ലൈഫ് പദ്ധതിയിൽ ഉൾപ്പെടുത്തി ആനുകൂല്യം ലഭിക്കാൻ അർഹതയില്ല.

(സി) ബി.എസ്.യു.പി. പദ്ധതി പ്രകാരം 2016 മാർച്ച് 31-ന് മുമ്പ് ഭവന നിർമ്മാണം തുടങ്ങുകയോ ആദ്യഗഡു കൈപ്പറ്റുകയോ ചെയ്യുകയും എന്നാൽ പൂർത്തീകരിക്കാൻ സാധിക്കാത്തതുമായ ഗുണഭോക്താക്കൾ ആണെങ്കിൽ അവർക്ക് ആനുപാതിക വർദ്ധനവ് തുകയ്ക്ക് അർഹതയുള്ളതാണ്. മുഴുവൻ തുക വാങ്ങി ഭവനം നിർമ്മിച്ചവരെ ലൈഫ് മിഷൻ പദ്ധതിപ്രകാരം പരിഗണിക്കാൻ കഴിയില്ല.

(ഡി ആൻഡ് ഇ) തിരുവനന്തപുരം നഗരസഭയിൽ കാട്ടായിക്കോണം വാർഡിൽ, ലീല, കൊക്കറപ്പറമ്പിൽ വീട്, ഉണ്ടത്തിൽ, കാര്യവട്ടം എന്ന വ്യക്തി മകന് വസ്തു എഴുതി നൽകിയിട്ടുള്ളതും, മകന്റെ ഭാര്യ (സിന്ധു) ബി.എസ്.യു.പി. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതുമാണ്. ടി വ്യക്തി ബി.എസ്.യു.പി. പദ്ധതി പ്രകാരമുള്ള തുക കൈപ്പറ്റിയിട്ടുള്ളതും അവസാന ഗഡു ലൈഫ് പദ്ധതി പ്രകാരമുള്ള അധികരിച്ച തുകയുടെ ആനുപാതികമായി കൈപ്പറ്റി ഭവന നിർമ്മാണം പൂർത്തീകരിച്ച് നിലവിൽ ആ വീട്ടിൽ താമസിച്ചുവരുന്നതുമാണ്. ലീല ഇപ്പോൾ മകനോടൊപ്പം പൂർത്തിയായ ഈ ഭവനത്തിലാണ് താമസിക്കുന്നത്. ഇവർ ഒരേ റേഷൻ കാർഡിൽ ഉൾപ്പെട്ടിട്ടുള്ളതാകയാലും ലീലയുടെ മകന്റെ ഭാര്യ ബി.എസ്.യു.പി. പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളതിനാലും ലൈഫ് മിഷൻ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് പണിക്ക് അധിക ധനസഹായം നല്കാൻ സാധിക്കുന്നതല്ല.

**ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച അമ്മവീട് പദ്ധതി**

144(3163) <u>ശ്രീ. ബി. ഡി. ദേവസ്സി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ബ്ലോക്ക് പഞ്ചായത്ത് 2017-18 വർഷത്തിൽ ആദിവാസി മേഖലയിലെ സ്ത്രീകളുടെ ഉന്നമനം ലക്ഷ്യമാക്കി സമർപ്പിച്ച അമ്മവീട്, ഷീടോയ്‌ലെറ്റ് എന്നീ പദ്ധതികൾ സ്പിൽഓവർ പ്രവൃത്തിയായി അംഗീകരിക്കുന്നതിനും പ്രത്യേക സ്പിൽ ഓവർ തുക അനുവദിക്കുന്നതിനുമായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിനായി കോ-ഓർഡിനേഷൻ കമ്മിറ്റിയുടെ അനുമതിയും നിർമ്മാണം വന സംരക്ഷണ സമിതി മുഖേന നടപ്പാക്കുന്നതിന് അനുമതിയും നൽകുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2018 മാർച്ച് 31-ന മുമ്പ് പൂർത്തിയാക്കാത്ത പ്രോജക്ടുകൾ സ്പിൽ ഓവറായി തുടരുന്നത് സംബന്ധിച്ച് സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. ചാലക്കുടി ബ്ലോക്ക് പഞ്ചായത്തിന്റെ അമ്മ വീട്, ഷീ ടോയ്‌ലെറ്റ് എന്നീ പദ്ധതികൾ സ്പിൽഓവർ കാറ്റഗറി-1 വിഭാഗത്തിൽ ഉൾപ്പെടുന്നവയാണെങ്കിൽ (അതായത് എഗ്രിമെന്റ് വയ്ക്കുകയോ നിർവ്വഹണം ആരംഭിക്കുകയോ ചെയ്തവ ആണെങ്കിൽ) ക്യാരി ഓവർ വിഹിതം നൽകുന്നതിനായി പരിഗണിക്കുന്ന ഗണത്തിൽപ്പെടുന്നതാണ്.

(ബി) അമ്മവീട്, ഷീ ടോയ്‌ലെറ്റ് എന്നീ പദ്ധതികൾ നടപ്പിലാക്കുവാനുള്ള അക്രഡിറ്റ് ഏജൻസിയായി വനം സംരക്ഷണ സമിതിയെ കൂടി നിശ്ചയിക്കണമെന്ന് ധനകാര്യ വകുപ്പിനോട് ആവശ്യപ്പെടുവാൻ 6-2-2018 തീയതിയിലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. ഇക്കാര്യം ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്.

## ഭവനനിർമ്മാണത്തിന് ശേഷിക്കുന്ന ഗഡുക്കൾ ലഭ്യമാക്കാൻ നടപടി

145 (3164) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം ബ്ലോക്ക് പഞ്ചായത്തിന്റെ 2015 ലെ ഐ.എ.വൈ പദ്ധതിയിൽ ഭവനനിർമ്മാണത്തിന് അർഹയായ ശ്രീമതി, കണ്ണോറ വീട്, കുന്ദമംഗലം എന്നയാൾക്ക് വീട് നിർമ്മാണത്തിന് എത്ര തുകയാണ് ധനസഹായമായി നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) വീട് പൂർത്തീകരണത്തിന് ബാക്കി തുക ലഭ്യമാക്കാതിരിക്കാനുള്ള കാരണം വിശദമാക്കാമോ;

(സി) കുടുംബത്തിന്റെ ദയനീയ സ്ഥിതി പരിഗണിച്ച് ഇവർക്ക് ശേഷിക്കുന്ന ഗഡുക്കൾ ലഭ്യമാക്കാൻ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 17,500 രൂപ.

(ബി) അന്വേഷണത്തിൽ പരാതിക്കാരി ഐ.എ.വൈ.-യുടെ മാനദണ്ഡങ്ങൾക്ക് വിരുദ്ധമായി വീടിന്റെ തറയും ചുമരും പുതുതായി നിർമ്മിക്കാതെ മേൽക്കൂര മാത്രം കോൺക്രീറ്റ് ചെയ്യുകയാണ് ചെയ്തത്.

(സി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

## തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ തോടുകളും കായലുകളും

146 (+T3165) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുൻസിപ്പാലിറ്റിയിൽ എത്ര തോടുകളും കായലുകളും ഉണ്ടെന്നും അവ ഏതെല്ലാമാണെന്നും വ്യക്തമാക്കാമോ;

+ T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ ജലസ്രോതസ്സുകളിൽ എവിടെയെല്ലാമാണ് കയ്യേറ്റം നടന്നിട്ടുള്ളത്; എങ്കിൽ ആരെല്ലാമാണ് കയ്യേറിയതെന്നും ഇതിന്മേൽ എന്ത് നടപടി സ്വീകരിച്ചു എന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) തൃക്കാക്കര നഗരസഭയിൽ കായലുകൾ ഇല്ല 9 തോടുകളാണുള്ളത്. ഇടപ്പള്ളി തോട്, കരിയിൽ തോട്, മൂലേപ്പാടം തോട്, കാളച്ചാൽ തോട്, പറപ്പച്ചിറ തോട്, ഇടച്ചിറ തോട്, വലിയ തോട്, റക്കാവാലി തോട്, കോർത്താട് തോട്.

(ബി) കയ്യേറ്റം നടന്നിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന് പുതിയ കെട്ടിടം

147 (3166) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന് ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ കെട്ടിടത്തിന്റെ പണി ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) ഗ്രാമവികസന വകുപ്പ് പ്രസ്തുത മണ്ഡലത്തിൽ ഏറ്റെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാം ആണ്; ഓരോന്നിന്റേയും പുരോഗതി വിശദമാക്കാമോ?

ഉത്തരം

(എ) ചെങ്ങന്നൂർ ബ്ലോക്ക് പഞ്ചായത്തിന്റെ പുതിയ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് സ്റ്റേറ്റ് നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) വിശദാംശങ്ങൾ അനുബന്ധമായി* ചേർക്കുന്നു.

## കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരുടെ ഓണറേറിയം

148 (3167) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാരായി പ്രവർത്തിക്കുന്നവർക്ക് എത്ര രൂപയാണ് ഓണറേറിയവും ടി.എ. ആയും നൽകുന്നതെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ഇവ വർദ്ധിപ്പിക്കുന്നതിനായി സർക്കാരിന് ഏതെങ്കിലും നിവേദനം ലഭ്യമായിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(സി) ജീവിതച്ചെലവ് വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിൽ, ഭാരിച്ച ഉത്തരവാദിത്തത്തോടെ സേവനം നടത്തുന്ന ഇവരുടെ ഓണറേറിയം ഉയർത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്ക് നിലവിൽ ഓണറേറിയം നൽകുന്നില്ല. കൺസോളിഡേറ്റഡ് പേയും യഥാർത്ഥ യാത്രാബത്തയും അനുവദിക്കുന്നത് ചുവടെ കൊടുത്തിരിക്കും പ്രകാരമാണ്:

| ക്രമ നമ്പർ | തസ്തിക | കൺസോളിഡേറ്റഡ് പേ | യഥാർത്ഥ യാത്രാബത്ത |
|---|---|---|---|
| 1 | ബ്ലോക്ക് കോ-ഓർഡിനേറ്റർ 1 (എൻ.ആർ.എൽ.എം.) | 15,000 രൂപ | 5,000 രൂപ വരെ |
| 2 | ബ്ലോക്ക് കോ-ഓർഡിനേറ്റർ 1 (ഡിഡിയുജി കെവൈ) | 15,000 രൂപ | 2,500 രൂപ വരെ |
| 3 | ബ്ലോക്ക് കോ-ഓർഡിനേറ്റർ 2 (എം.കെ.എസ്.പി.) | 10,000 രൂപ | 2,500 രൂപ വരെ |

(ബി &സി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

**ഗോത്രവർഗ്ഗ മേഖലകളിൽ കുടുംബശ്രീയുടെ പ്രവർത്തനങ്ങൾ**

149(3168) ശ്രീമതി യു. പ്രതിഭ ഹരി :
ശ്രീ. ജോൺ ഫെർണാണ്ടസ് :
ശ്രീ. പി. ഉണ്ണി :
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീ പ്രസ്ഥാനം ഇരുപതാം വർഷത്തിലേയ്ക്ക് കടന്ന വേളയിൽ ഇതിന്റെ പ്രവർത്തനങ്ങൾ കൂടുതൽ പുതിയ മേഖലകളിലേയ്ക്ക് വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) സംസ്ഥാനത്തെ പട്ടിക-ഗോത്ര വർഗ്ഗക്കാരുടെ ഉന്നമനത്തിനായി ഗോത്രവർഗ്ഗ മേഖലകളിൽ കുടുംബശ്രീ പ്രത്യേക ഇടപെടലുകൾ നടത്തുന്നുണ്ടോ;

(സി) ഇവരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ വികസനത്തിനും ഇവരുടെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനും എന്തെല്ലാം പ്രവർത്തനങ്ങളാണ് കുടുംബശ്രീ നടത്തിവരുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) കുടുംബശ്രീ മുഖേന നടത്തിവരുന്ന ദാരിദ്ര്യനിർമ്മാർജ്ജന പരിപാടികളിൽ പട്ടികഗോത്രവർഗ്ഗ മേഖലകൾക്ക് കൂടുതൽ പ്രാധാന്യം നൽകുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) 20 വർഷം പൂർത്തിയാക്കിയ കുടുംബശ്രീയുടെ സംഘടനാ സംവിധാന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനായുള്ള 20 ഇന പരിപാടിയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. 2018 - 2019 അയൽക്കൂട്ട വർഷം - മൈക്രോ ഫിനാൻസ് സമ്മിറ്റ്

മുഴുവൻ ദരിദ്ര കുടുംബങ്ങളെയും കുടുംബശ്രീ സംഘടനാ സംവിധാനത്തിലേയ്ക്ക് കൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

2. ആയിരം ഇറച്ചി കോഴി യൂണിറ്റുകൾ

മൃഗ സംരക്ഷണ വകുപ്പിന്റെ സഹകരണത്തോടെ കുടുംബശ്രീ നടപ്പിലാക്കുന്ന പദ്ധതി പ്രകാരം 541 യൂണിറ്റുകളുടെ തെരഞ്ഞെടുപ്പ് ഇതിനകം പൂർത്തീകരിച്ചു.

3. അഞ്ഞൂറ് ചകിരി മില്ലുകൾ

സംസ്ഥാനത്ത് 23 യൂണിറ്റുകൾ ഉടൻ ആരംഭിക്കത്തക്കവിധം സ്ഥലങ്ങൾ കണ്ടെത്തി ഇൻസ്പെക്ഷൻ നടപടികൾ പൂർത്തീകരിക്കുകയും ഒരു യൂണിറ്റ് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

4. സൂക്ഷ്മ സംരംഭ പാർക്കുകൾ

പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ നടപ്പിലാക്കാനാണ് ശ്രമിക്കുന്നത്.

5. സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പദ്ധതി

കഴിഞ്ഞ സാമ്പത്തിക വർഷം 14 ബ്ലോക്കുകളിൽ പ്രവർത്തന മാരംഭിക്കുകയും ഈ സാമ്പത്തിക വർഷം അടുത്ത 14 ബ്ലോക്കുകളിലേയ്ക്ക് എസ്.വി.ഇ.പി. പദ്ധതിയുടെ പ്രവർത്തനം വ്യാപിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു.

6. നാനോ മാർക്കറ്റുകൾ

കുടുംബശ്രീ ഉത്പന്നങ്ങൾക്ക് മികച്ച വിപണി കണ്ടെത്തുക എന്ന ലക്ഷ്യത്തോടെ കുറഞ്ഞ മൂലധന മുടക്കിൽ ആരംഭിക്കുന്ന 99 നാനോ മാർക്കറ്റുകൾ നാളിതുവരെ പ്രവർത്തനം ആരംഭിച്ചു. 504 നാനോ മാർക്കറ്റുകൾ ആരംഭിക്കുക എന്നതാണ് ലക്ഷ്യം.

7. വിപണനത്തിന് ഓൺലൈൻ പോർട്ടൽ

കുടുംബശ്രീ ബസാർ. കോം എന്ന പേരിൽ ഓൺലൈൻ പോർട്ടൽ പ്രവർത്തനം ആരംഭിച്ചു. 114 സംരംഭകരുടെ 486 ഉല്പന്നങ്ങൾ ഇതിലേയ്ക്ക് തെരഞ്ഞെടുത്തിട്ടുണ്ട്. ഓൺലൈൻ പോർട്ടലിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തുവരുന്നു.

8. സൂക്ഷ്മ സംരംഭങ്ങൾക്ക് ടെക്നോളജി ഹബ്ബ്

പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

9. കെ.എസ്.എഫ്.ഇ-യുമായി ചേർന്ന് കുടുംബശ്രീ ചിട്ടി

കെ.എസ്.എഫ്.ഇ. അധികൃതരുമായി പ്രാഥമിക ചർച്ചകൾ നടത്തി. പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

10. ജില്ലാ വനിതാ ലീഗൽ ക്ലിനിക്

11. ജില്ലാ കുടുംബശ്രീ പരിശീലന കേന്ദ്രങ്ങൾ

കുടുംബശ്രീ പരിശീലന ഗ്രൂപ്പുകളുടെ നേതൃത്വത്തിൽ ആലപ്പുഴ, കോഴിക്കോട് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തനം ആരംഭിച്ചു. മറ്റ് ജില്ലകളിൽ പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

12. അഗ്രോ സർവ്വീസ് ടീമുകൾ

624 അഗ്രോ സർവ്വീസ് യൂണിറ്റുകൾ സംസ്ഥാനത്ത് പ്രവർത്തനം ആരംഭിച്ചു. ഇവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

13. കിണർ റീചാർജ്ജിംഗിനായുള്ള സുജലം പദ്ധതി എല്ലാ ജില്ലകളിലേക്കും

പാലക്കാട് ജില്ലയിൽ 22 പേരും കണ്ണൂർ ജില്ലയിൽ 12 പേരും നിലവിൽ പ്രവർത്തന രംഗത്തുണ്ട്. മറ്റ് ജില്ലകളിൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഹരിത കർമ്മ സേനാംഗങ്ങളെ കിണർ റീ ചാർജിംഗ് പരിശീലിപ്പിക്കുന്നതിനുള്ള പദ്ധതി ആസൂത്രണം ചെയ്തുവരുന്നു.

14. ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റ് ജില്ലകളിലേയ്ക്ക്

ആലപ്പുഴ മാതൃകയിൽ പട്ടിക വർഗ്ഗ സൂക്ഷ്മ പദ്ധതി മറ്റു ജില്ലകളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനായി പട്ടിക വർഗ്ഗ വകുപ്പിന്റെ നേതൃത്വത്തിൽ പി. കെ. കാളൻ പദ്ധതി നടപ്പിലാക്കുമെന്ന് ബജറ്റിൽ പ്രഖ്യാപിച്ചിരുന്നു. കുടുംബശ്രീയാണ് ഈ പദ്ധതിയുടെ നിർവ്വഹണ ഏജൻസി. പദ്ധതി നിർവ്വഹണത്തിനുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചു.

15. പുതിയ 200 ബഡ്സ് സ്കൂളുകൾ

25 കോടി രൂപ ഇതിനായി സർക്കാർ വകയിരുത്തിയിട്ടുണ്ട്. 200 സ്കൂളുകളും ആരംഭിക്കുന്നതിന് സ്ഥലം കണ്ടെത്തി. ഈ സാമ്പത്തിക വർഷം തന്നെ ഇവയുടെ പ്രവർത്തനം ആരംഭിക്കാൻ കഴിയും.

16. ആയിരം ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ

ട്രെയിനിംഗ് ഏജൻസികളുടെ എംപാനൽമെന്റ് പൂർത്തീകരിക്കുകയു ആദ്യ ബാച്ചിൽ 52 ജെറിയാട്രിക് കെയർ എക്സിക്യൂട്ടീവുകൾ വിജയകരമായി പരിശീലനം പൂർത്തീകരിക്കുകയും ചെയ്തു. 2018 ഡിസംബർ മാസത്തോടുകൂടി പ്രഖ്യാപിത ലക്ഷ്യം കൈവരിക്കും.

17. അരക്ഷിത സമൂഹങ്ങൾക്കുള്ള പ്രത്യേക ഉപജീവന പദ്ധതി - പ്രത്യാശ

ഈ പദ്ധതി പ്രകാരം സംരംഭങ്ങൾ ആരംഭിക്കുന്നതിന് വ്യക്തിഗത സംരംഭകർക്ക് 50,000 രൂപയും ഗ്രൂപ്പ് സംരംഭകർക്ക് ഒരാൾക്ക് 50,000 രൂപ നിരക്കിൽ പരമാവധി 2,50,000 രൂപയും ധനസഹായം ലഭ്യമാക്കും.

18. റിക്കവറി നേരിടുന്ന സംരംഭങ്ങൾക്കുള്ള കടാശ്വാസം

റിക്കവറിയോ മറ്റ് പ്രതിസന്ധികളോ നേരിടുന്ന സംരംഭങ്ങൾക്കായി ക്രൈസിസ് മാനേജ്മെന്റ് ഫണ്ട് ഏർപ്പെടുത്തിയിട്ടുണ്ട്. ഇത്തരം യൂണിറ്റുകളെ സഹായിക്കുന്നതിനായി 84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

19. കുടുംബശ്രീ അനുഭവത്തെക്കുറിച്ച് 20 ഓർമ്മ പുസ്തകങ്ങൾ

കുടുംബശ്രീ പ്രവർത്തകരുടെ സഹകരണത്തോടെ കുടുംബശ്രീ അനുഭവങ്ങളുടെ 20 ഓർമ്മ പുസ്തകങ്ങൾ തയ്യാറായി. അച്ചടിക്കുള്ള നടപടികൾ പുരോഗമിക്കുന്നു.

20. <u>14 മാതൃകാ സ്ത്രീ സൗഹൃദ ഗ്രാമങ്ങൾ</u>

പതിനാല് ജില്ലകളിലും ഗ്രാമപഞ്ചായത്തുകളെ കണ്ടെത്തി. തദ്ദേശഭരണ സ്ഥാപന അധികാരികളുമായി ചർച്ചകൾ നടന്നുവരുന്നു.

(ബി &സി) ഉണ്ട്;

പട്ടിക-ഗോത്ര വർഗ്ഗക്കാരുടെ സാമൂഹികവും വിദ്യാഭ്യാസപരവുമായ പിന്നോക്കാവസ്ഥയും തൊഴിലില്ലായ്മയും പരിഹരിക്കുന്നതിന് പട്ടികവർഗ്ഗക്കാർക്കുവേണ്ടി മാത്രം പ്രത്യേക അയൽക്കൂട്ടങ്ങളും പ്രത്യേക എ. ഡി. എസ്.-കളും രൂപീകരിക്കുകയും ഇതുവഴി ജില്ലകളിലെ പട്ടികവർഗ്ഗ മേഖലയിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കൽ, കോളനി, പഞ്ചായത്ത് തലങ്ങളിൽ ആവശ്യമായ ബോധവത്കരണ പ്രവർത്തനങ്ങൾ, തൊഴിൽ സംരംഭങ്ങൾ, സാമൂഹിക കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ, വിവിധ ഫണ്ട് വിതരണങ്ങൾ കൃഷിവികസന പ്രവർത്തനങ്ങൾ, കൗമാര – ബാല മേഖലയിലെ പ്രവർത്തനങ്ങൾ, പ്രത്യേക ആശ്രയ പദ്ധതി രൂപീകരണം തുടങ്ങിയ പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. കൂടാതെ മെഡിക്കൽ ക്യാമ്പ് സംഘടിപ്പിക്കുക, കൊഴിഞ്ഞുപോകുന്ന കുട്ടികളെ കണ്ടെത്തി തിരികെ സ്കൂളിൽ എത്തിക്കുന്നതിനുള്ള കാമ്പയിനുകൾ സംഘടിപ്പിക്കുക, മത്സര പരീക്ഷകൾ എഴുതുന്നതിനുവേണ്ടിയുള്ള കോച്ചിംഗ് ക്ലാസുകൾ സംഘടിപ്പിക്കുക എന്നിവ ചെയ്തുവരുന്നു. അയൽക്കൂട്ടാംഗങ്ങൾക്കുള്ള സാക്ഷരതാ പ്രവർത്തനങ്ങൾ, കണക്കെഴുത്ത് പരിശീലനം തുടങ്ങിയവും സംഘടിപ്പിക്കുന്നുണ്ട്. ദീൻ ദയാൽ ഗ്രാമീണ കൗശല്യ യോജനയുടെ ഭാഗമായി 981 പട്ടികവർഗക്കാർക്ക് അനുയോജ്യമായ മേഖലകളിൽ വിദഗ്ദ്ധ പരിശീലനം നൽകി 523 പേരെ നാളിതുവരെയായി തൊഴിലിൽ എത്തിക്കാൻ സാധിച്ചു.

പട്ടികവർഗ്ഗക്കാർക്ക് മാത്രമായി അട്ടപ്പാടിയിൽ പ്രത്യേക പരിശീലന ബാച്ചും ആരംഭിച്ചിട്ടുണ്ട്. ഡി.ഡി.യു.ജി.കെ.വൈ. പ്രവർത്തനത്തിലൂടെ പരിശീലനം ലഭിക്കുകയും എന്നാൽ തൊഴിൽ ലഭിക്കാതിരിക്കുകയും ചെയ്തവർക്കായി പ്രത്യേക ഇടപെടൽ നടത്തി സംരംഭഗ്രൂപ്പുകൾ ആരംഭിക്കാനും സാധിച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ മേഖലയിലെ പ്രവർത്തനങ്ങൾ സമഗ്രമായി സംഘടിപ്പിക്കുന്നതിന് പട്ടികവർഗ്ഗ വിഭാഗക്കാരായ 225 കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺമാരെ അനിമേറ്റർമാരായി നിയമിച്ചു. ഇവർക്കും പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കീഴിലുള്ള 1000 ത്തിൽപരം പ്രൊമോട്ടർമാർക്കും കുടുംബശ്രീയെ സംബന്ധിച്ചും നേതൃത്വ പാടവം ഉൾപ്പെടുത്തിയും പരിശീലനം നൽകി.

പട്ടികവർഗ്ഗ മേഖലയിൽ തനതുരീതിയിലും പരമ്പരാഗത സംസ്കാരം നില നിർത്തുന്നതിനുമായി പട്ടികവർഗ്ഗക്കാരുടെ കല, ഭക്ഷ്യ, കരകൗശല പ്രവർത്തനങ്ങൾ ഉൾപ്പെടുത്തിയുള്ള 12 ജില്ലാതല മേളകൾ സംഘടിപ്പിച്ചു. ഇതിലൂടെ പട്ടികവർഗ്ഗക്കാരുടെ പരമ്പരാഗത കരകൗശല വസ്തുക്കളുടെ വിപണനത്തിനും ഭക്ഷണങ്ങളുടെ കഫേയ്ക്കും വിവിധങ്ങളായ കലാരൂപങ്ങൾ അവതരിപ്പിക്കുന്നതിനുമുള്ള വേദികൾ കണ്ടെത്തുന്നതിന് കഴിഞ്ഞു.

2093 പ്രത്യേക ഗോത്രവർഗ്ഗ ജെ. എൽ. ജി-കൾ, 1057 പട്ടികവർഗ്ഗ ബാലസഭകൾ, 3 ആദിവാസി പരിശീലന സംഘം (വയനാട്-ട്രൈസാത്, കാസർഗോഡ്-തുളു, ഇടുക്കി-മാസ്റ്റേഴ്സ്) എന്നിവ രൂപീകരിച്ചു. അട്ടപ്പാടിയിൽ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ ഭാഗമായി നടത്തിയ പട്ടികവർഗ്ഗ സമഗ്ര ഇടപെടൽ രീതിയിൽ വയനാട്, കണ്ണൂർ, മലപ്പുറം ജില്ലകളിൽ കൂടി പട്ടികവർഗ്ഗ പ്രവർത്തനങ്ങൾ ആരംഭിച്ചു. പ്രത്യേക അയൽക്കൂട്ടങ്ങൾ, തുടർച്ചയായ പരിശീലനങ്ങൾ, ബ്രിഡ്ജ് സ്കൂൾ, ബ്രിഡ്ജ് കോഴ്സസ്, കോർപ്പസ് ഫണ്ട്, സ്റ്റാർട്ട് അപ്പ് ഫണ്ട്, റിവോൾവിംഗ് ഫണ്ട്, വൾനറബിലിറ്റി റിഡക്ഷൻ ഫണ്ട്, കമ്മ്യൂണിറ്റി ഇൻവെസ്റ്റ്മെന്റ് ഫണ്ട്, ബാലസഭ, ജൻഡർ പ്രവർത്തനങ്ങൾ, പരമ്പരാഗത കൃഷി വികസന പരിപാടികൾ തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

പി. കെ. കാളൻ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് ഒറ്റപ്പെട്ട്/ചിന്നിചിതറി പാർക്കുന്ന ആദിവാസി സമൂഹത്തിന് ഭൗതീക സാഹചര്യങ്ങൾ ഉൾപ്പെടെയുള്ള സമഗ്ര വികസന പ്രവർത്തനങ്ങൾക്ക് ഓരോ കുടുംബത്തിനുമുള്ള മൈക്രോ പ്ലാൻ കുടുംബശ്രീ മുഖാന്തരം തയ്യാറാക്കിവരുന്നു. ആലപ്പുഴ നിയോജകമണ്ഡലത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തോടെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. പാലക്കാട് ജില്ലയിലെ മലമ്പുഴ ഗ്രാമ പഞ്ചായത്തിൽ മൈക്രോ പ്ലാൻ തയ്യാറാക്കി വരുന്നു.

(ഡി) ഇക്കാര്യം പരിശോധിക്കുന്നതാണ്.

## നെൽകൃഷിക്ക് കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ ആനുകൂല്യം നൽകാൻ നടപടി

150 (3169) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജനകീയാസൂത്രണപദ്ധതി പ്രകാരം 2017-18 വർഷത്തെ നെൽകൃഷിക്കുള്ള കൂലിച്ചെലവ് സബ്സിഡി ഹെക്ടറിന് 1,70,000 രൂപ എന്ന

നിരക്കിൽ ലഭ്യമാക്കുന്നത് സംബന്ധമായ ഉത്തരവിൽ ഗ്രാമ-ബ്ലോക്ക് പഞ്ചായത്തുകൾ വേണ്ടത്ര തുക വകയിരുത്താത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈയിനത്തിൽ പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ എന്നിവ 2017 -18 വർഷക്കാലയളവിൽ വകയിരുത്തിയ തുക, ഓരോ ഗ്രാമപഞ്ചായത്തിലെയും രണ്ട് വിളകളിലെയും കൃഷിഭൂമിയുടെ വിസ്തൃതി എന്നിവ വ്യക്തമാക്കാമോ;

(ബി) കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ഓരോന്നും ശരാശരി ഹെക്ടറിന് നൽകിയ ആനുകൂല്യം എത്രയെന്ന് വ്യക്തമാക്കാമോ;

(സി) ജനകീയാസൂത്രണപദ്ധതി പ്രകാരം 2018-19 വർഷം നെൽകൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 1,70,000 രൂപ എന്ന നിരക്കിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നടപ്പിൽ വരുത്തുന്നു എന്നുറപ്പ് വരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നത്;

(ഡി) ജനകീയാസൂത്രണ പദ്ധതി പ്രകാരം 2018-19 വർഷം നെൽകൃഷിക്കുള്ള ആനുകൂല്യം ഹെക്ടറിന് 1,70,000 രൂപ എന്ന നിരക്കിൽ എല്ലാ ഗ്രാമപഞ്ചായത്തുകളും നടപ്പിൽവരുത്താൻ ഉത്തരവിറക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നെൽകൃഷിക്കുള്ള കൂലിച്ചെലവ് സബ്സിഡി - നിർബന്ധ പ്രോജക്ട് അല്ല. അതത് തദ്ദേശസ്ഥാപനങ്ങളാണ് തുക വകയിരുത്താനുള്ള തീരുമാനമെടുക്കുന്നത് പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ 2017-18 വർഷക്കാലയളവിൽ വകയിരുത്തിയ തുക, ഓരോ ഗ്രാമപഞ്ചായത്തിലെയും രണ്ട് വിളകളിലെയും കൃഷിഭൂമിയുടെ വിസ്തൃതി എന്നിവ അനുബന്ധമായും* ബ്ലോക്ക് പഞ്ചായത്ത് സംബന്ധിച്ച വിവരം അനുബന്ധം (2)* ആയും ചേർക്കുന്നു.

(ബി) കൂലിച്ചെലവ് സബ്സിഡി ഇനത്തിൽ പാലക്കാട് ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ ഓരോന്നും ശരാശരി ഹെക്ടറിന് നൽകിയ ആനുകൂല്യം സംബന്ധിച്ച വിവരം അനുബന്ധം 2 ആയി ചേർക്കുന്നു*.

(സി & ഡി) ജനകീയാസൂത്രണ പദ്ധതി സബ്സിഡി മാർഗ്ഗരേഖ പ്രകാരം 2018-19 വർഷത്തെ നെൽകൃഷിക്കുള്ള കൂലിച്ചെലവ് സബ്സിഡി വരുമാന പരിധിക്ക് വിധേയമായി എല്ലാ വിഭാഗങ്ങൾക്കും ഹെക്ടറിന് പരമാവധി 17,000 രൂപ (പതിനേഴായിരം രൂപ) നിരക്കിലാണ് നിശ്ചയിച്ചിട്ടുള്ളത്. ഒരു വർഷം പരമാവധി രണ്ട് സീസണിൽ നൽകാനാണ് നിർദ്ദേശിച്ചിട്ടുള്ളത്. സബ്സിഡി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

മാർഗ്ഗരേഖ പ്രകാരം പരമാവധി സബ്സിഡി തുകയാണ് നിശ്ചയിച്ചിട്ടുള്ളത്. ടി മാർഗ്ഗരേഖ പ്രകാരം ഓരോ തദ്ദേശഭരണ സ്ഥാപനത്തിനും പ്രോജക്ട് തയ്യാറാക്കുമ്പോൾ സബ്സിഡി പരിധിയിൽ അധികരിക്കാതെയുള്ള തുക വകയിരുത്തുവാൻ അധികാരമുണ്ട്.

**വിവിധ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷ നൽകിയവരുടെ എണ്ണം**

151(3170) ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശ ഭരണസ്ഥാപനങ്ങളിൽ 2017 ഫെബ്രുവരി ഒന്നിന് ശേഷം വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ, വികലാംഗ പെൻഷൻ, കർഷക തൊഴിലാളി പെൻഷൻ, 50 കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ എന്നീ പെൻഷനുകൾക്ക് അപേക്ഷ നൽകിയവരുടെ എണ്ണം വ്യക്തമാക്കുമോ;

(ബി) ഇവയിൽ അന്വേഷണം നടത്തി പെൻഷൻ പാസാക്കിയവരുടെ എണ്ണം എത്രയാണെന്ന് അറിയിക്കുമോ; ഇവരിൽ എത്ര പേർക്ക് പെൻഷൻ തുക ലഭ്യമാക്കിയിട്ടുണ്ടെന്നും എത്ര മാസത്തെ തുക നൽകിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ &ബി) വിവരം ശേഖരിച്ചു വരുന്നു.

**ക്ഷേമ പെൻഷൻ കുടിശ്ശിക ഒറ്റ ഗഡുവായി നൽകുവാൻ നടപടി**

152(3171) ശ്രീ. വി. ടി.ബൽറാം :
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൽകിവരുന്ന ക്ഷേമപെൻഷനുകളിൽ ഏതെല്ലാം പെൻഷനുകളാണ് ഇപ്പോൾ കുടിശ്ശികയായിട്ടുള്ളത് എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഇതിൽ ഓരോ പെൻഷനും എന്ന് മുതലാണ് കുടിശ്ശികയായതെന്നും ഇതിനുള്ള കാരണം എന്തെന്നും വ്യക്തമാക്കാമോ;

(സി) കുടിശ്ശിക ഒറ്റ ഗഡുവായി നൽകുവാൻ നടപടി സ്വീകരിക്കാമോ; എങ്കിൽ എന്നത്തേക്ക് കൊടുത്തുതീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ കർഷക തൊഴിലാളി പെൻഷൻ.

(ബി) 2018 ഏപ്രിൽ മുതൽ സംസ്ഥാനം നേരിടുന്ന താൽക്കാലിക സാമ്പത്തിക പ്രതിസന്ധിയാണ് കാരണം.

(സി) സ്വീകരിക്കുന്നതാണ്. 2018 എപ്രിൽ മുതലുള്ള പെൻഷൻ ഓണം/ബക്രീദ് അനുസരിച്ച് വിതരണം നടത്തുന്നതാണ്.

**തദ്ദേശ സ്ഥാപനങ്ങളിൽ കെട്ടിക്കിടക്കുന്ന അപേക്ഷകൾ**

153 (3172) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷ സ്വീകരിക്കുന്നത് നിർത്തിവച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത പ്രശ്നം പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലക്ഷക്കണക്കിന് അപേക്ഷകൾ കെട്ടിക്കിടക്കുന്ന സാഹചര്യം പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ;

(സി) ഇപ്പോൾ പെൻഷൻ വാങ്ങുന്ന നല്ലൊരു വിഭാഗത്തെ ഒഴിവാക്കാൻ സർക്കാർ ശ്രമിക്കുന്നതായ പരാതിക്ക് എങ്ങനെ പരിഹാരം കാണും എന്ന് വ്യക്തമാക്കാമോ;

(ഡി) വെബ്സൈറ്റ് തകരാറിലാണെന്ന പ്രശ്നം പരിഹരിച്ചിട്ടുണ്ടോ; അനർഹരെ ഒഴിവാക്കുന്നതിന് സർക്കാർ സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) വിവിധ ക്ഷേമ പെൻഷനുകൾക്ക് അപേക്ഷ സ്വീകരിക്കുന്നത് പ്രാദേശിക സർക്കാരുകൾ നിർത്തിവച്ചിട്ടില്ല. എന്നാൽ പ്രാദേശിക സർക്കാരുകൾ സ്വീകരിച്ച അപേക്ഷകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് സോഫ്റ്റ്‌വെയർ എൻട്രി നടത്താൻ കഴിയാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിലുള്ള സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളുടെ വിവരങ്ങൾ കൃത്യമാക്കുന്നതിനും അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്നതിനും പുതിയ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നത് ധനകാര്യ വകുപ്പിന്റെ 25-5-2017-ലെ 460587/2017/ധന.നമ്പർ സർക്കുലർ പ്രകാരം താൽക്കാലികമായി തടഞ്ഞിട്ടുള്ളതാണ്. ടി പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് പുതിയ ഗുണഭോക്തൃ വിവരങ്ങൾ രേഖപ്പെടുത്താവുന്നതാണ്.

(ബി) നിലവിൽ പ്രാദേശിക സർക്കാരുകളിൽ ലഭിച്ചിട്ടുള്ള വികലാംഗ പെൻഷനുവേണ്ടിയുള്ള അപേക്ഷകൾ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് പെൻഷൻ ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. മറ്റ് സാമൂഹ്യ സുരക്ഷാ പെൻഷനുകൾ നടപടി ക്രമങ്ങൾ പൂർത്തിയാക്കുന്ന മുറയ്ക്ക് ലഭ്യമാക്കുന്നതാണ്.

(സി) ഇപ്പോൾ പെൻഷൻ വാങ്ങുന്ന ഗുണഭോക്താക്കളിൽ പെൻഷൻ അർഹതാ മാനദണ്ഡങ്ങളിൽ കാലാനുസൃതമായ മാറ്റങ്ങളുടെ അടിസ്ഥാനത്തിൽ അനർഹർ എന്ന് കണ്ടെത്തിയിട്ടുള്ളവർ മാത്രമാണ് ഒഴിവാക്കപ്പെട്ടിട്ടുള്ളത്. സത്യവാങ്മൂലം സമർപ്പിക്കാത്തവർ, വിവിധ പ്രാദേശിക സർക്കാരുകളിൽനിന്നും ഒരേ സമയം പെൻഷൻ വാങ്ങിയവർ, വാർഷിക വരുമാന പരിധി 1 ലക്ഷം രൂപ കവിഞ്ഞവർ, പുനർവിവാഹിതരായ വിധവകൾ, സർവ്വീസ് പെൻഷൻ കൈപ്പറ്റുന്നവർ, ആദായ നികുതി നൽകുന്നവർ, 2 ഏക്കറിൽ കൂടുതൽ ഭൂമി സ്വന്തമായോ കുടുംബത്തിനോ ഉള്ള പട്ടികവർഗ്ഗക്കാരല്ലാത്തവർ എന്നിവരെയാണ് അനർഹരായി കണ്ടെത്തി ഒഴിവാക്കുന്നതിന് ശ്രമിച്ചിട്ടുള്ളത്.

(ഡി) വെബ്സൈറ്റ് തകരാറിലായിട്ടില്ല. പുതിയ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നത്, അനർഹരെ കണ്ടെത്തി ഒഴിവാക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിക്കുന്ന അവസരത്തിൽ തുറന്നുനൽകുന്നതാണ്. നിലവിൽ വികലാംഗ പെൻഷൻ അപേക്ഷകൾ രേഖപ്പെടുത്തുന്നതിനുള്ള സംവിധാനം ഉണ്ട്. തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സാമ്പിൾ സർവ്വേ നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർവ്വേ വിശദാംശങ്ങൾ ലഭ്യമായിട്ടില്ല.

## സാമൂഹ്യ സുരക്ഷാ പെൻഷൻ കൈപ്പറ്റുന്ന അനർഹരെ കണ്ടെത്തുന്നതിന് നടപടി

154(3173) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലുമായി സാമൂഹ്യ സുരക്ഷാപെൻഷൻ കൈപ്പറ്റുന്ന അനർഹരെ കണ്ടെത്തുന്നതിന് പ്രാഥമിക പരിശോധന നടന്നിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) എത്ര അനർഹർ പെൻഷൻ കൈപ്പറ്റുന്നുണ്ടെന്നാണ് കണ്ടെത്തിയതെന്ന് വ്യക്തമാക്കാമോ;

(സി) ഇത്തരത്തിൽപ്പെട്ട അനർഹരെ പെൻഷൻ പദ്ധതിയിൽ നിന്ന് ഒഴിവാക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്നും അനർഹരെ ഒഴിവാക്കി പുതിയ പട്ടിക എപ്പോൾ പ്രസിദ്ധീകരിക്കുമെന്നും വ്യക്തമാക്കാമോ;

(ഡി) നിലവിൽ എത്ര ഗുണഭോക്താക്കളാണ് സാമൂഹ്യസുരക്ഷാ പെൻഷൻ പദ്ധതിയിൽ ഉള്ളതെന്ന് അറിയിക്കാമോ;

(ഇ) സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയില്ലാത്ത വിഭാഗങ്ങൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(എഫ്) പഞ്ചായത്ത്, നഗരസഭ, കോർപ്പറേഷൻ തുടങ്ങിയ സ്ഥാപനങ്ങളിലൂടെ എത്ര ധനസഹായ പദ്ധതികളാണ് സാമൂഹ്യ സുരക്ഷാ പെൻഷൻ പദ്ധതി വഴി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. സംസ്ഥാനത്തെ എല്ലാ സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളും നിർദ്ദിഷ്ട മാതൃകയിലുള്ള സത്യപ്രസ്താവന അതത് പ്രാദേശിക സർക്കാർ ഓഫീസുകളിൽ സമർപ്പിക്കുന്നതിനും ടി ഓഫീസുകൾ ആയത് രേഖപ്പെടുത്തി അയ്ക്കുന്നതിനും നിർദ്ദേശം നൽകിയിരുന്നു. അപ്രകാരം ലഭിച്ചിട്ടുള്ള സത്യപ്രസ്താവനകളിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനർഹരെന്ന് കണ്ടെത്തിയിട്ടുള്ളവരുടെ പെൻഷൻ വിതരണം ചെയ്യുന്നത് തടഞ്ഞിട്ടുണ്ട്. കൂടാതെ തെരഞ്ഞെടുക്കപ്പെട്ട പ്രാദേശിക സർക്കാരുകളിൽ സാമ്പിൾ സർവ്വേ നടത്തുന്നതിന് ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി&സി) രണ്ടാമത് പെൻഷൻ കൈപ്പറ്റി വന്നിരുന്ന 13272 വ്യക്തികളെ ഒഴിവാക്കിയിട്ടുണ്ട്. ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷന്റെ സർവ്വേ റിപ്പോർട്ട് ലഭിച്ചതിനുശേഷം മാത്രമേ പെൻഷൻ കൈപ്പറ്റുന്ന അനർഹരുടെ എണ്ണം കൃത്യമായി കണ്ടെത്തി നടപടി സ്വീകരിക്കാൻ സാധിക്കുകയുള്ളൂ. അനർഹരെ ഒഴിവാക്കി പുതുക്കിയ പട്ടിക താമസംവിനാ പ്രസിദ്ധീകരിക്കുന്നതാണ്.

(ഡി) നിലവിൽ 4217097 ഗുണഭോക്താക്കളുണ്ട്.

(ഇ) 1. പട്ടിക വർഗ്ഗക്കാരല്ലാത്ത 2 ഏക്കറിൽ കൂടുതൽ ഭൂമിയുള്ളവർ

2. ആദായനികുതി നൽകുന്നവർ

3. സർവ്വീസ് പെൻഷണർ

4. കുടുംബ വാർഷിക വരുമാനം 1 ലക്ഷം രൂപയിൽ കവിഞ്ഞവർ

5. വ്യത്യസ്ത പ്രദേശിക സർക്കാരുകളിൽനിന്നും പെൻഷൻ കൈപ്പറ്റിയവർ.

6. പുനർവിവാഹിതരായ വിധവാ പെൻഷൻ ഗുണഭോക്താക്കൾ.

(എഫ്) 1. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ

2. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ

3. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ

4. കർഷക തൊഴിലാളി പെൻഷൻ

5. 50 വയസ്സുകഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ.

## വാമനപുരം മണ്ഡലത്തിലെ സാമൂഹ്യ ക്ഷേമപെൻഷൻകാരുടെ എണ്ണം

155(3174) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കാമോ;

(ബി) വിവിധ സാമൂഹ്യ ക്ഷേമപെൻഷനുകൾക്കുള്ള അപേക്ഷ ലഭിച്ചാൽ എത്ര ദിവസത്തിനകം അപേക്ഷയിൻമേൽ തീരുമാനമെടുക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ടോ; വിശദവിവരം നൽകാമോ?

ഉത്തരം

(എ) വാമനപുരം നിയോജകമണ്ഡലത്തിലെ ഒൻപത് പഞ്ചായത്തുകളിലായി വിവിധ ക്ഷേമപെൻഷനുകൾ വാങ്ങുന്നവരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| ക്രമ നം | ഗ്രാമ പഞ്ചായത്തിന്റെ പേര് | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| 1 | വാമനപുരം | 3999 |
| 2 | നെല്ലനാട് | 4603 |
| 3 | പുല്ലമ്പാറ | 3883 |
| 4 | നന്ദിയോട് | 4831 |
| 5 | പെരിങ്ങമ്മല | 4838 |
| 6 | കല്ലറ | 5128 |
| 7 | പാങ്ങോട് | 5488 |
| 8 | ആനാട് | 5372 |
| 9 | പനവൂർ | 3388 |
| | ആകെ | 41530 |

(ബി) പെൻഷൻ അപേക്ഷകളിൽ 45 ദിവസത്തിനുള്ളിൽ പ്രാദേശിക സർക്കാരുകൾ തീരുമാനമെടുക്കേണ്ടതുണ്ട്. എന്നാൽ പ്രാദേശിക സർക്കാരുകൾ അംഗീകരിച്ച ഗുണഭോക്താക്കളുടെ വിവരങ്ങൾ നിലവിൽ വെബ്സൈറ്റിലേയ്ക്ക് നൽകുന്നതിന് സർക്കാർ അനുമതി നൽകുന്ന മുറയ്ക്ക് മാത്രമേ കഴിയുകയുള്ളൂ.

**വാർദ്ധക്യകാല പെൻഷനും വിധവാ പെൻഷനും**

156 (3175) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ രണ്ട് വർഷമായി വാർദ്ധക്യ പെൻഷനും വിധവ പെൻഷനും പുതിയതായി വെബ്സൈറ്റിൽ രജിസ്റ്റർ ചെയ്യുവാൻ കഴിയുന്നില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ രജിസ്റ്റർ ചെയ്യുവാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ;

(ബി) വാർദ്ധക്യ പെൻഷൻ, വിധവാ പെൻഷൻ തുടങ്ങിയ വിഷയങ്ങളുമായി ബന്ധപ്പെട്ട് ഗിഫ്റ്റ്(ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ )-ന്റെ പഠന റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ വിഷയത്തിൽ എന്തെങ്കിലും കോടതി ഉത്തരവുകൾ ഉണ്ടായിട്ടുണ്ടോ; എങ്കിൽ ഉത്തരവിൻമേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ അനർഹരായ നിരവധി പേർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിക്കുകയും സർക്കാരിന്റെ ശ്രദ്ധയിൽ വരികയും ചെയ്തിട്ടുണ്ട്. യാതൊരു തരത്തിലും അർഹതയില്ലാത്തവർ നിയന്ത്രണരഹിതമായി സാമൂഹ്യ സുരക്ഷാ പെൻഷൻ ലിസ്റ്റിൽ കടന്നു വന്നാൽ ആയത് ഈ പദ്ധതിയുടെ സുസ്ഥിരതയെ തന്നെ ബാധിക്കുന്ന സ്ഥിതി ഉണ്ടാകും. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യം തടസ്സമേതുമില്ലാതെ ലഭിക്കുന്നുവെന്ന് ഉറപ്പുവരുത്താൻ പെൻഷൻ ലിസ്റ്റ് സ്ട്രീംലൈൻ ചെയ്യേണ്ടതുണ്ട്. അതിനുള്ള ശ്രമങ്ങളുടെ ഭാഗമായിട്ടാണ് താൽക്കാലികമായി ഡേറ്റാ എൻട്രി നിർത്തി വച്ചത്. എന്നാൽ വികലാംഗ പെൻഷനുള്ള ഡേറ്റാ എൻട്രി അനുവദിച്ചിട്ടുണ്ട്. സാമൂഹ്യ സുരക്ഷ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ ഒഴിവാക്കാനും പുതുതായി പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിലെ അനർഹരെ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികളുടെ മുന്നോടിയായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആൻഡ് ടാക്സേഷൻ മുഖാന്തരം സർവ്വേ നടന്നു വരുന്നു. പ്രസ്തുത സർവ്വേയുടെ റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) സേവന സോഫ്റ്റ് വെയറിൽ ഡേറ്റാ എൻട്രി അടിയന്തരമായി അനുവദിക്കുന്നതിലേയ്ക്ക് ഉത്തരവ് പുറപ്പെടുവിക്കണമെന്ന് ആവശ്യപ്പെട്ട് ശ്രീ. ഷൗക്കത്ത് അലി ഹൈക്കോടതിയിൽ പൊതുതാൽപ്പര്യ ഹർജി സമർപ്പിച്ചിരുന്നു. ഹൈക്കോടതി ഈ വിഷയം പരിശോധിക്കുകയും അനർഹരെ ഒഴിവാക്കുന്നതിലേയ്ക്ക് ഡേറ്റാ എൻട്രി തടഞ്ഞ് വച്ചിരിക്കുന്ന സർക്കാർ നടപടി തുടരാമെന്നും പ്രാദേശിക സർക്കാരിൽ അപേക്ഷ സമർപ്പിക്കുന്നതിന് തടസ്സമില്ലാത്തതിനാൽ പുതിയ അപേക്ഷകൾ പ്രാദേശിക സർക്കാരിൽ സമർപ്പിക്കാനും ഹർജിക്കാരനോട് നിർദ്ദേശിക്കുകയും കോടതി ഉത്തരവ് തീയതിയായ 5-2-2018 മുതൽ 6 മാസത്തിനകം ഡേറ്റാ എൻട്രി അനുവദിക്കണമെന്നും ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതനുസരിച്ച് സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിക്കുന്നതിന് അപേക്ഷ സമർപ്പിച്ച അർഹരായവർക്ക് പെൻഷൻ അനുവദിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

## തെരുവ് നായ ആക്രമണം തടയുന്നതിന് നടപടി

157 (3176) ശ്രീ. കെ. എൻ. എ. ഖാദർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങൾക്ക് തെരുവ് നായ്ക്കളിൽ നിന്നുണ്ടാകുന്ന ആക്രമണം ചെറുക്കുന്നതിനോ നിയന്ത്രിക്കുന്നതിനോ ഈ സർക്കാരിന്റെ ഭാഗത്തുനിന്നും ഫലവത്തായ ഒരു നടപടിയും ഉണ്ടാകുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) തെരുവുനായ്ക്കളുടെ വന്ധ്യംകരണത്തിനായി നടപ്പിലാക്കുന്ന എ.ബി.സി. പദ്ധതി ഏത് ഘട്ടത്തിലാണ്; ഈ സർക്കാർ ഇതിനായി വകയിരുത്തിയ ഫണ്ട് എത്രയെന്നും ഇതുവരെ ചെലവാക്കിയത് എത്രയെന്നും അറിയിക്കാമോ;

(സി) വന്ധ്യംകരണ നടപടികൾ മുടങ്ങിയതായ റിപ്പോർട്ടുകളുണ്ടോ; ഇതിനായി അനുവദിച്ച ഫണ്ട് വകമാറ്റി ചെലവഴിച്ചിട്ടുണ്ടോ;

(ഡി) ഇപ്രകാരം വന്ധ്യംകരണത്തിനും ചിപ്പുകൾ ഘടിപ്പിക്കുന്നതിനുമായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഈ വന്ധ്യംകരണ കേന്ദ്രങ്ങൾ എവിടെയൊക്കെയാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) എ.ബി.സി. പ്രോഗ്രാമിനായി സംസ്ഥാനത്തെ നഗരസഭകൾ 2016-17 സാമ്പത്തിക വർഷത്തിൽ 7,52,31,554 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 6,55,44,800 രൂപയും വകയിരുത്തിയിരുന്നു. അതിൽ 2016-17 വർഷത്തിൽ 1,03,96,966 രൂപയും 2017-18 വർഷത്തിൽ 1,64,49,782 രൂപയും ചെലവഴിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകൾ ആകെ 1,28,62,586 രൂപ ചെലവാക്കിയിട്ടുണ്ട്.

(സി) ചില തദ്ദേശഭരണ സ്ഥാപനങ്ങളിൽ താല്ക്കാലികമായും ഭാഗികമായും മുടക്കം വന്നിട്ടുണ്ട്. ഇതിനായി വകയിരുത്തിയിട്ടുണ്ടായിരുന്ന ഫണ്ട് പാഴായിപ്പോയേക്കാവുന്ന ഘട്ടത്തിൽ തിരുവനന്തപുരം കോർപ്പറേഷനിൽ PMAY, LIFE പദ്ധതികൾക്കായി വിനിയോഗിച്ചിട്ടുണ്ട്.

(ഡി) മൃഗസംരക്ഷണ വകുപ്പ്, ജില്ലാ പഞ്ചായത്ത്, കുടുംബശ്രീ മിഷൻ എന്നിവ മുഖേനയും ചില നഗരസഭകൾ നേരിട്ടുമാണ് എ.ബി.സി പ്രോഗ്രാം നടപ്പിലാക്കുന്നത്. ചിപ്പുകൾ ഘടിപ്പിക്കുന്നതിന് ഏജൻസികളെയൊന്നും ചുമതലപ്പെടുത്തിയിട്ടില്ല.

തിരുവനന്തപുരം, കൊച്ചി, തൃശ്ശൂർ, കൊല്ലം, കോഴിക്കോട് എന്നീ അഞ്ച് മുനിസിപ്പൽ കോർപ്പറേഷനുകളിലും, നെടുമങ്ങാട്, മരട്, ഇരിങ്ങാലക്കുട, നോർത്ത് പറവൂർ, പാലാ, സൗത്ത് പറവൂർ, വൈക്കം, കളമശ്ശേരി, ചങ്ങനാശ്ശേരി, ആറ്റിങ്ങൽ, ആലുവ, തിരുവല്ല, തൃപ്പൂണിത്തുറ, തിരൂർ, വടകര, ആലപ്പുഴ, ഏലൂർ, ഗുരുവായൂർ, കരുനാഗപ്പള്ളി എന്നീ നഗരസഭകളിലും വന്ധ്യംകരണ കേന്ദ്രങ്ങളുണ്ട്.

ഗ്രാമ പഞ്ചായത്തുകളിൽ എ.ബി.സി പദ്ധതിക്കായി തെരഞ്ഞെടുക്കപ്പെട്ട ജില്ലാ കേന്ദ്രങ്ങൾ ചുവടെ ചേർക്കുന്നു:

(1) തിരുവനന്തപുരം: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - നെടുമങ്ങാട്, വെറ്ററിനറി പോളി ക്ലിനിക് - നെയ്യാറ്റിൻകര, വെറ്ററിനറി ഹോസ്പിറ്റൽ - വർക്കല.

(2) കൊല്ലം: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - പുനലൂർ, വെറ്ററിനറി പോളി ക്ലിനിക് - കരുനാഗപ്പള്ളി, വെറ്ററിനറി പോളി ക്ലിനിക് - പറവൂർ.

(3) ആലപ്പുഴ: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - ചേർത്തല, വെറ്ററിനറി പോളി ക്ലിനിക് - ചെങ്ങന്നൂർ, വെറ്ററിനറി പോളി ക്ലിനിക് - കായംകുളം, വെറ്ററിനറി പോളി ക്ലിനിക് - മാങ്കൊമ്പ്.

(4) പത്തനംതിട്ട: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്- തിരുവല്ല, വെറ്ററിനറി പോളി ക്ലിനിക് - റാന്നി.

(5) കോട്ടയം: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - കാഞ്ഞിരപ്പള്ളി, വെറ്ററിനറി പോളി ക്ലിനിക് - പരിയാരം, വെറ്ററിനറി പോളി ക്ലിനിക് - വൈക്കം, വെറ്ററിനറി പോളി ക്ലിനിക് - ചങ്ങനാശ്ശേരി.

(6) ഇടുക്കി: ജില്ലാ വെറ്ററിനറി കേന്ദ്രം - തൊടുപുഴ.

(7) എറണാകുളം: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്- ആലുവ, വെറ്ററിനറി പോളി ക്ലിനിക് - മട്ടാഞ്ചേരി, വെറ്ററിനറി പോളി ക്ലിനിക്-നോർത്ത് പറവൂർ, വെറ്ററിനറി പോളി ക്ലിനിക് - മൂവാറ്റുപുഴ.

(8) തൃശ്ശൂർ: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - അന്തിക്കാട്, വെറ്ററിനറി പോളി ക്ലിനിക് - ഇരിഞ്ഞാലക്കുട, വെറ്ററിനറി പോളി ക്ലിനിക്- കൊടുങ്ങല്ലൂർ, വെറ്ററിനറി പോളി ക്ലിനിക് - വടക്കാഞ്ചേരി.

(9) പാലക്കാട്: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - ആലത്തൂർ, വെറ്ററിനറി പോളി ക്ലിനിക് -ചിറ്റൂർ, വെറ്ററിനറി പോളി ക്ലിനിക് - മണ്ണാർക്കാട്, വെറ്ററിനറി പോളി ക്ലിനിക് -ഒറ്റപ്പാലം.

(10) മലപ്പുറം: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്- തിരൂർ, വെറ്ററിനറി പോളി ക്ലിനിക് - മഞ്ചേരി.

(11) കോഴിക്കോട്: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്- പേരാമ്പ്ര, വെറ്ററിനറി പോളി ക്ലിനിക്-വടകര

(12) വയനാട്: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്- മാനന്തവാടി, വെറ്ററിനറി പോളി ക്ലിനിക് - സുൽത്താൻ ബത്തേരി.

(13) കണ്ണൂർ: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക് - തളിപ്പറമ്പ്, വെറ്ററിനറി പോളി ക്ലിനിക് - തലശ്ശേരി.

(14) കാസർഗോഡ്: ജില്ലാ വെറ്ററിനറി കേന്ദ്രം, വെറ്ററിനറി പോളി ക്ലിനിക്- കാഞ്ഞങ്ങാട്.

പെരുമ്പാവൂർ, മട്ടന്നൂർ, പന്തളം, പാനൂർ, പത്തനംതിട്ട, വർക്കല, ഇരിട്ടി, കോതമംഗലം, മൂവാറ്റുപുഴ എന്നീ നഗരസഭകൾ കുടുംബശ്രീ മുഖേനയാണ് എബിസി പ്രോഗ്രാം നടപ്പിലാക്കുന്നത്.

കണ്ണൂർ മുനിസിപ്പൽ കോർപ്പറേഷൻ, ഒറ്റപ്പാലം, ചേർത്തല, പാലക്കാട്, കോട്ടയം, കുന്നംകുളം, മാവേലിക്കര, കാസർഗോഡ്, ചെർപ്പളശ്ശേരി, അടൂർ, കാഞ്ഞങ്ങാട്, മലപ്പുറം, കൊടുവള്ളി, കൊയിലാണ്ടി, മാനന്തവാടി, മഞ്ചേരി, മണ്ണാർക്കാട്, മുക്കം, നെയ്യാറ്റിൻകര, നിലമ്പൂർ, നീലേശ്വരം, പട്ടാമ്പി, പയ്യന്നൂർ, പയ്യോളി, പെരിന്തൽമണ്ണ, പിറവം, രാമനാട്ടുകര, ഷൊർണ്ണൂർ, ശ്രീകണ്ഠപുരം, സുൽത്താൻ ബത്തേരി, താനൂർ, തലശ്ശേരി, തളിപ്പറമ്പ്, തിരൂരങ്ങാടി, വളാഞ്ചേരി, വടക്കാഞ്ചേരി, ആനൂർ, അങ്കമാലി, ചാലക്കുടി, ചാവക്കാട്, ചെങ്ങന്നൂർ, ചിറ്റൂർ-തത്തമംഗലം, കട്ടപ്പന, കൊടുങ്ങല്ലൂർ, കൊണ്ടോട്ടി, കൂത്തുപറമ്പ്, കോട്ടയ്ക്കൽ, തൃക്കാക്കര, കായംകുളം, ഈരാറ്റുപേട്ട എന്നീ നഗരസഭകൾ ജില്ലാ പഞ്ചായത്ത് മുഖേനയാണ് എ.ബി.സി. പ്രോഗ്രാം നടപ്പിലാക്കുന്നത്.

## തെരുവ് നായ്ക്കളുടെ പുനരധിവാസത്തിന് പദ്ധതികൾ

158 (3177) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെരുവ് നായ്ക്കളുടെ ശല്യം ഇല്ലാതാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ ;

(ബി) തെരുവ് നായ്ക്കളുടെ പുനരധിവാസം, പേവിഷബാധ, പ്രതിരോധം എന്നിവയ്ക്കായി പദ്ധതികളെന്തെങ്കിലും ആവിഷ്കരിച്ചിട്ടുണ്ടോ ;

(സി) സംസ്ഥാനത്ത് തെരുവ് നായ്ക്കളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടുണ്ടോ;

(ഡി) എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തെരുവുനായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിന് സംസ്ഥാനത്ത് ജില്ലാ പഞ്ചായത്തും മൃഗസംരക്ഷണ വകുപ്പും ചേർന്ന് അനിമൽ ബർത്ത് കൺട്രോൾ പ്രോഗ്രാം നടപ്പിലാക്കി, പ്രോഗ്രാമിന്റെ ഭാഗമായി ഗ്രാമ പഞ്ചായത്ത് മോണിറ്ററിംഗ് സമിതികൾ രൂപീകരിച്ച് തെരുവ് നായ്ക്കളുടെ ശല്യം നിയന്ത്രിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പൊതു സ്ഥലങ്ങളിൽ ഭക്ഷണ അവശിഷ്ടങ്ങൾ ഉൾപ്പെടെയുള്ള മാലിന്യങ്ങൾ നിക്ഷേപിക്കുന്നത് തടയുന്നതിന് ബോധവൽക്കരണം നടത്തുകയും അത്തരം സംഗതികൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം നിയമാനുസരണമുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നുണ്ട്. എ.ബി.സി പ്രോഗ്രാം ഫലപ്രദമായി നടപ്പാക്കുന്നതിന് ആവശ്യമായ നടപടികൾ തദ്ദേശ സ്ഥാപനങ്ങൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) തെരുവ് നായ്ക്കളുടെ പുനരധിവാസത്തിനായി പ്രത്യേക പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. തെരുവുനായ്ക്കളിൽ വന്ധ്യംകരണം നടത്തുന്നതോടൊപ്പം പേവിഷബാധ പ്രതിരോധ കുത്തിവയ്പ്പും നല്കിവരുന്നുണ്ട്.

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## മാലിന്യ സംസ്കരണ യൂണിറ്റ് നിർബന്ധമാക്കുന്നതിന് നിയമം

159(3178) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാലിന്യം ഒരു സാമൂഹിക പ്രശ്നമായി വളരുന്ന സാഹചര്യത്തിൽ ഇത് നിർമ്മാർജ്ജനം ചെയ്യുന്നതിന് പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് എന്തെങ്കിലും നടപടി ആസൂത്രണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ പദ്ധതികളാണ് ഇതിനായി ആസൂത്രണം ചെയ്തിട്ടുള്ളത്;

(ബി) പുതുതായി നിർമ്മിക്കുന്ന ഓഡിറ്റോറിയങ്ങൾക്കും വലിയ ഷോപ്പിംഗ് കോംപ്ലക്സുകൾക്കും മാലിന്യ സംസ്കരണയൂണിറ്റ് നിർബന്ധമാക്കുന്നതിന് നിയമം കൊണ്ടുവരാൻ നടപടി സ്വീകരിക്കുമോ;

(സി) പൊതുമാർക്കറ്റുകളിൽ മാലിന്യസംസ്കരണ യൂണിറ്റ് കർശനമാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത്;വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പൊതുമാർക്കറ്റുകൾ ഉള്ള എല്ലാ പഞ്ചായത്തുകൾക്കും മാലിന്യ നിർമ്മാർജ്ജന പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എന്തൊക്കെ സഹായ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. ഗ്രാമങ്ങളിൽ ഉണ്ടാകുന്ന മാലിന്യം പരമാവധി ഗാർഹികതലത്തിലും കമ്മ്യൂണിറ്റിതലത്തിലും സംസ്കരിക്കപ്പെടുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ പറയുന്നു.

1. വീടുകളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതികൾ (കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ രീതിയിൽ)
2. കച്ചവട സ്ഥാപനങ്ങൾ, മറ്റ് സ്ഥാപനങ്ങൾ, പൊതുസ്ഥലങ്ങൾ എന്നിവിടങ്ങളിൽ ഉറവിടതല ജൈവ മാലിന്യ സംസ്കരണ പദ്ധതി.
3. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും ഹരിതകർമസേനയുടെ ഉത്തരവാദിത്വത്തിൽ അജൈവ മാലിന്യ ശേഖരണം
4. അജൈവ മാലിന്യ പരിപാലനത്തിനായി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളും, റിസോഴ്സ് റിക്കവറി ഫെസിലിറ്റികളും സജ്ജീകരിക്കൽ.

5. അജൈവ മാലിന്യ പരിപാലനത്തിനായി പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കൽ, റോഡ് നിർമ്മാണത്തിന് ഷ്രെഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കൽ.

6. പ്ലാസ്റ്റിക് നിർമ്മിത അജൈവ വസ്തുക്കളുടെ ഉപയോഗം കുറയ്ക്കുന്നതിനും പുനരുപയോഗം വർദ്ധിപ്പിക്കുന്നതിനും, പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിക്കുന്നതിനും പുനഃചംക്രമണം പ്രോത്സാഹിപ്പിക്കു ന്നതിനുമുള്ള പദ്ധതികൾ.

7. സന്നദ്ധ പ്രവർത്തനം പ്രോത്സാഹിപ്പിക്കൽ, ജനപിന്തുണയും പങ്കാളിത്തവും ഉറപ്പാക്കൽ, പൗരൻമാർ അവരവരുടെ ഉത്തരവാദിത്വം ഏറ്റെടുക്കൽ, ജീവിത ശൈലിയിലും രീതിയിലും മാറ്റം വരുത്തുന്നതിനുള്ള ക്യാമ്പയിൻ പ്രവർത്തനങ്ങൾ.

8. ദ്രവ മാലിന്യ പരിപാലനത്തിനനുയോജ്യമായ വികേന്ദ്രീകൃത സംവിധാനങ്ങൾ പ്രാവർത്തികമാക്കൽ.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഡി & ഒ ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന ഹോട്ടലുകൾ, ക്ലബ്ബുകൾ, കല്ല്യാണ മണ്ഡപങ്ങൾ/വിവാഹ ഹാളുകൾ, ഭക്ഷണ ശാലകൾ പ്രവർത്തിക്കുന്ന മാളുകൾ, റീടെയിൽ കേന്ദ്രങ്ങൾ, ഷോപ്പിംഗ് കോംപ്ലക്സുകൾ, ഭക്ഷ്യവസ്തുക്കൾ വിൽക്കുന്ന സിനിമാ തിയേറ്ററുകൾ, വസ്ത്രശാലകൾ, പാർട്ടികളുമായി ബന്ധപ്പെട്ട് ഭക്ഷണം വിളമ്പുന്ന സ്ഥലങ്ങൾ, കാറ്ററിംഗ് യൂണിറ്റുകൾ, പച്ചക്കറി പഴ വിപണന കടകൾ, മത്സ്യം, മാംസം എന്നിവ വിൽക്കുന്ന കടകൾ, വിവിധ ക്യാന്റീനുകൾ എന്നിവിടങ്ങളിലെല്ലാം മാലിന്യങ്ങൾ തരംതിരിച്ച് ജൈവമാലിന്യങ്ങൾ ഫലപ്രദമായി ഉറവിടത്തിൽ സംസ്കരിക്കുന്നതിന് ബയോബിൻ, ഏയ്റോബിക് ബിൻ, ബയോഗ്യാസ് പോലുള്ള അനുയോജ്യമായ സംവിധാനങ്ങൾ 2017 സെപ്റ്റംബർ 15-ന് മുമ്പായി സജ്ജീകരിക്കുന്നതിന് അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നിർദ്ദേശം നൽകി 22-7-2017-ലെ സ.ഉ (സാധാ) നമ്പർ 2511/2017/തസ്വഭവ. പ്രകാരം ഉത്തരവായിട്ടുണ്ട്. പുതുതായി ഡി ആൻഡ് ഒ ലൈസൻസിന് അപേക്ഷിക്കുന്ന മേൽപ്പറഞ്ഞ രീതിയിലുള്ള, മേൽ വിവരിച്ച രീതിയിൽ ജൈവമാലിന്യങ്ങൾ ഉറവിടത്തിൽത്തന്നെ ഫലപ്രദമായി സംസ്കരിക്കുന്നതിന് അനുയോജ്യമായ സംവിധാനങ്ങൾ ഒരുക്കിയിട്ടുണ്ടെന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ ഉറപ്പാക്കി മാത്രമേ അവർക്ക് ഡി ആൻഡ് ഒ ലൈസൻസ് ഇനി മേലിൽ നൽകാവൂ എന്നും ടി ഉത്തരവിൽ പ്രതിപാദിച്ചിട്ടുണ്ട്. ഇതിൻപ്രകാരം നഗരസഭകളും ഗ്രാമപഞ്ചായത്തുകളും നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

(സി & ഡി) പഞ്ചായത്തുകളുടെ വികസനഫണ്ടിൽനിന്നും 10% തുകയും മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷനുകൾ 15% തുകയും മാലിന്യ സംസ്കരണ പ്രോജക്ടുൾക്ക് മുൻഗണന നൽകി വകയിരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ടി വകയിരുത്തലിൽനിന്നും അതത് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പൊതുമാർക്കറ്റുകളിൽ മാലിന്യ സംസ്കരണ യൂണിറ്റ് സ്ഥാപിക്കുവാൻ കഴിയും. കൂടാതെ ശുചിത്വ മിഷനിൽനിന്നും പൊതു മാർക്കറ്റുകളിൽ മാലിന്യ സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനായി സാങ്കേതികാനുമതിയും സർക്കാർ സാമ്പത്തിക സഹായവും നൽകിവരുന്നുണ്ട്.

## തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് പുതിയ പദ്ധതി

160 (3179) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരത്തിലെ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വെളിപ്പെടുത്തുമോ;

(ബി) കോടിക്കണക്കിന് രൂപ ചെലവഴിച്ചിട്ടും നഗരം അഭിമുഖീകരിക്കുന്ന മാലിന്യപ്രശ്നത്തിന് ശാശ്വത പരിഹാരം കണ്ടെത്തുവാൻ കഴിയാത്ത സാഹചര്യത്തിൽ പുതിയ സർവ്വേ നടത്തി പരിഹാരം കാണുന്നതിന് കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ഇത്തരം ഒരു സർവ്വേ നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; ഇതിനായി എന്ത് തുക വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭ വികേന്ദ്രീകൃത മാലിന്യ സംസ്കരണമാണ് നടപ്പിലാക്കിവരുന്നത്. വീടുകളിലെ മാലിന്യം ഉറവിടത്തിൽതന്നെ സംസ്കരിക്കുന്നതിനും, കിച്ചൻ സിൻ ബയോ കമ്പോസ്റ്റർ സ്ഥാപിക്കുന്നതിനും പൊതു നിരത്തുകളിലെ മാലിന്യം സംസ്കരിക്കുന്നതിന് എയ്റോബിക് ബിന്നുകൾ സ്ഥാപിക്കുന്നതിനും പദ്ധതി ആരംഭിച്ചിട്ടുണ്ട്. ആയത് 100 വാർഡുകളിലും വ്യാപിപ്പിക്കുന്ന പ്രവർത്തനമാണ് നടന്നുവരുന്നത്. കൂടാതെ ആധുനിക സാങ്കേതികവിദ്യയിൽ അധിഷ്ഠിതമായി കേന്ദ്രീകൃത ഖരമാലിന്യ പ്ലാന്റ് സ്ഥാപിക്കുന്ന വിഷയവും പരിഗണനയിലുണ്ട്.

(ബി) തിരുവനന്തപുരം നഗരസഭാ പരിധിയിൽ ഉണ്ടാവുന്ന മാലിന്യത്തിന്റെ തോത് അവ സംസ്കരിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ശാസ്ത്രീയമായി മാലിന്യ പ്രശ്നം പരിഹരിക്കുന്നതിനും 25 ഹെൽത്ത് സർക്കിൾ കേന്ദ്രീകരിച്ച് 100 വാർഡുകളിൽ സർവ്വെ നടത്തി ഡി.പി.ആർ. തയ്യാറാക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ഡി.പി.ആർ. തയ്യാറാക്കുന്നതിന് സർവ്വെ നടത്തുന്നതിന് പ്രത്യേക ഏജൻസികളെ ചുമതലപ്പെടുത്തിയിട്ടില്ല. നഗരസഭ ആരോഗ്യ വിഭാഗം ജീവനക്കാരെ തന്നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതിനായി നിലവിൽ തുക വകയിരുത്തിയിട്ടില്ല.

**ഹരിത കർമ്മസേന ശേഖരിക്കുന്ന യൂസർഫീ**

161 (3180) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഹരിതകർമ്മസേന പ്രവർത്തകർ മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി യൂസർ ഫീ ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാരിന്റെ ഏതെങ്കിലും ഉത്തരവ് പ്രകാരം മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി ജനങ്ങളിൽനിന്നും യൂസർ ഫീ ഈടാക്കാം എന്ന് വ്യക്തമാക്കിയിട്ടുണ്ടോ; പ്രസ്തുത ഓർഡറിന്റെ വിശദാംശങ്ങൾ നല്കാമോ;

(സി) ഹരിതകർമ്മസേന പ്രവർത്തകർ മാലിന്യം ശേഖരിക്കുന്നതിന് വേണ്ടി യൂസർ ഫീ ഈടാക്കുന്നതിനെതിരെ നാം മുന്നോട്ട് എന്ന പരിപാടിയിൽ മുഖ്യമന്ത്രി നിലപാട് സ്വീകരിച്ചിരുന്നതായി ശ്രദ്ധയിൽപ്പെട്ടിരുന്നോ; വെളിപ്പെടുത്തുമോ;

(ഡി) ഈ നിലപാടുമൂലം സംസ്ഥാനത്തെ ഹരിതകർമ്മസേനയുടെ പ്രവർത്തനം നിലച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) ഉണ്ട്. ഹരിത കേരളം പദ്ധതിയുടെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ 15-7-2017-ലെ സ.ഉ.(സാധാ) നമ്പർ 2420/2017/ തസ്വഭവ. ഉത്തരവ് പ്രകാരമുള്ള മാർഗ്ഗനിർദ്ദേശത്തിൽ യൂസർഫീ സംബന്ധിച്ച് വ്യക്തമായി പ്രതിപാദിച്ചിട്ടുണ്ട്. ആയത് ചുവടെ സൂചിപ്പിക്കുന്നു:

1. സ്വന്തമായി ജൈവമാലിന്യ സംസ്കരണം നടത്തുന്ന വീടുകൾ (കിച്ചൺ ബിൻ, പോട്ട് കമ്പോസ്റ്റ്, ബയോഗ്യാസ് പ്ലാന്റ്, വളക്കുഴി മുഖേന) ഹരിത കർമ്മസേനാംഗം മാസത്തിൽ രണ്ടു തവണ പരിശോധന നടത്തുന്നതിനും അജൈവമാലിന്യം ശേഖരിക്കുന്നതിനുമായി 60 രൂപ മാസംതോറും നൽകേണ്ടതാണ്.

2. കിച്ചൺ ബിൻ മുതലായ ഉപാധികൾ മുഖേന മാലിന്യ സംസ്കരണം നടത്തുന്ന വീടുകൾക്ക് ആവശ്യമായ ഇനോക്കുലം (ഒരു മാസത്തേയ്ക്ക് 30 ലിറ്റർ നൽകുകയും ആഴ്ചയിൽ ഒരു സന്ദർശനം നടത്തുകയും അജൈവമാലിന്യം ശേഖരിക്കുകയും സ്വന്തമായി ഉപയോഗിക്കുന്നില്ലെങ്കിൽ ജൈവവളം തിരികെ ശേഖരിക്കുകയും ചെയ്യുന്നതിന് ഹരിത കർമ്മസേനയ്ക്ക് ഓരോ മാസവും 250 രൂപ (ഇനോക്കുലത്തിന്റെ വിലയുൾപ്പെടെ) നൽകേണ്ടതാണ്.

3. എല്ലാ ദിവസവും ജൈവമാലിന്യ ശേഖരണം ആവശ്യപ്പെടുന്ന വീടുകൾ പ്രതിമാസം 800 രൂപ (അജൈവമാലിന്യ ശേഖരത്തിന് ഉൾപ്പെടെ) ഹരിത കർമ്മസേനയ്ക്ക് നൽകേണ്ടതാണ്.

4. കിച്ചൺബിൻ മുതലായ ഉപാധികൾ ഉപയോഗിച്ച് മാലിന്യ സംസ്കരണം നടത്തുന്ന വീടുകളിൽ അതിലൂടെ ലഭിക്കുന്ന ജൈവവളം ഉപയോഗിച്ച് പച്ചക്കറികൃഷി ചെയ്യുമെങ്കിൽ ആവശ്യമായ ഇനോക്കുലം (പ്രതിമാസം 30 ലിറ്റർ) നൽകുന്നതിനു പുറമെ ഹരിത സേനാംഗം ആഴ്ചയിലൊരിക്കൽ വീട് സന്ദർശിക്കുകയും ജൈവ പച്ചക്കറി കൃഷി പരിപാലിക്കുകയും ചെയ്യുന്നതിന് പ്രതിമാസം 300 രൂപ (അജൈവമാലിന്യ ശേഖരണത്തിന് ഉൾപ്പെടെ ) ഫീസായി നൽകേണ്ടതാണ്.

5. സ്ഥാപനങ്ങൾ സ്വന്തമായി ഏർപ്പെടുത്തുന്ന സംവിധാനം ചുരുങ്ങിയത് ആഴ്ചയിലൊരിക്കൽ ഹരിത കർമ്മസേനാംഗം പരിശോധിക്കുന്നതിനും ദൈനംദിനം ജൈവമാലിന്യം ശേഖരിക്കുന്നതിനും അജൈവമാലിന്യം നിർദ്ദിഷ്ട കാലയളവിൽ ശേഖരിക്കുന്നതിനും അനുയോജ്യമായ യൂസർഫീയും കാലാവധിയും തദ്ദേശ സ്ഥാപനത്തിന് തീരുമാനിക്കാവുന്നതുമാണ്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) ഹരിത കർമ്മസേനയുടെ പ്രവർത്തനം നിലച്ചിട്ടില്ല.

## തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീനുകൾ

162 (3181) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്ഥാപിച്ച പ്ലാസ്റ്റിക് ഷ്രഡിംഗ് മെഷീനുകൾ അവ സ്ഥാപിച്ച് ഒരു വർഷത്തിനകം ഉപയോഗ ശൂന്യമാകുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിച്ച പ്ലാസ്റ്റിക്കുകൾ റോഡ് നിർമ്മാണത്തിനായി ഉപയോഗപ്പെടുത്തുന്നുണ്ടോ;

(സി) സംസ്ഥാനത്തെ പ്രമുഖ റോഡുകളിൽ ഉപയോഗിക്കുന്ന ടാറുകളുടെ മെൽറ്റിംഗ് പോയിന്റ് പ്ലാസ്റ്റിക്കിന്റെ മെൽറ്റിംഗ് പോയിന്റിനേക്കാൾ ഉയർന്നതായതുകൊണ്ട് അവ റോഡുകളുടെ നിർമ്മാണത്തിന് ഉപയോഗിക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ ക്ലീൻ കേരള കമ്പനി ശേഖരിക്കുന്ന പ്ലാസ്റ്റിക്കുകൾ എപ്രകാരമാണ് ഉപയോഗപ്പെടുത്തുന്നത്;

(ഡി) ഈ സാഹചര്യത്തിൽ സംസ്ഥാനത്തെ റോഡുകളുടെ നിർമ്മാണത്തിന് പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉപയോഗപ്പെടുത്തുന്നു എന്ന പ്രചരണം വാസ്തവ വിരുദ്ധമാണോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) ഇല്ല. ക്ലീൻ കേരള കമ്പനി മുഖാന്തരം സ്ഥാപിച്ചിട്ടുള്ള മെഷീനറികൾക്ക് ഒരു വർഷത്തെ വാറന്റിയും, അതിനുശേഷം AMC അടിസ്ഥാനത്തിൽ സർവ്വീസും നൽകുന്നുണ്ട്.

(ബി) ഉണ്ട്.

(സി ആൻഡ് ഡി) തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ് ചെയ്യുന്ന പ്ലാസ്റ്റിക്കുകൾ ക്ലീൻ കേരള കമ്പനി മുഖേന വിതരണം ചെയ്തുകൊണ്ട് തദേശ സ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ് എന്നിവ മുഖേന നടത്തുന്ന റോഡ് ടാറിംഗിന് ഉപയോഗിച്ച് വരുന്നു. കേന്ദ്ര സർക്കാരിന്റെ നിയന്ത്രണത്തിലുള്ള

ഇന്ത്യൻ റോഡ് കോൺഗ്രസിന്റെ ഐ.ആർ.സി - എസ്.പി-98-2013 കോഡിന്റെ അടിസ്ഥാനത്തിലാണ് റോഡുകളുടെ നിർമ്മാണത്തിന് ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടത്തുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഷ്രഡഡ് പ്ലാസ്റ്റിക് ഉപയോഗിക്കുന്നതിന് അനുമതി നൽകി 17-11-2016-ലെ സ.ഉ. (സാധാ) നമ്പർ 3119/2016/തസ്വഭവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഷ്രഡഡ് പ്ലാസ്റ്റിക്കും ബിറ്റുമിനും കൂട്ടിക്കലർത്തി ഉരുക്കിയല്ല റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നത്. ആദ്യം മെറ്റലും ഷ്രഡഡ് പ്ലാസ്റ്റിക്കും പ്ലാന്റിൽ ചൂടാക്കി മിക്സ് ചെയ്യുന്നു. അതുവഴി ഷ്രെഡഡ് പ്ലാസ്റ്റിക് ഉരുകി മെറ്റലിനു പുറത്തായി ഒരു ആവരണം രൂപപ്പെടുന്നു. അതിനുശേഷം ആവശ്യമായ അളവിൽ ഉരുക്കിയ ടാർ കൂടി പ്ലാന്റിലേയ്ക്ക് ഒഴിച്ച് മിക്സ് ചെയ്താണ് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നത്. ഈ പ്രവൃത്തി ചെയ്യുന്നതിന് മെൽറ്റിംഗ് പോയിന്റിന്റെ വ്യത്യാസം തടസ്സമാകുന്നില്ല. റോഡുകളുടെ നിർമ്മാണത്തിന് തരംതിരിച്ച് ശുദ്ധീകരിച്ച പ്ലാസ്റ്റിക് ആണ് ഉപയോഗിക്കുന്നത്.

## പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം നിർത്തലാക്കാൻ നടപടി

163 (3182) <u>ശ്രീ. എ. എൻ. ഷംസീർ</u> : താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്താകമാനം പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം നിർത്തലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന് വേണ്ടി എന്തെല്ലാം നടപടിക്രമങ്ങളാണ് ചെയ്തിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സംസ്ഥാനത്താകമാനം പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം നിർത്തലാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടില്ല. പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് സമ്പൂർണ്ണ നിയന്ത്രണം ഏർപ്പെടുത്തുവാൻ സാധിക്കാത്ത സാഹചര്യത്തിലും അൻപത് മൈക്രോണിൽ താഴെ കനമുള്ള പ്ലാസ്റ്റിക് ക്യാരി ബാഗുകൾക്ക് മാത്രമാണ് പ്ലാസ്റ്റിക് മാലിന്യ പരിപാലന ചട്ടം 2016 പ്രകാരം നിരോധനം ബാധകമായിട്ടുള്ളത് എന്നതിനാലും 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ മാത്രമേ സാധനങ്ങൾ വിതരണം ചെയ്യാവൂ എന്നും വില്പന സാധനങ്ങൾ പ്ലാസ്റ്റിക് ക്യാരി ബാഗുകളിൽ വിതരണം ചെയ്യുന്ന വ്യാപാരികളും തെരുവ് കച്ചവടക്കാരും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്തിരിക്കണമെന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പുറപ്പെടുവിച്ചിട്ടുള്ള 24-9-2016-ലെ 576/ഡി.സി.1/

2016/തസ്വഭവ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ഒരു മാസം കുറഞ്ഞത് 4000 (നാലായിരം) രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 48000 (നാല്പത്തെണ്ണായിരം) രൂപ പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി ഈടാക്കുന്നത് സംബന്ധിച്ച് തദ്ദേശഭരണ സ്ഥാപനങ്ങൾ അടിയന്തരമായി വിജ്ഞാപനം/ഉത്തരവ് പുറപ്പെടുവിക്കേണ്ടതാണെന്നും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗത്തിന്റെ തോത് അനുസരിച്ച് കൂടുതൽ തുക പ്ലാസ്റ്റിക് മാലിന്യ പരിപാലന ഫീയായി വ്യാപാരികളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഈടാക്കാവുന്നതാണ് എന്നും പ്രസ്തുത സർക്കുലറിൽ നിർദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിലുള്ള നടപടികൾ തദ്ദേശഭരണ സ്ഥാപനതലത്തിൽ സ്വീകരിച്ചുവരുന്നു. പ്ലാസ്റ്റിക് സഞ്ചിയുടെ ഉപയോഗം പരമാവധി നിരുത്സാഹപ്പെടുത്തുന്നതിന്റെ ഭാഗമായി ശക്തമായ വിവര വിജ്ഞാപന വ്യാപന പ്രവർത്തനങ്ങൾ (ഗ്രീൻ പ്രോട്ടോക്കോൾ), ശുചിത്വ മിഷൻ, ഹരിത കേരളമിഷൻ എന്നിവ മുഖേന സംഘടിപ്പിച്ചുവരുന്നു.

## പ്ലാസ്റ്റിക് മാലിന്യത്തിന് പുനഃചംക്രമണം

164 (3183) <u>ശ്രീ. പി. ടി. തോമസ്</u> :
<u>ശ്രീ. എം. വിൻസെന്റ്</u> :
<u>ശ്രീ. വി. പി. സജീന്ദ്രൻ</u> :
<u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുരക്ഷിത മാലിന്യ സംസ്കരണം ഉറപ്പാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഓരോ പദ്ധതിയുടെയും ഫീസിബിലിറ്റിയും വയബിലിറ്റിയും പരിശോധിച്ച ശേഷമാണോ ഇത്തരം പദ്ധതികൾ ആവിഷ്കരിക്കുന്നത്; അതിനുള്ള നടപടിക്രമം എന്താണ്;

(സി) പ്ലാസ്റ്റിക് മാലിന്യത്തിന് പുനഃചംക്രമണം ഉറപ്പാക്കുന്നതിന് എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളിലും പ്ലാസ്റ്റിക് ഷ്രഡിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും മെറ്റീരിയൽ റീസൈക്ലിംഗ് ഫെസിലിറ്റി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സാധിച്ചിട്ടുണ്ടോ;

(ഡി) 50 മൈക്രോണിൽ കുറയാത്ത പ്ലാസ്റ്റിക് ക്യാരിബാഗുകളിൽ മാത്രമെ സാധനങ്ങൾ വിതരണം ചെയ്യാവൂ എന്ന നിർദ്ദേശം പല സ്ഥാപനങ്ങളും പാലിക്കുന്നില്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ സ്വീകരിക്കുന്ന നടപടികൾ ഫലപ്രദമാകാത്തത് എന്തുകൊണ്ടാണ്;

(എഫ്) പ്ലാസ്റ്റിക് കൊണ്ടുള്ള ദോഷഫലങ്ങളെ കുറിച്ചും അതിന്റെ സുരക്ഷിതമായ സംസ്കരണം സംബന്ധിച്ചും ആവശ്യമായ വിവര വിജ്ഞാനവ്യാപന പ്രവർത്തനങ്ങൾ സ്വീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉറവിട ജൈവമാലിന്യ സംസ്കരണത്തിനായുള്ള വിവിധ പദ്ധതികൾ ഗാർഹിക, സ്ഥാപന, കമ്മ്യൂണിറ്റിതലങ്ങളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കിവരുന്നുണ്ട്. കമ്പോസ്റ്റിംഗ്, ബയോമെതനേഷൻ സാങ്കേതിക വിദ്യകളിലധിഷ്ഠിതമായ സാങ്കേതിക സംവിധാനങ്ങളാണ് (പൈപ്പ് കമ്പോസ്റ്റ്, കിച്ചൻബിൻ, പിറ്റ്, ട്രൈബിൻ തുടങ്ങിയ കമ്പോസ്റ്റിംഗ് യൂണിറ്റുകൾ, ബയോഗ്യാസ് പ്ലാന്റുകൾ) ഉപയോഗിച്ചുവരുന്നത്. കമ്മ്യൂണിറ്റി തലത്തിൽ തുമ്പൂർമൂഴി മാതൃക എയറോബിക് കമ്പോസ്റ്റിംഗ് ബിന്നുകളും കൂടുതൽ ശേഷിയുള്ള ബയോഗ്യാസ് പ്ലാന്റുകളും സ്ഥാപിച്ചു വരുന്നുണ്ട്. കേന്ദ്രീകൃത മാലിന്യ സംസ്കരണത്തിനായി "വേസ്റ്റ് ടു എനർജി" പ്രോജക്ടുകളും വിൻഡ്രോ കമ്പോസ്റ്റിംഗ് പ്ലാന്റുകളും പ്രോത്സാഹിപ്പിക്കുന്നുണ്ട്. അജൈവ മാലിന്യം തരംതിരിച്ച് സുരക്ഷിതമായ പുനഃചംക്രമണം ഉറപ്പാക്കുന്നതിലേയ്ക്കുള്ള പ്രവർത്തനങ്ങളാണ് തദ്ദേശഭരണ സ്ഥാപനങ്ങൾ പ്രാവർത്തികമാക്കുന്നത്. അജൈവ മാലിന്യം സംസ്കരിക്കുന്നതിനുള്ള പശ്ചാത്തല സൗകര്യങ്ങളായ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.), എല്ലാ ഗ്രാമ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിലും റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) ക്ലസ്റ്റർ അടിസ്ഥാനത്തിലും സ്ഥാപിച്ചുവരുന്നുണ്ട്. വീടുകളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും അജൈവ മാലിന്യം ശേഖരിക്കുന്നതിന് ഗ്രാമപഞ്ചായത്ത്, മുനിസിപ്പാലിറ്റി, മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഹരിതകർമ്മ സേനയെ സജ്ജമാക്കി വരുന്നുണ്ട്. ഹരിത കർമ്മസേനയ്ക്ക് സാങ്കേതിക പിന്തുണ നൽകുന്നതിന് ക്ലസ്റ്ററടിസ്ഥാനത്തിൽ ഹരിത സഹായ സ്ഥാപനങ്ങളെയും ചുമതലപ്പെടുത്തും. ക്ലീൻ കേരള കമ്പനിയുടെ ഉത്തരവാദിത്വത്തിലാണ് അജൈവമാലിന്യം കൈമാറ്റം ചെയ്യപ്പെടുന്നത്. പുനഃചംക്രമണ വിധേയമാക്കുവാൻ കഴിയാത്ത പ്ലാസ്റ്റിക് ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കും. ദ്രവമാലിന്യ സംസ്കരണത്തിന് സോക്ക് പിറ്റുകൾ, സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ, സെപ്റ്റേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ എന്നിവ ആവശ്യാനുസരണം സൃഷ്ടിക്കുന്ന പദ്ധതികളുമാണുള്ളത്.

(ബി) അതെ.

പദ്ധതികളുടെ ഫീസിബിലിറ്റിയും വയബിലിറ്റിയും തദ്ദേശഭരണ സ്ഥാപനങ്ങൾ, സർക്കാർ ശുചിത്വ മിഷൻ തലങ്ങളിൽ സാങ്കേതിക സമിതികൾ വിലയിരുത്തിയാണ് ആവിഷ്കരിക്കുന്നത്.

(സി) പ്ലാസ്റ്റിക് ഷ്രെഡ്ഡിംഗ് യൂണിറ്റ് തദ്ദേശഭരണ സ്ഥാപനങ്ങൾ ആവശ്യാധിഷ്ഠിതമായി ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷനുകളിൽ ഓരോ സ്ഥാപനങ്ങളിലോ ക്ലസ്റ്ററടിസ്ഥാനത്തിലോ സ്ഥാപിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്.

റീസൈക്ലിംഗ് ഫെസിലിറ്റി പരമാവധി സ്വകാര്യ സംരംഭകരുടെ ഉത്തരവാദിത്വത്തിൽ സ്ഥാപിക്കുന്ന നടപടിയാണ് പ്രോത്സാഹിപ്പിക്കുന്നത്.

(ഡി ആൻഡ് ഇ) ഉണ്ട്. ഇക്കാര്യത്തിൽ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള നടപടികൾ യഥാവിധി നടപ്പിലാക്കാൻ ഗ്രാമപഞ്ചായത്ത്, നഗരസഭ, മുനിസിപ്പൽ കോർപ്പറേഷൻ എന്നിവയ്ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(എഫ്) നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജന നടപടി

165(3184) <u>ശ്രീ. സജി ചെറിയാൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇത്തവണത്തെ ലോക പരിസ്ഥിതിദിനത്തോടനുബന്ധിച്ച് സംസ്ഥാനത്ത് നടത്തിയ ദിനാചരണങ്ങളിൽ കൂടുതലായി ഉയർന്നുവന്ന ചർച്ചകൾ സംസ്ഥാനത്തെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംബന്ധിച്ചായിരുന്നുവെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്ലാസ്റ്റിക് മാലിന്യശേഖരണവും സംസ്കരണവും സംബന്ധിച്ച പദ്ധതികൾ നടപ്പിലാക്കുന്നതിനായി സർക്കാർ രൂപീകരിച്ച ക്ലീൻ കേരള കമ്പനിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) പ്ലാസ്റ്റിക് മാലിന്യനിർമ്മാർജ്ജനത്തിന് പ്ലാസ്റ്റിക്ക് ഉപയോഗിച്ചുള്ള റോഡുകൾ ഒരു മുതൽക്കൂട്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ക്ലീൻ കേരള കമ്പനി വഴി ഇതുവരെ എത്ര ടൺ പ്ലാസ്റ്റിക് റോഡ് നിർമ്മാണത്തിനായി നൽകാൻ കഴിഞ്ഞെന്നും തുടർന്ന് നടന്നുവരുന്ന പ്രവൃത്തികൾ എന്തെല്ലാമാണെന്നും വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) ഉണ്ട്. നിലവിൽ അജൈവമാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക് മാലിന്യങ്ങൾ ശേഖരിച്ച് അവ ശാസ്ത്രീയ പുനഃചംക്രമണം ചെയ്യുക, തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിച്ച് ഷ്രെഡ്ഡ് ചെയ്യുന്ന പുനഃചംക്രമണ യോഗ്യമല്ലാത്ത പ്ലാസ്റ്റിക് പൊതുമരാമത്ത് വകുപ്പ് മുഖേനയും തദ്ദേശ സ്വയംഭരണ വകുപ്പ് മുഖേനയും നടത്തപ്പെടുന്ന റോഡ് നിർമ്മാണ പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനായി വിതരണം ചെയ്യുക എന്നിവയാണ് നിലവിൽ ക്ലീൻ കേരള കമ്പനി മുഖേന നടപ്പിലാക്കുന്നത്. കൂടാതെ ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി തദ്ദേശഭരണ സ്ഥാപനങ്ങൾ ശേഖരിക്കുന്ന പുനഃചംക്രമണ യോഗ്യമായിട്ടുള്ള മറ്റ് അജൈവ മാലിന്യങ്ങൾ പുനഃചംക്രമണ ഏജൻസികളെ ടെണ്ടർ വഴി കണ്ടെത്തി കൈമാറുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(സി) ഉണ്ട്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലായി തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പിലാക്കിയ റോഡ് നിർമ്മാണ പ്രവൃത്തികളിൽ തദ്ദേശഭരണ സ്ഥാപനങ്ങൾ വഴി ശേഖരിച്ച പ്ലാസ്റ്റിക്കുകൾ ഷ്രെഡ്ഡ് ചെയ്ത് ഉപയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 330 തദ്ദേശഭരണ സ്ഥാപനങ്ങളിലായി 245 ടണ്ണോളം ഷ്രെഡ്ഡഡ് പ്ലാസ്റ്റിക്കുകൾ റോഡുകളുടെ നിർമ്മാണത്തിനായി വിപണനം ചെയ്തിട്ടുണ്ട്.

**പൊതുശ്മശാനങ്ങൾ**

166 (3185) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ എത്ര പൊതുശ്മശാനങ്ങൾ നിലവിലുണ്ട്;

(ബി) ആധുനിക രീതിയിലുള്ള വൈദ്യുത,ഗ്യാസ് ശ്മശാനങ്ങൾ എത്രയെണ്ണമുണ്ട് ; വിശദമാക്കുമോ;

(സി) എത്ര ചുറ്റളവിൽ ആധുനീകൃത ശ്മശാനങ്ങൾ നിലവിലുണ്ട് എന്നത് സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഈ സൗകര്യം ലഭ്യമല്ലാതെ കുടുംബങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഗ്രാമപഞ്ചായത്തുകളിൽ 582-ഉം നഗരസഭകളിൽ 87-ഉം ചേർത്ത് സംസ്ഥാനത്ത് ആകെ 669 പൊതുശ്മശാനങ്ങൾ നിലവിലുണ്ട്.

(ബി) ഗ്രാമപഞ്ചായത്തുകൾ

വാതക ശ്മശാനങ്ങൾ - 57

വൈദ്യുത ശ്മശാനങ്ങൾ - 7

ആകെ - 64

നഗരസഭകൾ

വാതക ശ്മശാനങ്ങൾ - 34

വൈദ്യുത ശ്മശാനങ്ങൾ - 3

ആകെ -37

(സി) എത്ര ചുറ്റളവിൽ ആധുനീകൃത ശ്മശാനങ്ങൾ നിലവിലുണ്ട് എന്നത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല. ഈ സൗകര്യം ലഭ്യമല്ലാതെ കുടുംബങ്ങൾ ബുദ്ധിമുട്ട് നേരിടുന്നതായുള്ള വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പൊതുശ്മശാനം നിർമ്മിക്കുന്നതിന് അനുയോജ്യമായ സ്ഥലം ലഭ്യമാകാത്തതും ലഭ്യമാകുന്ന സ്ഥലത്ത് പരിസരവാസികളുടെ എതിർപ്പുണ്ടാകുന്നതും പദ്ധതി നടപ്പിലാക്കുന്നതിന് പ്രധാന വെല്ലുവിളിയാണ്. ആയതിനാൽ ഒരു ബ്ലോക്ക് പഞ്ചായത്ത് പ്രദേശത്തുള്ള എല്ലാ ഗ്രാമപഞ്ചായത്തുകൾക്കുംവേണ്ടി സ്ഥലം ലഭ്യമാകുന്ന ഗ്രാമപഞ്ചായത്തിൽ ആധുനിക പൊതുശ്മശാനം നിർമ്മിക്കുന്ന പദ്ധതികൾക്ക് പ്രോത്സാഹനം നല്കി വരുന്നു.

## കെ.എസ്.ആർ.ആർ.ഡി.എ.- യുടെ കൊല്ലം ജില്ലയിലെ നിയമനം

167 (3186) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിൽ കെ.എസ്.ആർ.ആർ. ഡി.എ.(കേരള സ്റ്റേറ്റ് റൂറൽ റോഡ് ഡെവലപ്മെൻറ് ഏജൻസി)- യുടെ ജില്ലാ വിഭാഗത്തിലേയ്ക്കുള്ള നിയമനം സംബന്ധിച്ച് നടത്തിയ കൂടിക്കാഴ്ച ആരെങ്കിലും തടസ്സപ്പെടുത്തുകയുണ്ടായോ;

(ബി) കൊല്ലം ജില്ലയിൽ എത്ര അപേക്ഷകർ പരീക്ഷ എഴുതിയിരുന്നുവെന്നും ഇതിൽ ഏറ്റവും കൂടുതൽ മാർക്ക് ലഭിച്ച അപേക്ഷക ആരായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ചോദ്യപേപ്പർ ചോർത്തി നൽകിയാണ് പ്രസ്തുത അപേക്ഷകയ്ക്ക് കൂടുതൽ മാർക്ക് ലഭിച്ചതെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇതിന് കൂട്ടുനിന്ന കെ.എസ്.ആർ.ആർ.ഡി.എ.-യിലെ ഉന്നത ഉദ്യോഗസ്ഥർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അക്രെഡിറ്റഡ് എഞ്ചിനീയർമാരായി 105 പേരും ഓവർസിയർമാരായി 23 പേരും പരീക്ഷ എഴുതിയിരുന്നു.

അക്രെഡിറ്റഡ് എഞ്ചിനീയർ - സൽമ നസ്രീൻ

ഓവർസിയർ - ശ്രീമതി അശ്വതി അശോക്

(സി) ഇതുസംബന്ധിച്ച് സർക്കാരിൽ പരാതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പരാതിയുടെ അടിസ്ഥാനത്തിൽ കൊല്ലം ജില്ലയിലെ പരീക്ഷ റദ്ദുചെയ്ത് വീണ്ടും നട<u>ത്തു</u>വാൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) പരാതിയിൻമേലുള്ള അന്വേഷണം ആരംഭിച്ചിട്ടുണ്ട്.

## ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച നയം

168(3187) <u>ശ്രീ. കെ. സി. ജോസഫ്</u> :
<u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സമയബന്ധിതമായി നടത്താത്തതുമൂലം പ്രസ്തുത റോഡുകളിൽ പലതും സഞ്ചാരയോഗ്യമല്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച നയം രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പ്രസ്തുത റോഡുകളുടെ പാർശ്വഭാഗങ്ങളിലെ അറ്റകുറ്റപ്പണി വനിതാ സ്വാശ്രയസംഘങ്ങളെ ഏല്പിക്കുന്നതിന് ഉദ്ദേശ്യമുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്.

ഗ്രാമീണ റോഡുകളുടെ അറ്റകുറ്റപ്പണി സംബന്ധിച്ച നയം 27/12/2016 -ലെ സർക്കാർ ഉത്തരവ് നമ്പർ സ.ഉ. (എം.എസ്.) 197/2016/ത.സ്വ.ഭ.വ. പ്രകാരം രൂപീകരിച്ചിട്ടുണ്ട്.

(സി) അറ്റകുറ്റപ്പണികൾ വനിതാ സ്വയം സഹായ സംഘങ്ങളെ ഏല്പിക്കുന്നതിന് ഉദ്ദേശ്യമുണ്ട്. 2018-19 സാമ്പത്തിക വർഷം കുടുംബശ്രീ സ്വയംസഹായ സംഘങ്ങളെ ഏർപ്പെടുത്തിക്കൊണ്ട് പരീക്ഷണാടിസ്ഥാനത്തിൽ Defect Liability Period -ന് (അഞ്ചുവർഷത്തെ അറ്റകുറ്റപണികൾക്ക്) ശേഷം റോഡുകളിലെ മൂടിക്കിടക്കുന്ന ഓടകൾ വൃത്തിയാക്കൽ, കാടുകൾ വെട്ടിത്തെളിക്കൽ, മൈൽ സ്റ്റോൺ പെയിന്റടിക്കൽ എന്നീ പ്രവൃത്തികൾ ഏറ്റെടുത്ത് നടത്തുന്നതിനായി 1.15 കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

**ടെലികോം കമ്പനികളിൽനിന്ന് ഈടാക്കുന്ന തറവാടക**

169 (3188) <u>ശ്രീ. വി. ഡി. സതീശൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടെലികോം കമ്പനികൾ റോഡിലൂടെ കേബിൾ വലിക്കുന്നതിന് തദ്ദേശ സ്ഥാപനങ്ങൾ തറവാടക ഈടാക്കിയിരുന്നോ; എങ്കിൽ എന്ത് നിരക്കിലാണ് തറവാടക ഈടാക്കിയിരുന്നത്;

(ബി) പ്രസ്തുത തറവാടക ഈടാക്കരുത് എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(സി) ഇതുമൂലം തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനത്തിലുണ്ടാകുന്ന നഷ്ടം സർക്കാർ മടക്കി നൽകുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈടാക്കിയിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങൾ ഒരു ഏകീകൃത നിരക്കിലല്ല തറവാടക ഈടാക്കിയിരുന്നത്.

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് RoW അനുമതിക്കായി

ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള/നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് ആൻഡ് റീസ്റ്റൊറേഷൻ ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലികോം സേവനദാതാക്കളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കാൻ പാടില്ല എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 2013-ൽ പുറത്തിറക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി, ടെലികോം സേവന ദാതാകൾക്കും, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സിനും സംസ്ഥാനത്തെ റോഡ് ശൃംഖലകളിൽ കൂടി ഓപ്റ്റിക്കൽ ഫൈബർ കേബിൾ (ഒ.എഫ്.സി.) ഇടുന്നതിന് RoW അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് 15-9-2015-ലെ സ.ഉ.(കൈ) നമ്പർ 39/2015/വി.സ.വ. പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിലെ വ്യവസ്ഥകൾ പ്രകാരം ടെലികോം സേവന ദാതാക്കൾ RoW അനുമതിക്കായി ഒരു കിലോമീറ്ററിന് 75,000 രൂപ എന്ന നിരക്കിൽ One Time Contribution അടയ്ക്കേണ്ടതാണ്. കൂടാതെ ഷോൾഡർ കട്ടിംഗ്, ബി. റ്റി. സർഫസ് കട്ടിംഗ്, ഒ.എഫ്.സി. വർക്സ് എന്നിവയുമായി ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ നിരക്കിലുള്ള റിസ്റ്റൊറേഷൻ ചാർജ്ജസ് മുൻകൂറായി ടെലികോം സേവന ദാതാക്കൾ റോഡ് അധികാരികൾക്ക് നൽകേണ്ടതാണ്. ഇപ്രകാരം One Time Contribution-നും റീസ്റ്റൊറേഷൻ ചാർജ്ജസും അല്ലാതെ മറ്റൊരു പേരിലുള്ള യാതൊരു തുകയും ടെലികോം സേവനദാതാക്കളിൽനിന്നും ഈടാക്കുവാൻ പാടുള്ളതല്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ ടെലികോം സേവന ദാതാക്കളിൽനിന്നും റോഡ് കട്ടിംഗ് ആൻഡ് റീസ്റ്റൊറേഷൻ, RoW അനുമതി എന്നിവയുമായി ബന്ധപ്പെട്ട് ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പും പൊതുമരാമത്തുവകുപ്പും നിശ്ചയിച്ചിട്ടുള്ള നിരക്കിനെക്കാൾ അധികരിച്ച നിരക്കുകൾ ഡിമാന്റ് ചെയ്യുകയും, ട്രാക്ക് റെന്റ്, തറവാടക, യൂസർ ഫീ തുടങ്ങിയ ഇനത്തിൽ അമിത ഫീസുകൾ ഈടാക്കുകയും ചെയ്യുന്നതുമൂലം പല സ്ഥലങ്ങളിലും ഒ.എഫ്.സി. കേബിൾ ഇടുന്ന പ്രവൃത്തി തടസ്സപ്പെടുകയും ഇത് വിവരസാങ്കേതിക വിദ്യാരംഗത്തെ നൂതനമായ മാറ്റങ്ങളുടെ പ്രയോജനം പൊതുജനങ്ങൾക്ക് ലഭ്യമാകുന്നതിന് വിഘാതമായി നിലനിൽക്കുകയും ചെയ്യുന്ന സാഹചര്യത്തിലാണ് പ്രസ്തുത നിർദ്ദേശം നൽകിയിട്ടുള്ളത്.

(സി) ഒ.എഫ്.സി. കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇലക്ട്രോണിക്സും വിവര സാങ്കേതികവിദ്യയും വകുപ്പും

പൊതുമരാമത്ത് വകുപ്പും നിശ്ചയിച്ചിട്ടുള്ള ഫീസുകൾ നിയമാനുസരണം ഈടാക്കുന്നതിന് തടസ്സമില്ല. അധിക നിരക്കും അനധികൃത ഫീസുകളും ഈടാക്കരുതെന്ന് മാത്രമേ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളൂ. അതിനാൽ ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന തനത് വരുമാന കുറവിനെ നഷ്ടമായി കണക്കാക്കാനാകില്ല.

നിലവിൽ കിലോമീറ്ററിന് 75,000 രൂപ നിരക്കിൽ ഈടാക്കുന്ന One Time Contribution മുഴുവനായും റോഡിന്റെ അധികാരമുള്ള വകുപ്പ്/ തദ്ദേശസ്ഥാപനത്തിന് അവരുടെ അധികാര പരിധിയിൽപ്പെടുന്ന റൈറ്റ് ഓഫ് വേ (RoW) അനുമതി ലഭ്യമായ റോഡിന്റെ നീളത്തിന് ആനുപാതികമായി നൽകുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചു വരുന്നു.

**തൊഴിലുറപ്പ് പദ്ധതിക്ക് വകയിരുത്തിയിട്ടുള്ള തുക**

170(3189) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്ത് തൊഴിലുറപ്പ് പദ്ധതി പ്രകാരം എത്ര തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിലേക്കായി വകയിരുത്തിയിട്ടുള്ള തുക എത്രയെന്നും കുടിശ്ശികയായിട്ടുള്ളതെത്രയെന്നും വിശദമാക്കാമോ;

(സി) തൊഴിലുറപ്പ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരുന്ന തൊഴിലിനങ്ങളിൽ വരുത്തിയ മാറ്റങ്ങൾമൂലം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിൽ നേരിടുന്ന ബുദ്ധിമുട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിക്ക് കീഴിൽ 619.59 ലക്ഷം തൊഴിൽ ദിനങ്ങളും അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതി പ്രകാരം 846432 തൊഴിൽ ദിനങ്ങളും സൃഷ്ടിച്ചിട്ടുണ്ട്.

(ബി) മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി ഒരു ആവശ്യാധിഷ്ഠിത പദ്ധതിയാണ്. 2017-18 സാമ്പത്തിക വർഷം അവിദഗ്ധ വേതനയിനത്തിൽ 258 രൂപ നിരക്കിൽ 450 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിനാണ് കേന്ദ്ര സർക്കാർ അനുമതി നൽകിയിരുന്നത്. എന്നാൽ

2017-18 സാമ്പത്തിക വർഷം സംസ്ഥാനം 619.59 ലക്ഷം തൊഴിൽ ദിനങ്ങളാണ് സൃഷ്ടിച്ചത്. ഇത് കേന്ദ്ര എംപവേർഡ് കമ്മിറ്റി അംഗീകരിച്ച ലേബർ ബഡ്ജറ്റിന് ആനുപാതികമായി കണക്കെടുക്കുമ്പോൾ 137.69 ശതമാനം നേട്ടമാണ്. 619.59 ലക്ഷം തൊഴിൽദിനങ്ങൾ സൃഷ്ടിക്കുന്നതിന് 190819.38 ലക്ഷം രൂപയാണ് 2017-18 സാമ്പത്തിക വർഷം ആകെ ചെലവായത്. 2017-18 സാമ്പത്തിക വർഷം ആകെ ചെലവായ 190819.38 ലക്ഷം രൂപയിൽ അവിദഗ്ദ്ധ കായിക വേതനയിനത്തിൽ 744.47 ലക്ഷം രൂപ കുടിശ്ശികയുണ്ടായിരുന്നു. ടി കുടിശ്ശിക തീർക്കുന്നതിനുള്ള ഫണ്ട് 25-4-2018-ന് ലഭിക്കുകയുണ്ടായി.

അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിക്കായി 2017-18 സാമ്പത്തിക വർഷം സംസ്ഥാന ബഡ്ജറ്റിൽ 25.10 കോടി രൂപ വകയിരുത്തിയിട്ടുണ്ടായിരുന്നു. പ്രസ്തുത തുക പൂർണ്ണമായും പദ്ധതി നിർവ്വഹണത്തിനായി വിനിയോഗിച്ചിട്ടുണ്ട്. അയ്യങ്കാളി നഗര തൊഴിലുറപ്പ് പദ്ധതിയിൽ കുടിശ്ശിക ഇനത്തിൽ തുകയൊന്നും തന്നെ നൽകുവാനില്ല.

(സി&ഡി) കേന്ദ്ര സർക്കാർ 2014 ജനുവരി മാസം 3-ാം തീയതി പദ്ധതിയിലെ പട്ടിക ഒന്ന്, രണ്ട് എന്നിവ ഭേദഗതി ചെയ്ത് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. 2014 ജനുവരി മാസം 3-ാം തീയതി നിയമത്തിന്റെ I ആൻഡ് II പട്ടികകളിൽ വരുത്തിയിട്ടുള്ള ഭേദഗതികൾ പ്രകാരം 100 ദിവസം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിനോടൊപ്പം നാട്ടിൻപുറങ്ങളിൽ ഈടുറ്റതും ഉൽപാദന പരവുമായ ആസ്തികൾ സൃഷ്ടിക്കേണ്ടതുമാണെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. തുടർന്നുള്ള കാലഘട്ടത്തിൽ പദ്ധതി പ്രവർത്തനങ്ങൾ ഫലപ്രദമാക്കുന്നതിനും ഈടുറ്റ ആസ്തികൾ സൃഷ്ടിക്കുന്നതിനുമുള്ള നിർദ്ദേശങ്ങളാണ് കേന്ദ്രസർക്കാരിൽനിന്നും ലഭിച്ചിട്ടുള്ളത്. തൊഴിലുറപ്പ് പദ്ധതിയിൽ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നത് ഒട്ടും കുറയ്ക്കാതെ സ്ഥായിയായ ആസ്തികളുടെ നിർമ്മാണവും പ്രധാന ലക്ഷ്യമാക്കി വിജ്ഞാപനം പുറപ്പെടുവിച്ചതാണ് കേന്ദ്ര സർക്കാർ മാർഗ്ഗരേഖയിലെ പ്രധാനപ്പെട്ട വിഷയം. കേരളത്തിൽ പൊതുഭൂമി കുറവായതും സ്വകാര്യ ഭൂമി തുണ്ടുകളായി തിരിച്ച അവസ്ഥയിലുമായതിനാൽ പൊതുപ്രവൃത്തികൾ കൂടുതലായി ഏറ്റെടുക്കുന്നതിന് തടസ്സം കണ്ടുവരുന്നു. ഇതിന് പ്രതിവിധിയായി സ്വകാര്യ ഭൂമിയിലും പദ്ധതി പ്രകാരമുള്ള പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് സഹായകകരമായ രീതിയിൽ നീർത്തട മാസ്റ്റർ പ്ലാനുകൾക്ക് അംഗീകാരം നൽകി ആയവയുടെ അടിസ്ഥാനത്തിൽ പ്രവർത്തനം ഏറ്റെടുക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സംസ്ഥാനത്ത് മണ്ണ്-ജല സംരക്ഷണ പ്രവൃത്തികളായ കുളം നിർമ്മിക്കൽ, പുനരുദ്ധാരണം, മഴക്കുഴികൾ, തട്ട് തിരിക്കൽ മുതലായവ ഏറ്റെടുക്കുന്നതുമൂലം പദ്ധതിയിലെ ഗുണഭോക്താക്കളുടെ ആവശ്യാനുസരണം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്.

## പി.എം.ജി.എസ്.വൈ. പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ്

171(3190) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എം.ജി.എസ്.വൈ. പ്രവൃത്തികൾക്ക് പുതുക്കിയ എസ്റ്റിമേറ്റ് നൽകിയത് വഴി സർക്കാരിനുണ്ടായ അധിക ബാദ്ധ്യതയെത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) എസ്റ്റിമേറ്റ് പുതുക്കുന്നതിന് എത്ര ഫയലുകൾ കെ.എസ്.ആർ.ആർ.ഡി.എ.- യുടെ പരിഗണനയിലുണ്ട്;

(സി) എസ്റ്റിമേറ്റ് പുതുക്കുന്നതിലൂടെയുള്ള അധിക ബാദ്ധ്യത സർക്കാരിന് വഹിക്കുവാൻ കഴിയുമോ ;

(ഡി) ഈ വിഷയത്തിൽ ഒരു സമഗ്ര അന്വേഷണം നടത്തുന്നതിന് സി.ടി.ഇ.- യെ ചുമതലപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) PMGSY പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെ ഇത്തരത്തിലുണ്ടായിട്ടുള്ള അധിക ബാദ്ധ്യത തിട്ടപ്പെടുത്തിയിട്ടില്ല. ആയത് ഓരോ പ്രവൃത്തിയുടെയും എസ്റ്റിമേറ്റ് പരിശോധിച്ച് തിട്ടപ്പെടുത്തിയശേഷം ക്രോഡീകരിച്ച് നൽകുന്നതാണ്.

(ബി) നിലവിൽ 4 ഫയലുകൾ പരിഗണനയിലുണ്ട്.

(സി & ഡി) പരിശോധിക്കുന്നതാണ്.

## തെരൂർ-വെളിയാംപറമ്പ് പി.എം.ജി.എസ്.വൈ. റോഡ്

172(3191) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പി. എം. ജി. എസ്. വൈ. റോഡായ തെരൂർ - വെളിയാംപറമ്പ് റോഡ് നിർമ്മാണം പൂർത്തീകരിച്ചത് എപ്പോഴാണ്;

(ബി) കരാറുകാരനുമായുള്ള എഗ്രിമെന്റ് പ്രകാരം പ്രസ്തുത റോഡിന്റെ മെയിന്റനൻസ് ഗ്യാരന്റി കാലാവധി തീരുന്നതെപ്പോഴാണെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോൾ തകർന്ന് ഗതാഗത യോഗ്യമല്ലാതായ പ്രസ്തുത റോഡ് മെയിന്റനൻസ് ഗ്യാരന്റി പ്രകാരം പുനരുദ്ധാരണം നടത്തുവാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത റോഡ് പുനരുദ്ധാരണത്തിന് ആവശ്യമായ ഫണ്ട് ഉൾപ്പെടെ ജില്ലാ പഞ്ചായത്തിനു കൈമാറി നൽകുവാൻ ആവശ്യപ്പെട്ട് കണ്ണൂർ ജില്ലാ പഞ്ചായത്തിന്റെ കത്ത് ലഭിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ കൈക്കൊണ്ട നടപടി ഏതുവരെയായെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 31-12-2012-ലാണ് നിർമ്മാണം പൂർത്തിയാക്കിയത്.

(ബി) മെയിന്റനൻസ് കാലാവധി അവസാനിച്ച തീയതി 31-12-2017.

(സി) പ്രസ്തുത റോഡിന്റെ മെയിന്റനൻസ് അടിയന്തരമായി ചെയ്യാൻ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരന് നോട്ടീസ് നൽകിയിരുന്നു. കരാറുകാരനിൽ നിന്ന് യാതൊരു മറുപടിയും ലഭിക്കാത്തതിനാൽ കരാറുകാരന്റെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തി ടെർമിനേറ്റ് ചെയ്ത് റീടെണ്ടർ ചെയ്യുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ഡി) സർക്കാരിൽ ലഭിച്ചിട്ടില്ല.

**മട്ടന്നൂർ മണ്ഡലത്തിലെ പി.എം.ജി.എസ്.വൈ. റോഡ് നിർമ്മാണം**

173(3192) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ടിട്ടുള്ളതും ഭരണാനുമതി ലഭിച്ചിട്ടും പ്രവൃത്തി പൂർത്തീകരിച്ചിട്ടില്ലാത്തതുമായ പി.എം.ജി.എസ്.വൈ. പ്രകാരമുള്ള റോഡ് നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ഓരോന്നും ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദാംശം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | ബ്ലോക്ക് | റോഡിന്റെ പേര് | നീളം | റിമാർക്സ് |
|---|---|---|---|---|
| 1. | പേരാവൂർ ഇരിട്ടി | ബംഗ്ലാക്കുന്ന് മുടക്കോഴി പെരിങ്ങാനം | 7.781 | തില്ലങ്കേരി പഞ്ചായത്തിൽ ഉൾപ്പെട്ട 630 മീറ്റർ മാത്രമാണ് മട്ടന്നൂർ നിയോജകമണ്ഡല ത്തിൽ ഉൾപ്പെട്ടിട്ടുള്ളത് |

(ബി) ഈ പ്രവൃത്തിയുടെ മൺപണി പുരോഗമിക്കുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രഫണ്ട് ലഭ്യമായ പദ്ധതികൾ**

174 (3193) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കേന്ദ്രത്തിൽ നിന്ന് ഫണ്ട് ലഭ്യമായിട്ടുള്ള പദ്ധതികൾ ഏതെല്ലാമാണ്;

(ബി) ഓരോ പദ്ധതിയിലുമായി എത്ര തുകയാണ് അനുവദിച്ച് കിട്ടിയിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതികൾ യഥാസമയം പൂർത്തിയായിട്ടുണ്ടോ എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ &ബി) വിശദാംശങ്ങൾ ചുവടെ കൊടുക്കുന്നു:

| ക്രമ നമ്പർ | പദ്ധതി | അനുവദിച്ച തുക (ലക്ഷത്തിൽ) | |
|---|---|---|---|
| | | 2016-17 | 2017-18 |
| (1) | (2) | (3) | |
| 1 | പ്രധാനമന്ത്രി ആവാസ് യോജന (PMAY) (അർബൻ) | 29458.046 | |
| 2 | പ്രധാൻ മന്ത്രി ആവാസ് യോജന (ഗ്രാമീൺ) | 9113.4 | 3076.82 |

| (1) | (2) | (3) | |
|---|---|---|---|
| 3 | ദേശീയ നഗര ഉപജീവന മിഷൻ (NULM) | 2519.27 | |
| 4 | സ്വച്ഛ് ഭാരത് മിഷൻ (SBM) (അർബൻ) | 1499 | 0 |
| 5 | മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി | 158248.96 | 185406.4 |
| 6 | പ്രധാൻ മന്ത്രി ഗ്രാമ സഡക് യോജന | 17595 | 16913 |
| 7 | പ്രധാൻ മന്ത്രി കൃഷി സിഞ്ചായി യോജന (നീർത്തട ഘടകം) | 1662.00 | 1730.98 |
| 8 | ഡി.ആർ.ഡി.എ. അഡ്മിനിസ്ട്രേഷൻ | 530.04 | 870.37 |
| 9 | സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) | 9825.36 | 9802.23 |
| 10 | നാഷണൽ അർബൻ മിഷൻ | 2000.00 | 4900.00 |
| 11 | സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ ഡെവലപ്മെന്റ് | 158.32 | 126.62 |
| 12 | സൻസദ് ആദർശ് ഗ്രാമ യോജന (ഭരണ ചെലവുകൾ) | ആകെ 10,00,000 രൂപ | |
| 13 | ഗ്രാമസ്വരാജ് അഭിയാൻ | 855.18 | 2336 |
| 14 | ദേശീയ സാമൂഹ്യ സഹായ പദ്ധതി (NSAP) | 20200.08 | 10651.17 |
| 15 | ദേശീയ ഗ്രാമീണ ഉപജീവന മിഷൻ (NRLM) | 1163 | 1804.87 |
| 16 | ദേശീയ ഗ്രാമീണ ഉപജീവന പ്രോഗ്രാം (NRLP) | 972.58 | 1200 |
| 17 | മഹിള കിസാൻ സശാക്തീകരണ യോജന (MKSP) | 1806 | 238.5 |
| 18 | സ്റ്റാർട്ട് അപ്പ് വില്ലേജ് എന്റർപ്രണർഷിപ്പ് പ്രോഗ്രാം (SVEP) | 450.75 | 1309 |
| 19 | DDUGKY | 139 | 7945 |

(സി) എല്ലാം തുടർപദ്ധതികളായതിനാൽ അവ നിർവ്വഹണ ഘട്ടത്തിലാണ്.

## കായിക താരങ്ങൾക്ക് ഭവന നികുതി ഒഴിവാക്കാൻ നടപടി

175 (3194) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ തലത്തിൽ വിജയിക്കുകയും മെഡൽ നേടുകയും ചെയ്ത കായിക താരങ്ങൾക്ക് ഭവനനികുതി ഒഴിവാക്കിക്കൊടുക്കുന്നതിന് നടപടി സ്വീകരിക്കാറുണ്ടോ;

(ബി) ദേശീയ ഫുട്ബോൾ ടീമംഗവും മെഡൽ ജേതാവുമായ സി.കെ.പോളിന് (ചെങ്ങിനിമറ്റം വീട്, നമ്പർ 23/380A, ചാലക്കുടി) ഭവനനികുതി ഒഴിവാക്കിക്കിട്ടുന്നതിനായി 198/90/LSGD തീയതി 8/8/1990 പ്രകാരം സമർപ്പിച്ച അപേക്ഷയിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) സി.കെ. പോളിന്റെ അപേക്ഷയിൽ ഭവനനികുതി ഒഴിവാക്കി നൽകുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള മുനിസിപ്പാലിറ്റി നിയമം 235-ാം വകുപ്പ്, കേരള പഞ്ചായത്ത് രാജ് 207 വകുപ്പ് പ്രകാരം വസ്തു നികുതി, ഉപനികുതി മുതലായവയിൽനിന്നും ഒഴിവാക്കുന്നതിനുള്ള കെട്ടിടങ്ങളുടെ പട്ടികയിൽ കായിക താരങ്ങളുടെ ഭവനങ്ങൾ ഉൾപ്പെട്ടിട്ടില്ല.

(ബി&സി) ശ്രീ. സി. കെ. പോൾ ഉൾപ്പെടെയുള്ള കായിക താരങ്ങളുടെ ഭവന നികുതി (വസ്തു നികുതി) ഒഴിവാക്കാൻ നിലവിലെ ചട്ടങ്ങൾ പ്രകാരം സാധ്യമല്ല.

## തൊഴിൽക്കരം കൂട്ടുന്നതിന് ഭരണഘടനാ ഭേദഗതി

176 (3195) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുവാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) തനത് വരുമാനം വർദ്ധിപ്പിക്കുവാൻ തൊഴിൽക്കരം കൂട്ടണമെന്ന് 15-ാം ധനകാര്യ കമ്മീഷനോട് പഞ്ചായത്ത് പ്രതിനിധികൾ ആവശ്യപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിലുള്ള സർക്കാർ നിലപാട് എന്താണ് ; തൊഴിൽക്കരം കൂട്ടുന്നതിന് ആവശ്യമായ ഭരണഘടനാ ഭേദഗതി വരുത്തണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പഞ്ചായത്തുകളിലെയും മുനിസിപ്പാലിറ്റികളിലെയും കെട്ടിട നികുതി നിരക്കുകൾ വർദ്ധിപ്പിക്കുന്നതിന് അഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശ ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മീഷൻ ശിപാർശകളുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് കെട്ടിട നികുതി നിരക്കുകൾ വർഷാവർഷം 5% വീതം വർദ്ധിപ്പിക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ടി വർദ്ധനവ് പ്രാബല്യത്തിൽ വരുത്തുന്നതിനായി പഞ്ചായത്ത് രാജ് ആക്ടിലും മുനിസിപ്പാലിറ്റി ആക്ടിലും ഭേദഗതി വരുത്തേണ്ടതുണ്ട്. 31-10-2017-ലെ ജി.ഒ(പി) 80/2017/തസ്വഭവ. ഗസറ്റ് വിജ്ഞാപനം അനുസരിച്ച് വിവിധ വ്യാപാരങ്ങൾ, ഫാക്ടറികൾ, സംരംഭങ്ങൾ എന്നിവയുടെ ലൈസൻസ് ഫീസിൽ മാറ്റം വരുത്തിയിട്ടുണ്ട്.

തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാനം വർദ്ധിപ്പിക്കുന്നതിനായി വസ്തു നികുതി പരിഷ്കരണ പ്രവർത്തനങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ തനത് വരുമാന മാർഗ്ഗങ്ങളായ നികുതി-നികുതിയേതര വരുമാനങ്ങൾ കുടിശ്ശികയില്ലാതെ പിരിച്ചെടുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പതിനഞ്ചാം ധനകാര്യ കമ്മീഷന് നൽകിയ മെമ്മോറാണ്ടത്തിൽ ഇക്കാര്യം ആവശ്യപ്പെട്ടിട്ടുണ്ട്.

**അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തലിന് പിഴ**

177 (3196) <u>ശ്രീ. കെ. എൻ. എ. ഖാദർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തലിന് പിഴയീടാക്കുന്ന ഇനത്തിൽ മുൻവർഷത്തെക്കാൾ കൂടുതലായി ലഭിച്ച വരുമാനം എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) അനധികൃത നിർമ്മാണം ക്രമപ്പെടുത്തുന്നതിനായി നിലവിൽ പാലിക്കുന്ന നടപടിക്രമം വിശദമാക്കുമോ;

(സി) ക്രമപ്പെടുത്തലിന്റെ മറവിൽ അനധികൃത നിർമ്മാണങ്ങൾ ഏറുകയാണെന്ന വാർത്തകൾ ശ്രദ്ധയിൽപ്പെട്ടോ; അനധികൃത നിർമ്മാണം തടയുന്നതിന് ഇപ്പോൾ സ്വീകരിക്കുന്ന സംവിധാനം എന്താണ്?

ഉത്തരം

(എ) 15-2-2018- ലെ ജി.ഒ.(പി)നം. 11/2018/തസ്വഭവ, ജി.ഒ.(പി)നം. 12/2018/തസ്വഭവ. എന്നിവ പ്രകാരം വിജ്ഞാപനം ചെയ്ത അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തൽ ചട്ടങ്ങൾ 2018-ന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നടപടികൾ പൂർത്തിയായിട്ടില്ല. അതിനാൽ ക്രമപ്പെടുത്തലിന് പിഴ ഈടാക്കിയ വരുമാനം തിട്ടപ്പെടുത്തിയിട്ടില്ല.

(ബി) 15-2-2018-ലെ ജി.ഒ.(പി)നം.11/2018/തസ്വഭവ, ജി.ഒ.(പി)നം. 12/2018/തസ്വഭവ. എന്നിവ പ്രകാരം വിജ്ഞാപനം ചെയ്ത അനധികൃത നിർമ്മാണങ്ങളുടെ ക്രമപ്പെടുത്തൽ ചട്ടങ്ങൾ 2018-ലെ ചട്ടം 3 പ്രകാരം അപേക്ഷ സമർപ്പിക്കേണ്ടതും ചട്ടം 4 പ്രകാരം ഫീസ് അടവാക്കേണ്ടതുമാണ്. തുടർന്ന് ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ പരിശോധിച്ച അപേക്ഷ സെക്രട്ടറി ജില്ലാ ടൗൺ പ്ലാനർക്ക് അയച്ചുകൊടുക്കേണ്ടതും അത് ചട്ടം 6(9) പ്രകാരം ജില്ലാതലത്തിൽ രൂപീകരിച്ച കമ്മിറ്റി പരിശോധിച്ച് അപേക്ഷയിൽ തീർപ്പുകല്പിക്കേണ്ടതുമാണ്.

(സി) ഇല്ല; കേരള മുനിസിപ്പാലിറ്റി കെട്ടിടനിർമ്മാണ ചട്ടങ്ങൾ ചട്ടം 157 പ്രകാരവും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ ചട്ടം 148 പ്രകാരവും നിയമവിരുദ്ധ നിർമ്മാണങ്ങൾ കണ്ടുപിടിക്കുന്നതിനും തടയുന്നതിനും റിപ്പോർട്ട് നൽകുന്നതിനുമായി എല്ലാ ജില്ലകളിലും വിജിലൻസ് സ്ക്വാഡുകൾ പ്രവർത്തിച്ചുവരുന്നുണ്ട്.

**നികത്തപ്പെട്ട സ്ഥലത്ത് വീട് വയ്ക്കാൻ ഇളവുകൾ**

178(3197)ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഗ്രാമപഞ്ചായത്തുകളിൽ 10 സെന്റിലും താഴെ ഭൂമിയുള്ള 2008 ന് മുമ്പെ നികത്തപ്പെട്ടതും എന്നാൽ ഇപ്പോഴും വെറ്റ് ലാൻഡായി കിടക്കുന്ന സ്ഥലത്ത് വീട് വയ്ക്കാൻ ഇളവുകൾ പ്രഖ്യാപിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഈ ഉത്തരവ് നടപ്പിലാക്കാൻ പഞ്ചായത്ത് സെക്രട്ടറിമാർക്ക് മറ്റ് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സർക്കാരിന്റെ 30-12-2017-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസിൽ വകുപ്പ് 27(എ)6-ൽ പരമാവധി 4.04 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 120 ച.മീറ്റർ വിസ്തീർണ്ണമുള്ള ഒരു വീട് നിർമ്മിക്കുന്നതിനും അല്ലെങ്കിൽ പരമാവധി 2.02 ആർ വിസ്തൃതിയിലുള്ള ഭൂമിയിൽ സ്ഥിതിചെയ്യുന്ന 40 ച. മീറ്റർ വിസ്തീർണ്ണത്തിലുള്ള ഒരു വാണിജ്യ കെട്ടിടം നിർമ്മിക്കുന്നതിനും യാതൊരു അനുമതിയും ആവശ്യമില്ല.

(ബി) ഇല്ല.

**ഭവനനിർമ്മാണ പെർമിറ്റിനുള്ള അപേക്ഷകൾ**

179(3198) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തു പലേടത്തും വില്ലേജുകളിലെ അടിസ്ഥാന നികുതി രജിസ്റ്ററിൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ വർഷങ്ങൾക്കു മുൻപ് നികത്തിയിട്ടുള്ളതുമായ ഭൂമിയിൽ, പഞ്ചായത്തുപരിധിയിൽ പത്ത് സെന്റിലും മുൻസിപ്പാലിറ്റി/കോപ്പറേഷൻ പരിധികളിൽ അഞ്ച് സെന്റിലുമായി ഭവനനിർമ്മാണത്തിനുള്ള പെർമിറ്റിനുവേണ്ടി സമർപ്പിച്ചിട്ടുള്ള അപേക്ഷകൾ കെട്ടിക്കിടക്കുന്നത് ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇത് പരിഹരിക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ബി.റ്റി.ആർ.-ൽ നിലമായി രേഖപ്പെടുത്തിയിട്ടുള്ളതും എന്നാൽ 2008-നുമുമ്പ് നികത്തപ്പെട്ടിട്ടുള്ളതുമായ ഭൂമിയിൽ വീട് നിർമ്മിക്കുന്നതിന് നിബന്ധനകൾക്ക് വിധേയമായി അനുമതി നൽകാൻ 2018-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ഓർഡിനൻസ് വകുപ്പ് 27 എ(6) പ്രകാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അധികാരം നൽകിയിട്ടുണ്ട്.

## ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിനുള്ള നിയമ വ്യവസ്ഥ

180(3199) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മതപരമായ ആവശ്യത്തിനും ആരാധനയ്ക്കും പുതിയ കെട്ടിടം പണിയുന്നതിനും പഴയത് പുതുക്കിപ്പണിയുന്നതിനും ഇപ്പോൾ നിലവിലുള്ള നിയമവ്യവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) മതപരമായ ആവശ്യത്തിനുള്ള നിർമ്മാണവുമായി ബന്ധപ്പെട്ട് 24-11-2009-ലെ 11034/18 എ/2016-N11 (Pt) നമ്പർ കത്തിൽ സംസ്ഥാന സർക്കാരിന് കേന്ദ്രസർക്കാരിൽ നിന്ന് ലഭിച്ച നിർദ്ദേശം എന്തായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(സി) ആരാധനാലയങ്ങൾ നിർമ്മിക്കുന്നതിന് ഇപ്പോൾ ജനങ്ങൾ വളരെയധികം ബുദ്ധിമുട്ടുകൾ സഹിക്കേണ്ടി വരുന്നുണ്ടെന്നതും കടമ്പകൾ ഏറെ തരണം ചെയ്യേണ്ടതുണ്ടെന്നും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ഇപ്രകാരമുള്ള പ്രയാസങ്ങൾ ദൂരീകരിക്കുന്നതിന് നിലവിലുള്ള നിയമത്തിൽ ഭേദഗതി കൊണ്ടുവരാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ 2011 -ലെ ചട്ടം 7 (8 എ), കേരള മുൻസിപ്പാലിറ്റി കെട്ടിട നിർമ്മാണം ചട്ടങ്ങൾ 1999-ലെ ചട്ടം 7(6 ബി) പ്രകാരം മതപരമായ ആവശ്യത്തിനോ ആരാധനയ്ക്കോ വേണ്ടി പുതിയ കെട്ടിടം നിർമ്മിക്കുക അല്ലെങ്കിൽ വ്യതിയാനം വരുത്തുക, കൂട്ടിച്ചേർക്കുക തുടങ്ങിയ സംഗതികളിൽ ബന്ധപ്പെട്ട ജില്ലാ കളക്ടറുടെ മുൻകൂർ അനുമതിയോ തടസ്സരാഹിത്യ അനുമതിയോ യോജിപ്പോ അതത് സംഗതി പോലെ നേടേണ്ടതും സാമുദായിക അലോസരങ്ങൾ തടയുന്നതിനും നിയന്ത്രിക്കുന്നതിനും നിലവിലുള്ള സാമുദായിക സൗഹാർദ്ദം പോഷിപ്പിക്കുന്നതിനുമായി ഗൈഡ് ലൈസൻസ് മാനുലിൽ വ്യവസ്ഥ ചെയ്തിട്ടുള്ള ഉപാധികൾ അനുസരിച്ച് പ്രവർത്തിക്കേണ്ടതാണെന്നും മതപരമായ ആവശ്യത്തിന് അല്ലെങ്കിൽ ആരാധന സ്ഥലത്തിന്റെ അധിക നിർമ്മാണ വിസ്തൃതിയോ നിലവിലുള്ള കെട്ടിടങ്ങളുടെ പണിപ്പാടുകൾക്ക് വ്യതിയാനമോ ഉൾപ്പെടാത്ത പുനരുദ്ധാരണത്തിന് വേണ്ടിയുള്ള അപേക്ഷകൾ അപ്പൻഡിക്സ് (എൻ)-ൽ ഉള്ള ഫാറം (3 പ്രതികൾ) അപേക്ഷകൾ യഥാവിധി പൂരിപ്പിച്ച് സെക്രട്ടറി പരിശോധിച്ചതിൻമേൽ ജില്ലാകളക്ടറെ ബോധ്യപ്പെടുത്തിയതിനുശേഷം സെക്രട്ടറിക്ക് പരിഗണിക്കാവുന്നതാണ്. പെർമിറ്റ് (അനുമതി) ജില്ലാ കളക്ടറുടെ അംഗീകാരം ലഭിച്ചതിനുശേഷം മാത്രമേ നൽകാൻ പാടുള്ളൂ എന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ബാധകമല്ല.

**ആലത്തൂർ മണ്ഡലത്തിലെ ആസ്തിവികസന പദ്ധതി**

181(3200) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ എം.എൽ.എ. യുടെ ആസ്തിവികസന പദ്ധതി പ്രകാരം 2017-18-ൽ ഭരണാനുമതി ലഭിച്ചതും തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന പ്രാവർത്തികമാക്കേണ്ടതുമായ പ്രവൃത്തികളിൽ ഇനിയും ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ലാത്തവ ഏതെല്ലാമാണെന്ന് അറിയിക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികളിൽ ടെണ്ടർ നടപടികൾ സ്വീകരിച്ചവ ഏതെല്ലാമാണെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) ആലത്തൂർ നിയോജകമണ്ഡലത്തിൽ എം.എൽ.എ-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് 15 പ്രവൃത്തികൾക്കാണ് 2017 -18 ൽ ഭരണാനുമതി നല്കിയത്. ആയതിൽ 10 പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തീകരിച്ചിട്ടുണ്ട്. 5 പ്രവൃത്തികളുടെ ടെണ്ടർ നടപടി പൂർത്തികരിച്ചിട്ടില്ല. വിശദ വിവരം ചുവടെ ചേർക്കുന്നു:

1. ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ലാത്തവ

(1) Janasevana Kendram at Mudacallur in Vandazhi Grama Panchayath.

(2) Construction of Agro Service Centre in Thenkurussi Grama Panchayath.

(3) Erimayur - Chengram Lift Irrigation Project in Erimayur Grama Panchayath.

(4) Construction of Eramangalam Kolumbu Anganwadi Building (No75) in Melarkode Gramapanchayath

(5) Construction of Muthukunni Anganwadi Building(No. 98) in Melarkode GramaPanchayath.

ടെണ്ടർ നടപടി സ്വീകരിച്ചിട്ടില്ലാത്തവ

(1) Anikuruthi Road Construction in Erimayur Gramapanchayath.

(2) Nelliyamkandu - kanjirampallam Road formation in kuzhalmannam Gramapanchayath.

(3) Eravakkad - pupullikkad DWS in kuzhalmannam Gramapanchayath.

(4) Naripotta road Construction in Erimayur Gramapanchayath.

(5) Kizhakkanthery pattayampadam Thekkainkalla Irrigation project in Kizhakkanthery Gramapanchayath.

(6) Construction of Kuzhalmannam - Kallayamkonam seed collection godown in Kuzhalmannam Gramapanchayath.

(7) Construction of Government Homoeo Dispensary in Alathur Gramapanchayath.

(8) Construction of Toilet Block at Various Government and Aided Schools in Alathur LAC (13 Nos.)

(9) Construction of Kitchen at Various Government and aided UP HS HSS Schools in Alathur LAC (20 Nos.)

(10) Construction of Kitchen at Various Government and aided UP HS HSS Schools in Alathur LAC (8 Nos.)

**രണ്ടാംതരം ഓവർസിയർമാരുടെ നിയമനം**

182(3201) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ രണ്ടാംതരം ഓവർസിയർമാരുടെ നിയമനം സ്പെഷ്യൽ റൂളിന് അനുസൃതമായാണോ നടത്തിയത്; അങ്ങനെയാണെങ്കിൽ പി.എസ്.സി. മുഖേന നടത്തേണ്ട നിയമനം എത്രയാണ്; പ്രൊമോഷൻമൂലം നികത്തേണ്ട നിയമനം എത്രയാണ്;

(ബി) തദ്ദേസശ്വയംഭരണ വകുപ്പിൽ രണ്ടാംതരം ഓവർസിയർമാരുടെ എത്ര തസ്തികകൾ നിലവിലുണ്ട്; അതിൽ എത്ര ഒഴിവുകളുണ്ട്;

(സി) പ്രൊമോഷൻമൂലം വന്ന തസ്തികകളിൽ എത്ര ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്; ഇല്ലെങ്കിൽ ആയതിനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ; കേഡർ സ്ട്രെങ്ത്തിന്റെ 1:1 എന്ന അനുപാതത്തിലാണ് നിയമനം നടത്തുന്നത്.

(ബി) 820; നിലവിലെ ഒഴിവുകളുടെ എണ്ണം -67

(സി) രണ്ടാംതരം ഓവർസീയർമാരായി നേരിട്ട് നിയമനം ലഭിച്ച 12 പേർക്ക് ഒന്നാംതരം ഓവർസിയർമാരായി പ്രൊമോഷൻ ലഭിച്ചതുമൂലം വന്ന ഒഴിവുകൾ പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ എഞ്ചിനീയർമാരുടെ കുറവ്**

183( 3202) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആവശ്യത്തിന് എഞ്ചിനീയർമാരും ഓവർസീയർമാരും ഇല്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഏതാനും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇപ്രകാരമുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) നിലവിൽ വരുന്ന ഒഴിവുകളിൽ പി.എസ്.സി. മുഖേന നിയമനം നടത്തേണ്ട ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുകയും പി.എസ്.സി.-യിൽനിന്നും നിയമന ശിപാർശ ലഭിക്കുന്ന മുറയ്ക്ക് എത്രയും വേഗം നിയമനം നടത്തുന്നതിനും പ്രൊമോഷൻ മുഖേന നികത്തേണ്ടവ അപ്രകാരം നികത്തുന്നതിനുമുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

**ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ നികത്തുന്നതിന് നടപടി**

184 (3203) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കല്ല്യാശ്ശേരി മണ്ഡലത്തിൽ തദ്ദേശസ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ എത്ര തസ്തികകൾ ഉണ്ട്; ഏതൊക്കെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുണ്ട്; വിശദമാക്കാമോ;

(ബി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) കല്യാശ്ശേരി മണ്ഡലത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലെ തസ്തികകളുടെ വിവരം ചുവടെ ചേർക്കുന്നു:

ഗ്രാമവികസന വകുപ്പ്

ആകെ തസ്തികകൾ - 31

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ - 3

(വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ -2, എക്സ്റ്റൻഷൻ ഓഫീസർ (ഹൗസിംഗ്) -1)

പഞ്ചായത്ത് വകുപ്പ്

ആകെ തസ്തികകൾ -148

ഒഴിഞ്ഞു കിടക്കുന്ന തസ്തികകൾ - 7

[പഞ്ചായത്ത് സെക്രട്ടറി -1 (ചെറുതാഴം ഗ്രാമപഞ്ചായത്ത്)
അസിസ്റ്റന്റ് പഞ്ചായത്ത് സെക്രട്ടറി -2 (മാടായി, കല്ല്യാശ്ശേരി ഗ്രാമപഞ്ചായത്തുകൾ)

ഓഫീസ് അറ്റൻഡന്റ് -1(കടന്നപ്പള്ളി, പാണപ്പുഴ ഗ്രാമപഞ്ചായത്ത്)

ഫുൾ ടൈം സ്വീപ്പർ -2 (ഏഴോം, മാടായി ഗ്രാമപഞ്ചായത്തുകൾ)

പാർട്ട് ടൈം സ്വീപ്പർ-1 (കടന്നപ്പള്ളി, പാണപ്പുഴ ഗ്രാമപഞ്ചായത്ത്)]

തദ്ദേശസ്വയംഭരണ (എഞ്ചിനീയറിംഗ്) വിഭാഗം

ആകെ തസ്തികകൾ -50

ഒഴിഞ്ഞുകിടക്കുന്ന തസ്തികകൾ - 11 (അസിസ്റ്റന്റ്എഞ്ചിനീയർ -1

ഓവർസിയർ ഗ്രേഡ് -1 -1

ഓവർസിയർ ഗ്രേഡ് -2-9)

(ബി) പി.എസ്.സി. നിയമനം സ്ഥാനക്കയറ്റം എന്നിവ വഴി ഒഴിവുകൾ നികത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ജീവനക്കാരന്റെ അനധികൃത ഹാജരില്ലായ്മമൂലം ഒഴിവ് വന്ന കടന്നപ്പള്ളി, പാണപ്പുഴ ഗ്രാമപഞ്ചായത്തുകളിലെ പാർട്ട് ടൈം സ്വീപ്പർ തസ്തികയിലെ ഒഴിവിൽ താൽക്കാലിക നിയമനം നടത്തിയിട്ടുണ്ട്. ജീവനക്കാരനെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാകുന്ന മുറയ്ക്ക് ഒഴിവ് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ നിയമനം

185(3204) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഴക്കാല രോഗങ്ങൾ വ്യാപിക്കാനിരിക്കെ നിരവധി ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരുടെ സ്ഥിരം തസ്തികകൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിയമനം നടക്കാതെ ഒഴിഞ്ഞു കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ തസ്തികകളിലേയ്ക്ക് അധിക യോഗ്യതയുള്ള ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ് പാസ്സായവരെ ഉൾപ്പെടുത്തി നിയമിക്കാൻ കോടതി ഉത്തരവ് ലഭിച്ചിട്ടുണ്ടോ; അധിക യോഗ്യതയുള്ള ഡി.എച്ച്.ഐ.സി. പാസ്സായവരെ കൂടി ഈ പോസ്റ്റിലേയ്ക്ക് നിയമിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) ഈ തസ്തികകളിലേയ്ക്കുള്ള നിയമന നടപടികൾ വേഗത്തിലാക്കാൻ നിർദ്ദേശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കോടതി ഉത്തരവുകൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. നിലവിലുള്ള ചട്ടങ്ങൾ/ഉത്തരവുകൾ പ്രകാരം ഡിപ്ലോമ ഇൻ ഹെൽത്ത് ഇൻസ്പെക്ടർ കോഴ്സ്, ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്കുള്ള നിയമന യോഗ്യതയായി ഉൾപ്പെടുത്തിയിട്ടില്ല. കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂൾസ്, 16-8-1972-ലെ സ.ഉ (കൈ) 246/1972/LA&SWD, 11-2-1976-ലെ സ.ഉ(കൈ) 33/1976/LA & SWD എന്നിവയിൽ ഭേദഗതികൾ വരുത്തി ഡി.എച്ച്.ഐ.സി. ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനത്തിനുള്ള യോഗ്യതയായി ഉൾപ്പെടുത്തിയാൽ മാത്രമേ ഡി എച്ച്.ഐ.സി. യോഗ്യതയുള്ളവരെ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ തസ്തികയിലേയ്ക്ക് നിയമനത്തിനായി പരിഗണിക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഫുൾടൈം സ്വീപ്പർമാർക്ക് തസ്തികമാറ്റം

186 (3205)ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് ആഫീസുകളിൽ ഫുൾടൈം സ്വീപ്പർമാരായി ജോലി ചെയ്യുന്നവർക്ക് ഓഫീസ് അറ്റൻഡന്റ്, ജൂനിയർ ക്ലാർക്ക് എന്നീ തസ്തികകളിലേയ്ക്ക് തസ്തികമാറ്റം മുൻകാലങ്ങളിൽ അനുവദിച്ചിരുന്നുവോ;

(ബി) പ്രസ്തുത തസ്തികമാറ്റം ഇപ്പോൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡങ്ങൾ വിശദീകരിക്കാമോ;

(സി) ഇല്ലായെങ്കിൽ അതവസാനിപ്പിക്കാനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ;

(ഡി) പ്രസ്തുത തസ്തികമാറ്റം ഇപ്പോൾ നിലവിലില്ലായെങ്കിൽ ആയത് പുനഃസ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ-ഡി) ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ ഫുൾടൈം സ്വീപ്പർമാരായി ജോലി ചെയ്ത് വന്നിരുന്ന 2 പേർക്ക് ആരോഗ്യ പ്രശ്നങ്ങൾ കണക്കിലെടുത്ത് മാനുഷിക പരിഗണന നൽകി ഓഫീസ് അറ്റൻഡന്റായി തസ്തികമാറ്റം അനുവദിച്ചിരുന്നു.

എൽ.ഡി.ക്ലാർക്ക്/എൽ.ഡി ടൈപ്പിസ്റ്റ് തസ്തികകളിലെ 10% ഒഴിവുകളിൽ വകുപ്പിലെ താഴ്ന്നവിഭാഗം ജീവനക്കാർക്ക് ഉദ്യോഗക്കയറ്റം നൽകി നിയമിക്കുന്നതിന് 3-1-2014-ൽ സ.ഉ.(പി) നം.1/2014/ഉഭപവ. ഉത്തരവ് സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കാരിന്റെ 23-12-2014-ലെ 59989/ഇപിഎ 1/14/തസ്വഭവ. നമ്പർ കത്തിന്റെ അടിസ്ഥാനത്തിൽ ഫുൾടൈം കണ്ടിൻജന്റ് വിഭാഗം ജീവനക്കാരെക്കൂടി ടി ലിസ്റ്റിൽ ഉൾപ്പെടുത്തി സംയോജിത സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കി ഉദ്യോഗക്കയറ്റം നൽകിയിരുന്നു. ആയതിനെതിരെ മുക്കം ഗ്രാമപഞ്ചായത്ത് ഓഫീസ് അറ്റൻഡന്റ് ശ്രീ. സൂരജ് സി.റ്റി. ഫയൽ ചെയ്ത ഓ.എ.367/15 നമ്പർ കേസിലെ ഉത്തരവ് പാലിച്ചുകൊണ്ട് കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസ് റൂളിലോ, കേരള പഞ്ചായത്ത് സബോർഡിനേറ്റ് സർവ്വീസ് റൂളിലോ ഉൾപ്പെടാത്തതിനാൽ ഫുൾടൈം കണ്ടിജന്റ് ജീവനക്കാരെ പ്രസ്തുത തസ്തിക

മാറ്റത്തിൽനിന്നും ഒഴിവാക്കി 7-1-2017-ലെ സ.ഉ.(സാധാ) നമ്പർ 49/2017/ തസ്വഭവ., പ്രകാരം സർക്കാർ ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിനെതിരെ ഫുൾടൈം കണ്ടിൻജന്റ് ജീവനക്കാർ കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ അന്യായം ഫയൽ ചെയ്യുകയും കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ സമാനമായ കേസുകൾ ഒന്നായി പിരിഗണിച്ച് 2-6-2017-ലെ OA(EKM) 164, 232, 287, 345, 371,390, 744, 874/2017 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ഈ ഉത്തരവിൽ 7-1-2017-ലെ സ.ഉ.(സാധാ)നമ്പർ 49/2017 തസ്വഭവ ഉത്തരവ് റദ്ദ് ചെയ്യുകയും പരാതിക്കാരേയും ഉത്തരവ് ബാധിക്കുന്നവരെയും നേരിൽ കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് സർക്കാരിനോട് നിർദ്ദേശിക്കുകയും ചെയ്തു. ഇക്കാര്യം നിലവിൽ സർക്കാർ പരിശോധനയിലാണ്.

**തദ്ദേശമിത്രം പദ്ധതി**

187(3206) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആസ്തി വർദ്ധനവിലൂടെ ജനോപകാര പ്രദമായ നൂതന പദ്ധതികൾ നടപ്പിലാക്കുന്നതിനായി തദ്ദേശസ്വയംഭരണ വകുപ്പിന് കീഴിൽ നടപ്പാക്കുന്ന തദ്ദേശമിത്രം പദ്ധതിയിൽ (കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്റ്റ്) നിയമിച്ചിട്ടുള്ള ജീവനക്കാരുടെ സേവനം തുടർന്നും ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എട്ട് വർഷക്കാലമായി പ്രസ്തുത പദ്ധതിയുടെ കോ-ഓർഡിനേറ്റർമാരായി പ്രവർത്തിച്ചുവരുന്ന ജീവനക്കാർ ഇത് സംബന്ധിച്ച് സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ അനുകൂല നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കണക്കുകൾ ഓഡിറ്റ് ചെയ്യുന്നതിനും രണ്ടാംഘട്ടം പദ്ധതിക്ക് വേണ്ടിയുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി ആവശ്യം വേണ്ടുന്ന ജീവനക്കാരുടെ സേവനം തുടർന്നും ലഭ്യമാക്കിയിട്ടുണ്ട്.

(ബി) തദ്ദേശമിത്രം പദ്ധതിയുടെ കാലാവധി 29-12-2017-ന് അവസാനിച്ചു. പദ്ധതി രേഖകൾ പൂർത്തീകരിക്കുന്നതിനുവേണ്ടി 16 ജില്ലാ കോ-ഓർഡിനേറ്റർമാരുടെ സേവനം 31-3-2018-വരെ ദീർഘിപ്പിച്ച് നൽകിയിരുന്നു.

## മുനിസിപ്പൽ കോമൺ സർവ്വീസ് - റിപ്പോർട്ട് ചെയ്തിട്ടുള്ള ഒഴിവുകൾ

188(3207) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുനിസിപ്പൽ കോമൺ സർവ്വീസിൽ ആലപ്പുഴ, എറണാകുളം ജില്ലകളിൽനിന്നും എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ 2018 ഏപ്രിൽ 1, 5.00 മണിക്ക് ഇ-മെയിൽ വഴി പി.എസ്.സി.-യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; എത്ര ഒഴിവുകളാണ് ഇപ്രകാരം റിപ്പോർട്ട് ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇപ്രകാരം ഇ-മെയിൽ വഴി എൽ.ഡി.ക്ലാർക്ക് ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ;

(സി) ഈ ഒഴിവുകൾ ബന്ധപ്പെട്ട വകുപ്പിൽനിന്നും 2018 മാർച്ച് 31-നാണ് ഇ-മെയിൽ വഴി പി.എസ്.സി.-യെ അറിയിച്ചത് എന്ന വസ്തുത പരിശോധിക്കുമോ?

### ഉത്തരം

(എ) ഉണ്ട്. 4 ഒഴിവുകൾ.

(ബി) മുനിസിപ്പൽ കോമൺ സർവ്വീസിൽ എൽ.ഡി. ക്ലാർക്ക്/ബിൽ കളക്ടർ നിയമനത്തിന്റെ റാങ്ക് ലിസ്റ്റിന്റെ കാലാവധി 2018 മാർച്ച് 31-ന് അവസാനിക്കുന്നത് കണക്കിലെടുത്ത് ഒഴിവുകളെല്ലാം പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യുക എന്നതിന്റെ അടിസ്ഥാനത്തിൽ 9-3-2018, 19-3-2018, 24-3-2018 എന്നീ തീയതികളിലായി ആലപ്പുഴ ജില്ലയിൽ 5 ഒഴിവുകളും എറണാകുളം ജില്ലയിൽ 34 ഒഴിവുകളും പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ടി തീയതിക്കുശേഷം 31-3-2018-വരെ ഉണ്ടായിട്ടുള്ള ഒഴിവുകൾ റിപ്പോർട്ട് ചെയ്യുവാൻ നടപടി സ്വീകരിച്ചതിന്റെ ഭാഗമായി ആലപ്പുഴ, കൊച്ചി, മാവേലിക്കര നഗരസഭകളിൽനിന്നും ഇ-മെയിൽ മുഖാന്തരം യഥാക്രമം 27-3-2018, 31-3-2018 തീയതികളിലും എറണാകുളം ജില്ലയിലെ ഒരു ഉദ്യോഗാർത്ഥിയിൽനിന്നും 31-3-2018-ന് ഇ-മെയിൽ മുഖാന്തരം ലഭ്യമായ ഒഴിവുവിവരവും 31-3-2018-ന് മുമ്പ്തന്നെ റിപ്പോർട്ട് ചെയ്യുക എന്ന ലക്ഷ്യത്തോടുകൂടിയാണ് ഇ-മെയിൽ വഴി ഒഴിവുകൾ റിപ്പോർട്ട് ചെയ്തിട്ടുള്ളത്.

(സി) 2018-മാർച്ച് 31-ന് റാങ്ക് ലിസ്റ്റിന്റെ കാലാവധി അവസാനിക്കുന്ന തീയതി വരെ ഉണ്ടായ ഒഴിവുകളിലേയ്ക്ക് ഈ റാങ്ക് ലിസ്റ്റിൽ നിന്നുതന്നെ നിയമനം ലഭിക്കുന്ന സാഹചര്യം ഉണ്ടാക്കുന്നതിനായി 31-3-2018-ന് ഓഫീസ് സമയത്തിന് ശേഷം രാത്രി സമയത്തും ഓഫീസ് പ്രവർത്തിച്ച് അന്നേ ദിവസം നഗരകാര്യ ഡയറക്ടറുടെ ഓഫീസിൽ റിപ്പോർട്ട് ചെയ്യപ്പെട്ട അവസാന ഒഴിവ് വരെ

പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനായി നടപടി സ്വീകരിച്ചപ്പോൾ രാത്രി 12 മണി എന്ന സമയ ക്ലിപ്തത പാലിക്കാതെ പോയിട്ടുണ്ടെങ്കിൽ ആയത് തികച്ചും സാങ്കേതിക പിഴവായി മാത്രം കണക്കിലെടുത്ത് റിപ്പോർട്ട് ചെയ്ത ഒഴിവുകളിലേയ്ക്ക് ടി റാങ്ക് ലിസ്റ്റിൽ നിന്ന് തന്നെ നിയമന ശിപാർശ നടത്തണമെന്ന് പി.എസ്.സി ഓഫീസുകളിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

## തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർമാരുടെ നിയമനം

189(3208) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ വകുപ്പിൽ സെക്കന്റ് ഗ്രേഡ് ഓവർസിയർമാരുടെ നിയമനം സ്പെഷ്യൽ റൂളിന് അനുസൃതമായാണോ നടത്തുന്നത്; എങ്കിൽ പി.എസ്.സി. മുഖേന നടത്തേണ്ട നിയമനം എത്രയാണ്; പ്രൊമോഷൻമൂലം നികത്തേണ്ട നിയമനം എത്രയാണ്; വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് പ്രൊമോഷൻമൂലം സെക്കന്റ് ഓവർസിയർ ഗ്രേഡിൽ വന്ന 157 ഒഴിവുകളിൽ എത്ര ഒഴിവുകളിലേയ്ക്ക് പി.എസ്.സി. മുഖേന നിയമനം നടത്തിയിട്ടുണ്ട്; നടത്തിയിട്ടില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) സെക്കന്റ് ഗ്രേഡ് ഓവർസിയർ തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്ന ആകെ ജീവനക്കാരിൽ എത്ര പേർ പ്രൊമോഷൻ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നു; എത്ര പേർ നേരിട്ട് പി.എസ്.സി. നിയമനം കിട്ടിയവരായി ജോലി ചെയ്യുന്നു; ആകെ എത്ര പേർ ജോലി ചെയ്യുന്നു;വ്യക്തമാക്കാമോ?

ഉത്തരം

(എ) അതെ. ആകെ കേഡർ സ്ട്രെങ്ത്തിന്റെ 1:1 എന്ന അനുപാതം അനുസരിച്ചാണ്. നിയമനങ്ങൾ നടത്തുന്നത്.

(ബി) കോടതി ഉത്തരവ് പ്രകാരം രണ്ടാംതരം ഓവർസിയർ തസ്തികയിൽനിന്നും ഒന്നാംതരം ഓവർസിയർ തസ്തികയിലേയ്ക്ക് പ്രൊമോഷൻ നൽകിയതുവഴി ഉണ്ടായ 156 ഒഴിവുകളിൽ 12 ഒഴിവുകൾ പി.എസ്.സി. -മുഖേന നികത്തിയിട്ടുണ്ട്. കേരള തദ്ദേശ സ്വയം ഭരണ എഞ്ചിനീയറിംഗ് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾ 2007 പ്രകാരം നേരിട്ട്/സ്ഥാനകയറ്റം മുഖേനയുള്ള നിയമനത്തിന്റെ അനുപാതം 1:1 ആണ്. എന്നാൽ മേൽപ്പറഞ്ഞപ്രകാരമുള്ള 156

ഒഴിവുകളിൽ 144 ഒഴിവുകൾ മൂന്നാംതരം ഓവർസിയർമാരിൽ നിന്ന് സ്ഥാനക്കയറ്റം മുഖേനയും 12 ഒഴിവുകൾ പി.എസ്.സി. മുഖേനയും നികത്തേണ്ടവയായതിനാൽ മേൽ 1:1 അനുപാതം പാലിക്കുന്നതിനായി പ്രൊമോഷൻ ലഭിച്ചവർ ഏത് വിഭാഗത്തിൽപ്പെട്ടവരാണോ (നേരിട്ട്/ സ്ഥാനക്കയറ്റം) എന്ന് കണക്കാക്കിയാണ്, നിയമനം നടത്തിയിട്ടുള്ളത്.

(സി) പ്രൊമോഷൻ മുഖേന നിയമനം ലഭിച്ച 404 പേരും പി.എസ്.സി. മുഖേന നിയമിതരായ 364 പേരും ജോലി ചെയ്യുന്നു. ആകെ 768 പേർ.

**തദ്ദേശഭരണ സ്ഥാപനങ്ങളിൽ താൽക്കാലിക നിയമനം**

190(3209) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അസിസ്റ്റന്റ് എഞ്ചിനീയർ, ഫസ്റ്റ് ഗ്രേഡ് ഓവർസിയർ, സെക്കന്റ് ഗ്രേഡ് ഓവർസിയർ, തേർഡ് ഗ്രേഡ് ഓവർസിയർ എന്നീ തസ്തികകളുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ളപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തുന്നത് സർക്കാർ അനുമതിയോടെയാണോ; അല്ലെങ്കിൽ ഇപ്രകാരം നിയമനം നടത്തുന്നവർക്കെതിരെ നടപടി സ്വീകരിക്കുമോ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നത് പരിഗണിക്കുമോ?

ഉത്തരം

(എ) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലിരിക്കെ അസിസ്റ്റന്റ് എഞ്ചിനീയർ, ഒന്നാംതരം ഓവർസിയർ, രണ്ടാംതരം, മൂന്നാംതരം ഓവർസിയർ എന്നീ തസ്തികകളിൽ കരാർ അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

**തദ്ദേശഭരണ സ്ഥാപനങ്ങളിലെ പുതിയ തസ്തികകൾ**

191(3210) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിൽ പുതിയതായി എത്ര തസ്തികകൾ സൃഷ്ടിച്ചുവെന്നും അവ ഏതൊക്കെയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിലെ എത്ര ഒഴിവുകൾ പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്തുവെന്ന് വ്യക്തമാക്കുമോ;

(സി) പി.എസ്.സി. -ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകളുണ്ടോ; എങ്കിൽ എവിടെയൊക്കെയെന്നും ഏതെല്ലാം തസ്തികകളിലെന്നും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്തതിനുള്ള കാരണവും വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തദ്ദേശഭരണ സ്ഥാപനങ്ങളിൽ 2119 തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു *.

(ബി) 4328 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) ഉണ്ട്. നഗരകാര്യ വകുപ്പിൽ 12 ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്.

ടൈപ്പിസ്റ്റ് -4 (കൊച്ചി-2, കുത്താട്ടുകുളം -1, തലശ്ശേരി -1)

ലൈബ്രേറിയൻ -1(അടൂർ)

ലാസ്റ്റ് ഗ്രേഡ് സർവ്വന്റ്സ് -7
(കല്പറ്റ-1,കൊച്ചി -3, മൂവാറ്റുപുഴ-1, കോതമംഗലം -1, പുനലൂർ -1)

**ഗ്രാമപഞ്ചായത്തുകളിലെ എൽ.ഡി.വി. ഡ്രൈവർ നിയമനം**

192(3211) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ലിസ്റ്റ് നിലവിലുള്ളപ്പോൾ ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ എൽ.ഡി.വി. ഡ്രൈവർ നിയമനം നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) പഞ്ചായത്ത് വകുപ്പിലെ അനുവദനീയമായ ഡ്രൈവർ തസ്തികകളിൽ ഒന്നുംതന്നെ പി.എസ്.സി.-ക്ക് ഒഴിവ് റിപ്പോർട്ട് ചെയ്യാതെ ദിവസവേതന അടിസ്ഥാനത്തിൽ നിയമനം നടത്തിയിട്ടില്ല. എന്നാൽ ഡ്രൈവർ തസ്തിക സൃഷ്ടിക്കാത്ത ഗ്രാമപഞ്ചായത്തുകളിൽ ദിവസവേതനാടിസ്ഥാനത്തിൽ ബന്ധപ്പെട്ട ഗ്രാമപഞ്ചായത്തുകൾ നിയമിച്ചിട്ടുണ്ട്.

**കൊച്ചി നഗരസഭയുടെ കോക്കേഴ്സ് തിയേറ്റർ കെട്ടിടം**

193 (3212) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി നഗരസഭ ഏറ്റെടുത്ത ഫോർട്ട് കൊച്ചിയിലെ കോക്കേഴ്സ് തിയേറ്ററിന്റെ കെട്ടിടം എന്തെങ്കിലും പദ്ധതികൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഇതുസംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) ഉണ്ട്. 2017-18 ബഡ്ജറ്റ് പ്രൊപ്പോസൽ പ്രകാരം കേരള സ്റ്റേറ്റ് ഫിലിം ഡെവലപ്മെന്റ് കോർപ്പറേഷനുമായി സഹകരിച്ച് പുതിയ തീയേറ്റർ ഉൾപ്പെടുന്ന കൊമേഴ്സ്യൽ കോംപ്ലക്സ് നിർമ്മിക്കുന്നതിന് പദ്ധതി ഉണ്ട്.

**തിരുവനന്തപുരം നഗരസഭയിലെ അമൃത് പദ്ധതികൾ**

194(3213) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം നഗരസഭ പരിധിയിൽ അമൃത് പദ്ധതിയിൽപ്പെടുത്തി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി ലഭിച്ചിട്ടുള്ളത്; ഈ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതി അടിസ്ഥാനത്തിൽ ഇവയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) ഇതിൽ ചില പദ്ധതികൾ ആരംഭിക്കാൻ കഴിയാത്തതിന്റെ കാരണം വിശദമാക്കുമോ; ആയത് പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 357.50 കോടി രൂപയുടെ 51 പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതികളുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| പദ്ധതിയുടെ പേര് | എണ്ണം | തുക |
|---|---|---|
| കുടിവെള്ള പദ്ധതികൾ | 8 | 99 കോടി രൂപ |
| സിവറേജ്/സെപ്റ്റേജ്പദ്ധതികൾ | 24 | 160 കോടി രൂപ |
| സ്റ്റോം വാട്ടർ ഡ്രെയിനേജ് പദ്ധതികൾ | 11 | 61 കോടി രൂപ |
| അർബൻ ട്രാൻസ്പോർട്ട്പദ്ധതികൾ | 4 | 32 കോടി രൂപ |
| ഓപ്പൺ സ്പേസ്/പാർക്ക് | 4 | 5.50 കോടി രൂപ |

(ബി) എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടുണ്ട്. 41 പദ്ധതികൾക്ക് സാങ്കേതികാനുമതി നൽകിയിട്ടുണ്ട്. 39 പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് 22 പദ്ധതികൾ നിർവ്വഹണ ഘട്ടത്തിലാണ്. നിർവ്വഹണ ഘട്ടത്തിലെ പദ്ധതികൾ ചുവടെ ചേർക്കുന്നു:

കുടിവെള്ളം-4

സിവറേജ്-5

സ്റ്റോം വാട്ടർ ഡ്രെയിനേജ്-11

അർബൻ ട്രാൻസ്പോർട്ട്-1

പാർക്ക് -1

ആകെ -22

(സി) പദ്ധതികളിൽ യാതൊന്നും ആരംഭിക്കുവാൻ ഒരു തടസ്സവും നിലവിലില്ല. സാങ്കേതികാനുമതി, ടെണ്ടർ, വർക്ക് അവാർഡിംഗ് എന്നീ നടപടിക്രമങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്ക് ബാക്കിയുള്ള പദ്ധതികളും നിർവഹണ ഘട്ടത്തിലേയ്ക്ക് കടക്കുന്നതാണ്.

## തൃക്കാക്കര മുനിസിപ്പാലിറ്റിയിലെ നികുതി കുടിശ്ശിക

195(3214) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ വിവിധ നികുതി ഇനത്തിൽ എത്ര തുക പിരിഞ്ഞുകിട്ടാനുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കുടിശ്ശിക തുക ഇതുവരെ പിരിച്ചെടുക്കാത്തത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഏറ്റവും കൂടുതൽ കുടിശ്ശിക നല്കാനുള്ളവർ ആരെല്ലാമെന്ന് വിശദമാക്കാമോ;

(സി) തൃക്കാക്കര മുനിസിപ്പാലിറ്റി ഏത് ഗ്രേഡിലുള്ള മുനിസിപ്പാലിറ്റിയാണ്; വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് പുനർനിർണ്ണയിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) തൃക്കാക്കര മുനിസിപ്പാലിറ്റിയിൽ വസ്തു നികുതിയിനത്തിൽ 89,72,076 രൂപയും തൊഴിൽ നികുതിയിനത്തിൽ 64,78,742 രൂപയും പിരിഞ്ഞ് കിട്ടാനുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ഇനം | ഡിമാന്റ് | കളക്ഷൻ | ബാലൻസ് | കളക്ഷൻ ശതമാനം |
|---|---|---|---|---|
| വസ്തു നികുതി | 700085667 | 61113591 | 8972076 | 87.19% |
| തൊഴിൽ നികുതി | 138521765 | 132043023 | 6478742 | 92.55% |

(ബി) വസ്തു നികുതി 87.19%-വും തൊഴിൽ നികുതി 92.55%-വും പിരിച്ചെടുത്തിട്ടുണ്ട്.

അനധികൃത നിർമ്മാണങ്ങളൊന്ന് കണ്ടെത്തിയിട്ടുള്ള കെട്ടിടങ്ങൾ അൺ ഓതറൈസ്ഡ് ക്രമത്തിൽ മാറ്റിയിട്ടുള്ളതും ആയതിന്റെ പിഴ തുക ചേർത്തുള്ള കെട്ടിട നികുതി ഈടാക്കുന്നതിന് നോട്ടീസ് നൽകി നടപടി സ്വീകരിച്ച് വരുന്നതുമാണ്. ചില അനധികൃത കെട്ടിട ഉടമകൾ ടി വിഷയത്തിൽ കോടതിയെ സമീപിച്ചിട്ടുള്ളതും ആയതിനാൽ ടി നികുതി ഈടാക്കുന്നതിന് തടസ്സം നേരിട്ടുള്ളതുമാണ്. കെട്ടിട നികുതി കുടിശ്ശികയുള്ളതും എന്നാൽ കോടതി കേസിൽ ഉള്ളതുമായ കെട്ടിടങ്ങളുടെ നികുതി കുടിശ്ശിക വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| കെട്ടിട നമ്പർ | നികുതി | ലൈബ്രറി സെസ് | സർചാർജ് |
|---|---|---|---|
| XIII/UA/725C | 2049273 | 102465 | 204970 |
| XIII/UA/725D | 550260 | 27513 | 55026 |
| V/371C(UA) | 159327 | 7956 | 15932 |
| V/371 B(UA) | 159327 | 7956 | 15932 |
| V/UA/325B | 357102 | 17856 | 35710 |

കെട്ടിട നികുതിയിനത്തിൽ കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള കെട്ടിടങ്ങളുടെ വിവരങ്ങൾ.

1. Datamate Info solution Pvt.Ltd CSEZ-1,30,000
2. Ngahr India Pvt.Ltd, Leela Infopark-1,25,000
3. Naipunya Public School, Thrikkakara-1,00,000
4. Sarash Agencies, C ആൻഡ് F The Himalaya Drug Company, Unichira-1,10,000.

(സി) തൃക്കാക്കര ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റിയാണ്.

വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഗ്രേഡ് പുനർനിർണ്ണയിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**പട്ടാമ്പിയിൽ ഇതര സംസ്ഥാന തൊഴിലാളികൾക്ക് അനധികൃത താമസസ്ഥലങ്ങൾ**

196(3215) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മുനിസിപ്പാലിറ്റിയുടെ അധീനതയിലുള്ള സ്ഥലങ്ങളിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ നിയമ പ്രകാരമുള്ള അനുമതി ലഭിക്കാതെ ഇതര സംസ്ഥാന തൊഴിലാളികൾക്ക് താമസ സൗകര്യങ്ങൾ ഒരുക്കുന്നുണ്ടെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരത്തിൽ താമസ സൗകര്യം ഒരുക്കുന്നവർക്കെതിരെ എന്ത് നടപടികളാണ് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ളത്;

(സി) ഇത്തരം താമസക്കാരെ നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് മുനിസിപ്പാലിറ്റി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്ക് പ്രാഥമിക ആവശ്യങ്ങൾപോലും നിറവേറ്റാനുള്ള സൗകര്യങ്ങൾ ഇല്ലാത്തത് ഒട്ടേറെ പാരിസ്ഥിതിക പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു എന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) അനധികൃത താമസസ്ഥലങ്ങൾ എത്രയുംപെട്ടെന്ന് നിർത്തലാക്കുകയും ഇത്തരം അനധികൃത താമസം ഒരുക്കുന്നവർക്കെതിരെ കർശന നടപടികൾ എടുക്കുകയും ചെയ്യുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതര സംസ്ഥാന തൊഴിലാളികളെ താമസിപ്പിക്കുന്ന ബിൽഡിംഗ് ഓണേഴ്സിന് നോട്ടീസ് അയച്ചിട്ടുണ്ട്. അതിന്റെ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജില്ലാ ഭരണകൂടത്തിന്റെ നേതൃത്വത്തിൽ മാത്രമേ ഫലപ്രദമായ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളൂ എന്നുള്ളതിനാൽ ജില്ലാ ഭരണകൂടത്തിന്റെ സഹായം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ഉണ്ട്.

(ഇ) ഇക്കാര്യത്തിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

## കൊച്ചുപള്ളി- അമ്പലത്തുംമൂല പാലം നിർമ്മാണം

197(*T3216) ശ്രീ. എം. വിൻസെന്റ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വം വകുപ്പുമന്ത്രി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജക മണ്ഡലത്തിലെ കൊച്ചുപള്ളി - അമ്പലത്തുംമൂല പ്രദേശങ്ങളെ യോജിപ്പിയ്ക്കുന്ന പാലം നിർമ്മാണം തടസ്സപ്പെട്ടിരിയ്ക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തടസ്സപ്പെടുവാനുള്ള കാരണം വിശദമാക്കാമോ; തടസ്സങ്ങൾ നീക്കി എത്രയും വേഗം പണി പൂർത്തിയാക്കുവാനുള്ള നടപടി സ്വീകരിയ്ക്കുമോ?

ഉത്തരം

(എ&ബി) കോവളം നിയോജകമണ്ഡലത്തിൽ അടിമലത്തുറ കല്ലുമൂക്ക് ബിച്ചുകളെ ബന്ധിപ്പിക്കുന്ന ഒരു പാലം നിർമ്മിക്കുന്നതിനായി വിനോദസഞ്ചാര വകുപ്പ് " കൺസ്ട്രക്ഷൻ ഓഫ് സസ്പെൻഷൻ ബ്രിഡ്ജ് അറ്റ് ചൊവ്വര പൊഴി" എന്ന പദ്ധതിക്ക് 3-6-2014-ലെ സ.ഉ (സാധാ) നം.4344/2014/ടൂറിസം പ്രകാരം 4,70,00,000 രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. പ്രസ്തുത പദ്ധതി ആരംഭിച്ചുവെങ്കിലും പണി പൂർത്തീകരിച്ചിട്ടില്ല. മേൽ സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള നിർവ്വഹണ ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിനെ മാറ്റി സസ്പെൻഷൻ ബ്രിഡ്ജ് പണിയുന്നതിന് വൈദഗ്ദ്ധ്യമുള്ള മറ്റൊരു ഏജൻസിയായ സിൽക്ക്-നെ വിനോദ സഞ്ചാര വകുപ്പ് പണി ഏൽപ്പിച്ചിരുന്നു. നിർവ്വഹണ ഏജൻസിയെ മാറ്റി നിയമിച്ച് വിനോദസഞ്ചാര വകുപ്പ് ഡയറക്ടറുടെ നടപടി സർക്കാർ തലത്തിൽ പരിശോധിച്ചുവരുന്നു.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഒറ്റപ്പാലം മണ്ഡലത്തിലെ എൽ.എസ്.ജി.ഡി. പ്രവൃത്തികൾ

198 (3217) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് എൽ.എസ്.ജി.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ പാലക്കാട് മുഖേന നടപടി പുരോഗമിച്ചുവരുന്നത്;വിശദാംശം നൽകാമോ;

(ബി) ഓരോ പ്രവൃത്തിയും ഏതേത് ഗ്രാമപഞ്ചായത്ത്/ബ്ലോക്ക് പഞ്ചായത്ത് മുഖേനയാണ് പ്രവൃത്തി പുരോഗമിച്ച് വരുന്നതെന്ന് വിശദമാക്കാമോ; ഓരോ പ്രവൃത്തിയുടേയും കാലികസ്ഥിതി വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡലം ആസ്തി വികസന ഫണ്ടുപയോഗിച്ച് ഒറ്റപ്പാലം നിയമസഭാ മണ്ഡലത്തിലെ 16 പ്രവൃത്തികളാണ് പാലക്കാട് എൽ.എസ്.ജി.ഡി ഡിവിഷൻ എക്സിക്യൂട്ടീവ് എഞ്ചിനീയർ മുഖേന പുരോഗമിച്ച് വരുന്നത്. ടി പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

## കൊട്ടയങ്കാട് - അടിപ്പാറ നെല്ലിക്കോട് റോഡിലെ കൈയ്യേറ്റം

199(3218) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ എലവഞ്ചേരി ഗ്രാമപഞ്ചായത്തിലുള്ള കൊട്ടയങ്കാട് - അടിപ്പാറ നെല്ലിക്കോട് റോഡിൽ കൈയ്യേറ്റം നടന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ റോഡിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് പഞ്ചായത്ത് സ്വീകരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(സി) നിയമപരമായ നടപടികളിലൂടെ കയ്യേറ്റക്കാരെ ഒഴിപ്പിച്ച് റോഡ് നിർമ്മാണം എന്ന് നടത്താൻ കഴിയുമെന്ന് വിശദമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കയ്യേറ്റം ഒഴിപ്പിക്കുന്നതിന്റെ ഭാഗമായി റോഡ് അളന്ന് തിട്ടപ്പെടുത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) നിയമപരമായ നടപടികൾ പൂർത്തീകരിക്കുന്നമുറയ്ക്ക് പ്രസ്തുത റോഡ് നിർമ്മാണം ആരംഭിക്കുന്നതാണ്.

## കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തം കെട്ടിടം

200(3219) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ച പ്രൊപ്പോസൽ അംഗീകരിച്ച് എത്രയും വേഗം കെട്ടിടം പണിയാനുള്ള അനുമതി ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) കണ്ണൂർ ജില്ലയിൽ പുതുതായി രൂപീകരിച്ച കല്യാശ്ശേരി ബ്ലോക്ക് പഞ്ചായത്തിന് ആസ്ഥാന മന്ദിരം പണിയുന്നതിന് മറ്റ് 5 ബ്ലോക്ക് പഞ്ചായത്തുകളോടൊപ്പം 2 കോടി രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. സ്ഥലം ലഭ്യമല്ലാതിരുന്നതിനാൽ ഇതിൻ പ്രകാരം നിർമ്മാണം തുടങ്ങാൻ കഴിയാതെ പോയ സാഹചര്യത്തിൽ ബ്ലോക്ക് പഞ്ചായത്ത് 5.5 കോടി രൂപയുടെ പരിഷ്കരിച്ച എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. സർക്കാർ വിഹിതമായ 2 കോടി രൂപക്ക് പുറമെ ബ്ലോക്ക് പഞ്ചായത്തിന്റെ 2018-19, 2019-20, 2020-21 എന്നീ വർഷങ്ങളിലെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി പദ്ധതി വിഹിതത്തിൽനിന്നും തനത് ഫണ്ടിൽനിന്നും 3.5 കോടി രൂപകൂടി കണ്ടെത്തി ബഹുവർഷ പ്രോജക്ടായി നടപ്പാക്കാനാണ് ബ്ലോക്ക് പഞ്ചായത്ത് അനുമതി തേടിയിരിക്കുന്നത്. ബ്ലോക്ക് പഞ്ചായത്തിന് അനുവദിച്ചിട്ടുള്ള വികസന ഫണ്ടിൽനിന്നും ഓഫീസ് കെട്ടിട നിർമ്മാണത്തിന് തുക വകമാറ്റി ചെലവഴിക്കുന്നത് ഉചിതമല്ലെന്ന് ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്. പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം

201(3220) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ശ്രീകൃഷ്ണപുരം ബ്ലോക്ക് പഞ്ചായത്തതിർത്തിയിൽപ്പെട്ട പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി എന്നാണ് ഫണ്ട് അനുവദിച്ചത്; പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത സാംസ്കാരിക നിലയം നിർമ്മിച്ചിരിക്കുന്നത് എവിടെയാണ് ; എന്താവശ്യത്തിന് ഉപയോഗിക്കുവാനാണ് ഇപ്പോൾ തീരുമാനിച്ചിരിക്കുന്നത് ; വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത സാംസ്കാരിക നിലയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിന് ഏതെല്ലാം ഫണ്ടുകൾ ഉപയോഗിക്കുവാനാണ് ഉദ്ദേശിക്കുന്നത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) പൂക്കോട്ടുകാവ് ഗ്രാമപഞ്ചായത്തിൽ സാംസ്കാരിക നിലയം നിർമ്മിക്കുന്നതിനായി 2015-16 സാമ്പത്തിക വർഷമാണ് ഫണ്ട് അനുവദിച്ചത്. നിർമ്മാണ പ്രവർത്തനങ്ങൾ നിലവിൽ പൂർത്തീകരിച്ചിട്ടില്ല. 4 മാസത്തിനകം നിർമ്മാണ പ്രവർത്തനം പൂർത്തിയാകും .

(ബി) പൂക്കോട്ടുകാവ് പ്രാഥമികാരോഗ്യ കേന്ദ്രം സ്ഥിതിചെയ്യുന്ന കോമ്പൗണ്ടിലാണ് സാംസ്കാരിക നിലയ നിർമ്മാണം നടന്നുവരുന്നത്. നിലവിലുള്ള പഞ്ചായത്ത് സാംസ്കാരിക നിലയം ഏറെ പഴക്കമില്ലാത്തതിനാലും തൊട്ടടുത്ത ആശുപത്രി കെട്ടിടം ജീർണ്ണാവസ്ഥയിലുമായതിനാൽ ആശുപത്രിക്ക് മുൻഗണന നൽകണമെന്ന അഭിപ്രായം പൊതുവിൽ ജനകീയമായി ഉയർന്നുവന്നപ്പോൾ ആശുപത്രി പ്രവർത്തനം പുതിയ സാംസ്കാരിക നിലയത്തിനുവേണ്ടി നിർമ്മാണം നടക്കുന്ന കെട്ടിടത്തിലേയ്ക്ക് മാറ്റിസ്ഥാപിക്കാൻ പഞ്ചായത്ത് ഭരണ സമിതി നിർദ്ദേശം വച്ചിട്ടുണ്ട്.

(സി) ഒറ്റപ്പാലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് നിർമ്മാണം നടത്തുന്നത്.

## എറണാകുളം ജില്ലയിലെ ഇടപ്പള്ളി മാർക്കറ്റ്

202(3221) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകളം ജില്ലയിലെ ഇടപ്പള്ളി മാർക്കറ്റ് മാലിന്യങ്ങൾ കുമിഞ്ഞുകൂടി തികച്ചും വൃത്തിഹീനമായ അവസ്ഥയിലാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തികച്ചും വൃത്തിഹീനമായ ഇടപ്പള്ളി മാർക്കറ്റ് വൃത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വിശദമാക്കാമോ;

(സി) ഈ മാർക്കറ്റിൽ എത്ര കടകൾ പ്രവർത്തിക്കുന്നുണ്ടെന്നും ഈ കടകളിൽനിന്നും പ്രതിമാസം എത്ര രൂപ വാടക ഇനത്തിൽ ലഭിക്കുന്നുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. നഗരസഭ തൊഴിലാളികളെ നിയോഗിച്ച് വൃത്തിയാക്കുന്നുണ്ട്. എങ്കിലും പരിമിതമായ സ്ഥലത്തുവച്ചുള്ള കച്ചവടം ആകയാലും ശാസ്ത്രീയമായ ശുചിത്വ സൗകര്യങ്ങൾ ഏർപ്പെടുത്താൻ സാധിക്കാത്തതുമാണ് മാർക്കറ്റിന്റെ പൂർണ്ണ ശുചിത്വം ഉറപ്പുവരുത്തുവാൻ കഴിയാത്തിന് കാരണം.

(സി) ഇടപ്പള്ളി മാർക്കറ്റിൽ ആകെ 13 കടമുറികളാണുള്ളത്. അവയിൽനിന്നും പ്രതിമാസം ആകെ 33,851 രൂപ വാടക ഇനത്തിൽ കൊച്ചി നഗരസഭയ്ക്ക് ലഭിക്കുന്നുണ്ട്.

## പാലക്കാട് ജില്ലയിലെ ബജറ്റ് വിഹിതവും ചെലവും

203(3222) ശ്രീ. പി. ഉണ്ണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിലെ 2016 മേയ് മുതൽ 2017 മാർച്ച് 31 വരെയുള്ള കാലയളവിലേയും 2017-18 വർഷത്തെയും 2018-19 വർഷത്തിലെ 1-4-2018 മുതൽ 31-5-2018 വരെയുള്ള കാലയളവിലെയും പാലക്കാട് ജില്ലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പ്ലാൻ, നോൺപ്ലാൻ എന്നിവയിലുള്ള ബജറ്റ് വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ നൽകാമോ;

(ബി) ഓരോ ഗ്രാമപഞ്ചായത്തിലെയും പ്രസ്തുത കാലയളവുകളിലെ തനത് വരുമാനവും ചെലവും സംബന്ധിച്ച വിശദാംശം നൽകാമോ?

ഉത്തരം

(എ) പ്ലാൻ, നോൺപ്ലാൻ എന്നിവയിലുള്ള ബഡ്ജറ്റ് വിഹിതത്തിന്റെയും ചെലവിന്റെയും വിശദാംശം പഞ്ചായത്തടിസ്ഥാനത്തിൽ അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം-1)*.

(ബി) പ്രസ്തുത കാലയളവുകളിലെ തനത് വരുമാനവും ചെലവും സംബന്ധിച്ച വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. (അനുബന്ധം- II)*

## ഇറച്ചി വിൽപ്പന നടത്തുന്നതിന് ലൈസൻസ്

204(3223) ശ്രീ. ആർ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ചുമതലയിൽ എല്ലാ നഗരസഭയിലും അറവുശാലകൾ നിർമ്മിച്ചിട്ടുണ്ടോ; അനധികൃത അറവുകളും അനാരോഗ്യകരമായ ചുറ്റുപാടുകളിൽ അറവ് നടത്തുന്നതും നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വിശദമാക്കുമോ;

(ബി) മാംസാവശിഷ്ടവും മറ്റും അലക്ഷ്യമായി റോഡ് സൈഡിലും പറമ്പുകളിലും നിക്ഷേപിക്കുന്നത് തടയുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(സി) ആട്ടുമാട്ടുകളെ വെട്ടുന്നതിനും ഇറച്ചി വിൽപ്പന നടത്തുന്നതിനും ലൈസൻസ് അനുവദിക്കാറുണ്ടോ; ലൈസൻസ് ലഭിക്കുന്നതിനുള്ള നിബന്ധനകൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) എല്ലാ നഗരസഭകളിലും അറവുശാലകൾ നിർമ്മിച്ചിട്ടില്ല. അനധികൃത അറവുകളും അനാരോഗ്യകരമായ ചുറ്റുപാടുകളിൽ അറവ് നടത്തുന്നതും നിയന്ത്രിക്കുന്നതിന് നഗരസഭകളിലെ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ പരിശോധനകൾ നടത്തുന്നുണ്ട്.

(ബി) നഗരസഭാ ആരോഗ്യ വിഭാഗത്തിന്റെ നേതൃത്വത്തിൽ സ്ക്വാഡുകൾ രൂപീകരിച്ച് രാത്രികാലങ്ങളിൽ ഉൾപ്പെടെ പരിശോധന നടത്തുകയും അറവ് മാലിന്യങ്ങളും മറ്റും അലക്ഷ്യമായി റോഡ് സൈഡിലും പറമ്പുകളിലും നിക്ഷേപിക്കുന്നവരെ കണ്ടെത്തുകയും അവർക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കുകയും ചെയ്യുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ആട്ടുമാടുകളെ വെട്ടുന്നതിന് 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലെ 469-ാം വകുപ്പു പ്രകാരം ലൈസൻസ് അനുവദിക്കാറുണ്ട്. ഇറച്ചിവില്പന നടത്തുന്നതിന് 1994-കലെ കേരള മുനിസിപ്പാലിറ്റി ആക്ടിന്റെ 447-ാം വകുപ്പു പ്രകാരവും 2011-ലെ കേരള മുനിസിപ്പാലിറ്റി (ആപൽക്കരവും അനഹ്യവുമായ വ്യാപാരങ്ങൾക്കും മറ്റ് വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരവും ലൈസൻസ് നല്കിവരുന്നുണ്ട്.

സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം ഉണ്ടായിരിക്കണം. ഖര-ദ്രവ മാലിന്യ സംസ്കരണത്തിനുള്ള സംവിധാനങ്ങൾ ഉണ്ടായിരിക്കണം. തറ വെള്ളം കെട്ടിനില്ക്കാത്ത തരത്തിൽ ടൈൽസ് പാകിയതോ സിമെന്റ് ചെയ്തതോ ആയിരിക്കണം. ആവശ്യാനുസരണം ജലലഭ്യതയും വെളിച്ചവും ഉണ്ടായിരിക്കണം. ജീവനക്കാർക്ക് ഹെൽത്ത് കാർഡ് ഉണ്ടായിരിക്കണം. വില്പന സാധനങ്ങൾ പ്രദർശിപ്പിക്കാൻ പാടില്ല തുടങ്ങിയ നിബന്ധനകൾക്ക് വിധേയമായാണ് ലൈസൻസ് അനുവദിച്ച് നൽകുന്നത്.

അറവുശാലകൾക്ക് 1996-ലെ കേരള പഞ്ചായത്ത് രാജ് (കശാപ്പുശാലകളും ഇറച്ചിക്കടകളും) ചട്ടങ്ങളിലെ വ്യവസ്ഥകൾക്ക് വിധേയമായ മലിനീകരണ നിയന്ത്രണ ബോർഡിന്റെ സാക്ഷ്യപത്രം, ജോലിക്കാരുടെ മെഡിക്കൽ ഫിറ്റ്നസ് സാക്ഷ്യപത്രം, സാനിറ്റേഷൻ സാക്ഷ്യപത്രം തുടങ്ങിയവ പരിശോധിച്ച് അറവ് നടത്തുന്നതിനുള്ള അനുമതി ഗ്രാമപഞ്ചായത്തുകൾ നൽകുന്നു.

1996-ലെ കേരള പഞ്ചായത്ത് രാജ്(Issue of Licence to Factories, Traders, Entrpreneurship activities and other services) ചട്ടങ്ങളിലെ വ്യവസ്ഥകൾ പാലിച്ചുകൊണ്ട് ഗ്രാമ പഞ്ചായത്തുകൾ മാംസ വിൽപ്പനക്കുള്ള അനുമതിയും നൽകുന്നുണ്ട്.

### കെ.എസ്.ആർ.ആർ.ഡി.എ.യിലെ ബന്ധുനിയമന വിവാദം

205(3225) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ആർ.ഡി.എ.യിലെ ബന്ധുനിയമന വിവാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് കൊല്ലം ജില്ലാ വിജിലൻസ് സൂപ്രണ്ടിന് നൽകിയ പരാതിയിൽ അന്വേഷണം ഏത് ഘട്ടം വരെയായെന്ന് അറിയിക്കുമോ;

(സി) ബന്ധു നിയമനത്തിന് കൂട്ടുനിന്ന ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊല്ലം ജില്ലയിൽ AE-മാരുടെ നിയമനത്തിന് നടത്തിയ എഴുത്ത് പരീക്ഷയിൽ ഒരു ഉദ്യോഗസ്ഥന്റെ മകൾക്ക് ഉയർന്ന മാർക്ക് ലഭിച്ചതായി പരാതി ലഭിച്ചിട്ടുണ്ട്.

(ബി) വിജിലൻസിൽ നിന്ന് റിപ്പോർട്ട് ലഭിച്ചിട്ടില്ല.

(സി) വിഷയത്തിന്മേലുള്ള അന്വേഷണം നടന്നുവരുന്നു.

**അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ**

206( 3226) ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നഗര പ്രദേശങ്ങളുടെ ആധുനികവത്കരണത്തിന് സാമ്പത്തിക സഹായം നൽകുന്ന അടൽ മിഷൻ ഫോർ റിജുവനേഷൻ ആൻഡ് അർബൻ ട്രാൻസ്ഫോർമേഷൻ (അമൃത്) പദ്ധതി പ്രകാരം എത്ര കോടി രൂപയുടെ പ്രവൃത്തികളാണ് നടപ്പാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇതിനായി ഏതെല്ലാം നഗരങ്ങളെയും പട്ടണങ്ങളെയുമാണ് തെരഞ്ഞെടുത്തിട്ടുള്ളതെന്നും ഏതെല്ലാം വികസന പദ്ധതികളാണ് നടപ്പാക്കാനുദ്ദേശിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടപടിക്രമങ്ങളിൽനിന്നും എപ്രകാരമെല്ലാം വ്യത്യസ്തമാണ് അമൃത് പദ്ധതിയുടെ നടപടിക്രമങ്ങൾ എന്ന് വിശദമാക്കാമോ;

(ഡി) പദ്ധതി പ്രകാരം ഭരണാനുമതി നൽകി പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പദ്ധതിയുടെ പുരോഗതി വിലയിരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) അമൃത് പദ്ധതി പ്രകാരം 2356 കോടി രൂപയുടെ 389 പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(ബി) അമൃത് പദ്ധതിയിൽ സംസ്ഥാനത്തെ 6 മുനിസിപ്പൽ കോർപ്പറേഷനുകളെയും (തിരുവനന്തപുരം, കൊല്ലം, കൊച്ചി, കോഴിക്കോട്, കണ്ണൂർ) മൂന്ന് മുനിസിപ്പാലിറ്റികളെയും (ആലപ്പുഴ, പാലക്കാട്, ഗുരുവായൂർ) ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു:

കുടിവെള്ള പദ്ധതികൾ-96

സ്വീവറേജ്/സെപ്റ്റേജ് പദ്ധതികൾ-49

സ്റ്റോംവാട്ടർ ഡ്രെയിനേജ് പദ്ധതികൾ-113

അർബൻ ട്രാൻസ്പോർട്ട് പദ്ധതികൾ -60

ഓപ്പൺ സ്പേസ്/പാർക്ക്-71.

(സി) മറ്റ് കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും വ്യത്യസ്തമായി അമൃത് പദ്ധതിയിൽ മിഷൻ നഗരങ്ങളിൽ ഭരണ പരിഷ്കാരങ്ങളും (54 നാഴികക്കല്ലുകൾ ഉൾപ്പെടുന്ന) കാര്യശേഷി വികസനവും ഉൾപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഡി.പി.ആർ. തയ്യാറാക്കിയിട്ടുള്ള 384 പദ്ധതികളിൽ (2233 കോടി രൂപ) 383 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ 332 പദ്ധതികൾക്ക് (1527 കോടി രൂപ) സാങ്കേതികാനുമതി ലഭിക്കുകയും 313 പദ്ധതികൾക്ക് ടെണ്ടർ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. 592 കോടി രൂപയുടെ 164 പദ്ധതികൾ നിർവ്വഹണത്തിലാണ്.

കേരള വാട്ടർ അതോറിറ്റിയും നഗരസഭകളുമാണ് പദ്ധതികളുടെ നിർവ്വഹണ ചുമതല ഏറ്റെടുത്തിട്ടുള്ളത്. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി അവലോകന യോഗങ്ങൾ ചേർന്നുവരുന്നു. പദ്ധതികളുടെ സുഗമമായ നിർവ്വഹണത്തിനായി കരാർ വ്യവസ്ഥയിൽ അധിക ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എല്ലാ പദ്ധതികളും മിഷൻ കാലാവധിയായ മാർച്ച് 2020-ന് മുമ്പായി പൂർത്തീകരിക്കാനാണ് സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്.

## ഭൂമി റീ- ലിങ്ക്വിഷ് ചെയ്ത് നൽകുന്നത് സംബന്ധിച്ച്

207(3227) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമപഞ്ചായത്ത് വിലക്കെടുത്ത് കൈവശംവയ്ക്കുന്ന ഭൂമി സർക്കാർ ആവശ്യത്തിനുവേണ്ടി വിട്ടുനൽകുന്നതിന് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി വാങ്ങേണ്ടതുണ്ടോ;

(ബി) ഗ്രാമപഞ്ചായത്ത് ഭരണസമിതി തീരുമാനപ്രകാരം ഭൂമി വിട്ടു നൽകുന്നതിൽ എന്തെങ്കിലും തടസ്സം നിലവിലുണ്ടോ;വിശദമാക്കുമോ?

ഉത്തരം

(എ) സർക്കാർ അനുമതി ആവശ്യമുണ്ട്.

(ബി) ഉണ്ട്. 2005-ലെ കേരള പഞ്ചായത്ത് രാജ് (വസ്തു ആർജിക്കലും കയ്യൊഴിക്കലും) ചട്ടങ്ങൾ ചട്ടം (3) പ്രകാരം ഗ്രാമ പഞ്ചായത്തിന് സർക്കാരിന്റെ മുൻകൂട്ടിയുള്ള അനുമതിയോടുകൂടി ഏതെങ്കിലും പൊതു സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനോ സേവനങ്ങൾ നൽകുന്നതിനോ അതിന്റെ ഏതൊരു വസ്തുവും വില്പന മുഖാന്തരമോ മറ്റ് വിധത്തിലോ കയ്യൊഴിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഭൂമി വിട്ടുനൽകുന്നതിനുള്ള സർക്കാർ അനുമതിക്കായി ഗ്രാമ പഞ്ചായത്ത് കമ്മിറ്റി തീരുമാനം, വസ്തുവിന്റെ റവന്യൂ രേഖകൾ സഹിതം വിശദമായ പ്രൊപ്പോസൽ സർക്കാരിൽ സമർപ്പിച്ചാൽ മാത്രമേ അനുമതി നൽകാൻ സാധിക്കൂ.

## വികസന അതോറിറ്റികളുടെ പ്രവർത്തനം കുറച്ചുകൊണ്ടുവരുന്നതിന് നടപടി

208 (3228) ശ്രീ. എം. ഉമ്മർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണവകുപ്പിന്റെ പരിധിയിലുള്ള വികസന അതോറിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമല്ലായെന്ന് വിലയിരുത്തുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) പ്രസ്തുത വികസന അതോറിറ്റികൾ അധികാര വികേന്ദ്രീകരണത്തിന്റെയും പ്രാദേശിക ഭരണ സംവിധാനത്തിന്റെയും സത്തയ്ക്ക് എതിരാണെന്ന് കരുതുന്നുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ ഇത്തരം വികസന അതോറിറ്റികളുടെ പ്രവർത്തനം കുറച്ചുകൊണ്ടുവരുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ഇല്ല; 2016-ലെ നഗര-ഗ്രാമസൂത്രണ ആക്ടിലേയും 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ടിലേയും കേരള പഞ്ചായത്ത് രാജ് ആക്ടിലേയും വ്യവസ്ഥകൾക്ക് വിധേയമായി പ്രവർത്തിക്കുന്ന വികസന അതോറിറ്റികൾ, പ്രാദേശിക ഭരണ സംവിധാനത്തെ ജനങ്ങൾക്ക് ഉപകാരപ്രദമായ വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്.

(സി) ഇല്ല.

## സ്വകാര്യ കേബിൾ കമ്പനികളിൽനിന്ന് ഫീസ് ഈടാക്കുന്നതിന് വിലക്ക്

209(3229) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് കുഴിച്ച് കേബിൾ സ്ഥാപിക്കുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്ന് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ഈടാക്കാൻ കഴിയുന്ന ഫീസുകളുടെയും വാടകകളുടെയും നിരക്കുകൾ വിശദമാക്കാമോ;

(ബി) റോഡ് കുഴിച്ച് ഒപ്റ്റിക്കൽ കേബിൾ സ്ഥാപിക്കുന്നതിന് റിലയൻസ് കമ്പനിയിൽനിന്നും ടാക്ക് റെന്റ്, യൂസർഫീ, തറവാടക തുടങ്ങിയ ഇനങ്ങളിൽ ഒരു ഫീസും ഈടാക്കാൻ പാടില്ല എന്ന് സർക്കാർ തീരുമാനിക്കുകയുണ്ടായോ;

(സി) മുൻപ് കേബിളുകൾ സ്ഥാപിച്ച ഇനത്തിൽ വൻതുക അടയ്ക്കാനുള്ളതിനാൽ പിഴ ആവശ്യപ്പെട്ടുകൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും റിലയൻസിന് നോട്ടീസ് അയയ്ക്കുകയുണ്ടായോ;

(ഡി) എങ്കിൽ പുതിയ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഈ തുകകൾ ഈടാക്കുവാൻ കഴിയാത്ത സാഹചര്യമുണ്ടാകുമോ;

(ഇ) എങ്കിൽ ഇവമൂലം തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കനത്ത വരുമാന നഷ്ടമുണ്ടാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ;

<u>ഉത്തരം</u>

(എ) റോഡ് കുഴിച്ച് കേബിൾ സ്ഥാപിക്കുന്നതിന് സ്വകാര്യ കമ്പനികളിൽ നിന്ന് ഒരു തദ്ദേശഭരണ സ്ഥാപനത്തിന് ഈടാക്കാൻ കഴിയുന്ന ഫീസുകളുടെയും വാടകകളുടെയും നിരക്കുകൾ പ്രത്യേകമായി നിശ്ചയിച്ച് നൽകിയിട്ടില്ല. കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയം 2013- ൽ പുറത്തിറക്കിയ മാനദണ്ഡങ്ങൾക്കനുസൃതമായി ടെലികോം സേവന ദാതാക്കൾക്കും, ഇൻഫ്രാസ്ട്രക്ചർ പ്രൊവൈഡേഴ്സിനും സംസ്ഥാനത്തെ റോഡ് ശൃംഖലകളിൽക്കൂടി ഒപ്റ്റിക്കൽ ഫൈബർ കേബിൾ (ഒ.എഫ്.സി) ഇടുന്നതിന് Row അനുമതി നൽകുന്നതിനുള്ള മാനദണ്ഡങ്ങൾ ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യയും വകുപ്പ് 15-9-2015-ലെ സ.ഉ.(കൈ) നമ്പർ 39/2015/വി.സ.വ. പ്രകാരം ടെലികോം സേവന ദാതാക്കൾ Row അനുമതിക്കായി ഒരു കിലോമീറ്ററിന് 75,000 രൂപ എന്ന നിരക്കിൽ One Time Contribution അടക്കേണ്ടതാണ്. കൂടാതെ ഷോൾഡർ കട്ടിംഗ്, ബി.റ്റി.സർഫസ് കട്ടിംഗ്, ഒ.എഫ്.സി.വർക്സ് എന്നിവയ്ക്കായി ബന്ധപ്പെട്ട അധികാരികൾ തയ്യാറാക്കിയ എസ്റ്റിമേറ്റ് പ്രകാരം നിലവിലെ നിരക്കിലുള്ള റിസ്റ്റോറേഷൻ ചാർജസ് മുൻകൂറായി ടെലികോം സേവന ദാതാക്കൾ റോഡ് അധികാരികൾക്ക് നൽകേണ്ടതാണ്. ഇപ്രകാരം One Time Contribution-നും റിസ്റ്റോറേഷൻ ചാർജസും അല്ലാതെ മറ്റൊരു പേരിലുള്ള യാതൊരു തുകയും ടെലികോം സേവന ദാതാക്കളിൽനിന്നും ഈടാക്കുവാൻ പാടുള്ളതല്ല. അതിനാൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഓപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് Row അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കതികവിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള/ നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിരക്കിലുള്ള റോഡ് കട്ടിംഗ് ആൻഡ് റീസ്റ്റോറേഷൻ ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറവാടക തുടങ്ങിയവ) ടെലികോം സേവനദാതാക്കളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കാൻ പാടില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. നിലവിലുള്ള പി.ഡബ്ല്യൂ.ഡി. നിരക്ക് ചുവടെ ചേർക്കുന്നു:

BM ആൻഡ് BC-Rs;3837.37/m$^2$

20 mm open grade CC-Rs.3495.76/m$^2$

Concrete road- Rs;4606.15/m$^2$

Interlocking tiles surface road-Rs.4551.75/m$^2$

Earthern surface-Rs.820.39/m$^2$

Water bond Macadom surface-Rs.1481.47/m$^2$

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള റോഡുകളിലൂടെ ഒപ്റ്റിക്കൽ ഫൈബർ കേബിൾ ഇടുന്നതിന് Row അനുമതിക്കായി ഇലക്ട്രോണിക്സും വിവരസാങ്കേതികവിദ്യയും വകുപ്പ് നിശ്ചയിച്ചിട്ടുള്ള/നിശ്ചയിക്കുന്ന ഫീസും കാലാകാലങ്ങളിൽ പൊതുമരാമത്ത് വകുപ്പ് നിശ്ചയിക്കുന്ന നിരക്കിലുള്ള റോഡ് കട്ടിംഗ് ആൻഡ് റിസ്റ്റോറേഷൻ ചാർജ്ജുകളും അല്ലാതെ മറ്റൊരു ഫീസും (ട്രാക്ക് റെന്റ്, യൂസർ ഫീ, തറ വാടക തുടങ്ങിയവ) ടെലികോം സേവനദാതാക്കളിൽനിന്നും തദ്ദേശഭരണ സ്ഥാപനങ്ങൾ ഈടാക്കാൻ പാടില്ലാ എന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്.

(സി-ഇ) അനധികൃതമായി ക്ലെയിം ചെയ്തിട്ടുള്ള ഫീസുകൾക്ക് നിയമപരമായി പിഴ ഈടാക്കാനാകില്ല. ഒ.എഫ്.സി. കേബിൾ ഇടുന്നതുമായി ബന്ധപ്പെട്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ഇലക്ട്രോണിക്സും വിവരസാങ്കേതിക വിദ്യാവകുപ്പും പൊതുമരാമത്ത് വകുപ്പും നിശ്ചയിച്ചിട്ടുള്ള ഫീസുകൾ നിയമാനുസരണം ഈടാക്കുന്നതിന് യാതൊരു തടസ്സവുമില്ല. അധിക നിരക്കും അനധികൃത ഫീസുകളും ഈടാക്കരുതെന്ന് മാത്രമേ സർക്കാർ നിർദ്ദേശിച്ചിട്ടുള്ളൂ. അതിനാൽ ഇക്കാര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കുണ്ടാകുന്ന വരുമാനക്കുറവിനെ നഷ്ടമായി കണക്കാക്കാനാകില്ല.

## തലശ്ശേരി മണ്ഡലത്തിൽ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ

210( 3230) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ 2016-17 വർഷത്തെ എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തദ്ദേശഭരണ വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളിൽ ഇനി ഏതെല്ലാം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണ പ്രവൃത്തി ഇതുവരെയും ആരംഭിക്കാത്തതിന്റെ കാരണം എന്താണെന്നും ഇത് എന്ന് ആരംഭിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) തലശ്ശേരി നഗരസഭയിൽ ശ്രീ. എ.എൻ. ഷംസീർ എം.എൽ.എ-യുടെ 2016-17 വർഷത്തെ ആസ്തിവികസകന ഫണ്ട് ഉപയോഗിച്ച് മാടപ്പീടിക കുറ്റിവയൽ റോഡ് ടാറിംഗ് പ്രവൃത്തി ആരംഭിക്കാനുണ്ട്.

(ബി) നാല് തവണ ടെണ്ടർ നടപടി സ്വീകരിച്ചുവെങ്കിലും ആരും തന്നെ പ്രവൃത്തി ഏറ്റെടുക്കാത്തതുമൂലമാണ് നിർമ്മാണ പ്രവൃത്തി ഇതുവരെ ആരംഭിക്കാത്തത്.

## പാതയോരങ്ങളിൽ പൊതുശൗചാലയങ്ങൾ

211(3231) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം നഗരങ്ങളിലും ഗ്രാമപ്രദേശങ്ങളിലുമായി പൊതുജനങ്ങൾക്ക് അടിസ്ഥാന ആവശ്യം സൗജന്യമായി നിർവ്വഹിക്കുന്നതിന് നിർമ്മിച്ച് നൽകിയ പൊതുശൗചാലയങ്ങളുടെ കണക്ക് ലഭ്യമാക്കാമോ;

(ബി) പൊതു ഇടങ്ങളിലും പാതയോരങ്ങളിലും ജനങ്ങൾക്ക് സൗജന്യമായി ഉപയോഗിക്കാൻ കഴിയും വിധം ശൗചാലയങ്ങൾ നിർമ്മിക്കേണ്ടത് ജനതയുടെ അവകാശമായി കണ്ട് ഇതിന് വേണ്ട സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിയിൽ നിർബന്ധമായും പ്രത്യേകം തുക നീക്കിവെക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സ്വച്ഛ് ഭാരത് മിഷൻ (ഗ്രാമീൺ) ഫണ്ടുപയോഗിച്ച് ഗ്രാമപ്രദേശങ്ങളിൽ 53 പൊതു ശൗചാലയങ്ങൾ പണിതിട്ടുണ്ട്. പൊതുജനങ്ങൾക്ക് പ്രാഥമിക ആവശ്യങ്ങൾ സൗജന്യമായി നിർവഹിക്കുന്നതിന് 286 പൊതു ശൗചാലയങ്ങൾ ഗ്രാമപഞ്ചായത്തുകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്. സ്വച്ഛ് ഭാരത് മിഷൻ (നഗരം) ഫണ്ടുപയോഗിച്ച് വിവിധ നഗരസഭകളിൽ 2445 സീറ്റുകളുള്ള പൊതു ശൗചാലയങ്ങൾ പണിയുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നഗരസഭകൾ നിർമ്മിച്ചിട്ടുള്ള പൊതു ശൗചാലയങ്ങളുടെ വിവരം ശേഖരിച്ച് ലഭ്യമാക്കുന്നതാണ്.

(ബി) ഗ്രാമപഞ്ചായത്തുകളുടെ വാർഷിക പദ്ധതിയുടെ 10%-വും നഗരസഭകളുടെ വാർഷിക പദ്ധതിയുടെ 15%-വും ശുചിത്വ പരിപാലന പ്രവർത്തനങ്ങൾക്ക് മുൻഗണന നൽകി ഹരിത കേരളം മിഷൻ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കണമെന്ന് സർക്കാർ നിർദ്ദേശിച്ചിട്ടുണ്ട്. ഈ ഫണ്ടിൽനിന്നും പൊതുശൗചാലയങ്ങൾ നിർമ്മിക്കുന്നതിന് തുക വകയിരുത്തി ചെലവഴിക്കുവാൻ കഴിയും. മറ്റ് ധന സ്രോതസ്സുകളിൽനിന്നും ക്രമപ്രകാരം ഫണ്ട് ഉപയോഗിച്ചു കൊണ്ട് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം പൊതു ശൗചാലയങ്ങൾ നിർമ്മിക്കാവുന്നതാണ്.

## ഇൻഫർമേഷൻ കേരള മിഷനിലെ ശമ്പള പരിഷ്കരണം

212(3232) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 31-8-2018-ലെ 176/2017/ത.സ്വ.ഭ.വ. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാരുടെ ശമ്പള പരിഷ്കരണം നടപ്പാക്കിയതുമായി ബന്ധപ്പെട്ട അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ അപാകതകൾ ഇതിനകം പരിഹരിച്ച് നല്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഈ ഉത്തരവ് പ്രകാരം അഡ്മിനിസ്ട്രേഷൻ വിഭാഗത്തിലെ ജീവനക്കാരുടെ ശമ്പളം പൊതുമരാമത്ത് വകുപ്പിലെ ക്ലീനിംഗ് ജീവനക്കാരുടെ ശമ്പളത്തിന് തുല്യമായാണ് നിശ്ചയിച്ചിരിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് അടിയന്തരമായി തിരുത്തി നല്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) ഇൻഫർമേഷൻ കേരള മിഷനിലെ ജീവനക്കാർക്ക് പേ സ്കെയിൽ നിശ്ചയിക്കുമോ;

(ഡി) ഇൻഫർമേഷൻ കേരള മിഷനിൽ നിലവിൽ ഏത് സർവീസ് ചട്ടമാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർക്കാർതലത്തിൽ പരിശോധിക്കണമെന്ന ആവശ്യ മുന്നയിച്ച് എക്സിക്യൂട്ടീവ് ഡയറക്ടർ സമർപ്പിച്ച ശിപാർശ പരിശോധനയിലാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) സ്പെഷ്യൽ റൂൾസ് നിലവിൽ വരുന്നതുവരെ കേരളാ സർവ്വീസ് റൂൾസ് ബാധകമാക്കാനാണ് നിർദ്ദേശിച്ചിട്ടുള്ളത്.

## 2020-ലെ പഞ്ചായത്ത് തെരഞ്ഞെടുപ്പിന്റെ മുന്നൊരുക്കങ്ങൾ

213(3233) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2020-ലെ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി സർക്കാർ ചെയ്തുവരുന്ന മുന്നൊരുക്ക പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ പഞ്ചായത്തുകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നിവ അറിയിക്കാമോ;

(സി) മുനിസിപ്പാലിറ്റി/ഗ്രാമ പഞ്ചായത്ത് വാർഡുകൾ വിഭജിച്ച് വാർഡുകളുടെ എണ്ണം വർദ്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) എങ്കിൽ അതിനുള്ള മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നിവ വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) 2020-ലെ തദ്ദേശഭരണ സ്ഥാനങ്ങളിലേയ്ക്കുള്ള തെരഞ്ഞെടുപ്പിന്റെ ഭാഗമായി നിലവിലുള്ള ഗ്രാമപഞ്ചായത്തുകൾ വിഭജിച്ച് പുതിയ ഗ്രാമപഞ്ചായത്തുകൾ രൂപീകരിക്കേണ്ടതിന്റെ ആവശ്യകതയും നഗരവത്ക രണത്തിന്റെ പശ്ചാത്തലത്തിൽ നഗരസ്വഭാവം കൈവരിച്ച ഗ്രാമ പഞ്ചായത്തുകളെ നഗരസഭകളായി പരിവർത്തനപ്പെടുത്തേണ്ടതിന്റെ ആവശ്യകതയും നിലവിലുള്ള ബ്ലോക്ക് പഞ്ചായത്തുകളുടേയും നഗരസഭകളുടെയും അതിർത്തി പുനർനിർണ്ണയിക്കേണ്ട ആവശ്യകതയും നഗരസഭകളുടെ പദവി ഉയർത്തേണ്ടുന്നതിന്റെ ആവശ്യകതയും പരിശോധിച്ച് അതിനനുസൃതമായ ശിപാർശകൾ സമർപ്പിക്കുവാനായി സർക്കാർ 28-3-2018-ന് സ.ഉ.(സാധാ) നമ്പർ 877/2018/തസ്വഭവ നമ്പർ ഉത്തരവ് പ്രകാരം കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

പ്രസ്തുത കമ്മിറ്റിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ വാർഡുകൾ വിഭജിക്കുന്നതും എണ്ണം വർദ്ധിപ്പിക്കുന്നതും പുതിയ പഞ്ചായത്തുകൾ രൂപീകരിക്കുന്നതുമായ വിഷയങ്ങൾ സംബന്ധിച്ച മാനദണ്ഡം, നടപടിക്രമം, പ്രൊപ്പോസൽ സമർപ്പിക്കേണ്ട രീതി എന്നീ വിഷയങ്ങളിൽ തീരുമാനമെടുക്കുവാൻ കഴിയുകയുള്ളൂ.

## എറണാകുളം ജില്ലയിൽ വികസന പരിശീലന കേന്ദ്രം

214 (3234) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്വയംഭരണ വകുപ്പിന് കീഴിൽ എറണാകുളം ജില്ലയിൽ വികസന പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ടോ;

(ബി) കേന്ദ്രസർക്കാർ ധനസഹായത്തോടെ പ്രവർത്തിക്കുന്ന പ്രസ്തുത പരിശീലന കേന്ദ്രം ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) ബാധകമല്ല.

### കെ.എസ്.ആർ.ആർ.ഡി.എ. ജീവനക്കാരുടെ പുതുക്കിയ വേതനം

215(3235) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.)-യിലെ ജീവനക്കാർക്കുള്ള വേതനം വർദ്ധിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ; ആയതിനുള്ള ചെലവ് സംസ്ഥാന സർക്കാർ വഹിക്കേണ്ടതുണ്ടോ;

(ബി) ഏത് വർഷം മുതൽ പുതുക്കിയ വേതനം നൽകി തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) വിഷയം സർക്കാർ പരിശോധിച്ചുവരുന്നു.

### കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിയിലെ നിയമനം

216(3236) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഗ്രാമീണ റോഡ് വികസന ഏജൻസിയിൽ 2018-ൽ നടത്തിയ വിജ്ഞാപനം വഴി ഏത് തസ്തികയിലേയ്ക്കുള്ള നിയമനമാണ് നടത്തിയത്;

(ബി) തസ്തികകളുടെ അടിസ്ഥാന യോഗ്യത എന്തായിരുന്നു;

(സി) ഏത് സ്വതന്ത്ര ഏജൻസിയാണ് ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുത്തത്;

(ഡി) എത്ര പേർക്ക് നിയമനം നൽകി;

(ഇ) പ്രസ്തുത നിയമനത്തിൽ ബന്ധുനിയമനങ്ങൾ ഉണ്ടായിട്ടുണ്ടെന്ന വിവാദം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

(എ) അക്രഡിറ്റഡ് എഞ്ചിനീയർ,ഓവർസിയർ എന്നീ തസ്തികകളിലേയ്ക്കാണ് അപേക്ഷ ക്ഷണിച്ചിട്ടുള്ളത്.

(ബി) അക്രഡിറ്റഡ് എഞ്ചിനീയർ-ബി.ടെക്. സിവിൽ എഞ്ചിനീയറിംഗ്, ഓവർസിയർ-3 വർഷത്തെ ഡിപ്ലോമ (സിവിൽ എഞ്ചിനീയറിംഗ്)

(സി) ഏജൻസികളെ ഏൽപ്പിച്ചിട്ടില്ല.

(ഡി & ഇ) ആർക്കും നിയമനം നൽകിയിട്ടില്ല.

## കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസിയിലെ കരാർ ജീവനക്കാർ

217(3237) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് റൂറൽ റോഡ്സ് ഡെവലപ്മെന്റ് ഏജൻസി (കെ.എസ്.ആർ.ആർ.ഡി.എ.)-യിൽ എത്ര കരാർ ജീവനക്കാരാണുള്ളത്; തസ്തിക തിരിച്ച് വിവരം ലഭ്യമാക്കാമോ;

(ബി) ജീവനക്കാരുടെ കരാർ അവസാനമായി പുതുക്കിയ തീയതി എന്നാണ്;

(സി) കരാർ പുതുക്കാതെ ജീവനക്കാർക്ക് വേതനം നൽകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ഡി.എ.-യിൽ കരാർ അടിസ്ഥാനത്തിൽ 4 ജീവനക്കാരാണുള്ളത്.

ഐ.റ്റി.നോഡൽ ഓഫീസർ-1

ഡാറ്റ എൻട്രി ഓപ്പറേറ്റർ-1

ക്ലാർക്ക് ടൈപ്പിസ്റ്റ്-1

ഓഫീസ് അസിസ്റ്റന്റ് -1

(ബി &സി) 31-12-2019 വരെയോ പ്രോജക്ട് അവസാനിക്കുന്നതുവരെയോ ഇതിൽ ഏതാണോ ആദ്യം എന്ന വ്യവസ്ഥയിൽ കരാർ സമർപ്പിച്ചിട്ടുണ്ട്.

## കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി

218(3238) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണലിന്റെ വിധി ന്യായത്തിന്റെ അടിസ്ഥാനത്തിൽ പുറപ്പെടുവിച്ചിട്ടുള്ള 19-6-15-ലെ സ.ഉ (സാധാ)നമ്പർ 1828/15/ തസ്വഭവ. ഉത്തരവ് ഗ്രാമവികസന വകുപ്പ് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഉത്തരവിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) പ്രസ്തുത ഉത്തരവ് അനുസരിച്ചിട്ടുള്ള നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ടവർക്ക് നിർദ്ദേശം നൽകുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പകർപ്പ് ഉള്ളടക്കം ചെയ്യുന്നു*.

(സി) ഗ്രാമവികസന കമ്മീഷണറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം പുനഃപരിശോധിച്ച് നിരസിച്ചിട്ടുള്ളതാണ്.

## വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തിക

219( 3239) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട്, തിരുവനന്തപുരം ജില്ലകളിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ റാങ്ക് ലിസ്റ്റിന്റെ കാലാവധി ഏത് വർഷം വരെയാണ് ; ഈ റാങ്ക് ലിസ്റ്റിൽ നിന്നുള്ള നിയമന വിവരങ്ങൾ ലഭ്യമാക്കാമോ;

(സി) പാലക്കാട്, തിരുവനന്തപുരം ജില്ലകളിലെ വി.ഇ.ഒ.-മാരുടെ തസ്തികയിൽ ഡെപ്യൂട്ടേഷൻ മുഖേനയോ വർക്കിംഗ് അറേഞ്ച്മെന്റിലോ വേക്കൻസി നികത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ അതിൻപ്രകാരം എത്ര പേർ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ഇ) ഈ ഒഴിവുകളിലേയ്ക്ക് പി.എസ്.സി. റാങ്ക് ലിസ്റ്റിൽനിന്ന് നിയമനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

(എഫ്) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി നിയമനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) റാങ്ക് ലിസ്റ്റ് നിലവിലുണ്ട്.

(ബി) (1) പാലക്കാട് ജില്ലയിൽ 16-6-2016 മുതൽ മൂന്ന് വർഷത്തേക്കാണ് റാങ്ക് ലിസ്റ്റ് നിലവിലുള്ളത്. ആയതിൽ 155 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(2) തിരുവനന്തപുരം ജില്ലയിൽ 12-4-2016 മുതൽ മൂന്ന് വർഷത്തേയ്ക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. ആതിൽ 59 പേർക്ക് നിയമനം നൽകിയിട്ടുണ്ട്.

(സി) ഇല്ല.

(എഫ്) ബാധകമല്ല.

## ഗ്രാമവികസനന വകുപ്പിലെ വി.ഇ.ഒ.-മാരുടെ ബൈട്രാൻസ്ഫർ നിയമനം

220(3240) <u>ശ്രീ. എം. ഉമ്മർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിൽ വി.ഇ.ഒ.-മാരായി ജോലി ചെയ്യുന്നവരിൽനിന്നും സഹകരണ വകുപ്പിലെ ഓഡിറ്റർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കുന്നതിനായി എത്ര വർഷം സർവ്വീസ് കഴിഞ്ഞവർക്കാണ് അപേക്ഷിക്കാൻ കഴിയുക; വിശദമാക്കാമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ വി.ഇ.ഒ. തസ്തികയിൽനിന്നും ബൈട്രാൻസ്ഫർ വഴി സഹകരണ വകുപ്പിൽ ഓഡിറ്റർ തസ്തികയിലേയ്ക്ക് പോയതിനെത്തുടർന്ന് വി.ഇ.ഒ.-മാരുടെ എത്ര ഒഴിവുകളാണ് നിലവിലുള്ളത് വിശദമാക്കാമോ;

(സി) തിരുവനന്തപുരം ജില്ലയിൽ വി.ഇ.ഒ. മാരുടെ സാംഗ്ഷൻഡ് സ്ട്രെംങ്ത്

എത്രയാണ് ; പ്രസ്തുത തസ്തികയിൽ എത്ര ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ഗ്രാമവികസന വകുപ്പിൽ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർമാരായി ജോലി ചെയ്യുന്നവരിൽനിന്നും സഹകരണ വകുപ്പിലെ ആഡിറ്റർ തസ്തികയിലേയ്ക്ക് ബൈട്രാൻസ്ഫർ മുഖേന നിയമനം ലഭിക്കുന്നതിനായി വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ തസ്തികയിൽ കുറഞ്ഞത് 5 വർഷം സർവ്വീസ് കഴിഞ്ഞവർക്കാണ് അപേക്ഷിക്കാൻ കഴിയുക.

(ബി) നിലവിൽ ഒഴിവില്ല.

(സി) 158. പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്യാത്ത ഒഴിവുകൾ നിലവിലില്ല.

(ഡി-എഫ്) ബാധകമല്ല.

**ഗ്രാമ വികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം**

221 (3241) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമ വികസന വകുപ്പിന്റെ ഒരു വികസന പരിശീലന കേന്ദ്രം (ഇ. ടി. സി) കോതമംഗലത്ത് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിൽ ഉണ്ടോ; വിശദമാക്കാമോ;

(ബി) ഇത് സംബന്ധിച്ച് ഗ്രാമ വികസന കമ്മീഷണർ എന്തെങ്കിലും റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഗ്രാമ വികസന വകുപ്പിലെ അധിക തസ്തികകൾ പുനർവിന്യസിച്ച് സർക്കാരിന് സാമ്പത്തിക ബാധ്യത വരാത്ത തരത്തിൽ, ഇടുക്കി, എറണാകുളം, കോട്ടയം ജില്ലക്കാർക്ക് പ്രയോജനം ലഭിക്കുന്നതുമായ, വികസന പരിശീലന കേന്ദ്രം കോതമംഗലത്ത് ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) കോതമംഗലത്ത് ഗ്രാമവികസന വകുപ്പിന്റെ പരിശീലന കേന്ദ്രം ആരംഭിക്കുന്നത് സംബന്ധിച്ച് 13-8-2013-ൽ ഗ്രാമവികസന കമ്മീഷണർ സമർപ്പിരുന്ന ശിപാർശ സർക്കാർ പരിശോധിക്കുകയും ആയത് നിരസിക്കുകയും ചെയ്തിട്ടുണ്ട്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**ബാലുശ്ശേരിയിലെ ഭക്ഷ്യ സംസ്കരണ കേന്ദ്രം**

222(3242) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി മണ്ഡലത്തിലെ ബാലുശ്ശേരിയിൽ ഗ്രാമ വികസന വകുപ്പിന്റെ കീഴിൽ പ്രവർത്തിച്ചുവരുന്ന ഭക്ഷ്യ സംസ്കരണ കേന്ദ്രത്തിൽ നിലവിൽ എത്ര സ്ഥിരം ജീവനക്കാരുണ്ടെന്നും ഇവരുടെ നിലവിലെ വേതനം എത്രയാണെന്നും അറിയിക്കാമോ;

(ബി) ഇവിടെ താല്ക്കാലിക ജീവനക്കാരെ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഏത് തസ്തികയിലാണ് നിയമിച്ചിട്ടുള്ളത് എന്ന് അറിയിക്കാമോ;

(സി) ഈ ഭക്ഷ്യ സംസ്കരണ കേന്ദ്രം നവീകരിക്കുന്നതിനെക്കുറിച്ച് ആലോചിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതൊക്കെ പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) 5.

| | |
|---|---|
| ഡയറക്ടർ -1 | 89,986 രൂപ |
| ടെക്നിക്കൽ | |
| അസിസ്റ്റന്റ് -1 | 42,748 രൂപ |
| വാച്ച്മാൻ -2 | 39,620 രൂപ |
| (19,810 രൂപ വീതം) | |
| പി.ടി.എസ് -1 | 10,868 രൂപ |
| ആകെ | 1,83,222 രൂപ |

(ബി) ഉണ്ട്.

ടെക്നിക്കൽ അസിസ്റ്റന്റ് -1

ലാബ് അസിസ്റ്റന്റ് -1

(സി) ഇപ്പോൾ പരിഗണനയിലില്ല.

## ഗ്രാമ വികസന വകുപ്പിന്റെ വികസന പരിശീലന കേന്ദ്രം

223(3243) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗ്രാമവികസന വകുപ്പിന്റെ ഒരു വികസന പരിശീലനകേന്ദ്രം (ഇ.ടി.സി.) എറണാകുളം ജില്ലയിൽ ആരംഭിക്കുന്നതിന് വേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പരിശീലന കേന്ദ്രം കഴിയുന്നത്രവേഗം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## അർബൻ 2020 പ്രോജക്ടിൽ ഡി.പി.ആർ. സമർപ്പിച്ച ഏജൻസികൾ

224 (3244) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.യു.ഡി.പി. മുഖേന നടപ്പിലാക്കുന്ന അർബൻ 2020 പ്രോജക്ടിൽ ഡി.പി.ആർ. സമർപ്പിച്ച ഏജൻസികൾ എത്രയെന്നും ഏതൊക്കെയാണെന്നും വ്യക്തമാക്കാമോ;

(ബി) ഡി.പി.ആർ. സമർപ്പിച്ച എല്ലാ ഏജൻസികൾക്കും കൺസൾട്ടൻസി ഫീസ് ലഭ്യമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ കൺസൾട്ടൻസി ഫീസ് ലഭ്യമാക്കിയിട്ടില്ലാത്ത ഏജൻസികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇവർക്കും അർഹമായ കൺസൾട്ടൻസി ഫീസ് ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) അർബൻ 2020 പ്രോജക്ടിൽ 4 ഏജൻസികളാണ് കരട് ഡി.പി.ആർ.-കൾ തയ്യാറാക്കി സമർപ്പിച്ചത്. അവ KITCO, GITPAC, ISA, N.K. Buildcon എന്നിവയാണ്.

(ബി-ഡി) കരാർ പ്രകാരം ബാങ്ക് ഗ്യാരണ്ടി സമർപ്പിച്ച എല്ലാ ഏജൻസികൾക്കും ആദ്യ ഗഡുവായ 20% തുക കൺസൾട്ടൻസി ഫീസ് നൽകിയിട്ടുണ്ട്.

കൂടാതെ അർബൻ 2020 കൺസൾട്ടന്റുമാർക്ക് നൽകേണ്ട കൺസൾട്ടൻസി ഫീസ് അതത് നഗരസഭകൾ കൺസൾട്ടന്റുമാർ ഡി.പി ആർ. സമർപ്പിക്കുന്നമുറയ്ക്ക് നിയമാനുസരണം 2017-18, 2018-19 വാർഷിക പദ്ധതി വിഹിതത്തിൽ ഉൾപ്പെടുത്തി നൽകേണ്ടതാണെന്ന് തീരുമാനിച്ചിട്ടുണ്ട്.

**കിലയിലെ താൽക്കാലിക/കരാർ നിയമനങ്ങൾ**

225(3245) <u>ശ്രീ. അനിൽ അക്കര :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കിലയിൽ താൽക്കാലിക / കരാർ അടിസ്ഥാനത്തിൽ ഏതെല്ലാം തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട് ; അവരുടെ പേരുവിവരം വെളിപ്പെടുത്തുമോ;

(ബി) നിയമനം നൽകിയിട്ടുണ്ടെങ്കിൽ ആയത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നൽകിയിട്ടുള്ള ലിസ്റ്റ് പ്രകാരമാണോ; അല്ലെങ്കിൽ ആയതിന്റെ കാരണം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താൽക്കാലിക/കരാർ അടിസ്ഥാനത്തിൽ അടിസ്ഥാന തസ്തികകളിലേയ്ക്ക് നിയമനങ്ങൾ നൽകിയിട്ടില്ല. എന്നാൽ വിവിധ പ്രോജക്ടുകളുടെയും പരിശീലനങ്ങളുടെയും സുഗമമായ നടത്തിപ്പിനോടനുബന്ധിച്ച് ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ജോലി ചെയ്ത് വരുന്നവരുടെ പേരുവിവരം അനുബന്ധമായി* ചേർക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ

226(3246) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമവകുപ്പിന് കീഴിൽ നിലവിൽ എത്ര ന്യൂനപക്ഷ പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ; മുൻ സർക്കാരിന്റെ കാലത്ത് ആരംഭിച്ച ഏതെങ്കിലും കേന്ദ്രങ്ങൾ പ്രവർത്തനം അവസാനിപ്പിച്ചിട്ടുണ്ടോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി എത്ര കേന്ദ്രങ്ങൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഓരോ കേന്ദ്രത്തിലും നിലവിൽ എത്ര വിദ്യാർത്ഥികൾ വീതം പരിശീലനം നടത്തുന്നുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) മുൻവർഷങ്ങളെ അപേക്ഷിച്ച് പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ കാരണം എന്താണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലവിൽ 17 ന്യൂനപക്ഷ യുവജന പരിശീലന കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മുൻസർക്കാരിന്റെ കാലത്ത് ആരംഭിച്ച പരിശീലന കേന്ദ്രങ്ങളൊന്നും തന്നെ നിർത്തലാക്കിയിട്ടില്ല. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിലെ ആലത്തിയൂരിൽ ഒരു പരിശീലന കേന്ദ്രം പുതിയതായി ആരംഭിച്ചിട്ടുണ്ട്.

(ബി) നിലവിൽ ഓരോ പരിശീലന കേന്ദ്രത്തിലും റഗുലർബാച്ചിൽ 100 ഉദ്യോഗാർത്ഥികൾക്കും ഹോളിഡേ ബാച്ചിൽ 40 ഉദ്യോഗാർത്ഥികൾക്കും പ്രവേശനം നൽകിയിട്ടുണ്ട്.

(സി) മുൻ വർഷങ്ങളെ അപേക്ഷിച്ച് പരിശീലനം നടത്തുന്ന വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവുണ്ടായിട്ടില്ല.

## ന്യൂനപക്ഷക്ഷേമ പ്രവർത്തനങ്ങൾക്ക് ചെലവാക്കിയ തുക

247(3247) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി 2018-19 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2017-18 വർഷം സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി നീക്കിവച്ച തുക, അതിൽ ചെലവാക്കിയ തുക എന്നിവ എത്രയെന്ന് അറിയിക്കാമോ;

(സി) 2017-18 വർഷം ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കുവേണ്ടി കേന്ദ്ര ഫണ്ടായി എത്ര രൂപ ലഭിച്ചുവെന്നും അതിൽ എത്ര ചെലവാക്കിയെന്നും വെളിപ്പെടുത്തുമോ;

(ഡി) 2018-19 വർഷം ന്യൂനപക്ഷ ക്ഷേമ വകുപ്പ് നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രധാന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) 2018-19 വർഷം സംസ്ഥാന ബഡ്ജറ്റിൽ 10575 ലക്ഷം രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) 2017-18-വർഷം സംസ്ഥാന സർക്കാർ ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്കായി 9900 ലക്ഷം രൂപ നീക്കിവയ്ക്കുകയും അതിൽ 8236.02 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 2017-18-വർഷം സംസ്ഥാന ന്യൂനപക്ഷ ക്ഷേമ പ്രവർത്തനങ്ങൾക്ക് വേണ്ടി കേന്ദ്രഫണ്ടായി 546.64 ലക്ഷം രൂപ ലഭിക്കുകയും ആയത് പദ്ധതി നിർവ്വഹണത്തിനായി എല്ലാ ജില്ലകൾക്കും നൽകുകയും ചെയ്തിട്ടുണ്ട്.

(ഡി) വകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾക്കുപുറമേ 2018-19 സാമ്പത്തികവർഷം നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി, ന്യൂനപക്ഷ യുവജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി എന്നിവയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. കൂടാതെ ന്യൂനപക്ഷ വിഭാഗങ്ങളുടെ സമഗ്ര വികസനത്തിനായി മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് വാഴയൂർ വില്ലേജിൽ സഫി ക്യാമ്പസിൽ മൈനോറിറ്റി സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിനും ഉദ്ദേശിക്കുന്നു.

## ന്യൂനപക്ഷക്ഷേമ വകുപ്പ് നടത്തുന്ന പരിശീലന പരിപാടി

228 (3248) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് ഉദ്യോഗാർത്ഥികളുടെ നൈപുണ്യ

വികസനത്തിനായി നടത്തുന്ന പരിശീലന പരിപാടികൾ വിശദമാക്കുമോ; എന്തെല്ലാം പരിശീലനങ്ങളാണ് നൽകുന്നത്;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പരിശീലന കേന്ദ്രങ്ങളാണ് ഉള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ&ബി) ഉദ്യോഗാർത്ഥികൾക്ക് നൈപുണ്യ വികസനത്തിനായി പരിശീലന പരിപാടികൾ നടപ്പിലാക്കുന്നില്ല. എന്നാൽ ന്യൂനപക്ഷ വിഭാഗത്തിൽപ്പെട്ട യുവജനങ്ങളെ പി.എസ്.സി, യു.പി.എസ്.സി., ബാങ്കിംഗ് മുതലായ സ്ഥാപനങ്ങൾ നടത്തുന്ന മത്സര പരീക്ഷകൾക്ക് പ്രാപ്തരാക്കുന്നതിനായി പരിശീലനം നൽകിവരുന്നുണ്ട്. അതിൽ ഉദ്യോഗാർത്ഥികൾക്കായി ഭാഷാ വികസനം, മാത്തമാറ്റിക്കൽ സ്കിൽ എന്നിവ വികസിപ്പിക്കുന്നതിനുള്ള മോഡ്യൂൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

ഇത്തരത്തിൽ തിരുവനന്തപുരം ജില്ലയിൽ ഒരു പരിശീലനകേന്ദ്രവും മൂന്ന് ഉപകേന്ദ്രങ്ങളും പ്രവർത്തിച്ചുവരുന്നു.

## ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ

229(3249) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ന്യൂനപക്ഷങ്ങളുടെ ക്ഷേമത്തിനായി ഏതെങ്കിലും പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം താഴെപ്പറയുന്ന പുതിയ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. എസ്.എസ്.എൽ.സി., പ്ലസ് ടു വി.എച്ച്.എസ്.സി., ബിരുദ/ ബിരുദാനന്തര ബിരുദ തലങ്ങളിൽ ഉന്നത വിജയം നേടി ന്യൂനപക്ഷ വിഭാഗത്തിലെ സമർത്ഥരായ വിദ്യാർത്ഥികൾക്കുള്ള പ്രൊഫ.ജോസഫ് മുണ്ടശ്ശേരി സ്കോളർഷിപ്പ് അവാർഡ്.
2. വിധവ/വിവാഹബന്ധംവേർപെടുത്തിയ/ഉപേക്ഷിക്കപ്പെട്ട സ്ത്രീകൾക്കുള്ള ഇമ്പിച്ചിബാവ ഭവന പുനരുദ്ധാരണ പദ്ധതി.

3. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായവർക്ക് ചികിത്സാ ധനസഹായം

4. മദ്രസ്സ ക്ഷേമനിധിയിൽ അംഗങ്ങളായ വനിതകൾക്ക് പ്രസവാനുകൂല്യം.

കൂടാതെ 2018-19 വർഷം താഴെപ്പറയുന്ന മൂന്ന് പുതിയ പദ്ധതികൾക്കുകൂടി ഭരണാനുമതി നൽകിയിട്ടുണ്ട്.

1. നഴ്സിംഗ്/പാരാമെഡിക്കൽ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

2. സർക്കാർ/എയ്ഡഡ് പോളിടെക്നിക്കുകളിൽ മൂന്നുവർഷ ഡിപ്ലോമ കോഴ്സുകൾക്ക് പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് പദ്ധതി.

3. ന്യൂനപക്ഷ ജനതയ്ക്കായുള്ള വിവാഹപൂർവ്വ കൗൺസിലിംഗ് പദ്ധതി.

## കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ്

230 (3250) <u>ശ്രീ. പി. ഉബൈദുള്ള:</u>

<u>ശ്രീ. സി. മമ്മൂട്ടി:</u>

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വഖഫ് ബോർഡിന്റെ സഹകരണത്തോടെ മലപ്പുറം ജില്ലയിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡീസ് സ്ഥാപിക്കുന്ന നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണ്;വിശദാംശം നൽകുമോ;

(ബി) കേന്ദ്രം സ്ഥാപിക്കുന്നതിന് അനുയോജ്യമായ ഭൂമി കണ്ടെത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ആനക്കയം വില്ലേജിൽ വഖഫ് ബോർഡ് ഉടമസ്ഥതയിലുള്ള പുള്ളിയലങ്ങാടി പ്രദേശത്ത് പ്രസ്തുത കേന്ദ്രം സ്ഥാപിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) പ്രസ്തുത കേന്ദ്രം വഴി ന്യൂനപക്ഷ വിഭാഗങ്ങൾക്ക് എന്തെല്ലാം സേവനങ്ങളും ആനുകൂല്യങ്ങളുമാണ് ലഭിക്കുക; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ന്യൂനപക്ഷക്ഷേമ വകുപ്പിന്റെ കീഴിലാണ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൈനോറിറ്റി സ്റ്റഡി സെന്റർ ആരംഭിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നത്. ഇതിനായി 2018-19 സാമ്പത്തിക വർഷത്തിൽ രണ്ട് കോടി രൂപ ബഡ്ജറ്റിൽ അനുവദിച്ചിട്ടുണ്ട്. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി താലൂക്ക് വാഴയൂർ വില്ലേജിൽ സഫി കോളേജുകൾ സ്ഥിതി ചെയ്യുന്ന സഫി (Social Advancement Foundation of India) ക്യാമ്പസിലെ സ്ഥലത്ത്നിന്നും അഞ്ച് ഏക്കർ ഭൂമി നിർദ്ദിഷ്ട മൈനോറിറ്റി സ്റ്റഡി സെന്റർ സ്ഥാപിക്കുന്നതിന് ഏറ്റെടുക്കുന്നതിനായി ഉദ്ദേശിക്കുന്നു.

(സി) ന്യൂനപക്ഷങ്ങളുടെ സമഗ്ര വികസനത്തിനുതകുന്ന പഠനങ്ങളും പരിശീലനങ്ങളും, ഗവേഷണ പ്രവർത്തനങ്ങളും സെന്റർ വഴി നടത്തുവാനും വിഭാവനം ചെയ്യുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ന്യൂനപക്ഷ ക്ഷേമത്തിനായുള്ള പദ്ധതികൾ ആവിഷ്കരിക്കുക, കാലിക്കറ്റ് യൂണിവേഴ്സിറ്റിയുമായി ചേർന്ന് പി.ജി. പി.എച്ച്.ഡി. കോഴ്സുകൾ ആരംഭിക്കുക, ന്യൂനപക്ഷങ്ങളുടെ കല, സംസ്കാരം, ഭാഷ എന്നിവ പരിപോഷിപ്പിക്കുന്നതിനുള്ള പഠനങ്ങൾ നടത്തുക, മദ്രസ്സാ അദ്ധ്യാപകർ അടക്കമുള്ള മത അദ്ധ്യപകർക്ക് പരിശീലനം, ഡിപ്ലോമ കോഴ്സുകൾ, ഷോർട്ട് ടേം ട്രെയിനിംഗ് പ്രോഗ്രാം എന്നിവ നടത്തുവാൻ ഉദ്ദേശിക്കുന്നു. ന്യൂനപക്ഷങ്ങളുടെ സാമൂഹിക നിലവാരം അറിയുന്നതിനുള്ള സാമ്പത്തിക/ വിദ്യാഭ്യാസ/ ആരോഗ്യ/ തൊഴിൽ സർവ്വേകൾ നടത്തുവാനും ഉദ്ദേശിക്കുന്നു.

## കണ്ണോത്ത് ഗവ. എൽ.പി. സ്കൂളിന്റെ സ്ഥലം വിട്ടുകൊടുക്കൽ നടപടി

231(3251) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് വളരെക്കാലമായി പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് എൽ.പി.സ്കൂളിന്റെ വികസനത്തിനായി ഒരു വ്യക്തി വിട്ടുകൊടുത്ത ഭൂമി വഖഫ് ബോർഡിന്റെ കീഴിലേയ്ക്ക് മാറ്റപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സ്കൂളിനായി വിട്ടുകൊടുത്ത പ്രസ്തുത സ്ഥലം വഖഫിന്റെ കീഴിലേയ്ക്ക് എന്നുമുതലാണ് വന്നതെന്നും എപ്രകാരമാണ് വന്നതെന്നുമുള്ള വിവരം നൽകാമോ;

(സി) ഏറെ അസൗകര്യങ്ങളോടെ പ്രവർത്തിക്കുന്ന പ്രസ്തുത സ്കൂളിന്റെ വികസനത്തിന് പല തടസ്സങ്ങളും ഉള്ളതിനാൽ സ്കൂൾ സ്ഥിതിചെയ്യുന്ന സ്ഥലം വഖഫിൽനിന്നും സ്കൂളിനായി വിട്ടുകൊടുക്കാൻ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) തൃശ്ശൂർ ജില്ലയിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ കണ്ണോത്ത് പ്രവർത്തിച്ചുവരുന്ന ഗവൺമെന്റ് എൽ.പി.സ്കൂളിനായി വ്യക്തി വിട്ടുകൊടുത്ത ഭൂമി വഖഫ് ബോർഡിന്റെ കീഴിലേയ്ക്ക് മാറ്റപ്പെട്ടിട്ടില്ല. കണ്ണോത്ത് ജമാഅത്ത് പള്ളിക്കുവേണ്ടി കണ്ണോത്ത് ഇസ്സത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റി പ്രസിഡന്റിന്റെ പേർക്ക് മുല്ലശ്ശേരി എസ്.ആർ.ഒ.-യിലെ 1311/1991, 1621/94 എന്നീ നമ്പർ ആധാരങ്ങൾ പ്രകാരം വഖഫ് ചെയ്തിട്ടുള്ള സർവ്വെ നമ്പർ 133/3-ൽപ്പെട്ട 81 സെന്റ് വസ്തുവിൽ 2,000 രൂപ വാടകയ്ക്കാണ് കണ്ണോത്ത് ഗവൺമെന്റ് എൽ.പി. സ്കൂൾ പ്രവർത്തിച്ചുവരുന്നത്. പ്രസ്തുത വസ്തു ഒരുകാലത്തും ഗവൺമെന്റ് എൽ.പി. സ്കൂളിന്റെ വികസനത്തിനായി വിട്ടുകൊടുത്തിട്ടില്ല. മറിച്ച് മതപരവും ധാർമ്മികവുമായ പ്രവൃത്തികൾ ചെയ്യുന്നതിനും ഇസ്സത്തുൽ ഇസ്ലാം ജമാഅത്ത് കമ്മിറ്റി നിയമാവലിയിൽ പറയുന്ന കാര്യങ്ങൾ ചെയ്യുന്നതിനായും വഖഫ് ചെയ്തിട്ടുള്ളതാണ്.

(സി) വഖഫ് വസ്തു കൈമാറ്റം ചെയ്യുന്നതിനും അന്യാധീനപ്പെടുത്തുന്നതിനും വഖഫ് നിയമ പ്രകാരം അനുവദനീയമല്ല. വഖഫ് ആക്ട് സെക്ഷൻ 51 പ്രകാരം പ്രസ്തു നടപടികൾ തടഞ്ഞിട്ടുള്ളതാണ്. എന്നാൽ ഒരു പൊതു ആവശ്യത്തിനായി അനുയോജ്യമായ മറ്റ് വസ്തുക്കൾ ഒന്നുമില്ലെങ്കിൽ നിലവിലുള്ള ലാൻഡ് അക്വിസിഷൻ നിയമപ്രകാരം ടി വസ്തു വഖഫ് ബോർഡുമായി കൂടിയാലോചിച്ച് സർക്കാരിന് ഏറ്റെടുക്കാവുന്നതാണ്.

**ഹജ്ജ് വോളന്റിയർമാർ**

232 (3252) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ ഹജ്ജുമായി ബന്ധപ്പെട്ട് ഹജ്ജ് വോളന്റിയർമാരെ തെരഞ്ഞെടുത്തിട്ടുണ്ടോ;

(ബി) എങ്കിൽ ഇവരെ തെരഞ്ഞെടുത്തത് എപ്രകാരമാണെന്നും അതിനുള്ള മാനദണ്ഡം എന്താണെന്നും വിശദീകരിക്കുമോ;

(സി) തെരഞ്ഞെടുക്കപ്പെട്ടവരുടെ വിശദ വിവരം നൽകുമോ?

ഉത്തരം

(എ) അപേക്ഷകരിൽനിന്നും ഇന്റർവ്യൂവിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട ഹജ്ജ് വോളന്റിയർമാരെ കേന്ദ്ര ഹജ്ജ് കമ്മിറ്റിയ്ക്ക് നോമിനേറ്റ് ചെയ്തിട്ടുണ്ട്.

(ബി) കേന്ദ്ര ഹജ്ജ് കമ്മിറ്റിയുടെ 5-3-18-ലെ സർക്കുലർ നമ്പർ 14/2018 (Ref:HC-18/01/2018/4655) പ്രകാരമുള്ള മാർഗ്ഗ നിർദ്ദേശങ്ങളുടെയും മാനദണ്ഡത്തിന്റെയും അടിസ്ഥാനത്തിലാണ് ഹജ്ജ് വോളന്റിയർമാരെ നോമിനേറ്റ് ചെയ്തിട്ടുള്ളത്.

(സി) തെരഞ്ഞെടുക്കപ്പെട്ടവരുടെ അന്തിമലിസ്റ്റ് കേന്ദ്ര ഹജ്ജ് കമ്മിറ്റി അംഗീകരിച്ച് ലഭ്യമാക്കിയിട്ടില്ല.

## ഹജ്ജ് കമ്മിറ്റി ഓഫീസ് ജീവനക്കാരുടെ ശമ്പള സ്കെയിൽ പരിഷ്കരണം

233( 3253) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ഹജ്ജ് കമ്മിറ്റി ഓഫീസിൽ സ്ഥിരം ജീവനക്കാരായി എത്ര പേരാണുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവർക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ശമ്പള സ്കെയിൽ എത്ര വീതമാണ്;

(സി) ഇവരുടെ ശമ്പള സ്കെയിൽ പരിഷ്കരിക്കുന്നതിനും പ്രൊബേഷൻ ഡിക്ലെയർ ചെയ്യുന്നതിനും അനുമതി നൽകുന്നതിന് സംസ്ഥാന ഹജ്ജ് കമ്മിറ്റി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഈ ആവശ്യം ഉന്നയിച്ചുകൊണ്ടുള്ള ഹജ്ജ് കമ്മിറ്റിയുടെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചത് എന്നാണ്;

(ഡി) എഫ്3/385/2017 /ഹോം ഫയലിൽ ഇതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ ഫയലിൽ തീരുമാനമെടുക്കാൻ കാലതാമസം വരാനിടയാക്കിയ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) 2 പേർ.

(ബി) (1) ഡാറ്റാ എൻട്രി ഓപ്പറേറ്റർ -9190-15780

(2) അറ്റൻഡന്റ് -8730-13540.

(സി) ഉണ്ട്. ഹജ്ജ് കമ്മിറ്റി എക്സിക്യൂട്ടീവ് ഓഫീസറിന്റെ പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചത് 14-12-17-ൽ ആണ്.

(ഡി) ഈ വിഷയത്തിൽ ആദ്യം ധനകാര്യ വകുപ്പുമായി കൂടിയാലോചന നടത്തുകയും നിയമനം ക്രമീകരിക്കുന്നത് സംബന്ധിച്ച വിഷയമാകയാൽ ടി വകുപ്പിന്റെ അഭിപ്രായപ്രകാരം തുടർന്ന് പ്രസ്തുത ഫയൽ ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിലേയ്ക്ക് അയയ്ക്കുകയും ചെയ്തു. കേരള സംസ്ഥാന ഹജ്ജ് കമ്മിറ്റിക്ക് ബാധകമായ വ്യവസ്ഥകൾ (റൂൾസ് ആൻഡ് റെഗുലേഷൻസ്) പ്രകാരം പരിശോധിച്ച് ജീവനക്കാരുടെ നിയമനം ക്രമീകരിക്കുന്നതു സംബന്ധിച്ച് ഉചിതമായ തീരുമാനം കൈക്കൊള്ളാവുന്നതാണെന്ന് ടി വകുപ്പ് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചുവരികയാണ്. നിയമപ്രകാരമുള്ള പരിശോധനയും നടപടിക്രമങ്ങളും പൂർത്തിയാക്കിയ ശേഷമേ ഇക്കാര്യത്തിൽ അന്തിമ തീരുമാനം കൈക്കൊള്ളാനാവൂ.

## വിഴിഞ്ഞം തുറമുഖ പദ്ധതി

234(3254) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യത്തിന് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിഴിഞ്ഞം തുറമുഖ പദ്ധതി അന്വേഷിക്കാൻ സർക്കാർ രൂപീകരിച്ച ജസ്റ്റിസ് രാമചന്ദ്രൻ കമ്മീഷന്റെ പ്രവർത്തനത്തിനായി മേയ് 2018 വരെ എത്ര തുക ചെലവാക്കി എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

ജസ്റ്റിസ് (റിട്ട.) സി. എൻ. രാമചന്ദ്രൻ കമ്മീഷന്റെ പ്രവർത്തനത്തിനായി 2018 മേയ് വരെ ആകെ 3700027 (മുപ്പത്തിയേഴ് ലക്ഷത്തി ഇരുപത്തിയേഴ് രൂപ മാത്രം) ചെലവഴിച്ചിട്ടുണ്ട്.

## വിഴിഞ്ഞം തുറമുഖ പദ്ധതി ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം

235(3255) <u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. കെ. സി. ജോസഫ്:</u>
<u>ശ്രീ. ഷാഫി പറമ്പിൽ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖ പദ്ധതി സംബന്ധിച്ച കംപ് ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഓഫ് ഇന്ത്യയുടെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ സർക്കാർ രൂപീകരിച്ച ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം ഏത് ഘട്ടത്തിലാണ് ;

(ബി) പ്രസ്തുത കമ്മീഷന്റെ പ്രവർത്തനവുമായി സർക്കാർ സഹകരിക്കുന്നില്ലായെന്ന ആക്ഷേപം കമ്മീഷൻ തന്നെ ഉന്നയിക്കുവാനുണ്ടായ സാഹചര്യം എന്താണ്; വിശദീകരിക്കുമോ;

(സി) കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിൽ വ്യക്തത വരുത്തണമെന്ന ആവശ്യത്തിന്റെ അടിസ്ഥാനത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) വളരെ പ്രാധാന്യം നൽകി രൂപീകരിച്ച കമ്മീഷന് സഹകരണം നൽകാതെ കമ്മീഷനെ തന്നെ നിർജ്ജീവമാക്കുന്ന നടപടികൾ സർക്കാർ ഭാഗത്ത്നിന്നും ഉണ്ടാകുന്നതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കമ്മീഷൻ ബന്ധപ്പെട്ട കക്ഷികൾക്ക് നോട്ടീസ് അയയ്ക്കുകയും, കക്ഷികളിൽനിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ 2018 ഫെബ്രുവരി മുതൽ തുടർച്ചയായി തെളിവെടുപ്പ് (sitting) നടത്തിക്കൊണ്ടിരിക്കുകയുമാണ്. കൂടാതെ ചെയർമാനും കമ്മീഷൻ അംഗങ്ങളും രണ്ട് തവണ പദ്ധതി പ്രദേശം സന്ദർശിച്ച് നേരിട്ട് പ്രവർത്തനങ്ങൾ വിലയിരുത്തുകയും ചെയ്തിട്ടുണ്ട്. കമ്മീഷൻ ഓഫീസിന് പുറമേ പ്രദേശവാസികളുടെ അപേക്ഷ പരിഗണിച്ച് തിരുവനന്തപുരത്ത് വച്ചും തെളിവെടുപ്പ് നടത്തുകയുണ്ടായി. കമ്മീഷന്റെ പ്രവർത്തനങ്ങൾ ഇപ്പോൾ ഊർജ്ജിതമായി നടന്നുകൊണ്ടിരിക്കുകയുമാണ്.

(ബി) കമ്മീഷൻ അത്തരത്തിൽ ആക്ഷേപം ഉന്നയിച്ചിട്ടില്ല.

(സി) കമ്മീഷന്റെ പരിഗണനാ വിഷയങ്ങളിൽ ഭേദഗതി വരുത്തുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. കരട് വിജ്ഞാപനം സർക്കാർ പരിശോധിച്ച് വരികയാണ്.

(ഡി) പൂർണ്ണതോതിലുള്ള സഹകരണമാണ് സർക്കാർ നൽകിവരുന്നത്.

**വിഴിഞ്ഞം തുറമുഖം**

236(3256) <u>ശ്രീ. കെ. വി. വിജയദാസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം തുറമുഖം എന്ന് കമ്മീഷൻ ചെയ്യുവാനാണ് ഉദ്ദേശിച്ചിരിക്കുന്നത്; വിശദവിവരം നൽകുമോ;

(ബി) ഇത് സംബന്ധിച്ച പ്രവർത്തനം സമയബന്ധിതമായി നടത്തുന്നുവെന്ന് ഉറപ്പുവരുത്തുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതി 1460 ദിവസം (4 വർഷം) കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് 2019 ഡിസംബർ മാസം 5-ാം തീയതി വാണിജ്യാടിസ്ഥാനത്തിലുള്ള പ്രവർത്തനം ആരംഭിക്കുമെന്നാണ് കൺസഷൻ കരാറിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത്. എന്നാൽ നിർമ്മാണം 1000 ദിവസംകൊണ്ട് പൂർത്തീകരിക്കുമെന്ന് കരാറുകാരായ അദാനി വിഴിഞ്ഞം പോർട്ട് പ്രൈവറ്റ് ലിമിറ്റഡ് കമ്പനി (AVPPL) വാഗ്ദാനം ചെയ്തിരുന്നു. അപ്രതീക്ഷിതമായ ചില പ്രയാസങ്ങൾ നിർമ്മാണ പുരോഗതിയെ തടസ്സപ്പെടുത്തിയതുകൊണ്ട് 1000 ദിവസം കൊണ്ട് (കരാർ കാലാവധിക്ക് മുമ്പ്) നിർമ്മാണം പൂർത്തീകരിക്കുന്ന കാര്യത്തിൽ ചില പ്രയാസങ്ങൾ ഉണ്ടായിട്ടുണ്ട്. അതേസമയം, കരാറിൽ വ്യവസ്ഥ ചെയ്ത സമയത്ത് തന്നെ നിർമ്മാണം പൂർത്തീകരിക്കാനുള്ള തീവ്രശ്രമമാണ് തടത്തുന്നത്.

(ബി) വിഴിഞ്ഞം തുറമുഖ പദ്ധതി പൂർത്തിയാക്കുന്നതിനുവേണ്ടി നിർമ്മാണ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനായി ഒരു സ്വതന്ത്ര ചുമതലയുള്ള എഞ്ചിനീയറെ നിയമിക്കുകയും പദ്ധതിയുടെ സുഗമമായ നടത്തിപ്പിനുവേണ്ടിയുള്ള തീരുമാനങ്ങൾ കൈക്കൊള്ളുന്നതിനായി ചീഫ് സെക്രട്ടറി അദ്ധ്യക്ഷനായ ഒരു Project Implementation committee യേയും കരാറിനെ സംബന്ധിക്കുന്ന വിഷയങ്ങൾ നിരീക്ഷിക്കുന്നതിന് ഒരു Empowered Committee യേയും നിയമിച്ചിട്ടുണ്ട്. പദ്ധതിക്കാവശ്യമായ ബാക്കി ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. അതുപോലെ തുറമുഖ പ്രവർത്തനങ്ങൾക്ക് ആവശ്യമായ വെള്ളം എത്തിക്കുന്നതിനുള്ള പ്രോജക്ട് പൂർത്തിയായി വൈദ്യുതി എത്തിക്കുന്നതിനുള്ള ജോലികൾ പുരോഗമിക്കുന്നു. റെയിൽ നിർമ്മാണത്തിന് കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള Konkan Rail Corporation (KRCL) -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ നിർമ്മാണം

237(3257) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖനിർമ്മാണവുമായി ബന്ധപ്പെട്ട കാലതാമസത്തിന് പിഴ ചുമത്തുന്നതിനുള്ള സർക്കാർ തീരുമാനത്തിനെതിരെ നിർമ്മാണച്ചുമതലയുള്ള കമ്പനി എന്തെങ്കിലും അഭിപ്രായം അറിയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ബി) നിർമ്മാണച്ചുമതലയുള്ള കമ്പനിയ്ക്ക് പദ്ധതി അടിയന്തരമായി തീർപ്പാക്കുന്നതിന് സർക്കാരിന്റെ ഭാഗത്തുനിന്നും ചെയ്തുകൊടുക്കേണ്ട എല്ലാ സൗകര്യങ്ങളും ചെയ്തു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഏതെല്ലാം കാര്യങ്ങളിലാണ് സർക്കാർ ചുമതലകൾ പൂർണ്ണമായും ചെയ്തുകൊടുക്കാൻ കഴിയാത്തത്;വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) വിഴിഞ്ഞം തുറമുഖവുമായി ബന്ധപ്പെട്ട കൺസഷൻ കരാർ പ്രകാരം നിർമ്മാണപുരോഗതി വിലയിരുത്തുന്നതിനായി നിഷ്കർഷിച്ചിട്ടുള്ള 2-ാം നാഴികക്കല്ല് (2nd milestone) പ്രകാരം പദ്ധതി ചെലവിന്റെ 25%, 24-10-2017-ന് മുമ്പ് ചെലവഴിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിരുന്നു. ഇത് പ്രകാരം അദാനി കമ്പനി സമർപ്പിച്ച് ചെലവ് കണക്കുകൾ വിഴിഞ്ഞം തുറമുഖ കമ്പനി (VISL) വിലയിരുത്തുകയും, അദാനി കമ്പനി അവകാശപ്പെട്ട താഴെപ്പറയുന്ന ചെലവുകൾ ഒഴിവാക്കാൻ നിർദ്ദേശിക്കുകയുമുണ്ടായി. ഇപ്രകാരം ചെലവുകൾ ഒഴിവാക്കിയപ്പോൾ നിശ്ചിത തുക ചെലവഴിക്കാത്തതിനാൽ അദാനി തുറമുഖ കമ്പനിയിൽ നിന്ന് നഷ്ടപരിഹാരം ആവശ്യപ്പെടുകയാണുണ്ടായത്. ഇത് പുനഃപരിശോധിക്കാൻ അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. ഇവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | 2-ാം നാഴികകല്ല് കണക്കാക്കുന്നതിൽനിന്നും VISL ഒഴിവാക്കിയ ഇനങ്ങൾ | അദാനി കമ്പനിയുടെ മറുപടി |
|---|---|---|
| 1 | സർക്കാർ മുതൽ മുടക്കിൽ നിർമ്മിക്കുന്ന പുലിമുട്ട് നിർമ്മാണത്തിന് ചെലവാക്കിയ തുക | പുലിമുട്ട് നിർമ്മാണം കൺസഷൻ കരാറിൽ ഉൾപ്പെട്ടിട്ടുള്ള ഇനമായതിനാൽ ഈ ഇനത്തിൽ ചെലവഴിച്ച തുക ഒഴിവാക്കാൻ പാടില്ല. |
| 2 | ഡ്രഡ്ജറുകൾ വാങ്ങുന്നതിന് അദാനി കമ്പനി നൽകിയ മുൻകൂർ പണം (ഈ ഡ്രഡ്ജറുകൾ വാങ്ങേണ്ടതില്ലെന്ന് പിന്നീട് അദാനി കമ്പനി തീരുമാനിക്കുകയുണ്ടായി) | 2-ാം നാഴികകകല്ല് വിലയിരുത്തേണ്ട തീയതിയിൽ ഡ്രഡ്ജറുകൾ വാങ്ങുന്നതിനുള്ള മുൻകൂർ പണം ചെലവഴിച്ചതിനാൽ ആയത് ഉൾപ്പെടുത്തേണ്ടതാണ് |
| 3 | ടഗ്ഗുകൾ വാങ്ങാനായി ധനകാര്യ സ്ഥാപനത്തിൽ നിന്നും ലഭിച്ച Letter of Credit (L/C) | ടഗ്ഗുകൾ വാങ്ങുന്നതിനായി HOWE കമ്പനി, ഒരു ജപ്പാൻ കമ്പനിയുമായി കരാറിൽ ഏർപ്പെടുകയും Letter of Credit എടുക്കുകയും ചെയ്തതിനാൽ ടി കടമെടുപ്പ് കരാറിന്റെ ഖണ്ഡിക 9.2 പ്രകാരം പിൻവലിക്കാൻ കഴിയാത്ത കടമായി കണക്കാക്കി കൺസഷൻ കരാറിലെ പട്ടിക ജി- യിൽ പറയുന്ന " ചെലവഴിച്ച" തുകയായി കണക്കാക്കണമെന്ന് അദാനി കമ്പനി ആവശ്യപ്പെട്ടിട്ടുണ്ട്. |

(ബി) പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് നിർമ്മാണ ചുമതലയുള്ള കമ്പനി കരാർ പ്രകാരം സർക്കാർ നൽകേണ്ട എല്ലാ സഹായങ്ങളും ചട്ടങ്ങൾക്കുള്ളിൽ നിന്നുകൊണ്ട് സർക്കാർ ചെയ്തുകൊടുത്തിട്ടുണ്ട്. ഇതുകൂടാതെ നിർമ്മാണ കമ്പനി നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ആവശ്യമായ സഹായങ്ങൾ സർക്കാർ നൽകുന്നുണ്ട്.

**തുറമുഖ വികസന പദ്ധതി**

238(3258) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശ കപ്പൽ ഗതാഗത പദ്ധതി നടപ്പിലാക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഈ പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങൾ വികസിപ്പിക്കുന്ന പദ്ധതിയിൽ ഇതിനകം നടത്തിയ പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(സി) അഴീക്കൽ തുറമുഖ വികസനത്തിന് കിഫ്ബിയിൽനിന്നും ഇതിനകം എന്ത് തുക അനുവദിച്ചു; അതിനായി സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) ആലപ്പുഴ തുറമുഖം മറീനയായി വികസിപ്പിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച്സ്റ്റാക്കർ. വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാംഘട്ട വികസനത്തിന്റെ ഭാഗമായി 20 കോടി രൂപ മുതൽമുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടി-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് തീരദേശകപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി കണ്ടെയ്നർ ഹാൻഡ്ലിംഗ്

ആരംഭിച്ചിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക/ സാങ്കേതിക സാദ്ധ്യതാപഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗതം വർദ്ധിപ്പിക്കുന്നതിനായി ഈ വർഷം മുതൽ കേരളത്തിലെ ചെറുകിട തുറമുഖങ്ങളിൽ കൈകാര്യം ചെയ്യുന്ന ചരക്കുകൾക്കുള്ള ഇൻസെന്റീവ് മെട്രിക് ടണ്ണിന് 3 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. അഴീക്കൽ തുറമുഖം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർ പ്രവർത്തനങ്ങൾക്ക് കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(സി) അഴീക്കൽ തുറമുഖം സർക്കാരിന്റെ പ്രത്യേക നിക്ഷേപ പദ്ധതിയായ കിഫ്ബിയിൽ ഉൾപ്പെടുത്തി വികസിപ്പിക്കുന്നതിന് 496 കോടി രൂപയുടെ ഭരണാനുമതി നൽകുകയും തുടർ പ്രവർത്തനങ്ങൾക്ക് അഴീക്കൽ പോർട്ട് ലിമിറ്റഡ് എന്ന കമ്പനി രൂപീകരിക്കുകയും വിശദമായ പദ്ധതിരേഖ തയ്യാറാക്കൽ, environment study എന്നിവയ്ക്കായി ടെക്നിക്കൽ കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) ആലപ്പുഴ മറീനയുടെ നിർമ്മാണ പാരിസ്ഥിതിക പഠനം നടന്നുവരുന്നു. കേരള സംസ്ഥാന പൊല്യൂഷൻ കൺട്രോൾ ബോർഡിന്റെ പബ്ലിക് ഹിയറിംഗ് ആലപ്പുഴ കളക്ടറുടെ സാന്നിദ്ധ്യത്തിൽ പൂർത്തീകരിച്ചുകഴിഞ്ഞു. CRZ-ന്റെയും, SEIAA-യുടേയും അംഗീകാരം ലഭ്യമാക്കാനുള്ള നടപടികൾ കൺസൾട്ടന്റായ മെസേഴ്സ്-കിറ്റ്കോ മുഖാന്തരം നടപ്പിലാക്കിവരുന്നു.

**തുറമുഖങ്ങളെ മറ്റ് ഗതാഗതമാർഗ്ഗങ്ങളുമായി ബന്ധിപ്പിക്കൽ**

239(3259) ശ്രീ. ചിറ്റയം ഗോപകുമാർ :
ശ്രീമതി സി. കെ. ആശ :
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ :
ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന തുറമുഖങ്ങളെ ഉൾനാടൻ ജലഗതാഗത പാതയുമായി ബന്ധിപ്പിക്കുന്നതിന് നീക്കമുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) ഏതൊക്കെ തുറമുഖങ്ങളെയാണ് ഉൾനാടൻ ജലഗതാഗതപാതയുമായി ബന്ധപ്പെടുത്തുന്നതെന്നും അത് എത്ര ഘട്ടമായി നടപ്പാക്കുമെന്നും വ്യക്തമാക്കുമോ;

(സി) ചെറുകിട തുറമുഖങ്ങളെ ദേശീയപാതയുമായും, റെയിൽവേ സ്റ്റേഷനുകളുമായും ബന്ധിപ്പിക്കുന്നതിന് നീക്കമുണ്ടോ; എങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കേരളത്തിൽ ചെറുകിട തുറമുഖങ്ങൾ വഴി തീരദേശ കപ്പൽ ഗതാഗത പദ്ധതി തുറമുഖ വകുപ്പ് നടപ്പിലാക്കിവരുന്നു. തീരദേശപാതയേയും ഉൾനാടൻ ജലപാതയേയും ബന്ധിപ്പിച്ച് കേരളത്തെ ഒരു മൾട്ടി മോഡൽ ഹബ്ബ് ആക്കി മാറ്റാനാണ് ഉദ്ദേശിക്കുന്നത്.

(ബി) കായംകുളം, കൊടുങ്ങല്ലൂർ തുറമുഖങ്ങൾ നിലവിലെ ദേശീയ ജലപാത-3-യുമായി വളരെ അടുത്താണ് സ്ഥിതിചെയ്യുന്നത്. മേൽതുറമുഖങ്ങളെ River sea Terminal ആയി വികസിപ്പിച്ച് തീരദേശ ഉൾനാടൻ ജലപാതകളെ ബന്ധിപ്പിക്കുന്ന പദ്ധതി പരിഗണനയിലുണ്ട്. തീരദേശ/ഉൾനാടൻ ജലപാതകൾ വഴിയുള്ള ചരക്കുനീക്കം കാര്യക്ഷമമാകുന്നതോടെ മേൽവികസനം വിശദമായ പദ്ധതി രേഖയുടെ അടിസ്ഥാനത്തിൽ ഘട്ടംഘട്ടമായി പൂർത്തീകരിക്കുന്നതാണ്.

(സി) ഉണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിലെ റോഡ്/റെയിൽ ബന്ധം വികസിപ്പിക്കുന്നതിന് സാദ്ധ്യതാപഠനവും വിശദമായ പദ്ധതിരേഖയും തയ്യാറാക്കുന്നതിന് കേന്ദ്ര ഷിപ്പിംഗ് മന്ത്രാലയത്തിന്റെ കീഴിലുള്ള Indian Port Rail Corporation Ltd(IPRCL)- നെ സംസ്ഥാന സർക്കാർ സമീപിച്ചിട്ടുണ്ട്. ഐ.പി.ആർ.സി.എൽ ഉദ്യോഗസ്ഥർ അഴീക്കൽ ബേപ്പൂർ തുറമുഖങ്ങൾ സന്ദർശിച്ച് മേൽ പ്രവൃത്തിയുമായി ബന്ധപ്പെട്ട് സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചു വരികയാണ്. കൊല്ലം തുറമുഖത്തെ റോഡ്/റെയിൽ സൗകര്യം മെച്ചപ്പെടുത്തുന്നതിനുള്ള സാദ്ധ്യതാപഠനവും IPRCL മുഖാന്തരം നടത്തുന്നതാണ്.

**ജലവാഹനങ്ങളുടെ രജിസ്ട്രേഷൻ**

240(3260) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവാഹനങ്ങളുടെ രജിസ്ട്രേഷൻ സംബന്ധിച്ച് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ നടത്തിയ യോഗത്തിൽ എന്തൊക്കെ തീരുമാനങ്ങൾ എടുത്തു; പ്രസ്തുത യോഗത്തിന്റെ മിനിറ്റ്സ് ലഭ്യമാക്കുമോ;

(ബി) ജലവാഹനങ്ങളുടെ സുരക്ഷ ഉറപ്പാക്കുന്നതിന് കേരള ഇൻലാൻഡ് വെസ്സൽസ് റൂൾസിൽ ആവശ്യമായ ഭേദഗതി നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(സി) സംസ്ഥാനത്ത് രജിസ്റ്റർ ചെയ്തിട്ടുള്ള ജലവാഹനങ്ങൾ എത്ര എണ്ണമുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ) യോഗത്തിന്റെ നടപടിക്കുറിപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) കേരളാ ഇൻലാൻഡ് വെസ്സൽ നിയമത്തിൽ ആവശ്യമായ ഭേദഗതി വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) കേരളത്തിൽ ആകെ 2635 ജലവാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. അവയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

ഹൗസ്ബോട്ട്-810

പാസഞ്ചർ വെസ്സൽ-1504

ശിക്കാര -238

ഫെറി-40

ലിക്വിഡ് കാർഗോ-10

കാർഗോ വെസ്സൽ-19

ഡ്രഡ്ജർ-14.

## കൊല്ലം തുറമുഖത്തുനിന്നും യാത്രാകപ്പൽ സർവ്വീസ്

241( 3261) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തുനിന്നും ഫലപ്രദമായി യാത്രാ കപ്പൽ സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) കൊല്ലം തുറമുഖത്തുനിന്നും ലക്ഷദ്വീപിലേയ്ക്ക് യാത്രാക്കപ്പൽ സർവ്വീസ് ആരംഭിക്കുന്നത് സംബന്ധിച്ച് ലക്ഷദ്വീപ് ഭരണകൂടവുമായി ചർച്ച നടത്തിയിട്ടുണ്ടോ; ഇതിനായി ധാരണാപത്രം ഒപ്പുവെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) അന്താരാഷ്ട്ര കപ്പൽ ചാലിന് സമീപം സ്ഥിതിചെയ്യുന്ന കൊല്ലം തുറമുഖത്ത് കപ്പലുകൾക്ക് നങ്കൂരമിടാൻ ബങ്കറിംഗ് സംവിധാനം ഒരുക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; പ്രസ്തുത സംവിധാനം തുറമുഖ വികസനത്തിന് സഹായകരമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) കൊല്ലം തുറമുഖത്ത്നിന്നും മിനിക്കോയിയിലേയ്ക്ക് യാത്രാകപ്പൽ സർവ്വീസ് ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ലക്ഷദ്വീപിൽ ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുന്നതിന് തുറമുഖ ഡയറക്ടറുടെ നേതൃത്വത്തിലുള്ള ഉദ്യോഗസ്ഥ സംഘത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇത് സംബന്ധിച്ച സാധ്യതാ പഠനം നടത്തുകയോ ധാരണാപത്രം ഒപ്പിടുകയോ ചെയ്തിട്ടില്ല.

(സി) കേരളത്തിലെ ചെറുകിടതുറമുഖങ്ങളിൽ ബങ്കറിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിന് ഫീസിബിലിറ്റി സ്റ്റഡി നടത്തിയിരുന്നു. അതനുസരിച്ച് തുറമുഖ വകുപ്പ് താല്പര്യപത്രം ക്ഷണിച്ചെങ്കിലും ആരും പങ്കെടുത്തില്ല. ഈ പ്രോജക്ട് വകുപ്പിന്റെ പരിഗണനയിലുണ്ട്.

## കൊല്ലം തുറമുഖ വികസന അതോറിറ്റി

242 (3262) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം തുറമുഖത്തിലെ ചരക്ക് ഗതാഗതം വിപുലപ്പെടുത്തുന്നതിനും യാത്രാ കപ്പൽ സർവ്വീസ് ആരംഭിക്കുന്നതിനും തുറമുഖത്തിന്റെ ഫലപ്രദമായ പ്രവർത്തനത്തിന് മേൽനോട്ടം വഹിക്കുന്നതിനുമായി തുറമുഖ വികസന അതോറിറ്റി രൂപീകരിക്കുന്നത് ഗുണകരമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) ഇതിനായുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഈ നിർദ്ദേശം ഇപ്പോൾ പരിഗണനയിലില്ല.

## തീരദേശ കപ്പൽ ഗതാഗത പദ്ധതി

243(3263) ശ്രീ. എസ്. ശർമ്മ:
ശ്രീ. എ. എൻ. ഷംസീർ:
ശ്രീ. എം. നൗഷാദ്:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി ആവിഷ്കരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഭാഗമായി ഏതെല്ലാം ചെറുകിട തുറമുഖങ്ങളെയാണ് വികസിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്നും ഇവയുടെ വികസനപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്നും വ്യക്തമാക്കാമോ;

(സി) ഇതിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ഏതെങ്കിലും പ്രവൃത്തി നടപ്പാക്കി വരുന്നുണ്ടോ;

(ഡി) ഇതിൽ ഏതെല്ലാം വികസന പ്രവർത്തനങ്ങളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തി നടന്നുവരുന്നത്;

(ഇ) തീരദേശ കപ്പൽ ഗതാഗത പദ്ധതി പൂർണ്ണമാകുന്നതോടെ നിലവിൽ റോഡ്-റെയിൽ മാർഗ്ഗങ്ങളിലൂടെയുള്ള ചരക്കുനീക്കത്തിന്റെ എത്ര ശതമാനം ചെറുകിട തുറമുഖങ്ങളിലൂടെ കൈകാര്യം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) കൊല്ലം, ബേപ്പൂർ, അഴീക്കൽ, വിഴിഞ്ഞം, കൊടുങ്ങല്ലൂർ എന്നീ തുറമുഖങ്ങളാണ് ഈ പദ്ധതിക്കുവേണ്ടി വികസിപ്പിക്കുന്നത്. സംസ്ഥാനത്ത് തീരദേശ കപ്പൽ ഗതാഗത പദ്ധതി പ്രകാരം കൊല്ലം, ബേപ്പൂർ, അഴീക്കൽ തുറമുഖങ്ങളിൽ കണ്ടെയ്നർ ഹാൻഡ്ലിംഗ് ക്രെയിൻ, റീച്ച് സ്റ്റാക്കർ, വെയിംഗ് മെഷീൻ, ട്രക്ക് മൗണ്ടഡ് ക്രെയിൻ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളെല്ലാം ലഭ്യമാക്കിയിട്ടുണ്ട്. രണ്ടാം ഘട്ട വികസനത്തിന്റെ ഭാഗമായി 20 കോടി രൂപ മുതൽ മുടക്കിൽ കൊല്ലം തുറമുഖത്ത് 100 മീറ്റർ വാർഫിന്റെ പണി പൂർത്തിയായി വരുന്നു. മാസ്റ്റർ പ്ലാൻ പ്രകാരമുള്ള വാർഫിന്റെ ബാക്കിഭാഗം നിർമ്മിക്കുന്നതിന് സാങ്കേതിക പഠനത്തിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. ബേപ്പൂർ തുറമുഖത്ത് 200 മീറ്റർ വാർഫിന്റെ നിർമ്മാണ പ്രവർത്തനം ആരംഭിക്കുന്നതിന് വിശദമായ പഠന റിപ്പോർട്ട് തയ്യാറാക്കുന്നതിന് ചെന്നൈ ഐ.ഐ.ടിയെ.-ചുമതലപ്പെടുത്തിയിട്ടുണ്ട്. തീരദേശ കപ്പൽ ഗതാഗത പദ്ധതിയുടെ ഭാഗമായി ചെറുകിട തുറമുഖങ്ങളുടെ ആഴം വർദ്ധിപ്പിക്കുന്നതിന് സാമ്പത്തിക/സാങ്കേതിക സാധ്യതാപഠനം നടത്തുന്നതിന് കൺസൾട്ടന്റിനെ നിയമിച്ചിട്ടുണ്ട്. സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളിലെ ചരക്കുനീക്കം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അഴീക്കൽ, ബേപ്പൂർ, കൊല്ലം, വിഴിഞ്ഞം എന്നീ തുറമുഖങ്ങളിൽ അടിസ്ഥാന സൗകര്യങ്ങളായ ചാനൽ, ബേസിൻ, വാർഫ് എന്നിവ ലഭ്യമാണ്. വലിയ ചരക്ക് കപ്പലുകൾക്ക് സൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി തുറമുഖങ്ങളിൽ ആഴം

വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പൊന്നാനി തുറമുഖം ഒരു ആഴക്കടൽ തുറമുഖമായാണ് വികസിപ്പിക്കുന്നത്. 46 കോടി രൂപ മുതൽമുടക്കിൽ കൊടുങ്ങല്ലൂർ തുറമുഖം വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അഴീക്കൽ തുറമുഖ വികസനത്തിനായി 496 കോടി രൂപയുടെ പദ്ധതി രൂപരേഖ തയ്യാറാക്കുകയും Detailed Project Report തയ്യാറാക്കുന്നതിന് കൺസൾട്ടന്റിനെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. കൊല്ലം, അഴീക്കൽ, പൊന്നാനി എന്നീ തുറമുഖങ്ങളിലേയ്ക്ക് റെയിൽ കണക്ടിവിറ്റി ഏർപ്പെടുത്തുന്നതിന് Indian Port Rail Corporation Ltd. -നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൊല്ലം, ബേപ്പൂർ, അഴീക്കൽ എന്നീ തുറമുഖങ്ങളെ ദേശീയ പാതയുമായി ബന്ധിപ്പിക്കുന്ന റോഡുകളുടെ വിസനം സാഗർമാലയിൽ ഉൾപ്പടുത്തുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

(സി) പൊന്നാനി തുറമുഖം പൊതുസ്വകാര്യ പങ്കാളിത്തത്തോടെയാണ് വികസിപ്പിക്കുന്നത്.

(ഡി) അഴീക്കൽ തുറമുഖ വികസനം കിഫ്ബീയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്.

(ഇ) നിലവിൽ റോഡ്/റെയിൽ മാർഗ്ഗം നീക്കംചെയ്യുന്ന ചരക്കിന്റെ 40% 2020- ഓടെയും 50% 2030-ഓടെയും തീരദേശ കപ്പൽ ഗതാഗത പദ്ധതി വഴി കൈകാര്യം ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## മറൈൻ ഡ്രൈവിലെ അനധികൃത ബോട്ട് സർവ്വീസുകൾ

244 (3264) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം മറൈൻ ഡ്രൈവിലും പരിസരത്തും വർദ്ധിച്ചുവരുന്ന അനധികൃത ബോട്ട് സർവ്വീസുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചി കായലിൽ മാനദണ്ഡങ്ങൾ പാലിക്കാതെ ടൂറിസ്റ്റ് ബോട്ട് സർവ്വീസുകൾ വർദ്ധിച്ചുവരുന്നതിനാൽ അത് സൃഷ്ടിച്ചേക്കാവുന്ന അപകട സാധ്യതകൾ കണക്കിലെടുത്ത് ഇത്തരം ബോട്ട് സർവ്വീസുകളെ നിയന്ത്രിക്കുന്നതിനായി നടപടികൾ സ്വീകരിക്കാത്തതിന് കാരണം വിശദമാക്കാമോ;

(സി) ഇത് സംബന്ധിച്ച് സമർപ്പിച്ച പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടി എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) ഉണ്ട്. കൊടുങ്ങല്ലൂർ പോർട്ട് ഓഫ് രജിസ്ട്രിയുടെ അധികാരപരിധിയിൽ വരുന്ന ടി സ്ഥലത്ത് അനധികൃതമായി സർവ്വീസ് നടത്തുന്ന ജലയാനങ്ങളെ റെയ്ഡ് നടത്തി പിഴ ഈടാക്കുകയും സ്റ്റോപ്പ് മെമ്മോ നൽകുകയും ചെയ്തുവരുന്നു.

(സി) ഇത് സംബന്ധിച്ച സമർപ്പിച്ച പരാതിയിൽ ആവശ്യമായ നടപടി സ്വീകരിക്കുവാൻ തുറമുഖ വകുപ്പ് ഡയകറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**തുറമുഖ വകുപ്പിലെ ജീവനക്കാരുടെ ഭാവി**

245(3265) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ മാരിടൈം ബോർഡ് നിലവിൽ വരുമ്പോൾ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ സംരക്ഷിക്കുന്നത് സംബന്ധിച്ച വിശദാംശം നൽകുമോ;

(ബി) ഇവരെ സർക്കാർ ജീവനക്കാരായി നിലനിർത്തി,സേവന വേതന വ്യവസ്ഥകൾ സ്പാർക്ക് സോഫ്റ്റ്‌വെയറിൽത്തന്നെ നിലനിർത്തുമോ എന്ന് അറിയിക്കുമോ;

(സി) തുറമുഖ വകുപ്പിന്റെ തന്നെ ഭാഗമായ ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗിനെ ബോർഡിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്ന് അറിയിക്കുമോ;

(ഡി) സർക്കാർ ജീവനക്കാർക്ക് നൽകിവരുന്ന ആശ്രിത നിയമനം, മെഡിക്കൽ റീ ഇമ്പേഴ്സ്മെന്റ്, ഹൗസ് ബിൽഡിംഗ് അഡ്വാൻസ് തുടങ്ങിയ ആനുകൂല്യങ്ങൾ ബോർഡിലേയ്ക്ക് മാറ്റപ്പെടുന്ന തുറമുഖ വകുപ്പിലെ ജീവനക്കാർക്ക് തുടർന്നും ലഭ്യമാക്കുമോ;വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരളാ മാരിടൈം ബോർഡ് നിലവിൽ വരുമ്പോൾ തുറമുഖ വകുപ്പിൽ നിലവിലുള്ള ജീവനക്കാരെ സംബന്ധിച്ച് ആക്ടിന്റെ ഖണ്ഡിക 17-ൽ പറഞ്ഞിരിക്കുന്ന കാര്യം ചുവടെ ചേർക്കുന്നു:

തുറമുഖ ഡയറക്ടറേറ്റിലേയും കാര്യാലയങ്ങളിലേയും ജീവനക്കാരെ ബോർഡിലേയ്ക്ക് മാറ്റം ചെയ്യൽ; ഈ ആക്ടിൽ മറ്റു വിധത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള

പ്രകാരമൊഴികെ നിശ്ചയിക്കപ്പെട്ട ദിവസവും അന്ന മുതൽക്കും തുറമുഖ ഡയറക്ടറേറ്റിലേയും തുറമുഖ കാര്യാലയങ്ങളിലേയും ഉദ്യോഗസ്ഥരും ജീവനക്കാരുമായിത്തീരുന്നതും ബോർഡിലേയ്ക്ക് മാറ്റം ചെയ്യപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ അവർ ഉദ്യോഗം വഹിക്കുമായിരുന്ന അതേ കാലാവധിയിലും അതേ പ്രതിഫലത്തോടും അതേ സേവന വേതന വ്യവസ്ഥകളോടും തുടരാവുന്നതും അവർക്ക് അനുവദിക്കുമായിരുന്ന പെൻഷനും ഗ്രാറ്റുവിറ്റിക്കും മറ്റു കാര്യങ്ങൾക്കും അതേ അവകാശവും അധികാരവും ഉണ്ടായിരിക്കുന്നതും ബോർഡിന്റെ കീഴിലുള്ള ജോലി യഥാവിധി അവസാനിക്കുന്നതുവരേയോ സേവന വേതന വ്യവസ്ഥകൾ യഥാവിധി ബോർഡ് റെഗുലേഷൻ മുഖേന മാറ്റം വരുത്തുന്നതുവരേയോ അപ്രകാരം തുടരേണ്ടതുമാണ്.

(ബി) കേരള മാരിടൈം ബോർഡ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇല്ല.

(ഡി) 2017-ലെ കേരളാ മാരിടൈം ബോർഡ് ആക്ടിലെ ഖണ്ഡിക 17-ൽ നിഷ്കർഷിച്ചിരിക്കുന്ന ആനുകൂല്യങ്ങൾക്ക് ടി ജീവനക്കാർക്ക് അർഹത ഉണ്ടായിരിക്കുന്നതാണ്.

## മാരിടൈം ബോർഡ്

246(3266) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>:
<u>ശ്രീ. കെ. എൻ. എ. ഖാദർ</u>:
<u>ശ്രീ. കെ. എം. ഷാജി</u>:
<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ചെറുകിട തുറമുഖങ്ങളുടെ നിയന്ത്രണത്തിനും നടത്തിപ്പിനുമായി മാരിടൈം ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് അറിയിക്കുമോ;

(ബി) മാരിടൈം ആക്ടിന് അനുസൃതമായ ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ടോ;

(സി) അടിയന്തരമായി ചട്ടങ്ങൾ രൂപീകരിച്ച് ബോർഡിന്റെ പ്രവർത്തനം എത്രയും വേഗം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 16-9-2017-ൽ നിലവിൽ വന്ന കേരളാ മാരിടൈം ബോർഡ് ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി 2-2-2018-ൽ കേരളാ മാരിടൈം ബോർഡിൽ ചെയർമാനെയും മറ്റ് അംഗങ്ങളെയും ഉൾപ്പെടുത്തി സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചെങ്കിലും മാരിടൈം ബോർഡുമായി ബന്ധപ്പെട്ട പ്രത്യേക ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ പൂർത്തിയാകാത്തതിനാൽ മാരിടൈം ബോർഡിന്റെ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ചട്ടങ്ങൾ നിലവിൽ വരുന്നതൊടെ തുറമുഖ ഡയറക്ടറേറ്റ്, കേരളാസ്റ്റേറ്റ് മാരിടൈം ഡവലപ്മെന്റ് കോർപ്പറേഷൻ, കേരളാ മാരിടൈം സൊസൈറ്റി എന്നിവ മാരിടൈം ബോർഡിന്റെ ഭാഗമാകുന്നതാണ്.

(ബി&സി) ചട്ടങ്ങൾ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മാരിടൈം ഇൻസ്റ്റിറ്റ്യൂട്ട്

247 (3267) <u>ശ്രീ. എൻ. വിജയൻ പിള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നീണ്ടകരയിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നിലവിലുള്ള കോഴ്സുകൾ കൊടുങ്ങല്ലൂരിലേയ്ക്ക് മാറ്റുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തുന്ന കോഴ്സുകൾക്കായി ഇനി വരുന്ന ബാച്ചുകളിലേയ്ക്ക് നാളിതുവരെ കൊല്ലം, ആലപ്പുഴ,തിരുവനന്തപുരം ജില്ലകളിൽ നിന്ന് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നുള്ള വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ&ബി) ഇല്ല. എന്നാൽ നീണ്ടകര മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ നടത്തി വന്നിരുന്ന 4 ദിവസം ദൈർഘ്യമുള്ള ബോട്ട് ക്രൂ ട്രെയിനിംഗ് പ്രോഗ്രാം ലാസ്കർ (കോഴ്സ്) തൽക്കാലം നിർത്തലാക്കിയിട്ടുണ്ട്. പകരം ജൂലൈ മാസം മുതൽ ലാസ്കർ കോഴ്സ് കൊടുങ്ങല്ലൂർ മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടിൽ ആരംഭിക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗിന്റെ അംഗീകാരമുള്ള ദീർഘകാല കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. നീണ്ടകര ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതുവരെ 375 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

## തുറമുഖ മണൽ ഖനന നയം

248(3268) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണാവശ്യത്തിന് മണൽ കിട്ടാൻ കാത്തുനിൽക്കേണ്ടി വരുന്ന സ്ഥിതി ഇപ്പോൾ കേരളത്തിലുണ്ട് എന്നത് തുറമുഖ വകുപ്പ് പരിശോധിച്ചിട്ടുണ്ടോ;വ്യക്തമാക്കാമോ;

(ബി) എങ്കിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന പരിഹാര നടപടികൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ;

(സി) തുറമുഖ മണൽ ഖനനത്തിന് പുതിയ നയം രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശം നൽകാമോ;

(ഡി) കേരളത്തിലെ എത്ര തുറമുഖങ്ങളിലെ എത്ര കടവുകളിൽ നിന്ന് മണൽ വാരാനുണ്ടെന്നും എത്ര സംഘങ്ങൾക്കാണ് ഇതിന് അനുമതിയുള്ളതെന്നും ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ഇ) മണൽ ഖനനവും വിതരണവുമായി ബന്ധപ്പെട്ട സമഗ്രമായ നയരൂപവത്കരണവും നിയമനിർമ്മാണവും നടത്തിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ വിശദാംശം നൽകാമോ?

ഉത്തരം

(എ&ബി) തുറമുഖവകുപ്പിന്റെ കടവുകളിൽ കാലതാമസമില്ലാതെ മണൽ വിതരണം നടത്തുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. വകുപ്പിന്റെ ഓൺലൈൻ സംവിധാനം 24 മണിക്കൂറും പ്രവർത്തനക്ഷമമാക്കിയിട്ടുണ്ട്. ഇതിൻ പ്രകാരം പൊതുജനങ്ങൾക്ക് സുതാര്യമായ രീതിയിൽ നേരിട്ട് മണൽ വാങ്ങാവുന്നതാണ്.

(സി) തുറമുഖ പരിധിയിലെ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നതിനായി 1-4-2017- മുതൽ പുതിയ നയം രൂപീകരിച്ചിട്ടുണ്ട്. 1-4-2017 -മുതൽ സഹകരണ സംഘങ്ങളെ മാന്വൽ ഡ്രഡ്ജിംഗിൽ നിന്ന് ഒഴിവാക്കുകയും അതിനു പകരം അതത് തുറമുഖ മേഖലയിലെ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്ത തദ്ദേശീയരായി പരമ്പരാഗത മണൽ വാരൽ തൊഴിലാളികൾ മുഖാന്തരം മാന്വൽ ഡ്രഡ്ജിംഗ് നടത്തുകയുമാണ് ചെയ്തുവരുന്നത്.

(ഡി) കേരളത്തിലെ 6 തുറമുഖങ്ങളിലായി 23 കടവുകളിൽ മാന്വൽ ഡ്രഡ്ജിംഗ് പ്രവർത്തി നടക്കുന്നുണ്ട്. ഇതിന്റെ ചുമതല അതത് പ്രദേശങ്ങളിലെ തദ്ദേശഭരണ സ്ഥാപനങ്ങൾക്കാണ്. സംഘങ്ങൾക്ക് ഈ നയപ്രകാരം അനുമതി നൽകിയിട്ടില്ല.

(ഇ) മാന്വൽ ഡ്രഡ്ജിംഗിലൂടെ ലഭിക്കുന്ന മണലിന്റെ വിതരണവുമായി ബന്ധപ്പെട്ട് സർക്കാർ 9-2-2017-ലെ സർക്കാർ ഉത്തരവ് (കൈ) നമ്പർ 2/2017/മതുവ പ്രകാരം പുതിയ നയം രൂപീകരിച്ചിട്ടുണ്ട്. പുതിയ നയം അനുസരിച്ച് 1-4-2017 മുതൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന തൊഴിലാളികൾ മുഖേനയാണ് ബന്ധപ്പെട്ട തദ്ദേശ സ്ഥാപനങ്ങൾ മാന്വൽ ഡ്രഡ്ജിംഗ് നടത്തുന്നത്. ഇപ്രകാരം ലഭിക്കുന്ന അസംസ്കൃത മണൽ തുറമുഖ വകുപ്പിന്റെ ഓൺലൈൻ സംവിധാനത്തിലൂടെയാണ് വില്പന നടത്തുന്നത്. അതുകൊണ്ട് സുതാര്യതയും കാര്യക്ഷമതയും ഉറപ്പാക്കാൻ കഴിഞ്ഞിട്ടുണ്ട്.

## അഴീക്കൽ തുറമുഖവികസനം

249(3269) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഴീക്കൽ തുറമുഖ വികസനത്തിന് സമഗ്ര പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ;

(ബി) അഴീക്കൽ തുറമുഖം സാഗർമാല പദ്ധതിയിൽ ഉൾപ്പെടുത്താൻ കേന്ദ്രസർക്കാരിന് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള അംഗീകാരം ലഭിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. അഴീക്കൽ തുറമുഖ വികസനം കാര്യക്ഷമവും സമയബന്ധിതവുമായി പൂർത്തീകരിക്കുന്നതിനുവേണ്ടി Azhikkal Port Limited എന്ന പേരിൽ മുഖ്യമന്ത്രി ചെയർമാനായി പ്രത്യേക കമ്പനി രൂപീകരിച്ചുകഴിഞ്ഞു. രണ്ട് ഘട്ടമായി വികസിപ്പിക്കുന്ന തുറമുഖത്തിന്റെ വിശദമായ പദ്ധതിരേഖ തയ്യാറാക്കുന്നതിനും പാരിസ്ഥിതിക പഠനം പൂർത്തിയാക്കി പാരിസ്ഥിതിക അനുമതി ലഭ്യമാക്കുന്നതിനും M/s. Howe Engineering Projects India Pvt Ltd. എന്ന കമ്പനിയെ Tecnical Consultant ആയി നിയമിച്ചിട്ടുണ്ട്.

(ബി) പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ആയതിന് അംഗീകാരം ലഭിച്ചിട്ടില്ല.

## ആറ്റിങ്ങൽ കലാപചരിത്രം വിശദമാക്കാൻ മ്യൂസിയം

250 (3270) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിൽ ബ്രീട്ടീഷുകാർക്കെതിരായുള്ള ആദ്യ സംഘടിത കലാപമായ ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്രം വിശദമാക്കാൻ മ്യൂസിയം സ്ഥാപിക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(ബി) മ്യൂസിയത്തിന്റെ അഭാവം നിമിത്തം പ്രസ്തുത കലാപം വേണ്ടത്ര ശ്രദ്ധയിൽപ്പെടാതെ പോകുന്നതായി വകുപ്പ് തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിനാവശ്യമായ പരിഹാര നടപടികൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ആറ്റിങ്ങൽ കലാപത്തിന്റെ ചരിത്രം വിശദമാക്കുന്നതുമായി ബന്ധപ്പെട്ട് മ്യൂസിയം സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ വന്നിട്ടില്ല.

## പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്ന ചരിത്ര പൈതൃക ടൂറിസം പദ്ധതി

251 (3271) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാന്ധിജി സന്ദർശിച്ച സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്ന ചരിത്ര പൈതൃക ടൂറിസം പദ്ധതികളുടെ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റ് അംഗീകരിച്ചിട്ടുണ്ടോ ;

(ബി) നിർദ്ദേശങ്ങൾ അംഗീകരിച്ചിട്ടുണ്ടെങ്കിൽ അതിൽ ഏതെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുത പദ്ധതിയിൽ പയ്യന്നൂർ മണ്ഡലത്തിൽ വരുന്ന ഏതെല്ലാം നിർദ്ദേശങ്ങൾക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഗാന്ധിജി സന്ദർശിച്ച സ്ഥലങ്ങൾ കേന്ദ്രീകരിച്ച് പുരാവസ്തു വകുപ്പ് നടപ്പിലാക്കുന്ന ചരിത്ര പൈതൃക ടൂറിസം പദ്ധതികളുടെ നിർദ്ദേശങ്ങൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല.

(സി) പയ്യന്നൂരിൽ ഗാന്ധി സന്ദർശിച്ച സ്ഥലങ്ങൾ കേന്ദ്രീകരിച്ച് ചരിത്ര പൈതൃക ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച സാദ്ധ്യത പുരാവസ്തു വകുപ്പ് പരിശോധിച്ചുവരുന്നു.

## പുരാവസ്തു വകുപ്പിന്റെ പട്ടികയിൽ പുതുതായി ഉൾപ്പെടുത്തിയ സ്മാരകങ്ങൾ

252 (3272) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുരാവസ്തു വകുപ്പിന്റെ പട്ടികയിൽ പുതിയതായി ഉൾപ്പെടുത്തിയ സ്മാരകങ്ങൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) പുരാവസ്തു വകുപ്പിന്റെ കീഴിൽ സംരക്ഷിക്കുന്ന ചരിത്ര സ്മാരകങ്ങൾക്ക് നാശം സംഭവിക്കുന്ന കാര്യം വകുപ്പ് പരിശോധിക്കുമോ;

(സി) പുതിയതും നൂതനവുമായ സാങ്കേതികവിദ്യ ഉപയോഗിച്ച് ഇവയെ സംരക്ഷിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) നിലവിലുള്ള പൈതൃക മ്യൂസിയങ്ങളെ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളുടെ പട്ടികയിൽ കണ്ണൂർ ജില്ലയിൽ പാണപ്പുഴ വില്ലേജിൽ കണ്ടോന്താറിലെ പഴയ ജയിൽ മന്ദിരം,കോഴിക്കോട് ജില്ലയിലെ മാനാഞ്ചിറ ശ്രീഭദ്രകാളീ ക്ഷേത്രം, തൃശ്ശൂർ ജില്ലയിലെ മാളയിൽ സ്ഥിതിചെയ്യുന്ന യഹൂദ സ്മാരകങ്ങൾ, ഇടുക്കി ജില്ലയിലെ മറയൂരിലെ മുനിയറകൾ, പത്തനംതിട്ട ജില്ലയിലെ വാഴവേലിൽ തറവാട് വീട് എന്നിവ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പുരാവസ്തു വകുപ്പിന്റെ കീഴിൽ സംരക്ഷിക്കുന്ന ചരിത്ര സ്മാരകങ്ങൾ, നിലവിൽ രാസസംരക്ഷണവും ഘടനാ സംരക്ഷണവും നടത്തി ചരിത്ര സ്മാരകങ്ങൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾ പരിശോധിച്ച് പരിഹരിച്ച് വരുന്നു.

(സി) ലഭ്യമായ സാങ്കേതികവിദ്യ ഉപയോഗിച്ച് സംരക്ഷിത സ്മാരകത്തിന്റെ പുരാവസ്തു മൂല്യത്തിനും, ഘടനയ്ക്കും കോട്ടംതട്ടാത്ത വിധത്തിൽ വകുപ്പ് സംരക്ഷണ പ്രവർത്തനങ്ങൾ നടത്തി വരുന്നു.

(ഡി) നടപടി സ്വീകരിച്ചുവരുന്നു. നവീന, ദൃശ്യ, ശ്രാവ്യ, മാധ്യമങ്ങൾ, പുതുക്കിയ ഗ്യാലറികൾ, ഭിന്നശേഷി സൗഹൃദ സൗകര്യങ്ങൾ തുടങ്ങിയവ ഉൾപ്പെടുത്തി കൂടുതൽ സന്ദർശകരെ ആകർഷിക്കാനും പ്രാദേശിക പൈതൃകത്തെ അടയാളപ്പെടുത്താനും ഉദ്ദേശിച്ച് ജില്ല പൈതൃക മ്യൂസിയങ്ങളും സജ്ജീകരിച്ചു വരുന്നു.

## എണ്ണക്കാട് കൊട്ടാരം സംരക്ഷിക്കുന്നതിന് നടപടി

253 (3273) ശ്രീ. സജി ചെറിയാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്ര സ്മരണകൾ കുടികൊള്ളുന്നതും ഒട്ടേറെ രാഷ്ട്രീയ സംഭവങ്ങൾക്ക് വേദിയായിട്ടുള്ളതുമായ ചെങ്ങന്നൂർ മണ്ഡലത്തിലെ എണ്ണക്കാട് കൊട്ടാരവും പരിസരവും ഇന്നും സംരക്ഷണം ലഭിക്കാതെ നാമാവശേഷമായിക്കൊണ്ടിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അടിയന്തരമായി ഈ സ്ഥാപനം ഏറ്റെടുത്ത് സംരക്ഷിക്കുന്നതിന് പുരാവസ്തു വകുപ്പ് നടപടി സ്വീകരിക്കുമോ;

(സി) ചെങ്ങന്നൂർ മണ്ഡലത്തിൽ പ്രസ്തുത വകുപ്പിന് കീഴിൽപ്പെടുന്ന എല്ലാ സ്ഥാപനങ്ങളുടെയും പുനരുദ്ധാരണ പ്രവർത്തനങ്ങൾക്ക് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) എണ്ണക്കാട് കൊട്ടാരത്തിന്റെ പുരാവസ്തു മൂല്യവും പ്രാധാന്യവും പരിശോധിച്ച് പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമാക്കുന്ന വിഷയം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

(സി) ചെങ്ങന്നൂർ മണ്ഡലത്തിലെ പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളിൽ സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ ആവശ്യമുള്ള പക്ഷം ആയത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളായ കുട്ടംപേരൂർ കാർത്ത്യായനി ക്ഷേത്രം, പാണക്കാട് മുതവഴി സുബ്രഹ്മണ്യ ക്ഷേത്രം എന്നിവിടങ്ങളിൽ സമഗ്ര സംരക്ഷണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ഇവ കൂടാതെ മാന്നാർ തൃക്കുരട്ടി മഹാദേവ ക്ഷേത്രം, ചെങ്ങന്നൂർ നരസിംഹസ്വാമി ക്ഷേത്രം എന്നിവയും വകുപ്പിന്റെ സംരക്ഷിത സ്മാരകങ്ങളാണ്.

## കാസർഗോഡ് ജില്ലയിലെ പുരാവസ്തു സംരക്ഷണം

254(3274) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ മ്യൂസിയം പുരാവസ്തു വകുപ്പിന്റെ നേതൃത്വത്തിൽ എന്തൊക്കെ വികസന പ്രവർത്തനങ്ങളാണ് സംരക്ഷണ പ്രവർത്തനങ്ങളായി നടത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം കൊട്ടാരവും പീലിക്കോട് പഞ്ചായത്തിലെ പുരാവസ്തുക്കളും ഈ വർഷംതന്നെ പദ്ധതിയിൽ ഉൾപ്പെടുത്തി സംരക്ഷിക്കുമോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ് കോട്ട, ചന്ദ്രഗിരികോട്ട എന്നിവിടങ്ങളിൽ സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പൗവ്വൽ കോട്ട സംരക്ഷണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് നാടിന് സമർപ്പിച്ചു കഴിഞ്ഞു.

(ബി) തൃക്കരിപ്പൂർ മണ്ഡലത്തിലെ നീലേശ്വരം തെക്കേകോവിലകം വലിയ മഠം ഏറ്റെടുക്കുന്ന വിഷയം പരിശോധിച്ചുവരുന്നു. പീലിക്കോട് ഗുഹകൾ എന്നറിയപ്പെടുന്ന പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകത്തിന് അതിർത്തി നിർണ്ണയിക്കാനുള്ള നടപടികളും നടന്നുവരുന്നുണ്ട്. ആയത് പൂർത്തീകരിക്കുന്ന മുറയ്ക്ക് സമഗ്ര സംരക്ഷണ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതാണ്.

**കെ.എസ്.ആർ.ടി.സി.- യിലെ കമ്പ്യൂട്ടർവൽക്കരണം**

255(3275) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ആരംഭിച്ച കമ്പ്യൂട്ടർവൽക്കരണ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കുമോ;

(ബി) ജി.പി.എസ്. സംവിധാനമുള്ള ഇലക്ട്രോണിക് ടിക്കറ്റ് മെഷീനുകളിൽ നിന്നുള്ള കളക്ഷൻ വിവരങ്ങൾ ഡിപ്പോകളിൽനിന്നും ടെലഫോൺ മുഖേന ശേഖരിക്കുന്ന സാഹചര്യം നിലവിലുണ്ടോ; വിശദമാക്കുമോ;

(സി) എങ്കിൽ പ്രതിമാസം വൻതുക ചെലവഴിക്കുന്ന ഇ.ടി.എം. സോഫ്റ്റ് വെയറിലെ അപാകതകൾ പരിഹരിക്കാത്തത് കോർപ്പറേഷന്റെ കമ്പ്യൂട്ടർവൽക്കരണത്തെ ദോഷമായി ബാധിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) വൻ തുക ചെലവഴിച്ച് സ്ഥാപിച്ച സെർവ്വറും നെറ്റ്‌വർക്കിംഗ് സംവിധാനങ്ങളും ഉപയോഗപ്പെടുത്തി കമ്പ്യൂട്ടർവൽക്കരണ പ്രക്രിയ പൂർത്തിയാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി.- യിലെ കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് Total Computerization, ERP നടപ്പിലാക്കുന്നതിനായി വിശദമായ Detailed Project Report (DPR) തയ്യാറാക്കുന്നതിന് Central Institute of Road Transport (CIRT) പൂനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. Intellegent Transport System നടപ്പിലാക്കുന്നതിനായി ഐ. ടി. മിഷൻ ICFOSS എന്നീ സ്ഥാപനങ്ങളിലെ വിദഗ്ധരെ ഉൾക്കൊള്ളിച്ച് പദ്ധതി തയ്യാറാക്കി ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ഉണ്ട്. ഡിപ്പോകളിൽ ഇന്റർനെറ്റ് തകരാറാകുകയോ, ഇ.ടി.എമ്മുമായി ബന്ധപ്പെട്ട് മറ്റ് തകരാറുകൾ ഉണ്ടാകുന്നതോ ആയ സാഹചര്യത്തിൽ ടെലിഫോൺ മുഖേന കളക്ഷൻ വിവരങ്ങൾ ശേഖരിക്കാറുണ്ട്.

(സി) ഇല്ല. ഡിപ്പോകളിൽ ഇന്റർനെറ്റ് ലഭ്യമാകാത്ത സാഹചര്യങ്ങളിൽ സാങ്കേതിക തടസ്സങ്ങൾ ഉണ്ടാകാറുണ്ട്. എന്നാൽ ഇത് ഇ.ടി.എം സോഫ്റ്റ്‌വെയറിന്റെ അപാകതമൂലമല്ല.

(ഡി) മുൻകാലങ്ങളിൽ സ്ഥാപിച്ച സെർവറുകൾ കാലപ്പഴക്കം ചെന്നവയും കാലോചിതമായി പരിഷ്കരിക്കാൻ സാധിക്കാത്തവയുമാണ്. എന്നാൽ പുതിയ സംവിധാനങ്ങൾ ഐ.ടി. മിഷൻ, സ്റ്റേറ്റ് ഡാറ്റാ സെന്റർ എന്നീ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി പുതുതായി ഏർപ്പെടുത്തുന്ന കമ്പ്യൂട്ടർവത്കരണ പ്രക്രിയ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി .യുടെ അതിവേഗ ബസുകൾ**

256 (3276) <u>ശ്രീ. പി. ഉബൈദുള്ള</u>:
<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ അതിവേഗ ബസുകളിൽ യാത്രക്കാർ നിന്നുകൊണ്ട് യാത്രചെയ്യുന്നത് തടഞ്ഞുകൊണ്ടുള്ള കോടതി വിധിയുടെ പാശ്ചാത്തലത്തിൽ മോട്ടോർ വാഹനനിയമം ഭേദഗതി ചെയ്യാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തെ ബാധിക്കുമെന്നതിനാൽ ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന തീരുമാനങ്ങൾ എന്തെല്ലാമാണ് എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കോടതിയുടെ തീരുമാനം കെ.എസ്.ആർ.ടി.സി-യുടെ വരുമാനത്തെ ബാധിക്കുമെന്നത് പരിഗണിച്ച് കേരള മോട്ടോർ വാഹനചട്ടത്തിലെ ബന്ധപ്പെട്ട വകുപ്പുകളിൽനിന്നും കെ.എസ്.ആർ.ടി.സി. -യുടെ സൂപ്പർ ക്ലാസ് സർവ്വീസുകളെ ഒഴിവാക്കിക്കൊണ്ട് 4-6-2018-ലെ ജി.ഒ.(പി)19/2018/ട്രാൻ നമ്പർ വിജ്ഞാപന പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

**സി.എൻ.ജി.ഉപയോഗിക്കുന്ന വാഹനങ്ങൾ**

257(3277) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ സംസ്ഥാനത്ത് വ്യാപകമായി ഉപയോഗിക്കുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച നടപടികൾ ഏതുഘട്ടം വരെയായി; വ്യക്തമാക്കുമോ?

ഉത്തരം

(എ) അന്തരീക്ഷത്തിലേയ്ക്ക് പുറന്തള്ളുന്ന കാർബണിന്റെ അളവ് പരമാവധി കുറയ്ക്കുക എന്ന ലക്ഷ്യത്തോടെ സി.എൻ.ജി. ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങൾ കേരളത്തിലുടനീളം വിപണനം നടത്തുന്നതിനും വിൽപ്പനാനന്തര സേവനം നടത്തുന്നതിനും നിലവിൽ പെട്രോൾ/ഡീസൽ ഇന്ധനമായി ഉപയോഗിക്കുന്ന വാഹനങ്ങളിൽ സി.എൻ.ജി.കിറ്റ് ഘടിപ്പിച്ച് ഉപയോഗിക്കുന്നതിനായി വിപണനം നടത്തുന്നതിനും അംഗീകൃത ഡീലർമാർക്ക് മോട്ടോർ വാഹന വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

(ബി) ദേശീയ ഹരിത ട്രൈബ്യൂണലിന്റെ ഉത്തരവ് പ്രകാരം പരിസ്ഥിതി മലിനീകരണം ഏറ്റവും കൂടുതലുള്ള ആറ് സിറ്റികളിൽ അതായത് തിരുവനന്തപുരം, കൊച്ചി, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, കണ്ണൂർ എന്നിവിടങ്ങളിൽ കൂടുതൽ ഡീസൽ പെർമിറ്റുകൾ അനുവദിക്കേണ്ടതില്ലെന്ന് തീരുമാനിച്ചു. 15 വർഷം കഴിഞ്ഞ ഡീസൽ വാഹനങ്ങളുടെ പെർമിറ്റ് പ്രസ്തുത വാഹനങ്ങൾ ദ്രവീകൃത ഇന്ധനങ്ങളായ സി.എൻ.ജി./ഓട്ടോ എൻ.പി.ജി./എൽ.എൻ.ജി. അല്ലെങ്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഇലക്ട്രിക് ഇവയിൽ ഏതെങ്കിലും ഇന്ധനമായി ഉപയോഗിച്ചാൽ മാത്രം പുതുക്കി നൽകിയാൽ മതിയെന്ന് തീരുമാനിച്ചു. എൽ.പി.ജി/ സി.എൻ.ജി/ എൽ.എൻ.ജി/ ഇലക്ട്രിക് ഓട്ടോറിക്ഷ പെർമിറ്റുകളുടെ എണ്ണം തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് നഗരങ്ങളിൽ രണ്ടായിരമായി വർദ്ധിപ്പിക്കാൻ തിരുമാനിച്ചു. ഇ-റിക്ഷ ഓടിക്കുന്ന ഡ്രൈവർമാർക്ക് ലൈസൻസിന് പുറമെ ബാഡ്ജ് വേണമെന്ന നിബന്ധന ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങൾക്ക് പെർമിറ്റ് ആവശ്യമില്ല എന്നും തീരുമാനിച്ചിട്ടുണ്ട്. കൂടാതെ അന്തരീക്ഷ മലിനീകരണം കുറയുമെന്നതിനാൽ, ഇലക്ട്രിക് വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഇലക്ട്രിക് ഓട്ടോറിക്ഷകളുടെയും എൽ.പി.ജി/സി.എൻ.ജി ഉപയോഗിച്ച് ഓടുന്ന ഓട്ടോറിക്ഷകളുടെയും നിലവിലെ വാർഷിക നികുതി 500 രൂപയിൽ നിന്ന് 450 രൂപയായി കുറയ്ക്കുവാനും, പുതുതായി രജിസ്റ്റർ ചെയ്യുന്ന ഇത്തരം വാഹനങ്ങൾക്ക് 5 വർഷത്തേയ്ക്ക് 2,000 രൂപ നിരക്കിൽ നികുതി ഈടാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇ-റിക്ഷകളുടെ രജിസ്ട്രേഷൻ പ്രോത്സാഹിപ്പിക്കുന്നതിനായി ഓട്ടോറിക്ഷകളുടെ നികുതി നിരക്ക് ഇത്തരം വാഹനങ്ങൾക്ക് ഏർപ്പെടുത്താവാനും തീരുമാനമുണ്ട്. സി.എൻ.ജി. ഓട്ടോറിക്ഷകളുടെ നിറം ടോപ്പിൽ മഞ്ഞയും മറ്റു ഭാഗങ്ങളിൽ പച്ചയും ആയി നിജപ്പെടുത്തി വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഇത്തരം വാഹനങ്ങൾ പൊതുജനങ്ങൾക്ക് എളുപ്പത്തിൽ തിരിച്ചറിയുന്നതിന് സി.എൻ.ജി. ഓട്ടോറിക്ഷകളുടെ പ്രത്യേക കളർ കോഡ് സഹായിക്കും.

## യുണിഫൈഡ് മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി

258(3278) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഈ അതോറിറ്റി രൂപീകരിക്കുന്നത് എന്ത് ഉദ്ദേശ്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതിക്ക് കേന്ദ്ര സർക്കാരിൽനിന്നും എന്തെങ്കിലും ധനസഹായം ലഭ്യമാണോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) യുണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (യു.എം.ടി.എ) രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട, 2018-ലെ കേരള മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ബിൽ നിയമസഭയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

കേരള സംസ്ഥാനത്തെ നഗര ഗതാഗതത്തിന്റെ ആസൂത്രണം, മേൽനോട്ടം, ഏകോപനം, വികസനം, നിയന്ത്രണം എന്നിവയ്ക്കും നഗര ഗതാഗത അനുബന്ധ സേവനങ്ങൾക്കും വേണ്ടിയാണ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിക്കുന്നത്. നഗര ഗതാഗതം സുഗമവും സുരക്ഷിതവുമാക്കുന്നതിനും പൊതു ഗതാഗത സംവിധാനങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ എന്നിവ പരസ്പര പൂരകവുമാകുംവിധം പ്രവർത്തിക്കുന്നതിനും അതോറിറ്റി രൂപീകരണത്തിലൂടെ ലക്ഷ്യമിടുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ 2017-ലെ മെട്രോ റെയിൽ പോളിസിയിൽ മെട്രോ പദ്ധതികൾ നടപ്പാക്കുന്ന നഗരങ്ങളിൽ യുണിഫൈഡ് മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി (UMTA) അടിയന്തരമായി രൂപീകരിക്കണമെന്ന് നിഷ്കർഷിക്കുന്നു. ഇതിന് കേന്ദ്രസർക്കാരിൽനിന്നും നിലവിൽ ധനസഹായം ലഭ്യമല്ല. എന്നാൽ മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി നിലവിൽ വന്നാൽ കേന്ദ്ര സർക്കാരിന്റെ വിവിധ പദ്ധതികളിൽനിന്നും ധനസഹായം ലഭ്യമാകുന്നതിനുള്ള സാദ്ധ്യതകൾ ഉണ്ട്.

## തമിഴ്നാട് ബസ്സുകളുടെ അനധികൃത ഓട്ടം

259(3279) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തമിഴ്നാട് സർക്കാരിന്റെ ട്രാൻസ്പോർട്ട് ബസ്സുകൾ കോൺട്രാക്ട് ക്യാരേജ് ആയി കല്യാണങ്ങൾക്കും മറ്റ് ആവശ്യങ്ങൾക്കുമായി കേരളത്തിൽ വന്ന് പോകുന്ന കാര്യം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച് 10-4-2018-ന് മലയാളപത്രങ്ങളിൽ വാർത്ത വന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(സി) സമാന സാഹചര്യത്തിൽ കേരളത്തിലെ വാഹനങ്ങൾ തമിഴ് നാട്ടിൽ കടന്നാൽ ഭീമമായ തുക പിഴ ഈടാക്കുന്നതുപോലെ ഇവിടെയും പിഴ ഈടാക്കുന്ന കാര്യം പരിശോധിക്കുമോ;

(ഡി) ചെക്ക് പോസ്റ്റുകളിൽ നിയമിതരായിരിക്കുന്ന മോട്ടോർവാഹന വകുപ്പ് ഉദ്യോഗസ്ഥരുടെ വിശദീകരണം വാങ്ങി നടപടി സ്വീകരിക്കുമോ;

(ഇ) ചെക്ക് പോസ്റ്റുകളിൽ നിയമിതരായ എം.വി.ഐ, എ.എം.വി.ഐ. എന്നിവരുടെ ജോലി എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-സി) തമിഴ്നാട് സർക്കാരിന്റെ ട്രാൻസ്പോർട്ട് ബസ്സുകൾ നിമാനുസൃതമല്ലാതെ സർവ്വീസ് നടത്തുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ഇവിടെയും പിഴ ഈടാക്കാവുന്നതാണ്.

(ഡി) വിശദീകരണം ആവശ്യമാകുന്നപക്ഷം തേടാറുണ്ട്.

(ഇ) അന്യസംസ്ഥാനങ്ങളിൽനിന്നും കേരളത്തിലേയ്ക്ക് വരുന്ന വാഹനങ്ങളിൽനിന്നും നിയമാനുസൃതമായ ടാക്സ് പിരിക്കുക. വാഹനങ്ങളുടെ കാര്യക്ഷമത റിക്കാർഡുകൾ, ഡ്രൈവറുടെ ഡ്രൈവിംഗ് ലൈസൻസ് തുടങ്ങിയവ പരിശോധിക്കുക എന്നീ കാര്യങ്ങൾ ഇവരുടെ ജോലിയുടെ ഭാഗമാണ്.

**വാഹനാപകടം കുറയ്ക്കുന്നതിന് നടപടി**

260(3280) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടിപ്പർ ലോറികളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് വാഹനാപകടം കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; അശ്രദ്ധ, അമിതവേഗം, മദ്യപിച്ച് വാഹനമോടിക്കൽ ഇവയുടെ പേരിൽ ഈ സർക്കാരിന്റെ കാലയളവിൽ എത്ര ലൈസൻസുകൾ റദ്ദുചെയ്തിട്ടുണ്ട്; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ടിപ്പർ ലോറികളുടെ അമിത വേഗം നിയന്ത്രിക്കുന്നതിന് ഇടയ്ക്കിടെ പ്രത്യേക പരിശോധനകൾ നടത്തുന്നുണ്ട്. സുപ്രീംകോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിച്ചുവരുന്നു. ഇതു കൂടാതെ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ ക്യാമറ നിരീക്ഷണ സംവിധാനം

ഏർപ്പെടുത്തി. ഇതുവഴി അപകടം കൂടിയ സ്ഥലങ്ങൾ 24x7 മണിക്കൂറും നിരീക്ഷിക്കുന്നതിനും, അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിക്കുന്നു. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറ, നിരീക്ഷണ സംവിധാനത്തിലാണ്. ഈ മേഖലയിലെ സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറ, നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചുവരുന്നു. ഇവ കൂടാതെ വാളയാർ-വടക്കാഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ ജി.പി.എസ്. അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കുവാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ എല്ലാ സ്വകാര്യ ബസുകളിലും, ടാക്സികളിലും, എഡ്യുക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകളിലും ഈ സംവിധാനം നടപ്പിൽ വരുത്തുന്നതിനാണ് ഉദ്ദേശിക്കുന്നത്. ഇതുവഴി ബസ്സുകളുടെ സമയക്രമം തെറ്റൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കുവാൻ കഴിയുകയും നിയമ ലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കും. ആയതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതപരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനം, വാഹന ക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ റീജിയണൽ/സബ്റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ്പ് അടിസ്ഥാനത്തിൽ ഈ വർഷം തന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതു കൂടാതെ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങൾ എന്നിവ ഉപയോഗിച്ചുള്ള പരിശോധനകളും വകുപ്പിൽനിന്നും ശക്തമാക്കിയിട്ടുണ്ട്.

ഈ സർക്കാരിന്റെ കാലത്ത് വിവിധ നിയമ ലംഘനങ്ങൾക്കായി ആകെ 46078 പേരുടെ ലൈസൻസ് റദ്ദുചെയ്തിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ആധുനികവത്കരണം

261(3281) ശ്രീ. ജോർജ് എം. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കുന്നതിനും ആധുനിക വത്കരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് ആവിഷ്കരിച്ചിരിക്കുന്നതെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരം കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും ദൈർഘ്യം കുറഞ്ഞ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയുമുള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും അതുകൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ഉന്നത മാനേജ്മെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണത്തിന് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്ത്നിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിച്ചിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേക്കും,

യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്നതരത്തിൽ മിന്നൽ സർവ്വീസുകൾ എന്ന പേരിൽ പുതിയതരം സർവ്വീസുകൾ ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും, വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലി സമയം, ബസുകൾ സർവ്വീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അധ്വാനഭാരം കുറച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇതു സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരളാ സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കി വരികയുമാണ്. ഫ്ലീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി യൂണിറ്റുകളിൽ പ്രവർത്തിച്ചുവരുന്ന സ്റ്റാളുകൾ എൽ.ആർ.സ്റ്റാൾ, ക്യാന്റീൻ ലൈസൻസ് അടിസ്ഥാനത്തിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ എന്നിവയുടെ ലൈസൻസ് കാലാവധി

3 വർഷമായി നിജപ്പെടുത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ 3 വർഷം പൂർത്തീകരിച്ച ലൈസൻസുകൾ റദ്ദ് ചെയ്ത് പുനർലേലം നടത്തുകയും ആയതിലൂടെ പ്രതിമാസ ലൈസൻസ് ഫീസ് ഇനത്തിൽ പതിൻമടങ്ങ് വർദ്ധനവ് വരുത്തുവാൻ കഴിഞ്ഞിട്ടുമുണ്ട്. ഇത് കൂടാതെ എല്ലാ ബസ് സ്റ്റേഷനുകളിലും മൊബൈൽ ടവറുകൾ സ്ഥാപിക്കുന്നതിനും കെ.എസ്.ആർ.ടി.സി ബസ്സ്റ്റേഷനുകളിൽ പരസ്യ പ്രദർശനത്തിന് ജില്ലാ അടിസ്ഥാനത്തിൽ ലൈസൻസികളെ കണ്ടെത്തുന്നതിനുമുള്ള നടപടികളും സ്വീകരിച്ചു. ആയതിനൊപ്പം വാണിജ്യ സമുച്ചയങ്ങളിൽ മൾട്ടിപ്ലക്സ് സിനിമാശാലകൾ സ്ഥാപിച്ച് പ്രവർത്തിക്കുന്നതിന് ലൈസൻസിയെ കണ്ടെത്തുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. നിലവിൽ പ്രതിമാസ വാടകയിനത്തിൽ 12,27,622 രൂപയുടെ വർദ്ധനവ് വന്നിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി നിലവിൽ കരാർ വ്യവസ്ഥയിൽ ഓടിക്കുന്ന wet lease ബസ്സുകളിൽ പരസ്യം പതിക്കുന്നതിന് ടെണ്ടർ നടപടി സ്വീകരിച്ചത് വഴി 3, 03,000 രൂപ പ്രതിമാസം ലഭിച്ചുവരുന്നു.

പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഐ.ടി.എസ് സംവിധാനത്തിലെ ജി.പി.എസ്.-ൽനിന്നും ലഭ്യമാകുന്ന ഡേറ്റ ഉപയോഗിച്ച് പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. ടി സംവിധാനം പൂർണ്ണമായി നടപ്പിലാക്കി കഴിയുമ്പോൾ ഓരോ സ്റ്റേഷനിലും ബസ് എത്തിച്ചേരുന്ന സമയം ലഭ്യമാക്കുവാൻ സാധിക്കും. കെ.എസ്.ആർ.ടി.സി.-യിൽ പരിഷ്കരിച്ച ഓൺലൈൻ റിസർവേഷൻ സംവിധാനം 2016-ൽ നടപ്പിലാക്കിയിരുന്നു. ഇപ്പോൾ 317 സർവ്വീസുകളിൽ (സൂപ്പർക്ലാസ് സർവ്വീസുകൾ ഉൾപ്പടെ) ഓൺലൈൻ റിസർവേഷൻ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ കെ.യു.ആർ.ടി.സി.-യുടെ 62 സർവ്വീസുകളിലും ഈ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. Mobile App വഴി റ്റിക്കറ്റ് മുൻകൂർ ബുക്ക് ചെയ്യുന്നതിനുള്ള സംവിധാനം നടപ്പിലാക്കി കഴിഞ്ഞു. കൂടാതെ നിലവിൽ ഉപയോഗിച്ചുവരുന്ന ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകളുടെ കാലാവധി തീരുന്നതിനാൽ പുതിയ സാങ്കേതികവിദ്യകൾ ഉൾപ്പെടുന്ന (smart card, QR code, ബസിൽ നിന്നുതന്നെ റീ ചാർജ് ചെയ്യാൻ സാധിക്കുന്ന RFID കാർഡ്) ഇ.ടി.എം.-കൾ വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. വരുമാന ചോർച്ച കുറയ്ക്കുന്നതിനും സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനും ഇത് ഉപകാരപ്രദമായിരിക്കും. ആർ.എഫ്.ഐ.ഡി. സാങ്കേതികവിദ്യ ഉൾകൊള്ളിച്ചു കൊണ്ട് കൺസെഷൻ ടിക്കറ്റുകൾ, വിവിധതരം പാസ്സുകൾ എന്നിവ ഇലക്ട്രോണിക് രീതിയിലേയ്ക്ക് മാറ്റുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി.-യിൽ വരവു ചെലവ് അന്തരം പരിഹരിക്കാൻ നടപടി

262(3282) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. രാജു എബ്രഹാം:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരവു ചെലവിലുള്ള ഭീമമായ അന്തരംകൊണ്ട് കടുത്ത പ്രതിസന്ധിയിലായ കെ.എസ്.ആർ.ടി.സി.-യിൽ വരുമാന വർദ്ധനവിനും ചെലവു കുറയ്ക്കുന്നതിനും നടത്തി വരുന്ന പ്രവർത്തനങ്ങളുടെ ഫലം അറിയിക്കാമോ;

(ബി) വാഹനവിനിയോഗവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിന് സാധ്യമായിട്ടുണ്ടോ;

(സി) കെ.യു.ആർ.ടി.സി. വാഹനങ്ങളിൽ ഉദ്ദേശം മൂന്നിലൊന്നോളം ബസ്സുകൾ സ്പെയർ പാർട്സില്ലാത്തതുകൊണ്ടും അറ്റകുറ്റപ്പണി നടത്താത്തത് കൊണ്ടും സർവ്വീസ് മുടങ്ങിയിരിക്കുന്നത് പരിഹരിക്കാൻ നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിലെ പ്രതിസന്ധി പരിഹരിക്കുവാൻ സർക്കാർ പ്രഖ്യാപിച്ച പ്രത്യേക പാക്കേജ് പ്രകാരം കെ.എസ്.ആർ.ടി.സി. നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും ദൈർഘ്യം കുറഞ്ഞ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാതിരിച്ചടവ് ഇനത്തിൽ 2 കോടിയോളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ഉന്നത മാനേജമെന്റ് തലത്തിൽ പ്രൊഫഷണലുകളായ ഉദ്യോഗസ്ഥരെ നിയമിച്ചുവരുന്നു. സഹകരണ മേഖലയുമായി സഹകരിച്ച് പെൻഷൻ വിതരണത്തിന് സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

സർവ്വീസ് ഓപ്പറേഷൻ സംബന്ധിച്ച് വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകംതന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും, ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് മോട്ടോർ വാഹന വകുപ്പും പോലീസും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും, ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി. -യുടെ വരുമാനം വർദ്ധിച്ചിട്ടുമുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേക്കും, യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോട് കൂടിയ എയർ എക്സ്പ്രസ് ബസ്സുകളും, സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയംകൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള പുതിയ അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പുവരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം, ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെ എത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലി ചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാന ഭാരം കുറച്ച് ഉല്പാദന ക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും മനുഷ്യപ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്ടിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരികയുമാണ്. ഫ്ളീറ്റ് യൂട്ടിലൈസേഷൻ നിലവിലുള്ളതിൽനിന്നും ദേശീയ ശരാശരിയിലേയ്ക്ക് വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു.

കൂടാതെ ഇന്ധന ചെലവ് കുറയ്ക്കുന്നതിനായി ഫ്യൂവൽ സെല്ലുകൾ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഇതിന് മാത്രമായി ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇന്ധനക്ഷമതയ്ക്കായി ക്ലാസുകൾ, വാഹന നിർമ്മാതാക്കൾ മുഖാന്തരമുള്ള പരിശീലനങ്ങൾ എന്നിവ നടത്തി വരികയാണ്. ഇപ്രകാരം ജൂൺ മാസത്തിൽ Off-road നിരക്ക് 12.06 ശതമാനം ആയിരുന്നത് ക്രമാനുഗതമായി 2017 ജൂണിൽ 9.94 ശതമാനവും 2018 ജൂണിൽ 9.5 ശതമാനവും ആയി കുറഞ്ഞിട്ടുണ്ട്. KMPL 4.17-ൽനിന്നും 2018 ഏപ്രിൽ മാസം 4.28 ആയി ഉയർന്നിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**വൈദ്യുതോർജ്ജത്തിൽ പ്രവർത്തിക്കുന്ന ബസ്സുകൾ**

263(3283) <u>ശ്രീ. ഹൈബി ഈഡൻ</u>:
<u>ശ്രീ. അൻവർ സാദത്ത്</u>:
ശ്രീ. അടൂർ പ്രകാശ്:
<u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡീസൽ,സി.എൻ.ജി. ബസ്സുകളെക്കാൾ വൈദ്യുതി ബസ്സുകൾക്കുള്ള മേന്മ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) വൈദ്യുതി ബസ്സുകൾ വിലയ്ക്ക് വാങ്ങുന്നതിന് പകരം വാടകയ്ക്ക് എടുത്ത് ഓടിക്കുന്നതിനാണോ കെ.എസ്.ആർ.ടി.സി. ഉദ്ദേശിക്കുന്നത്;എങ്കിൽ പ്രതിമാസ വാടക എത്രയെന്ന് അറിയിക്കുമോ;

(സി) കെ.എസ്.ആർ.ടി.സി. സ്കാനിയ ബസ്സുകൾ വാടകയ്ക്ക് എടുത്തതുമൂലം കനത്ത നഷ്ടം ഉണ്ടായി എന്ന വസ്തുത കൂടി പരിഗണിച്ച് വാടകയ്ക്ക് ഇലക്ട്രിക് ബസ്സുകൾ എടുക്കുന്ന കാര്യത്തിൽ തീരുമാനമെടുക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പുക മലിനീകരണം, ശബ്ദ മലിനീകരണം എന്നിവയുടെ അഭാവം, പ്രവർത്തന ചെലവിലെ ഗണ്യമായ കുറവ്, വർദ്ധിച്ച യാത്രാസുഖം എന്നിവയാണ് വൈദ്യുതി ബസ്സുകൾക്കുള്ള പ്രധാന മേന്മകൾ.

(ബി) പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസ് സംസ്ഥാനത്ത് ആദ്യമായി 18-6-2018 മുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതാണ്. പരീക്ഷണം വിജയകരമാണെന്ന് കണ്ടാൽ കേന്ദ്ര സർക്കാർ സഹായത്തോടെ ഇത്തരം ബസ്സുകൾ വ്യാപകമാക്കുവാൻ പദ്ധതിയുണ്ട്.

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഉയർന്ന വിലയുള്ള ഇലക്ട്രിക് ബസ്സുകൾ സ്വന്തം നിലയിൽ വാങ്ങുന്നതിന് സാധിക്കാത്ത സാഹചര്യമായതിനാൽ വാടകയ്ക്ക് ഇലക്ട്രിക് ബസ്സുകൾ ഓടിക്കുന്ന കാര്യവും പരിഗണനയിലുണ്ട്. ഇത് സംബന്ധിച്ച് തീരുമാനമെടുത്ത് ടെണ്ടർ ക്ഷണിച്ചതിന് ശേഷമേ നിരക്ക് അറിയുന്നതിന് കഴിയുകയുള്ളൂ.

(സി) പരിശോധിച്ച് തീരുമാനമെടുക്കുന്നതാണ്.

## കെ.എസ്.ആർ.ടി.സി.യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി

264(3284) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് അടുത്ത കാലത്തായി സ്വീകരിച്ച നടപടികളിലൂടെ വരുമാനം വർദ്ധിപ്പിക്കുവാൻ സാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രയെന്നുള്ള വിശദാംശങ്ങൾ അറിയിക്കാമോ?

ഉത്തരം

കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കുവാൻ നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. വരുമാനം കുറവുള്ള സർവ്വീസുകളെ പുനഃക്രമീകരിക്കുന്ന പദ്ധതി ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. 1255 ഷെഡ്യൂളുകൾ പുനഃക്രമീകരിച്ച് വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത്തരം പുനരുദ്ധാരണ പദ്ധതികൾക്ക് ജീവനക്കാരുടെ ഭാഗത്തുനിന്നും മികച്ച പിന്തുണ ലഭ്യമാക്കുന്നതിന് സാധിച്ചിട്ടുമുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ മുഴുവൻ ഷെഡ്യൂളുകളുടെയും ഡ്യൂട്ടി പാറ്റേൺ ഏകീകരിക്കുന്നതിനും ഷെഡ്യൂളുകൾ ശാസ്ത്രീയമായി പരിഷ്കരിച്ച് ജീവനക്കാരുടെ വിഭവശേഷി പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നതിനും വേണ്ടി നിരവധി നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കിലോമീറ്ററിൽ അധിഷ്ഠിതമായ നിലവിലുള്ള ഡ്യൂട്ടി പാറ്റേൺ സമ്പ്രദായം പരിഷ്കരിച്ച് ഓടുന്ന സമയത്തിന് ആനുപാതികമായി ഡ്യൂട്ടി നിശ്ചയിച്ച് പരാതിക്കിടയാക്കാത്ത വിധത്തിൽ തുല്യനീതി ഉറപ്പാക്കുക എന്ന ലക്ഷ്യത്തോടെ ഡ്യൂട്ടി പാറ്റേൺ ഏകീകരണം നടപ്പിലാക്കിയിട്ടുണ്ട്. സമാന്തര സർവ്വീസുകൾ സംബന്ധിച്ച് കെ.എസ്.ആർ.ടി.സി. ഉന്നയിക്കുന്ന പരാതികൾ പരിശോധിക്കുന്നതിന് മോട്ടോർവാഹന വകുപ്പും പോലീസും ചേർന്ന് സംയുക്ത സ്ക്വാഡ് രൂപീകരിക്കുകയും ആയത് ഫലപ്രദമായി പ്രവർത്തിച്ചതുമൂലം കെ.എസ്.ആർ.ടി.സി.-യുടെ വരുമാനം വർദ്ധിക്കുകയും ചെയ്തിട്ടുണ്ട്. ദീർഘദൂര യാത്രക്കാരെ കൂടുതലായി കെ.എസ്.ആർ.ടി.സി ബസ്സുകളിലേയ്ക്ക് ആകർഷിക്കുന്നതിലേക്കും യാത്രക്കാർക്ക് കൂടുതൽ സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതിലേയ്ക്കുമായി പുതിയതരം പുഷ്ബാക്ക് സീറ്റോടുകൂടിയ എയർ എക്സ്പ്രസ് ബസ്സുകളും സൂപ്പർ ഡീലക്സ് എയർ ബസ്സുകളും നിരത്തിലിറക്കിയിട്ടുണ്ട്. സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് കുറഞ്ഞ സമയം കൊണ്ട് കൂടുതൽ ദൂരം സഞ്ചരിക്കുന്ന തരത്തിൽ മിന്നൽ സർവ്വീസുകളെന്ന പേരിൽ പുതിയ തരം സർവ്വീസുകൾ ഇതിനോടകം തന്നെ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കർണ്ണാടക സംസ്ഥാനവുമായുള്ള അന്തർ സംസ്ഥാന കരാർ പ്രകാരമുള്ള വിവിധ അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് പുതിയ സർവ്വീസുകളും വാരാന്ത്യ പ്രത്യേക അന്തർ സംസ്ഥാന സർവ്വീസുകളും ആരംഭിച്ചിട്ടുണ്ട്. കൂടുതൽ പ്രീമിയം ബസുകൾ സർവ്വീസ് ഓപ്പറേഷന് ലഭ്യമാക്കുന്നതിനായി വെറ്റ് ലീസ് വ്യവസ്ഥയിൽ പുതിയ 10 സ്കാനിയ ബസ്സുകൾ സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. വരുമാന വർദ്ധനവ് ലക്ഷ്യമിട്ട് കൂടുതൽ ചെയിൻ സർവ്വീസുകൾ വിവിധ മേഖലകളിൽ ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുന്നോടിയായി ജീവനക്കാരുടെ പൂർണ്ണമായ സഹകരണം ഉറപ്പ് വരുത്തുന്നതിനുള്ള ശ്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യിൽ പുതുതായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ

265(3285) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി- യുടെ 2018-ലെ ഓരോ മാസത്തെയും വരവ് ചെലവ്, ലോൺ അടവ്, പെൻഷൻ, ലാഭവിഹിതം, ശമ്പളം എന്നീയിനങ്ങളുടെ വ്യക്തമായ വിവരം ലഭ്യമാക്കുമോ;

(ബി) സ്പെയർപാർട്ട്സുകളും ടയർ തുടങ്ങിയ അനുബന്ധ സാധനങ്ങളും ഓൺലൈൻ ആയി വിതരണം ചെയ്യുവാൻ നടപടി സ്വീകരിക്കുമോ; ടയറുകളുടെ വാങ്ങലും വിതരണവും പൂർണ്ണമായി ഓൺലൈൻ ആക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ടയറുകളും സ്പെയർപാർട്ട്സുകളും നിശ്ചിത ഉപയോഗ സമയം പൂർത്തിയാക്കുന്നില്ലെങ്കിൽ ഇത് വാങ്ങുവാൻ ഉത്തരവ് നൽകിയ ഉദ്യോഗസ്ഥരുടെ ലയബിലിറ്റിയായി ഫിക്സ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ബസ്സുകൾ വൃത്തിയാക്കുവാൻ നിലവിൽ സംവിധാനം ഉണ്ടെങ്കിലും അവർ ജോലി ചെയ്യാത്ത സാഹചര്യത്തിൽ പൊതുഗതാഗത സംവിധാനത്തിലേയ്ക്ക് ജനങ്ങളെ ആകർഷിക്കത്തക്ക വിധത്തിൽ കെ.എസ്.ആർ.ടി.സി.- യിൽ പകരം സംവിധാനം നടപ്പിലാക്കുമോ; കെ.എസ്.ആർ.ടി.സി.- യെ ലാഭത്തിലാക്കുവാൻ പുതുതായി ഏർപ്പെടുത്തിയ ക്രമീകരണങ്ങൾ വ്യക്തമാക്കുമോ;

(ഇ) വൃത്തിയായും സമയക്ലിപ്തമായും ആധുനിക ഇൻഫർമേഷൻ ടെക്നോളജിയുടെ ഘടകങ്ങളായ എ.ടി.എം, മൊബൈൽ റീചാർജ് മുതലായ സംവിധാനങ്ങളോടെയും ജീവനക്കാരുടെ സഹകരണവും ഉറപ്പുവരുത്തി ബസ്സുകൾ സർവീസ് നടത്തുവാൻ നടപടി സ്വീകരിക്കുമോ;

(എഫ്) കെ.എസ്.ആർ.ടി.സി. പമ്പുകളിൽ പൊതുജനങ്ങൾക്കും ഇന്ധനം ലഭ്യമാക്കുകയും ഡിപ്പോകളിൽ ഐ.ഒ.സി., എച്ച്.പി, ബി.പി തുടങ്ങിയ എണ്ണക്കമ്പനികൾക്ക് പെട്രോൾ, ഡീസൽ പമ്പ് സ്ഥാപിക്കുവാൻ അനുവാദം നൽകുവാനും നടപടി സ്വീകരിക്കുമോ; ഇത് കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വർദ്ധനവ് ഉണ്ടാക്കുമെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ;

(ജി) കെ.എസ്.ആർ.ടി.സി. വാഹനങ്ങളുടെ പരിശോധനസംവിധാനവും ആയതിന്റെ ചുമതലയും വ്യക്തമാക്കുമോ?

ഉത്തരം

(എ) വിശദ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) കേരള സർക്കാരിന്റെ ഇ-പോർട്ടൽ മുഖേന ഇ-ടെണ്ടർ ക്ഷണിച്ചാണ് ടയർ, സ്പെയർ പാർട്ട്സുകൾ തുടങ്ങിയവ വാങ്ങുന്നതും വിതരണ ഉത്തരവ് നൽകുന്നതും. കെ.എസ്.ആർ.ടി.സി.യിൽ ERP പദ്ധതി നടപ്പിലാക്കുന്നതിനായി DPR തയ്യാറാക്കാൻ CIRT-യെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ERP സംവിധാനത്തിലൂടെ Inventory module നടപ്പിലാക്കുമ്പോൾ റീ-ഓർഡർ അറിയുവാൻ കഴിയുകയും പ്രസ്തുത മോഡ്യൂൾവഴി സ്പെയർപാർട്സ്, ടയർ അനുബന്ധ സാധനങ്ങൾ എന്നിവ വാങ്ങുവാനും വിതരണം ചെയ്യുവാനും കഴിയും.

(സി) ഇത്തരം സാഹചര്യത്തിൽ ഉത്തരവാദികളിൽനിന്നും നഷ്ടം ഈടാക്കാൻ നടപടി സ്വീകരിച്ചുവരുന്നുണ്ട്.

(ഡി) ബസ്സ് വൃത്തിയാക്കൽ കാര്യക്ഷമമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുന്നു. മെക്കാനിക്കൽ ജീവനക്കാരുടെ ജോലിസമയം ബസുകൾ സർവീസ് പൂർത്തിയാക്കി ഗ്യാരേജിൽ തിരികെയെത്തുന്ന സമയത്തിനനുസൃതമായി പുനഃക്രമീകരിച്ചതിലൂടെ ജോലിചെയ്യുന്നതിന് വാഹനം ലഭിക്കാതെ ജീവനക്കാർ idle ചെയ്യുന്നത് ഒഴിവാക്കുന്നതിന് സാധിച്ചിട്ടുണ്ട്. മെക്കാനിക്കൽ ജീവനക്കാരുടെ അദ്ധ്വാനഭാരം കുറച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനിക ഉപകരണങ്ങൾ വാങ്ങി നൽകിയിട്ടുണ്ട്. മെക്കാനിക്കൽ വിഭാഗത്തിൽ വർക്ക് നോംസ് പരിഷ്കരിച്ച് ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ഗുണമേന്മ ഉറപ്പാക്കുന്നതിനും, തദ്വാര മനുഷ്യ പ്രയത്നത്തിന്റെ ആവശ്യകത കുറയ്ക്കുന്നതിനുമുള്ള നടപടികളുടെ ഭാഗമായി ഇത് സംബന്ധിച്ച് വിശദമായ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് കേരള സംസ്ഥാന പ്രൊഡക്റ്റിവിറ്റി കൗൺസിലിനെ ചുമതലപ്പെടുത്തുകയും അവരുടെ പഠനത്തിന്റെ അടിസ്ഥാനത്തിൽ ജോബ് നോംസ് പരിഷ്കരിച്ച് നടപ്പിലാക്കിവരുകയുമാണ്. ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഒരോ അസിസ്റ്റന്റ് വർക്സ് മാനേജർ (മെയിന്റനൻസ്)-ന്റെ മേൽനോട്ടത്തിൽ ഫ്യൂവൽ സെൽ രൂപീകരിക്കുകയും ഒരു അസിസ്റ്റന്റ് വർക്സ് മാനേജരെ ഫ്യൂവൽ സെല്ലിന്റെ ചുമതലയ്ക്ക് മാത്രമായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ എല്ലാ വിഭാഗം ജീവനക്കാരെയും യോജിപ്പിച്ചുകൊണ്ട് ഗ്യാരേജ് മീറ്റുകളും ബോധവൽകരണ ക്ളാസുകളും ട്രെയിനിംഗും നടന്നുവരുന്നു. ഇന്ധന ചെലവ് കുറയ്ക്കുന്നതിന്റെ ഭാഗമായി

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരീക്ഷണാടിസ്ഥാനത്തിൽ ഒരു സി.എൻ.ജി. ബസ് നിരത്തിലിറക്കി ഓടിച്ച് വരുന്നു. കൂടാതെ പരീക്ഷണാടിസ്ഥാനത്തിൽ ജൂൺ 18 മുതൽ ഒരു ഇലക്ട്രിക് ബസ് ഓടിക്കുന്നതുമാണ്. ഇത്തരത്തിൽ ചെലവ് ചുരുക്കി കെ.എസ്.ആർ.ടി.സി.യെ ലാഭകരമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) നടപടികൾ സ്വീകരിച്ചുവരുന്നു.

(എഫ്)കെ.എസ്.ആർ.ടി.സി.-യുടെ സ്വന്തം ആവശ്യത്തിനായി നിലവിലുള്ള പമ്പുകൾ ഡീസൽ വിതരണം ചെയ്യുന്നതിന് മാത്രമായാണ് സ്ഥാപിച്ചിരിക്കുന്നത്. സ്ഥല സൗകര്യമുള്ള പമ്പുകൾ പൊതുജനങ്ങൾക്ക് ഡീസൽ ലഭ്യമാക്കുന്ന തരത്തിൽ എണ്ണക്കമ്പനികൾ ഏറ്റെടുത്ത് പ്രവർത്തിപ്പിക്കുന്നതിന് അനുമതി നൽകുന്ന സജീവ പരിഗണനയിലാണ്. വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നു.

(ജി) ദൈനംദിന പരിശോധന, പ്രതിവാര പരിപാലനം, പ്രതിമാസ പരിപാലനം, വാർഷിക പരിപാലനവും ഫിറ്റ്നസും എന്നീ രീതിയിലാണ് വാഹനങ്ങളുടെ പരിപാലന സംവിധാനം ചിട്ടപ്പെടുത്തിയിട്ടുള്ളത്. മെക്കാനിക്കൽ വിഭാഗത്തിലെ ജീവനക്കാർ സൂപ്പർ-വൈസർമാർ, ആഫീസർമാർ തുടങ്ങിയവർക്ക് ഇതിന്റെ ചുമതല വ്യക്തമായി നിശ്ചയിച്ച് നൽകിയിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി.യുടെ സാമ്പത്തിക പ്രതിസന്ധി

266(3286) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ ബാങ്കുകളുടെ കൺസോർഷ്യം, വായ്പ അനുവദിച്ചിട്ടുണ്ടോ; എങ്കിൽ എത്ര തുക അനുവദിച്ചു; വ്യക്തമാക്കുമോ;

(ബി) ബാങ്ക് കൺസോർഷ്യം നൽകിയ തുക ദീർഘകാല വായ്പയിലേയ്ക്ക് മാറിയതിനോടൊപ്പം വരുമാനം വർദ്ധിപ്പിക്കുവാനും ചെലവ് ചുരുക്കിയും രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിയിൽനിന്നും കെ.എസ്.ആർ.ടി.സി.-ക്ക് കരകയറുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ.

(സി) വരുമാനം കുറഞ്ഞ സർവ്വീസുകൾ നിർത്തലാക്കുവാനുള്ള തീരുമാനം വരുമാന വർദ്ധനയ്ക്ക് ഇടയാക്കിയിട്ടുണ്ടോ;

(ഡി) മേയ് മാസം വായ്പ തിരിച്ചടവിൽ എത്ര കുറവാണ് പരിഷ്കരണംമൂലം ഉണ്ടായത് എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 3100 കോടി രൂപ വായ്പയായി അനുവദിച്ചിട്ടുണ്ട്.

| | | |
|---|---|---|
| എസ്.ബി.ഐ. | - | 1000 കോടി രൂപ |
| കാനറ ബാങ്ക് | - | 500 കോടി രൂപ |
| വിജയ ബാങ്ക് | - | 500 കോടി രൂപ |
| ലക്ഷ്മി വിലാസ് ബാങ്ക് | - | 150 കോടി രൂപ |
| കെ.റ്റി.ഡി.എഫ്.സി | - | 950 കോടി രൂപ |

(ബി) കെ.എസ്.ആർ.ടി.സി.യിലെ രൂക്ഷമായ സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുവാൻ കോർപ്പറേഷൻ നിലവിൽ എടുത്തിട്ടുണ്ടായിരുന്ന കൂടിയ പലിശ നിരക്കിലും ദൈർഘ്യം കുറഞ്ഞ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളെ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് കുറഞ്ഞ പലിശ നിരക്കിലും ദൈർഘ്യം കൂടിയ തിരിച്ചടവ് കാലാവധിയിലുമുള്ള വായ്പകളാക്കി മാറ്റുവാൻ തീരുമാനിച്ചതിൻ പ്രകാരം 3100 കോടി രൂപയുടെ വായ്പ ലഭ്യമാക്കുകയും നിലവിലുണ്ടായിരുന്ന കടങ്ങൾ തീർക്കുകയും ചെയ്യുകയുണ്ടായി. ഇതിന്റെ ഫലമായി വായ്പാ തിരിച്ചടവ് ഇനത്തിൽ 2 കോടിയാളം രൂപ പ്രതിദിനം കുറവ് വന്നിട്ടുണ്ട്. ഇപ്രകാരം ലഭ്യമാകുന്ന തുകയും സർക്കാരിൽ നിന്നുള്ള സാമ്പത്തിക സഹായവുംകൊണ്ട് പ്രതിമാസ ശമ്പളം കൃത്യമായി വിതരണം ചെയ്യുവാൻ സാധിക്കുന്നുണ്ട്. വരുമാനം വർദ്ധിപ്പിക്കുവാനും ചെലവ് ചുരുക്കുവാനും നിരവധി നടപടികൾ സ്വീകരിക്കുകയും ആയത് ഫലപ്രദമാകുകയും ചെയ്തിട്ടുണ്ട്. എന്നാൽ അനിയന്ത്രിതമായി ഇടയ്ക്കിടെ ഉണ്ടാകുന്ന ഡീസൽ വില വർദ്ധനവുമൂലം സാമ്പത്തിക പ്രതിസന്ധി ഇപ്പോഴും രൂക്ഷമായിതന്നെ തുടരുകയാണ്.

(സി) വരുമാനം കുറഞ്ഞ സർവ്വീസുകൾ പൂർണ്ണമായും നിർത്തലാക്കിയിട്ടില്ല. എന്നാൽ വരുമാന ലഭ്യതയ്ക്കായി ചില സർവ്വീസുകൾ റൂട്ടും സമയവും യാത്രാക്ലേശം ഉണ്ടാകാത്ത തരത്തിൽ പുനഃക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഡി) 60 കോടി രൂപയുടെ കുറവ് ഉണ്ടായിട്ടുണ്ട്.

**ബസ് യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

267(3287) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യാത്രക്കാരുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിന് കെ. എസ്. ആർ. ടി. സി.-യിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ദീർഘദൂര അന്തർസംസ്ഥാന ബസ്സുകളിൽ കണ്ടക്ടർമാരെ ഒഴിവാക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന് പകരം ഏർപ്പെടുത്തുന്ന ക്രമീകരണം എന്താണെന്ന് അറിയിക്കാമോ;

(സി) ദീർഘദൂര ബസ്സുകളിൽ രണ്ട് ഡ്രൈവർമാരെ നിയോഗിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) സുരക്ഷ ഉറപ്പാക്കുന്നതിനായി കേന്ദ്രസർക്കാർ അനുശാസിക്കുന്ന ബസ്ബോഡി കോഡ് AIS 052 പ്രകാരം നിർമ്മിച്ചിട്ടുള്ള സുരക്ഷിത ബസ്സുകളാണ് പുതുതായി നിരത്തിലിറക്കുന്നത്. കൂടാതെ ദീർഘദൂര ബസ്സുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ വ്യവസ്ഥ പരീക്ഷണാടിസ്ഥാനത്തിൽ നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സൗകര്യം വിജയകരമാണെന്ന വിലയിരുത്തലിനെ തുടർന്ന് കൂടുതൽ ബസ്സുകളിലേയ്ക്ക് ടി സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ഓൺലൈൻ സംവിധാനമുള്ള ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകളിൽ ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഡ്രൈവർ-കം-കണ്ടക്ടർ സംവിധാനം നടപ്പിലാക്കിയ സാഹചര്യത്തിൽ ദീർഘദൂരം ഒരു ഡ്രൈവർ തന്നെ ബസ്സോടിക്കുന്ന അവസ്ഥ ഒഴിവാക്കപ്പെട്ടിട്ടുണ്ട്.

## മംഗലാപുരം റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി . ബസ്സുകളിൽ വിദ്യാർത്ഥി കൺസെഷൻ

268(3288) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കാസർകോട് ഡിപ്പോയിൽനിന്ന് മംഗലാപുരത്തേക്ക് ഒരു ദിവസം എത്ര സർവ്വീസുകൾ നടത്തുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർവ്വീസുകളിൽനിന്ന് ഓരോ ദിവസവും കിട്ടുന്ന വരുമാനം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) കാസർഗോഡ് ജില്ലയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ യാത്രയോ കൺസെഷനോ കെ.എസ്.ആർ.ടി.സി. അനുവദിച്ചിട്ടുണ്ടോയെന്നും എങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് ഈ ആനുകൂല്യം അനുവദിച്ചിട്ടുള്ളതെന്നും ഇതുമൂലം ഒരു ദിവസം സഹിക്കേണ്ടിവരുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(ഡി) മംഗലാപുരം റൂട്ടിലോടുന്ന കെ.എസ്.ആർ.ടി.സി. ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഇ) ഇല്ലെങ്കിൽ എന്തുകൊണ്ടാണ് അനുവദിക്കാത്തതെന്നും അനുവദിച്ചാൽ ഒരു ദിവസം സഹിക്കേണ്ടിവരുന്ന നഷ്ടം എത്രയാണെന്നും വ്യക്തമാക്കാമോ;

(എഫ്) കാസർഗോഡ് നിന്ന് മംഗലാപുരത്തേക്ക് പോകുന്ന കർണ്ണാടക സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുകളിൽ വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്നും ഇത് ചൂണ്ടിക്കാണിച്ച് കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് ബസുകളിലും കൺസെഷൻ വേണമെന്ന വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആവശ്യത്തോട് സർക്കാരിന്റെ നിലപാടെന്താണെന്നും വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ഡിപ്പോയിൽനിന്നും മംഗലാപുരത്തേയ്ക്ക് ദിവസേന 41 സർവ്വീസുകൾ നടത്തുന്നുണ്ട്.

(ബി) പ്രതിദിനം ശരാശരി 6,50,000 രൂപ വരുമാനം ലഭിക്കുന്നുണ്ട്.

(സി) വിദ്യാർത്ഥികൾക്ക് കൺസെഷൻ അനുവദിച്ചിട്ടുണ്ട്.

കാസർഗോഡ് - പൊയ്നാച്ചി

കാസർഗോഡ് - ചട്ടഞ്ചാൽ

കാസർഗോഡ് - പെരുമ്പള

കാസർഗോഡ് - പറമ്പ.

കാസർഗോഡ് -കാഞ്ഞങ്ങാട് എന്നീ റൂട്ടുകളിലാണ് നിലവിൽ കൺസെഷൻ അനുവദിച്ചിരിക്കുന്നത്. ഇതുമൂലമുണ്ടാകുന്ന നഷ്ടം കണക്കാക്കിയിട്ടില്ല.

(ഡി) അനുവദിക്കാറില്ല.

(ഇ) അന്തർസംസ്ഥാന സർവ്വീസുകളിൽ നിലവിൽ കൺസെഷൻ അനുവദിക്കുന്നില്ല. നഷ്ടം കണക്കാക്കിയിട്ടില്ല.

(എഫ്) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി. വളരെയധികം സാമ്പത്തികനഷ്ടം നേരിടുന്നുണ്ട്. അന്തർ സംസ്ഥാന റൂട്ടുകളിൽ വിദ്യാർത്ഥികൾക്ക് നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കൺസെഷൻ അനുവദിക്കുവാൻ നിർവ്വാഹമില്ല.

## കാസർഗോഡ് ജില്ലയിലെ പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ

269(3289) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ.എസ്.ആർ.ടി.സി. കാസർഗോഡ് ജില്ലയിൽ പുതുതായി എത്ര സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്; വിശദാംശം അറിയിക്കാമോ;

(ബി) അനുമതി ലഭിച്ചിട്ടും ജീവനക്കാരുടെ അഭാവംമൂലം ഏതെങ്കിലും സർവ്വീസുകൾ തുടങ്ങാതെയുണ്ടോ; വിശദാംശം അറിയിക്കാമോ;

(സി) ആയത് പരിഹരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കെ..എസ്.ആർ.ടി.സി. കാസർഗോഡ് ജില്ലയിൽ പുതുതായി 13 സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

1. 08.15 കാഞ്ഞങ്ങാട്-പാണത്തൂർ-മംഗലാപുരം
2. 07.20 കാഞ്ഞങ്ങാട്-എളേരി-മംഗലാപുരം
3. 05.40 കാഞ്ഞങ്ങാട്-കണ്ണൂർ-മംഗലാപുരം
4. 12.54 കാഞ്ഞങ്ങാട്-മൈസൂർ
5. 05.15 കാഞ്ഞങ്ങാട്-പത്തനംതിട്ട
6. 21.00 കാസർഗോഡ്-കോട്ടയം (മിന്നൽ)
7. 11.20 കാസർഗോഡ്-പാണത്തൂർ-മംഗലാപുരം
8. 10.30 കാസർഗോഡ്-മംഗലാപുരം-ബദിയടുക്ക
9. 12.05 കാസർഗോഡ്- അഡൂർ-മംഗലാപുരം
10. 13.15 കാസർഗോഡ്-എളേരി-മംഗലാപുരം
11. 15.20 കാസർഗോഡ്- ചീക്കാട്-മംഗലാപുരം
12. 06.15 കാസർഗോഡ്-പാണത്തൂർ-മൈസൂർ
13. 20.30 കാസർഗോഡ്-സുള്ള്യ-ബാംഗ്ലൂർ

(ബി) ഉണ്ട്. അഞ്ച് (5) എണ്ണം

1. 06.10 കാഞ്ഞങ്ങാട്-ചെറുപുഴ-മംഗലാപുരം
2. 05.15 കാഞ്ഞങ്ങാട്--മംഗലാപുരം
3. 14.00 കാഞ്ഞങ്ങാട്-എളേരി-മംഗലാപുരം
4. 18.20 കാസർഗോഡ്- മംഗലാപുരം-ഗുരുവായൂർ
5. 12.30 കാസർഗോഡ്- തയ്യേനി-മംഗലാപുരം.

(സി) കെ..എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം.-ൽനിന്നും വിരമിച്ച പ്രൊഫസർ സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫസർ സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ്സ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്കൊപ്പ മെത്തിക്കാൻ ശ്രമിച്ചുവരികയുമാണ്.ആയതിനാൽ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച നടപടികൾ തുടർന്നുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് ജീവനക്കാരുടെ കുറവുകൾ പരിഹരിക്കപ്പെടുന്നതാണ്.

## ട്രിപ്പുകൾ പുനരാരംഭിക്കുന്നതിന് നടപടി

270(3290) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ അടൂർ ഡിപ്പോയിൽനിന്നും തെറ്റിമുറി വഴി പുത്തൂരിലേയ്ക്ക് സർവ്വീസ് നടത്തിക്കൊണ്ടിരുന്ന കെ.എസ്.ആർ.ടി.സി. ബസ്സിന്റെ ഉച്ചയ്ക്ക് ശേഷമുള്ള ട്രിപ്പുകൾ റദ്ദാക്കിയതുമൂലം പ്രദേശത്തെ വിദ്യാർത്ഥികളും തൊഴിലാളികളും ഉൾപ്പെടെ നൂറുകണക്കിന് യാത്രക്കാർ അനുഭവിക്കുന്ന കടുത്തയാത്രാ ദുരിതം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രദേശത്തെ സാധാരണക്കാരായ യാത്രക്കാരുടെ യാത്രാക്ലേശം പരിഹരിക്കുന്നതിനും സമാന്തര സർവ്വീസുകൾ നടത്തുന്ന ചൂഷണത്തിന് അറുതി വരുത്തുന്നതിനും വേണ്ടി പ്രസ്തുത സർവ്വീസിന്റെ ഉച്ചയ്ക്കുശേഷമുള്ള ട്രിപ്പുകൾ പുനാരാരംഭിക്കുന്നതിന് അടിയന്തര നടപടി കൈക്കൊള്ളുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രദേശത്തെ സാധാരണക്കാരായ യാത്രക്കാരുടെയും വിദ്യാർത്ഥികളുടെയും യാത്രാക്ലേശം പരിഹരിക്കുന്നതിനായി 16.05-ന് അടൂരിൽനിന്നും തെറ്റിമുറി വഴി പുത്തൂരിനുള്ള ട്രിപ്പ് റദ്ദ് ചെയ്തിരുന്നത് സ്കൂൾ വർഷാരംഭമായ ജൂൺ ഒന്ന് മുതൽ പുനരാരംഭിച്ചിട്ടുണ്ട്.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സീറ്റ് സംവരണം

271( 3291) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്ന ബസ്സുകളിൽ സീറ്റുകളുടെ സംവരണം എങ്ങനെയാണ് ഏർപ്പെടുത്തിയിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ;

(ബി) പ്രസ്തുത സംവരണം ബസ് പുറപ്പെടുന്ന സ്ഥലത്ത്നിന്നും മാത്രമാണോ അനുവദനീയമായിട്ടുള്ളത്; ഇതു സംബന്ധിച്ച വിവരങ്ങൾ വിശദീകരിക്കാമോ?

ഉത്തരം

(എ) ഓൺലൈൻ റിസർവേഷൻ സൗകര്യമില്ലാത്ത ഫാസ്റ്റ് പാസഞ്ചർ മുതൽ മുകളിലോട്ടുള്ള എല്ലാത്തരം സർവ്വീസുകളിലും രണ്ട് സീറ്റുകൾ വീതം മുതിർന്ന പൗരന്മാർക്കായി സംവരണം ചെയ്തിട്ടുണ്ട്. ഇതിനുപുറമെ എല്ലാത്തരം ഓർഡിനറി സർവ്വീസുകളിലും നിലവിൽ 4 സീറ്റുകൾ വീതം (ആകെ 8 സീറ്റുകൾ) മുതിർന്ന സ്ത്രീകൾക്കും, പുരുഷന്മാർക്കുമായി സംവരണം ചെയ്തിട്ടുണ്ട്. ഇതിൽ മുതിർന്ന സ്ത്രീകളുടെ സീറ്റ് നിലവിലെ സ്ത്രീകളുടെ സീറ്റിനടുത്തായി ക്രമീകരിച്ചിട്ടുള്ളതും മുതിർന്ന പൗരന്മാർക്കായുള്ള സീറ്റുകൾ പെട്ടെന്ന് തിരിച്ചറിയത്തക്ക വിധത്തിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുമാണ്. സിറ്റി, ഓർഡിനറി, ഫാസ്റ്റ് പാസഞ്ചർ സർവ്വീസുകളിൽ കണ്ടക്ടർ സീറ്റിന് ഇടതു വശത്തായി അന്ധർക്കായി ഒരു സീറ്റ് സംവരണം ചെയ്തിട്ടുണ്ട്.

വികലാംഗർക്കായി സംവരണം ചെയ്തിട്ടുള്ള രണ്ട് സീറ്റുകളിൽ ഒന്ന് കണ്ടക്ടർ സീറ്റിന് മുന്നിലായും, രണ്ടാമത്തെ സീറ്റ് വികലാംഗരായ സ്ത്രീകൾക്കായി വാതിലിന്

സമീപമുള്ള സ്ത്രീകളുടെ സീറ്റിനടുത്തായി ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ റിസർവ്വേഷൻ സൗകര്യമില്ലാത്ത എല്ലാത്തരം ബസ്സുകളിലും മൂന്ന് വയസ്സിന് താഴെ പ്രായമുള്ള കൈക്കുഞ്ഞുമായി യാത്ര ചെയ്യുന്ന സ്ത്രീകൾക്കായി 5 ശതമാനം സീറ്റുകൾ (പരമാവധി രണ്ട് സീറ്റുകൾ) സ്ത്രീകൾക്കായി നിലവിൽ സംവരണം ചെയ്തിട്ടുള്ള സീറ്റുകൾക്കടുത്തായി സംവരണം ചെയ്തിട്ടുണ്ട്.

ടി സീറ്റുകൾ യാത്രാ വേളയിൽ ടി വിഭാഗങ്ങൾക്ക് തന്നെ ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്.

(ബി) അത്തരത്തിൽ ഉത്തരവുകൾ നല്കിയിട്ടില്ല.

**ബസ്സുകളുടെ എണ്ണം**

272(3292) <u>ശ്രീ. എം. വിൻസെന്റ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ സർവ്വീസ് നടത്തുന്ന ബസുകളുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; 25-5-2018-ൽ ഓപ്പറേറ്റ് ചെയ്ത സർവ്വീസുകളുടെ എണ്ണം എത്ര; പ്രസ്തുത ദിവസം ഓപ്പറേറ്റ് ചെയ്ത ബസുകളിലെ ജീവനക്കാർക്ക് അനുവദിച്ച ഡ്യൂട്ടി ഇനം തിരിച്ച് (Single Duty, Double Duty,Triple Duty, Four Duty) വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ.ടി.സി.-യിൽ 2018 മാർച്ച് മാസത്തിൽ ശമ്പളം വാങ്ങിയ ആകെ ജീവനക്കാരുടെ എണ്ണം എത്രയെന്ന് വ്യക്തമാക്കാമോ; തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(സി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ ഉന്നത തസ്തികകളിൽ (ഓഫീസേഴ്സ്) പി.എസ്.സി. വഴി എത്ര നിയമനം നടത്തി;

(ഡി) സുശീൽ ഖന്ന റിപ്പോർട്ട് പ്രകാരം സർവ്വീസ് ഓപ്പറേഷന് വേണ്ട സ്റ്റാഫ് പാറ്റേൺ എത്ര; ദേശീയ ശരാശരിയായ 1:8.5-ൽനിന്നും 1: 5.5-ലേയ്ക്ക് എത്തുമ്പോൾ സർവ്വീസ് ഓപ്പറേഷന് ആവശ്യമായ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് വ്യക്തമാക്കാമോ;

(ഇ) 1:6.5 എന്ന അനുപാതത്തിൽ ജീവനക്കാരെ ക്രമീകരിക്കുമ്പോൾ അധികമായിവരുന്ന ജീവനക്കാർക്ക് കെ.എസ്.ആർ.ടി.സി. എന്ത് തരത്തിലുള്ള ജോലി നൽകും;

(എഫ്) കെ.എസ്.ആർ.ടി.സി. കണ്ടക്ടർ റാങ്ക് ലിസ്റ്റിൽനിന്നും പി.എസ്.സി. അഡ്വൈസ് കൈപ്പറ്റിയ എത്ര പേരെ നിയമിക്കുമെന്നറിയിക്കുമോ;

(ജി) കെ.എസ്.ആർ.ടി.സി. അഞ്ച് വർഷ എൽ.ഡബ്ല്യൂ.എ. അനുവദിച്ച ജീവനക്കാരെ തിരികെ വിളിച്ചാൽ ഡ്യൂട്ടി നൽകുവാൻ സാധിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) 13-6-2018-ലെ കണക്കുപ്രകാരം 5,800 ബസ്സുകൾ സർവ്വീസിന് യോഗ്യമായവയാണ്. 25-5-2018-ൽ ഓപ്പറേറ്റ് ചെയ്ത സർവ്വീസ്സുകളുടെ എണ്ണം 5,098 ആണ്.

ടി സർവ്വീസുകളിലെ ജീവനക്കാർക്ക് നല്കിയ ഡ്യൂട്ടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

സിംഗിൾ ഡ്യൂട്ടി -444

ഒന്നര ഡ്യൂട്ടി - 1694

ഡബിൾ ഡ്യൂട്ടി -2590

രണ്ടര ഡ്യൂട്ടി -85

മൂന്ന് ഡ്യൂട്ടി -189

മൂന്നര ഡ്യൂട്ടി -20

നാല് ഡ്യൂട്ടി -39

നാല് ഡ്യൂട്ടിക്ക് മുകളിൽ -37

ആകെ - 5098.

(ബി) 2018 മാർച്ച് മാസത്തിൽ 37,078 പേർക്ക് ശമ്പളം നൽകിയിട്ടുണ്ട്. അതിൽ 28857 പേർ സ്ഥിരം ജീവനക്കാരും 8006 പേർ താൽക്കാലിക ജീവനക്കാരും 215 പേർ ഓഫീസർമാരുമാണ്.

തസ്തിക തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.*

(സി) നിലവിൽ 80 ഓഫീസർമാർ പി.എസ്.സി. മുഖാന്തരം കോർപ്പറേഷന്റെ സേവനങ്ങളിൽ പ്രവേശിച്ചവരാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി&ഇ) ദേശീയ ശരാശരിക്കൊപ്പം, അതായത് 1:5.5. ഓപ്പറേറ്റിംഗ് ഷെഡ്യൂളുകൾക്ക് ആനുപാതികമായാണ് ജീവനക്കാരുടെ എണ്ണം കണക്കാക്കുന്നത്. ആയതിനാൽ സർവ്വീസ് ഓപ്പറേഷനുവേണ്ടി സ്റ്റാഫ് പാറ്റേൺ 1:5.5. ലേയ്ക്ക് എത്തിക്കുന്നതിനുള്ള നടപടികൾ നടന്നുവരുന്നു. അതിനുശേഷം മാത്രമെ ആവശ്യമായ ജീവനക്കാരുടെ എണ്ണം കണക്കാക്കുവാൻ കഴിയുകയുള്ളൂ.

(എഫ്) കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ൽനിന്നും വിരമിച്ച പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ്സ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്കൊപ്പം എത്തിക്കാൻ ശ്രമിച്ചുവരികയാണ്. ആയതിനാൽ പുതിയ നിയമനങ്ങൾ തൽക്കാലം നടത്താൻ നിർവ്വാഹമില്ല. പ്രൊഫസർ സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ടിന് അനുസരിച്ച് മാത്രമെ പുതിയ നിയമനം നടത്താൻ നിർവ്വാഹമുള്ളൂ.

(ജി) കെ.എസ്.ആർ.ടി.സി.-യിൽ 5 വർഷം LWA അനുവദിച്ച ജീവനക്കാരെ തിരികെ വിളിച്ചാൽ ഡ്യൂട്ടി നൽകാൻ സാധിക്കും.

## പൊന്നാനിയിൽനിന്നും തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് കെ.എസ്.ആർ.ടി.സി. ബസ്

273(3293) <u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u> : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മെഡിക്കൽ കോളേജിലേയ്ക്ക് പൊന്നാനി, ഗുരുവായൂർ, മണലൂർ, നാട്ടിക മണ്ഡലങ്ങളിൽ നിന്നുമെത്തുന്ന രോഗികൾക്ക് സൗകര്യപ്രദമാകുംവിധം പൊന്നാനി ഡിപ്പോയിൽനിന്നും ചാവക്കാട്-വാടാനപ്പിള്ളി -തൃശ്ശൂർ വഴി മെഡിക്കൽ കോളേജിലേയ്ക്ക് ഒരു കെ.എസ്.ആർ.ടി.സി. ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

പ്രസ്തുത വിഷയം സംബന്ധിച്ച സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പുതുതായി അനുവദിച്ച കെ.എസ്.ആർ.ടി.സി. ബസുകൾ

274(3294) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ പുതുതായി എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവീസുകൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കാലയളവിൽ കണ്ണൂർ ജില്ലയിൽ പുതിയ എത്ര കെ.എസ്.ആർ.ടി.സി. ബസുകൾ അനുവദിച്ചിട്ടുണ്ടെന്ന് മണ്ഡലംതിരിച്ച് വ്യക്തമാക്കാമോ?

ഉത്തരം

(എ) 72 എണ്ണം.

(ബി)

| ഡിപ്പോ | പുതിയ ബസ് | കൺവർട്ട് ബസ് | ആകെ |
|---|---|---|---|
| പയ്യന്നൂർ | 1 | 15 | 16 |
| കണ്ണൂർ | 5 | 10 | 15 |
| തലശ്ശേരി | 3 | 10 | 13 |

## പൊന്നാനി ഡിപ്പോയിൽനിന്നും പുതിയ ബസ്

275(3295) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ മുളങ്കുന്നത്തുകാവ് മെഡിക്കൽ കോളേജിലേയ്ക്ക് എത്തുന്ന പൊന്നാനി, ഗുരുവായൂർ, കുന്ദംകുളം മണ്ഡലങ്ങളിൽനിന്നുമുള്ള രോഗികൾക്ക് സൗകര്യമാകുംവിധത്തിൽ പൊന്നാനി കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും പുതിയ ബസ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പ്രസ്തുത വിഷയം സംബന്ധിച്ച് സാദ്ധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിൽ നിർത്തലാക്കിയ ട്രാൻസ്പോർട്ട് ബസ്സുകൾ

276( 3296) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ കഴിഞ്ഞ അഞ്ചുവർഷത്തിനുള്ളിൽ എത്ര ട്രാൻസ്പോർട്ട് ബസ് സർവീസുകൾ നിർത്തലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) അവയുടെ റൂട്ടുകൾ ഏതൊക്കെയാണെന്നും നിർത്തലാക്കിയ കാരണങ്ങൾ എന്താണെന്നും വ്യക്തമാക്കാമോ;

(സി) ഈ സർവീസുകൾ പുനഃസ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനുള്ളിൽ പത്ത് സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്.

(ബി) 1. പെരിന്തൽമണ്ണ-മുതുതല-പട്ടാമ്പി-വളാഞ്ചേരി-കാടാമ്പുഴ

2. പൊന്നാനി-എടപ്പാൾ-കൊപ്പം-പെരിന്തൽമണ്ണ

3. തൃശ്ശൂർ-ഷൊർണ്ണൂർ-ഒറ്റപ്പാലം-ചെറുപ്പുളശ്ശേരി

4. പാലക്കാട്-ഒറ്റപ്പലം-പട്ടാമ്പി

പ്രസ്തുത സർവ്വീസുകൾക്ക് പ്രതീക്ഷിച്ച വരുമാനം ലഭിക്കാത്തതിനാലാണ് നിർത്തലാക്കിയത്.

(സി) പ്രസ്തുത റൂട്ടുകളിൽ യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്ന സാഹചര്യത്തിൽ ആവശ്യമായ സാദ്ധ്യതാപഠനം നടത്തി ടി സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## ആറ്റിങ്ങൽ- തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് ബസ്സുകൾ

277(3297) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജീവനക്കാർക്ക് രാവിലെ പത്ത് മണിക്ക് ഓഫീസിലെത്തുന്നതിനും തിരിച്ച് മടങ്ങുന്നതിനുമായി ആറ്റിങ്ങൽ കെ.എസ്.ആർ.ടി.സി. ബസ്സ്സ്റ്റാൻഡിൽനിന്നും ആറ്റിങ്ങൽ - തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് ബസ്സുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത്തരം ഷെഡ്യൂളുകൾ ലാഭകരമായിരിക്കും എന്ന് കോർപ്പറേഷൻ തലത്തിൽ വിലയിരുത്തിയിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

രാവിലെ 7.50 മുതൽ 9.00 മണി വരെ ആറ്റിങ്ങലിൽനിന്നും മെഡിക്കൽ കോളേജ് ബൈപ്പാസ് വഴി തിരുവനന്തപുരത്തേയ്ക്ക് 24 ട്രിപ്പുകൾ സർവ്വീസ് നടത്തുന്നുണ്ട്. ഇതിൽ ഓർഡിനറി, ഫാസ്റ്റ്, ജൻറം എന്നീ വിഭാഗം സർവ്വീസുകൾ ഉൾപ്പെടുന്നു. വൈകുന്നേരം തിരുവനന്തപുരത്ത്നിന്നും മെഡിക്കൽ കേളേജ് ബൈപ്പാസ്, കേശവദാസപുരം വഴി 20 ട്രിപ്പുകൾ ആറ്റിങ്ങൽ വരെ സർവ്വീസ് നടത്തുന്നുണ്ട്. ടി സർവ്വീസുകൾ കൂടാതെ കണിയാപുരം, ചാത്തന്നൂർ, ചടയമംഗലം, കിളിമാനൂർ, കൊല്ലം, ഭാഗങ്ങളിൽനിന്നും ആറ്റിങ്ങൽ വഴി രാവിലെ തിരുവനന്തപുരത്തേക്കും വൈകിട്ട് തിരിച്ചും സർവ്വീസ് നടത്തുന്നുണ്ട്. കൂടാതെ സിറ്റി, വികാസ് ഭവൻ ഡിപ്പോകളിൽനിന്നും ആറ്റിങ്ങൽ വന്ന് തിരികെ തിരുവനന്തപുരത്തേക്ക് സർവ്വീസ് നടത്തുന്നുണ്ട്. ഇവ കൂടാതെ തിരുവനന്തപുരത്തുനിന്നും ദേശിയപാതയിലൂടെ ആറ്റിങ്ങൽ ഭാഗത്തേക്കും തിരിച്ചും വളരെ കുറഞ്ഞ ഇടവേളകളിൽ ദീർഘദൂര സർവ്വീസുകൾ നടത്തി വരികയാണ്. ആയതിനാൽ ആറ്റിങ്ങൽ-തിരുവനന്തപുരം റൂട്ടിൽ നോൺ സ്റ്റോപ്പ് ബസ്സുകൾ ആരംഭിക്കുന്നത് കോർപ്പറേഷന് ഗുണകരമല്ലാത്തതിനാൽ പ്രസ്തുത ആവശ്യം ഇപ്പോൾ പരിഗണിക്കുവാൻ നിർവ്വാഹമില്ല.

### പാപ്പനംകോട് ഡിപ്പോയിലെ ബസ് സർവ്വീസുകൾ

278(3298) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് ഡിപ്പോയിൽനിന്നും വിവിധ ഭാഗങ്ങളിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസുകൾ നിർത്തിവച്ചിരിക്കുന്നു എന്ന് പൊതുജനങ്ങളിൽനിന്നും പരാതി കിട്ടിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉത്തരം

കെ.എസ്.ആർ.ടി.സി നേമം നിയോജകമണ്ഡലത്തിലെ പാപ്പനംകോട് ഡിപ്പോയിൽനിന്നും സ്ഥിരമായി ഷെഡ്യൂളുകൾ ഒന്നുംതന്നെ റദ്ദ് ചെയ്തിട്ടില്ല. എന്നാൽ വരുമാന ലഭ്യതയ്ക്കായി ചില സർവ്വീസുകളുടെ റൂട്ടോ സമയമോ പുനഃക്രമീകരിക്കേണ്ടി വന്നിട്ടുണ്ട്. കൂടാതെ ചില പ്രായോഗിക കാരണങ്ങളാൽ ചില സർവ്വീസുകൾ ചില ദിവസങ്ങളിൽ റദ്ദ് ചെയ്തിട്ടുണ്ട്. ടി സാഹചര്യത്തിൽ പരാതി ലഭിക്കുന്ന മുറയ്ക്ക് കെ.എസ്.ആർ.ടി.സി.-യ്ക്കും പൊതുജനങ്ങൾക്കും ഗുണകരമാകുന്ന രീതിയിൽ സർവ്വീസുകൾ പുനഃക്രമീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ഇലക്ട്രിക്കൽ ബസ്സുകൾ

279(3299) ശ്രീ. പി. കെ.ബഷീർ :

ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് :

ശ്രീ. എം. ഉമ്മർ :

ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രികൽ ബസ്സുകൾ കെ.എസ്.ആർ.ടി.സി. എപ്രകാരം ലഭ്യമാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇക്കാര്യത്തിൽ കേന്ദ്രസർക്കാർ സബ്സിഡി ലഭ്യമാണോ; വിശദമാക്കുമോ?

ഉത്തരം

(എ) പരിസ്ഥിതി സൗഹാർദ്ദ ഇലക്ട്രിക് ബസ് സംസ്ഥാനത്ത് ആദ്യമായി 18-6-2018 മുതൽ തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പരീക്ഷണാടിസ്ഥാനത്തിൽ സർവ്വീസ് നടത്തുന്നതാണ്. പരീക്ഷണം വിജയകരമാണെന്ന് കണ്ടാൽ കേന്ദ്രസർക്കാർ സഹായത്തോടെ ഇത്തരം ബസ്സുകൾ വ്യാപകമാക്കുവാൻ പദ്ധതിയുണ്ട്.

കെ.എസ്.ആർ.ടി.സി.യുടെ നിലവിലെ സാമ്പത്തികസ്ഥിതിയിൽ ഉയർന്ന വിലയുള്ള ഇലക്ട്രിക് ബസ്സുകൾ സ്വന്തം നിലയിൽ വാങ്ങുന്നതിന് സാധിക്കാത്ത സാഹചര്യമായതിനാൽ വാടകയ്ക്ക് ഇലക്ട്രിക് ബസ്സുകൾ ഓടിക്കുന്ന കാര്യവും പരിഗണനയിലുണ്ട്.

(ബി) നിലവിൽ സബ്സിഡി ലഭ്യമല്ല.

## കെ.എസ്.ആർ.ടി.സി.യിലെ അക്കൗണ്ടന്റുമാർ

280(3300) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; പ്രസ്തുത നിർദ്ദേശങ്ങൾ ക്ലറിക്കൽ സ്റ്റാഫിനും ടെക്നിക്കൽ സ്റ്റാഫിനും ഓരേ രീതിയിൽ ബാധകമാണോയെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ എത്ര അക്കൗണ്ടന്റുമാർ ഉണ്ട്; യൂണിറ്റ് തിരിച്ചുള്ള എണ്ണം വ്യക്തമാക്കുമോ;

(സി) പുതുതായി നിലവിൽവന്ന അക്കൗണ്ടന്റ് റാങ്ക് ലിസ്റ്റിൽ നിന്ന് എന്നുമുതൽ നിയമനം തുടങ്ങുമെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ സ്ഥലംമാറ്റം സംബന്ധിച്ച നിർദ്ദേശങ്ങൾ അടങ്ങിയ സേവനവേതന കരാറിന്റെ പകർപ്പ് അനുബന്ധം I* ആയി ചേർക്കുന്നു. പ്രസ്തുത നിർദ്ദേശങ്ങൾ ക്ലറിക്കൽ സ്റ്റാഫിനും ടെക്നിക്കൽ സ്റ്റാഫിനും ഒരേ രീതിയിൽ ബാധകമാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ അസിസ്റ്റന്റ് തസ്തികയിലുള്ള 77 പേർ അക്കൗണ്ടന്റ് ജോലി ചെയ്യുന്നു. യൂണിറ്റ് തിരിച്ചുള്ള വിവരം ഇതോടൊപ്പം അനുബന്ധം II* ആയി ചേർക്കുന്നു.

(സി) കെ.എസ്.ആർ.ടി.സി.-യിൽ അക്കൗണ്ടന്റ് ഒരു പ്രത്യേക തസ്തികയല്ല. അക്കൗണ്ടിംഗ് ജോലികൾക്ക് അഭികാമ്യമാണെന്ന് ബോധ്യപ്പെടുന്ന അസിസ്റ്റന്റുമാരെയാണ് വിവിധ യൂണിറ്റുകളിൽ അക്കൗണ്ടന്റുമാരായി നിയമിക്കുന്നത്. ആയതിനാൽ കെ.എസ്.ആർ.ടി.സി. യിൽ അക്കൗണ്ടന്റ് റാങ്ക് ലിസ്റ്റ് നിലവിലില്ല.

**കെ.എസ്.ആർ.ടി.സി.യിൽ പി.എസ്.സി. വഴിയുള്ള നിയമനം**

281(3301) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. വഴി കഴിഞ്ഞ രണ്ട് വർഷം എത്രപേർക്ക് കെ.എസ്.ആർ.ടി.സി.-യിൽ നിയമനം നൽകിയെന്ന് വെളിപ്പെടുത്തുമോ;

(ബി) 2011-2016 കാലയളവിൽ എത്ര പുതിയ ബസുകൾ നിരത്തിലിറക്കിയെന്നും എത്ര പേർക്ക് പി.എസ്.സി. വഴി നിയമനം നൽകിയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) പി.എസ്.സി. വഴി കഴിഞ്ഞ രണ്ട് വർഷം (2016, 2017) കെ.എസ്.ആർ.ടി.സി.-യിൽ നടത്തിയ നിയമനങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു:

| | |
|---|---|
| അസിസ്റ്റന്റ് സ്റ്റോർ കീപ്പർ | - 19 |
| പ്യൂൺ | - 42 |
| സ്റ്റോർ ഇഷ്യൂവർ | - 25 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജൂനിയർ അസിസ്റ്റന്റ് - 388

ടൈപ്പിസ്റ്റ് - 38

ബ്ലാക്ക് സ്മിത്ത് - 21

ഡ്രൈവർ -886

കണ്ടക്ടർ - 2101

അസിസ്റ്റന്റ് എഞ്ചിനീയർ (സിവിൽ)-1

അസിസ്റ്റന്റ് ട്രാൻസ്പോർട്ട് ഓഫീസർ -8

(by transfer)

അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ -4

(by transfer)

(ബി) 2011-2016 കാലയളവിൽ 2221 ബസ്സുകൾ (ജൻറം ഉൾപ്പടെ) നിരത്തിലിറക്കിയിട്ടുണ്ട്. 2011-2016 കാലയളവിൽ പി.എസ്.സി. വഴി നൽകിയ നിയമനങ്ങൾ ചുവടെ ചേർക്കുന്നു:

ഗാർഡ് - 255

അസിസ്റ്റന്റ് സ്റ്റോർ കീപ്പർ - 48

പ്യൂൺ - 92

സ്റ്റോർ ഇഷ്യൂവർ - 70

ജൂനിയർ അസിസ്റ്റന്റ് - 669

ടൈപ്പിസ്റ്റ് - 4

മെക്കാനിക് - 2408

ഡ്രൈവർ - 5618

കണ്ടക്ടർ - 9300

അസിസ്റ്റന്റ് എഞ്ചിനീയർ(സിവിൽ) - 2

വെൽഫെയർ ഓഫീസർ (by transfer) - 3

## കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ തസ്തികയിലെ നിയമനം

282(3302) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ തസ്തികയിൽ എത്ര പേർക്കാണ് പി.എസ്.സി. അഡ്വൈസ് മെമ്മോ അയച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; അതിൽ എത്രപേർക്ക് നിയമനം നൽകി;

(ബി) അതിൽ ജോലിക്ക് ഹാജരാകാത്തവരുടെ എത്ര എൻ.ജെ.ഡി ഒഴിവുകളാണുള്ളത്;

(സി) പി.എസ്.സി. നിയമന ശിപാർശ അയച്ചിട്ടും അപ്പോയിന്റ്മെന്റ് ഓർഡർ ലഭിക്കാത്ത എത്ര പേരാണ് നിലവിലുള്ളതെന്നും ഇവർക്ക് അപ്പോയിന്റ്മെന്റ് ഓർഡർ ലഭിക്കുവാൻ സർക്കാർ സ്വീകരിച്ച നടപടികളെന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ തസ്തികയിൽ 4051 പേർക്കാണ് പി.എസ്.സി. അഡ്വൈസ് മെമ്മോ നൽകിയിട്ടുള്ളത്. അതിൽ ആർക്കുംതന്നെ നിയമനം നൽകിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ കണ്ടക്ടർ തസ്തികയിൽ പി.എസ്.സി. നിയമന ശിപാർശ ലഭിച്ചിട്ടും അപ്പോയിന്റ്മെന്റ് ഓർഡർ നൽകാത്ത 4051 പേർ നിലവിലുണ്ട്. കേരള സർക്കാർ കൊൽക്കത്ത ഐ.ഐ.എം.-ലെ റിട്ടയേർഡ് പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ ഇടക്കാല റിപ്പോർട്ടിൻ പ്രകാരം കെ.എസ്.ആർ.ടി.സി.-യിലെ ബസ് ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലായതിനാൽ ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിക്കൊപ്പം എത്തിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ട് വരികയാണ്. ആയതിനാൽ അഡ്വൈസ് ലഭിച്ചവർക്ക് നിലവിൽ നിയമനം നല്കാൻ നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി.-യിൽ യോഗം ചേരുന്നത് നിരോധിച്ച നടപടി

283 (3303) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് വളപ്പിലും യൂണിറ്റ്

ഓഫീസുകളിലും, കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകൾ ഉൾപ്പെടെയുള്ളവർ യോഗം ചേരുന്നത് നിരോധിച്ചിട്ടുണ്ടോ; എങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) പ്രതിഷേധിക്കുവാനുള്ള അവകാശം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നിഷേധിക്കുന്നതിനോട് സർക്കാർ യോജിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസ് വളപ്പിലും യൂണിറ്റ് ഓഫീസുകളിലും നടത്തുന്ന പ്രകടനം, മൈക്ക് ഉപയോഗിച്ചുള്ള യോഗം ചേരൽ, ധർണ്ണ എന്നിവ ഒഴിവാക്കണമെന്ന് കോർപ്പറേഷനിലെ എല്ലാ സംഘടനകൾക്കും, ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കോമ്പൗണ്ടിനുള്ളിൽ നിയമ വിരുദ്ധമായി വിവിധ സംഘടനകളും, വ്യക്തികളും നടത്തുന്ന പ്രകടനങ്ങളും, യോഗങ്ങളും ഓഫീസ് പ്രവർത്തനങ്ങളെയും, സർവ്വീസ് ഓപ്പറേഷനേയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെയും ടി യോഗങ്ങൾ യാത്രക്കാർക്ക് വലിയ അസൗകര്യങ്ങൾ ഉണ്ടാക്കുകയും യാത്രക്കാരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിലാണ് ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) അവകാശങ്ങൾ നേടിയെടുക്കുന്നതിനുവേണ്ടി പ്രതിഷേധിക്കുന്നതിനോട് വിയോജിപ്പില്ല. എന്നാൽ പ്രതിഷേധങ്ങൾ ഒരു സ്ഥാപനത്തിൽ നിലനിർത്തിപ്പോരുന്ന വ്യവസ്ഥാപിത നിയമങ്ങൾക്ക് വിരുദ്ധമാകാനും പാടില്ല.

## കെ.എസ്.ആർ.ടി.സി.-യിലെ കൂട്ട സ്ഥലംമാറ്റം

284(3304) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരെ കൂട്ടത്തോടെ സ്ഥലംമാറ്റിയത് ട്രാൻസ്പോർട്ട് മാന്വലിലെ വ്യവസ്ഥകളും മാനദണ്ഡങ്ങളും അനുസരിച്ചിട്ടല്ല എന്ന പരാതി ലഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലും മറ്റും യോഗം ചേരലും ധർണയും പ്രകടനങ്ങളും നിരോധിച്ച് ഉത്തരവിറക്കിയിട്ടുണ്ടോ; എങ്കിൽ ഇങ്ങനെ ഒരു ഉത്തരവ് പുറപ്പെടുവിക്കുവാനുള്ള കാരണം എന്തെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരാതി ലഭിച്ചിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി. ചീഫ് ഓഫീസിലും മറ്റ് യൂണിറ്റ് ഓഫീസുകളിലും നടത്തുന്ന പ്രകടനം, മൈക്ക് ഉപയോഗിച്ചുള്ള യോഗം ചേരൽ, ധർണ്ണ എന്നിവ ഒഴിവാക്കണമെന്ന് കോർപ്പറേഷനിലെ എല്ലാ സംഘടനകൾക്കും ജീവനക്കാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. കോർപ്പറേഷന്റെ കോമ്പൗണ്ടിനുള്ളിൽ നിയമ വിരുദ്ധമായി വിവിധ സംഘടനകളും വ്യക്തികളും നടത്തുന്ന പ്രകടനങ്ങളും യോഗങ്ങളും ഓഫീസ് പ്രവർത്തനങ്ങളെയും സർവ്വീസ് ഓപ്പറേഷനേയും പ്രതികൂലമായി ബാധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിന്റെയും ടി യോഗങ്ങൾ യാത്രക്കാർക്ക് വലിയ അസൗകര്യങ്ങൾ ഉണ്ടാക്കുകയും യാത്രക്കാരുടെ സഞ്ചാര സ്വാതന്ത്ര്യത്തിന് വിഘാതം സൃഷ്ടിക്കുകയും ചെയ്തതിന്റെയും അടിസ്ഥാനത്തിലാണ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ, കെ.എസ്.ആർ.ടി.സി. ഇത്തരത്തിലുള്ള നിർദ്ദേശം നൽകിയിട്ടുള്ളത്.

## കെ.എസ്.ആർ.ടി.സി. ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ നികത്താൻ നടപടി

285 (3305) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിൽ എത്ര ബസുകളാണ് ഉപയോഗക്ഷമതയുള്ളതെന്ന് വിശദമാക്കുമോ;

(ബി) നിലവിൽ എത്ര ഡ്രൈവർമാരാണ് കെ.എസ്.ആർ.ടി.സി.-യിൽ സേവനമനുഷ്ഠിക്കുന്നത്; 2018 ഏപ്രിൽ മാസത്തിൽ ഡ്രൈവർമാരുടെ എത്ര ഒഴിവുകളുണ്ടായിരുന്നു; 2018 മെയ് മാസത്തിൽ എത്ര ഡ്രൈവർമാരാണ് സർവ്വീസിൽ നിന്ന് വിരമിച്ചത്;

(സി) ഡ്രൈവർ തസ്തികയിൽ നിലവിലുള്ള ഒഴിവുകൾ നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 13-6-2018-ലെ കണക്കുപ്രകാരം 5800 ബസുകളാണ് ഉപയോഗക്ഷമതയായുള്ളത്.

(ബി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ 12699 ഡ്രൈവർമാരുണ്ട്. 2018 ഏപ്രിൽ മാസത്തിൽ കെ.എസ്.ആർ.ടി.സി.-യിൽ 75 ഡ്രൈവർമാർ വിരമിച്ചിട്ടുണ്ട്. ടി റിട്ടയർമെന്റ് ഒഴിവുകൾ 75 എണ്ണം ഏപ്രിൽ മാസത്തിൽ ഉണ്ട്. 2018 മെയ് മാസത്തിൽ 215 ഡ്രൈവർമാരാണ് സർവ്വീസിൽനിന്നും വിരമിച്ചത്.

(സി) നിലവിൽ ഡ്രൈവർമാർ വിരമിച്ചത് ചില യൂണിറ്റുകളുടെ സർവ്വീസുകളെ ബാധിച്ചതിനാൽ ആയത് അടിയന്തരമായി പരിഹരിച്ച് സർവ്വീസ് ക്യാൻസലേഷൻ ഒഴിവാക്കുന്നതിനുവേണ്ടി ഡ്രൈവർ തസ്തികയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രൊഫ. സുശീൽ ഖന്നയുടെ പുനരുദ്ധാരണ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമെ ഡ്രൈവർ തസ്തികയിലെ ഒഴിവുകൾ നിർണ്ണയിച്ച് ഒഴിവ് നികത്താൻ നടപടി സ്വീകരിക്കാൻ കഴിയുകയുള്ളൂ.

**കെ.എസ്.ആർ.ടി.സി.-യ്ക്ക് സി.എൻ.ജി. ഇന്ധനത്തിന്റെ ലഭ്യത**

286(3306) ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. സി. എഫ്. തോമസ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-ക്ക് സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന എത്ര ബസ്സുകളാണുള്ളത്; നിലവിൽ ഇവ സർവ്വീസ് നടത്തുന്നുണ്ടോ; എന്നാണ് പ്രസ്തുത ബസ്സുകൾ വാങ്ങിയത്;

(ബി) നിലവിൽ പ്രസ്തുത ബസ്സുകൾ ഓടിക്കുന്നതിനാവശ്യമായ ഇന്ധനം എപ്രകാരമാണ് ക്രമീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) സി.എൻ.ജി. ഇന്ധനത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിന് തിരുവനന്തപുരത്ത് ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുഘട്ടം വരെയായി എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-യിൽ സി.എൻ.ജി. ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഒരു ബസ് സർവ്വീസ് നടത്തുന്നുണ്ട്. 5-1-2017 ലാണ് ഈ ബസ് വാങ്ങിയത്.

(ബി) കളമശ്ശേരിയിലുള്ള പമ്പിൽ നിന്നുമാണ് ബസ്സ് ഓടിക്കുന്നതിന് ആവശ്യയായ ഇന്ധനം നിറയ്ക്കുന്നത്.

(സി) തിരുവനന്തപുരത്ത് ഫില്ലിംഗ് സ്റ്റേഷൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ അന്തർസംസ്ഥാന സർവ്വീസുകൾ

287 (3307) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. എത്ര പുതിയ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ;

(ബി) അന്തർസംസ്ഥാന സർവ്വീസിലൂടെ കെ.എസ്.ആർ.ടി.സി.യുടെ ശരാശരി പ്രതിദിന വരുമാനം എത്രയെന്ന് വ്യക്തമാക്കുമോ;

(സി) പുതിയ അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതിന് കെ.എസ്.ആർ.ടി.സി. സർക്കാരിന്റെ അനുമതി തേടിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏതെല്ലാം റൂട്ടുകളിലാണ് പുതിയ സർവ്വീസ് ആരംഭിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 50 പുതിയ അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) 75,09,885 രൂപ.

(സി) തമിഴ്നാടുമായി പുതിയ അന്തർസംസ്ഥാന കരാർ രൂപീകരിക്കുന്നതിനുള്ള നടപടികൾ അന്തിമ ഘട്ടത്തിലാണ്. ഇത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന പ്രാഥമിക വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പ്രാഥമിക വിജ്ഞാപനം അന്തിമമായി പ്രസിദ്ധീകരിച്ചശേഷം പുതിയ റൂട്ടുകളിലേയ്ക്ക് കെ.എസ്.ആർ.ടി.സി. അന്തർസംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നതാണ്. പുതിയ റൂട്ടുകൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിട്ടുണ്ട്.

## ഹരിപ്പാട് കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ

288(3308) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹരിപ്പാട് നിയോജകമണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. ഗ്യാരേജിന്റെയും ഷോപ്പിംഗ് കോംപ്ലക്സിന്റെയും നിർമ്മാണപ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണ് എന്നറിയിക്കാമോ;

(ബി) പ്രസ്തുത നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് വേണ്ട മേൽനടപടി സ്വീകരിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സിവിൽ വർക്കുകൾ 90% പൂർത്തീകരിച്ച് കഴിഞ്ഞു. ഇലക്ട്രിഫിക്കേഷൻ, ഫയർ ഫൈറ്റിംഗ്, സ്വീവേജ് ട്രീറ്റ്മെന്റ് പ്ലാന്റ് എന്നീ പണികൾകൂടി പൂർത്തീകരിക്കാനുണ്ട്.

(ബി) കെ.എസ്.ആർ.ടി.സി.-യുടെ സാമ്പത്തിക ലഭ്യതയ്ക്കനുസരിച്ച് പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോ**

289 (3309) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നും ഇപ്പോൾ ആകെ എത്ര ബസുകൾ സർവ്വീസ് നടത്തിവരുന്നുണ്ട്; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര സർവ്വീസുകൾ നിർത്തലാക്കിയിട്ടുണ്ട്; എന്താണ് സർവ്വീസുകൾ കുറയ്ക്കാൻ കാരണം എന്നറിയിക്കാമോ;

(ബി) സർവ്വീസുകൾ വെട്ടിക്കുറച്ചതുമൂലം യാത്രക്കാർക്ക് വളരെയധികം ബുദ്ധിമുട്ടുകൾ അനുഭവിക്കേണ്ടിവരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(സി) ഈ ഡിപ്പോയിൽ ഓരോ തസ്തികയിലും നിലവിൽ എത്ര ജീവനക്കാർ ജോലിനോക്കിവരുന്നുണ്ട്; എത്ര തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ട്; ആവശ്യത്തിന് ജീവനക്കാരില്ലാത്തത് സർവ്വീസുകളെ ബാധിച്ചിട്ടുണ്ടോ; എങ്കിൽ ജീവനക്കാരുടെ കുറവ് പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) ഉത്സവകാലങ്ങളിലും മറ്റ് പ്രത്യേക അവസരങ്ങളിലും കാലാകാലങ്ങളായി നടത്തിവരുന്ന പ്രത്യേക സർവ്വീസുകൾ തുടരുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പെരിന്തൽമണ്ണ ഡിപ്പോയിൽനിന്നും ആകെ 40 സർവ്വീസുകൾ (ആർ.ടി.സി-38, ജൻറം-2) നടത്തിവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സർവ്വീസുകളൊന്നും നിർത്തലാക്കിയിട്ടില്ല.

(ബി) സർവ്വീസുകൾ വെട്ടിക്കുറച്ചിട്ടില്ലാത്തതിനാൽ അത്തരത്തിലുള്ള ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടില്ല. യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്ന സാഹചര്യത്തിൽ കൂടുതൽ സർവ്വീസുകൾ തുടങ്ങുന്ന കാര്യം ആവശ്യമായ സാദ്ധ്യതാ പഠനം നടത്തി പരിശോധിക്കുന്നതാണ്.

(സി) ജീവനക്കാരുടെ കുറവുമൂലം ചില സന്ദർഭങ്ങളിൽ നാമമാത്രമായ സർവ്വീസുകൾ റദ്ദ് ചെയ്യേണ്ടിവരാറുണ്ട്. കെ.എസ്.ആർ.ടി.സി. പെരിന്തൽമണ്ണ ഡിപ്പോയിൽ നിലവിലുള്ള ജീവനക്കാരുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| സൂപ്രണ്ട് | - 2 |
| ക്ലർക്ക് | - 11+1 (എംപാനൽ) |
| ടൈപ്പിസ്റ്റ് | - 1 |
| പ്യൂൺ | - 2 |
| അസിസ്റ്റന്റ് സർജൻ | - 1 |
| ഗാർഡ് | - 2+ 1 (SpiderForce) |
| ഇൻസ്പെക്ടർ | - 5 |
| സ്റ്റേഷൻമാസ്റ്റർ | - 4 |
| കണ്ടക്ടർ | - 78+35 (എംപാനൽ) |
| ഡ്രൈവർ | - 84+16 (എംപാനൽ) |
| എ.ഡി.ഇ. | - 1 |
| മെക്കാനിക് | - 35 |
| ബ്ലാക്ക്സ്മിത്ത് | - 4 |
| കോച്ച് ബിൽഡർ | - 1 |
| പെയിന്റർ | - 1+1 (WA) |
| അപ്ഹോൾസ്റ്റർ | - 1 |
| ടയർ ഇൻസ്പെക്ടർ | - 1 |
| പമ്പ് ഓപ്പറേറ്റർ | - 1 |
| വി.എസ്. | - 1 |
| സ്റ്റോർ അസിസ്റ്റന്റ് | - 1 |
| സ്റ്റോർ ഇഷ്യൂവർ | - 1 |

ടി യൂണിറ്റിൽ ഒരു വെഹിക്കിൾ സൂപ്പർ വൈസർ, ഒരു ചാർജ്മാൻ, അഞ്ച് ഡ്രൈവർമാർ, ഒരു ക്ലർക്ക് എന്നിവരുടെ കുറവുണ്ട്. കെ.എസ്.ആർ.ടി.സി. അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ൽനിന്നും വിരമിച്ച പ്രൊഫ. സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സി.-യുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ.സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ്സ്-ജീവനക്കാരുടെ അനുപാതം ദേശീയ ശരാശതിക്കൊപ്പമെത്തിക്കാൻ ശ്രമിച്ചു വരികയുമാണ്. ആയതിനാൽ പ്രൊഫ.സുശീൽ ഖന്നയുടെ അന്തിമറിപ്പോർട്ടിന് അനുസരിച്ച് മാത്രമേ ജീവനക്കാരുടെ പുനർവിന്യാസം സംബന്ധിച്ച നടപടികൾ പൂർത്തിയാക്കുവാൻ സാധിക്കുകയുള്ളൂ.

(ഡി) യാത്രക്കാരുടെ ആവശ്യകതയും കോർപ്പറേഷന്റെ വരുമാന സാദ്ധ്യതയും കണക്കിലെടുത്ത് ഉത്സവകാലങ്ങളിലും മറ്റ് പ്രത്യേക അവസരങ്ങളിലും നടത്തിവരുന്ന പ്രത്യേക സർവ്വീസുകൾ തുടരുന്ന കാര്യം പരിശോധിക്കുന്നതാണ്.

**കെ.എസ്.ആർ.ടി.സി. പണയപ്പെടുത്തിയ ഡിപ്പോകൾ**

290 (3310) <u>ശ്രീ. പി. കെ. ബഷീർ:</u>

<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ പെൻഷൻ, ശമ്പളം ഇവ നൽകുന്നതിനായി പണയപ്പെടുത്തിയ ഡിപ്പോകൾ എത്രയാണ്, ആകെ എത്ര ഡിപ്പോകളാണ് നിലവിലുണ്ടായിരുന്നത്;

(ബി) പ്രസ്തുത ഡിപ്പോകളിലെ പ്രതിദിന വരുമാനം എത്ര രൂപയാണെന്നും ഈ ഡിപ്പോകളിലെ വരുമാനം ഇപ്പോൾ ആർക്കാണ് ലഭിക്കുന്നതെന്നും വ്യക്തമാക്കുമോ;

(സി) നിലവിൽ കെ.എസ്.ആർ.ടി.സി.-യിൽ ആകെ എത്ര ജീവനക്കാരുണ്ട്; ഉദ്യോഗസ്ഥതലം, ശമ്പളം ഇവ തിരിച്ച് വിശദാംശങ്ങൾ നൽകുമോ;

(ഡി) പെൻഷൻ, ശമ്പളം ഇവ കൃത്യമായി നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി.-ക്ക് 93 ഡിപ്പോകളും ഒരു സെൻട്രൽ വർക്ക് ഷോപ്പും, 4 റീജിയണൽ വർക് ഷോപ്പുകളും, ഒരു സ്റ്റാഫ് ട്രെയിനിംഗ് സെന്ററുമാണുള്ളത്. നിലവിൽ ശബളം നൽകുവാൻ ഡിപ്പോകൾ ഒന്നും പണയപ്പെടുത്തിയിട്ടില്ല.

(സി) കെ.എസ്.ആർ.ടി.സി.-യിൽ 5/2018-ലെ കണക്കനുസരിച്ച് 32,301 സ്ഥിരം ജീവനക്കാരും 7953 താല്ക്കാലിക ജീവനക്കാരുമുണ്ട്.

| | |
|---|---|
| മിനിസ്റ്റീരിയൽ | - 1942 |
| സ്റ്റോർ | - 297 |
| സിവിൽ | - 7 |
| സ്റ്റേഷൻമാസ്റ്റർ/ഇൻസ്പെക്ടർ | - 1106 |
| വി.എസ്./എച്ച്.വി.എസ്. | - 283 |
| കണ്ടക്ടർ | - 10455 |
| ഡ്രൈവർ | - 12699 |
| മെക്കാനിക്ക് | - 5299 |
| ഓഫീസർമാർ | - 213 |

ശമ്പളം സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി* ചേർത്തിരിക്കുന്നു.

(ഡി) സഹകരണ ബാങ്കുകളുടെ കൺസോർഷ്യം വഴി പെൻഷൻ വിതരണം നടന്നു വരുന്നു. ഇത് ജൂലൈവരെ തുടരുന്നതാണ്. പുതിയ കൺസോർഷ്യം വായ്പാ പുനഃസംഘടനയുടെ ഫലമായി വായ്പ തിരിച്ചടവിൽ കുറവുവരുന്ന തുകകൊണ്ടും ബാക്കി സർക്കാർ ധനസഹായം കൊണ്ടും ശമ്പളം കൃത്യമായി വിതരണം ചെയ്തു വരുന്നു.

**പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ വികസനം**

291 (3311) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗതാഗത വകുപ്പ് ആഭ്യന്തര ഭരണാനുമതി ലഭ്യമാക്കിയിട്ടുള്ള പന്തളം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മാണം എം.എൽ.എ.-എ.ഡി.എസ്. പദ്ധതി വഴി പ്രാവർത്തികമാക്കുന്നതിന് നാളിതുവരെ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) അടിസ്ഥാന സൗകര്യപരിമിതിമൂലം തികച്ചും ശോചനീയാവസ്ഥയിൽ തുടരുന്ന പ്രസ്തുത ഓപ്പറേറ്റിംഗ് സെന്റർ വികസനത്തിനായുള്ള ഈ പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പന്തളം കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്ററിന് അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിലവിലുള്ളതിനാൽ പുതിയ കെട്ടിടത്തിന്റെ ആവശ്യം ഇല്ല.

(ബി &സി) പന്തളം യൂണിറ്റിൽ LNG/CNG സ്റ്റേഷൻ സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട നടപടികൾ നടന്നുവരുന്നതിനാൽ പുതിയ കെട്ടിടം പണിതാൽ ഭാവി വികസന പ്രവർത്തനത്തിന് തടസ്സമാകും.

പന്തളം യൂണിറ്റിൽ അടിസ്ഥാന സൗകര്യ പരിമിതി നിലവിലില്ല, എന്നാൽ യാർഡിന്റേത് വളരെ ശോചനീയ അവസ്ഥയാണ്.

**അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ദുരവസ്ഥ**

292 (3312) <u>ശ്രീ. റോജി എം. ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ദുരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ;

(ബി) പ്രസ്തുത ഡിപ്പോയിൽ ബസ് കയറുന്ന സ്ഥലത്തെ വലിയ കുഴികൾ കോർപ്പറേഷന്റെ ശ്രദ്ധയിൽപ്പെട്ടിട്ട് എത്ര മാസമായി എന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത കുഴികൾ മഴക്കാലത്തിനും സ്കൂൾ തുറക്കുന്നതിനും മുമ്പായി പുനരുദ്ധരിക്കണമെന്ന് ആവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. 27-2-2018-ൽ കെ.എസ്.അർ.ടി.സി. എം.ഡി.-യ്ക്ക് നൽകിയ നിവേദനത്തിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ;

(ഡി) മഴക്കാലം തുടങ്ങി സ്കൂളുകൾ തുറന്നിട്ടും ഒരു നടപടിയും കെ.എസ്.ആർ.ടി.സി. സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ;

(ഇ) ഇക്കാര്യത്തെക്കുറിച്ച് അന്വേഷണം നടത്തുമോ; വിശദാംശം ലഭ്യമാക്കാമോ ;

(എഫ്) കുഴികൾ അടയ്ക്കുന്നതിന് ഇനി എത്ര നാൾകൂടി കഴിയണമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) യാർഡ് പൊട്ടിപ്പൊളിഞ്ഞ നിലയിലുള്ള അങ്കമാലി കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) അഞ്ച് മാസത്തോളം.

(സി) 17-2-2018-ൽ അസിസ്റ്റന്റ് എഞ്ചിനീയറോട് യാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്താനുള്ള എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശം നൽകിയതനുസരിച്ച് 9.10 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കുകയും 20-4-2018-ൽ നടന്ന ടെണ്ടറിൽ ആരും പങ്കെടുക്കാതിരുന്നതിനെ തുടർന്ന് 21-5-2018-ൽ റീ-ടെണ്ടർ ചെയ്തതിൽ ഒരാൾ മാത്രം ബിഡ് സമർപ്പിക്കുകയും ടിയാൾക്ക് 1-6-2018-ൽ സെലക്ഷൻ നോട്ടീസ് നൽകുകയും ചെയ്തു.

(ഡി) കരാറുകാരന് 1-6-2018-ൽ സെലക്ഷൻ നോട്ടീസ് നൽകിയെങ്കിലും ഇതുവരെ എഗ്രിമെന്റ് വെച്ചിട്ടില്ല.

(ഇ) ഉടൻതന്നെ പണി തുടങ്ങുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

(എഫ്) കരാറുകാരനുമായി കരാറിൽ ഏർപ്പെട്ടശേഷം മൂന്നുമാസത്തിനകം പ്രവൃത്തി പൂർത്തീകരിക്കുന്നതാണ്.

**കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം**

293 (3313) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയുടെ കിഴക്കൻ മേഖലയും ഹൈറേഞ്ചിന്റെ കവാടവുമായ കോതമംഗലത്തെ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എത്ര പുതിയ സർവ്വീസുകൾ ആരംഭിക്കുവാൻ കഴിഞ്ഞു എന്ന് വ്യക്തമാക്കാമോ;

(സി) പുതിയ ബസ്സുകളും ദീർഘ ദൂര സർവ്വീസുകളും ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) ഡിപ്പോക്ക് വേണ്ടി നിലവിലെ ഡിപ്പോയോട് ചേർന്നതന്നെ സൗജന്യമായി വിട്ടുകിട്ടിയ ഭൂമി ബസ്സ്സ്റ്റാന്റിന്റെ ആവശ്യങ്ങൾക്കായി വിനിയോഗിക്കുവാൻ സാധിച്ചിട്ടില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഇ) ഈ സ്ഥലത്തെ പാറ അടിയന്തരമായി നീക്കംചെയ്ത് ഡിപ്പോയിൽ കൂടുതൽ സൗകര്യം ഏർപ്പെടുത്തുന്നതിന് അടിയന്തരനടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) എറണാകുളം ജില്ലയിലെ കോതമംഗലത്തെ കെ.എസ്.ആർ.ടി.സി ഡിപ്പോയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഓപ്പറേറ്റ് ചെയ്യാതിരുന്ന 15 ഷെഡ്യൂളുകൾ പുനരാരംഭിക്കുവാൻ കഴിഞ്ഞിട്ടുണ്ട്. ആയതിനായി 4 ജൻറം ബസ്സുകൾ ഉൾപ്പെടെ 5 ബസ്സുകൾ പുതിയതായി നൽകിയിട്ടുണ്ട്. കോതമംഗലം കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ ഗ്യാരേജിലെ ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും അദ്ധ്വാനഭാരം ലഘൂകരിക്കുന്നതിനും പുതിയ Pneumatic tyre wernch, Bench drill, Greasing equipments, Trolly Jack എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) പുതിയതായി ഒരു സർവ്വീസ് ആരംഭിച്ചിട്ടുണ്ട്.

(സി) ദീഘദൂര സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച സാധ്യതാ പഠനം നടത്തി ആയതിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ഡി & ഇ) ഉണ്ട്. പാറ നീക്കംചെയ്യുന്നതിനായി 2014-2015-ൽ ക്വട്ടേഷൻ ക്ഷണിച്ചുവെങ്കിലും ഭീമമായ തുകയ്ക്ക് ക്വട്ടേഷൻ ലഭിക്കുകയും റോയൽറ്റി ഇനത്തിൽ സർക്കാരിലേയ്ക്ക് 1,20,000 രൂപ അടയ്ക്കണമെന്ന് കാണിച്ച് ജിയോളജി വകുപ്പിൽ നിന്ന് അറിയിപ്പ് ലഭിക്കുകയുമുണ്ടായി. ടി പരിതസ്ഥിതിയിൽ പാറ പൊട്ടിക്കുന്നതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക പ്രശ്നങ്ങളും റോയൽറ്റി അടയ്ക്കുന്നതുമായി ബന്ധപ്പെട്ട വിഷയങ്ങളും സംബന്ധിച്ച അനിശ്ചിതത്വം നിലനിൽക്കുന്നതിനാൽ ടി പ്രവൃത്തി ഇപ്പോൾ നിർവ്വഹിക്കുവാൻ സാധിക്കുന്നില്ല.

## പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ ടയർ ക്ഷാമം

294 (3314) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ ടയറുകളുടെ ക്ഷാമം നിമിത്തം ബസ്സുകളുടെ ഓട്ടം നിർത്തിവയ്ക്കേണ്ടിവന്ന സാഹചര്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) ഇക്കാര്യത്തിൽ എന്തൊക്കെ അടിയന്തര നടപടികളാണ് സ്വീകരിച്ചതെന്നും ടയർ ഇല്ലാത്തകാര്യം പറഞ്ഞ് ബസ്സുകളുടെ ഓട്ടം നിർത്തിവച്ച് കെ.എസ്.ആർ.ടി.സി-യിലെ പ്രതിസന്ധി മൂർച്ഛിപ്പിക്കുന്ന നടപടി ആരുടെ ഭാഗത്തുനിന്നാണ് ഉണ്ടാകുന്നതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പുതിയ ടയറുകളും റീട്രേഡ് ടയറുകളും കൂടുതൽ ലഭ്യമാക്കി പ്രതിസന്ധി പരിഹരിച്ചു. സാമ്പത്തിക പ്രതിസന്ധിമൂലം വിതരണക്കാർക്ക് യഥാസമയം തുക നൽകാൻ കഴിയാത്തതിനാൽ പുതിയ ടയർ ലഭ്യമാക്കാൻ സാധിക്കാതെ വന്നതുമൂലമാണ് കെ.എസ്.ആർ.ടി.സി.യിൽ ബസ്സുകൾ സർവ്വീസ് നടത്താനാകാത്ത സാഹചര്യം സംജാതമായത്.

## കായംകുളത്തെ കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ

295(*T 3315) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളത്ത് കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) കേരളത്തിൽ പുതുതായി എവിടെയൊക്കെയാണ് കെ.എസ്.ആർ.ടി.സി. ബസ്സ് ടെർമിനലുകൾ ആരംഭിക്കുന്നതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) കായംകുളത്ത് കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ പരിഗണനയിലില്ല.

(ബി) കെ.എസ്.ആർ.ടി.സി. പുതുതായി ബസ് ടെർമിനലുകൾ നിർമ്മിക്കുവാൻ തീരുമാനിച്ചിട്ടില്ല.

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## ഗുരുവായൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റ് പുതുക്കിപ്പണിയാൻ നടപടി

296 (3316) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീർത്ഥാടക നഗരമായ ഗുരുവായൂരിൽ കെ.എസ്.ആർ.ടി.സി.-ക്ക് അധിക വരുമാന സ്രോതസ്സാകുംവിധം, മുകൾ നിലകളിൽ ഡോർമിറ്ററി ഉൾപ്പെടെയുള്ള വിശ്രമ കേന്ദ്രത്തോടെ ബസ് ടെർമിനൽ പുതുക്കി പണിയുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

നിലവിൽ പദ്ധതികൾ ഒന്നും വിഭാവനം ചെയ്തിട്ടില്ല.

## പയ്യന്നൂർ ഡിപ്പോയ്ക്ക് പുതിയ ബസ്സുകൾ അനുവദിക്കാൻ നടപടി

297(3317) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽനിന്നും കഴിഞ്ഞ ഒരു വർഷത്തിനിടയിൽ എത്ര ബസുകൾ സ്ക്രാപ്പ് ചെയ്തിട്ടുണ്ട്;

(ബി) ഇതിനു പകരമായി പുതിയ ബസുകൾ അനുവദിച്ചിട്ടുണ്ടോ;

(സി) നിലവിൽ പയ്യന്നൂർ ഡിപ്പോയിൽനിന്നും എത്ര ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്; ഇത്രയും ഷെഡ്യൂളുകൾ ഓപ്പറേറ്റ് ചെയ്യാൻ എത്ര ബസ്സുകൾ ആവശ്യമാണ്; അതിന് എത്ര ബസ്സുകൾ നിലവിൽ ഉണ്ട്; എത്ര ബസിന്റെ കുറവ് നിലവിൽ ഉണ്ട്;വിശദമാക്കാമോ;

(ഡി) ഈ ഡിപ്പോയ്ക്ക് പുതിയ ബസുകൾ അനുവദിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) 13 ബസ്സുകൾ സ്ക്രാപ്പ് ചെയ്തിട്ടുണ്ട്.

(ബി) ഒരു പുതിയ ബസ്സും മറ്റ് ഡിപ്പോകളിൽ നിന്നുമായി 15 ബസ്സും ചേർത്ത് 16 ബസ്സുകൾ അനുവദിച്ചിട്ടുണ്ട്.

(സി) 12-6-2018-ലെ കണക്ക് പ്രകാരമുള്ള വിശദാംശം താഴെപ്പറയുന്നു.

| വിഭാഗം | Vehicle Schedule | Holding | Excess/Short |
|---|---|---|---|
| Super Deluxe | Nil | Nil | - |
| Super Express | 4 | 5 | +1 |
| Super Fast | 5 | 6 | +1 |
| Fast passenger | 1 | 4 | +3 |
| Ordinary | 79 | 76 | -3 |
| JNNURM | 5 | 5 | 0 |
| Total | 94 | 96 | +2 |

90 അംഗീകൃത ഷെഡ്യൂളുകൾക്ക് 94 ബസ്സുകൾ ആവശ്യമുണ്ട്. അതിന് 96 ബസ്സുകൾ നിലവിലുണ്ട്. ഈ സാഹചര്യത്തിൽ ഷെഡ്യൂൾ ഓപ്പറേറ്റ് ചെയ്യുന്നതിന് പയ്യന്നൂർ ഡിപ്പോയിൽ ബസ്സിന്റെ കുറവ് നിലവിലില്ല.

(ഡി) പരിഗണിക്കുന്നതാണ്.

## ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിന്റെ പരിമിതികൾ

298(3318) <u>ശ്രീ. സജി ചെറിയാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യേന ആയിരക്കണക്കിന് യാത്രക്കാർ വന്നുപോകുന്നതും ശബരിമല തീർത്ഥാടകരുടെ ഇടത്താവളവും എം. സി.റോഡിലെ ഒരു പ്രധാന ബസ് സ്റ്റേഷനുമായ ചെങ്ങന്നൂർ കെ.എസ്.ആർ.ടി.സി. സ്റ്റാന്റിന്റെ നിലവിലെ പരിമിതികൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ബസ് സ്റ്റാന്റിൽ കാലപ്പഴക്കം കൊണ്ട് ജീർണ്ണാവസ്ഥയിലായ പഴയ കെട്ടിടങ്ങൾ പൊളിച്ച് നീക്കി വാണിജ്യ-വ്യാപാര ആവശ്യങ്ങൾക്ക് കൂടി ഉതകുന്ന തരത്തിൽ ആധുനിക സൗകര്യങ്ങളോടുകൂടിയ പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിലുള്ള സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് മാത്രമേ പുതിയ പദ്ധതികൾ വിഭാവനം ചെയ്യുവാൻ കഴിയുകയുള്ളൂ.

## നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോ

299(3319) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ നിലവിൽ പ്രതിമാസ വരുമാനം എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഡിപ്പോയിൽ ഡീസൽ പമ്പ് സ്ഥാപിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇനി പൂർത്തീകരിക്കേണ്ട നടപടികൾ എന്തൊക്കെയെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ഡിപ്പോയിൽ പുതുതായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെ എന്ന് വ്യക്തമാക്കാമോ;

(ഡി) ഡിപ്പോയിലെ ഷോപ്പിംഗ് കോംപ്ലക്സിൽ നിലവിൽ ലേലം ചെയ്യാൻ എത്ര ഷോപ്പുകളാണുള്ളതെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര ഡിപ്പോയിൽ നിലവിൽ ശരാശരി 3,08,98,272 രൂപ പ്രതിമാസ വരുമാനമായി ലഭിക്കുന്നുണ്ട്.

(ബി) പൂർത്തിയായിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ അവസാന ഘട്ടത്തിലാണ്.

(സി) യാത്രക്കാരുടെ എണ്ണത്തിൽ വർദ്ധന ഉണ്ടാകുന്ന സാഹചര്യത്തിൽ യാത്രക്കാർക്കും കോർപ്പറേഷനും ഗുണകരമാകുന്ന രീതിയിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിന്റെ സാധ്യതാപഠനം നടത്തുന്നത് പരിശോധിക്കുന്നതാണ്.

(ഡി) പന്ത്രണ്ട് (12) എണ്ണം.

## അഗ്രി ഫാം-തിരുവനന്തപുരം ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ്

300(3320) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വാമനപുരം നിയോജകമണ്ഡലത്തിലെ പെരിങ്ങമ്മല പഞ്ചായത്തിൽ നിന്നുള്ള അഗ്രി ഫാം - തിരുവനന്തപുരം ഫാസ്റ്റ് പാസ്സഞ്ചർ സർവ്വീസ് നിർത്തിവച്ചിരിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത സർവ്വീസ് നിർത്തിവയ്ക്കാൻ എന്താണ് കാരണമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത സർവ്വീസ് പുനരാരംഭിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഫാസ്റ്റ് പാസ്സഞ്ചർ ബസ്സിന്റെ ലഭ്യത കുറവ് കാരണമാണ് താരതമ്യേന വരുമാനം കുറഞ്ഞ ടി സർവ്വീസ് നിർത്തിവച്ചത്.

(സി) പുനരാരംഭിച്ചിട്ടുണ്ട്.

## കോട്ടയ്ക്കൽനിന്നും ചാലിയത്തിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ്

301(3321) ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. തൃശ്ശൂർ സോണൽ ഓഫീസിൽനിന്ന് തിരുവനന്തപുരം എക്സിക്യൂട്ടീവ് ഡയറക്ടർ ഓഫീസിലേയ്ക്ക് അയച്ച 831/Z4/17/TSR dt 4-4-2018 എന്ന ഫയലിന്മേൽ എന്ത് നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) കോട്ടയ്ക്കൽനിന്നും ചാലിയത്തിലേയ്ക്ക് പുതിയ കെ.എസ്.ആർ.ടി.സി. സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) കെ.എസ്.ആർ.ടി.സി. തൃശ്ശൂർ ഓഫീസിൽനിന്നും ലഭിച്ച 831/Z4/17/TSR dt. 4-4-2018 ലെ റിപ്പോർട്ടിൽ കോട്ടയ്ക്കൽ-ചാലിയം റൂട്ടിൽ സർവ്വീസ് നടത്തുന്നത് കെ.എസ്.ആർ.ടി.സി.-ക്ക് ഗുണകരമാവുകയില്ലെന്ന് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ആയതിനാൽ സർവ്വീസ് ആരംഭിക്കുന്ന കാര്യം തൽക്കാലം പരിഗണിക്കാൻ നിർവ്വാഹമില്ല.

## കെ.എസ്.ആർ.ടി.സി.-യുടെ നവീകരണം

302(3322) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.- യുടെ നവീകരണത്തിനായി നൽകിയ തുകയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത തുക വിനിയോഗിച്ച് നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ കടബാധ്യതയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി.-യെ മെച്ചപ്പെടുത്തുന്നതിനും അന്തസുറ്റ സ്ഥാപനമാക്കി ഉയർത്തുന്നതിനുമുള്ള കർമ്മ പദ്ധതിയുടെ ഭാഗമായി 2016-17 സാമ്പത്തിക വർഷത്തിൽ 345.61 കോടി രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 844.6 കോടി രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ ഇതുവരെ 156 കോടി രൂപയും പദ്ധതി-പദ്ധതിയേതര വിഭാഗങ്ങളിലായി അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) പ്ലാൻ ഫണ്ടിൽനിന്നും ലഭിച്ച തുകകൊണ്ട് ബസ് സ്റ്റേഷനുകളുടെയും വർക്ക്ഷോപ്പുകളുടെയും നവീകരണം, ടോട്ടൽ കമ്പ്യൂട്ടറൈസേഷന്റെ ഭാഗമായുള്ള പ്രവർത്തനങ്ങൾ, ജീവനക്കാർക്ക് ട്രെയിനിംഗ്, പുതിയ ബസ്സുകൾ വാങ്ങുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്ക് വിനിയോഗിച്ചിട്ടുണ്ട്. നോൺ പ്ലാൻ ഫണ്ടിൽനിന്നും ലഭിച്ച തുക വിനിയോഗിച്ച് കെ.എസ്.ആർ.ടി.സി.യുടെ പ്രവർത്തന മൂലധനചെലവുകളും പെൻഷൻ വിതരണവും നടത്തിയിട്ടുണ്ട്.

(സി) പുതിയ കൺസോർഷ്യം ബാങ്കുകളിൽനിന്നും ലഭ്യമാക്കിയ 3100 കോടി രൂപ വായ്പ കൊണ്ട് നിലവിലുണ്ടായിരുന്ന കടങ്ങൾ തീർത്തിരുന്നു. കെ.എസ്.ആർ.ടി.സി.യുടെ ഇപ്പോഴത്തെ കട ബാധ്യതയായ 3100 കോടി രൂപയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| എസ്.ബി.ഐ. | - | 1000 കോടി രൂപ |
| കാനറ ബാങ്ക് | - | 500 കോടി രൂപ |
| വിജയ ബാങ്ക് | - | 500 കോടി രൂപ |
| ലക്ഷ്മി വിലാസ് ബാങ്ക് | - | 150 കോടി രൂപ |
| കെ.റ്റി.ഡി.എഫ്.സി | - | 950 കോടി രൂപ |
| ആകെ | | 3100 കോടി രൂപ |

കൺസോർഷ്യം ബാങ്കുകൾ മുഖേനയുള്ള വായ്പ പുനഃസംഘടനയ്ക്ക് മുമ്പായി കെ.റ്റി.ഡി.എഫ്.സി.-ക്ക് വായ്പ ഇനത്തിൽ 1221 കോടി രൂപ കെ.എസ്.ആർ.ടി.സി. തിരിച്ചടയ്ക്കാൻ ഉണ്ടായിരുന്നു. ആയതിൽ നിന്ന് 1100

കോടി രൂപ പുതിയ കൺസോർഷ്യം ബാങ്കുകൾ മുഖേന തിരിച്ചടവ് കാലാവധി കൂടിയ വായ്പയാക്കി മാറ്റിയിരുന്നു. പിന്നീട് ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് പുതിയ ബാങ്ക് (ലക്ഷമി വിലാസ് ബാങ്ക്) ചേരുകയും 150 കോടി രൂപ അനുവദിക്കുകയും ചെയ്യതിനെ തുടർന്ന് കൺസോർഷ്യത്തിലെ കെ.റ്റി.ഡി.എഫ്.സി.-യുടെ പങ്ക് 950 കോടി രൂപയായി കുറഞ്ഞു. കൺസോർഷ്യം വായ്പയായി മാറ്റിയ തുക കിഴിച്ചുള്ള ബാക്കി തുകയായ 121 കോടി രൂപ കൂടി കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.യ്ക്ക് തിരിച്ചടയ്ക്കാൻ ഉണ്ട്.

ഇത് കൂടാതെ കൺസോർഷ്യം ബാങ്ക് മുഖേനയുള്ള വായ്പ പുനഃസംഘടനയുടെ ഭാഗമായി, കെ.എസ്.ആർ.ടി.സി.ക്ക് മറ്റു പല ധനകാര്യ സ്ഥാപനങ്ങളിലും ഉണ്ടായിരുന്ന വായ്പ ബാധ്യതകൾ തീർക്കുന്നതിനായി 2332.37 കോടി രൂപ 12% പലിശ നിരക്കിൽ 10 ദിവസത്തേക്ക് ഹ്രസ്വകാല വായ്പയായി കെ.റ്റി.ഡി.എഫ്.സി നൽകിയിരുന്നു. ഈ ഹ്രസ്വകാല വായ്പയിൽ കെ.എസ്.ആർ.ടി.സി 2000 കോടി രൂപ തിരിച്ചടച്ചിരുന്നു. ശേഷിക്കുന്ന 332.37 കോടി രൂപ കെ.എസ്.ആർ.ടി.സി., കെ.റ്റി.ഡി.എഫ്.സി.-ക്ക് തിരിച്ച് നൽകേണ്ടതായുണ്ട്.

## കെ.എസ്.ആർ.ടി.സി.-യിൽ സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് വിതരണം

303(3323) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ടിക്കറ്റ് വിതരണ സംവിധാനം ഒഴിവാക്കി സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇതുമായി ബന്ധപ്പെട്ട ചർച്ചകൾ ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇപ്രകാരമുള്ള പരിഷ്കാരം എത്ര അധിക ബാദ്ധ്യതയുണ്ടാകുമെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ടിക്കറ്റ് റാക്കുകളിൽ നിന്ന് മാറി ഇപ്പോൾ നിലവിലുള്ള ടിക്കറ്റ് വിതരണ സമ്പ്രദായം നടപ്പിലാക്കിയത് എന്നാണ്; ഇതിന് എത്ര രൂപയുടെ ചെലവ് ഉണ്ടായി;

(ഡി) കടബാദ്ധ്യതകൊണ്ട് പൊറുതിമുട്ടി പെൻഷൻ വിതരണം വരെ മുടങ്ങുന്ന ഈ കാലത്ത് ഇത്തരം പരിഷ്കാരങ്ങളാൽ അധിക ബാദ്ധ്യതയുണ്ടാക്കുന്നത് അഭികാമ്യമല്ലെന്ന് മനസ്സിലാക്കി ഈ പദ്ധതി ഒഴിവാക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഉണ്ട്. സ്മാർട്ട് കാർഡ് അധിഷ്ഠിത ടിക്കറ്റ് വിതരണ സംവിധാനം നടപ്പിലാക്കുന്നതിന് RFID റീഡറുള്ള ഇ.ടി.എം.-കൾ പ്രാഥമികമായി വാങ്ങേണ്ടതാണ്. ഇതിനാവശ്യമായ ഓപ്പൺ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കി കഴിയുമ്പോൾ ഇ.ടി.എം.-കളിൽ റീചാർജ് ചെയ്യാൻ പറ്റുന്ന മൈഫെയർ റീചാർജ് കാർഡുകൾ പ്രാബല്യത്തിൽവരും.

(ബി) ഇല്ല. കമ്പ്യൂട്ടർവൽക്കരണ പദ്ധതിയുമായി ബന്ധപ്പെട്ട് Intelligent Transport System നടപ്പിലാക്കാൻ ഓപ്പൺ ടെണ്ടർ വിളിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. കോമേഷ്യൽ ബിഡ് ലഭിച്ചതിനുശേഷം മാത്രമേ കണക്കുകൾ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

(സി) കെ.എസ്.ആർ.ടി.സി. ഓഫ് ലൈൻ ടിക്കറ്റ് മെഷീനുകൾ നടപ്പിലാക്കിയത് 2003-ലാണ്. കെ.എസ്.ആർ.ടി.സി.-യിൽ പ്രിന്റഡ് ടിക്കറ്റുകൾ വാങ്ങുന്നതിന് പകരമായി ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ നടപ്പിലാക്കിയത് 2003-ലാണ്. ഇതിനായി 4000 ഇലക്ട്രോണിക് ടിക്കറ്റിംഗ് മെഷീനുകൾ വാങ്ങുന്നതിന് 3,38,76,000 രൂപ ചെലവായിരുന്നു.

(ഡി) കെ.എസ്.ആർ.ടി.സി. ആധുനികവത്കരണത്തിന്റെ പാതയിലാണ്. യാത്രക്കാർക്ക് കൂടുതൽ സൗകര്യപ്രദമാകുന്നതിനും ജനകീയമാക്കുന്നതിനും PIS നടപ്പിലാക്കുന്നതിലൂടെ യാത്രാ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ഈ പരിഷ്കാരങ്ങൾ അനിവാര്യമാണ്.

**കെ.എസ്.ആർ.ടി.സി. സ്കാനിയ ബസുകൾ**

304 (3324) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് എത്ര സ്കാനിയ സർവ്വീസുകളാണ് ഇപ്പോൾ ഉള്ളത്; ഇതിൽ എത്ര ബസുകളാണ് കെ.എസ്.ആർ.ടി.സി.-ക്ക് സ്വന്തമായി ഉള്ളത്; എത്ര ബസുകളാണ് കരാർ അടിസ്ഥാനത്തിൽ ഓടുന്നത്; കരാറിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; എന്തൊക്കെ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണ് ഇവ സർവ്വീസ് നടത്തുന്നത്;

(ബി) ഇതിൽ എത്ര സർവ്വീസുകൾ ലാഭകരമാണെന്നും അവ ഏതൊക്കെയാണെന്നും പ്രതിദിനം എത്ര രൂപ ലാഭം ലഭിക്കുന്നുവെന്നും വെളിപ്പെടുത്തുമോ;

(സി) കൂടുതൽ റൂട്ടുകളിൽ സ്കാനിയ ബസുകൾ ഓടിക്കാൻ തീരുമാനമെടുത്തിട്ടുണ്ടോ; കെ.എസ്.ആർ.ടി.സി.-യ്ക്ക് പുതിയ സ്കാനിയ ബസുകൾ സ്വന്തമായി വാങ്ങാൻ ഉദ്ദേശ്യമുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി.-ക്ക് 27 സ്കാനിയ ബസുകളാണ് ഇപ്പോഴുള്ളത്. ഇതിൽ 17 ബസുകളാണ് കെ.എസ്.ആർ.ടി.സി.ക്ക് സ്വന്തമായുള്ളത്. 10 ബസ്സുകൾ കരാർ അടിസ്ഥാനത്തിലാണ് ഓടുന്നത്. കി.മീറ്ററിന് ചുവടെ ചേർത്തിട്ടുള്ള നിരക്കിലാണ് ഡ്രൈവർ സഹിതം വാഹനം ലഭ്യമാക്കുന്നത്. ഈ വാഹനങ്ങൾക്ക് ഡീസൽ, ഡീസൽ അഡിറ്റീവ് എന്നിവ നൽകുന്നതും കണ്ടക്ടറെ നിയോഗിക്കുന്നതും കെ.എസ്.ആർ.ടി.സി. ആണ്.

| Vehicle Utilization/ Schedule Km | Hiring rates per KM (Excluding taxes) |
|---|---|
| 800 & above | Rs.23.00 |
| 750-799 | Rs.24.00 |
| 700-749 | Rs.25.50 |
| 650-699 | Rs. 26.40 |
| 600-649 | Rs.27.72 |

കരാർ പ്രകാരം വാഹനത്തിന്റെ എല്ലാത്തരത്തിലുമുള്ള മെയിന്റനൻസ് ചുമതല കമ്പനിയിൽ നിക്ഷിപ്തമാണ്.

(ബി) വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(സി) കൂടുതൽ റൂട്ടുകളിൽ സ്കാനിയ ബസ്സുകൾ ഓപ്പറേറ്റ് ചെയ്യുന്നത് സംബന്ധിച്ച് തീരുമാനമെടുത്തിട്ടില്ല. നിലവിലെ സാമ്പത്തികസ്ഥിതിയിൽ പുതിയവ വാങ്ങാൻ ഉദ്ദേശിക്കുന്നില്ല.

**ബസ് ബോഡി നിർമ്മാണം**

305(3325) <u>ശ്രീ. സണ്ണി ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ് ബോഡി നിർമ്മിക്കാൻ പ്രത്യേകമായി ഏതെങ്കിലും സ്ഥാപനത്തിന് മാത്രം സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ ഒരു സ്ഥാപനത്തിന് മാത്രമായി അംഗീകാരം നൽകാനുള്ള സാഹചര്യം വിശദമാക്കാമോ?

ഉത്തരം

(എ&ബി) കേന്ദ്ര ഉപരിതല ഗതാഗത മന്ത്രാലയത്തിന്റെ 3-10-2012-ൽ S.O.2356(E) നമ്പറായി പുറത്തിറക്കിയ വിജ്ഞാപന പ്രകാരം ഡ്രൈവറെ കൂടാതെ 13 സീറ്റും അതിൽ കൂടുതൽ സീറ്റുകളുമുള്ള യാത്രാവാഹനങ്ങളുടെ ബോഡി നിർമ്മാണത്തെ കുറിച്ച് 31-12-2012 മുതൽ പുതിയ നിബന്ധനകൾ നടപ്പിലാക്കിക്കൊണ്ട് ഉത്തരവിറക്കിയിരുന്നു. ഈ നിയമം സംസ്ഥാനത്ത് ജി.ഒ.(പി) 29/2017/ഗതാ. വിജ്ഞാപന പ്രകാരം 1-10-2017 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ടി വിജ്ഞാപന പ്രകാരം സ്റ്റേജ് കാര്യേജ് ഉൾപ്പെടെയുള്ള എല്ലാത്തരം വാഹനങ്ങളുടെയും ബോഡി നിർമ്മാണം AIS:052 നിലവാരത്തിലുള്ളതായിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ ബസ് ബോഡി ബിൽഡർമാർക്ക് അക്രഡിറ്റേഷൻ ലഭിക്കുന്നതിനുള്ള അവസാന തീയതി 31-12-2012-ൽനിന്നും 1-4-2013 വരെ നീട്ടി നൽകിയെങ്കിലും നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ബസ് ബോഡി നിർമ്മിക്കുന്നതിനുള്ള അക്രഡിറ്റേഷൻ കേന്ദ്ര സർക്കാരിന്റെ ടെസ്റ്റിംഗ് ഏജൻസികളിൽനിന്നും കരസ്ഥമാക്കുന്നതിന് കേരളത്തിൽ നിന്ന് ഒരു സ്ഥാപനമൊഴികെ മറ്റാരും തന്നെ അപേക്ഷ നൽകിയിരുന്നില്ല. നിലവിൽ കോട്ടയം ജില്ലയിൽ അയർക്കുന്നത്ത് പ്രവർത്തിക്കുന്ന കൊണ്ടോടി എയർ ക്രാഫ്റ്റ് (ഇൻഡ്യ) പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് മാത്രമാണ് കേന്ദ്ര സർക്കാരിന്റെ അക്രഡിറ്റേഷൻ ലഭിച്ചിട്ടുള്ളത്.

**ശുഭയാത്ര പദ്ധതി**

306(3326)ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. ജെയിംസ് മാത്യു:
ശ്രീ. പി. വി. അൻവർ:
ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമിത വേഗതയിലും അശ്രദ്ധമായും ട്രാഫിക് നിയമങ്ങൾ ലംഘിച്ചും വാഹനങ്ങൾ ഓടിക്കുന്ന പ്രവണത വർദ്ധിച്ച് വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇപ്രകാരം മോട്ടോർ വാഹന നിയമങ്ങൾ ലംഘിച്ച് വാഹനമോടിക്കുന്നവർക്കെതിരെയുള്ള ശിക്ഷാ നടപടികൾ കൂടുതൽ കർശനമാക്കാൻ നിർദ്ദേശം നൽകുമോ;

(സി) ട്രാഫിക് നിയമ ബോധവത്കരണം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ ;

(ഡി) ഇതിനായി ആവിഷ്കരിച്ചിട്ടുള്ള ശുഭയാത്രാ പദ്ധതി ഏതെല്ലാം വകുപ്പുകൾ ചേർന്നാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സുപ്രീം കോടതി നിയോഗിച്ച റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട കമ്മിറ്റിയുടെ നിർദ്ദേശാനുസരണം നിലവിൽ അമിത വേഗം, അമിത ഭാരം കയറ്റി വാഹനമോടിക്കൽ, സിഗ്നൽ ലംഘനം, ഡ്രൈവിംഗിനിടയിലുള്ള മൊബൈൽ ഫോൺ ഉപയോഗം, മദ്യപിച്ച് വാഹനമോടിക്കൽ എന്നീ ട്രാഫിക് നിയമ ലംഘനങ്ങൾക്ക് ലൈസൻസ് റദ്ദാക്കുന്നതിനുള്ള നടപടികൾ കൂടുതൽ കർശനമാക്കിയിട്ടുണ്ട്.

(സി) റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട് മോട്ടോർ വാഹന വകുപ്പ് നിരവധി പരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നുണ്ട്. റോഡ് സുരക്ഷയ്ക്കായി ഒരു ദശകം എന്ന ലോകാരോഗ്യ സംഘടന തുടക്കമിട്ട പരിപാടിയെ അടിസ്ഥാനമാക്കി റോഡ് സുരക്ഷ റാലികൾ, വാഹന പരിശോധനകൾ, റോഡ് സുരക്ഷ സംബന്ധിച്ച പ്രദർശനങ്ങൾ, ഓട്ടൻ തുള്ളൽ, മാജിക് ഷോ തുടങ്ങിയ കലാരൂപങ്ങളുടെ അവതരണം, എഫ്.എം റേഡിയോ വഴിയുള്ള പരസ്യങ്ങൾ എന്നീ ബോധവൽക്കരണ പരിപാടികൾ നടത്താറുണ്ട്.

(ഡി) പോലീസ് വകുപ്പാണ് ശുഭയാത്രാ പദ്ധതി നടപ്പാക്കുന്നത്.

## മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ പോർട്ടൽ

307 (3327) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മോട്ടോർ വാഹന വകുപ്പിലെ ഓൺലൈൻ പോർട്ടൽ രംഗത്ത് നിലനിൽക്കുന്ന അഴിമതിയും തെറ്റായ പ്രവണതകളും പൂർണ്ണമായും ഉന്മൂലനം ചെയ്യുന്നതിൽ വിജയിച്ചിട്ടില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഓൺലൈനായി അപേക്ഷിച്ചതിനുശേഷം ആയതിന്റെ പകർപ്പുമായി അപേക്ഷകൻ മോട്ടോർ വെഹിക്കിൾ ഓഫീസിൽ നേരിട്ട് ഹാജരാകേണ്ട സാഹചര്യം ഇപ്പോഴും നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത സാഹചര്യം ഒഴിവാക്കുന്നതിനായി ഓൺലൈൻ അപേക്ഷയുടെ ശരിയായി പൂർത്തീകരിച്ച പകർപ്പുകളും മറ്റ് രേഖകളും തപാലിൽ സ്വീകരിക്കുന്നതിന് സംവിധാനം ഏർപ്പെടുത്തുമോ;

(ഡി) അപേക്ഷകൻ നിർബന്ധമായും നേരിട്ട് ഹാജരാകേണ്ട സാഹചര്യങ്ങളിലൊഴികെ, ഓൺലൈനായി അപേക്ഷ നൽകിയശേഷം അപേക്ഷകൻ നേരിട്ട് ആർ.ടി.ഒ.-യിൽ പേകേണ്ട സാഹചര്യം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) നിലവിലുള്ള കേന്ദ്ര മോട്ടോർ വാഹന നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഓൺലൈനായി അപേക്ഷിച്ചശേഷം വാഹനത്തിന്റെ അസ്സൽ രേഖകൾ ഓഫീസിൽ നേരിട്ട് ഹാജരാക്കേണ്ടതുണ്ട്.

(സി) ഓൺലൈനിൽ ഫീസടച്ച അപേക്ഷ അസ്സൽ രേഖകൾ സഹിതം നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ രജിസ്റ്റേർഡ് തപാലിൽ അയച്ചാൽ സ്വീകരിക്കുന്നതിന് നിലവിൽ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

(ഡി) അപേക്ഷകൻ നിർബന്ധമായും നേരിട്ട് ഹാജരാകേണ്ട സാഹചര്യങ്ങളിലൊഴികെ തന്റെ ഒപ്പിട്ട അനുമതിപത്രവും തന്റെ രേഖകൾ വാങ്ങാൻ ചുമതലപ്പെടുത്തുന്ന ബന്ധുവിന്റെ ഫോട്ടോ പതിച്ച അസ്സൽ/സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖയുമായി ചുമതലപ്പെടുത്തുന്ന വ്യക്തി ഓഫീസിൽ നേരിട്ട് ഹാജരായാൽ അപേക്ഷ സ്വീകരിക്കണമെന്ന് വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്ക് നിറം ഏർപ്പെടുത്തുവാൻ നടപടി

308 (3328) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾ അശ്രദ്ധമായി ഓടിക്കുന്നതുമൂലമുണ്ടാവുന്ന വാഹന അപകടങ്ങൾ ശ്രദ്ധയിൽപ്പെ ട്ടിട്ടുണ്ടോ;

(ബി) കെ.എസ്.ആർ.ടി.സി.-ക്കും പ്രൈവറ്റ് ബസുകൾക്കും മറ്റ് ടാക്സി വാഹനങ്ങൾക്കും പ്രത്യേക നിറങ്ങൾ നല്കുന്നതുപോലെ ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾക്കും ഒരു പ്രത്യേക നിറം ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി ഇതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി&സി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 3(സി) പ്രകാരം ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്ന വാഹനത്തെ തിരിച്ചറിയുന്നതിനായി പ്രസ്തുത വാഹനത്തിന്റെ മുൻവശത്തും പുറക് വശത്തും 'L' എന്ന ഇംഗ്ലീഷ് അക്ഷരം വെളുത്ത പ്രതലത്തിൽ ചുവന്ന നിറത്തിൽ പ്രദർശിപ്പിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. നിലവിൽ ഈ മാനദണ്ഡമാണ് പാലിച്ച് പോരുന്നത്. കൂടാതെ ഡ്രൈവിംഗ് സ്കൂൾ പരിശീലന വാഹനങ്ങളെ വളരെ ദൂരെനിന്നും വേഗത്തിൽ തിരിച്ചറിയുന്നതിനായി പ്രസ്തുത വാഹനത്തിന് മുകളിൽ ത്രികോണാകൃതിയിൽ വെളുത്ത പ്രതലത്തിൽ 'L' എന്ന അക്ഷരം ചുവന്ന നിറത്തിൽ രേഖപ്പെടുത്തി പ്രദർശിപ്പിക്കുന്നുണ്ട്. ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങളിലെല്ലാംതന്നെ മേൽപ്പറഞ്ഞ രീതിയിൽ 'L' എന്ന അക്ഷരം പ്രദർശിപ്പിക്കുന്നതിനാൽ മറ്റ് വാഹനങ്ങളിലെ യാത്രക്കാർക്കും കാൽനട യാത്രക്കാർക്കും ഇത്തരം വാഹനങ്ങളെ തിരിച്ചറിയുന്നതിന് യാതൊരു ബുദ്ധിമുട്ടും നിലവിലില്ല. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ ചട്ടം 24(3)(v) പ്രകാരം ഡ്രൈവിംഗ് പരിശീലനത്തിന് ഉപയോഗിക്കുന്ന വാഹനങ്ങളിലെല്ലാം തന്നെ പരിശീലകന് വാഹനം നിയന്ത്രിക്കുന്നതിനും ആവശ്യമെങ്കിൽ നിർത്തുന്നതിനുമായി ഡ്യുവൽ കൺട്രോൾ സിസ്റ്റം ഘടിപ്പിച്ചിരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. പ്രസ്തുത സൗകര്യം ഉള്ളതിനാൽ അപകടമെന്തെങ്കിലും സംഭവിക്കുവാൻ ഇടയുണ്ടെങ്കിൽ ആയത് മുൻകൂട്ടി കണ്ട് നിയന്ത്രിക്കുന്നതിന് പരിശീലകന് കഴിയും. മേൽ നിബന്ധനകൾ കർശനമായി പാലിക്കുന്നുവെന്ന് ഉറപ്പാക്കി വരുന്നു. ആയതുകൊണ്ട് ഡ്രൈവിംഗ് സ്കൂൾ വാഹനങ്ങൾ തിരിച്ചറിയുന്നതിന് പ്രത്യേക നിറം നൽകുന്ന കാര്യം പരിഗണിക്കേണ്ട സാഹചര്യമുണ്ടെന്ന് കരുതുന്നില്ല. എന്നിരുന്നാലും ഡ്രൈവിംഗ് സ്കൂളുകളുടെ വാഹനങ്ങൾക്ക് പ്രത്യേക നിറം നൽകേണ്ടതുണ്ടോ എന്ന കാര്യം പരിശോധിക്കുന്നതാണ്.

### കേരളത്തിന് വെളിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

309(3329) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന് വെളിയിൽ പ്രത്യേകിച്ചും കേന്ദ്രഭരണപ്രദേശങ്ങളിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിക്കുന്ന വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അവ എത്രയെന്ന് കണക്ക് ലഭ്യമാണോ; ഇത്തരം ഇതരസംസ്ഥാന രജിസ്ട്രേഷൻ കാരണം സംസ്ഥാനത്തിന് നികുതി വരുമാനത്തിൽ കുറവുവരുന്നത് എത്രയെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) അത്തരം വാഹനങ്ങൾ കേരളത്തിൽ രജിസ്ട്രേഷൻ എടുക്കാതെ തുടർച്ചയായി ഉപയോഗിക്കാൻ അനുവദിച്ചിട്ടുള്ള, മോട്ടോർ വാഹന നിയമപ്രകാരമുള്ള, കാലാവധി എത്രയാണ്; ചട്ടലംഘനം കണ്ടെത്താൻ ഇപ്പോൾ എന്ത് സംവിധാനമാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ലക്ഷക്കണക്കിന് വാഹനങ്ങൾ ഇങ്ങനെ പരിശോധിക്കുന്നതിന് ആവശ്യമായ ഉദ്യോഗസ്ഥർ മോട്ടോർ വാഹന വകുപ്പിൽ ലഭ്യമാണോ;

(ഡി) അത്തരം വാഹനങ്ങൾ കേരളത്തിനകത്തേക്ക് പ്രവേശിക്കുന്നതിന് എൻട്രി പാസ് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കുമോ; മോട്ടോർ വാഹനനിയമപ്രകാരം അനുവദനീയമായ കാലാവധിക്ക് ശേഷവും ഉപയോഗിക്കുന്ന അത്തരം വാഹനങ്ങൾ കണ്ടെത്തുന്നതിന് ഇത്തരം പാസ് ഉപകരിക്കുമെന്ന് കരുതുന്നുണ്ടോ;

(ഇ) അത്തരം എൻട്രിപാസ് ഇല്ലാതെ അനധികൃതമായി ഉപയോഗിക്കുന്ന വാഹനങ്ങൾ പരിശോധനയിൽ കണ്ടെത്തിയാൽ സംസ്ഥാനത്തിന് കിട്ടാനുള്ള യഥാർത്ഥ റോഡ് ടാക്സും പിഴയും ഈടാക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) പുതുച്ചേരിയിൽ രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരമായി ഉപയോഗിച്ചുവരുന്നതായി കരുതപ്പെടുന്ന 1007 വാഹനങ്ങൾക്ക് കേരളത്തിലെ നികുതി ഒടുക്കുന്നതിന് നോട്ടീസ് നൽകിയിരുന്നു. നികുതി സംബന്ധമായ കാര്യത്തിൽ കൃത്യമായ കണക്കെടുപ്പ് പ്രായോഗികമല്ല. ഈ വാഹനങ്ങളെക്കുറിച്ച് വിശദമായ അന്വേഷണത്തിനുശേഷമേ ടാക്സ് വസൂലാക്കുന്നതിന് സാധ്യമാകുകയുള്ളൂ. നികുതിയിനത്തിൽ നാളിതുവരെ 417 വാഹനങ്ങളിൽനിന്നും 35 കോടിയിൽപ്പരം രൂപ വസൂലാക്കിയിട്ടുണ്ട്.

(ബി&സി) 30 ദിവസത്തിൽ കൂടുതൽ ഒരു വർഷം വരെയുള്ള ഉപയോഗത്തിന് നിശ്ചിത ടാക്സ് ഒടുക്കി ഉപയോഗിക്കാവുന്നതാണ്. ചട്ട ലംഘനം നടത്തുന്നത് കണ്ടുപിടിക്കുന്നതിന് വാഹന പരിശോധന മാത്രമാണുള്ളത്. വാഹന പരിശോധനയ്ക്കും മറ്റുമായി സേഫ് കേരള പദ്ധതിയിലുൾപ്പെടുത്തി കൂടുതൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിന് തീരുമാനമായിട്ടുണ്ട്.

(ഡി &ഇ) നിലവിൽ സംവിധാനമില്ല, ഈ കാര്യത്തിൽ വിശദമായ പഠനവും സംവിധാനങ്ങളും ആവശ്യമാണ്.

## പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ

310(3330) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പോണ്ടിച്ചേരിയിൽ വാഹനങ്ങൾ നിയമാനുസരണം രജിസ്റ്റർ ചെയ്ത് കേരളത്തിൽ സ്ഥിരതാമസം ഉള്ള ആളുകൾക്ക് നിലവിൽ ഇവിടെ വാഹനം ഓടിയ്ക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; പ്രസ്തുത വിഷയം സംബന്ധിച്ച് പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; വിശദമാക്കുമോ;

(ബി) പോണ്ടിച്ചേരിയിൽ രജിസ്റ്റർ ചെയ്ത എത്ര വാഹനങ്ങൾ സംസ്ഥാനത്ത് നിലവിൽ ഉണ്ട്; ജില്ല തിരിച്ചുള്ള വാഹനങ്ങളുടെ എണ്ണം വിശദമാക്കുമോ;

(സി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ജനങ്ങൾക്ക് ഉണ്ടായ ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയതിൻമേൽ എന്ത് നടപടി സ്വീകരിച്ചു; വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത വിഷയത്തിൽ ഹൈക്കോടതി വിധികൾ എന്തെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ ആയതിന്റെ പകർപ്പ് ലഭ്യമാക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) മോട്ടോർ വാഹന നിയമപ്രകാരം സ്ഥിരതാമസം ഉള്ളയിടത്തോ വാഹനം നിരന്തരമായി ഉപയോഗിക്കുന്ന സ്ഥലത്തോ ആണ് രജിസ്റ്റർ ചെയ്യേണ്ടത്. (മോട്ടോർ വാഹന നിയമം 1988 സെക്ഷൻ 40) പകർപ്പ് അനുബന്ധം (1)* ആയി ചേർക്കുന്നു.

(ബി) ഇത്തരത്തിലുള്ള ഒരു കണക്കെടുപ്പ് നടത്തുന്നത് അപ്രായോഗികമാണ്.

(സി) പ്രസ്തുത വിഷയത്തിൽ പൊതുജനങ്ങൾക്ക് വിഷമകരമാകുന്ന പ്രവർത്തനങ്ങൾ മോട്ടോർ വാഹന വകുപ്പിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടില്ല. ഇത്തരത്തിൽ സംശയിക്കുന്ന വാഹനങ്ങൾക്ക് നിയമനാനുസൃതമായി നോട്ടീസ് നൽകി അവരുടെ ഭാഗം കേട്ടതിനുശേഷം ബന്ധപ്പെട്ട രേഖകൾ കൂടി പരിശോധിച്ചശേഷം മാത്രമേ തുടർനടപടികൾ സ്വീകരിച്ചു വരുന്നുള്ളൂ.

(ഡി) പ്രസ്തുത വിഷയത്തിൽ ശ്രീ. എ. കെ. ബാലകൃഷ്ണൻ നായർ ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്തിരുന്ന WP(C) 2329/18 നമ്പർ പൊതു താൽപ്പര്യ ഹർജി ഡിസ്മിസ് ചെയ്തിട്ടുണ്ട്. കൂടാതെ ഇത് സംബന്ധിച്ചുള്ള WP(C) 10831/2018, WP(C) 9229/2018 കേസുകളിലെ ഹൈക്കോടതി ഉത്തരവുകളുടെ പകർപ്പുകളും അനുബന്ധമായി ചേർക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## സ്കൂൾ ബസ് ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസ്സ്

311 (3331) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്കൂൾ ബസ്സുകളുടെ ഡ്രൈവർമാർക്കെല്ലാം ഗതാഗത വകുപ്പ് ബോധവത്കരണ ക്ലാസ്സ് നൽകിയിട്ടുണ്ടോ; വിശദമാക്കാമോ ;

(ബി) ഈ അദ്ധ്യയനവർഷം എല്ലാ സ്കൂൾ ബസ്സുകളുടെയും ഫിറ്റ്നസ് സർട്ടിഫിക്കറ്റ് പരിശോധന പൂർത്തിയാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(സി) സ്കൂൾ കുട്ടികളെ അനധികൃതമായി ബസ്സുകളിലും കാറുകളിലും ഓട്ടോറിക്ഷകളിലും കുത്തി നിറച്ചുകൊണ്ടുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന് എതിരെ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്, സ്കൂൾ കുട്ടികളെ കയറ്റിക്കൊണ്ടുപോകുന്ന വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് എല്ലാ അദ്ധ്യയന വർഷത്തിന്റെയും ആരംഭത്തിൽ സ്കൂൾ വാഹനങ്ങളുടെ ഡ്രൈവർമാർക്ക് ബോധവത്കരണ ക്ലാസുകൾ സംഘടിപ്പിക്കാറുണ്ട്.

(ബി &സി) ഉണ്ട്. വാഹനങ്ങളിൽ സുരക്ഷ ഉറപ്പാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പ് അദ്ധ്യയന വർഷത്തിന്റെ ആരംഭവുമായി ബന്ധപ്പെട്ട് പ്രത്യേക ഫിറ്റ്നസ് പരിശോധനകൾ സംഘടിപ്പിച്ചിട്ടുണ്ട്. വിവിധ സ്കൂളുകൾ, കോളേജുകൾ എന്നിവ കേന്ദ്രീകരിച്ച്, സ്കൂൾ വാഹനങ്ങൾ, കുട്ടികളെ കയറ്റി വരുന്ന മറ്റ് സ്വകാര്യ വാഹനങ്ങൾ, ഓട്ടോറിക്ഷകൾ എന്നിവ പരിശോധിക്കുന്നതിനും, അമിതമായി കുട്ടികളെ കയറ്റി വരുന്ന വാഹനങ്ങളുടെ ഡ്രൈവർമാരുടെ ലൈസൻസ് റദ്ദ് ചെയ്യുന്നതിനും ഓട്ടോറിക്ഷകളുടേയും, സ്കൂൾ വാഹനങ്ങളുടേയും പെർമിറ്റ് റദ്ദ് ചെയ്യുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

## സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് പദ്ധതി

312(3332) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് സുരക്ഷാ അതോറിറ്റിയുടെ ചുമതലയിൽ ഗതാഗതതിരക്കേറിയ പ്രദേശങ്ങളിൽ സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് നിലവിൽ പദ്ധതിയുണ്ടോ; വിശദീകരിക്കുമോ;

(ബി) സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിനുള്ള മാനദണ്ഡമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗതസുരക്ഷക്കുവേണ്ടി സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

ഉത്തരം

(എ) ട്രാഫിക് സിഗ്നൽ ലൈറ്റുകളും ക്യാമറകളും സ്ഥാപിക്കുന്നതിന് പോലീസ്, മോട്ടോർവാഹന വകുപ്പ്, ജില്ലാ റോഡ് സുരക്ഷാ കൗൺസിൽ എന്നീ വകുപ്പുകൾക്ക് റോഡ് സുരക്ഷാ ഫണ്ട് അനുവദിക്കാറുണ്ട്. ട്രാഫിക് സിഗ്നൽ ലൈറ്റുകൾ സ്ഥാപിക്കുന്നതിനുള്ള ചുമതല നിലവിൽ പോലീസ് വകുപ്പിനെയാണ് ഏൽപ്പിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി പ്രത്യേക പരിശോധനകൾ മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ സംഘടിപ്പിക്കുകയും ഗതാഗത തിരക്കേറിയ സ്ഥലങ്ങളിൽ സിഗ്നൽ ലൈറ്റുകൾ സ്ഥാപിച്ചും അപകടം കൂടിയ സ്ഥലങ്ങളിൽ 24x7 മണിക്കൂറും ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും അമിതവേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിനും സാധിച്ചിട്ടുണ്ട്. ഇതുമൂലം സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചു വരുന്നതിനാൽ ട്രാഫിക് നിയമ ലംഘനങ്ങൾ നിയന്ത്രിക്കാനും സാധിക്കുന്നുണ്ട്.

(സി) കരുനാഗപ്പള്ളി നഗരത്തിലെ ഗതാഗത സുരക്ഷയ്ക്കുവേണ്ടി സിഗ്നൽ ലൈറ്റ് കാര്യക്ഷമമാക്കുന്നതിനും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## വാഹനങ്ങളിലെ അതിതീക്ഷ്ണ വെളിച്ചമുള്ള പ്രോജക്ടർ ഹെഡ് ലാമ്പുകൾ

313(3333) ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ അതിതീക്ഷ്ണ വെളിച്ചമുള്ള പ്രൊജക്ടർ ഹെഡ് ലാമ്പുകൾ ഉപയോഗിക്കുന്നതുമൂലം ഉണ്ടാകുന്ന അപകടങ്ങൾ ആകെയുള്ള വാഹനാപകടങ്ങളുടെ എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ വാഹനങ്ങളിൽ അത്തരം ലാമ്പുകൾ ഉപയോഗിക്കാൻ നിയമം അനുവദിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ; എങ്കിൽ ഏതു ചട്ടപ്രകാരം എന്ന് വ്യക്തമാക്കാമോ;

(സി) പഴയ വാഹനങ്ങൾക്ക് മാത്രമാണോ അത്തരം ലാമ്പുകൾ ഉപയോഗിക്കുന്നതിൽ വിലക്കുള്ളതെന്ന് വ്യക്തമാക്കാമോ;

(ഡി) നിയമപ്രകാരമല്ലെങ്കിൽ തീവ്രപ്രകാശമുള്ള ഹെഡ് ലാമ്പുകളുമായി പുതുതായി നിരത്തിലിറങ്ങുന്ന വാഹനങ്ങൾക്ക് രജിസ്ട്രേഷൻ അനുവദിക്കാതിരിക്കാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

ഉത്തരം

(എ) ഇത് സംബന്ധമായ പഠനം നടത്തിയിട്ടില്ല.

(ബി) 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടം 138 (5) പ്രകാരം P45t cap ഉള്ള ഹാലജൻ ലൈറ്റുകൾ ഹെഡ് ലൈറ്റായി ഉപയോഗിക്കാൻ പാടുള്ളതല്ല. 24 വോൾട്ടേജിലുള്ള ഹാലജൻ ബൾബ് 70/75 വാട്ടിൽ കൂടാൻ പാടില്ല. 12 വോൾട്ടിലുള്ള ഹാലജൻ ബൾബ് 60/65 വാട്ടിൽ കൂടാൻ പാടില്ല.

(സി) പഴയതും പുതിയതുമായ എല്ലാത്തരം വാഹനങ്ങൾക്കും ഇത്തരം ലാമ്പുകൾ ഉപയോഗിക്കുന്നതിൽ വിലക്കുണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

**സംസ്ഥാനത്തെ വാഹനാപകടങ്ങൾ**

314(3334) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വാഹനാപകടങ്ങളിൽ മുഖ്യ പങ്ക് വഹിക്കുന്ന വാഹനങ്ങൾ ഏതെല്ലാം മേഖലകളിലുള്ളവയാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരം വാഹനങ്ങൾ 2017 ജനുവരി മുതൽ നാളിതുവരെ എത്ര അപകടങ്ങൾ വരുത്തിയിട്ടുണ്ട്; തരംതിരിച്ച് വ്യക്തമാക്കുമോ;

(സി) പ്രസ്തുത അപകടങ്ങളിൽ എത്ര പേർ മരണപ്പെട്ടു; തരം തിരിച്ച് വ്യക്തമാക്കുമോ;

(ഡി) ഇപ്രകാരം മരണപ്പെട്ടവരുടെ ആശ്രിതർക്ക് എന്തൊക്കെ സഹായങ്ങളാണ് വകുപ്പ് നൽകി വരുന്നത്; ഇതുമായി ബന്ധപ്പെട്ട് 2017 ജനുവരി മുതൽ നാളിതുവരെ എത്ര തുകയുടെ ധനസഹായം വകുപ്പ് നൽകി; വിശദാംശം വ്യക്തമാക്കാമോ;

(ഇ) അലസമായും മദ്യപിച്ചും വാഹനം ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് ഒരിക്കലും പുതുക്കി നൽകാത്തവിധം റദ്ദ് ചെയ്യുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ് ബ്യൂറോയിൽനിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിച്ചതിൽനിന്നും കെ.എസ്.ആർ.ടി.സി., പ്രൈവറ്റ് ബസ്, ലോറി, കാർ,

ജീപ്പ്, ഓട്ടോ, ഇരുചക്ര വാഹനങ്ങൾ എന്നിവയാണ് സംസ്ഥാനത്ത് പ്രധാനമായും അപകടങ്ങൾക്ക് മുഖ്യ പങ്ക് വഹിക്കുന്നത്.

(ബി) 2017 മുതൽ നാളിതുവരെ ഇത്തരം വാഹനങ്ങൾ മൂലമുണ്ടായിട്ടുള്ള അപകടങ്ങൾ

| KSRTC | Pvt.Bus & Mini Bus | Lorry | Car ആൻഡ് Jeep | Auto | Two Wheeler |
|---|---|---|---|---|---|
| 1468 | 4449 | 3293 | 15635 | 6166 | 30827 |

(സി) 2017 വർഷത്തിൽ വിവിധ വാഹനാപകടങ്ങളിലായി 4131 പേർ മരണമടഞ്ഞു. ഈ അപകടങ്ങളിൽ ഉൾപ്പെട്ട വാഹനങ്ങളുടെ എണ്ണം ചുവടെ ചേർക്കുന്നു:

| KSRTC | Pvt.Bus & Mini Bus | Lorry | Car ആൻഡ് Jeep | Auto | Two Wheeler |
|---|---|---|---|---|---|
| 213 | 430 | 491 | 934 | 271 | 1371 |

(ഡി) വകുപ്പ് യാതൊരുവിധ ധനസഹായങ്ങളും നൽകുന്നില്ല.

(ഇ) കുറ്റകൃത്യങ്ങളുടെ തോതനുസരിച്ച് ലൈസൻസ് സസ്പെൻഡ് ചെയ്യുന്നതിനും, റദ്ദാക്കുന്നതിനും അതത് ലൈസൻസിംഗ് അതോറിറ്റികൾക്കാണ് അധികാരം. ഈ അധികാരം ഉപയോഗിച്ച് നടപടികൾ സ്വീകരിക്കുന്നുണ്ട്.

**റോഡപകടങ്ങളുടെ എണ്ണം**

315(3335) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കഴിഞ്ഞ വർഷം (2017) റോഡപകടങ്ങളിൽ മരണപ്പെട്ടവരുടെയും ഗുരുതരമായി പരിക്കേറ്റവരുടെയും കണക്ക് വെളിപ്പെടുത്തുമോ;

(ബി) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് മോട്ടോർ വാഹന വകുപ്പ് കൂടുതലായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(സി) സംസ്ഥാന ദേശീയ പാതകളിൽ നിശ്ചിത ദൂരപരിധിയിൽ ട്രോമാ കെയർ സംവിധാനം ഏർപ്പെടുത്താൻ റോഡ് സുരക്ഷാ അതോറിറ്റി ഫണ്ട് ലഭ്യമാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സ്റ്റേറ്റ് ക്രൈം റിക്കോർഡ്സ് ബ്യൂറോയിൽനിന്നും ലഭിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 2017 വർഷത്തിൽ 38470 വാഹനാപകടങ്ങളിലായി 4131 പേർ മരണമടഞ്ഞു.

(ബി) സംസ്ഥാനത്ത് റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി മോട്ടോർ വാഹന വകുപ്പിന്റെ നേതൃത്വത്തിൽ പ്രത്യേക പരിശോധനകൾ സംഘടിപ്പിക്കുകയും അപകടം കൂടിയ സ്ഥലങ്ങളിൽ 24X7 മണിക്കൂറും ക്യാമറ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുകയും ചെയ്തതു വഴി അമിത വേഗതയിൽ വാഹനം ഓടിക്കുന്നവരെ കണ്ടെത്തി നടപടി സ്വീകരിക്കുന്നതിന് സാധിച്ചിട്ടുണ്ട്. നിലവിൽ നാഷണൽ ഹൈവേയിലെ ചേർത്തല മുതൽ മഞ്ചേശ്വരം വരെ ക്യാമറാ നിരീക്ഷണ സംവിധാനമുണ്ട്. ഇതുമൂലം സ്ഥിരം അപകട മേഖലകളിലും വാഹനങ്ങൾ അമിത വേഗതയിൽ സഞ്ചരിക്കാൻ സാധ്യതയുള്ള സ്ഥലങ്ങളിലും ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ പ്രവർത്തിപ്പിച്ചു വരുന്നതിനാൽ ട്രാഫിക് നിയമ ലംഘനങ്ങൾ നിയന്ത്രിക്കാൻ സാധിച്ചിട്ടുണ്ട്. വാളയാർ-വടക്കഞ്ചേരി നാഷണൽ ഹൈവേയിൽ ക്യാമറാ നിരീക്ഷണ സംവിധാനങ്ങൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ GPS അധിഷ്ഠിതമായ വാഹന നിരീക്ഷണ സംവിധാനം സംസ്ഥാനത്തെ എല്ലാ ട്രാൻസ്പോർട്ട് വാഹനങ്ങളിലും നടപ്പിലാക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതു വഴി ബസ്സുകളുടെ സമയക്രമം തെറ്റിക്കൽ, മത്സര ഓട്ടം, അമിത വേഗത, ട്രിപ്പുകൾ തെറ്റിക്കുന്നത്, റൂട്ട് മാറിയുള്ള സർവീസ് നടത്തൽ എന്നിവ എളുപ്പത്തിൽ കണ്ടുപിടിക്കാൻ കഴിയുകയും നിയമ ലംഘകർക്കെതിരെ ശക്തമായ നടപടികൾ സ്വീകരിക്കുന്നതിന് സാധിക്കുകയും അതുവഴി അപകടങ്ങളും അതുമൂലമുള്ള മരണങ്ങളും കുറയ്ക്കാൻ സാധിക്കുകയും ചെയ്യും. കൂടാതെ നിലവിലെ ലൈസൻസ് നൽകുന്ന സമ്പ്രദായം, വാഹന ക്ഷമതാ പരിശോധന എന്നിവ കുറ്റമറ്റതാക്കുന്നതിനായി സംസ്ഥാനത്ത് ആട്ടോമേറ്റഡ് ഡ്രൈവിംഗ് ലൈസൻസ് സംവിധാനവും വാഹനക്ഷമതാ പരിശോധനാ കേന്ദ്രങ്ങളും എല്ലാ ആർ.ടി.ഒ./സബ് ആർ.ടി.ഒ.കളിലും പ്രൈവറ്റ് പബ്ലിക് പാർട്ണർഷിപ് അടിസ്ഥാനത്തിൽ ഈ വർഷംതന്നെ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ഇതിനു പുറമേ ആധുനിക ഇന്റർസെപ്റ്റർ വാഹനങ്ങളുപയോഗിച്ചുള്ള പരിശോധനകളും ശക്തമാക്കിയിട്ടുണ്ട്.

(സി) സംസ്ഥാനത്ത് റോഡ് അപകടങ്ങളിൽപ്പെടുന്നവർക്ക് തൊട്ടടുത്ത ആശുപത്രിയിൽനിന്നും അടിയന്തര വൈദ്യ സഹായം ഉറപ്പാക്കുന്നതിന് ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് ഡൽഹി മാതൃകയിൽ "സുരക്ഷാ വീഥി" എന്ന പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംയോജിത ആംബുലൻസ് ഏർപ്പെടുത്തുന്നത് സംബന്ധിച്ചും "സുരക്ഷാ വീഥി" പദ്ധതിയെ സംബന്ധിച്ചുമുള്ള പഠന റിപ്പോർട്ട് സമർപ്പിക്കാൻ ആരോഗ്യ വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ട്രോമാകെയർ സംവിധാനം ഒരുക്കുന്നതിന് 2016-ൽ 4,10,68,949 രൂപയും 2017-ൽ 38,88,051 രൂപയും റോഡ് സുരക്ഷാ ഫണ്ടിൽനിന്നും നൽകിയിട്ടുണ്ട്.

## ആർ.ടി. ഓഫീസുകളിൽ ഏജന്റുമാർക്ക് നിയന്ത്രണം

316(3336) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആർ.ടി. ഓഫീസുകളിൽ ഏജന്റുമാർക്ക് നിയന്ത്രണങ്ങളുണ്ടോ; വിശദമാക്കാമോ;

(ബി) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിന് നിലവിലുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ;

(സി) ഇക്കാര്യത്തിന് ഓരോ ഇനം വാഹനത്തിനും വാഹന ഉടമ നൽകേണ്ട തുക വാഹന ഡീലർമാർ മുഖേനയാണോ ഈടാക്കുന്നത്;

(ഡി) രജിസ്ട്രേഷൻ ചാർജ് എന്ന പേരിൽ വാഹന ഡീലർമാർ പ്രത്യേകമായി തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) പുതിയവാഹനം രജിസ്റ്റർ ചെയ്യുന്നതിന് ഇടനിലക്കാരെ അനുവദിക്കാറുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(എഫ്) പുതിയ വാഹനം രജിസ്റ്റർ ചെയ്യാൻ നേരിട്ടെത്തുന്ന ഉടമ ആർ.ടി.ഓഫീസിൽ ഏതെങ്കിലും തരത്തിലുള്ള തുക അടക്കേണ്ടതായിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) മിക്ക റീജിയണൽ/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ഇടത്തട്ടുകാരുടെയും മറ്റ് വിധത്തിലുള്ള മധ്യവർത്തികളുടെയും പ്രവർത്തനം ഇപ്പോഴും സജീവമായി കാണുന്നു. ഏജന്റ്സ്/ദല്ലാളന്മാർ/ഓട്ടോ കൺസൾട്ടന്റുമാരുടെ ഇടപെടൽ ഇല്ലാതാക്കുക എന്ന ഉദ്ദേശ്യത്തോടെ വിവിധ

ഘട്ടങ്ങളിൽ മോട്ടോർ വാഹന വകുപ്പ് സർക്കുലർ 35/87, 27/88 എന്നിവ പുറപ്പെടുവിച്ചിരുന്നു. ഇത്തരക്കാരെ ഒരു കാരണവശാലും ഓഫീസിന്റെ അകത്ത് കടത്തുകയോ ഭരണപരമായ കാര്യങ്ങളിൽ ഇടപെടാനോ ഉദ്യോഗസ്ഥരെ സ്വാധീനിക്കാനോ അനുവദിക്കരുതെന്ന നിർദ്ദേശം വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നൽകിയിട്ടുണ്ട്. അധികാരപത്രവുമായി മറ്റുള്ളവർക്കുവേണ്ടി വരുന്നവരെ ഏജന്റുമാരായി കാണേണ്ടതില്ല. എന്നാൽ ഇവർ സ്ഥിരമായി വരുന്ന പക്ഷം ഇവരെ ഏജന്റുമാരായി മാത്രമേ കണക്കാക്കാൻ പറ്റൂ. ആഫീസ് പരിസരം ഒരു പൊതു സ്ഥലമായതിനാലും അവിടെ ആർക്കും സർക്കാരിൽനിന്നും കിട്ടേണ്ട സർവ്വീസുകൾക്ക് വരാവുന്നതുമാകയാൽ ഏജന്റുമാരുടെ പ്രവേശനം (കൗണ്ടറിന് വെളിയിലും പൊതു ജനങ്ങൾക്ക് പ്രവേശിക്കാവുന്ന ഓഫീസ് പരിസരത്തും) പാടേ നിരോധിക്കാൻ നിലവിലുള്ള നിയമ സംവിധാനങ്ങൾ അപര്യാപ്തമാണ്. എങ്കിലും ഏജന്റുമാരുടെ അനാവശ്യ ഇടപെടലുകൾ ഉണ്ടായാൽ അപ്പപ്പോൾ പോലീസിൽ അറിയിച്ച് നിയമപരമായ നടപടി കൈക്കൊള്ളാൻ എല്ലാ ആർ.ടി.ഒ-മാർക്കും ജോയിന്റ് ആർ.ടി.ഒ-മാർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള മാനദണ്ഡങ്ങൾ താഴെ കൊടുക്കുന്നു:

1. വാഹന ഉടമ ഏത് രജിസ്റ്ററിംഗ് അധികാരിയുടെ പരിധിയിലാണ് സ്ഥിരമായി താമസിക്കുന്നത് അഥവാ ജോലിയോ ബിസിനസ്സോ ചെയ്യുന്നത് ആ അധികാരിയുടെ മുമ്പാകെയാണ് അപേക്ഷ നൽകേണ്ടത്.

2. വാഹനം വാങ്ങുമ്പോൾ ലഭിക്കുന്ന ഫാറം-21-ൽ (സെയിൽ സർട്ടിഫിക്കറ്റിൽ) രേഖപ്പെടുത്തിയിട്ടുള്ള മേൽവിലാസമാണ് രജിസ്റ്റർ ചെയ്യുമ്പോൾ പരിഗണിക്കുന്നത്. ആയതിനാൽ കൃത്യമായ മേൽവിലാസം വാഹന ഡീലർമാർക്ക് നൽകണം.

3. അപേക്ഷയും ഹാജരാക്കേണ്ട രേഖകളും

(എ) ഫാറം 20-ലുള്ള അപേക്ഷ (ഹയർ പർച്ചേസ് ഉടമ്പടി ഉണ്ടെങ്കിൽ ഫാറം 20-ന്റെ രണ്ട് പകർപ്പുകൾ ഹാജരാക്കേണ്ടതാണ്.)

(ബി) ഫാറം 21-ലുള്ള സെയിൽ സർട്ടിഫിക്കറ്റ്

(സി) ഫാറം 22-ലുള്ള സർട്ടിഫിക്കറ്റ്

(ഡി) സാധുതയുള്ള വാഹന ഇൻഷ്വറൻസ്

(ഇ) താൽക്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്

(എഫ്) ഫാറം 22-എ (ചേസിസ് വാങ്ങി ബോഡി പണിത വാഹനത്തിന് വർക്ക് ഷോപ്പിൽനിന്നും ലഭിക്കുന്ന സർട്ടിഫിക്കറ്റ്)

(ജി) മേൽവിലാസവും വയസ്സും പൗരത്വവും തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

(എച്ച്) ഇറക്കുമതി ചെയ്ത വാഹനമാണെങ്കിൽ കസ്റ്റംസ് ക്ലിയറൻസ് അല്ലെങ്കിൽ ബിൽ ഓഫ് ലാഡിംഗ്

(ഐ) ഫാറം 60-ൽ ഇൻകംടാക്സ് ഡിക്ലറേഷൻ

(ജെ) നിശ്ചിത ഫീസ്, ടാക്സ്, ഒറ്റത്തവണ സെസ്സ് എന്നിവ ഓൺലൈനിൽ അടച്ചതിനുള്ള രസീത്.

4. വാഹനം പരിശോധിച്ച് നിയമവിധേയമാണെന്നും സാങ്കേതിക യോഗ്യതയുള്ളതായും ബോധ്യപ്പെട്ടാൽ അപേക്ഷ സ്വീകരിച്ച് രസീത് നൽകുന്നതാണ്. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് അയച്ചുകൊടുക്കുന്നതാണ്. ആയതിലേയ്ക്കുള്ള 41 രൂപയുടെ സ്റ്റാമ്പ് പതിച്ച് അപേക്ഷയിലെ അതേ മേൽവിലാസം എഴുതിയ കവർ കൂടി നൽകേണ്ടതാണ്.

5. വാഹനത്തിന് അനുവദിച്ച രജിസ്ട്രേഷൻ നമ്പർ അന്നേ ദിവസം പ്രസിദ്ധപ്പെടുത്തുന്നതാണ്.

(സി) ഇക്കാര്യത്തിൽ ഓരോ വാഹനത്തിനും വാഹന ഉടമ നൽകേണ്ട തുക അതായത് ഫീസ്, വാഹന നികുതി, സെസ്സ് എന്നിവ വാഹന ഉടമ തന്നെ ഓൺലൈൻ മുഖേന അടയ്ക്കണം.

(ഡി) രജിസ്ട്രേഷൻ ചാർജ് എന്ന പേരിൽ വാഹന ഡീലർമാർ പ്രത്യേകമായി ഹാൻഡിലിംഗ് ചാർജ് എന്ന പേരിൽ തുക ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഇ) പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് വാഹന ഉടമയ്ക്കോ വാഹന ഉടമ അധികാരപ്പെടുത്തിയ വ്യക്തിക്കോ വാഹനം ഹാജരാക്കാവുന്നതാണ്. ഇതിനായി ഇടനിലക്കാരെ അനുവദിക്കാറില്ല.

(എഫ്) പുതിയ വാഹനം രജിസ്റ്റർ ചെയ്യുന്നതിന് നിയമപ്രകാരമുള്ള രജിസ്ട്രേഷൻ ഫീസും നികുതിയും ഓൺലൈനിൽ അടയ്ക്കേണ്ടതുണ്ട്. ഏതെങ്കിലും കാരണവശാൽ ഓൺലൈൻ മുഖേന പണമടയ്ക്കാൻ സാധിക്കാതെ വന്നാൽ ഓഫീസ് കൗണ്ടറിൽ പണമടയ്ക്കാവുന്നതാണ്.

## മോട്ടോർ വാഹനവകുപ്പിലെ അഴിമതി തടയൽ

317(3337) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന വകുപ്പിൽ അഴിമതി ഇല്ലാതാക്കുന്നതിന് സ്വീകരിക്കുന്ന ഓൺലൈൻ പരിഷ്കാരങ്ങളുടെ പുരോഗതി വ്യക്തമാക്കാമോ?

ഉത്തരം

കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊള്ളുവാനായി വകുപ്പ് പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. ഇ-പേമെന്റ് സംവിധാനം നടപ്പിലാക്കൽ, കമ്പ്യൂട്ടർവൽകൃത വാഹന പരിശോധനാ കേന്ദ്രങ്ങളും ഡ്രൈവിംഗ് ടെസ്റ്റിംഗ് ട്രാക്കുകളും സ്ഥാപിക്കൽ, ഇന്റർസെപ്റ്റർ വാഹനങ്ങൾ വാങ്ങൽ, അൽക്കോ മീറ്റർ, സ്പീഡ് റഡാർ തുടങ്ങിയ ഉപകരണങ്ങൾ വാങ്ങൽ, സ്പീഡ് ക്യാമറകൾ സ്ഥാപിക്കൽ തുടങ്ങിയ ആധുനികവൽക്കരണ പരിപാടികൾ നടപ്പിലാക്കി. വകുപ്പിനുകീഴിലുള്ള എല്ലാ റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിലും ലൈസൻസ് പുതുക്കൽ, വാഹനത്തിന്റെ ഉടമസ്ഥാവകാശം മാറ്റൽ, മേൽവിലാസം മാറ്റൽ, ഹൈപ്പോത്തിക്കേഷൻ നോട്ട് ചെയ്യൽ, അർ.സി. പർട്ടിക്കുലേഴ്സ്, ലൈസൻസ് പർട്ടിക്കുലേഴ്സ് തുടങ്ങിയവ അപേക്ഷകൻ നേരിട്ട് അപേക്ഷ നൽകിയാൽ അന്നേ ദിവസംതന്നെ ഫാസ്റ്റ് ട്രാക്ക് കൗണ്ടർ വഴി നൽകി വരുന്നു. പതിനാറ് സേവനങ്ങൾ ഓൺലൈൻ വഴി നടപ്പിലാക്കി. ഫീസ്, ടാക്സ്, സെസ് മുതലായവ ഓൺലൈൻ വഴി അടയ്ക്കുവാനുള്ള സംവിധാനം ഏർപ്പെടുത്തി. കണ്ടക്ടർ ലൈസൻസ്, ബാഡ്ജ് എന്നിവയുടെ ടെസ്റ്റ് കമ്പ്യൂട്ടർ മുഖേനയാക്കി. പുതിയ സ്വകാര്യ വാഹനങ്ങളുടെ നികുതി, ഇ-പേയ്മെന്റ് സംവിധാനം വഴി ഒടുക്കുന്നതിനുള്ള ക്രമീകരണം നിലവിലുണ്ട്.

ഇപ്പോൾ ലൈസൻസുമായി ബന്ധപ്പെട്ട് 10 സേവനങ്ങൾ, വാഹനവുമായി ബന്ധപ്പെട്ട് 14 സേവനങ്ങൾ എന്നിവയ്ക്കുള്ള അപേക്ഷയും ഫീസ് സമർപ്പിക്കുന്നതിനും പെർമിറ്റുമായി ബന്ധപ്പെട്ട് 5 സേവനങ്ങൾക്ക് അപേക്ഷ സമർപ്പിക്കുന്നതിനും വാഹനത്തിന്റെ നികുതി, ഹരിത നികുതി എന്നിവ ഒടുക്കുന്നതിനും ഡ്രൈവിംഗ് ടെസ്റ്റ് തീയതി മാറ്റുന്നതിനും താത്കാലിക രജിസ്ട്രേഷൻ നൽകുന്നതിനും ഓൺ ലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ഡ്രൈവിംഗ് ടെസ്റ്റിന്റെ തീയതി മാറ്റുന്നത്, നികുതി ഒടുക്കുന്നത്, ഹരിത നികുതി ഒടുക്കുന്നത്, താത്കാലിക രജിസ്ട്രേഷൻ നൽകുന്നത് എന്നിവ പൂർണ്ണമായി ഓൺ ലൈൻ സംവിധാനത്തിലാണ്. ഈ സേവനങ്ങൾക്ക് ഓഫീസിൽ

അപേക്ഷകൻ വരേണ്ട ആവശ്യമില്ല. ബാക്കിയുള്ള സേവനങ്ങൾക്ക് ഓൺലൈനായി ഫീസും അപേക്ഷയും സമർപ്പിക്കാമെങ്കിലും അപേക്ഷ ഓഫീസിൽ സമർപ്പിക്കേണ്ടതുണ്ട്. ഈ സംവിധാനത്തിൽ ആവശ്യമുള്ള മാറ്റങ്ങൾ വരുത്തി അപേക്ഷകൻ ഓഫീസിൽ വരാതെ തന്നെ സേവനം നൽകുന്നതിന് വകുപ്പ് ആലോചിക്കുന്നുണ്ട്. ഓൺലൈനായി അപേക്ഷയും ഫീസും അടയ്ക്കുവാൻ സംവിധാനമില്ലാത്ത സേവനങ്ങൾക്ക് ഓൺലൈനായി ഫീസും അപേക്ഷയും സമർപ്പിക്കുന്നതിനുള്ള മാറ്റങ്ങൾ വരുത്തുവാൻ ഉദ്ദേശമുണ്ട്. വകുപ്പ് നിലവിൽ ഉപയോഗിക്കുന്ന സോഫ്റ്റ്‌വെയർ മാറ്റി ഓഫീസുകളിലും ചെക്ക് പോസ്റ്റുകളിലും വെബ് അധിഷ്ഠിത സോഫ്റ്റ്‌വെയർ നടപ്പിലാക്കുവാനും തീരുമാനിച്ചിട്ടുണ്ട്.

## എം.എൽ.എ. ഫണ്ടുപയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് വാങ്ങിയ വാഹനങ്ങൾക്ക് റോഡ് നികുതി

318 (3338) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ട് വിനിയോഗിച്ച് സർക്കാർ സ്കൂളുകൾക്ക് ലഭ്യമാക്കിയ വാഹനങ്ങൾ സർക്കാർ വാഹനങ്ങൾ എന്ന വിഭാഗത്തിൽപ്പെടുന്നുണ്ടോ എന്നറിയിക്കാമോ;

(ബി) അടൂർ മണ്ഡലത്തിൽ ഇപ്രകാരം ഫണ്ട് ലഭ്യമാക്കി ബന്ധപ്പെട്ട സർക്കാർ സ്കൂളുകളുടെ എച്ച്.എം/പ്രിൻസിപ്പൽ എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്തിട്ടുള്ള വാഹനങ്ങൾ ഈ വിഭാഗത്തിൽ ഉൾപ്പെടുന്നില്ല എന്ന കാരണത്താൽ റോഡ് നികുതി ഈടാക്കി വരുന്നത് നിയമാനുസൃതമാണോ;

(സി) പ്രസ്തുത ബസ്സുകളുടെ രജിസ്ട്രേഷൻ ജില്ലാ വിദ്യാഭ്യാസ മേധാവിയായ ഡി.ഡി.ഇ.-യുടെ പേരിൽ ആണെങ്കിൽ മാത്രമേ സർക്കാർ വാഹനം എന്ന നിലയിലുള്ള നികുതിയിളവിന് അർഹതയുള്ളു എന്ന ഗതാഗത വകുപ്പ് അധികൃതരുടെ നിലപാട് നിയമാനുസൃതമാണോ;

(ഡി) ഈ വാദഗതി ഉന്നയിച്ച് സംസ്ഥാനത്ത് സർക്കാർ സ്കൂൾ അധികാരികളുടെ പേരിൽ ലഭ്യമാക്കിയിട്ടുള്ള എം.എൽ.എ. ഫണ്ട് വിനിയോഗിച്ചുള്ള വാഹനങ്ങൾക്ക് നികുതി ഈടാക്കി വരുന്ന വ്യവസ്ഥ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ഇ) പൊതുവിദ്യാഭ്യാസ ശാക്തീകരണത്തിന്റെ ഭാഗമായി നമ്മുടെ സർക്കാർ സ്കൂളുകളെ ശാക്തീകരിക്കുന്നതിന് സഹായകമായ ഈ വിഷയത്തിന്മേൽ സത്വര അനുകൂല നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) സർക്കാർ സ്കൂളുകളിലെ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ തുടങ്ങിയവരുടെ പേരിൽ രജിസ്റ്റർ ചെയ്ത വാഹനങ്ങൾ സർക്കാർ വാഹനങ്ങളുടെ ഗണത്തിൽപ്പെടുന്നതാണ്. എന്നാൽ ഇത്തരം വാഹനങ്ങൾ പി.റ്റി.എ. പ്രസിഡന്റ്, സെക്രട്ടറി തുടങ്ങിയവരുടെ പേരിൽ രജിസ്റ്റർ ചെയ്താൽ അത് സർക്കാർ വാഹനങ്ങളുടെ ഗണത്തിൽപ്പെടുകയില്ല.

(ബി) സർക്കാർ വാഹനങ്ങൾ സാധാരണ സർക്കാർ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ടാണ് അവയ്ക്ക് SRO 878/75 പ്രകാരം നികുതി ഒഴിവാക്കിയിട്ടുള്ളത്. എന്നാൽ എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സുകൾ വിദ്യാർത്ഥികളിൽനിന്നും ഫീസ് ഈടാക്കിക്കൊണ്ട് വിദ്യാർത്ഥികളുടെ ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുകൊണ്ടാണ് സർക്കാർ സ്കൂളുകളിലെ ഹെഡ് മാസ്റ്റർ, പ്രിൻസിപ്പൽ എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്ത സർക്കാർ വാഹനങ്ങളുടെ ഗണത്തിൽപ്പെടുന്ന ഇത്തരം ബസ്സുകളിൽനിന്നും നികുതി ഈടാക്കുന്നത്.

(സി) എഡ്യൂക്കേഷണൽ ഇൻസ്റ്റിറ്റ്യൂഷൻ ബസ്സ് വിഭാഗത്തിൽപ്പെടുന്ന വാഹനങ്ങൾ പ്രിൻസിപ്പൽ, എച്ച്.എം., ഡി.ഡി.ഇ. എന്നിവരുടെ പേരിൽ രജിസ്റ്റർ ചെയ്താലും നികുതി അടയ്ക്കേണ്ടതാണ്.

(ഡി & ഇ) എം.പി./എം.എൽ.എ. ഫണ്ടുകൾ ഉപയോഗിച്ച് വാങ്ങിയ സ്കൂൾ ബസ്സുകൾ, മറ്റുവിധത്തിൽ വാങ്ങിയ സ്കൂൾ ബസ്സുകൾ എന്നിങ്ങനെ സ്കൂൾ ബസ്സുകളെ രണ്ടു വിഭാഗമായി തരം തിരിച്ചുകൊണ്ട് ഒരു വിഭാഗത്തിന് നികുതി ഒഴിവാക്കുന്നത് വിവേചനപരമാണ്. ആയതിനാൽ എല്ലാ വിഭാഗം സ്കൂൾ ബസ്സുകളും മേൽ വ്യവസ്ഥകൾക്ക് വിധേയമായി വാഹന നികുതി അടക്കേണ്ടതാണ്.

**ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ്**

319(3339) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇതു സംബന്ധിച്ച് ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷൻ സമർപ്പിച്ച പരാതിയിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഭിന്നശേഷിക്കാർക്ക് ഡ്രൈവിംഗ് ലൈസൻസ് ലഭ്യമാക്കുന്നതിനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിനായി നടപടിക്രമങ്ങളും മാനദണ്ഡങ്ങളും നിശ്ചയിച്ചു കൊണ്ട് ഗതാഗത കമ്മീഷണർ 16-3-18-ലെ 6/2018 നമ്പർ സർക്കുലർ പ്രകാരം മോട്ടോർ വാഹന വകുപ്പിന് കീഴിലുള്ള എല്ലാ ഓഫീസുകൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

(ബി) ഇതു സംബന്ധിച്ച് ആൾ കേരള വീൽ ചെയർ റൈറ്റ്സ് ഫെഡറേഷൻ നൽകിയ പരാതിക്ക് ഗതാഗത കമ്മീഷണർ 9-3-2018-ൽ മറുപടി നൽകിയിട്ടുണ്ട്. പകർപ്പ് അനുബന്ധമായി* ചേർക്കുന്നു.

**മത്സരയോട്ടം നിയന്ത്രിക്കാൻ നടപടികൾ**

320(3340) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സുകളുടെ മത്സരയോട്ടം, മണൽ കരിങ്കല്ല് ലോബികളുമായി ബന്ധപ്പെട്ട ടിപ്പറുകൾ എന്നിവയെ നിയന്ത്രിക്കാൻ ഗതാഗതവകുപ്പ് എന്തു നടപടികൾ സ്വീകരിച്ചുവരുന്നുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കാനും അപകടങ്ങൾ ഒഴിവാക്കുവാനുമായി സമയക്രമ ഉത്തരവ് പരിശോധിച്ച് ആർ ആൻഡ് ഡി ടീം നൽകിയ റിപ്പോർട്ടിന്മേൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(സി) രാജ്യത്തെ ഏറ്റവും മോശമായ ഡ്രൈവിംഗ് സംസ്കാരം പുലർത്തുന്നവരാണ് സംസ്ഥാനത്തെ പ്രധാന നഗരങ്ങളിലുള്ളതെന്ന ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എന്ത് തിരുത്തൽ നടപടികളാണ് സർക്കാർ സ്വീകരിച്ചുവരുന്നത്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ബസ്സുകളുടെ മത്സരയോട്ടം നിയന്ത്രിക്കുന്നതിന് വാഹന പരിശോധനകൾ നടത്തുന്നുണ്ട്. അതുപോലെ ടിപ്പർ ലോറികളുടെ മത്സരയോട്ടത്തിനെതിരെയും കർശന നടപടികൾ സ്വീകരിക്കുന്നുണ്ട്. വാഹനങ്ങളുടെ പെർമിറ്റ് റദ്ദാക്കൽ, ഡ്രൈവർമാരുടെ ലൈസൻസ് സസ്പെൻഡ്, നിയമാനുസൃതമായ പിഴയടിപ്പിക്കൽ മുതലായ നടപടികൾ സ്വീകരിച്ചു വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) ആർ ആൻഡ് ഡി ടീം ഡി 3/825 എന്ന ഉത്തരവ് പ്രകാരം ബസ്സുകളുടെ സമയക്രമം എകീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം ഓരോരോ ആർ.ടി.എ.- കളും അവരവരുടെ ആവശ്യമനുസരിച്ച് വേണ്ട നടപടികൾ സ്വീകരിച്ച് സമയക്രമം ഏകീകരണം നടത്തിവരുന്നു.

(സി) ഇങ്ങനെ ഒരഭിപ്രായം വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എങ്കിലും മോട്ടോർ വാഹന നിയമങ്ങൾ അനുസരിക്കുന്നതിൽ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതിനായി പുതുതായി ലൈസൻസ് എടുക്കുന്ന എല്ലാവർക്കും ട്രാഫിക് അവബോധന ക്ലാസ്സുകൾ നൽകി വരുന്നു. വാഹനം ഓടിച്ചുകൊണ്ടിരിക്കുന്ന ഡ്രൈവർമാർക്ക് റിഫ്രഷർ കോഴ്സുകൾ (ട്രാഫിക് അവബോധത്തിനായി) ആർ.ടി.ഒ./ജോയിന്റ് ആർ.ടി.ഒ. ഓഫീസ് തലങ്ങളിൽ നടത്തിവരുന്നു. ഇത്തരത്തിലുള്ള അവബോധന ക്ലാസ്സുകൾകൊണ്ട് മോട്ടോർ വാഹന നിയമങ്ങൾ അനുസരിക്കുന്നതിനുള്ള വിമുഖത ഒരു പരിധിവരെ ഇല്ലാതാക്കാൻ കഴിഞ്ഞിട്ടുണ്ട്. നിലവിലുള്ള ഡ്രൈവിംഗ് ടെസ്റ്റ് സംവിധാനം ശാസ്ത്രീയവൽക്കരിക്കുന്നതിന്റെ ഭാഗമായി automated driving test സംവിധാനം സംസ്ഥാനത്തുടനീളം നടപ്പിലാക്കിവരുന്നു.

**സബ് ആർ.ടി.ഓഫീസുകൾ**

321 (3341) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാലിക്കറ്റ് എയർപോർട്ട് ഉൾപ്പെടെ പ്രധാനപ്പെട്ട സ്ഥാപനങ്ങൾ ഉൾക്കൊള്ളുന്ന കൊണ്ടോട്ടിയിൽ സബ് ആർ.ടി.ഒ. ഓഫീസ് ആരംഭിക്കുന്നത് പരിഗണനയിലുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിനുവേണ്ടി സർക്കാർ ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) പുതിയ ആർ.ടി. ഓഫീസുകൾ തുടങ്ങുന്നതിന്റെ ഭാഗമായി ഈ സർക്കാർ വന്നതിന് ശേഷം പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ;വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത ഏഴ് താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പുതിയ പദ്ധതിയായി

2018-19 വർഷത്തെ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജനപ്രതിനിധികൾ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾകൂടി കണക്കിലെടുത്ത് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, 9-2-2018-ലെ സ.ഉ.(കൈ) നമ്പർ 11/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 6 പുതിയ സബ് ആർ.ടി. ഓഫീസുകൾ ആരംഭിക്കുന്നതിനും ഓരോ ഓഫീസിലേക്കും 10 വീതം (ആകെ 10X6=60) സ്ഥിരം തസ്തികകൾ സൃഷ്ടിച്ചുകൊണ്ടും ഉത്തരവായിട്ടുണ്ട്. തസ്തിക തിരിച്ചുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | തസ്തിക | ഒരു സബ് ആർ.ടി ഓഫീസിലേയ്ക്കുള്ള തസ്തികകളുടെ എണ്ണം |
|---|---|---|
| 1 | ജോയിന്റ് ആർ.ടി.ഒ. | 1 |
| 2 | മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 1 |
| 3 | അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ | 2 |
| 4 | ഹെഡ് അക്കൗണ്ടന്റ്/ഹെഡ് ക്ലാർക്ക് | 1 |
| 5 | ക്ലാർക്ക് | 3 |
| 6 | ടൈപ്പിസ്റ്റ് | 1 |
| 7 | അറ്റൻഡർ | 1 |

കൂടാതെ, ടി ഓഫീസുകളിൽ ഓരോന്നിലും ഒരു ഡ്രൈവറുടേയും (ദിവസ വേതനം) ഒരു കാഷ്വൽ സ്വീപ്പറുടേയും തസ്തികകൾ സൃഷ്ടിക്കുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

## ചിറ്റൂർ ആർ.ടി. ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുവാൻ നടപടി

322(3342) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ ആർ.ടി.ഒ.-യുടെ ഓഫീസ് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് ചിറ്റൂർ താലൂക്ക്സഭയും ഗതാഗത വകുപ്പും നൽകിയ നിർദ്ദേശങ്ങൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥർ അവഗണിക്കുകയും താമസിപ്പിക്കുകയും ചെയ്യുന്നത്

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ 24 മാസക്കാലയളവിൽ മൊത്തം എത്ര രൂപയാണ് വാടക വൈദ്യുതി ഇനങ്ങളിൽ ചിറ്റൂർ മോട്ടോർ വാഹന ഓഫീസിന് ചെലവായത്;

(ബി) ഓഫീസ് മാറ്റുന്നതിന് മനപ്പൂർവം സാങ്കേതിക കാരണങ്ങൾ ഉന്നയിച്ച് വീഴ്ച വരുത്തുന്ന ഉദ്യോഗസ്ഥരിൽനിന്നും ഈ തുക ഈടാക്കാൻ നടപടി എടുക്കുമോ;

(സി) ചിറ്റൂർ ആർ.ടി.ഒ.- യുടെ ഓഫീസ് ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിന് അടിയന്തര നിർദ്ദേശം നൽകുകയും സമയബന്ധിതമായി മാറ്റുന്നുണ്ടെന്ന് ഉറപ്പു വരുത്തുകയും ചെയ്യുമോ?

<u>ഉത്തരം</u>

(എ&ബി) ചിറ്റൂർ സബ് ആർ.ടി. ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനു വേണ്ടിയുള്ള അടിയന്തര നടപടികൾ സ്വീകരിച്ചു വരുന്നു. ചിറ്റൂർ സബ് ആർ.ടി. ഓഫീസിന് 21-10-2016 -ൽ ചിറ്റൂർ മിനി സിവിൽ സ്റ്റേഷനിൽ സ്ഥലം അനുവദിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ ട്രാൻസ്പോർട്ട് കമ്മീഷണറുടെ 17-11-2016 തീയതിയിലെ എഫ്4/23154/റ്റിസി/2012 നമ്പർ ഉത്തരവ് പ്രകാരം മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള അനുമതി നൽകി. തുടർന്ന് ലഭ്യമായ സ്ഥലം ഫർണിഷ് ചെയ്യുന്നതിനുള്ള എസ്റ്റിമേറ്റ് അംഗീകൃത ഏജൻസികളിൽനിന്നും ക്ഷണിക്കുകയും KSIE, KIIDC എന്നീ സ്ഥാപനങ്ങൾ എസ്റ്റിമേറ്റ് സമർപ്പിക്കുകയുമുണ്ടായി. ടി എസ്റ്റിമേറ്റുകൾ DTC, RTO, JRTO എന്നിവരടങ്ങിയ കമ്മിറ്റി പരിശോധിക്കുകയും മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. തുടർന്ന് മാറ്റങ്ങൾ വരുത്തി പുതിയ എസ്റ്റിമേറ്റുകൾ ടി സ്ഥാപനങ്ങൾ സമർപ്പിച്ചു. എന്നാൽ അപ്പോഴേക്കും KSIE എന്ന ഏജൻസിയുടെ അംഗീകാരം നഷ്ടപ്പെട്ടു. KIIDC-ക്ക് ഇറിഗേഷനുമായി ബന്ധപ്പെട്ട വർക്കുകൾ നടത്താനുള്ള അനുമതി മാത്രമെയുള്ളു.

അതിനെ തുടർന്ന് സർക്കാർ അംഗീകൃത ഏജൻസികളിൽനിന്നും പുതിയ പ്രൊപ്പോസൽ സമർപ്പിക്കാൻ ആവശ്യപ്പെട്ടു. പാലക്കാട് ആർ.ടി.ഒ 27-2-2018-ൽ ജില്ലാ നിർമ്മിതി കേന്ദ്രം നൽകിയ പ്രൊപ്പോസൽ സമർപ്പിക്കുകയുണ്ടായി. 24-4-2018 ന് കൂടിയ FAST പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി യോഗം പ്രസ്തുത പ്രൊപ്പോസൽ അംഗീകരിക്കുകയും 7-5-2018 തീയതിയായി ഡയറക്ടർ, നിർമ്മിതി കേന്ദ്രയ്ക്ക് വർക്ക് ഓർഡർ നൽകുകയും ചെയ്തിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചു വരുന്നതായി JRTO അറിയിച്ചിട്ടുണ്ട്. കാലതാമസം ഒഴിവാക്കുന്നതിനുള്ള നിർദ്ദേശം JRTO-യ്ക്ക് നൽകിയിട്ടുണ്ട്. 2018 മേയ് 31 വരെ വാടകയിനത്തിൽ 3,44,983 രൂപ നൽകേണ്ടതുണ്ട്. (പി.ഡബ്ല്യു.ഡി-യിൽനിന്നും സ്ഥലലഭ്യതാ രഹിത സാക്ഷ്യപത്രം ലഭിക്കാത്തതിനാൽ വാടക നൽകാൻ കഴിഞ്ഞിട്ടില്ല)

വൈദ്യുതി ചാർജ്ജിനത്തിൽ 2,47,527 രൂപ ചെലവായിട്ടുണ്ട്. മേൽ വിവരിച്ച സാഹചര്യത്തിൽ ഉദ്യോഗസ്ഥരുടെ ഭാഗത്ത് വീഴ്ച സംഭവിച്ചതായി കരുതുന്നില്ല.

(സി) സമയബന്ധിതമായി ഓഫീസ് മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്നതിനുള്ള അടിയന്തര നിർദ്ദേശം നൽകിയതായി ഗതാഗത കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

**വർക്കല താലൂക്കിൽ സബ് ആർ.ടി.ഒ. ഓഫീസ്**

323 (3343) <u>ശ്രീ. വി. ജോയി:</u> താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജകമണ്ഡലത്തിൽ വർക്കല താലൂക്ക് കേന്ദ്രീകരിച്ച് സബ് ആർ.ടി.ഒ. ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകൾ ഇല്ലാത്ത ഏഴ് താലൂക്കുകളിൽ പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പുതിയ പദ്ധതിയായി 2018-19 വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ജനപ്രതിനിധികൾ സമർപ്പിച്ചിട്ടുള്ള നിവേദനങ്ങൾ കൂടി കണക്കിലെടുത്ത് വിശദമായ പ്രൊപ്പോസൽ ലഭ്യമാക്കുവാൻ ഗതാഗത കമ്മീഷണർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**മോട്ടോർ വാഹന വകുപ്പിലെ പുതിയ തസ്തികകൾ**

324 (3344) <u>ശ്രീ. കെ. എസ്. ശബരീനാഥൻ:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡ് അപകടങ്ങൾ കുറയ്ക്കുന്നതിന് ആർ.ടി.ഒ.-മാരുടെയും വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാരുടെയും അധിക തസ്തികകൾ സൃഷ്ടിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഈ തസ്തികകൾ മോട്ടോർ വാഹന വകുപ്പിലാണോ അനുവദിച്ചിട്ടുള്ളത്; ഈ തസ്തികകൾ അനുവദിക്കുന്നതിന് ധനകാര്യ വകുപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പുതിയ തസ്തികകൾ അനുവദിക്കുന്നത് സംബന്ധിച്ച് പഠനം നടത്തിയാണോ തസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത് ;

(ബി) പുതിയതായി സൃഷ്ടിക്കുന്ന തസ്തികകളിൽ മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിന് ശിപാർശയുണ്ടോ ; ഇല്ലെങ്കിൽ മിനിസ്റ്റീരിയൽ തസ്തികകൾ പുറംകരാർ നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(സി) മോട്ടോർ വാഹന വകുപ്പിൽ അധികമായി മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കുന്നതിനായി തസ്തികകൾ സൃഷ്ടിക്കുമോ;

(ഡി) പുതുതായി ആരംഭിച്ച കാട്ടാക്കട ഉൾപ്പെടെയുള്ള സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽ മതിയായ മിനിസ്റ്റീരിയൽ ജിവനക്കാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 4-6-2018-ൽ പുറപ്പെടുവിച്ച സ.ഉ(കൈ) നമ്പർ 42/2018/ഗതാഗതം പ്രകാരം സേഫ് കേരള പദ്ധതി നടപ്പിലാക്കുന്നതിലേക്കായി മോട്ടോർ വാഹന വകുപ്പിൽ 10 ആർ.ടി.ഒ, 65 എം.വി.ഐ, 187 എ.എം.വി.ഐ. ഉൾപ്പടെ 262 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. റോഡ് സുരക്ഷാ വിദഗ്ദ്ധനായ ശ്രീ. പി. ഡി. സുനിൽ ബാബു തയ്യാറാക്കിയ വിശദമായ പദ്ധതി രൂപരേഖ സർക്കാർതലത്തിൽ വിശദമായ പരിശോധനകൾക്കുശേഷം ധനകാര്യ വകുപ്പിന്റെ അനുമതിയോടെയാണ് മേൽതസ്തികകൾ സൃഷ്ടിച്ചിട്ടുള്ളത്.

(ബി) ഇല്ല. സേഫ് കേരള പദ്ധതിയുടെ ഭാഗമായുള്ള സ്ക്വാഡുകളുടെ പ്രവർത്തനം നിയന്ത്രിക്കുന്ന കൺട്രോൾ റൂമിനാവശ്യമായ ആളുകളെ പുറംകരാർ (outsource) മുഖേന നിയമിക്കുന്നതാണ്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

(ഡി) പുതുതായി ആരംഭിച്ച ഓഫീസുകളിൽ ഒഴിവുള്ള തസ്തികകളിൽ ജീവനക്കാരെ നിയമിക്കുന്നതാണ്.

**മിലിട്ടറി ചിഹ്നങ്ങൾ സ്വകാര്യ വാഹനങ്ങളിൽ ഒട്ടിച്ച് ദുരുപയോഗം**

325 (3345) <u>ശ്രീ. കെ. എം. ഷാജി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വ്യാപകമായി മിലിട്ടറി ചിഹ്നങ്ങൾ സ്വകാര്യ വാഹനങ്ങളിൽ ഒട്ടിച്ച് ദുരുപയോഗം ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കേരളത്തിൽ ഏതെല്ലാം റാങ്കിലുള്ള മിലിട്ടറി ഉദ്യോഗസ്ഥർക്കാണ് മിലിട്ടറി ചിഹ്നങ്ങൾ സ്വകാര്യവാഹനങ്ങളിൽ പതിച്ച് ഉപയോഗിക്കുന്നതിന് അനുവാദം നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) അനധികൃതമായി മിലിട്ടറി ചിഹ്നങ്ങൾ പതിച്ച് സ്വകാര്യവാഹനം ഉപയോഗിക്കുന്നവർക്കെതിരെ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ-സി) നിലവിൽ ഇത്തരം വാഹനങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മോട്ടോർ വാഹന നിയമപ്രകാരം ഇത്തരത്തിൽ അനുവാദം നൽകിയിട്ടില്ല.

**വാഹനങ്ങളിൽ പഞ്ചിംഗ് നമ്പർ പ്ലേറ്റുകൾ**

326 (3346) <u>ഡോ. എൻ. ജയരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാഹനങ്ങളിൽ പഞ്ചിംഗ് നമ്പർ പ്ലേറ്റുകൾ ഉപയോഗിക്കുന്നത് നിർബന്ധമാക്കി ഉത്തരവ് നിലവിലുണ്ടോ ; എങ്കിൽ പകർപ്പ് ലഭ്യമാക്കാമോ ;

(ബി) ഏതൊക്കെ തരം നമ്പർ പ്ലേറ്റുകളാണ് നിയമപ്രകാരം ഉപയോഗിക്കാൻ സാധിക്കുന്നതെന്ന് വിശദമാക്കാമോ ;

(സി) അവ്യക്തമായും ആലങ്കാരികമായും നമ്പർ രേഖപ്പെടുത്തിയിട്ടുള്ള വാഹനങ്ങൾക്കെതിരെ നടപടി സ്വീകരിക്കുമോ;

(ഡി) 2016, 2017, 2018 എന്നീ വർഷങ്ങളിൽ അത്തരം കേസുകളിൽ വർധനവ് ഉണ്ടായിട്ടുണ്ടോ ;

(ഇ) നിയമലംഘനം നടത്തുന്ന വാഹനങ്ങൾക്കെതിരെ പരാതി നൽകാൻ പൊതുജനങ്ങൾക്ക് സാധിക്കുന്ന തരത്തിൽ മോട്ടോർ വാഹന വകുപ്പ് സംവിധാനം ഒരുക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(എഫ്) എങ്കിൽ ഇതിന് വേണ്ടത്ര പ്രചാരം നൽകുന്നതിന് നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി* ചേർത്തിട്ടുണ്ട്.

(ബി) ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് മഞ്ഞ പശ്ചാത്തലത്തിൽ കറുത്ത നിറത്തിലുള്ള നമ്പറും നോൺ ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് വെളുത്ത പശ്ചാത്തലത്തിൽ കറുത്ത നിറത്തിലുള്ള നമ്പറും പഞ്ച് ചെയ്യണം. രജിസ്ട്രേഷൻ മാർക്ക് ഇംഗ്ലീഷ് അക്ഷരത്തിലും അക്കങ്ങൾ അറബിക് അക്കത്തിലും പഞ്ച് ചെയ്യണം. 20mm X 20mm സൈസിലുള്ള ഹോളോഗ്രാം മുകളിൽ ഇടതുവശത്തെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മൂലയിൽ മുൻവശത്തും പിറകുവശത്തുമുള്ള നമ്പർ പ്ലേറ്റിൽ പതിച്ചിരിക്കണം. ഹോളോ ഗ്രാമിൽ നീല നിറത്തിൽ ചക്ര ഉൾക്കൊള്ളിക്കണം. ഈ നിയമം 1-1-2019 മുതൽ നടപ്പിൽ വരത്തക്കവിധം കരട് വിജ്ഞാപനം കേന്ദ്ര സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) നടപടി സ്വീകരിച്ചുവരുന്നു.

(ഡി) ഇല്ല.

(ഇ & എഫ്) മോട്ടോർ വാഹന വകുപ്പിന്റെ ഔദ്യോഗിക വെബ് സൈറ്റായ www.keralamvd.gov.in-ൽ പരാതി നൽകാൻ സംവിധാനമുണ്ട്.

**റോഡ് വികസനത്തിന് ജലഗതാഗത വകുപ്പിന്റെ ഭൂമി**

327(3347) ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ കെ.എസ്.ആർ.ടി.സി., എസ്.ഇ.റ്റി എൻജിനീയറിംഗ് കോളേജിന് നൽകിയ ഭൂമി റോഡ് വികസനത്തിനായി പൊതുമരാമത്ത് ദേശീയപാത വിഭാഗം ഏറ്റെടുത്തിട്ട് (ലാന്റ് അക്വിസിഷൻ) നഷ്ടപരിഹാരം നൽകിയില്ലെന്ന കാരണത്താൽ, കൊല്ലം ജില്ലയിൽ ആശ്രാമം ലിങ്ക് റോഡ് നിർമ്മാണത്തിന് ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള ഭൂമി വിട്ടുനൽകുന്നതിന് (ലാന്റ് ട്രാൻസ്ഫർ) പൊതുമരാമത്ത് വകുപ്പ് സമർപ്പിച്ച അപേക്ഷയിൽ ഭൂമി വിട്ട് നൽകേണ്ടതില്ലെന്ന് തീരുമാനിച്ചിട്ടുള്ളത് (സർക്കാർ ഫയൽ നമ്പർ ഡി1/312/2017/ഗതാഗതം) നിയമാനുസൃത നടപടിയാണോ എന്നറിയിക്കുമോ;

(ബി) ആശ്രാമം ലിങ്ക് റോഡ് വികസനത്തിനായി ജലഗതാഗത വകുപ്പിന്റെ അധീനതയിലുള്ള ഭൂമിയിലെ ഓഫീസ് കെട്ടിടം പൊളിച്ചുമാറ്റേണ്ടി വരുന്ന സാഹചര്യത്തിൽ കൊല്ലം എം.എൽ.എ.- യുടെ നിയോജകമണ്ഡല ആസ്തി വികസന നിധിയിൽ നിന്ന് 75 ലക്ഷം രൂപ ചെലവഴിച്ച് പുതിയ കെട്ടിടം നിർമ്മിച്ച് നൽകുകയും പുതിയ കെട്ടിടത്തിലേയ്ക്ക് ഓഫീസ് മാറ്റി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുള്ള സാഹചര്യത്തിൽ ലിങ്ക് റോഡ് വികസനത്തിനായി ഭൂമി വിട്ട് നൽകാവുന്നതാണെന്ന് ജലഗതാഗത വകുപ്പ് ഡയറക്ടർ സർക്കാരിലേയ്ക്ക് സമർപ്പിച്ച 24-11-2017-ലെ കത്തിലെ ശിപാർശ പരിഗണിച്ച് ആശ്രാമം ലിങ്ക് റോഡ് വികസനത്തിനായി ഭൂമി വിട്ട് നൽകുന്നതിന് സഹായകരമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി., എസ്.ഇ.റ്റി. എഞ്ചിനീയറിംഗ് കോളേജിന് നൽകിയ ഭൂമി പൊതുമരാമത്ത് ദേശീയ പാതാവിഭാഗം ഏറ്റെടുത്ത് വർഷങ്ങൾ കഴിഞ്ഞിട്ടും ആയതിന് നഷ്ടപരിഹാരം നൽകുകയോ ചുറ്റുമതിൽപോലും നിർമ്മിച്ച് നൽകുകയോ ചെയ്തിട്ടില്ലെന്ന കാരണത്താൽ ഇനിയും പൊതുമരാമത്ത് വകുപ്പിന് കൊല്ലം-ആശ്രാമം ലിങ്ക് റോഡിന്റെ നിർമ്മാണത്തിനായി ജലഗതാഗത വകുപ്പിന്റെ ഉടമസ്ഥതയിലുള്ള ഭൂമി വിട്ടു നൽകേണ്ടതില്ലെന്ന് തീരുമാനിക്കുകയും പ്രസ്തുത തീരുമാനം പൊതുമരാമത്ത് വകുപ്പിനെ അറിയിച്ച് ഇത് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന Trans-D1/312/2017 നമ്പർ ഫയൽ തീർപ്പാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഇക്കാര്യത്തിൽ തീരുമാനമായിട്ടില്ല.

**ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനായുള്ള നടപടികൾ**

328(3348) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ജലഗതാഗതം കാര്യക്ഷമമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ;

(ബി) ജലഗതാഗത മേഖലയിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പൊതുഗതാഗത രംഗത്ത് കൂടുതൽ കാര്യക്ഷമമായ സംവിധാനങ്ങൾ ഏർപ്പെടുത്തുക വഴി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട സേവനം ജലഗതാഗത വകുപ്പ് നൽകി വരുന്നു. ഇതിനായി സർവ്വീസ് നടത്തുന്ന ബോട്ടുകളുടെ നവീകരണം, കാര്യക്ഷമമായ റിപ്പെയർ, കൂടുതൽ ആകർഷകമായ ടൂറിസ്റ്റ് സർവ്വീസുകൾ, സുരക്ഷിതമായ യാത്ര ഉറപ്പാക്കുന്നതിനായി അത്യാധുനിക സുരക്ഷാ ഉപകരണങ്ങളുടെ ഉപയോഗം, ജീവനക്കാർക്ക് പരിശീലനം എന്നിവ വകുപ്പ് നടത്തി വരുന്നു. കാലപ്പഴക്കം ചെന്ന തടി ബോട്ടുകൾ ഘട്ടംഘട്ടമായി പിൻവലിച്ച് പകരം ആധുനിക രീതിയിലുള്ള സ്റ്റീൽ ബോട്ടുകൾ ഉപയോഗിച്ചുവരുന്നു. നിലവിലുള്ള 14 ബോട്ടുകൾ കൂടി പിൻവലിച്ച് ആധുനിക രീതിയിലുള്ള ബോട്ടുകളാക്കി മാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

കൂടാതെ ടൂറിസം സാധ്യതകൾ പ്രയോജനപ്പെടുത്തി സീ-കുട്ടനാട്, ആലപ്പുഴ-കൊല്ലം, കൊല്ലം-ആലപ്പുഴ എന്നിങ്ങനെ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ വിജയകരമായി നടത്തി വരുന്നു. വൈക്കം-എറണാകുളം, കുമരകം-കോട്ടയം എന്നീ റൂട്ടുകളിൽ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 ടൂറിസ്റ്റ് ബോട്ടുകൾ വാങ്ങുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു. കൂടാതെ 6 പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തി മെച്ചപ്പെട്ട സേവനം ജനങ്ങൾക്ക് നൽകി വരുന്നു. കൊല്ലം മേഖലയിൽ സീ-അഷ്ടമുടി എന്ന പേരിൽ 2 പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ അനുവദിക്കുന്നതിനും, മുഹമ്മ, ആലപ്പുഴ, കുമരകം, എറണാകുളം എന്നീ പ്രധാന സ്റ്റേഷനുകളിൽ പുതിയ വാട്ടർ ടാക്സി സർവ്വീസുകൾ ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. ഇന്ത്യയിൽ തന്നെ ആദ്യമായി സോളാർ സാങ്കേതികവിദ്യ ഉപയോഗിച്ചു പ്രവർത്തിക്കുന്ന ബോട്ടുപയോഗിച്ച് വകുപ്പിന്റെ വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു.

ബോട്ടുകൾ കൂടുതൽ കാര്യക്ഷമമായി അറ്റകുറ്റപ്പണികൾ നടത്തുന്നതിന്റെ ഭാഗമായി കേരളത്തിൽ തന്നെ ആദ്യമായി 4 ബോട്ടുകൾ ഒരേ സമയം റിപ്പയർ ചെയ്യാവുന്ന ഡ്രൈഡോക്കും സ്ലിപ് വേയും നിർമ്മിച്ച് ഉപയോഗിച്ചു വരുന്നു. പാസഞ്ചർ കപ്പാസിറ്റിക്ക് തുല്യമായി ജീവൻരക്ഷാ ഉപകരണങ്ങളായ ലൈഫ് എക്സിറ്റിൻഗ്യൂഷർ ജാക്കറ്റുകൾ, ലൈഫ് ബോയ, ബോയന്റ് അപ്പാരറ്റസ്, ഫയർ എന്നിവയും സി.യു.ജി. ഫോൺ സംവിധാനവും വകുപ്പ് ബോട്ടുകളിൽ ഉപയോഗിച്ചു വരുന്നു. ബോട്ടുകൾക്ക് തേർഡ് പാർട്ടി ഇൻഷ്വറൻസും, ജീവനക്കാർക്കും, യാത്രക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷയും, സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് വഴി ഉറപ്പാക്കിയിട്ടുണ്ട്. ജീവനക്കാർക്ക് കൃത്യമായ പരിശീലനം നൽകുക വഴി കൂടുതൽ കാര്യക്ഷമമായ സേവനം നൽകി വരുന്നു.

റോഡ് ഗതാഗതം വഴിയുള്ള തിരക്ക് കുറയ്ക്കുന്നതിന്റെ ഭാഗമായി ജലമാർഗ്ഗം വഴി ദൂരം കുറവുള്ള റൂട്ടുകൾ കേന്ദ്രീകരിച്ച് വകുപ്പ് ഫെറി, സർക്കുലർ സർവ്വീസുകൾ നടത്തിവരുന്നു. കരമാർഗ്ഗം ഏകദേശം 15 കിലോമീറ്ററോളം സഞ്ചരിക്കേണ്ട വൈക്കം-തവണക്കടവ് റൂട്ടിൽ നിലവിലുള്ള ബോട്ടുകൾക്കുപുറമേ അത്യാധുനിക സംവിധാനങ്ങളടങ്ങിയ സോളാർ ബോട്ടുകൂടി ഉപയോഗിച്ച് ജലമാർഗ്ഗം 4 കിലോമീറ്റർ ദൈർഘ്യമുള്ള ഫെറി സർവ്വീസ് വകുപ്പ് നടത്തിവരുന്നു. വൈറ്റില-

കാക്കനാട് സർവ്വീസ് മുഖേന ഏകദേശം 20 മിനിറ്റ് മാത്രം സമയംകൊണ്ട് ഇൻഫോപാർക്ക് മുതലായ ഗതാഗത തിരക്കേറിയ പ്രദേശങ്ങളിലേയ്ക്ക് കരമാർഗ്ഗമുള്ള തിരക്ക് മറികടന്ന് വേഗത്തിൽ എത്തിച്ചേരുന്നതിന് സർവ്വീസുകൾ സഹായിക്കുന്നു. ഒരേ സമയം 8 ബൈക്കുകൾ കയറ്റാവുന്ന 6 പാസഞ്ചർ-കം-വെഹിക്കിൾ കാരിയർ ബോട്ടുകൾ ഉപയോഗിച്ചുള്ള സർവ്വീസുകൾ നിരത്തുകളിലെ തിരക്ക് കുറയ്ക്കുന്നതിനും സഹായകമാണ്.

(ബി) ജലഗതാഗത രംഗത്ത് നൂതന സാങ്കേതികവിദ്യ പ്രയോജനപ്പെടുത്തി സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന യാത്രാ ബോട്ട് ഇന്ത്യയിൽത്തന്നെ ആദ്യമായി നിർമ്മാണം പൂർത്തിയാക്കി വൈക്കം-തവണക്കടവ് റൂട്ടിൽ സർവ്വീസ് നടത്തി വരുന്നു. ഇതുമൂലം ഗതാഗത രംഗത്ത് ഇന്ധന ചെലവ് കുറയ്ക്കുവാനും, അതുവഴി ഡീസലിന്റെ ഉപഭോഗം കുറയ്ക്കുവാനും സാധിച്ചു. ഇതുവഴി വരുമാനം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ആലപ്പുഴ-കുമരകം, വൈക്കം-എറണാകുളം, സീ-അഷ്ടമുടി എന്നീ സർവ്വീസുകൾ ആരംഭിച്ച് യാത്രക്കാർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ നൽകിക്കൊണ്ട് വകുപ്പിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു.

**ജലഗതാഗത വകുപ്പിന്റെ യാത്രാ നൗകകൾ**

329(3349) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിന്റെ അധീനതയിൽ എത്ര യാത്രാനൗകകൾ ഉണ്ടെന്ന് അറിയിക്കുമോ ;

(ബി) അവയിൽ എത്ര എണ്ണം സഞ്ചാരയോഗ്യമായവയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അറ്റകുറ്റപ്പണി ആവശ്യമായവയുടെ അറ്റകുറ്റപ്പണികൾക്ക് സ്വീകരിച്ചു വരുന്ന നടപടിക്രമങ്ങൾ വിശദമാക്കുമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ യാത്രാനൗകകൾ വാങ്ങിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) ജലഗതാഗത വകുപ്പിന്റെ അധീനതയിൽ 89 യാത്രാനൗകകൾ ഉണ്ട്. അവയിൽ 56 എണ്ണം സഞ്ചാരയോഗ്യമായവയാണ്.

(സി) ആലപ്പുഴയിലുള്ള ഡോക്ക് ആൻഡ്് റിപ്പയർ വിഭാഗത്തിലെ ഡ്രൈഡോക്കിലും സ്ലിപ് വേയിലും മേജർ റിപ്പയറിനുള്ള ബോട്ടുകളുടെ റിപ്പയർ പണികളും എറണാകുളം മേഖലയിലെ തേവര യാർഡിൽ മൈനർ റിപ്പയറും നടത്തി വരുന്നു. പയ്യന്നൂർ മേഖലയിലെ സ്ലിപ് വേയിലും പണികൾ നടത്തിവരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒരു സോളാർ ബോട്ടും, ഒരു റെസ്ക്യൂ ബോട്ടും വാങ്ങിയിട്ടുണ്ട്. നാല് റെസ്ക്യൂ ബോട്ടുകളുടെയും 14 സർവ്വീസ് ബോട്ടുകളുടെയും നിർമ്മാണം പുരോഗമിക്കുന്നു.

**ദേശീയ ജലപാത പദ്ധതി**

330 (3350) <u>ശ്രീ. എം. ഉമ്മർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജലപാതകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ജലഗതാഗതത്തെ പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) ജലപാതകളുടെ പുരോഗതിക്കായി കർമ്മപദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയപ്പോൾ വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഉണ്ടെങ്കിൽ കഴിഞ്ഞ പത്ത് വർഷത്തെ വർദ്ധനവ് വർഷം തിരിച്ച് നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018 ഫെബ്രുവരി 12-ാം തീയതി മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ ജലപാതകളുടെ പ്രവർത്തന പുരോഗതി വിശദമായി വിലയിരുത്തിയിട്ടുണ്ട്. ആയതിനുശേഷം ചീഫ് സെക്രട്ടറി, ജലവിഭവ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി എന്നിവർ കൃത്യമായ ഇടവേളകളിൽ യോഗം ചേർന്ന് ജലപാതകളുടെ പ്രവർത്തന പുരോഗതി വിലയിരുത്തുകയും നിർമ്മാണ പുരോഗതി അവലോകനം ചെയ്ത് ആവശ്യമായ നിർദ്ദേശങ്ങൾ നൽകി നിർമ്മാണ പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിലെ കോവളം മുതൽ കാസർഗോഡ് ജില്ലയിലെ ബേക്കൽ വരെയുള്ള 616 കി.മീ. നീളം വരുന്ന വെസ്റ്റ്കോസ്റ്റ് കനാലിന്റെ നിലവിൽ കനാലുള്ള ഭാഗങ്ങൾ നവീകരിച്ചും പുതുതായി കനാൽ നിർമ്മിക്കേണ്ട ഭാഗങ്ങളിൽ സ്ഥലം ഏറ്റെടുത്ത് കനാൽ നിർമ്മിച്ചും ജലപാത യാഥാർത്ഥ്യമാക്കുവാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഈ സർക്കാർ നിലവിൽ വന്നതിനുശേഷം ജലപാതാ വികസനവുമായി ബന്ധപ്പെട്ട വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും നിരീക്ഷിക്കുന്നതിനും സാങ്കേതിക വൈദഗ്ദ്ധ്യമുള്ള കേരള വാട്ടർവേയ്സ് ആൻഡ് ഇൻഫ്രാസ്ട്രക്ചേഴ്സ് ലിമിറ്റഡ് (KWIL) എന്ന പൊതുമേഖലാ സ്ഥാപനം രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ടി കനാൽ പശ്ചിമ തീരത്തെ 10 ജില്ലകളിൽ കൂടി കടന്നു പോകുന്നു. ചരക്ക് നീക്കത്തിന്റെ ഒരുഭാഗം ജലപാത വഴി ആക്കുന്നതിനുമുള്ള പദ്ധതികളാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഗതാഗത യോഗ്യമായ കായലുകളിലും നാവിഗേഷൻ കനാലുകളിലും ചരക്ക് ഗതാഗതം അനുവദനീയമാണ്. ഉൾനാടൻ ജലമാർഗ്ഗം വഴിയുള്ള ചരക്കുഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിനായി ഒരു ടൺ ചരക്കിന് ഒരു കി.മീ. ദൂരത്തിന് ഒരു രൂപാ നിരക്കിൽ സബ്സിഡിയും നൽകുന്നുണ്ട്.

(സി) ജലപാതകളുടെ വികസന പ്രവർത്തനങ്ങൾക്കായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. മൂന്നു ഘട്ടങ്ങളിലായി ദേശീയ ജലപാതാ നിലവാരത്തിൽ വെസ്റ്റ്-കോസ്റ്റ് കനാലിന്റെ നിർമ്മാണം പൂർത്തീകരിക്കുവാൻ ഉദ്ദേശിക്കുന്നു. ജലപാതാ നിർമ്മാണം പൂർത്തിയാകുന്ന മുറയ്ക്ക് യാത്രാ സർവ്വീസ്, ചരക്കുനീക്കം, ടൂറിസം എന്നിവയിലൂടെയുള്ള വരുമാന വർദ്ധനവ് ലക്ഷ്യമിടുന്നു.

(നക്ഷത്രചിഹ്നമിടാത്ത 3224-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

9.30 AM]

## II അടിയന്തരപ്രമേയം

### പോലീസ് സേനാംഗങ്ങളെ ദാസ്യവൃത്തിക്ക് നിയോഗിക്കൽ

മി. സ്പീക്കർ: 2011-ലെ പോലീസ് ആക്ടിന് വിരുദ്ധമായി പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ തങ്ങളുടെ വീടുകളിൽ ദാസ്യവൃത്തിക്കും മറ്റ് കൂലിപ്പണികൾക്കും പോലീസ് സേനാംഗങ്ങളെ ഉപയോഗിച്ചതുമൂലമുണ്ടായ മനുഷ്യാവകാശ ലംഘനങ്ങളും ചട്ടവിരുദ്ധമായ നടപടികളുംമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ കെ. മുരളീധരൻ, വി. കെ. ഇബ്രാഹിം കുഞ്ഞ്, അനൂപ് ജേക്കബ്, ഡോ.എൻ. ജയരാജ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, പോലീസ് ഉദ്യോഗസ്ഥരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ നിയോഗിക്കുന്നത് സംബന്ധിച്ചാണ് അടിയന്തരപ്രമേയത്തിന്റെ അനുമതിക്കായി അവതരിപ്പിച്ചിട്ടുള്ളത്. പോലീസ് ഉദ്യോഗസ്ഥരെ ഉന്നത ഉദ്യോഗസ്ഥരോടൊപ്പം നിയമിച്ചിട്ടുള്ളത് 20-6-1979-ലെ സർക്കാർ ഉത്തരവ് 86/79/ആഭ്യന്തരം നമ്പർ ഉത്തരവിന്റെയും കേരള സംസ്ഥാന പോലീസ് മേധാവി പുറപ്പെടുവിച്ചിട്ടുള്ള എക്സിക്യൂട്ടീവ് ഡയറക്ടീവ് നം.3/2002-ന്റെയും അടിസ്ഥാനത്തിലാണ്. വിശിഷ്ട വ്യക്തികളുടെ സുരക്ഷയ്ക്കായി പോലീസ് ഉദ്യോഗസ്ഥരെ നിയമിക്കുന്നത് സുരക്ഷാ അവലോകന സമിതിയുടെ നിർദ്ദേശ പ്രകാരമാണ്. അഡീഷണൽ ചീഫ് സെക്രട്ടറി ആഭ്യന്തരം, സംസ്ഥാന പോലീസ് മേധാവി, ഇന്റലിജൻസ് ഡയറക്ടർ, അഡീഷണൽ ജനറൽ ഓഫ് പോലീസ്, അഡീഷണൽ ഡയറക്ടർ ജനറൽ, ഇൻസ്പെക്ടർ, ഡെപ്യൂട്ടി ഇൻസ്പെക്ടർ ജനറൽ, ഡി.ഐ.ജി., സെക്യൂരിറ്റി, ജോയിന്റ്/ഡെപ്യൂട്ടി ഡയറക്ടർ, സബ്സിഡിയറി ഇന്റലിജൻസ് മേധാവി എന്നിവരാണ് ഈ സമിതിയിലുള്ളത്. സബ്സിഡിയറി ഇന്റലിജൻസ് മേധാവി കേന്ദ്ര സർക്കാർ ഉദ്യോഗസ്ഥനുമാണ്. ഈ സമിതിയിൽ എല്ലാ ആറുമാസം കൂടുമ്പോഴും ഇത് സംബന്ധിച്ച അവലോകനം നടത്തിവരുന്നു. ഡിവൈ.എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന് അയാളുടെ അധികാരാതിർത്തിയിൽ നിന്നും ഒരു സിവിൽ പോലീസ് ഓഫീസറെയും എസ്.പി. റാങ്കിലുള്ള ഉദ്യോഗസ്ഥന് രണ്ട് സി.പി.ഒ.-മാരെയും ഡി.ഐ.ജി മുതൽ മുകളിലോട്ടുള്ള ഉദ്യോഗസ്ഥർക്ക് രണ്ട് സി.പി.ഒ/എസ്.സി.പി.ഒ-മാരെയും സുരക്ഷാ ഡ്യൂട്ടിക്കായി നിയോഗിക്കാവുന്നതാണ്. നിലവിൽ 335-ഓളം പോലീസ് ഉദ്യോഗസ്ഥരെ എസ്.പി. മുതൽ മുകളിലോട്ടുള്ള ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ സുരക്ഷയ്ക്കായി

നിയോഗിച്ചിട്ടുണ്ട്. 11-5-2018-ന് കൂടിയ സംസ്ഥാന സുരക്ഷാ സമിതിയുടെ യോഗം സുരക്ഷാ കാര്യങ്ങൾ സംബന്ധിച്ച് റിവ്യൂ നടത്തുകയും വിവിധ തലങ്ങളിലുള്ള 23 പേർക്ക് സുരക്ഷാ സംവിധാനം ആവശ്യമില്ലെന്ന് കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. ഈ നടപടിക്രമം പുരോഗമിക്കുകയാണ്. ഇത്തരത്തിൽ കാലാകാലങ്ങളിൽ സുരക്ഷ ആവശ്യമുള്ളവർക്ക് അത് നൽകുകയാണ് ചെയ്യുന്നത്. കൂടാതെ കേന്ദ്ര ആഭ്യന്തര മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് വ്യക്തികൾക്കും ഉദ്യോഗസ്ഥന്മാർക്കും നേതാക്കൾക്കും അവർ വഹിക്കുന്നതോ, വഹിച്ചിരുന്നതോ ആയ പദവികൾമൂലവും നിലപാടുകൾമൂലവും ഭീകരവാദികളിൽ നിന്നോ, തീവ്രവാദികളിൽ നിന്നോ, മതമൗലികവാദികളിൽ നിന്നോ ഭീഷണി നേരിടുന്നുണ്ടെങ്കിൽ ആയവർക്ക് സംസ്ഥാന ഗവൺമെന്റ് ആവശ്യമായ സുരക്ഷ ഉറപ്പുവരുത്തേണ്ടതായിട്ടുണ്ട്. ഉന്നത പദവികൾ വഹിക്കുന്ന ഉദ്യോഗസ്ഥർക്ക് അവർ വഹിക്കുന്ന പദവികൾ പരിഗണിക്കാതെ പക്ഷപാതരഹിതവും ദൃഢവുമായ തീരുമാനങ്ങൾ കൈക്കൊള്ളുന്നതിന് സുരക്ഷ ഒരുക്കേണ്ടതായിട്ടുണ്ട്. നിലവിൽ 8-3-2018-ൽ കൂടിയ സുരക്ഷാ അവലോകന സമിതിയുടെ ശിപാർശ പ്രകാരം 11-5-2018-ൽ ആഭ്യന്തര വകുപ്പിൽ നിന്നും പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് നമ്പർ 1382/2018/ആഭ്യന്തരം പ്രകാരമാണ് വിശിഷ്ട വ്യക്തികൾക്കും ന്യായാധിപന്മാർക്കും മറ്റും സുരക്ഷ നൽകിവരുന്നത്. സംസ്ഥാനത്ത് ന്യായാധിപന്മാരുടെ സുരക്ഷയ്ക്കായി 173 പോലീസ് ഉദ്യോഗസ്ഥരെയും നിയമോപദേശകരുടെയും സർക്കാർ അഭിഭാഷകരുടെയും സുരക്ഷയ്ക്കായി 26 പേരെയും മന്ത്രിമാരുടെയും മറ്റ് നേതാക്കളുടെയും സുരക്ഷയ്ക്കായി 388 ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. വിശിഷ്ട വ്യക്തികളെ അവർ നേരിടുന്ന സുരക്ഷാ ഭീഷണി കണക്കിലെടുത്ത് കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ Z+, Z, YZ, Y, X, A&B എന്നിങ്ങനെ തരംതിരിച്ചിട്ടുണ്ട്. നിലവിലുള്ള ഉത്തരവുപ്രകാരം 191 പേർക്ക് സുരക്ഷ ഒരുക്കിയിട്ടുണ്ട്. മുകളിൽ പറഞ്ഞ കാറ്റഗറിയിൽപ്പെട്ട ഐ.എ.എസ്., ഐ.എഫ്.എസ്. ഉദ്യോഗസ്ഥരുടെയും ന്യായാധിപരുടെയും നിയമോപദേശകരുടെയും, സർക്കാർ അഭിഭാഷകരുടെയും മന്ത്രിമാരുടെയും മറ്റു നേതാക്കന്മാരുടെയും സുരക്ഷയ്ക്കായി 650-ഓളം പോലീസ് ഉദ്യോഗസ്ഥരെയും നിയമിച്ചിട്ടുണ്ട്. സുരക്ഷാ വിലയിരുത്തലിന്റെ അടിസ്ഥാനത്തിൽ കേന്ദ്ര മന്ത്രാലയത്തിന്റെ നിർദ്ദേശമനുസരിച്ച് മുകളിൽ പറഞ്ഞ അംഗബലം കൂടാതെ സുരക്ഷയ്ക്കായി മേൽപ്പറഞ്ഞവരുടെ വസതികളിലും താമസസ്ഥലത്തും പോലീസ് സേനാംഗങ്ങളെ പാറാവ് ഡ്യൂട്ടിക്കും യാത്രാവേളകളിൽ എസ്കോർട്ട്, പൈലറ്റ് ഡ്യൂട്ടികൾക്കും നിയോഗിക്കാറുണ്ട്. സുരക്ഷയ്ക്കായി മാത്രം നിയോഗിച്ചിട്ടുള്ള പോലീസ് ഉദ്യോഗസ്ഥരെ ഏതെങ്കിലും ഉന്നത ഉദ്യോഗസ്ഥൻ ദാസ്യവൃത്തിക്കോ, വ്യക്തിപരമായ മറ്റാവശ്യങ്ങൾക്കോ ഉപയോഗിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടാൽ ബന്ധപ്പെട്ട ഉന്നത ഉദ്യോഗസ്ഥനെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. കെ. മുരളീധരൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ മറുപടിയിൽ വി.ഐ.പി.-കൾക്ക് കൊടുക്കുന്ന സുരക്ഷയെക്കുറിച്ചും അതിന്റെ നിയമങ്ങളെക്കുറിച്ചുമാണ് പ്രതിപാദിച്ചത്. അടിയന്തരപ്രമേയത്തിന് അനുമതി തേടിക്കൊണ്ട് നൽകിയ നോട്ടീസ് സംബന്ധിച്ച് ഒറ്റവാചകത്തിലാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇതിന്റെ അവസാനം മറുപടിയായി പറഞ്ഞിട്ടുള്ളത്. കേരള പോലീസിനാകെ അപമാനകരമായ രീതിയിൽ 2011-ലെ പോലീസ് ആക്ടിന് വിരുദ്ധമായി പോലീസിലെ ഉന്നത ഉദ്യോഗസ്ഥർ തങ്ങളുടെ വീടുകളിൽ ദാസ്യവൃത്തിക്കും മനുഷ്യത്വരഹിതമായ മറ്റ് കൂലിപ്പണികൾക്കും പോലീസ് സേനാംഗങ്ങളെ ഉപയോഗിച്ചതുമൂലമുണ്ടായ ഗുരുതരമായ സ്ഥിതിയെക്കുറിച്ചാണ് നോട്ടീസിൽ പറഞ്ഞിട്ടുള്ളത്. അതിനെക്കുറിച്ച് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു മറുപടിയും നൽകിയിട്ടില്ല. കഴിഞ്ഞ രണ്ടുവർഷമായി അടിയന്തരപ്രമേയത്തിൽ പറയുന്ന സ്ഥിരം മറുപടി 'ഏതെങ്കിലും സംഭവം ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിക്കും, അല്ലെങ്കിൽ പോലീസിന് തെറ്റ് പറ്റി' എന്നതാണ്. ഈ മറുപടി കേൾക്കാൻ തുടങ്ങിയിട്ട് രണ്ടേകാൽ വർഷമായെങ്കിലും ഇതുവരെ അതിനെതിരെ ഒരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. കഴിഞ്ഞ കുറേ ദിവസങ്ങളായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പാർട്ടി പത്രമായ ദേശാഭിമാനി ഉൾപ്പെടെയുള്ള പത്രങ്ങളിൽ കേരളാ പോലീസിൽ നടക്കുന്ന ദാസ്യവൃത്തിയെക്കുറിച്ച് വാർത്തകൾ വന്നുകൊണ്ടിരിക്കുകയാണ്. അതിൽ ഇന്നലെ സഭയിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞ, ഒരു എ.ഡി.ജി.പി.-യുടെ കാര്യം അനേക സംഭവങ്ങളിൽ ഒന്നുമാത്രമാണ്. അതിൽത്തന്നെ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു; എ.ഡി.ജി.പി. സുരേഷ് കുമാറിന്റെ മകൾ പോലീസിന്റെ ഔദ്യോഗിക ഡ്രൈവറെ തല്ലിയ സംഭവമാണ് ആദ്യം പുറത്തുവന്നത്. എ.ഡി.ജി.പി. ഇല്ലാതെ അദ്ദേഹത്തിന്റെ ഭാര്യയും മകളുമാണ് പോലീസിന്റെ ഔദ്യോഗിക വാഹനത്തിൽ സഞ്ചരിച്ചത്. എന്തിനായിരുന്നു സഞ്ചരിച്ചത്; വ്യായാമത്തിനുവേണ്ടി. കനകക്കുന്നു കൊട്ടാരത്തിനകത്ത് നടക്കാൻ വേണ്ടി എ.ഡി.ജി.പി.-യുടെ വസതിയിൽ നിന്ന് ഔദ്യോഗിക വാഹനത്തിൽ കനകക്കുന്നിലേക്ക് പോകുകയാണ്. വീട്ടിൽ നിന്ന് കനകക്കുന്നിലേക്ക് നടന്നുപോയാൽ തടികുറയും എന്നുള്ളതുകൊണ്ടാണോ, കാർ ഉപയോഗിച്ചത് എന്നറിഞ്ഞുകൂടാ. കാറിൽക്കയറി കനകക്കുന്നിൽ ചെല്ലുകയും നടന്ന് തിരിച്ചുവരുമ്പോൾ വാഹനം നേരെ മുമ്പിൽ പാർക്ക് ചെയ്തില്ലെന്ന കാരണം പറഞ്ഞ് ശ്രീ. ഗവാസ്കർ എന്ന പോലീസ് ഡ്രൈവറെ ചീത്ത പറയുകയും തെറി വിളിക്കുകയും ചെയ്തു. മലയാളം ശരിക്ക് അറിയാത്തതുകൊണ്ട് ഇംഗ്ലീഷ് തെറിയായിരിക്കും പറഞ്ഞത്. മലയാളത്തിലാണെങ്കിൽ പറയേണ്ട ചില വാക്കുകളൊന്നും പറഞ്ഞിട്ടില്ല. Bastard തുടങ്ങിയ വാക്കുകളാണ് പറഞ്ഞത്.

അറിയാവുന്ന രീതിയിൽ മലയാളത്തിലും ചീത്ത പറഞ്ഞു. അത് കഴിഞ്ഞ് കാർ അവർ ഓടിക്കാമെന്ന് പറഞ്ഞു. പോലീസ് വാഹനമായതുകൊണ്ട് നിങ്ങൾക്ക് വാഹനം തരാൻ നിവൃത്തിയില്ലെന്ന് പോലീസ് ഡ്രൈവർ പറഞ്ഞു. എങ്കിൽ ഞങ്ങൾ ഓട്ടോറിക്ഷയിൽ പോകാമെന്ന് പറഞ്ഞ് അവിടെനിന്നും പോകുകയും മൊബൈൽ ഫോൺ മറന്നുവച്ചുവെന്നും അതെടുക്കാനെന്നും പറഞ്ഞ് പെട്ടെന്ന് തിരിച്ചുവരികയും ചെയ്തു. മൊബൈൽ ഫോൺ എടുത്തശേഷം ആ പോലീസ് ഡ്രൈവറെ അതിക്രൂരമായി മർദ്ദിക്കുകയാണുണ്ടായത്. മൊബൈൽ ഫോൺ കൊണ്ട് മർദ്ദിച്ചു. താടിയെല്ല് ഉൾപ്പെടെ തകർന്നു. അദ്ദേഹം ഇപ്പോൾ ഹോസ്പിറ്റലിലാണ്. അദ്ദേഹത്തിന് ശാരീരികമായി സാരമായ തകരാറുകൾ സംഭവിച്ചിട്ടുണ്ടെന്ന് ഡോക്ടർ വ്യക്തമായി പറഞ്ഞു. ഇത്രയൊക്കെ സംഭവങ്ങൾ ഉണ്ടായിട്ടും എ.ഡി.ജി.പി.-യുടെ മകൾക്കെതിരെ കേസെടുത്തുവെന്ന് പറയുമ്പോഴും അതിലേറെ കേസുകളെടുത്തിട്ടുള്ളത് പോലീസ് ഡ്രൈവർക്കെതിരെയാണ്. അദ്ദേഹത്തിനെതിരെ സ്ത്രീപീഡനത്തിന് കേസെടുത്തുവെന്നാണ് പറയുന്നത്. ഒരു സ്ത്രീയുടെ കയ്യിൽനിന്നും തല്ലുകൊള്ളേണ്ടി വന്നിട്ട് അത് സഹിച്ചിരുന്ന ഒരു പോലീസ് ഡ്രൈവർക്കെതിരെ സ്ത്രീ പീഡനത്തിന് കേസെടുക്കുന്നതാണോ ശക്തമായ നടപടി? എ.ഡി.ജി.പി.-യുടെ മകളെ ഇതുവരെയും അറസ്റ്റ് ചെയ്തിട്ടില്ല. ഒരു സാധാരണ പൗരനാണ് ഇതുപോലെയുള്ള കേസിൽ പ്രതിയായിരുന്നതെങ്കിൽ പോലീസ് സ്റ്റേഷനിൽ കൊണ്ടുപോയി ഇടിച്ച് ശരിയാക്കുമായിരുന്നില്ലേ? ഇപ്പോഴും എ.ഡി.ജി.പി.-യുടെ മകളെ തൊടാൻ പോലീസ് ധൈര്യം കാണിച്ചിട്ടില്ല. എ.ഡി.ജി.പി.-യുടെ പട്ടിയെ കുളിപ്പിക്കുന്ന ചിത്രം പത്രത്തിലും ടി.വി.-യിലുമൊക്കെ വന്നതാണ്. മാത്രമല്ല, അദ്ദേഹത്തിന്റെ പട്ടിക്കുള്ള മീൻ പൊരിക്കുന്നത് ക്യാമ്പിലാണത്രേ; ഒരുപക്ഷേ അദ്ദേഹം വെജിറ്റേറിയനായിരിക്കും, അദ്ദേഹത്തിന്റെ പട്ടി നോൺ-വെജിറ്റേറിയനായതുകൊണ്ട് പട്ടിക്കുള്ള മീൻ പൊരിക്കുന്നതും ഇറച്ചി ഉണ്ടാക്കുന്നതും ക്യാമ്പിലാണ്. ഇതിന് പോകുന്നത് പോലീസുകാരാണ്. ഈ സംസ്ഥാനത്തെ ക്രമസമാധാനനില പരിപാലിക്കാൻ ബാദ്ധ്യസ്ഥരായ പോലീസുകാർ, പോലീസ് ഉദ്യോഗസ്ഥന്മാരുടെ പട്ടിക്ക് മീൻ പൊരിക്കാനും ഇറച്ചി ഉണ്ടാക്കാനും ക്യാമ്പിലേയ്ക്ക് പോകുകയാണ്. താമസമുണ്ടായാൽ ചീത്തവിളിയുടെ അഭിഷേകമാണ്. ഇങ്ങനെയുള്ള സംഭവം വ്യക്തമായി റിപ്പോർട്ട് ചെയ്തിട്ടുപോലും ഈ നിമിഷംവരെ ആക്ഷനെടുക്കാൻ ഗവൺമെന്റ് തയ്യാറായിട്ടില്ല. ചിലപ്പോൾ ഈ ഡ്രൈവർ ആശുപത്രിയിൽനിന്നും ഡിസ്ചാർജായി വന്നാൽ സ്ത്രീ പീഡനത്തിന് അകത്താകുന്ന സ്ഥിതിയിലേയ്ക്കാണ് കാര്യങ്ങൾ പൊയ്ക്കൊണ്ടിരിക്കുന്നത്.

ഒരു എ.ഡി.ജി.പി. കുറ്റം ചെയ്യുമ്പോൾ മറ്റൊരു എ.ഡി.ജി.പി.-യെയാണോ അന്വേഷണത്തിന് ചുമതലപ്പെടുത്തുക; ഈ അന്വേഷണത്തിന് നിയോഗിച്ച ഉദ്യോഗസ്ഥന്റെ വീട്ടിലും ദാസ്യപ്രവൃത്തി ഉണ്ടാകും. അങ്ങനെയുള്ള ഉദ്യോഗസ്ഥനെ

വച്ചാൽ സത്യം പുറത്തുവരുമോ; മുമ്പുതന്നെ പോലീസിൽ 'ഓർഡർലി' എന്നൊരു സമ്പ്രദായം ഉണ്ടായിരുന്നു. പോലീസ് ഉദ്യോഗസ്ഥന്മാരുടെ ഓർഡറുകൾ അനുസരിക്കുന്നവരെയാണ് 'ഓർഡർലി എന്ന് വിളിച്ചിരുന്നത്. പിന്നെ ഓർഡർലി ഓർഡർ മൂത്തുമൂത്ത് പോലീസ് ഉദ്യോഗസ്ഥന്മാരുടെ വീട്ടിൽ വിറക് വെട്ടാനും വെള്ളം കോരാനും തുടങ്ങിയപ്പോഴാണ് ആ സമ്പ്രദായം നിർത്തലാക്കിയത്. ഔദ്യോഗികമായി മാത്രമേ നിർത്തലാക്കിയിട്ടുള്ളൂ. ഇപ്പോൾ അതിലേറെ മോശമായ പ്രവൃത്തിയാണ് ഇവിടെ നടക്കുന്നത്. അതിനെക്കുറിച്ച് നിരവധി വാർത്തകളുണ്ട്. ഞാൻ ഈ സഭയിൽ 21-3-2018-ൽ ക്യാമ്പ് ഫോളോവേഴ്സിനെ ക്കുറിച്ച് ഒരു ചോദ്യം ചോദിച്ചു.

"പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ ജീവനക്കാരുടെ സ്പെഷ്യൽ റൂൾസ് അംഗീകരിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുമായി ബന്ധപ്പെട്ട എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;" എന്നാണ് ചോദ്യം. അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മറുപടി പറഞ്ഞത്,

"പോലീസ് സേനയിലെ ക്യാമ്പ് ഫോളോവർ തസ്തികയെ കേരള ലാസ്റ്റ് ഗ്രേഡ് സർവ്വീസിൽ ഉൾപ്പെടുത്തിക്കൊണ്ട് ചട്ടം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ സർക്കാരിന്റെ സജീവമായ പരിഗണനയിലാണ്" എന്നാണ്. രണ്ടാമത് അദ്ദേഹം പറഞ്ഞത്, "ഇത് പി.എസ്.സി.-ക്ക് വിടുന്ന കാര്യം ഏതാണ്ട് തീരുമാനിച്ചിട്ടുണ്ട്." എന്നുമാണ്.

എന്റെ അടുത്ത ചോദ്യം, "ക്യാമ്പ് ഫോളോവർ തസ്തികകളിലെ ജീവനക്കാരിൽ എത്ര പേരെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ വീട്ടിൽ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്; ഇപ്രകാരം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ക്യാമ്പുകളിലേയ്ക്ക് തിരിച്ചയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?" എന്നായിരുന്നു.

അതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നൽകിയ മറുപടി,

" ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാറില്ല." എന്നാണ്. ......(ബഹളം).....

മി. സ്പീക്കർ: യെസ്..... പ്ലീസ്.......

ശ്രീ. കെ. മുരളീധരൻ: സർ, എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് വന്നതാണല്ലോ; അസ്വസ്ഥരായിട്ട് കാര്യമില്ല. പറയാനുള്ളത് പറഞ്ഞിട്ടേ ഞാൻ

സീറ്റിലിരിക്കുകയുള്ളൂ. എല്ലാം ശരിയാക്കാമെന്ന് പറഞ്ഞ് വന്നവർ ശരിയാക്കിയതിന്റെ രൂപമാണ് ഞാൻ പറഞ്ഞത്. അല്ലാതെ മറ്റൊന്നുമല്ല. ക്യാമ്പ് ഫോളോവർമാരെ പോലീസിലെ ഉന്നത ഉദ്യോഗസ്ഥരുടെ ദാസ്യവൃത്തിക്ക് ഉപയോഗിക്കാറില്ലെന്ന് പറയുമ്പോൾ, ഇന്നത്തെ കേരള കൗമുദി പത്രത്തിൽ ഒരു വാർത്ത വന്നിട്ടുണ്ട്. ഉത്തരേന്ത്യൻ ഉദ്യോഗസ്ഥർ വീട്ടുജോലിക്കായി.... (ബഹളം).... ഉത്തരേന്ത്യയിലെ ഉദ്യോഗസ്ഥരെക്കുറിച്ച് പറയുമ്പോൾ ശ്രീ. എ. എൻ. ഷംസീർ എന്തിനാണ് ബഹളമുണ്ടാക്കുന്നത്; ഞാൻ മുഖ്യമന്ത്രിയെക്കുറിച്ചല്ലല്ലോ പറഞ്ഞത്. ദാസ്യവൃത്തിയെക്കുറിച്ചാണ് പറഞ്ഞത്. ഒരു കമ്മ്യൂണിസ്റ്റ് മുഖ്യമന്ത്രി കേരളം ഭരിക്കുമ്പോൾ പോലീസ് ദാസ്യവൃത്തി ചെയ്യുവെന്ന് പറഞ്ഞാൽ അതിൽ നാണക്കേട് ആർക്കാണ്; അപ്പോൾ പഴയ ചരിത്രം പറയുകയാണോ? ക്ഷമിക്കണം.

<u>മി. സ്പീക്കർ:</u> ശ്രീ. കെ. മുരളീധരൻ, അദ്ദേഹത്തിന്റെ ബഹളത്തെ നിങ്ങൾ അവഗണിച്ചോളൂ. നിങ്ങൾ അവഗണിക്കാത്തിടത്തോളം അത് തുടരും.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, 'ഉത്തരേന്ത്യൻ ഉദ്യോഗസ്ഥർ വീട്ടുജോലിക്ക് എത്തിയിരിക്കുന്ന പോലീസുകാരെ ജാതീയമായും മറ്റും അധിക്ഷേപിക്കുന്നു. വെളുത്ത നിറമുള്ളവരെയല്ലാതെ വീട്ടിൽ കയറ്റാത്ത ഐ.പി.എസ്. കൊച്ചമ്മമാരും ഈ സംസ്ഥാനത്തുണ്ട്. രാജ്യത്ത് ഒന്നാം നമ്പർ എന്ന് പേരെടുത്ത കേരളാ പോലീസിലെ പുഴുക്കുത്തുകളെ തുറന്നുകാണിക്കുന്ന പരമ്പര കേരള കൗമുദി പത്രത്തിൽ ആരംഭിക്കുന്നു.' കേരള കൗമുദി ആയതുകൊണ്ടാണ് ഞാൻ വായിച്ചത്. അത് രണ്ട് കൂട്ടർക്കും സ്വീകാര്യമായിട്ടുള്ള ഒരു പത്രമാണല്ലോ; മലയാള മനോരമയാണ് പറയുന്നതെങ്കിൽ അത് ഇവിടത്തെ പത്രമാണെന്ന് പറയും. മലയാള മനോരമയിലും മാതൃഭൂമിയിലും ദേശാഭിമാനിയിലും വാർത്തയുണ്ട്. ഇന്നത്തെ ഏറ്റവും വലിയ വാർത്തയെന്താണ്; 'പോലീസിൽ വയറ്റാട്ടി.' വയറ്റാട്ടിയെന്നൊരു തസ്തിക പോലീസിലുണ്ടോ; ഒരു സംശയവും വേണ്ട. രാജസ്ഥാൻകാരനായ ഒരു എസ്.പി. അടുത്തിടെയാണ് ഇങ്ങനെയൊരു തസ്തിക പോലീസിലേയ്ക്ക് കൂട്ടിച്ചേർത്തത്. സായുധ ബറ്റാലിയൻ കമാൻഡന്റായിരിക്കേ ഭാര്യയുടെ പ്രസവ ശുശ്രൂഷയ്ക്ക് രണ്ട് സ്ത്രീകളെ സ്വകാര്യമായി ജോലിക്ക് വച്ചു. ഒരു മാസം തികഞ്ഞപ്പോൾ ജോലിക്കാർ ശമ്പളത്തിനായി കൈനീട്ടി. പോക്കറ്റിൽനിന്നും പണമെടുത്ത് ചെലവാക്കുന്നത് സങ്കൽപ്പിക്കാൻപോലും കഴിയാത്ത ഏമാൻ ഒരു കുറുക്കുവഴി കണ്ടെത്തി. ഈ സ്ത്രീകളെ തന്റെ ബറ്റാലിയനിൽ ക്യാമ്പ് ഫോളോവേഴ്സായി കൂട്ടിച്ചേർത്തു. രണ്ട് മാസമായി ഇവർ ശമ്പളം വാങ്ങിയെന്ന വാർത്തയാണ് ഇന്നത്തെ കേരള കൗമുദിയിലുള്ളത്. അത് മാത്രമല്ല, വേറെയുമുണ്ട്. 'പോലീസുകാർക്കുമുണ്ട് മനുഷ്യാവകാശങ്ങൾ' എന്നാണ് ഇന്നത്തെ മാതൃഭൂമി പത്രത്തിലെ മുഖപ്രസംഗത്തിൽ അഡ്വ. കാളീശ്വരം

രാജ് എഴുതിയത്. അദ്ദേഹം കോൺഗ്രസുകാരനോ യു.ഡി.എഫ്.-കാരനോ അല്ലല്ലോ; ഇന്ന് അദ്ദേഹം മാതൃഭൂമി പത്രത്തിൽ എഴുതിയതാണ്, 'പോലീസുകാർക്കുമുണ്ട് മനുഷ്യാവകാശങ്ങൾ', ഒരു പ്രമുഖ പത്രത്തിലെ ഇന്നത്തെ വാർത്തയെന്ന് പറയുന്നത്, 'ക്യാമ്പ് ഫോളോവേഴ്സിനെ മടക്കാൻ ഐ.പി.എസ്.-കാർക്ക് മടി' എന്നാണ്. ഐ.പി.എസ്.-കാർക്ക് വീട്ടുജോലി ചെയ്യാൻ ക്യാമ്പ് ഫോളോവേഴ്സ് വേണം. എന്ത് വൃത്തികേടും ചെയ്യുന്ന ഒരവസ്ഥയിലേയ്ക്ക് കേരളാ പോലീസിനെ എത്തിച്ചതിന്റെ ഫലമാണ് സംസ്ഥാനം ഇന്ന് അനുഭവിക്കുന്നത്. പോലീസുകാർ തിരിച്ച് സ്റ്റേഷനിലേയ്ക്ക് പോയിക്കഴിഞ്ഞാൽ ഈ ദേഷ്യമൊക്കെ സാധാരണക്കാരോടാണ് തീർക്കുന്നത്. അതുകൊണ്ടാണ് എന്തെങ്കിലും പരാതി പറയാൻ പോലീസ് സ്റ്റേഷനിലേയ്ക്ക് പോയാൽ രണ്ട് കാലിൽ നടന്നു പോകുന്നവരെ മൂക്കിൽ പഞ്ഞിവച്ച് തിരിച്ചയയ്ക്കുന്നത്. ഇത്തരം അനുഭവങ്ങളുള്ള പോലീസുകാർ ആ ദേഷ്യം മുഴുവൻ പരാതി പറയാൻ വരുന്ന ആളുകളോട് തീർക്കുന്നതിന്റെ ഫലമായാണിത്.

<u>മി. സ്പീക്കർ:</u> യെസ്..... പ്ലീസ് കൺക്ലൂഡ്.

<u>ശ്രീ. കെ. മുരളീധരൻ:</u> ഇത്രയൊക്കെ കുഴപ്പങ്ങൾ റിപ്പോർട്ട് ചെയ്തിട്ടും, എല്ലാ ദിവസവും ഇത് സംബന്ധിച്ച വാർത്തകൾ പത്രത്തിൽ വന്നിട്ടും നടപടിയെടുക്കാൻ ഗവൺമെന്റ് ഇതുവരെ തയ്യാറായിട്ടില്ല. ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടി സ്വീകരിക്കുമെന്ന് ഇന്നലെയും ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞു. ഇതുവരെയും ശ്രദ്ധയിൽപ്പെട്ടില്ലേ; ഇടതുപക്ഷത്തിന് മുൻതൂക്കമുള്ള, ഇടതുപക്ഷം ഭരിക്കുന്ന പോലീസ് അസോസിയേഷൻ റിട്ടൺ പരാതി കൊടുത്തിട്ടുപോലും ആരോപണ വിധേയരായ പോലീസ് ഉദ്യോഗസ്ഥന്മാരെ ഒന്ന് ശാസിക്കാനോ, സസ്പെന്റ് ചെയ്യാനോ, നടപടിയെടുക്കാനോ തയ്യാറായിട്ടില്ലെന്ന് മാത്രമല്ല, പാവപ്പെട്ട പോലീസുകാരനെ തല്ലിപ്പരിക്കേൽപ്പിച്ച എ.ഡി.ജി.പി.-യുടെ മകളെ അറസ്റ്റ് ചെയ്യാൻപോലും പോലീസ് തയ്യാറായിട്ടില്ല. ഉത്തര മേഖലാ എ.ഡി.ജി.പി. ആയിരുന്നപ്പോൾ മുടി വെട്ടാൻ ബാർബറെ കണ്ണൂരിൽനിന്ന് കോഴിക്കോട്ടേയ്ക്ക് വരുത്തിയ ആളാണ് ഈ എ.ഡി.ജി.പി. അത്രയേറെ മഹാനാണ്. കോഴിക്കോട്ട് ബാർബർമാരില്ലാഞ്ഞിട്ട് കണ്ണൂരിൽനിന്നും ബാർബറെ സർക്കാർ ചെലവിൽ കൊണ്ടുവന്ന് മുടി വെട്ടിച്ച ഒരു ഉദ്യോഗസ്ഥനെ ഇപ്പോഴും സംരക്ഷിക്കുകയെന്ന് പറയുമ്പോൾ, പോലീസിലെ ചില ഉദ്യോഗസ്ഥന്മാരെ ഗവൺമെന്റ് വഴിവിട്ട് സഹായിക്കുന്നതിന്റെ ഫലമാണ് ഇന്ന് പോലീസ് സേനയിൽ ഉണ്ടായിട്ടുള്ള അസ്വസ്ഥതകൾ. അതാണ് ഇവിടത്തെ ക്രമസമാധാനത്തകർച്ചയുടെ മുഖ്യകാരണം. നൂറ്റാണ്ടുകൾക്കുമുമ്പ് ഈ രാജ്യത്തും ലോകത്തും ഉണ്ടായിരുന്ന ദാസ്യപ്പണി ഇപ്പോഴും 'സാക്ഷര കേരളം, സുന്ദര കേരളം' എന്ന് പറയുന്ന സ്ഥലത്ത്, പട്ടിയെ

കുളിപ്പിക്കലും കൊച്ചമ്മമാരുടെ പേറെടുക്കലുമെന്ന സ്ഥിതിയിലേയ്ക്ക് പോയെങ്കിൽ അതിനെതിരെ ശക്തമായ നടപടി ഗവൺമെന്റ് സ്വീകരിക്കണം. ഇന്നത്തെ അവസ്ഥ ഗുരുതരമായ ഒരു സ്ഥിതിവിശേഷമാണ്. അതുകൊണ്ട് സഭാ നടപടികൾ നിർത്തിവച്ച് ഈ വിഷയം ചർച്ച ചെയ്യണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഈ അടിയന്തര പ്രമേയത്തിൽ ഉന്നയിച്ച പ്രശ്നങ്ങളിൽ ചിലത് ഇന്നലെത്തന്നെ മറുപടി പറഞ്ഞവയാണ്. പോലീസ് സേനാംഗങ്ങളെ ദാസ്യവൃത്തിക്കും മറ്റും ഉപയോഗിക്കുന്നുവെന്നത് ഒരു പൊതു പരാതിയായി മാധ്യമങ്ങൾ ഉന്നയിച്ചിട്ടുണ്ട്. ദാസ്യവൃത്തിയെന്നത് നമ്മുടെ സംസ്ഥാനത്തിന്റെ പൊതുവായ രീതികൾക്ക് നിരക്കുന്ന ഒന്നല്ല എന്ന് എല്ലാപേർക്കും അറിയാവുന്നതാണ്. മാർച്ച് മാസം 21-ാം തീയതി അദ്ദേഹം ചോദിച്ച ചോദ്യത്തിന്, 'ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിലുള്ള ജീവനക്കാരിൽ എത്രപേരെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ വീട്ടിൽ ജോലിക്കായി നിയോഗിച്ചിട്ടുണ്ട്, ഇപ്രകാരം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ക്യാമ്പുകളിലേയ്ക്ക് തിരിച്ചയക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കാമോ?' ഇതാണ് ചോദ്യം. അതിനുള്ള മറുപടിയിൽ പറഞ്ഞത്, 'ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിലുള്ള ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥന്മാരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാറില്ലെന്നാണ്'. ഇതാണ് നാം സ്വീകരിച്ചുവരുന്ന നിലപാട്. ഇവിടെ കൃത്യമായി തങ്ങൾക്ക് അർഹതപ്പെട്ടവരെ മാത്രം നിലനിർത്തി പോകുന്ന ഉദ്യോഗസ്ഥർ ധാരാളമുണ്ട്. ക്യാമ്പ് ഓഫീസുകളിൽ പ്രവർത്തിക്കുന്ന ചില പോലീസ് ഉദ്യോഗസ്ഥന്മാരുടെ താമസ സ്ഥലംതന്നെ ക്യാമ്പ് ഓഫീസായി പ്രവർത്തിക്കുകയാണ്. അവിടെ ആ ഓഫീസ് പ്രവർത്തനത്തിനാവശ്യമായ ആളുകൾ വേണ്ടതായി വരും. നേരെമറിച്ച് ഏതെങ്കിലും വീട്ടുജോലിയോ, പട്ടിയെ നോക്കുന്ന ജോലിയോ, പട്ടിയെ കുളിപ്പിക്കലോ ഇതൊന്നും ഒരു പോലീസുകാരന്റെയും ചുമതലയിൽപ്പെട്ടതല്ല, ഒരു പോലീസ് ഉദ്യോഗസ്ഥനും അത്തരം കാര്യങ്ങൾ ചെയ്യിപ്പിക്കുന്നതിന് അധികാരവുമില്ല. പക്ഷെ, പരാതികൾ ഉയർന്നുവന്നിട്ടുണ്ട്. അത് ഗൗരവമേറിയതാണ്. അത്തരം പരാതികളുടെ നിജസ്ഥിതി കൃത്യമായി അന്വേഷിച്ച് ആവശ്യമായ നടപടി സ്വീകരിക്കുകയും ചെയ്യും. പോലീസ് സേനയിൽ ഒട്ടേറെ ഉദ്യോഗസ്ഥർ ശരിയായ രീതിയിൽ കാര്യങ്ങൾ നിർവ്വഹിച്ചുപോകുന്നവരാണ്. ഇതിൽ വടക്കെ ഇന്ത്യ, തെക്കെ ഇന്ത്യ അല്ലെങ്കിൽ ഭാഷ ഇതൊന്നും ഒരു പ്രശ്നമായി വരുന്നതല്ല. പോലീസ് എന്നത് പഴയ ബ്രിട്ടീഷ് പോലീസ് സിസ്റ്റത്തിന്റെ ഭാഗമായി വന്നതാണ്. അതിന്റെ ഭാഗമായി അവരിലുള്ള ഒരു പഴയ സംസ്കാരമുണ്ട്. ആ സംസ്കാരം മാറ്റുന്നതിനാണ് ജനാധിപത്യ സംവിധാനത്തിൽ തുടർച്ചയായി ശ്രമം നടന്നിട്ടുള്ളത്. അതിന് നല്ല ഫലവും

ഉണ്ടായിട്ടുണ്ട്. ഇപ്പോൾ പഴയ നിലയല്ല. എന്നാൽ ചിലരിൽ ഇത്തരം ചില പ്രവണതകൾ കാണും. അതായത് ഒരു അധികാര ശ്രേണിയുടെ പ്രത്യേകത ഇവരിൽ ചിലരെ വല്ലാതെ ഭരിക്കുന്നുണ്ട് എന്നുള്ളതാണ് അവസ്ഥ. പോലീസെന്ന് പറയുന്നത് disciplined force ആണ്. ഇന്നലെ ഞാൻ പറഞ്ഞു, disciplined force ആയതുകൊണ്ട് തെറ്റായ കാര്യങ്ങൾ ചെയ്യിക്കാനുള്ള അവകാശം ഒരു ഉദ്യോസ്ഥനുമില്ല. ഇതുതന്നെയാണ് സർക്കാരിന്റെ നിലപാട്. പക്ഷെ, തെറ്റായ നിലയിൽ കാര്യങ്ങൾ നീക്കാൻ ഒരു ഉദ്യോസ്ഥൻ തയ്യാറാകുമ്പോൾ പെട്ടെന്ന് അതനുസരിക്കാൻ സാധാരണ പോലീസുകാർ നിർബന്ധിക്കപ്പെടുകയാണ്. തെറ്റായ കാര്യങ്ങൾ ചെയ്യുന്നത് മഹാഭൂരിഭാഗം ഉദ്യോഗസ്ഥരാണെന്ന് തെറ്റിദ്ധരിക്കാൻ പാടില്ല. ചിലരുണ്ടാകും, ചിലരുണ്ടാകില്ല, ചിലരെപ്പറ്റിയാണ് പരാതി വന്നിട്ടുള്ളത്. ആ ചിലരിൽ വടക്കെ ഇന്ത്യ, തെക്കെ ഇന്ത്യ എന്നോ ആൺ/പെൺ എന്നോ വ്യത്യാസമൊന്നും ഇല്ലെന്നുള്ളത് നമ്മൾ മനസ്സിലാക്കണം. അധികാര പ്രമത്തത വല്ലാതെ ബാധിച്ചതിന്റെ ഭാഗമായി ചിലർ ഇങ്ങനെ തെറ്റായ നിലപാടിലേയ്ക്ക് പോകുന്നുണ്ട്. അത് കൃത്യമായി തിരുത്തിക്കാൻ കഴിയും. ഇത്തരം കാര്യങ്ങളിൽ നമ്മുടെ സമൂഹത്തിന് പൊതുവായ, കേരളീയ സംസ്കാരത്തിന് അനുസൃതമായ ഒരു നിലപാടുണ്ട്. അത് ശക്തമായി നടപ്പാക്കാൻതന്നെയാണ് സർക്കാർ നിലകൊള്ളുന്നത്. അതുകൊണ്ട് ഒരു തരത്തിലുള്ള തെറ്റായ കാര്യവും പോലീസ് സേനയിൽ അനുവദിക്കില്ലെന്നുതന്നെയാണ് വ്യക്തമാക്കാനുള്ളത്. ഇവിടെ കാര്യങ്ങളെല്ലാം ശരിയാക്കാമെന്ന് പറഞ്ഞിട്ട് എന്തായി എന്ന് ചോദിച്ചാൽ, ചില പ്രശ്നങ്ങൾ ബാക്കി നിൽക്കുന്നുണ്ടെങ്കിൽ അതും ശരിയാക്കാൻ തന്നെയാണ് നോക്കുന്നത്, അതിനെപ്പറ്റി തെറ്റിദ്ധരിക്കേണ്ടതില്ല. ഒരു സംശയവും വേണ്ട ഇന്നലെ ചർച്ച ചെയ്ത, നേരത്തെ പാസ്സാക്കിയ ഒരു നിയമം, ഇപ്പോൾ ഏഴ് വർഷമായി, അഞ്ചും രണ്ടുംകൂടി ഏഴ് വർഷമായി. അതിന്റെ ചട്ടങ്ങൾ വന്നില്ല, ചട്ടങ്ങൾ വന്നില്ലെന്നത് പൊതുവിൽ ശ്രദ്ധയിൽപ്പെട്ടപ്പോൾതന്നെ അതുമായി ബന്ധപ്പെട്ട എല്ലാ സെക്രട്ടറിമാരെയും വിളിച്ച് ആ ചട്ടങ്ങൾ ഉണ്ടാക്കാനുള്ള നടപടികളിലേയ്ക്ക് നീങ്ങി. ഇതൊക്കെയാണ് ശരിയാക്കാനുള്ള മാർഗ്ഗങ്ങൾ. തെറ്റായ നടപടികൾ സ്വീകരിച്ചുപോകുന്നുണ്ടെങ്കിൽ അത് തിരുത്തിക്കാനുള്ള നടപടിതന്നെയാണ് സ്വീകരിക്കുന്നത്. ഏതെങ്കിലും തെറ്റായ കാര്യം ശ്രദ്ധയിൽപ്പെട്ടാൽ നടപടി ഉണ്ടാകില്ലെന്ന് തെറ്റിദ്ധരിക്കേണ്ടതില്ല. ഒരു സംശയവും വേണ്ട തെറ്റായ നടപടികൾക്കെതിരെ കടുത്ത നടപടിതന്നെ ഉണ്ടാകും. മനുഷ്യാവകാശം നല്ല രീതിയിൽ സംരക്ഷിക്കാൻ നമ്മൾ ബാധ്യസ്ഥരാണ്. പോലീസിന്റെ ഈ അധികാര പ്രമത്തതയുടെ ഒട്ടേറെ ദൃശ്യങ്ങൾ കണ്ടവരാണ്

നമ്മൾ. പഴയ ഒരു സംഭവം എന്റെ ഓർമ്മയിൽ വരികയാണ്. ഒരു കോളേജിൽ വിദ്യാർത്ഥി സമരം നടക്കുകയാണ്. അതിലൊരു പോലീസ് ഉദ്യോഗസ്ഥന്റെ ഷർട്ടിന്റെ കോളർ കുത്തിപ്പിടിച്ച് ബാഡ്ജ് പറിച്ചെടുക്കുന്ന ഒരു ഉന്നത പോലീസ് ഉദ്യോഗസ്ഥനെ നമ്മളെല്ലാം ചിത്രത്തിലൂടെ കണ്ടിരുന്നല്ലോ. ആ ബാഡ്ജ് അഴിപ്പിക്കുന്ന നടപടിയുടെ ഭാഗമായിട്ടാണല്ലോ, അങ്ങനെയുള്ള ഒട്ടേറെ പേർ നമ്മുടെ പോലീസ് സേനയിൽ ഉണ്ടായിരുന്നു എന്നത് വസ്തുതയാണ്. മനുഷ്യാവകാശത്തെക്കുറിച്ച് നമ്മൾ നല്ല രീതിയിൽ ബോധവാന്മാരാകണം. മനുഷ്യാവകാശം സംരക്ഷിക്കാൻ ഒരു തരത്തിലുള്ള ഇടപെടലുകളും ആ ഘട്ടത്തിലൊന്നും ഉണ്ടായിട്ടില്ലെന്ന കാര്യവും നാം ഓർക്കണം. ഇത്ര പരസ്യമായി ധിക്കാരപൂർവ്വം പെരുമാറിയ ആ ഉദ്യോഗസ്ഥനെ ഒന്ന് ശാസിക്കാൻപോലും തയ്യാറായില്ലെന്ന് മാത്രമല്ല, അത്തരം ആളുകളെ പ്രോത്സാഹിപ്പിക്കുന്ന കാഴ്ചയാണ് നേരത്തെ കണ്ടിരുന്നത്. ഒരുകാര്യം ഉറപ്പായി ഞാൻ പറയുകയാണ്, അത് ആവർത്തിക്കില്ല. തെറ്റ് ചെയ്ത പോലീസ് ഉദ്യോഗസ്ഥൻ എത്ര ഉന്നത റാങ്കിലുള്ള ആളായാലും ആ ആളെ സംരക്ഷിക്കുന്ന നിലപാട് സർക്കാർ സ്വീകരിക്കില്ല. അതേസമയം ശരി ചെയ്യുന്നവരെ സംരക്ഷിക്കുകയും പ്രോത്സാഹിപ്പിക്കുകയും ചെയ്യും. ഇതുതന്നെയാണ് സർക്കാരിന്റെ നിലപാട്. പോലീസുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉയർന്നുവന്നിട്ടുള്ള പ്രശ്നങ്ങൾ അതീവ ഗൗരവമായിട്ടുതന്നെയാണ് സർക്കാർ കാണുന്നത്. എന്നാൽ ഇത് പോലീസിനാകെ, ഉയർന്ന പോലീസ് ഉദ്യോഗസ്ഥർക്കാകെ ബാധകമായിട്ടുള്ളതല്ല. ഏതാനും ചിലർ ചിലപ്പോൾ വഴിതെറ്റിയ നിലപാട് സ്വീകരിച്ചിട്ടുണ്ടാകാം. അതുസംബന്ധിച്ച് ഗൗരവമായ പരിശോധന നടക്കും. ആരുടെയെങ്കിലും ഭാഗത്തുനിന്ന് എന്തെങ്കിലും വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ അതിൽ കടുത്ത നടപടി ഉണ്ടാവുകയും ചെയ്യും. ഇതാണ് എനിക്ക് ഇക്കാര്യത്തിൽ വ്യക്തമാക്കാനുള്ളത്. സർക്കാരിന്റെ നിലപാട് വ്യക്തമാണ്. അത് ആവർത്തിച്ച് പറയാൻ ഞാൻ തയ്യാറാവുകയാണ്. തെറ്റിനെതിരെ ഒരു തരത്തിലുള്ള സംരക്ഷണവും ഉണ്ടാവില്ല. ശക്തമായ നടപടി ഉണ്ടാകും. അതുകൊണ്ടുതന്നെ ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ഒരു പ്രശ്നവും ഉദിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

10.00 Am] പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട സ്പീക്കർ സർ, " Those who deny freedom to others, deserve it not

for themselves" . എബ്രഹാം ലിങ്കണിന്റെ സമ്പൂർണ്ണ കൃതികളുടെ 12-ാം വോളിയത്തിൽനിന്ന് എടുത്തൊരു വാചകമാണിത്. മറ്റൊരാളുടെ സ്വാതന്ത്ര്യം നിഷേധിക്കുന്ന വ്യക്തിക്ക് സ്വന്തം സ്വാതന്ത്ര്യത്തെക്കുറിച്ച് പറയാൻ അവകാശമില്ല. ക്യാമ്പ് ഫോളോവേഴ്സിന്റെ സ്വാതന്ത്ര്യം കവർന്നെടുക്കുന്ന ജമീന്ദാർമാരായി ഉന്നത പോലീസ് ഉദ്യോഗസ്ഥർ അധഃപതിക്കുന്ന കാഴ്ചയാണ് ഇന്ന് കേരളം കണ്ടുകൊണ്ടിരിക്കുന്നത്. പൗരന്റെ സ്വാതന്ത്ര്യം കാത്തുസൂക്ഷിക്കാൻ ബാധ്യതയുള്ള പോലീസിനുള്ളിൽ അടിമത്തം നിലനിൽക്കുന്നത് ഒരിക്കലും അംഗീകരിക്കാൻ കഴിയുന്ന കാര്യമല്ല.

ശ്രീ. എ. കെ. ആന്റണി കേരളത്തിന്റെ മുഖ്യമന്ത്രിയും ആഭ്യന്തര മന്ത്രിയും ആയിരുന്ന കാലത്താണ് മുഴുവൻ ക്യാമ്പ് ഫോളോവേഴ്സിനോടും മടങ്ങിയെത്താൻ ഉത്തരവിട്ടത്. ഞാൻ ആഭ്യന്തര മന്ത്രി ആയിരുന്ന കാലത്താണ് ഡി.ജി.പി. ആയിരുന്ന ശ്രീ. ടി. പി. സെൻകുമാറിനോട് പ്രത്യേകമായ ഒരു സർക്കുലർ ഇറക്കാനുള്ള നിർദ്ദേശം കൊടുത്തത്. പോലീസുകാരെ വീട്ടുജോലിക്ക് നിയോഗിക്കരുതെന്ന് അന്ന് ഉത്തരവിറക്കിയിരുന്നു. ക്യാമ്പിലെ പണി മാത്രം ചെയ്താൽ മതിയെന്നാണ് ഉത്തരവിറക്കിയത്. അതും പിന്നീട് അട്ടിമറിക്കപ്പെട്ടു. ക്യാമ്പുകളിൽ പോലീസ് സേനയുടെ ജോലിക്കുവേണ്ടിയാണ് ക്യാമ്പ് ഫോളോവേഴ്സ്. സേനാംഗങ്ങളുടെ വിവിധ തസ്തികകൾ - കുക്ക്, ഡോബി, ബാർബർ, വാട്ടർ കാരിയർ എന്നീ തസ്തികകളിലാണ് നിയമനം നടക്കുന്നത്. പക്ഷേ ഇതെല്ലാം പോലീസ് ഉദ്യോഗസ്ഥരുടെ സ്വന്തം വീടുകളിലേയ്ക്ക് മാറ്റുന്നതാണ് ഇവിടത്തെ പ്രധാനപ്പെട്ട പ്രശ്നം.

ഇന്ന് കേരളത്തിലെ എല്ലാ മാധ്യമങ്ങളിലൂടെയും പുറത്തുവരുന്ന വാർത്തകൾ വളരെ സംഭ്രമജനകവും സങ്കടകരവുമാണ്. ഇന്ത്യയിൽ 2006-ൽ, ചീഫ് ജസ്റ്റിസ് ശ്രീ. വൈ. കെ. സബർവാളിന്റെ നേതൃത്വത്തിലാണ് ആദ്യമായി ഒരു സുപ്രീംകോടതി വിധി ഇക്കാര്യത്തിൽ ഉണ്ടായത്. പോലീസ് പരിഷ്കാരത്തെക്കുറിച്ച് മൂന്നംഗ ഭരണഘടനാ ബെഞ്ച് നടത്തിയ സമ്പൂർണ്ണമായ വിധിയാണ് ഇന്ത്യയിലെ പോലീസ് പരിഷ്കരണത്തിന്റെ ഏറ്റവും പ്രധാനപ്പെട്ടൊരു ഭാഗമായി മാറിയിട്ടുള്ളത്. ദേശീയ പോലീസ് കമ്മീഷന്റെ രണ്ടാം റിപ്പോർട്ടിലും പോലീസ് ഉദ്യോഗസ്ഥൻമാരുടെ തൊഴിൽപരമായ സ്വാതന്ത്ര്യവും ധർമ്മപരമായ സ്വച്ഛതയും ഉറപ്പുവരുത്തണമെന്ന് പ്രത്യേകം പറയുന്നുണ്ട്. ബഹുമാന്യനായ ശ്രീ. കെ. മുരളീധരൻ ചൂണ്ടിക്കാണിച്ചതുപോലെ, ഇവിടെ പോലീസ് കോൺസ്റ്റബിൾമാർ അടക്കമുള്ളവരുടെയും ക്യാമ്പ് ഫോളോവേഴ്സിന്റെയും

പൗരാവകാശങ്ങൾ ലംഘിക്കപ്പെടുന്നു. ക്യാമ്പുകളിൽ ജോലി ചെയ്യാൻ ബാധ്യസ്ഥരായ ആളുകൾ ഉന്നത പോലീസ് ഉദ്യോഗസ്ഥൻമാരുടെ വീടുകളിൽ പോയി ജോലി ചെയ്യുന്ന അവസ്ഥ നിർബാധം തുടരുന്നത് കേരളത്തിനുതന്നെ നാണക്കേടാണ്. 21-3-2018-ൽ ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. കെ. മുരളീധരന്റെ ചോദ്യത്തിന് ഉത്തരമായി, ക്യാമ്പ് ഫോളോവേഴ്സ് തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്കായി നിയോഗിക്കാറില്ല എന്ന് പറയുകയുണ്ടായി. ബഹുമാനപ്പെട്ട മുഖ്യമന്ത്രി, അങ്ങേയ്ക്ക് ഈ ഉത്തരം എഴുതിത്തന്നത് ആരാണ്? ആ ഉദ്യോഗസ്ഥരെ കണ്ടുപിടിക്കണം. അങ്ങ് അല്ലല്ലോ ഉത്തരം തയ്യാറാക്കുന്നത്. ആഭ്യന്തര വകുപ്പിലെ വിവിധ ഉദ്യോഗസ്ഥൻമാർ ഡി.ജി.പി.-യുമായും PSQ-യുമായും ബന്ധപ്പെട്ടാണ് ഇത് തയ്യാറാക്കുന്നത്. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്കായി ആളുകളെ നിയോഗിക്കില്ലെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പ്രഖ്യാപിച്ചത് ഔദ്യോഗിക സ്വഭാവമുള്ള കാര്യമല്ലേ; അത് ലംഘിക്കപ്പെടുന്നു എന്നതല്ലേ ഇന്ന് കേരളം ചർച്ച ചെയ്യുന്ന വിഷയം. അതുകൊണ്ടാണ് ശ്രീ. വി. ഡി. സതീശൻ, എം.എൽ.എ. ഇവിടെ അവകാശ ലംഘനത്തിന് നോട്ടീസ് കൊടുത്തിട്ടുള്ളത്. അത് അങ്ങയുടെ പരിഗണനയിലാണ്. ഇത് വളരെ ഗൗരവമുള്ള കാര്യമല്ലേ; ഈ ചോദ്യത്തിന് ഉത്തരമായി പറയുന്നത്, 'ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ വീടുകളിൽ ക്യാമ്പ് ഫോളോവേഴ്സിനെ നിയോഗിക്കുന്നില്ല' എന്നാണ്. ആരാണ് ഈ ഉത്തരം എഴുതിത്തന്നത്; ഈ ഉത്തരം എഴുതിത്തന്ന ആളുകളുടെ പേരിൽ നടപടി ഉണ്ടാകണ്ടേ; യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കാതെയല്ലേ അവർ പെരുമാറിക്കൊണ്ടിരിക്കുന്നത്?

ബഹുമാന്യനായ മുഖ്യമന്ത്രി ഞങ്ങൾ എല്ലാം ശരിയാക്കാൻ വന്നതാണെന്ന് പറഞ്ഞു. രണ്ട് വർഷമായി, ഒന്നും ശരിയായിട്ടില്ല. എല്ലാം പാഴായ രണ്ട് വർഷമാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. പോലീസിൽ ഉണ്ടായിരിക്കുന്ന പ്രതിസന്ധി, പോലീസിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന ഉത്തരവാദിത്വമില്ലായ്മകളുടെ കഥകളാണ് കഴിഞ്ഞ രണ്ട് വർഷക്കാലമായി നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. പോലീസിനുണ്ടാകുന്ന വീഴ്ചകളാണ് എന്നും മുഖ്യമന്ത്രി ഇവിടെ വന്നുപറയുന്നത്. അദ്ദേഹം ഒരു വാചകം ആവർത്തിക്കുകയും ചെയ്യുന്നുണ്ട്, എല്ലാ പോലീസുകാരും അങ്ങനെയല്ല എന്ന്. ഞങ്ങളാരും പറഞ്ഞില്ലല്ലോ. ഇന്ത്യയ്ക്ക് മാതൃകയാണ് കേരളത്തിലെ പോലീസ്. സമർത്ഥൻമാരും മിടുക്കൻമാരും കഴിവുള്ളവരുമായ പോലീസ് ഉദ്യോഗസ്ഥരാണ് നമുക്കുള്ളത്. പക്ഷേ അവരെ നിയന്ത്രിക്കുന്ന രാഷ്ട്രീയ

നേതൃത്വത്തിന്റെ പിടിപ്പുകേടും തെറ്റമാണ് അവരെ വഴിതിരിക്കുന്നത് എന്നുള്ളതാണ് ഏറ്റവും പ്രധാനം. അവരെ നിയന്ത്രിക്കാനും ശാസിക്കാനും നിങ്ങൾക്ക് കഴിയുന്നില്ല. ഫോഴ്സിൽ ഡിസിപ്ലിൻ ഉറപ്പുവരുത്താൻ നിങ്ങൾക്ക് കഴിയുന്നില്ല. ആർക്കും എന്തും ആകാമെന്ന നിലയിലേയ്ക്ക് കേരള പോലീസ് മാറുന്നതിന്റെ ദൃഷ്ടാന്തമാണ് ഇപ്പോൾ നമ്മൾ കണ്ടുകൊണ്ടിരിക്കുന്ന, ക്യാമ്പ് ഫോളോവേഴ്സിന് നേരിടേണ്ടിവരുന്ന ദുരവസ്ഥ എന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിന് ഇച്ഛാശക്തിയുള്ള ഗവൺമെന്റും മുഖ്യമന്ത്രിയും ഉണ്ടാകണം. രാഷ്ട്രീയനേതൃത്വം പരാജയപ്പെടുമ്പോഴാണ് ഉദ്യോഗസ്ഥർ അരാജകത്വത്തിലേയ്ക്ക് നീങ്ങുന്നത് .

ബഹുമാന്യനായ മുഖ്യമന്ത്രി എം.ജി. കോളേജിൽ നടന്നൊരു സംഭവമാണ് ഇന്ന് പറഞ്ഞത്. പിന്നീട് ഡി.ജി.പി. ആയ ശ്രീ. ടി. പി. സെൻകുമാറിനെക്കുറിച്ചാണ് അദ്ദേഹം പറഞ്ഞത്. അന്ന് ആ വിദ്യാർത്ഥികളെ ലാത്തിച്ചാർജ് ചെയ്യാൻ ഒരു കോൺസ്റ്റബിൾ മുന്നോട്ടുവന്നപ്പോൾ ശ്രീ. ടി. പി. സെൻകുമാർ അത് തടഞ്ഞു എന്നതായിരുന്നു വസ്തുത. ...(ബഹളം)... ആ വിദ്യാർത്ഥികളെ ലാത്തിച്ചാർജ് ചെയ്യുന്നതിൽനിന്ന് കമ്മീഷണറായിരുന്ന വ്യക്തി വിലക്കി. വിദ്യാർത്ഥികളെ ലാത്തിച്ചാർജ് ചെയ്യണമെന്നാണോ പറയുന്നത്? ലാത്തിച്ചാർജ് ചെയ്യാൻ മുന്നോട്ടുവന്ന പോലീസ് ഉദ്യോഗസ്ഥനെ വിലക്കുകയും തടയുകയുമാണ് ചെയ്തത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഒരു കാര്യം മനസ്സിലാക്കണം. ഉന്നത പോലീസ് ഉദ്യോഗസ്ഥരുടെ ഈ നടപടികളെ കേരളം വളരെ ലജ്ജയോടുകൂടിയാണ് കാണുന്നത്. അതിനെ നിസ്സാരവൽക്കരിക്കാനാണ് മുഖ്യമന്ത്രി ശ്രമിച്ചത്. സംസ്ഥാനത്ത് ഒരിക്കലും കേൾക്കാൻ പാടില്ലാത്ത കാര്യങ്ങളാണ് ഇപ്പോൾ കേട്ടുകൊണ്ടിരിക്കുന്നത്. പൊതുസമൂഹത്തിന് സുരക്ഷ നൽകാൻ ബാധ്യസ്ഥരായ പോലീസ് മേധാവികൾ തങ്ങളുടെ താഴെയുള്ള ഉദ്യോഗസ്ഥരെക്കൊണ്ട് ദാസ്യപ്പണി ചെയ്യിക്കുന്നു. ശ്രീ. കെ. മുരളീധരൻ വിശദമായി പറഞ്ഞതുകൊണ്ട് ഞാൻ അക്കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബ്രിട്ടീഷുകാരുടെ കാലത്തെ കൊളോണിയൽ സമ്പ്രദായത്തിന്റെ ഭാഗങ്ങൾ ഇപ്പോഴും പോലീസിൽ നിലനിൽക്കുകയാണ്. ബ്രിട്ടീഷുകാർ പട്ടാളത്തിൽ ഓർഡർലി എന്ന സമ്പ്രദായമാണ് നിലനിർത്തിയിരുന്നത്. രണ്ടാം ലോക മഹായുദ്ധത്തോടുകൂടിയാണ് അത് അവസാനിച്ചത്. ഇന്ന് നമുക്ക് പലയിടത്തും ഇത് കാണാൻ കഴിയും. റെയിൽവേ ഉദ്യോഗസ്ഥർ, മിലിട്ടറി ഉദ്യോഗസ്ഥർ, പോലീസ് എന്നിവിടങ്ങളിൽ വ്യാപകമായി ഇത്തരം പ്രവർത്തനങ്ങൾ ഇപ്പോഴും

തുടർന്നുവരുകയാണ്. ഇത് നിയന്ത്രിക്കാൻ നമുക്ക് സാധിക്കണം. പട്ടാളത്തിൽ അത് അവസാനിപ്പിച്ചു എന്നാണ് അറിയാൻ കഴിഞ്ഞത്.

ശ്രീ. ഇ. പി. ജയരാജൻ: സർ, അങ്ങ് ആഭ്യന്തര മന്ത്രിയായി വളരെക്കാലം ഭരിച്ചുവല്ലോ, അങ്ങ് ഈ ദാസ്യവൃത്തി ചെയ്തവർക്കെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിരുന്നത്?

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ പറഞ്ഞത് അങ്ങ് കേൾക്കാഞ്ഞിട്ടാണ്. ഈ വസ്തുത ശ്രദ്ധയിൽപ്പെട്ടപ്പോൾ ഞാനാണ് അന്നത്തെ ഡി.ജി.പി.-യോട് പ്രത്യേക സർക്കുലർ ഇറക്കി അത് നടപ്പിലാക്കാൻ ആവശ്യപ്പെട്ടതെന്ന് ഇവിടെ ചൂണ്ടിക്കാണിക്കട്ടെ. ഓർഡർലി എന്ന പേര് മാറ്റി പേഴ്സണൽ സെക്യൂരിറ്റിയെന്ന ചെല്ലപ്പേര് നൽകിയാണ് ഈ ദാസ്യപ്പണി ചെയ്യിക്കുന്നത്. ഫ്യൂഡൽ വ്യവസ്ഥയുടെ ഭാഗമായി ഉണ്ടായിക്കൊണ്ടിരിക്കുന്ന ഇത്തരം പ്രവർത്തനങ്ങളെ നമ്മൾ കർശനമായിത്തന്നെ നേരിടേണ്ടിയിരിക്കുന്നു. മനുഷ്യരെ സമഭാവനയോടെ കാണുന്ന നാടാണിത്. ഇതൊന്നും ഇവിടെ നടക്കാൻ പാടില്ലാത്ത കാര്യമാണ്. പട്ടിയെ കുളിപ്പിക്കുക, മീൻ വാങ്ങുക, തുണി അലക്കുക, ഉന്നത മേധാവികളുടെ ഛർദ്ദി കോരാൻപോലും കീഴുദ്യോഗസ്ഥരെ നിർബന്ധിക്കുക തുടങ്ങിയ വാർത്തകളെല്ലാം പുറത്തുവരുന്നത് എത്ര അപമാനകരമാണ്. ക്രമസമാധാന ചുമതലയുള്ള ഡിവൈ.എസ്.പി.-മാർക്കും, എസ്.പി.മാർക്കും രണ്ട് പോലീസുകാരെ കൊടുക്കുന്നത് എന്തിനുവേണ്ടിയാണ്? ഫോൺ എടുക്കാൻ, തപാൽ നോക്കാൻ, സന്ദർശകരെ സ്വീകരിക്കാൻ തുടങ്ങിയ കാര്യങ്ങൾക്ക് വേണ്ടിയാണ്. ഇതിന്റെ മറവിലാണ് ഡസൻ കണക്കിന് പോലീസുകാരെ തങ്ങളുടെ വ്യക്തിപരമായ കാര്യങ്ങൾക്കുവേണ്ടി വിനിയോഗിക്കുന്നത്. ഇവിടെയുണ്ടായ സംഭവം അന്വേഷിക്കാൻ ക്രൈംബ്രാഞ്ചിന് വിട്ടുവെന്ന് ഇന്നലെയും ഞാൻ പറഞ്ഞു. എ.ഡി.ജി.പി.-യുമായി ബന്ധപ്പെട്ടുണ്ടായ കേസ്സിൽ ഗവാസ്കർ നൽകിയ പരാതിയേക്കാൾ ആദ്യം പരിഗണിച്ചത് ഗവാസ്കർക്കെതിരെയുള്ള പരാതിയാണ്. ഇവിടെ മർദ്ദനമേറ്റവർക്കെതിരെയാണ് പോലീസ് ആദ്യം കേസ്സെടുത്തത്. മർദ്ദിച്ചവരെ രക്ഷിക്കാൻ പോലീസ് ശ്രമിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കേസ് ക്രൈംബ്രാഞ്ചിന് വിട്ടുകൊടുത്തത് ഇത് തണുപ്പിക്കാനും കുറേക്കാലം ഇതുപോലെ മുന്നോട്ടുകൊണ്ടുപോകാനും നമ്മളാരും അറിയാതെ ഈ കേസ് അവസാനിപ്പിക്കാനുമുള്ള ശ്രമത്തിന്റെ ഭാഗമായിട്ടാണ്. അതുകൊണ്ടാണ് ഒരു സ്പെഷ്യൽ ടീമിനെ വയ്ക്കണമെന്ന് ഞാൻ ഇന്നലെ അങ്ങയോട് ആവശ്യപ്പെട്ടത്. ഇരയ്ക്കെതിരെ കേസ്സെടുക്കുകയും അവരെ വേട്ടയാടുകയും ചെയ്യുന്നത് ഈ ഗവൺമെന്റിന്റെ ഒരു മുഖമുദ്രയായി മാറിയിട്ടുണ്ട്. നിരവധി കേസുകളിൽ, ഉദാഹരണങ്ങൾ ഞങ്ങളിവിടെ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. പോലീസുകാരെകൊണ്ട് ദാസ്യപ്പണി ചെയ്യിക്കാൻ പാടില്ലെന്ന് പോലീസ് ആക്ടിന്റെ 99-ാം വകുപ്പ് നിർദ്ദേശിക്കുന്നു. സേനയുടെ അന്തസ്സിനും അഭിമാനത്തിനും കെട്ടുറപ്പിനും നിരക്കാത്ത ഇത്തരം പ്രവൃത്തി ചെയ്യുന്ന ആളുകൾ

പോലീസുകാരെ നിർബന്ധിക്കുകയോ ആവശ്യപ്പെടുകയോ ചെയ്യരുതെന്നാണ് പ്രത്യേക നിയമം. ഇങ്ങനെ ചെയ്യിക്കുന്ന ഉദ്യോഗസ്ഥർക്ക് 6 മാസത്തെ തടവോ 2000 രൂപ പിഴയോ നൽകാമെന്ന് നിയമമുണ്ട്. ഈ നിയമമിരിക്കെ, ദാസ്യപ്പണി ചെയ്യിക്കുന്ന ഉദ്യോഗസ്ഥന്മാർക്കെതിരെ എന്തുകൊണ്ട് നടപടി സ്വീകരിക്കുന്നി ല്ലെന്നാണ് എനിക്ക് മുഖ്യമന്ത്രിയോട് ചോദിക്കാനുള്ളത്. കേരള പോലീസ് ആക്ടിന്റെ 99-ാം വകുപ്പനുസരിച്ച് അങ്ങ് ദാസ്യപ്പണി ചെയ്യിപ്പിച്ചിട്ടുള്ള ഉദ്യോഗസ്ഥന്മാരുടെ പേരിൽ നടപടിയെടുക്കാൻ ആർജ്ജവം കാണിക്കുമോ; അതുണ്ടാകുമോ എന്നാണെനിക്ക് ചോദിക്കാനുള്ളത്. എന്നാൽ മാത്രമേ ഇവിടെ ശക്തമായ നടപടിയുണ്ടാകുകയുള്ളൂ. ആ ശക്തമായ നടപടിയുണ്ടെങ്കിൽ മാത്രമേ ഇത് നിർത്തലാക്കാൻ നമുക്ക് സാധിക്കുകയുള്ളൂ. പോലീസ് തലപ്പത്ത് നടക്കുന്ന ഈ വിടുപണി പോലീസിനെകൊണ്ട് അന്വേഷിപ്പിച്ചാൽ ഫലമുണ്ടാകുമോ? ശ്രീ. കെ. മുരളീധരൻ ചോദിച്ചത് ഏറ്റവും പ്രസക്തമായ ചോദ്യമാണ്. എ.ഡി.ജി.പി. ചെയ്ത കുറ്റത്തിന് മറ്റൊരു എ.ഡി.ജി.പി.-യെകൊണ്ട് അന്വേഷിപ്പിച്ചാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുമോ? ഗവാസ്കറുടെ കാര്യത്തിൽ എങ്ങനെയെങ്കിലും ഇവരെ രക്ഷിക്കാനുള്ള സമീപനമാണ് സ്വീകരിച്ചത്. ഞാൻ ഇന്നലെ ഗവാസ്കറെ കാണാൻ പോയി. ഡോക്ടർമാരോട് ഞാൻ ചോദിച്ചു. അയാളുടെ ശരീരത്തിലുണ്ടായ പാടുകൾ, അയാൾക്ക് കാഴ്ച ശക്തി കുറയുന്നു, കശേരുക്കൾ മുഴുവൻ തകർത്തിരിക്കുന്നു. വളരെ മാരകമായ നിലയിലാണ് ആ ചെറുപ്പക്കാരൻ ആശുപത്രിയിൽ കഴിയുന്നത്. ഇത്രയും സംഭവമുണ്ടായിട്ടും സുഖമായി വരുമ്പോൾ എന്നെ കാണാനാണ് മുഖ്യമന്ത്രി പറഞ്ഞത്. അദ്ദേഹം കാണണമെന്നൊന്നും ഞാൻ പറയുന്നില്ല, അദ്ദേഹത്തിന് വേണമായിരുന്നുവെങ്കിൽ ഒരു മന്ത്രിയെ അയച്ച് ഈ വസ്തുതകൾ മനസ്സിലാക്കാമായിരുന്നു. വളരെ ഗുരുതരമായ നിലയിൽ പരുക്കേറ്റ് ആ ചെറുപ്പക്കാരൻ അവിടെ കഴിയുന്നു. ആരെയും അറസ്റ്റ് ചെയ്തിട്ടില്ല. ആരുടെ പേരിലും നടപടിയുണ്ടായിട്ടില്ല. ക്രൈംബ്രാഞ്ച് അന്വേഷണം നടക്കട്ടെ എന്നാണ് പറയുന്നത്. ഈ സർക്കാർ ഇത്രയും ഉത്തരവാദിത്വ രഹിതമായ ഒരു നിലപാട് സ്വീകരിക്കുന്നതിൽ ശക്തമായ പ്രതിഷേധം രേഖപ്പെടുത്താൻ ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ദാസ്യപ്പണി അവസാനിപ്പിക്കാൻവേണ്ടി ശക്തമായ നടപടികൾ ഉണ്ടായില്ലെങ്കിൽ വീണ്ടും ഇതാവർത്തിക്കുമെന്നാണ് പറയാനുള്ളത്. ഓരോ ദിവസവും ഓരോ പുതിയ വാർത്തകൾ പുറത്തു വന്നുകൊണ്ടിരിക്കുകയാണ്. ഇവിടെ വന്ന് മറുപടി പറയാൻ കഴിയാത്തതുകൊണ്ട് ആരുടെയും പേര് പറയുന്നത് ശരിയല്ല. കാരണം ഏതായാലും കേരള പോലീസിൽ ഉണ്ടായിരിക്കുന്ന അനിതരസാധാരണമായ ഈ സംഭവങ്ങൾ ഗൗരവത്തോടുകൂടി കാണാൻ ഗവണ്മെന്റ് തയ്യാറാകുന്നുവെന്ന സൂചന മുഖ്യമന്ത്രിയുടെ പ്രസംഗത്തിൽ കാണുന്നില്ല. വാക്കുകളിലല്ല വേണ്ടത്, പ്രവൃത്തിയിലാണ്. ഇത്രയും ദിവസമായിട്ടും ഗവാസ്കർ ഉൾപ്പെടെയുള്ളവരുടെ കാര്യത്തിൽ സർക്കാർ ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഈ ഗവൺമെന്റിന്റെ തെറ്റായ നയം നാളെയും ഇത്തരം ദാസ്യപ്പണിയും തെറ്റായ പ്രവർത്തനങ്ങളും തുടരാൻ മാത്രമേ സഹായിക്കൂ എന്ന് വളരെ വ്യക്തമാണ്.

ഗവൺമെന്റിന്റെ നിലപാട് ഒട്ടും അംഗീകരിക്കാൻ കഴിയുന്നതല്ല എന്നുള്ളതു കൊണ്ടാണ് ഞങ്ങൾ ഈ അടിയന്തരപ്രമേയം ചർച്ചയ്ക്ക് കൊണ്ടുവരണമെന്ന് പറയുന്നത്. ഈ വിഷയം കേരളം മുഴുവൻ ചർച്ച ചെയ്യുന്നു. മാധ്യമങ്ങളും ജനങ്ങളും ചർച്ച ചെയ്യുന്നു. എന്നാൽ ഈയൊരു വിഷയം കേരള നിയമസഭ ചർച്ച ചെയ്യേണ്ടെന്ന് മുഖ്യമന്ത്രി തീരുമാനിച്ചത് ദൗർഭാഗ്യകരമായ കാര്യമാണ്. ഇതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് പ്രതിപക്ഷനേതാവും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ വായിച്ച ചോദ്യം തന്നെ ഞാൻ ആവർത്തിക്കുകയാണ്. 'ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരിൽ എത്രപേരെ ഉന്നത ഉദ്യോഗസ്ഥൻമാരുടെ വീട്ടിൽ ജോലിക്ക് നിയോഗിച്ചിട്ടുണ്ട്; ഇപ്രകാരം നിയോഗിച്ചിട്ടുള്ള ഉദ്യോഗസ്ഥരെ ക്യാമ്പുകളിലേയ്ക്ക് തിരിച്ചയയ്ക്കുവാൻ നടപടി സ്വീകരിക്കുമോ?' അതിന് നൽകിയ മറുപടി, 'ക്യാമ്പ് ഫോളോവർ തസ്തികയിലെ ജീവനക്കാരെ ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ജോലിക്ക് നിയോഗിക്കാറില്ല' എന്നാണ്. അങ്ങേയ്ക്ക് ക്യാമ്പ് ഫോളോവേഴ്സ് അസോസിയേഷൻ ഒരു പരാതി നൽകിയിട്ടുണ്ട്. ക്യാമ്പ് ഫോളോവേഴ്സിനെ വീട്ടുജോലിക്ക് നിയോഗിക്കരുതെന്ന് ഡി.ജി.പി. നിർദ്ദേശം നൽകിയിട്ടും ജീവനക്കാരെ തിരികെ വിടാൻ ചില ഉന്നത ഉദ്യോഗസ്ഥർ തയ്യാറാകുന്നില്ലെന്ന് അങ്ങേയ്ക്ക് പരാതി നൽകിയത് ക്യാമ്പ് ഫോളോവേഴ്സ് അസോസിയേഷൻ ഭാരവാഹികളാണ്. അവർ ഓരോ സ്ഥലത്തും, ഇതിനുവേണ്ടി ആരെയൊക്കെ നിയോഗിച്ചിരിക്കുന്നുവെന്നുള്ളത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്ക് അങ്ങയുടെ മുൻപിൽ നൽകിയിട്ടുണ്ട്. അതിൽ തൃശ്ശൂർ ഐ.ജി.-യുടെ താമസസ്ഥലത്ത് മൂന്നുപേർ, ഐ.ജി.-യുടെ ഓഫീസിൽ ഒരു ശുചീകരണ തൊഴിലാളി, നിലവിൽ അവിടെ താൽക്കാലിക ജീവനക്കാരുണ്ട്, കമ്മീഷണറുടെ താമസസ്ഥലത്ത് ദിവസ വേതനക്കാരനായ ഒരാൾ, അങ്ങനെ തൃശ്ശൂർ മുതൽ അങ്ങിവിടെ ഭരിച്ചുകൊണ്ടിരിക്കുന്ന തിരുവനന്തപുരത്തടക്കം എത്ര തസ്തികകളുണ്ട്, ആ തസ്തികകളിൽ എത്രപേർ ഇപ്പോൾ ബാക്കിയുണ്ട് എന്നുള്ളത് പറയുന്നുണ്ട്. നന്ദാവനം എ.ആർ. ക്യാമ്പിൽ ആകെയുള്ളത് 60 ക്യാമ്പ് ഫോളോവേഴ്സാണ്. പാചകക്കാർ 20, മുടിവെട്ടുകാർ 10, അലക്കുകാർ 10, ശുചീകരണ തൊഴിലാളികൾ 20. പക്ഷെ ഇപ്പോൾ ക്യാമ്പിലുള്ളത്- ശുചീകരണ തൊഴിലാളികൾ 6, അലക്കുകാരൻ 1, മുടിവെട്ടുകാരൻ 1, പാചകക്കാരൻ 2, അലക്കുകാരൻ ഒരാൾ കമ്മീഷണറുടെ വീട്ടിൽ, ശുചീകരണ തൊഴിലാളികളിൽ ഒരാൾ ഓഫീസിൽ, പാചകക്കാരിൽ ഒരാൾ എ.ഡി.ജി.പി.-യുടെ വീട്ടിൽ. ദിവസ വേതനക്കാരിൽ 2 പേർ ഐ.പി.എസ്. ക്വാർട്ടേഴ്സിൽ മറ്റുള്ളവർ വിവിധ ഓഫീസുകളിലും വീടുകളിലും. അങ്ങിവിടെ ഉത്തരം നൽകുമ്പോൾ,

അങ്ങേയ്ക്ക് ബോധ്യമായ കാര്യങ്ങൾ വരുമ്പോൾ, ഉദ്യോഗസ്ഥരുമായുള്ള ചർച്ചയിൽ ഇങ്ങനെയുള്ള മറുപടി എന്നെക്കൊണ്ട് പറയിപ്പിക്കരുതെന്ന് പറയാനുള്ള ഒരാർജ്ജവം അങ്ങ് കാണിക്കണം. കാരണം ഇതുപോലുള്ള മറുപടി പറയിപ്പിച്ച് പറയിപ്പിച്ചാണ് അങ്ങയെ അവർ ഈ അവസ്ഥയിൽ ആക്കിയിട്ടുള്ളത്. കണ്ണൂർ എ.ആർ. ക്യാമ്പിൽ ഒരു പോലീസ് ഉദ്യോസ്ഥനുണ്ട്, അദ്ദേഹത്തിന്റെ പേര് ആത്മാവ് എന്നാണ്. അദ്ദേഹത്തെ ആത്മാവ് എന്നു വിളിക്കാനുള്ള കാരണം, അദ്ദേഹം പി.എസ്.ഒ. ആയിട്ട് ഒരു ഐ.ജി.-യുടെ കൂടെയായിരുന്നു. ഐ.ജി. വിരമിച്ചു, എന്നിട്ടും ഐ.ജി.-യുടെ കൂടെ. അവസാനം ഐ.ജി. മരിച്ചു, എന്നിട്ടും ഐ.ജി.യുടെ വീട്ടിൽ. അതുകൊണ്ട് ഇനി ഐ.ജി.-യുടെ ആത്മാവിന് കാവൽ നിൽക്കാനാണോ, നീ അവിടെ നിൽക്കുന്നതെന്ന് ചോദിച്ചു. ഇപ്പോൾ അദ്ദേഹത്തിന്റെ പേര് ആത്മാവ് എന്നായിരിക്കുകയാണ്. ജലപീരങ്കി ഉപയോഗിക്കാൻ പോലീസുകാർ എങ്ങനെയാണ് പരിശീലിക്കുന്നതെന്ന് ഇപ്പോഴാണ് മനസ്സിലായത്. പട്ടിയെ കുളിപ്പിക്കുന്നതിന് ഓസ്സിലൂടെ വെള്ളം അടിച്ചുകൊണ്ടാണ് ഇത് പരിശീലിക്കുന്നത്. ഇതുപോലെയുള്ള വിവിധ ജോലികൾ ചെയ്യിക്കുന്ന സാഹചര്യങ്ങളുണ്ടാകുന്നുണ്ട്. പരാതി കിട്ടിയ സാഹചര്യത്തിൽ ആക്ട് പ്രകാരം രണ്ടായിരം രൂപ പിഴയോ ആറുമാസം തടവോ ലഭിക്കേണ്ട ഒരു കുറ്റമാണ് ഇവർ ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഡ്രൈവർ ജോലി ഏറ്റെടുക്കുന്നതിന് മുമ്പ് മേലധികാരികൾക്ക് മക്കളുണ്ടോ, മക്കൾ കരാട്ടേ പഠിച്ചതാണോ എന്നെല്ലാം നോക്കിയശേഷം ജോലി ഏറ്റെടുക്കേണ്ട അവസ്ഥയാണിപ്പോൾ. ഈ കുട്ടി കരാട്ടേ പഠിച്ചുവെന്നാണ് പറയുന്നത്. അത് പ്രയോഗിക്കുന്നത് മുഴുവൻ പോലീസിന്റെ പുറത്താണ്. അതുകൊണ്ട് ഇത്തരത്തിലുള്ള സാഹചര്യം ഒഴിവാക്കണം. നമുക്ക് മാന്യമായി പോലീസുകാരോട് പെരുമാറാൻ കഴിയണം. ഞങ്ങളുടെ കുട്ടിക്കാലത്ത് പഠിച്ചതും കണ്ടതും അതാണ്. മന്ത്രിയുടെ സെക്യൂരിറ്റി എന്ന നിലയിൽ പോലീസുകാരോട് മാന്യമായി പെരുമാറേണ്ടത് എങ്ങനെയെന്ന് ഞാൻ എന്റെ പിതാവിൽ നിന്നാണ് പഠിച്ചത്. പോലീസുകാരൻ ഭക്ഷണം കഴിച്ചിട്ടുണ്ടോ എന്ന് നോക്കിയശേഷം മാത്രം ഭക്ഷണം കഴിക്കുന്ന അദ്ദേഹത്തിന്റെ പാരമ്പര്യം കണ്ടാണ് ഞാൻ വളർന്നത്. അതുകൊണ്ട് പോലീസുകാരെ അന്തസ്സായി അവരുടെ ജോലി നിർവ്വഹിക്കാൻ അനുവദിക്കണം. പോലീസ് ആക്ട് പ്രകാരം അവരുടെ മാന്യത കാത്തു സൂക്ഷിക്കാനുള്ള ആർജ്ജവം അങ്ങ് കാണിക്കണം എന്നുപറയുകയാണ്. ഇതൊന്നും വ്യക്തമായി നോക്കാതെ വീണ്ടും ന്യായീകരിക്കാനുള്ള ശ്രമം നടത്തിയത് ഒരിക്കലും ശരിയല്ല. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും സഭയിൽനിന്നും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തുപോയി)

ശ്രീ. കെ. എം. മാണി: സർ, മനുഷ്യാവകാശങ്ങളെപ്പറ്റി മുഖ്യമന്ത്രി എത്ര തറപ്പിച്ച് ഉറപ്പിച്ച് പറഞ്ഞാലും ഉന്നത ഉദ്യോഗസ്ഥരുടെ വീടുകളിൽ ഇപ്പോഴും ദാസ്യപ്പണി നടക്കുന്നുവെന്നുള്ളത് വസ്തുതയാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ വിഷയം പരിശോധിച്ച് കർശന നടപടി സ്വീകരിച്ച് യാതൊരു സാഹചര്യത്തിലും ദാസ്യപ്പണി ഉണ്ടാകാൻ പാടില്ല എന്നുറപ്പ് നൽകേണ്ടത് ആവശ്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഇക്കാര്യത്തിൽ വ്യക്തിപരമായി ആത്മാർത്ഥമായ സമീപനമുണ്ടെന്ന് എനിക്കറിയാം. പക്ഷേ ഗവൺമെന്റ് മൊത്തത്തിൽ വീഴ്ച വരുത്തിയിരിക്കുകയാണ്. അതിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. എം. മാണിയും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭയിൽനിന്ന് പുറത്തു പോയി)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ഉന്നത പോലീസ് ഉദ്യോഗസ്ഥർക്ക് സുരക്ഷ ഒരുക്കേണ്ട എന്ന സമീപനമൊന്നും ഞങ്ങൾ സ്വീകരിച്ചിട്ടില്ല. എന്നാൽ അതിന്റെ പേരിൽ പോലീസ് ഉദ്യോഗസ്ഥരെ ദാസ്യവേല ചെയ്യിപ്പിക്കുന്നുവെന്നത് യാഥാർത്ഥ്യം തന്നെയാണ്. പോലീസിന്റെ എല്ലാ തലങ്ങളിലും ജീർണ്ണത ബാധിച്ചിട്ടുണ്ട്. ഈ സഭയിൽ മുഖ്യമന്ത്രി തെറ്റായ മറുപടി നൽകിയതും ആ ജീർണ്ണതയുടെ ഭാഗമാണ്. ഇവിടെ ഇരയ്ക്കെതിരെയാണ് ആദ്യം കേസെടുത്ത തെന്ന കാര്യം ഗവൺമെന്റ് ശ്രദ്ധിക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട വിഷയമാണ്. പോലീസുകാരനായ ഗവാസ്കർക്ക് എതിരെയാണ് ആദ്യം കേസെടുത്തത്. ഇങ്ങനെ വരുമ്പോൾ ധൈര്യത്തോടെ പരാതി പറയാൻ ആരൊക്കെ മുമ്പോട്ടു വരും? സ്വാഭാവികമായും സാധാരണക്കാരായ പോലീസുകാരുടെ ഉള്ളിലേയ്ക്ക് ഇത്തരത്തിലുള്ള ഭയം കടന്നുവരും. ഇക്കാര്യത്തിൽ ഗവൺമെന്റിന് നീതിയുക്തമായി പ്രവർത്തിക്കാൻ സാധിച്ചിട്ടില്ല, ഈ വിഷയം ചർച്ച ചെയ്യേണ്ട ഒന്നായിരുന്നു. ചർച്ച ചെയ്യാത്ത ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭയിൽ നിന്നും പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ പ്രവേശിച്ചു.)

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

## III ശ്രദ്ധ ക്ഷണിക്കൽ

### (1) ഔഷധങ്ങളുടെ ഗുണനിലവാരവും വില നിയന്ത്രണവും

ശ്രീ. ജി. എസ്. ജയലാൽ: സർ, വളരെ പ്രധാനപ്പെട്ട വിഷയമാണ് ഞാൻ സഭയുടെ ശ്രദ്ധയിലേയ്ക്ക് കൊണ്ടുവരുന്നത്. പലതവണകളായി സഭയിൽ ശ്രദ്ധക്ഷണിക്കലായും സബ്മിഷനായും ഉന്നയിക്കപ്പെട്ട വിഷയമാണിത്. കേരളത്തിലെ ഔഷധ വ്യാപാര രംഗത്ത് മരുന്നുകളുടെ ഗുണനിലവാരവും വിലയും സംബന്ധിച്ച് അർത്ഥപൂർണ്ണമായ പരിശോധനകൾ നടത്തേണ്ട കാലം അതിക്രമിച്ചിരിക്കുകയാണ്. ഇവ ഉറപ്പുവരുത്തേണ്ട ഡ്രഗ്സ് കൺട്രോൾ വിഭാഗത്തിന്റെ പ്രവർത്തനങ്ങൾ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനു ശേഷം സജീവമായിത്തീർന്നിട്ടുണ്ടെങ്കിലും സുപ്രധാനമായ പലകാര്യങ്ങളിലും സർക്കാരിന്റെ അടിയന്തര ഇടപെടൽ അത്യാവശ്യമായിരിക്കുകയാണ്. കേരളത്തിലെ സർക്കാർ ആശുപത്രികളിലേയ്ക്കുള്ള മരുന്നുകൾ പൂർണ്ണമായും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ വഴിയാണ് വാങ്ങുന്നത്.

പക്ഷേ ഈ മരുന്നുകളുടെ ഗുണനിലവാരം പരിശോധിക്കുന്നതിന് തിരുവനന്തപുരത്തെ ഒരു ലാബ് മാത്രമാണ് ഇപ്പോഴുള്ളത് എന്നാണ് അറിയാൻ കഴിഞ്ഞത്. അവർക്ക് ഒരു വർഷം അയ്യായിരം സാമ്പിൾ മാത്രമാണ് പരിശോധിക്കാൻ കഴിയുന്നത്. ആശുപത്രികളിലേയ്ക്ക് മരുന്നുകൾ പരിശോധന കൂടാതെ വിതരണം ചെയ്യുകയും, അവിടെ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധനയ്ക്ക് അയയ്ക്കുകയും ചെയ്യുന്ന സംവിധാനമാണ് ഇപ്പോഴുള്ളത്. പനിക്കുള്ള ഒരു മരുന്നിന്റെ പരിശോധനാഫലം ലഭിക്കുവാൻ രണ്ടുമൂന്ന് മാസമെടുക്കാറുണ്ടെന്നാണ് മനസ്സിലാക്കുന്നത്. പ്രസ്തുത മരുന്നിന് ഗുണ നിലവാരമില്ലെന്ന് ബോദ്ധ്യപ്പെട്ടാൽ എല്ലാ ആശുപത്രികളിലേയ്ക്കും സ്റ്റോപ്പ് മെമ്മോ കൊടുക്കും; നിർഭാഗ്യവശാൽ ആ സമയമാകുമ്പോഴേയ്ക്കും മരുന്നുകളെല്ലാം വിതരണം ചെയ്ത് കഴിഞ്ഞിരിക്കും. ഗുരുതരമായ ഈ സ്ഥിതിവിശേഷം അടിയന്തരമായ പരിശോധനയ്ക്ക് വിധേയമാക്കി പകരം സംവിധാനം സജ്ജമാക്കണമെന്നാണ് ഞാൻ അഭ്യർത്ഥിക്കുന്നത്. ആവശ്യമായ ലാബ് സൗകര്യം ഇല്ലാത്തതാണ് വിതരണത്തിന് മുമ്പ് മരുന്നു പരിശോധനയ്ക്കുള്ള ഏക തടസ്സം. പൊതു മേഖലയിലുള്ള മറ്റ് ലാബുകളുമായി ഒരു പൊതുപങ്കാളിത്ത കരാർ ഉണ്ടാക്കുകയാണ് ഇതിനൊരു പോംവഴിയായി നിർദ്ദേശിക്കാനുള്ളത്. നിരവധി ലാബുകളെ ഇങ്ങനെ ഉപയോഗപ്പെടുത്താൻ കഴിയും. ഉദാഹരണമായി, കാഷ്യൂ എക്സ്പോർട്ട് പ്രോമോഷൻ കൗൺസിലിന്റെ ഒരു ലാബ് കൊല്ലം ജില്ലയിലുണ്ട്. പ്രതിവർഷം പതിനായിരം സാമ്പിളുകൾ പരിശോധിക്കാനുള്ള സൗകര്യമുണ്ട്. ഈ ടൈഅപ്

അവർക്കും സഹായകരമാകും. ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട്, കേരള ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് തുടങ്ങിയവ സമാനമായ മറ്റ് ലാബുകളാണ്. ഇത്തരം ലാബുകളുടെ ഒരു പട്ടിക കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ തയ്യാറാക്കുകയും അവിടെയുള്ള പരിശോധനകൾക്കുശേഷം മാത്രമേ മരുന്നുകൾ സ്വീകരിക്കുകയുള്ളൂ എന്ന വ്യവസ്ഥ ടെൻഡറിൽ ഉൾപ്പെടുത്തുകയും ചെയ്താൽ പരിശോധനയ്ക്കുള്ള ചെലവുകൾ മരുന്നുകമ്പനികൾ തന്നെ വഹിക്കാനുള്ള സാധ്യതയുണ്ടാകും. ഗുണനിലവാരം ഉറപ്പുവരുത്താൻ കഴിയുന്നതോടൊപ്പംതന്നെ പരിശോധനയ്ക്കുള്ള ചെലവുകൾ മരുന്നുകമ്പനികൾതന്നെ വഹിക്കേണ്ട സ്ഥിതിയുമുണ്ടാകും. ആലപ്പുഴയിലെ കേരള ഡ്രഗ്സ് ഫാർമസ്യൂട്ടിക്കൽസ് നിർമ്മിക്കുന്ന മരുന്നുകൾ ഏറെ ഗുണനിലവാരമുള്ളവയാണ്. അവിടെനിന്നും തമിഴ്നാട്, കർണ്ണാടക, ആന്ധ്ര, ഗോവ മുതലായ സംസ്ഥാനങ്ങൾ മരുന്ന് വാങ്ങുന്നുണ്ട്. പക്ഷേ കേരള സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന 98% മരുന്നുകളും അന്യ സംസ്ഥാനങ്ങളിൽ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നവയാണ്. അറിയപ്പെടാത്ത കമ്പനികളിൽ നിന്നുപോലും ഓപ്പൺ ടെൻഡർ വഴിയാണ് പലപ്പോഴും നാം മരുന്ന് വാങ്ങുന്നത്. കെ.എസ്.ഡി.പി.-യ്ക്ക് വേണ്ടത്ര സൗകര്യങ്ങൾ നൽകിയാൽ സംസ്ഥാനത്തെ എല്ലാ സർക്കാർ ആശുപത്രികളിലേയ്ക്കും ഗുണനിലവാരമുള്ള മരുന്നുകൾ വിതരണം ചെയ്യാൻ കഴിയും. അങ്ങനെ ചെയ്താൽ സാമ്പത്തിക ലാഭം ഉണ്ടാക്കാൻ കഴിയുന്നതോടൊപ്പം നിരവധിയാളുകൾക്ക് ജോലി നൽകാനുള്ള സാധ്യതയും തുറന്നുകിട്ടും. ഒരു മരുന്ന് നിരവധി ബ്രാൻഡുകളിലും ബാച്ചുകളിലും നിലവിലുള്ളതിനാൽ സംസ്ഥാനത്ത് വിറ്റഴിക്കപ്പെടുന്ന മരുന്നുകളുടെയും വാക്സിനുകളുടെയും കൃത്യമായ കണക്കുകൾ ലഭ്യമല്ല. ആയതിനാൽ ഇപ്പോൾ നടത്തിവരുന്ന ഗുണനിലവാര പരിശോധന (Random sampling)-യുടെ മേന്മ എത്രത്തോളമെന്നും, Random sampling മാത്രം നടത്തിയാൽ മതിയോയെന്നും ആരോഗ്യ വകുപ്പ് അടിയന്തരമായി ആലോചിക്കണം. അതുപോലെ ഗുണനിലവാരം കുറഞ്ഞതായി കണ്ടെത്തുന്ന മരുന്നുകളുടെ കൃത്യമായ വിവരങ്ങൾ സാധാരണ ജനങ്ങളിലേയ്ക്കെത്തിക്കുന്നതിനായി നിലവിലുള്ളതിനേക്കാൾ മെച്ചമായ സംവിധാനങ്ങൾ ഏർപ്പെടുത്തേണ്ടതുണ്ട്. പ്രസ്തുത മരുന്നുകൾ വിപണിയിൽ വിൽക്കപ്പെടുന്നില്ലെന്ന് വ്യക്തമായി ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനങ്ങളും വിപുലീകരിക്കേണ്ടതുണ്ട്. മരുന്നു വിപണിയിലെ അമിതമായ വിലയാണ് മറ്റൊരു പ്രശ്നം. ജീവൻ രക്ഷാമരുന്നുകളുടെ ഭീമമായ വില പാവപ്പെട്ട രോഗികളെ സാമ്പത്തികമായി തകർക്കുകയാണ്. തീവെട്ടിക്കൊള്ള എന്നുപറയുന്ന വിധത്തിലാണ് മരുന്നുകൾക്ക് വില

ഈടാക്കുന്നത്. കാൻസറിനും ഹൃദ്രോഗങ്ങൾക്കും ഉപയോഗിക്കുന്ന മരുന്നുകൾക്കാണ് വിപണിയിൽ എപ്പോഴും അമിത വില ഈടാക്കുന്നത്. ഏകദേശം 6000 കോടി രൂപയോളം വരുന്ന മരുന്നുവ്യാപാരമാണ് സംസ്ഥാനത്ത് നടക്കുന്നതെന്നാണ് കണക്കാക്കിയിട്ടുള്ളത്. കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സർക്കാർ ആശുപത്രികളിലേയ്ക്ക് വിതരണം ചെയ്യുവാൻ വാങ്ങുന്ന മരുന്നുകളിൽ പലതും പുറം വിപണിയിൽ പതിന്മടങ്ങ് അധികം വിലയ്ക്കാണ് വിൽക്കുന്നത്. മരുന്ന് കമ്പനികളുടെ അധികലാഭം നേടുക എന്ന അത്യാർത്തിക്ക് തടയിടാൻ സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ഉദാഹരണമായി, കാൻസർ വേദനസംഹാരിയായ paclitaxel ഇഞ്ചക്ഷൻ (260ml) കെ.എം.എസ്.സി.എൽ മരുന്നുകമ്പനിയിൽ നിന്നും വാങ്ങുന്നത് 1226 രൂപയ്ക്കാണ്. എന്നാൽ ഇതേമരുന്ന് പുറത്തുനിന്നും വാങ്ങുമ്പോൾ MRP 10850 രൂപയാണ്. ഇത് കേരളത്തിൽ പലതവണ ചർച്ച ചെയ്യപ്പെട്ട വിഷയമാണ്, ഇതൊരുദാഹരണം മാത്രമാണ്. ഇതുപോലെ ചൂണ്ടിക്കാണിക്കാൻ ധാരാളം മരുന്നുകളുടെ വിലയുണ്ട്. വില നിയന്ത്രിക്കാൻ ജൻ ഔഷധികൾ 81% വിലക്കുറവിൽ മരുന്നുകൾ ലഭ്യമാക്കുമെങ്കിലും പൊതുവിപണിയിൽ മരുന്നുകമ്പനികൾ അധികവില ഈടാക്കുന്ന മരുന്നുകളൊന്നുംതന്നെ അവിടെ ലഭിക്കാറില്ല. സംസ്ഥാനത്ത് മരുന്നുകളുടെ വിതരണവുമായി ബന്ധപ്പെട്ട് ഫാർമസി കമ്പനികൾ നേരിട്ട് ഉത്പാദിപ്പിക്കുകയും സി.ആന്റ്.എഫ്. ഏജൻസി, സൂപ്പർ സ്റ്റോക്കിസ്റ്റ്, ഹോൾസെയിൽ ഡീലർമാർ തുടങ്ങി താഴെയറ്റത്തുള്ള റീട്ടെയിൽ ഡീലർമാർ വരെയുള്ളവരുടെ ഒരു ശൃംഖലയാണ് ഈ വിതരണത്തിനായി പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. 1226 രൂപയ്ക്ക് കെ.എം.എസ്.സി.എൽ. വാങ്ങുന്ന മരുന്ന് ഇത്തരത്തിൽ റീട്ടെയിൽ ഡീലറിലേയ്ക്കെത്തുമ്പോൾ 10850 രൂപയാകുന്ന അവസ്ഥയാണ്. ഈ ചൂഷണം ഒഴിവാക്കണം. സംസ്ഥാനത്തെ ഫാർമസി കമ്പനികളിൽനിന്നും കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നേരിട്ട് മരുന്നുവാങ്ങുന്നുണ്ട്. കെ.എം.എസ്.സി.എൽ.-ന്റെ ബൈലായിൽ ഭേദഗതി വരുത്തി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനെയും സിവിൽ സപ്ലൈസ് കോർപ്പറേഷനെയും കൺസ്യൂമർഫെഡ് തുടങ്ങിയ സ്ഥാപനങ്ങളേയും മരുന്ന് വാങ്ങുന്നതിനുള്ള ഹോൾസെയിൽ ഡീലർമാരായും സൂപ്പർ സ്റ്റോക്കിസ്റ്റുകളായും സി.ആന്റ്.എഫ്. ഏജൻസികളായും മാറ്റിക്കഴിഞ്ഞാൽ ഈ ചൂഷണത്തിൽ ഫലപ്രദമായി ഇടപെടാൻ കഴിയും. അങ്ങനെ ചെയ്താൽ paclitaxel ഇഞ്ചക്ഷൻ 1226 രൂപയ്ക്ക് വാങ്ങി ഒരു സർവ്വീസ് മാർജിൻമാത്രം എടുത്തുകൊണ്ട് മിതമായ വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയും. സമാനമായ ധാരാളം മരുന്നുകളുണ്ട്.

ഇതിനാവശ്യമായ നിയമ നടപടികൾക്ക് ഗവൺമെന്റ് മുൻകയ്യെടുക്കണം. പൊതുമേഖലയിലൂടെ വൻതോതിൽ ജനറിക് മരുന്നുകൾ ഉത്പാദിപ്പിച്ച് കൊണ്ടുമാത്രമേ കുറഞ്ഞ വിലയ്ക്ക് മരുന്നുകൾ ലഭ്യമാക്കാനാകൂ. അതിനായി പൊതുമേഖലാ ഔഷധ കമ്പനികൾ വിപുലീകരിച്ച് ശക്തിപ്പെടുത്തുകയാണ് വേണ്ടത്. എന്നാൽ കേന്ദ്ര സർക്കാരിന്റെ ആരോഗ്യനയത്തിൽ പൊതുമേഖലാ ഔഷധകമ്പനികളൊന്നും രാജ്യത്തിന് ആവശ്യമില്ല എന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഈ സാഹചര്യത്തിൽ ജനറിക് ഔഷധങ്ങളെ പ്രോത്സാഹിപ്പിക്കുന്ന ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ നയം ശക്തിപ്പെടുത്തേണ്ടതുണ്ട്. കൂടുതൽ ഗുണമേന്മയുള്ള ഔഷധങ്ങൾ ഉത്പാദിപ്പിക്കാൻ കഴിയുന്ന ആധുനിക സൗകര്യങ്ങളുള്ള സ്ഥാപനങ്ങൾ നമുക്കുണ്ടായാൽ ജനങ്ങൾക്ക് മിതമായ നിരക്കിൽ ഔഷധങ്ങൾ വിതരണം ചെയ്യാൻ സാധിക്കും. ആയതിനാൽ കേരളീയ സമൂഹത്തിന്റെ ആരോഗ്യരക്ഷയ്ക്ക് ആർദ്രം അടക്കമുള്ള പദ്ധതികളുമായി മുന്നേറുന്ന ആരോഗ്യ വകുപ്പ് ഔഷധങ്ങളുടെ ഗുണനിലവാരത്തിലും വിലനിയന്ത്രണത്തിലും അടിയന്തരശ്രദ്ധ പതിപ്പിച്ച് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഔഷധങ്ങളുടെ പരിശോധനയും നിയന്ത്രണവും സംബന്ധിച്ച വിഷയങ്ങളാണ് ബഹുമാനപ്പെട്ട മെമ്പർ ഉന്നയിച്ചത്. സംസ്ഥാനത്ത് നിലവിൽ രണ്ട് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളാണുള്ളത്. ഒന്ന് തിരുവനന്തപുരത്തും മറ്റൊന്ന് എറണാകുളത്ത് കാക്കനാടുമാണ് പ്രവർത്തിക്കുന്നത്. ഇവ രണ്ടും ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് പ്രകാരമുള്ള സ്റ്റാറ്റ്യൂട്ടറി ലാബുകളാണ്. രണ്ട് ലാബുകളിലുംകൂടി പ്രതിവർഷം പതിനായിരത്തോളം സാമ്പിളുകളുടെ ഗുണനിലവാര പരിശോധന നടത്തിവരുന്നു. തൃശ്ശൂരിൽ ഇത്തരത്തിലുള്ള ഒരു ലാബിന്റെ പണി പൂർത്തിയായിട്ടുണ്ട്. അതിന്റെ പ്രവർത്തനം അടിയന്തരമായി ആരംഭിക്കാൻ സാധിക്കും. ഈ ലബോറട്ടറികൂടി പ്രവർത്തന സജ്ജമാകുന്നതോടെ പ്രതിവർഷം പതിനയ്യായിരത്തോളം മരുന്ന് സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്ക് വിധേയമാക്കാൻ സാധിക്കും. കെ.എം.എസ്.സി.എൽ (കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡ്) ഗുണനിലവാര പരിശോധനയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ മരുന്നുകൾ സ്വീകരിക്കുന്നത്. ഡ്രഗ്സ് കൺട്രോളർ വിഭാഗത്തിൽനിന്നും ഫാർമസി കോളേജിൽനിന്നുമുള്ള വിദഗ്ദ്ധർ ഉൽപ്പാദകരുടെ ഫാക്ടറിയടക്കം സന്ദർശിച്ചുകൊണ്ടാണ് ഇപ്പോൾ മരുന്ന്

വാങ്ങുന്നതിനുള്ള ദർഘാസ് ഉടമ്പടി ഒപ്പുവയ്പ്പിക്കുന്നത്. ദർഘാസ് ക്ഷണിച്ചതിനുശേഷം വളരെപ്പെട്ടെന്നുതന്നെ ഇത്തരത്തിലുള്ള മരുന്ന് നിർമ്മാണ ഫാക്ടറികൾ സന്ദർശിക്കുകയും ചെയ്യും. വിവരങ്ങളെല്ലാം മനസ്സിലാക്കിയതിനു ശേഷം മാത്രമേ ക്വട്ടേഷനിൽ പങ്കെടുക്കുന്നതിന് മരുന്ന് നിർമ്മാതാക്കളെ അനുവദിക്കുകയുമുള്ളൂ. ക്വാളിറ്റി കൺട്രോൾ വിഭാഗം ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഇപ്പോൾ എംപാനൽഡ് ലബോറട്ടികളെയടക്കം ഉപയോഗപ്പെടുത്തിക്കൊണ്ടാണ് ഇക്കാര്യങ്ങൾ ചെയ്തുവരുന്നത്. ഇതിനുള്ള വിദഗ്ദ്ധ കമ്മിറ്റികൾ ലാബുകളിൽ നിരീക്ഷണം നടത്തി അവയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ എംപാനൽഡ് ലാബുകളെ തെരഞ്ഞെടുക്കുന്നത്. എംപാനൽഡ് ലാബുകളുടെ പരിശോധനാഫലം ക്വാളിറ്റി കൺട്രോൾ വിഭാഗം നിരന്തരം സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നുണ്ട്. ഓരോ വർഷവും മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ 10 ശതമാനത്തിൽ കുറയാത്ത സാമ്പിളുകൾ ശേഖരിച്ച് മരുന്നുകളുടെയും ഉൽപ്പാദകരുടെയും പേരും മറ്റ് വിവരങ്ങളും മായ്ച്ചുകളഞ്ഞതിനുശേഷം കോർപ്പറേഷന്റെ സോഫ്റ്റ്‌വെയർ നൽകുന്ന സാമ്പിൾ കോഡ് ലേബൽ പതിപ്പിച്ച് ഡീ-കോഡ് ചെയ്യുന്ന സാമ്പിളുകളാണ് എംപാനൽഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിലേയ്ക്ക് അയച്ചുവരുന്നത്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ പ്രധാനപ്പെട്ട ചില ലാബുകളെ എംപാനൽഡ് ലാബുകളായി സ്വീകരിക്കുകയും അവിടെ പരിശോധനയ്ക്കായി അയയ്ക്കുകയും ചെയ്യുന്നുണ്ട്. അവിടെ മറ്റൊരു തരത്തിലുള്ള സ്വാധീനവും ഉണ്ടാകാതിരിക്കുന്നതിനാണ് ഡീ-കോഡ് ചെയ്യുന്ന സാമ്പിളുകൾ പരിശോധനയ്ക്കായി അയയ്ക്കുന്നത്. അതെല്ലാം വളരെ ശാസ്ത്രീയമായിട്ടാണ് പരിശോധിച്ചുകൊണ്ടിരിക്കുന്നത്. ഇങ്ങനെയുള്ള പരിശോധനയിൽ ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം വളരെപ്പെട്ടെന്നുതന്നെ നിർത്തലാക്കുകയും മരുന്ന് വാങ്ങാതിരിക്കാനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. എന്നാൽ ഗുണനിലവാരമുള്ളതായി കണ്ടെത്തിയാൽ പ്രസ്തുത മരുന്നിന് പുനരുപയോഗത്തിനുള്ള മോചനാനുമതി നൽകും. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽ ഏതെങ്കിലുമൊരു മരുന്നിനെക്കുറിച്ച് പരാതി ഉണ്ടായാൽ അത് വളരെ പെട്ടെന്നുതന്നെ പരിശോധിക്കുകയും നിജസ്ഥിതി മനസ്സിലാക്കിയതിനു ശേഷം ആ ബാച്ചിൽപ്പെട്ട മരുന്നിന്റെ ഉപയോഗം റദ്ദാക്കുകയും ഫ്രീസ് മെമ്മോ കൊടുക്കുകയുമാണ് ചെയ്യുന്നത്. അതിനുശേഷം വിദഗ്ദ്ധ പരിശോധനയ്ക്കായി സർക്കാരിന്റെ നേതൃത്വത്തിലുള്ള തിരുവനന്തപുരത്തെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ അയച്ച് മരുന്നിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുകയും ചെയ്യുന്നു.

ഗുണനിലവാരമില്ലെന്ന് കണ്ടെത്തിയാൽ ആ മരുന്നിന്റെ ഉപയോഗം അപ്പോൾ തന്നെ നിർത്തലാക്കുകയും ഗുണനിലവാരമുണ്ടെന്ന് കണ്ടെത്തിയാൽ പുനരുപയോഗത്തിന് പ്രാപ്തമാക്കുകയുമാണ് ചെയ്യുന്നത്. ഇതുകൂടാതെ കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്ന് ഡ്രഗ് ഇൻസ്പെക്ടർമാർ സാമ്പിളുകൾ ശേഖരിച്ച് സ്റ്റാറ്റ്യൂട്ടറി അനാലിസിസ് നടത്തുകയും ചെയ്യുന്നുണ്ട്. ഏതെങ്കിലും ഉൽപ്പാദകരുടെ ഒരു മരുന്നിന്റെ രണ്ടിലധികം ബാച്ചുകൾ ഗുണനിലവാര മില്ലാത്തതായി കണ്ടാൽ ആ മരുന്നിനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയാണ് ചെയ്യുന്നത്. അതുപോലെ ഏതെങ്കിലും ഉൽപ്പാദകൻ വിതരണം ചെയ്യുന്ന രണ്ടിനം മരുന്നുകൾ കരിമ്പട്ടികയിൽ ഉൾപ്പെടുത്തപ്പെട്ടാൽ ആ കമ്പനിയെത്തന്നെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുകയും മൂന്നുവർഷത്തേയ്ക്ക് കോർപ്പറേഷന്റെ ഒരു ദർഘാസ് നടപടിയിലും പങ്കെടുപ്പിക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്യുന്നു. കോർപ്പറേഷൻ സംഭരിച്ച് വിതരണം ചെയ്യുന്ന മരുന്നുകളിൽനിന്ന് 10 ശതമാനത്തിൽ കുറയാത്ത സാമ്പിളുകൾ ഗുണനിലവാര പരിശോധനയ്ക്കായി അയയ്ക്കുന്നതിനുപുറമെ കരിമ്പട്ടികയുടെ പരിധിയിൽവരുന്ന മരുന്നുകളുടെയും മറ്റ് ബാച്ചുകളുടെയും ലഭ്യമായ സാമ്പിളുകൾ ഗുണനിലവാര പരിശോധന നടത്താനായി തിരുവനന്തപുരത്തെ ലാബിലേയ്ക്കയയ്ക്കുകയും ചെയ്യുന്നുണ്ട്. ഒരു ഉൽപ്പാദകൻ വിതരണം ചെയ്യുന്ന ഒന്നോ അതിലധികമോ മരുന്നുകൾ കാഴ്ചയിൽ സമാനമാകാനോ നിറത്തിലോ മറ്റ് അടയാളങ്ങളിലോ തെറ്റിദ്ധാരണ ഉളവാക്കാനോ പാടില്ലെന്ന് ദർഘാസ് വ്യവസ്ഥയിൽ പ്രത്യേകം നിർദ്ദേശിച്ചിട്ടുണ്ട്. ഇത്തരത്തിൽ എല്ലാ പിഴവുകളും പഴുതുകളും അടച്ചുകൊണ്ടുള്ള ഒരു സമീപനമാണ് ദർഘാസ് ക്ഷണിക്കുന്നതിന് സ്വീകരിക്കുന്നത് എന്നുള്ളതും വ്യക്തമാക്കുകയാണ്. കാഴ്ചയിലോ നിറത്തിലോ സമാനമായ മരുന്നുകൾ വിതരണം ചെയ്താൽ ഉൽപ്പാദകരിൽനിന്നും പിഴ ഈടാക്കാനുള്ള നടപടിയും സ്വീകരിക്കുന്നുണ്ട്. 2017-18-ൽ ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് ഈ പ്രശ്നം പരിഹരി ക്കുന്നതിനായി ഈ ഗവൺമെന്റ് കളർകോഡ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ ശീതോഷ്മാവിൽ സൂക്ഷിക്കേണ്ട മരുന്നുകളും നാർക്കോട്ടിക് വിഭാഗത്തിൽപ്പെട്ട അത്തരത്തിലുള്ള മരുന്നുകളും ഗുണനിലവാര പരിശോധനയ്ക്കായി നോയിഡയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ബയോളജിക്കൽസിലേയ്ക്ക് അയച്ചുകൊടുക്കുകയാണ് ചെയ്യുന്നത്. അതിനുള്ള സമീപനവും സ്വീകരിക്കുന്നുണ്ട്. ഇതിനാവശ്യമായിട്ടുള്ള ഉദ്യോഗസ്ഥരെ ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറികളിൽനിന്നും മരുന്നിന്റെ ഗുണനിലവാരം ഉറപ്പാക്കുന്നതിനായി ഡെപ്യൂട്ടേഷനിൽ നിശ്ചയിച്ചിട്ടുണ്ട് എന്നുള്ളതും അറിയിക്കുകയാണ്. പൊതുമേഖലാ സ്ഥാപനങ്ങളായ

ചില ലാബുകളെ എംപാനൽഡ് ചെയ്തുകൊണ്ട് ഉപയോഗപ്പെടുത്തുന്നുണ്ട്. പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡിന്റെ NABL അക്രഡിറ്റേഷനുള്ള ലബോറട്ടറിയായ ഫാർമാ ആന്റ് അലൈഡ് ടെസ്റ്റിംഗ് ലബോറട്ടറിയെ എംപാനൽഡ് ഡ്രഗ്സ് ലബോറട്ടിയുടെ ലിസ്റ്റിൽപ്പെടുത്തിയിട്ടുണ്ട്. അതുപോലെതന്നെ തൃശ്ശൂരിൽ പുതിയ ലബോറട്ടറി തുടങ്ങുന്ന കാര്യം ഞാൻ പറഞ്ഞു. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച കാഷ്യൂ എക്സ്പോർട്ട് ആന്റ് പ്രൊമോഷൻ കൗൺസിലിന്റെ ലാബ്, ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയല്ല. ഇവിടെ മരുന്ന് ടെസ്റ്റ് ചെയ്യാൻ സാധിക്കുകയില്ല. ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം പരിശോധിക്കാനാണ് ഈ ലബോറട്ടറി ഒരുക്കിയിരിക്കുന്നത്. പ്രസ്തുത ലബോറട്ടറിയിൽ ഡ്രഗ് ടെസ്റ്റ് ചെയ്യാനുള്ള സൗകര്യങ്ങളൊരുക്കുന്ന മുറയ്ക്ക് അതിനെയും നമുക്ക് എംപാനൽഡ് ലിസ്റ്റിൽപ്പെടുത്താൻ സാധിക്കുന്നതാണ്. സംസ്ഥാന ഡ്രഗ്സ് കൺട്രോൾ വകുപ്പും കേന്ദ്ര ഡ്രഗ്സ് കൺട്രോൾ സ്റ്റാൻഡേർഡ് ഓർഗനൈസേഷനും ചേർന്ന് പരിശോധന നത്തിയതിനുശേഷമാണ് ഇത്തരം ലബോറട്ടികൾക്ക് മരുന്ന് പരിശോധിക്കാനുള്ള അനുമതി ലഭ്യമാകുന്നത്. ഇവിടെ ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ച ആലപ്പുഴയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിനും മരുന്ന് ടെസ്റ്റ് ചെയ്യുന്നതിനുള്ള അനുമതിയും സൗകര്യങ്ങളുമില്ല. ഇത് രോഗം പരത്തുന്ന വൈറസുകളെക്കുറിച്ചുള്ള പഠനത്തിനാണ് ഉപയോഗിക്കുന്നത്. കെ.എസ്.ഡി.പി. (കേരള സ്റ്റേറ്റ് ഡ്രഗ്സ് ആന്റ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ്)-യുടെ പരിശോധനാ ലാബിൽ ഇപ്പോൾ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ മരുന്നുകൾ പരിശോധനയ്ക്ക് അയയ്ക്കുന്നുണ്ട്. കെ.എം.എസ്.സി.എൽ. സപ്ലൈ ചെയ്യുന്ന എല്ലാ മരുന്നുകളും നിർമ്മാതാക്കൾ NABL അക്രഡിറ്റഡ് ഡ്രഗ്സ് ടെസ്റ്റിംഗ് ലബോറട്ടറിയിൽ ടെസ്റ്റ് ചെയ്ത് റിപ്പോർട്ട് ഹാജരാക്കുന്നതിന് ഇപ്പോൾത്തന്നെ തയ്യാറാകുന്നുണ്ട്. ഈ സർക്കാർ വന്നതിനുശേഷം കെ.എസ്.ഡി.പി.-ക്ക് വളരെ മുന്തിയ പരിഗണന നൽകിയിട്ടുണ്ട്. കെ.എസ്.ഡി.പി.-യെ മുഖ്യധാരയിലേക്ക് കൊണ്ടുവരുന്നതിനായി കോർപ്പറേഷന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും സഹായവും നൽകിവരുന്നു. 2017-18 സാമ്പത്തിക വർഷം 27 ഇനങ്ങളിലായി 25.95 കോടി രൂപയുടെ വിതരണ ഉത്തരവുകൾ കെ.എസ്.ഡി.പി.ക്ക് നൽകിയിട്ടുണ്ട്. അതുപോലെതന്നെ കെ.എസ്.ഡി.പി.-യിൽനിന്ന് സംഭരിക്കുന്ന മരുന്നുകൾക്ക് L1 റേറ്റിൽനിന്നും 25 ശതമാനം അധികതുകയും ഇളവുകളും നൽകുന്നുണ്ട്. മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ലാഭമുള്ള കാര്യമല്ലെങ്കിലും പൊതുമേഖലാ സ്ഥാപനമെന്നുള്ള നിലയിൽ കെ.എസ്.ഡി.പി.-യെ സഹായിക്കുന്നതിനു

വേണ്ടിയാണ് L1 റേറ്റിൽനിന്നും ഇളവുകൾ നൽകുന്നത്. അതുപോലെ ടെണ്ടർ നടപടിക്രമങ്ങളിൽനിന്നും നിരതദ്രവ്യം, കരുതൽ ധനം എന്നിവ സമർപ്പിക്കുന്നതിൽ നിന്നും കെ.എസ്.ഡി.പി.-യെ ഒഴിവാക്കിയിട്ടുണ്ട്. അത്തരത്തിൽ ആരോഗ്യ വകുപ്പ് കെ.എസ്.ഡി.പി.-ക്ക് വളരെ വലിയ പിന്തുണ കൊടുക്കുന്നുണ്ട്. സംസ്ഥാനത്ത് പ്രതിവർഷം ഏകദേശം എണ്ണായിരം കോടിയോളം രൂപയുടെ ഔഷധ വിറ്റുവരവ് നടക്കുന്നതായാണ് കണക്കാക്കുന്നത്. ഡ്രഗ്സ് കൺട്രോൾ വിഭാഗമാണ് ഇത്രയും ഔഷധങ്ങളുടെ ഗുണനിരവാരം പരിശോധിക്കുന്നത് എന്നുള്ളത് വ്യക്തമാക്കുകയാണ്. കാലാകാലങ്ങളായി നിരന്തരം ഇത്തരം പരിശോധന നടത്തുന്നതുകൊണ്ടാണ് നമുക്ക് ഗുണനിലവാരം ഉറപ്പാക്കാൻ കഴിയുന്നത്. എന്നാൽ മരുന്നുകളുടെ വില നിശ്ചയിക്കുന്നത് കേന്ദ്ര ഫാർമസ്യൂട്ടിക്കൽ പ്രൈസിംഗ് അതോറിറ്റി (എൻ.പി.പി.എ) ആണ്. നമുക്ക് വില നിശ്ചയിക്കാനുള്ള അധികാരമില്ല. കേന്ദ്ര വിലനിർണ്ണയ സമിതി തന്നെ വില നിശ്ചയിച്ച് തരണം. ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, കാൻസർ രോഗത്തിന്റെ ഔഷധവില സെൻട്രൽ പ്രൈസിംഗ് അതോറിറ്റി നിശ്ചയിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടതിനെത്തുടർന്ന് നിരവധി തവണ നാഷണൽ അതോറ്റിയെ ഗവൺമെന്റ് വിവരം അറിയിച്ചിട്ടുണ്ട്. വില നിശ്ചയിക്കേണ്ടത് നമ്മളല്ല. അതുകൊണ്ടാണ് കെ.എം.എസ്.സി.എൽ. സപ്ലൈ ചെയ്യുന്നതും അതേ നിലവാരത്തിലുള്ളതുമായ മരുന്നിന് പുറത്ത് കൂടുതൽ വില ഈടാക്കുന്നത്. നമുക്ക് വില നിശ്ചയിക്കാൻ സാധിക്കില്ല. കേന്ദ്ര ഏജൻസിയാണ് വില നിശ്ചയിക്കേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ : പ്ലീസ് കൺക്ലൂഡ്... 10 മിനിട്ടായി

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, വലിയ സംസ്ഥാനങ്ങളിൽത്തന്നെ വളരെ ചുരുങ്ങിയ ഡ്രഗ്സ് ടെസ്റ്റിംഗ് ലാബോറട്ടറികളാണുള്ളത്. നാടാകെ അത്തരത്തിലുള്ള ലാബുകൾ സ്ഥാപിക്കുന്നത് ശാസ്ത്രീയമല്ല. വലിയ സംസ്ഥാനങ്ങളിൽപ്പോലും ഒന്നോരണ്ടോ ലാബുകൾ മാത്രമാണുള്ളത്. നമ്മുടെ ചെറിയ സംസ്ഥാനത്ത് ഇപ്പോൾത്തന്നെ രണ്ട് ലാബുകളുണ്ട്. ഒരു ലാബ് കൂടി സ്ഥാപിക്കാൻ ഒരുങ്ങുകയുമാണ്. അപ്പോൾ കുറച്ചുകൂടി വേഗത്തിൽ മരുന്നുകളുടെ നിലവാരം പരിശോധിക്കുന്നതിന് സാധിക്കും. റാന്റം സാംപ്ലിംഗ് ടെസ്റ്റ് മാത്രമേ സാധ്യമാവുകയുള്ളൂ. അല്ലാതെ ഉൽപ്പാദിപ്പിക്കുന്ന ഔഷധം മുഴുവൻ ടെസ്റ്റിന് വിധേയമാക്കാൻ ആര് വിചാരിച്ചാലും സാധിക്കില്ല. റാന്റം സാംപ്ലിംഗ് തന്നെയാണ് അതിന് സ്വീകരിച്ചുവരുന്നത്. ആ രീതിയിൽ നിരന്തരമായ പരിശോധന നടത്തുന്നുണ്ട്. പരാതികൾ കിട്ടുന്ന സമയം ആ രീതിയിലും പരിശോധന

നടത്തുന്നുണ്ട്. നിരോധിക്കപ്പെട്ട മരുന്നുകളുടെ ലിസ്റ്റ് നമ്മുടെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. അത് നോക്കി ആളുകൾക്ക് കാര്യങ്ങൾ നിർണ്ണയിക്കാൻ സാധിക്കും. കേരളത്തിൽ മരുന്ന് ഉൽപ്പാദിപ്പിക്കുന്നത് കെ.എസ്.ഡി.പി. ആണ്. അതുകൊണ്ടുമാത്രം നമുക്ക് തികയുന്നില്ല. ഇത്രയും മരുന്ന് വിതരണം ചെയ്യാൻ മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള ഉൽപ്പാദന കേന്ദ്രങ്ങളെയും ആശ്രയിക്കേണ്ടതായി വരും. എൻ.പി.പി.എ. മരുന്നിന്റെ വില നിശ്ചയിക്കുന്നതിൽ കുറച്ചുകൂടി ശ്രദ്ധിക്കണമെന്ന് അനുഭവത്തിന്റെ വെളിച്ചത്തിൽ പറയുന്നുണ്ട്. കേരള ഗവൺമെന്റ് വലിയ പ്രാധാന്യം നൽകുന്നത് ജനറിക് മരുന്നുകൾ വിതരണം ചെയ്യുന്നതിനാണ്. അതുകൊണ്ട് ജനറിക് മരുന്നുകളാണ് നമ്മുടെ ആശുപത്രികളിലൂടെ വിതരണം ചെയ്യുന്നത്. ചില ഘട്ടങ്ങളിൽ ബ്രാന്റഡ് മരുന്നുകൾ ആവശ്യമായി വരും. കാരുണ്യ ഫാർമസികളിലൂടെ ജനങ്ങൾക്ക് അഫോർഡബിളായ രീതിയിൽ ബ്രാന്റഡ് മരുന്നുകൾ ലഭ്യമാക്കാനുള്ള പരിശ്രമവും നടത്തുന്നുണ്ട്. എന്നാൽ അതേ കാരുണ്യ ഫാർമസിയിൽ ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കേരള ജനറിക് എന്ന കൗണ്ടർ ആരംഭിക്കുകയും ജനറിക് മരുന്നുകൾ കൂടുതലായി വിതരണം ചെയ്യാനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കേരള ജനറിക്സ് കുറച്ചുകൂടി വ്യാപകമാക്കാൻ വേണ്ടി ഈ ഗവൺമെന്റ് പരിശ്രമിക്കുന്നതാണ്. മരുന്നിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിനും വിതരണം ചെയ്യുന്നതിനും വളരെ നല്ല സമീപനമാണ് ഈ ഗവൺമെന്റ് സ്വീകരിച്ചുവരുന്നതെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. ജി. എസ്. ജയലാൽ: സർ, ഇത് 8000 കോടി രൂപയുടെ വ്യാപാരം നടക്കുന്ന മേഖലയാണ്. അവിടത്തെ ചൂഷണത്തെക്കുറിച്ച് മറുപടി പറയാൻ കൂടുതൽ സമയമെടുത്താലും ബഹുമാനപ്പെട്ട ചെയർ അത് അനുവദിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. വില നിയന്ത്രണം യാഥാർത്ഥ്യമാക്കുന്നതിന് മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നേരിട്ട് മരുന്ന് വാങ്ങി വിതരണം ചെയ്യുന്നതിനെക്കുറിച്ചും അതിന്റെ എം.ആർ.പി.-യുമായി ബന്ധപ്പെട്ട വ്യത്യാസത്തെക്കുറിച്ചും പറഞ്ഞു. ഞാൻ സൂചിപ്പിച്ചതുപോലെ അതിന്റെ മൊണോപൊളി ഗവൺമെന്റിൽ നിലനിർത്താൻ, നിയമഭേദഗതി വരുത്തിയായാലും മദ്യവ്യാപാരത്തിൽ ഗവൺമെന്റ് ഇടപെടുന്നതുപോലെ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ, കൺസ്യൂമർഫെഡ്, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഉൾപ്പെടെയുള്ള ഏജൻസികളെ അത്തരത്തിൽ ഉപയോഗപ്പെടുത്തി ഈ രംഗത്ത് ഇടപെടാൻ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ, മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ചെയ്യാനുള്ള എല്ലാ കാര്യങ്ങളും ചെയ്യുന്നുണ്ട്. അതുകൊണ്ടാണ് കാൻസറിന്റെ മരുന്ന് ഉൾപ്പെടെ എം.ആർ.പി. റേറ്റിൽ നിന്ന് കുറഞ്ഞ റേറ്റിൽ ഉൽപ്പാദകരിൽനിന്ന് നേരിട്ട് സംഭരിച്ച് വിതരണം ചെയ്യുന്നത്. എന്നാൽ പൊതുമാർക്കറ്റിൽ വരുന്ന മരുന്നുകളുടെ വില നിശ്ചയിക്കുന്നതിന് നമ്മുടെ ബൈലോ ഭേദഗതി ചെയ്തതുകൊണ്ട് സാധിക്കില്ല. അത് എൻ.പി.പി.എ. ആണ് ചെയ്യുന്നത്. മരുന്നിന്റെ വില നിശ്ചയിക്കുന്നതിൽ ശാസ്ത്രീയത ഉണ്ടാകണമെന്ന് സെൻട്രൽ ഗവൺമെന്റിന് (എൻ.പി.പി.എ) എഴുതിയിട്ടുണ്ട്. അവർ വിചാരിച്ചാൽ മാത്രമേ ഇന്ന് മാർക്കറ്റിൽ കാണുന്ന മരുന്നുകളുടെ വിലയിലുണ്ടാകുന്ന ക്രമക്കേട് പരിഹരിക്കാൻ സാധിക്കുകയുള്ളൂ.

## (2) വയോജന നയ പരിഷ്കരണവും വയോജനക്ഷേമ വകുപ്പ് രൂപീകരണവും

<u>ശ്രീ. റോഷി അഗസ്റ്റിൻ</u>: സർ, സംസ്ഥാനത്തിന്റെ വയോജന നയം പരിഷ്കരിക്കേണ്ടതിന്റെയും ഒരു വയോജനക്ഷേമ വകുപ്പ് രൂപീകരിക്കേണ്ടതിന്റെയും ആവശ്യകതയിലേയ്ക്കാണ് സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. കേരളത്തിൽ മുതിർന്നവരുടെ ജനസംഖ്യ ദ്രുതഗതിയിൽ വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. പൊതുവായ ജനസംഖ്യാ വർദ്ധനവിനേക്കാൾ അധികമാണ് വയോജനങ്ങളുടെ വർദ്ധനവ്. 2011-ലെ സെൻസസ് പ്രകാരം സംസ്ഥാനത്തെ വൃദ്ധ ജനസംഖ്യ ആകെ ജനസംഖ്യയുടെ 12.83 ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ട്. നിലവിൽ മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും ക്ഷേമവും പരിരക്ഷയും സംബന്ധിച്ച് കേന്ദ്ര വയോജന സംരക്ഷണ നിയമം 2007-ന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ഗവൺമെന്റ് ചട്ടങ്ങൾ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 21 റവന്യൂ ഡിവിഷണൽ ഓഫീസർമാരെ മെയിന്റനൻസ് ട്രിബ്യൂണലായി അധികാരപ്പെടുത്തിക്കൊണ്ട് മാതാപിതാക്കളുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുന്നുണ്ട്. സംസ്ഥാന വയോജന കൗൺസിലും അവയോടനുബന്ധിച്ചുള്ള ജില്ലാ കമ്മിറ്റികൾ മുഖാന്തരവും വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിശോധിക്കുന്നതിനും പരിഹാരം കാണുന്നതിനും സംവിധാനമുണ്ടെങ്കിലും ഇതുകൊണ്ടുമാത്രം പരിഹരിക്കാവുന്ന വിഷയമല്ലാതെ ശേഷിക്കുകയാണ് ഈ വിഷയം. വയോജനങ്ങൾ സ്വന്തം മക്കളോടൊപ്പം കഴിഞ്ഞിരുന്ന സാമൂഹ്യക്രമമായിരുന്നു നമ്മുടെ നാട്ടിൽ ഉണ്ടായിരുന്നത്. എന്നാൽ തൊഴിൽ തേടി പട്ടണപ്രദേശങ്ങളിലേയ്ക്കും അന്യരാജ്യങ്ങളിലേയ്ക്കും പ്രിയപ്പെട്ടവർ കടന്നുപോയപ്പോൾ ഒറ്റപ്പെടലിന്റെ

നീർക്കയത്തിലേയ്ക്ക് വയോജനങ്ങൾ തള്ളപ്പെട്ടു. കൂട്ടുകുടുംബ സമ്പ്രദായം അണുകുടുംബങ്ങളായി വഴിമാറിയതും തൊഴിൽ തേടി പുതിയ തലമുറ മറ്റ് സ്ഥലങ്ങളിലേയ്ക്ക് കുടിയേറിയതും വയോജനങ്ങൾക്ക് കുടുംബങ്ങളിൽ ലഭ്യമായിരുന്ന സുരക്ഷാവലയം തകർക്കാനിടയായി. സമൂഹം നൽകിവരുന്ന ബഹുമാന പരിചരണമെല്ലാം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. വൃദ്ധ ജനങ്ങൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും അനുയോജ്യമായ സാമൂഹ്യ സംവിധാനങ്ങൾ വേണ്ടത്ര സൃഷ്ടിക്കുന്നതിനും നമുക്ക് കഴിയുന്നുണ്ടോയെന്ന് പരിശോധിക്കേണ്ട സമയമാണിത്. സംസ്കാരത്തെയും സമൂഹത്തെയും വളർത്തുന്നതിനും നിലനിർത്തുന്നതിനും ജീവിതകാലം മുഴുവൻ കഠിനാദ്ധ്വാനം ചെയ്തിട്ടുള്ള വയോജനങ്ങളുടെ ശിഷ്ടജീവിതം സന്തോഷകരമാക്കാനുമുള്ള ഉത്തരവാദിത്വം ഗവൺമെന്റിനുണ്ട്. ശിശു സംരക്ഷണത്തിന് നൽകുന്ന പ്രാധാന്യം വയോജന സംരക്ഷണ കാര്യത്തിലും ഉറപ്പുവരുത്തേണ്ടതുണ്ട്. വയോജനങ്ങളുടെ പരിരക്ഷ ഉറപ്പുവരുത്തിക്കൊണ്ടുള്ള പരിഷ്കരിച്ച ഒരു വയോജന നയത്തിന് രൂപം കൊടുക്കുകയും ഇതിനുവേണ്ടി ഒരു പ്രത്യേക വകുപ്പ് രൂപീകരിക്കുന്നതിനുള്ള സത്വര നടപടികൾ ഗവൺമെന്റ് സ്വീകരിക്കുകയും വേണം. ജനസംഖ്യയിൽ ഇത്രയധികം വരുന്ന വിഭാഗത്തിന് പരിരക്ഷ നൽകാൻ കഴിയത്തക്കവിധത്തിൽ ഗവൺമെന്റിന്റെ ശ്രദ്ധ ഉണ്ടാകണമെന്നാണ് എനിക്ക് ഈ ശ്രദ്ധക്ഷണിക്കലിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കേരളം അഭിമുഖീകരിക്കുന്ന വളരെ പ്രധാനപ്പെട്ട ഒരു വിഷയമാണ് വയോജനങ്ങളുടെ സുരക്ഷ സംബന്ധിച്ചുള്ള വിഷയം. രാഷ്ട്ര-സാമൂഹിക നിർമ്മാണ പ്രക്രിയകളിൽ പങ്കെടുത്ത് ജീവിതത്തിന്റെ സായന്തനത്തിൽ സമാധാനത്തോടെ ജീവിക്കാനുള്ള അവസരം ഇല്ലാതെ വരുന്നത് നമ്മുടെ സമൂഹം ചെയ്യുന്ന വലിയ തെറ്റാണെന്നുള്ളത് നാം കാണണം. ഈ ഗവൺമെന്റും സാമൂഹ്യനീതി വകുപ്പും വയോജനങ്ങളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഏറ്റവും വലിയ പരിഗണനയാണ് നൽകിക്കൊണ്ടിരിക്കുന്നത്. കേരളത്തിലെ മുതിർന്നവരുടെ ജനസംഖ്യ അനുദിനം വർദ്ധിച്ചുവരികയാണ്. 2011-ലെ സെൻസസ് പ്രകാരം 60 വയസ്സിന് മുകളിലുള്ളവരുടെ ജനസംഖ്യാനിരക്ക് 12.83 ശതമാനമാണ്. ഇത് സമൂഹത്തിൽ വളരെ പോസിറ്റീവായിട്ടുള്ള കാര്യമാണ്. ജീവിത നിലവാരം ഉയർന്നതിന്റെയും മറ്റും ഭാഗമായി പ്രതീക്ഷിത ആയുസ് വർദ്ധിച്ചതിന്റെ ഫലമായാണ് വയോജനങ്ങളുടെ സംഖ്യയിൽ വർദ്ധനവുണ്ടാകുന്നത്. ഇത് വളരെ പുരോഗമനപരമായുള്ള കാര്യമാണ്. എന്നാൽ 60 വയസ്സിന് മുകളിലുള്ള ഇത്രയേറെ

വരുന്ന ജനവിഭാഗം വലിയ ബുദ്ധിമുട്ട് സഹിച്ച്, ബഹുമാനപ്പെട്ട മെമ്പർ സൂചിപ്പിച്ചതുപോലെ, വലിയ അവഗണനയും പ്രയാസവുമൊക്കെ സഹിച്ച് ജീവിക്കുക എന്നത് ഏറ്റവും സങ്കടകരമായ അവസ്ഥയാണ്. അതുകൊണ്ട് വയോജനങ്ങളുടെ സുരക്ഷിതത്വത്തിനുവേണ്ടി ഗവൺമെന്റ് ധാരാളം പദ്ധതികൾ സ്വീകരിക്കുകയാണ്. മാതാപിതാക്കളുടെയും മുതിർന്ന പൗരന്മാരുടെയും സംരക്ഷണവും ക്ഷേമവും സംബന്ധിച്ച കേന്ദ്ര നിയമത്തിന്റെ അടിസ്ഥാനത്തിൽ 2009-ൽ തന്നെ സംസ്ഥാന ഗവൺമെന്റ് ചട്ടങ്ങൾ രൂപീകരിക്കുകയും വയോജന സംരക്ഷണ നിയമം നടപ്പിലാക്കുന്നതിന് റവന്യൂ ഡിവിഷണൽ ഓഫീസർമാർ അദ്ധ്യക്ഷനായി മെയിന്റനൻസ് ട്രിബ്യൂണലുകൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇതുവഴി ധാരാളം കേസ്സുകൾ കൈകാര്യം ചെയ്യുന്നുവെങ്കിലും പലപ്പോഴും ഇത്തരം കേസ്സുകൾ കെട്ടിക്കിടക്കുന്നതായി അനുഭവത്തിൽ വന്നിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി കഴിഞ്ഞ രണ്ട് വർഷമായി ഈ ഗവൺമെന്റ് പ്രത്യേക അദാലത്തുകൾ വച്ച് ഇടപെടലുകൾ നടത്തിയിട്ടുണ്ട്. ഈ നിയമം നടപ്പിലാക്കുന്നതിന്റെ നോഡൽ ഏജൻസി എന്നുള്ള നിലയ്ക്ക് സാമൂഹ്യനീതി വകുപ്പ് ആക്ടിന്റെ ഫലപ്രദമായ നടപ്പാക്കലിനുവേണ്ടി പദ്ധതികൾ ആവിഷ്കരിച്ചിരിക്കുന്നു. വൃദ്ധരുടെ പരാതികളിന്മേൽ അടിയന്തര തീരുമാനം കൈക്കൊള്ളുന്നതിനുവേണ്ടി സർക്കാർ നോട്ടിഫൈ ചെയ്തിട്ടുള്ള മെയിന്റനൻസ് ട്രിബ്യൂണലുകളിലും ആക്ടിന്റെ നടത്തിപ്പിന് ട്രിബ്യൂണലുകളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുംവേണ്ടി 21 ടെക്നിക്കൽ അസിസ്റ്റന്റുമാരെ കരാർ വ്യവസ്ഥയിൽ നിയമിക്കുകയും അവർക്ക് പരിശീലനം നൽകുകയും ചെയ്തുകഴിഞ്ഞു. കൂടാതെ റവന്യൂ ഡിവിഷണൽ ഓഫീസർമാരെ അല്ലെങ്കിൽ സബ് കളക്ടർമാരെ ഉൾപ്പെടുത്തി ആക്ടിലെ വ്യവസ്ഥകൾ, മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു ഏകദിന പരിശീലന ക്യാമ്പ് അടുത്ത കാലത്ത് നടത്തിയിരുന്നു. ഈ നടപടിക്കുശേഷം ആക്ടിന്റെ നടത്തിപ്പിൽ നിർണ്ണായകമായ പുരോഗതി ഉണ്ടായതായാണ് കാണുന്നത്. മെയിന്റനൻസ് ട്രിബ്യൂണലുകളിൽ വിചാരണയ്ക്കായി എത്തുന്ന മുതിർന്ന പൗരന്മാർക്ക് ആവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഒരു പുതിയ പദ്ധതിയായി തന്നെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇങ്ങനെ വിപുലമായ പ്രവർത്തനങ്ങൾ സ്വീകരിച്ചുവരുന്നു. മുതിർന്ന പൗരന്മാർക്കായി അവരുടെ എല്ലാ പ്രശ്നങ്ങളും പരിഹരിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി 'സായംപ്രഭ' എന്ന പേരിൽ ഒരു അംബ്രല്ലാ സ്കീം ആരംഭിച്ചിട്ടുണ്ട്. അതിന്റെ ഭാഗമായി മുതിർന്നവർക്കുള്ള പകൽവീടുകൾ, വയോജന

മന്ദിരങ്ങൾ പരിഷ്കരിക്കൽ, അവയെ സായംപ്രഭാ മന്ദിരങ്ങളാക്കി ആധുനികവൽക്കരിക്കൽ, വയോജനങ്ങൾക്കായുള്ള സാംസ്കാരിക പരിപാടികൾ, സാമ്പത്തിക ബുദ്ധിമുട്ട് കാരണം പല്ല് വയ്ക്കാൻ കഴിയാതെവരുന്ന വയോജനങ്ങൾക്ക് പല്ല് വച്ചുകൊടുക്കുന്നതിനുള്ള 'മന്ദഹാസം' പദ്ധതി തുടങ്ങി നിരവധി പദ്ധതികളാണ് പുതുതായി ആവിഷ്കരിച്ചിട്ടുള്ളത്. കഴിഞ്ഞ വർഷത്തെ ബഡ്ജറ്റിൽ ഉൾപ്പെടുത്തിക്കൊണ്ട് 70 പകൽ വീടുകൾ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടുകൂടി നടപ്പിലാക്കാൻ തീരുമാനിച്ചു. അതിൽ ആധുനികമായ എല്ലാ സൗകര്യങ്ങളും ഡോക്ടർമാരുടെ സേവനം, വിശ്രമത്തിനും വ്യായാമത്തിനുമുള്ള സൗകര്യങ്ങൾ, ലൈബ്രറികൾ, വിനോദത്തിനുള്ള ഏർപ്പാടുകൾ തുടങ്ങി പ്രായംചെന്ന ആളുകൾക്കാവശ്യമായിട്ടുള്ള എല്ലാ കാര്യങ്ങളും ഉൾക്കൊള്ളുന്ന ആധുനിക പകൽവീടുകളാണ് ഉദ്ദേശിക്കുന്നത്. ഇന്നലെ ശ്രീ. കെ. ആൻസലൻ എം.എൽ.എ.-യുടെ നെയ്യാറ്റിൻകര മണ്ഡലത്തിൽവച്ച് ആധുനിക പകൽ വീടുകളുടെ സംസ്ഥാനതല ഉദ്ഘാടനം നിർവ്വഹിച്ചിട്ടുണ്ട്. ഹെൽപ്പേജ് ഇൻഡ്യപോലുള്ള സംഘടനകളുടെ സഹായംകൂടി ഇതിന് സ്വീകരിച്ചിട്ടുണ്ട്. അത് പ്രായംചെന്ന ആളുകൾക്ക് വലിയ ഗുണമുണ്ടാക്കുമെന്നുള്ളത് പ്രത്യേകം പറയേണ്ടതില്ല. അത്തരത്തിലുള്ള 70 ആധുനിക പകൽവീടുകൾ സംസ്ഥാനത്തിന്റെ നാനാഭാഗത്തായി വരുന്ന ഒരു വർഷത്തിനുള്ളിൽ ഉണ്ടാകുമെന്നുള്ള കാര്യംകൂടി സൂചിപ്പിക്കുന്നു. ഈ സർക്കാർ വന്നതിനുശേഷം വയോജനങ്ങൾക്കുവേണ്ടി സോഷ്യൽ സെക്യൂരിറ്റി മിഷന്റെകൂടി സഹായത്തോടുകൂടി 44 പുതിയ വയോമിത്രം പദ്ധതികൾ ആരംഭിച്ചു. ഇപ്പോൾ എല്ലാ നഗരസഭകളിലും വയോമിത്രം പ്രോജക്ടുകളായി. ഇനി ഇത് ബ്ലോക്ക് തലത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കുന്നതിന് കോഴിക്കോട് ജില്ലയിൽ അതിന്റെ സംസ്ഥാനതല ഉദ്ഘാടനം നടന്നു. എല്ലാ വികസന ബ്ലോക്കുകളിലേയ്ക്കും വയോമിത്രം പദ്ധതി വ്യാപിപ്പിക്കാൻ ഈ ഗവൺമെന്റ് നടപടിയെടുത്തിട്ടുണ്ട്. ഇതിന്റെയൊക്കെ ഫലമായാണ് കഴിഞ്ഞ വർഷത്തെ പ്രവർത്തനം വിലയിരുത്തി കേന്ദ്ര സർക്കാരിന്റെ 'വയോശ്രേഷ്ഠ' അവാർഡ് സാമൂഹ്യനീതി വകുപ്പിന് ലഭ്യമായിട്ടുള്ളത്. അതൊരു നല്ല കാര്യമായി നമുക്ക് കാണാൻ സാധിക്കും. അതുപോലെതന്നെ ഇപ്പോൾ സംസ്ഥാനത്തുടനീളം സർക്കാരിന്റെ നേതൃത്വത്തിൽ 16 സർക്കാർ വൃദ്ധസദനങ്ങളാണുള്ളത്. കൂടാതെ ഓർഫനേജ് കൺട്രോൾ ബോർഡിന്റെ കീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 617 സ്വകാര്യ സദനങ്ങളും പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 288 സ്ഥാപനങ്ങൾക്ക് സർക്കാർ ഗ്രാന്റ്

ലഭിക്കുന്നുണ്ട്. ഇവയിൽ ചിലതിന്റെ പ്രവർത്തനം അത്ര ശുഭകരമല്ല, ചിലത് നന്നായി പ്രവർത്തിക്കുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയടക്കം ഇടപെട്ടുകൊണ്ട് ഇത്തരം വൃദ്ധസദനങ്ങളിലെ പ്രായംചെന്ന ആളുകളുടെ ജീവിതം നിരീക്ഷിക്കുന്നതിന് ഒരു പ്രത്യേക കമ്മീഷനെത്തന്നെ നിശ്ചയിച്ചു. ബഹുമാനപ്പെട്ട എം. കെ. മുനീർ, എം.എൽ.എ. ഇതുസംബന്ധിച്ച് ഒരു ശ്രദ്ധക്ഷണിക്കൽ അവതരിപ്പിച്ചിരുന്നു. അതിന്റെയെല്ലാം അടിസ്ഥാനത്തിലാണ് അന്ന് ഈ കമ്മീഷനെ നിശ്ചയിച്ചത്. രാമചന്ദ്രൻ നായർ കമ്മീഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ഒട്ടേറെ നല്ല നിർദ്ദേശങ്ങൾ ആ കമ്മീഷൻ റിപ്പോർട്ടിലുണ്ട്. അതുകൂടി ഗവൺമെന്റ് പരിഗണിച്ചുകൊണ്ട് ഈ സദനങ്ങളിലുള്ളവരുടെ താമസം ഏറ്റവും സുഖപ്രദമായി മാറ്റാനുള്ള തീരുമാനങ്ങളെടുത്തിട്ടുണ്ട്. അതിന്റെ നടപടിക്രമങ്ങൾ നടത്തിവരികയാണ്. നേരത്തെതന്നെ 'വയോജന നയം' നിലവിലുണ്ട്. 2013-ൽ ആ നയം പരിഷ്കരിച്ചതാണ്. ഇടയ്ക്കിടെ നയം പരിഷ്കരിക്കേണ്ടതില്ല. എന്തെങ്കിലും പുതിയ ആവശ്യങ്ങളുണ്ടെങ്കിൽ ഭേദഗതി ചെയ്യാൻ സാധിക്കും. ഇപ്പോൾ സർക്കാർ പ്രാഥമിക സ്ഥാനം നൽകുന്നത് ഈ നയത്തെ അടിസ്ഥാനമാക്കി പ്രായോഗിക പ്രവർത്തനങ്ങളിലേയ്ക്ക് വരുന്നതിനാണ്. നേരത്തെയുള്ള നയങ്ങൾ അടിസ്ഥാനമാക്കിയുള്ള പ്രായോഗിക പ്രവർത്തനങ്ങൾക്കാണ് സർക്കാർ രൂപകൽപ്പന നൽകിയിട്ടുള്ളത്. അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചുകഴിഞ്ഞു. സാമൂഹ്യനീതി വകുപ്പ് വിഭജിച്ച് ഇപ്പോൾ രണ്ട് വകുപ്പായിട്ടുണ്ട്. സാമൂഹ്യനീതി വകുപ്പിന്റെ കീഴിൽ നേരത്തെ കൈകാര്യം ചെയ്തിരുന്ന വനിതാ ശിശുക്ഷേമ പദ്ധതികൾ പൂർണ്ണമായും വിമൻ ആന്റ് ചൈൽഡ് ഡെവലപ്മെന്റ് വകുപ്പിന്റെ കീഴിലായി മാറിയിരിക്കുന്നു. ഇപ്പോൾ സാമൂഹ്യനീതി വകുപ്പിന് കൈകാര്യം ചെയ്യേണ്ടത് പ്രായംചെന്നവരുടെയും ട്രാൻസ്ജെൻഡേഴ്സിന്റെയും ഭിന്നശേഷിക്കാരുടെയും പ്രശ്നങ്ങളാണ്. അതിന് ഈ വകുപ്പിൽ കുറേക്കൂടി സൗകര്യം വന്നിരിക്കുന്ന സാഹചര്യത്തിൽ പ്രത്യേക വകുപ്പ് രൂപീകരിക്കേണ്ടുന്ന ആവശ്യം നിലവിലില്ല. വരുന്ന മൂന്ന് വർഷങ്ങൾകൊണ്ട് കേരളത്തിലെ പ്രായംചെന്ന തലമുറയ്ക്ക് കൂടുതൽ ആശ്വാസമുണ്ടാകും. അവരോട് നീതിപുലർത്തുന്ന, അന്തസ്സുറ്റ സമീപനം 'സായംപ്രഭാ' പദ്ധതികളിലൂടെ ഈ ഗവൺമെന്റ് നടപ്പിലാക്കും. ഇപ്പോൾത്തന്നെ കുറേക്കാര്യങ്ങൾ നടപ്പിലായിക്കഴിഞ്ഞു. വരും നാളുകളിൽ കൂടുതൽ മെച്ചപ്പെട്ട പ്രവർത്തനങ്ങൾ, എല്ലാവർക്കും സമാധാനത്തോടും സന്തോഷത്തോടുംകൂടി ജീവിതത്തിന്റെ സായംകാലം ജീവിച്ചുതീർക്കാനും അവരുടെ അറിവുകൾ പുതിയ തലമുറകളിലേയ്ക്ക് പകർത്താനുമുള്ള സൗകര്യങ്ങൾ കൂടി ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു അന്തസ്സുറ്റ സമീപനം പ്രായംചെന്ന തലമുറയോട് ഈ സർക്കാർ കാണിക്കും എന്നുള്ളതാണ് പറയാനുള്ളത്.

ശ്രീ. റോഷി അഗസ്റ്റിൻ: സർ, പകൽ വീടുകളെ സംബന്ധിച്ച് സൂചിപ്പിച്ചു. അത് തീർച്ചയായും നല്ല കാര്യം തന്നെയാണ്. പക്ഷെ നമ്മുടെ സംസ്ഥാനത്ത് ഇന്ന് തദ്ദേശസ്വയംഭരണ വകുപ്പ് നിർമ്മിച്ചിരിക്കുന്ന കുറച്ചേറെ പകൽവീടുകളുണ്ട്. ഇവയിൽ പ്രവർത്തനക്ഷമമല്ലാത്തവയും സമൂഹത്തിൽ കാണാൻ കഴിയുന്നുണ്ട്. അവ പ്രവർത്തനക്ഷമമാക്കുന്നതിന് എൻ.ജി.ഒ./കുടുംബശ്രീ മുഖാന്തരം ശാക്തീകരിക്കാൻ ശ്രമിച്ചാൽ നന്നായിരുന്നു. ഇന്ന് ജീവിത നിലവാരത്തിലുള്ള മാറ്റങ്ങൾകൊണ്ട് മരണനിരക്ക് കുറഞ്ഞിരിക്കുന്നുവെന്നുള്ളത് വളരെയേറെ സന്തോഷകരമാണ്. വയോജനങ്ങൾ ഇന്ന് ജീവിതശൈലീ രോഗങ്ങളുൾപ്പെടെ നേരിടുമ്പോൾ നഗരങ്ങളിൽ അതിനുള്ള പദ്ധതി കൊണ്ടുവന്ന് അവർക്ക് സഹായങ്ങളൊക്കെ ലഭ്യമാക്കുന്നുണ്ട്. പക്ഷെ അവർക്ക് വഹിക്കാൻ സാധിക്കാത്ത നിലയിൽ ചികിത്സാച്ചെലവുകൾ വരുന്നതുകൊണ്ട്, ഇത്തരത്തിലുള്ള 60 വയസ്സ് കഴിഞ്ഞ ആളുകളെ ഉൾപ്പെടുത്തിക്കൊണ്ട് ഒരു ഇൻഷ്വറൻസ് പദ്ധതി സമഗ്രമായി രൂപപ്പെടുത്താൻ കഴിഞ്ഞാൽ സഹായകരമായിരുന്നു. ഇക്കാര്യത്തിൽ ഗവൺമെന്റ് നടപടി സ്വീകരിക്കുമോ?

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ കുറേ പകൽവീടുകൾ പലയിടങ്ങളിലായി നിർമ്മിച്ചിട്ടുണ്ട്. പലയിടത്തും അവ പ്രവർത്തനക്ഷമമല്ലാത്ത അവസ്ഥയിലാണ്. ചിലയിടത്ത് നന്നായി നടത്തുന്നുമുണ്ട്. മിക്കവാറും അടച്ചുപൂട്ടിയിട്ടുണ്ട്. സായംപ്രഭാ ഹോം നിർമ്മിക്കാൻ ആരംഭിച്ചപ്പോൾ ഒരു ജില്ലയിൽ മോഡലായി അത്യന്താധുനികമായ രീതിയിൽ ഒരു പകൽവീട് എടുക്കാമെന്നാണ് കരുതിയത്. എന്നാൽ ഇതുപോലെ കുറേസ്ഥലത്ത് പൂട്ടിയിട്ട പകൽവീടുകളുണ്ട്. ഒന്നാംഘട്ടത്തിൽ അവരെ സഹായിച്ച് അത് തുറന്നു പ്രവർത്തിപ്പിക്കാനുള്ള സമീപനം സ്വീകരിക്കാമെന്ന് കരുതിയാണ് ഇങ്ങനെയൊരു തീരുമാനമെടുത്തത്. അടുത്ത വർഷം ഏറ്റവും ആധുനികമായി ഒരു പകൽവീടെങ്കിലും ഒരു ജില്ലയിൽ ഉണ്ടാക്കാനാണ് ശ്രമിക്കുന്നത്. ഇത് ശ്രദ്ധയിൽപ്പെടുത്തുന്ന സമയത്ത് തദ്ദേശഭരണ സ്ഥാപനങ്ങളുടെ പകൽവീടുകൾ മെച്ചപ്പെടുത്താനുള്ള സഹായം ആ രീതിയിൽ ചെയ്യാം. അത് ശാക്തീകരിക്കാൻ ഇടപെടാം. മറ്റൊന്ന് ജീവിതശൈലീ രോഗങ്ങളാണ്. ഇപ്പോൾത്തന്നെ വയോമിത്രം പദ്ധതി വിപുലമാക്കുന്നത് അതിനുവേണ്ടിയാണ്. അവിടെ പ്രായംചെന്ന ആളുകൾക്ക് ജീവിതശൈലീ രോഗങ്ങൾക്കാവശ്യമായ മരുന്നുകൾ സൗജന്യമായി ലഭ്യമാകുകയാണ്. അതൊന്നുകൂടി വിപുലമാക്കാൻ, ഇപ്പോൾ ആരംഭിക്കുന്ന ഫാമിലി ഹെൽത്ത് സെന്ററുകളിൽ വയോജനങ്ങൾക്ക് ഇത്തരത്തിലുള്ള എല്ലാ ഔഷധങ്ങളും സൗജന്യമായി ലഭ്യമാക്കാനുള്ള നടപടി

സ്വീകരിച്ചിട്ടുണ്ട്. പിന്നെ പറഞ്ഞിട്ടുള്ളത് ഇൻഷ്വറൻസിനെ സംബന്ധിച്ചാണ്. വയോജനങ്ങൾക്ക് മാത്രമല്ല, കേരളത്തിൽ ഒരു സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിന് കഴിഞ്ഞ ബഡ്ജറ്റിൽ പ്രഖ്യാപിക്കണമെന്ന് കരുതി രൂപരേഖ തയ്യാറാക്കിയതാണ്. പക്ഷെ കേന്ദ്ര ഗവൺമെന്റിന്റെ ഒരു ഇൻഷ്വറൻസ് പദ്ധതി തൊട്ടുമുമ്പത്തെ ദിവസം പ്രഖ്യാപിച്ചപ്പോൾ അതുമായി ബന്ധപ്പെട്ട് വേണോ എന്ന ഒരു ചർച്ചയിലാണ്. അതിൽ നമുക്ക് ചെറിയ വിഹിതം മാത്രമേ ലഭ്യമാകുകയുള്ളൂ എന്നാണ് ഇപ്പോൾ മനസ്സിലാക്കാൻ കഴിയുന്നത്. ഏതായാലും അത് ഒന്നുകൂടി മനസ്സിലാക്കിക്കൊണ്ട് സമഗ്രമായ ഒരു ഇൻഷ്വറൻസ് പദ്ധതി കേരളത്തിലുള്ള എല്ലാവർക്കുംവേണ്ടി പ്രഖ്യാപിക്കാനാഗ്രഹിക്കുന്നുണ്ട്. അതിന്റെകൂടെ വയോജനങ്ങൾക്ക് പ്രത്യേക രീതിയിലുള്ള പരിഗണന നൽകാൻ സാധിക്കും.

## IV സബ്മിഷൻ

### (1) ഷഹീറിനെ വെട്ടിപ്പരിക്കേൽപ്പിച്ചത് സംബന്ധിച്ച്

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ജൂൺ 15, വെള്ളിയാഴ്ച ചെറിയ പെരുന്നാൾ ദിവസം പരവൂർ പൂക്കുളം സുനാമി ഫ്ലാറ്റിലെ ബന്ധുവീട്ടിൽ പെരുന്നാൾ പ്രമാണിച്ചെത്തിയ യൂത്ത് കോൺഗ്രസ് കൊല്ലം സെൻട്രൽ മണ്ഡലം പ്രസിഡന്റ് ഷഹീറിനെ പള്ളിത്തോടത്തെ ഡി.വൈ.എഫ്.ഐ. പ്രവർത്തകരായ വൈശാഖ്, സദ്ദാം, ഹുസൈൻ, ഗദ്ദാഫി, താന്നി നിധിൻ എന്നിവരുടെ നേതൃത്വത്തിൽ മാരകായുധങ്ങളുമായി ആക്രമിക്കുകയും ഷഹീറിന് അതീവ ഗുരുതരമായ പരിക്കേൽക്കുകയുമുണ്ടായി. ശരീരത്തിൽ വടിവാളുകൊണ്ട് മാരകമായ പതിനഞ്ചോളം വെട്ടുകൾ ഏൽക്കുകയുണ്ടായി. കമ്പിവടികൊണ്ടുള്ള അടിയേറ്റ ഷഹീറിന്റെ നട്ടെല്ലിനും മാരകമായ പരിക്കേൽക്കുകയുണ്ടായി. ഷഹീർ ഇപ്പോൾ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. ഡി.വൈ.എഫ്.ഐ. നേതാവായ സുധീറാണ് ഈ അക്രമത്തിന് നേതൃത്വം നൽകിയത്. ഇയാൾ ഷഹീറിന്റെ കുടുംബത്തിനുനേരെ വധഭീഷണി മുഴക്കിയിട്ടുണ്ട്. പള്ളിത്തോടം മേഖലയിൽ അടുത്തിടെ നിരവധി സംഭവങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് പ്രത്യേകം ചൂണ്ടിക്കാണിക്കട്ടെ. മേയ് 30-ന് പള്ളിത്തോടം തടിപ്പാലം ഓട്ടോറിക്ഷാ സ്റ്റാന്റിൽ യൂത്ത് കോൺഗ്രസ് യൂണിറ്റ് സമ്മേളനവും നിർദ്ധന വിദ്യാർത്ഥികൾക്കുള്ള പഠനോപകരണ വിതരണവും നടത്തി. ഇത് അലങ്കോലമാക്കാൻ ഡി.വൈ.എഫ്.ഐ. അക്രമം അഴിച്ചുവിട്ടു. തുടർന്ന് പോലീസ് സംരക്ഷണത്തിലാണ് യോഗം നടന്നത്. ഇതെല്ലാമാണ് ഷഹീറിനോട് വൈരാഗ്യമുണ്ടാകാനുള്ള കാരണം. ഞാൻ ഇന്നലെ ആശുപത്രിയിൽ പോയി ആ ചെറുപ്പക്കാരനെ കണ്ടു. വളരെ ഭീകരവും ക്രൂരവുമായ മർദ്ദനമാണുണ്ടായത്.

പക്ഷെ ആരെയും ഇതുവരെ പോലീസ് അറസ്റ്റ് ചെയ്തിട്ടില്ല. ഇത് വളരെ ഗുരുതരമായ പ്രശ്നമാണ്. മാരകമായി ഷഹീറിനെ വെട്ടിപ്പരിക്കേൽപ്പിച്ച ആളുകളുടെ പേരിൽ ശക്തമായ നടപടിയും അറസ്റ്റും ഉണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

11.00 Am]

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, പരവൂർ പോലീസ് സ്റ്റേഷൻ പരിധിയിൽ പൂക്കുളം ഫ്ലാറ്റിന് സമീപം 15-6-2018-ന് സുഹൃത്തുക്കളുമായി സംസാരിച്ചുകൊണ്ടുനിന്ന യൂത്ത് കോൺഗ്രസ് പ്രവർത്തകനായ ഷഹീറുമായി പള്ളിത്തോടം സ്വദേശികളായ സദ്ദാമും അനുജൻ ഗദ്ദാഫിയും കണ്ടാലറിയാവുന്ന എട്ടോളംപേരും ചേർന്ന് സംഘട്ടനത്തിലേർപ്പെടുകയും അദ്ദേഹത്തെ വെട്ടിപ്പരിക്കേൽപ്പിക്കുകയും ചെയ്തു. ഇക്കാര്യത്തിൽ ഷഹീറിന്റെ സുഹൃത്ത് സന്തോഷിന്റെ മൊഴിപ്രകാരം IPC 143, 144, 147, 148, 324, 307, 149 എന്നീ വകുപ്പുകൾ ചേർത്ത് ക്രൈം 515/18 ആയി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷിച്ചുവരുന്നു. പ്രതികളിൽ ആറുപേരെ തിരിച്ചറിഞ്ഞിട്ടുള്ളതും മറ്റു പ്രതികളെ കണ്ടെത്താനുള്ള ഊർജ്ജിത ശ്രമം നടന്നുവരുന്നതുമാണ്. പരിക്കേറ്റ ഷഹീർ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിത്സയിൽ കഴിഞ്ഞുവരുന്നു. അന്വേഷണത്തിൽ ഈ കേസിൽ പ്രതികളിലൊരാളായ വിവേക് സംഘട്ടനത്തിൽ പരിക്കേറ്റ് കൊല്ലം മെഡിസിറ്റി ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നതായി വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പോലീസ് നിരീക്ഷണം ഏർപ്പെടുത്തിയിട്ടുണ്ട്. കേസ്സിലുൾപ്പെട്ട വിവേകിന് പരിക്കുപറ്റിയ കാര്യത്തിന് ബന്ധുവിന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ IPC 341, 294(b), 324 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം 516/18 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. പരവൂർ സർക്കിൾ ഇൻസ്പെക്ടറുടെ നേതൃത്വത്തിൽ ആറുപേരടങ്ങിയ ഒരു സ്പെഷ്യൽ ടീമിനെ നിയോഗിച്ച് പ്രതികളെ കണ്ടെത്തുന്നതിനായി ഊർജ്ജിതമായ അന്വേഷണം നടത്തിവരുന്നു. ...........(ബഹളം)...........

ശ്രീ. ഷാഫി പറമ്പിൽ : മൈക്ക് ഓഫ്. ......(ബഹളം)........

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞതനുസരിച്ച് വാദി പ്രതിയായിരിക്കുകയാണ്. ഇറച്ചി തൂക്കുന്ന ഹുക്കുകൊണ്ട് തൂക്കിയെടുത്ത് അതിഭീകരമായി മർദ്ദിച്ചതിനാൽ 79 സ്റ്റിച്ചുകളോടെ അയാൾ ആശുപത്രിയിൽ ചികിത്സയിലാണ്. തലയ്ക്കുമാത്രം 18 സ്റ്റിച്ചുണ്ട്. ഇത്രയും സംഭവമുണ്ടായിട്ടും ഒരാളെയും ഇതുവരെ അറസ്റ്റ് ചെയ്തിട്ടില്ല. എന്നിട്ട് അയാളുടെ

പേരിൽ തിരിച്ച് കേസെടുത്തിരിക്കുന്നു. ശ്രീ. കടകംപള്ളി സുരേന്ദ്രന് ഇതിനെക്കുറിച്ച് പറയാൻ കഴിയുമോയെന്ന് എനിക്കറിയില്ല. ഏതായാലും മുഖ്യമന്ത്രി വന്നിട്ട് ഈ കാര്യത്തിന് മറുപടിയുണ്ടാകണം. ഇത് വളരെ ഗൗരവമായൊരു വിഷയമാണ്. ഒരു ചെറുപ്പക്കാരനെ ഇത്രയും ഭീകരമായി മർദ്ദിച്ച ഒരു സംഭവം അടുത്തകാലത്തൊന്നും ഉണ്ടായിട്ടില്ല.

## (2) ട്രെയിനുകൾക്ക് നേരെയുള്ള കല്ലേറ്

ശ്രീ. എം. ഉമ്മർ: സർ, സംസ്ഥാനത്ത് ട്രെയിൻ യാത്ര പൊതുവെ സുരക്ഷിതമായിട്ടാണ് കണക്കാക്കപ്പെടാറുള്ളത്. എന്നാൽ തിരുവനന്തപുരം-പാലക്കാട് റെയിൽവേ ഡിവിഷനിൽ യാത്ര ചെയ്യുന്ന യാത്രക്കാർക്കും റെയിൽവേ ജീവനക്കാർക്കും ജീവനുതന്നെ ഹാനികരമായ രീതിയിൽ പല സ്ഥലങ്ങളിലും കല്ലേറ് നടക്കുകയാണ്. ശബരി എക്സ്പ്രസ്സിൽ യാത്ര ചെയ്ത പ്രീതാമോൾ എന്ന 23 വയസ്സുള്ള ഒരു നഴ്സിന്റെ കണ്ണ് നഷ്ടപ്പെട്ടു. അതുപോലെ ജനശതാബ്ദി എക്സ്പ്രസ്സിൽ ലോക്കോ പൈലറ്റിന് അപകടമുണ്ടായി. കോട്ടയത്തുവച്ച് പരശുറാം എക്സ്പ്രസ്സിനുനേരെയും 2017 ഒക്ടോബർ 21- ന് തിരുവനന്തപുരം വേളിയിൽ വച്ച് ജനശതാബ്ദിക്കുനേരെയും കടയ്ക്കാവൂരിൽവച്ച് ചെന്നൈ മെയിലിനുനേരെയും കല്ലേറുണ്ടായി. 2017 ഒക്ടോബർ 23-ന് കാസർഗോഡ് കളനാട് റെയിൽവേ സ്റ്റേഷനിൽ ചെന്നൈ-മാംഗ്ലൂർ എക്സ്പ്രസ്സിനുനേരെയും കണ്ണൂർ പാപ്പിനിശ്ശേരിയിൽ വച്ച് മാംഗ്ലൂർ-കോയമ്പത്തൂർ ഇന്റർസിറ്റിക്കുനേരെയും കല്ലേറുണ്ടായി. ഇതിലൊക്കെ നിരവധി ആളുകൾക്ക് പരിക്കേൽക്കുകയാണ്. ഗാന്ധിധാം-നാഗർകോവിൽ എക്സ്പ്രസ്സിനുനേരെ ചെറുവത്തൂരുവച്ചും മാംഗ്ലൂർ-തിരുവനന്തപുരം എക്സ്പ്രസ്സിനുനേരെ കാഞ്ഞങ്ങാടുവച്ചും 2017-ന് സൗവർദ്ധന എക്സ്പ്രസ്സിനുനേരെ മഞ്ചേശ്വരത്തുവച്ചും മയ്യനാടുവച്ചും കല്ലേറുണ്ടായി. 2017-ൽ മാത്രം പാലക്കാട് ഡിവിഷനിൽ 47 കേസുകളാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. 2018 മേയ് മാസംവരെ 17 കേസ്സുകൾ. പലതും ക്രൂരമായ വിനോദമായിട്ടാണ് കണക്കാക്കപ്പെടുന്നത്. ഇതുവരെ ഇതുമായി ബന്ധപ്പെട്ട കുറ്റവാളികളെ കണ്ടെത്താനോ പിടിക്കാനോ കഴിഞ്ഞിട്ടില്ല. 17 വയസ്സിനുതാഴെ പ്രായമുള്ള ചെറുപ്പക്കാരായ കുട്ടികളുടെ ക്രൂരമായ വിനോദത്തിന് ഇരയാകുന്നവർ നിരപരാധികളായ യാത്രക്കാരാണ്. സ്ഥല വ്യത്യാസമില്ലെന്നതാണ് ഇതിന്റെ പ്രത്യേകത. തിരുവനന്തപുരം മുതൽ കാസർഗോഡ്/പാലക്കാട് വരെയുള്ള പല സ്ഥലങ്ങളിലായി നിരവധി കേസ്സുകൾ രജിസ്റ്റർ ചെയ്യുന്നുണ്ട്. പക്ഷെ കുറ്റവാളികളെ പിടിക്കാനോ ശിക്ഷിക്കാനോ കഴിയുന്നില്ല. ഒരു ബന്ദിന്റെയോ സമരത്തിന്റെയോ പേരിലാണ് ഇങ്ങനെ ചെയ്യുന്നതെങ്കിൽ നമുക്ക് മനസ്സിലാക്കാം. ഒരു കാരണവുമില്ലാതെ ആരോ കല്ലെറിഞ്ഞുകൊണ്ട് ധാരാളംപേർക്ക്

പരിക്കേൽപ്പിക്കുന്ന വളരെ ക്രൂരമായ സംഗതി സംസ്ഥാനത്തുണ്ട്. നാളെ ആർക്കാണ് കല്ലേറ് കൊള്ളുകയെന്ന് പറയാൻ കഴിയില്ല. വിൻഡോ സീറ്റിലിരുന്ന് യാത്രചെയ്യുന്ന ആളുകൾക്കൊക്കെ അപകടം പറ്റുന്ന നിരവധി കേസ്സുകളുണ്ടാകുന്നുണ്ട്. ലോക്കോ പൈലറ്റുമാർക്കും മറ്റ് റെയിൽവേ ജീവനക്കാർക്കുമൊക്കെ അപകടം സംഭവിക്കുന്നുണ്ട്. അതുകൊണ്ട് റെയിൽവേ പോലീസുമായി ബന്ധപ്പെട്ട് ഈ പ്രശ്നം അടിയന്തരമായി പരിഹരിക്കുന്നതിനുവേണ്ടി, ഈ സംഭവങ്ങളുണ്ടായ സ്ഥലങ്ങളിലൊക്കെ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കാൻ കഴിയുമെങ്കിൽ അത്, അല്ലെങ്കിൽ നിരന്തരമായി നിരീക്ഷണം നടത്തി കുറച്ചെങ്കിലും കുറ്റവാളികളെ പിടികൂടി നിയമപരമായ നടപടിയെടുത്താൽ മാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയുള്ളൂ. അതുകൊണ്ട് ഗുരുതരമായ ഈ പ്രശ്നത്തിൽ സംസ്ഥാന ഗവൺമെന്റും ആഭ്യന്തര വകുപ്പും സന്ദർഭോചിതമായി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, കേരളത്തിലെ ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ലക്ഷ്യം വച്ച് പോലീസ് സൂപ്രണ്ടിന്റെ കീഴിൽ ഒരു റെയിൽവെ പോലീസ് യൂണിറ്റ് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ യൂണിറ്റിനുകീഴിൽ എല്ലാ പ്രധാന റെയിൽവേ സ്റ്റേഷനുകളിലും പോലീസ് സ്റ്റേഷനുകളുണ്ട്. യാത്രക്കാർക്കും റെയിൽവേ ജീവനക്കാർക്കും സുരക്ഷ ഒരുക്കുന്നതിന്റെ ഭാഗമായി റെയിൽവെ സംരക്ഷണ സേനയുമായി സഹകരിച്ച് ഓരോ ട്രെയിനിലും എസ്കോർട്ട് ഡ്യൂട്ടിയും ഏർപ്പെടുത്തിയിട്ടുണ്ട്. ഓടിക്കൊണ്ടിരിക്കുന്ന ട്രെയിനുകളിലുൾപ്പെടെ യാത്രക്കാർക്കും ജീവനക്കാർക്കും ഹാനികരമായ രീതിയിൽ കല്ലേറ് നടന്ന ഒറ്റപ്പെട്ട ചില സംഭവങ്ങളുണ്ടായിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ ഇത്തരം 18 കേസ്സുകളാണുണ്ടായിട്ടുള്ളത്. പരിക്കേറ്റവരെ യഥാസമയം ആശുപത്രിയിലെത്തിച്ച് വൈദ്യസഹായം നൽകിയിട്ടുണ്ട്. റെയിൽവേ പ്ലാറ്റ്ഫോം, റെയിൽവേ ട്രാക്കുകൾ എന്നിവ കേന്ദ്രീകരിച്ച് പട്രോളിംഗും ബീറ്റും നടത്തിയും സ്റ്റേഷൻ മൊബൈലുകളിലൂടെ ഹൈവേ പോലീസിന്റെ സേവനം ഉപയോഗിച്ചും ഇത്തരം കുറ്റകൃത്യങ്ങൾ നിയന്ത്രിച്ചുവരുന്നു. സാമൂഹ്യവിരുദ്ധരായ ഇത്തരക്കാരെ തുടർച്ചയായി നിരീക്ഷിക്കുന്നതിനുള്ള സംവിധാനവും ഏർപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെയുള്ള കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ ഇന്ത്യൻ ശിക്ഷാ നിയമപ്രകാരവും റെയിൽവേ ആക്ട് പ്രകാരവും നിയമ നടപടി സ്വീകരിച്ചുവരുന്നു.

## (3) യുവാവിന് മർദ്ദനം

ശ്രീ. അനിൽ അക്കര: സർ, കൊല്ലം ജില്ലയിലെ അഗസ്ത്യക്കോട് ശബരിഗിരി സ്കൂളിന് സമീപം ഒരു മരണവീട്ടിലേയ്ക്ക് പോയിരുന്ന പുലിയത്ത് അനന്തകൃഷ്ണനും

അമ്മ ഷീനയും അതേ മരണവീട്ടിലേയ്ക്കുതന്നെ പോയിരുന്ന പത്തനാപുരം എം.എൽ.എ.-യുമായി വീതികുറഞ്ഞ റോഡിൽവച്ച് വാക്കേറ്റമുണ്ടായി. ആ വാക്കേറ്റത്തിനുശേഷം അനന്തകൃഷ്ണനെ ബഹുമാനപ്പെട്ട പത്തനാപുരം എം.എൽ.എ. ക്രൂരമായി മർദ്ദിക്കുകയും അദ്ദേഹത്തിന്റെ അമ്മയോട് വളരെ മോശമായ രീതിയിൽ സംസാരിക്കുകയും ചെയ്തു. അടികിട്ടി ആശുപത്രിയിലായ അനന്തകൃഷ്ണന്റെ പേരിൽ ജാമ്യമില്ലാത്ത വകുപ്പനുസരിച്ച് പോലീസ് കേസെടുത്തിരിക്കുകയാണ്. പക്ഷെ പ്രതിസ്ഥാനത്തുനിൽക്കുന്ന ആൾക്കെതിരെ പെറ്റി കേസ് എന്ന രീതിയിൽ മാത്രമാണ് കേസെടുത്തിട്ടുള്ളത്. അതോടൊപ്പം തന്നെ ഈ വിഷയം പൊതുജന മധ്യത്തിലേയ്ക്ക് കൊണ്ടുവന്ന് സമരം ചെയ്ത ഡി.സി.സി. പ്രസിഡന്റ് ശ്രീമതി ബിന്ദു കൃഷ്ണയ്ക്കെതിരെയും കേസെടുത്തിരിക്കുകയാണ്. ഇരകൾക്കെതിരെ വലിയ വകുപ്പുകളനുസരിച്ച് കേസെടുക്കുകയും വേട്ടക്കാരെ സഹായിക്കുകയും ചെയ്യുന്ന ഒരു സമീപനമാണ് ഇവിടെ ഉണ്ടായിട്ടുള്ളത്. ഇവിടെ പ്രതിപക്ഷനേതാവ് ഉന്നയിച്ച സബ്മിഷനിൽ ഷഹീർ എന്നൊരു ചെറുപ്പക്കാരനെ 70-ഓളം വെട്ടുകൾവെട്ടി ക്രൂരമായി പരിക്കേൽപ്പിച്ചു. അതിനകത്തെ പ്രധാന പ്രതി സുധീർ എന്നൊരാൾ ഇവിടത്തെ ഒരു എം.എൽ.എ.-യുടെ സഹായിയാണ്. കൊല്ലം ജില്ലയിലെ എം.എൽ.എ.മാർക്ക് നാട്ടുകാരുടെമേൽ കുതിരകയറാനുള്ള ലൈസൻസ് ഈ സർക്കാർ കൊടുത്തിട്ടുണ്ടോ? അതുകൊണ്ട് സർക്കാർ ഇരകളെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കണം. അതുപോലെ പ്രതികൾക്കെതിരായി, വേട്ടക്കാർക്കെതിരായി ഗൗരവതരമായ കേസുകളെടുക്കണം. ഈ കേസുകളിലൊക്കെ മൂകസാക്ഷിയായി നിന്നിരുന്ന ഒരു സി.ഐ. ഉണ്ട്. ആ സി.ഐ.-ആണ് ഈ കേസ് അന്വേഷിക്കുന്നത്. അടിയന്തരമായും ആ സി.ഐ.-യെ സ്ഥലം മാറ്റുകയും ഇരകൾക്കെതിരായ കേസുകൾ പിൻവലിക്കുകയും പ്രതികൾക്കെതിരായ കേസുകൾ ഗുരുതരമായതുകൊണ്ട് ശക്തമായ വകുപ്പുകളനുസരിച്ച് കേസെടുക്കുകയും ചെയ്യണമെന്നാണ് എനിക്ക് ഈ സബ്മിഷൻ വഴി ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രിക്കുവേണ്ടി സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, 13-6-2018-ൽ അഞ്ചൽ അഗസ്ത്യക്കോട് മരണവീട്ടിലെത്തിയ ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ കാറിൽ മടങ്ങവെ എതിർ ദിശയിൽ കാറിലെത്തിയ അനന്തകൃഷ്ണൻ എന്നയാളുമായി കാറിന് കടന്നുപോകാൻ സൗകര്യം നൽകാത്തതിനെച്ചൊല്ലി തർക്കമുണ്ടായി. ഈ സംഭവത്തിൽ എം.എൽ.എ.-യുടെ കാറിൽ ഒപ്പം സഞ്ചരിച്ചിരുന്ന പ്രദീപ് കുമാർ എന്നയാൾ അഞ്ചൽ പോലീസ് സ്റ്റേഷനിൽ ഹാജരായി അനന്തകൃഷ്ണനും മാതാവും തന്നെ ഭീഷണിപ്പെടുത്തിയെന്നും

ദേഹോപദ്രവം ഏൽപ്പിച്ചെന്നും മൊഴി നൽകി. അതിന്റെ അടിസ്ഥാനത്തിൽ അനന്തകൃഷ്ണനെയും അമ്മയെയും പ്രതിചേർത്ത് അഞ്ചൽ പോലീസ് ക്രൈം നമ്പർ 1112/18 ആയി കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അനന്തകൃഷ്ണന്റെ മൊഴി പ്രകാരം എം.എൽ.എ.-യേയും ഡ്രൈവറെയും പ്രതി ചേർത്ത് 1113/18 ആയി മറ്റൊരു കേസും രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ പരാതിക്കാരന്റെ മാതാവിന്റെ 164 സി.ആർ.പി.സി. പ്രകാരമുള്ള മൊഴി മജിസ്ട്രേറ്റ് രേഖപ്പെടുത്തിയിട്ടുണ്ട്. ഇരുകേസുകളുടെയും അന്വേഷണം നടന്നുവരുന്നു. 17-6-18-ന് ശ്രീ. കെ. ബി. ഗണേഷ് കുമാർ എം.എൽ.എ.-യുടെ വസതിയിലേയ്ക്ക് നടത്തിയ മാർച്ചിനിടെ അക്രമാസക്തരായ പ്രവർത്തകർ ഡ്യൂട്ടിയിലുണ്ടായിരുന്ന തെന്മല എസ്.എച്ച്.ഒ.-യെ കൊടിക്കമ്പ് കൊണ്ട് കുത്തി മുറിവേൽപ്പിച്ചതിനും ഡ്യൂട്ടി തടസ്സപ്പെടുത്തിയതിനും ഗതാഗത തടസ്സമുണ്ടാക്കിയതിനും കൊല്ലം ഡി.സി.സി പ്രസിഡന്റ് ഉൾപ്പെടെ 17 പേരെയും കണ്ടാലറിയാവുന്ന 100 പേരെയും പ്രതികളാക്കി പത്തനാപുരം പോലീസ് ക്രൈം 1094/18 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നു. അഞ്ചൽ സി.ഐ.യെ സ്ഥലംമാറ്റി ശ്രീ. റ്റി. സതികുമാറിനെ പുതിയ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. കേസന്വേഷണം ഊർജ്ജിതമായി നടത്തുന്നതിന് ജില്ലാ പോലീസ് മേധാവിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

ശ്രീ. അനിൽ അക്കര: സർ, (മൈക്ക് ഓഫ്)....(ബഹളം)....

(പ്രതിപക്ഷാംഗങ്ങളും ഭരണപക്ഷാംഗങ്ങളും അവരവരുടെ ഇരിപ്പിടങ്ങളിൽ നിന്ന് എഴുന്നേറ്റു നിന്ന് ബഹളം വച്ചു)

ശ്രീ. ഇ. പി. ജയരാജൻ: ........... (മൈക്ക് ഓഫ്)........

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്....നോ...ശ്രീ. എ. പി. അനിൽ കുമാർ. പ്ലീസ്.... (ബഹളം)..... ശ്രീ. അനിൽ പ്ലീസ്.......(ബഹളം)....

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ഏതൊരു അംഗത്തിനും അവർക്ക് യുക്തമായി തോന്നുന്ന ഏത് പൊതുപ്രശ്നവും സബ്മിഷനായി സ്പീക്കർ അനുവദിച്ചുകഴിഞ്ഞാൽ ഇവിടെ ഉന്നയിക്കാനുള്ള അധികാരമുണ്ട്. ബഹുമാനപ്പെട്ട ശ്രീ. ഇ. പി. ജയരാജൻ ശ്രീ. അനിൽ അക്കരയോട് ഭീഷണിയുടെ സ്വരത്തിൽ സംസാരിച്ചത് വളരെ തെറ്റായിപ്പോയി. അതുണ്ടാകാൻ പാടില്ലാത്തതാണ്. കാരണം ആ മെമ്പറുടെ അവകാശമാണ്. ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചിട്ടാണ് സബ്മിഷൻ അവതരിപ്പിച്ചത്. ആ നിലയിൽ അദ്ദേഹം സംസാരിച്ചത് വളരെ തെറ്റായിപ്പോയി. അത് ശരിയായ നടപടിയല്ല. ഭീഷണിയുടെ സ്വരം ഉയർത്തിയതിൽ ഞാൻ ശക്തമായി പ്രതിഷേധിക്കുകയാണ്.

## (4) അപ്രോച്ച് റോഡിന്റെ പുനർനിർമ്മാണം

ശ്രീ. എ. പി. അനിൽ കുമാർ: സർ, എന്റെ നിയോജക മണ്ഡലത്തിലെ മമ്പാട് പഞ്ചായത്തിലെ ഓടായിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ അപ്രോച്ച് റോഡ് കനത്ത മഴയിൽ പൂർണ്ണമായി നശിച്ചതുമൂലം ഏതാണ്ട് ആയിരത്തിലധികം കുടുംബങ്ങൾ താമസിക്കുന്ന ചാലിയാർ പുഴയ്ക്ക് അപ്പുറത്തുള്ള മമ്പാട് പഞ്ചായത്തിലെ പുള്ളിപ്പാടം, ഓടായിക്കൽ, വീട്ടിക്കുന്ന് പ്രദേശങ്ങളിലെ ജനങ്ങളുടെ ഗതാഗതത്തിന് യാതൊരു വഴിയുമില്ലാതെ പൂർണ്ണമായും ഒറ്റപ്പെട്ട നിലയിലുള്ള സാഹചര്യമാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്. അങ്ങയുടെ വകുപ്പിലെ ഉദ്യോഗസ്ഥർ ഉൾപ്പെടെ പൊട്ടിപ്പൊളിഞ്ഞ് പൂർണ്ണമായി തകർന്ന റോഡ് സന്ദർശിച്ചിരുന്നു. കനത്ത മഴയിലാണ് ഈ റോഡ് പൂർണ്ണമായും തകർന്നത്. ഈ പ്രദേശത്തെ ജനങ്ങൾ നടന്നുപോകുന്നതിനും വാഹനത്തിലൂടെ പോകുന്നതിനും ആശ്രയിച്ചിരുന്ന റോഡായിരുന്നു. അത് പൂർണ്ണമായും തകർന്ന് ഗതാഗതയോഗ്യമല്ലാത്ത സാഹചര്യമാണ്. അതുവഴി നടന്നുപോകുന്നത് പോലും പ്രയാസവും അപകടവുമുണ്ടാക്കുമെന്നുള്ളതുകൊണ്ട് അതുപോലും പോലീസ് നിരോധിച്ചിരിക്കുകയാണ്. ജില്ലാ കളക്ടർ സ്ഥലത്ത് വന്നിരുന്നു. എല്ലാവരും ഗൗരവത്തോടെ സംഭവത്തെ നോക്കിക്കണ്ടിട്ടുണ്ട്. എത്രയും പെട്ടെന്ന് പ്രവൃത്തി ഏറ്റെടുത്ത് പൂർത്തീകരിക്കണമെങ്കിൽ വലിയൊരു തുക ആവശ്യമായി വരും. ചാലിയാറിന്റെ തീരത്തുകൂടി കടന്നുപോകുന്ന റോഡാണ്. 50 കോടി രൂപ ചെലവഴിച്ച് നിർമ്മിച്ച ഓടായിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ 100 മീറ്ററോളം protection wall ഉള്ള റോഡുണ്ട്. അതിനുശേഷമുള്ള protection wall ഇല്ലാത്ത റോഡാണ് ഇപ്പോൾ തകർന്നു പോയിരിക്കുന്നത്. ഇനി അത് നിർമ്മിക്കുമ്പോൾ protection wall ഉൾപ്പെടെയുണ്ടെങ്കിൽ മാത്രമേ റോഡ് നിലനിൽക്കുകയുള്ളൂ. അതുകൊണ്ട് നിർബന്ധമായും എന്ത് പ്രയാസങ്ങളുണ്ടെങ്കിലും ഇത് എത്രയും പെട്ടെന്ന് പുനഃസ്ഥാപിച്ചില്ലെങ്കിൽ ആ പ്രദേശത്തേയ്ക്ക് ജനങ്ങൾക്ക് വാഹനത്തിലൂടെ കടന്നുപോകുന്നതിനും നടന്നു പോകുന്നതിനും കഴിയാത്ത സാഹചര്യം വരും. അതുകൊണ്ട് രണ്ട് നിർദ്ദേശമാണ് എനിക്ക് അങ്ങയുടെ മുന്നിൽ വയ്ക്കാനുള്ളത്. ഇതിനാവശ്യമായ നടപടിയെടുക്കുമ്പോൾ സ്വാഭാവികമായും സമയം ആവശ്യമായി വരും. കാരണം ഇതൊരു വലിയ പ്രോജക്ടാണ്. അതിനുള്ള നടപടിക്രമങ്ങൾ ഒരു ഭാഗത്ത് നടത്തുകയും ഈ പ്രദേശത്തുള്ളവർക്ക് സഞ്ചരിക്കുന്നതിനുവേണ്ടി ഒരു ബദൽ റോഡ് നിർമ്മിക്കുന്നതിനുള്ള നടപടികൂടി ഗവൺമെന്റിന്റെ ഭാഗത്തു നിന്ന് ഉണ്ടാകണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. മാത്യു ടി. തോമസ്): സർ, കഴിഞ്ഞ ആഴ്ച പെയ്ത കനത്ത മഴ കാരണം ചാലിയാർ പുഴയിൽ ഈ ദശാബ്ദമുണ്ടായതിൽവച്ച് ഏറ്റവും വലിയ ജലനിരപ്പാണ് കണ്ടെത്തിയത്. 8.5 മീറ്ററോളം ഉയരം. ഇതിനെത്തുടർന്ന്

ഓടായിക്കൽ റെഗുലേറ്റർ-കം-ബ്രിഡ്ജിന്റെ ചാലിയാർ പുഴയോട് ചേർന്ന് ഇടതുകരയിൽ നിർമ്മിച്ചിരുന്ന അപ്രോച്ച് റോഡ്, അതായത് പാലത്തിൽ നിന്ന് 240 മീറ്റർ താഴെ പുഴയുടെ കരഭാഗം ഉദ്ദേശം 100 മീറ്ററോളം ഇടിയുകയും പാർശ്വഭിത്തി സംരക്ഷണമില്ലാത്ത ഭാഗത്ത് കരിങ്കൽ പതിച്ചിരുന്നത് പുഴയിലേയ്ക്ക് മറിയുകയും ചെയ്തു. കഴിഞ്ഞ 14-ാം തീയതി രാത്രിയോടെ കരഭാഗം കൂടുതലായി ഇടിയുകയും 40 മീറ്ററോളം നീളത്തിൽ റോഡിന്റെ ഭാഗം തകരുകയുമുണ്ടായി. ശക്തമായ കുത്തൊഴുക്കിൽ പുഴയോരത്തിന്റെ അടിഭാഗം കാർന്നെടുത്തതാണ് റോഡിന്റെ സംരക്ഷണ ഭിത്തി ഇല്ലാത്ത ഭാഗം തകരാൻ പ്രധാന കാരണം. കൂടാതെ ഈ റോഡിന്റെ തെക്ക് ഭാഗം ധാരാളം വെള്ളക്കെട്ടുള്ള പ്രദേശമാണ്. പരിസരത്തുള്ള ഭൂമിയുടെ ഈ സ്വഭാവവും കനത്ത മഴയെത്തുടർന്ന് സമീപകാലത്തൊന്നും ഇല്ലാത്തവിധം ചാലിയാർ പുഴയിലൂടെയുള്ള അതിശക്തമായ മലവെള്ളപ്പാച്ചിലുമാണ് പാർശ്വഭിത്തി സംരക്ഷണമില്ലാത്ത റോഡിന്റെ ഭാഗം തകരാൻ ഇടയായത്. അപകട സ്ഥിതി കണക്കിലെടുത്ത് അപ്രോച്ച് റോഡിലൂടെയുള്ള വാഹന ഗതാഗതവും കാൽനട യാത്രയും കർശനമായി നിരോധിച്ച് റോഡ് തടസ്സപ്പെടുത്തിയിട്ടുണ്ട്. 14-ാം തീയതി മുതൽ ഈ പ്രദേശം ജലസേചന വകുപ്പിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ നിരീക്ഷണത്തിലാണ്. 16- ാം തീയതിയും ചെറുകിട ജലസേചന വകുപ്പ് ഉത്തരമേഖലാ സൂപ്രണ്ടിംഗ് എഞ്ചിനീയർ റെഗുലേറ്റർ സൈറ്റും തകർന്ന അപ്രോച്ച് റോഡും പരിശോധിച്ചിരുന്നു. ഇപ്പോഴത്തെ അവസ്ഥയിൽ താത്കാലിക പ്രവൃത്തി ചെയ്ത് റോഡ് ഉപയോഗപ്രദമാക്കാൻ കഴിയുകയില്ലെന്നും റെഗുലേറ്ററിനോട് ചേർന്ന് നിർമ്മിച്ചിട്ടുള്ള കോൺക്രീറ്റ് പാർശ്വഭിത്തിയുടെ അതേ പ്രവൃത്തി തകർന്നിട്ടുള്ള ഭാഗത്തും ചെയ്ത് അപ്രോച്ച് റോഡിനെ പൂർവ്വ സ്ഥിതിയിലാക്കുകയാണ് പോംവഴിയെന്ന സംയുക്ത നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിലാണ് സൂപ്രണ്ടിംഗ് എഞ്ചിനീയർ നിർദ്ദേശിച്ചിട്ടുള്ളത്. അക്കാര്യമാണ് ബഹുമാനപ്പെട്ട എം.എൽ.എ.യും ഇവിടെ സൂചിപ്പിച്ചത്. ഈ പ്രവൃത്തി മഴക്കാലത്തിനുശേഷമേ നടപ്പിലാക്കാൻ കഴിയൂ എന്നതിനാൽ ജനങ്ങൾക്ക് മറുകരയിലേയ്ക്ക് എത്തിച്ചേരാൻ മറ്റൊരു വഴി ഉപയോഗിക്കേണ്ടതുണ്ട്. അതിനായി അപ്രോച്ച് റോഡിന്റെ സ്ഥായിയായ ഭാഗത്തേയ്ക്ക് ഹൈവേയിൽ നിന്ന് ഒരു ഫുട്പാത്ത്, ആട്ടോറിക്ഷാ, ബൈക്ക് തുടങ്ങിയവ കടന്നുപോകുന്ന തരത്തിൽ നിലവിലുള്ളത് ഉപയോഗിക്കാവുന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ മറ്റൊരു വഴി പുതുതായി നിർമ്മിക്കുന്നതിനുള്ള സാധ്യതയുണ്ട്. അക്കാര്യം ജലവിഭവ വകുപ്പിന് മാത്രം തീരുമാനിക്കാൻ കഴിയില്ല. അതിന്റെ സ്ഥല നിർണ്ണയം സംബന്ധിച്ച് തീരുമാനിക്കുന്നതിന് ജനപ്രതിനിധികളുമായി കൂടിയാലോചന നടത്തേണ്ടതുണ്ട്. നിലവിൽ സംഭവിച്ച തകർച്ചയിൽ ഉദ്ദേശം 14 ലക്ഷം രൂപയുടെ നഷ്ടം സംഭവിച്ചിട്ടുണ്ട്. ഏകദേശം 100 മീറ്റർ അപ്രോച്ച് റോഡ് പൂർവ്വ സ്ഥിതിയി ലാക്കുന്നതിന് റെഗുലേറ്ററിനോട് ചേർന്ന ഭാഗത്തിന്റെ സംരക്ഷണഭിത്തിയുടെ രീതിയിൽ counter foot retaining wall നിർമ്മിച്ച് അപ്രോച്ച് റോഡ് പുനർ നിർമ്മിക്കേണ്ടതുണ്ട്. അതിനുള്ള നടപടികൾ ആരംഭിക്കുന്നതാണ്.

## (5) റീ-സർവ്വേ

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പത്തനംതിട്ട ജില്ല രൂപീകൃതമായിട്ട് 36 വർഷമായി. ജില്ലാ ആസ്ഥാനമെന്നുള്ള രീതിയിൽ പത്തനംതിട്ട നേരിടുന്ന ഏറ്റവും വലിയ പ്രശ്നം സ്ഥലത്തിന്റെ അഭാവമാണ്. ഏതാണ്ട് മുപ്പതോളം സർക്കാർ ഓഫീസുകൾ വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് ജില്ലാ ആസ്ഥാനത്തുണ്ടാകേണ്ട ഇരുപതിലധികം ഓഫീസുകൾ മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിക്കൊണ്ടുപോയി. അന്തരിച്ച മുൻ എം.എൽ.എ., കെ. കെ. നായരുടെ കാലത്ത് പൊന്നംവിലയ്ക്ക് സർക്കാർ ഏറ്റെടുത്ത സ്ഥലങ്ങളിൽ പലതും ഇന്ന് ഉപയോഗിക്കാൻ കഴിയുന്നില്ലെന്നുള്ള സാഹചര്യമുണ്ട്. പത്തോളം ഓഫീസുകളുടെ നിർമ്മാണത്തിനു വേണ്ടിയുള്ള രേഖകൾ തേടുമ്പോൾ പലപ്പോഴും, രേഖകളില്ല; തണ്ടപ്പേര് മാറ്റിയിട്ടില്ല എന്നൊക്കെയുള്ള ഉത്തരമാണ് പറയുന്നത്. സർക്കാർ വിലയ്ക്കെടുത്ത സ്ഥലങ്ങൾ സർക്കാരിന്റെ ആവശ്യങ്ങൾക്കു വേണ്ടി ഉപയോഗിക്കാൻ കഴിയുന്നതിനുവേണ്ടി അടിയന്തരമായി ഈ വിഷയത്തിൽ ഇടപെടണം. തൊട്ടടുത്ത വില്ലേജുകളിലെല്ലാം റീസർവ്വേ നടത്തിയിട്ടും പത്തനംതിട്ട വില്ലേജിൽ മാത്രം റീസർവ്വേ നടന്നിട്ടില്ല. ബോധപൂർവ്വം ഇത് തടസ്സപ്പെടുന്ന ഒരു സാഹചര്യമുണ്ടാകുന്നുവെന്ന് നാട്ടുകാർ സംശയിക്കുന്നുണ്ട്. അതോടൊപ്പം പത്തനംതിട്ട ജില്ലയിലെ കോഴഞ്ചേരി വില്ലേജിലും റീസർവ്വേ നടന്നിട്ടില്ല. പത്തനംതിട്ട ജില്ലയിലെ ശേഷിക്കുന്ന എല്ലാ വില്ലേജുകളിലും റീസർവ്വേ നടത്തണം. പ്രത്യേകിച്ച് പത്തനംതിട്ട വില്ലേജിൽ റീസർവ്വേ നടത്തി സർക്കാർ ഭൂമി സർക്കാരിൽത്തന്നെ നിലനിർത്തി സർക്കാരിന്റെ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. ഇ. ചന്ദ്രശേഖരൻ</u>): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ച കാര്യം വളരെ ഗൗരവമുള്ളതാണ്. സർക്കാർ ആവശ്യത്തിനുവേണ്ടി അക്വയർ ചെയ്ത ഭൂമി കയ്യേറി മറ്റുള്ളവർ കൈവശം വയ്ക്കുന്നുവെന്ന രീതിയിലാണ് കാര്യങ്ങൾ ഉയർന്നുവന്നിട്ടുള്ളത്. സാധാരണ ഗതിയിൽ അങ്ങനെ ഏറ്റെടുത്ത ഭൂമി ബന്ധപ്പെട്ട വകുപ്പുകൾക്ക് നൽകിയാൽ അത് സംരക്ഷിക്കേണ്ട ഉത്തരവാദിത്വം ആ വകുപ്പിനാണ്. അവിടെ മറ്റ് കയ്യേറ്റം വല്ലതുമുണ്ടെങ്കിൽ ബന്ധപ്പെട്ട വകുപ്പ് റവന്യൂ ഡിപ്പാർട്ട്മെന്റിനെ അറിയിച്ചാൽ തീർച്ചയായും അതിൽ ഇടപെടാൻ കഴിയുന്ന കാര്യവുമാണ്. അതുപോലെ റീസർവ്വേ നടപടികളുൾപ്പെടെ നടത്തുന്നതിനാവശ്യമായ നടപടികളുമായി മുന്നോട്ടു നീങ്ങുകയാണ്. സർക്കാർ കെട്ടിടങ്ങളുടെ അഭാവത്തിൽ പല സർക്കാർ ഓഫീസുകളും വാടകക്കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നത്. പത്തനംതിട്ട

ജില്ലയിൽ ബന്ധപ്പെട്ട വകുപ്പുകളുടെ അർത്ഥനാധികാരികളുടെ ആവശ്യപ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടി പൂർത്തിയാക്കി ബന്ധപ്പെട്ട സ്ഥലത്തിന്റെ സ്കെച്ച്, മഹസർ എന്നിവ ഉൾപ്പെടെ ഏറ്റെടുത്ത ഭൂമി അർത്ഥനാധികാരികൾക്ക് കൈമാറ്റം ചെയ്യുകയാണ് ചെയ്യുന്നത്. ഇപ്രകാരം ഏറ്റെടുത്ത് നൽകുന്ന ഭൂമി സംരക്ഷിക്കുന്നതിന്റെ പൂർണ്ണ ഉത്തരവാദിത്വം ബന്ധപ്പെട്ട അർത്ഥനാധികാരികൾക്ക് തന്നെയാണ്. ഇങ്ങനെ കൈമാറ്റം നടത്തിയിട്ടുള്ള ഭൂമിയിൽ കയ്യേറ്റം നടന്നിട്ടുള്ളതായി ഏതെങ്കിലും അർത്ഥനാധികാരികൾ അറിയിക്കുന്ന മുറയ്ക്ക് പ്രസ്തുത കയ്യേറ്റം തിട്ടപ്പെടുത്തുന്നതിനും ഒഴിപ്പിക്കുന്നതിനുംവേണ്ട നടപടി സ്വീകരിക്കുന്നതാണ്. സർക്കാർ ഭൂമി അന്യാധീനപ്പെട്ട് പോകാതിരിക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. പത്തനംതിട്ട ജില്ലയിൽ റീസർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്താകെ എത്രയും വേഗത്തിൽ റീസർവ്വേ പൂർത്തിയാക്കുന്നതിന് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ അംഗീകൃത ഏജൻസികളെക്കൊണ്ടുകൂടി റീസർവ്വേ ചെയ്യിക്കുന്നതിനുള്ള നയപരമായ തീരുമാനം എടുത്തിട്ടുണ്ട്. എത്രയും വേഗം സർവ്വേ നടപടികൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## (6) കാലവർഷക്കെടുതിമൂലമുള്ള നാശനഷ്ടം

ശ്രീ. പി. കെ. ബഷീർ: സർ, എന്റെ നിയോജകമണ്ഡലത്തിൽപ്പെട്ട ചാലിയാർ, എടവണ്ണ പഞ്ചായത്തുകളിൽ കഴിഞ്ഞ ദിവസങ്ങളിലുണ്ടായ കാലവർഷക്കെടുതിയിൽ എടവണ്ണ പഞ്ചായത്തിൽ പ്രധാനമായും ചാത്തന്നൂർ മേഖലയിൽ ഉരുൾപൊട്ടുകയും നാലോളം വീടുകൾക്ക് കനത്ത നാശനഷ്ടങ്ങളുണ്ടാകുകയും ധാരാളം റബ്ബർ തൈകൾക്കും മറ്റും കൃഷി നാശം സംഭവിക്കുകയും ചെയ്തിട്ടുണ്ട്. അതുപോലെ നിരവധി റോഡുകൾ ഗതാഗത യോഗ്യമല്ലാതായിട്ടുണ്ട്. ചാലിയാർ പഞ്ചായത്തിലെ ആഢ്യൻപാറ ജലവൈദ്യുത പദ്ധതി ഭാഗത്ത്, മലയുടെ മുകൾഭാഗത്തുനിന്ന് മലയിടിഞ്ഞ് ആലിമ്പാറ ജലവൈദ്യുത പദ്ധതിയിലെ എല്ലാ പ്രവർത്തനങ്ങളും നിലച്ചു. അവിടെ നിന്നുള്ള ചെളിയും പാറകളും, അതുപോലെ മലവെള്ളപ്പാച്ചിലിൽ റോഡുകളൊക്കെ നശിച്ച് താഴെയുള്ള എട്ട് വീടുകൾക്ക് പൂർണ്ണമായും ഭാഗികമായും നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ചാലിയാർ പഞ്ചായത്തിലെ മതിൻമൂല എസ്.ടി. കോളനിയിൽനിന്ന് 31 ആളുകളെയാണ് മാറ്റി താമസിപ്പിച്ചത്. പൂർണ്ണമായും വീട് നശിച്ചയാളുകൾക്കാണ് സർക്കാരിന്റെ സാമ്പത്തിക സഹായം നൽകുന്നത്. സർക്കാർ സാമ്പത്തിക സഹായവും മറ്റ് കാര്യങ്ങളുമൊക്കെ പ്രഖ്യാപിക്കുന്നുണ്ട്. വീട് റിപ്പെയറിംഗിനുള്ള ധനസഹായം എപ്പോഴെങ്കിലും കിട്ടിയിട്ട് കാര്യമില്ല, മൂന്നോനാലോദിവസം കൊണ്ട് അതിന്റെ എസ്റ്റിമേറ്റുണ്ടാക്കി റിപ്പെയർ ചെയ്യാനുള്ള

സാമ്പത്തിക സഹായം കൊടുത്താലേ ഉപകാരമുള്ളൂ. ഇപ്പോൾ ഇതിന്റെ നാശനഷ്ടങ്ങൾ കണക്കാക്കുകയാണ്. ജില്ലാ കളക്ടർമാർക്ക് ഇപ്പോൾ ഫണ്ട് അനുവദിച്ചിട്ടുണ്ട്. ഇന്നത്തെ ക്യാബിനറ്റ് തീരുമാനങ്ങളൊക്കെ നമ്മൾ വായിച്ചു. പക്ഷേ ഈ പണം കിട്ടിയാലുടൻ ഒരാഴ്ചയ്ക്കുള്ളിൽ അത് വിതരണം ചെയ്യാനുള്ള സംവിധാനമുണ്ടാകണം. കൃഷിനാശം സംഭവിച്ചവർക്ക്, വീട് നശിച്ചവർക്ക്, വീട് ഭാഗികമായി നശിച്ചവർക്കുള്ള സാമ്പത്തിക സഹായം നൽകുന്നതിനൊക്കെ ഓരോ മാനദണ്ഡമുണ്ട്. ആ മാനദണ്ഡമുണ്ടായാൽ ബാക്കി സ്ഥലങ്ങളിൽ അത് പോരായ്മയാണെങ്കിൽ ബഹുജന സംഘടനകൾ അല്ലെങ്കിൽ അവരുടെ കുടുബാംഗങ്ങളൊക്കെ സഹായിച്ച് അവർ മാറിത്താമസിക്കും. ബന്ധു വീട്ടിലും അല്ലെങ്കിൽ മറ്റുള്ള സ്ഥലങ്ങളിലുമൊക്കെ ദുരിതമനുഭവിക്കുന്നവർ മാറിത്താമസിക്കുന്ന ഒരു അവസ്ഥയുണ്ട്. അതിന് ഒരു മാറ്റമുണ്ടാകണം.

വനത്തിൽ ഉരുൾപൊട്ടി ഊർങ്ങാട്ടിരി ഭാഗങ്ങളിലൊക്കെ വളരെ പ്രയാസമനുഭവിക്കുന്നുണ്ട്. അതുകൊണ്ട് എനിക്ക് റവന്യൂ വകുപ്പുമന്ത്രിയോട് പറയാനുള്ളത് ബഹുമാനപ്പെട്ട ജില്ലാ കളക്ടറോട് ഈ മൂന്ന് പഞ്ചായത്തുകളിലെ വില്ലേജ് ഓഫീസർമാരെയും പഞ്ചായത്ത് പ്രസിഡന്റുമാരെയും മറ്റുള്ള ഉദ്യോഗസ്ഥരെയും വിളിച്ചുകൂട്ടി നാശനഷ്ടം കണക്കാക്കി അടിയന്തരമായി റിപ്പോർട്ട് കൊടുക്കാനാവശ്യപ്പെടണം. അടിയന്തരമായി ഈ പണം വിതരണം ചെയ്യാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഇക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ ചെലുത്തണം. വളരെ പാവപ്പെട്ട എസ്.സി./എസ്.ടി., ദുർബ്ബല വിഭാഗത്തിൽപ്പെട്ട ആളുകളാണ് ഇവിടെയൊക്കെ താമസിക്കുന്നത്. മതിൻമൂല എസ്.ടി. കോളനിയിലും എടവണ്ണ, ചാത്തന്നൂർ പ്രദേശത്തും ഊർങ്ങാട്ടിരി പഞ്ചായത്തിലെയും വീട് നശിച്ചവർക്കും ഭാഗികമായി വീട് നഷ്ടപ്പെട്ടവർക്കും നഷ്ടപരിഹാരം നൽകുന്നതിനും ഗതാഗതയോഗ്യമല്ലാത്ത റോഡുകൾ പുനർനിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. കെ. ബഷീർ ഇവിടെ ചൂണ്ടിക്കാണിച്ച മലപ്പുറം ജില്ലയിൽ പൊതുവിലും അദ്ദേഹത്തിന്റെ നിയോജക മണ്ഡലമായ ഏറനാട്ടിലെയും കാലവർഷക്കെടുതികൾ സംബന്ധിച്ച വിശദമായ റിപ്പോർട്ടുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പല നടപടികളും സ്വീകരിക്കാൻ പോകുകയാണ്. സംസ്ഥാനത്ത് കാലവർഷം സജീവമാകുന്നതിന്റെ മുന്നോടിയായി കാലവർഷക്കെടുതികൾ നേരിടുന്നതിനും കാലവർഷ മുന്നൊരുക്ക പ്രവർത്തനങ്ങൾ

നടത്തുന്നതിനും സർക്കാർ 16-5-2018-ന് വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരെയും ജില്ലാ കളക്ടർമാരെയും ഉൾപ്പെടുത്തി വിപുലമായ യോഗങ്ങൾ സംഘടിപ്പിക്കുകയും വിശദമായി കാര്യങ്ങൾ ചർച്ച ചെയ്യുകയും മുൻകരുതൽ നടപടികളും ക്യാമ്പുകൾ നടത്തുന്നതിനുള്ള നടപടികളും മഴക്കെടുതി നേരിടുന്നതിനുള്ള നടപടികളും ഉൾപ്പെടുന്ന 45 ഇന സർക്കുലർ പുറപ്പെടുവിക്കുകയുമുണ്ടായി. ഇതിന്റെ പശ്ചാത്തലത്തിൽ കാലവർഷക്കെടുതികൾ നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ എല്ലാ ജില്ലകളിലും വളരെ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. ജൂൺ 11 മുതൽ 15 വരെ അതിശക്തമായ കാറ്റിനും മഴയ്ക്കും സാധ്യതയുണ്ടെന്ന മുന്നറിയിപ്പും നൽകിയിരുന്നു. മലപ്പുറം ജില്ലയിലെ ഏറനാട്, നിലമ്പൂർ താലൂക്കുകളിൽ ഉൾപ്പെടുന്നതും ഏറനാട് നിയമസഭാ മണ്ഡലത്തിൽ ഉൾപ്പെടുന്നതുമായ ചാലിയാർ, എടവണ്ണ പഞ്ചായത്തുകളിൽ 11-6-2018 മുതൽ 15-6-2018 വരെയുണ്ടായ ശക്തമായ കാറ്റിലും മഴയിലും വ്യാപകമായ നാശനഷ്ടങ്ങളുണ്ടായിട്ടുണ്ട്. ഇതിൽ ഓരോ വ്യക്തിക്കുമുണ്ടായിട്ടുള്ള നാശനഷ്ടം തിട്ടപ്പെടുത്തി വരികയാണ്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ 30 കർഷകരുടെ വാഴ, തെങ്ങ്, കവുങ്ങ്, പച്ചക്കറി, മരച്ചീനി തുടങ്ങിയ കാർഷികവിളകൾക്ക് ഏകദേശം 1,52,09,600 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. എടവണ്ണ ഗ്രാമപഞ്ചായത്തിൽ 48 കർഷകരുടെ വാഴ, കവുങ്ങ്, തെങ്ങ്, റബ്ബർ തുടങ്ങിയ കാർഷിക വിളകൾക്ക് ഏകദേശം 4,03,000 രൂപയുടെ നാശനഷ്ടമുണ്ടായിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. ചാലിയാർ ഗ്രാമപഞ്ചായത്തിൽ 6 വീടുകൾ പൂർണ്ണമായും നശിച്ചിട്ടുണ്ട്. പ്രസ്തുത ഇനത്തിൽ 5,10,000 രൂപയുടെ നഷ്ടമാണ് റിപ്പോർട്ട് ചെയ്തിട്ടുള്ളത്. എടവണ്ണ ഗ്രാമപഞ്ചായത്തിൽ 36 വീടുകൾക്ക് ഭാഗിക നാശനഷ്ടം സംഭവിച്ചിട്ടുണ്ട്. 5,25,000 രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. 15-6-2018-ന് ബഹു. മുഖ്യമന്ത്രിയുടെയും റവന്യൂവകുപ്പുമന്ത്രിയുടെയും നേതൃത്വത്തിൽ സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയുടെ യോഗം ചേരുകയും ദുരിതാശ്വാസ പ്രവർത്തനങ്ങൾ വീഡിയോ കോൺഫറൻസിംഗിലൂടെ വിലയിരുത്തുകയും മലപ്പുറം ജില്ലയ്ക്കൊപ്പം ആലപ്പുഴ, കോട്ടയം, ഇടുക്കി, പാലക്കാട്, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കാവശ്യമായ നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവരുടെ ആരോഗ്യനില പരിപാലിക്കുന്നതിനും അവർക്കാവശ്യമായ ഭക്ഷണം ലഭ്യമാക്കുന്നതിനും ക്യാമ്പുകൾ ശുചിത്വപൂർണ്ണമായി സൂക്ഷിക്കുന്നതിനും വൈദ്യുതി, ശുദ്ധജലം എന്നിവയുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനും കർശനനിർദ്ദേശം നൽകിയിട്ടുണ്ട്. 18-6-2018-ന് കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട തീരുമാനങ്ങൾ മന്ത്രിസഭ കൈക്കൊണ്ടിട്ടുണ്ട്. അതിൽ സംസ്ഥാന സർക്കാരിന്റെ കൂടെ സാമ്പത്തിക ബാധ്യതയിൽ അധിക തോതിലുള്ള ദുരിതാശ്വാസ സഹായവും

അനുവദിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച സഹായധനം വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയാണ്. മലപ്പുറം ജില്ലയ്ക്ക് സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്ന് 14-6-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയും 11-5-2018-ലെ സർക്കാർ ഉത്തരവ് പ്രകാരം 70 ലക്ഷം രൂപയും ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുണ്ട്. ആ നിയോജക മണ്ഡലത്തിലും പഞ്ചായത്തുകളിലും ആവശ്യമായ രീതിയിലുള്ള പരിശോധനകൾ നടത്തി വിതരണം ചെയ്യാനുള്ള സംവിധാനം അടിയന്തരമായി സ്വീകരിക്കും. തീർച്ചയായും ഇക്കാര്യത്തിൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ളവർ ബന്ധപ്പെട്ട ജനപ്രതിനിധികളുമായി ആലോചിച്ച് കാര്യങ്ങൾ നടപ്പാക്കുന്നതാണ്.

## (7) ചുഴലിക്കാറ്റ് മൂലമുള്ള നാശനഷ്ടം

ശ്രീ. പി. സി. ജോർജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ പാറത്തോട് ഗ്രാമപഞ്ചായത്തിലുണ്ടായ ചുഴലിക്കാറ്റും അതിനോടനുബന്ധിച്ചുണ്ടായ ഭീകരമായ ദുരന്തവുമാണ് സഭയുടെയും ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെയും ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. അതിന് മുമ്പ് ചെറിയൊരു കാര്യം അങ്ങയുടെ അനുവാദത്തോടെ പരാമർശിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. സാധാരണ മന്ത്രിമാർക്കെതിരെ ആരോപണങ്ങൾ ഉന്നയിക്കുന്നത് കുറ്റം പറയാൻ കഴിയില്ല. കക്ഷിനേതാക്കന്മാർക്ക് എതിരായും ആരോപണങ്ങളുണ്ടാകും. പക്ഷെ, എം.എൽ.എ.-മാർ പരസ്പരം വസ്തുതാപരമായി സംസാരിക്കുന്നതായിരിക്കും നല്ലതെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്. ശ്രീ. കെ. ബി. ഗണേഷ് കുമാറിനെപ്പറ്റി പറഞ്ഞ കാര്യമാണ് ഞാൻ പറയുന്നത്. ഞാൻ എം.എൽ.എ. എന്ന നിലയിൽ ശ്രീ. ഗണേഷ് കുമാറിന്റെ നാട്ടിലുണ്ടായ കാര്യത്തെ സംബന്ധിച്ച് അന്വേഷിച്ചു. ശ്രീ. ഗണേഷ് കുമാർ തല്ലിയെന്നാണ് പറയുന്നത്. കാറിൽ നിന്നിറങ്ങാത്ത ശ്രീ. ഗണേഷ് കുമാർ എങ്ങനെയാണ് തല്ലുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: സബ്മിഷനിൽ വിഷയം മാത്രം അവതരിപ്പിക്കുക.

ശ്രീ. പി. സി. ജോർജ്: സർ, ഞാൻ അങ്ങയുടെ അനുവാദത്തോടുകൂടിയാണ് പറയുന്നത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ഞാൻ അനുവാദം നൽകിയിട്ടില്ല.

ശ്രീ. പി. സി. ജോർജ്: സർ, ഇത്രയും പറഞ്ഞ് നിർത്തുകയാണ്. ഇങ്ങനെ ആരോപണം ഉണ്ടെങ്കിൽ സത്യസ്ഥിതി അറിഞ്ഞിട്ട് വേണം പറയേണ്ടത്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. സി. ജോർജ്, പാറത്തോട് ഗ്രാമപഞ്ചായത്തിലെ ചുഴലിക്കാറ്റ് സംബന്ധിച്ച കാര്യം പറഞ്ഞാൽ മതി.

ശ്രീ. പി. സി. ജോർജ്: സർ, എന്റെ നിയോജകമണ്ഡലത്തിലെ വലിയൊരു കാർഷിക മേഖലയാണ് പാറത്തോട് പഞ്ചായത്ത്. പാറത്തോട് ഗ്രാമപഞ്ചായത്തിൽ പൊടിമറ്റം എന്ന സ്ഥലത്ത് 11-ാം തീയതിയുണ്ടായ ചുഴലിക്കാറ്റിൽ ഒരു മിനിറ്റുകൊണ്ട് ആ പ്രദേശം മുഴുവൻ തകരുകയായിരുന്നു. പൊടിമറ്റം കാർമൽ ഭവൻ ഹോസ്റ്റൽ മുഴുവനായും തകർന്നു. അവിടെ പാവപ്പെട്ട കുട്ടികൾ പഠിക്കുന്ന, പ്രത്യേകിച്ച് കൺവേർട്ടഡ് വിഭാഗത്തിലെ കുട്ടികൾ പഠിക്കുന്ന സ്കൂൾ പൂർണ്ണമായും തകർന്നു. കാർമൽ ഭവനിലെ സിസ്റ്റേഴ്സും ഹെഡ്മിസ്ട്രസ്സും കുഞ്ഞുങ്ങൾക്ക് അപകടമുണ്ടാകാതിരിക്കാൻ അവരെ കവർ ചെയ്തിരുന്നതുകൊണ്ട് കുട്ടികൾക്ക് അപകടം ഉണ്ടായില്ല. അത്രമാത്രം ഭീകരമായ ദുരന്തമാണുണ്ടായത്. നഷ്ടപരിഹാരമൊക്കെ കണക്കാക്കിയിട്ടുണ്ട്. അതൊക്കെ ഗവൺമെന്റിനറിയാം. എത്രയും വേഗം നഷ്ടപരിഹാരം കൊടുത്ത് കുടുംബങ്ങളെ സഹായിക്കാനും മഠത്തിനുണ്ടായ നഷ്ടം പരിഹരിച്ചുകൊടുക്കാനും ഗവൺമെന്റ് ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ബഹുമാന്യനായ എം.എൽ.എ. ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ച വിഷയം സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. കോട്ടയം ജില്ലയിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ പാറത്തോട് ഗ്രാമപഞ്ചായത്തിൽ 11.06.2018-ന് ഉച്ച കഴിഞ്ഞ് 3.47-നുണ്ടായ ശക്തമായ കാറ്റിൽ പൊടിമറ്റം സെന്റ് ജോസഫ് എൽ.പി.എസ്. നിർമ്മൽ ഭവൻ, സി.എം.സി. കാർമൽ ഭവൻ എന്നീ സ്ഥാപനങ്ങൾക്ക് കാര്യമായ കേടുപാടുകൾ സംഭവിച്ചിട്ടുണ്ട്. സെന്റ് ജോസഫ് സ്കൂളിന്റെ മൂന്ന് കെട്ടിടങ്ങളുടെ ഓടുകളും പട്ടികകളും നഷ്ടമായിട്ടുണ്ട്. പൊടിമറ്റം സി.എം.സി. കാർമൽ ഭവൻ ഹോസ്റ്റൽ കെട്ടിടത്തിന്റെ മൂന്നാം നിലയിലെ ആസ്ബസ്റ്റോസ് ഷീറ്റുകളും പ്രസ്തുത ഷീറ്റ് ഫിറ്റ് ചെയ്തിരുന്ന ഇരുമ്പ് ഗട്ടറുകളും ഓടുകളും ബാത്ത്റൂമിന്റെ ഫിറ്റിംഗുകൾ മുഴുവനും നഷ്ടമായിട്ടുണ്ട്. പാറത്തോട് അസിസ്റ്റന്റ് എഞ്ചിനീയറുടെ വാല്യൂവേഷൻ പ്രകാരം പൊടിമറ്റം സെന്റ് ജോസഫ് ഹൈസ്കൂളിന് 35,102 രൂപയുടെയും സി.എം.സി.കാർമൽ ഭവന് 3,68,000 രൂപയുടെയും നിർമ്മൽ ഭവന് 1,93,804 രൂപയുടെയും നഷ്ടം കണക്കാക്കിയിട്ടുണ്ട്. പാറത്തോട് കൃഷി ഭവന് കീഴിൽ 600 റബ്ബർ മരങ്ങൾക്കും രണ്ട് ഹെക്ടർ സ്ഥലത്തെ വാഴകൃഷിക്കും ഒരു ഹെക്ടർ സ്ഥലത്തെ കപ്പ കൃഷിക്കും നാശനഷ്ടങ്ങൾ ഉണ്ടായിട്ടുണ്ട്. 25 തെങ്ങുകളും ആഞ്ഞിലി, തേക്ക്, പ്ലാവ് എന്നീ ഇനത്തിൽപ്പെട്ട 75 മരങ്ങളും കടപുഴകി വീണിട്ടുണ്ട്. ഏകദേശം 50 ലക്ഷം രൂപയുടെ നാശനഷ്ടം കണക്കാക്കിയിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധി മാനദണ്ഡ പ്രകാരമുള്ള നഷ്ടങ്ങൾക്ക് ധനസഹായം നൽകുന്നതിന് തഹസീൽദാറും പ്രിൻസിപ്പൽ കൃഷി

ഓഫീസർ മുഖാന്തരം നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം ജില്ലയിലെ ദുരന്ത നിവാരണ പ്രവർത്തനങ്ങൾക്കായി 11-5-2016-ലെ സർക്കാർ ഉത്തരവ് പ്രകാരം 70 ലക്ഷം രൂപയും 14-6-2018-ലെ ഉത്തരവ് പ്രകാരം 90 ലക്ഷം രൂപയും സർക്കാർ അനുവദിച്ചിട്ടുണ്ട്. ഈ കാലവർഷത്തിൽ കേരളത്തിൽ ഒരിടത്തും ചുഴലിക്കാറ്റുണ്ടായതായി കാലാവസ്ഥവകുപ്പ് അറിയിച്ചിട്ടില്ല. ശക്തമായ കാറ്റ് സംസ്ഥാന ദുരന്തമായി പ്രഖ്യാപിച്ചിട്ടുള്ളതിനാൽ കേന്ദ്ര ദുരന്ത പ്രതികരണ നിധിയുടെ മാനദണ്ഡമനുസരിച്ചുള്ള ദുരിതാശ്വാസം നൽകാൻ സാധിക്കുന്നതാണ്. സംസ്ഥാനത്ത് കാലവർഷക്കെടുതിയിലുണ്ടായ വിവിധ നാശനഷ്ടങ്ങൾക്ക് ഉയർന്ന തോതിലുള്ള ധനസഹായം നൽകുന്നതുൾപ്പെടെയുള്ള തീരുമാനങ്ങൾ 18-6-2018-ലെ പ്രത്യേക മന്ത്രിസഭാ യോഗത്തിൽ കൈക്കൊണ്ടിട്ടുണ്ട്. അതനുസരിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നുണ്ട്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളിലും ഉണ്ടായിക്കൊണ്ടിരിക്കുന്ന കാലവർഷക്കെടുതികൾ നേരിടുന്നതിന് സർക്കാർ സാധ്യമായ നടപടികളെല്ലാം സ്വീകരിച്ചിട്ടുണ്ട്. കൂടാതെ നിലവിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സ്ഥിതിഗതികൾ സർക്കാർ നിരന്തരം നിരീക്ഷിച്ചു വരുന്നതും ആവശ്യമായ അടിയന്തര തുടർനടപടി സമയബന്ധിതമായി കൈക്കൊള്ളുന്നതുമാണ്.

## (8) വിവാഹിതരായ സ്കൂൾ വിദ്യാർത്ഥികൾ

ശ്രീമതി പി. അയിഷാ പോറ്റി: സർ, ഏതാനും ദിവസം മുമ്പ് ഒരു ന്യൂസ് ചാനലിൽ വന്ന വാർത്തയാണ് ഇത്തരത്തിലൊരു സബ്മിഷൻ ഉന്നയിക്കാൻ എന്നെ പ്രേരിപ്പിച്ചത്. "ക്ലാസ് ബെഞ്ചുകളിൽ ഭാര്യമാർ" എന്ന ഹെഡ്ഡിംഗിൽ നല്ലൊരു ചർച്ചയും രണ്ടുമൂന്നു ദിവസം ചാനലിൽ ആ വാർത്തയും വന്നിട്ടുണ്ട്. പ്രായപൂർത്തിയാകുന്നതിന് മുമ്പ് ചെറിയ പ്രായത്തിലുള്ള പെൺകുട്ടികളെ വിവാഹം കഴിപ്പിച്ച് വളരെ രഹസ്യമായി വച്ചുകൊണ്ടിരിക്കുന്ന വിഷയത്തെ സംബന്ധിച്ച വാർത്തയാണ് വന്നിട്ടുള്ളത്. അത് അങ്ങേയറ്റം ഞെട്ടിപ്പിക്കുന്ന, വളരെ വിഷമമുണ്ടാക്കുന്ന സാമൂഹിക പ്രശ്നം തന്നെയാണ്. നമ്മുടെ നിയമ വ്യവസ്ഥയിൽ ഇതിനെതിരായി കടുത്ത കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. അതുപോലെ ശക്തമായ നിയമ സംവിധാനങ്ങളൊക്കെ നമ്മുടെ നാട്ടിലുണ്ട്. പെൺകുട്ടിക്ക് വിവാഹ പ്രായത്തിന് 18 വയസ്സും പുരുഷന് 21 വയസ്സും ആയിരിക്കണമെന്നുമുണ്ട്. എന്നാൽ വാർത്തയിൽ കാണാനിടയായത് ചെറിയ പ്രായത്തിലുള്ള കുട്ടികൾ വിവാഹം കഴിഞ്ഞ് ക്ലാസ്സുകളിൽ വന്നിരിക്കുന്നു എന്നാണ്. അവർ അനുഭവിക്കുന്ന പ്രയാസങ്ങളെക്കുറിച്ച് അഭിമുഖത്തിൽ കേൾക്കാനിടയായി. ഇതെല്ലാം തീർച്ചയായും ഒഴിവാക്കണം. ഏത് മത വിഭാഗമായാലും ഏത് ജാതിയായാലും

സമൂഹത്തിൽ ഇത്തരം പ്രശ്നങ്ങൾ പൂർണ്ണമായി ഒഴിവാക്കാനുള്ള ശക്തമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. നമ്മുടെ നാട്ടിൽ ഇപ്പോഴും പലയിടങ്ങളിലും ബാല വിവാഹങ്ങൾ നടക്കാറുണ്ടെന്നാണ് ഇത് കാണിക്കുന്നത്. ശൈശവ വിവാഹം ഒരു സാമൂഹ്യവ്യവസ്ഥയുടെ ഭാഗം പോലെയാണ് വരുന്നത്. കൊച്ചു കുട്ടികളുടെ സുരക്ഷിതത്വത്തിനുവേണ്ടി അല്ലെങ്കിൽ ഭാരിച്ച ചെലവ് താങ്ങാൻ വയ്യെന്ന് പറഞ്ഞുകൊണ്ട് പലപ്പോഴും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവരൊക്കെ ഇത്തരത്തിലുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. ബാലവിവാഹം എന്നത് കുട്ടികളുടെ ശാരീരിക മാനസിക ബൗദ്ധിക ആരോഗ്യത്തെ ക്ഷയിപ്പിക്കുന്നതാണ്. ഒരു പക്വതയുമില്ലാത്ത പ്രായത്തിൽ കുട്ടികളുണ്ടാവുകയും, അവരെ നോക്കേണ്ടി വരികയും ചെയ്യുന്നു. പഠിക്കേണ്ട, കളിച്ചുനടക്കേണ്ട പ്രായത്തിൽ അടിമകളെപ്പോലെ ആകാതിരിക്കാൻ, സ്വതന്ത്രമായി ചിന്തിക്കാൻ, നല്ല മനുഷ്യരായി, ശേഷിയുള്ളവരായി വർക്ക് ചെയ്യാൻ കഴിയുന്ന വിധത്തിൽ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് പ്രവർത്തിക്കാൻ അവർക്ക് കഴിയുന്ന വിധത്തിൽ സാമൂഹികമായ മാറ്റമുണ്ടാകണം. ബാലവിവാഹം അവസാനിപ്പിക്കാൻ വേണ്ടിയുള്ള ശക്തമായ ഇടപെടൽ എല്ലാ വിഭാഗങ്ങളിൽനിന്നുമുണ്ടാകാനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്നാണ് എന്റെ സബ്മിഷനിലൂടെ ഉന്നയിക്കുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ശൈശവ വിവാഹം ഒരു സാമൂഹിക വിപത്ത് തന്നെയാണ്. വളരെ സുചിന്തിതമായിട്ടുള്ള അഭിപ്രായങ്ങളിലൂടെയാണ് വിവാഹത്തിന് പ്രായപൂർത്തിയാകണമെന്ന് തീരുമാനിക്കുകയും പെൺകുട്ടികൾക്ക് 18-ഉം ആൺകുട്ടികൾക്ക് 21 -ഉം വയസ്സ് എന്ന് നിശ്ചയിക്കുകയും ചെയ്തിട്ടുള്ളത്. അത് അതുപോലെ നിലനിർത്തുന്നതിനാവശ്യമായ നിയമനിർമ്മാണവും നമ്മുടെ രാജ്യത്ത് നടന്നിട്ടുണ്ട്. പെൺകുട്ടികളുടെ പൂർണ്ണമായ വ്യക്തിത്വ വികാസം ഉറപ്പാക്കുന്നതിനുവേണ്ടി കൂടിയാണ് വിവാഹത്തിന് പ്രായപരിധി നിശ്ചയിക്കുന്നത്. പഠിക്കേണ്ട പ്രായത്തിൽ വിവാഹിതയായി മാറിയാൽ ഒരു വ്യക്തിയെന്നുള്ള നിലയിൽ ആ പെൺകുട്ടിയുടെ വളർച്ച തടസ്സപ്പെടുകയും അതിന്റെ അനന്തരഫലങ്ങൾ ആ പെൺകുട്ടി ജീവിതത്തിലുടനീളം അനുഭവിക്കേണ്ടതായി വരികയും ചെയ്യും. അതുകൊണ്ടുതന്നെ ശൈശവ വിവാഹം നിരുത്സാഹ പ്പെടുത്തേണ്ടത് നമ്മുടെയെല്ലാം ഉത്തരവാദിത്വമാണ്. 2006-ലെ ശൈശവ വിവാഹ നിരോധന നിയമത്തിലെ സെക്ഷൻ 16, 2008-ലെ ശൈശവ വിവാഹ നിരോധന ചട്ടങ്ങളിലെ 3(4) എന്നിവ പ്രകാരം ചുമതലകൾ നിർവ്വഹിക്കുന്നതിനും സംസ്ഥാനത്ത് 258 ചൈൽഡ് ഡെവലപ്മെന്റ് പ്രോജക്ട് ഓഫീസർമാർ

(സി.ഡി.പി.ഒ.) -മാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ശൈശവ വിവാഹ നിരോധന ഓഫീസർമാരായി അവരെ നിശ്ചയിച്ചിട്ടുണ്ട്. അതുപോലെ വനിത ശിശു വികസന ഡയറക്ടറെ മുഖ്യ ശൈശവ വിഭാഗ നിരോധന ഓഫീസറായും നിശ്ചയിച്ചിട്ടുണ്ട്. ഈ നിയമങ്ങളും ചട്ടങ്ങളും അനുശാസിക്കുന്ന പ്രകാരം സി.ഡി.പി.ഒ.-മാർ അവരിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ച് അവരവരുടെ അധികാര പരിധിക്കുള്ളിൽ, അതാത് പ്രോജക്ടുകളിൽ ശൈശവ വിവാഹ നിരോധന പ്രവർത്തനങ്ങൾ നടത്തി വരുന്നുണ്ട്. സംസ്ഥാനത്ത് കുട്ടികളുടെ അവകാശ സംരക്ഷണത്തിനായി ജില്ല-ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ചൈൽഡ് പ്രൊട്ടക്ഷൻ കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികളിൽ ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിലെ പ്രതിനിധികൾ, സാമൂഹ്യ പ്രവർത്തകർ തുടങ്ങിയവരും അംഗങ്ങളാണ്. ശൈശവ വിവാഹങ്ങൾ അടക്കമുള്ള, കുട്ടികളെ സംബന്ധിച്ച പ്രശ്നങ്ങൾ ഈ കമ്മിറ്റികൾ അതത് സമയത്ത് പരിശോധിച്ചുവരുന്നുണ്ട്. സി.ഡി.പി.ഒ.-മാർ, സൂപ്പർവൈസർമാർ, അംഗൻവാടി വർക്കർമാർ, ജനപ്രതിനിധികൾ തുടങ്ങിയവർക്ക് ശിശു സംരക്ഷണ ഓഫീസർമാരുടെ നേതൃത്വത്തിൽ പരിശീലന പരിപാടികളും നൽകിവരുന്നുണ്ട്. 2016 മുതൽ 2018 മെയ് മാസം വരെ മലബാർ മേഖലയിലെ കാസർഗോഡ്, കണ്ണൂർ, വയനാട്, മലപ്പുറം, പാലക്കാട് ജില്ലകളിലായി 457 ശൈശവ വിവാഹങ്ങൾ തടയുവാൻ സാധിച്ചുവെന്നുള്ളത് വലിയ നേട്ടമാണ്. ഇതിൽ ചില വിവാഹങ്ങൾ നടന്നതിൽ ആവശ്യമായ നിയമനടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. ജില്ലാടിസ്ഥാനത്തിൽ ശൈശവ വിവാഹം തടഞ്ഞത് സംബന്ധിച്ച കണക്ക് ഞാൻ പറയാം. കാസർഗോഡ് ജില്ലയിൽ തടഞ്ഞത്- 32, വിവാഹം നടന്നത്-1, കണ്ണൂർ ജില്ലയിൽ തടഞ്ഞത് -16, വിവാഹം നടന്നത് 4, വയനാട് ജില്ലയിൽ തടഞ്ഞത് 17, വിവാഹം നടന്നത് -12, കോഴിക്കോട് ജില്ലയിൽ -ശൈശവ വിവാഹം നടന്നിട്ടില്ല. മലപ്പുറം ജില്ലയിൽ തടഞ്ഞത് - 297, നടന്നത് -31, പാലക്കാട് ജില്ലയിൽ തടഞ്ഞത്- 95, നടന്നത് -2 അങ്ങനെ ആകെ 457 ശൈശവ വിവാഹങ്ങൾ തടയാൻ സാധിച്ചിട്ടുണ്ട്. ഈ രണ്ട് വർഷത്തിനുള്ളിൽ 50 ശൈശവ വിവാഹങ്ങൾ നടന്നതായും കാണുന്നു. സ്കൂളിൽ വിവാഹിതരായ കുട്ടികൾ വരുന്നുണ്ടെന്ന് ന്യൂസ് ചാനലിൽ വാർത്ത വന്നയുടൻതന്നെ സാമൂഹ്യനീതി വകുപ്പ് ഇടപെട്ടിട്ടുണ്ട്. ജില്ലാ ചൈൽഡ് പ്രൊട്ടക്ഷൻ യൂണിറ്റിൽ ഒരു അദ്ധ്യാപിക നൽകിയ പരാതിയുടെ അടിസ്ഥാനത്തിലാണ് അന്വേഷണം നടത്തിയത്. പ്രസ്തുത പരാതി വളരെ വിശദമായി പരിശോധിച്ചു. അങ്ങനെ പരിശോധിച്ചപ്പോൾ ഒരു കുട്ടിയുടെ കാര്യത്തിൽ ഇത് ശരിയാണ്. ആ കുട്ടിയുടെ വിവാഹം തടയുന്നതിനായി കോടതിയിൽ നിന്ന് injunction order വാങ്ങിച്ചിട്ടുണ്ട്. മറ്റൊരു കുട്ടിയുടെ പഠനം

മുടങ്ങാതിരിക്കാൻ ശ്രദ്ധിക്കുന്നുണ്ട്. വളരെ വ്യാപകമായെന്നുപറഞ്ഞാൽ, രണ്ട് കേസാണ് അവിടെ കണ്ടത്. അതിലൊന്നിന് injunction order വാങ്ങി വിവാഹം മുടക്കിയിട്ടുണ്ട്. പരാതിക്കിടയായ മറ്റൊരു കുട്ടിയുടെ വിവാഹം 18 വയസ് പൂർത്തിയായതിനുശേഷമാണ് നടന്നിട്ടുള്ളതെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ ബോധവൽക്കരണമാണ് ആവശ്യം. വിദ്യാസമ്പന്നരായ കുടുംബാംഗങ്ങൾ ശൈശവ വിവാഹം പരിഗണിക്കുന്നില്ലെന്നുള്ളതാണ് കാണുന്നത്. എന്നാൽ അതിനെയെല്ലാം മറികടന്ന് പലവിധ കാരണങ്ങളാൽ അപൂർവ്വം ചില സ്ഥലങ്ങളിൽ ശൈശവ വിവാഹം നടത്തുന്നതായി കാണുന്നുണ്ട്. ബാല്യ വിവാഹത്തെക്കുറിച്ച് പൊതുജനങ്ങളെയും രക്ഷിതാക്കളെയും ബോധവൽക്കരിക്കുന്നതിന് ചില ഷോർട്ട് ഫിലിമുകൾ നിർമ്മിച്ച് പ്രദർശനം നടത്തുന്നുണ്ട്. 'പതിനെട്ട്' എന്ന പേരിൽ ഒരു ഷോർട്ട് ഫിലിമുണ്ട്. 'അസ്തമയം' എന്ന പേരിൽ ഒരു ഹ്രസ്വചിത്രം നിർമ്മിച്ച് ഇത്തരം പ്രദേശങ്ങളിൽ പ്രദർശിപ്പിച്ചുവരുന്നുണ്ട്. അതുപോലെ സ്കൂളുകളിൽ ബോധവൽക്കരണം നടത്തുന്നുണ്ട്. പൊതുജനങ്ങൾക്കാവശ്യമായ ബോധവൽക്കരണ പരിപാടികൾ, വിവിധ ഏജൻസികൾ മുഖേന ആശാ വർക്കർമാർ, അംഗനവാടി വർക്കർമാർ, പോലീസ് എന്നിവയിലൂടെ നടത്തുന്നുണ്ട്. ജില്ലാ ശിശു സംരക്ഷണ യൂണിറ്റിന്റെയും ചൈൽഡ് ലൈനിന്റെയും ഫോൺ നമ്പർ സ്കൂളുകളിലും പൊതുസ്ഥലങ്ങളിലും പ്രദർശിപ്പിക്കുകയും പരാതി പറയാനാഗ്രഹിക്കുന്നവർക്ക് അതിനുള്ള അവസരം നൽകുകയുമാണ് ചെയ്യുന്നത്. ശിശു സംരക്ഷണ യൂണിറ്റ് നിലവിൽ വന്നതിനുശേഷം ശൈശവ വിവാഹം നടക്കുന്നതിൽ കുറവ് വന്നിട്ടുണ്ടെന്നാണ് കാണുന്നത്. എങ്കിലും നമ്മളിനിയും ജാഗരൂകരായിരിക്കണം. എല്ലാവരുടെയും സഹകരണത്തോടെ ശൈശവ വിവാഹം അവസാനിപ്പിക്കാനുള്ള നടപടി സ്വീകരിക്കാം.

ശ്രീ. പി. കെ. ബഷീർ: സർ, മലബാർ മേഖലയിൽ മാത്രമല്ല എല്ലായിടത്തും ശൈശവ വിവാഹമുണ്ട്. .....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്......പ്ലീസ്......

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, എല്ലായിടത്തും ശൈശവ വിവാഹം നടക്കുന്നുണ്ട്. ബഹുമാനപ്പെട്ട അംഗം ഞാൻ പറയുന്നത് കേൾക്കൂ. ശൈശവ വിവാഹം എല്ലാ മേഖലയിലുമുണ്ട്. ഞാൻ പറഞ്ഞുവരുന്നത് മുഴുവൻ അങ്ങ് കേൾക്കൂ. മലബാർ മേഖലയിലെന്ന് പറയാനൊരു കാരണമുണ്ട്. ....(ബഹളം).... ഞാൻ പറയുന്നത് ശ്രീ. ബഷീർ കേൾക്കുന്നതിനുമുമ്പ് ബഹളം വയ്ക്കേണ്ട കാര്യമില്ല. ....(ബഹളം)....

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. പി. കെ. ബഷീർ.....പ്ലീസ്....

ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: സർ, പരസ്പരം തർക്കിക്കേണ്ട ഒരു വിഷയമല്ല ഇത്. മലബാർ മേഖലയിലെന്ന് പറയാനുള്ള ഒരു കാരണം, ആദിവാസി മേഖലയിൽ കസ്റ്റത്തിന്റെ ഭാഗമായി ശൈശവ വിവാഹം നടക്കുന്നതായി കാണുന്നുണ്ട്. അതുകൊണ്ട് അവരെ ശിക്ഷിക്കാനല്ല ഉദ്ദേശിക്കുന്നത്. സാധാരണയായിട്ടുള്ള ശിക്ഷ അവർക്ക് കൊടുത്താൽ പാവപ്പെട്ട ചെറുപ്പക്കാർ ജയിലിൽപ്പോയി കിടക്കുമെന്നല്ലാതെ അവർക്ക് ഇതിനെക്കുറിച്ചൊന്നും ധാരണയില്ല. കസ്റ്റമെന്നുള്ള നിലയിൽ ശൈശവ വിവാഹം നടക്കുമെന്നുള്ളതു കൊണ്ട് അവിടെ വലിയ തോതിലുള്ള ബോധവൽക്കരണമാണ് നടത്തുന്നത്. ആദിവാസി വിഭാഗത്തിനിടയിൽ ആശാവർക്കർമാരും ചൈൽഡ് പ്രൊട്ടക്ഷൻ ഓഫീസർമാരുമെല്ലാം പങ്കെടുത്തുകൊണ്ട് വലിയ തോതിലുള്ള ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ശൈശവ വിവാഹം നന്നായി കുറഞ്ഞുവരുന്നുണ്ട്. ഇതിൽ ആർക്കും മന:പ്രയാസം ഉണ്ടാകേണ്ട കാര്യമില്ല. എല്ലാ സമുദായത്തിലും ശൈശവ വിവാഹം നടന്നതായ കണക്കുകൾ കിട്ടിയിട്ടുണ്ട്. ചില സ്ഥലങ്ങളിൽ പ്രാദേശികമായി കുറച്ച് കൂടുതലും ചില സ്ഥലങ്ങളിൽ കുറവും കാണുന്നുണ്ട്. ഇത് ഏതെങ്കിലും തരത്തിൽ ആർക്കെങ്കിലുമെതിരായി കുറ്റാരോപണം നടത്തേണ്ട ഒരു വിഷയമേയല്ല. ഇത് പൊതുവായ ഒരു വിഷയമാണ്. എല്ലാവരും കൂടിച്ചേർന്ന് നിരുത്സാഹപ്പെടുത്തേണ്ട ഒരു വിഷയമാണ് ശൈശവ വിവാഹം. അത് ഈ സഭാതലത്തിൽ വരുമ്പോഴും അതിന്റെ അർത്ഥത്തിൽത്തന്നെ കാണുകയും നമ്മുടെ മക്കൾ പഠിച്ച് വളരുന്നതിനും അവരെ നല്ല രീതിയിൽ ജീവിതത്തിലേയ്ക്ക് പ്രവേശിപ്പിക്കുന്നതിനും അവസരമുണ്ടാക്കുന്ന രീതിയിൽ നമ്മൾ ഓരോരുത്തരും ശ്രദ്ധിക്കേണ്ട വിഷയമാണ്. പ്രത്യേകിച്ച് ആദിവാസി മേഖലയിൽ നല്ല ബോധവൽക്കരണം നടത്തി അവരെ രക്ഷിക്കേണ്ടതുണ്ടെന്നുള്ളത് നമ്മളെല്ലാവരും ശ്രദ്ധിക്കണം. നിയമമനുസരിച്ച് കാര്യങ്ങൾ കൈകാര്യം ചെയ്യാൻ വകുപ്പും ശ്രദ്ധിക്കുന്നുണ്ട്.

## (9) ട്രോമാകെയർ യൂണിറ്റ്

ശ്രീ. ബി. ഡി. ദേവസ്സി: സർ, ചാലക്കുടി മണ്ഡലത്തിലെ മാത്രമല്ല സമീപ മണ്ഡലങ്ങളിലെ ജനങ്ങൾകൂടി ആശ്രയിക്കുന്ന പ്രധാന ആരോഗ്യ കേന്ദ്രമാണ് ചാലക്കുടി താലൂക്കാശുപത്രി. ദിനംപ്രതി ആയിരത്തിനും ആയിരത്തി ഇരുന്നൂറിനും ഇടയിൽ രോഗികൾ ചികിത്സ തേടിയെത്തുന്ന ഈ ചികിത്സാ കേന്ദ്രം അതിരപ്പിള്ളി പഞ്ചായത്തിലെ ആദിവാസി കോളനികളിലെ നിവാസികൾക്കും ആശ്രയമാണ്. ദേശീയപാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ചാലക്കുടി താലൂക്കാശുപത്രിയിൽ ട്രോമാകെയർ ബെയ്സ് സ്റ്റേഷൻ അനുവദിച്ചെങ്കിലും

അതിനുള്ള കെട്ടിടം, ജീവനക്കാർ, അനുബന്ധ സൗകര്യങ്ങൾ എന്നിവ അനുവദിക്കാത്തതിനാൽ ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. ഇതോടൊപ്പം ഓപ്പറേഷൻ തിയേറ്ററും സർജിക്കൽ വാർഡും നിർമ്മിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ അടിയന്തരമായി പൂർത്തീകരിക്കണം. വിമുക്തി പദ്ധതിയുടെ ഭാഗമായി ചാലക്കുടി താലൂക്കാശുപത്രിയിൽ ഡി-അഡിക്ഷൻ സെന്റർ അനുവദിച്ചെങ്കിലും ഇനിയും പ്രവർത്തനക്ഷമമായിട്ടില്ല. ഇതിനാവശ്യമായ സൈക്കോളജി വിഭാഗം ഡോക്ടർമാരെയും ജീവനക്കാരെയും അനുവദിച്ച് ഉടൻ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കേണ്ടതുണ്ട്. ആർദ്രം മിഷന്റെ ഭാഗമായി പുതുക്കിയ സ്റ്റാഫ് പാറ്റേണും സൗകര്യങ്ങളും ഏർപ്പെടുത്തുന്നതിൽ ചാലക്കുടി താലൂക്കാശുപത്രിയെക്കൂടി ഉൾപ്പെടുത്തണം. നേരത്തെ ആശുപത്രിയിൽ അനുവദിച്ച പവർ ലോൺട്രി ആരംഭിക്കുന്നതിന് ഫണ്ട് അനുവദിക്കാത്തതിനാൽ ഇനിയും ആരംഭിക്കാൻ സാധിച്ചിട്ടില്ല. ആശുപത്രിയിലെ രൂക്ഷമായ മാലിന്യ പ്രശ്നം പരിഹരിക്കുന്നതിന് മാലിന്യ സംസ്കരണ പ്ലാന്റ് അടിയന്തരമായി സ്ഥാപിക്കേണ്ടതുണ്ട്. എച്ച്.പി.എൽ. വഴി നടപ്പാക്കുന്ന മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിന് ആവശ്യമായ ഫണ്ട് അടിയന്തരമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം. നാഷണൽ അക്രഡിറ്റേഷൻ അസസ്മെന്റിനായി ഈ വർഷം പരിഗണനയിലിരിക്കുന്ന ചാലക്കുടി താലൂക്കാശുപത്രിയിൽ കാൻസർ വാർഡ്, കാൻസർ റീ ഹാബിലിറ്റേഷൻ വാർഡ്, ട്രൈബൽ വാർഡ്, സി. ടി. സ്കാൻ, സ്റ്റാഫ് ക്വാർട്ടേഴ്സുകൾ എന്നിവ അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കുന്നു.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, 1893-ൽ പ്രവർത്തനമാരംഭിച്ചതും വളരെ പഴക്കം ചെന്നതുമാണ് ചാലക്കുടി ആശുപത്രി. ഇവിടത്തെ ബെഡ് സ്ട്രെങ്ത് 144 ആണ്. എന്നാൽ 184 രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യം അവിടെ ഒരുക്കിയിട്ടുണ്ട്. ഈ ആശുപത്രിയിൽ ജനറൽ മെഡിസിൻ, സർജറി, ഗൈനക്കോളജി, ഓർത്തോപീഡിക്സ്, പീഡിയാട്രിക്, അനസ്തേഷ്യ, ഇ.എൻ.ടി., ഒഫ്ത്താൽമോളജി, സ്കിൻ, ദന്തൽ, മെന്റൽ ഹെൽത്ത് ക്ലിനിക് തുടങ്ങി ആശുപത്രിക്കാവശ്യമായ സ്പെഷ്യാലിറ്റികളൊക്കെ അവിടെ പ്രവർത്തിക്കുന്നുണ്ട്. കാഷ്വാലിറ്റി, ന്യൂ ബോൺ സ്റ്റെബിലൈസേഷൻ യൂണിറ്റ്, ആംബുലൻസ്, മോർച്ചറി എന്നീ സൗകര്യങ്ങളും അവിടെയുണ്ട്. ഇതുകൂടാതെ ട്രോമാകെയർ സർജറി വാർഡ് പണിയുന്നതിന് നബാർഡ് പദ്ധതിയിലുൾപ്പെടുത്തി 5 കോടി 35 ലക്ഷം രൂപയുടെ പ്രവൃത്തിയുടെ

അനുമതിക്കായി ധനകാര്യ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ട്. സി. ടി. സ്കാൻ സ്ഥാപിക്കുന്നതിനുള്ള കെട്ടിടം സജ്ജമാക്കിയിട്ടുണ്ട്. ഇത് സ്ഥാപിക്കുന്നതിന് 20 ലക്ഷം രൂപ നാഷണൽ ഹെൽത്ത് മിഷൻ വഴി ലഭ്യമാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്. 2017-18-ലെ വിമുക്തി പദ്ധതിയിലുൾപ്പെടുത്തി ഡി-അഡിക്ഷൻ സെന്റർ വിവിധ ആശുപത്രികളിൽ സ്ഥാപിക്കുന്നതിന്റെ ഭാഗമായി തെരഞ്ഞെടുത്ത ആശുപത്രികളുടെ പട്ടികയിൽ ചാലക്കുടി താലൂക്കാശുപത്രിയേയും ഉൾപ്പെടുത്തിയിട്ടുണ്ട്. 2018-19 സാമ്പത്തിക വർഷത്തിൽ ആരോഗ്യ വകുപ്പിന് കീഴിലുള്ള മേജർ ആശുപത്രികളിൽ മാലിന്യ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് 5 കോടി രൂപ വകയിരുത്തിയതിൽ ചാലക്കുടി താലൂക്കാശുപത്രിയും പ്രവർത്തന പരിധിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ഈ സ്ഥാപനത്തിൽ പവർ ലോൺട്രി സ്ഥാപിക്കാനുള്ള പ്രൊപ്പോസലുകളൊന്നും സർക്കാരിന് ലഭിച്ചിട്ടില്ല. ഇക്കാര്യത്തിൽ ആരോഗ്യ വകുപ്പ് ഡയറക്ടറിൽനിന്നും വിശദമായ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് കാര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ആർദ്രം പദ്ധതിയിലൂടെ സംസ്ഥാനത്തെ പി.എച്ച്.സി.-കളെയും താലൂക്ക് ജില്ലാ ആശുപത്രികളെയും ഘട്ടം ഘട്ടമായി മെച്ചപ്പെട്ട അവസ്ഥയിലേയ്ക്ക് മാറ്റുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. അത്തരത്തിലുള്ള സൗകര്യങ്ങളൊരുക്കുന്ന ഘട്ടത്തിൽ കൂടുതൽ സൗകര്യങ്ങൾ ചാലക്കുടി താലൂക്കാശുപത്രിക്കും ലഭ്യമാകും. ചാലക്കുടി ആശുപത്രി താലൂക്കാശുപത്രിയായി ഉയർത്തിയ ആശുപത്രിയാണ്. അവിടെ മെച്ചപ്പെട്ട ചികിത്സ ലഭിക്കുന്നതിനായി 14 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. സ്റ്റാഫ് നഴ്സ് ഗ്രേഡ് II - 3, ലബോറട്ടറി ടെക്നീഷ്യൻ, ജൂനിയർ കൺസൾട്ടന്റ്, അനസ്തേഷ്യ, കാഷ്വാലിറ്റി മെഡിക്കൽ ഓഫീസർമാരുടെ രണ്ട് തസ്തികകൾ തുടങ്ങി 14 പുതിയ തസ്തികകൾ ചാലക്കുടി താലൂക്കാശുപത്രിയിൽ സൃഷ്ടിച്ചിട്ടുണ്ട്. ആർദ്രം പദ്ധതി പൂർണ്ണ തോതിൽ നടപ്പിലാകുന്നതോടുകൂടി ചാലക്കുടി താലൂക്കാശുപത്രിയുടെ സ്ഥിതി ഇനിയും മെച്ചപ്പെടുമെന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്.

## (10) ആർ.സി.സി.യിൽ വേദനസംഹാരികൾ ലഭ്യമാക്കൽ

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, കേരളം അനുഭവിക്കുന്ന ആരോഗ്യ പ്രശ്നങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് വർദ്ധിച്ചുവരുന്ന കാൻസർ രോഗം. ആളുകൾ വളരെ ഭയത്തോടെയാണ് കാൻസറിനെ കണ്ടിരുന്നത്. ഇപ്പോൾ

അതിന്റെ ചികിത്സയിലുണ്ടായ വികാസവുമായി ബന്ധപ്പെട്ട് സർജറി, കീമോതെറാപ്പി, റേഡിയേഷൻ, ഹോർമോൺ തെറാപ്പി ഇവയൊക്കെ വർദ്ധിച്ചതുകൊണ്ട് ധാരാളം ചികിത്സാ മാർഗ്ഗങ്ങളുണ്ടായിട്ടുണ്ട്. എന്നിരുന്നാലും പല കാരണങ്ങൾകൊണ്ടും early detection സാദ്ധ്യമാകാത്തതുകൊണ്ടോ അല്ലെങ്കിൽ കൺട്രോളാകുന്നതിനപ്പുറം പടർന്ന് പിടിച്ചതുകൊണ്ടോ കാൻസറിന്റെ അവസാന സ്റ്റേജിലെത്തിയ ആളുകൾക്ക്, സാധ്യമായ ചികിത്സകൊണ്ടൊന്നും ഭേദമാകാത്ത ആളുകളെ പാലിയേറ്റീവ് മെഡിസിൻ കൊടുത്തുകൊണ്ട് അവരുടെ വേദന പരമാവധി കുറച്ചുകൊണ്ടുവരാനുള്ള കാര്യങ്ങളാണ് പലപ്പോഴും ചെയ്യാറുള്ളത്. കാൻസർ രോഗം പിടിപെട്ട് മരിക്കുന്നതിനെ most painful death എന്നാണ് പറയുന്നത്. അങ്ങനെ മരണത്തെ മുഖാമുഖം കാണുന്ന ഈ രോഗികളെ സാന്ത്വനിപ്പിക്കാനും വേദന കുറയ്ക്കാനുമുള്ള മാർഗ്ഗങ്ങൾ മാത്രമാണ് നിലവിലുള്ളത്. അതിന് മോർഫിൻ എന്ന നാർകോട്ടിക് വിഭാഗത്തിൽപ്പെട്ട മരുന്നാണ് ഉപയോഗിക്കുന്നത്. കേരളത്തിന്റെ അഭിമാനമായ, കാൻസർ മേഖലയിൽ ഏറ്റവും ഉന്നതമായ ചികിത്സ ഏറ്റവും കുറഞ്ഞ ചെലവിൽ കൊടുക്കുന്ന ആർ.സി.സി.-യാണ് പൊതുമേഖലയിൽ മോർഫിൻ ഉല്പാദിപ്പിക്കുന്നത്. മറ്റ് മരുന്നുകളിൽനിന്ന് വിഭിന്നമായിട്ടാണ് ഈ മരുന്നിന്റെ ഡോസ് നിർണ്ണയിക്കുന്നത്. പ്രായമാണ് മറ്റ് മരുന്നുകളുടെ ഡോസ് നിർണ്ണയിക്കുന്നതെങ്കിൽ വേദനയുടെ തീവ്രതയാണ് പലപ്പോഴും മോർഫിന്റെ ഡോസ് നിർണ്ണയിക്കുന്നത്. കേരളത്തിലെ പാലിയേറ്റീവ് ക്ലിനിക്കിന്റെ അടിസ്ഥാന സൗകര്യങ്ങൾ ഔദ്യോഗികമായി വിലയിരുത്തി Recognised Medical Institution (RMI) പദവി ലഭ്യമായിട്ടുള്ള കേന്ദ്രങ്ങളിലൊന്നായ ആർ.സി.സി.-യിൽപ്പോലും വളരെ കൺട്രോളായിട്ടാണ് മോർഫിൻ കൊടുക്കുന്നത്. 2017 ജനുവരി 13 മുതൽ ഒരു നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. രോഗികൾക്ക് ഈ ടാബ്‌ലെറ്റും സിറപ്പും പത്ത് ദിവസത്തിൽ താഴെ ഉപയോഗിക്കാനുള്ളത് മാത്രമാണ് പലപ്പോഴും കിട്ടുന്നത്. മലബാർ മേഖലയിലും മറ്റുമുള്ള ആളുകൾ പത്ത് ദിവസം കഴിഞ്ഞാൽ തിരിച്ചുവരേണ്ട അവസ്ഥയാണുള്ളത്. പലർക്കും വീട്ടിൽനിന്നും വന്ന് വാങ്ങാൻ ആളില്ലാത്ത സാഹചര്യമാണുള്ളത്. ഈ ടാബ്‌ലെറ്റും സിറപ്പും ഒരിക്കലും മിസ്‌യൂസ് ചെയ്യാൻ സാധ്യതയില്ല. ഇൻജക്ഷൻ മാത്രമാണ് മയക്കുമരുന്നായി ഉപയോഗിക്കുക. അടുത്ത കൺസൾട്ടേഷൻ വരെ മരുന്ന് കൊടുത്താൽ ഈ ആളുകൾക്ക് മരണം സംഭവിക്കുകയാണെങ്കിൽ അത് നഷ്ടമാകുമെന്നുള്ളതാണ്. അതൊരു നഷ്ടമായി കണക്കാക്കേണ്ടതില്ല. ആർ.സി.സി.-യിൽ വരുന്ന രോഗികളുടെ കൺസൾട്ടേഷൻ കഴിഞ്ഞ് അടുത്ത കൺസൾട്ടേഷൻ വരെയെങ്കിലും ആവശ്യമുള്ള മോർഫിൻ ലഭ്യമാക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, കൺട്രോൾഡ് ഡ്രഗ്സിന്റെ കൂട്ടത്തിൽപ്പെട്ടതാണ് മോർഫിൻ. ഇത് അമിതമായി കൊടുക്കുന്നത് പലതരത്തിലുള്ള ദുരുപയോഗങ്ങൾക്ക് ഇടയാക്കുമെന്നുള്ളതിനാൽ വളരെ കൺട്രോൾഡായിട്ട് മാത്രമേ മോർഫിൻ വിതരണം ചെയ്യാൻ സാധിക്കുകയുള്ളൂ. ആർ.സി.സി.-യിൽ ചികിത്സയ്ക്കെത്തുന്ന രോഗികൾക്കുവേണ്ടി ദ്രവരൂപത്തിലുള്ളതും ഗുളികരൂപത്തിലുള്ളതുമായ മോർഫിൻ ആർ.സി.സി.-യിൽ നിർമ്മിക്കുന്നുണ്ടെങ്കിലും അതിന്റെ വൻതോതിലുള്ള ഉല്പാദനം അവിടെ നടത്താൻ സാധിക്കില്ല. ചില സ്ഥാപനങ്ങളിൽ നിന്നും മോർഫിൻ ഗുളികകൾ ആവശ്യത്തിലധികം രോഗികൾക്ക് ഡിസ്പെൻസ് ചെയ്യുന്നത് നാർക്കോട്ടിക് വിഭാഗത്തിൽപ്പെടുന്ന മരുന്നിന്റെ ദുരുപയോഗത്തിന് സാധ്യതയുള്ളതിനാൽ ക്യാൻസർ പരിചരണത്തിനുള്ള ഒരേയൊരു മരുന്ന് ഉപയോഗശൂന്യമായി പോകുന്ന അവസ്ഥ ഉണ്ടാകുന്നതുകൊണ്ടും പൊതുജന താല്പര്യാർത്ഥം 10-12-2017-ൽ ഡ്രഗ്സ് കൺട്രോളർ പുറപ്പെടുവിച്ച സർക്കുലർ പ്രകാരം ഒരു രോഗിക്ക് പരമാവധി 50 മുതൽ 100 വരെയുള്ള മോർഫിൻ ഗുളികകൾ മാത്രമേ നൽകാവൂ എന്നും നിഷ്കർഷിച്ചിട്ടുണ്ട്. എങ്കിലും രോഗികൾക്കാവശ്യമായി വരുന്ന പക്ഷം ഈ പരിധിക്കതീതമായി കൂടുതൽ മരുന്ന് നൽകാനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്.

ക്യാൻസർ ബാധിതരുൾപ്പെടെ പാലിയേറ്റീവ് കെയർ ആവശ്യമുള്ള രോഗികൾക്കായി സംസ്ഥാനത്തൊട്ടാകെ 220 റെക്കഗ്നൈസ്ഡ് മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസിന് മോർഫിൻ ഗുളികകൾ സംഭരിക്കുന്നതിനുള്ള അനുവാദം നൽകിയിട്ടുണ്ട്. ഈ സ്ഥാപനങ്ങളിൽ അതിന്റെ മുൻവർഷത്തെ ഉപയോഗം, രോഗികളുടെ എണ്ണം എന്നിവ കണക്കിലെടുത്താണ് ഇതിന്റെ ക്വാണ്ടിറ്റി കണക്കാക്കി നൽകുന്നത്. ഏതെങ്കിലും കാരണവശാൽ അനുവദിച്ച തോതിൽനിന്ന് അധികമായ അളവിൽ ഇവ ആവശ്യമായി വരുന്ന മുറയ്ക്ക് അധിക അലോട്ട്മെന്റും കാലതാമസം കൂടാതെ നൽകിവരുന്നുണ്ട്. നാളിതുവരെയും മരുന്നിന് ദൗർലഭ്യമുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. മോർഫിൻ ലഭിക്കുന്നതിനുവേണ്ടി 220 കേന്ദ്രങ്ങളെ ആശ്രയിക്കാൻ രോഗികൾക്ക് ഇപ്പോഴും കഴിയുന്നുണ്ട്. എന്നാലും രോഗികൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന തരത്തിൽ മോർഫിൻ ഗുളികകളുടെ വിതരണം തടയുകയോ പരിമിതപ്പെടുത്തുകയോ ചെയ്യരുതെന്ന അടിയന്തര നിർദ്ദേശം എല്ലാ സ്ഥാപനങ്ങൾക്കും നൽകുന്നതായിരിക്കും.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ബഹുമാന്യനായ എന്റെ സഹപ്രവർത്തകൻ ശ്രീ. അനിൽ അക്കര ഒരു കേസിനെക്കുറിച്ച് ഇവിടെ പരാമർശിക്കുകയുണ്ടായി. നിയമവ്യവസ്ഥയുടെയും കോടതിയുടെയും പരിഗണനയിലിരിക്കുന്ന ഒരു കേസിലെ ന്യായാന്യായങ്ങളും എന്റെ നിരപരാധിത്വത്തെക്കുറിച്ചൊന്നും സംസാരിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. സഭയിൽ പതിവില്ലാത്ത ഒരു കാര്യം, ഒരു അംഗത്തെക്കുറിച്ച് മറ്റൊരു അംഗം കാര്യം മനസ്സിലാക്കാതെ, ബഹുമാന്യനായ പി. സി. ജോർജ് പറഞ്ഞതുപോലെ അദ്ദേഹം അന്വേഷിച്ചു. അതുപോലെ അന്വേഷിച്ച് മനസ്സിലാക്കുക അല്ലെങ്കിൽ എന്നോട് ചോദിക്കുക. ചോദിക്കാതെ ഇത്തരത്തിലൊരു പരാമർശം നടത്തരുത്. അതുമാത്രമല്ല, ഈ ഗവൺമെന്റ് അധികാരത്തിൽ വന്ന അന്നുമുതൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെ കരിവാരിത്തേയ്ക്കാൻ കേരളത്തിലെ ചില മാധ്യമങ്ങൾ പരിശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഒന്നല്ലെങ്കിൽ മറ്റൊരു വിഷയം അവർ പറഞ്ഞു കൊണ്ടിരിക്കും. കഴിഞ്ഞ ദിവസം ശ്രീ. ഉമ്മൻ ചാണ്ടി സാറിനെക്കുറിച്ചും പ്രതിപക്ഷനേതാവിനെക്കുറിച്ചുമൊക്കെ ഇങ്ങനെ പറഞ്ഞ് ആഘോഷിച്ചു കൊണ്ടിരിക്കുമ്പോഴാണ് ഒരു പുതിയ കഥയുമായി രംഗത്തുവരുന്നത്. ബഹുമാന്യനായ കോൺഗ്രസ്സ് നേതാക്കളും യു.ഡി.എഫ്. നേതാക്കളും മനസ്സിലാക്കണം, ഞാൻ ചെങ്ങന്നൂരിൽ ഇലക്ഷൻ പ്രചരണത്തിൽ പങ്കെടുക്കുമ്പോൾ ബി.ജെ.പി.-യുടെ ഒരു വാഹനത്തിൽ ഒരു മൈക്ക് അനൗൺസ്മെന്റ് കേട്ടു. ഐക്യജനാധിപത്യ മുന്നണി സ്ഥാനാർത്ഥിയായി മത്സരിക്കുന്ന ശ്രീധരൻപിള്ളയ്ക്ക് വോട്ട് ചെയ്യണം. അതിന്റെ ഫലമാണ് ......(ബഹളം)....... ഞാൻ കേട്ടതാണ്, ഞാൻ പറയട്ടെ,

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്ലീസ്.... പ്ലീസ്..... ശ്രീ. ഗണേഷ് കുമാർ, വിഷയത്തെ കേന്ദ്രീകരിച്ച് സംസാരിക്കൂ.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഞാൻ മുഴുവൻ പറയട്ടെ, ഇവിടെ എനിക്കെതിരെ സമരം ചെയ്യുന്നതിൽ എനിക്ക് വിരോധമില്ല. അതിന് അവർക്ക് അവകാശമുണ്ട്. പക്ഷെ, ആര് ആർക്കുവേണ്ടി സമരം ചെയ്യുന്നുവെന്ന് ആലോചിക്കണം. (....ബഹളം...) നമ്മൾ ചെയ്യാത്ത ഒരു കാര്യത്തിന് ഒരു അംഗത്തിനെ അധിക്ഷേപിക്കാൻ മറ്റുള്ളവർ ശ്രമിക്കുമ്പോൾ, നമ്മൾ ഒരു കാര്യം ഓർക്കണം 'ഇന്ന് ഞാൻ നാളെ നീ'. മാധ്യമങ്ങളുടെ സംസാരം കേൾക്കുമ്പോഴും അവതാരകരുടെ സംഭാഷണം കേൾക്കുമ്പോഴും എന്നോട് വ്യക്തിപരമായ വിരോധമുണ്ടെന്ന് നമുക്ക് മനസ്സിലാകും. ചില ആളുകളോട് വിരോധത്തോടും വാശിയോടുമാണ് അവതാരകർ കാര്യങ്ങൾ അവതരിപ്പിക്കുന്നത്. ഒരു കാര്യം മനസ്സിലാക്കണം, 'ഇന്ന് ഞാൻ നാളെ നീ'. ഞാൻ കൂടുതലൊന്നും പറയുന്നില്ല.

അതിനെക്കുറിച്ച് സത്യവേദ പുസ്തകമായ ബൈബിളിൽ പറയുന്നുണ്ട്. സങ്കീർത്തനം 59-ൽ 5 മുതൽ 15 വരെ വായിക്കുമ്പോൾ ഇപ്പോൾ കേരളത്തിൽ എന്താണ് നടക്കുന്നതെന്ന് അറിയാം. 2000 വർഷങ്ങൾക്കുമുമ്പ് വേദ പുസ്തകത്തിൽ എഴുതിവച്ചത് ഇന്ന് കേരളത്തിൽ നടക്കുന്നുവെന്ന് നമുക്ക് മനസ്സിലാകും. ഞാൻ എന്നെ ന്യായീകരിക്കാൻ പറഞ്ഞതല്ല. ഒരു നിയമ സംവിധാനത്തിന്റെ മുന്നിൽ, കോടതിയുടെ മുമ്പിലിരിക്കുന്ന വിഷയമാണിത്. ഒരു കാര്യം എല്ലാവരും മനസ്സിലാക്കണം. എന്റെ നിരപരാധിത്വം തെളിയിക്കപ്പെടും. ആ ദിവസം എന്റെ സ്നേഹിതർ, എന്റെ സഹപ്രവർത്തകനെങ്കിലും പറഞ്ഞത് മാറ്റിപ്പറഞ്ഞാൽ മതിയെന്ന് മാത്രം എനിക്കൊരു അഭ്യർത്ഥനയുണ്ട്.

## V മേശപ്പുറത്തുവച്ച കടലാസുകൾ

1. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസപത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കംപ്ട്രോളർ & ഓഡിറ്റർ ജനറൽ ഓഫ് ഇന്ത്യ | 2016-17 | പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ചുള്ള റിപ്പോർട്ട് | ബാധകമല്ല |

2. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മുഖ്യമന്ത്രിക്കുവേണ്ടി മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XIV-ആഭ്യന്തര കാര്യങ്ങൾ | 2016-17 | 1 | 17 |

3. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു.

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| II- ഭൂനികുതിയും ദേവസ്വവും | 2015-16 | 5 | 1, 7, 13, 31, 32 |
| IX- തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന നിർമ്മാണവും | 2015-16 | 5 | 19 |

4. ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| V- മരാമത്തും ഗതാഗതവും വാർത്താവിനിമയവും | 2016-17 | 1 | 1, 2 |

5. ധനകാര്യവും കയറും വകുപ്പുമന്ത്രിക്കുവേണ്ടി കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2015-16 | 5 | 9 മുതൽ 15 വരെ |

6. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| XII- ആരോഗ്യവും കുടുംബക്ഷേമവും | 2015-16 | 5 | 36, 37, 38, 39, 50, 51 |

7. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| IV- വ്യവസായവും ധാതുക്കളും | 2013-14 | 3 | 30 |

8. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VI- വിദ്യാഭ്യാസം | 2013-14 | 3 | 20, 21, 22, 24, 25, 27, 29, 30, 34, 62 |
| | 2015-16 | 5 | 41 |

9. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കുവേണ്ടി വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസ്സുകൾ മേശപ്പുറത്തുവയ്ക്കുന്നു:

| സബ്ജക്ട് കമ്മിറ്റി | കാലതാമസ പത്രികകളുടെ വിശദാംശം | | |
|---|---|---|---|
| | സാമ്പത്തിക വർഷം | റിപ്പോർട്ട് നമ്പർ | ഖണ്ഡിക നമ്പർ |
| VIII- സാമ്പത്തിക കാര്യങ്ങൾ | 2015-16 | 5 | 35 |

## VI റിപ്പോർട്ട് സമർപ്പണം

### 1. 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ അദ്ധ്യക്ഷനായ ഞാൻ 2017-18 സാമ്പത്തികവർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും സമർപ്പിക്കുന്നു.

### 2. 2018-ലെ അബ്കാരി (ഭേദഗതി) ബില്ലിനെ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ റിപ്പോർട്ട്

ശ്രീ. കെ. സുരേഷ് കുറുപ്പ്: സർ, സാമ്പത്തിക കാര്യങ്ങൾ സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VIII-ന്റെ 2018-ലെ അബ്കാരി (ഭേദഗതി) ബില്ലിന്മേലുള്ള സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് സമിതി അംഗമായ ഞാൻ ചെയർമാനുവേണ്ടി സമർപ്പിക്കുന്നു.

### 3. 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും 2018 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, ഭക്ഷ്യവും സിവിൽ സപ്ലൈസും സഹകരണവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XI-ന്റെ ചെയർമാനായ ഞാൻ 2017-ഏപ്രിൽ 1 മുതൽ 2018 മാർച്ച് 31 വരെയുമുള്ള ആനുകാലിക റിപ്പോർട്ടും 2017-18 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച രണ്ടാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും സമർപ്പിക്കുന്നു.

4. എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ പതിനഞ്ച് മുതൽ പതിനേഴ് വരെയുള്ള റിപ്പോർട്ടുകൾ

ശ്രീ. എസ്. ശർമ്മ: സർ, എസ്റ്റിമേറ്റ്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ സമിതിയുടെ 15 മുതൽ 17 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടിരിക്കുന്നു.

12.00 Noon]

## VII ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### കാലവർഷക്കെടുതി

മുഖ്യമന്ത്രിക്കുവേണ്ടി റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, സംസ്ഥാനത്ത് കാലവർഷക്കെടുതി നേരിടുന്നതിനുള്ള പ്രവർത്തനങ്ങൾ നേരത്തെ തന്നെ ആരംഭിച്ചിരുന്നു. അതിന്റെ ഭാഗമായി 16-5-2018-ന് വിവിധ വകുപ്പുകളുടെയും ജില്ലാ കളക്ടർമാരുടെയും യോഗം ചേർന്നു. തുടർന്ന് ജൂൺ 11, 14 തീയതികളിലായി ദുരന്ത നിവാരണ അതോറിറ്റിയുടെ നേതൃത്വത്തിൽ അവലോകന യോഗങ്ങളും നടക്കുകയുണ്ടായി. ജൂൺ 15-ാം തീയതി മുഖ്യമന്ത്രി ജില്ലാ കളക്ടർമാരുമായി ദുരന്തനിവാരണ പ്രവർത്തനങ്ങളുടെ പുരോഗതി വിലയിരുത്തിയിരുന്നു.

മുൻകൂട്ടി ഇത്തരം തയ്യാറെടുപ്പുകൾ നടത്തിയെങ്കിലും സംസ്ഥാനത്ത് സമീപ ദിവസങ്ങളിലുണ്ടായ കാലവർഷക്കെടുതി മലയോര മേഖലയിലും കടലോര മേഖലയിലും ഒട്ടനവധി നാശനഷ്ടങ്ങളും ആളപായവും ഉണ്ടാക്കിയിട്ടുണ്ട്. പ്രളയ ദുരിതവുമായി ബന്ധപ്പെട്ട് ഇതുവരെ സംസ്ഥാനത്ത് 56 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതിനുപുറമേ നിരവധി വീടുകളും ജീവനോപാധികളും കാർഷിക വിളകളും റോഡുകളും തകർന്ന് വ്യാപകമായ നാശനഷ്ടവും ഉണ്ടായിട്ടുണ്ട്.

വടക്കൻ ജില്ലകളിലാണ് പ്രളയദുരിതം കൂടുതൽ ബാധിച്ചത്. കാല വർഷമുണ്ടായ ഉടൻ വിവിധ വകുപ്പുകളെ ഏകോപിപ്പിച്ച് ദുരന്തത്തിന്റെ തീവ്രത കുറയ്ക്കാനും ദുരന്തബാധിതർക്ക് ആശ്വാസമെത്തിക്കാനും ഉതകുന്ന തരത്തിലുള്ള പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. മന്ത്രിമാരുൾപ്പെടെയുള്ളവർ ദുരന്ത സ്ഥലങ്ങളിൽ ക്യാമ്പ് ചെയ്തുകൊണ്ടാണ് ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്.

പ്രധാന കാലവർഷക്കെടുതി നേരിടേണ്ടിവന്ന കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറ പഞ്ചായത്തിൽ 9 പേരെ രക്ഷപ്പെടുത്തുകയും 14 പേർ മരണമടയുകയുമുണ്ടായി. ഈ പ്രദേശത്ത് ഗ്രൗണ്ട് പെനട്രേറ്റിംഗ് റഡാർ അടക്കമുള്ള ആധുനിക ഉപകരണങ്ങൾ ഉപയോഗിച്ചുള്ള രക്ഷാപ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. ജനങ്ങളുടെയും ഉദ്യോഗസ്ഥരുടെയും സജീവ പങ്കാളിത്ത ത്തോടെയാണ് രക്ഷാപ്രവർത്തനങ്ങൾ നടത്തിയത്.

താമരശ്ശേരി ചുരം വഴിയുള്ള റോഡിൽ ഏകദേശം 50 മീറ്റർ നീളത്തിൽ സംരക്ഷണ ഭിത്തി തകർന്നിട്ടുണ്ട്. അതിന്റെ ഫലമായി തടസ്സപ്പെട്ട ഗതാഗതം പുനഃസ്ഥാപിക്കുന്നതിന് എത്രയുംവേഗം നടപടിയെടുക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. ചുരത്തിന്റെ ഭാഗങ്ങളിൽ പൊതുമരാമത്ത് വകുപ്പിന്റെയും പോലീസിന്റെയും നിരീക്ഷണ സംവിധാനവും ഇപ്പോൾ ഏർപ്പെടുത്തിയിട്ടുണ്ട്.

വയനാട്ടിലേയ്ക്കുള്ള ചുരം പാതകളിൽ മണ്ണിടിച്ചിൽ ഉണ്ടായെങ്കിലും സമ്പൂർണ്ണ ഗതാഗത നിരോധനം ഏർപ്പെടുത്താതെ നിയന്ത്രിക്കുകയാണ് ചെയ്തിട്ടുള്ളത്. എന്നാൽ കർണ്ണാടകത്തിലേയ്ക്കുള്ള മാക്കൂട്ടം-പെരുമ്പാടി-മൈസൂർ-തലശ്ശേരി പാതയിൽ കുടക് ജില്ലാ ഭരണകൂടം സമ്പൂർണ്ണ ഗതാഗത നിരോധനം ഏർപ്പെടുത്തിയിരിക്കുകയാണ്. ഈ പാത ഗതാഗത സജ്ജമാക്കാൻ കേരളത്തിന്റെ ഭാഗത്തുനിന്നും ഇടപെടൽ ഉണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ അടിയന്തര നടപടിയാവശ്യപ്പെട്ട് കർണ്ണാടക മുഖ്യമന്ത്രിക്ക് കത്തയച്ചിട്ടുണ്ട്.

കണ്ണൂർ ജില്ലയിൽ പായം പഞ്ചായത്തിൽ 9 വീടുകൾ ഒഴുകിപ്പോകുകയും ഒരാൾ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. സംസ്ഥാന സർക്കാർ ഇടപെട്ടതിനെത്തുടർന്ന് കണ്ണൂരിൽ നിന്നും കുടക് മേഖലയിലെ റോഡുകൾ ഗതാഗത യോഗ്യമാക്കാൻ സൈന്യത്തിന്റെ സേവനം പ്രയോജനപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

ഈ ജില്ലകൾക്കു പുറമെ മലപ്പുറം, ഇടുക്കി, വയനാട്, തിരുവനന്തപുരം, എറണാകുളം, ആലപ്പുഴ, പത്തനംതിട്ട, കൊല്ലം, കാസർഗോഡ്, പാലക്കാട് ജില്ലകളിൽ നിരവധി വീടുകൾ തകരുകയും വലിയ കൃഷിനാശമുണ്ടാകുകയും ചെയ്തിട്ടുണ്ട്.

ദുരന്തനിവാരണ അതോറിറ്റിയുടെ കീഴിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന കൺട്രോൾ റൂമുകൾ പ്രവർത്തിച്ചു വരികയാണ്. ദുരിതാശ്വാസ പ്രവർത്തനത്തിൽ റവന്യൂ, പോലീസ്, അഗ്നിശമനസേന, തദ്ദേശസ്വയംഭരണം, ആരോഗ്യ വകുപ്പ് ഉദ്യോഗസ്ഥർ നിസ്വാർത്ഥമായ സേവനമനുഷ്ഠിച്ച് വരുന്നുണ്ട്. അതോടൊപ്പം കേന്ദ്ര ദുരന്ത പ്രതികരണ സേനയുടെ രണ്ട് ടീമുകളിലായി 96 പേരുടെ സേവനവും മാതൃകാപരമായ വിധത്തിൽത്തന്നെ ലഭിക്കുന്നുണ്ട്.

എല്ലാ ജില്ലകളിലും ദുരിതാശ്വാസ ക്യാമ്പുകൾ ഏർപ്പെടുത്തി ദുരിത ബാധിതരെ മാറ്റിപ്പാർപ്പിച്ചിട്ടുണ്ട്. ആദിവാസികൾക്ക് ഊരുകളിൽ ഭക്ഷണ മെത്തിക്കാനും നടപടി സ്വീകരിച്ചിട്ടുണ്ട്. ക്യാമ്പുകളിൽ നല്ല ഭക്ഷണം ലഭ്യമാക്കുന്നതിനും ശുദ്ധമായ കുടിവെള്ളവും വൈദ്യുതിയും ഉറപ്പുവരുത്തുന്നതിനും വേണ്ട നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. എല്ലാ ദിവസവും മെഡിക്കൽ ടീം ക്യാമ്പുകൾ സന്ദർശിച്ച് ആരോഗ്യ പരിശോധന നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുന്ന സാഹചര്യം ഒഴിവാക്കണ മെന്ന പ്രത്യേക നിർദ്ദേശവും ഒപ്പം നൽകിയിട്ടുണ്ട്.

കേരളത്തിൽ കാലവർഷം ആരംഭിച്ച 29-05-2018 മുതലുണ്ടായ നാശനഷ്ട തോത് ചുവടെ ചേർക്കുന്നു:

| | | | |
|---|---|---|---|
| 1. | മരണപ്പെട്ടവർ | - | 56 |
| 2. | പൂർണ്ണമായും തകർന്ന വീടുകൾ | - | 255 |
| 3. | ഭാഗികമായി തകർന്ന വീടുകൾ | - | 5566 |
| 4. | പൗൾട്രി | - | 3534 |
| 5. | കൃഷി നഷ്ടം | - | 4217.91 ഹെക്ടർ |
| 6. | ക്യാമ്പുകളിൽ താമസിപ്പിച്ചവർ | - | 28700 |
| 7. | പഞ്ചായത്ത് റോഡ് | - | 241.42 കി.മീ |
| 8. | പി.ഡബ്ല്യൂ.ഡി. റോഡ് | - | 450 കി.മീ |
| 9. | സംരക്ഷണ ഭിത്തി, കലുങ്ക്, റോഡിനോട് ചേർന്ന ഓടകൾ | - | 140 |
| 10. | പി.ഡബ്ല്യൂ.ഡി. നിർമ്മിതികളുടെ നഷ്ടം | - | 101 കോടി |
| 11. | 11 കെ. വി. ട്രാൻസ്ഫോർമർ | - | 1198 കോടി |
| 12. | തകർന്ന ഇലക്ട്രിക് പോസ്റ്റുകൾ | - | 1971 |

നമ്മുടെ നാടിന് വന്നുപെട്ട ഈ ദുരന്തത്തിൽ മരണമടഞ്ഞവരുടെ ആശ്രിതർക്ക് 4 ലക്ഷം രൂപവീതം നൽകാൻ തീരുമാനിച്ചു. സ്ഥിതിഗതികൾ വിലയിരുത്തി ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനായി 18-6-2018-ന് പ്രത്യേക മന്ത്രിസഭാ യോഗം ചേരുകയുണ്ടായി. ഈ മന്ത്രിസഭാ യോഗം താഴെപ്പറയുന്ന ആശ്വാസ നടപടികൾ സ്വീകരിക്കുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്.

1. പൂർണ്ണമായും തകർന്നതോ വാസയോഗ്യമല്ലാത്തതോ ആയ ഒരു വീടിന്, ദുരന്തബാധിതർ പുതുതായി വീട് നിർമ്മിക്കും എന്ന വ്യവസ്ഥയോടെ സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നുള്ള വിഹിതവും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നുള്ള വിഹിതവും ചേർത്ത് 4 ലക്ഷം രൂപയായി ഉയർത്തി പരിഷ്കരിച്ച് നൽകാൻ തീരുമാനമെടുത്തു.

2. പൂർണ്ണമായും സ്ഥലം ഒഴുകിപ്പോയവർക്ക് വേറെ സ്ഥലം കേരളത്തിൽ സ്വന്തമായി ഇല്ലെങ്കിലോ നിലവിലെ സ്ഥലം വീട് വയ്ക്കുന്നതിന് അനുയോജ്യമല്ലെങ്കിലോ സ്ഥലം വാങ്ങുന്നതിനായി 6 ലക്ഷം രൂപയോ പ്രമാണത്തിലുള്ള തുകയോ ഏതാണോ കുറവ് അത് അനുവദിക്കാൻ തീരുമാനിച്ചു.

3. ദുരന്തബാധിതർ, വീട് തകർന്ന അതേ സ്ഥലത്താണ് വീട് പുനർനിർമ്മിക്കുന്നതെങ്കിൽ തദ്ദേശ സ്ഥാപനം ഒരു ദിവസത്തിനുള്ളിൽ അനുമതി നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.

4. ദുരന്തബാധിതർക്ക് തുക രണ്ട് ഗഡുക്കളായാണ് അനുവദിച്ച് നൽകുക. ആദ്യ ഗഡുവായി സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമുള്ള മുഴുവൻ തുകയും തുടർന്ന് വീടിന്റെ നിർമ്മാണം 25% പൂർത്തീകരിച്ചതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ബാക്കി തുകയും അനുവദിച്ചു നൽകും.

5. വാസയോഗ്യമല്ലാതായ വീട് എന്നത് 75 ശതമാനത്തിലധികം തകർച്ച നേരിട്ട വീട് എന്ന് അംഗീകരിച്ചു.

6. നിലവിലുള്ള നിരക്ക് കുറഞ്ഞതോ നിരക്ക് നിശ്ചയിച്ചിട്ടില്ലാത്തതോ ആയ കാര്യങ്ങൾ പുനഃപരിശോധിച്ച് രണ്ടാഴ്ചയ്ക്കകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ് സെക്രട്ടറി എന്നിവരടങ്ങുന്ന ഒരു സമിതിയെ ചുമതലപ്പെടുത്തി.

7. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും 2016 മുതലുള്ള കുടിശ്ശിക തീർക്കാൻ ആവശ്യമായ 12 കോടി രൂപയും 2016 മുതലുള്ള സംസ്ഥാന സർക്കാർ ഈ ഇനത്തിൽ നൽകാനുണ്ടായിരുന്ന പ്രളയക്കെടുതിയുടെ കുടിശ്ശിക തീർക്കാൻ 44.82 കോടി രൂപയും 2018-ലെ നഷ്ടപരിഹാര ഇനത്തിൽ 64.19 കോടി രൂപയും ചേർത്ത് 121.01 കോടി രൂപ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

8. ഭാവിയിൽ ഈ കാലവർഷത്തിൽ ഉണ്ടായതുപോലുള്ള ദുരന്തങ്ങൾ ചെറുക്കാൻ കേരളത്തിലെ സവിശേഷ സാഹചര്യത്തിനനുസരിച്ച് ആവശ്യമായ മാർഗ്ഗരേഖ തയ്യാറാക്കാൻ റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ദുരന്ത നിവാരണ അതോറിറ്റി മെമ്പർ സെക്രട്ടറി കൺവീനറും കെ.എസ്.ആർ.ഇ.സി.-യുടെ ഡയറക്ടർ, സി.ഡബ്ല്യു.ആർ.ഡി.എം.-ലെ ശാസ്ത്രജ്ഞൻ ഡോ. വി. പി. ദിനേശൻ, കൊച്ചി സർവ്വകലാശാലയിലെ ഡോ. എസ്. അഭിലാഷ്, നാഷണൽ സെന്റർ ഫോർ എർത്ത് സയൻസ് സ്റ്റഡീസ് സീനിയർ കൺസൾട്ടന്റ് ശ്രീ. ജി. ശങ്കർ, ജിയോളജിക്കൽ സർവ്വേ ഓഫ് ഇന്ത്യയുടെ ഒരു പ്രതിനിധി എന്നിവർ അടങ്ങുന്ന സാങ്കേതിക സമിതിയെ നിയോഗിക്കാൻ തീരുമാനിച്ചു.

9. ദുരന്തങ്ങളിൽ പ്രമാണങ്ങൾ, സർട്ടിഫിക്കറ്റുകൾ തുടങ്ങിയ പ്രധാനപ്പെട്ട രേഖകൾ നഷ്ടപ്പെട്ടവർക്ക് ആയത് പുനർസൃഷ്ടിച്ച് നൽകാൻ വിവിധ വകുപ്പുകളെ ഉൾപ്പെടുത്തി പ്രത്യേക ക്യാമ്പ് സംഘടിപ്പിക്കാൻ ബന്ധപ്പെട്ട ജില്ലാ കളക്ടർമാരെയും ചുമതലപ്പെടുത്തി.

കാലവർഷക്കെടുതിയുമായി ബന്ധപ്പെട്ട് സമയബന്ധിതമായി സർക്കാർ നടത്തിയ പ്രവർത്തനങ്ങളും നടപടികളും ബഹുമാനപ്പെട്ട സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## VIII നിയമനിർമ്മാണകാര്യം

(1) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള താഴെപ്പറയുന്ന ബില്ലുകൾ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയവും അനന്തരഘട്ടങ്ങളും:

(i) 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടുചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: മൂന്ന് ബില്ലുകളും സംബന്ധിച്ച ചർച്ച ഒരുമിച്ച് നടത്താവുന്നതാണ്. വിയോജനക്കുറിപ്പ് രേഖപ്പെടുത്തിയ അംഗങ്ങൾക്ക് സംസാരിക്കാവുന്നതാണ്.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ. എസ്. ബിജിമോൾ)

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരം ഇവിടെ എത്തിയിരിക്കുകയാണ്. ഈ മൂന്ന് ബില്ലുകളോടുമുള്ള എന്റെ വിയോജിപ്പ് ഞാൻ രേഖപ്പെടുത്തുന്നു. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ യു.ജി.സി. യോഗ്യതയുള്ള അദ്ധ്യാപകരുടെ വിരമിക്കൽ പ്രായം 60 വയസ്സാക്കുന്നതിനും അതോടൊപ്പം അക്കാദമിക് ഇയറിനിടയിൽവച്ച് റിട്ടയർ ചെയ്യുന്നവർക്ക് ആ അക്കാദമിക് വർഷം മുഴുവൻ സർവ്വീസ് ചെയ്യാനുള്ള അനുമതി കൊടുക്കുന്നതിനുംവേണ്ടിയാണ് ഈ ബിൽ കൊണ്ടുവന്നിട്ടുള്ളത്. ഒരു അക്കാദമിക വർഷത്തിന്റെ ഇടയ്ക്കുവച്ച് അദ്ധ്യാപകർ മാറുമ്പോൾ

വിദ്യാർത്ഥികൾക്കുണ്ടാകുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ വേണ്ടിയാണ്. അങ്ങനെയാണെങ്കിൽ യു.ജി.സി. നോംസ് അനുസരിച്ചല്ലാതെയും കുട്ടികളെ പഠിപ്പിക്കുന്ന അദ്ധ്യാപകർ അവിടെയുണ്ട്. അവരുടെ പെൻഷൻപ്രായം കൂടി 60 വയസ്സാക്കുന്ന സമ്പ്രദായം കൊണ്ടുവരേണ്ടത് ആവശ്യമാണ്. അല്ലെങ്കിൽ ഒരേ പന്തിയിൽ രണ്ടുതരം വിളമ്പ് എന്ന ഒരു സ്ഥിതിവിശേഷമുണ്ടാകും. യു.ജി.സി. ഗൈഡ്ലൈൻസ് അനുസരിച്ച് നിയമിക്കപ്പെടുന്ന അദ്ധ്യാപകരാണെങ്കിലും അല്ലാത്ത ഗൈഡ്ലൈൻസ് അനുസരിച്ച് നിയമിക്കപ്പെടുന്ന അദ്ധ്യാപകരാണെങ്കിലും സിൻഡിക്കേറ്റിന്റെയും മറ്റുമുള്ള ഇന്റർവ്യൂ ബോർഡുകൾ അംഗീകരിച്ച് അഡീഷണൽ ക്വാളിഫിക്കേഷനുള്ളവർക്ക് അഡീഷണലായ വെയിറ്റേജ് നൽകിയാണ് നിയമിക്കുന്നത് എന്നുള്ളതുകൊണ്ട് അവർക്ക് ഒരു മുൻഗണന ലഭിക്കുന്നുണ്ട്. ഇവിടെയും അവർക്ക് മാത്രം മുൻഗണന നൽകുന്നതിനുപകരം മറ്റ് അദ്ധ്യാപകരുടെ പെൻഷൻപ്രായം 60 വയസ്സാക്കുന്നതിനും അക്കാദമിക് ഇയറിനിടയിൽ റിട്ടയർ ചെയ്യുന്ന രീതി മാറ്റി യു.ജി.സി. നോംസ് അനുസരിച്ചുള്ള അദ്ധ്യാപകരുടേതു പോലെ ആക്കണമെന്നാണ് എനിക്ക് പ്രത്യേകിച്ച് പറയാനുള്ളത്. ഇക്കാര്യത്തിനുവേണ്ടി മാത്രമാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. എല്ലാ അദ്ധ്യാപകർക്കും തുല്യനീതി ലഭിക്കുന്ന രീതിയിൽ ഇക്കാര്യത്തിൽ വ്യക്തമായ തീരുമാനമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

രാഷ്ട്രീയ പ്രേരിതമായി പുതിയ ആളുകളെ തിരുകിക്കയറ്റുന്നതിനുള്ള ഭേദഗതിയാണ് രണ്ടാമത്തെ ബില്ലിലൂടെ ബഹുമാനപ്പെട്ട മന്ത്രി കൊണ്ടു വന്നിട്ടുള്ളത്. ഐ.ടി. രംഗത്തെ ഒരു വിദഗ്ദ്ധനെ വേണമെന്നുള്ളത് പുതിയ ഒരറിവല്ല. വളരെക്കാലമായി അതിവിടെയുണ്ട്. പക്ഷേ സിൻഡിക്കേറ്റിലോ അതുപോലുള്ള ബോഡികളിലോ ഐ.ടി. വിദഗ്ദ്ധനില്ല എന്നുള്ളതുകൊണ്ട് യൂണിവേഴ്സിയുടെ അഡ്മിനിസ്ട്രേഷൻ കാര്യങ്ങളിലോ വികസന പ്രവർത്തനങ്ങളിലോ അക്കാദമിക് കാര്യങ്ങളിലോ എന്തെങ്കിലും തകരാറുകൾ സംഭവിച്ചിട്ടുള്ളതായി നമുക്കറിയില്ല. ഇതിനിടയിലൂടെ പുതിയ ആളുകളെ നോമിനേറ്റ് ചെയ്യാനുള്ള ഗവൺമെന്റിന്റെ ഒരു തന്ത്രമായി മാത്രമേ ഇതിനെ കാണാൻ സാധിക്കുകയുള്ളൂ. അതുപോലെതന്നെ നമ്മുടെ സംസ്ഥാനത്ത് പല യൂണിവേഴ്സിറ്റികളിലും പല നിയമവും പല രീതിയുമാണ്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഒരു ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരുന്നതിനും അതുപോലെ സർവ്വകലാശാലയുടെ

അക്കാദമിക് കാര്യത്തിനും മറ്റുമൊക്കെ ഒരു അക്കാദമിക് കലണ്ടർ കൊണ്ടുവരണമെന്നുള്ള നിർദ്ദേശമുണ്ടായിരുന്നെങ്കിലും നിർഭാഗ്യവശാൽ അത് അന്ന് നടപ്പാക്കാൻ കഴിയാതെവന്നു. അങ്ങനെ ഒരു ഏകീകൃത സർവ്വകലാശാല നിയമം കൊണ്ടുവരാൻ കഴിഞ്ഞാൽ ഇതുപോലെ ഓരോ ഗവൺമെന്റ് മാറുമ്പോഴും ഓരോ അമെന്റ്മെന്റ് ഓരോ ആക്ടിനും കൊണ്ടുവരേണ്ട സ്ഥിതി വിശേഷമുണ്ടാകുകയില്ല. നിർബന്ധമായ സാഹചര്യത്തിൽ അമെന്റ്മെന്റുകൾ വേണ്ടിവരും. ഇതുപോലെ വളരെക്കൂടുതൽ അമെന്റ്മെന്റുകൾ കൊണ്ടുവരാനുള്ള സാഹചര്യം ഒഴിവാക്കാൻ എല്ലാ യൂണിവേഴ്സിറ്റികൾക്കും ബാധകമാകുന്ന ഏകീകൃത സർവ്വകലാശാലാ നിയമത്തിന് രൂപം കൊടുക്കണം. നമ്മുടെ സംസ്ഥാനത്തെ യൂണിവേഴ്സിറ്റികളിൽ പഠിച്ച് പരീക്ഷ എഴുതുന്ന കുട്ടികൾ മറ്റ് സംസ്ഥാനങ്ങളിലും മറ്റ് രാജ്യങ്ങളിലും പോകുമ്പോൾ പരീക്ഷയെഴുതാൻ കഴിയാത്തതും മാർക്ക് ലിസ്റ്റ് കിട്ടാത്തതുമായ ധാരാളം പ്രശ്നങ്ങൾ ഉണ്ടാകുന്നുണ്ട്. അഡ്മിഷൻ മുതൽ റിസൾട്ട് ഡിക്ലറേഷൻ വരെയുള്ള കാര്യങ്ങളിലും യൂണിവേഴ്സിറ്റിയുടെ മറ്റെല്ലാ കാര്യങ്ങളിലും ഒരു ഏകീകൃത സ്വഭാവം ഉണ്ടാക്കുന്നതിന് തീരുമാനമുണ്ടാകണം. അതില്ലാത്ത സാഹചര്യത്തിൽ പുതിയ നോമിനേഷനുകളെ നമുക്കംഗീകരിക്കാൻ കഴിയില്ല.

2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി അവസാനിക്കുമ്പോൾ നോമിനേറ്റഡായ സമിതികളെ വയ്ക്കുന്നതുമായി ബന്ധപ്പെട്ടതാണ്. സാധാരണഗതിയിൽ ഏത് ഗവൺമെന്റ് വരുമ്പോഴും കാലാവധി നീട്ടിക്കൊടുക്കേണ്ട അവസ്ഥയുണ്ടാകാറുണ്ട്. പക്ഷേ കാലാവധി കഴിഞ്ഞതിനു ശേഷം നീട്ടിക്കൊടുത്ത് ആറ് മാസത്തിൽ കുറവുള്ള സമയത്ത്, അല്ലെങ്കിൽ പുതിയ ഇലക്റ്റഡ് ബോഡി വരുന്ന സമയത്ത് എന്നുപറയുമ്പോൾത്തന്നെ അത് നീണ്ടു പോകുന്ന അവസ്ഥയുണ്ട്. അങ്ങനെയാണെങ്കിൽ നിലവിലുള്ള സമിതിക്കുതന്നെ ആ ടേം എക്സ്റ്റെന്റ് ചെയ്ത് കൊടുത്താൽ മതി. അതിനുപകരം അതിൽ തെരഞ്ഞെടുത്ത് വന്നിട്ടുള്ള അംഗങ്ങളെ മുഴുവൻ ഒഴിവാക്കുകയും നിലവിലെ നോമിനേറ്റഡായ അംഗങ്ങളെ നിലനിർത്തുകയും പുതിയ അംഗങ്ങളെക്കൂടി നോമിനേറ്റ് ചെയ്തുകൊണ്ടുമാണ് ഇപ്പോൾ പുതിയ ഭേദഗതി വന്നിട്ടുള്ളത്. അവിടെയും രാഷ്ട്രീയ താൽപ്പര്യങ്ങൾക്ക് മുൻഗണന കൊടുത്തുകൊണ്ടുള്ള ഒരു സംവിധാനമാണുണ്ടാകുന്നത്. ഇക്കാര്യങ്ങളിൽ ബഹുമാനപ്പെട്ട മന്ത്രി കൂടുതൽ ശ്രദ്ധപതിപ്പിച്ച് നിഷ്പക്ഷമായ തീരുമാനം ഈ മൂന്ന് ബില്ലുകളുടെ കാര്യത്തിലുമുണ്ടാകണമെന്നും ഏകീകൃത സർവ്വകലാശാല നിയമത്തിന്റെ പ്രസക്തി

ബഹുമാനപ്പെട്ട മന്ത്രിക്കും ബോദ്ധ്യമാകുമെന്ന് മനസ്സിലാക്കി ആയത് കൊണ്ടുവരാനുള്ള അടിയന്തര നടപടി സ്വീകരിക്കണമെന്നും അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വിയോജിപ്പ് ഒരിക്കൽകൂടി രേഖപ്പെടുത്തുകയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, ഇവിടെ ശ്രീ. പി. കെ. അബ്ദു റബ്ബ് ചൂണ്ടിക്കാണിച്ചതുപോലെ മൂന്ന് ബില്ലുകളും ചർച്ച ചെയ്യുകയാണ്. അതിൽ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച് ഒരു പന്തിയിൽ രണ്ട് വിളമ്പ് എന്ന് അദ്ദേഹം പറഞ്ഞു. ഇവിടെ ഒരു പന്തിയിൽ മൂന്ന് വിളമ്പാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒരു കോളേജ് അദ്ധ്യാപകനാണ്. ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകരിൽ യു.ജി.സി. നോംസുള്ളവരെ ഒന്നാമത്തെ കാറ്റഗറിയാക്കി പെൻഷൻ പ്രായം 60 വയസ്സും നോംസ് ഇല്ലാത്തവരെ രണ്ടാമത്തെ കാറ്റഗറിയാക്കി 55 വയസ്സും താൽക്കാലിക നിയമനക്കാരെ മൂന്നാമത്തെ കാറ്റഗറിയാക്കി പെൻഷൻ പ്രായം 60 വയസ്സുമാക്കിയിരിക്കുകയാണ്. നോംസ് ഇല്ലാത്ത അദ്ധ്യാപകരുടെ പെൻഷൻ പ്രായം നോൺ ടീച്ചിംഗ് സ്റ്റാഫിന്റേതുപോലെ 55 വയസ്സാണ്. ഇത് പ്രകടമായ ഒരു അനോമലിയാണ്. അവിടെ പ്രവർത്തിക്കുന്ന അദ്ധ്യാപകർക്ക് യു.ജി.സി. നോംസ് ബാധകമല്ലെങ്കിൽ അവരുടെ റിട്ടയർമെന്റ് 55 വയസ്സാണ്. അതേ അവസരത്തിൽ അവിടെ മൂന്ന് വർഷത്തേയ്ക്ക് നിയമിക്കുന്ന താൽക്കാലിക ജീവനക്കാരുടെ കാലാവധി 60 വയസ്സുവരെയാകാം. എന്നുപറഞ്ഞാൽ റിട്ടെയർ ചെയ്തവരെയും നിയമിക്കാൻ അവകാശം കൊടുക്കുകയാണ്. യൂണിവേഴ്സിറ്റിയിലെ നിയമനത്തിന് ഒരു മാനദണ്ഡം വേണം. ഒരു piecemeal legislation ഒരിക്കലും ഒരു പരിഹാരമല്ല. അദ്ധ്യാപകരെ മൂന്ന് കാറ്റഗറിയിലാക്കുന്നു. താൽക്കാലികക്കാർ, നോംസ് ഉള്ളവർ, നോംസ് ഇല്ലാത്തവർ. ഇത്തരത്തിൽ haphazard രീതിയിൽ താൽക്കാലിക ക്രമീകരണമായി നിയമം കൊണ്ടുവരുന്നത് ശരിയല്ല. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല കേരളത്തിലെ ഒരു ചെറിയ സർവ്വകലാശാലയാണ്. അതിന്റെ കാര്യത്തിലെങ്കിലും കോംപ്രിഹെൻസീവായ നിയമം കൊണ്ടുവരുന്നതിന് ശ്രമിക്കേണ്ടതായിരുന്നു. അതിനുപകരം ഇത്തരത്തിലുള്ള താൽക്കാലികമായ ചില പ്രയാസങ്ങൾ മറികടക്കാൻ നിയമഭേദഗതി കൊണ്ടുവരുന്നത് തെറ്റായ കീഴ്‌വഴക്കമാണ്. മറ്റ് രണ്ട് ബില്ലുകൾ, കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും, കേരള സർവ്വകലാശാലയുടെ ഭേദഗതി ബില്ലിൽ പറയുന്നത്, " Three

Principals of Government colleges, elected from among themselves, three Principals of private colleges, other than unaided colleges, elected from among themselves and one Principal of unaided colleges" അങ്ങ് കൊണ്ടുവന്ന ഈ ബില്ലിൽ അൺഎയ്ഡഡ് കോളേജിലെ പ്രിൻസിപ്പലിനെ ഉൾപ്പെടുത്തിയിട്ടുണ്ട്. എന്നാൽ താൽക്കാലിക ക്രമീകരണത്തിൽ അത് കാണുന്നില്ല. അൺഎയ്ഡഡ് കോളേജിനെ ഒഴിവാക്കാൻ സാധിക്കുമോ? കേരള യൂണിവേഴ്സിറ്റിയിൽ 54 അൺഎയ്ഡഡ് സ്ഥാപനങ്ങളുണ്ട്, അദ്ധ്യാപകരുണ്ട്, അനദ്ധ്യാപകരുണ്ട്, വിദ്യാർത്ഥികളുണ്ട്. അവരെ നിയന്ത്രിക്കേണ്ട യൂണിവേഴ്സിറ്റി സമിതിയിൽ അവർക്ക് പങ്കാളിത്തം വേണ്ടേ? അവരെ ഒഴിവാക്കാൻ സാധിക്കുമോ? കേരള യൂണിവേഴ്സിറ്റി അമെന്റ്മെന്റ് ബിൽ 2018-ൽ പ്രിൻസിപ്പൽമാർക്ക് മാത്രമായി അൺഎയ്ഡഡ് കോളേജിൽ ഒരു സംവരണം കൊടുത്തു. ബാക്കി ഒരു മേഖലയ്ക്കുമില്ല. അതേയവസരത്തിൽ താൽക്കാലിക ക്രമീകരണം ഉണ്ടാക്കുമ്പോൾ അത് കാണുന്നില്ല. അൺഎയ്ഡഡ് കോളേജുകളിൽ പങ്കാളിത്തമില്ല. അങ്ങ് ഒരു അദ്ധ്യാപകനാണ്, ഉന്നത വിദ്യാഭ്യാസത്തെക്കുറിച്ച് കാഴ്ചപ്പാടുള്ള വ്യക്തിയാണ്. അങ്ങ് നിയമം കൊണ്ടുവരുമ്പോഴെങ്കിലും ഇത്തരത്തിലുള്ള പ്രകടമായ വേർതിരിവുണ്ടാക്കാൻ പാടില്ലായിരുന്നു. യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം നമ്മുടെ പാരന്റ് യൂണിവേഴ്സിറ്റിയാണ്. അവിടത്തെ കാര്യത്തിൽ ഒരു വ്യക്തത വരണ്ടേ? അതുകൊണ്ടുതന്നെ ശ്രീ. പി. കെ. അബ്ദു റബ്ബ് ചോദിച്ച ചോദ്യം പ്രസക്തമാണ്. യൂണിവേഴ്സിറ്റിയുടെ കാലാവധി കഴിഞ്ഞെങ്കിൽ അങ്ങേയ്ക്ക് വേണമെങ്കിൽ ആ കാലാവധി പുതിയ ഇലക്ഷൻ വരെ നീട്ടിക്കൊടുക്കാമായിരുന്നു. ഒരു തെരഞ്ഞെടുപ്പ് സമിതിയാണ്. നിങ്ങൾ സ്ഥാനത്തും അസ്ഥാനത്തും ഇലക്ഷനെപ്പറ്റി പറയുന്ന ആൾക്കാരാണല്ലോ; ഒരു തെരഞ്ഞെടുപ്പ് സമിതി നിലവിലുള്ളപ്പോൾ ആ സമിതി കാലാവധി കഴിഞ്ഞവരെ പിരിച്ചുവിട്ട് അവിടെ ഇഷ്ടക്കാരെ പ്രതിഷ്ഠിക്കാൻ നോക്കുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ താൽപ്പര്യങ്ങൾക്ക് ഹാനികരമാണ്. വിദ്യാഭ്യാസം നന്നായി പോകണം. അങ്ങ് ചെയ്യേണ്ടിയിരുന്നത് till the next election, നിലവിലുള്ള സമിതിയുടെ കാലാവധി നീട്ടിക്കൊടുക്കാമായിരുന്നു. അത് ചെയ്യാതെ പിൻവാതിലിലൂടെ അങ്ങയുടെ ആജ്ഞാനുവർത്തികളെയും ഇഷ്ടക്കാരെയും രാഷ്ട്രീയ താൽപ്പര്യക്കാരെയും കൊണ്ടുവരാൻ ശ്രമിക്കുന്നത് ഗുണകരമായ കാര്യമല്ല. ദയവായി അത്തരം കീഴ്വഴക്കങ്ങൾ ഉണ്ടാകുന്നത് ഭാവിയിലും ഗുണകരമാകില്ല. ഉന്നതവിദ്യാഭ്യാസ മേഖലയിലെ പൊതുവായ താൽപ്പര്യങ്ങൾ, നേരത്തേ ഇവിടെ പറഞ്ഞു പരീക്ഷയിൽ ക്രമീകരണമില്ല, പരീക്ഷ ഓരോ സമയത്താണ്, റിസൽട്ട് ഓരോ

സമയത്താണ്. യൂണിവേഴ്സിറ്റിയുടെ നിയമം കൊണ്ടുവന്നു. അതിന് മുകളിൽ ഹയർ എഡ്യൂക്കേഷൻ കൗൺസിലായി. ഇതെല്ലാം ഒരു ഓവർലാപ്പിംഗാണ്. യൂണിവേഴ്സിറ്റിക്ക് മുകളിലൊരു ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വന്നിരിക്കുന്നു. ആ കൗൺസിൽ ഉണ്ടായപ്പോഴെങ്കിലും കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ഒരു ഏകീകൃത സമീപനം ഉണ്ടാകണമായിരുന്നു. അതിന് സാധിച്ചിട്ടില്ല. ഇപ്പോഴും അതിന് പരിഹാരമാകുന്നില്ല. ദയവായി ഇത്തരത്തിലുള്ള ഒഴികഴിവുകൾ കൊണ്ട് നിയമം കൊണ്ടുവരരുത്. വ്യക്തമായ കാഴ്ചപ്പാടുണ്ടാകണം. ഞാൻ വിയോജിപ്പ് രേഖപ്പെടുത്തുകയാണ്.

ശ്രീ. ജെയിംസ് മാത്യുവിനുവേണ്ടി ശ്രീ. എം. സ്വരാജ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

" A University stands for humanism, for tolerance, for reason, for progress, for the adventure of ideas and for the search of truth." ഇത് ഇന്ത്യയ്ക്ക് സ്വാതന്ത്ര്യം കിട്ടി ഒരു വർഷം തികയുന്നതിനുമുമ്പ് അലഹബാദ് യൂണിവേഴ്സിറ്റിയുടെ പ്രത്യേക ബിരുദദാന ചടങ്ങിൽ സംസാരിക്കവെ ഇന്ത്യയുടെ ആദ്യ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്റു നടത്തിയ പ്രസംഗത്തിലുള്ളതാണ്. ഒരു യൂണിവേഴ്സിറ്റിക്ക് കൽപ്പിക്കപ്പെടുന്ന മഹത്വവും ഔന്നത്യവും പ്രകടമാക്കുന്നതാണ് അദ്ദേഹത്തിന്റെ വാക്കുകൾ. സർവ്വകലാശാല ഉയർത്തിപ്പിടിക്കേണ്ട മാനവികതയുടെയും സഹിഷ്ണുതയുടെയും സത്യാന്വേഷണത്തിന്റെയുമെല്ലാം ആശയങ്ങളെ അദ്ദേഹം ഊന്നിപ്പറയുന്നു. സർവ്വകലാശാല ഒരു സമൂഹത്തിന്റെ സാമൂഹ്യ പുരോഗതിയുടെ അടയാളമായി പരിഗണിക്കുന്ന ആധുനിക സമൂഹമാണ് നമ്മുടേത്. ഭാവിലോകത്തെ രൂപപ്പെടുത്തുന്ന പ്രക്രിയയാണ് യൂണിവേഴ്സിറ്റികളിൽ നടക്കുന്നത്. സർവ്വകലാശാലകളുടെ നിലവാരവും നിലവാരത്തകർച്ചയും നമ്മുടെ സമൂഹത്തെ കാര്യമായിത്തന്നെ സ്വാധീനിക്കുമെന്നതിന് കൂടുതൽ വിശദീകരണങ്ങളോ ആമുഖങ്ങളോ ആവശ്യമില്ല. ഇവിടെ സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകരുടെ പെൻഷൻ പ്രായവുമായെല്ലാം ബന്ധപ്പെട്ടുനിൽക്കുന്ന മറ്റ് ചില യൂണിവേഴ്സിറ്റികളിൽ നിന്നും വിഭിന്നമായ അന്തരീക്ഷത്തെ പരാമർശിച്ചുകൊണ്ടുള്ളതാണ് ഈ നിയമനിർമ്മാണം. നമുക്കറിയാം, നമ്മുടെ സംസ്ഥാനം മുഴുവൻ പ്രവർത്തന

മേഖലയുള്ള 9 സെന്ററുകളുള്ള ശ്രദ്ധേയമായ പ്രവർത്തനം നടത്തുന്ന ഒരു യൂണിവേഴ്സിറ്റിയാണ് സംസ്കൃത യൂണിവേഴ്സിറ്റി. സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് അക്കാദമിക് വർഷത്തിനിടയിൽ 60 വയസ് പൂർത്തിയായാൽ അവർ പിരിയുന്ന സ്ഥിതിയാണ് ഇപ്പോഴുള്ളത്. സ്വാഭാവികമായും ബാക്കി സമയം അദ്ധ്യാപകരില്ലാത്ത നില വരും. മറ്റ് സർവ്വകലാശാലകളുമായി താരതമ്യം ചെയ്യുമ്പോൾ ഇത് അസ്വാഭാവികമാണ്. കേരളത്തിലെ മറ്റെല്ലാ യൂണിവേഴ്സിറ്റികളിലും അദ്ധ്യയന വർഷത്തിന്റെ പകുതിയിൽ വച്ച് പെൻഷൻ പ്രായമായാലും അദ്ധ്യയന വർഷം കഴിയുന്നതുവരെ തുടരാൻ കഴിയുന്ന സ്ഥിതിയാണ്. എല്ലാ കോളേജുകളിലും സ്കൂളുകളിലും അങ്ങനെയാണ്. പഠനപ്രക്രിയയുടെ പാതിവഴിയിൽ വച്ച് അദ്ധ്യാപകൻ പിരിഞ്ഞ് പോകുമ്പോൾ വിദ്യാർത്ഥികൾ അനാഥമാകുകയാണ് ചെയ്യുന്നത്. ഈയൊരു സാഹചര്യം ഒഴിവാക്കി സംസ്കൃത സർവ്വകലാശാലയിലും മറ്റെല്ലാ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ബാധകമായ ഒരു പുതിയ സാഹചര്യം സൃഷ്ടിക്കുകയാണ് ഈ നിയമനിർമ്മാണത്തിന്റെ ഉദ്ദേശ്യമെന്നാണ് മനസ്സിലാക്കുന്നത്. ഇത് വളരെ അനുപേക്ഷണീയമായ ഒന്നാണ്. നമ്മുടെ സർവ്വകലാശാലയുടെ അദ്ധ്യയന നിലവാരം അല്പവും തകരാതെ, കുറയാതെ സംരക്ഷിക്കുന്നത് അനിവാര്യമായ ഒരു നിയമനിർമ്മാണമാണ്. ഇതുസംബന്ധിച്ച ചില ചർച്ചാ വിഷയങ്ങളിൽ ഒരു സെമസ്റ്റർ കണ്ടിന്യൂ ചെയ്താൽ പോരേ എന്ന അഭിപ്രായങ്ങൾ ഉയർന്നുവന്നു. എന്നാൽ നമ്മുടെ യൂണിവേഴ്സിറ്റിയുടെ ആക്ടിൽത്തന്നെ സെമസ്റ്റർ എന്ന വാക്കുപോലുമില്ല. ആക്ടുൾപ്പെടെ ഭേദഗതി ചെയ്യേണ്ട സാഹചര്യമാണുണ്ടാകുന്നത്. മാത്രവുമല്ല കോളേജുകളിലാണെങ്കിലും യൂണിവേഴ്സിറ്റികളിലാണെങ്കിലും അദ്ധ്യയന വർഷംതന്നെ അതിനെ രണ്ട് ഭാഗമാക്കി പഠിപ്പിക്കുന്നുവെന്നത് ഒഴികെ മറ്റേതെങ്കിലും തരത്തിലുള്ള പ്രാധാന്യം ഇത്തരം കാര്യത്തിൽ സെമസ്റ്ററിന് കൊടുക്കേണ്ടതില്ല എന്നുതന്നെയാണ് തോന്നുന്നത്. അദ്ധ്യാപകർ, അദ്ധ്യാപകരുടെ പ്രാധാന്യം, പ്രസക്തി ഇതെല്ലാം തിരിച്ചറിഞ്ഞുകൊണ്ടുള്ള നിയമനിർമ്മാണമാണ്. നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് സർവ്വകലാശാല വൈസ് ചാൻസലർമാർ പോലും കൊല്ലപ്പെടുന്നൊരു സാഹചര്യമാണ്, സാന്ദർഭികമായി നമുക്ക് ഓർമ്മിക്കാവുന്നതുമാണ്.

ഈ ബില്ലിന്റെ ചർച്ചാ വേളയിൽ മുമ്പ് ഈ സഭയിൽ ബഹുമാന്യനായ വേങ്ങര അംഗം നേരിട്ട് ഈ വിഷയവുമായി ബന്ധപ്പെട്ടതല്ലെങ്കിലും ഇതുമായി ബന്ധപ്പെടുത്തി ഒട്ടേറെ വിജ്ഞാനപ്രദമായ കാര്യങ്ങൾ പറയുകയുണ്ടായി. മാധ്യമ

പ്രവർത്തനത്തിന്റെ പ്രാധാന്യം, പ്രസക്തി, മാധ്യമ പ്രവർത്തനത്തോടുള്ള ഇടതുപക്ഷ സമീപനം, ചരിത്രം തുടങ്ങിയ കാര്യങ്ങളെക്കുറിച്ചാണ് അദ്ദേഹം ഇവിടെ വിശദീകരിച്ചത്. അദ്ദേഹം പലപ്പോഴും ഇത്തരം കാര്യങ്ങൾ പറയുമ്പോൾ മാർക്സ്, ഏംഗൽസ്, ലെനിൻ എന്നിവരുടെ പുസ്തകങ്ങൾ, ഉദ്ധരണികൾ എല്ലാം ഉപയോഗിക്കാറുണ്ട്. നമ്മൾ ആസ്വദിക്കാറുമുണ്ട്. അതെല്ലാം സ്ഥാനത്താണോ അസ്ഥാനത്താണോ എന്നുള്ള സംശയം മാത്രമേ അപൂർവ്വം ചിലരിലെങ്കിലും ഉണ്ടാകാറുള്ളൂ. ലെനിന്റെ മാധ്യമ പ്രവർത്തനത്തിന്റെ ചരിത്രത്തെക്കുറിച്ച് അദ്ദേഹം ഇവിടെ പരാമർശിക്കുകയുണ്ടായി. Iskra, Pravda എല്ലാം എടുത്തുപറയുകയും ചെയ്തു. അതെല്ലാം ശരിയാണ്. ഞങ്ങൾ അതംഗീകരിക്കുന്നുണ്ട്. Iskra, Pravda മാത്രമൊന്നുമല്ല മറ്റ് നിരവധി പത്രങ്ങളുമായി ബന്ധപ്പെട്ട് ലെനിൻ പ്രവർത്തിച്ചിട്ടുണ്ട്. ഭരണകൂടത്തിന്റെ വേട്ടയാടലിന്റെ കാലഘട്ടത്തിൽ Sa pravda, Rabochaya Pravda, Komsomolskaya Pravda ഇതെല്ലാം അദ്ദേഹത്തിന്റെ പത്രങ്ങളായിരുന്നു. ഇത് ചരിത്രത്തിലെ ഒറ്റപ്പെട്ട അനുഭവമല്ല. മാർക്സ് തന്നെ ഒരു പത്രത്തിന്റെ എഡിറ്ററായിരുന്നു. Rheinische Zeitung-ന്റെ എഡിറ്ററായിരുന്നു മാർക്സ്. അതിന്റെ സബ് എഡിറ്ററായിരുന്നു ഏംഗൽസ്. L'Unita സ്ഥാപിച്ചതു തന്നെ അന്റോണിയോ ഗ്രാംഷി (Antonio Gramsci) ആയിരുന്നു. ഇത് കമ്മ്യൂണിസ്റ്റുകാരുടെ മാത്രം കുത്തകയുമല്ല. മഹാത്മാഗാന്ധി ആറ് പ്രസിദ്ധീകരണങ്ങളുമായി ബന്ധപ്പെട്ടുകൊണ്ട് തന്റെ രാഷ്ട്രീയ പ്രവർത്തനം മുമ്പോട്ടു നയിച്ച നേതാവാണ്. ഇത്തരമൊരു ബില്ലിന്റെ ചർച്ചയിൽ ഇതിനൊക്കെ എന്ത് പ്രസക്തിയെന്ന് എനിക്ക് ഇപ്പോഴും അറിയില്ല. ഇത് ഇവിടെ വന്നതുകൊണ്ട് അതിനോട് പ്രതികരിച്ചുപോകണമെന്ന തോന്നലുള്ളതുകൊണ്ടാണ് ഞാൻ പ്രതികരിക്കുന്നത്. ഈ ഭാഗങ്ങളെല്ലാം അദ്ദേഹം വിശദീകരിച്ചുകൊണ്ട്, ജോൺ റീഡ് അമേരിക്കയിൽ നിന്ന് വന്ന സമയത്ത് അദ്ദേഹത്തെ കമ്മ്യൂണിസ്റ്റുകാർ ആട്ടി പുറത്താക്കിയിരുന്നെങ്കിൽ റഷ്യൻ വിപ്ലവത്തെക്കുറിച്ചുള്ള പുസ്തകം നമുക്ക് ലഭ്യമാകുമായിരുന്നില്ലെന്ന് അദ്ദേഹം പറഞ്ഞു. 'Ten days that shook the world' പുറത്തിറങ്ങിയില്ലായിരുന്നുവെങ്കിൽ റഷ്യൻ വിപ്ലവത്തെക്കുറിച്ചുള്ള പുസ്തകത്തിനൊന്നും ഒരു ക്ഷാമവും നമ്മുടെ ലോകത്ത് ഉണ്ടാകുമായിരുന്നില്ല. ജോൺ റീഡിന് അന്ന് പനി പിടിച്ചിട്ട് വരാൻ കഴിയാതെ പോയാലും Albert Rhys Williams വന്ന് 'Through the Russian Revolution' അന്ന് എഴുതിയിരുന്നു. നമുക്ക് പുസ്തകം കിട്ടും. ഇത് റഷ്യയിൽ മാത്രമല്ല ലോകത്ത് എല്ലായിടത്തും, Edgar Snow-യും Agnes Smedley-യും ചൈനയിൽ പോയി വിപ്ലവത്തെക്കുറിച്ചും ചൈനീസ് സാഹചര്യങ്ങളെക്കുറിച്ചും പുസ്തകമെഴുതിയത് അമേരിക്കയിൽ നിന്നും

വന്നിട്ടായിരുന്നു. ആരും തടഞ്ഞിട്ടില്ല. കമ്മ്യൂണിസ്റ്റുകാർ ലോകത്തെവിടെയും മാധ്യമങ്ങളെയോ മാധ്യമ പ്രവർത്തകരെയോ ശത്രുക്കളായി പ്രഖ്യാപിക്കുകയോ യുദ്ധം പ്രഖ്യാപിക്കുകയോ ചെയ്തിട്ടേയില്ല. അദ്ദേഹം പറഞ്ഞ ചരിത്രത്തിലെ എല്ലാ വസ്തുതകളെയും പൂർണ്ണമായും അംഗീകരിക്കുകയും അതിനെയെല്ലാം പിന്തുണയ്ക്കുകയും ചെയ്യുമ്പോൾത്തന്നെ അദ്ദേഹം പറഞ്ഞുവച്ചത്, പണ്ട് മാധ്യമങ്ങളുടെ പ്രാധാന്യം ഈ മഹത്തായ നേതൃത്വമെല്ലാം തിരിച്ചറിഞ്ഞിരുന്നു; പക്ഷേ ഇപ്പോൾ അതൊന്നും തിരിച്ചറിയുന്നില്ല. ഇപ്പോൾ കേരളത്തിലെ ഇടതുപക്ഷവും നേതൃത്വം കൊടുക്കുന്ന സി.പി.ഐ.(എം)-ഉം മാധ്യമങ്ങളെ ആക്രമിക്കുകയും അവരോട് പരുഷമായി പെരുമാറുകയും ചെയ്യുന്നുവെന്ന നിലയിലാണ് അദ്ദേഹം അവസാനിപ്പിച്ചത്. ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ് മാധ്യമ പ്രവർത്തനം. മാധ്യമങ്ങളുടെ പ്രസക്തിയും പ്രാധാന്യവും ഞങ്ങൾ നന്നായി തിരിച്ചറിയുന്നുണ്ട്. അതിനർത്ഥം മാധ്യമങ്ങൾ വിമർശത്തിനതീതരാണെന്നല്ല. മാധ്യമ വിമർശനവും ഇടതുപക്ഷ രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ്. Noam Chomsky-യും ലെനിനുമെല്ലാം ഇത് നിർവ്വഹിച്ചിട്ടുള്ളതാണ്. ലെനിൻ മാധ്യമ പ്രവർത്തകൻ മാത്രമായിരുന്നില്ല. മൂലധന താൽപ്പര്യങ്ങളാൽ തെറ്റായ നിലപാട് സ്വീകരിച്ച മാധ്യമങ്ങളെ അതിനിശിതമായി വിമർശിച്ചിട്ടുള്ളയാളാണ് ലെനിൻ. അതാണ് ഞാൻ അന്ന് അദ്ദേഹത്തോട് 'ലെനിൻ പറഞ്ഞ ആ കാര്യം ഓർമ്മയുണ്ടോ' എന്ന് ചോദിച്ചത്. അദ്ദേഹത്തിന് ദേഷ്യം വന്നു. അതുപോകട്ടെ. ഞാൻ സൂചിപ്പിച്ചത് മാധ്യമ വിമർശനം അതിശക്തമായി ഉയർത്തിക്കൊണ്ടുവന്നത് മാധ്യമങ്ങളെ നിഗ്രഹിക്കാനല്ല, മറിച്ച് അതൊരു രാഷ്ട്രീയ പ്രവർത്തനത്തിന്റെ ഭാഗമാണ്. സമൂഹ നവീകരണ പ്രക്രിയയുടെ പങ്കുവഹിക്കുകയാണ് ചെയ്തത്. ഞാൻ ഇപ്പോൾ ഇത് ഇവിടെ പരാമർശിക്കാൻ കാരണം നമ്മുടെ കാലത്ത് അഹിത..

ശ്രീ. എം. വിൻസെന്റ്: സർ, മാധ്യമപ്രവർത്തകരെ പിതൃശൂന്യരെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. ആ അഭിപ്രായത്തിൽ തന്നെയാണോ അങ്ങ് ഇപ്പോഴും ഉറച്ചുനിൽക്കുന്നതെന്ന് അറിഞ്ഞാൽ കൊള്ളാം.

ശ്രീ. എം. സ്വരാജ്: സർ, പറയാം. ഇപ്പോൾ നമ്മുടെ നാട്ടിൽ നടക്കുന്നത് അഹിതമായ വാർത്തകൾ പ്രസിദ്ധീകരിക്കുന്ന മാധ്യമങ്ങൾക്കും മാധ്യമ പ്രവർത്തകർക്കും നേരെ നടക്കുന്ന ശക്തമായ ആക്രമണമാണ്. ഇപ്പോൾ ഗൗരി ലങ്കേഷ് കൊല്ലപ്പെട്ടു. ശാന്തനു ഭൗമിക് കൊല്ലപ്പെട്ടു. സംഘ്പരിവാർ തങ്ങൾക്ക് അഹിതമായ വാർത്തകൾ പുറത്തുവരുത്തുന്ന മാധ്യമങ്ങളെ ഇങ്ങനെയാണ്

കൈകാര്യം ചെയ്യുന്നത്. ഇന്നത്തെ ഇന്ത്യയിൽ പ്രതിഭാശാലികളായ മാധ്യമ പ്രവർത്തകർ വെടിയേറ്റ് വീഴുകയാണ്. ആ കാലഘട്ടത്തിൽ ബഹുമാന്യനായ അംഗം ഇത്തരം വിഷയങ്ങളെ പരാമർശിക്കുമ്പോൾ ഇടതുപക്ഷത്തിന്റെ മാധ്യമ വിമർശനമാണ് കൂടുതൽ അപകടകരമെന്ന നിലയിൽ സൂചിപ്പിക്കുന്നത് യഥാർത്ഥത്തിൽ ആർ.എസ്.എസ്.-ന്റെ ആക്രമണങ്ങളെ പരോക്ഷമായെങ്കിലും സഹായിക്കുകയാണ് ചെയ്യുന്നത്.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> സർ, ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം സംസാരിച്ചപ്പോൾ ഒന്നും പറയേണ്ടെന്ന് വിചാരിച്ച് ഞാനത് enjoy ചെയ്യുകയായിരുന്നു. വീണ്ടും വീണ്ടും പറഞ്ഞുകൊണ്ട് ഞാനൊരു സംശയം ചോദിക്കുകയാണ്. Aleksandr Solzhenitsyn-യേയും Boris Pasternak-നേയും എന്തിനാണ് സൈബീരിയയിലേയ്ക്ക് നാടുകടത്തിയത്. സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് ഗവൺമെന്റിന് ഇഷ്ടപ്പെടാത്ത ഗ്രന്ഥങ്ങൾ രചിച്ചുകൊണ്ടല്ലേ ലോക പ്രസിദ്ധരായ ഈ രണ്ട് എഴുത്തുകാരെയും ഉൾപ്പെടെ സോവിയറ്റ് യൂണിയൻ സൈബീരിയയിലേയ്ക്ക് നാടുകടത്തിയത്. Aleksandr Solzhenitsyn-ഉം Boris Pasternak-ഉം അതിന്റെ ഇരകളല്ലേ; അങ്ങനെ ഒരുപാട് ആളുകളുണ്ട്. എല്ലാം ഞാൻ പറയുന്നില്ല.

<u>പ്രൊഫ. കെ. യു. അരുണൻ:</u> അങ്ങ് Doctor Zhivago എന്ന പുസ്തകം വായിച്ചിട്ടുണ്ടോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> വായിച്ചിട്ടുണ്ട്.

<u>ശ്രീ. എം. സ്വരാജ്:</u> ബഹുമാന്യനായ വേങ്ങര അംഗം ഇപ്പോൾ ഇത് ചോദിക്കുമ്പോൾ എനിക്ക് തോന്നുന്ന ഒരു കൗതുകം, Aleksandr Solzhenitsyn ഉൾപ്പെടെയുള്ള ആളുകളുടെ മേൽ സോവിയറ്റ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികളെക്കുറിച്ച് തീർത്തും അറിയാതെ ആയിരുന്നുവോ അങ്ങ് ആ കാലഘട്ടത്തിലും അതിനുശേഷവും സോവിയറ്റ് യൂണിയനെ പൂർണ്ണമായി പിന്തുണച്ചുകൊണ്ടുള്ള രാഷ്ട്രീയ നിലപാട് സ്വീകരിച്ചതെന്നാണ്. 2018-ലാണ് Boris Pasternak-ന്റെയും Aleksandr Solzhenitsyn-ന്റെയും സാഹിത്യത്തോട് സോവിയറ്റ് ഗവൺമെന്റ് സ്വീകരിച്ച സമീപനത്തെക്കുറിച്ച് മനസ്സിലാക്കിയതെന്ന സംശയം എനിക്കുണ്ട്. ഒരു കമന്റായി ഞാൻ പറഞ്ഞുവെന്ന് കരുതിയാൽ മതി. അങ്ങയുടെ സ്റ്റേറ്റുമെന്റിനോടുള്ള എന്റെ പ്രതികരണം. Aleksandr Solzhenitsyn-ഉം Boris Pasternak-ഉം അന്ന് സ്വീകരിച്ച സാഹിത്യം മാത്രമല്ല,

രാഷ്ട്രീയവും നാം ചർച്ച ചെയ്യേണ്ടതാണ്. സ്വീഡിഷ് അക്കാദമിക്ക് Aleksandr Solzhenitsyn എങ്ങനെ ഇഷ്ടക്കാരനായി എന്നത് ചുരുങ്ങിയപക്ഷം 1970-കളിലെ നൊബേൽ സമ്മാനത്തിന്റെ പ്രഖ്യാപനവുമായി ബന്ധപ്പെട്ട്..... എന്റെ ഓർമ്മ ശരിയാണെങ്കിൽ, നൊബേൽ പ്രൈസിന്റെ ചരിത്രത്തിൽ ഒരാൾ മാത്രമേ സാഹിത്യത്തിനുള്ള നൊബേൽ പ്രൈസ് നിരസിച്ചിട്ടുള്ളൂ. അത് Jean-Paul Sartre ആണ്. സ്വീഡിഷ് അക്കാദമി അന്ന് നടത്തിയ പ്രത്യേക രാഷ്ട്രീയ സമീപനംകൊണ്ടാണ് Sartre ആ പുരസ്കാരം നിഷേധിച്ചത്. Aleksandr Solzhenitsyn എങ്ങനെയാണ് ആ സ്വീഡിഷ് അക്കാദമിയുടെ ഇഷ്ടക്കാരനായി മാറിയത്; സോവിയറ്റ് യൂണിയന്റെ രൂപീകരണത്തിനുശേഷം സാമ്രാജ്യത്വ ശക്തികളുടെ പ്രേരണയാലും സഹായത്താലും സോവിയറ്റ് യൂണിയനകത്ത് നടന്ന പ്രതിവിപ്ലവ ശ്രമങ്ങൾ അങ്ങേയ്ക്ക് അറിവുള്ളതാകുമല്ലോ; അങ്ങ് അതിനെക്കുറിച്ച് നല്ലതുപോലെ മനസ്സിലാക്കിയിട്ടുണ്ടാകുമെന്ന് കരുതുന്നു. ആ പ്രതിവിപ്ലവ ശ്രമങ്ങളെ എങ്ങനെയാണ് ഒരു ഗവൺമെന്റ് നേരിടുക. ജനാധിപത്യ ഇന്ത്യയിലെ ഈ ഗവൺമെന്റിനെ അട്ടിമറിക്കാൻ ഒരു നീക്കമുണ്ടായാൽ, ഈ ഗവൺമെന്റ് എങ്ങനെയാണ് അതിനെ കൈകാര്യം ചെയ്യുക; ഞാൻ അതിലേയ്ക്കുകൂടി വരാം. ഇതെല്ലാം നമ്മൾ ഓർത്തിരിക്കുന്നത് നല്ലതാണ്. Doctor Zhivago-യെക്കുറിച്ചും ഇവിടെ പരാമർശം വന്നു. Mikhail Scholokhov നല്ല ആരോഗ്യത്തോടുകൂടി ജീവിച്ചിരിക്കുമ്പോൾതന്നെയാണ് Aleksandr Solzhenitsyn-ഉം Boris Pasternak-ഉം പ്രത്യേക വിഭാഗത്തിന്റെ ആഘോഷത്തിനും പ്രശംസയ്ക്കും പാത്രമായത്. അതിന്റെ പിന്നിലുള്ള താൽപ്പര്യങ്ങളും രാഷ്ട്രീയവും നിഷ്കളങ്കമല്ലെന്നുള്ളത് അങ്ങേയ്ക്കും നന്നായിട്ട് അറിയുന്നതാണെന്നാണ് എന്റെ വിശ്വാസം. ഞാൻ പറഞ്ഞുവന്നത്.......

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> ഞാൻ ചോദിച്ച ചോദ്യം ശരിയായിരുന്നു. രണ്ടുപേരും നാടുകടത്തപ്പെട്ടിരുന്നു. അവർ പ്രതിവിപ്ലവകാരികളായിരുന്നുവെന്നാണ് പറഞ്ഞത്. ആ വിലയിരുത്തലിലാണ് അവരെ തടവറയിലേയ്ക്ക് അയച്ചത്. ജനാധിപത്യത്തെ അട്ടിമറിക്കാൻ ശ്രമിച്ചാൽ ഇവിടത്തെ ഗവൺമെന്റ് എന്താണ് ചെയ്യുകയെന്ന് ചോദിച്ചാൽ, ഗൗരി ലങ്കേഷും എം. എം. കൽബുർഗിയുമൊക്കെ ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടിൽ അവരുടെ ഗവൺമെന്റിന്റെ താൽപ്പര്യങ്ങളെ അട്ടിമറിക്കാൻ ശ്രമിച്ചതുകൊണ്ടാണ് അവരെ കൊന്നതെന്ന് വരും. ഇന്ത്യ ഭരിക്കുന്ന ഗവൺമെന്റും കക്ഷികളുംകൂടി ചേർന്ന് അവരെ വകവരുത്തിയത് അതുകൊണ്ടാണെന്ന് വരും. അതിനെ നമ്മൾ ന്യായീകരിക്കുന്നുണ്ടോയെന്നാണ് ഞാൻ ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗത്തോട് ചോദിക്കുന്നത്. പ്രൊഫ. കെ. യു. അരുണനോട് ഒരു കാര്യവും ഞാൻ ചോദിച്ചില്ല.

<u>പ്രൊഫ. കെ. യു. അരുണൻ:</u> എം. എം. കൽബുർഗിയുടെ പേര് പറഞ്ഞില്ലല്ലോ?

<u>ചെയർപേഴ്സൺ:</u> പ്രൊഫ. കെ. യു. അരുണന് ചോദിക്കാനുള്ളത് ശ്രീ. എം. സ്വരാജിനോട് ചോദിച്ചാൽ മതി.

<u>ശ്രീ. കെ. എൻ. എ. ഖാദർ:</u> എം. എം. കൽബുർഗിയേയും ഗൗരി ലങ്കേഷിനെയും ഗോവിന്ദ് പൻസാരെയും പറയാം. അങ്ങനെയൊരു ലിസ്റ്റ് ഞാൻ പ്രസംഗിക്കുമ്പോഴല്ലേ പറയാൻ പറ്റുകയുള്ളൂ. വേറൊരാളുടെ പ്രസംഗത്തിൽ ഇടപെട്ട് സംസാരിക്കുമ്പോൾ വളരെ പരിമിതമായ കാര്യമല്ലേ പറയാൻ പറ്റൂ. ബഹുമാനപ്പെട്ട തൃപ്പൂണിത്തുറ അംഗം Milovan Djilas എഴുതിയ New Class എന്ന പുസ്തകം വായിക്കണം. Milovan Djilas എന്ന കമ്മ്യൂണിസ്റ്റ് നേതാവിനെ തടവറയിലാക്കി, ആ തടവറയിലെ ടോയ്‌ലറ്റ് പേപ്പറിലാണ് അദ്ദേഹം ആ പുസ്തകം എഴുതി പുറത്തേയ്ക്ക് കടത്തിയത്.

<u>ശ്രീ. എം. സ്വരാജ്:</u> അങ്ങ് എഴുന്നേറ്റാൽ ഞാൻ ഇനിയും വഴങ്ങും. വഴങ്ങുമ്പോൾ കുറച്ച് സംസാരിക്കാനേ ഞാൻ സമ്മതിക്കുകയുള്ളൂ. മുഴുവൻ പ്രസംഗം അപഹരിച്ചുകൊണ്ടുപോകാൻ ഞാൻ സമ്മതിക്കില്ല.

<u>ചെയർപേഴ്സൺ:</u> ശ്രീ. എം. സ്വരാജ്, ഇപ്പോൾ 13 മിനിട്ടായി. അങ്ങേയ്ക്ക് എത്ര സമയംകൂടി വേണ്ടിവരും.

<u>ശ്രീ. എം. സ്വരാജ്:</u> ഞാൻ വളരെ ജനാധിപത്യവാദിയായതുകൊണ്ട് നല്ലൊരു ചർച്ചയായിട്ട് പോകട്ടേയെന്ന് കരുതിയാണ് വഴങ്ങിക്കൊടുക്കുന്നത്. വേഗം അവസാനിപ്പിക്കാം. ബഹുമാനപ്പെട്ട ചെയറിന്റെ അഭ്യർത്ഥന മാനിച്ച് ഇനി ഞാൻ വഴങ്ങുന്നില്ല. ശ്രീ. കെ. എൻ. എ. ഖാദർ, നമുക്ക് രണ്ടുപേർക്കും അറിയാമല്ലോ; സൂചി സൂചിയിന്മേൽ കുത്തേണ്ടല്ലോ; അങ്ങ് ഇവിടെ പറഞ്ഞത് എന്നെ കൂടുതൽ ഭയപ്പെടുത്തുകയാണ്. എന്തുകൊണ്ടെന്നാൽ, സോവിയറ്റ് ഗവൺമെന്റ് സ്വീകരിച്ച, മുമ്പ് അങ്ങേയ്ക്കും പൂർണ്ണമായി ബോദ്ധ്യമുണ്ടായിരുന്ന കാര്യങ്ങളെ ഇന്ന് ഗൗരി ലങ്കേഷിനെയും ശാന്തനു ഭൗമിക്കിനേയും സംഘപരിവാറും സഖ്യശക്തികളും ഏകപക്ഷീയമായി ആക്രമിച്ചു കൊലപ്പെടുത്തിയതിനെ വല്ലാതെ താരതമ്യപ്പെടുത്തുന്നത് എന്നെ ഭയപ്പെടുത്തുന്നു. എന്തുകൊണ്ടെന്നാൽ, സോവിയറ്റ്

യൂണിയന്റെമേൽ സാമ്രാജ്യത്വം ആരോപിച്ചിട്ടുള്ള ഒരുപാട് കുറ്റപത്രങ്ങളിൽ ചിലതാണ് ഇവിടെ സൂചിപ്പിച്ചത്. വേണമെങ്കിൽ Bukharin-ന്റെ ഉൾപ്പെടെയുള്ള കാര്യങ്ങൾ അങ്ങേയ്ക്ക് ഇവിടെ പറയാവുന്നതാണ്. Gregory Zinoviev-ന്റെയും Lev Kamenev-ന്റെയുമെല്ലാം കാര്യം പറയാവുന്നതാണ്. Grigori Sokolnikov-ന്റെയും Omuerbek Babanov-ന്റെയുമൊക്കെ കാര്യങ്ങൾ പറയാം. നമുക്ക് രണ്ടുപേർക്കും അറിയാവുന്നതാണല്ലോ; പക്ഷെ അങ്ങ് മറന്നുപോകുന്ന ഒന്നുണ്ട്, സോവിയറ്റ് യൂണിയനിൽ ഏത് കാലത്ത് ഇത്തരം നടപടികൾ സ്വീകരിച്ചിരുന്നുവെങ്കിലും അതെല്ലാം അവിടെ നിലനിന്നിരുന്ന നിയമ സംവിധാനത്തിന്റെ ഭാഗമായി വിചാരണ നടപടികളിലൂടെ, ആ വിചാരണ അന്നത്തെ അമേരിക്കൻ അംബാസിഡർ ഉൾപ്പെടെയുള്ളവരുടെ സാന്നിദ്ധ്യത്തിൽ നടത്തിയിട്ടുള്ളതാണെന്ന് അങ്ങ് മനസ്സിലാക്കിയിട്ടുണ്ടാകും എന്നാണ് ഞാൻ കണക്കാക്കുന്നത്. ഏതെങ്കിലും ഒരു ഘട്ടത്തിൽ പ്രതിവിപ്ലവ ശ്രമത്തിൽ പങ്കാളികളായാലും സോവിയറ്റ് യൂണിയനെ അട്ടിമറിക്കുന്നതിന് സാമ്രാജ്യത്വ ഗൂഢാലോചനയിൽ പങ്കാളികളായാലും അവരെ വെടിവച്ചു കൊല്ലുകയല്ല ചെയ്തിട്ടുണ്ടായിരുന്നത്. ഉദാഹരണത്തിന്, Gregory Zinoviev, Lev Kamenev, സൊഡോക്കിൻ, Georgy Pyatakov, Karl Radek, ടറോ ബ്രാൻസിസ്കി, Smirnov തുടങ്ങിയവരെല്ലാം വിവിധ കാലങ്ങളിൽ സോവിയറ്റ് യൂണിയന്റെ ശിക്ഷാ നടപടികൾക്ക് വിധേയരാവുകയും എന്നാൽ അവർ തെറ്റ് തിരുത്താൻ തയ്യാറായപ്പോൾ, അവർ തെറ്റ് ഏറ്റുപറഞ്ഞപ്പോൾ അത് മാപ്പാക്കിക്കൊടുത്ത് പോളിറ്റ് ബ്യൂറോയിലേയ്ക്കുതന്നെ തിരിച്ചെടുക്കുകയും ഭരണത്തിലെ ഉന്നതമായ ഉത്തരവാദിത്വങ്ങൾ ഏൽപ്പിക്കുകയും ചെയ്ത ചരിത്രം സോവിയറ്റ് യൂണിയനുണ്ട്. Bukharin-ന്റെ വിചാരണാ വേളയിലുടനീളം കോടതിയിൽ.......

<u>ശ്രീ. വി. ഡി. സതീശൻ:</u> അങ്ങ് പ്രസംഗിച്ചതിന്റെ ഇൻഫർമേഷൻ കിട്ടുമെന്ന് വിചാരിച്ച് കേട്ടുകൊണ്ടിരുന്നതാണ്. പക്ഷെ, ഒരു കാലഘട്ടത്തിൽ നടന്നിരുന്ന ക്രൂരമായ എല്ലാ കൊലപാതകങ്ങളെയും, ഏറ്റവും അടുത്ത സഹപ്രവർത്തകരെ, മന്ത്രിസഭയിലെ അംഗങ്ങളെ, പാർട്ടി കേന്ദ്ര കമ്മിറ്റി അംഗങ്ങളെ, ഏറ്റവും ഉന്നതമായ ബോഡിയിലെ അംഗങ്ങളെ തുടങ്ങിയ 100 കണക്കിന് ആളുകൾ കൊലചെയ്യപ്പെട്ട ഒരു കാലഘട്ടത്തെക്കുറിച്ച്, ആയിരക്കണക്കിന് ആളുകൾ സൈബീരിയൻ തടവറകളിലേയ്ക്ക് പറഞ്ഞയക്കപ്പെട്ട ഒരു കാലഘട്ടത്തെക്കുറിച്ച് അങ്ങ് ഇത്രയും ന്യായീകരിക്കുന്നത്, മനുഷ്യത്വം പോലുമില്ലാത്ത രീതിയിൽ ലക്ഷക്കണക്കിന് ആളുകൾ കൊലചെയ്യപ്പെട്ട ഒരു

കാലഘട്ടത്തെക്കുറിച്ചും ഇപ്പോഴത്തെ സമയത്തെക്കുറിച്ചും താരതമ്യം ചെയ്യുന്നത് എന്തടിസ്ഥാനത്തിലാണ്. എല്ലാറ്റിനും ഉത്തരം സാമ്രാജ്യത്വ വിരുദ്ധം പറഞ്ഞാൽ ഈ കൊലപാതകങ്ങൾക്കെല്ലാം ന്യായീകരണമാകുമോ; മനുഷ്യരെയല്ലേ കൊന്നുകൂട്ടിയത്.

<u>ശ്രീ. എം. സ്വരാജ്:</u> ഏതെങ്കിലും കൊലപാതകത്തെ ന്യായീകരിച്ചതല്ല. അതിലും ഒരു തെറ്റിദ്ധാരണ വന്നുവെന്നാണ് എനിക്ക് തോന്നുന്നത്. ഞാൻ ഇവിടെ പറയാൻ ശ്രമിച്ചതെന്താണ്? ഞാൻ ഇവിടെ പറയാൻ ശ്രമിച്ചത്, സോവിയറ്റ് യൂണിയന്റെ കാലഘട്ടത്തിൽ അവിടെ സ്വീകരിച്ചിട്ടുള്ള നിയമനടപടികളുടെ ഭാഗമായി നടപ്പാക്കപ്പെട്ടിട്ടുള്ള ചില വധശിക്ഷകളെ ഇപ്പോൾ ആർ.എസ്.എസ്. ഗൗരി ലങ്കേഷിനെയും മറ്റും വേട്ടയാടി കൊന്നതുമായി താരതമ്യപ്പെടുത്തിയ...... അങ്ങേയ്ക്ക് അങ്ങനെ തോന്നുന്നുണ്ടെങ്കിൽ അങ്ങേയ്ക്കും ബാധകമായിട്ടുള്ള മറുപടിയാണ് ഞാൻ പറയുന്നത്. സോവിയറ്റ് യൂണിയനെ സംബന്ധിച്ച് നിറം പിടിപ്പിച്ച ഒരുപാട് കഥകൾ പ്രചരിപ്പിക്കപ്പെട്ടിട്ടുണ്ട്. അത് മുഴുവൻ ശിരസ്സിലെടുത്ത് വയ്ക്കുന്ന ഒരാളല്ല ഞാൻ. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ നീതിന്യായ കോടതികൾ എത്രപേരെ വിചാരണ നടത്തി കൊന്നിട്ടുണ്ട്; എണ്ണത്തിൽ വ്യത്യാസമുണ്ടാകാം. കൊല, കൊലയാണ്. Bukharin-നെ കൊലപ്പെടുത്തിയ സമയത്ത് മോസ്കോയിലെ കോടതിയിലെ വിചാരണാ വേളയിലുടനീളം ഹാജരായിരുന്ന അമേരിക്കൻ അംബാസിഡറും പ്രശസ്ത അഭിഭാഷകനുമായിരുന്ന ജോസഫ് ഡേവിഡ് അമേരിക്കൻ എംബസ്സിക്ക് അയച്ച റിപ്പോർട്ടിൽ പരാമർശിക്കുന്ന ഒരു വാചകം ഇങ്ങനെയാണ്. Bukharin-ന് വിചാരണവേളയിൽ സ്വതന്ത്രമായി സംസാരിക്കാനും അയാളുടെ വാദങ്ങൾ തടസ്സങ്ങളില്ലാതെ മുന്നോട്ടുകൊണ്ടുപോകാനും അവസരം ലഭിച്ചിരുന്നു. അമേരിക്കൻ അംബാസിഡർ അയച്ച റിപ്പോർട്ടിലെ വാചകമാണ്. 'വിചാരണവേളയിൽ പ്രതികൾ കുറ്റക്കാരാണെന്ന് തെളിയുകയുണ്ടായി', അമേരിക്കൻ അംബാസിഡർ ആ വിചാരണയിൽ സന്നിഹിതനായിക്കൊണ്ട് അദ്ദേഹം എഴുതിയ കുറിപ്പാണ്. ഞാൻ സൂചിപ്പിക്കുന്നത് ഇന്ത്യൻ കോടതിയിൽ ഒരു കേസ് വരുന്നു, ഇപ്പോൾ മഹാത്മാഗാന്ധിയെ കൊന്ന കേസ്, രാജീവ് ഗാന്ധിയെ വധിച്ച കേസ് തുടങ്ങിയ കേസ്സുകളെല്ലാം ഇന്ത്യൻ നിയമം അനുസരിച്ച് വിചാരണ ചെയ്യുന്നു. കുറ്റവാളികൾ കുറ്റം ചെയ്തുവെന്ന് തെളിയിക്കപ്പെടുന്നു; അവർ ശിക്ഷിക്കപ്പെടുന്നു. ഇതാണ് എല്ലാ ലോക രാജ്യങ്ങളിലും ഉണ്ടായിട്ടുള്ളത്. അതിൽ നമുക്ക് വിമർശനമുണ്ടാകാം. അതിനെ സംബന്ധിച്ച് ആ കാലഘട്ടത്തിന്റെ പരിതസ്ഥിതി കൂടി നാം വിശകലനം ചെയ്യേണ്ടതുണ്ട്. ഏത് വലിയ കുറ്റം ചെയ്താലും വധശിക്ഷ കൊടുക്കരുതെന്ന അഭിപ്രായത്തിലാണ് നാമെല്ലാം എത്തി

നിൽക്കുന്നത്. അതുകൊണ്ട് വധശിക്ഷയെ ന്യായീകരിച്ച് സംസാരിക്കുകയാണെന്ന് ദയവായി സംശയിക്കരുത്. ഞാൻ ആ ചരിത്ര സംഭവങ്ങളെ അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അകമ്പടിയുള്ള നുണ പ്രചരണങ്ങളിൽനിന്നും അടർത്തിമാറ്റി വസ്തുതകൾ ഇങ്ങനെയാണെന്നും സോവിയറ്റ് യൂണിയനിൽ ഇഷ്ടമില്ലാത്തവരെ യെല്ലാം വെടിവച്ച് കൊല്ലുകയായിരുന്നില്ലെന്നും William Hearst-ന്റെയും അതുപോലെതന്നെ Robert Conquest-ന്റെയുമൊക്കെ നിറം പിടിപ്പിച്ച നുണക്കഥയാണ്. തെറ്റ് തിരുത്തി വന്നവർക്ക്..... അതാണ് ഞാൻ നേരത്തെ വായിച്ച Gregory Zinoviev-ന്റെയും Lev Kamenev-ന്റെയും Omuerbek Babanov-ന്റെയും Georgy Pyatakov-ന്റെയും എല്ലാവരുടെയും കാര്യം പറഞ്ഞത്. പല തവണ തെറ്റ് തിരുത്തി വന്നപ്പോൾ ഉയർന്ന ഭരണ സ്ഥാനങ്ങളും പോളിറ്റ് ബ്യൂറോയിലെ അംഗത്വവും കൊടുത്ത സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയെ കൊലയാളി പാർട്ടിയായി ചിത്രീകരിക്കുന്നതിന് പിന്നിൽ രാഷ്ട്രീയ താൽപര്യമുണ്ട്.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് എല്ലാം അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ വ്യഖ്യാനങ്ങളായിട്ടാണ് ഈ കൂട്ടക്കൊലപാതകങ്ങളെ, ലക്ഷക്കണക്കിന് ആളുകൾ കൊല ചെയ്യപ്പെട്ട ഈ നരഹത്യകളെ വിശേഷിപ്പിക്കുന്നത്. സ്റ്റാലിനുശേഷം വന്ന ക്രൂസ്ചേവ് എഴുതിയ ക്രൂസ്ചേവ് മെമ്മയേഴ്സിൽ, എന്താണ് ആ കാലഘട്ടത്തിൽ നടന്നതെന്ന് ഏറ്റവും അടുത്ത സഹപ്രവർത്തകനായ ക്രൂസ്ചേവ് തന്നെ വിവരിക്കുന്നുണ്ട്. അങ്ങ് അതിനെതിരായിട്ടാണോ സംസാരിക്കുന്നത്.?

<u>ശ്രീ. എം. സ്വരാജ്</u>: ക്രൂസ്ചേവിന്റെ ....ഞാൻ വീണ്ടും വഴങ്ങണമോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: 1956-ൽ ചേർന്ന സോവിയറ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ 20-ാം പാർട്ടി കോൺഗ്രസ്സിലാണ് സഖാവ് ക്രൂസ്ചേവ് സ്റ്റാലിന്റെ കാലത്തെ അതിക്രമങ്ങളെക്കുറിച്ചും ദാരുണമായ കൊലപാതകങ്ങളെ കുറിച്ചുമൊക്കെ പ്രതിപാദിച്ചുകൊണ്ടുള്ള റിപ്പോർട്ടുകൾ അവതരിപ്പിച്ചത്. ആ റിപ്പോർട്ട് ഇന്നും ഒരു രേഖയാണ്. അതിൽ അദ്ദേഹംതന്നെ സ്റ്റാലിന്റെ ഈ പ്രവൃത്തികളെ തള്ളി പറഞ്ഞിട്ടുണ്ട്. ക്രൂസ്ചേവിന് മുമ്പുള്ള സ്റ്റാലിനെ, അദ്ദേഹത്തിന്റെ അതിക്രമങ്ങളെ പരോക്ഷമായിട്ടെങ്കിലും ന്യായീകരിക്കാൻ അങ്ങ് ശ്രമിക്കുന്നു എന്നത് ഖേദകരമാണ്. സ്റ്റാലിൻ ഈ ക്രൂസ്ചേവിനുശേഷം Leonid Brezhnev-ഉം Mikhail Gorbachev-ഉം വരെയുള്ള ആളുകൾ അതേ സ്വഭാവക്കാരായിരുന്നില്ല. അതിവിടെ സമ്മതിക്കുന്നുണ്ട്. ആ സ്റ്റാലിനിസത്തെ അതുപോലെ ന്യായീകരിക്കുന്നത് കഷ്ടമാണ്.

ശ്രീ. എം. സ്വരാജ്: സർ, ഏതെങ്കിലും ഒരു കാലഘട്ടത്തിൽ സ്വീകരിച്ചിട്ടുള്ള കടുത്ത നടപടികളെ പൂർണ്ണമായി ഇവിടെ മറ്റൊരു തരത്തിൽ അവതരിപ്പിക്കാനല്ല ഞാൻ ഉദ്ദേശിക്കുന്നത്. മറിച്ച് ഒരു കാലഘട്ടത്തിൽ ഒരു രാഷ്ട്രത്തിന്റെ നിലനിൽപ്പുമായി ബന്ധപ്പെട്ട് സ്വീകരിച്ച കടുത്ത നിലപാടുകളുടെയും നടപടികളുടെയും പേരിൽ ഒരു മഹത്തായ രാഷ്ട്രത്തെയും പ്രത്യയശാസ്ത്രത്തേയും പ്രസ്ഥാനത്തെയും അങ്ങേയ്ക്ക് പണ്ട് തോന്നാത്ത വിധം ഇന്ന് അപലപിക്കണമെന്ന് തോന്നുമ്പോൾ, വസ്തുതകൾ അങ്ങനെയല്ല എന്ന് എനിക്ക് പറയേണ്ടതുണ്ട്. ഇപ്പോൾ അങ്ങ് ക്രൂസ്ചേവിനെപ്പറ്റി ഇവിടെ പറഞ്ഞു. ആ കാലഘട്ടത്തിൽ ഉയർന്നുവന്ന ഏറ്റവും പ്രധാനപ്പെട്ട ഒരു വിഷയം Sergei Mironovich Kirov-ന്റെ കൊലപാതകവുമായി ബന്ധപ്പെട്ടായിരുന്നു. അങ്ങ് അതോർക്കുന്നുണ്ടാകും. അദ്ദേഹത്തെ കൊന്നതിന് ഉത്തരവാദി സ്റ്റാലിനാണെന്ന രൂപത്തിൽ വലിയ പ്രചരണവും പുസ്തകങ്ങളും അന്ന് ഇറങ്ങിയിട്ടുണ്ട്. യഥാർത്ഥത്തിൽ അങ്ങനെയായിരുന്നില്ലെന്നും സ്റ്റാലിൻ ഉൾപ്പെടെയുള്ളവരെ അട്ടിമറിക്കുന്നതിനു വേണ്ടിയുള്ള നീക്കത്തിന്റെ ഭാഗമാണെന്നും ഇന്ന് ലോകത്തിനറിയാം. എങ്ങനെ അറിയാമെന്ന് ചോദിച്ചാൽ, ക്രൂസ്ചേവ് തന്നെ ഭരണാധികാരത്തിൽ ഇരിക്കുമ്പോഴാണ് ഇതിനെക്കുറിച്ച് വീണ്ടും അന്വേഷിക്കാൻ ഒരു കമ്മീഷനെ വച്ചത്. ആ കമ്മീഷന് നേതൃത്വം കൊടുത്തത് Alexander Yakovlev ആയിരുന്നു. അദ്ദേഹം കൊടുത്ത റിപ്പോർട്ടിൽ പരാമർശിക്കുന്നത് ഇങ്ങനെയായിരുന്നു. "In this affair, no materials objectively support Stalin's participation or NKVD participation in the organization and carrying out of kirov's murder". ക്രൂസ്ചേവിന്റെ കാലഘട്ടത്തിലെ കാര്യമാണ് ഞാൻ പറയുന്നത്. ഞാൻ സൂചിപ്പിച്ചത് ക്രൂസ്ചേവിന്റെ കാലഘട്ടത്തിലും അതിനെത്തുടർന്ന് ഗോർബച്ചേവിന്റെ കാലത്തും നടത്തിയ അന്വേഷണ റിപ്പോർട്ടിലെ വരികളാണ്. ഇനി അമേരിക്കൻ ഹിസ്റ്റോറിക്കൽ റിവ്യൂവിൽ, നിങ്ങൾ ഇവിടെ കണക്കുകളും കൂട്ടക്കൊലകളും ലക്ഷങ്ങളെ കൊന്ന കണക്കും പറഞ്ഞു. ആ ലക്ഷങ്ങളെ കൊന്ന കണക്കുകൾ കെട്ടിച്ചമച്ചതായിരുന്നുവെന്നതിന്റെ തെളിവുകൾ ഇന്ന് ലോകത്തിന്റെ മുമ്പിലുണ്ട്. അമേരിക്കൻ ഹിസ്റ്റോറിക്കൽ റിവ്യൂവിലെ കണക്ക് ഇപ്പോൾ നമുക്ക് ലഭ്യമാകുന്ന രേഖയാണ്. 1937-ന് മുമ്പ് വിപ്ലവത്തിനുശേഷം 20 വർഷം, ആ കാലഘട്ടത്തിലെ സോവിയറ്റ് യൂണിയനിലുള്ള വിവിധ കുറ്റകൃത്യങ്ങളിൽ നൽകിയ ശിക്ഷയെ സംബന്ധിച്ചാണ് കണക്ക്. 82.4 ശതമാനം പേർക്ക് 5 വർഷം

വരെയായിരുന്നു ശിക്ഷ. 5-10 വർഷം വരെ ശിക്ഷ കൊടുത്തത് 17.6 ശതമാനം പേർക്ക് മാത്രമായിരുന്നു. അപ്പോൾ നിങ്ങൾ ഈ രണ്ട് ശതമാനം കൂട്ടിയാൽ അന്നത്തെ ശിക്ഷയുടെ കണക്ക് എങ്ങനെ ശരിയാകും. 1936-ൽ സിവിലിയൻ കോടതിയിലെ രാഷ്ട്രീയ തടവുകാരുടെ ശിക്ഷ..

ചെയർപേഴ്സൺ : അങ്ങ് ബില്ലിലേയ്ക്ക് വരൂ.

ശ്രീ. എം. സ്വരാജ് : സർ, 46 ശതമാനം പേർക്ക് അഞ്ച് വർഷം വരെയും 50 ശതമാനം വരെ ആളുകൾക്ക് ... ഇനി ഞാൻ വഴങ്ങുന്നില്ല.

ചെയർപേഴ്സൺ : ശ്രീ. എം. സ്വരാജ് ഇപ്പോൾതന്നെ 23 മിനിട്ടായി നമുക്ക് ചർച്ച അവസാനിപ്പിക്കേണ്ടതുണ്ട്.

ശ്രീ. എം. സ്വരാജ് : സർ, ഞാൻ ചർച്ച അവസാനിപ്പിക്കുകയാണ്. ഇനി ആർക്കും വഴങ്ങുന്നില്ല.

ചെയർപേഴ്സൺ: അഞ്ചോളം അംഗങ്ങൾ ഇതേ ബില്ലിന്മേൽ ഇനിയും സംസാരിക്കാനുണ്ട്. ഇനി ആർക്കും വഴങ്ങരുത്.

ശ്രീ. എം. സ്വരാജ്: ഇനി വഴങ്ങില്ല. സോവിയറ്റ് യൂണിയനിലെ നടപടിക്രമങ്ങളെ പർവ്വതീകരിച്ചുകൊണ്ടും അത് ഇടതുപക്ഷത്തിനെതിരായ ആക്രമണമായി ഉയർത്തിപ്പിടിച്ചുകൊണ്ടും പ്രചണ്ഡ പ്രചരണം നടത്തിയതിന്റെ ഭാഗമായിട്ടാണ്, ലോകത്തിലെ മഞ്ഞപ്പത്രങ്ങളുടെ പിതാവെന്ന് അറിയപ്പെടുന്ന വില്ല്യം റാൻഡോൾഫ് ഹെർസ്റ്റ് മുതൽ സാമ്രാജ്യത്വത്തിന്റെ ഉപകരണമായിരുന്നവർ ഇക്കാലമത്രയും കഥകൾ മെനഞ്ഞത്. ആ കഥകളുടെ കൂട്ടത്തിൽ നമ്മൾ നിൽക്കേണ്ടതുണ്ടോയെന്ന് തീരുമാനിക്കേണ്ടത് നമ്മളാണ്. ഞാനിവിടെ പറയുന്ന വിഷയം, ഗൗരീ ലങ്കേഷും ശാന്തനു ഭൗമിക്കും കൊല്ലപ്പെടുന്ന കാലത്ത് ബഹുമാനപ്പെട്ട അംഗം കേരളത്തിലെ മാധ്യമ പ്രവർത്തകരോട് മുഖ്യമന്ത്രി മുഖം കടുപ്പിച്ചതുമായി താരതമ്യപ്പെടുത്തുന്നത് തെറ്റായ സന്ദേശം നൽകും എന്നുള്ളതാണ്. ഇവിടെ സിന്ധു സൂര്യകുമാറിനെക്കുറിച്ച് അങ്ങ് പറയുകയുണ്ടായി. സിന്ധു സൂര്യകുമാർ കഴിഞ്ഞ വർഷം സമകാലീന മലയാളം വാരികയ്ക്ക് അനുവദിച്ച ഒരഭിമുഖത്തിലെ ഒരു ചോദ്യം ഇങ്ങനെയായിരുന്നു 'സി.പി.ഐ.(എം)-ൽ നിന്നും സംഘപരിവാർ സംഘടനകളിൽ നിന്നുമാണല്ലോ കൂടുതൽ ആക്രമണം ഉണ്ടായിട്ടുള്ളത് 'എന്ന്. ഞാൻ ഒരാളുടെ അഭിമുഖത്തെപ്പറ്റിയാണ് പറയുന്നത്.

<u>ചെയർപേഴ്സൺ:</u> ശ്രീ. എം. സ്വരാജ് അങ്ങ് ചെയറിനെ നോക്കി സംസാരിക്കൂ.

<u>ശ്രീ. എം. സ്വരാജ്:</u> ഞാൻ ഒരാൾക്ക് കൊടുത്ത അഭിമുഖത്തെപ്പറ്റിയാണ് പറയുന്നത്. സി.പി.ഐ.(എം)-ൽ നിന്നും സംഘപരിവാർ സംഘടനകളിൽ നിന്നുമാണല്ലോ കൂടുതൽ ആക്രമണങ്ങൾ ഉണ്ടായിട്ടുള്ളത്. അപ്പോൾ അവരുടെ മറുപടി അത് രണ്ടും രണ്ട് തരമാണ്. സി.പി.ഐ.(എം)-നെ അതിരൂക്ഷമായി ഒരുപാട് വിമർശിച്ചിട്ടുണ്ട്. പക്ഷെ വധഭീഷണിയൊന്നും അവർ മുഴക്കിയിട്ടില്ല. സഖാക്കളുടെ ഭാഗത്തുനിന്നും വിമർശനവും വ്യക്തിപരമായ ആരോപണങ്ങളും ഉണ്ടായിട്ടുണ്ട്. പക്ഷെ അധിക്ഷേപവും ആരോപണവും രണ്ടും രണ്ടാണ്. മാധ്യമ പ്രവർത്തകർക്കുതന്നെ അത് സംബന്ധിച്ച് സംഘപരിവാർ നടത്തുന്ന ആക്രമണങ്ങളും ഇടതുപക്ഷത്തിന്റെ വിമർശനവും രണ്ടും രണ്ടാണെന്ന് കാണാൻ കഴിയുമ്പോൾ ഇവിടത്തെ ഒരംഗം സംഘപരിവാറിന്റെ ആക്രമണങ്ങളെ ഇതുമായി തുലനം ചെയ്യുന്ന രൂപത്തിൽ അല്ലെങ്കിൽ അതല്ല, ഗൗരീ ലങ്കേഷിന്റെയും ശാന്തനു ഭൗമിക്കിന്റെയും കൊലയല്ല ഇവിടെ പ്രശ്നം. ഇവിടെയുള്ള ചെറിയൊരു പ്രശ്നമെന്ന് പറയുന്നത്, ഈ വിമർശനങ്ങൾ ആരെ സഹായിക്കുമെന്നതാണ്.

<u>ചെയർപേഴ്സൺ</u> : സ്വരാജ് ആ പോയിന്റ് പറഞ്ഞ് പൂർത്തിയാക്കൂ..

<u>ശ്രീ. എം. സ്വരാജ്:</u> സർ, ആ സി.പി.ഐ.(എം)-നെതിരായ വിമർശനം ആർ.എസ്.എസ്.-നെയാണ് സഹായിക്കുക എന്നാണ് ഞാൻ സൂചിപ്പിക്കുന്നത്. തല നഷ്ടപ്പെടുന്ന ഒരു കാലത്ത് തലമുടിയെപ്പറ്റി പ്രബന്ധം രചിക്കുന്നത് കൊലയാളികളെ സഹായിക്കാൻ മാത്രമേ ഉപകരിക്കുകയുള്ളൂവെന്ന് നമ്മൾ ഓർത്തിരിക്കേണ്ടതാണ്. ഏതായാലും ഇത്രയും പറഞ്ഞ സ്ഥിതിക്ക് ഞാൻ പറഞ്ഞ് അവസാനിപ്പിക്കുകയാണ്. ഇത്രയൊക്കെ ഉദാത്തമായ മാധ്യമ പ്രവർത്തനത്തിന്റെ പ്രസക്തിയും പ്രാധാന്യവും തിരിച്ചറിയുന്നുണ്ടെങ്കിൽ നമ്മെ അസ്വസ്ഥമാക്കേണ്ടത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞ ഒരു വാക്കോ ഏതെങ്കിലും ഒരു സന്ദർഭമോ അല്ല. 258 മാധ്യമ പ്രവർത്തകരെ അടച്ചിട്ട ഇന്ത്യൻ ജയിലുകളുടെ ചരിത്രം ഇവിടെയുണ്ട്. നമ്മൾ സോവിയറ്റ് യൂണിയനിലേയ്ക്ക് പോകുന്നതിനുമുമ്പ് മാധ്യമ സ്വാതന്ത്ര്യത്തിന്റെ വായ മൂടിക്കെട്ടി ഇന്ത്യയിൽ ജയിലഴികൾക്കുള്ളിൽ 258 പത്ര പ്രവർത്തകരെ അടച്ചിട്ട കാലത്തെപ്പറ്റി നിശബ്ദത പാലിക്കാൻ കഴിയില്ല. അന്നാണ് 28 പത്രങ്ങളെ നിരോധിത ലിസ്റ്റിൽ ഉൾപ്പെടുത്തിയത്. 1956-ലെ The Parliamentary Proceedings (Protection of Publication) Act അസാധുവാക്കിയത് ആ കാലത്താണ്. 1965-ലെ Press

Council Act അസാധുവാക്കിയത് അന്നാണ്. മാധ്യമ സ്വാതന്ത്ര്യത്തിന്റെ കടയ്ക്കൽ കത്തിവച്ചത് ആ കാലഘട്ടത്തിലാണ്. ഒരുപക്ഷെ അങ്ങേയ്ക്ക് ധൈര്യമായി, ആ കാലത്തെ ഇത്തരം ചെയ്തികളോടൊപ്പമായിരുന്നില്ലെന്ന് പറയാൻ കഴിയും. ഏതായാലും ഇപ്പോഴത്തെ സാഹചര്യത്തിൽ അങ്ങയുടെ നിയോജകമണ്ഡലം സ്ഥിതിചെയ്യുന്ന കാലിക്കറ്റ് എയർപോർട്ടിൽ മാധ്യമ പ്രവർത്തകർക്ക് അങ്ങയുടെ പാർട്ടി കൊടുത്ത സ്വീകരണത്തിന്റെ സമീപഭൂതകാല ഓർമ്മയെങ്കിലും മാധ്യമ പ്രവർത്തനങ്ങളുടെ മഹത്വത്തെ സംബന്ധിച്ച് വിശദമായി പ്രസംഗിക്കുന്ന സമയത്ത് അങ്ങയിൽ കടന്നുവരാതെ പോയല്ലോ എന്നോർത്ത് എനിക്ക് ദുഃഖമുണ്ട്. ഇത്രയും പറഞ്ഞുകൊണ്ട് ചെയറിന്റെ ആവർത്തിച്ചുള്ള അഭ്യർത്ഥനയെ മാനിച്ച്, കുറച്ച് കൂടുതൽ സമയമെടുത്തത് ഈ വിഷയത്തിൽ അംഗങ്ങളെല്ലാം ഇടപെട്ടുകൊണ്ടും അംഗങ്ങളുടെ ഇടപെടലിനെ ഞാൻ സ്വീകരിച്ചുകൊണ്ടുമാണ്.

ശ്രീ. കെ. എൻ. എ. ഖാദർ: ബില്ലിനെക്കുറിച്ചുള്ള അഭിപ്രായമൊന്നുമില്ലാതെ പോയി.

ശ്രീ. എം. സ്വരാജ്: സർ, ബില്ലിനെക്കുറിച്ച് എന്റെ പ്രസംഗത്തിന്റെ ആദ്യ ഭാഗത്ത് കൃത്യവും വ്യക്തവും കാര്യമാത്രപ്രസക്തവുമായി വിശദമാക്കിയിട്ടുണ്ട്. ഒരു പക്ഷെ അങ്ങ് ആ സമയത്ത് ഹാജരാകാത്തതുകൊണ്ടായിരിക്കാം. ഇത്രയും പറഞ്ഞ് നിർത്തുന്നു.

ശ്രീ. എം. വിൻസെന്റ്: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് 2 (ബി) നമ്പർ അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ തികച്ചും അനാവശ്യവും ഉദ്യോഗാർത്ഥികൾക്ക് പ്രതികൂലവുമായിട്ടുള്ള ഒരു ബില്ലാണ്. ഈ ബില്ലിന്റെ Statement of Objects and Reasons-ൽ പറഞ്ഞിരിക്കുന്നത്, "Government have decided to bring uniformity in the retirement age of teachers of all the Universities in the State and to avoid the hardships caused to the students due to the retirement of teachers in the midst of academic year" എന്നാണ്. ജൂൺ 2-ന് റിട്ടയർ ചെയ്യേണ്ടുന്ന ഒരു അധ്യാപകന് മാർച്ച് വരെ ആ കാലാവധി നീട്ടിക്കൊടുക്കേണ്ടി വരികയാണ്. Year system

നിലവിലുണ്ടായിരുന്ന ഒരു കാലത്താണ് ഈ ഭേദഗതി കൊണ്ടുവന്നിരുന്നതെങ്കിൽ അതിനെ വളരെയധികം ന്യായീകരിക്കാൻ കഴിയുമായിരുന്നു. ഇന്ന് സെമസ്റ്റർ സിസ്റ്റമാണ് എല്ലാ യൂണിവേഴ്സിറ്റികളിലും കോളേജുകളിലും അംഗീകരിച്ചിരിക്കുന്നത്. ഏപ്രിൽ മുതൽ ഒക്ടോബർ വരെയും ഒക്ടോബറിന് ശേഷം അടുത്ത മാർച്ച് വരെയുമാണ് ഈ സെമസ്റ്റർ സിസ്റ്റം നിലവിലുള്ളത്. അപ്പോൾ ജൂണിൽ റിട്ടയർ ചെയ്യുന്ന ഒരാൾക്ക് എന്തിനുവേണ്ടിയാണ് അടുത്ത മാർച്ച് വരെ സമയം നീട്ടിക്കൊടുക്കുന്നത്? teaching continuity നഷ്ടപ്പെടും, വിദ്യാർത്ഥികൾക്ക് അതുമൂലം ബുദ്ധിമുട്ടുകളുണ്ടാകും എന്നതാണ് ഇതിൽ പ്രധാനപ്പെട്ട കാരണമായി ചൂണ്ടിക്കാണിച്ചിരിക്കുന്നത്. സ്വാഭാവികമായും ഒരു സെമസ്റ്റർ കഴിഞ്ഞ് അടുത്ത സെമസ്റ്ററിലേയ്ക്ക് പോകുമ്പോൾ വേറെ ടൈം ടേബിളും സിലബസുമാണ്. അപ്പോൾ ഒരു സെമസ്റ്ററിലേയ്ക്ക് മാത്രം ഇതിനെ പരിമിതപ്പെടുത്തിയാൽ മാത്രം മതിയാകും. അതുകൊണ്ട് അടുത്തുവരുന്ന ഉദ്യോഗാർത്ഥികൾക്കുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ നമുക്ക് തീർച്ചയായും സാധിക്കുമെന്നുള്ളതാണ് പ്രധാനമായും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്.

6 മാസം എന്ന സെമസ്റ്റർതന്നെ യഥാർത്ഥത്തിൽ 5 മാസമേ നടക്കാറുള്ളൂ. ഒരു മാസം വെക്കേഷനും മറ്റും കഴിഞ്ഞാൽ 5 മാസം. അഞ്ചും അഞ്ചും പത്ത് മാസം മാത്രമാണ് പഠനം നടക്കുന്നത്. ഈ നിലയ്ക്ക് സെമസ്റ്റർ സിസ്റ്റം നിലവിൽ വന്നതിനുശേഷവും വർഷം മുഴുവനും നീട്ടി നൽകുന്നത് ഒരിക്കലും ന്യായീകരിക്കാൻ കഴിയുന്നതല്ല. സെമസ്റ്റർ അവസാനിക്കുന്ന ഒക്ടോബർ വരെ കാലാവധി നീട്ടിക്കൊടുക്കാം. അങ്ങനെ രണ്ട് റിട്ടയർമെന്റ് പോയിന്റുകൾ വേണമെങ്കിൽ നമുക്ക് തീരുമാനിക്കാം. ഏപ്രിൽ മുതൽ ഒക്ടോബർ വരെ, ഒക്ടോബറിന് ശേഷം നവംബർ മുതൽ മാർച്ച് വരെ. ഇങ്ങനെ രണ്ട് റിട്ടയർമെന്റ് പോയിന്റുകൾ തീരുമാനിച്ചാൽ teaching continuity നഷ്ടപ്പെടുമെന്ന കാര്യത്തിൽ തീർച്ചയായും ഒരു പരിഹാരമുണ്ടാകും. അതുകൊണ്ട് യാതൊരു ബുദ്ധിമുട്ടും ഉണ്ടാകുന്നില്ലെന്നു മാത്രമല്ല, അടുത്തുവരുന്ന ഉദ്യോഗാർത്ഥികൾക്ക് ഇത് സഹായകവുമാണ്. ഞാൻ പറഞ്ഞതിന്റെ അടിസ്ഥാനത്തിലാണെങ്കിൽ തീർച്ചയായും മൂന്ന് മാസമോ അല്ലെങ്കിൽ രണ്ട് മാസമോ മാത്രമേ ഒരു എക്സ്റ്റൻഷനായി അധ്യാപകർക്ക് നൽകേണ്ടി വരുന്നുള്ളൂ. ഈ നിലയ്ക്ക് അതിനെ മാറ്റി എടുക്കേണ്ടതാണെന്നാണ് എനിക്ക് പ്രധാനമായും ഇത് സംബന്ധിച്ച് പറയുവാനുള്ളത്.

അടുത്ത നിയമനം ലഭിക്കേണ്ട പുതിയ ഉദ്യോഗാർത്ഥികളെ സംബന്ധിച്ചിടത്തോളം അവർക്ക് 8 മാസംവരെ നഷ്ടപ്പെടുകയാണ്. ഈ 8 മാസം കൊണ്ടുണ്ടാകുന്ന സാമ്പത്തിക നഷ്ടം മാത്രമല്ല, സർവ്വീസിനിടയിൽ അവർക്ക് ലഭിക്കേണ്ടുന്ന പ്രധാനപ്പെട്ട പല അവസരങ്ങളും നഷ്ടപ്പെടുകയാണ്. പലർക്കും പ്രിൻസിപ്പലാകാനുള്ള ഒരു അവസരം, അല്ലെങ്കിൽ ഡിപ്പാർട്ട്മെന്റ് ഹെഡ് ആകാനുള്ള അവസരം നഷ്ടപ്പെടുകയാണ്. സീനിയോറിറ്റി നോക്കിയാണല്ലോ ഇതെല്ലാം തീരുമാനിക്കപ്പെടുന്നത്. ആ കാലാവധി കൂടി അവർക്ക് കിട്ടിയിരുന്നെങ്കിൽ ലഭിക്കുമായിരുന്ന അവസരങ്ങൾകൂടി കവർന്നെടുക്കാൻ മാത്രമാണ് ഈ ബിൽ ഉപകരിക്കുന്നത് എന്നുമാത്രമാണ് എനിക്ക് പറയുവാനുള്ളത്. Year system നിലവിലില്ലാത്ത ഒരു കാലത്ത് ഈ ബിൽ തന്നെ അപ്രസക്തമാണെന്ന കാര്യത്തിൽ ഒരു സംശയവുമില്ല. അതുകൊണ്ട് വിദ്യാർത്ഥികളുടെ താൽപ്പര്യം സംരക്ഷിക്കാനെന്ന പേരിൽ കൊണ്ടുവന്ന ഈ ബിൽ തീർച്ചയായും ഉദ്യോഗാർത്ഥികൾക്ക് ദ്രോഹകരമായിട്ടുള്ള ഒരു ബിൽ ആയി മാറും. അടുത്ത നിയമനം ലഭിക്കേണ്ട ഉദ്യോഗാർത്ഥികളെ ഇത് വളരെ പ്രതികൂലമായി ബാധിക്കും.

ഇതിനേക്കാൾ എന്തെല്ലാം പ്രശ്നങ്ങളാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് നടക്കുന്നത്; ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകലാശാല വൈസ് ചാൻസലർ മാരുടെ ഒരു യോഗം നേരിട്ട് വിളിച്ചിരിക്കുകയാണ്. മുഖ്യമന്ത്രിക്ക് സർവ്വകലാശാല വൈസ് ചാൻസലർമാരെ വിളിക്കാൻ പാടില്ലെന്നൊന്നും പറയുന്നില്ല. പക്ഷേ, കേരളത്തിന്റെ ആദ്യത്തെ മുഖ്യമന്ത്രി ആയിരുന്ന ഇ.എം.എസ്. നമ്പൂതിരിപ്പാട് കേരള സർവ്വകലാശാല വൈസ് ചാൻസലറെ അദ്ദേഹത്തിന്റെ അപ്പോയിന്റ്മെന്റ് വാങ്ങി അങ്ങോട്ടുപോയി കണ്ട ചരിത്രം നമ്മുടെ സംസ്ഥാനത്തുണ്ട്. ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ ഔന്നത്യം ഇന്നത്തെ ഭരണാധികാരികൾ കാണിക്കണ മെന്നൊന്നും ഞാൻ നിർബന്ധം പിടിക്കുന്നില്ല. പക്ഷേ ആ ചരിത്രം ഇന്നത്തെ ഭരണാധികാരികളെ ഒന്നോർമ്മിപ്പിക്കാൻ മാത്രമേ ഞാൻ ഈ അവസരം വിനിയോഗിക്കുന്നുള്ളൂ. വൈസ് ചാൻസലർമാരെ വിളിച്ചുകൂട്ടുമ്പോൾ ചാൻസലർക്ക് ഒരു റോളുമില്ലേ; വൈസ് ചാൻസലർമാരെ വിളിച്ചുകൂട്ടേണ്ടത് യഥാർത്ഥത്തിൽ ചാൻസലറല്ലേ; ഇപ്പോൾ വിളിച്ച കൂട്ടിയിട്ടും യാതൊരു ഫലവും ഇല്ലാതിരിക്കുകയാണ്. കൃത്യസമയത്ത് പരീക്ഷ നടത്താൻ എന്തെങ്കിലുമൊരു തീരുമാനം സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടോ; കേരള സർവ്വകലാശാലയിൽ നാലാം സെമസ്റ്ററിന്റെ പരീക്ഷ നടന്നിട്ട് ഇന്നുവരെ റിസൾട്ട് വന്നിട്ടില്ല. അഞ്ചാം

സെമസ്റ്ററിന്റെ റിസൾട്ടും വന്നിട്ടില്ല. അഞ്ചാം സെമസ്റ്ററിന്റെ റിസൾട്ട് വന്നാൽ മാത്രമേ ആറാം സെമസ്റ്ററിന്റെ, അതായത് അവസാന സെമസ്റ്ററിന്റെ പരീക്ഷാഫലം തയ്യാറാക്കി പ്രസിദ്ധീകരിക്കാൻ കഴിയുകയുള്ളൂ. നാലാമത്തേയും അഞ്ചാമത്തേയും സെമസ്റ്ററിന്റെ റിസൾട്ട് വന്നിട്ടില്ല. ഒരു വർഷമായി റിസൾട്ട് വന്നിട്ടില്ല. മറ്റു സംസ്ഥാനങ്ങളിലൊക്കെ നേരത്തേ റിസൾട്ട് വരുന്നു. ഫൈനൽ സെമസ്റ്ററിന്റെ റിസൾട്ട് വല്ലാതെ വൈകുമ്പോൾ മറ്റു സംസ്ഥാനങ്ങളിൽപ്പോയി ഉപരിപഠനത്തിന് അഡ്മിഷൻ നേടേണ്ട വിദ്യാർത്ഥികളെ സംബന്ധിച്ചിടത്തോളം ഇത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. സെമസ്റ്റർ സിസ്റ്റം കൊണ്ടു വന്നതുതന്നെ കൃത്യം മൂന്ന് വർഷത്തിനുള്ളിൽ പരീക്ഷ നടത്തി റിസൾട്ട് പ്രഖ്യാപിക്കുന്നതിനുവേണ്ടിയാണ്. ആ സെമസ്റ്റർ സിസ്റ്റം കൊണ്ടുവന്നതിന്റെ ലക്ഷ്യംതന്നെ താളം തെറ്റിയിരിക്കുകയാണ്. യഥാർത്ഥത്തിൽ മൂന്ന് വർഷംകൊണ്ട് പൂർത്തിയാക്കേണ്ട ഡിഗ്രി ഇന്ന് നാല് വർഷമായാലും പൂർത്തിയാകുന്നില്ല. രണ്ട് വർഷംകൊണ്ട് കഴിയേണ്ട പോസ്റ്റ് ഗ്രാജ്വേഷൻ ഇന്ന് മൂന്ന് വർഷമായാലും പൂർത്തിയാകാത്ത ഒരു സാഹചര്യമാണ്. ഇത്തരത്തിലുള്ള ഗുരുതരമായ കാര്യങ്ങളെ സംബന്ധിച്ച് മൗനം പാലിച്ചുകൊണ്ട്, ഇത്തരത്തിലുള്ള പ്രധാനപ്പെട്ട കാര്യങ്ങളെ കുറിച്ച് തീരുമാനമെടുക്കേണ്ടതിന് പകരം ഇന്നത്തെ പശ്ചാത്തലത്തിൽ യാതൊരു പ്രസക്തിയുമില്ലാത്ത... സെമസ്റ്റർ സിസ്റ്റംകൂടി മനസ്സിൽ വച്ചുകൊണ്ട് ഈ ബിൽ തയ്യാറാക്കിയിരുന്നുവെങ്കിൽ അതിന് പ്രസക്തി ഉണ്ടാകുമായിരുന്നു.

സർവ്വകലാശാലകളിലെ നിയമനങ്ങളെല്ലാം പി.എസ്.സി.-ക്ക് വിട്ടതാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് അസിസ്റ്റന്റ് നിയമനത്തിനും ടൈപ്പിസ്റ്റ് നിയമനത്തിനും സ്പെഷ്യൽ റൂൾ ഉണ്ടാക്കിയാണ് ആ നിയമനങ്ങൾ നടത്തിയത്. എന്നാൽ സ്പെഷ്യൽ റൂൾ ഉണ്ടാക്കാത്തതുകൊണ്ടുമാത്രം ഇന്ന് ഇരുന്നൂറോളം കാറ്റഗറികളിൽപ്പെട്ട അനേകായിരം തസ്തികകളിൽ പി.എസ്.സി.-ക്ക് നിയമനം നടത്താൻ കഴിയാത്ത ഒരു സാഹചര്യം നിലനിൽക്കുകയാണ്. സ്പെഷ്യൽ റൂൾ ഉണ്ടാക്കി പി.എസ്.സി. വഴി നിയമനം നടത്തുന്നതിന് പകരം ഇന്ന് എല്ലാ സർവ്വകലാശാലകളിലും റിക്രൂട്ട്മെന്റ് നടത്തിക്കൊണ്ടിരിക്കുകയാണ്. ശ്രീ ശങ്കരാചാര്യ സർവ്വകലാശാല ഉൾപ്പെടെയുള്ള സ്ഥലങ്ങളിൽ ഇന്ന് റിക്രൂട്ട്മെന്റ് നടത്തുകയാണ്. ഇടതുപക്ഷ അനുഭാവികളെ കുത്തിനിറയ്ക്കുന്നതിനുവേണ്ടി മാത്രമാണ് റൂൾ ഉണ്ടാക്കാതെ ക്രമവിരുദ്ധമായ റിക്രൂട്ട്മെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. ഇതൊക്കെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്ന കാര്യങ്ങൾ തന്നെയാണ്. അതുകൊണ്ട് ഈ ബിൽ തീർച്ചയായും സെമസ്റ്റർ സിസ്റ്റത്തിന്റെ അടിസ്ഥാനത്തിൽ പുനഃക്രമീകരിച്ചുകൊണ്ട് പ്രസിദ്ധീകരിക്കുന്നതാകും നല്ലത്.

<u>ഡോ. എൻ. ജയരാജ്</u>: സർവ്വകലാശാല അധ്യാപകരുടെയും മറ്റ് ജീവനക്കാരുടെയും സേവന വേതന കാര്യങ്ങൾ സൂചിപ്പിക്കുമ്പോൾ, അടിസ്ഥാനപരമായി നമ്മുടെ സർവ്വകലാശാലകൾ ലക്ഷ്യമിടുന്ന ഒരു പ്രധാനപ്പെട്ട കാര്യം, ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ഉൾപ്പെടെയുള്ള സർവ്വകലാശാലകൾ യഥാർത്ഥത്തിൽ ഗവേഷണ പ്രവർത്തനങ്ങൾക്കാണ് ഏറ്റവും കൂടുതൽ പ്രാമുഖ്യം കൊടുക്കേണ്ടത്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല ആരംഭിക്കുന്ന കാലത്ത് അതിന്റെ പ്രധാനപ്പെട്ട ലക്ഷ്യങ്ങളിലൊന്ന് സംസ്കൃത പഠനവും അതുമായി ബന്ധപ്പെട്ട കാര്യങ്ങളും കൂടുതൽ ഊർജ്ജസ്വലമാക്കുക എന്നതായിരുന്നു. പക്ഷേ ഇതുവരെയുള്ള കാര്യങ്ങൾ മനസ്സിലാക്കുമ്പോൾ നമ്മുടെ, പ്രത്യേകിച്ച് ഭാരതത്തിന്റെ, ഏറ്റവും കൂടുതൽ പ്രാധാന്യമുള്ള ഒരു ഭാഷ എന്നനിലയിൽ സംസ്കൃതത്തിന് കൂടുതൽ പ്രാമുഖ്യം കൊടുക്കാനും അതിനെ കൂടുതൽ ജനകീയവൽക്കരിക്കാനുമുള്ള ശ്രമങ്ങളാണ് ആരംഭിക്കേണ്ടത്. പക്ഷേ ഈ സർവ്വകലാശാലയുടെ ഇതുവരെയുള്ള പ്രവർത്തനങ്ങൾ പരിശോധിച്ചാൽ, അടിസ്ഥാന ലക്ഷ്യങ്ങളിൽനിന്ന്, സാധാരണ സർവ്വകലാശാലയുടെ ദൈനംദിന പ്രവർത്തനങ്ങൾക്കപ്പുറത്തേയ്ക്ക് പലപ്പോഴും വ്യതിചലിച്ചു പോകുന്നു എന്നുള്ളത് ഒരു പ്രധാനപ്പെട്ട കാര്യമാണ്. അതോടൊപ്പംതന്നെ സർവ്വകലാശാലകൾ ഏറ്റെടുക്കേണ്ട ഗവേഷണ പ്രവർത്തനങ്ങൾ നാമമാത്രമായ പ്രവർത്തനങ്ങളായി, അതിന്റെ സൈഡിലൂടെ പോകുന്നതിനപ്പുറത്തേയ്ക്ക് നമ്മുടെ സർവ്വകലാശാലകളെ ഗവേഷണ ആഭിമുഖ്യമുള്ള സ്ഥാപനങ്ങളാക്കി വളർത്തിയെടുക്കാനുള്ള ശ്രമങ്ങൾകൂടി സത്യത്തിൽ ഇതിന്റെ ഭാഗമായി ആരംഭിക്കേണ്ടതല്ലേ; അതിനുള്ള ശ്രമങ്ങൾ തുടങ്ങേണ്ടതല്ലേ എന്നുള്ളതാണ് എന്റെ സംശയം?

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, അത്തരം കാര്യങ്ങൾക്കാണ് യഥാർത്ഥത്തിൽ പ്രാധാന്യം കൊടുക്കേണ്ടത്. റിസൾട്ട് വൈകുന്നതിനെക്കുറിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. കേരളത്തിൽ ഏകദേശം പതിനെട്ടോളം Autonomous college-കളുണ്ട്. അവരെല്ലാം കൃത്യമായി പരീക്ഷ നടത്തി റിസൾട്ട് പ്രസിദ്ധീകരിക്കുകയാണ്. അവിടെ പഠിക്കുന്ന കുട്ടികൾക്ക് മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് പോയി അഡ്മിഷൻ നേടുന്നതിനുള്ള സൗകര്യമുള്ളപ്പോൾ സർവ്വകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ പഠിക്കുന്ന കുട്ടികൾക്ക് ആ അവസരം നിഷേധിക്കുകയാണ്. ഇത്തരത്തിലുള്ള പ്രശ്നങ്ങളൊന്നും സർക്കാരിന്റെ ശ്രദ്ധയിൽപ്പെടാതെ ഇതൊരു വലിയ കാര്യമായി കൊണ്ടുവന്നത് തീർച്ചയായും

ഉചിതമല്ല. ഇത് സെമസ്റ്റർ അടിസ്ഥാനത്തിൽ പുനഃക്രമീകരിക്കുകയാണ് വേണ്ടത്. ഭാവിയിൽ വരുന്ന ഉദ്യോഗാർത്ഥികളെക്കൂടി പ്രതികൂലമായി ബാധിക്കുന്ന ഈ നിയമംതന്നെ യഥാർത്ഥത്തിൽ മാറ്റണമെന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

1.00 PM ]

ശ്രീ. സി. മമ്മൂട്ടി: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

യഥാർത്ഥത്തിൽ ഈ ബിൽ കൊണ്ടുവന്നതിന്റെ ലക്ഷ്യമെന്താണ്? ഒരു സിൻഡിക്കേറ്റിന്റെ കാലാവധി കഴിയുമ്പോൾ, അതിന്റെ കാലാവധി അനുസരിച്ച് തെരഞ്ഞെടുപ്പ് നടത്താൻ എല്ലാ വ്യവസ്ഥകളും നിലവിലുണ്ട്. ഇലക്ടറൽ റോൾ അടക്കം പൂർത്തിയായശേഷം അത് മറികടന്ന് ഒരു ബില്ല് കൊണ്ടുവന്ന് ഈയൊരു മാറ്റം വരുത്തിയതിന്റെ കാര്യമെന്താണ്? സത്യത്തിൽ വിദ്യാഭ്യാസ രംഗത്തെ രാഷ്ട്രീയത്തിന് അതീതമായി നാം കാണുകയും, ആ രീതിയിൽ ഘടനയിൽ മാറ്റംവരുത്താതെ മുന്നോട്ടുകൊണ്ടുപോകേണ്ട ബാധ്യത തുടർന്നുവരുന്ന എല്ലാ ഗവൺമെന്റുകൾക്കും ഉണ്ട്. 1974-നു ശേഷം, ഈ ആക്ട് നിലവിലുള്ള കേരള യൂണിവേഴ്സിറ്റിയുടെ ഘടനയിൽ മാറ്റം വരുത്തുന്ന ആദ്യത്തെ ബില്ലാണ്. എന്തിനാണ് ഈ മാറ്റം വരുത്തിയത്, ഇതിൽ വന്ന കാര്യമെന്താണ്? ഗവൺമെന്റ് കോളേജിലെ പ്രിൻസിപ്പാൾമാരിൽ നിന്നുള്ള ക്വാട്ട നിശ്ചയിച്ചശേഷം, എയ്ഡഡ് കോളേജുകൾക്കും അൺഎയ്ഡഡ് കോളേജുകൾക്കും പ്രാതിനിധ്യം കൊടുക്കുന്ന കാര്യത്തിൽ ഇപ്പോൾ പറഞ്ഞിരിക്കുന്ന ഒരു വിരോധാഭാസം, അൺഎയ്ഡഡ് കോളേജിലെ പ്രതിനിധിക്ക് സെനറ്റിൽ അംഗമാകാം സിൻഡിക്കേറ്റിൽ അംഗമാകാൻ പാടില്ല. എം.എൽ.എ. ആയാൽ മന്ത്രിയാകാൻ യോഗ്യനല്ലേ? ഇതിൽ മാറ്റം വരുത്തുന്നതിന്റെ കാര്യമെന്താണ്? അതിന്റെ ലക്ഷ്യമെന്താണ്? ഈ രീതിയിൽ തെരഞ്ഞെടുപ്പ് നടത്തിയാൽ അതിൽ നിഷ്പക്ഷമായിട്ടുള്ള എല്ലാ വിഭാഗങ്ങളുടെയും പ്രാതിനിധ്യം ഉണ്ടാകും. അതിനുപകരം തങ്ങൾ ഉദ്ദേശിക്കുന്ന രൂപത്തിലുള്ള ഒരു സിൻഡിക്കേറ്റ് വരണമെന്ന ലക്ഷ്യമല്ലേ ഇതിനു പിന്നിലുള്ളതെന്ന് വളരെ നിഷ്കളങ്കമായി ചിന്തിക്കുന്ന പ്രൊഫസർ, വിദ്യാഭ്യാസ മന്ത്രിയായ അങ്ങയോട് ഞാൻ ചോദിക്കുകയാണ്. സത്യത്തിൽ മാറ്റങ്ങൾ

കൊണ്ടുവരണമെന്ന് അങ്ങ് ഒരുപാട് ആഗ്രഹിക്കുന്നുണ്ടാകും, പക്ഷെ നടക്കണ്ടെ? ഒരു പാർട്ടി തീരുമാനം വന്നാൽ ആ തീരുമാനത്തിന് പുറകെ പോകേണ്ട ഗതികേട് അങ്ങേയ്ക്ക് ഉണ്ടാകുന്നതിൽ ഞാൻ ഖേദിക്കുകയാണ്. അങ്ങ് വിദ്യാഭ്യാസ രംഗത്ത് ഒരുപാട് മാറ്റങ്ങൾ വരുത്താൻ ആഗ്രഹിക്കുന്ന ആളാണ്. പക്ഷെ പ്രൊഫസറായ അങ്ങയുടെ കൈകൊണ്ടു തന്നെ ഇതിന്റെ അറവ് നടക്കുന്നുവെന്ന് കാണുന്നതിൽ വല്ലാത്ത സങ്കടമുണ്ട്. വിദ്യാഭ്യാസ രംഗത്ത്, യൂണിവേഴ്സിറ്റി രംഗത്ത് പുതിയ കോഴ്സുകളെക്കുറിച്ച്, ടെക്നോളജിയെക്കുറിച്ച്, കാഴ്ചപ്പാടിനെക്കുറിച്ച് ചിന്തിക്കേണ്ട സമയമാണിത്. ലോകം ഇന്ന് നാനോ ടെക്നോളജിയിലും അതുപോലെ തന്നെ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്നൊക്കെ പറഞ്ഞ് പുതിയൊരു കാലഘട്ടത്തിലേക്ക് പോകുമ്പോൾ, നമ്മൾ പഴയ കാലഘട്ടത്തിലുള്ള സിലബസിൽ ഇപ്പോഴും നോട്ട് പറഞ്ഞു കൊടുക്കുകയാണ്. അദ്ധ്യാപകൻ പണ്ട് തയ്യാറാക്കിയ നോട്ട് പറഞ്ഞു കൊടുക്കുന്നു, അത് കുട്ടികൾ എഴുതിയെടുത്ത് പഠിക്കുന്നു, പരീക്ഷ എഴുതുന്നു, ക്വാളിഫൈഡാകുന്നു, വീണ്ടും പഠിപ്പിക്കുന്നു, എന്താണ് ഇതുമതിയോ? പുതിയ മാറ്റങ്ങൾ നമുക്ക് വേണ്ടേ? പുതിയ ടെക്നോളജി നമ്മൾ അഡോപ്റ്റ് ചെയ്യണ്ടേ? നമ്മുടെ കോഴ്സുകളിൽ മാറ്റം വരുത്തണ്ടേ? പണ്ടു പഠിപ്പിച്ച അതേ കോഴ്സുകൾ ഇപ്പോൾ പഠിപ്പിക്കുന്നു, അൺഎയ്ഡഡ് കോളേജുകളിലാണ് ന്യൂജെൻ കോഴ്സുകളുള്ളത്. ഇപ്പോൾ നിലവിലുള്ള ഗവൺമെന്റ് കോളേജുകളിലോ എയ്ഡഡ് കോളേജുകളിലോ ന്യൂജെൻ കോഴ്സുകളില്ല. ഇതിന് മാറ്റം വരുത്തിക്കൂടേ? നമ്മൾ ഇങ്ങനെ കോടാനുകോടി രൂപ ചെലവഴിക്കുന്നു, വരുന്ന പ്രോഡക്ട് ആർക്കും വേണ്ടാത്ത ചവറുകളായി മാറുന്നു. എന്തുകാര്യം? മാറ്റി ചിന്തിക്കണം. യൂണിവേഴ്സിറ്റികളിലെ സെനറ്റിൽ ഒരാൾ അങ്ങോട്ടും ഒരാൾ ഇങ്ങോട്ടും, യു.ഡി.എഫ്. ഭരിക്കുന്ന സമയത്ത് ഹയർ എഡ്യൂക്കേഷൻ കൗൺസിലിൽ 9 അംഗങ്ങളിൽ 5 അംഗങ്ങളും ഇടതുപക്ഷക്കാരായിരുന്നു. അന്ന് യു.ഡി.എഫ്. തീരുമാനിച്ചത് ഇടതുപക്ഷക്കാർ വന്നോട്ടെ, ഒരു കുഴപ്പവുമില്ല. കേപ്പബിളായ ആളുകളാണ്, വീക്ഷണമുള്ള ആളുകളാണ്, കാഴ്ചപ്പാടുള്ളവരാണ്. ഇപ്പോൾ 9 ആളുകളേയും നിങ്ങൾ മാറ്റി, 9 അംഗങ്ങളും ഇടതുപക്ഷത്തിന്റെ ആൾക്കാരാണ്, കുഴപ്പമില്ല ആയിക്കോട്ടെ, എല്ലാപേരും ഒരുപോലെ കാഴ്ചപ്പാടുള്ള ആൾക്കാരായിരിക്കണമെന്നില്ലല്ലോ. പക്ഷെ ഇതിലൊന്നും നമ്മൾ രാഷ്ട്രീയം കാണരുത്. രാഷ്ട്രീയത്തിന് അതീതമായ വിദ്യാഭ്യാസ രംഗം എന്നുപറയുന്നത്, പ്രാപ്തരായ, യോഗ്യരായ, കേപ്പബിളായ, കോംപിറ്റന്റായ, മത്സരക്ഷമതയുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കുമ്പോൾ മാത്രമാണ് നമ്മുടെ കോൺട്രിബ്യൂഷൻ പൂർത്തിയാകുന്നത്. പുതിയ യൂണിവേഴ്സിറ്റി ബില്ലിൽ അങ്ങ് ശ്രദ്ധിക്കേണ്ട ചില

കാര്യങ്ങളാണ് ഇതിൽ പറയുന്നത്. കഴിഞ്ഞ പ്രാവശ്യം ഐ.ടി. രംഗത്തുനിന്ന് പ്രൊഫഷണലായിട്ടുള്ള ആളുകളില്ല, പ്രിൻസിപ്പാൾമാരുടെ ക്വാട്ടയിൽ കുറച്ച് കൂടുതൽ കാണുന്നു എന്നൊക്കെയാണ്. കഴിഞ്ഞ പ്രാവശ്യം ഒരാളെ ഐ.ടി. രംഗത്ത് നിന്ന് നോമിനേറ്റ് ചെയ്തതല്ലേ? ഇപ്പോഴും ആ ഒന്നു തന്നെയല്ലേ വരുന്നത്? എന്താണ് അതിൽ മാറ്റം. മാനേജർമാരുടെ തസ്തികയിൽ നേരത്തെ നാല് പേർ ഉണ്ടായിരുന്നത് ഇപ്പോൾ ഒരാളായി ചുരുക്കി, അതാണ് വരുന്ന മാറ്റം. എന്താണ് കാരണം. മാനേജർമാരുടെ തസ്തികയിൽ ആളുകൾ വന്നാൽ സ്വാഭാവികമായും യു.ഡി.എഫ്.-ന്റെ ആൾക്കാർ വരും, ഇലക്ടറൽ റോൾ പരിശോധിക്കുമ്പോൾ, അതല്ലേ സത്യം? ബഹുമാനപ്പെട്ട മന്ത്രിയുടെ മനസ്സ് പറയുന്നുണ്ട്, പുറത്ത് പറയാൻ ബുദ്ധിമുട്ടുണ്ടെന്ന് ഞങ്ങൾ മനസ്സിലാക്കുന്നു. അതാണ് സത്യം, ആ സത്യം അംഗീകരിക്കാതിരിക്കാൻ പറ്റുകയില്ലല്ലോ? മാഷിനോട് എനിക്ക് പറയാനുള്ളത് അങ്ങ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുമ്പോൾ നമ്മുടെ വിദ്യാഭ്യാസ രംഗത്ത് അക്കാഡമിക്കായിട്ടുള്ള വളരെ പ്രാപ്തമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് പുതിയ കോഴ്സുകൾ കൊണ്ടുവരുന്നതിനും വിവിധ സമയത്ത് വിവിധ കോഴ്സുകളിൽ ഒരേ സിലബസ് പഠിപ്പിച്ചിട്ട്, ഒരേ സമയത്ത് പരീക്ഷ നടത്തി, പരസ്പരം അങ്ങോട്ടുമിങ്ങോട്ടും ഹയർ സ്റ്റഡീസിന് പോകാനുള്ള, വിദേശങ്ങളിൽ പഠിക്കാനുള്ള അവസരങ്ങൾ നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾക്ക് പ്രാമുഖ്യം കൊടുത്തു കൊണ്ടും പരിഗണന കൊടുത്തുകൊണ്ടും നടപ്പാക്കാൻ അങ്ങ് കടപ്പെട്ടിരിക്കുന്നു. പ്രത്യേകിച്ചും നമ്മുടെ കോഴ്സുകൾ പരിഷ്കരിക്കുകയും പുനഃപരിശോധന നടത്തുകയും ചെയ്യണം. എയ്ഡഡ് കോളേജുകളിലും, ഗവൺമെന്റ് കോളേജുകളിലും പണം ചെലവഴിച്ചുകൊണ്ട് അതേ കോഴ്സുകൾ നടത്തുന്നതിനു പകരം പുതിയ കോഴ്സുകൾ ഇതിനു പകരമായി കൊണ്ടുവരുന്നതിനെക്കുറിച്ച് ആലോചിക്കണം. സാമ്പത്തികമായി നഷ്ടമില്ല, മറ്റു തടസ്സങ്ങളില്ല, എന്തുകൊണ്ട് അതിനെക്കുറിച്ച് ആലോചിച്ചുകൂടാ? ഇപ്പോൾ ആർട്ടിഫിഷ്യൽ ഇന്റലിജൻസ് എന്ന പുതിയ ടെക്നോളജിയിലേയ്ക്ക് ലോകരാജ്യങ്ങൾ മാറിക്കൊണ്ടിരിക്കുകയാണ്. നമ്മുടെ കുട്ടികൾ ആർട്സ് ആന്റ് സയൻസ് കോളേജിൽ പഠിപ്പിക്കുന്ന കൺവെൻഷണലായിട്ടുള്ള കോഴ്സുകൾ പഠിച്ച് പുറത്തു വരുമ്പോൾ ആർക്കും വേണ്ടാത്ത ചവറുകളായി, ഏതെങ്കിലും സെയിൽസ്മാൻമാരായി പോകുന്ന അവസ്ഥയിലേയ്ക്കും ഇത്തരം കേപ്പബിളായ ആളുകളെ പുറത്ത് നിന്നും കൊണ്ടു വരുന്ന അവസ്ഥയിലേക്കും എത്തിച്ചേരുന്നു. ഇത്തരം ഭേദഗതികൾക്കപ്പുറത്ത് ന്യൂജെൻ കോഴ്സുകൾ കൊണ്ടുവന്ന് നിലവിലുള്ള എയ്ഡഡ്, ഗവൺമെന്റ്

കോളേജുകളിലുള്ള കോഴ്സുകൾക്ക് പകരം നടപ്പിലാക്കി നമ്മുടെ കുട്ടികളെ പ്രാപ്തരാക്കികൊണ്ടുവരണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് പറയാനുള്ളത്. ഇപ്പോൾ നമ്മുടെ ഗവൺമെന്റ് ആർട്സ് ആന്റ് സയൻസ് കോളേജുകളിൽ ക്യാമ്പസ് പ്ലെയ്സ്മെന്റ് നടക്കാത്തത് എന്തുകൊണ്ടാണ്? ബി.ടെക് അല്ലെങ്കിൽ പ്രൊഫഷണൽ കോഴ്സിന് പഠിപ്പിക്കുന്ന സ്ഥാപനങ്ങളിൽ നിന്ന് വേണ്ടത്ര പ്ലെയ്സ്മെന്റ് നടക്കാത്തത് കോംപിറ്റന്റായിട്ടുള്ള കുട്ടികളെ കിട്ടാനില്ലാത്തതുകൊണ്ടാണ്. കാരണം പഠിപ്പിക്കുന്നതിനായാലും ലാബ് സംവിധാനത്തിലേയ്ക്കായിരുന്നാലും അവരുടെ മത്സരക്ഷമത സംബന്ധിച്ചായാലും വേണ്ടത്ര കേപ്പബിളല്ലാത്ത ആളുകളെ ഒരാളും പുതുതായി ഒരു സ്ഥാപനത്തിലേയ്ക്കും പ്ലെയ്സ്മെന്റ് നടത്തുകയില്ല. അങ്ങനെ പ്ലേയ്സ്മെന്റ് നടത്തണമെങ്കിൽ പ്രാപ്തമായ രീതിയിൽ നടത്തിക്കൊണ്ടുവരണം. അതിനുള്ള സംവിധാനം നമുക്കുണ്ടെങ്കിലും അത് ഉപയോഗപ്പെടുത്തുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: ഇവിടെ പ്രധാനപ്പെട്ട ഒരു പ്രശ്നമുണ്ട്, നമ്മുടെ വിദ്യാഭ്യാസ രംഗത്ത് വളരെ തീവ്രമായ പ്രശ്നമാണുള്ളത്. നമ്മൾ ഏത് മാറ്റത്തെക്കുറിച്ച് പറഞ്ഞാലും പഠിപ്പിക്കുന്ന അദ്ധ്യാപകനും പഠിക്കുന്ന വിദ്യാർത്ഥിയും തമ്മിലുള്ള വിവരത്തിന് വ്യത്യാസമുണ്ട്. പഠിക്കുന്ന വിദ്യാർത്ഥി പുതിയ ജനറേഷനിൽ വളർന്നു വന്നതാണ്. പഠിപ്പിക്കുന്ന അദ്ധ്യാപകൻ അവർ പഠിപ്പിച്ച കാലത്തെ ഒരു തലമുറയിൽ നിൽക്കുകയാണ്, എന്നു പറഞ്ഞാൽ പത്തോ ഇരുപത്തിയഞ്ചോ വർഷങ്ങൾക്ക് മുൻപുണ്ടായിരുന്ന വിവരങ്ങളുടെകൂടി അടിസ്ഥാനത്തിലാണ് അവർ പഠിപ്പിക്കുന്നത്. അതുകൊണ്ട് ഈ അദ്ധ്യാപകന് പുതിയ ജനറേഷനെ പഠിപ്പിക്കത്തക്ക വിധത്തിലുള്ള ഒരു അപ്ഗ്രഡേഷനും നടക്കുന്നില്ലെന്നുള്ളതാണ് പ്രധാന പ്രശ്നം. ആ അപ്ഗ്രഡേഷൻ നടക്കാത്തിടത്തോളം കാലം നമ്മുടെ വിദ്യാഭ്യാസത്തിന്റെ സത്ഗുണം നമ്മുടെ വിദ്യാർത്ഥികളിലേയ്ക്ക് എത്തുകയില്ല, അവിടെയാണ് പ്രധാന പ്രശ്നം.

ശ്രീ. സി. മമ്മൂട്ടി: അങ്ങ് പറഞ്ഞത് നൂറ് ശതമാനവും ശരിയാണ്. കാരണം, അതിന്റെ ഏറ്റവും വലിയ തെളിവ്, ഇപ്പോൾ നമ്മുടെ പുതിയ വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി ഏറ്റവും മോഡേണായ ടച്ച് സ്ക്രീൻ സ്ഥാപിച്ചതിനുശേഷം സ്കൂളിലെ അദ്ധ്യാപകൻ പോയി പറയുകയാണ് 'ഇതൊന്ന് ഓൺചെയ്തു തരൂ, ആരെങ്കിലും അറിയുന്നവർ ഉണ്ടോ' എന്ന്. ഒരു കുട്ടി ഓടി വന്ന് ഓൺ ചെയ്തു കൊടുത്തു, നടന്ന സംഭവമാണ്. ഞാൻ എല്ലാ സ്കൂളുകളിലും പരിശോധന നടത്തി, ഓരോ കുട്ടിയെയും ഇന്ററാക്ട് ചെയ്തപ്പോൾ കംപ്യൂട്ടർ ഓപ്പറേറ്റ് ചെയ്യാൻ പഠിച്ച

എത്ര കുട്ടികളുണ്ടെന്ന് ചോദിച്ചു. അപ്പോൾ ഒന്നു രണ്ട് കുട്ടികൾ കൈപൊക്കി, 'മോൻ എവിടെനിന്നാണ് പഠിച്ചത്' എന്ന് ചോദിച്ചു, 'എന്റെ വീട്ടിൽ കംപ്യൂട്ടർ ഉണ്ട്, അവിടെ നിന്ന് പഠിച്ചതാണ്' എന്ന് പറഞ്ഞു. 'ഇവിടെ നിന്നും പഠിച്ചവർ ആരുമില്ലേ' എന്നു ചോദിച്ചു. കംപ്യൂട്ടർ വാങ്ങി നാലാമത്തെ അടിയോടുകൂടി അത് ലോക്കായി വർക്ക്ഷോപ്പിലിട്ടു, പലർക്കും കഴിയുന്നില്ല. സത്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി, ഈ യജ്ഞവും മാറ്റവുമൊക്കെ ആഗ്രഹിക്കുന്നുണ്ടെങ്കിലും അപ്ഗ്രഡേഷൻ നിർബന്ധമാണ്. അവരെ പഠിപ്പിക്കലും, താൽപ്പര്യത്തോടെ കൊണ്ടുവരലും അത്യാവശ്യമാണ്. ഞാൻ വളരെ സങ്കടത്തോടുകൂടി പറയുകയാണ്, മലപ്പുറം ജില്ലയിൽ കഴിഞ്ഞ ഡി.ഡി.സി.യിൽ ഞങ്ങൾ എം.എൽ.എ.-മാർ ഇറങ്ങിപ്പോയി, എന്താണ് കാര്യമെന്ന് അറിയാമോ? സ്കൂളുകൾ തുറക്കാൻ പോകുകയാണ്, ഞങ്ങൾ പുതിയ വിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി നടത്തുന്ന മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യാൻ പോകുന്ന സമയത്ത് അവിടത്തെ ഡി.ഡി. ഇല്ല, ഇത് എന്താണ്? ഉദ്യോഗസ്ഥനെ നോക്കുമ്പോൾ ഇല്ല, പിന്നെ ഞങ്ങൾ ഇരുന്നിട്ട് കാര്യമെന്താണെന്നാണ് കളക്ടർ ചോദിച്ചത്. ചർച്ച ചെയ്യാൻ ആളില്ല, ഞങ്ങൾ ഇറങ്ങിപ്പോയി. ഇതിൽ താൽപ്പര്യമുള്ളവർ ഇല്ല, മാഷിന് വിദ്യാഭ്യാസ നയം മാറ്റണമെന്ന് താൽപ്പര്യമുണ്ട്, പക്ഷേ എന്തു ചെയ്യാൻ കഴിയും? ഇതിനനുസരിച്ച് എല്ലാം മാറ്റാൻ കഴിയണ്ടേ? ഞാൻ എന്റെ തിരൂർ മണ്ഡലത്തിലെ 99 സ്കൂളുകളിൽ ലാംഗ്വേജ് ലാബ് സംവിധാനം ഏർപ്പെടുത്തി. ദൈവാനുഗ്രഹം കൊണ്ട് അടുത്തദിവസം ഞാൻ പരിശോധനയ്ക്ക് ചെന്നപ്പോൾ അത് അങ്ങനെതന്നെ നിൽക്കുകയാണ്. ഇതുകൊണ്ട് എന്ത് പ്രയോജനമാണുള്ളത്; നമ്മൾ ടച്ച് സ്ക്രീൻ മുതൽ എല്ലാ സംവിധാനങ്ങളുമൊരുക്കി, ഇതിനനുസരിച്ച് മൈന്റ് സെറ്റ് മാറാത്തിടത്തോളം ഒന്നും ചെയ്യാൻ കഴിയില്ല. ഇപ്പോൾ ചെയ്തിരിക്കുന്ന പല സംഗതികളും നേരിട്ട് പോയി പറഞ്ഞിട്ടും പഠിപ്പിച്ചിട്ടും പഠിക്കാത്തത് ആരാണെന്ന് ഞാൻ പറയുന്നില്ല. ബഹുമാനപ്പെട്ട പ്രൊഫസറോട് എനിക്ക് പറയാനുള്ളത് നമ്മുടെ യൂണിവേഴ്സിറ്റി സെനറ്റിലും സിൻഡിക്കേറ്റിലുമുള്ള അംഗങ്ങളുടെ എണ്ണത്തിലുള്ള മാറ്റം എന്നതിനപ്പുറം ഈ സമൂഹത്തെ മുന്നിൽ കണ്ടുകൊണ്ട് മറ്റ് വിദേശ രാജ്യങ്ങളിൽ പഠിപ്പിക്കുന്ന പുതിയ ടെക്നോളജി..

<u>ശ്രീ. പി. ടി. തോമസ്</u>: സർ, മറ്റ് യൂണിവേഴ്സിറ്റികളിൽ നടക്കുന്ന, പ്രത്യേകിച്ച് അദ്ധ്യാപകരുടെ ഗുണനിലവാരത്തെപ്പറ്റിയൊക്കെയാണ് അങ്ങ് സംസാരിക്കുന്നത്. വിദേശ സർവ്വകലാശാലകളിൽ അദ്ധ്യാപകരെ വിദ്യാർത്ഥികൾ വിലയിരുത്തുകയും അതിന്റെ അടിസ്ഥാനത്തിൽ അദ്ധ്യാപകരുടെ മേന്മ മെച്ചപ്പെടുത്തിക്കൊണ്ടു

വരുന്ന സാഹചര്യം സാർവ്വലൗകികമായി അംഗീകരിക്കപ്പെട്ടിട്ടുണ്ടെന്ന വിവരം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. സി. മമ്മൂട്ടി: തീർച്ചയായും അത് ഞാൻ ആദ്യം തന്നെ സൂചിപ്പിച്ചു. പണ്ടുണ്ടായിരുന്ന അദ്ധ്യാപകർ തയ്യാറാക്കിയ നോട്ടു തന്നെയാണ് ഇപ്പോഴും കുട്ടികൾ പഠിക്കുന്നത്. ആ നോട്ട് പ്രിന്റ് ചെയ്ത് ഗൈഡായി വിൽക്കുകയാണ്. ആ ഗൈഡ് വായിച്ച് കുട്ടികൾ പരീക്ഷ എഴുതുന്നു. അങ്ങ് അതിൽനിന്നും ഒഴിവാണെന്ന് ഞാൻ പറയുകയാണ്. അങ്ങ് പ്രൊഫസറായിരുന്ന ആളാണ്, അത് പറയാതിരിക്കാൻ പറ്റില്ല. ഇത്തരം വേദിയിൽ അവതരിപ്പിച്ചാൽ മാത്രമേ ഭരണാധികാരികൾക്ക് മാറ്റത്തിനുവേണ്ടി തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. ഞാൻ നേരത്തെ പറഞ്ഞപോലെ അപ്ഗ്രഡേഷൻ നടത്തണം. അങ്ങനെ വന്നാൽ മാത്രമേ പുതിയ ജനറേഷന് എന്തെങ്കിലും ചെയ്യാൻ കഴിയുകയുള്ളൂ. കോടിക്കണക്കിന് രൂപ ചെലവഴിക്കുകയാണ്, അതിന് പ്രയോജനം കിട്ടണമെങ്കിൽ ഇത്തരമൊരു മാറ്റം വേണം. സെനറ്റിലും സിൻഡിക്കേറ്റിലുമല്ല, കാതലായ മാറ്റം വരേണ്ടത് പഠിക്കുന്ന രംഗത്ത്, പഠിപ്പിക്കുന്ന രംഗത്ത്, ഗ്രഹിക്കുന്ന രംഗത്ത്, പ്രാക്ടിക്കലായി അത് ഇംപ്ലിമെന്റ് ചെയ്യുന്ന രംഗത്ത്, കുട്ടികളെ പുതിയ ജനറേഷനിലേയ്ക്ക് കൈപിടിച്ചുയർത്തുന്ന കാര്യത്തിൽ, ന്യൂജെൻ കോഴ്സുകൾ ആരംഭിക്കുന്ന കാര്യത്തിൽ ........

ഡോ. എൻ. ജയരാജ്: സർ, അങ്ങ് അദ്ധ്യാപകർ കാലത്തിനനുസരിച്ച് മാറാത്തവരാണെന്നൊക്കെ കുറേ നേരമായി പറഞ്ഞുകൊണ്ടിരിക്കുകയാണ്. അത് ശരിയല്ല. മഹാഭൂരിപക്ഷം വരുന്ന അദ്ധ്യാപകരും കാലത്തിന്റെ മാറ്റം ഉൾക്കൊള്ളാൻ കഴിയുന്ന ആളുകൾ തന്നെയാണ്. അങ്ങനെയല്ലാത്തവരല്ല. ചെറിയൊരു ന്യൂനപക്ഷം ഒരു പക്ഷെ, ആ സാഹചര്യത്തോട് പൊരുത്തപ്പെടാനായിട്ട് വൈമുഖ്യം കാണിക്കുന്നവരും അതിന് സമയമെടുക്കുന്നവരുമായിരിക്കും. അതുകൊണ്ട് പൊതുവായി അദ്ധ്യാപകർ അങ്ങനെയാണെന്ന് പറയാൻ സാധിക്കില്ല. കാരണം മികച്ച അദ്ധ്യാപകർ ഒട്ടേറെയുള്ള ഒരു സംസ്ഥാനമാണ് കേരളം. പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത്, ഞാനൊരു അദ്ധ്യാപകനെന്ന നിലയ്ക്ക് പറയുന്നതല്ല, എന്നെ പഠിപ്പിച്ച അദ്ധ്യാപകരുണ്ട്, കേരളത്തിലെ ഏറ്റവും പ്രമുഖരായ അദ്ധ്യാപകരുടെ ശിഷ്യനാകാൻ കഴിഞ്ഞയാളാണ് ഞാൻ. അതുകൊണ്ട് അങ്ങനെ പറയുന്നത് ശരിയല്ല. അദ്ധ്യാപകർ കുറേക്കൂടി അപ്ഡേറ്റാകേണ്ടതുണ്ട്, തീർച്ചയായും അതൊരു പ്രധാനപ്പെട്ട കാര്യമാണ്. അതിനൊരു ജനറലൈസേഷൻ പാടില്ല.

ശ്രീ. സി. മമ്മൂട്ടി: സർ, അദ്ധ്യാപകനായ അങ്ങയോട് ഞാൻ പറയുകയാണ്, എല്ലാ അദ്ധ്യാപകരെയും കുറിച്ചല്ല പറഞ്ഞത്, അപ്ഡേറ്റ് ചെയ്യാത്ത അദ്ധ്യാപകരെന്ന് പ്രത്യേകിച്ച് ഞാൻ പറഞ്ഞിട്ടുണ്ട്. അദ്ധ്യാപകന്മാർ പഠിപ്പിച്ചവരും ഗുരുനാഥന്മാർ ഇല്ലാത്തവരുമായ ഒരാളും ഈ നാട്ടിലോ ലോകത്തോ ഉണ്ടാകില്ല. എല്ലാവരേയുമല്ല പറഞ്ഞത്. അനുഭവമുണ്ടായപ്പോൾ അതിൽ നിന്നും ഉണ്ടായ കാര്യങ്ങൾ ബഹുമാനപ്പെട്ട പ്രൊഫസറോട് ഞാൻ നേരിട്ട് പറഞ്ഞിട്ടുണ്ട്. ഞാൻ പറഞ്ഞുവന്നത് മാറ്റത്തിന് വിധേയമായി മാറിക്കൊണ്ടിരിക്കുന്ന സമൂഹത്തോടൊപ്പം ചലിക്കുന്ന അദ്ധ്യാപകർ ഇതിൽ നിന്നും ഒഴിവാണ്. മാറാത്തവരെക്കുറിച്ചാണ് ഞാൻ പറഞ്ഞത്. ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണൻ സൂചിപ്പിച്ചതും അതാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിക്കും അതറിയാം. തെറ്റിദ്ധരിച്ചിട്ടുണ്ടെങ്കിൽ അങ്ങ് എന്നോട് ക്ഷമിക്കണം. ഒരിക്കലും എല്ലാ അദ്ധ്യാപകരേയും കുറ്റം പറഞ്ഞിട്ടില്ല, പറയുകയുമില്ല. ഞാനും ഗുരുനാഥരെ ബഹുമാനിക്കുന്നയാളാണ്. അങ്ങും എല്ലാ കാര്യങ്ങളും നന്നായി ചെയ്യുന്നയാളാണ്. ഞാൻ അംഗീകരിച്ചു.

പ്രൊഫ. കെ. യു. അരുണൻ: സർ. 'തിയറി ഓഫ് റെവല്യൂഷൻ' ഡാർവിന്റെ പരിണാമ സിദ്ധാന്തം പഠിപ്പിക്കേണ്ടതായി വരുമ്പോൾ അത് സകല മതങ്ങളും അനുയായികളെ പഠിപ്പിക്കുന്ന അശാസ്ത്രീയ രീതിക്കെതിരെയുള്ളതാണ്. അങ്ങനെയുള്ള സിദ്ധാന്തങ്ങൾ വരുമ്പോൾ സാമൂഹികമായ ചട്ടക്കൂട്ടിൽ ഒതുങ്ങിനിന്നുകൊണ്ട് കുട്ടികളെ പഠിപ്പിക്കാമെന്നല്ലാതെ യഥാർത്ഥ സത്യം കുട്ടികളെ പഠിപ്പിക്കാൻ അവസരം ഉണ്ടെങ്കിൽപ്പോലും സമൂഹം സമ്മതിക്കുന്നില്ല എന്ന യാഥാർത്ഥ്യം അങ്ങ് അംഗീകരിക്കുമോ?

ശ്രീ. സി. മമ്മൂട്ടി: സർ, അതുതന്നെയാണ് പറഞ്ഞത്. അത്തരം കോഴ്സുകളെക്കുറിച്ചും, അത്തരം കാര്യങ്ങൾ മാറി, നാനോ ടെക്നോളജിയും, പുതിയ ആർട്ടിഫിഷ്യൽ ഇന്റലിജൻസും, ആർട്ടിഫിഷ്യൽ റോബോട്ടിന്റെയുമൊക്കെ കാലഘട്ടം വരുന്നത് ഉൾക്കൊണ്ടുകൊണ്ട് പുതിയ ജനറേഷനെ പഠിപ്പിക്കണം. ഇപ്പോൾ പഠിപ്പിക്കുന്ന കോഴ്സുകളിൽ അൺഎയ്ഡഡ് കോളേജുകളിൽ മാത്രമാണ് ന്യൂജെൻ കോഴ്സുകളുള്ളത്. പഴയ കൺവൻഷണലായിട്ടുള്ള കോഴ്സുകളുള്ള ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും അത് മാറ്റി പുതിയ ന്യൂജെൻ കോഴ്സുകൾ ഇതേ ചെലവ് ഉപയോഗിച്ച് കൊണ്ടുവരണമെന്നാണ് ഞാൻ പറഞ്ഞത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, സർവ്വകലാശാലാ ബില്ലിനെക്കുറിച്ചാണല്ലോ ചർച്ച ചെയ്യുന്നത്. യഥാർത്ഥത്തിൽ കോളേജ് അദ്ധ്യാപകർ വലിയ രീതിയിൽ പരിഷ്കരണത്തിന് വിധേയമാകേണ്ടവരാണ്. ഡോ. എൻ. ജയരാജ് പറഞ്ഞതിനോട് എനിക്ക് യോജിപ്പില്ല. ഇപ്പോഴും ഒരു വലിയ ശതമാനം വേണ്ടത്ര അപ്ഡേറ്റ് ചെയ്യാതെ, വേണ്ടത്ര പഠിപ്പിക്കാത്ത രീതിയുണ്ട്. ചിലയിടത്ത് യൂണിവേഴ്സിറ്റിയുടെ അടുത്തുള്ള ക്വാർട്ടേഴ്സിലെ അദ്ധ്യാപകനായിരിക്കും. അദ്ദേഹം ആദ്യം വന്ന് പഞ്ച് ചെയ്തിട്ട് പോകും അതുകഴിഞ്ഞ് വൈകുന്നേരവും വളരെ ലേറ്റായി വന്ന് പഞ്ച് ചെയ്ത് പോകും. പഞ്ചിംഗ് സിസ്റ്റത്തിൽ നോക്കുമ്പോൾ വളരെ സിസ്റ്റമാറ്റിക്കായി അവിടെ അദ്ധ്യാപകനുണ്ട്, പക്ഷെ പഠിപ്പിക്കുന്നുണ്ടോ? വളരെ കൃത്യമായി സ്കൂൾ അദ്ധ്യാപകരെ നമ്മൾ മോണിറ്റർ ചെയ്യുന്നുണ്ട്. ആ ഒരു സിസ്റ്റം ഹയർ എഡ്യൂക്കേഷനകത്തും കൊണ്ടുവരണം. ഹയർ എഡ്യൂക്കേഷന് ഇപ്പോഴും കുറേ ന്യൂനതകളുണ്ട്. വേണ്ടത്ര പഠിപ്പിക്കാത്ത രീതി ഇപ്പോഴും കോളേജ് അദ്ധ്യാപകർക്കിടയിലുണ്ട്. അതിനെക്കൂടി സിസ്റ്റമാറ്റിക്കായി ഗവൺമെന്റ് അഡ്രസ് ചെയ്യണം. എന്നാൽ മാത്രമേ നമ്മുടെ ഹയർ എഡ്യൂക്കേഷന്റെ ക്വാളിറ്റി മെച്ചപ്പെടുത്താൻ സാധിക്കുകയുള്ളൂ. ഇപ്പോഴും കോളേജ് അദ്ധ്യാപകർ വലിയ ശതമാനംതന്നെ പഠിപ്പിക്കാത്ത സിസ്റ്റം ക്യാമ്പസിനകത്തുണ്ട് എന്ന് എനിക്ക് ഉറപ്പിച്ച് പറയാൻ കഴിയും.

<u>ശ്രീ. സി. മമ്മൂട്ടി</u>: സർ, അതുതന്നെയാണ് ഇവിടെ ചർച്ച ചെയ്യപ്പെടേണ്ടതും ചർച്ച ചെയ്യുന്നതും.

<u>പ്രൊഫ. കെ. യു. അരുണൻ</u> : ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ പ്രശ്നം ക്രെഡിബിലിറ്റിയുടെ പ്രശ്നമാണ്. അദ്ധ്യാപകൻ, അതിലെ വിശ്വാസ്യതയുടെ പ്രശ്നം. അത് ലോകം മുഴുവൻ ഇപ്പോൾ പുതുതായിവന്ന പ്രശ്നം crisis of credibility ആണ്. വിശ്വാസ്യതയുടെ ഒരുജാതി പ്രതിസന്ധി. ആരെയാണ് വിശ്വസിക്കുക. ആ പ്രശ്നവുമായി ബന്ധപ്പെട്ടുകൊണ്ട്, അദ്ധ്യാപകരിൽ വിശ്വാസ്യതയുള്ളവരുണ്ട്, തീരെ ക്ലാസ്സിൽ പോകാത്തവരുണ്ട്. അവനവന്റെ കാര്യം നോക്കുന്ന കുട്ടികളുണ്ട്. കുട്ടികൾക്ക് പുതിയ സാധ്യതകൾ വന്നു. ഒരുപക്ഷേ അദ്ധ്യാപകനില്ലാതെ കുട്ടികൾക്ക് റാങ്ക് വാങ്ങാവുന്ന അവസരം നമ്മുടെ സാങ്കേതിക വിദ്യ അവർക്ക് കൊടുക്കുന്നുണ്ട്. അപ്പോൾ അദ്ധ്യാപകരുടെ പ്രസക്തി പലപ്പോഴും പതുക്കെപ്പതുക്കെ കുറഞ്ഞുപോകുകയാണ് എന്നുള്ള കാര്യംകൂടി നമ്മൾ മനസ്സിലാക്കണം.

ഡോ. എൻ. ജയരാജ്: സർ, ക്ലാസ്സിൽ നോട്ട് കൊണ്ടുവന്ന് വായിക്കുന്നതല്ല അദ്ധ്യാപകന്റെ ചുമതല. കുട്ടിയെ മോട്ടിവേറ്റ് ചെയ്യുകയെന്നതാകണം. ആ ഒരു ജോലി അദ്ധ്യാപകൻ കൃത്യമായി ചെയ്യുന്നുണ്ടോയെന്നതാണ് പ്രശ്നം.

ശ്രീ. എ. എൻ. ഷംസീർ: സർ, അദ്ധ്യാപകർക്ക് കിട്ടുന്ന ബെനിഫിറ്റ്സ് വലുതാണ്. അവരുടെ സാലറി എത്രയാണ്; യു.ജി.സി. പാക്കേജ് എന്താണ്? അവർ ഈ വാങ്ങിക്കുന്ന സാലറി മോണിറ്റർ ചെയ്യപ്പെടുന്നുണ്ടോ? അതിന് അവർ വർക്ക് ചെയ്യുന്നുണ്ടോ? ഇല്ലായെന്നുള്ളതാണ് വസ്തുത. ഇവിടെ crisis of credibility എന്നൊക്കെ പറഞ്ഞു. പക്ഷേ, ഒരു ഫാക്ടാണ്, കോളേജ് അദ്ധ്യാപകരുടെ ഭാഗത്ത് നല്ലരീതിയിലുള്ള മൂല്യച്യുതിയുണ്ട്. വേണ്ടത്ര പഠിപ്പിക്കുന്നില്ല. എന്നാൽ നല്ല നിലയിൽ പഠിപ്പിക്കുന്ന അദ്ധ്യാപകരുമുണ്ട്. മോട്ടിവേഷൻ വേണമെന്ന് ബഹുമാനപ്പെട്ട അംഗം പറഞ്ഞു., ശരി. ആളുകൾ മോട്ടിവേറ്റ് ചെയ്യുന്നുണ്ടോ? മോട്ടിവേറ്റ് ചെയ്യാൻപോലും പലരും തയ്യാറാകുന്നില്ല. കൃത്യമായി വന്ന് പഞ്ച് ചെയ്ത് പോകുക, ശമ്പളം വാങ്ങിക്കുക. ഈ സിസ്റ്റം മോണിറ്റർ ചെയ്യപ്പെടുന്നില്ലെങ്കിൽ നമ്മുടെ ഹയർ എഡ്യൂക്കേഷനകത്ത് വലിയൊരു ക്രൈസിസ് രൂപപ്പെടുമെന്ന അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. സി. മമ്മൂട്ടി: ഇതിന്റെയൊക്കെ പ്രശ്നമെന്തെന്നുവച്ചാൽ പഠിക്കുന്ന കുട്ടികളും പഠിപ്പിക്കുന്ന അദ്ധ്യാപകരും തമ്മിലുള്ള ജനറേഷൻ ഗ്യാപ്പ് വളരെ വലുതാണ്. അത് വല്ലാതെ കൂടിയിട്ടുണ്ട്. മുമ്പുള്ളതിനെക്കാളും ജനറേഷൻ ഗ്യാപ്പ് കൂടിയിട്ടുണ്ട്. മാത്രമല്ല അദ്ധ്യാപകരെക്കൂടി evaluate ചെയ്യാനും അവർക്ക് കാര്യങ്ങൾ പറഞ്ഞുകൊടുക്കാനും കേപ്പബിളായിട്ടുള്ള വിദ്യാർത്ഥികൾ, കൂടുതൽ പഠിക്കുകയും ധാരാളം ഇൻഫർമേഷനുകൾ കളക്ട് ചെയ്യാനുമുള്ള സോഴ്സുകൾ ഉള്ളതുകൊണ്ടുതന്നെ അദ്ധ്യാപകരോട് ചോദിക്കുന്നതിനുമുമ്പ് കമ്പ്യൂട്ടറിനോട് ചോദിച്ച് കാര്യങ്ങൾ മനസ്സിലാക്കിയിട്ടാണ് കുട്ടി ക്ലാസിൽ പോകുന്നത്. അപ്പോൾ അപ്ഡേറ്റ് ചെയ്യാത്ത അദ്ധ്യാപകൻ വിദ്യാർത്ഥികളുടെ ചോദ്യത്തിന് മറുപടി പറയാൻ കഴിയാതെ കുഴങ്ങുന്ന അവസ്ഥയുണ്ട്. പക്ഷെ അതൊക്കെ പറയുമ്പോൾ അദ്ധ്യാപകരെ ചെറുതായി കാണുകയോ അങ്ങനെ തെറ്റിദ്ധരിക്കുകയോ ചെയ്യുന്ന ഇൻഫീരിയോറിറ്റി കോംപ്ലക്സ് ആർക്കുമുണ്ടാകരുത്. വസ്തുതയെ വസ്തുതയായിത്തന്നെ കണ്ടുകൊണ്ട് മാറ്റങ്ങൾക്കുവേണ്ടി എല്ലാ സമൂഹത്തിലും ഒറ്റക്കെട്ടായി ചർച്ച ചെയ്തുകൊണ്ട് എല്ലാത്തിനും അതീതമായി കുട്ടികളുടെ ഭാവിയേയും പുതിയ ജനറേഷനേയും അഡ്രസ് ചെയ്തുകൊണ്ടുള്ള ഒരു സമീപനമാണ്

സെനറ്റിലും സിൻഡിക്കേറ്റിലും അംഗത്തിന്റെ എണ്ണത്തിൽ അങ്ങോട്ടുമിങ്ങോട്ടും നമ്മുടെ താൽപ്പര്യത്തിൽ വരുന്നതിനേക്കാൾ വലിയ താൽപ്പര്യം വേണ്ടതെന്ന് സൂചിപ്പിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബിനുവേണ്ടി ശ്രീ. വി. പി. സജീന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി 2(ബി) നമ്പർ അവതരിപ്പിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥിനെ യഥാർത്ഥത്തിൽ ആരും ഒരു രാഷ്ട്രീയക്കാരനായിട്ട് കാണുന്നില്ല. ഒരു പ്രൊഫസറും വിദ്യാഭ്യാസ മേഖലയിൽ വളരെയധികം കാഴ്ചപ്പാടുമുള്ള ഒരു വ്യക്തിയായിട്ടാണ് അദ്ദേഹത്തെ നമ്മളെല്ലാവരും കാണുന്നത്. പക്ഷെ അദ്ദേഹം ഇപ്പോൾ ഇവിടെ കൊണ്ടുവന്നിരിക്കുന്ന ബിൽ ശ്രീ. സി. മമ്മൂട്ടി സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിന്റെ സ്വന്തം താൽപ്പര്യപ്രകാരം കൊണ്ടുവന്നതാണെന്ന് ഞാൻ വിശ്വസിക്കുന്നില്ല. കാരണം കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. എന്തിനാണ് ഇപ്പോൾ ഈ ബിൽ കൊണ്ടുവന്നത്; 1974-ൽ കേരള സർവ്വകലാശാലയിൽ ഒരു ആക്ട് പാസ്സാക്കിയതിനുശേഷം ഇതുവരെ ഒരു മാറ്റവുമില്ലാതെ പോകുകയായിരുന്നു. കാലഘട്ടത്തിനനുസരിച്ച് മാറ്റം വേണം. പക്ഷേ ഇത് സെനറ്റും സിൻഡിക്കേറ്റുമെല്ലാം രാഷ്ട്രീയവൽക്കരിക്കുവാൻ വേണ്ടി മാത്രമുണ്ടാക്കുന്ന ഒരു നിയമമാണ്. വിദ്യാഭ്യാസ രംഗത്ത് അത്രയധികം രാഷ്ട്രീയവൽക്കരണം വേണമോ; നമ്മൾ ആലോചിക്കേണ്ട കാര്യമാണ്. ഇപ്പോൾ ഈ നിയമസഭയിൽ പ്രതിപക്ഷമില്ലെങ്കിൽ എന്താകും അവസ്ഥ; ഈ ഗവൺമെന്റ് വന്നതിനുശേഷം ഒട്ടനവധി ബില്ലുകൾ കൊണ്ടുവന്നു. ഒട്ടനവധി ദോഷഫലങ്ങൾ പല ബില്ലുകൾ കൊണ്ടുവന്നതുമൂലം ഉണ്ടായിട്ടുണ്ട്. ഇപ്പോൾ ഈ ബിൽ കൊണ്ടുവരുമ്പോൾ, സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും എണ്ണം കുറച്ചതുമൂലം എന്ത് നേട്ടമാണ് സർവ്വകലാശാലയ്ക്കുണ്ടാകാൻ പോകുന്നത്; ഒരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. കാലാവധി പൂർത്തിയായപ്പോൾ തെരഞ്ഞെടുപ്പ് നടത്തുന്നതിനുപകരം ഒരു ഓർഡിനൻസ് കൊണ്ടുവന്ന് തെരഞ്ഞെടുപ്പ് സ്റ്റേ ചെയ്തുകൊണ്ട് പതിമൂന്നുപേരെ സിൻഡിക്കേറ്റിലേയ്ക്ക് നോമിനേറ്റ് ചെയ്തുകൊണ്ട് ഏകപക്ഷീയമായി കുറച്ചുപേർക്ക് സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും

കടന്നുവരാനുള്ള ഒരു മാർഗ്ഗം സർവ്വകലാശാലയിൽ ഉണ്ടായിരിക്കുകയാണ്. ഒരിക്കലും സർവ്വകലാശാലകളെ രാഷ്ട്രീയവൽക്കരിക്കാൻ പാടില്ല. അവിടെ രാഷ്ട്രീയമില്ലാത്ത കാഴ്ചപ്പാട് വേണം. വിദ്യാഭ്യാസ മേഖലയിൽ കാലാകാലങ്ങളിൽ വന്ന പരിഷ്കാരങ്ങൾ ഒട്ടനവധിയുണ്ട്. ഓരോ വിദ്യാഭ്യാസ വകുപ്പുമന്ത്രിമാർ വരുമ്പോഴും അവരവരുടെ കാഴ്ചപ്പാടിനനുസരിച്ചുള്ള മാറ്റങ്ങളുണ്ടാകും. ബഹുമാനപ്പെട്ട മന്ത്രി ചുമതലയേറ്റതിനുശേഷം, അദ്ദേഹം ഒരു പ്രൊഫസർ കൂടിയായതുകൊണ്ട് അദ്ദേഹത്തിന്റെ കാഴ്ചപ്പാടിനനുസരിച്ച് ഒട്ടനവധി മാറ്റങ്ങൾ കൊണ്ടുവന്നിട്ടുണ്ട്. നല്ല മാറ്റങ്ങളെ ഞങ്ങളെല്ലാവരും സ്വാഗതം ചെയ്യുകയാണ്. പക്ഷെ ഇന്നിവിടെ ഈ മാറ്റങ്ങൾ കൊണ്ടുവരുന്നത് അദ്ദേഹത്തിന്റെ താൽപ്പര്യമനുസരിച്ചല്ലെന്നുള്ളത് ഞങ്ങളെപ്പോലുള്ള ആളുകൾക്കും അദ്ദേഹത്തിനുമറിയാം. രാഷ്ട്രീയവൽക്കരിക്കുമ്പോഴുണ്ടാകുന്ന പ്രത്യാഘാതങ്ങൾ വളരെ വലുതാണ്. വിദ്യാഭ്യാസ മേഖലയെ തുറന്നുവിടണം. വൈസ് ചാൻസലർമാരെയും പ്രോ-വൈസ് ചാൻസലർമാരെയും നിയമിക്കുമ്പോൾ രാഷ്ട്രീയം നോക്കാൻ പാടില്ല. ആ രംഗത്ത് വിദഗ്ദ്ധരായ ആളുകളെ മാത്രമേ ഈ മേഖലയിൽ നിയമിക്കാൻ പാടുള്ളൂ.

ശ്രീ. എ. എൻ. ഷംസീർ: സർ, വി.സി.-മാരെയും മറ്റും തീരുമാനിക്കുമ്പോൾ രാഷ്ട്രീയം പാടില്ലെന്ന് ഇപ്പോൾ ചർച്ച ചെയ്യപ്പെട്ടു. ഏതായാലും ബഹുമാനപ്പെട്ട വി. പി. സജീന്ദ്രനും ആ പക്ഷമാണ്. പക്ഷെ കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് കാസർഗോഡ് ലോകസഭാ മണ്ഡലത്തിലെ സ്ഥാനാർത്ഥിയായിരുന്ന ഡോ. ഖാദർ മാങ്ങാടിനെ കണ്ണൂർ യൂണിവേഴ്സിറ്റി വി.സി. ആയി നിയമിച്ചത്. അത് താങ്കളുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഡോ. ഖാദർ മാങ്ങാട് ഒരു കോളേജ് പ്രൊഫസർ ആയിരുന്നുവെന്നുള്ള കാര്യങ്ങളൊക്കെ വിസ്മരിച്ചുകൊണ്ടാണ് ഈ രീതിയിൽ സംസാരിക്കുന്നത്. അതേസമയം മുൻ സർവ്വകലാശാല വി.സി. ആയിരുന്ന ഡോ. ജെ. പ്രസാദ് എങ്ങനെയുള്ള ആളായിരുന്നുവെന്നും ഏത് ഫീൽഡിലാണ് പ്രവർത്തിച്ചിരുന്നതെന്നും മനസ്സിലാക്കണം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പറഞ്ഞുവന്നത്, ബഹുമാനപ്പെട്ട ചെയർ ഒരു പാർട്ടിയുടെ പ്രതിനിധിയാണ്. പക്ഷെ ആ ചെയറിൽ വന്നിരിക്കുമ്പോൾ ഇരുപക്ഷത്തേയും അല്ലെങ്കിൽ ഇവിടെ ഇരിക്കുന്ന മുഴുവൻ അംഗങ്ങളെയും ഒരുപോലെ കാണാൻ കഴിയുന്ന ചെയറായി മാറണം. നമുക്കോരോരുത്തർക്കും രാഷ്ട്രീയമുണ്ട്. ഇല്ലെന്ന് പറയുന്നില്ല. കാലടി സംസ്കൃത

സർവ്വകലാശാലയിൽ ഒരു വി.സി.-യെ നിയമിച്ചിട്ടുണ്ട്. അദ്ദേഹം തനിരാഷ്ട്രീയം കളിക്കുകയാണ്. അങ്ങനെയുള്ള ആളുകളെ എങ്ങനെ കണ്ടെത്തിയെന്നുള്ളതാണ്.

ശ്രീ. പി. സി. ജോർജ്: സർ, എല്ലാ കാലഘട്ടത്തിലും രാഷ്ട്രീയപ്പാർട്ടിയിൽ പ്രവർത്തിച്ചവർ വൈസ് ചാൻസലർമാരായി വന്നിട്ടുണ്ട്. ഡോ. ബി. ഇക്ബാൽ, ചങ്ങനാശ്ശേരിയിലെ ഇടതുപക്ഷ സ്ഥാനാർത്ഥിയായിരുന്നു. പക്ഷേ ഒരു വി.സി. എന്നുള്ള നിലയിൽ വളരെ മാന്യനമായിരുന്നു. അപ്പോൾ കേരളത്തിലെ എല്ലാ ആളുകളുടെ മനസ്സിലും ഒരു രാഷ്ട്രീയമുണ്ട്. രാഷ്ട്രീയവുമായി ബന്ധമുള്ള ആളുകളെ ഒരു സ്ഥാനത്തും നിയമിക്കാൻ കഴിയില്ലെന്നുപറഞ്ഞാൽ എങ്ങനെ മുന്നോട്ടുപോകും; അതുകൊണ്ട് രാഷ്ട്രീയപ്പാർട്ടിയിൽപ്പെട്ടവരെ ഇരുത്താം, പക്ഷേ അവർ ആ സ്ഥാനത്തുവരുമ്പോൾ മാന്യത പുലർത്തണം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പറഞ്ഞുവന്നതും ശ്രീ. പി. സി. ജോർജ് പറഞ്ഞതും ഒന്നുതന്നെയാണ്. വിദ്യാഭ്യാസരംഗത്ത് കഴിവ് തെളിയിച്ചിട്ടുള്ള ആളുകളെയാണ് വൈസ് ചാൻസലറാക്കുന്നത്.

ശ്രീ. സി. മമ്മൂട്ടി: സർ, ഡോ. ഖാദർ മാങ്ങാട് ഒരു കോൺഗ്രസ് സ്ഥാനാർത്ഥിയായിരുന്നുവെന്ന് ഇവിടെ ശ്രീ. എ. എൻ. ഷംസീർ പറഞ്ഞല്ലോ. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി ആരായിരുന്നു; സി. എച്ച് . മുഹമ്മദ് കോയ സാഹിബ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് അദ്ദേഹത്തെ വൈസ് ചാൻസലറായി നിയമിച്ചത്. അത് എങ്ങനെയാണ്; രാഷ്ട്രീയത്തിനപ്പുറം ഓരോരുത്തരുടെയും വ്യക്തിത്വവും കഴിവും പ്രാപ്തിയും മനസ്സിലാക്കിയാണ്. രാഷ്ട്രീയമുണ്ടെന്ന് കരുതി ആരേയും അണ്ടർഎസ്റ്റിമേറ്റ് ചെയ്യാൻ പാടില്ല.

ചെയർപേഴ്സൺ: ശ്രീ. വി. പി. സജീന്ദ്രൻ പ്രസംഗം തുടരൂ....

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ പറഞ്ഞുവന്നത് ഒരു പദവിയിലെത്തുമ്പോൾ...........ഞാൻ ഇത്രയുംപേർക്ക് വഴങ്ങി. ശരി, അങ്ങ് ഒരു പ്രൊഫസർ ആയതുകൊണ്ട് ഞാൻ അങ്ങേയ്ക്ക് വഴങ്ങുകയാണ്.

ഡോ. എൻ. ജയരാജ്: സർ, ഇവിടെ സൂചിപ്പിച്ച ഒരു പ്രധാനപ്പെട്ട കാര്യം, വലതുഭാഗത്തും ഇടതുഭാഗത്തും ഇരിക്കുന്ന ആളുകൾക്കും ഒരുപോലെ പങ്കുണ്ട്. കേരള സർവ്വകലാശാല രൂപീകരിച്ച കാലത്ത് സർ. സി.പി. രാമസ്വാമി അയ്യർ ആൽബർട്ട് ഐൻസ്റ്റീനെ സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കാൻ ആഗ്രഹിച്ചിരുന്നു എന്ന് ഞാൻ വായിച്ചിട്ടുണ്ട്. ശരിയാണോ എന്നെനിക്കറിയില്ല.

ഞാൻ പറഞ്ഞുവന്നത് ഉന്നതമായ ഒരു സർവ്വകലാശാലയുടെ വൈസ് ചാൻസലർ ആരായിരിക്കണമെന്ന വ്യക്തമായ ഒരു കാഴ്ചപ്പാട് ഇക്കാര്യത്തിൽ അദ്ദേഹത്തിനുണ്ടായിരുന്നു. ആ ഉന്നതമായ പാരമ്പര്യം, കാലാകാലങ്ങളിൽ ഭരണത്തിൽ മാറിമാറി വന്ന ആളുകൾ അതിൽ വെള്ളം ചേർത്തുകൊണ്ടാണ് ഇങ്ങനെയൊരു സാഹചര്യമുണ്ടായത്. പക്ഷെ അതിന്റേതായ ഒരു അപചൃതി അല്ലെങ്കിൽ മൂല്യച്യുതി ഉന്നത വിദ്യാഭ്യാസരംഗത്ത് പിന്നീടുണ്ടായി. അത് തിരുത്തേണ്ടതാണ്. നമ്മൾ അത് പറഞ്ഞുകൊണ്ടിരുന്നിട്ട് കാര്യമില്ല. പ്രഗത്ഭരായ ആളുകളെ നമ്മുടെ സർവ്വകലാശാലകളുടെ ഉന്നത പദവികളിൽ കൊണ്ടുവരണം. അവർക്ക് രാഷ്ട്രീയം പാടില്ലെന്ന് പറയുന്നതിനോട് എനിക്ക് യോജിപ്പില്ല. ഇവിടെ പറഞ്ഞതുപോലെ ശ്രീ. രാജൻ ഗുരുക്കൾ വളരെ പ്രഗത്ഭനായ ഒരു ചരിത്രകാരനായിരുന്നു. അതുപോലെ ഡോ. ബി. ഇക്ബാലിനെപ്പോലെ മിടുക്കരും പ്രഗത്ഭരുമായ ആളുകൾ കടന്നുവന്നിട്ടുണ്ട്. പക്ഷെ ഇടയ്ക്ക് ഇവിടെ സൂചിപ്പിച്ചതുപോലെ അല്ലാത്ത ചില കക്ഷികൾ കടന്നുവരുന്നതാണ് വിദ്യാഭ്യാസ രംഗത്ത് മോശപ്പെട്ട പ്രവണതകളുണ്ടാക്കാൻ കാരണം. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ. അക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഡോ. എൻ. ജയരാജ് പറഞ്ഞതിനെ ഞാൻ അംഗീകരിക്കുന്നു. അങ്ങ് ഒരു വി.സി. ആകാൻ യോഗ്യനായിട്ടുള്ള ആളാണ്. അടുത്ത ഗവൺമെന്റ് വരുമ്പോൾ അങ്ങയെ ഒരു വി.സി. ആക്കാൻ പറ്റുന്ന ആളാണ്. പക്ഷെ അങ്ങ് ഒരു വൈസ് ചാൻസലറായാലും ആ സ്ഥാനത്തെത്തുമ്പോൾ അങ്ങ് കാണിക്കേണ്ട മര്യാദയും ഔചിത്യവും വേണമെന്നാണ് ഞാൻ പറഞ്ഞത്. കാരണം ഏത് രാഷ്ട്രീയ പാർട്ടിയുടെ നോമിനിയായി ആരുവന്നാലും രാഷ്ട്രീയ പാർട്ടിയുടെ അല്ലെങ്കിൽ നിയമനം നൽകുന്ന ഒരു മുന്നണിയുടെ അടിമയാകാൻ പാടില്ല. ഇവിടെ ഇരിക്കുന്ന പല ആളുകളും വിദ്യാർത്ഥി രാഷ്ട്രീയത്തിലൂടെ വന്നവരാണ്. ശ്രീ. പി. ടി. തോമസ് കെ.എസ്.യു.-വിന്റെ പ്രസിഡന്റായിരുന്ന ആളാണ്. അപ്പുറത്തിരിക്കുന്ന ഒട്ടനവധി ആളുകൾ എസ്.എഫ്.ഐ.-യിലൂടെയും എ.ഐ.എസ്.എഫ്-ലൂടെയും വന്ന ആളുകളാണ്. പക്ഷെ ക്യാമ്പസുകളിൽ ഇപ്പോഴുണ്ടാകുന്ന പ്രശ്നങ്ങൾ വിദ്യാഭ്യാസ മേഖലയിൽ, ആരോഗ്യ-വിദ്യാഭ്യാസ മേഖലകൾക്കാണ് കേരളത്തിൽ ഏറ്റവും കൂടുതൽ അംഗീകാരവും പ്രാധാന്യവും കൊടുക്കുന്നത്. മറ്റ് സംസ്ഥാനങ്ങൾ കേരളത്തെ ശ്രദ്ധിക്കുകയാണ്. ഓരോ കോളേജുകളിലും നടക്കുന്ന സംഭവങ്ങൾ നമുക്കൊരിക്കലും അംഗീകരിക്കാൻ

കഴിയാത്ത രീതിയിലുള്ളതാണ്. മഹാരാജാസ് കോളേജിൽ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ച സംഭവം.., ആര് എന്തിനുവേണ്ടി ആരെക്കൊണ്ട് ചെയ്യിപ്പിച്ചു എന്നുള്ളതല്ല, വിദ്യാഭ്യാസ മേഖലയിലും അദ്ധ്യാപകരും വിദ്യാർത്ഥികളും തമ്മിൽ എത്രമാത്രം ബന്ധമുണ്ടാകണം, ഏത് രീതിയിലാണ് അദ്ധ്യാപകരോട് വിദ്യാർത്ഥികൾ പെരുമാറേണ്ടത്, മാതാ-പിതാ-ഗുരു-ദൈവം എന്നാണ് നമ്മളെ പഠിപ്പിച്ചിരിക്കുന്നത്. പക്ഷെ അതെല്ലാം മറികടന്നുകൊണ്ടാണ് മഹാരാജാസ് കോളേജിൽ പ്രിൻസിപ്പാളിന്റെ കസേര കത്തിച്ചത്. വിക്ടോറിയ കോളേജിൽ പ്രിൻസിപ്പാളിന്റെ പ്രതീകാത്മക ശവസംസ്കാരം നടത്തി. ഞാൻ ആരുടെയും പേരെടുത്ത് പറഞ്ഞിട്ടില്ല. ആരേയും ആക്ഷേപിക്കുന്നുമില്ല. ശ്രീ. എ. എൻ. ഷംസീർ ഈ വിഷയത്തിൽ ഏറ്റുപിടിക്കേണ്ടതില്ല. ...... ഞാൻ വഴങ്ങുന്നില്ല. നിങ്ങളുടെ ആരുടേയും പേരെടുത്ത് പറഞ്ഞിട്ടില്ല. ഞാൻ പറയുന്നത്, അങ്ങനെയുള്ള കാര്യങ്ങൾ നമ്മുടെ വിദ്യാഭ്യാസ മേഖലയിൽ കടന്നുവരുമ്പോൾ അത് നമ്മുടെ വിദ്യാഭ്യാസ മേഖലയ്ക്കുണ്ടാകുന്ന കളങ്കമാണ്. വിദ്യാഭ്യാസ മേഖല കലുഷിതമല്ലാതെ നന്നായിപ്പോകാൻ വിദ്യാർത്ഥി-രാഷ്ട്രീയ പ്രസ്ഥാനങ്ങൾകൂടി ശ്രമിച്ചാൽ വലിയ നേട്ടങ്ങളുണ്ടാകും. നമ്മൾ ഇങ്ങനെ നിയമങ്ങൾ പാസ്സാക്കിക്കൊണ്ടിരിക്കുകയാണ്. നിയമങ്ങൾ പാസ്സാക്കിയതുകൊണ്ടുമാത്രം കാര്യമുണ്ടോ; ഇവിടെ ഇന്നലെ കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബില്ലും മുനിസിപ്പാലിറ്റി (ഭേദഗതി) ബില്ലും പാസ്സാക്കി. എന്തിനുവേണ്ടിയാണ് അത് പാസ്സാക്കിയത്? മൂന്നുനാല് സെന്റ് സ്ഥലത്ത് നിർമ്മിച്ച ചെറിയ വീടുകൾക്കോ ഒരു പാവപ്പെട്ടവൻ രണ്ട് സെന്റ് സ്ഥലത്ത് അര മീറ്റർ വ്യത്യാസത്തിൽ വീട് വച്ചതിനോ വേണ്ടിയല്ല നിയമം പാസ്സാക്കിയത്. നിയമം ലംഘിച്ച് വൻകിട ഫ്ലാറ്റുകളും വില്ലകളും പണിതിട്ടുള്ള ഏതോ മുതലാളിക്കുവേണ്ടി പാസ്സാക്കിയ നിയമമാണെന്നത് പച്ചയായ സത്യമാണ്. കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ, 2018 കഴിഞ്ഞ നിയമസഭയിൽ പാസ്സാക്കി. ഇപ്പോൾ കൂടുന്നതും നിയമം പാസ്സാക്കാൻ വേണ്ടി മാത്രമുള്ള സമ്മേളനമാണ്. ആ നിയമം പാസ്സാക്കിയതിനുശേഷം ഇവിടെ എന്താണ് നടന്നത്? കേരളത്തിൽ നിക്ഷേപകരെ സ്വീകരിക്കാൻ വേണ്ടി, കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ബിൽ -ചർച്ചയ്ക്ക് വന്നപ്പോൾ ചെയറിൽ ഇരിക്കുന്ന അംഗവും അങ്ങയുടെ പാർട്ടി നേതാക്കളും ഒട്ടനവധി വിയോജനക്കുറിപ്പ് രേഖപ്പെടുത്തി. എങ്കിലും വിട്ടുവീഴ്ചകൾ ചെയ്തുകൊണ്ട് നിയമം പാസ്സാക്കി. സിന്തൈറ്റ് കമ്പനി പോലെ 40 വർഷമായി ഇവിടെ നിക്ഷേപിച്ചിട്ടുള്ള ഗ്രൂപ്പുകളെ സംരക്ഷിക്കാൻ ഈ നിയമം വന്നതിനുശേഷവും നമുക്ക് കഴിയുന്നില്ല. ആ കമ്പനിക്ക് വേണ്ടി മാത്രമല്ല പറയുന്നത്. ഒരു കമ്പനിയിൽ പ്രശ്നമുണ്ടായാൽ ബാക്കി

സ്ഥലങ്ങളിലേയ്ക്ക് അത് പകർച്ചവ്യാധി പോലെ പടരും. അങ്ങനെയായാൽ കേരളത്തിലേയ്ക്ക് ആരെങ്കിലും നിക്ഷേപം കൊണ്ടുവരുമോ? ഇത് നിപ വൈറസ് പോലെയാണ്. എവിടെയെങ്കിലും ഒന്ന് പിടിച്ചാൽ തുടർച്ചയായി മറ്റ് വ്യവസായ സ്ഥാപനങ്ങളെ ബാധിച്ചുകൊണ്ടിരിക്കും. നമ്മൾ ഇവിടെ ബിൽ പാസ്സാക്കുന്നു; അതിന് വിരുദ്ധമായി കാര്യങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. ഈ സമ്മേളനത്തിൽ നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ വരാൻ പോവുകയാണ്. പേര് കേട്ടാൽ സുന്ദരമാണ്. ഭരണപക്ഷത്തിരിക്കുന്ന മന്ത്രിമാർ ഉൾപ്പെടെയുള്ള ആളുകൾ പ്രതിപക്ഷത്ത് ഇരുന്നപ്പോൾ, ശ്രീ. വി. എസ്. സുനിൽ കുമാറിനെ പ്പോലുള്ള ആളുകൾ ഇവിടെ നെൽവയൽ നികത്തുന്നുവെന്ന് പറഞ്ഞ് എത്ര ആക്ഷേപങ്ങൾ ഉന്നയിച്ചു. പട്ടിണി സമരം ഒഴികെ ബാക്കിയെല്ലാം നടത്തിയിട്ടുള്ള ആളാണ്. ഇനി വരാൻ പോകുന്ന ബിൽ, പേരിൽ ഉള്ളതുപോലെയല്ല. ആർക്കും സ്വകാര്യ ആവശ്യത്തിന് ഏത് ഭൂമിയും നെൽവയലും നികത്താമെന്നുള്ളതാണ് ബില്ലിൽ വരാൻ പോകുന്നത്. സർക്കാരിന്റെ വികസനത്തിന്റെ ഭാഗമായി ഒരു പാലമോ, റോഡോ, ഫാക്ടറിയോ വരികയാണെങ്കിൽ അതിനുവേണ്ടി നികത്താം. പക്ഷെ ഇത് വൻകിട മുതലാളിമാരിൽ ആരെയോ സന്തോഷിപ്പിക്കാൻ വേണ്ടി, ഏതോ ഒരു വലിയ പാടശേഖരം ആരോ എടുത്തിട്ടുണ്ട്. അവിടെ എന്തോ പണിയാൻ വേണ്ടി ഒരു നിയമംതന്നെ സർക്കാർ പാസ്സാക്കുകയാണ്.

ശ്രീ. പി. ടി. തോമസ്: സർ, ഈ സമ്മേളനം അധികവും നിയമ നിർമ്മാണങ്ങൾക്ക് പ്രാധാന്യം നൽകുകയായിരുന്നുവെന്ന് അങ്ങ് പറയുകയുണ്ടായി. അത് യാഥാർത്ഥ്യവുമാണ്. ഇത്തവണ നിർമ്മിക്കപ്പെട്ട/അവതരിപ്പിക്കപ്പെട്ട നിയമങ്ങളൊക്കെത്തന്നെ ജനവിരുദ്ധ നിയമങ്ങളാണ് എന്നതിന്റെ ഏറ്റവും വലിയ തെളിവാണ് നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചെയർപേഴ്സൺ: ആ ബിൽ ചർച്ച ചെയ്യാൻ പോകുന്നതേയുള്ളൂ. ഇന്നത്തെ ബിൽ വിദ്യാഭ്യാസം സംബന്ധിച്ചാണ്.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഇതെല്ലാം വിദ്യാഭ്യാസവുമായി ബന്ധപ്പെട്ടതാണ്. ബിൽ ചർച്ചയ്ക്ക് വരുമ്പോൾ നിയമസഭയിൽ ഇന്നലെകളിൽ പാസ്സാക്കിയ ബില്ലിനെക്കുറിച്ചും നാളെകളിൽ പാസ്സാക്കാൻ പോകുന്ന ബില്ലുകളെക്കുറിച്ചും സ്വാഭാവികമായും ചർച്ച വരും. ഇവിടെ നിർമ്മിക്കുന്ന നിയമങ്ങളെല്ലാം സമ്പന്നന്മാർക്ക് വേണ്ടി മാത്രമാവുകയാണ്. സാധാരണ

പൗരനുവേണ്ടി ഏതെങ്കിലും ഒരു ബിൽ ചൂണ്ടിക്കാണിക്കാൻ പറ്റുമോ? നെൽവയൽ-തണ്ണീർത്തട സംരക്ഷണ (ഭേദഗതി) ബിൽ, ഇന്നലെ പാസ്സാക്കിയ കേരള മുനിസിപ്പാലിറ്റി (ഭേദഗതി) ബിൽ, കേരള പഞ്ചായത്ത് രാജ് (ഭേദഗതി) ബിൽ... ഇതൊന്നും സാധാരണക്കാരന് വേണ്ടിയല്ല പാസ്സാക്കുന്നത്. ഒന്നുകിൽ നക്കിക്കൊല്ലും അല്ലെങ്കിൽ ഞെക്കിക്കൊല്ലും എന്നുള്ള അവസ്ഥയിലാണ് കേരളത്തിലെ ജനങ്ങൾ. ഇതുപോലുള്ള നിയമങ്ങൾ പാസ്സാക്കി നക്കിക്കൊല്ലും, അല്ലെങ്കിൽ ഞെക്കിക്കൊല്ലും. സാധാരണക്കാർക്ക് പുറത്തിറങ്ങി നടക്കാൻ കഴിയാത്ത അവസ്ഥയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇപ്പോൾ സഭയിലില്ല. അദ്ദേഹം ഉള്ളപ്പോൾ പറയണമെന്ന് ആഗ്രഹിച്ചതാണ്. കഴിഞ്ഞ ദിവസം ഒരു പരിപാടിക്ക് പോയിട്ട് അദ്ദേഹം പറഞ്ഞത്, നമ്മുടെ പരിപാടികളിൽ നിന്ന് ഈശ്വര പ്രാർത്ഥന ഒഴിവാക്കണമെന്നാണ്. ഈശ്വര പ്രാർത്ഥന അരോചകമായി തോന്നുന്നുവെന്നാണ് അദ്ദേഹം പറഞ്ഞത്. ഏറ്റവും കൂടുതൽ ഈശ്വര പ്രാർത്ഥന നടത്തുന്നത് എം.എൽ.എ. മാരാണ്, രാവിലെ അഞ്ചോ ആറോ പരിപാടി, ഉച്ചയ്ക്കുശേഷം ഏഴോ എട്ടോ പരിപാടി, ഇതെല്ലാം ആരംഭിക്കുന്നത് ഈശ്വര പ്രാർത്ഥനയിലൂടെയാണ്. പള്ളിയിലെ അച്ചന്മാരെക്കാളും അമ്പലത്തിലെ പൂജാരിമാരെക്കാളും പള്ളിയിലെ ഉസ്താദ്മാരെക്കാളും കൂടുതൽ ഈശ്വര പ്രാർത്ഥന നടത്തുന്നത് എം.എൽ.എ.മാർ തന്നെയാണ്. എന്തിനാണ് ഈശ്വര പ്രാർത്ഥന ഒഴിവാക്കുന്നത്; സത്യത്തിൽ ഒരു യോഗത്തിൽ ഈശ്വര പ്രാർത്ഥനയല്ല ഒഴിവാക്കേണ്ടത്. സ്വാഗത പ്രസംഗം, അദ്ധ്യക്ഷ പ്രസംഗം എന്നിവ കുറയ്ക്കണം. മന്ത്രിമാർ വന്ന് ദീർഘമായി പ്രസംഗിക്കേണ്ട, നിങ്ങളെ ഏൽപ്പിച്ച കാര്യം മാത്രം പറഞ്ഞാൽ മതി. സ്വാഗത പ്രാസംഗികൻ ഒരു മണിക്കൂർവരെ പ്രസംഗിക്കുകയാണ്. ശ്രീ. പി. സി. ജോർജ് ഇവിടെയുള്ളതുകൊണ്ട് പറയുകയാണ്. ഞാൻ ഒരു ദിവസം കോട്ടയത്തുകൂടി കാറിൽ പോകുമ്പോൾ, അദ്ദേഹത്തിന്റെ പാർട്ടി മീറ്റിംഗ് ആണോയെന്നറിയില്ല, പൂഞ്ഞാറിന്റെ പുലിക്കുട്ടിയായ ശ്രീ. പി. സി. ജോർജ് എന്നൊക്കെ പറഞ്ഞ് അദ്ദേഹത്തെ വാനോളം പുകഴ്ത്തുകയാണ്. എന്തിനാണ് അതൊക്കെ പറയുന്നത്. അദ്ദേഹം പുലിക്കുട്ടി ആണോ അല്ലയോ എന്നുള്ളത് സംബന്ധിച്ച് അദ്ദേഹവുമായി അടുപ്പമുള്ള എനിക്കറിയാം. ഒരു പൂച്ച വിലങ്ങനെ ചാടിയാൽ ഓടാൻ ശ്രമിക്കുന്ന ആളാണ് അദ്ദേഹം. എന്നാൽ കുടവയർ കാരണം അദ്ദേഹത്തിന് ഓടാൻ സാധിക്കില്ല. ശ്രീ. പി. സി. ജോർജ് ഈരാറ്റുപേട്ട നിന്നാൽ അദ്ദേഹത്തിന്റെ വയർ പൂഞ്ഞാറിലായിരിക്കും. അങ്ങനെയുള്ള ആളുകളെ ഇരുത്തി പൂഞ്ഞാറിന്റെ പുലിക്കുട്ടി എന്നൊക്കെ പറയുകയാണ്. ഒരു സ്വാഗത പ്രസംഗത്തിൽ മിനിമം പേരുകൾ മാത്രം

പറഞ്ഞാൽ മതി. അതിനുപകരം സ്വാഗത പ്രസംഗവും അദ്ധ്യക്ഷ പ്രസംഗവും ഉദ്ഘാടന പ്രസംഗവും നീണ്ടുപോകുമ്പോൾ ഈശ്വര പ്രാർത്ഥന വെട്ടിക്കുറച്ച് യോഗത്തെ ഇല്ലാതാക്കേണ്ട കാര്യമില്ല.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട അംഗം എന്റെ പേര് പറഞ്ഞത് ഒരു സന്തോഷത്തിനാണെന്ന് എനിക്കറിയാം. എന്നെ ഇരുത്തിക്കൊണ്ട് വേണ്ടാത്ത കാര്യങ്ങൾ സ്വാഗത പ്രസംഗത്തിൽ പറയാൻ ഞാൻ സമ്മതിക്കില്ല. അങ്ങനെ പറഞ്ഞാൽ 'നിർത്തെടാ' എന്ന് പറയാറുമുണ്ട്. ഏത് യോഗത്തിന് ചെന്നാലും അവിടെ കോമ്പയറിംഗിന് പ്രത്യേകമായി ഒരു പെൺകുട്ടി ഉണ്ടായിരിക്കും. അവരെയും എന്നെപ്പറ്റി പറയാൻ ഞാൻ സമ്മതിക്കില്ല. എന്റെ കുടവയറിനെക്കുറിച്ച് പറഞ്ഞു. അതിനെക്കുറിച്ച് 'നീയും അനുഭവിക്കും' എന്നുമാത്രമേ പറയാനുള്ളൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, യോഗങ്ങളിൽ ഈശ്വര പ്രാർത്ഥന ഉൾപ്പെടുത്തേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ച് പറയുകയുണ്ടായി. ഈശ്വര പ്രാർത്ഥന എന്നുപറയുമ്പോൾ നമ്മുടെ ഈശ്വര സങ്കൽപ്പങ്ങൾ വ്യത്യസ്തമാണ്. ഓരോ മതവിഭാഗങ്ങൾക്കും ഓരോ ഈശ്വരനെക്കുറിച്ചുള്ള സങ്കൽപ്പമാണുള്ളത്. ഏത് ഈശ്വര പ്രാർത്ഥനയാണ് ഉദ്ദേശിക്കുന്നതെന്ന് അങ്ങ് വ്യക്തമാക്കണം. നമ്മുടേത് മതേതര രാജ്യമാണ്. വ്യത്യസ്ത മതങ്ങളും വിശ്വാസങ്ങളും ഈശ്വര സങ്കൽപ്പങ്ങളുമുള്ളവരും ഒരു ഈശ്വര സങ്കൽപ്പത്തിലും വിശ്വസിക്കാത്ത ആളുകളുമുണ്ട്. സർക്കാരിന്റെ ചടങ്ങുകൾ എല്ലാ വിഭാഗത്തിനും സ്വീകാര്യമായ രീതിയിൽ ആയിരിക്കണം. ഏതെങ്കിലും ഒരു പ്രത്യേക മതവിഭാഗത്തിന്റെയോ ഈശ്വര സങ്കൽപ്പത്തിന്റെയോ പ്രകീർത്തനമാകാൻ പാടില്ല. മത-ഈശ്വര നിഷേധത്തിന്റെ ഭാഗമായി പറയുകയല്ല. ഗവൺമെന്റിന്റെ ചടങ്ങുകളിൽ ഒരു തരത്തിലുള്ള ഈശ്വര പ്രാർത്ഥനയും പാടില്ലെന്നുള്ളതാണ്. സർക്കാരിന്റെ ചടങ്ങുകളിൽ ഒരു നല്ല തുടക്കം കിട്ടാനും എല്ലാവരുടെയും അറ്റൻഷൻ ഒന്നിച്ച് കൊണ്ടുവരാനും സാധിക്കുന്ന, സെക്യുലർ ആയ ഒരു സ്റ്റേറ്റിൽ സ്വീകരിക്കാവുന്ന ഒന്നാണ് എൻ.എസ്.എസ്. ഗീതം.

'മനസ്സ് നന്നാകട്ടെ മതമേതെങ്കിലുമാകട്ടെ

മാനവ ഹൃത്തിൻ ചില്ലയിലാകെ

മാൺപുകൾ വിടരട്ടെ....

ഹൈന്ദവ ക്രൈസ്തവ ഇസ്ലാമികളുടെ

കൈകളിണങ്ങീടട്ടേ' എന്നുപറയുന്ന വരികൾ സർക്കാരിന്റെ പൊതുവായ ചടങ്ങുകളുടെ പ്രാരംഭം കുറിച്ചുകൊണ്ടുള്ള സംഗീതമായോ, സ്വാഗത ഗീതമായോ പരിഗണിച്ചാൽ നന്നായിരിക്കുമെന്നാണ് എനിക്ക് തോന്നുന്നത്. ഈശ്വര പ്രാർത്ഥന അരോചകമായിരിക്കുമെന്നാണ് എന്റെ അഭിപ്രായവും.

ശ്രീ. പി. സി. ജോർജ്: സർ, നിരീശ്വരന്മാർ കേരളത്തിൽ ഒരു ശതമാനം മാത്രമാണ്. 99 ശതമാനവും ദൈവവിശ്വാസികൾ തന്നെയാണ്. നിരീശ്വരന്മാരെ സംബന്ധിച്ച് പ്രാർത്ഥന പ്രശ്നമായിരിക്കാം. മൗനപ്രാർത്ഥന നടത്തുന്ന കാര്യത്തിൽ ഒരു തർക്കവും വേണ്ട. ഇഷ്ടമുള്ള ദൈവത്തിനോട് പ്രാർത്ഥിച്ചോ; ഹിന്ദു, മുസ്ലീം, ക്രിസ്ത്യൻ, സിക്ക്, പാഴ്സി തുടങ്ങി ഏതുമതക്കാരാണെങ്കിലും അവരുടേതായ രീതിയിൽ പ്രാർത്ഥിക്കാം. അതുകൊണ്ട് ഒരു മിനിട്ട് മൗനപ്രാർത്ഥന നിർബന്ധമാക്കണമെന്നാണ് എന്റെ അഭിപ്രായം, പാട്ടൊന്നും ആവശ്യമില്ല.

ചെയർപേഴ്സൺ: സർവ്വകലാശാല ബിൽ പ്രാർത്ഥനയിലേയ്ക്ക് പോകണ്ട. ശ്രീ. വി. പി. സജീന്ദ്രൻ ബില്ലിലേയ്ക്ക് വരൂ.

ഡോ. എൻ. ജയരാജ്: സർ, നമ്മുടെ വിദ്യാലയങ്ങളിൽ പൊതു പ്രാർത്ഥനയുണ്ടാകണം. അദ്ദേഹം പറഞ്ഞതുപോലെ മൗനത്തിലേയ്ക്കൊക്കെ പോകണമെങ്കിൽ വലിയ ഋഷീശ്വരന്മാർക്ക് മാത്രമേ പറ്റുകയുള്ളൂ. ഞങ്ങളെക്കൊണ്ടൊന്നും സാധിക്കുകയില്ല. സാധാരണ മനുഷ്യർക്ക് പ്രാർത്ഥന വലിയ കുഴപ്പമുള്ള ഒരു കാര്യമല്ല. പക്ഷെ, പൊതുവായ രീതിയിലുള്ള, ഒരു സെക്കുലർ മനോഭാവമുള്ള ടാഗോറിന്റെ ഒരു പ്രാർത്ഥന ഞാൻ പഠിച്ച ഒരു സ്കൂളിൽ ഉണ്ടായിരുന്നു.

'എവിടെ നിർഭയമാകുന്നു മാനസം,

അവിടെ നിൽക്കുന്നു ശീർഷം സമുന്നതം,

എവിടെ വിജ്ഞാനം സർവ്വസ്വതന്ത്രമായ്,

അവികലമായ് വിരാജിപ്പൂ നിത്യവും.

അവിടെ മുക്തിതൻ സ്വർഗ്ഗരാജ്യത്തിലേക്കെന്റെ നാടൊന്നുണരണമേ ദൈവമേ' - എന്നുള്ളത് ടാഗോറിന്റെ പ്രാർത്ഥനയാണ്. ഞാൻ ഈ പ്രാർത്ഥനകൊണ്ട് നിർത്തുകയാണ്. ഞാൻ സൂചിപ്പിച്ചത്, ഗവൺമെന്റ് തീർച്ചയായും ഗൗരവമായി എടുക്കേണ്ട ഒരു കാര്യമാണിത്. ഒരു പൊതു പ്രാർത്ഥന നമ്മുടെ വിദ്യാലയങ്ങളിൽ വേണം. അത് നമ്മുടെ മതേതര സങ്കൽപ്പങ്ങൾ കുറേക്കൂടി ഊട്ടിയുറപ്പിക്കാൻ സഹായകരമാകുമെന്ന കാര്യത്തിൽ അങ്ങേയ്ക്ക് അഭിപ്രായ വ്യത്യാസമുണ്ടോ?

ചെയർപേഴ്സൺ: 20 മിനിട്ടായി. ശ്രീ. വി. പി. സജീന്ദ്രൻ, ദയവായി താങ്കൾ ബില്ലിലേയ്ക്ക് വരണം.

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ ഇന്ന പ്രാർത്ഥന വേണമെന്നോ ഇന്ന മതത്തിന്റെ പ്രാർത്ഥന വേണമെന്നോ പറഞ്ഞില്ല. മൗന പ്രാർത്ഥനയെങ്കിലും വേണം. നമ്മൾ മനസ്സിൽ പ്രാർത്ഥിച്ചാൽ മതി. കാരണം നമ്മൾ മനസ്സിലെങ്കിലും പ്രാർത്ഥിച്ച് രാവിലെ വീട്ടിൽനിന്ന് ഇറങ്ങിയില്ലെങ്കിൽ തിരിച്ചുചെല്ലാത്ത അവസ്ഥയാണിപ്പോൾ. നമ്മുടെ ഡി.ജി.പി. പറഞ്ഞിരിക്കുന്നത് ആധാർ കാർഡ് നോക്കിയിട്ട് ആളെ പിടിക്കണമെന്നാണ്. എം.എൽ.എ. ബോർഡുവച്ച വണ്ടിയിൽ പോകുന്നതുകൊണ്ട് നമ്മളെ പിടിക്കില്ല. ഡി.ജി.പി. പറഞ്ഞതനുസരിച്ച് ആധാർ കാർഡുവച്ച് ആളെ പിടിക്കാൻ പോയിക്കഴിഞ്ഞാൽ ഇവിടെ ഇരിക്കുന്ന ശ്രീ. കെ. സുരേഷ് കുറുപ്പിന്റെ ആധാർ കാർഡെടുത്തു നോക്കിയാൽ ശ്രീ. രാജു എബ്രഹാമിനെപ്പോലെയാണ് ഇരിക്കുന്നത്. അതുപോലെതന്നെ എന്റെ ആധാർ കാർഡെടുത്തുനോക്കിയാൽ ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനെപ്പോലെയാണ് ഇരിക്കുന്നത്. ആധാർ കാർഡ് നമ്മൾ സ്വയം എടുത്തുനോക്കിയാൽ നമ്മുടെ മുഖങ്ങൾക്കൊന്നും ആധാർ കാർഡുമായി യാതൊരു ബന്ധവുമില്ലെന്ന് മനസ്സിലാകും. ശ്രീ. നരേന്ദ്ര മോദി ആധാർ കാർഡ് ഉണ്ടാക്കുമ്പോൾ പറഞ്ഞത് 'തന്റെ മുഖമൊഴികെ മറ്റാരുടെയും മുഖം അതേ ഷെയ്പ്പിൽ വേണ്ട' എന്നാണ്. ഡി.ജി.പി. ആധാർ കാർഡ് വച്ച് ആളെ പിടിക്കാൻ പോലീസുകാരെ വിട്ടിരിക്കുകയാണ്. അങ്ങനെ ആളുമാറി ഒട്ടനവധി മരണങ്ങൾ ഇവിടെ സംഭവിച്ചു. അതുകൊണ്ട് ഞാൻ രാവിലെ എഴുന്നേറ്റ് വേറെ പരിപാടികളൊന്നുമില്ലെങ്കിലും എങ്ങനെയെങ്കിലും തിരിച്ചെത്തണേ എന്ന് വീട്ടിൽനിന്ന് പ്രാർത്ഥിച്ചിട്ടാണ് വരുന്നത്. എന്റെ പേരിൽ വേറെയും ആളുകളുണ്ട്. എന്റെ പേരിൽ വേറെ ആളുകളില്ലെന്ന് ധരിച്ചിരിക്കുകയായിരുന്നു. പക്ഷെ തെരഞ്ഞെടുപ്പിന് നോമിനേഷൻ കൊടുത്തുകഴിഞ്ഞപ്പോൾ എന്റെ പേരിൽ വേറൊരാൾ നോമിനേഷൻ കൊടുത്തിട്ടുണ്ടായിരുന്നു. അങ്ങനെ വേറെയും ആളുകളുണ്ടെന്ന കാര്യം എനിക്ക് മനസ്സിലായി. അതുകൊണ്ട് ആ ആൾ ഏതെങ്കിലും കേസിൽ പ്രതിയായാൽ ആദ്യം എന്റെ വീട്ടിലേയ്ക്കായിരിക്കും പോലീസ് വരുന്നത്, കാരണം ഫോട്ടോയുടെ സാമ്യം അറിയാൻ പറ്റില്ല. ഞാൻ പറഞ്ഞുവന്നത്, രാവിലെ പ്രാർത്ഥിച്ചുകൊണ്ട് ഇറങ്ങുന്നതുകൊണ്ടാണ് നമ്മളെല്ലാവരും തിരിച്ച് വീട്ടിൽ ചെല്ലുന്നത്. ഞാൻ ബില്ലിൽനിന്ന് മാറിപ്പോയതല്ല. എന്തായാലും കൂടുതൽ സമയമെടുക്കുന്നില്ല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഒന്നുകൂടി ആലോചിച്ച് സെനറ്റ്, സിൻഡിക്കേറ്റിന്റെ എണ്ണം കുറച്ചതുകൊണ്ട് യാതൊരു നേട്ടവും ഉണ്ടാകാൻ പോകുന്നില്ല. അങ്ങൊരു മാന്യനായ മന്ത്രിയാണെന്നൊക്കെയാണ് നാട്ടുകാരും ഞങ്ങളുമൊക്കെ ധരിച്ചുവച്ചിരിക്കുന്നത്.

ആ പേര് നിലനിർത്താനും പേരുദോഷം ഉണ്ടാകാതിരിക്കാനും അങ്ങ് ഇതിൽ മാന്യമായ ഇടപെടൽ നടത്തണം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഇവിടെ എന്റെ ഭേദഗതി അവതരിപ്പിക്കുന്നു:

ശ്രീ. എം. മുകേഷിനുവേണ്ടി ശ്രീ. ജെയിംസ് മാത്യു: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം നേടുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1(എ)നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഈ ബില്ലിനെ സംബന്ധിച്ച് എനിക്കുമുമ്പ് സംസാരിച്ച ചില അംഗങ്ങൾ പറഞ്ഞ കാര്യത്തെക്കുറിച്ചാണ് ആദ്യമായി സൂചിപ്പിക്കാനുള്ളത്. യഥാർത്ഥത്തിൽ ഇങ്ങനെയൊരു ബിൽ സഭയിൽ അവതരിപ്പിക്കാനിടയായത് ഏതെങ്കിലും വിധത്തിലുള്ള രാഷ്ട്രീയ പക്ഷപാതത്വത്തിന്റെയോ രാഷ്ട്രീയമായ നിലപാടുകളുടെയോ ഭാഗമായിട്ടല്ല എന്ന് അറിയാത്തവരാണ് ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളെന്ന് ഞാൻ കരുതുന്നില്ല. കാലാവധി പൂർത്തിയാക്കിയ സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കുന്നതിന് സമയബന്ധിതമായി പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്ന അവസരത്തിൽ ചില ആളുകൾ കൊടുത്ത കേസും അതിനെത്തുടർന്നുണ്ടായ കോടതി വ്യവഹാരവുമാണ് കാലാവധി പൂർത്തിയാകുന്നതിനിടയിൽ ഈ സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിക്കാൻ കഴിയാതെ പോയതിന് കാരണമായത്. സ്വാഭാവികമായും ഉന്നത വിദ്യാഭ്യാസ മേഖലയോടുള്ള സർക്കാരിന്റെ ഉത്തരവാദിത്വംകൊണ്ടാണ് സമയബന്ധിതമായി ഒരു താൽക്കാലിക സംവിധാനം ഏർപ്പെടുത്തിയത്. അതിനുള്ള അംഗീകാരമാണ് ഇവിടെ ആവശ്യപ്പെടുന്നത്. കേസ് അതിന്റെ വഴിക്ക് തീരുന്ന മുറയ്ക്ക് സ്വാഭാവികമായും കൃത്യമായി കാര്യങ്ങൾ റെഗുലറൈസ് ചെയ്ത് പോകുന്നതിന് ഒരു തടസ്സവുമില്ല. യഥാർത്ഥത്തിൽ ഈ ബില്ലിന്റെ ചർച്ചയുടെ ഭാഗമായി ഒട്ടനവധി കാര്യങ്ങളിവിടെ ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്. വളരെ പ്രധാനമായി ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, ലോകത്തെവിടെയും വിദ്യാഭ്യാസ മേഖലയിൽ ഊന്നൽ നൽകുന്നത് പ്രാഥമിക വിദ്യാഭ്യാസത്തിനാണ്. ദൗർഭാഗ്യവശാൽ നമ്മുടെ രാജ്യത്ത് വ്യത്യസ്തമായ ഒരു നിലപാടാണ് എല്ലാ കാലത്തും അനുവർത്തിച്ച് പോന്നിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റിന്റെ ബഡ്ജറ്റ് പരിശോധിച്ചാലും സംസ്ഥാന സർക്കാരുകളുടെ ബഡ്ജറ്റ് പരിശോധിച്ചാലും ഏതെല്ലാം തരത്തിൽ വിദ്യാഭ്യാസത്തിനുള്ള

നീക്കിവയ്പിന്റെ തോത് പരിശോധിച്ചാലും അവിടെയെല്ലാം കാണാൻ സാധിക്കുന്നത് ഉന്നത വിദ്യാഭ്യാസ മേഖലയ്ക്ക് വലിയ തുക നീക്കിവയ്ക്കുകയും പ്രത്യേക ശ്രദ്ധയും കരുതലും നൽകുകയും ചെയ്യുന്നതായിട്ടാണ്. എന്നാൽ ലോകത്ത് വിദ്യാഭ്യാസത്തിൽ മുന്നിൽ നിൽക്കുന്ന രാജ്യങ്ങളിൽ പ്രാഥമിക വിദ്യാഭ്യാസത്തിനാണ് പ്രഥമ പരിഗണന നൽകുന്നത്. പല രാജ്യങ്ങളിലും ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകർക്ക് ലഭിക്കുന്നതിനേക്കാൾ കൂടുതൽ വേതനം പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ പ്രവർത്തിക്കുന്നവർക്കാണ് നൽകുന്നത്. മാത്രമല്ല, അവിടെ കൂടുതൽ യോഗ്യത ആവശ്യമാണ്. ഏറ്റവും കുറഞ്ഞ പ്രായത്തിലുള്ള കുഞ്ഞുങ്ങളെ കൈകാര്യം ചെയ്യുന്നതിന് കേവലം അക്കാദമികമായ അറിവും കഴിവും മാത്രം പോരാ. കുഞ്ഞുങ്ങളുടെ മനഃശാസ്ത്രവും അവരുടെ ആരോഗ്യപരമായ വളർച്ചയും ബുദ്ധിവികാസവും ഉൾപ്പെടെയുള്ള കാര്യങ്ങളെക്കുറിച്ച് നല്ല അവഗാഹമുള്ള ആളുകളാണ് പ്രാരംഭദശയിൽ കുഞ്ഞുങ്ങളെ പഠിപ്പിക്കേണ്ടത്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഈ കാര്യങ്ങളെല്ലാം മനസ്സിൽ വച്ചു കൊണ്ടുള്ള ഒരു പ്രവർത്തനശൈലിയാണ് അവലംബിച്ചിട്ടുള്ളത്. രണ്ടുവർഷം പൂർത്തിയാകുമ്പോഴേയ്ക്കും കേരളത്തിലെ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ ഒരു സർക്കാരിന് നൽകാൻ സാധിക്കുന്ന എല്ലാ ശ്രദ്ധയും ഊന്നലും വകയിരുത്തലും ഈ സർക്കാർ നൽകിയിട്ടുണ്ട്. യഥാർത്ഥത്തിൽ അതിന്റെ പ്രതിഫലനം പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി നമുക്ക് കാണാൻ സാധിക്കും. അത് ഈ സഭയും സംസ്ഥാനവും നമ്മുടെ രാജ്യവും പൂർണ്ണമായും അംഗീകരിച്ചിട്ടുള്ളതുമാണ്. എന്നാൽ അതോടൊപ്പംതന്നെ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്ന പരിമിതികളും പ്രതിബന്ധങ്ങളും പ്രതിസന്ധികളും അതിജീവിക്കുക തന്നെവേണം. തീർച്ചയായും ഈ ബില്ലിന്റെ ചർച്ചയിൽ പങ്കെടുത്ത മഹാഭൂരിപക്ഷം അംഗങ്ങളും അത്തരത്തിലുള്ള ഒരു ചർച്ചയോ അഭിപ്രായ പ്രകടനമോ നടത്തിയില്ല എന്നുള്ളത് ഖേദകരമാണ്. നിയമസഭയ്ക്കകത്തല്ലാതെ വേറെ എവിടെയാണ് നമുക്ക് ഒരഭിപ്രായം പരിഗണിക്കപ്പെടുന്നതിനുവേണ്ടി പറയാൻ കഴിയുക? പൊതുയോഗം നടക്കുമ്പോൾ അവിടെ പറഞ്ഞതുകൊണ്ട് എന്താണ് കാര്യം; ഏതെങ്കിലും സർക്കാർ ചടങ്ങ് നടക്കുമ്പോൾ അവിടെപ്പോയി പറഞ്ഞിട്ടെന്താണ് കാര്യം? ബില്ലുകൾ ചർച്ച ചെയ്യുന്ന അവസരത്തിലെങ്കിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞ് സർക്കാരിന്റെ, ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ, ഈ ബില്ലിന്റെ ഭാഗമായിട്ടല്ലെങ്കിൽപ്പോലും വിദ്യാഭ്യാസ മേഖലയിൽ അനുവർത്തിക്കേണ്ട ചില

കാര്യങ്ങൾ ഉന്നയിക്കുന്ന ഒരു രീതി നമ്മുടെ ഭാഗത്തില്ല എന്നുള്ളത് ഒരു പോരായ്മതന്നെയാണെന്നാണ് ഞാൻ സൂചിപ്പിക്കാനുദ്ദേശിക്കുന്നത്. ഉന്നത വിദ്യാഭ്യാസ മേഖലയെക്കുറിച്ച് പറയുമ്പോൾ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം, നമ്മുടെ സർവ്വകലാശാലകളെല്ലാം സ്വയംഭരണ സ്ഥാപനങ്ങളാണ്. അവയ്ക്ക് ഓട്ടോണമിയുണ്ട്. സർക്കാരിന്റെ നിലവിലുള്ള നിയമ സംവിധാനത്തിനകത്ത് നിന്നുകൊണ്ടാണ് ഉചിതമായ ആക്ട് പാസ്സാക്കി സ്വയംഭരണാധികാരം നൽകിയിട്ടുള്ളത്.

(അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ)

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സർവ്വകലാശാലയുടെ ഓട്ടോണമി എന്നത് നമ്മുടെ സങ്കൽപ്പമാണ്. എത്രയോ കാലമായി ആ സങ്കൽപ്പം തുടരുകയാണ്. ഓട്ടോണമി വേണമെങ്കിൽ ഫിനാൻഷ്യൽ സ്റ്റെബിലിറ്റി വേണം. സർവ്വകലാശാലയിൽ ഒരു പ്യൂണിനെ നിയമിക്കാനോ, ഒരു പുതിയ പോസ്റ്റ് ക്രിയേറ്റ് ചെയ്യാനോ പോലും അധികാരമില്ലെന്നുള്ള യാഥാർത്ഥ്യം അങ്ങേയ്ക്കറിയാമെന്നുള്ള വിവരം എനിക്കറിയാം. ഓട്ടോണമി എന്നുപറഞ്ഞാൽ അക്കാദമിക് ഓട്ടോണമി പോലുമില്ല, അതേ സമയം ഫിനാൻഷ്യൽ ഓട്ടോണമിയും ഇല്ല. ഇത് രണ്ടും വരുമ്പോൾ അഡ്മിനിസ്ട്രേറ്റീവ് ഓട്ടോണമി നമുക്ക് തീരെയില്ലാതെ വരും. അതിന് പരിഹാരം കാണണം.

ശ്രീ. ജെയിംസ് മാത്യു: സർ, തീർച്ചയായും ഇങ്ങനെയുള്ള ക്രിയാത്മകമായ അഭിപ്രായപ്രകടനമെങ്കിലും ഉണ്ടാകുന്നത് തികച്ചും സ്വാഗതാർഹമാണ്. അക്കാദമിക് ഓട്ടോണമിയുടെ കാര്യമായാലും സർവ്വകലാശാലകളുടെ ആകെയുള്ള ഓട്ടോണമിയുടെ കാര്യത്തിലായാലും നമുക്കിടയിൽ വ്യത്യസ്തമായ അഭിപ്രായങ്ങളും ചർച്ചകളും തീർച്ചയായുമുണ്ട്. അങ്ങ് പറഞ്ഞ അഭിപ്രായം നൂറ് ശതമാനം ശരിയാണ്. അത് പറയാനിടവന്ന കാര്യം ഞാൻ പറയുമ്പോൾ അങ്ങേയ്ക്ക് മനസ്സിലാകും. ഈ ഓട്ടോണമി പരിരക്ഷിക്കുന്നതിനുവേണ്ടി സെനറ്റ്, സിൻഡിക്കേറ്റ്, അക്കാദമിക് കൗൺസിൽ, ബോർഡ് ഓഫ് സ്റ്റഡീസ് തുടങ്ങി നിരവധി സംവിധാനങ്ങൾ നിലനിൽക്കുകയാണ്. യഥാർത്ഥത്തിൽ ഇതിന്റെയെല്ലാം പ്രവർത്തനം പരിശോധിച്ചാൽ ഒരു സർവ്വകലാശാലയുടെ സ്വയംഭരണാവകാശം യഥാവിധി ഉത്കൃഷ്ടമായ വിധത്തിൽ നിർവ്വഹിക്കുന്നതിന് ഉതകുന്ന ഒരു രീതിയല്ല അവിടെ ഇന്ന് നിലനിൽക്കുന്നതെന്ന് കാണാൻ സാധിക്കും. ഇതാണ് യഥാർത്ഥ പ്രശ്നം. അത് മാറുകയാണെങ്കിൽ, അങ്ങിവിടെ സൂചിപ്പിച്ചതുപോലെ

സാമ്പത്തികമായൊരു സ്റ്റെബിലിറ്റിയില്ലാത്തതുകൊണ്ട് മാത്രമാണെന്ന് ഞാൻ കരുതുന്നതേയില്ല. കാരണം, ബഡ്ജറ്ററി പ്രൊവിഷൻ വച്ചുകഴിഞ്ഞാൽ ആ എമൗണ്ടിനകത്തുനിന്നുകൊണ്ടുള്ള പ്രവർത്തനത്തിന്റെ സ്വാതന്ത്ര്യം സർവ്വകലാശാലയ്ക്കുണ്ട്. അങ്ങേയ്ക്കത് നന്നായിട്ടറിയുന്ന കാര്യമാണ്. അവിടെ ആക്ടിന് വിധേയമായി സ്റ്റാറ്റ്യൂട്ട് പ്രകാരം നിർവ്വഹിക്കാൻ സാധിക്കുന്ന ഉത്തരവാദിത്വങ്ങൾ കൃത്യവും ഫലപ്രദവുമായി നിർവ്വഹിക്കുന്നുണ്ടോയെന്ന പരിശോധന നടത്തുമ്പോഴാണ് ലഭിച്ച ഓട്ടോണമിപോലും അവർ വിനിയോഗിക്കുന്നില്ല, ഫലപ്രദമായി പ്രയോജനപ്പെടുത്തുന്നില്ല എന്ന് മനസ്സിലാകുക. തീർച്ചയായും പണം കൊടുക്കുന്ന സർക്കാരിന് അതിന്റെമേൽ നിയന്ത്രണമുണ്ടാകും. അത്തരം കാര്യങ്ങൾ ഞാൻ കാണാതെകണ്ടല്ല പറയുന്നത്. പക്ഷെ പണം കൊടുക്കാതിരിക്കാനോ ചെറിയ തോതിൽ മാറ്റം വരുത്താനോ, കഴിഞ്ഞ ഏത് ഗവൺമെന്റിന്റെ കാലത്തായാലും സർവ്വകലാശാലകളോട് പൊതുവിൽ അങ്ങനെയൊരു സമീപനം സ്വീകരിച്ച അനുഭവം ഒരു ഗവൺമെന്റിന്റെ കാലത്തും ഉണ്ടാകാറില്ലെന്നുള്ളൊരു പക്ഷക്കാരനാണ് ഞാൻ. വളരെ അപൂർവ്വമായി വ്യത്യസ്ത നിലപാടുണ്ടാകും. സർവ്വകലാശാലകളുടെ ഭരണസംവിധാനത്തിൽ കാര്യമായ ഇടപെടൽ ഉണ്ടാകേണ്ടതുണ്ട്. അതൊരിക്കലും അതിന്റെ ഓട്ടോണമി ഇല്ലാതാക്കുന്ന വിധത്തിലല്ല, എന്നാൽ ഉള്ള ഓട്ടോണമി അവർ ഫലപ്രദമായി വിനിയോഗിക്കാതിരിക്കുന്നതിനെ തിരുത്തിക്കേണ്ടതാണ്.

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്</u>: സർ, ഒരു സംസ്ഥാനത്തും അങ്ങനെയുള്ള നിയമങ്ങളുണ്ടായില്ല എന്നുപറയുന്നത് ശരിയല്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് നമ്മുടെ സംസ്ഥാനത്ത് അക്കാദമിക് ഓട്ടോണമി നൽകാൻ തീരുമാനിച്ച് സഭയിൽത്തന്നെ അതുകൊണ്ടുവന്ന്, ഇപ്പോൾ കുറേ കോളേജുകൾ അക്കാദമി ഓട്ടോണമി അനുവദിച്ചുകൊടുത്തതിനുശേഷമുള്ള നിലയിൽ പ്രവർത്തിക്കുന്നുണ്ട്. അതിൽ ഗവൺമെന്റ് കോളേജുകളുണ്ട്, എയ്ഡഡ് കോളേജുകളുമുണ്ട്. മഹാരാജാസ് കോളേജും ഇവിടത്തെ യൂണിവേഴ്സിറ്റികോളേജും അതിൽ ഉൾപ്പെടും.

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, അങ്ങ് തെറ്റിദ്ധരിച്ചതാണ്. ഞാൻ കോളേജുകളെയല്ല, സർവ്വകലാശാലകളെയാണ് ഉദ്ദേശിച്ചത്. സർവ്വകലാശാലകൾ ഇന്ന് നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി അതിന്റെ വൈസ് ചാൻസലർ മുതൽ താഴേയ്ക്കുള്ള സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരുടെ പ്രവർത്തനത്തിൽനിന്നുതന്നെ ആരംഭിക്കുന്നതാണ്. വൈസ് ചാൻസലർമാരെ നിയോഗിക്കുന്നത് സംബന്ധിച്ച് വ്യത്യസ്തമായ അഭിപ്രായ പ്രകടനങ്ങൾ ഇവിടെ നടത്തുന്നത് കേട്ടു. ഒരു

സർവ്വകലാശാലയ്ക്കകത്ത് നടക്കുന്ന പ്രവർത്തനം നിരീക്ഷിച്ചാൽ മനസ്സിലാകുന്നത് ഏറ്റവും നിസ്സാരമായൊരു കാര്യത്തിനുപോലും ഒപ്പുവയ്ക്കേണ്ട അധികാരി വൈസ് ചാൻസലറാണ്. വളരെ കുറഞ്ഞ കാര്യങ്ങൾ മാത്രമാണ് രജിസ്ട്രാറുടെ നിലയിലെങ്കിലും തീരുമാനിക്കുന്നത്. യഥാർത്ഥത്തിൽ പവർ ഡെലിഗേഷൻ ഉണ്ടാകുന്നില്ല, എല്ലാ അധികാരവും വൈസ് ചാൻസലറിലേയ്ക്ക് കേന്ദ്രീകരിക്കുകയാണ്. ഇതിന്റെ ഫലമെന്താണ്? എത്ര മഹാനായ വൈസ് ചാൻസലർ വന്നാലും രാവിലെ ഓഫീസിൽ വന്നുകയറിയാൽ അദ്ദേഹത്തിന് ആ സർവ്വകലാശാലയ്ക്ക് കീഴിലുള്ള നൂലാമാല പിടിച്ച നൂറ് കണക്കിന് വിഷയങ്ങളിൽ തലപുണ്ണാക്കാനും ഫയൽ ഒപ്പിടാനും മാത്രമാണ് സമയം. അവിടെയൊരു പ്രോ-വൈസ് ചാൻസലറുണ്ട്. വലിയ ഏറ്റക്കുറച്ചിലില്ലാത്ത ശമ്പളത്തോടുകൂടിയ, ഒരധികാരവുമില്ലാതെ ഒരു സ്ഥാനം അവിടെയുണ്ട്. വളരെ ഖേദകരമെന്ന് പറയട്ടെ, നമ്മുടെ സർവ്വകലാശാലകളിലെ പ്രോ-വൈസ് ചാൻസലർമാരുടെ ചുമതലയെന്താണെന്ന് ചോദിച്ചാൽ, വൈസ് ചാൻസലർ ഇല്ലാത്ത അവസരത്തിൽ അദ്ദേഹത്തിന്റെ ചുമതല നിർവ്വഹിക്കുക എന്നുള്ളത് മാത്രമാണ്. ഇത് ഗൗരവപൂർവ്വം നാം പരിശോധിക്കേണ്ട പ്രശ്നമാണ്. യഥാർത്ഥത്തിൽ സർവ്വകലാശാല ഭരണം അഡ്മിനിസ്ട്രേറ്റീവും അക്കാദമികവുമായിട്ടുള്ള രണ്ട് ഭാഗമായി വേർതിരിക്കപ്പെടണം.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, കേരളത്തിലെ വൈസ് ചാൻസലർമാരെക്കുറിച്ച് പറയുമ്പോൾ അപ്പുറത്തുനിന്നും ഇപ്പുറത്തുനിന്നും അക്കാദമിക് യോഗ്യതയെക്കുറിച്ച് വാചലരാകാറുണ്ട്. മികച്ച അക്കാദമിഷൻമാർ നല്ല വൈസ് ചാൻസലർമാരല്ലാത്ത ഒരുപാട് അനുഭവങ്ങൾ നമ്മുടെ മുന്നിലുണ്ട്. എന്നാൽ അക്കാദമിസ്റ്റല്ലാത്ത ശ്രീ. റ്റി. എൻ. ജയചന്ദ്രൻ കാലിക്കട്ട് സർവ്വകലാശാലയിലെ മികച്ച വൈസ് ചാൻസലറുമായിരുന്നു. ഒരു യൂണിവേഴ്സിറ്റിയെ സംബന്ധിച്ചിടത്തോളം ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ എല്ലാ കാര്യങ്ങളിലും തീരുമാനമെടുക്കുന്നത് വൈസ് ചാൻസലറാണ്. എല്ലാ അധികാരങ്ങളും വൈസ് ചാൻസലറിൽ കേന്ദ്രീകരിക്കുകയാണ്. അദ്ദേഹമൊരു അഡ്മിനിസ്ട്രേറ്റീവ് ഹെഡ്ഡുകൂടിയാണ്. യാതൊരു ഭരണ പരിചയവുമില്ലാത്തൊരാൾ ഇന്നത്തെ നമ്മുടെ സർവ്വകലാശാലയുടെ വൈസ് ചാൻസലറായി വന്നാൽ എന്ത് സംഭവിക്കുമെന്നതിന് നമുക്കൊരുപാട് ഉദാഹരണങ്ങളുണ്ട്. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഈ കാര്യത്തിലൊരു മെക്കാനിസംകൂടി നമുക്കാവശ്യമാണ്. ഇല്ലെങ്കിൽ മികച്ച അക്കാദമിഷനായതുകൊണ്ടുമാത്രം ഒരു

സർവ്വകലാശാലയും സുഗമമായി മുന്നോട്ടുപോകില്ല. ഈ കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന് എന്താണ് പറയാനുള്ളത്?

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച കാര്യം നൂറ് ശതമാനം ശരിയാണ്. ഇവിടെ പരാമർശിച്ച ശ്രീ. റ്റി. എൻ. ജയചന്ദ്രൻ വൈസ് ചാൻസലർ ആയിരുന്ന കോഴിക്കോട് സർവ്വകലാശാലയിൽ, അഞ്ച് വൈസ് ചാൻസലർമാരുടെ കീഴിൽ സെനറ്റ്, സിൻഡിക്കേറ്റ് അംഗമായിരുന്ന അനുഭവം എനിക്കുണ്ട്. പല കാരണങ്ങൾകൊണ്ടും പ്രഗത്ഭരായി പൊതുസമൂഹം അംഗീകരിക്കുന്നവരെക്കാൾ മികച്ച വൈസ് ചാൻസലർ എന്ന നിലയിലുള്ള പ്രവർത്തനം നടത്തിയ ഒരാൾ ശ്രീ. റ്റി. എൻ. ജയചന്ദ്രൻ തന്നെയാണ് എന്ന കാര്യത്തിൽ ഒരു സംശയവുമില്ല. ബഹുമാന്യനായ അംഗം ശ്രീ. ടി. വി. രാജേഷ് സൂചിപ്പിച്ചതുപോലെ ഒരു സർവ്വകലാശാലയുടെ ഭരണ നിർവ്വഹണത്തിലെ അഡ്മിനിസ്ട്രേറ്റീവ് സൈഡും സർവ്വകലാശാലയുടെ അക്കാദമിക് കാര്യങ്ങളും എങ്ങനെ കൈകാര്യം ചെയ്യണം. ഇപ്പോൾ പോലീസിൽപ്പോലും ക്രമസമാധാനത്തിനും അന്വേഷണത്തിനും, ആരോഗ്യ വകുപ്പിലും എല്ലായിടത്തും ചുമതലാ വിഭജനം വന്നുകൊണ്ടിരിക്കുകയാണ്. ക്രമസമാധാനപാലന ചുമതലയുള്ള പോലീസുകാരനെ കേസന്വേഷിക്കാൻ ഏൽപ്പിച്ചാൽ അയാൾ ഫലപ്രദമായി അത് ചെയ്യാൻ കഴിയുന്ന ആളായിക്കൊള്ളണമെന്നില്ല. നല്ല കേസന്വേഷണ പ്രാപ്തിയുള്ള ആളെ ക്രമസമാധാനച്ചുമതല ഏൽപ്പിച്ചാൽ ചിലപ്പോൾ അദ്ദേഹത്തിനും അത് ഫലപ്രാപ്തിയോടെ ചെയ്യാൻ സാധിച്ചുകൊള്ളണമെന്നില്ല. ഇത്തരത്തിൽ ഓരോ മേഖലയിലെയും ആവശ്യകതയ്ക്കനുസരിച്ച് വിഭജനം നടത്തുന്ന ഘട്ടത്തിൽ സർവ്വകലാശാലകളിൽ അക്കാദമികവും അഡ്മിനിസ്ട്രേഷനുമായി ബന്ധപ്പെട്ടൊരു വിഭജനം സംബന്ധിച്ച് ഗൗരവപൂർവ്വം വിദ്യാഭ്യാസ വകുപ്പ് പരിഗണിക്കുകയും പരിശോധിക്കുകയും ചെയ്യണമെന്നാണ് എനിക്ക് പറയാനുള്ളത്.

മറ്റൊന്ന്, നമ്മുടെ വിവിധ അക്കാദമിക സമിതികളെക്കുറിച്ചാണ്. ഇവിടെ വന്ന ചർച്ചകളിൽ ചില അംഗങ്ങളെങ്കിലും പറഞ്ഞൊരു കാര്യം അപ്ഡേറ്റ് ചെയ്യപ്പെടാത്തതിനെക്കുറിച്ചാണ്. കൺവെൻഷണൽ കോഴ്സുകളുടെ ആകർഷണീയത ഇല്ലായ്മയെക്കുറിച്ചാണ്. കൺവെൻഷണൽ ഡിഗ്രി കോഴ്സുകളിൽ ചേരാൻ കുട്ടികളും രക്ഷിതാക്കളും താൽപ്പര്യപ്പെടുന്നില്ലെന്നുള്ളത് ശരിയാണ്. പക്ഷെ, അടിസ്ഥാന ശാസ്ത്ര വിഷയങ്ങൾ പഠിക്കാതെ നമുക്കെങ്ങനെയാണ് മറ്റ് വിഷയങ്ങളിലേയ്ക്ക് പോകാൻ സാധിക്കുക. മറ്റ് വിഷയങ്ങൾ മാത്രം പഠിച്ച

ആളുകളെക്കൊണ്ട് ആവശ്യങ്ങൾ പൂർണ്ണമായും നിർവ്വഹിക്കാൻ സാധിക്കുമോ? കാലാനുസൃതമായി ആവശ്യതയ്ക്കനുസരിച്ച് തയ്യാറാക്കപ്പെട്ടിട്ടുള്ള അപ്ലൈഡ് കോഴ്സുകളുണ്ട്. കൺവെൻഷണൽ കോഴ്സ് എന്നുപറഞ്ഞ് അടിസ്ഥാന ശാസ്ത്ര പഠനത്തിൽനിന്ന് നമുക്ക് മുഖംതിരിച്ച് നിൽക്കാൻ സാധിക്കില്ല. പക്ഷെ ഇവിടെ യഥാർത്ഥത്തിൽ വേണ്ടതെന്താണ്? കോഴ്സുകളെ കൺവെൻഷണൽ ഡിഗ്രി കോഴ്സും, ലാംഗ്വേജാണെങ്കിൽ കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് വളരെ ആകർഷകമാണ്. ബി.എ. ഇംഗ്ലീഷ് എന്നുപറഞ്ഞാൽ ഒട്ടും ആകർഷകമല്ല. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിലേയ്ക്ക് വന്നാൽ വളരെ ആകർഷകമാണ്. ഇതുപോലെയാണ് അപ്ലൈഡ് സയൻസും. ലോകം മാറുന്നതിനനുസരിച്ച് ശാസ്ത്ര സാങ്കേതിക വിഷയങ്ങളും മറ്റ് സബ്ജക്ട്സും എങ്ങനെയാണ് അപ്ഡേറ്റ് ചെയ്യാൻ സാധിക്കുക എന്നതു സംബന്ധിച്ച് ഗൗരവപൂർവ്വമായൊരു പരിശോധന ആവശ്യമാണ്. അങ്ങനെയൊരു പരിശോധനയ്ക്കുള്ള സമിതി ഏതാണ്? കേരളത്തിൽ ഇത്രയേറെ പൊട്ടൻഷ്യലുള്ള ഉന്നതവിദ്യാഭ്യാസ മേഖലയുടെ സിലബസ്, കൺടെന്റ് അപ്ഡേറ്റ് ചെയ്യാനുള്ള സമിതി ഏതാണ്? എനിക്കറിയില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, അങ്ങ് കാലിക്കട്ട് യൂണിവേഴ്സിറ്റിയുടെ ഭരണ സമിതിയിലൊക്കെ ധാരാളം വർഷം ചെലവഴിച്ചുവെന്ന് പറയുകയുണ്ടായി. അങ്ങ് പറയുന്ന പല അഭിപ്രായങ്ങളോടും യോജിച്ചുകൊണ്ടുതന്നെ ഞാൻ പറയുന്നു, കേരളത്തിലെ ഏത് യൂണിവേഴ്സിറ്റി സിൻഡിക്കേറ്റിന്റെ അജണ്ടയെടുത്ത് നോക്കിയാലും അതിനകത്ത് 90 ശതമാനം അവിടത്തെ ജീവനക്കാരുടെ പ്രൊമോഷനും ജീവനക്കാരുടെ പ്രശ്നങ്ങളും അതുപോലെയുള്ള കാര്യങ്ങളാണെന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. ജെയിംസ് മാത്യു</u>: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ ഒരുപടികൂടി അപ്പുറത്തേയ്ക്ക് കടന്ന് പറഞ്ഞാൽ ഖേദകരമായൊരു കാര്യമുണ്ട്. റിട്ടയർ ചെയ്യാൻ പോകുന്നതിന് തൊട്ടുമുമ്പ് തൊട്ടുമുകളിലുള്ള മൂന്നോ നാലോ പോസ്റ്റിലുള്ള ആളുകൾ ആറ് മാസത്തേയ്ക്ക് ലീവെടുത്ത് ആ പോസ്റ്റിൽനിന്ന് റിട്ടയർ ചെയ്ത് പെൻഷൻ ബെനിഫിറ്റ് വാങ്ങുന്ന മോശപ്പെട്ട കീഴ്വഴക്കം വേറെ എവിടെനിന്നുമല്ല, സെക്രട്ടേറിയൽ പാറ്റേൺ സർവ്വകലാശാലയ്ക്ക് അനുവദിച്ചുകൊടുത്തതുകൊണ്ടാണ്. അപ്പോൾ സെക്രട്ടേറിയറ്റിലും അതുതന്നെയാണ് നടക്കുന്നതെന്ന് ഞാൻ പറയേണ്ടതില്ലല്ലോ. അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. യഥാർത്ഥത്തിൽ ഇതിനൊരു മാറ്റം വരണം. സ്കൂൾ വിദ്യാഭ്യാസത്തിന് നമുക്ക് എസ്.സി.ഇ.ആർ.ടി. എന്നൊരു സ്ഥാപനമുണ്ട്. ദേശീയതലത്തിൽ എൻ.സി.ഇ.ആർ.ടി. ഉണ്ട്.

എന്നാൽ കോളേജ് വിദ്യാഭ്യാസത്തിന് കാലാനുസൃതമായ ഉള്ളടക്കത്തെ മെച്ചപ്പെടുത്തുന്നതിന് ആവശ്യമായ എന്ത് സംവിധാനമാണുള്ളത്? ഉള്ളതായി എനിക്കറിയില്ല. ഉള്ളതായി ഞാൻ മനസ്സിലാക്കുന്നത് ബോർഡ് ഓഫ് സ്റ്റഡീസാണ്. ബോർഡ് ഓഫ് സ്റ്റഡീസ് എന്നുപറയുന്നത് കോളേജിലെ അല്ലെങ്കിൽ സർവ്വകലാശാലയ്ക്ക് കീഴിലെ അദ്ധ്യാപകർ ഉൾക്കൊള്ളുന്ന ഒരു സമിതിയാണ്. വിവിധ സർവ്വകലാശാലകളിൽ ഏറ്റക്കുറച്ചിലുകളോ നേരിയ വ്യത്യാസമോ ഉണ്ടാകും. ഞാൻ ഇന്നുവരെ മനസ്സിലാക്കിയിട്ടുള്ളതുവച്ച് പറയട്ടെ, പുസ്തകം തീരുമാനിക്കുന്നതിനും പരീക്ഷ നിശ്ചയിക്കുന്നതിനുമല്ലാതെ ഗൗരവപൂർവ്വം പഠന ഉള്ളടക്കത്തെക്കുറിച്ച് ചർച്ച നടക്കുന്ന സ്ഥിതി മഹാഭൂരിപക്ഷം സർവ്വകലാശാലകളിലേയും ബോർഡ് ഓഫ് സ്റ്റഡീസിൽ ഇല്ല. ഇതു മാറണം. ബോർഡ് ഓഫ് സ്റ്റഡീസിന്റെ പ്രവർത്തനത്തിൽ കാതലായ ഇടപെടൽ ഉണ്ടാകണം. അങ്ങനെ ഒരു ഇടപെടൽ ഉണ്ടാകുന്നുവെന്ന് ഉറപ്പ് വരുത്തേണ്ടത് വൈസ് ചാൻസലറും പ്രോ-വൈസ് ചാൻസലറുമാണ്. അവിടെയാണ് അവർക്ക് അക്കാദമിക് ഇടപെടലിന് സമയമില്ലാതെ അഡ്മിനിസ്ട്രേഷൻ മാത്രമായി ചുരുങ്ങുന്ന ഏറ്റവും ദയനീയമായ അവസ്ഥയുണ്ടാകുന്നത്. ഇതിന് മാറ്റമുണ്ടാകാൻ തക്കവണ്ണം കേരളത്തിലെ എല്ലാ ബോർഡ് ഓഫ് സ്റ്റഡീസിന്റെയും കഴിവിനെ മെച്ചപ്പെടുത്തണം. ഇവരാരും കഴിവില്ലാത്തവരല്ല. നമ്മുടെ അദ്ധ്യാപകരെക്കുറിച്ച് യു.ജി.സി. സ്കെയിലും പാക്കേജും സംബന്ധിച്ച ചില വിമർശനങ്ങൾ ഇവിടെ ചർച്ചയിൽ വന്നു. സ്കെയിൽ മതി, പാക്കേജ് വേണ്ട. സർവ്വകലാശാലാ അദ്ധ്യാപകർ യു.ജി.സി.-യുടെ പാക്കേജ് വേണ്ടെന്ന് പറഞ്ഞതോടുകൂടി ഇവർ ശമ്പളം മാത്രം താല്പര്യപ്പെടുന്നവരാണെന്ന് നമ്മളെപ്പോലുള്ള പൊതുപ്രവർത്തകർ ഉൾപ്പെടെയുള്ളവർക്ക് ഒരു തെറ്റിദ്ധാരണയുണ്ട്. യഥാർത്ഥത്തിൽ അത് അങ്ങനെയല്ല. അന്നിത് വളരെയേറെ ചർച്ച ചെയ്യപ്പെട്ട കാര്യമാണ്. യു.ജി.സി.-യുടെ പാക്കേജിൽ നിർദ്ദേശിക്കുന്ന അത്രയും സമയവും ചുമതലകളും കേരളത്തിലെ കോളേജ് അദ്ധ്യാപകർ ചെയ്യുന്നുണ്ട്. പക്ഷെ യു.ജി.സി.-യുടെ പ്രിസ്ക്രൈബ്ഡ് ഫോമിലല്ല എന്നുമാത്രം. ആഴ്ചയിൽ 40 മണിക്കൂർ ജോലി ചെയ്യണമെന്ന സന്ദർഭത്തിൽ ക്യാമ്പസിനകത്ത് ശനിയാഴ്ചകൂടി വിനിയോഗിക്കേണ്ടിവരും. ആ സാഹചര്യം വന്നപ്പോഴാണ് അദ്ധ്യാപകർ ഒന്നടങ്കം അതിനെ എതിർത്തത്. അത് ശരിയാണെന്ന അഭിപ്രായത്തിലല്ല ഞാൻ പറയുന്നത്. പക്ഷെ യു.ജി.സി.-യുടെ സ്കെയിൽ മാത്രമല്ല, യു.ജി.സി. പറയുന്ന മാർഗ്ഗനിർദ്ദേശം അനുസരിച്ച് ജോലി ചെയ്യുന്ന ഒരു വലിയ ശതമാനം കഴിവുള്ള അദ്ധ്യാപകർ നമ്മുടെ കോളേജുകളിലുണ്ട്. എന്നാൽ അവരുടെ കഴിവിനെ

ഉപയോഗപ്പെടുത്താൻ കഴിയുന്ന സംവിധാനം നിലനിൽക്കുന്നില്ല. അതിന് മാറ്റം വരുത്തണം. ബോർഡ് ഓഫ് സ്റ്റഡീസിൽ സർവ്വകലാശാലാ അദ്ധ്യാപകർക്ക് പുറമേ അതിന്റെ ഫോർമാറ്റിനകത്തുതന്നെ പുറത്തുനിന്നുള്ള ആളുകളെ ഉൾപ്പെടുത്തണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. യഥാർത്ഥത്തിൽ പുറത്തുനിന്ന് ഉൾപ്പെടുത്താൻ CSIR (Council for Science and Industrial Research), ICAR (Indian Council of Agricultural Research) തുടങ്ങിയ സംസ്ഥാനാടിസ്ഥാനത്തിലും ദേശീയാടിസ്ഥാനത്തിലും അന്തർദ്ദേശീയ അടിസ്ഥാനത്തിലും പ്രവർത്തിക്കുന്ന നിരവധി സ്ഥാപനങ്ങളുണ്ട്. ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ഫോറസ്റ്റ് റിസർച്ച്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ്, ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, ഡിപ്പാർട്ട്മെന്റ് ഓഫ് സയൻസ് ആൻഡ് ടെക്നോളജി, ഇന്ത്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്, ചെന്നൈ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാത്തമാറ്റിക്സ് ഇതെല്ലാം ഇന്ത്യാ ഗവൺമെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏറ്റവും മികച്ച അക്കാദമിക നിലവാരമുള്ള, അന്തർദ്ദേശീയ അംഗീകാരമുള്ള സ്ഥാപനങ്ങളാണ്. കേരളത്തിലെ സർവ്വകലാശാലകളിലെ ബോർഡ് ഓഫ് സ്റ്റഡീസിൽ ഈ സ്ഥാപനങ്ങളിൽ നിന്നുള്ള എത്രപേർ ഉൾപ്പെട്ടിട്ടുണ്ടെന്ന് നമ്മൾ പരിശോധിക്കണം. അങ്ങനെ പരിശോധിച്ചാൽ അത് വളരെ കുറവായിരിക്കുമെന്ന് ഞാൻ വിശ്വസിക്കുന്നു. ഞാൻ ഈ സ്ഥാപനങ്ങളെ മാത്രം ഉദ്ദേശിച്ചല്ല പറഞ്ഞത്. കേരളത്തിൽത്തന്നെ പ്രവർത്തിക്കുന്ന കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിൽ നിന്നുള്ള ആളുകളെയെങ്കിലും കേരളത്തിലെ മറ്റ് സർവ്വകലാശാലകളുടെ ബോർഡ് ഓഫ് സ്റ്റഡീസിൽ എത്ര കണ്ട് ഉൾപ്പെടുത്ത പ്പെടുന്നുണ്ടെന്ന് പരിശോധിക്കേണ്ടതാണ്. കൊച്ചിൻ സർവ്വകലാശാലയുടെ സെനറ്റിന് ഒരു സവിശേഷതയുണ്ട്.

<u>ശ്രീ. ടി. വി. രാജേഷ്</u>: സർ, കേരളത്തിലെ സർവ്വകലാശാലകളിൽ ഡെപ്യൂട്ടേഷൻ തസ്തികയ്ക്ക് അപേക്ഷ ക്ഷണിച്ചാൽ ഇന്ത്യയിലെ പ്രസിദ്ധമായ സർവ്വകലാശാലാ അദ്ധ്യാപകർ കേരളത്തിൽ ഇന്റർവ്യൂവിന് വരുമ്പോൾ അത് തടയാനുള്ള മാഫിയയെപ്പോലെ ചില അദ്ധ്യാപകർ പ്രവർത്തിക്കുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇത്രമാത്രം ഇടുങ്ങിയ മനസ്സാണ് കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖല ഇന്ന് നേരിടുന്ന പ്രശ്നം. അക്കാര്യം ഉന്നതവിദ്യാഭ്യാസ മേഖലയുടെ പുനഃസംഘടനയുമായി ബന്ധപ്പെട്ട് സജീവമായി ചർച്ച ചെയ്യേണ്ടതല്ലേ?

ശ്രീ. ജെയിംസ് മാത്യു: സർ, ബഹുമാനപ്പെട്ട അംഗം ഇപ്പോൾ പറഞ്ഞ കാര്യത്തെക്കുറിച്ചുള്ള എന്റെ അറിവിൽപ്പെട്ട ഒരു കാര്യം പറയുകയാണെങ്കിൽ അത് ഇതിനെക്കാൾ അപ്പുറത്താണ്. ഉയർന്ന തസ്തികയിലേയ്ക്ക് ആപ്ലിക്കേഷൻ ക്ഷണിക്കുന്നതിനുമുമ്പ് സർവ്വകലാശാലകളുടെ ചില ബിരുദങ്ങളുടെ പേര്, ഉദാഹരണത്തിന് എം.എ. എന്നും എം.എസ്‌സി എന്നും വിശേഷിപ്പിക്കുന്നത് ഒരേ കണ്ടന്റുള്ളതിനെയാണ്. ഒരു സർവ്വകലാശാല എം.എ. ജിയോഗ്രഫി എന്നാണ് പറയുന്നതെങ്കിൽ വേറൊരു സർവ്വകലാശാല എം.എസ്‌സി ജിയോഗ്രഫി എന്നുപറയുന്നു. എം.എസ്‌സി ജിയോഗ്രഫിയുടെയും എം.എ. ജിയോഗ്രഫിയുടെയും ഉള്ളടക്കം ഒന്നാണ്. അതിന് സാധാരണഗതിയിൽ ഇക്വലൻസി സർട്ടിഫിക്കറ്റാണ് നൽകേണ്ടത്. സർവ്വകലാശാലയിൽ ഇക്വലൻസി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ട് അപേക്ഷ നൽകിയാൽ അത് ലഭ്യമാകും. ബഹുമാനപ്പെട്ട അംഗം പറഞ്ഞതിന് സമാനമായ വിഷയം, ഒരു ഉയർന്ന തസ്തികയിലേയ്ക്കുള്ള അപേക്ഷ ക്ഷണിച്ചു. ഒരാൾ അപേക്ഷിക്കാൻ യോഗ്യനാണ്. പക്ഷെ അദ്ദേഹത്തിന്റെ കോഴ്സ് ഡെസിഗ്നേറ്റ് ചെയ്തിരിക്കുന്നത് ഇപ്പോൾ പറഞ്ഞതുപോലെയുള്ള ചെറിയ വ്യത്യാസത്തിലാണ്. ആ കോഴ്സിന് സർവ്വകലാശാല ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുത്തു കൊണ്ടിരുന്നതാണ്. ഇദ്ദേഹം ആപ്ലിക്കന്റായി വരുമെന്ന് കണ്ടതോടുകൂടി ആ കോഴ്സിന് ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കണ്ടെന്ന് തീരുമാനിച്ചു. ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കാതിരുന്നാൽ അദ്ദേഹത്തിന് ആപ്ലിക്കന്റാകാൻ കഴിയില്ല. സർവ്വകലാശാലകളിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ഉയർന്ന തസ്തികകളിലേയ്ക്ക് അർഹരായ ആളുകൾ എത്ര പേരാണെന്ന് കേരളത്തിലുള്ളവർക്കറിയാം. കേരളത്തിന് പുറത്തുള്ളവരിൽ നിന്ന് എത്രപേർ വരാനിടയുണ്ടെന്ന് വളരെ കൃത്യമായി മനസ്സിലാക്കാൻ സൗകര്യമുണ്ട്.

ശ്രീ. ടി. വി. രാജേഷ്: സർ, ഇവിടെ ബഹുമാന്യനായ അംഗം സൂചിപ്പിച്ച എം.എ, എം.എസ്‌സി ജിയോഗ്രഫിയുടെ പ്രശ്നം നേരത്തേയുണ്ട്. കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ ബി.എ. പൊളിറ്റിക്കൽ സയൻസാണ്. എന്നാൽ എം.ജി. യൂണിവേഴ്സിറ്റിയിൽ ബി.എ. പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻ ആണ്. രണ്ടിന്റെയും കണ്ടന്റ് ഒന്നാണ്. നെറ്റ് ക്വാളിഫൈ ചെയ്യുന്നതിന് യാതൊരു പ്രശ്നവുമില്ല. കാലിക്കറ്റ് യൂണിവേഴ്സിറ്റി ഒരു ഇന്റർവ്യൂവുമായി ബന്ധപ്പെട്ട് പറഞ്ഞത് എം.എ. പൊളിറ്റിക്സ് ആൻഡ് ഇന്റർനാഷണൽ റിലേഷൻ എം.എ. പൊളിറ്റിക്സിന്

ഈക്വലാണെന്ന ഇക്വലൻസി സർട്ടിഫിക്കറ്റ് നൽകാൻ കഴിയില്ലെന്നാണ്. ഇത്തരത്തിൽ ചില അദ്ധ്യാപകർ മാഫിയയെപ്പോലെ പ്രവർത്തിക്കുകയാണ്. ഇത് കേരളം ചർച്ച ചെയ്യേണ്ട വിഷയമല്ലേ. എന്നാൽ എം.ജി. യൂണിവേഴ്സിറ്റിയിൽ പഠിച്ച അഞ്ചോ ആറോ ആളുകൾക്ക് ഇക്വലൻസി സർട്ടിഫിക്കറ്റ് യൂണിവേഴ്സിറ്റി നൽകിയിട്ടുണ്ട്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കുന്ന വലിയൊരു അനീതിയാണ്. ഇത് അവസാനിപ്പിക്കണം. ഇക്കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഉന്നതവിദ്യാഭ്യാസ കൗൺസിലും ഇടപെടണം. ഇക്കാര്യത്തിൽ ബഹുമാനപ്പെട്ട അംഗത്തിന്റെ അഭിപ്രായം എന്താണ്?

ശ്രീ. എ. എൻ. ഷംസീർ: ശ്രീ. റ്റി. വി. രാജേഷ് ഉന്നയിച്ച പ്രശ്നം കേരളത്തിന്റെ അക്കാദമിക് മേഖല വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. മദർ യൂണിവേഴ്സിറ്റി കേരള യൂണിവേഴ്സിറ്റിയാണ്. കേരള യൂണിവേഴ്സിറ്റി ഒരു കോഴ്സിന് ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുത്താൽ സ്വാഭാവികമായും അത് മറ്റ് യൂണിവേഴ്സിറ്റികളും അംഗീകരിക്കേണ്ടതാണ്. പക്ഷെ നിർഭാഗ്യവശാൽ എം.എഡ്. പോലുള്ള സബ്ജക്ടുകൾക്ക് എം.ജി. തുടങ്ങിയ യൂണിവേഴ്സിറ്റികൾ ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കുന്നില്ല. അത് ഈ ബില്ലിന്റെ ഭാഗമായി ഗവൺമെന്റ് അഡ്രസ്സ് ചെയ്യേണ്ട വിഷയമാണ്. അത് അങ്ങയുടെ ശ്രദ്ധയിലുണ്ടോ?

ശ്രീ. കെ. രാജൻ: സർ, ഇക്വലൻസി സർട്ടിഫിക്കറ്റിനെക്കുറിച്ച് രണ്ടുപേരും സൂചിപ്പിച്ചുപോലെ അത് വളരെ ഗൗരവമായി ചർച്ച ചെയ്യേണ്ട വിഷയമാണ്. ഓരോ യൂണിവേഴ്സിറ്റിക്കും ഓരോ തലം തീരുമാനിക്കാൻ കഴിയില്ല. തലശ്ശേരി നിയോജക മണ്ഡലം എം.എൽ.എ. സൂചിപ്പിച്ചുപോലെ മദർ യൂണിവേഴ്സിറ്റി തീരുമാനിക്കുന്നതാണെങ്കിൽ അങ്ങനെ. പുറത്തുനിന്നുള്ള യൂണിവേഴ്സിറ്റികളിലും ഇതുപോലുള്ള പ്രശ്നമുണ്ട്. കോഴ്സുകളെ സംബന്ധിച്ച സബ്സിക്വന്റ് വിഷയങ്ങളിലാണ് തർക്കമുണ്ടാകുന്നത്. കോഴ്സുകളെ സംബന്ധിച്ച പൊതുവായ വിജ്ഞാപനമിറക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, ഇക്വലൻസിയുമായി ബന്ധപ്പെട്ട കോഴ്സുകളിൽ മാത്രമല്ല NAAC-ന്റെ ഉന്നത അക്രഡിറ്റേഷനുള്ള നല്ല സ്കോറുള്ള പല യൂണിവേഴ്സിറ്റികളിലും പഠിച്ച വിദ്യാർത്ഥികൾ കേരളത്തിലെ യൂണിവേഴ്സിറ്റികളിൽ വന്നുകഴിഞ്ഞാൽ ഇക്വലൻസിക്കുവേണ്ടി പോകുമ്പോൾ ഈ യൂണിവേഴ്സിറ്റികൾക്കൊക്കെ അംഗീകാരമുണ്ടോയെന്ന് ക്ലാർക്കുമാരടക്കമുള്ളവർ ചോദിക്കും.

ജെ.എൻ.യു. അടക്കമുള്ള യൂണിവേഴ്സിറ്റികളിൽ നിന്നുള്ള വിദ്യാർത്ഥികൾ വന്ന് കേരള യൂണിവേഴ്സിറ്റിയിലടക്കം അത്തരം സംഭവങ്ങൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. നേരത്തെ പറഞ്ഞതുപോലെ യു.ജി.സി. സ്കെയിലുമായി ബന്ധപ്പെട്ട് അങ്ങനെ പറ്റില്ലെന്നു പറയുന്ന ഒരു വലിയ വിഭാഗം ഇവിടെ അക്കാദമിക് മേഖലയിലുണ്ട്. എനിക്ക് തോന്നുന്നത് ഗ്ലോബൽ ലെവലിലുള്ള അക്കാദമിക് കൾച്ചറിലേയ്ക്ക് പോകാൻ വിസ്സമതിക്കുന്ന ധാരാളം ആളുകൾ കേരളത്തിലുള്ളതു കൊണ്ടായിരിക്കണം NAAC-ന്റെ ഉന്നതമായ അക്രഡിറ്റേഷൻ കേരളത്തിലെ യൂണിവേഴ്സിറ്റികൾക്ക് ലഭിക്കാതെ പോകുന്നത് എന്നാണ്. അതോടൊപ്പം ഇന്റർനാഷണൽ ലെവലിൽ റെക്കഗ്നൈസ് ചെയ്ത പബ്ലിക്കേഷനിൽ ഒന്നും അദ്ധ്യാപകർ വരാതെയും പോകുന്നത് അങ്ങനെയുള്ള അക്കാദമിക് കൾച്ചറിന്റെ ഭാഗമായി നിൽക്കാനുള്ള താല്പര്യമില്ലായ്മയാണെന്നാണ് എനിക്ക് തോന്നുന്നത്. ഈ ബില്ലിന്റെ ഭാഗമായി അങ്ങനെയൊരു അക്കാദമിക് കൾച്ചർ ബിൽഡ് ചെയ്യേണ്ടതുണ്ടെന്നാണ് എനിക്ക് തോന്നുന്നത്.

<u>ശ്രീ. എ. എൻ. ഷംസീർ</u>: സർ, സർവ്വകലാശാലകൾ റിസർച്ചിന്റെ കേന്ദ്രങ്ങളായി മാറണം. ഈ ബിൽ ചർച്ച ചെയ്യുമ്പോൾ, നിർഭാഗ്യവശാൽ നമ്മുടെ എത്ര സർവ്വകലാശാലകൾ റിസർച്ച് ഫ്രണ്ട്ലിയായി മാറുന്നുണ്ട്. റിസർച്ച് നടത്തുന്ന ഒരു വ്യക്തിയോട് പലപ്പോഴും സർവ്വകലാശാല ജീവനക്കാർക്ക് 'ഇവൻ വലിയ റിസർച്ചുകാരൻ' എന്ന ഒരു തരം പുച്ഛമാണ്. റിസർച്ച് ചെയ്യുന്ന ഒരു വിദ്യാർത്ഥി യൂണിവേഴ്സിറ്റിയിലേയ്ക്ക് പോകുമ്പോൾ അയാൾ എത്ര മാത്രം തിക്താനുഭവങ്ങൾ നേരിടുന്നു. എനിക്കറിയാവുന്ന എത്രയോ ആളുകൾ പാതി വഴിയിൽ റിസർച്ച് ഉപേക്ഷിക്കുന്ന നിലയുണ്ടായിട്ടുണ്ട്. റിസർച്ചിന് സാധാരണഗതിയിൽ കാലതാമസമുണ്ടാകും എന്നുള്ളത് സ്വാഭാവികമാണ്. പക്ഷെ യൂണിവേഴ്സിറ്റിക്ക് റിസർച്ച് തിസീസ് സമർപ്പിക്കുമ്പോൾ പലപ്പോഴും അത് സെക്ഷനിനകത്തിട്ട് ഉരുട്ടിക്കളിക്കുകയാണ്. ഇങ്ങനെയെല്ലാമുള്ള സമീപനങ്ങളാണ് കേരളത്തിലെ റിസർച്ച് മേഖലയ്ക്കകത്ത് ഒരു ക്രൈസിസുണ്ടാക്കുന്നത്. അത് ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിലുണ്ടോ?

<u>ഡോ. എൻ. ജയരാജ്</u>: സർ, ഒരു പ്രധാനപ്പെട്ട വിഷയം, സർവ്വകലാശാലയിൽ നിന്ന് റിട്ടയർ ചെയ്ത അദ്ധ്യാപകർക്ക് ഇന്നിപ്പോൾ റിസർച്ച് ഗൈഡാകാൻ കഴിയുന്നില്ല എന്നതാണ്. അനുഭവവും അറിവും വിദ്യാഭ്യാസവുമൊക്കെ ആ ഒരു

സാങ്കേതികത്വത്തിൽ മാത്രമാക്കി ഒതുക്കി നിർത്തുന്നത് ശരിയാണോ എന്ന് അങ്ങ് വിശ്വസിക്കുന്നുണ്ടോ? കാരണം റിട്ടയർ ചെയ്ത അദ്ധ്യാപകരിൽ വളരെ പ്രഗത്ഭരുണ്ട്. നല്ലതുപോലെ ഗൈഡ് ചെയ്ത ഒട്ടേറെ അദ്ധ്യാപകരുണ്ട്. പക്ഷെ അവർക്ക് അടുത്ത തലമുറയെ ഗവേഷണ രംഗത്തേയ്ക്ക് കൊണ്ടുവരാനായിട്ടുള്ള സാധ്യതകൾ അടയ്ക്കുന്ന ഒരു പ്രവണത, സർവ്വീസിലുള്ളവർക്ക് മാത്രമേ ഇപ്പോൾ ഗൈഡാകാൻ കഴിയുകയുള്ളൂവെന്ന ചില നിലപാടുകൾ എന്നിവ തിരുത്തപ്പെടണം. ഇവിടെ ഞാൻ ഒരു കാര്യം കൂടെ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഉന്നത വിദ്യാഭ്യാസരംഗത്തെ വളരെ ശാസ്ത്രീയമായി അപഗ്രഥിച്ചുകൊണ്ടാണ് അങ്ങ് കാര്യങ്ങൾ സംസാരിക്കുന്നത്. എനിക്ക് സൂചിപ്പിക്കാനുള്ളത്, ഈ വിഷയങ്ങളെല്ലാം വളരെ പ്രധാനപ്പെട്ടതാണ്. Equivalent Certificate ഉൾപ്പെടെ; ഗവേഷണം ഉൾപ്പെടെ; അക്കാദമിക് രംഗത്ത് പ്രത്യേകിച്ച് ബോർഡ് ഓഫ് സ്റ്റഡീസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ സമഗ്രമായ ഒരു മാറ്റമുണ്ടാക്കാൻ ഇതുപോലുള്ള ചെറിയ ബില്ലുകളല്ല വേണ്ടത്, പകരം വിദ്യാഭ്യാസരംഗത്ത് സമഗ്രമായ പഠനം നടത്തി, കാലത്തിന്റെ മാറ്റത്തിനനുസരിച്ച് ഗൗരവമായി ചർച്ച ചെയ്ത് ഉന്നതവിദ്യാഭ്യാസ രംഗത്തെ മാറ്റങ്ങൾക്ക് തുടക്കമിടാൻ കഴിയുന്ന സമഗ്രമായ ഒരു ബിൽ ബഹുമാന്യനായ മന്ത്രിയുടെ കാലയളവിൽത്തന്നെ കൊണ്ടുവരാൻ ഗവൺമെന്റ് മുൻകയ്യെടുക്കണമെന്നാണ് എന്റെ അഭിപ്രായം. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം അറിയാൻ എനിക്ക് താല്പര്യമുണ്ട്.

<u>ശ്രീ. കെ. രാജൻ</u>: സർ, ബോർഡ് ഓഫ് സ്റ്റഡീസ് എന്ന് ഉന്നയിച്ച വിഷയമുണ്ടല്ലോ. ഇതിനകത്ത് റിസർച്ചുമായി ബന്ധപ്പെട്ട ഒരു പ്രധാനപ്പെട്ട പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ എന്നെനിക്കറിയില്ല. കേന്ദ്ര ഗവൺമെന്റ് ബോധപൂർവ്വം എല്ലാ ഗവേഷണ പ്രവർത്തനങ്ങളും യൂണിവേഴ്സിറ്റികളിൽ നിന്ന് മാറ്റി സ്വകാര്യവത്കരിക്കാനുള്ള വലിയ ശ്രമം നടത്തുകയാണ്. ഞാൻ ഈ വിഷയം നിയമസഭയുടെ മുമ്പിൽ നേരത്തെ സബ്മിഷനായി കൊണ്ടുവന്നിട്ടുണ്ട്. Indian Council of Agricultural Research (ICAR) കേരളത്തിലെ കാർഷിക സർവ്വകലാശാലയ്ക്ക് കൊടുത്തുകൊണ്ടിരിക്കുന്ന 24 തസ്തികകളാണ് ഇപ്പോൾ വേണ്ടെന്ന് തീരുമാനിച്ചിരിക്കുന്നത്. തിരുവനന്തപുരത്തെ കേന്ദ്രം അടച്ചുപൂട്ടാനും അവർ ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ICAR-ന്റെ ഭാഗമായി കേരളത്തിലെ കാർഷിക മേഖലയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന റിസർച്ചുകളെല്ലാം ഇനി സ്വകാര്യവൽക്കരിക്കാനാണ് കേന്ദ്ര ഗവൺമെന്റ് ആലോചിക്കുന്നത്. വളരെ ഗൗരവപ്പെട്ട പ്രശ്നമാണ്. ഈ പ്രശ്നം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഒരു കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെയും സഭയുടെയും ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇവിടെ ഇത്ര വിശദമായ ഒരു ചർച്ച ഉയർന്നുവന്നത് വളരെ നല്ല കാര്യമാണ്. അതിനോടൊക്കെ യോജിച്ചു കൊണ്ടുതന്നെയാണ് ഞാൻ പറയുന്നത്. സർവ്വകലാശാലകളിൽ എന്ത് സംഭവിച്ചുകൊണ്ടിരിക്കുന്നു എന്നുള്ളതിനെക്കുറിച്ച് നമുക്കെല്ലാവർക്കുമറിയാം. നമ്മൾ മിതത്വം പാലിച്ച് പൊതിഞ്ഞ് കാര്യങ്ങൾ പറയുകയാണ്. ശ്രീ. റ്റി. വി. രാജേഷ് ഇപ്പോൾ മാഫിയ എന്നൊക്കെ പറഞ്ഞെങ്കിലും യഥാർത്ഥത്തിൽ എന്താണ് അവിടെ സംഭവിക്കുന്നതെന്ന് അറിയാം. സർവ്വകലാശാലകളുടെ അജണ്ടയിൽ വിദ്യാർത്ഥികൾക്ക് പ്രാധാന്യം വരാത്തിടത്തോളം കാലം ഇത് സംഭവിച്ചുകൊണ്ടിരിക്കും. അജണ്ടകളൊക്കെ അദ്ധ്യാപകന്റെയും ജീവനക്കാരന്റെയും സേവന വേതന പ്രശ്നങ്ങളാണ്. അതുകഴിഞ്ഞ് അവസാനം മറ്റ് അത്യാവശ്യ കാര്യങ്ങളൊക്കെ പറയുന്നതുപോലെയാണ് വിദ്യാർത്ഥികളുടെ കാര്യം വരുന്നത്. ഇവിടെ വൈസ് ചാൻസലറുടെയും പി.വി.സി.-യുടെയും മാത്രം പ്രശ്നമല്ല, സിൻഡിക്കേറ്റ് മെമ്പർമാർപോലും ഏറ്റവും ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടുന്ന ഒരു സംവിധാനമാണ് നമുക്കുള്ളത്. സർവ്വകലാശാലാ ഗസ്റ്റ് ഹൗസുകളിൽ രാവിലെ സിൻഡിക്കേറ്റ് യോഗം ആരംഭിക്കുന്നതിനുമുമ്പ് സിൻഡിക്കേറ്റ് മെമ്പർമാരെ തടഞ്ഞുവച്ച് സ്വാധീനിച്ച് അജണ്ട നിശ്ചയിച്ചുകൊടുക്കുന്ന പ്രവണത ഇവിടെയുണ്ട്. അതിന് അവസാനം കുറിച്ചുകൊണ്ടല്ലാതെ ഈ പറഞ്ഞ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ കഴിയില്ല. അതിനുള്ള ഇച്ഛാശക്തി ഈ സർക്കാർ കാണിക്കണമെന്നാണ് എനിക്ക് അഭിപ്രായപ്പെടാനുള്ളത്. അതിനുള്ള ഇച്ഛാശക്തി കാണിക്കുമോ എന്നുള്ളതാണ് അറിയേണ്ടത്.

ശ്രീ. ജെയിംസ് മാത്യു: സർ, ഭൂരിപക്ഷം അംഗങ്ങളും പറഞ്ഞ കാര്യങ്ങളെ സംബന്ധിച്ച് ബഹുമാന്യനായ മന്ത്രി തന്നെ മറുപടി പറയുമെന്ന് ഞാൻ പ്രതീക്ഷിക്കുകയാണ്. ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങളോട് പൂർണ്ണമായും ഞാൻ യോജിക്കുകയാണ്. ഇക്വലൻസി സർട്ടിഫിക്കറ്റിന്റെ കാര്യത്തിൽ തെറ്റിദ്ധാരണയുണ്ടാകരുത്. ഏത് സർവ്വകലാശാലയിൽ പോയി മറ്റേത് സർവ്വകലാശാലയുടെ കോഴ്സിന്റെ ഇക്വലൻസി സർട്ടിഫിക്കറ്റ് ആവശ്യപ്പെട്ടാലും അവർ കൊടുക്കില്ല. അത് കൊടുക്കുന്നതിന് ഒരു ഫോർമാലിറ്റിയുണ്ട്. അത് രജിസ്ട്രാർ മുഖാന്തരം ഏത് സർവ്വകലാശാലയുടെ കോഴ്സുമായിട്ടാണോ ഇക്വലൻസി ആവശ്യമുള്ളത്, ആ രജിസ്ട്രാർ മുഖാന്തരം ആ സിലബസും കണ്ടന്റുമെല്ലാം പരസ്പരം കൈമാറി, രണ്ടു സ്ഥലത്തെയും ബോർഡ് ഓഫ് സ്റ്റഡീസ് അംഗീകരിച്ച് അതിന്

ഒരു അപ്രൂവൽ നൽകിയാൽ മാത്രമേ ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുക്കാൻ സാധിക്കൂ. പലപ്പോഴും കുട്ടികൾ ചെയ്യുന്നത്, അവർക്കാവശ്യം വരുമ്പോൾ ഇക്വലൻസി സർട്ടിഫിക്കറ്റ് പോയി ചോദിക്കും. എന്നാൽ ഇക്വലൻസി സർട്ടിഫിക്കറ്റ് കിട്ടില്ല . പക്ഷേ ഞാൻ പറഞ്ഞ വിഷയവും ശ്രീ. ടി. വി. രാജേഷ് പറഞ്ഞ വിഷയവും അതല്ല. ഇക്വലൻസി സർട്ടിഫിക്കറ്റ് കൊടുത്തുവന്നിരുന്ന ഒരു സർവ്വകലാശാല തങ്ങൾ ഏത് സർവ്വകലാശാലയുടെ ഏത് കോഴ്സിനാണോ ഇക്വലൻസി കൊടുത്തുവന്നിരുന്നത് അത് ഒരു പ്രത്യേക സന്ദർഭത്തിൽ കൊടുക്കില്ലെന്ന് പറയുന്നു. അത് എന്തുകൊണ്ടാണ്? ഇക്വലൻസി കൊടുത്താൽ ഒരു candidate പുതുതായി വരുമെന്നുള്ളതുകൊണ്ട്. അത്രയും ആശാസ്യകരമല്ലാത്ത പ്രവണതപോലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ നിലനിൽക്കുന്നുവെന്ന് ചൂണ്ടിക്കാണിക്കുന്നതിലേയ്ക്കുവേണ്ടിയാണ് ഇത് പറഞ്ഞത്. റിസർച്ചുമായി ബന്ധപ്പെട്ട് ഇവിടെ സൂചിപ്പിച്ച കാര്യത്തോട് ഞാൻ യോജിക്കുകയാണ്. കണ്ണൂർ സർവ്വകലാശാല അതിന്റെ പ്രാരംഭദശയിൽ റിസർച്ച് സംബന്ധിച്ച് ഒരു നിലപാട് സ്വീകരിച്ചിരുന്നു. ഒരു ത്രസ്റ്റ് ഏരിയ ഡിഫൈൻ ചെയ്തു. ആ ത്രസ്റ്റ് ഏരിയയിൽ റിസർച്ച് ചെയ്യുന്നവർക്ക് ആവശ്യമാണെങ്കിൽ ഒരു ലക്ഷം രൂപവരെ സപ്പോർട്ട് ചെയ്യും. പത്ത് മേഖലകളാണ് ത്രസ്റ്റ് ഏരിയയായി ഡിഫൈൻ ചെയ്തത്. കണ്ണൂരായതുകൊണ്ട് അവിടുത്തെ പരമ്പരാഗത വ്യവസായങ്ങളുൾപ്പെടെ, മത്സ്യകൃഷി, കാർഷിക മേഖലയടക്കമുള്ള വിവിധ മേഖലയിൽ പൊതു സമൂഹത്തിനാവശ്യമായ മേഖലകളെ നിർണ്ണയിച്ചുകൊണ്ട് ത്രസ്റ്റ് ഏരിയ നിശ്ചയിച്ച് ഒരു ലക്ഷം രൂപവീതം 10 ലക്ഷം രൂപ ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചു. പണം നീക്കിവച്ചിട്ടും മറ്റെല്ലാ സൗകര്യം ചെയ്തുകൊടുക്കാമെന്ന് പറഞ്ഞിട്ടും 4 കൊല്ലത്തിനിടയിൽ റിസർച്ച് വർക്കിന് ഒരൊറ്റയാളും വന്നില്ല. കഴിഞ്ഞ കാലങ്ങളിലെല്ലാം കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ നടന്നിട്ടുള്ള റിസർച്ച് വർക്കിന്റെ ഔട്ട്പുട്ട് എന്താണെന്ന് പരിശോധിച്ചാൽ, പൊതു സമൂഹത്തിന് പിൽക്കാലത്ത് പ്രയോജനപ്പെട്ട റിസർച്ച് വർക്കുകൾ 10 ശതമാനത്തിൽ താഴെ മാത്രമാണ്. ഇത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ രണ്ടാമത്തെ ഗുരുതരമായ പ്രശ്നമാണ്. ഈ പ്രശ്നങ്ങളൊന്നും അഡ്രസ് ചെയ്യാതെ നമ്മുടെ വിദ്യാഭ്യാസ മേഖലയെ സമുദ്ധരിക്കാൻ സാധിക്കില്ല. ഇന്നിപ്പോൾ സർക്കാർ ഏറ്റെടുത്തിരിക്കുന്ന പൊതുവിദ്യാഭ്യാസ യജ്ഞം, ഒരുപക്ഷെ പ്ലസ് വൺ, പ്ലസ് ടു ക്ലാസുകളിലെ അദ്ധ്യാപകരെക്കാൾ ഉള്ളിൽതട്ടി ആത്മാർത്ഥതയോടുകൂടി അതേ അർത്ഥത്തിലും അതേ സ്പിരിറ്റിലും ഏറ്റെടുത്തിരിക്കുന്നത് എൽ.പി. സ്കൂളിലെയും യു.പി. സ്കൂളിലെയും അദ്ധ്യാപകരാണ്. കാരണം വേറൊന്നുമല്ല,

അവിടെ കുട്ടികളില്ലാത്തതുകൊണ്ടാണ്. സംസ്ഥാനത്ത് കുട്ടികളുടെ എണ്ണം കുറഞ്ഞതുകൊണ്ടല്ല. അൺ എയ്ഡഡ്/അൺ റെക്കഗ്നൈസ്ഡ് സ്കൂളുകൾ ധാരാളമായി വന്നപ്പോൾ പ്രാഥമിക വിദ്യാഭ്യാസ മേഖലയിൽ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ നിന്ന് ധാരാളം കുട്ടികൾ പോകുകയുണ്ടായി. യാഥാർത്ഥ്യം ബോധ്യപ്പെട്ടപ്പോൾ സർക്കാർ സമയോചിതമായി ഇടപെടുകയും അവർ സഹകരിക്കുകയും ചെയ്തു. എന്നാൽ കോളേജിനെ സംബന്ധിച്ച് അങ്ങനെയൊരു പ്രശ്നമില്ല, കാരണം ഇന്ന് ഒരു കോളേജ് അദ്ധ്യാപകനും ജോലി നഷ്ടപ്പെടുന്ന പ്രശ്നമില്ല. പക്ഷെ കോളേജ് അദ്ധ്യാപകർ ഉൾപ്പെടെ നമ്മുടെ ഉന്നതവിദ്യാഭ്യാസ മേഖലയെ സ്നേഹിക്കുന്നവർ മനസ്സിലാക്കേണ്ട ഒരു കാര്യം, വിദേശ സർവ്വകലാശാലകളുടെ കടന്നുവരവ് ഒരു വലിയ പ്രശ്നമായി നിലനിൽക്കുകയാണ്. ഇപ്പോൾ നമ്മൾ അതിനെ ശക്തിയുക്തം എതിർക്കുന്നു, അതിനോട് ഒരു നിലയിലും ഒരു കോംപ്രമൈസുമില്ല. പക്ഷേ നമ്മുടെ കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് വിദ്യാഭ്യാസ സ്ഥാപനങ്ങൾ മതിയാകാതെ വരുന്നുവെന്ന അവസ്ഥാവിശേഷം ഒരു യാഥാർത്ഥ്യമായി തീരുമ്പോൾ നമ്മൾ എന്തിനെല്ലാമെതിരായിട്ടാണോ നിലപാടുകൾ സ്വീകരിച്ചുപോരുന്നത്; അതൊക്കെ അതുപോലെ മുറുകെ പിടിച്ച് മുന്നോട്ടുപോകാൻ കഴിയണമെന്നില്ല. അത് നമ്മിൽ ആരുടെയെങ്കിലും തത്വാധിഷ്ഠിതമായ നിലപാടിന്റെ പ്രശ്നമായി നിലനിൽക്കേണ്ട കാര്യമല്ല. ഒരു പൊതുസമൂഹത്തിന്റെ ഗതിക്രമത്തിന്റെ പ്രശ്നമാണ്. ഇന്നിപ്പോൾ ഈ അഭിപ്രായം പ്രകടിപ്പിച്ച പ്രതിപക്ഷ അംഗങ്ങളും ഈ കാര്യങ്ങളെക്കുറിച്ച് നൂറുശതമാനം ശരിയായ നിലയിലാണ് അഭിപ്രായപ്രകടനം നടത്തിയിട്ടുള്ളത്. ഡോ. എൻ. ജയരാജ്, ഉന്നതവിദ്യാഭ്യാസ മേഖലയുടെ സംരക്ഷണത്തിനുവേണ്ടി സർക്കാർ നിയമനിർമ്മാണം നടത്തണമെന്നുൾപ്പെടെ സൂചിപ്പിച്ചിട്ടുണ്ട്. ഇതെല്ലാം അങ്ങേയറ്റം സ്വാഗതാർഹമാണ്. യഥാർത്ഥത്തിൽ ഇതെല്ലാം വച്ചുകൊണ്ട് സർക്കാർ വളരെ സത്യസന്ധവും സമയബന്ധിതവുമായി നടത്തുന്ന ഒരു ഇടപെടലിന്റെ ഭാഗമായിട്ടാണ് ഈ സിൻഡിക്കേറ്റിനെയും സെനറ്റിനെയും ക്രമപ്പെടുത്തുന്നത് സംബന്ധിച്ച ഭേദഗതി ബിൽ വരുന്നതെന്ന് പൂർണ്ണബോധ്യമുള്ളതുകൊണ്ടുതന്നെ ഇതിനെ പൂർണ്ണമായും പിന്തുണയ്ക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ വീണ്ടും അതേ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

കേരളത്തിലെ വിദ്യാഭ്യാസ മേഖല നേരിടുന്ന നിരവധി വിഷയങ്ങൾ ബഹുമാനപ്പെട്ട അംഗങ്ങളെല്ലാവരും ഉന്നയിക്കുകയുണ്ടായി. വളരെ വിജ്ഞാന പ്രദമായ പ്രസംഗങ്ങളാണ് ഞാനിവിടെ കേട്ടത്. നിയമസഭ ഈ സെഷനിൽ കൂടിയതിനുശേഷം ഇത്രയും ഉജ്ജ്വലമായ, വിദ്യാഭ്യാസ രംഗത്തുള്ള പണ്ഡിതരെക്കാൾ മികച്ച രീതിയിൽ വിഷയങ്ങൾ അവതരിപ്പിച്ച എല്ലാവരെയും ഞാൻ ആദ്യമേ അഭിനന്ദിക്കുകയാണ്. ശ്രീ. കെ. വി. അബ്ദുൾ ഖാദറിന്റെയും ശ്രീ. എം. സ്വരാജിന്റെയും തർക്കങ്ങൾ കേട്ടപ്പോൾ എനിക്ക് കുറച്ച് കാര്യങ്ങൾ മനസ്സിലായി. വളരെ ഉയർന്ന നിലവാരത്തിലുള്ള ചർച്ചകൾ സഭയിൽ നടന്നു എന്നുള്ളതിൽ എനിക്ക് വല്ലാത്ത അഭിമാനം തോന്നി. വിദ്യാഭ്യാസ മേഖല ഒരു സംസ്ഥാനത്തിന്റെ മാത്രം വിഷയമല്ല, ദേശീയ വിഷയമാണ്. സ്വാതന്ത്ര്യാനന്തര ഭാരതം 68 വർഷം പിന്നിട്ടപ്പോൾ ആറ് വയസ്സ് മുതൽ 14 വയസ്സുവരെ സാർവ്വത്രികവും നിർബന്ധിതവുമായ സൗജന്യ വിദ്യാഭ്യാസം നൽകണമെന്ന് ഭരണഘടനയിലെ ആർട്ടിക്കിൾ 21 (എ)-ൽ അനുശാസിക്കുന്നുണ്ട്. ഇന്നിത് പരിശോധിച്ചാൽ, ഇന്ത്യയിലെ മഹാഭൂരിപക്ഷം കുടുംബങ്ങളിലെയും കുട്ടികൾ ഇനിയും വിദ്യാലയങ്ങൾ കണ്ടിട്ടില്ല എന്നതാണ് ഇന്ത്യയുടെ ദേശീയാവസ്ഥ. ഭരണഘടനയിൽ വാഗ്ദാനം ചെയ്തിട്ടുള്ള വിദ്യാഭ്യാസ അവകാശം നടപ്പിലാക്കുന്നതിൽ ജവഹർലാൽ നെഹ്റുവിന്റെ കാലം മുതൽ പരാജയപ്പെട്ട ലക്ഷ്യമാണിത്. ഇന്ന് പുതിയ വിപത്താണ് ഇന്ത്യയിലെ വിദ്യാഭ്യാസരംഗം നേരിടുന്നത്. മനുവംശത്തിന്റെ സിദ്ധാന്തങ്ങളും ആശയങ്ങളും വിദ്യാഭ്യാസ രംഗത്ത് അടിച്ചേൽപ്പിച്ച് കാവി പൂതപ്പിക്കുന്നു എന്നുള്ള കാര്യം നമ്മളാരും കാണുന്നില്ല. എനിക്ക് മുമ്പ് സംസാരിച്ച ശ്രീ. ജെയിംസ് മാത്യു പറഞ്ഞതുപോലെ കേന്ദ്ര വിദ്യാഭ്യാസ ഗവേഷണ സ്ഥാപനങ്ങളെയെല്ലാം പിരിച്ചുവിട്ടപ്പോൾ ഇവിടെയാർക്കും വേദനയുണ്ടായിരുന്നില്ല. അവിടെയെല്ലാം ആർ.എസ്.എസ്.ന്റെ, സംഘപരിവാറിന്റെ ഉദ്യോഗസ്ഥർ അക്കാദമിക്കലായി ഒന്നും നൽകിയിട്ടില്ല. കേന്ദ്ര സർക്കാർ വിദ്യാഭ്യാസരംഗത്ത് നഗ്നമായ രാഷ്ട്രീയ ബലപ്രയോഗം നടത്തിക്കൊണ്ടിരിക്കുന്നു. അതുമാത്രമല്ല, സർവ്വകലാശാലകളുടെ സ്ഥിതി എന്താണ്? നമ്മുടെ കുട്ടികൾക്ക് ഗവേഷണം പൂർത്തിയാക്കാൻ കഴിയുന്നില്ല. സർവ്വകലാശാലകളെല്ലാം അഗ്നിപർവ്വതങ്ങളെപ്പോലെ നിൽക്കുകയാണ്. അതിൽ ഏറ്റവും വലിയ ദുരന്തമായ രോഹിത് വെമുലയെ നമ്മൾ ഓർക്കുന്നില്ലേ; പട്ടികജാതിയിൽപ്പെട്ട പ്രഗത്ഭനായ വിദ്യാർത്ഥിക്ക് ഗവേഷണ പഠനം പൂർത്തിയാക്കാൻ കഴിയാതെ അയാൾ മരണക്കുറിപ്പ് എഴുതി "എന്റെ ജന്മമാണ് എന്റെ ഈ ദുരന്തത്തിന് കാരണം." അതാണ് ഇന്ത്യയിലെ വിദ്യാഭ്യാസ രംഗം.

രോഹിത് വെമുലയുടെ ഈ അനുഭവം നമ്മുടെ രാജ്യത്തെ ഉന്നത വിദ്യാഭ്യാസ രംഗത്തെ വെല്ലുവിളിയാണ്. മറ്റൊരു അർത്ഥത്തിൽ കേരളത്തിലെ സർവ്വകലാശാലകളുടെ ഇടനാഴികളിലുള്ള കാര്യങ്ങളാണ് ചില എം.എൽ.എ.-മാർ സൂചിപ്പിച്ചത്. നമ്മുടെ സർവ്വകലാശാലകൾ ഇതിൽനിന്നും വിമുക്തമാണെന്ന് ഞാൻ കരുതുന്നില്ല. ജാതി വിവേചനമുണ്ട്, ധാരാളം അനുഭവങ്ങളുണ്ട്. അർഹരായിട്ടുള്ള പട്ടികജാതി, പിന്നോക്ക വിഭാഗക്കാരുടെ കാര്യങ്ങൾ സംബന്ധിച്ച് സർവ്വകലാശാലകളുടെ ചരിത്രം പരിശോധിച്ചാൽ ആത്മഹത്യ ചെയ്തില്ലെന്നുള്ളതല്ലാതെ അനുഭവങ്ങൾ വ്യത്യസ്തമല്ല. കേരളത്തിൽ പോലും അതുണ്ടാകുന്നത് നിർഭാഗ്യകരമാണ്. അതുപോലെ കേന്ദ്രത്തിന്റെ ഇപ്പോഴത്തെ നയം, വിദ്യാഭ്യാസ രംഗം എന്നുള്ളത് വിജ്ഞാനം നേടാനല്ല, നോളജ് കമ്മോഡിറ്റി ആകുകയാണ്. അതാണ് ഇന്നത്തെ ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ പ്രശ്നം. അറിവെന്ന് പറയുന്നത് വിൽപ്പന ചരക്കാകുകയാണ്. കലാശാലകൾ ഫാക്ടറികൾ ആകുകയാണ്. ഐ.എ.എസ്.-കാരെയും ഐ.പി.എസ്.-കാരെയും സൃഷ്ടിക്കുന്ന ഫാക്ടറിയായി നമ്മുടെ സർവ്വകലാശാലകൾ മാറുകയാണ്. നമ്മുടെ സമൂഹത്തിന്റെ ആഗ്രഹം വിക്രം സാരാഭായ്, എ.പി.ജെ. അബ്ദുൽ കലാം, ഹോമി ജെ. ഭാഭ, സി. വി. രാമൻ, രാമാനുജൻ, ജെ. സി. ബോസ്, രവീന്ദ്രനാഥടാഗോർ ഉൾപ്പെടെയുള്ള മഹാന്മാരാകണമെന്നുള്ളതല്ല. നമ്മുടെ സമൂഹത്തിൽ ഇങ്ങനെയുള്ള ലോക പ്രശസ്തരായ സാഹിത്യകാരന്മാർ, കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ ഇവരെയൊക്കെ സൃഷ്ടിച്ച സർവ്വകലാശാല ഇന്ന് ഐ.പി.എസ്.-കാരെയും ഐ.എ.എസ്.-കാരെയും സൃഷ്ടിക്കുന്ന കേവലം ഫാക്ടറികളായി മാറിയിരിക്കുകയാണ്. ഞങ്ങൾ അതാണ് ഇവിടെ പറഞ്ഞത്. ഇവിടെയുള്ള ആർക്കും മനസ്സിലാകാത്തത് അതാണ്. പ്രത്യേകിച്ചും എന്റെ വലതുഭാഗത്ത് ഇരിക്കുന്ന സുഹൃത്തുക്കൾക്ക്. ആഗോളവത്കരണത്തിന്റെ ഫലമായി എല്ലാം ചരക്കായി, കമ്പോളമായി, വിൽപ്പനയായി ലാഭം ഉണ്ടാക്കുന്ന സാമ്പത്തിക നയം ഇന്ത്യയിൽ നടപ്പിലാക്കിയപ്പോൾ ഗുരുതരമായ ദുരന്തത്തിലേയ്ക്കാണ് നമ്മുടെ രാജ്യം പോകുന്നതെന്ന് അന്ന് ഞങ്ങൾ വിരൽ ചൂണ്ടി. കോൺഗ്രസ്സുകാർ അധികാരത്തിൽ നിന്നും പോയ ദുരന്തം മാത്രമല്ല, ഇനി വന്നാലും ഈ ദുരന്തത്തിന്റെ സന്തതികളാകാൻ പോകുകയാണ്. നിങ്ങൾ തോണ്ടിയ ശവക്കുഴിയാണിത്. അവിടെ ഈ വിദ്യാഭ്യാസരംഗം ചെന്നുവീണു. ഇന്ന് വിദ്യാഭ്യാസം കച്ചവടമാണ്. കമ്പോളവത്കരിക്കപ്പെട്ടിരിക്കുകയാണ്. വിദ്യാഭ്യാസരംഗത്ത് തൊഴിൽ നൈപുണ്യം നേടുക എന്നുള്ളതാണ് ശ്രീ. നരേന്ദ്ര മോഡിയുടെ ഏറ്റവും വലിയ മുദ്രാവാക്യം. വിജ്ഞാനം നേടുക എന്നുള്ളതല്ല, വയറ്റിപ്പിഴപ്പിലേയ്ക്ക് വിദ്യാഭ്യാസം മാറുകയാണ്.

ലോകത്ത് ആധുനിക ഗവേഷണങ്ങൾപോലെയുള്ള കാര്യങ്ങളിലേയ്ക്ക് കുട്ടികൾ ചെന്നെത്തണമെന്നില്ല. ശാസ്ത്ര-സാങ്കേതിക രംഗങ്ങളിൽ അവിശ്വസനീയമായ നേട്ടങ്ങളാണ് മറ്റ് രാജ്യങ്ങൾ കൈവരിക്കുന്നത്. നമ്മളതിൽ വളരെ പുറകിലാണ്. അതുപോലെ ഉന്നത വിദ്യാഭ്യാസത്തിന്റെ സ്ഥിതി ബഹുമാനപ്പെട്ട മന്ത്രി അറിഞ്ഞിരിക്കണം. നമുക്ക് നല്ല വിദ്യാർത്ഥികൾ വേണമെങ്കിൽ പ്രീ-പ്രൈമറിയിൽ കൈവയ്ക്കണം. പ്രൈമറിയിലും പ്രീ-പ്രൈമറിയിലുമുള്ള കുട്ടികളെ ഭാവനാ സമ്പന്നരാക്കി അവർക്ക് എല്ലാ അടിസ്ഥാന സൗകര്യങ്ങളും വിഭവങ്ങളും ഒരുക്കി എന്റർടെയിൻ ചെയ്ത് പഠിക്കണമെന്നുള്ള ദാഹം അവർക്കുണ്ടാക്കണം. ഇന്ന് നമ്മുടെ ഗവൺമെന്റ് അക്കാര്യത്തിൽ ഒരുപാട് മുന്നോട്ട് പോയി. അതിന് ബഹുമാനപ്പെട്ട മന്ത്രിയെ ഞാൻ അഭിനന്ദിക്കുകയാണ്. പണ്ട് വിശന്നിരിക്കുന്ന കുട്ടികൾ കേരളത്തിൽ ധാരാളമായിരുന്നു. രാവിലെയും ഉച്ചയ്ക്കും ആഹാരമില്ല. പണ്ട് പുതിയ ഉടുപ്പിടാൻ കഴിയാത്ത കുട്ടികളുണ്ടായിരുന്നു. ഇന്ന് ആ മുഖമെല്ലാം മാറി. കഴിഞ്ഞ രണ്ട് വർഷക്കാലത്തിനിടയിൽ കേരളത്തിലെ ലക്ഷക്കണക്കിന് കുട്ടികൾക്ക് രാവിലെയും ഉച്ചയ്ക്ക് ആഹാരം, രണ്ട് ജോടി യൂണിഫോം, ഇഷ്ടം പോലെ പാഠപുസ്തകങ്ങൾ എന്നിവ കൊടുക്കുകയാണ്. പരീക്ഷ കഴിഞ്ഞാൽപ്പോലും പാഠപുസ്തകങ്ങൾ നിങ്ങൾ കൊടുത്തിരുന്നില്ല. ഞങ്ങൾ പരീക്ഷയ്ക്ക് മുമ്പ്, സ്കൂളുകൾ തുറക്കുന്നതിന് മുമ്പ് പാഠപുസ്തകങ്ങൾ കൊടുക്കുകയാണ്. നിങ്ങൾ ഉച്ചയ്ക്ക് ഭക്ഷണം കൊടുത്തില്ല, ഞങ്ങൾ ഭക്ഷണം കൊടുക്കുന്നു. കാരണം, ആ കുട്ടികളാണ് സർവ്വകലാശാലയിൽ വരാനുള്ളത്. അവർ പഠിക്കണം. ഇന്നത്തെ സ്ഥിതി എന്താണ്? ഇന്ത്യയിൽ ആറ് വയസ്സിനും പതിനേഴ് വയസ്സിനും മദ്ധ്യേ പ്രായമുള്ള 65 ദശലക്ഷം കുട്ടികൾ ഇപ്പോഴും സ്കൂളുകളിൽ എത്തിയിട്ടില്ല. പള്ളിക്കൂടത്തിന്റെ വരാന്തപോലും കാണാത്ത കുട്ടികൾ ഇന്ത്യയിലുണ്ട്. വിദ്യാലയങ്ങളിൽ എത്തിയവരിൽ ഒന്നാം സ്റ്റാന്റേർഡിൽ ചേർന്നാൽ അഞ്ചാം സ്റ്റാന്റേർഡിൽ എത്താതെ നൂറു പേരിൽ ഇരുപതു പേർ ഡ്രോപ്പ് ഔട്ട് ആകുന്നു. പത്താം സ്റ്റാന്റേർഡിൽ എത്തുമ്പോൾ 47 പേർ ഡ്രോപ്പ് ഔട്ട് ആകുന്നു. ഡ്രോപ്പ് ഔട്ടാണ് നമ്മുടെ വിദ്യാഭ്യാസ മേഖലയുടെ ഏറ്റവും വലിയ ദൗർബല്യം. എന്തുകൊണ്ട് കുട്ടികൾക്ക് തുടർച്ചയായി പഠിക്കാനും ക്ലാസിൽ വരാനും കഴിയുന്നില്ല; എന്തുകൊണ്ട് രക്ഷകർത്താക്കൾ ആ കാര്യത്തിലേയ്ക്ക് വരുന്നില്ല? ഇന്ന് കേരളം അത്ഭുതപൂർവ്വമായ കാഴ്ചയാണ് കാണുന്നത്. ഒരു ജനകീയ പ്രസ്ഥാനമായി കേരളത്തിലെ വിദ്യാഭ്യാസ മേഖല മാറിക്കഴിഞ്ഞിരിക്കുകയാണ്. എല്ലാ രാഷ്ട്രീയക്കാരും പഞ്ചായത്ത് മെമ്പർമാരും ബ്ലോക്ക് പ്രസിഡന്റുമാരും എം.എൽ.എ.-മാരും എം.പി.-മാരും സ്കൂളുകളിലെ പരിപാടികൾക്ക്

ഓടിയെത്തുകയാണ്. പണ്ട് സ്കൂളുകളിലെ പരിപാടികൾക്ക് വിളിച്ചാൽ ഞാനടക്കം പോകില്ലായിരുന്നു. ഇന്ന് സ്കൂളുകളിലെ പി.ടി.എ. വളരെ ശക്തമാണ്. കേരളം ഇന്ന് ഇന്ത്യയ്ക്കൊരു മാതൃകയാണ്. ഇത് മനുവംശത്തിന്റെ വിദ്യാഭ്യാസമല്ല, പുരോഗമന ഇടതുപക്ഷ മതേതര ചിന്താഗതി നമ്മുടെ വിദ്യാഭ്യാസത്തിന്റെ ഉള്ളടക്കത്തിൽ വരുത്താനുള്ള സാഹസികമായ ശ്രമമാണ്. വടക്കേ ഇന്ത്യയിൽ നടക്കുന്നത് അതല്ല, മഹാത്മാഗാന്ധിയെ തമസ്കരിച്ച് അദ്ദേഹത്തിന്റെ കൊലയാളിക്കുവേണ്ടി മന്ദിരം നിർമ്മിക്കുന്ന വിദ്യാഭ്യാസ പരിഷ്കാരമാണ് നടക്കുന്നത്. ഗോഡ്സേയാണ് രാജ്യത്തിന്റെ പിതാവെന്ന് പഠിപ്പിച്ചുകൊണ്ടിരിക്കുന്ന കാലമാണ്. നിങ്ങൾപോലും കാര്യമെല്ലാം കഴിഞ്ഞപ്പോൾ മഹാത്മാഗാന്ധിയെ ഉപേക്ഷിച്ചു. ഇപ്പോൾ ബി.ജെ.പി.-ക്കാരനായ ശ്രീ. നരേന്ദ്ര മോദിയാണ് മഹാത്മാഗാന്ധിയെന്നാണ് പറയുന്നത്. അങ്ങനെ പറയാൻ അദ്ദേഹം പുരാണങ്ങളായ രാമായണവും മഹാഭാരതവും വേദങ്ങളുമെല്ലാം കുട്ടികളെ പഠിപ്പിക്കാൻ പോകുകയാണ്. അത് പഠിച്ചുവന്നാൽ മതേതരത്വത്തിന്റെ കശാപ്പാണ്.

ഇന്ത്യൻ വിദ്യാഭ്യാസത്തിന്റെ ഏറ്റവും വലിയ മെസേജ് സെക്കുലറിസമാണ്. ഇന്ന് കോളേജുകളിൽ നടക്കുന്നത് അതാണോ? ഡെമോക്രസിയാണ് നമ്മൾ ഉയർത്തിപ്പിടിക്കുന്നത്. ജനാധിപത്യം, മതേതരം, സമാധാനം ഇവയെല്ലാം പഠിക്കേണ്ടതും ഡിബേറ്റ് ചെയ്യേണ്ടതുമായ ക്ലാസ് മുറികളും വേദികളുമെല്ലാം ഇന്ന് അപകടകരമായ വഴിയിലേയ്ക്ക് നീങ്ങുകയാണ്. ഈ രാജ്യം നമ്മൾ കാണുന്നതിനേക്കാൾ അന്ധകാരപൂർണ്ണമായ രീതിയിലേയ്ക്ക് പോകുകയാണ്, അതാണ് വിദ്യാഭ്യാസ മേഖലയിൽ ശ്രദ്ധിക്കേണ്ടത്. ഇന്ന് ശ്രീ. നരേന്ദ്രമോദി ചെയ്യുന്ന കാര്യങ്ങൾ തന്നെയാണ് ഹിറ്റ്ലർ ജർമ്മനിയിലും നടത്തിയത്. ദേശാഭിമാനത്തിന്റെ വ്യാജമായ ആവേശം കുത്തിവച്ച് ജർമ്മനിയിലെ ന്യൂജനറേഷനിലുള്ള ചെറുപ്പക്കാരെ വഴിതെറ്റിച്ച് പട്ടാളത്തിൽ ചേർത്ത് ഫാസിസം അടിച്ചേൽപ്പിക്കാൻ ലോകത്തുവന്ന ഭരണാധികാരിയാണ് ഹിറ്റ്ലർ.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ശ്രീ. നരേന്ദ്രമോദിയുടെ നയവും അതാണ്. എല്ലാവർക്കും തൊഴിൽ കൊടുക്കും, തൊഴിലാളികൾക്ക് പുതിയ സൗകര്യങ്ങൾ കൊടുക്കും എന്നിങ്ങനെ അതിശക്തമായ പ്രചരണമാണ് നടത്തുന്നത്. എന്നാൽ അതിന്റെ പിന്നിലുള്ളത് ലഭിച്ചുക്കൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ കശാപ്പുചെയ്യുക എന്നതാണ്. മതസ്വാതന്ത്ര്യം വിഭാവന ചെയ്യാൻ കഴിയുമോ; ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്, ഇന്ത്യയിലല്ലാതെ മറ്റെവിടെയെങ്കിലും കഴിയുമോ; നിങ്ങളെന്താണ് ഇങ്ങനെയിരിക്കുന്നത്;

മതന്യൂനപക്ഷത്തെ കശാപ്പുചെയ്യാൻ ബി.ജെ.പി. നിൽക്കുമ്പോൾ നിങ്ങൾ എത്ര സങ്കുചിതമായിട്ടാണ് തൽക്കാല ശാന്തിക്കുവേണ്ടി നിൽക്കുന്നത്; നിങ്ങൾ നിൽക്കേണ്ട സ്ഥലം ഇതാണോ? ഇന്ത്യയെയും ഇന്ത്യയിലെ മതന്യൂനപക്ഷങ്ങളെയും മതേതരത്വത്തെയും രക്ഷിക്കാൻ ഇന്ത്യയിലെ ജനങ്ങൾ ഒറ്റക്കെട്ടായി കോൺഗ്രസ്സേതര, ബി.ജെ.പി.യേതര ചേരിയിലേയ്ക്ക് നീങ്ങുന്നു. രാജ്യം അത്യന്തം അപകടത്തിലാണ്. ആ അപകടം നിങ്ങൾ കാണണം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഈ സംസാരം കേൾക്കുമ്പോൾ അങ്ങയുടെ പാർട്ടിയുടെ നയത്തിൽ മാറ്റം വന്നുവെന്ന് തോന്നുകയാണ്. കാരണം ബി.ജെ.പി.-യേതര കോൺഗ്രസേതര മുന്നേറ്റമെന്ന് ഇവിടെ പറഞ്ഞു. ഇന്നത്തെ ഇന്ത്യൻ സാഹചര്യത്തിൽ ഫാസിസത്തെ താഴെയിറക്കാൻ കോൺഗ്രസുമായി ചേർന്നുള്ള പോരാട്ടമാണ് വേണ്ടതെന്നാണ് സി.പി.ഐ.-യുടെ നയം. ആ നയത്തിന് ഇപ്പോൾ എന്തെങ്കിലും മാറ്റം വന്നിട്ടുണ്ടോ? സി.പി.ഐ.(എം.)-ലെ ഒരു വിഭാഗം പറയുന്നതുപോലെ, ശ്രീ. സീതാറാം യെച്ചൂരി അങ്ങനെ പറയുന്നില്ല, കോൺഗ്രസിനേയും ബി.ജെ.പി.-യേയും മാറ്റി നിർത്തി ഇന്ത്യാ രാജ്യത്ത് എന്ത് മാറ്റമാണ് വരുത്താൻ പോകുന്നത്? ബി.ജെ.പി. പരാജയപ്പെടണമെങ്കിൽ കോൺഗ്രസ് ജയിക്കണ്ടേ? അതല്ലേ ഇന്നത്തെ ഇന്ത്യൻ സാഹചര്യം.

ശ്രീ. സി. ദിവാകരൻ: സർ, നിങ്ങൾക്ക് കൂടുതൽ സംശയമുണ്ടെങ്കിൽ ശ്രീ. കെ. എൻ. എ. ഖാദറിനോട് ചോദിച്ചാൽ മതി. സി.പി.ഐ. എന്നും ക്ലിയറായിരുന്നു. ശ്രീ. കെ. എൻ. എ. ഖാദർ ഉണ്ടായിരുന്നപ്പോഴും അദ്ദേഹം പോയപ്പോഴും സി.പി.ഐ.-ക്ക് ഒരു നയം തന്നെയാണ്. അതിൽ സംശയം വേണ്ട. ഞങ്ങളുടെ നയപരിപാടികൾ വിശദീകരിക്കാൻ ഞങ്ങൾക്കറിയാം. അതിന് അങ്ങയുടെ സഹായം വേണ്ട.

ഞാൻ എന്റെ വിഷയത്തിലേയ്ക്ക് വരാം. ചുരുക്കത്തിൽ 100 കുട്ടികൾ ഒന്നാം സ്റ്റാന്റേർഡിൽ ചേർന്നാലും പത്താം സ്റ്റാന്റേർഡ് ആകുമ്പോൾ അത് 53 പേർ മാത്രമാകും. ഇതുമാത്രമല്ല, ഞെട്ടിപ്പിക്കുന്ന മറ്റൊരു വിഷയം കൂടിയുണ്ട്. ഇന്ത്യയിലെ 18-നും 24-നും മധ്യേ പ്രായമുള്ള 17 ശതമാനം പുരുഷവിഭാഗത്തിനും 10 ശതമാനം സ്ത്രീ വിഭാഗത്തിനും ഉപരിപഠനം അസാദ്ധ്യമായി മാറുകയാണ്. കേരളത്തിലെ സ്ഥിതിയല്ല. കേരളത്തിലെ സ്ഥിതിവച്ച് ഇന്ത്യയെ കാണരുത്. കേരളമാണ് ഇന്ത്യയെങ്കിൽ പ്രശ്നങ്ങളില്ല. കേരളമായി ഇന്ത്യ വരണമെന്നാണ് എല്ലാവരും ആഗ്രഹിക്കുന്നത്. ഇന്നത്തെ കേരളമാണ് നാളത്തെ ഇന്ത്യ. അതുകൊണ്ടാണ് നിങ്ങൾ അതിനെക്കുറിച്ച് ആലോചിക്കണമെന്ന് ഞാൻ

ലീഗുകാരോട് പറയുന്നത്. ഇന്നത്തെ കേരളമല്ല, നാളെ ഈ കേരളം മാറും. നിങ്ങൾ ഇതിനോടൊപ്പം വന്നേ മതിയാകൂ. ഇല്ലെങ്കിൽ നിങ്ങളുടെ യാതൊരു കാര്യവും ഇവിടെ നടക്കില്ല. പട്ടാളവും അധികാരവുമുള്ള അറബ് രാജ്യങ്ങളെ കണ്ടോ; അമേരിക്കക്കാർ കശാപ്പുചെയ്ത് തള്ളുകയല്ലേ; ഇവിടെ ആരെങ്കിലും മിണ്ടുന്നുണ്ടോ; എത്ര രാജ്യങ്ങളായി; എല്ലാം പോയില്ലേ; ഗദ്ദാഫിയെ വരെ കൊന്നില്ലേ; ലിബിയയും ഈജിപ്റ്റും ഇറാഖും ഡെമാസ്കസും പോയില്ലേ. എന്തെങ്കിലും ചെയ്തോ? അതുകൊണ്ട് നിങ്ങൾക്ക് വിശ്വസിക്കാൻ കഴിയുന്നത് എൽ.ഡി.എഫ്.-നെയാണ്. വിദ്യാഭ്യാസ പരിഷ്കാരങ്ങൾ നടത്തുന്നതിൽ ലീഗ് പ്രത്യേകമായി ശ്രദ്ധിക്കണം. നിങ്ങൾ വിദ്യാഭ്യാസ വകുപ്പ് കൈകാര്യം ചെയ്തവരാണ്. അന്നത്തേക്കാൾ എന്ത് മൗലികമായ മാറ്റമാണ് ഇവിടെയുണ്ടായിരിക്കുന്നത്. അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് സ്കൂളുകൾ വരികയാണ്. ഇവിടെയിരിക്കുന്ന സർവ്വ എം.എൽ.എ.-മാരുടെയും മണ്ഡലത്തിലെ ഒരു സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് വരികയാണ്. നിങ്ങൾക്ക് ചെയ്യാമായിരുന്നില്ലേ; 5 വർഷം നിങ്ങൾ എന്തെങ്കിലും ചെയ്തോ? ഒരു മണ്ഡലത്തിൽ ഒരു മിഡിൽ സ്കൂൾ സ്ഥാപിക്കുന്നതിന് 3 കോടിരൂപ, പ്രൈമറി സ്കൂളിന് ഒരു കോടി രൂപ. ഇങ്ങനെ കോടിക്കണക്കിന് രൂപ ചെലവാക്കി കുട്ടികളെ ആകാശംമുട്ടെ ഉയർത്തുകയാണ്. ശ്രീ. കെ. എൻ. എ. ഖാദർ, എവിടെയായിരുന്നു നിങ്ങളുടെ വിദ്യാഭ്യാസ വകുപ്പ്. അപ്പോൾ നിങ്ങൾ ഇതിനെ എതിർക്കുകയല്ല വേണ്ടത്. ഏകകണ്ഠമായി ഈ ബിൽ പാസ്സാക്കണം. കേരള യൂണിവേഴ്സിറ്റിയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി കഴിഞ്ഞു. ഏത് പരിഷ്കൃത ഗവൺമെന്റും ചെയ്യുന്നതാണ്. തൽക്കാലം അത് പിരിച്ചുവിട്ട് ഒരു കമ്മിറ്റിയെ നിയമിക്കുക, ആ കമ്മിറ്റി ക്രമവൽക്കരിക്കുക, അടുത്ത ഇലക്ഷൻ നടത്തുക. ഇതിനകത്ത് എന്ത് മഹാപാപമാണുള്ളത്. നിങ്ങൾ ചെയ്തില്ലേ? അതിന്റെ രേഖ എന്റെ കയ്യിലുണ്ട്. നിങ്ങളുടെ ഭരണകാലത്ത് ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ ചെയ്തില്ലേ; കെ. ചന്ദ്രശേഖരന്റെ ഭരണകാലത്ത് ചെയ്തില്ലേ? അതുകൊണ്ട് ഇപ്പോൾ അതൊരു മഹാപാപമായി പറയേണ്ട. ദയവുചെയ്ത് സന്തോഷമായി ഈ ഭേദഗതി ബിൽ അംഗീകരിക്കണമെന്ന് നിങ്ങളോട് അപേക്ഷിക്കുന്നു. ഞാൻ ഇതിനെ പൂർണ്ണമായി പിന്തുണയ്ക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, മൂന്ന് ചെറിയ ബില്ലുകളെ നിമിത്തമാക്കി കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല എവിടെവരെ എത്തണമെന്ന വലിയ സ്വപ്നങ്ങൾ കണ്ടുകൊണ്ടുള്ള ചർച്ചകളാണ് ഇവിടെ

നടന്നത്. ഈ ചർച്ചയിൽ പങ്കെടുത്ത എല്ലാവർക്കും അഭിനന്ദനങ്ങളും നന്ദിയും അറിയിക്കുകയാണ്. നിയമസഭ ഒരു മേഖലയെ ചക്രവാളത്തോളം എങ്ങനെ ഉയർത്താമെന്ന് സ്വപ്നം കാണുന്ന നിമിഷങ്ങളാണ് നമ്മൾ കണ്ടത്. ആ സ്വപ്നം യാഥാർത്ഥ്യമാക്കുന്ന ഒരു തലത്തിലേയ്ക്ക് ഈ മേഖലയെ കൊണ്ടുവരണമെന്ന് തന്നെയാണ് സംസ്ഥാന സർക്കാരും വിദ്യാഭ്യാസ വകുപ്പും ആഗ്രഹിക്കുന്നത്. രണ്ടുവർഷം മുമ്പ് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയും പ്രാഥമിക വിദ്യാഭ്യാസ മേഖലയും ലോകത്തിന് മാതൃകയായി വളരുമെന്ന് പറഞ്ഞപ്പോൾ അത് യാഥാർത്ഥ്യമാകുമോ എന്ന സംശയം പലരിലും ഉണ്ടായിരുന്നു. എന്നാൽ വളരെ കൃത്യമായി ആസൂത്രണം ചെയ്തുകൊണ്ട് മിനിറ്റ് ബൈ മിനിറ്റ് പ്ലാൻ ചെയ്തുകൊണ്ട് കേരളത്തിന്റെ പൊതുവിദ്യാഭ്യാസ മേഖലയെ ഈ രൂപത്തിൽ സംസ്ഥാന സർക്കാർ എത്തിക്കുകയാണ്. അതിന്റെ ചുവടുപിടിച്ചുകൊണ്ട് പ്രാഥമിക മേഖലയുടെ തുടർച്ചയായിട്ടാണ് ഉന്നതവിദ്യാഭ്യാസ മേഖലയിൽ മാറ്റം വരേണ്ടതെന്ന് മനസ്സിലാക്കിക്കൊണ്ട്, ഇഞ്ചോടിഞ്ച് പ്ലാൻ ചെയ്തുകൊണ്ട് ഉന്നതവിദ്യാഭ്യാസ മേഖലയെ വളർത്താൻ തന്നെയാണ് ഉന്നതവിദ്യാഭ്യാസ വകുപ്പും സർക്കാരും ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അത്തരത്തിലുള്ള ശ്രമത്തിന് രാസത്വരകമായി ഈ ചർച്ച മാറുമെന്ന കാര്യത്തിൽ തർക്കമില്ല.

ഈ ചർച്ചകളിൽ രണ്ട് കാര്യങ്ങളിൽ മാത്രം യോജിക്കാൻ കഴിയാത്തതുകൊണ്ട് ഞാനത് ആദ്യം പറയട്ടെ, ഒന്ന്, ഈ ബിൽ രാഷ്ട്രീയപ്രേരിതമാണെന്നും അപ്രസക്തമാണെന്നും പറഞ്ഞു. അത് തെറ്റാണ്. ഞാൻ ഇവിടെ പറഞ്ഞു, ഈ മൂന്നു ബില്ലോടുകൂടി ഇവിടെ പറഞ്ഞ തലത്തിലേയ്ക്ക് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖല ഉയരുമെന്ന് ആരും കരുതുന്നില്ല, വിദ്യാഭ്യാസ വകുപ്പും കരുതുന്നില്ല. ഇനിയും സമഗ്രമായിട്ടുള്ള മാറ്റങ്ങൾ വരേണ്ടതുണ്ട്. ഇവിടെ സമഗ്രമായിട്ടുള്ള നിയമനിർമ്മാണം വേണമെന്ന് പലരും സൂചിപ്പിച്ചു. ഉന്നതവിദ്യാഭ്യാസ മേഖലയെ നാം ഉദ്ദേശിക്കുന്ന തലത്തിലേയ്ക്ക് ഉയർത്താനാവശ്യമായ എല്ലാ സമഗ്ര നിയമങ്ങളും സർക്കാർ നിർമ്മിക്കുമെന്ന കാര്യത്തിൽ ഒരു സംശയവും വേണ്ട; അത് നടത്തും. അത്തരത്തിൽ ഈ പറയുന്ന നിയമങ്ങൾ ഓരോന്നും ഉണ്ടാക്കിക്കൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയെ ഉയർത്താൻ ശ്രമിക്കുമ്പോൾ ഈ ബിൽ രാഷ്ട്രീയ പ്രേരിതമാണെന്നോ അപ്രസക്തമാണെന്നോ ഉള്ള രണ്ട് ആശയങ്ങൾ ഇല്ലെന്നും അല്ലെങ്കിൽ അത് തെറ്റാണെന്നും ഇത് ജനകീയവും അക്കാദമികവുമാണെന്നും തന്നെയാണ് എനിക്ക് സൂചിപ്പിക്കുവാനുള്ളത്. ഈ ചർച്ചയിൽ പല മേഖലകളെക്കുറിച്ചും വളരെ

വിശദമായി പറഞ്ഞു. കേരളത്തിലെ സർവ്വകലാശാലകളെക്കുറിച്ച് പലരും പറഞ്ഞു. എന്റെ ഒരഭിപ്രായം, രണ്ടുവർഷക്കാലത്തിന് മുമ്പുവരെ സർവ്വകലാശാലയുടെ പ്രവർത്തകനായിരുന്ന എന്ന രീതിയിലും രണ്ടുവർഷം വിദ്യാഭ്യാസ മന്ത്രിയെന്ന രീതിയിലുമുള്ള അനുഭവം വച്ചുകൊണ്ട് കേരളത്തിന്റെ സർവ്വകലാശാലകളെ കുറച്ച് കാണരുത് എന്നൊരു അഭ്യർത്ഥനയുണ്ട്; കുറവുകളുണ്ടാവാം. ഇത്തരത്തിലാണ് വിദ്യാഭ്യാസവകുപ്പ് അതിനെ കാണുന്നത്. കുറവുകളെ നികത്തിക്കൊണ്ട് അതിനനുസരിച്ചുള്ള നിയമനിർമ്മാണം നടത്തിക്കൊണ്ടും സാമ്പത്തികസഹായം നൽകിക്കൊണ്ടും അക്കാദമിക് സപ്പോർട്ട് നൽകിക്കൊണ്ടും ഇപ്പോഴുള്ള തലത്തിൽനിന്ന് കൂടുതൽ ഉയരങ്ങളിലേയ്ക്ക് സർവ്വകലാശാലകളെ എത്തിക്കണം. കേരളത്തിലെ സർവ്വകലാശാലകളെക്കുറിച്ച് വളരെ വിശദമായി പറയാൻ ഞാൻ ഈ സമയം ഉപയോഗിക്കുന്നില്ല. എന്നാൽ കുറച്ച് കാണരുതെന്ന് കഴിഞ്ഞ ചർച്ചയിൽ ഞാൻ പറഞ്ഞതാണ്. ഇൻഡ്യയിലെ ആയിരക്കണക്കിന് സർവ്വകലാശാലകൾ റാങ്ക് ചെയ്യപ്പെട്ടതിൽ കേരള സർവ്വകലാശാല 30-ാമത്തെ റാങ്കിൽ നിൽക്കുകയാണ്. അത് അത്ര കുറവല്ല. അതുപോലെതന്നെ മറ്റ് എല്ലാ സർവ്വകലാശാലകളും, ഓരോന്നിന്റെയും റാങ്കൊന്നും ഞാൻ പറയുന്നില്ല.

കഴിഞ്ഞ ദിവസം കൊച്ചിൻ യൂണിവേഴ്സിറ്റിയിൽ (കുസാറ്റ്) 'ശാസ്ത്രയാൻ' എന്ന ഒരു പരിപാടി സംഘടിപ്പിച്ചു. ഇതിൽ എത്രപേർ അത് കണ്ടുവെന്ന് എനിക്കറിയില്ല. എന്താണ് യൂണിവേഴ്സിറ്റി? കേരളത്തിലുള്ളത് ചെറുതാണെന്ന് നമ്മൾ കരുതുന്നുണ്ടെങ്കിൽ, ആ യൂണിവേഴ്സിറ്റിയിൽ നടക്കുന്ന ഗവേഷണം എന്താണെന്ന് മനസ്സിലാക്കാൻ ശാസ്ത്രയാൻ ആസ്വദിക്കേണ്ടതായിരുന്നു. കേരളത്തിൽ ഇന്ന് നടന്നുകൊണ്ടിരിക്കുന്ന ഗവേഷണങ്ങൾ എന്തൊക്കെ യാണെന്നും എങ്ങനെയാണ് അതിനെ കൂടുതൽ ശക്തമാക്കേണ്ടതെന്നും നമുക്ക് മനസ്സിലാക്കാൻ കഴിയും. കഴിഞ്ഞ ദിവസം മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ശാസ്ത്രയാൻ നടക്കുമ്പോൾ അവിടെയുണ്ടായിരുന്ന ഗവേഷണങ്ങളെക്കുറിച്ച് ജനങ്ങളെ അറിയിക്കാനുള്ള അവസരമുണ്ടായി. ഞാൻ അവിടെ ചെന്നപ്പോൾ നാനോ ടെക്നോളജി വകുപ്പ് വളരെ പ്രധാനപ്പെട്ട ആധുനിക ഗവേഷണങ്ങൾ നടത്തിക്കൊണ്ടിരിക്കുകയാണ്. ലോകത്തിൽ ആദ്യമായി ഗോൾഡിന്റെ നാനോ പാർട്ടിക്കിൾസ് ആശയം എന്ന രീതിയിലും തിയറി എന്ന രീതിയിലും മുമ്പ് വന്നിട്ടുണ്ട്. എന്നാൽ ഗോൾഡിന്റെ നാനോ പാർട്ടിക്കിൾസ് ഉണ്ടാക്കുവാനുള്ള ഒരു ശ്രമം നടക്കുന്ന സ്ഥലം ഞാൻ വായിച്ചിടത്തോളം മറ്റെങ്ങുമില്ല. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ അതുണ്ടെന്ന് നമ്മൾ മനസ്സിലാക്കേണ്ടിയിരിക്കുന്നു. ഞാൻ

അവിടെ ചെല്ലുന്നതിന്റെ തലേദിവസം പത്രത്തിൽ ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പ് എന്നുപറയുന്ന ഉപകരണത്തിലൂടെ ഒരു പുതിയ തരത്തിലുള്ള കണ്ടുപിടിത്തം നടത്തിയതിന് നോബൽ സമ്മാനം ലഭിച്ചതിന്റെ വാർത്ത വന്നിരുന്നു. നമ്മുടെ ശരീരത്തിലുള്ള സെല്ലിന്റെ അപാകതകളും കുറവുകളും എന്താണെന്ന് മനസ്സിലാക്കാൻ ആ സെല്ലിലേയ്ക്ക് ഫാസ്റ്റ് മൂവിംഗ് ഇലക്ട്രോൺസിനെ കടത്തിവിട്ട് അതിന്റെ ചിത്രം എടുക്കുകയാണ് പതിവ്. അങ്ങനെ ചിത്രം എടുക്കുമ്പോൾ ഫാസ്റ്റ് മൂവിംഗ് ഇലക്ട്രോൺസ് സ്ട്രൈക്ക് ചെയ്യുമ്പോൾ ഈ സെല്ല് നശിച്ചുപോകുകയാണ് അല്ലെങ്കിൽ മരിച്ചുപോകുകയാണ് ചെയ്യുന്നത്. അതായത്, ഇപ്പോൾ നമ്മൾ എടുക്കുന്നതിൽ പലതും മരിച്ച സെല്ലിന്റെ പടങ്ങളാണ് എന്നർത്ഥം. ലോകത്ത് ജീവിച്ചിരിക്കുന്ന സെല്ലിന്റെ ചിത്രം എങ്ങനെ യെടുക്കാമെന്നുള്ള വലിയൊരു ഗവേഷണം നടക്കുകയാണ്. ഇലക്ട്രോൺ മൈക്രോസ്കോപ്പിനെ മൈനസ് 193 ഡിഗ്രി വരെ തണുപ്പിച്ച് ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പാക്കി ആ ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പിൽ വച്ച് ഈ സെല്ലിലെ ഇലക്ട്രോൺസ് സ്ട്രൈക്ക് ചെയ്തപ്പോൾ മരിക്കാത്ത സെല്ലിന്റെ പടം കിട്ടി. അതിനാണ് ഇപ്രാവശ്യം നോബൽ സമ്മാനം കിട്ടിയത്. ഈ ക്രയോ ഇലക്ട്രോൺ മൈക്രോസ്കോപ്പ് ഉപയോഗിച്ച് മരിക്കാത്ത സെല്ലിന്റെ പടമെടുത്ത ഗവേഷണത്തിനാണ് കഴിഞ്ഞ തവണ നോബൽ സമ്മാനം കിട്ടിയത്. ആ ഗവേഷണം നടന്നതിന്റെ പിറ്റേദിവസം ഞാൻ എം. ജി. സർവ്വകലാശാലയിൽ പോകുകയും ഇങ്ങനെയൊരു ഗവേഷണത്തിന് നോബൽ സമ്മാനം ലഭിച്ചതിനെക്കുറിച്ച് നമ്മുടെ സർവ്വകലാശാല ചർച്ച ചെയ്തിട്ടുണ്ടോ എന്നും ചോദിച്ചപ്പോൾ 'മാഷ് വരൂ' എന്നാണ് പറഞ്ഞത്. എന്തിനാണെന്ന് എനിക്ക് മനസ്സിലായില്ല. അവിടെ ചെന്നപ്പോൾ എം.ജി. സർവ്വകലാശാലയിൽ ഈ ഉപകരണമുണ്ടെന്ന് മനസ്സിലായി. എന്നെ അത്ഭുതപ്പെടുത്തിയതും അതാണ്. നമ്മുടെ സർവ്വകലാശാലകളിൽ എന്താണുള്ളതെന്ന് പലപ്പോഴും നമുക്കറിയില്ല. ധാരാളം കുറവുകളുണ്ടെന്ന് ഞാൻ പറഞ്ഞു. ശ്രീ. ജെയിംസ് മാത്യുവും ശ്രീ. എ. എൻ. ഷംസീറും പറഞ്ഞതുപോലെയുള്ള കുറവുകളൊക്കെയുണ്ട്. എന്നാൽ ഇത് എന്നെ അത്ഭുതപ്പെടുത്തിയ ഒന്നാണ്. അവിടെ ഇലക്ട്രോൺ മൈക്രോസ്കോപ്പുണ്ട്; ആധുനിക ഗവേഷണങ്ങൾ നടക്കുന്നുണ്ട്; ഗവേഷണം നടത്താനുള്ള ഉപകരണങ്ങളുമുണ്ട്. അത് എങ്ങനെ കൂടുതലായി മെച്ചപ്പെടുത്താ മെന്നുള്ള ചിന്തയാണ് വിദ്യാഭ്യാസ വകുപ്പിനെ ഇന്ന് നയിക്കുന്നത്. അതുകൊണ്ടുതന്നെ ഇങ്ങനെയുള്ള സാധ്യതകളെ അക്കാദമിക്കായി വികസിപ്പിച്ചു കൊണ്ട് മാത്രമേ ഇവിടെ പറഞ്ഞ സ്വപ്നങ്ങളിലേയ്ക്ക് നമുക്ക് എത്താൻ കഴിയൂ.

അങ്ങനെ വരുമ്പോഴാണ് ഡോ. എൻ. ജയരാജ് ഇവിടെ സൂചിപ്പിച്ചതുപോലെ സർവ്വകലാശാലയിൽ ഗവേഷണത്തിനാണ് ഊന്നൽ നൽകേണ്ടത്. ഇവിടെ ഒന്നാമത്തെ ബിൽ, കാലടി ശ്രീ ശങ്കരാചാര്യ സർവ്വകലാശാലയിലെ അദ്ധ്യാപകർ അക്കാദമിക് ഇയർ കഴിയുന്നതുവരെ തുടരണമെന്നുള്ള രീതിയിലാണ് അവതരിപ്പിച്ചിരിക്കുന്നത്. അത് വളരെ ലളിതമായ ഒരു ബില്ലാണ്. പെൻഷൻ പ്രായം പോലുള്ള പല പ്രശ്നങ്ങളും ഇവിടെ അവതരിപ്പിച്ചു. അതൊക്കെ വെവ്വേറെ ചർച്ച ചെയ്യേണ്ട വിഷയങ്ങളാണ്. ഇതൊരു അക്കാദമിക് ഇഷ്യുവാണ്. അവിടെ നടക്കുന്നത് കേവലം പരീക്ഷ മാത്രമല്ല. ഇവിടെ സെമസ്റ്ററല്ലേ; അതുകൊണ്ട് സെമസ്റ്ററിൽ അവസാനിപ്പിക്കേണ്ടതല്ലേയെന്ന് ശ്രീ. പി. കെ. അബ്ദു റബ്ബും ശ്രീ. എം. വിൻസെന്റും ചോദിച്ചു. സെമസ്റ്റർ എന്നുള്ളത് ഒരു അക്കാഡമിക് ലിമിറ്റല്ല, അതൊരു എക്സാം ലിമിറ്റാണ്. കരിക്കുലത്തിൽനിന്നും എങ്ങനെ സിലബസ്സിലെത്തി? ആ സിലബസ് ഒരു അക്കാദമിക് ഇയർ കൊണ്ട് എങ്ങനെ പൂർത്തിയാക്കുമെന്നുള്ള ഭാവനയ്ക്ക് ഇടയ്ക്കുള്ള ഒരു പരീക്ഷാ സമ്പ്രദായത്തിന്റെ ലിമിറ്റാണ് അക്കാദമിക് ലിമിറ്റ്. എന്നാൽ സെമസ്റ്റർ എന്നുപറയുന്നത് ഒരു എക്സാം പോയിന്റ് ഓഫ് ലിമിറ്റാണ്. യഥാർത്ഥത്തിൽ അക്കാദമിക് ലിമിറ്റ് എന്നുപറയുന്നത് അക്കാദമിക് വർഷം തന്നെയാണ്. സിലബസ്സും കരിക്കുലവും വിഭാവന ചെയ്തിട്ടുള്ളതും അതുതന്നെയാണ്. അതുകൊണ്ട് സെമസ്റ്ററിന്റെ ഇടയ്ക്ക് എന്നുള്ള ആ സങ്കല്പം ഒരിക്കലും നമുക്ക് സ്വീകരിക്കാൻ പറ്റുന്നതല്ല. അക്കാദമിക് വർഷത്തിൽ അവിടെ നടക്കുന്നത് പരീക്ഷയല്ല, അവിടെ നടക്കുന്നതും നടക്കേണ്ടതും ഗവേഷണമാണ്. ഡോ. എൻ. ജയരാജ് അവസാനം പറഞ്ഞത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. റിട്ടയർ ചെയ്തിട്ടും ഗവേഷണം തുടരാൻ പറ്റാത്ത രീതിയിലുള്ള യു.ജി.സി. നിർദ്ദേശങ്ങൾ വന്നിട്ടുണ്ട്. അത് നമ്മൾ കാണണം. അതാണ് ശ്രീ. സി. ദിവാകരൻ ഇവിടെ സൂചിപ്പിച്ചത്. ഇതിനെയെല്ലാം തകർക്കുന്ന ചില നയങ്ങൾ കേന്ദ്രത്തിൽ നിന്ന് വരുന്നു. റിട്ടയർ ചെയ്ത് കഴിഞ്ഞാൽ ഗവേഷണത്തിന് നേതൃത്വം നൽകാൻ പാടില്ലെന്ന് യു.ജി.സി.-യുടെ നിർദ്ദേശം വരുന്നു. അത് വളരെ അപകടകരമാണ്. അത്തരത്തിലുള്ള നിർദ്ദേശങ്ങൾ ബൗദ്ധികതലത്തിൽ, ധൈഷണിക തലത്തിൽ വലിയ തടസ്സങ്ങളുണ്ടാക്കുന്നതാണ്. അതിനെയെല്ലാം നമുക്കൊന്നിച്ച് ചെറുക്കേണ്ടതായിട്ടുണ്ട്. വാസ്തവത്തിൽ കൂടുതൽ ഗവേഷണം നടത്താൻ സാധ്യതയുള്ള സമയത്താണ് ഗവേഷകരായിട്ടുള്ളവരും ഗൈഡുകളായിട്ടുള്ളവരും അതിൽനിന്ന് പിൻവലിയേണ്ടത്. അത് കേന്ദ്ര സർക്കാരിന്റെ ഒരു നിയമത്തിന്റെ ഭാഗമാണ്. അതുകൊണ്ട് സെമസ്റ്റർ എന്നുള്ളത് ഒരു അക്കാഡമിക് ലിമിറ്റല്ലെന്നും എക്സാം ലിമിറ്റാണെന്നും അതുകൊണ്ട് ഒരു

അക്കാദമിക് ഇയർ പൂർണ്ണമായുമാണ് ഒരു അക്കാഡമിഷ്യൻ അവിടെ വേണ്ടതെന്നും കണ്ടുകൊണ്ടുതന്നെയാണ് റിട്ടയർമെന്റിന്റെ പ്രശ്നവും മറ്റും വരുന്നത്. ഞാൻ നേരത്തെ സൂചിപ്പിച്ച, സമഗ്ര നിയമങ്ങൾ വരേണ്ടതുണ്ട്. സമഗ്രമായ നിയമങ്ങൾ വരുന്ന സാഹചര്യത്തിൽ നമുക്ക് ആലോചിക്കാവുന്നതാണ്. അത്തരത്തിലുള്ള ഒരു അഭിപ്രായം വന്നപ്പോൾ ഞാനത് വ്യക്തമാക്കിയെന്ന് മാത്രമേയുള്ളൂ. അക്കാദമിക് ഇയർ മുതൽ ഒരു അക്കാഡമീഷ്യന് പ്രവർത്തിക്കാൻ കഴിയണമെന്നതാണ് അക്കാദമിക് കമ്മ്യൂണിറ്റിയിൽ നിലനിൽക്കുന്ന ഏറ്റവും വലിയൊരു ആവശ്യം. പരീക്ഷയുടെ പ്രശ്നങ്ങളും അദ്ധ്യാപകർ മാറുന്നില്ലെന്ന പ്രശ്നങ്ങളും വളരെ വിശദമായി എല്ലാവരും സൂചിപ്പിച്ചു. ഇവിടെ പറഞ്ഞതിലുപരി ഒരു കാര്യംകൂടി മനസ്സിലാക്കണമെന്ന ചെറിയ അഭിപ്രായമുണ്ട്. ഡോ. എൻ. ജയരാജും, പ്രൊഫ. കെ. യു. അരുണനും അതിലേയ്ക്കുവന്നു, പക്ഷെ പൂർണ്ണമായില്ല. അതായത് പ്രാഥമിക തലത്തിലുള്ള അദ്ധ്യാപകരെയും കോളേജ് തലത്തിലുള്ള അദ്ധ്യാപകരെയും ഒരുപോലെയാണ് പലരും ഇപ്പോൾ വിലയിരുത്തുന്നത്. ഇത് തെറ്റാണ്. അങ്ങനെയല്ല വിലയിരുത്തേണ്ടത്. പ്രാഥമിക തലത്തിലെ അദ്ധ്യാപകരെയും ഉന്നത വിദ്യാഭ്യാസ തലത്തിലെ അദ്ധ്യാപകരെയും പോലെയല്ല സർവ്വകലാശാല അദ്ധ്യാപകരെ വിലയിരുത്തേണ്ടത്. സ്കൂൾ ക്യാമ്പസും കോളേജ് ക്യാമ്പസും തമ്മിലുള്ള വ്യത്യാസം എന്താണ്; ഒരു കോളേജ് ക്യാമ്പസും സർവ്വകലാശാലാ ക്യാമ്പസും തമ്മിലുള്ള വ്യത്യാസം എന്താണ്; അത് ഭൂമിയുടെ ഏരിയയിലുള്ള വ്യത്യാസമോ കെട്ടിടത്തിന്റെ വലിപ്പത്തിലുള്ള വ്യത്യാസമോ അല്ല. അവിടെയുള്ള അക്കാദമിക് ചിന്തയുടെ വ്യത്യാസമാണ്. ആ ചിന്തയുടെ വ്യത്യാസം കുട്ടികളിൽ ഉൽപ്പാദിപ്പിക്കത്തക്ക രീതിയിൽ പ്രവർത്തിക്കുന്നവരാണ് അവിടത്തെ അദ്ധ്യാപകർ. പത്താം ക്ലാസ്സ്, പന്ത്രണ്ടാം ക്ലാസ്സ് വരെ ടീച്ചർ എന്ന രീതിയിൽ കാണുന്ന, പലതരത്തിലുള്ള പെഡഗോജിക്കൽ അപ്രോച്ച് നടത്തുന്നവരാണ് ടീച്ചർമാർ. ആ ടീച്ചിംഗ് സമ്പ്രദായമല്ല കോളേജിലുള്ളത്. ഞാൻ കോളേജ് അദ്ധ്യാപകനായിരുന്നതുകൊണ്ട് പറയുന്നതല്ല. ആ തലത്തിലല്ല കോളേജ് അദ്ധ്യാപകരെ വിലയിരുത്തേണ്ടത്. കേരളത്തിലെ എല്ലാ അദ്ധ്യാപകർക്കും നല്ല പൊട്ടൻഷ്യൽ ഉണ്ടെന്ന് ഉറച്ച് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. ട്രെയിനിംഗ് പോരെന്ന് നേരത്തെ ഇവിടെ സൂചിപ്പിച്ചു. ക്ലാസ്സിക്കൽ പെഡഗോജിയുള്ള ട്രെയിനിംഗ് അല്ല കോളേജ് തലത്തിലുള്ള ട്രെയിനിംഗ് എന്ന് സൂചിപ്പിച്ചു. അത് മറ്റൊന്നാണ്. നമ്മൾ ഉദ്ദേശിക്കുന്നതുപോലെ ട്രെയിനിംഗ് നൽകുന്നതിന് വേറൊരു തലം കോളേജ് തലത്തിലുള്ള അദ്ധ്യാപകർക്ക് നൽകേണ്ടതുണ്ട്. അത് നമുക്ക് പരിശീലിപ്പിച്ചെടുക്കണം, വികസിപ്പിച്ചെടുക്കണം. അതിനുള്ള ശ്രമം ഉന്നത

വിദ്യാഭ്യാസ വകുപ്പ് നടത്തിക്കൊണ്ടിരിക്കുകയാണ്. ഉന്നത വിദ്യാഭ്യാസ മേഖലയിലുള്ള അദ്ധ്യാപകരുടെ നൈതികമായിട്ടുള്ള സമീപനത്തിന്റെ കല വികസിപ്പിച്ചെടുക്കാനാണ് നമ്മൾ ശ്രമിച്ചുകൊണ്ടിരിക്കുന്നത്. മറ്റു തരത്തിലുള്ള അദ്ധ്യാപന രീതിയാകണമെന്ന ചിന്തയിലാണ് പലതും പറഞ്ഞത്. പക്ഷെ ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ കുറവുകളുണ്ട്. ആ കുറവുകൾ നികത്തിക്കൊണ്ട് കേരളത്തിന്റെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ അദ്ധ്യാപകരെ വളർത്തിയെടുക്കാനുള്ള വലിയ ശ്രമം വിദ്യാഭ്യാസ വകുപ്പിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടെന്ന് ഞാൻ സൂചിപ്പിക്കുകയാണ്.

പരീക്ഷ നടക്കുന്നില്ല, നടന്നാൽത്തന്നെ റിസൾട്ട് വരുന്നില്ലെന്ന് പറഞ്ഞു. അതൊക്കെ പഴയ കഥകളാണ്. അതൊക്കെ മാറി. എം.ജി. സർവ്വകലാശാല പരീക്ഷ കഴിഞ്ഞ് 12 ദിവസത്തിനുള്ളിൽ റിസൾട്ട് പുറത്തുവിട്ടു. കോഴിക്കോട് സർവ്വകലാശാല മേയ് മാസത്തിൽ ഈ വർഷത്തെ എല്ലാ പരീക്ഷകളുടെയും റിസൾട്ട് പുറത്തുവിട്ടു. കേരള സർവ്വകലാശാല എസ്-5 - ബി.കോം./ ബി.എസ്.സി.-കളുടെ റിസൾട്ട് ഇന്നലെ പ്രസിദ്ധീകരിച്ചു. ബി.എ.-യുടെ റിസൾട്ട് ഇന്ന് പ്രസിദ്ധീകരിക്കും. എസ്-6 -ന്റെ റിസൾട്ട് 25-നുമുമ്പ് പ്രസിദ്ധീകരിക്കും.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ഇത് എല്ലാകാലത്തും നടക്കുന്ന കാര്യമാണ്.

പ്രൊഫ. സി. രവീന്ദ്രനാഥ്: അല്ല. സാധാരണ നവംബറിലും സെപ്റ്റംബറിലുമാണ് റിസൾട്ട് പ്രസിദ്ധീകരിക്കുന്നത്.

ശ്രീ. രമേശ് ചെന്നിത്തല: യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് കാലിക്കട്ട് യൂണിവേഴ്സിറ്റി കൃത്യമായിട്ടുതന്നെ എല്ലാ റിസൾട്ടുകളും പ്രസിദ്ധീകരിക്കുമായിരുന്നു. ഇത് പുതിയ കാര്യമൊന്നുമല്ല. പരീക്ഷ കഴിഞ്ഞാൽ റിസൾട്ട് പ്രസിദ്ധീകരിക്കണ്ടേ?

പ്രൊഫ. സി. രവീന്ദ്രനാഥ്: പരീക്ഷ കഴിഞ്ഞാൽ റിസൾട്ട് പ്രസിദ്ധീകരിക്കണം. പക്ഷെ സമയത്ത് റിസൾട്ട് വരാറില്ലെന്നതാണ് സത്യം. വളരെ വൈകിയാണ് റിസൾട്ട് വരാറുള്ളത്. ഇത്തവണ എം.ജി. സർവ്വകാലാശാല പരീക്ഷ കഴിഞ്ഞ് പന്ത്രണ്ട് ദിവസത്തിനുള്ളിൽ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. മാറ്റങ്ങളാണ് പറയുന്നത്, പക്ഷെ കുറവ് അപ്പോഴുമുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, അങ്ങ് പരീക്ഷകളൊക്കെ കൃത്യമസയത്ത് നടക്കുന്നതിനെപ്പറ്റി പറഞ്ഞു. ഞാനൊരു ഉദാഹരണം പറയാം, എം.ജി.

യൂണിവേഴ്സിറ്റിയിൽ ജനുവരി 2-ാം തീയതി ഡിഗ്രി സർട്ടിഫിക്കറ്റിന് അപേക്ഷ നൽകിയിട്ട് ഇന്നുവരെ സർട്ടിഫിക്കറ്റ് ലഭിച്ചിട്ടില്ല. പേര് സഹിതം പറയാം. ഇക്കാര്യത്തിൽ നടപടിയെടുക്കാൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: തീർച്ചയായിട്ടും. അതിൽ exceptions ഉണ്ടാകാം. ഏതെങ്കിലും ഒരു സർട്ടിഫിക്കറ്റ് പല കാരണങ്ങൾ കൊണ്ട് വൈകാം. അത് exceptional ആകാം. ജനറലല്ല, കാലിക്കറ്റ് യൂണിവേഴ്സിറ്റി ഇത്തവണത്തെ എല്ലാ പരീക്ഷാ രേഖകളും റിസൾട്ടും സർട്ടിഫിക്കറ്റുകളുമടക്കം സെപ്റ്റംബറിന് മുമ്പ് നൽകാൻ തീരുമാനിച്ച് മുന്നോട്ട് പോകുകയാണ്. അത് ചരിത്രമാണ്, വലിയ സംഭവമാണ്. മാറ്റങ്ങൾ നടക്കുന്നുവെന്ന് സൂചിപ്പിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പരീക്ഷ നടത്തി 12 ദിവസത്തിനുള്ളിൽ റിസൾട്ട് പ്രസിദ്ധീകരിച്ചുവെന്ന് അങ്ങ് പറഞ്ഞത് വളരെ അനുകരണീയമായ കാര്യമാണ്. കേരളാ യൂണിവേഴ്സിറ്റികളിലെ പരീക്ഷകൾ നടത്തി 15 ദിവസത്തിനുള്ളിൽ, 12 എന്ന് ഞാൻ പറയുന്നില്ല, 15 ദിവസത്തിനുള്ളിൽ റിസൾട്ട് പ്രഖ്യാപിക്കുമെന്ന് അങ്ങേയ്ക്ക് സഭയിൽ ഉറപ്പ് നൽകാൻ സാധിക്കുമോ?

പ്രൊഫ. സി. രവീന്ദ്രനാഥ്: ഇത് ആലങ്കാരികമായ ചോദ്യമാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അങ്ങ് പറഞ്ഞതിനെ ഞാൻ അംഗീകരിക്കുകയാണ്, സ്വാഗതം ചെയ്യുകയാണ്. പക്ഷെ യാഥാർത്ഥ്യം കുറച്ചുകൂടി വ്യത്യസ്തമാണ്. അങ്ങയെ ശ്വാസം മുട്ടിക്കാൻ കഴിയാത്തതുകൊണ്ട് ഞാൻ പറയാത്തതാണ്. പല പ്രശ്നങ്ങളും നിലനിൽക്കുകയാണ്. എം.ജി. യൂണിവേഴ്സിറ്റിയുടെ കാര്യം അങ്ങ് ഒന്നുകൂടി പരിശോധിക്കണം. പരീക്ഷാഫലം പ്രസിദ്ധീകരിച്ചിട്ടും അവിടെ കുട്ടികളെല്ലാം വട്ടം ചുറ്റി നിൽക്കുകയാണ്. ഞാൻ അതിന്റെ പരിസരത്ത് താമസിക്കുന്നതുകൊണ്ട് എന്റെ വീട്ടിലും കുട്ടികൾ വരികയാണ്. അങ്ങ് ദയവായി ഇക്കാര്യത്തെക്കുറിച്ച് പരിശോധിക്കണം. 15 ദിവസത്തിനുള്ളിൽ റിസൾട്ട് പ്രസിദ്ധീകരിച്ചാൽ മതി.

പ്രൊഫ. സി. രവീന്ദ്രനാഥ്: സംശയം വേണ്ട, പരമാവധി വേഗം റിസൾട്ട് പ്രസിദ്ധീകരിക്കും. തന്നെയുമല്ല പരീക്ഷ നടത്തുന്നത്, പരീക്ഷ ആരംഭിക്കുന്നത്, അഡ്മിഷൻ തുടങ്ങിയവയെല്ലാം എല്ലാ യൂണിവേഴ്സിറ്റികളിലും ഒന്നിച്ച് ഒരേ സമയത്ത് നടത്താനുള്ള സംവിധാനം സോഫ്റ്റ്‌വെയറിലൂടെ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അടുത്ത വർഷം ഉന്നത വിദ്യാഭ്യാസ മേഖലയിലെ പരീക്ഷാ രംഗത്ത് വലിയ മാറ്റങ്ങൾ ഉണ്ടാകും. അങ്ങ് പറഞ്ഞ 15 ദിവസമൊന്നും ഞാൻ ഇപ്പോൾ ഓഫർ ചെയ്യുന്നില്ല. പക്ഷെ പരമാവധി വേഗത്തിൽ റിസൾട്ട് പ്രസിദ്ധീകരിക്കാനുള്ള എല്ലാ

ശ്രമങ്ങളും നടത്താം. നമ്മൾ ഇവിടെ വീണ്ടും കൂടും. ഒരു വർഷം കഴിയുമ്പോൾ ഇക്കാര്യങ്ങൾ വിശദമായി ചർച്ച ചെയ്യാം. വലിയ മാറ്റമുണ്ടാകും. അതിന് അങ്ങയുടെ പിന്തുണയും സഹകരണവും വേണം.

കോഴ്സുകളുടെ പുനഃക്രമീകരണം വളരെ പ്രധാനമാണ്. ഇതുസംബന്ധിച്ച് ശ്രീ. ജെയിംസ് മാത്യു വളരെ കൃത്യമായി ഒരു കാര്യം പറഞ്ഞു. പുതിയ കോഴ്സുകൾ വരുമ്പോൾ ന്യൂ ജെൻ കോഴ്സുകൾ വരണമെന്നുള്ള പൊതുധാരണ സമൂഹത്തിലുണ്ട്. അത് സ്വാശ്രയ കോളേജുകളിൽ മാത്രമേയുള്ളൂവെന്നും പൊതു കോളേജുകളിലില്ലെന്നും അദ്ദേഹം സൂചിപ്പിച്ചു. ഉന്നത വിദ്യാഭ്യാസ വകുപ്പ് ആഗ്രഹിക്കുന്നത് മറ്റൊന്നാണ്. മറ്റുള്ളതിൽനിന്നും വ്യത്യസ്തമായി അടർത്തി മാറ്റിയ ഒരു കോഴ്സ് എന്ന രീതിയിലല്ല ന്യൂ ജെൻ കോഴ്സ് ഇവിടെ വേണ്ടത്. മറിച്ച് താഴെത്തട്ടിൽനിന്നും അടിസ്ഥാനപരമായി ഒരു വിഷയത്തിന്റെ വളർച്ചയുടെയും വികാസത്തിന്റെയും ഭാഗമായി അതിന്റെ അവസാനം latest technology കൂടി പഠിപ്പിക്കുകയെന്ന രീതിയിൽ വികസിപ്പിച്ചെടുത്താലേ ആ കോഴ്സ് sustainable ആയി നിലനിൽക്കുകയുള്ളൂ. മെഡിക്കൽ ട്രാൻസ്ക്രിപ്ഷൻ പോലുള്ള പല കോഴ്സുകളും പുതിയതാണെന്ന് വിചാരിച്ച് ഓടിച്ചെന്ന് ചേരുകയും ഒരു സോഫ്റ്റ്‌വെയർ വന്നതോടുകൂടി ആ കോഴ്സിന്റെ പ്രസക്തി നഷ്ടപ്പെടുകയും ചെയ്തത് നമ്മളെല്ലാവരും കണ്ടതാണ്. പല കോഴ്സുകളും അങ്ങനെയുണ്ട്. അതുകൊണ്ട് ഉന്നത വിദ്യാഭ്യാസ വകുപ്പ് ആഗ്രഹിക്കുന്നത് അടിസ്ഥാന വിഷയങ്ങൾ വികസിപ്പിച്ച് വളർത്തി സർവ്വകലാശാലാ തലത്തിൽ കരിക്കുലത്തെ മാറ്റി ഏറ്റവും latest technology കൊണ്ടുവരണമെന്നാണ്. അതിനുവേണ്ടിയാണ് നാനോ ടെക്നോളജി ഉദാഹരണമായി പറഞ്ഞത്. ഫിസിക്സ്, കെമിസ്ട്രി, ബയോളജി തുടങ്ങിയ വിഷയങ്ങളുടെ ബേസിൽ ഉയർന്നുവന്നിട്ട് നാനോ ടെക്നോളജി ഉപയോഗിച്ച് ഈ മേഖലയെ എങ്ങനെ വികസിപ്പിക്കാമെന്നുള്ള സിസ്റ്റമാണ് ആധുനികവൽക്കരണത്തിൽ ഉണ്ടാകേണ്ടത്. ന്യൂജെൻ അടർത്തിമാറ്റി ഒരു കോഴ്സ് വന്നാൽ ആധുനിക ടെക്നോളജി വരുമ്പോൾ അത് അപ്രസക്തമാകും. അവിടെ പഠിച്ച കുട്ടികൾക്ക് ജോലിയില്ലാതെയാകും. ധാരാളം ഉദാഹരണങ്ങൾ ഞാൻ പറഞ്ഞുതരാം. അതുകൊണ്ടുതന്നെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖലയിലെ ആധുനികവൽക്കരണം വളരെ കൃത്യമായി ദിശാബോധത്തോടെ ചെയ്യേണ്ടതാണ്. അവിടെയാണ് സിലബസും കരിക്കുലം മാറ്റവും വരേണ്ടത്. അതൊരു കല തന്നെയാണ്. അത് കേവലമായൊരു യാന്ത്രിക പ്രക്രിയയല്ല. അവിടുന്നും ഇവിടുന്നും ഏതെങ്കിലും ചില വിഷയങ്ങളെടുത്ത് ചേർക്കലല്ല

സിലബസ് പരിഷ്കരണം. അതല്ല കരിക്കുലം പരിഷ്കരണം. മറിച്ച് വർത്തമാന കാലത്തെ ശാസ്ത്രീയ മാറ്റങ്ങളും സാഹിത്യരംഗത്തും മറ്റെല്ലാ രംഗത്തുമുള്ള മാറ്റങ്ങളും കൃത്യമായി ഉൾക്കൊണ്ടുകൊണ്ട് നിലവിലുള്ള ക്ലാസിക് കോഴ്സുകളുടെ തുടർച്ചയായി ഇത് എങ്ങനെ കൊണ്ടുവരാമെന്ന് ചിന്തിച്ച് അതിനുവേണ്ടിയുള്ള വിഷയങ്ങൾ ഒരുക്കലാണ്.

3 PM]

അതിനുവേണ്ടിയാണ് ബോർഡ് ഓഫ് സ്റ്റഡീസ് സിസ്റ്റം മാറണമെന്ന് പറയുന്നത്. അതിനുതന്നെയാണ് ശ്രമിക്കുന്നത്. ബോർഡ് ഓഫ് സ്റ്റഡീസിൽ വളരെ കാര്യമായ മാറ്റങ്ങളുണ്ടാകണം. ആ ബോർഡ് ഓഫ് സ്റ്റഡീസ് ഏതെങ്കിലും യൂണിവേഴ്സിറ്റിയുടെ സിലബസിൽനിന്നും അടർത്തിമാറ്റി ഇവിടെ കൊണ്ടുവന്ന് ചേർത്തുവയ്ക്കുക എന്ന ക്ലാസിക്കൽ രീതി മാറി യഥാർത്ഥത്തിലുള്ള തിയററ്റിക്കൽ ഇവല്യൂഷൻ എങ്ങനെയാണ്, അതിന്റെ കൾമിനേഷനിൽ എങ്ങനെയാണ് ലേറ്റസ്റ്റ് ടെക്നോളജി വരിക എന്ന രീതിയിൽ പട്ടുത്തുയർത്താൻ കഴിയണം. അതിന് കഴിയുന്ന രീതിയിൽ ബോർഡ് ഓഫ് സ്റ്റഡീസിന്റെ ചർച്ചകളും ചിന്തകളും മാറ്റണം എന്നതന്നെയാണ് സംസ്ഥാന സർക്കാർ ആഗ്രഹിക്കുന്നത്. ഇവിടെ നേരത്തെ യൂണിവേഴ്സിറ്റിയുടെ equivalency സംബന്ധിച്ച് സൂചിപ്പിച്ചു, ഇക്യൂവലൻസിയിൽ വിദ്യാഭ്യാസ വകുപ്പ് വളരെ പ്രധാനപ്പെട്ട ഒരു തീരുമാനമെടുത്തിട്ടുണ്ട്. ഇന്നത്തെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നം തന്നെയാണ്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഇക്കാര്യത്തിൽ വളരെ വിശദമായ ബ്രെയിൻ സ്റ്റോമിംഗ് സെഷൻ കഴിഞ്ഞ് വിദ്യാഭ്യാസ വകുപ്പിൽ ഏൽപ്പിച്ചിട്ടുണ്ട്. ഒരു ഇന്റർനാഷണൽ എക്സ്പോഷർ എങ്ങനെയാണ് ഓരോ സിലബസിലും ഉണ്ടാകുന്നതെന്ന് പഠിച്ച് ഏത് സിലബസിലാണോ അതിന് സാധ്യതയുള്ളത് ആ സിലബസ് മറ്റ് സിലബസുമായി ഇക്വേറ്റ് ചെയ്യുന്നത് എങ്ങനെയാണെന്നത് സംബന്ധിച്ച സയന്റിഫിക് പഠനത്തിന്റെ ഭാഗമായി ഇന്ത്യയിലെ ഏതൊരു സർവ്വകലാശാലയിൽനിന്നും കിട്ടുന്ന ഡിഗ്രി ഏത് ഡിഗ്രിയുമായി ഇക്വലന്റാണ് എന്ന് യാന്ത്രികമായ സിലബസിന്റെ ടിക് ചെയ്ത പരിശോധനയ്ക്കപ്പുറം സർഗ്ഗാത്മകമായ പരിശോധനയിലൂടെ ഇക്വലൻസി കൊടുക്കുക എന്ന സമീപനത്തിലേയ്ക്ക് കേരളത്തിലെ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ വന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ അവസാനം ഈ പ്രശ്നം കേരളത്തിൽ പരിഹരിക്കാൻ പറ്റുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. യു.ജി.സി. നോമിനിയും അതുപോലെ സെനറ്റ് സെലക്ട് ചെയ്യുന്ന ഒരു നോമിനിയും

ചാൻസലറുടെ നോമിനിയും ചേർന്ന പ്രധാനപ്പെട്ട ഒരു കമ്മിറ്റി വളരെ വിശദമായി ചർച്ച ചെയ്ത് അക്കാഡമീഷ്യൻസിനെ തന്നെയാണ് കേരളത്തിലെ വൈസ് ചാൻസലർമാരായി വയ്ക്കുന്നത്. കണ്ണൂർ സർവ്വകലാശാലയിൽ ലോകം അറിയുന്ന ഏറ്റവും നല്ല അക്കാഡമീഷ്യൻ വൈസ് ചാൻസലറായി വന്നത് അങ്ങനെയാണ്. കേരള സർവ്വകലാശാലയിലെ സിൻഡിക്കേറ്റ് അംഗങ്ങളുടെ എണ്ണം ഓർഡിനൻസ് വരുന്നതിനുമുമ്പ് 25, ഓർഡിനൻസിനുശേഷവും 25 തന്നെയാണ്. ഇവിടെ ആരോ സൂചിപ്പിച്ചു അത് കുറഞ്ഞു എന്ന്. 25 തന്നെയാണ് സിൻഡിക്കേറ്റ് അംഗങ്ങളുടെ എണ്ണം. അതിൽ വ്യത്യാസമില്ല.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, " കേരള, കണ്ണൂർ യൂണിവേഴ്സിറ്റി ബിരുദ ഫലം പി. ജി. പ്രവേശനം സ്തംഭിച്ചു, വെട്ടിലായി വിദ്യാർത്ഥികൾ, ഡിഗ്രി സർട്ടിഫിക്കറ്റ് കിട്ടാനില്ല," ഇന്നത്തെ ദീപിക പത്രത്തിലെ വാർത്തയാണ്. അങ്ങ് ഇവിടെ ഗിരിപ്രഭാഷണം നടത്തിക്കൊണ്ടിരിക്കുമ്പോൾ ഇന്നത്തെ പത്രത്തിൽ വന്നതാണ്.

<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>: പത്രത്തിൽ വരുന്ന എല്ലാ വാർത്തയും അങ്ങ് വിശ്വസിക്കാറുണ്ടോ? ഇല്ല. ഞാൻ പറഞ്ഞത് യാഥാർത്ഥ്യമാണ്. റിസൾട്ട് പുറത്തുവന്നു. എക്സംപ്ഷൻസുണ്ടാകാം, അതിൽ സംശയമില്ല. കേരള സർവ്വകലാശാലയിൽ നിന്നും 94 അഫിലിയേറ്റഡ് കോളേജുകളാണ് KUHS-ലേയ്ക്കും KTU-ലേയ്ക്കും ഡീലിങ്ക് ചെയ്തുപോയത്. 94 കോളേജുകൾ അതിൽനിന്നും മാറുമ്പോൾ അതിന് മുമ്പുണ്ടായിരുന്ന അതേ കോൺസ്റ്റിറ്റ്യൂഷൻ തന്നെ ഇനും വേണമെന്ന് ശഠിക്കണോ? മാറ്റത്തെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചുകൊണ്ട് വസ്തുതാപരമായി പറയുകയാണ്. അവിടെയുണ്ടായിരുന്ന കോളേജുകളിൽ 94 എണ്ണം മാറിപ്പോയപ്പോൾ അതിന് പ്രൊപ്പോഷണേറ്റായ മാറ്റം സെനറ്റിലും സിൻഡിക്കേറ്റിലും വേണ്ടേ? ആ മാറ്റം മാത്രമേ ഇവിടെ പറഞ്ഞിട്ടുള്ളൂ. ഒരെണ്ണം മാത്രം പറയാം, "Seven Principals elected from among themselves, of whom two shall be from among Principals of Government colleges one from among Principals of professional colleges and one from among Principals of junior colleges." ഇതാണ് പഴയ സെലക്ഷൻ. ഇങ്ങനെ സെലക്ട് ചെയ്യാൻ സാധിക്കുമോ? ഇപ്പോൾ ജൂനിയർ കോളേജില്ല. ആക്ടിലുള്ള ഈ ഐറ്റം അനുസരിച്ച് ഇന്ന് ഈ ഏഴ് പേരെ തെരഞ്ഞെടുക്കാൻ സാധിക്കില്ല. ജൂനിയർ കോളേജെന്ന ഒന്ന് ഇന്നില്ല. ഏഴ് പ്രിൻസിപ്പൽമാരെ തെരഞ്ഞെടുക്കുന്നത് ഒരൊറ്റ കോൺസ്റ്റിറ്റ്യുവൻസിയിൽ നിന്നാണ്. അതായത് ഇവിടത്തെ എയ്ഡഡ് കോളേജും അൺഎയ്ഡഡ് കോളേജും സ്വാശ്രയ കോളേജും എല്ലാം

ചേർന്ന് ഒറ്റ കോൺസ്റ്റിറ്റ്യുവൻസിയായി ഏഴ് പ്രിൻസിപ്പൽമാരെ തെരഞ്ഞെടുക്കുകയാണ്. ആരാണ് അവിടെ പ്രതിനിധിയായി വരുന്നത്? ഗവൺമെന്റ് കോളേജിലും എയ്ഡഡ് കോളേജിലും പൊതുവിദ്യാഭ്യാസ മേഖലയിലെ പ്രിൻസിപ്പൽമാർ വരില്ല. അതുകൊണ്ടുതന്നെ പൊതുവിദ്യാഭ്യാസം എന്ന സങ്കൽപ്പം യാഥാർത്ഥ്യമാക്കത്തക്ക രീതിയിൽ കൃത്യമായി ഓരോ മേഖലയിൽനിന്നും വരുന്നവരെ അലോട്ട് ചെയ്തിരിക്കുകയാണ്. അതുകൊണ്ടാണ് 'Three Principals from Government colleges, three Principals from private colleges' അവരുടെയിടയിൽ നിന്നുതന്നെയാണ് അവരെ തെരഞ്ഞെടുക്കുന്നത്. അതാണ് അതിന്റെ പ്രത്യേകത. Then, elected Principal from unaided colleges. സർക്കാർ കോളേജ്, എയ്ഡഡ് കോളേജ്, സർക്കാർ എയ്ഡഡ് സെൽഫ് ഫിനാൻസിംഗ് കോളേജ്, സെൽഫ് ഫിനാൻസിംഗ് കോളേജ് അങ്ങനെ നാല് കാറ്റഗറിയിൽ അവരുടെ റപ്രെസെന്റേഷൻ വന്നിട്ടുണ്ട്. ഐ.ടി. വിദഗ്ദ്ധനെക്കുറിച്ച് അദ്ദേഹം ഇവിടെ സൂചിപ്പിച്ചു. ഐ.ടി. വിദഗ്ദ്ധൻ മുമ്പ് വന്നിട്ടില്ല എന്നൊന്നും പറയുന്നില്ല. പക്ഷേ ഇന്നത്തെ കാലഘട്ടത്തിൽ ഈ പറയുന്ന ഐ. ടി. മേഖലയെക്കുറിച്ചും സിൻഡിക്കേറ്റിന് കൃത്യമായ കാഴ്ചപ്പാടുണ്ടാകണം. ടെക്നോളജിയെക്കുറിച്ച് അറിവുള്ള ഒരാൾകൂടി ചർച്ചയിൽ ഉണ്ടാകണമെന്നുള്ളതുകൊണ്ടാണ് ഐ.ടി. വിദഗ്ദ്ധനെക്കൂടി അതിൽ പങ്കാളിയാക്കിയത്. നേരത്തെ ഇവിടെ പറഞ്ഞു, ഇത് താൽക്കാലിക നികായം തന്നെയാണ്, താൽക്കാലികമായി തന്നെയാണ് ഇവിടെ സെനറ്റ് രൂപീകരിച്ചിട്ടുള്ളത്. എന്നാണോ തെരഞ്ഞെടുക്കപ്പെടുന്നത്, ഏതാണോ ആറ് മാസത്തിനുമുമ്പ്, അത് നിലവിൽ വരും. ഇലക്ഷൻ പ്രോസസ് തുടങ്ങിക്കഴിഞ്ഞു. ജനാധിപത്യ പ്രക്രിയ തന്നെയാണ് സർക്കാർ ലക്ഷ്യമിടുന്നത്. അതിന്റെ പ്രോസസ് തുടങ്ങിയപ്പോഴുണ്ടായ തടസ്സം കോടതി ഇടപെട്ട് സ്റ്റേ ചെയ്തു. അത് മറികടക്കുന്നതുവരെ ഭരണ പ്രതിസന്ധിയില്ലാതിരിക്കാൻവേണ്ടി താൽക്കാലികമായ ഒരു ബദൽ എന്ന രീതിയിലാണ് ഇവിടെ സെനറ്റിനെ കാണുന്നത്. ആ രീതിയിലുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഈ ബില്ലുകൾ അംഗീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ശ്രീ. എം. സ്വരാജ് അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. എം. സ്വരാജ് സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. എം. വിൻസെന്റ് സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. സി. മമ്മൂട്ടി : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല

മി. സ്പീക്കർ: ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. വി. പി. സജീന്ദ്രൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ജെയിംസ് മാത്യു അവതരിപ്പിച്ച 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. ജെയിംസ് മാത്യു സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. സി. ദിവാകരൻ അവതരിപ്പിച്ച 2(ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

(ശ്രീ. സി. ദിവാകരൻ സീറ്റിലില്ലാതിരുന്നതിനാൽ പ്രസ് ചെയ്തില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബില്ലുകൾ പരിഗണനയ്ക്കെടുക്കുന്നു.

(i) 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

**2-ാം വകുപ്പ്**

Shri Parakkal Abdulla : Sir, I move the following amendment:

124. In section 31(3)(a) proposed to be substituted in the Principal Act by Clause 2, for the words " Sixty years in the case of teachers Qualified as per the regulations of University Grants Commission" the words " the age applicable in the case of employees in Government Service, as may be decided by the Government from time to time" Shall be substituted.

Shri Anoop Jacob : Sir, I move the following amendments.

127. In Section 31(3)(a) proposed to be substituted in the Principal Act by Clause 2, for the words " a teacher" the word " teachers" shall be substituted.

159. In the first proviso to Section 31(3)(b) proposed to be substituted in the Principal Act by clause 2, for the words " the age limit" substitute the words " retirement age" .

Shri P. T. Thomas : Sir, I move the following amendments.

130. In Section 31(3)(a) proposed to be substituted in the Principal Act by Clause 2, the words " he shall continue in service till the end of the academic year" shall be substituted with the words " he/she may continue in service till the end of the semester" .

133. In Section 31(3)(a) proposed to be substituted in the Principal Act by Clause 2, the words " till the end of the academic year" shall be substituted with the words " till the end of the respective semester" .

Shri Thiruvanchoor Radhakrishnan: Sir, I move the following amendment:

134. In section 31 (3) (a) proposed to be substituted in the Principal Act by clause 2, the words " till the end of the academic year" shall be substituted with the words "end of the ongoing semester".

Shri V. K. Ebrahim Kunju: Sir, I move the following amendment:

136. In section 31 (3) (a) proposed to be substituted in the Principal Act by clause 2, the words, letters and figure " by sub rule (c) of rule 60 of Part I of" shall be substituted with the words " as per".

Shri Abdul Hameed. P.: Sir, I move the following amendment:

137. In section 31 (3) (b) proposed to be substituted in the Principal Act by clause 2, for the word " clause (a)" the words " University Grand Commission norms " shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendments.

138. In section 31 (3) (b) proposed to be substituted in the Principal Act by clause 2, the words " non-teaching staff" shall be substituted with the words " non-teaching staffs".

141. In section 31 (3) (b) proposed to be substituted in the Principal Act by clause 2, the words " the age" shall be substituted with the words " retirement age".

160. In the first proviso to Section 31(3)(b), proposed to be substituted in the Principal Act by clause 2, the words " age limit" shall be substituted with the words " age limit".

163. In the Second Proviso to Section 31(3)(b) proposed to be substituted in the Principal Act by clause 2, after the word " that" insert the words " even such".

165. In the Second Proviso to Section 31(3)(b) proposed to be substituted in the Principal Act by Clause 2, the words " selection committee" shall be substituted with the words " Selection Committee"

Shri V.D. Satheesan: Sir, I move the following amendment:

139. In section 31 (3) (b) proposed to be substituted in the Principal Act by clause 2, for the words " and other employees of the University, the age applicable in the case of employees in Government service, as may be decided by the Government from time to time shall be substituted with the words " and other employees of the University, the age applicable would be 56 years" .

Shri K. Muraleedharan: Sir, I move the following amendment:

140. In section 31 (3) (b) proposed to be substituted in the Principal Act by clause 2, the word " maximum" shall be inserted before the words " age applicable" .

Shri Adoor Prakash: Sir, I move the following amendment:

142. In section 31 (3) (b) proposed to be substituted in the Principal Act by clause 2, the word " retirement" shall be inserted before the words " age applicable" .

Shri K.N.A. Khader: Sir, I move the following amendment:

144. In section 31 (3) (b) proposed to be substituted in the Principal Act by clause 2, after the word " applicable" the words " is same as" shall be added.

Shri V.P. Sajeendran: Sir, I move the following amendments.

146. In section 31 (3) (b) proposed to be substituted in the Principal Act by clause 2, after the words "employees in" the word "Kerala" shall be added.

149. In section 31 (3) (b) proposed to be substituted in the Principal Act by clause 2, after the words "time to time" the words "by notification published in the Official Gazette" shall be added.

150. In the first proviso to section 31 (3) (b) proposed to be substituted in the Principal Act by clause 2, for the word "temporarily" the word "provisionally" shall be substituted.

162. In the first proviso to Section 31(3)(b), proposed to be substituted in the Principal Act by clause 2, the words " in this sub section" shall be deleted.

164. In the Second Proviso to Section 31(3) (b) proposed to be substituted in the Principal Act by clause 2, after the words " approval of the" the word " appropriate" shall be added.

169. In the Second Proviso to Section 31(3)(b) proposed to be substituted in the Principal Act by Clause 2, for the words " in the Statutes" the words " by the Statutes" shall be substituted.

Dr. M. K. Muneer: Sir, I move the following amendment:

168. In the Second Proviso to Section 31(3)(b) proposed to be substituted in the Principal Act by Clause 2, after the words " prescribed in the" insert the word " University" .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 141, 165 എന്നീ നമ്പർ ഭേദഗതികൾ സ്വീകരിക്കാവുന്നതാണ്. ശ്രീ. പി. സി. ജോർജിന്റെ 151-ാം നമ്പർ ഭേദഗതി വാക്കാൽ ഭേദഗതിയായി അവതരിപ്പിക്കുന്നു.

151. In the first proviso to section 31 (3) (b) proposed to be substituted in the Principal Act by clause 2, after the word "contract", add the word "basis".

മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ച 151-ാം നമ്പർ വാക്കാൽ ഭേദഗതിയും സഭ സ്വീകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 141, 165 എന്നീ നമ്പർ ഭേദഗതികൾ സഭ അംഗീകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 127, 159 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 130, 133 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. കെ. ഇബ്രാഹിംകുഞ്ഞ് അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 138, 160, 163 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ വി. ഡി. സതീശൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ കെ. മുരളീധരൻ അവതരിപ്പിച്ച 140-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ അടൂർപ്രകാശ് അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ കെ.എൻ.എ. ഖാദർ അവതരിപ്പിച്ച 144-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 146, 149, 150, 162, 164, 169 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ.............

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യൂ
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. വി. ജോയി
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. വി. കെ. സി. മമ്മത് കോയ
25. ശ്രീ. എം. എം. മണി
26. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
27. ശ്രീ. മുഹമ്മദ് മുഹസിൻ പി.
28. ശ്രീ. ഡി. കെ. മുരളി
29. ശ്രീ. സി. കെ. നാണു

30. ശ്രീ. എ. പ്രദീപ്കുമാർ
31. ശ്രീ. കെ. ഡി. പ്രസേനൻ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. പി. ടി. എ. റഹീം
34. ശ്രീ. എം. രാജഗോപാലൻ
35. ശ്രീ. കെ. രാജൻ
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. ആർ. രാമചന്ദ്രൻ
40. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. എ. കെ. ശശീന്ദ്രൻ
45. ശ്രീ. സി. കെ. ശശീന്ദ്രൻ
46. ശ്രീ. പി. കെ. ശശി
47. ശ്രീ. വി. ശശി
48. ശ്രീ. ഐ. ബി. സതീഷ്
49. ശ്രീ. ബി. സത്യൻ
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. വി. എസ്. സുനിൽ കുമാർ
52. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
53. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
54. ശ്രീ. തോമസ് ചാണ്ടി
55. ശ്രീ. പി. ഉണ്ണി
56. ശ്രീമതി വീണാ ജോർജ്ജ്
57. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. എൻ. എ. ഖാദർ
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ

26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ : അനുകൂലിക്കുന്നവർ - 57

പ്രതികൂലിക്കുന്നവർ - 33

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്**

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും

Shri P. K. Abdu Rabb: Sir, I Move the following amendment:

110. In clause 1 (2) for the word “November” the word “June” shall be substituted.

<u>Shri C. Mammutty</u>: Sir, I Move the following amendment:

111. In clause 1 (2), for the word, figure and symbol " November, 2017" the word, figure and symbol " January, 2018" shall be substituted.

<u>Shri K. M. Shaji</u>: Sir, I Move the following amendment:

120. Clause 1 (2) shall be recast as follows:

" (2) It shall come into force on the date notified in the official Gazette" .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 111-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (<u>പ്രൊഫ. സി. രവീന്ദ്രനാഥ്</u>): സർ, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. വി. എസ്. സുനിൽകുമാർ</u>): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ,

അനുകൂലിക്കുന്നവർ......

പ്രതികൂലിക്കുന്നവർ......

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു

(സഭാംഗങ്ങൾ താഴെപ്പറയുംപ്രകാരം വോട്ട് രേഖപ്പെടുത്തി)

അനുകൂലിക്കുന്നവർ:

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. വി. ജോയി
20. ശ്രീ. ഒ. ആർ. കേളു
21. ശ്രീ. സി. കൃഷ്ണൻ

22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. വി. കെ. സി. മമ്മത് കോയ
25. ശ്രീ. എം. എം. മണി
26. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
27. ശ്രീ. മുഹമ്മദ് മുഹസിൻ പി.
28. ശ്രീ. ഡി. കെ. മുരളി
29. ശ്രീ. സി. കെ. നാണു
30. ശ്രീ. എ. പ്രദീപ്കുമാർ
31. ശ്രീ. കെ. ഡി. പ്രസേനൻ
32. ശ്രീ. പുരുഷൻ കടലുണ്ടി
33. ശ്രീ. പി. ടി. എ. റഹീം
34. ശ്രീ. എം. രാജഗോപാലൻ
35. ശ്രീ. കെ. രാജൻ
36. ശ്രീ. റ്റി. വി. രാജേഷ്
37. ശ്രീ. കെ. രാജു
38. ശ്രീ. രാജു എബ്രഹാം
39. ശ്രീ. ആർ. രാമചന്ദ്രൻ
40. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
41. ശ്രീ. മുല്ലക്കര രത്നാകരൻ
42. പ്രൊഫ. സി. രവീന്ദ്രനാഥ്
43. ശ്രീ. എസ്. ശർമ്മ
44. ശ്രീ. എ. കെ. ശശീന്ദ്രൻ
45. ശ്രീ. സി. കെ. ശശീന്ദ്രൻ
46. ശ്രീ. പി. കെ. ശശി
47. ശ്രീ. വി. ശശി
48. ശ്രീ. ഐ. ബി. സതീഷ്

49. ശ്രീ. ബി. സത്യൻ
50. ശ്രീ. പി. ശ്രീരാമകൃഷ്ണൻ
51. ശ്രീ. വി. എസ്. സുനിൽ കുമാർ
52. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
53. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
54. ശ്രീ. തോമസ് ചാണ്ടി
55. ശ്രീ. പി. ഉണ്ണി
56. ശ്രീമതി വീണാ ജോർജ്ജ്
57. ശ്രീ. കെ. വി. വിജയദാസ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. എൻ. എ. ഖാദർ
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ

17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. വി. പി. സജീന്ദ്രൻ
24. ശ്രീ. എൻ. ഷംസുദ്ദീൻ
25. ശ്രീ. വി. ഡി. സതീശൻ
26. ശ്രീ. ഷാഫി പറമ്പിൽ
27. ശ്രീ. കെ. എം. ഷാജി
28. ശ്രീ. വി. എസ്. ശിവകുമാർ
29. ശ്രീ. സി. എഫ്. തോമസ്
30. ശ്രീ. പി. ടി. തോമസ്
31. ശ്രീ. പി. ഉബൈദുള്ള
32. ശ്രീ. എം. ഉമ്മർ
33. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ :

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 57 |
| പ്രതികൂലിക്കുന്നവർ | - | 33 |

നിഷ്പക്ഷത പാലിക്കുന്നവർ- ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു.

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

2-ാം വകുപ്പ്

Shri V. P. Sajeendran : Sir, I move the following amendments.

118. In item (1) under the heading " Elected Members" in section 17

proposed to be substituted in the principal Act by clause 2(a)(i) for the word " Three" the word " Four" shall be substituted.

121. In item (1) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) after the word " colleges" the words " affiliated to the University" shall be inserted wherever it occurs.

149. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b) for the word " one" the word " two" shall be substituted.

151. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b) for the word " member" the words " eminent person" shall be substituted.

Shri Shafi Parambil: Sir, I move the following amendment:

119. In item (1) under the heading " Elected members" in section 17 proposed to be substituted in the principal Act by clause 2(a)(i) for the word " Three" the word " Two" shall be substituted.

Shri Manjalamkuzhi Ali: Sir, I move the following amendments.

120. In item (1) under the heading " Elected members" in section 17 proposed to be substituted in the principal Act by clause 2(a)(i) after the words " Government Colleges" the words " other than professional Colleges" shall be substituted.

154. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b), for the word " from" substitute the words " who is an expert in" .

Shri Parakkal Abdulla: Sir, I move the following amendments.

123. In item (1) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) for the word " Three" the word " Two" shall be substituted.

141. In item (11) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(ii) for the word " one" the word " two" shall be substituted.

152. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b) for the word " member" the words " professionally qualified expert" shall be substituted.

Shri N. A. Nellikkunnu: Sir, I move the following amendment:

124. In item (1) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) after the words " three Principals of private" insert the word " aided."

Shri P. T. Thomas: Sir, I move the following amendment:

125. In item (1) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) the words " three Principals of private colleges, other than unaided colleges" shall be substituted with the words " three principals of aided private colleges" .

156. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b), for the words " from the field of information Technology" substitute the words " from the field of social sciences" .

Shri A. P. Anil Kumar: Sir, I move the following amendment:

129. In item (1) under the heading " Elected Members" by section 17 proposed to be substituted in the principal Act by clause 2(a)(i), after the words " elected from among themselves" the following shall be added:

" ; one should be a women and one from SC/ST" .

Shri N. Samsudheen: Sir, I move the following amendment:

134. In item (1) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i), the words " one Principal of unaided" shall be substituted with the words " one Principal of self finance" .

Shri K. N. A. Khader: Sir, I move the following amendments.

135. The item (1) under the heading "Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) shall be recast as follows:

"(1) Three Principals of Government Colleges, elected from among themselves, three Principals of Aided Colleges, elected from among themselves and one Principal from Unaided Colleges elected from among themselves".

158. In item (5) under the heading "Other Members" in section 17 proposed to be inserted in the principal Act by clause 2(b) after the words "Information Technology" the words "who shall be having ten years of teaching experience" shall be added.

Shri V. D. Satheesan: Sir, I move the following amendment:

136. The item (1) under the heading "Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) shall be recast as follows:

"(1) Three Principals of Government Colleges, elected from among themselves, two Principals of private Colleges other than unaided college, elected from themselves, one Principal of unaided College, elected from among themselves, one Principal of self financing Colleges, elected from among themselves, out of the 7 members one member shall be a woman and one SC/ST".

Shri M. Vincent: Sir, I move the following amendment:

137. The item (1) under the heading "Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(i) shall be recast as follows:

"(1) Three Principals of Government College, elected from among themselves, two Principals of Private Colleges, other than unaided college, elected from among themselves, one Principal of unaided college, elected from among themselves and one Principal of self financing college, elected from among themselves".

Shri K. Muraleedharan: Sir, I move the following amendment:

139. Clause 2(a)(ii) shall be deleted.

Shri Abdul Hameed. P.: Sir, I move the following amendment:

142. In item (11) under the heading " Elected Members" in section 17 proposed to be substituted in the principal Act by clause 2(a)(ii) the words " One member" shall be substituted with the words " Two members" .

Dr. M. K. Muneer: Sir, I move the following amendment:

150. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b) for the words " One member" the words " Two members" shall be substituted.

Shri V. S. Sivakumar: Sir, I move the following amendment:

155. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by clause 2(b) for the words, " from the field of Information Technology" substitute the words " from the field of Management Studies" .

Shri Roji M. John: Sir, I move the following amendment:

157. In item (5) under the heading " Other Members" in section 17 proposed to be inserted in the principal Act by

clause 2(b), for the words " from the field of Information Technology" substitute the words " from the field of Information Technology with minimum fifteen years of teaching experience" .

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി ചെറിയൊരു ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. അദ്ദേഹത്തിന്റെ ഭേദഗതിയിൽ 'who is an expert' എന്നത് ഒരു നിയമ പ്രായോഗിക ഭാഷ എന്ന നിലയ്ക്ക് 'who shall be an expert' എന്ന ഭേദഗതിയോടുകൂടി സ്വീകരിക്കുന്നു. മറ്റ് ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

<u>മി. സ്പീക്കർ</u>: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 154-ാം നമ്പർ ഭേദഗതി 'who shall be an expert' എന്ന ഭാഷാപരമായ ഭേദഗതിയോടുകൂടി

സഭ അംഗീകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 118, 121, 151 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ അവതരിപ്പിച്ച 119-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 123, 141, 152 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 125, 156 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 129-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 134-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 135, 158 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 137-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. അബ്ദുൽ ഹമീദ്.പി. അവതരിപ്പിച്ച 142-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 150-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 155-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 157-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

ഭേദഗതി ചെയ്തപ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായി.

**3-ാം വകുപ്പ്**

Shri Manjalamkuzhi Ali: Sir, I move the following amendment:

168. In clause 3(a)(ii) for the word " six" the words " six members" shall be substituted.

Shri P. T. Thomas: Sir, I move the following amendment:

170. In item (a)(ii) under the heading " Other Members" in section 21 proposed to be substituted in the principal Act by clause 3(a)(iii) the words " and the other shall be from a private college other than an unaided college" shall be substituted with the words " and the other shall be from an aided private college" .

Shri K. N. A. Khader: Sir, I move the following amendment:

171. In item (a)(ii) under the heading " Other Members" in section 21 proposed to be substituted in the principal Act by clause 3(a)(iii) for the words " a private college other than an unaided college" substitute the words " an aided college" .

Shri P. K. Abdu Rabb: Sir, I move the following amendment:

173. In item (a)(ii) under the heading " Other Members" in section 21 proposed to be substituted in the principal Act by clause 3(a)(iii) for the words " a private college other than an unaided college" the words " a private aided college" shall be substituted.

Shri V. P. Sajeendran: Sir, I move the following amendment:

177. The item (a)(ii) under the heading " Other Members" in section 21 proposed to be substituted in the principal Act by clause 3(a)(iii) shall be recasts as follows:

" (ii) Two Principals of colleges, of whom one shall be from a Government College affiliated to the University and the other shall be from a private college other than an unaided college affiliated to the University."

Shri Anoop Jacob: Sir, I move the following amendment:

178. Clause 3(b) shall be deleted.

Shri C. Mammutty: Sir, I move the following amendment:

179. In item (e) under the heading " Other Members" in section 21 proposed to be inserted in the principal Act by clause 3(b) the words " the member" the words " One member" shall be substituted.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 168-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 171-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 173-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 177-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.17

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 179-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 4-ാം വകുപ്പ്

(ഭേദഗതിയില്ല.)

മി. സ്പീക്കർ: 4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

4-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

### 1-ാം വകുപ്പും പീഠികയും പേരും

Shri K. M. Shaji: Sir, I move the following amendment:

110. Clause 1(2) shall be recast as follows: " (2) It shall come into force at once."

Shri C. Mammutty: Sir, I move the following amendment:

113. Clause 1(2) shall be recast as follows:

" (2) It shall come into force on the date notified in the Official Gazette."

Shri V. P. Sajeendran: Sir, I move the following amendment:

114. Clause 1(2) shall be recast as follows:

" (2) It shall come into force on the 1st day of July, 2018."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 110-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 113-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ............

പ്രതികൂലിക്കുന്നവർ............

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചിരിക്കുന്നു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, റിപ്പോർട്ട് ചെയ്തുപ്രകാരമുള്ള 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

<u>മി. സ്പീക്കർ:</u> 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ....................

പ്രതികൂലിക്കുന്നവർ...................

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീ. ഇ. ചന്ദ്രശേഖരൻ
9. ശ്രീ. കെ. ദാസൻ
10. ശ്രീ. ബി. ഡി. ദേവസ്സി
11. ശ്രീ. എൽദോ എബ്രഹാം
12. ശ്രീമതി ഗീതാ ഗോപി
13. ശ്രീ. ജോർജ് എം. തോമസ്
14. ശ്രീ. സി. കെ. ഹരീന്ദ്രൻ
15. ഡോ. കെ. ടി. ജലീൽ
16. ശ്രീ. ജെയിംസ് മാത്യു
17. ശ്രീ. ജി. എസ്. ജയലാൽ
18. ശ്രീ. ജോൺ ഫെർണാണ്ടസ്
19. ശ്രീ. വി. ജോയി
20. ശ്രീ. ഒ. ആർ. കേളു

21. ശ്രീ. സി. കൃഷ്ണൻ
22. ശ്രീ. കെ. കൃഷ്ണൻകുട്ടി
23. ശ്രീ. കോവൂർ കുഞ്ഞുമോൻ
24. ശ്രീ. വി. കെ. സി. മമ്മത് കോയ
25. ശ്രീ. എം. എം. മണി
26. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
27. ശ്രീ. എ. സി. മൊയ്തീൻ
28. ശ്രീ. മുഹമ്മദ് മുഹസിൻ പി.
29. ശ്രീ. ഡി. കെ. മുരളി
30. ശ്രീ. സി. കെ. നാണു
31. ശ്രീ. യു. ആർ. പ്രദീപ്
32. ശ്രീ. എ. പ്രദീപ്കുമാർ
33. ശ്രീ. കെ. ഡി. പ്രസേനൻ
34. ശ്രീ. പുരുഷൻ കടലുണ്ടി
35. ശ്രീ. പി. ടി. എ. റഹീം
36. ശ്രീ. എം. രാജഗോപാലൻ
37. ശ്രീ. കെ. രാജൻ
38. ശ്രീ. റ്റി. വി. രാജേഷ്
39. ശ്രീ. കെ. രാജു
40. ശ്രീ. രാജു എബ്രഹാം
41. ശ്രീ. ആർ. രാമചന്ദ്രൻ
42. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
43. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
44. ശ്രീ. മുല്ലക്കര രത്നാകരൻ
45. പ്രൊഫ. സി. രവീന്ദ്രനാഥ്
46. ശ്രീ. എസ്. ശർമ്മ
47. ശ്രീ. എ. കെ. ശശീന്ദ്രൻ
48. ശ്രീ. സി. കെ. ശശീന്ദ്രൻ
49. ശ്രീ. പി. കെ. ശശി

50. ശ്രീ. വി. ശശി
51. ശ്രീ. ഐ. ബി. സതീഷ്
52. ശ്രീ. ബി. സത്യൻ
53. ശ്രീ. വി. എസ്. സുനിൽ കുമാർ
54. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
55. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
56. ശ്രീ. തോമസ് ചാണ്ടി
57. ശ്രീ. പി. ഉണ്ണി
58. ശ്രീമതി വീണാ ജോർജ്ജ്
59. ശ്രീ. കെ. വി. വിജയദാസ്.

പ്രതികൂലിക്കുന്നവർ:

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. എൻ. എ. ഖാദർ
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ

17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 59 |
| പ്രതികൂലിക്കുന്നവർ | - | 32 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ പാസ്സായിരിക്കുന്നു

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

## 2-ാം വകുപ്പ്

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

129. ഖണ്ഡം 2(1)-ൽ "ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഓർഡിനൻസിലോ ചട്ടങ്ങളിലോ" എന്ന വാക്കുകൾക്കു പകരം "ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ, റെഗുലേഷനിലോ, ഓർഡിനൻസിലോ, ചട്ടങ്ങളിലോ" എന്ന വാക്കുകളും ചിഹ്നങ്ങളും ചേർക്കുക.

132. ഖണ്ഡം 2(1)-ൽ "കോടതിയുടെ ഏതെങ്കിലും" എന്ന വാക്കുകൾക്കു പകരം "കോടതി" എന്ന വാക്കു ചേർക്കുക.

156. ഖണ്ഡം 2(2) ഇനം 2(ii)-ൽ "കോളേജിലെ" എന്ന വാക്കിനു പകരം "കോളേജുകളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

177. ഖണ്ഡം 2(2) ഇനം 2 (iv)-നു ശേഷം താഴെ പറയുന്നവ ചേർക്കുകയും ശേഷിക്കുന്നവ പുനരക്കം ചെയ്യുകയും ചെയ്യുക.

" (v) സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത അൺഎയ്ഡഡ് കോളേജുകളിൽ നിന്നുള്ള ഒരു അദ്ധ്യാപക പ്രതിനിധി."

<u>ശ്രീ. എം. ഉമ്മർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

130. ഖണ്ഡം 2(1)-ൽ "ഓർഡിനൻസിലോ" എന്ന വാക്ക് ഒഴിവാക്കുക.

154. ഖണ്ഡം 2(2) ഇനം 2(i)-ൽ "അദ്ധ്യാപകൻ" എന്നതിനു പകരം "അദ്ധ്യാപക പ്രതിനിധി" എന്ന് ചേർക്കുക.

162. ഖണ്ഡം 2(2) ഇനം 2(ii)-ലെ "അദ്ധ്യാപകൻ" എന്നതിനു പകരം "അദ്ധ്യാപക പ്രതിനിധി " എന്ന് ചേർക്കുക.

182. ഖണ്ഡം 2(2) ഇനം 2 (v) -ൽ "വിദ്യാർത്ഥി " എന്നതിനു ശേഷം "പ്രതിനിധി " എന്ന് ചേർക്കുക.

190. ഖണ്ഡം 2(2) ഇനം 2(vi)-ലെ "പ്രമുഖ വ്യക്തികൾ" എന്നതിനു പകരം "വിദഗ്ദ്ധർ" എന്ന് ചേർക്കുക.

199. ഖണ്ഡം 2(2)-ൽ ഇനം 2(vi)-ൽ "പെടുന്ന" എന്നതിനു പകരം "ഉൾപ്പെടുന്ന " എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. പാറക്കൽ അബ്ദുല്ല:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

135. ഖണ്ഡം 2(1)-ൽ "തീയതിക്കുമുൻപ്" എന്ന വാക്കിനു പകരം "തീയതി മുതൽ" എന്നീ വാക്കുകൾ ചേർക്കുക.

186. ഖണ്ഡം 2(2) ഇനം 2(v) താഴെപ്പറയും പ്രകാരം മാറ്റുക:

"(v) സർവ്വകലാശാലയിൽ നിന്നും സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിൽ നിന്നും എയ്ഡഡ് കോളേജുകളിൽ നിന്നും ഉള്ള ഓരോ വിദ്യാർത്ഥി;"

201. ഖണ്ഡം 2(2)-ൽ ഇനം 2(vi) താഴെ പറയും പ്രകാരം മാറ്റുക. "(vi) വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്നതും അംഗീകൃത യോഗ്യതകളുള്ളതുമായ ആറ് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലോ പട്ടിക വർഗത്തിലോ പെടുന്നയാളും ഒരാൾ മറ്റു പിന്നോക്ക വിഭാഗങ്ങളിൽ പ്പെടുന്നയാളും ആയിരിക്കേണ്ടതാണ് ;"

204. ഖണ്ഡം 2(2) ഇനം 2(vi)-നു ശേഷം താഴെപ്പറയുന്നത് ചേർക്കുക: "(vii) സാങ്കേതിക വിദ്യാ രംഗത്തും വിവരസാങ്കേതിക വിദ്യാരംഗത്തും കഴിവുതെളിയിച്ചിട്ടുള്ളതും അംഗീകൃത യോഗ്യതകളുള്ളതുമായ ഓരോ പ്രമുഖർ. "

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

136. ഖണ്ഡം 2(1)-ൽ "സംഗതിയിൽ" എന്നതിനു പകരം "കാര്യത്തിൽ" എന്ന് ചേർക്കുക.

<u>ശ്രീ. വി. പി. സജീന്ദ്രൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

137. ഖണ്ഡം 2(1)-ൽ "സംഗതിയിൽ പ്രസ്തുത സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും" എന്ന വാക്കുകൾ ഒഴിവാക്കുക.

141. ഖണ്ഡം 2(1)-ൽ "ഒരു നികായം" എന്നത് "ഒരു താൽക്കാലിക നികായം" എന്ന് മാറ്റുക.

157. ഖണ്ഡം 2(2) ഇനം 2(ii)-ൽ "കോളേജിലെ" എന്ന വാക്കിനു പകരം "കോളേജുകളിൽ നിന്നുള്ള" എന്ന വാക്കുകൾ ചേർക്കുക.

159. ഖണ്ഡം 2(2) ഇനം 2(ii)-ലെ "ഒരു അദ്ധ്യാപകൻ" എന്നതിന് പകരം "രണ്ട് അദ്ധ്യാപകർ" എന്ന് ചേർക്കുക.

175. ഖണ്ഡം 2(2) ഇനം 2 (iv)-ലെ "അദ്ധ്യാപക പ്രതിനിധികൾ " എന്നതിന് പകരം "അദ്ധ്യാപകർ " എന്ന് ചേർക്കുക.

194. ഖണ്ഡം 2(2) ഇനം 2(vi)-ലെ "ഒരാൾ പട്ടികജാതികളിലോ" എന്നത് "രണ്ടു പേർ പട്ടികജാതികളിലോ" എന്നാക്കുക.

196. ഖണ്ഡം 2(2) ഇനം 2(vi)-ലെ "പട്ടികഗോത്രവർഗ്ഗങ്ങളിലോ പെടുന്ന ആളും" എന്ന വാക്കുകൾക്ക് ശേഷം "ഒരാൾ പിന്നോക്ക സമുദായങ്ങളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. എൻ. ഷംസുദ്ദീൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

138. ഖണ്ഡം 2(1)-ൽ "പ്രസ്തുത സർവ്വകലാശാലയുടെ" എന്നതിന് പകരം "കേരള സർവ്വകലാശാലയുടെ" എന്ന് ചേർക്കുക.

169. ഖണ്ഡം 2(2) ഇനം 2(iii) താഴെപ്പറയും പ്രകാരം മാറ്റുക: "സർവ്വകലാശാലയിൽ അഫിലിയേറ്റ് ചെയ്ത സർക്കാർ കോളേജുകളിലേയും എയ്ഡഡ് കോളേജുകളിലേയും ഓരോ പ്രിൻസിപ്പാൾ വീതം"

172. ഖണ്ഡം 2(2) ഇനം 2 (iv)-ലെ "രണ്ട് അധ്യാപക പ്രതിനിധികൾ " എന്നതിന് പകരം "ഒരധ്യാപക പ്രതിനിധി " എന്ന് ചേർക്കുക.

184. ഖണ്ഡം 2(2) ഇനം 2(v) താഴെപ്പറയും പ്രകാരം മാറ്റുക:

"(v) സർവ്വകലാശാലയിലോ, സർവ്വകലാശാലയുമായി അഫിലിയേറ്റ് ചെയ്ത സർക്കാർ അല്ലെങ്കിൽ എയ്ഡഡ് കോളേജുകളിലോ പഠിക്കുന്ന ഒരു വിദ്യാർത്ഥി."

202. ഖണ്ഡം 2(2)-ൽ ഇനം 2(vi) താഴെ പറയും പ്രകാരം മാറ്റുക: "വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന ആറ് പ്രമുഖ വ്യക്തികൾ, അവരിൽ ഒരാൾ വനിതയും ഒരാൾ പട്ടികജാതിയിലും, ഒരാൾ പട്ടികവർഗ്ഗ ഗോത്രങ്ങളിലും ഉൾപ്പെടുന്ന ആളും ആയിരിക്കേണ്ടതാണ്."

<u>ശ്രീ. പി. കെ. അബ്ദു റബ്ബ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

139. ഖണ്ഡം 2(1)-ൽ "പ്രസ്തുത" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. പി. ടി. തോമസ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

142. ഖണ്ഡം 2(1)-ൽ "ആറുമാസക്കാലത്തേക്കോ" എന്നതിനു പകരം "മൂന്നുമാസക്കാലത്തേക്കോ" എന്ന് ചേർക്കുക.

151. ഖണ്ഡം 2(2) ഇനം 2(i)-ൽ "സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ" എന്നതിനു പകരം "സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക" എന്ന് മാറ്റുക.

155. ഖണ്ഡം 2(2) ഇനം 2(ii)-ൽ "സർക്കാർ കോളേജിലെ ഒരു അദ്ധ്യാപകൻ" എന്നതിനു പകരം "സർക്കാർ കോളേജിലേയോ എയ്ഡഡ് കോളേജിലേയോ ഒരു അദ്ധ്യാപകൻ/അദ്ധ്യാപിക" എന്ന് മാറ്റുക.

171. ഖണ്ഡം 2(2) ഇനം 2 (iv)-ലെ "എയ്ഡഡ് കോളേജുകളിൽ നിന്നുള്ള രണ്ട് അദ്ധ്യാപക പ്രതിനിധികൾ " എന്നതിനു പകരം "സർക്കാർ കോളേജുകളിൽ നിന്നും എയ്ഡഡ് കോളേജുകളിൽ നിന്നും ഓരോ അദ്ധ്യാപക പ്രതിനിധി " എന്ന് മാറ്റുക.

187. ഖണ്ഡം 2(2) ഇനം 2(vi)-ലെ "വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന" എന്നത് "ഉന്നത വിദ്യാഭ്യാസ രംഗത്ത് കുറഞ്ഞത് 25 വർഷത്തെ പ്രവർത്തന പരിചയമുള്ള" എന്നാക്കുക.

189. ഖണ്ഡം 2(2) ഇനം 2(vi)-ലെ "വിദ്യാഭ്യാസ രംഗത്ത് പ്രവർത്തിക്കുന്ന" എന്നതിനു പകരം "വിദ്യാഭ്യാസ രംഗത്ത് മികവ് തെളിയിച്ച" എന്ന് ചേർക്കുക.

ശ്രീ. സി. മമ്മൂട്ടി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

145. ഖണ്ഡം 2(1)-ൽ "അല്ലെങ്കിൽ 1974-ലെ കേരള സർവ്വകലാശാലാ ആക്റ്റിലെ (1974-ലെ 17) വ്യവസ്ഥകൾക്ക് അനുസൃതമായി" എന്ന വാക്കുകളും അക്കങ്ങളും ഒഴിവാക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

147. ഖണ്ഡം 2(2)-ൽ "പ്രസ്തുത" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

148. ഖണ്ഡം 2(2)-ൽ "താൽക്കാലിക" എന്ന വാക്ക് ഒഴിവാക്കുക.

<u>ശ്രീ. മഞ്ഞളാംകുഴി അലി:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

149. ഖണ്ഡം 2(2)ഇനം 2-ൽ "സർവ്വകലാശാല" എന്ന് വരുന്നിടത്തെല്ലാം അതിനുമുമ്പിലായി "കേരള" എന്ന വാക്ക് ചേർക്കുക.

163. ഖണ്ഡം 2(2) ഇനം 2(iii)-ലെ "സർക്കാർ കോളേജുകളിൽ" എന്നീ വാക്കുകൾക്കു പകരം "ഏതെങ്കിലും ഒരു സർക്കാർ കോളേജിൽ " എന്നും "എയ്ഡഡ് കോളേജുകളിൽ" എന്നീ വാക്കുകൾക്ക് പകരം "ഏതെങ്കിലും ഒരു എയ്ഡഡ് കോളേജിൽ" എന്ന് ചേർക്കുക.

176. ഖണ്ഡം 2(2) ഇനം 2 (iv)-ലെ "പ്രതിനിധികൾ; " എന്ന വാക്കിനും ചിഹ്നത്തിനും ശേഷം "അതിൽ ഒരാൾ ന്യൂനപക്ഷ കോളേജിൽ നിന്നും ഉള്ള ആളും; " എന്ന് ചേർക്കുക.

<u>ശ്രീ. ഹൈബി ഈഡൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

153. ഖണ്ഡം 2(2) ഇനം 2(i)-ൽ "സർവ്വകലാശാലയിലെ ഒരു അദ്ധ്യാപകൻ" എന്നത് "സർവ്വകലാശാലയിലെ പ്രൊഫസർ റാങ്കിൽ കുറയാത്ത ഒരു അദ്ധ്യാപകൻ" എന്ന് മാറ്റുക.

<u>ശ്രീ. വി. ഡി. സതീശൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

158. ഖണ്ഡം 2(2) ഇനം 2(ii)-ലെ "ഒരു" എന്ന വാക്കിനു മുൻപ് "അസോസിയേറ്റ് പ്രൊഫസർ റാങ്കിൽ കുറയാത്ത" എന്ന് ചേർക്കുക.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

166. ഖണ്ഡം 2(2) ഇനം 2(iii)-ലെ "എയ്ഡഡ് കോളേജുകളിൽനിന്നും" എന്നതിനുശേഷം "അൺ എയ്ഡഡ് കോളേജുകളിൽ നിന്നും" എന്ന വാക്കുകൾ ചേർക്കുക.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

167. ഖണ്ഡം 2(2) ഇനം 2(iii)-ലെ "പ്രിൻസിപ്പാൾ" എന്നതിനു പകരം "പ്രിൻസിപ്പൽ" എന്നത് ചേർക്കുക.

168. ഖണ്ഡം 2(2) ഇനം 2(iii)-ലെ "പ്രിൻസിപ്പാൾ" എന്ന വാക്കിനു പകരം "പ്രിൻസിപ്പാൾമാർ" എന്ന വാക്കു ചേർക്കുക.

200. ഖണ്ഡം 2(2)-ൽ ഇനം 2(vi)-ൽ "ആളും" എന്നതിനുശേഷം "ഒരാൾ ഒ. ബി. സി.-യിൽ പെടുന്ന ആളും" എന്നത് ചേർക്കുക.

<u>ശ്രീ. എ. പി. അനിൽകുമാർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

170. ഖണ്ഡം 2(2) ഇനം 2 (iv)-ലെ "എയ്ഡഡ് " എന്നത് "എയ്ഡഡ് / അൺഎയ്ഡഡ് " എന്നാക്കുക.

<u>ശ്രീ. വി. എസ്. ശിവകുമാർ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

174. ഖണ്ഡം 2(2) ഇനം 2 (iv)-ലെ "രണ്ട് " എന്നത് "മൂന്ന് " എന്ന് മാറ്റുക.

<u>ശ്രീ. അബ്ദുൽ ഹമീദ് പി.:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

178. ഖണ്ഡം 2(2) ഇനം 2 (iv) ന് ശേഷം താഴെപറയുന്നതു ചേർത്തശേഷം ശേഷിക്കുന്നവ പുനരക്കം ചെയ്യുക

"(v) സ്വാശ്രയ കോളേജുകളിൽ നിന്നുള്ള രണ്ട് അദ്ധ്യാപക പ്രതിനിധികൾ;"

<u>ശ്രീ. എം. വിൻസെന്റ്:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

180. ഖണ്ഡം 2(2) ഇനം 2 (v) -ലെ "ഒരു വിദ്യാർത്ഥി " എന്നത് "രണ്ട് വിദ്യാർത്ഥികൾ " എന്നാക്കുക.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

188. ഖണ്ഡം 2(2) ഇനം 2(vi)-ലെ "വിദ്യാഭ്യാസ രംഗത്ത്" എന്നതിനു മുൻപ് "ഉന്നത" എന്ന വാക്ക് ചേർക്കുക.

<u>ശ്രീ. റോജി എം. ജോൺ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

191. ഖണ്ഡം 2(2) ഇനം 2(vi)-ലെ "ഒരാൾ വനിതയും" എന്നത് "രണ്ടു പേർ വനിതയും" എന്നാക്കുക.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

192. ഖണ്ഡം 2(2) ഇനം 2(vi)-ലെ "ഒരാൾ വനിതയും" എന്നത് "രണ്ടു പേർ വനിതകളും" എന്നു മാറ്റുക.

<u>ശ്രീ. കെ. മുരളീധരൻ:</u> സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

203. ഖണ്ഡം 2(2)-ൽ ഇനം 2(vi)-നു ശേഷം താഴെ പറയുന്നത് ചേർക്കുക "(vii) ഉന്നത വിദ്യാഭ്യാസ കൗൺസിലിലെ വൈസ് ചെയർമാൻ"

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്):</u> സർ, ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതിയും സ്വീകരിക്കുന്നു. മറ്റ് ഭേദഗതികൾ സ്വീകരിക്കുന്നില്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> സർ, ഞാൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി വളരെ പ്രധാനപ്പെട്ടതാണ്. അതിന്റെ അർത്ഥംതന്നെ മാറും. വിദ്യാഭ്യാസ രംഗത്ത് പരിചയമുള്ളത് എന്നതിനുപകരം ഉന്നത വിദ്യാഭ്യാസ രംഗത്ത് പരിചയമുള്ളത് എന്നാക്കുമ്പോൾ ക്വാളിറ്റി ചെയ്യുകയാണ്.

<u>മി. സ്പീക്കർ:</u> ഭേദഗതി മൂവ് ചെയ്തപ്പോൾ അങ്ങേയ്ക്ക് പറയാമായിരുന്നല്ലോ;

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u> ഭേദഗതി ഞാൻ മൂവ് ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി ഭേദഗതി അംഗീകരിക്കാത്തതുകൊണ്ട് ഞാൻ പറഞ്ഞതാണ്. അംഗീകരിക്കാൻ കഴിയുന്നതാണെങ്കിൽ ചെയ്യട്ടെയെന്ന് വിചാരിച്ചു.

<u>മി. സ്പീക്കർ:</u> ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 141-ാം നമ്പർ ഭേദഗതിയും ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 156-ാം നമ്പർ ഭേദഗതിയും ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 167-ാം നമ്പർ ഭേദഗതിയും സഭ അംഗീകരിച്ചു.

ശ്രീ. കെ. എൻ. എ. ഖാദർ അവതരിപ്പിച്ച 129, 132, 177 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 130, 154, 162, 182, 190, 199 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പാറക്കൽ അബ്ദുല്ല അവതരിപ്പിച്ച 135, 186, 201, 204 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. കെ. എം. ഷാജി അവതരിപ്പിച്ച 136-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. പി. സജീന്ദ്രൻ അവതരിപ്പിച്ച 137, 157, 159, 175, 194, 196 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 138, 169, 172, 184, 202 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 139-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ടി. തോമസ് അവതരിപ്പിച്ച 142, 151, 155, 171, 187, 189 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. സി. മമ്മൂട്ടി അവതരിപ്പിച്ച 145-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 147-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 148-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. മഞ്ഞളാംകുഴി അലി അവതരിപ്പിച്ച 149, 163, 176 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. ഹൈബി ഈഡൻ അവതരിപ്പിച്ച 153-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. ഡി. സതീശൻ അവതരിപ്പിച്ച 158-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 166-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അനൂപ് ജേക്കബ് അവതരിപ്പിച്ച 168, 200 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച 170-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. വി. എസ്. ശിവകുമാർ അവതരിപ്പിച്ച 174-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 178-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. വിൻസെന്റ് അവതരിപ്പിച്ച 180-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. റോജി എം. ജോൺ അവതരിപ്പിച്ച 191-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 192-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. കെ. മുരളീധരൻ അവതരിപ്പിച്ച 203-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, എന്റെ 188-ാം നമ്പർ ഭേദഗതിക്ക് ഞാൻ പോൾ ആവശ്യപ്പെടുന്നു.

മി. സ്പീക്കർ: ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ ........................

പ്രതികൂലിക്കുന്നവർ ........................

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്
14. ശ്രീ. കെ. എൻ. എ. ഖാദർ
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ

23. ശ്രീ. എൻ. ഷംസുദ്ദീൻ

24. ശ്രീ. വി. ഡി. സതീശൻ

25. ശ്രീ. ഷാഫി പറമ്പിൽ

26. ശ്രീ. കെ. എം. ഷാജി

27. ശ്രീ. വി. എസ്. ശിവകുമാർ

28. ശ്രീ. സി. എഫ്. തോമസ്

29. ശ്രീ. പി. ടി. തോമസ്

30. ശ്രീ. പി. ഉബൈദുള്ള

31. ശ്രീ. എം. ഉമ്മർ

32. ശ്രീ. എം. വിൻസെന്റ്

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ.കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ. എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്

15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ
26. ശ്രീ. എം. എം. മണി
27. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
28. ശ്രീ. എ. സി. മൊയ്തീൻ
29. ശ്രീ. മുഹമ്മദ് മുഹസിൻ പി.
30. ശ്രീ. ഡി. കെ. മുരളി
31. ശ്രീ. സി. കെ. നാണു
32. ശ്രീ. യു. ആർ. പ്രദീപ്
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. കെ. ഡി. പ്രസേനൻ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. പി. ടി. എ. റഹീം
37. ശ്രീ. എം. രാജഗോപാലൻ
38. ശ്രീ. കെ. രാജൻ
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു

41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. ആർ. രാമചന്ദ്രൻ
43. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. സി. കെ. ശശീന്ദ്രൻ
50. ശ്രീ. പി. കെ. ശശി
51. ശ്രീ. വി. ശശി
52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. ബി. സത്യൻ
54. ശ്രീ. വി. എസ്. സുനിൽ കുമാർ
55. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
56. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
57. ശ്രീ. തോമസ് ചാണ്ടി
58. ശ്രീ. പി. ഉണ്ണി
59. ശ്രീമതി വീണാ ജോർജ്ജ്
60. ശ്രീ. കെ. വി. വിജയദാസ്

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 32 |
| പ്രതികൂലിക്കുന്നവർ | - | 60 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അവതരിപ്പിച്ച 188-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

ഭേദഗതി ചെയ്ത പ്രകാരമുള്ള 2-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 3-ാം വകുപ്പ്

ശ്രീ. വി. പി. സജീന്ദ്രൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

207. ഖണ്ഡം 3(2)-ൽ "ചെയ്ത" എന്ന വാക്കിന് പകരം "ചെയ്തതോ ചെയ്തതായി കരുതപ്പെടുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കുക.

208. ഖണ്ഡം 3(2)-ൽ "എടുത്ത" എന്ന വാക്കിന് പകരം "എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ" എന്ന വാക്കുകൾ ചേർക്കുക.

ശ്രീ. മഞ്ഞളാംകുഴി അലി: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

209. ഖണ്ഡം 3(2)-ൽ "കാര്യമോ" എന്നതിനു ശേഷം "കാര്യങ്ങളോ"എന്നും "നടപടിയോ" എന്നതിനുശേഷം "നടപടികളോ" എന്നും ചേർക്കുക.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, ഭേദഗതികൾ സ്വീകരിക്കുന്നുണ്ടോ?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: 3-ാം വകുപ്പ് ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

3-ാം വകുപ്പ് ബില്ലിന്റെ ഭാഗമായിരിക്കുന്നു.

## 1-ാം വകുപ്പും പീഠികയും പേരും

ഡോ. എം. കെ. മുനീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

107. ദീർഘ ശീർഷകത്തിൽ "താൽക്കാലിക" എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എം. ഉമ്മർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതികൾ അവതരിപ്പിക്കുന്നു.

109. ദീർഘ ശീർഷകത്തിൽ "ബദൽ" എന്ന വാക്ക് ഒഴിവാക്കുക.

113. പീഠികയിൽ "ബദൽ" എന്ന വാക്ക് ഒഴിവാക്കുക.

119. ഖണ്ഡം 1(1)-ൽ "ബദൽ "എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

114. പീഠികയിൽ "ക്രമീകരണത്തിനു വേണ്ടി" എന്നതിനു പകരം "സംവിധാനത്തിനു വേണ്ടി" എന്ന് ചേർക്കുക.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

117. തത്വപ്രഖ്യാപന വാക്യത്തിൽ "താഴെപ്പറയും" എന്നതിന് പകരം "ഇനിയും പറയും" എന്ന് ചേർക്കുക.

ശ്രീ. പി. കെ. ബഷീർ: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

118. ഖണ്ഡം 1(1)-ൽ "താൽക്കാലിക "എന്ന വാക്ക് ഒഴിവാക്കുക.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

120. ഖണ്ഡം 1(1)-ൽ "ക്രമീകരണം "എന്നത് "സംവിധാനം" എന്നു മാറ്റുക.

ശ്രീ. അബ്ദുൽ ഹമീദ് പി.: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

122. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്."

ശ്രീ. അടൂർ പ്രകാശ്: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

123. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതായിരിക്കും."

ശ്രീ. പി. ഉബൈദുള്ള: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

124. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഉടൻ പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്."

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഞാൻ താഴെപ്പറയുന്ന ഭേദഗതി അവതരിപ്പിക്കുന്നു:

125. ഖണ്ഡം 1(2) താഴെപ്പറയും പ്രകാരം മാറ്റുക:

"(2) ഇത് ഗസറ്റിൽ വിജ്ഞാപനം ചെയ്യുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്."

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഭേദഗതികളൊന്നും സ്വീകരിക്കുന്നില്ല.

മി. സ്പീക്കർ: ഡോ. എം. കെ. മുനീർ അവതരിപ്പിച്ച 107-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എം. ഉമ്മർ അവതരിപ്പിച്ച 109, 113, 119 എന്നീ നമ്പർ ഭേദഗതികൾ സഭ നിരാകരിച്ചു.

ശ്രീ. പി. കെ. അബ്ദു റബ്ബ് അവതരിപ്പിച്ച 114-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. ഷംസുദ്ദീൻ അവതരിപ്പിച്ച 117-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. കെ. ബഷീർ അവതരിപ്പിച്ച 118-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന് അവതരിപ്പിച്ച 120-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അബ്ദുൽ ഹമീദ് പി. അവതരിപ്പിച്ച 122-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. അടൂർ പ്രകാശ് അവതരിപ്പിച്ച 123-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. പി. ഉബൈദുള്ള അവതരിപ്പിച്ച 124-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

ശ്രീ. ടി. വി. ഇബ്രാഹിം അവതരിപ്പിച്ച 125-ാം നമ്പർ ഭേദഗതി സഭ നിരാകരിച്ചു.

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നത്തെ

അനുകൂലിക്കുന്നവർ................

പ്രതികൂലിക്കുന്നവർ................

1-ാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരള യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് രണ്ട് അമെന്റ്മെന്റ് ബില്ലുകളും തികച്ചും രാഷ്ട്രീയ പ്രേരിതമായി കൊണ്ടുവന്നവയാണ്. ചെരുപ്പിനനുസരിച്ച് കാല് മുറിക്കുക എന്നുള്ള നയമാണ് ഇവിടെ പിന്തുടരുന്നത്. ഇപ്പോഴത്തെ ഘടനയനുസരിച്ച് യൂണിവേഴ്സിറ്റി സെനറ്റിൽ ഭൂരിപക്ഷം ലഭിക്കില്ലെന്ന് അറിഞ്ഞുകൊണ്ട് ഭൂരിപക്ഷം ഉണ്ടാക്കാൻ വേണ്ടിയുള്ള ഒരു അടവുനയമാണ് ഇക്കാര്യത്തിൽ സ്വീകരിച്ചിരിക്കുന്നത്. കേരള യൂണിവേഴ്സിറ്റി സിൻഡിക്കേറ്റും സെനറ്റും നിലവിൽ വന്നിട്ട് വളരെ വർഷങ്ങളായി.

അവിടെ സ്ഥിരമായി തെരഞ്ഞെടുപ്പുകൾ നടന്നുകൊണ്ടിരിക്കുന്നു. ഇന്നിവിടെ സെനറ്റിലെ പ്രിൻസിപ്പൽമാരുടെ എണ്ണത്തിലാണ് ബേസിക്കായ ഒരു മാറ്റത്തിനായി അഭ്യർത്ഥിക്കുന്നത്. "Three Principals of Government colleges, elected from among themselves, three Principals of private colleges, other than unaided colleges, elected from among themselves and one Principal of unaided colleges elected from among themselves." ഈ വകുപ്പിലാണ് കാതലായ മാറ്റം വരുത്തിയിരിക്കുന്നത്. ഇതുവഴി നമ്മുടെ സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭ്യാസ കോളേജുകൾ, നല്ല അക്കാഡമിക് നിലവാരമുള്ള കോളേജുകൾ എന്നീവയുടെ പ്രാതിനിധ്യം കുറയുകയാണ്. കേരളം സാക്ഷരതയിൽ ഒന്നാം സ്ഥാനത്ത് നിൽക്കുന്ന സംസ്ഥാനമാണ്. അതിൽ സർക്കാർ-സ്വകാര്യ-എയ്ഡഡ് വിദ്യാഭ്യാസ സ്ഥാപനങ്ങൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അതുകൊണ്ടാണ് കേരള യൂണിവേഴ്സിറ്റിയിൽ വളരെക്കാലങ്ങളായി അവരുടെ പ്രാതിനിധ്യം നിലനിൽക്കുന്നത്. ഇപ്പോഴത്തെ നിലയിൽ ഇലക്ഷൻ നടന്നാൽ ഭൂരിപക്ഷം കിട്ടാൻ സാധ്യതയില്ലെന്ന് കണ്ടുകൊണ്ട് ഈ സെനറ്റിലും പിന്നീട് വരുന്ന സിൻഡിക്കേറ്റിലുമുള്ള തെരഞ്ഞെടുപ്പിൽ വിജയിക്കാനുള്ള രാഷ്ട്രീയ ലക്ഷ്യത്തോടെയാണ് രണ്ട് ബില്ലുകൾ കൊണ്ടുവന്നിട്ടുള്ളത്. നിങ്ങൾക്ക് എല്ലായിടത്തും രാഷ്ട്രീയമാകാം, അതിൽ തെറ്റൊന്നുമില്ല. പക്ഷെ, ഇതൊരു പിടിച്ചെടുക്കൽ നടപടി മാത്രമാണ്. കേരള യൂണിവേഴ്സിറ്റിയുടെ ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ ഇന്നുവരെ ഒരു ഗവൺമെന്റും രാഷ്ട്രീയവൽക്കരിച്ചിട്ടില്ല. ക്വാളിറ്റി അഷ്വർ ചെയ്യുന്ന ഈ കൗൺസിൽ വിദഗ്ദ്ധൻമാരെ മാത്രം വച്ചുകൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനമാണ്. അതിനെ പൂർണ്ണമായും രാഷ്ട്രീയവൽക്കരിച്ചു. അതുപോലെതന്നെ ഇവിടെ തെരഞ്ഞെടുക്കപ്പെട്ട സെനറ്റ്, സിൻഡിക്കേറ്റ് എന്നിവ പിരിച്ചുവിടുകയാണ്. അതിന്റെ ആവശ്യമെന്താണ്? ഇലക്ഷൻ നടത്തിയാൽ പോരെ? അവിടെ ഇലക്ഷൻ നടത്താമല്ലോ. 2014 മേയ് 17-ന് കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത കേരള യൂണിവേഴ്സിറ്റി സെനറ്റിന്റെ കാലാവധി 2018 മേയ് 16-ന് തീരുകയാണ്. അപ്പോൾ വീണ്ടും ഇലക്ഷൻ നടത്തിയാൽ മതി. അതിനുപകരം പതിനഞ്ച് അംഗങ്ങളുള്ള ഒരു സിൻഡിക്കേറ്റിനെ നോമിനേറ്റ് ചെയ്തു. ഞാൻ വ്യക്തിപരമായ കാരണങ്ങളാൽ ആ നോമിനേറ്റ് ചെയ്യപ്പെട്ടവരുടെ വിദ്യാഭ്യാസ പ്രാഗത്ഭ്യമൊന്നും ഇവിടെ വിശദീകരിക്കുന്നില്ല. പക്ഷെ അത് ആരൊക്കെയാണെന്ന് കേരള സമൂഹം വിലയിരുത്തണം. ഞാൻ വ്യക്തികളെപ്പറ്റി പറയുന്നില്ല. നോമിനേറ്റ് ചെയ്ത ആളുകളുടെ വിദ്യാഭ്യാസ രംഗത്തെ അവരുടെ കഴിവും ഉന്നത നിലവാരവും എത്രമാത്രമുണ്ടെന്ന് പരിശോധിക്കപ്പെടേണ്ട ഒരു

കാര്യമാണ്. ചുരുക്കത്തിൽ ഇന്ന് കേരള സർവ്വകലാശാലയുടെ നിയന്ത്രണം പൂർണ്ണമായും ഭരണകക്ഷിയുടെ കൈകളിൽ എത്തിക്കാനുള്ള ഒരു നിയമനിർമ്മാണമാണ് കേരള യൂണിവേഴ്സിറ്റി അമെന്റ്മെന്റും താൽക്കാലിക സെനറ്റിലും സിൻഡിക്കേറ്റിലേയ്ക്കുള്ള അമെന്റ്മെന്റും കൊണ്ടുവന്നിരിക്കുന്നത്. അതുതന്നെ നമ്മുടെ ജനാധിപത്യ സംവിധാനത്തിൽ ഗുണകരമായ ഒരു കാര്യമല്ല. വേറൊരു ഗവൺമെന്റ് വന്ന് തിരിച്ച് വച്ചാൽ എന്തുചെയ്യും? അതുകൊണ്ട് ഇത് ദീർഘവീക്ഷണത്തോടെ കൊണ്ടുവന്ന ഒരു നിയമമല്ല, Only it is a short-sighted decision. ഇങ്ങനെയുള്ള ഷോർട്ട് സൈറ്റഡ് തീരുമാനങ്ങളാണ് യൂണിവേഴ്സിറ്റികളുടെ പ്രാഗത്ഭ്യവും ഗുണ നിലവാരവും കുറയ്ക്കുന്നതെന്നുള്ളതാണ് യാഥാർത്ഥ്യം. ഞാൻ അരാഷ്ട്രീയവാദിയല്ല, രാഷ്ട്രീയം വേണമെന്ന് അഭിപ്രായമുള്ള ആളാണ്. പക്ഷെ അതിനോടൊപ്പംതന്നെ ഒരു ക്വാളിറ്റി ഇൻഷ്വർ ചെയ്യാനും നമ്മുടെ സമൂഹത്തിൽ നിലനിൽക്കുന്ന എല്ലാ തരത്തിലുമുള്ള അഭിപ്രായങ്ങൾ ഉയർന്നുവരികയും ചെയ്യേണ്ട ഒരു മേഖലയിലാണ് ഈ കുറവുകളെല്ലാം വരുത്തിയിരിക്കുന്നത്. ഏതായാലും നിങ്ങൾക്ക് ഭൂരിപക്ഷമുള്ളതുകൊണ്ട് ഈ രണ്ട് നിയമങ്ങളും പാസ്സാക്കാൻ കഴിയും. പക്ഷെ ഇത് ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ തോതിലുള്ള പ്രതിസന്ധിയുണ്ടാക്കാൻ പോകുന്ന രണ്ട് നിയമങ്ങളാണെന്ന് ഗവൺമെന്റിനെ അങ്ങയിലൂടെ ഘോഷം ചെയ്യാൻ ഈ അവസരം ഉപയോഗിക്കുകയാണ്. ഇത്, We are setting a very bad precedent. Government will come and go, but Government should think about the future of the students and the excellent performance of the Universities. Unfortunately the Government has failed in addressing this issues. That is why I oppose this bill.

<u>മി. സ്പീക്കർ</u>: 2018-ലെ കേരളാ സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ...............

പ്രതികൂലിക്കുന്നവർ..............

പ്രതിപക്ഷനേതാവ് <u>(ശ്രീ. രമേശ് ചെന്നിത്തല)</u>:സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി)

<u>അനുകൂലിക്കുന്നവർ:</u>

1. ശ്രീ. കെ. വി. അബ്ദുൾ ഖാദർ
2. ശ്രീ. വി. അബ്ദുറഹിമാൻ
3. ശ്രീമതി പി. അയിഷാ പോറ്റി
4. ശ്രീ. കെ. ആൻസലൻ
5. പ്രൊഫ. കെ. യു. അരുണൻ
6. ശ്രീമതി സി. കെ. ആശ
7. ശ്രീ. കെ. ബാബു
8. ശ്രീമതി ഇ.എസ്. ബിജിമോൾ
9. ശ്രീ. ഇ. ചന്ദ്രശേഖരൻ
10. ശ്രീ. കെ. ദാസൻ
11. ശ്രീ. ബി. ഡി. ദേവസ്സി
12. ശ്രീ. എൽദോ എബ്രഹാം
13. ശ്രീമതി ഗീതാ ഗോപി
14. ശ്രീ. ജോർജ് എം. തോമസ്
15. ശ്രീ. സി. കെ. ഹരീന്ദ്രൻ
16. ഡോ. കെ. ടി. ജലീൽ
17. ശ്രീ. ജെയിംസ് മാത്യു
18. ശ്രീ. ജി. എസ്. ജയലാൽ
19. ശ്രീ. ജോൺ ഫെർണാണ്ടസ്
20. ശ്രീ. വി. ജോയി
21. ശ്രീ. ഒ. ആർ. കേളു
22. ശ്രീ. സി. കൃഷ്ണൻ
23. ശ്രീ. കെ. കൃഷ്ണൻകുട്ടി
24. ശ്രീ. കോവൂർ കുഞ്ഞുമോൻ
25. ശ്രീ. വി. കെ. സി. മമ്മത് കോയ

26. ശ്രീ. എം. എം. മണി
27. ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ
28. ശ്രീ. എ. സി. മൊയ്തീൻ
29. ശ്രീ. മുഹമ്മദ് മുഹസിൻ പി.
30. ശ്രീ. ഡി. കെ. മുരളി
31. ശ്രീ. സി. കെ. നാണു
32. ശ്രീ. യു. ആർ. പ്രദീപ്
33. ശ്രീ. എ. പ്രദീപ്കുമാർ
34. ശ്രീ. കെ. ഡി. പ്രസേനൻ
35. ശ്രീ. പുരുഷൻ കടലുണ്ടി
36. ശ്രീ. പി. ടി. എ. റഹീം
37. ശ്രീ. എം. രാജഗോപാലൻ
38. ശ്രീ. കെ. രാജൻ
39. ശ്രീ. റ്റി. വി. രാജേഷ്
40. ശ്രീ. കെ. രാജു
41. ശ്രീ. രാജു എബ്രഹാം
42. ശ്രീ. ആർ. രാമചന്ദ്രൻ
43. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
44. ശ്രീ. റ്റി. പി. രാമകൃഷ്ണൻ
45. ശ്രീ. മുല്ലക്കര രത്നാകരൻ
46. പ്രൊഫ. സി. രവീന്ദ്രനാഥ്
47. ശ്രീ. എസ്. ശർമ്മ
48. ശ്രീ. എ. കെ. ശശീന്ദ്രൻ
49. ശ്രീ. സി. കെ. ശശീന്ദ്രൻ
50. ശ്രീ. പി. കെ. ശശി
51. ശ്രീ. വി. ശശി

52. ശ്രീ. ഐ. ബി. സതീഷ്
53. ശ്രീ. ബി. സത്യൻ
54. ശ്രീ. വി. എസ്. സുനിൽ കുമാർ
55. ശ്രീ. കടകംപള്ളി സുരേന്ദ്രൻ
56. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
57. ശ്രീ. തോമസ് ചാണ്ടി
58. ശ്രീ. പി. ഉണ്ണി
59. ശ്രീമതി വീണാ ജോർജ്ജ്
60. ശ്രീ. കെ. വി. വിജയദാസ്.

<u>പ്രതികൂലിക്കുന്നവർ:</u>

1. ശ്രീ. അബ്ദുൽ ഹമീദ് പി.
2. ശ്രീ. പാറക്കൽ അബ്ദുല്ല
3. ശ്രീ. പി. കെ. അബ്ദു റബ്ബ്
4. ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്
5. ശ്രീ. അടൂർ പ്രകാശ്
6. ശ്രീ. മഞ്ഞളാംകുഴി അലി
7. ശ്രീ. എ. പി. അനിൽ കുമാർ
8. ശ്രീ. അനൂപ് ജേക്കബ്
9. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
10. ശ്രീ. പി. കെ. ബഷീർ
11. ശ്രീ. ഹൈബി ഈഡൻ
12. ശ്രീ. ടി. വി. ഇബ്രാഹിം
13. ഡോ. എൻ. ജയരാജ്

14. ശ്രീ. കെ. എൻ. എ. ഖാദർ
15. ശ്രീ. സി. മമ്മൂട്ടി
16. ഡോ. എം. കെ. മുനീർ
17. ശ്രീ. കെ. മുരളീധരൻ
18. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
19. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
20. ശ്രീ. രമേശ് ചെന്നിത്തല
21. ശ്രീ. റോജി എം. ജോൺ
22. ശ്രീ. റോഷി അഗസ്റ്റിൻ
23. ശ്രീ. എൻ. ഷംസുദ്ദീൻ
24. ശ്രീ. വി. ഡി. സതീശൻ
25. ശ്രീ. ഷാഫി പറമ്പിൽ
26. ശ്രീ. കെ. എം. ഷാജി
27. ശ്രീ. വി. എസ്. ശിവകുമാർ
28. ശ്രീ. സി. എഫ്. തോമസ്
29. ശ്രീ. പി. ടി. തോമസ്
30. ശ്രീ. പി. ഉബൈദുള്ള
31. ശ്രീ. എം. ഉമ്മർ
32. ശ്രീ. എം. വിൻസെന്റ്.

മി. സ്പീക്കർ:

| | | |
|---|---|---|
| അനുകൂലിക്കുന്നവർ | - | 60 |
| പ്രതികൂലിക്കുന്നവർ | - | 32 |
| നിഷ്പക്ഷത പാലിക്കുന്നവർ | - | ആരുമില്ല. |

2018-ലെ കേരളാ സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ പാസ്സാക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു. ബിൽ പാസ്സായിരിക്കുന്നു.

## IX അറിയിപ്പ്

### സിനിമാ പ്രദർശനം

ഭിന്നലിംഗക്കാരുടെ പ്രശ്നങ്ങൾ ചിത്രീകരിച്ച ചലച്ചിത്രമായ 'ഞാൻ മേരിക്കുട്ടി' എന്ന സിനിമയുടെ പ്രത്യേക പ്രദർശനം ഇന്ന് വൈകുന്നേരം 6.30-ന് ഏറീസ് പ്ലക്സ് തീയേറ്ററിൽ ഉണ്ടായിരിക്കുന്നതാണ്. ബഹുമാനപ്പെട്ട അംഗങ്ങൾക്ക് പ്രത്യേക വാഹന സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. 6 മണിക്ക് എം.എൽ.എ. ഹോസ്റ്റലിൽ സൗകര്യമൊരുക്കുന്നതാണ്.

ഓർഡർ...ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ മാസം 20-ാം തീയതി ബുധനാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 3.34 -ന് പിരിഞ്ഞു)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2021